ഡോ. തോമസ് മാർ മക്കാറിയോസ്

പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശധീരൻ

വാല്യം 4

(Malayalam)

Dr. Thomas Mar Makarios
Pradhisandhikalil Prasobhicha Aadarsa Deeran Vol. 4
(Biography)

By Gregorios Messanger Editorial Board

Publisher	:	K. V. Mammen Kottackal, P. B. 10, Manganam Kottayam 686018 Phone: 0481 - 2578936
First Published	:	June, 2014

Copy Right Reserved

Typesetting & Printing : Sophia Print House, Kottayam

Rs. 400/-

ഡോ. തോമസ് മാർ മക്കാറിയോസ്

പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശധീരൻ

വാല്യം 4

തയ്യാറാക്കിയത്

ഗ്രീഗോറിയോസ് മെസഞ്ചർ
എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

റമ്പാൻ ലാസറസ്സ് കോർ എപ്പിസ്കോപ്പാ ഒ.ഐ.സി., കാനഡ

പ്രസാധകൻ

കെ. വി. മാമ്മൻ
കോട്ടയ്ക്കൽ
പി. ബി. 10, മാങ്ങാനം, കോട്ടയം 686 018
ഫോൺ: 0481 2578936

Ramban Lazarus Corepiscopa (Life at a glance)



Date of birth - 28 July 1933
Education: 1943-1947 - U.P. Education, St. Mary's, Valiyakunnam
1948-1950 - High school, N.S.S.Thadiyoor
1954-1958 - GST in Orthodox Seminary, Kottayam
1959-1960 - St. Aloysius College, Jabalpur
1960-1962 - Christian College, Indore
1963-1964 - B.A - Saifia College, Bhopal
1967-1968 - B.Ed. Institute of Education, Mysore
1978-1981 - Master in Church History -V.T.S. Washington, DC, USA.

Milestones in Spiritual life

May 16, 1953 - Joined in Bethany Ashram.
Dec.14, 1958 - Ordained as Sub Deacon - H.H. Mar Baselios Geevarghese II.
Dec. 20, 1958 - Ordained as full Deacon - H.G. Mathews Athanasius.
Dec. 21, 1958 - Ordained as priest - H.G. Mathews Ivanios.
Sep. 16, 2002 - Elevated as Ramban at Newyork. H.G. Yuhanon Mar Militios.

Life in Flash

1940-1953 - Teacher, St. Mary's, Valiyakunnam.
1964-1966 - Gen. Secretary, M.G.O.C.S.M. of India.
1959-1960 - Vicar, Jabalpur, Bhilai, Rewa, Bhopal, Nagpur, Gwalior.
1961-1964 - Vicar, St. Thomas Church, Bhopal.
1966-1978 - Principal, Bethany English School, Kunnamkulam.
1985-1986 - President, Y.M.C.A. Ranny-Perunad.
1985-1986 - Chairman, Christian Emphasis, Y.M.C.A., PTA Dist.
1987-1990 - Member, Board of Directors, Y.M.C.A. Bombay.
1987-1990 - Principal St. Mary, Navi Mumbai.
1991-1994 - Principal, St. Thomas, Rajkot.
1995-2001 - Principal, Holy Mary Kayamkulam.
2001- - Principal, Citadel, Ranny.
2001-2005 - Vicar, Edmon, Calgary, Vancouver.
2005-2013 - Vicar, St. Gregorios Indian Orthodox, Toronto.
2006-2008 - Chaplain, International Aids conference.
2008-2011 - Chaplain and Counsellor, St. Joseph, Hamilton.

മുഖവുര

തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം ഈ നാലാം വാല്യത്തോടുകൂടി അവസാനിക്കുകയാണ്. ഇതു കേവലം ഒരു അനുസ്മരണമല്ല. സഭയ്ക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു പ്രതിഭയെ അനുസ്മരിക്കുന്നതെങ്ങനെ?

പൂങ്കുയിലുകൾക്കിടയിലേക്കു പറന്നുവന്ന കാക്ക എന്ന് അസൂയ നിറഞ്ഞ പുത്തൻ വേഷധാരികൾ പരിഹസിച്ചപ്പോഴും പൂങ്കുയിൽ നാദത്തോടെ ഏഴു കടലുകളും കടന്ന് പറന്നു പാടിത്തിമിർത്ത ആ പൂങ്കുയിലിനെ എന്തു വിളിക്കണം?

സഭയിൽ നിക്ഷിപ്ത താൽപര്യങ്ങൾ കടന്നുകൂടുന്നുവെന്ന് പന്തീരാണ്ടുകൾക്കു മുമ്പേ ചൂണ്ടിക്കാണിച്ച ആ വ്യക്തിയെ നിങ്ങൾ എന്തു വിളിക്കും? നിബിയെന്നോ?

ഉന്നതസ്ഥാനങ്ങളിലേക്കു ക്ഷണിച്ചപ്പോൾ "എന്നേക്കാൾ ഉന്നതരുണ്ട്" എന്നു പറഞ്ഞ് ഒഴിയാൻ ശ്രമിച്ച ആളിനെ നിങ്ങൾ എന്തു വിളിക്കും? വിവരദോഷിയെന്നോ?

പ്രസംഗങ്ങളിലൂടെ സഭയുടെ പുഴുക്കുത്തുകളെ തുറന്നുകാട്ടി മധുര പ്രഹരം ഏൽപ്പിച്ചുകൊണ്ടിരുന്നവനെ നിങ്ങൾ എന്തു വിളിക്കും? നിഷേധിയെന്നോ?

കുടുംബക്കാർക്കെല്ലാം 'അച്ചാച്ചൻ തിരുമേനി.' അയിരൂർ ഗ്രാമത്തിൽ ഉദിച്ചുയർന്ന ആ ദിവ്യതേജസ്സിയെ പുത്തൻ തലമുറയ്ക്ക് അത്ര പരിചയമുണ്ടാവില്ല. പക്ഷേ, അദ്ദേഹത്തെ പരിചയപ്പെടുത്താൻ പറഞ്ഞാൽ അടുപ്പമുള്ളവർപോലും കുടുക്കിലാവും. എന്തുകൊണ്ടെന്നോ? എന്തു പറഞ്ഞാണ് തുടങ്ങുക; പാരാവാരം പോലെ പരന്നുകിടക്കുന്ന പ്രതിഭയുള്ള തിരുമേനിയുടെ ഏതറ്റമാണ് പരിചയപ്പെടുത്തുക?

മധുരക്കനി പൊഴിക്കുന്ന സരസനാവിന്റെ ഉടമയെന്നോ? മലങ്കര സഭയെ ദിഗന്തങ്ങളിൽ പരിചയപ്പെടുത്തിയ അമ്പാസഡറന്മാരുടെ വലിയ അമ്പാസഡറെന്നോ? അമേരിക്കൻ പുത്തൻ തലമുറയ്ക്ക് സ്വയം ഭരണാവകാശം അനുവദിച്ച് അവരെ സഭയുടെ മുഖ്യധാരയിൽ പിടിച്ചുനിർത്തണമെന്ന് വാദിച്ച പരിഷ്ക്കർത്താവെന്നോ? തന്റെ ജീവചരിത്രത്തിന്റെ ഒന്നാം വാല്യം പുറത്തുവന്നപ്പോൾ, തന്നെപ്പറ്റി ഒന്നും എഴുതേണ്ടാ, എല്ലാം സ്വർഗ്ഗീയ പിതാവിനോട് ദുഃഖങ്ങൾ പങ്കിട്ട് ഭരമേൽപ്പിച്ചു കഴിഞ്ഞു എന്ന് ഗ്രന്ഥകർത്താവിനെ തടസ്സപ്പെടുത്തിയ നേതാവെന്നോ? അല്ലെങ്കിൽ സ്ഥാനമാനങ്ങൾക്കു വേണ്ടി കാലുവാരലുകൾ വാർത്തയല്ലാതാവുന്ന

സഭാരംഗത്ത് തുല്യസ്ഥാനികളായ മെത്രാപ്പോലീത്തന്മാരെ ആദരിക്കാനും അഭിനന്ദിക്കാനും ചടങ്ങുകൾ സംഘടിപ്പിച്ച നല്ല മനസ്സിനെക്കുറിച്ചാവാം. അല്ലെങ്കിൽതന്നെ കാപട്യവും അവസരവാദവും എന്തെന്നറിയാത്ത അദ്ദേഹത്തിലെ തുറന്ന മനസ്സും പുരോഗമനാശയങ്ങളുമെല്ലാം ആ മനുഷ്യത്വത്തിന്റെ ബാക്കി തന്നെയാണല്ലോ.

മലങ്കരസഭയുടെ വികസന ചരിത്രത്തിൽ എത്ര അദ്ധ്യായങ്ങളുണ്ടോ അതിലെല്ലാം മക്കാറിയോസ് എന്ന പേരും വായിക്കാം. സഭയിലെ നേതൃത്വം അമേരിക്കൻ ഭദ്രാസനത്തിൽ കണ്ണുവെച്ച് അവിടെനിന്ന് അദ്ദേഹത്തെ പുകയ്ക്കാൻ ശ്രമിച്ചപ്പോൾ അമേരിക്കയിലെ യുവതലമുറ അദ്ദേഹത്തിനു നൽകിയത് ഒരു യാത്രയയപ്പ് ആയിരുന്നില്ല, പ്രത്യുത, ഒരു സ്വീകരണമായിരുന്നു. സഭയുടെ സമസ്ത വ്യതിയാനത്തിന് തേർ തെളിക്കാനുള്ള അപേക്ഷയുമായുള്ള സ്വീകരണം.

"വിളികേൾക്കുന്നു, വിളികേൾക്കുന്നു.
മലങ്കര ജനനി, വിളിക്കുന്നു."

ആ മനസ്സിൽനിന്നു മലങ്കരസഭയുടെ ആഹ്വാനത്തിനുള്ള മറുപടി ഉതിർന്നു വീണു.

മാർ മക്കാറിയോസിന്റെ ശിക്ഷണത്തിൽ ഒരു ദിവസമെങ്കിലും കഴിഞ്ഞവർക്ക് നല്ലൊരു അദ്ധ്യാപകനെയാവും ആദ്യം അദ്ദേഹത്തിൽ ദർശിക്കുക. കുമ്പളന്താനം സ്കൂളിലെ തങ്കച്ചൻ സാറിലും കോട്ടയം പഴയ സെമിനാരിയിലെ കെ. സി. തോമസച്ചനിലും മിച്ചിഗൺ അൽമാ കോളജിലെ ബിഷപ്പ് മക്കാറിയോസിലും ഒരു യഥാർത്ഥ അദ്ധ്യാപകനെ ജനം കണ്ടു. സായ്പിന്റെ നാട്ടിലെ കോളജ് കാമ്പസിൽ മക്കാറിയോസ് തിരുമേനിയുടെ ഒരു സ്മാരകസ്തൂപം ഉയർത്തി ആദരിക്കാൻ തക്കവണ്ണം ആ ലോകഗുരു ഉയർന്നു കഴിഞ്ഞിരുന്നു.

ഈ വാല്യത്തിൽ തിരുമേനിയുടെ അന്ത്യകാലവും, മരണത്തെ നേരത്തെ മുന്നിൽകണ്ട ഒരുക്കങ്ങളും, ന്യൂകാസിലിലെ കാറപകടവും നാൽപത്തിഒമ്പതു ദിവസത്തെ ആത്മശുദ്ധീകരണകാലവും അന്ത്യവും ദേവലോകത്തെ കബറടക്കവും ആവുംവിധം വിശദമായി ചേർക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഒരു മെത്രാപ്പോലീത്തായെപ്പറ്റിയും നാലു വാല്യങ്ങൾ ജീവചരിത്രമായി എഴുതിയിട്ടില്ല എന്ന വിമർശനവും ശരി തന്നെ. ഇത്ര വിപുലമായ ചരിത്രം എഴുതിയിട്ടും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഒരു വശമെങ്കിലും കണ്ടെത്താൻ അനുവാചകർക്ക് കഴിഞ്ഞെങ്കിൽ ഞങ്ങൾ ധന്യരായി.

ടൊറന്റോ
ജൂൺ 2014

റമ്പാൻ ലാസ്സറസ്സ് കോർഎപ്പിസ്ക്കോപ്പാ

ഉള്ളടക്കം

മുഖവുര		5
1.	സ്വാതന്ത്ര്യത്തിനുവേണ്ടി ഒരു ഒറ്റയാൻ പട്ടാളം	9
2	“എന്റെ പ്രശ്നം അവസാനിച്ചു, നിങ്ങളുടേത് ആരംഭിച്ചിരിക്കുന്നു” ഒരു പ്രവാചക ശബ്ദം	20
3	മാർ മക്കാറിയോസും സഭാകേസുകളും	30
4	ആധുനിക ഹോച്ചിമിൻ	60
5	മാതൃഭവനത്തിൽ തിരിച്ചെത്തിയ പിതാക്കന്മാർ	68
6	സായിപ്പിന്റെ നാട്ടിൽ ഒരു തനി മലയാളി	77
7	ഒരു പുത്തൻകുരിശു ബാവാ	90
8	വിശ്രമരഹിതമായ ജനസമ്പർക്കങ്ങൾ	118
9	ചേറ്റിൽനിന്ന് ഒരു ചെന്താമര	127
10	ചിരിയും സാന്ത്വനവും	148
11	“കണ്ണീരൊഴുക്കുക, കണ്ണീർ തരും”	157
12	മാലാഖ അരിയുന്ന നാവ്	166
13	കാണാലോകത്തിന്റെ മർമ്മങ്ങൾ	172
14	“അക്രമത്തിനു നിസ്സംഗത പരിഹാരമല്ല”	179
15	ആത്മീയ പ്രഭയിൽ ജ്വലിച്ച സൂര്യൻ അണഞ്ഞു	187
16	പകലോമറ്റത്തെ അവസാനകണ്ണി	191
17	ഒരു ജർമ്മൻ ഓർത്തഡോക്സ് സഭ കേരളത്തിൽ ജനിക്കുന്നു	206
18	രണ്ട് അന്ത്യോക്യൻ പാത്രിയർക്കീസന്മാരുടെ കേരള സന്ദർശനം	216
19	സഭ രാഷ്ട്രീയം കളിക്കുന്നു തിരുവനന്തപുരം കണ്ട അതിദാരുണ ലാത്തിച്ചാർജ്ജ്	227
20	സഭാതർക്കങ്ങളും ചില നിർദ്ദേശങ്ങളും	235
21	പറവൂർ സുന്നഗോഗ്	241
22	മാർ മക്കാറിയോസും ബാഹ്യകേരള ഭദ്രാസനവും	246
23	പറന്നുവന്ന വെള്ളരിപ്രാവ് എന്തേ പറന്നകന്നു?	253
24	അധികാരക്കസേര ചരിത്രത്തിൽ ഒരപവാദം – മാർ മക്കാറിയോസ്	258
25	സഭയുടെ മനമറിഞ്ഞ മെത്രാപ്പോലീത്താ	271

26	മെത്രാന്മാരെ തിരിച്ചുപിടിക്കാൻ വൃഥാ ശ്രമം	284
27	മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സ്റ്റുഡന്റ്സ് മൂവ്മെന്റ്	293
28	മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച രണ്ടു തീർത്ഥാടനകേന്ദ്രങ്ങൾ	298
29	മാർ മക്കാറിയോസും അത്മായവേദിയും	305
30	അദ്ധ്വാനിക്കുന്ന ജനത്തോടൊപ്പം	312
31	മരണത്തെ നേരത്തെ കണ്ട ഭക്തൻ	321
32	നീണ്ട ജൈത്രയാത്ര	330
33	യൂറോപ്പ് - യു.കെ. ഭദ്രാസനം: കുതിപ്പിന്റെ തുടിപ്പുകൾ	344
34	ജൈത്രയാത്രയുടെ അന്ത്യം	350
35	അന്ത്യചടങ്ങ് - ന്യൂകാസിൽ	359
36	ജീവിതം തകർന്ന കാർ യാത്ര	370
37	ആശുപത്രി ഒരു ശുദ്ധീകരണശാല	382
38	അന്ത്യ ദിനങ്ങൾ	394
39	തിരുമേനിയുടെ ആരോഗ്യ ബുള്ളറ്റിനുകൾ	409
40	കൂടുതൽ പവിത്രീകരണം	422
41	ആ കിളി പറന്നുപോയി	435
42	ലോകം ദുഃഖിക്കുന്നു	453
43	മധുരസ്മരണകൾ	466
44	ലണ്ടനോട് വിട പറയുന്നു	511
45	ലണ്ടൻ സെന്റ് ഗ്രീഗോറിയോസിലെ വിടവാങ്ങൽ	516
46	ലണ്ടനിൽ നിന്ന് കോട്ടയം വരെ നീണ്ട വിലാപയാത്ര	522
47	രാജകീയ കബറടക്കം	536
48	ദൈവത്തിന്റെ മഹാപുരോഹിതാ സമാധാനത്തോടെ പോവുക	543
49	മാർ മക്കാറിയോസും അൽമാ കോളജും	554
50	നാല്പതു ദിവസങ്ങൾക്കു ശേഷം	564
51	ഒരു വർഷത്തിനു ശേഷം	567
52	മൂന്നു വർഷം കഴിഞ്ഞ്	570

അദ്ധ്യായം 1

സ്വാതന്ത്ര്യത്തിനുവേണ്ടി ഒരു ഒറ്റയാൻ പട്ടാളം

"നിങ്ങൾ എന്തു ചെയ്യുകയാണ്?" ഫോൺ ബല്ലടി കേട്ട് ഫോൺ കൈയിലെടുത്തപ്പോൾ അങ്ങേതലയ്ക്കൽ നിന്നൊരു ചോദ്യം.

"ങാ... എന്താ വേണ്ടത്? നിങ്ങൾ ആരാണ്? ഞാനൽപം തിരക്കിലാണ്. ഒരു പുസ്തകമെഴുത്തിന്റെ പണിപ്പുരയിൽ."

"ഞാൻ ആരുമായിക്കൊള്ളട്ടെ." - സ്വരത്തിൽ അൽപം കാർക്കശ്യം.

"നിങ്ങൾ എന്തു പുസ്തകമാണ് ഇപ്പോൾ പടയ്ക്കുന്നത്?" സ്വരത്തിലെ പന്തികേട് മനസ്സിലാക്കിക്കൊണ്ടുതന്നെ പറഞ്ഞു.

"പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശധീരൻ എന്ന പുസ്തകത്തിന്റെ നാലാം വാല്യം."

"നന്നായി. ഞാനുദ്ദേശിച്ചതു തന്നെ. നിങ്ങൾക്കെന്താ ഇത്രയധികം മക്കാറിയോസിനെപ്പറ്റി എഴുതാനുള്ളത്?" കാർക്കശ്യം കൂടുന്നു.

"ഞങ്ങൾക്ക് ഇനിയും പലതും എഴുതാനുണ്ടാവും. നിങ്ങളെന്താണു അതിനെ ഭയപ്പെടുന്നത്?"

"അല്ല, ഇതുവരെ സഭാപിതാക്കന്മാരുടെ ജീവചരിത്രം ഒരു വാല്യത്തിൽ അധികം ഉണ്ടായിട്ടില്ലല്ലോ. പിന്നെ?"

"സഹോദരാ, നിങ്ങളെ മാനിക്കുന്നു. വിമർശനം ഞങ്ങൾ സ്വീകരിക്കുന്നു. പക്ഷേ...?"

"എന്താ പക്ഷേ? റീത്തിലെ ആർച്ചുബിഷപ്പ് ഈവാനിയോസിന്റെ ചരിത്രം പോലും രണ്ടു വാല്യങ്ങളേ ഉള്ളല്ലോ. പിന്നെ നിങ്ങൾ?"

"ഈ ചോദ്യങ്ങൾക്കൊന്നും മറുപടി പറഞ്ഞ് ഞങ്ങളുടെ നല്ല സമയങ്ങൾ പാഴാക്കാനില്ല. മക്കാറിയോസ് തിരുമേനിയുടെ ജീവിതത്തിന്റെ അറിയപ്പെടാത്ത കഥകൾ കൂടുതൽ കൂടുതൽ വിടർത്തി ലോകസമക്ഷം തുറന്നുകാട്ടാനുള്ള ഒരു പ്രക്രിയയിലാണ് ഇപ്പോൾ."

"അധികം എഴുതാതെ നിർത്തുന്നതാ നിങ്ങൾക്കു നല്ലത്." ഒരു ഭീഷണിയുടെ ഘനം അതിനുണ്ടായിരുന്നു. കമ്മ്യൂഷൻ സംഘത്തിന്റെ രൗദ്രതയും.

"സ്നേഹിതാ നിങ്ങളുടെ ഭീഷണി ഞങ്ങളെ പിന്തിരിപ്പിക്കുവാൻ തക്ക ശക്തിയുള്ളതല്ല. ആരോടും പകയില്ലാതെ, ആരോടും വെറുപ്പില്ലാതെ സത്യത്തിന്റെ മുഖം ഞങ്ങൾ വെളിപ്പെടുത്തുമ്പോൾ നിഷ്പക്ഷമതികളായ ഒരു വലിയ സമൂഹത്തിന്റെ പ്രോത്സാഹനം ഞങ്ങൾക്കു ലഭിക്കുന്നുണ്ട്. അതാണ് ഞങ്ങളുടെ പ്രേരകശക്തി. നിർത്തട്ടെ." ഞാൻ ഫോൺ താഴ്ത്തി വച്ചു.

ഈ വാല്യം എഴുതിത്തുടങ്ങിയപ്പോൾ വായിക്കാൻ ലഭിച്ച ഒരു പ്രശസ്ത പുസ്തകത്തിലെ ചില പ്രസക്ത ഭാഗങ്ങൾ വായനക്കാരുമായി പങ്കുവെയ്ക്കുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ് 2010-ൽ പ്രസിദ്ധീകരിച്ചതും പിയറി അല്ലൻ, അലക്സിസ് കല്ലർ എന്നീ രണ്ടു പ്രശസ്ത എഴുത്തുകാർ ഒരുമിച്ചെഴുതിയതുമായ "What is just peace" എന്ന പുസ്തകമാണത്. "നീതിയും സമാധാനവും തമ്മിൽ ചുംബിക്കുമ്പോൾ" എന്ന ശീർഷകത്തിൽ മലയാളത്തിൽ ഈ പുസ്തകത്തെ വിശകലനം ചെയ്ത ഒരു ലേഖനവും വായിക്കാനിടയായി.

ആ സുപ്രസിദ്ധ പുസ്തകത്തിലെ ചില ആശയങ്ങൾ ഇവയാണ്. ആത്മനിഷ്ഠമായ ഒരു വെളിപ്പെടുത്തലാണ് എല്ലായ്പ്പോഴും നീതിയുടെ വർത്തമാനം. നമ്മുടെ കാലഘട്ടത്തിൽ നീതിയെ തത്വചിന്താപരമായി വിശകലനം ചെയ്യാൻ ശ്രമിച്ച പ്രമുഖ ചിന്തകൻ ജോൺ റൗൾസ് ആകാം. നീതിക്കായി വിശക്കുന്ന ജനകോടികൾ വർത്തമാനകാല യാഥാർത്ഥ്യവും നീതിയും സമാധാനവും പരസ്പരം ചുംബിക്കുന്ന കാലം പ്രവാചക സ്വപ്നങ്ങളിൽ മാത്രം വിടർന്നു നിൽക്കുന്നതുമാവും.

യവനചിന്തകൻ അരിസ്റ്റോട്ടിൽ പറഞ്ഞു, "നീതിക്ക് ഒരു അളവുകോലുണ്ട്. ആ അളവുകോൽ ധർമ്മനിഷ്ഠമായ ജീവിതത്തിനുള്ളിലാണ്. സമസ്തധർമ്മങ്ങളുടെയും ആകെത്തുകയാണ് നീതിയെന്നും അത് അപരന്റെ ജീവിതവുമായി ചേർത്തുവെച്ചു വേണം അളക്കേണ്ടതെന്നും." അനീതിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് നീതിയുടെ പ്രശ്നങ്ങൾ. ന്യായാധിപന്മാർ നീതി അളക്കുന്നത് അനീതിക്കുള്ള പരിഹാരക്രിയ എന്ന നിലയിലാണ്. ധർമ്മലോപത്തിനുള്ള പരിഹാരമാണ് ഒരു തരത്തിൽ ശിക്ഷ. വസ്തുനിഷ്ഠമായി നമുക്ക് അളന്നെടുക്കുവാൻ ആവാത്ത നീതിയെ സമാധാനവുമായി ചേർത്തുവെയ്ക്കുമ്പോൾ പ്രശ്നങ്ങൾ സങ്കീർണ്ണമാവുകയാണ്.

പാശ്ചാത്യ-പൗരസ്ത്യ മതസങ്കൽപ്പങ്ങളിൽ അടിത്തറയിട്ട ഒരാശയമാണ് Just war എന്നത്. നീതിക്കായുള്ള യുദ്ധങ്ങൾ എതിരാളികളുടെ വിശ്വാസ സങ്കൽപ്പങ്ങളുമായി കൂടിക്കലർന്നുമിരിക്കുന്നു. ക്രൈസ്തവ ദൈവശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ സെന്റ് അഗസ്റ്റിൻ നീതിക്കുവേ

ണ്ടിയുള്ള യുദ്ധങ്ങളെ നീതീകരിക്കുമ്പോൾ, ഇസ്ലാമിക-ഹൈന്ദവ ചിന്ത കളിലും നീതിയുദ്ധങ്ങൾ അതീവപ്രാധാന്യം നേടുന്നു. മതങ്ങൾ നീതിയെ വ്യാഖ്യാനിക്കുന്നത് വിശ്വാസത്തിന്റെയും ദൈവബോധത്തി ന്റെയും മതസ്ഥാപനങ്ങളുടെ സംരക്ഷണത്തിന്റെയും അടിസ്ഥാനത്തി ലാവുമ്പോൾ ഭരണകൂടങ്ങളുടെ മേൽകൈയിൽ നടക്കുന്ന യുദ്ധങ്ങൾ ഭരണകൂടങ്ങൾ ഉയർത്തിപ്പിടിക്കുന്ന മൂല്യബോധങ്ങളുടെയും ആശയ വ്യൂഹങ്ങളുടെയും സംരക്ഷകരായാണ് നീതിയുദ്ധങ്ങൾ നടത്തുക. നവ ലിബറൽ ആശയങ്ങൾക്ക് പിന്തുണ നൽകുന്ന യുദ്ധങ്ങളുടെ ആകെ ത്തുകയാണ് ഇന്ന് പൊതുവിൽ നീതിയുദ്ധമായി പരിഗണിക്കുന്നത്.

ഐക്യരാഷ്ട്രസഭയുടെ (U.N.) അക്രമവിരുദ്ധ ദശാബ്ദം അവസാ നിക്കുമ്പോൾ നാം തിരിച്ചറിയുന്ന യാഥാർത്ഥ്യം, ലിബറൽ ആശയങ്ങ ൾക്കും പ്രയോഗങ്ങൾക്കും അക്രമവിരുദ്ധമായ ഒരു രാഷ്ട്രീയ മണ്ഡ ലത്തെ കരുപ്പിടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. അധികാര പ്രയോ ഗത്തിലൂടെയുള്ള സമാധാന പരിശ്രമങ്ങൾ പരാജയപ്പെടുന്നു. നീതി എല്ലായിടത്തും തോൽപ്പിക്കപ്പെടുന്നു. ധാർമ്മിക അളവുകോലുകൾ കൊണ്ട് തിട്ടപ്പെടുത്താവുന്നത്ര ലോലമല്ല, അധികാരവും സമാധാനവും തമ്മിലുള്ള ബന്ധം.

മലങ്കരസഭയുടെ അകത്തളത്തിൽ മാർ മക്കാറിയോസ് മെത്രാപ്പോ ലീത്താ നടത്തിയ നീതിയുദ്ധങ്ങളുടെ കഥയും മറ്റൊന്നുമല്ല. നീതിബോ ധമുള്ള ഒരു സഭയെ നെഞ്ചിലേറ്റി താലോലിച്ച തിരുമേനിക്കും നീതിയും ന്യായവും സ്നേഹവും സഹകരണവും തോൽപ്പിക്കപ്പെടുന്ന അനുഭവ മാണ് കിട്ടിയത്. തന്റേതു മാത്രമായ ഒരനുഭവമല്ല അതെന്നും തിരിച്ച റിഞ്ഞു. നീതിക്കായി വിശക്കുന്ന ജനലക്ഷങ്ങളെ തന്റെ സഭയിൽ അദ്ദേഹം കണ്ടെത്തി. നീതിയും സമാധാനവും തമ്മിൽ ചുംബിക്കുന്ന കാലം കേവലം സ്വപ്നങ്ങളിൽ മാത്രം എന്ന് തിരിച്ചറിയുന്നു. മാനസി കമായി ഉപേക്ഷിക്കേണ്ടവയെ താൻ ഉപേക്ഷിച്ചു കഴിഞ്ഞു. പക്ഷേ സംഘർഷങ്ങൾ നിറയുന്ന മനസ്സിന്റെ ശബ്ദം ഇരുണ്ട സായാഹ്നങ്ങ ളിലെ ഇടിനാദംപോലെ മുഴക്കമുള്ളതായിരുന്നു. വിസ്തൃതമായ ഒരു പുൽപ്പരപ്പിൽ ഒറ്റയാനായി നിൽക്കുന്ന വൃക്ഷംപോലെ മക്കാറിയോസ് തിരുമേനി ചിന്തകളിൽ നിറഞ്ഞപ്പോൾ ധ്യാനിച്ചുനിൽക്കുന്ന പൂക്കളുടെ നിറത്തിൽ സ്വയം നിറഞ്ഞു. മനസ്സു ശാന്തമായി വെയ്ക്കേണ്ടതുണ്ട്. കൊന്നപ്പൂവും വസന്തവും മിന്നിമറയുന്നു. ഉള്ളിലെ അഗ്നിസ്ഫുലിംഗം വേറൊരാൾക്ക് കാണാനാവില്ലല്ലോ.

അലങ്കരിച്ച ബഡ്റൂമിൽ നിന്നു മക്കാറിയോസ് തിരുമേനി എഴുന്നേറ്റ് ചെന്ന് തുറന്നുകിടന്ന ജാലകത്തിനു പുറത്ത് വെന്തുരുകുന്ന മണ്ണിൽ

നിൽക്കുന്ന മരങ്ങളിലെ കരിഞ്ഞുവീഴുന്ന ഇലകളെ നോക്കി ഇരുട്ടിലേക്ക് കണ്ണുംനട്ടു നിന്നു. കൊഴിയാതെ നിൽക്കുന്ന കറുത്ത ഇലകൾക്കു ചുറ്റും വളർന്ന നിശ്ചലത, ജനാലകൾ കടന്ന് മുറിയിലേക്കു എത്തിനോക്കുന്നു. നിലവിളിച്ചാൽ ആരും കേൾക്കാനില്ലാത്തത്ര നിഗൂഢതകൾ നിറഞ്ഞ കൊടുംകാട്ടിൽ ഒറ്റപ്പെട്ടു കിടക്കുന്നതുപോലെ. അദ്ദേഹം കണ്ണുകൾ സ്വർഗ്ഗസ്ഥപിതാവിങ്കലേക്കുയർത്തി. "എന്റെ സഹായകൻ, ഒരിക്കലും ഉറങ്ങാത്ത എന്റെ കാവൽക്കാരൻ എന്റെ സഹായത്തിനെത്തും" എന്ന് മനസ്സിനോടു ഉരുവിട്ടു. എന്നും പ്രയാസഘട്ടങ്ങളിൽ ഓടി എത്താറുള്ള നനഞ്ഞ മഞ്ഞുകണങ്ങൾപോലെ മനോഹരിയായ അമ്മച്ചി ഈ ഘട്ടത്തിലും തന്നിൽ നിറഞ്ഞുനിൽക്കുന്നു. മക്കൾക്കുവേണ്ടി എന്തും ചെയ്തുകൊടുക്കാൻ തയ്യാറായി സ്വന്ത ഇഷ്ടങ്ങളെ മാറ്റിവച്ച ധന്യയായ ആ അമ്മച്ചി സാന്ത്വനങ്ങളുമായി തന്റെ മുന്നിൽ നിൽക്കുന്നതായി തിരുമേനിക്കു അനുഭവപ്പെട്ടു.

ഒരവസ്ഥയിൽ നിന്ന് മറ്റൊന്നിലേക്കു നമ്മെ കൈപിടിച്ചു നടത്തുന്നത് ദൈവം തന്നെയാണ്. ജീവിതഗതിയിൽ നാം നേരിടുന്ന അനുഭവ വൈഷമ്യങ്ങളെല്ലാം അവരവരുടെ ഇച്ഛയ്ക്കും നിയന്ത്രണത്തിനും അതീതമായി ഏതോ ഒരദൃശ്യശക്തിയുടെ പിടിയിലമർന്ന് നാം ഉദ്ദേശിക്കാത്ത കടവുകളിൽ ചെന്നടുക്കുന്നതായി കാണുന്നു. അതിൽനിന്ന് നമ്മുടെ കാഴ്ചയ്ക്കും ധാരണയ്ക്കും അപ്പുറമായി ഏതോ ഒരു നിഗൂഢശക്തിയുടെ ഇച്ഛയ്ക്കും പ്രേരണയ്ക്കും വിധേയമായിട്ടാണ് നമ്മുടെ ജീവിതാനുഭവങ്ങൾ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്. നാം ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ആ ജഗന്നിയന്താവ് നമ്മെ ചില ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നു. നാം അവിടെ ചെന്നെത്തിയേ പറ്റൂ.

മഹാത്മാവും താൻ ഗുരുതുല്യം ആദരിച്ചവനുമായ മനോരമ പത്രാധിപർ കെ. സി. മാമ്മൻ മാപ്പിള പ്രതിസന്ധികളെ നേരിട്ടതിനെക്കുറിച്ച് എഴുതിയിട്ട വരികൾ മക്കാറിയോസ് തിരുമേനിയുടെ സ്മൃതിമണ്ഡലത്തിൽ ഓടിഎത്തി. മാമ്മൻ മാപ്പിള പറഞ്ഞു, "താനുൾപ്പെട്ട സഭാസംഘടനയുടെ നായകന്മാരിൽ നിന്ന് ഇങ്ങനെ നിഷ്ഠുരമായ ഒരു പെരുമാറ്റത്തിനു പാത്രീഭൂതനാകുമ്പോൾ ഉടനെ ആ സഭയിൽ നിന്നു പിണങ്ങിവേറൊരു സഭയിൽ ചേരാനുള്ള അഭിലാഷമാണ് പലർക്കും ഉണ്ടാകുന്നതായി കണ്ടിട്ടുള്ളത്. എന്നാൽ എന്റെ ജീവിത വിഗതികളിൽ ഏറ്റം വിഷമകരമായ പ്രതിസന്ധിയിലും സഭ വിട്ടുപോകണമെന്നുള്ള ഒരു പ്രലോഭനത്തിന്റെ ലാഞ്ഛന ഒരു കാലത്തും എന്റെ മനസ്സിൽ നിഴൽവീശുകപോലും ചെയ്തിട്ടില്ല. എന്റെ പ്രതിയോഗികൾ സഭയിൽ എത്രതന്നെ പ്രാധാന്യം അർഹിക്കുന്ന വ്യക്തികൾ ആയിരുന്നാലും അവരും വിശാലനഭോവീഥിയിലൂടെ കുറെ സമയത്തേക്ക് പറന്നുമറയുന്ന പക്ഷി

കൾ മാത്രമാണെന്നും, അങ്ങനെ ചില വ്യക്തികളോടുള്ള അമർഷം കൊണ്ട് സഭ വിട്ടു പോകുന്നതിനേക്കാൾ വളരെ രൂഢമൂലവും സുപ്രതിഷ്ഠിതവുമായ ഒരു സ്ഥാനം തനിക്ക് ഉണ്ടെന്നുള്ള ഉത്തമബോധ്യമാണ് പ്രലോഭനങ്ങളിൽ നിന്നു തന്നെ മാറ്റിനിർത്തിയതെന്ന് തോന്നുന്നു. അല്പന്മാരും മന്ദബുദ്ധികളുമാണ് നിസ്സാരകാര്യങ്ങൾക്ക് സഭ ഉപേക്ഷിച്ചുപോകുന്നത്."

മഹാനായ മാമ്മൻ മാപ്പിളയുടെ ഈ വാക്കുകൾ എത്ര ശക്തിയോടെ മക്കാറിയോസിന്റെ ഹൃദയത്തിൽ പതിഞ്ഞുവെന്നോ! ഓരോ കാലത്തും സഭയിൽ നല്ലതും മോശവുമായ നേതാക്കൾ വരും. അവരോട് തെറ്റിമാറിനിൽക്കുന്നത് ശരിയല്ല. സഭ ഒരു ബാവായുടേതോ മെത്രാച്ചന്റേതോ കുറെ നേതാക്കന്മാരുടേതോ അല്ല. സഭ എല്ലാവരുടേതുമാണ്, നമ്മുടേതാണ്, എന്റേതാണ്.

മാർ മക്കാറിയോസിന്റെ ആ സുദൃഢമായ നിലപാട് അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ കേട്ടാലും, "മക്കാറിയോസ് തിരുമേനി സ്വതന്ത്ര സഭ സ്ഥാപിക്കാൻ പോകയാണെന്ന് കേട്ടല്ലോ" എന്ന് പ. ബാവാ തിരുമേനി ഒരാളോട് പറഞ്ഞപ്പോൾ ഞാൻ ബാവാതിരുമേനിയോടു പറഞ്ഞു, "എന്റെ പിതാക്കന്മാർ ബുദ്ധിമുട്ടി കഷ്ടതയനുഭവിച്ച്, പീഡനമേറ്റ് വളർത്തിക്കൊണ്ടുവന്ന സഭയാണിത്. ഇതു വിട്ടുപോകാൻ എന്നോടു പറഞ്ഞാൽ അങ്ങനെ വിട്ടുപോകാൻ ഒക്കത്തില്ല."

പിതാക്കന്മാരുടെ പീഡനത്തെപ്പറ്റി ബാവാതിരുമേനിയോട് പറഞ്ഞപ്പോൾ തന്റെ കുടുംബമായ പകലോമറ്റത്തിലെ പൂർവ്വപിതാക്കളായ അർക്കദിയാക്കോന്മാരെയും ഒന്നുമുതൽ ഒമ്പതു വരെയുള്ള മാർത്തോമ്മാമാരെയും അവർ ഈ സഭയ്ക്കു വേണ്ടി ഏറ്റെടുത്ത ഹൃദയനൊമ്പരങ്ങളെയും ശാരീരികപീഡകളെയും ജയിൽവാസത്തെയും ഒക്കെ മക്കാറിയോസ് തിരുമേനി ഓർത്തിരിക്കാം.

ഒരു ഫെബ്രുവരി 15-ന് തിരുവനന്തപുരം മഹാസമ്മേളനത്തിൽ ഓർത്തഡോക്സ് സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ പറഞ്ഞു, "എനിക്കു ഒന്നേ പറയാനുള്ളു. മലങ്കര നസ്രാണി ഉറങ്ങിക്കിടന്ന സിംഹമല്ല, ജനാധിപത്യത്തിൽ ഇവിടെ ജനങ്ങളും ഭരിക്കുന്നവരും ഒന്നാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങൾക്ക് എൽ.ഡി.എഫും യു.ഡി.എഫും ഒന്നുമില്ല. ഞങ്ങൾക്കു ഒന്നു മാത്രം. മനുഷ്യൻ മാത്രം - ആ മനുഷ്യനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. മലങ്കര ഓർത്തഡോക്സ് സഭ കഴിഞ്ഞ 200 വർഷക്കാലമായി ആസേതുഹിമാചലം മുതൽ കടലുകടന്നു വർദ്ധിച്ചിട്ടുള്ള സഭയാണ്. ഇവിടെ നീതി പുലർത്തണം. ന്യായം പാലിക്കണം. അല്ലെങ്കിൽ ജനാധിപത്യത്തിന്റെ രീതിയിൽ

ഞങ്ങൾ തിരിച്ചടി നൽകും. ഇത് ഞങ്ങളുടെ ശബ്ദമാണ്. പതിനായിര ത്തിലധികം മെഴുകുതിരികൾ കത്തിനിൽക്കുന്ന ദേവാലയങ്ങൾ നമുക്കു പ്രചോദനം ഏകട്ടെ."

സഭയ്ക്കുവേണ്ടി ധീരമായി പോരാടിയ അതിപ്രഗത്ഭരായ വീരനായ കന്മാരുടെ ത്യാഗനിർഭരമായ പ്രയത്നഫലമാണ് ഇന്നത്തെ നമ്മുടെ സ്വതന്ത്രസഭ.

1934-ൽ ഈ സ്വതന്ത്ര സഭയ്ക്കുവേണ്ടി ഒരു ഭരണഘടന ഉണ്ടാക്കി യതിനെ സംബന്ധിച്ച് തന്റെ ബാല്യകാല ഓർമ്മകൾ അയവിറക്കി ക്കൊണ്ട് മനോരമ പത്രാധിപർ കെ. എം. മാത്യു എഴുതി: "ഓർത്ത ഡോക്സ് സഭ ഒരു സ്വതന്ത്ര സഭ എന്നവിധത്തിൽ അന്ത്യോഖ്യാബന്ധം വിടർത്തി സ്വതന്ത്ര ഭരണഘടന ഉണ്ടാക്കിയത് 1934-ൽ ആണ്. ആലുവാ കോളജിന്റെ ആദ്യ പ്രിൻസിപ്പലായിരുന്ന എ. എം. വർക്കി, ഇലഞ്ഞി ക്കൽ ജോൺ വക്കീൽ, റാവുസാഹിബ് ഒ. എം. ചെറിയാൻ എന്നിവർ ക്കൊപ്പമായി കെ. സി. മാമ്മൻ മാപ്പിളയും ചാക്കോ സൂപ്രണ്ടും ഇരുന്ന് ചർച്ച ചെയ്താണ് ഭരണഘടനാ നക്കൽ ഉണ്ടാക്കിയതെന്ന് എനി ക്കോർമ്മയുണ്ട്. മനോരമയിലെ ഞങ്ങളുടെ വീട്ടിലായിരുന്നു ആ ചർച്ച കൾ. അന്ന് സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാൻ അടുത്ത മുറിയിലി രുന്ന് ആ ചർച്ചയുടെ ചൂടും പുകയും അറിഞ്ഞത് ഓർമ്മയുണ്ട്. മലങ്കര അസ്സോസിയേഷൻ വിളിച്ചുകൂട്ടി ആ ഭരണഘടന പാസ്സാക്കിയതും അവി സ്മരണീയമാണ്. സഭാനേതാക്കളെല്ലാം പ്രസംഗിച്ച ആ സമ്മേളനത്തിൽ വോളണ്ടിയറായിരുന്നു ഞാൻ.

ചാക്കോ സൂപ്രണ്ടിന്റെ പ്രസംഗമുണ്ടാക്കിയ വൈദ്യുതിസ്പർശം ഇന്നും എനിക്കു രോമാഞ്ചമുണ്ടാക്കും. കോട്ടും ടൈയും കവണിയും അണിഞ്ഞ് പൗരുഷം തുളുമ്പുന്ന സ്വരത്തിൽ ആ പോലീസു സൂപ്രണ്ട് ഇങ്ങനെ പ്രസംഗിച്ചു: 'ഇത് ചാക്കോയാണ് പറയുന്നത്. ഇന്നു മുതൽ നമ്മുടെ സഭ സ്വതന്ത്രമാണ് - നമ്മൾ ഇനിമേലിൽ ആരുടെയും അടിമ കളല്ല.'

അദ്ദേഹം ഇതു പറഞ്ഞത് (1934 ഡിസംബർ 26, 10.30 എ.എം.) സഭാം ഗങ്ങളോടുള്ള ആജ്ഞ പോലെ ആയിരുന്നു. എല്ലാവരും അതു കേട്ട് ആവേശഭരിതരായതും ഞാൻ ഓർക്കുന്നു."

മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് എന്നും ആവേശവും പ്രചോ ദനവും നൽകിക്കൊണ്ടിരുന്നത് തന്റെ ചെവിയിൽ സദാ മുഴങ്ങിക്കൊ ണ്ടിരുന്ന ഈ ധീരനേതാക്കളുടെ ശബ്ദമായിരുന്നു. എന്നാൽ ആഗോള വ്യാപകമായി പടർന്നുപന്തലിച്ച മലങ്കരസഭയുടെ 'നേതൃത്വം' 20-ാം നൂറ്റാ ണ്ടിൽ അമേരിക്കയിൽ ജനിച്ച് അവിടെ വളരുന്ന പുത്തൻ തലമുറക

ളുടെ ഹൃദയസ്പന്ദനങ്ങൾ തിരിച്ചറിയണമെന്ന് പ്രസംഗിച്ചതിന്റെ പേരി ലാണ് അദ്ദേഹം സ്വതന്ത്രസഭ ഉണ്ടാക്കാൻ ശ്രമിക്കുന്നു എന്ന് വിമത ന്മാർ കൊട്ടിഘോഷിച്ചത്. തിരുമേനിയുടെ ഓരോ കഴഞ്ച് മാംസത്തിലും ഓരോ തുള്ളി രക്തത്തിലും തുടിച്ചിരുന്നത് മലങ്കരസഭയുടെ സ്വാത ന്ത്ര്യവും അഖണ്ഡതയും മാത്രം ആയിരുന്നു.

മാർ മക്കാറിയോസ്, മെത്രാപ്പോലീത്താ ആകുന്നതിനു ഒരു നൂറ്റാണ്ടു മുമ്പു നടന്ന ഒരു ചരിത്രസംഭവം ഓർമ്മയിൽ ഓടിവരുന്നു.

മഹാത്മാവായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ മല ങ്കര മെത്രാപ്പോലീത്താ ആയി ഭരിക്കുന്ന കാലം. അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസ് അദ്ദേഹത്തിന്റെ ഇന്ത്യൻ സഭയുടെ മേലുള്ള അധികാരം സമ്മതിച്ചുകൊണ്ടുള്ള ഒരു രജിസ്റ്റേർഡ് ഉടമ്പടിക്കു എല്ലാ പള്ളികളോടും ആവശ്യപ്പെട്ടു. പള്ളികളും അവയുടെ സ്ഥാവര ജംഗമ സ്വത്തുക്കളും നിലംപുരയിടങ്ങളും അടക്കം സകലതും അന്ത്യോഖ്യാ സിംഹാസനത്തിന്റെ വക ആണെന്ന് എഴുതി ഉടമ്പടി രജി സ്റ്റർ ആക്കാനുമായിരുന്നു കൽപ്പന.

പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമൻ അതിനെ എതിർത്തു. ഉടമ്പടി എഴുതിക്കൊടുക്കാൻ വിസമ്മതിക്കയും ചെയ്തു. ഫലമോ? പാത്രിയർക്കീസ് അദ്ദേഹത്തെ മുടക്കി. ആ മുടക്കുകൽപ്പന വെളിച്ചം കാണാഞ്ഞതുകൊണ്ട് സഭാംഗങ്ങൾ ആരും അറിഞ്ഞതേയില്ല. മുടക്കു കൽപ്പന വിലപ്പോകാതെ വന്നപ്പോൾ അദ്ദേഹത്തെ, ഏഴു മെത്രാന്മാരെ വാഴിച്ച് മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ച് മെത്രാന്മാരുടെ കീഴിലാക്കാൻ ശ്രമിച്ചു. 'വിഭജിച്ചു ഭരിക്കുക' എന്ന കുതന്ത്രം പ്രയോ ഗിച്ചതും ചീറ്റിപ്പോയി. പാത്രിയർക്കീസ് മടങ്ങിയതോടെ പുതുതായി വാഴി ക്കപ്പെട്ട മെത്രാന്മാർ പുലിക്കോട്ടിൽ തിരുമേനിയുടെ പരമാധികാരം അംഗീകരിച്ചു കൊണ്ടുള്ള മുക്ത്യാർ എഴുതിക്കൊടുത്തു. ഇത് പാത്രി യർക്കീസിനു കനത്ത ഒരു പ്രഹരമായി എന്നു പറയേണ്ടതില്ലല്ലോ.

'കൂനിന്മേൽ കുരു' എന്ന വിധത്തിൽ, "പാത്രിയർക്കീസിന് മലങ്കര സഭയുടെ മേൽ ലൗകികാധികാരം ഒന്നുമില്ലെന്ന്" മാർത്തോമ്മാ സഭ യ്ക്കെതിരായുള്ള കേസിൽ 1888-ൽ റോയൽക്കോടതിവിധി വ്യക്തമാ ക്കിയതോടെ ആ വിദേശ പാത്രിയർക്കീസിനു പരാജയം ഏറ്റുവാങ്ങേ ണ്ടിവന്നു. എങ്കിലും സ്വയംകൃതാർത്ഥനാർത്ഥം അദ്ദേഹം മുരണ്ടു. "ലോകത്തിലുള്ള എല്ലാ കോടതികളും ഒന്നിച്ചു വിധിച്ചാലും ദൈവദ ത്തമായി പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ ലഭിച്ചിരിക്കുന്ന അധി കാരം ഇല്ലാതാകുന്നില്ല." ശാന്തം!! 'ദൈവദത്തം' എന്നു പറഞ്ഞു നെടു വീർപ്പിടാമെന്നല്ലാതെ മലങ്കരസഭയുടെ സ്വത്ത് ഒന്നും കിട്ടിയതുമില്ല.

പിന്നീട് എഴുന്നെള്ളിവന്ന് മലങ്കര വിഴുങ്ങാൻ കച്ചകെട്ടിയ അബ്ദള്ളാ പാത്രിയർക്കീസിനും പ. വട്ടശ്ശേരിൽ തിരുമേനിയുടെ മുന്നിൽ മുട്ടുമട ക്കേണ്ടി വന്നു. ലൗകികാധികാര ഉടമ്പടിയിൽ ഒപ്പുവെച്ചു നൽകിയില്ലെ ങ്കിൽ മുടക്കുമെന്നുള്ള ഭീഷണിയും മുഴക്കി. അതുവരെ ദുർബലനെന്ന് പാത്രിയർക്കീസു ധരിച്ചുവശായിരുന്ന വട്ടശ്ശേരിൽ തിരുമേനി ആ അനീ തിക്കെതിരെ അപ്പോഴാണ് സിംഹത്തെപ്പോലെ ഗർജ്ജിച്ചത്. ഫലമോ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. സഭയെ രണ്ടായി കുത്തിപ്പിളർത്തി. പ. വട്ടശ്ശേരിൽ തിരുമേനി ആ മുടക്കിനെ "സ്വർണ്ണമാലയായി സ്വീകരി ക്കുന്നു" എന്നാണ് പ്രതികരിച്ചത്.

ഒതുങ്ങിക്കിട്ടാത്ത അദ്ദേഹത്തെ ഒടുക്കുന്നതിന് ജലാലുദിൻ കബ്ട്ടേ ഷൻ സംഘത്തെ പഴയസെമിനാരിയിലേക്കു അയച്ചു. "സെമിനാരിയുടെ വടക്കേ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ വടക്കേമുറിയിൽ ഗോവണി വഴി കയറാൻ താൻ പലപ്രാവശ്യം ശ്രമിച്ചിട്ടും മുകളിലെത്തി ജനൽപ്പ ടിയിൽ പിടിച്ചു കഴിയുമ്പോൾ ആരോ ദൂരത്തേക്ക് വലിച്ചെറിയുന്ന അനു ഭവമാണ് തനിക്കുണ്ടായതെന്നും അല്ലെങ്കിൽ മെത്രാപ്പോലീത്തായുടെ കഥ താൻ കഴിക്കുമായിരുന്നെന്നും" ആനപ്പാപ്പിക്കേസിൽ ജലാലുദിൻ ഗുണ്ട കോടതിയിൽ മൊഴി കൊടുത്തിട്ടുണ്ട്.

"പാത്രിയർക്കീസിന്റെ അധികാരകാംക്ഷയോടു എതിർത്ത സമുദാ യാംഗങ്ങൾക്ക് ഒരു മേൽപ്പട്ടക്കാരനില്ലാതെ വന്നാൽ എല്ലാവരും പാത്രി യർക്കീസിന്റെ ആഗ്രഹങ്ങൾക്കു വഴിപ്പെട്ടുകൊള്ളുമെന്നുള്ള വിചാര ത്തോടു കൂടിയാണ് എതിർഭാഗം എന്റെ ജീവഹാനിക്കു ശ്രമിച്ചത്" എന്ന് 1904 തുലാം 9-ന് വട്ടശ്ശേരിൽ തിരുമേനിയും മൊഴി നൽകിയിട്ടുണ്ട്.

"എന്റെ പിതാക്കന്മാർ ബുദ്ധിമുട്ടി കഷ്ടതയനുഭവിച്ച് പീഡനമേറ്റ് വളർത്തിക്കൊണ്ടുവന്ന സഭയാണിത്. അതു വിട്ടുപോകുവാൻ എന്നോടു പറഞ്ഞാൽ ഒക്കത്തില്ല" എന്ന് പ. മാത്യൂസ് രണ്ടാമൻ ബാവായോട് മാർ മക്കാറിയോസ് പറഞ്ഞപ്പോൾ മേലുദ്ധരിച്ച, ചരിത്രസംഭവങ്ങളെല്ലാം അദ്ദേഹത്തിന്റെ ഉള്ളിലിരുന്നു വിങ്ങുന്നുണ്ടായിരുന്നു. ഏതു പ്രതിസ ന്ധിയിലും വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കൽ നിന്ന് ഊർജ്ജമെ ടുത്ത് ദൈവത്തിൽ ആശ്രയിക്കുകയായിരുന്നു അദ്ദേഹം ചെയ്തുവന്നത്.

എന്നാൽ മലങ്കരസഭയുടെ അപ്പൊസ്തോലിക പൗരാണികത്വ ത്തേയോ സ്വാതന്ത്ര്യത്തേയോ ആരെങ്കിലും വിലകുറച്ചു കാണാൻ ശ്രമി ച്ചാൽ അത് മാർ മക്കാറിയോസിനു സഹിക്കാൻ കഴിയുമായിരുന്നില്ല.

ഓർത്തഡോക്സ് സഭയുടെ ഡൽഹി മെത്രാപ്പോലീത്താ ആയി ത്തീർന്ന ലോകപ്രശസ്തനായ അഭിവന്ദ്യ പൗലോസ് മാർ ഗ്രീഗോറി യോസിന്റെ ഒരു പ്രസ്താവന 1968 ഒക്ടോബർ 9-ലെ News from Seema

(ശീമവാർത്ത) എന്ന പ്രസിദ്ധീകരണത്തിൽ പേജ് 21-22-ൽ കണ്ടത് ഇപ്രകാരമായിരുന്നു.

"We in India, belong to this Patriarchate even if we have our own Catholicos and are autonomous. We have no other sources from which to renew our ancient tradition except the tradition of Antioch, of the Great syrian church which once spread through the length and breadth of Asia, right up to China and Korea. It would be the height of in gratitude and most deplorable folly on our part if we grieve his (Patriarch's) heart with any word which seeks to dissociate ourselves with the Patriarchate of Antioch."

(സ്വതന്ത്ര പരിഭാഷ - ഞങ്ങൾക്ക് ഒരു കാതോലിക്കായും ഓട്ടോണമിയും ഉണ്ടെങ്കിലും ഞങ്ങൾ ഈ പാത്രിയർക്കേറ്റിന്റെ വകയാണ്. ഒരു കാലത്ത് ഏഷ്യയിൽ അങ്ങോളമിങ്ങോളം ചൈന, കൊറിയാ വരെ വ്യാപിച്ചുകിടന്ന മഹത്തായ സിറിയായിലെ അന്ത്യോക്യൻ സഭാപാരമ്പര്യമല്ലാതെ ഞങ്ങൾക്കു വേറൊരു പാരമ്പര്യവും ഉറവും ഇല്ല. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഹൃദയത്തെ വേദനിപ്പിക്കത്തക്കവണ്ണം ആ പാത്രിയർക്കീസ് സിംഹാസനത്തിൽ നിന്നു വേർപെട്ടു നിൽക്കുന്നവിധം ഒരു വാക്കിലെങ്കിലും ഞങ്ങളിൽ ആരെങ്കിലും പറയുകയോ പ്രവർത്തിക്കയോ ചെയ്താൽ ആ തെറ്റ് വലിയ നന്ദികേടും പൊറുക്കാൻ പാടില്ലാത്തതുമായിരിക്കും.)

മേൽ രേഖപ്പെടുത്തിയിട്ടുള്ള പുലിക്കോട്ടിൽ-വട്ടശ്ശേരിൽ തിരുമേനിമാരുടെയും നസ്രാണിസിംഹം എം. എ. ചാക്കോ, മൺകോട്ട മഹർഷി ഇ. ജെ. ജോൺ, എ. എം. വർക്കി സാർ, ഒ. എം. ചെറിയാൻ, കെ. സി. മാമ്മൻ മാപ്പിള തുടങ്ങിയ നേതാക്കന്മാരുടെ പ്രസ്താവനകളോടും അന്ത്യോഖ്യാ ബന്ധത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളോടും ഈ അഖിലലോക തിരുമേനിയുടെ പ്രസ്താവനയെ തട്ടിച്ചുനോക്കുന്നതു കൊള്ളാം.

അഖിലലോക പ്രശസ്തൻ വിവരക്കേടു പറഞ്ഞാലും അതു വിവരക്കേടാണെന്നു പറയാൻ മലങ്കരസഭയിൽ വീരന്മാർ ഉണ്ടായിരുന്നുവെന്നുള്ളത് ശുഭോദർക്കമാണ്.

മലങ്കരയിലെ നാലാം കാതോലിക്കാ ബസ്സേലിയോസ് ഔഗേൻ ബാവാ, മാർ ഗ്രീഗോറിയോസിനെപ്പോലെ പാത്രിയർക്കീസു കക്ഷിയിൽ ജീവിച്ച് അവിടത്തെ മെത്രാപ്പോലീത്താ വരെ ആയ ആളായിരുന്നു. അദ്ദേഹത്തെപ്പോലെ സിറിയൻ സഭയിൽ പോയി താമസിച്ച് അവിടത്തെ ഉള്ളുകള്ളികളെല്ലാം നേരിൽകണ്ട് മനസ്സിലാക്കിയ ഒരു നേതാവും മലങ്കരയിൽ ജീവിച്ചിട്ടില്ല. പാത്രിയർക്കീസ് കക്ഷിയിൽ നടമാടുന്നതും ശീമയിൽ തന്നെ നടക്കുന്നതുമായ അനീതികളെ നേരിൽകണ്ട് മനംമടുത്ത് പിൽക്കാലത്ത് പൗരസ്ത്യ കാതോലിക്കേറ്റിന്റെ ശീതളച്ഛായയിലേക്കു

വരികയും അവിടത്തെ കാതോലിക്കാ ആകുകയും ചെയ്ത ഔഗേൻ ബാവായെപ്പോലെ ശീമക്കാരെ മനസ്സിലാക്കാൻ പൗലോസ് മാർ ഗ്രീഗോറിയോസിനു സാധിച്ചിട്ടില്ല. മാർ ഗ്രീഗോറിയോസിന്റെ തലയിൽ കൈവെച്ച് മെത്രാപ്പോലീത്താ ആക്കിയതും ഔഗേൻ ബാവാ തന്നെയാണ്. സ്വതേ സൗമ്യനും ദുർബലൻ എന്ന് അന്യർ കരുതിയിരുന്നവനുമായ ആ പിതാവ് ഭാരതസഭയേയും അതിന്റെ സ്വാതന്ത്ര്യത്തേയും തൊട്ടുകളിച്ച പാത്രിയർക്കീസ് ബാവായുടെ നേരെ ഉഗ്രശാലിയായി കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ചത് നമുക്കു വിസ്മരിക്കാൻ സമയമായിട്ടില്ല. ഏതായാലും, ഔഗേൻ ബാവായുടെ ശീമയെപ്പറ്റിയുള്ള തൊട്ടറിവിനേക്കാൾ എന്ത് കേട്ടറിവാണ് ഇപ്രകാരം മോശമായ ഒരു പ്രസ്താവന നടത്താൻ ഗ്രീഗോറിയോസിനെ പ്രേരിപ്പിച്ചത്?

പിതാക്കന്മാരുടെ കണ്ണീരിലും വിയർപ്പിലും രക്തത്തിലും കുതിർന്ന് വളർന്ന മലങ്കരസഭയെ വീണ്ടും സിറിയൻ പാത്രിയർക്കീസിന്റെ അടിമത്തത്തിൽ തളയ്ക്കാൻ ആരുതന്നെ ശ്രമിച്ചാലും അത് അഖിലലോക പ്രശസ്തിയുള്ള ഒരു വ്യക്തിയിൽ നിന്നുതന്നെ ആയാലും മലങ്കര മണ്ണിന്റെ മക്കൾക്ക് അതു സഹിക്കാനാവില്ല, അവർ പ്രതികരിക്കാതിരിക്കയില്ല. ആ പ്രതികരണമേ മാർ മക്കാറിയോസിൽ നിന്ന് ഉണ്ടായിട്ടുള്ളു.

അമേരിക്കയിലെ ന്യൂയോർക്കു സിറ്റിയിൽ മാൻഹട്ടനിൽ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് സുപരിചിതമായ ഒരു സ്വാതന്ത്ര്യഗോപുരമുണ്ട്. ഒരു വലിയ നഷ്ടത്തിന്റെ ഭാരം പേറുന്ന മനസ്സുകളിൽ ഓർമ്മകളുടെ ആ പ്രകാശഗോപുരം ഇന്നും ജ്വലിച്ചുനിൽക്കുന്നു. ലോകമനസ്സാക്ഷിക്കുമേൽ ഉഗ്രവാദികൾ തീകൊണ്ട് കളിച്ചുമെതിച്ച സെപ്റ്റംബർ പതിനൊന്നിന്റെ വാർഷികം ലോവർ മൻഹട്ടന്റെ മൺതിട്ടകളിൽ നിന്നു മാത്രമല്ല, മനുഷ്യമനസ്സിന്റെ ഉൾക്കോണുകളിൽ നിന്നാണ് അവിടെ ഉണ്ടായിരിക്കുന്ന ഇരട്ട ടവ്വറുകൾ കല്ലിന്മേൽ കല്ലു ശേഷിക്കാതെ പോയത്.

അമേരിക്കൻ രാഷ്ട്രത്തെ പിടിച്ചുലച്ച സ്ഫോടനപരമ്പരയുടെ വാർഷികം കണ്ണീരിലിറ്റിച്ച് ആചരിക്കുമ്പോഴും ഭൂമിയുടെ തമോഗർത്തങ്ങളിൽ വിനാശകാരികൾ ചിരിച്ചുല്ലസിച്ച് ചടുലനൃത്തമാടുകയാണ്. തപ്ത വിശ്വാസത്തോടെ പതിനായിരങ്ങൾ ആ പൂജിതസ്ഥലത്ത് എത്തുമ്പോൾ വിശ്വശാന്തിയുടെ വെൺപിറാവുകൾ കൊക്കിലെടുത്ത ഒലിവിലകളുമായി ലോവർ മാൻഹട്ടന്റെ നീലാകാശത്തിലേക്ക് വട്ടമിട്ടുപറക്കുമ്പോൾ അഗ്നികൊണ്ട് മനുഷ്യരാശിയെ ഉന്മൂലനം ചെയ്യുന്ന ലാഭക്കൊതിയന്മാർക്ക് ആ കൊച്ചുപക്ഷികൾ പ്രായശ്ചിത്തത്തിന്റെ മൂലമന്ത്രം ഓതിക്കൊടുത്തെന്നു വരും. മനസ്സ് കരിങ്കല്ലാക്കിയ നരാധമന്മാർക്ക് കണ്ണീരിന്റെ വില അറിയില്ലല്ലോ. മരിച്ചവരുടെ ആത്മാക്കൾക്കായി നിത്യശാന്തി നേരാൻ ഉറ്റവർ

അർപ്പിക്കുന്ന പുഷ്പങ്ങൾക്കുപോലും ദുഷ്ടശക്തികൾ വിലപറയുമോ എന്ന ആശങ്ക ലോകത്തിനു മുമ്പിൽ ചോദ്യചിഹ്നമായി നിലനിൽക്കുന്നു.

ലോവർ മൻഹട്ടന്റെ പടിഞ്ഞാറെ ചക്രവാളത്തിൽ സൂര്യൻ അസ്തമിക്കുമ്പോൾ ആചാരദീപം വീണ്ടും ഒരിക്കൽ കൂടി ആകാശവിതാനത്തിലേക്ക് ഗോപുരം കണക്കെ തെളിയുന്നു. നഷ്ടപ്പെട്ടവരുടെ ഓർമ്മയുടെയും സമൂഹത്തിന്റെ ചേതനയുടെയും പ്രതീകമാണ് ഈ ആചാരദീപം.

ഭാരതത്തിലെ കൊച്ചു സ്റ്റേറ്റായ കേരളത്തിലേക്ക് മാൻഹട്ടന്റെ സ്വാതന്ത്ര്യഗോപുരത്തിന്റെ ചിത്രം നമുക്കു ഒന്നു തിരിക്കാം. ലോവർ മാൻഹട്ടന്റെ മണൽതിട്ടകൾക്കു പകരം മീനച്ചിലാറിന്റെ മണൽതിട്ടകളെന്നു നമുക്കു തിരുത്തി വായിക്കാം. ആ ആറ്റുതീരത്തെ പഴയസെമിനാരിയിൽ ഒഴുകിയ കണ്ണുനീരിന്റെയും രക്തത്തിന്റെയും വില അറിയാത്ത നേതൃത്വത്തിനു നേരെ ഇന്നും പ്രതികാരാഗ്നി ജ്വലിക്കാറുണ്ട്.

ലോകത്തിന്റെ ഇരുളടഞ്ഞ ഗുഹകളിലിരുന്ന് ആയുധത്തിനു മൂർച്ച കൂട്ടുന്ന വിനാശകാരികൾക്ക് തകർക്കാൻ കഴിയാത്തവിധം മലങ്കരസഭ ഉണർന്നെഴുന്നേറ്റു കഴിഞ്ഞു. ഈ നിശ്ചയദാർഢ്യത്തിന്റെയും തകർക്കാനാവാത്ത വിശ്വാസത്തിന്റെയും ഈടുറ്റ പ്രതീകമായി, ദേവലോകം കുന്നിൽ നാടിന്റെ വിരിമാറിൽ ഉയർന്നുനിൽക്കുന്ന സ്വാതന്ത്ര്യത്തിന്റെ പ്രകാശഗോപുരമാണ് കാതോലിക്കേറ്റ് അരമന. ഈ പ്രതീക്ഷാഗോപുരത്തെ സംരക്ഷിക്കാനുള്ള കെടാവിളക്കുകളുമായിട്ടാണ് ആണ്ടുതോറും ആയിരങ്ങളും പതിനായിരങ്ങളും ദേവലോകം സന്ദർശിക്കുന്നത്.

സഭയ്ക്ക് നഷ്ടങ്ങളുടെ കഥകൾ ധാരാളമുണ്ടെങ്കിലും കണ്ണുനീർ വീണ് നനഞ്ഞ് ഉറച്ചമണ്ണിൽ കാതോലിക്കേറ്റ് ഗോപുരത്തിന് ശക്തമായ ഒരു അടിത്തറയുണ്ട്. സഭാമനസ്സിൽ പലപ്പോഴും ദുഷ്കരപ്രശ്നങ്ങൾ ഉണ്ടാക്കിയ ആ നഷ്ടക്കഥകൾ ഇനി നേട്ടങ്ങളുടേതു മാത്രം. ഈ ശക്തമായ ദൃതാണ് തന്റെ വാഗ്വിലാസം നിറഞ്ഞ പ്രസംഗങ്ങളിലൂടെയും ചടുലമായ പ്രവൃത്തികളിലൂടെയും മാർ മക്കാറിയോസ് സഭയ്ക്കു നൽകിയത്.

ആയിരങ്ങളെ ഞെക്കിപ്പിഴിഞ്ഞ് നേതൃത്വം പടുത്തുയർത്തുന്ന ഫൈവ് സ്റ്റാർ അരമനകളുടെയും പള്ളികളുടെയും കോളജുകളുടെയും മദ്ധ്യേ ഒരു ഏകാംഗ പട്ടാളമായി, ഇന്നത്തെ ഒഴുക്കിനെതിരെ ജനങ്ങളോടു പണം ചോദിക്കാതെയും പിരിവുകളും പിരിവുകുറ്റികളുമായി ഊരുതെണ്ടാതെയും കാതോലിക്കേറ്റിന്റെ പ്രകാശഗോപുരം ജനഹൃദയങ്ങളിൽ തറപ്പിച്ചുറപ്പിച്ചുകൊണ്ട് ഏകനായി മക്കാറിയോസ് മെത്രാപ്പോലീത്താ അങ്ങനെ നീങ്ങുകയാണ്.

അദ്ധ്യായം 2

"എന്റെ പ്രശ്നം അവസാനിച്ചു, നിങ്ങളുടേത് ആരംഭിച്ചിരിക്കുന്നു" ഒരു പ്രവാചക ശബ്ദം

നിലാവില്ലാത്ത രാത്രി. മഞ്ഞിൽ കുളിച്ച് കുളിരണിഞ്ഞ് നിന്നിരുന്ന ജർമ്മനിക്കു ചുറ്റും ആഞ്ഞടിച്ചുകൊണ്ടിരുന്ന ശീതക്കാറ്റിലൂടെ ശോക നിർഭരമായ ഒരു ഗാനം ധനവാനായ കോൺറാഡും പത്നി ഇർഷ്വഷയും ശ്രവിച്ചു.

ഒരു ഓമനക്കുട്ടന്റെ അകാല വേർപാടിൽ മനംനൊന്തുകൊണ്ടിരുന്ന ആ ദമ്പതിമാർക്ക് ആ കൊച്ചുഗായകന്റെ ശ്രവണമധുരമായ സ്വരം ശ്രവിച്ചില്ലെന്ന് നടിക്കാൻ കഴിഞ്ഞില്ല.

നീണ്ടുവളർന്ന മുടിയും കീറിപ്പറിഞ്ഞ മുഷിഞ്ഞ വേഷവും മെലിഞ്ഞ ശരീരവുമുള്ള ബാലനായ ആ ദുഃഖഗായകനെ ആ രാത്രി തങ്ങളോടൊത്തു കഴിയുവാൻ നല്ലവരായ ആ ദമ്പതികൾ അനുവദിച്ചു. പക്ഷേ അന്ന് ആ രാത്രി മാത്രമായിരുന്നില്ല, അവൻ അവിടെ കഴിഞ്ഞത്. ആ ഗായകനെ അവർ അവരോടൊപ്പം പാർപ്പിച്ചു. ആ ദമ്പതികൾ അവനെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപഠനത്തിനയച്ചു.

വർഷങ്ങൾക്കുശേഷം അവൻ ഒരു പുരോഹിതനായി. ക്രിസ്തീയ സഭയിൽ നവീകരണത്തിന്റെ വിപ്ലവഗീതം മുഴക്കി വിജയം വരിച്ച മാർട്ടിൻ ലൂഥർ ആയിരുന്നു ആ ദുഃഖഗായകനായ ബാലൻ.

മലങ്കരസഭയ്ക്കും ഒരു ദുഃഖഗായകനുണ്ടായിരുന്നു. മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. മാർട്ടിൻ ലൂഥറിനെപ്പോലെ ബഫലോയിലെ ബിഷപ്പ് സ്തേഫിന്റെയും പത്നിയുടെയും കാരുണ്യത്തണലിൽ കെ. സി. തോമസ് എന്ന അച്ചൻ പണ്ഡിതനായ ഒരു മെത്രാപ്പോലീത്തായായി മലങ്കരസഭയ്ക്കു നൽകപ്പെട്ടു. അദ്ദേഹത്തിന് ക്രൂരമായ കൂരമ്പ് ഏറ്റ് കണ്ണീരിൽ കുതിർന്ന ഒരു ജീവിതമാണുണ്ടായിരുന്നതെന്ന് അധികമാരും അറിഞ്ഞിട്ടുണ്ടാവില്ല. പകലുകളിൽ സ്വതസിദ്ധമായ ഫലിതങ്ങളാൽ ജനത്തെ ചിരിപ്പിക്കുന്നു, ചിന്തിപ്പിക്കുന്നു. ആ തിരുമേനിയുടെ കിടക്ക രാത്രികാലങ്ങളിൽ കണ്ണുനീരാൽ കുതിരുന്നത് അധികമാരും അറിഞ്ഞിട്ടില്ല. ദൈവത്തിനു നൽകാവുന്ന ഏറ്റം വലിയ കാണിക്ക പാതിരാവിൽ ഒഴുക്കുന്ന കണ്ണീരാണെന്ന് തിരുമേനി വിശ്വസിച്ചിരുന്നു. കണ്ണുനീരായി

രുന്നു അദ്ദേഹത്തിന്റെ ഹൃദയനൈർമല്യത്തിന്റെ മാമോദീസാത്തൊട്ടി. ഒരിക്കൽ അദ്ദേഹം പറഞ്ഞു, "ലോകത്തിലെ ഏറ്റം പരിശുദ്ധമായ വെള്ളം കണ്ണുനീരാണ്. അതിൽ യാതൊരു മാലിന്യവുമില്ല." മലങ്കരസഭയിലെ ചെറുതും വലുതുമായ അനേകസ്ഥാനങ്ങൾ അലങ്കരിച്ചിട്ടുള്ള തിരുമേനി ഈ ലോകത്തിലെ സ്ഥാനങ്ങൾ ശാശ്വതമല്ലെന്നും എന്നാൽ ശാശ്വതവും ഫലവത്തുമായത് ദൈവസന്നിധിയിൽ പൊഴിക്കുന്ന കണ്ണുനീരാണെന്നും വിശ്വസിച്ചിരുന്നു.

സ്വന്തം സഭയിൽ നിന്ന് ഇത്രയേറെ തിക്താനുഭവങ്ങൾ ലഭിച്ചിട്ടും സഭയെ ഒരിക്കലും കൈവിടാതെയും, തന്നെ തൃജിച്ചവരോടുപോലും പകയില്ലാതെയും അവരേയും ഉൾക്കൊള്ളുവാനും സഹായം നൽകുവാനും എന്നും അദ്ദേഹം മുന്നിൽ നിന്നിരുന്നു.

നമുക്ക് 2007-ലെ സഭാസംഭവങ്ങളിലേക്ക് തിരിച്ചുവരാം. മലങ്കരസഭയിൽ നിന്നു പ്രലോഭനങ്ങളിൽ അടർന്നുമാറിയ മലങ്കര കത്തോലിക്കാ റീത്തിന് ഒരു പ്രത്യേക സ്വഭാവമുണ്ട്. എവിടെയെല്ലാം ഓർത്തഡോക്സു സെന്ററുകൾ ഉണ്ടോ അവിടെയെല്ലാം ദേവാലയങ്ങളും മെത്രാന്മാരെയും സൃഷ്ടിച്ച് ഓർത്തഡോക്സ് മക്കളെ ചാക്കിട്ടു പിടിക്കുക എന്നുള്ളതാണ്. വട്ടക്കുന്നേൽ ബാവായുടെ ഭാഷയിൽ പറഞ്ഞാൽ, 'അജമോഷണം.' അങ്ങനെ മാവേലിക്കരയിൽ ഒരു പുത്തൻ ഭദ്രാസനവും ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്ന പിതാവിന്റെ നിയമനവും സംബന്ധിച്ചുള്ള വാർത്തയുമായിട്ടാണ് 2007 ജനുവരി പിറന്നുവീണത്.

അതെ തുടർന്ന് ഒരു അപകടവാർത്ത കൂടി അന്നുതന്നെ പത്രങ്ങളിൽ സ്ഥാനം പിടിച്ചു. "അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതി" യുടെ "ഇടയനാ"യി പുത്തൻകുരിശു ബാവായിൽ നിന്നു പഠിച്ച അൽപം എരിവുള്ള ഏലിയാസ് മാർ അത്താനാസ്യോസ് എന്ന പിതാവ് പുത്തൻകുരിശിൽ പിറന്നു എന്ന വാർത്ത.

അങ്ങനെ തെക്കും വടക്കും മലങ്കരസഭയെ ആക്രമിക്കുന്ന രണ്ടു പുതിയ ഇടയന്മാർ യുദ്ധസന്നാഹങ്ങൾക്കു കോപ്പുകൂട്ടുമ്പോൾ മലങ്കരസഭയുടെ ഉള്ളിലെ സ്ഥിതിയോ? ഒരു ആഭ്യന്തര കലാപത്തിന്റെ ചിതയ്ക്കു തീകൊളുത്തുകയായിരുന്നു അങ്കമാലി ഭദ്രാസനം.

മാർ മക്കാറിയോസ് അമേരിക്കയിൽ ആയതോടെ അങ്കമാലി വീണ്ടും പുകയുന്നു

പ. ബാവായുടെ ഒരു കൽപനയാണ് പുതിയ പ്രശ്നങ്ങൾക്ക് തിരികൊളുത്തിയത്. കൽപന താഴെ വരുംവിധം ആയിരുന്നു.

2006 നവംബർ 21-ന് പഴയസെമിനാരിയിൽ കൂടിയ പ. സുന്നഹദോ

സിന്റെ ശുപാർശപ്രകാരം എടുത്ത തീരുമാനങ്ങൾ പ. ദിദിമോസ് ബാവാ ഒരു കൽപന മൂലം പള്ളികളെ അറിയിച്ചു.

"അങ്കമാലി ഈസ്റ്റ്, വെസ്റ്റ് ഭദ്രാസനങ്ങൾ നമ്മുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ രണ്ടു ഭദ്രാസനങ്ങളായി പ്രവർത്തിച്ചു വരികയാണല്ലോ. നമ്മുടെ സഹോദര മെത്രാപ്പോലീത്തന്മാരായ അഭി. യൂഹാനോൻ മാർ മിലിത്തിയോസ്, അഭി. ഔഗേൻ മാർ ദീവന്നാസ്യോസ് എന്നീ മെത്രാപ്പോലീത്തന്മാർ യഥാക്രമം അങ്കമാലി വെസ്റ്റ്, ഈസ്റ്റ് ഭദ്രാസനങ്ങളുടെ സഹായ മെത്രാന്മാരായി പ്രവർത്തിച്ചു വരികയായിരുന്നു. എന്നാൽ ഈ മെത്രാസനങ്ങളും ഒന്നിച്ച് പൂർവ്വസ്ഥിതിയിലേക്കു കൊണ്ടുവരുന്നത് ഉചിതമാകുമെന്ന് 2006 നവംബർ 21-ന് കോട്ടയം പഴയസെമിനാരിയിൽ കൂടിയ പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശുപാർശപ്രകാരം ഇരു മെത്രാസനങ്ങളുടെയും ചുമതലകളിൽ നിന്നും സഹായ മെത്രാപ്പോലീത്തന്മാരെ നാം വിടുർത്തിയിരിക്കുന്നു. ഇരു ഭദ്രാസനങ്ങളും തുടർന്ന് നമ്മുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ തുടരുന്നതായിരിക്കും."

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ പൗലോസ് മാർ പക്കോമിയോസിനെ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ സ്ഥാനത്തു നിന്നും റവ. ജേക്കബ് മണ്ണാറപ്രായിൽ കോറെപ്പിസ്ക്കോപ്പായെ തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനത്തു നിന്നും മാറ്റിയതിനെ തുടർന്നുണ്ടായ അസമാധാനം കെട്ടടങ്ങുന്നതിനു മുമ്പ് തന്നെ വീണ്ടും ഉണ്ടായ ഈ ഭരണമാറ്റവും പരിഷ്കാരവും അവിടത്തെ ജനങ്ങളിൽ കൂടുതൽ വിഘടനങ്ങളും പ്രശ്നങ്ങളും സൃഷ്ടിക്കയാണുണ്ടായത്. ഈയവസരത്തിൽ അങ്കമാലി ഭദ്രാസന കൗൺസിലിൽ സംബന്ധിക്കാനെത്തിയ പ. ദിദിമോസ് ബാവായ്ക്കും, നിയുക്ത ബാവാ പൗലോസ് മാർ മിലിത്തിയോസിനും സംഘർഷഭരിതമായ ഒരു കൗൺസിൽയോഗത്തെയാണ് നേരിടേണ്ടി വന്നത്. അങ്കമാലി വെസ്റ്റ് ഭദ്രാസന കൗൺസിലംഗങ്ങൾ ചേരിതിരിഞ്ഞു നടത്തിയ വാക്കേറ്റം സംഘർഷത്തിലും കൗൺസിൽ അംഗം പി. ഐ. യൽദോസിന്റെ മർദ്ദനത്തിലും എത്തിച്ചേർന്നു. അങ്കമാലി ഈസ്റ്റ് ഭദ്രാസനത്തിൽപ്പെട്ട ജോൺ സഖറിയായുടെ നേതൃത്വത്തിൽ എത്തിയ ഒരു സംഘം ആളുകൾ കൗൺസിൽ യോഗത്തിലേക്കു തള്ളിക്കയറി പ്രക്ഷുബ്ധരംഗങ്ങൾ സൃഷ്ടിച്ചതിനെ തുടർന്നാണ് സംഘർഷം ഉണ്ടായതെന്ന് പറയപ്പെടുന്നു. ഭരണഘടനാ വിരുദ്ധമായി ഭദ്രാസന സെക്രട്ടറിമാരായി സമാന്തരമായി പ്രവർത്തിച്ചുവന്നിരുന്ന ഫാ. എൻ. ഡി. ദാനിയേൽ, ഫാ. ജെ. പൗലോസ് എന്നിവരെ കൗൺസിൽ യോഗത്തിൽ നിന്നു നീക്കം ചെയ്തു. ഭരണഘടനാ വിരുദ്ധമായ നടപടികളെ ചോദ്യം ചെയ്തതിന് ഇതിനു മുമ്പും കൗൺസിൽ അംഗം യൽദോസിനു തൃക്കുന്നത്തു സെമിനാരിയിൽ വച്ച് മർദ്ദനം ഏറ്റിട്ടുണ്ടെന്ന് പറയപ്പെടുന്നു.

രണ്ടു ബാവാമാരും ഇങ്ങനെ ഒരു സംഘർഷവും അടികലശലും തങ്ങളുടെ മുമ്പിൽ വച്ചുണ്ടാകുമെന്ന് ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. ഈ അപ്രതീക്ഷിത സംഭവം ബാവാമാർക്ക് നിയന്ത്രിക്കാൻ കഴിയാതെ പോയി. സംഗതികൾ പിടിവിട്ടുപോവുകയും ദന്ദയുദ്ധത്തിൽ കലാശിക്കുകയും ചെയ്തതോടെ രണ്ടു ബാവാമാരും നിഷ്ക്രമിച്ച് കോട്ടയത്തേക്ക് മടങ്ങിപ്പോവുകയും ചെയ്തു. ബാവാമാരുടെ നിഷ്ക്രമണത്തെ തുടർന്ന് വൈദികരും യോഗത്തിൽ നിന്ന് ഇറങ്ങിപ്പോയി.

അങ്ങനെ പുത്തൻ ഭരണക്രമത്തിന്റെ ആദ്യത്തെ കയ്പ് ബാവാ തിരുമേനിമാർക്ക് രുചിക്കേണ്ടി വന്നു. ഇതിനു മുമ്പ് മാർ പക്കോമിയോസ് രാജി വെയ്ക്കാൻ വിസമ്മതിച്ച അവസരത്തിൽ ദേവലോകത്ത് ഒരു സത്യഗ്രഹത്തിന്റെ വക്കോളം എത്തിയിട്ടും മാർ മക്കാറിയോസിന്റെ മാന്ത്രിക ദണ്ഡ് വിദഗ്ദ്ധമായ രീതിയിൽ പ്രശ്നപരിഹാരം വരുത്തിയ കാര്യം ഈ സമയത്ത് അങ്കമാലിജനം അനുസ്മരിച്ചു. "എന്റെ പ്രശ്നം അവസാനിച്ചു, പക്ഷേ നിങ്ങളുടേത് ആരംഭിച്ചിരിക്കുന്നു" എന്നു പറഞ്ഞു പിരിഞ്ഞ "മക്കാറിയോസ് തിരുമേനി ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ" എന്ന് പലരും ഉറക്കെപ്പറഞ്ഞുകൊണ്ട് പിരിഞ്ഞുപോയി.

അങ്കമാലി ഭദ്രാസനത്തിലെ ഓർത്തഡോക്സുകാരുടെ തമ്മിലടി പുത്തൻകുരിശ് ബാവായ്ക്കു പുതിയ വാതായനം തുറന്നുകൊടുത്തു. തൃക്കുന്നത്തു സെമിനാരിയിൽ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിൽ താൻ തിരുകർമ്മങ്ങൾ നടത്തുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പിതാക്കന്മാരുടെ ചരമശതാബ്ദി വർഷം ഉചിതമായി ആചരിക്കേണ്ടത് കടമയാണെന്നും പൂർവ്വപിതാക്കന്മാരുടെ വിൽപ്പത്രപ്രകാരം തൃക്കുന്നത്തു സെമിനാരിയുടെ അവകാശം അങ്കമാലി മെത്രാപ്പോലീത്താ ആയ തനിക്കും ഭദ്രാസനത്തിലെ 200 ഇടവകകൾക്കും മാത്രമാണെന്നും ഒരു പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. പ്രത്യേക സഭയായി പിരിഞ്ഞുപോയതിനാലും 100 വർഷം തികഞ്ഞതിനെ തുടർന്ന് കടവിൽ അത്താനാസ്യോസിന്റെ വിൽപത്രം നിലവിൽ വന്നതിനാലും ഓർത്തഡോക്സ് സഭയ്ക്ക് സെമിനാരിയിലോ ദേവാലയത്തിലോ സ്വത്തുക്കളിലോ അവകാശമില്ലെന്ന് അദ്ദേഹം വാദിച്ചു.

ആലുവായിൽ ഓർത്തഡോക്സ് സഭയിലെ വെള്ളം കലങ്ങിയതിൽ നിന്നു മീൻ പിടിക്കാനും സമ്പൂർണ്ണ ഭദ്രാസന കൗൺസിൽ വിളിച്ചുകൂട്ടി തൃക്കുന്നത്തു സെമിനാരി പിടിച്ചെടുക്കുവാനുള്ള ശ്രേഷ്ഠബാവായുടെ ആഹ്വാനം കൂടുതൽ സംഘർഷാവസ്ഥയിലേക്കു നയിക്കുന്നതിന്റെ സൂചനയാണ് നൽകിയത്.

സഭാതർക്കത്തെ തുടർന്ന് പൂട്ടിക്കിടന്ന ആലുവാ സെമിനാരിയിൽ

പിതാക്കന്മാരുടെ ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് കബറിങ്കൽ ധൂപ പ്രാർത്ഥനയ്ക്കു യാക്കോബായ വിഭാഗത്തിന്, എറണാകുളം ജില്ലാ ക ളക്ടറുടെ നേതൃത്വത്തിൽ ഇരുവിഭാഗങ്ങളും നടത്തിയ ചർച്ചകളിൽ അനു മതി നൽകി. ഇതെത്തുടർന്ന് തലേന്നു രാത്രിയിൽ എട്ടര മണിയോടെ ശ്രേഷ്ഠബാവായും മെത്രാന്മാരും വൈദികരും ഉൾപ്പെടെ ആയിരക്കണ ക്കിനു വിശ്വാസികൾ കബറിങ്കൽ പ്രാർത്ഥന നടത്തി പിരിഞ്ഞു.

കലക്ടർ മുഹമ്മദ് ഹനീഫ്, ആർഡി.ഒ. മിനി ആന്റണി, പോലീസു സൂപ്രണ്ട് അബ്ദുൾ വഹാബ്, എം.എൽ.എ. മാരായ രാജു പോൾ, മോനായി എന്നിവരാണു മദ്ധ്യസ്ഥതയ്ക്കു നേതൃത്വം വഹിച്ചത്.

ഇരുവിഭാഗവും ഉറച്ച നിലപാട് സ്വീകരിച്ചതിനാൽ ഈ മേഖലയിൽ രാവിലെ മുതൽ കനത്ത പോലീസു സന്നാഹം ഏർപ്പെടുത്തിയിരുന്നു. ഈ വർഷം ശ്രേഷ്ഠബാവാ ഉൾപ്പെടെയുള്ളവർ പള്ളിയിൽ പ്രവേശി ക്കുമെന്ന് നേരത്തെ അവർ പ്രഖ്യാപിച്ചിരുന്നതു കണക്കിലെടുത്താണ് സെമിനാരിക്ക് കനത്ത പോലീസ് കാവൽ ഏർപ്പെടുത്തിയിരുന്നത്.

പറവൂർ, അകപ്പറമ്പ് എന്നിവിടങ്ങളിൽ നിന്ന് വിശ്വാസികളുടെ തീർത്ഥ യാത്ര സെമിനാരിക്കു മുന്നിൽ രാത്രി എത്തിയശേഷമാണു ധൂപപ്രാർത്ഥ നയ്ക്കു അനുമതി ലഭിച്ചത്.

ഒരു വൈദികനേയും വിശ്വാസികളെയും മാത്രം കബറിടത്തിൽ പ്രവേ ശിപ്പിച്ചാൽ മതി എന്ന ആദ്യ നിലപാടിൽ നിന്ന് ഓർത്തഡോക്സ് നേതൃത്വം അയഞ്ഞുകൊടുത്തതിനാൽ സഭാതലത്തിൽ പ്രതിഷേധം ഉയർന്നു. ഒരു നല്ല നേതൃത്വത്തിന്റെ പാപ്പരത്വം ഓർത്തഡോക്സ് സഭ യ്ക്കുള്ളിൽ സർവ്വത്ര അനുഭവപ്പെട്ടു തുടങ്ങി.

ശ്രേഷ്ഠ ബാവായുടെ സെമിനാരി പ്രവേശനം ഓർത്തഡോക്സ് സഭ യിൽ കടുത്ത അമർഷത്തിനിടയാക്കി. എതിർവിഭാഗത്തിന് പ്രവേശനം നൽകിയത് കോടതിവിധിയുടെ നഗ്നമായ ലംഘനമാണെന്നും ജില്ലാഭര ണകൂടവും പോലീസ് മേധാവികളും നൽകിയ ഉറപ്പിന്റെ പശ്ചാത്തല ത്തിലായിരുന്നെന്നും മന്ത്രി കോടിയേരി, മന്ത്രി ശർമ്മ എന്നിവർ ശ്രേഷ്ഠ ബാവായുമായി രഹസ്യ അജണ്ട ഉണ്ടാക്കിയെന്നും നിയുക്ത ബാവാ, മാർ ക്ലിമ്മിസ്, സെക്രട്ടറി അലക്സാണ്ടർ കാരയ്ക്കൽ, ട്രസ്റ്റി ഫാ. ഒ. തോമസ് എന്നിവർ ആരോപിച്ചു. സെമിനാരി ചാപ്പലിൽ മാർ ക്ലിമ്മിസിന്റെ കാർമ്മികത്വത്തിൽ ചടങ്ങുകൾ നടക്കുമ്പോഴാണ് യാക്കോബായക്കാർ പള്ളിക്കടുത്തുള്ള അത്താനാസ്യോസ് സ്റ്റഡി സെന്ററിൽ എത്തിയ പദ യാത്രാ സംഘത്തെ പ്രകോപനപരമായ പ്രസ്താവനകൾ നടത്തി അണി കളെ കൂട്ടിച്ചേർത്ത് നിർത്തി വിജയിച്ചത്. പിന്നീടാണ് നാടകീയമായി ശ്രേഷ്ഠബാവായുടെ നേതൃത്വത്തിൽ എട്ടോളം മെത്രാപ്പോലീത്തന്മാരോ

ടുകൂടി ഉള്ളിൽ പ്രവേശിച്ച് ധൂപപ്രാർത്ഥന നടത്തിയത്. ഇതിൽ പ്രതിഷേധിച്ച ഓർത്തഡോക്സ് സഭാംഗങ്ങളെ ഗേറ്റിനു സമീപം വച്ച് പോലീസ് തടഞ്ഞു. അതേസമയം ശ്രേഷ്ഠബാവായെ ഉള്ളിൽ പ്രവേശിപ്പിക്കാൻ കളമൊരുക്കിയ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ, കൊടിയേരി, ശർമ്മ എന്നിവരെ അഭിനന്ദിക്കാൻ യാക്കോബായ വിഭാഗം മറന്നില്ല. ഏകപക്ഷീയമായി എടുക്കുന്ന ഏതു തീരുമാനവും നടപ്പിലാക്കുവാൻ കോടതിവിധികൾ തടസ്സമല്ലെന്ന് ഈ സംഭവം തെളിയിച്ചു. കഴിഞ്ഞ 30 വർഷമായി ശ്രേഷ്ഠബാവായ്ക്ക് സാധിക്കാതിരുന്നതാണ് ഇപ്പോൾ സംഭവിച്ചത്.

ദിദിമോസ് ബാവായുടെ കൽപനപ്രകാരം എല്ലാ പള്ളികളിലും നടന്ന പ്രതിഷേധ ദിനാചരണത്തിൽ സഭാനേതൃത്വം ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നുവെന്ന് സഭാംഗങ്ങൾ ചൂണ്ടിക്കാട്ടി. ഏതാണ് സഭാനേതൃത്വം? ആരാണ് ഉണരേണ്ടത്?

ഓർത്തഡോക്സ് സഭ പ്രതിഷേധദിനം ആചരിച്ചപ്പോൾ യാക്കോബായ സഭ ഐക്യദാർഢ്യദിനം ആചരിച്ചു. തൃക്കുന്നത്ത് പ്രാർത്ഥനാസൗകര്യം ഒരുക്കിയ കമ്യൂണിസ്റ്റ് സർക്കാരിനോടുള്ള നന്ദിസൂചകമായും, പൂട്ടിക്കിടന്നിരുന്ന മറ്റു പള്ളികളും തുറക്കാൻ അതു സംബന്ധിച്ചു നടക്കുന്ന ചർച്ചകൾക്ക് പിന്തുണ പ്രഖ്യാപിക്കാനുമാണ് ഐക്യദാർഢ്യദിനം അവർ ആചരിച്ചത്.

ആലുവാ വിജയലഹരി കടമറ്റത്തേക്ക്

കടമറ്റം പള്ളിപ്പെരുനാൾ ഈ വർഷം ഓർത്തഡോക്സ് പക്ഷത്തിനനുവദിച്ചിരുന്ന വീതത്തിലാണ് വന്നത്. എന്നാൽ പെരുനാളാകയാൽ എതിർവിഭാഗത്തിനും പ്രാതിനിധ്യം നൽകണമെന്ന വാദം യാക്കോബായ വിഭാഗം ഉന്നയിച്ചതോടെ കടമറ്റത്തും സംഘർഷാവസ്ഥ ഉടലെടുത്തു. എന്തായാലും പെരുനാൾ സമാപനദിനത്തിൽ കുർബ്ബാനയ്ക്കും പ്രദക്ഷിണത്തിനും അനുമതി നൽകുകയില്ലെന്നാണ് ഓർത്തഡോക്സ് പക്ഷത്തിന്റെ ശക്തമായ നിലപാട്. ആർ.ഡി.ഒ., ഡി.വൈ.എസ്.പി. എന്നിവർ നടത്തിയ അനുരഞ്ജനത്തോടെ ഒരു വലിയ സംഘർഷം താൽക്കാലികമായി ഒഴിവായി.

അടഞ്ഞുകിടന്ന എല്ലാ ദേവാലയങ്ങളും തുറക്കാനുള്ള ചർച്ചകളോടും മദ്ധ്യസ്ഥശ്രമങ്ങളോടും യാക്കോബായ സഭയ്ക്കു തുറന്ന മനസ്സാണുള്ളതെന്നും എന്നാൽ ആസൂത്രിതനീക്കങ്ങളിലൂടെ ദേവാലയങ്ങളിൽ കുഴപ്പങ്ങളുണ്ടാക്കാനുള്ള നീക്കം അനുവദിക്കയില്ലെന്നും ശ്രേഷ്ഠബാവാ പ്രസ്താവിച്ചു.

മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ കോടതിവിധി നടപ്പാക്കാൻ ശ്രമിക്കുന്ന സർക്കാർ ആലുവാ തൃക്കുന്നത്തു പ്രശ്നങ്ങളിൽ പക്ഷപാതപരമായിട്ട് പെരുമാറിയത് അപലപനീയമാണെന്നും തുടർനടപടികൾ ആലോചനാ സമിതിയോഗത്തിൽ ആലോചിക്കുമെന്നും ഓർത്തഡോക്സ് സഭാ വക്താവ് കോട്ടയത്ത് പ്രസ്താവിച്ചു.

അതേസമയം അന്ത്യോഖ്യാ സിംഹാസനത്തേയും പാത്രിയർക്കീസിനേയും ഒരു കാരണവശാലും ഉപേക്ഷിക്കാൻ യാക്കോബായ സഭ തയ്യാറല്ലെന്നും കോടതിവിധികൾ എന്തായാലും ഇരുവിഭാഗത്തിന്റെയും കൈവശമിരിക്കുന്ന പള്ളികൾ അതേനിലയിൽ തുടരണമെന്നും പള്ളിത്തർക്കങ്ങൾ പരിഹരിക്കാൻ സന്ധിസംഭാഷണങ്ങൾ ആരംഭിക്കണമെന്നും യാക്കോബായ സഭയ്ക്കുവേണ്ടി പുതുതായി വാഴിക്കപ്പെട്ട ഏലിയാസ് അത്താനാസ്യോസും സഭാസ്ഥാനികളായ തമ്പു തുകലൻ, ജോർജ്ജ് മാത്യു തെക്കെത്തലയ്ക്കൽ എന്നിവരും പ്രസ്താവിച്ചു.

ഇങ്ങനെ പ്രശ്നപരിഹാരത്തിന് ഏതെങ്കിലും ശ്രമങ്ങൾ ആരംഭിക്കുന്നതിനു പകരം പ്രസ്താവനകളും എതിർ പ്രസ്താവനകളും കൊണ്ട് ഇരുവിഭാഗങ്ങളിലേയും നേതൃനിര വാക്സമരം നടത്തുന്നതിനിടയിലാണ് എരിതീയിൽ എണ്ണ ഒഴിച്ചുകൊണ്ടുള്ള നടപടികളിലേക്ക് നീങ്ങാനുള്ള തീരുമാനങ്ങൾ ഓർത്തഡോക്സ് സഭാ വർക്കിംഗ് കമ്മിറ്റി എടുത്തത്.

ബത്തേരി മുതൽ തിരുവനന്തപുരം വരെയുള്ള പള്ളികളിൽ പ്രതിഷേധയോഗങ്ങൾ സംഘടിപ്പിക്കാനും ഫെബ്രുവരി 13-ന് തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിനു മുമ്പിലേക്കു ഒരു വമ്പിച്ച റാലിയും ധർണയും നടത്താനും തീരുമാനങ്ങൾ എടുക്കത്തക്കവിധം ഓർത്തഡോക്സ് നേതൃത്വം സംഗതികൾ കൊണ്ടെത്തിച്ചു. വാഹിനീതീരത്ത് "ഉദ്ധതന്മാരാം രണ്ടു മേഷങ്ങൾ" പരസ്പം മല്ലടിച്ച് ചോര ചിന്തി മരിക്കാൻ തയ്യാറെടുത്തു പോരാടുമ്പോൾ അവയ്ക്കു മദ്ധ്യേ ചോര കുടിക്കാൻ വന്ന ജംബുകന്റെ കഥയാണ് ഓർമ്മയിലെത്തുക. എത്ര ചോരപ്പുഴ ഒഴുക്കിയാലും പരസ്പര മത്സരത്തിൽ നിന്നു പിൻമാറാൻ ആവാത്ത ദുർവാശി സാത്താൻ ഇരുകൂട്ടരുടെയും മനസ്സിൽ കുത്തിനിറച്ചു കഴിഞ്ഞു. ഇതിനു മുമ്പും മലങ്കരസഭയ്ക്കുവേണ്ടി രക്തം ചിന്തിയ മാർത്തോമ്മാ ശ്ലീഹായും സത്യവിശ്വാസത്തിനുവേണ്ടി രക്തമൊഴുക്കാൻ തയ്യാറായ സഭാപിതാക്കന്മാരും നമ്മുടെ സഭാചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. പക്ഷേ, ആ വിശുദ്ധ രക്തത്തോട് ഇന്നത്തെ ദുർവാശി പൂർത്തീകരിക്കാൻ വേണ്ടി കേരളത്തിലെ പള്ളിമുറ്റങ്ങളിലും നടുറോഡുകളിലും ഒഴുകുന്ന രക്തത്തെ താരതമ്യം ചെയ്യാനാവുമോ എന്ന് അനുവാചകർ ചിന്തിക്കേണ്ടതാണ്. ഒരു ത്യാഗത്തിനും വിട്ടുവീഴ്ചയ്ക്കും യാക്കോബായ

വിഭാഗവും തയ്യാറായില്ല. പകരം കത്തി രാകി മൂർച്ച കൂട്ടി അണികളെ യുദ്ധരംഗത്തിറക്കുവാൻ യാക്കോബായ സഭയുടെ ഫെബ്രുവരി ഏഴാം തീയതിയിലെ അവരുടെ വർക്കിംഗ് കമ്മിറ്റിയും സുന്നഹദോസും തീരുമാനിച്ചു.

അതേസമയം സമൂഹത്തിന്റെ മുമ്പിൽ ഒരു വെള്ളമുഖവും സമാധാന പ്രാവുകളുടെ രൂപവും സ്വീകരിക്കുവാനാണവർ തീരുമാനിച്ചത്. ഓർത്ത ഡോക്സ് സഭയുടെ നിയമനടപടികളെപ്പറ്റിയുള്ള ദുഷ്പ്രചരണങ്ങളെ ഉപവാസ പ്രാർത്ഥന വഴി നേരിടാൻ യാക്കോബായ വിഭാഗം പ്രതിജ്ഞാ ബദ്ധമാണെന്ന് വരുത്തിത്തീർക്കാൻ അവർ തീരുമാനിച്ചു. ഉപവാസ പ്രാർത്ഥനകളുടെ ഭാഗമായിട്ട് തുരുത്തിശ്ശേരി സിംഹാസനപ്പള്ളി യോഗ ത്തിൽ അന്ത്യോഖ്യൻ സഭാ സംരക്ഷണസമിതി പ്രസിഡന്റ് മാർ ഏലി യാസ് ആണ് യാക്കോബായ വിഭാഗത്തിന്റെ യുദ്ധതന്ത്രങ്ങൾ ജനങ്ങളെ അറിയിച്ചത്. പ്രാർത്ഥന കൊണ്ടും ഉപവാസം കൊണ്ടും ശത്രുക്കളെ നേരിടുന്ന പരമഭക്തന്മാരെ ആർക്കു കുറ്റപ്പെടുത്താനാവും? പൂട്ടിക്കിട ക്കുന്ന 17 പള്ളികളും തുറക്കുന്നതുവരെ പ്രാർത്ഥനായജ്ഞങ്ങൾ ബത്തേരി, കോഴിക്കോട്, തൃശ്ശൂർ, അങ്കമാലി, നീറാംമുകൾ, തൊടുപുഴ, ഓമല്ലൂർ, കൂത്താട്ടുകുളം, കോട്ടയം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങ ളിൽ പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കാനും തീരുമാനിച്ചതായി 'മംഗളം' പത്രം റിപ്പോർട്ടു ചെയ്തു.

ഇരുവിഭാഗത്തും യുദ്ധസന്നാഹങ്ങൾ മുറുകുന്നതും ആയുധങ്ങൾക്ക് മൂർച്ച കൂട്ടുന്നതും സാധാരണ വിശ്വാസികളിൽ ഉളവാക്കിയ അമ്പരപ്പും വികാരങ്ങളും ഇരുസഭാനേതൃത്വവും കണക്കിലെടുത്തോ എന്നു തോന്നു ന്നില്ല.

പി. സി. അലക്സാണ്ടറുടെ നിർദ്ദേശങ്ങൾ

സഭാതർക്കങ്ങൾ ഇപ്രകാരം ഉരുകിത്തിളയ്ക്കുമ്പോഴാണ് മുൻ മഹാ രാഷ്ട്ര - തമിഴുനാട് സംസ്ഥാനങ്ങളുടെ ഗവർണ്ണറും ഇന്ദിര, രാജീവ് എന്നീ പ്രധാനമന്ത്രിമാരുടെ പ്രിൻസിപ്പൽ സെക്രട്ടറിയും ആഗോളപ്ര ശസ്തനുമായ ഡോ. പി. സി. അലക്സാണ്ടർ സഭാതർക്കം പരിഹരി ക്കുന്നതിനുള്ള ഒരു ആറിന നിർദ്ദേശവുമായി രംഗത്ത് എത്തിയത്. 28-1-2007-ലെ മനോരമ ആ നിർദ്ദേശങ്ങൾ പ്രസിദ്ധീകരിച്ചു. മദ്ധ്യതിരു വിതാംകൂർ കൺവൻഷനിൽ പത്തനംതിട്ടയിൽ ഏതാനും മെത്രാപ്പോ ലീത്തന്മാരുടെ സാന്നിദ്ധ്യത്തിലാണ് ഈ നിർദ്ദേശങ്ങൾ അദ്ദേഹം അവ തരിപ്പിച്ചത്. പി. സി. അലക്സാണ്ടർ എന്നും മലങ്കരസഭയുടെ സ്വാത ന്ത്ര്യത്തിനും അഖണ്ഡതയ്ക്കും മുൻതൂക്കം കൊടുക്കുന്ന ആളാണ് എങ്കിലും യുദ്ധങ്ങൾ ഒഴിവാക്കാൻ ചില ത്യാഗങ്ങൾ ഓർത്തഡോക്സ്

സഭയും ചെയ്യേണ്ടതുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഒരു വിദേശാധിപത്യത്തിനും സഭ തയ്യാറാകരുതെന്നും അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. താഴെപ്പറയുന്ന അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളിൽ ഈ ആശയങ്ങളെല്ലാം നിഴലിക്കുന്നുണ്ട്.

1. അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള സഭയുടെ ബന്ധം പൂർണ്ണമായി വിച്ഛേദിക്കണം. സഭയിലെ മുൻഗാമികളിൽ ചിലർക്കു പറ്റിയ തെറ്റാണ് പാത്രിയർക്കീസിനെ അംഗീകരിക്കുന്ന നിലപാടെടുക്കാൻ ഓർത്തഡോക്സ് സഭയെ പ്രേരിപ്പിച്ചത്. ഈ തെറ്റു തിരുത്തണം. ഇതിനാവശ്യമായ ഭേദഗതികൾ സഭാഭരണഘടനയിൽ വരുത്തണം.

2. സഭയുടെ പേര്. മലങ്കരസഭ എന്നത് ഇന്ത്യൻ ഓർത്തഡോക്സ് സഭ എന്നാക്കണം. വിദേശങ്ങളിൽ ഓർത്തഡോക്സ് സഭകൾ രാജ്യങ്ങളുടെ പേരിലാണ് അറിയപ്പെടുന്നത്.

3. കാതോലിക്കായുടെ പേര്. ഇന്ത്യൻ പാത്രിയർക്കീസ് എന്നാക്കണം. അങ്ങനെ ആയാൽ സഭയ്ക്കു പരമാധികാരവും സ്വയംശീർഷകത്വവും ഉറപ്പാകും.

4. കേസ് അവസാനിപ്പിക്കണം. മുമ്പ് സഭ 5 പ്രധാന കേസുകളാണ് നടത്തിയത്. സഭയുടെയും സിംഹാസനത്തിന്റെയും സ്വാതന്ത്ര്യത്തിനു വേണ്ടി ആയിരുന്നു അവ. ഇപ്പോഴത്തെ കേസുകളെല്ലാം ഏതാനും പള്ളികളുടെ ഉടമസ്ഥതയ്ക്കു വേണ്ടി മാത്രമാണ്.

5. പള്ളികൾ വിട്ടുകൊടുക്കണം. കോടതിവിധികൾ അനുകൂലമായാൽ യാക്കോബായ വിഭാഗത്തിന് ഓർത്തഡോക്സ് ഭൂരിപക്ഷമുള്ള ഇടവകകളിൽ സമാധാനപരമായി ശുശ്രൂഷകൾ നടത്താൻ കഴിയുമോ? യാക്കോബായ ഭൂരിപക്ഷമുള്ള പള്ളികൾ ഓർത്തഡോക്സ് പക്ഷത്തിനു ലഭിച്ചാലും ഇതു തന്നെയാകും സ്ഥിതി. അതുകൊണ്ട് 1500 പള്ളികളിലും സഭയിലും സമാധാനം പുലരാൻ 40 പള്ളികൾ വിട്ടുകൊടുക്കുന്നതിൽ തെറ്റില്ല. ഒരു വർഷം കൊണ്ട് നാൽപതല്ല, നാനൂറു പള്ളികൾ ഉണ്ടാക്കാൻ കരുത്തുള്ള സഭയാണിതെന്ന് മറക്കരുത്.

പള്ളികളുടെ കാര്യത്തിൽ മറുപക്ഷവുമായി സന്ധിസംഭാഷണങ്ങൾ ആരംഭിക്കണം (നിയുക്തബാവാ, കൊല്ലത്തിന്റെ എപ്പിഫാനോസ്, മാവേലിക്കരയുടെ പക്കോമിയോസ്, ദീവന്നാസ്യോസ് എന്നീ പിതാക്കന്മാർ പ്രസംഗം ശ്രദ്ധിച്ചുകൊണ്ട് വേദിയിലുണ്ടായിരുന്നു).

ആയിരക്കണക്കിന് ജനങ്ങളും നൂറുകണക്കിനു വൈദികരും ഹർഷാരവത്തോടെ ഈ നിർദ്ദേശങ്ങൾ ശ്രദ്ധിച്ചു എന്ന് മനോരമ റിപ്പോർട്ടു ചെയ്തു. യാക്കോബായ വിഭാഗം ഉടൻതന്നെ ഈ പ്രസ്താവനയോട്

പ്രതികരിച്ചു. ഇരുസഭകൾ എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് സൃഷ്ടിപരമായ ചർച്ചയ്ക്കു തയ്യാറാണെന്ന് അവർ പ്രസ്താവിച്ചു. പാത്രിയർക്കീസുമായുള്ള ബന്ധം വിഛേദിക്കണം എന്നുള്ളതൊഴിച്ച് ഇരുവിഭാഗത്തിന്റേയും കൈവശമിരിക്കുന്ന പള്ളികൾ അതേനിലയിൽ തന്നെ തുടരണമെന്നും പള്ളിത്തർക്കങ്ങൾ പരിഹരിക്കാൻ സന്ധിസംഭാഷണങ്ങൾ ആരംഭിക്കണമെന്നും മറ്റുമുള്ള നിർദ്ദേശങ്ങൾ അവർ സ്വീകരിച്ചു.

അതേസമയം പാത്രിയർക്കീസ് ബാവായില്ലാതെ സഭയില്ലെന്ന് മുൻ മന്ത്രി ടി. യു. കുരുവിളയും പാത്രിയർക്കീസുമായുള്ള ബന്ധം വിഛേദിക്കണമെന്നുള്ള അലക്സാണ്ടറുടെ കണ്ടെത്തൽ ചരിത്രം അറിയാവുന്നവർക്ക് അംഗീകരിക്കാനാവില്ലെന്നും ഇന്ത്യൻ പാത്രിയർക്കീസിനായുള്ള ഓർത്തഡോക്സ് നീക്കം അപഹാസ്യമാണെന്നും യാക്കോബായ ട്രസ്റ്റി, സെക്രട്ടറി എന്നിവരും പ്രതികരിച്ചു.

അദ്ധ്യായം 3

മാർ മക്കാറിയോസും സഭാകേസുകളും

ഡോ. പി. സി. അലക്സാണ്ടർ തന്റെ സഭാ സമാധാന നിർദ്ദേശങ്ങളിൽ സഭാകേസുകളുടെ കാര്യം പരമാർശിച്ചിരുന്നത് കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. ആദ്യത്തെ അഞ്ചു കേസുകളും സഭയുടെയും കാതോലിക്കാ സിംഹാസനത്തിന്റെയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളവയായിരുന്നു എന്നുള്ള അലക്സാണ്ടറുടെ വിലയിരുത്തൽ അക്ഷരംപ്രതി ശരിയാണ്.

മാർ മക്കാറിയോസ് തിരുമേനിയെ 'കേസുകളുടെ മെത്രാൻ' എന്നു ചിലർ ആക്ഷേപിച്ചു പറയുമ്പോൾ സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തിയ കേസുകളുടെ നടത്തിപ്പുകാരൻ എന്ന് അംഗീകരിക്കയായിരുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയെ 'വഴക്കാളി', 'കലഹപ്രിയൻ' എന്നൊക്കെ പറയുന്നതുപോലെ ഈ പരിഹാസത്തെയും പുച്ഛിച്ചുതള്ളാവുന്നതേയുള്ളു. കേസുകളെ "നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളായി" കാണാനേ മാർ മക്കാറിയോസിനു കഴിഞ്ഞിരുന്നുള്ളു. ഈ നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളിൽ പങ്കാളികളായ സഭാപിതാക്കന്മാരും, ന്യായാധിപന്മാരും, വക്കീലന്മാരും അടങ്ങിയ ശ്രേഷ്ഠവിഭാഗത്തിന്റെ ഇങ്ങേ അറ്റത്തെ കണ്ണിയാകുവാൻ 20-ാം നൂറ്റാണ്ടിൽ സഭ തെരഞ്ഞെടുത്തത് മക്കാറിയോസിനെ ആയിരുന്നു. ആ നിയോഗം തിരുമേനി സശിരഃകമ്പം ഏറ്റെടുത്തു നിർവ്വഹിച്ചതിന്റെ പരിണതഫലമായി 1958-ൽ ഇന്ത്യയുടെ അത്യുന്നത ന്യായപീഠത്തിൽ നിന്നു ഭാരതസഭയ്ക്കുള്ള സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ഉറപ്പിച്ചു കിട്ടുവാൻ ഇടയായെന്നും തദ്വാരാ ഇരു വിഭാഗങ്ങളും, ഇരു സിംഹാസനങ്ങൾ തമ്മിലും ഒരു ഐക്യത്തിന്റെ പാത തുറക്കുവാനിടയായെന്നും ഉള്ള ചരിത്രസത്യത്തെ ആർക്കും തള്ളിക്കളയാനാവില്ല. ഈ സത്യം മാർ മക്കാറിയോസിന്റെ ജീവചരിത്രത്തിൽ ചേർക്കാനായില്ലെങ്കിൽ അത് ഒരു കൃത്യവിലോപമായിരിക്കും.

സഭാസ്നേഹത്തെ മുൻനിർത്തി നീതിക്കായുള്ള നീണ്ട പോരാട്ടത്തിൽ സ്വന്തകാര്യങ്ങൾ പോലും മറന്ന് നാലു കാതോലിക്കാ ബാവാമാരുടെ കാലത്ത് അവരോടൊപ്പം നിന്ന് ആ പോരാട്ടത്തെ നയിക്കുവാൻ മക്കാറിയോസ് തിരുമേനിക്കു കഴിഞ്ഞു. പ. ഗീവറുഗീസ് രണ്ടാമൻ, മാർ ഔഗേൻ ബാവാ, വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ, മാത്യൂസ് ദ്വിതീയൻ

എന്നീ ബാവാമാരോടൊപ്പം അവർക്കുവേണ്ടി അര നൂറ്റാണ്ടോളം കാര്യക്ഷമമായി കേസുകൾ നടത്തി മലങ്കരസഭയെ വൈദേശിക നീരാളിപ്പിടുത്തത്തിൽ നിന്നു രക്ഷിക്കുന്നതിനു മാർ മക്കാറിയോസ് നയിച്ച ഐതിഹാസ്യ പോരാട്ടങ്ങളെ എങ്ങനെ വില കുറച്ചു കാണാനാവും? ആ അത്യുജ്ജ്വല സേവനം മാത്രം മതി അദ്ദേഹത്തിന്റെ പേര് സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുവാൻ.

1958-ലും 1995-ലും സുപ്രീംകോടതിയുടെ അകത്തളങ്ങളിൽ മുഖ്യ അഭിഭാഷകരുടെ പിന്നണിയിൽ, അവരെ സഭാചരിത്രം മനസ്സിലാക്കിയും, വാദമുഖങ്ങൾ ചർച്ച ചെയ്തും അഹോരാത്രം നടന്ന മാർ മക്കാറിയോസിന്റെ കാലടിശബ്ദം ഇന്നും ആ നീതിന്യായപീഠത്തിൽ മാറ്റൊലി കൊള്ളുന്നുണ്ട്.

സഭ കേസു നടത്തുന്നത്, അധികാരം, പണം, ചിലരുടെ സ്ഥാനമാനങ്ങൾ എന്നിവയ്ക്കു വേണ്ടിയാണെന്ന് തെറ്റിദ്ധരിച്ച് പറയുന്ന ഒരു വലിയ ജനവിഭാഗം ഇന്നും മലങ്കരസഭയിലുമുണ്ട്. ദീർഘകാലം നിലനിന്ന വ്യവഹാരങ്ങൾ എന്തിനു വേണ്ടിയായിരുന്നുവെന്ന് സഭയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ശരിയായി മനസ്സിലാക്കാതെ പോയതിന്റെ കാരണങ്ങളിൽ പ്രധാനമായ ഒന്ന് സഭയിലെ പ്രസിദ്ധീകരണ വിഭാഗത്തിന്റെ വീഴ്ചയാണെന്നു പറയാം.

1912-ൽ മലങ്കരയിൽ കാതോലിക്കേറ്റ് പ്രതിഷ്ഠിക്കുമ്പോഴും അതിനുശേഷവും കാതോലിക്കേറ്റിനെക്കുറിച്ചുള്ള അവബോധം നമ്മുടെ ജനങ്ങളുടെ ഇടയിൽ അധികമുണ്ടായിരുന്നില്ല. 1958-ൽ യോജിച്ച മലങ്കരയുടെ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുമ്പോഴും വടക്കൻ ഭദ്രാസന പള്ളികൾ സന്ദർശിക്കുമ്പോഴും എല്ലാം മക്കാറിയോസ് കാതോലിക്കേറ്റിന്റെ പ്രസക്തിയെക്കുറിച്ചും സഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും വളരെ തീക്ഷ്ണതയോടെ അങ്ങോളമിങ്ങോളം ഓടിനടന്ന് ക്ലാസുകൾ എടുക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഒരിക്കൽ വട്ടക്കുന്നേൽ ബാവാ വൈദിക സെമിനാരിയിലെ ഒരു മീറ്റിംഗിൽ വച്ചു പറഞ്ഞു: "മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ കേസുകളുടെ ചരിത്രവും കേസിലെ നമ്മുടെ അത്യുന്നതമായ നിലപാടുകളും, വൈദികരും വൈദിക വിദ്യാർത്ഥികളും സശ്രദ്ധം പഠിക്കേണ്ടതാണ്."

"പണവും സ്വത്തും ഒക്കെ കേസിൽ കടന്നു വന്നിട്ടുണ്ടെങ്കിലും സ്വന്തം നാട്ടിൽ വേണ്ടത്ര സ്വാതന്ത്ര്യം ഇല്ലാതെ കഴിയേണ്ടിവന്ന ഒരു സഭയുടെ സ്വാതന്ത്ര്യാഭിലാഷങ്ങളുടെ വ്യാഖ്യാന വ്യാപ്തിയായിരുന്നു എല്ലാ കേസുകളുടെയും അന്തർധാര." മക്കാറിയോസ് തിരുമേനി പറ

യുന്നു. തിരുമേനിയെ സംബന്ധിച്ചിടത്തോളം "വിദേശ പാത്രിയർക്കീസിന്റെ അമിതാധികാര വാഞ്ഛയും ക്രൈസ്തവരഹിതമായ വിദേശ കടന്നാക്രമവും അവസാനിപ്പിക്കുകയാണ് കേസുകളുടെ ആത്യന്തിക ലക്ഷ്യം."

ഓർത്തഡോക്സ് സഭ ഇതഃപര്യന്തം നടത്തിയിട്ടുള്ള, സെമിനാരി ക്കേസ്, വട്ടിപ്പണക്കേസ്, ഒന്നാം സമുദായ കേസ്, രണ്ടാം സമുദായ കേസ്, സുപ്രീംകോടതിയിലെത്തിയ രണ്ടാം സഭാക്കേസ് എന്നീ പ്രധാന കേസുകളെല്ലാം തന്നെ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരത ക്രൈസ്തവസഭയിൽ വിദേശ സഭകൾ കൈകടത്തി അധികാരം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങളെ എതിർക്കുന്നതിന് നടത്തിയ നിയമയുദ്ധങ്ങളാണ്. അവയെല്ലാം വിശദീകരിക്കാൻ ഈ ഒരു പുസ്തകം മതിയാകയില്ല. എന്നാൽ സുപ്രീംകോടതിയോളം എത്തിയ രണ്ടു സമുദായക്കേസുകളിൽ സജീവമായി പങ്കെടുത്ത മാർ മക്കാറിയോസിന്റെ നിർണ്ണായകമായ പങ്ക് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത് ഉചിതവുമാണ്.

പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്, വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ, ഔഗേൻ ഒന്നാമൻ കാതോലിക്കാ ബാവാ എന്നിവരുടെ ഭരണകാലഘട്ടങ്ങളിലൊക്കെ അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ ആത്മീയാധികാരം ഏറെക്കുറെ അംഗീകരിച്ചു കൊടുക്കുന്ന ഒരു മാനസികാവസ്ഥ സഭയിൽ നിലനിന്നിരുന്നു എന്നു തോന്നുന്നു. എന്നാൽ 1958-ലെ സുപ്രീംകോടതിവിധി വന്നതോടെ മലങ്കരസഭാ മക്കളുടെ മനോഗതി പാടെ മാറിമറിയാൻ ആരംഭിച്ചു കഴിഞ്ഞു. പാത്രിയർക്കീസന്മാർക്കു ലൗകികസ്വത്തിന്മേലുള്ള അവകാശവാദം പ. വട്ടശ്ശേരിൽ തിരുമേനിയുടെ ധീരമായ നിലപാടിൽ കാറ്റിൽ പറന്നുപോയി. എന്നാൽ ആത്മികാധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിന് നൽകുന്നതിൽ വലിയ എതിർപ്പൊന്നും വേണ്ട എന്ന ചിന്താഗതി ഗീവർഗീസ് രണ്ടാമൻ ബാവായുടെയും ഔഗേൻ ബാവായുടെയും കാലത്തുപോലും അങ്ങിങ്ങായി നിലനിന്നിരുന്നു എന്ന് തോന്നുന്നു.

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അണിയറ നേതൃത്വത്തിൽ 1958-ൽ ഉണ്ടായ സുപ്രീംകോടതിവിധിയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയുടെ മേൽ യാതൊരുവിധ ലൗകിക അധികാരവും ഇല്ലെന്നു മാത്രമല്ല, പാത്രിയർക്കീസിന്റെ ആത്മീയ അധികാരങ്ങൾ തന്നെ ശൂന്യതയിൽ എത്തുവോളം ആകുന്നതിൽ നാം വിജയിച്ചെന്നും കണ്ടു. ആത്മീയാധികാരത്തെപ്പറ്റി ഓർത്തഡോക്സ് വിഭാഗത്തിൽ നിലനിന്നിരുന്ന അയഞ്ഞ മനോഭാവത്തിന്റെ നേരിയ അംശങ്ങൾ പോലും

തേഞ്ഞുമാഞ്ഞു പോകുന്നതിനും ഇടയായി എന്നതിൽ ചാരിതാർത്ഥ്യത്തിന് വകയുണ്ട്. 1995-ൽ ഉണ്ടായ രണ്ടാം സുപ്രീംകോടതി വിധിയിലും മലങ്കരസഭയിൽ കാതോലിക്കോസിനോട് ആലോചിക്കാതെ ഏകപക്ഷീയമായി ആത്മീയാധികാരങ്ങൾ പാത്രിയർക്കീസിനു വിനിയോഗിക്കാവുന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

1995-ലെ വിധിയുടെ തുടർനടപടികൾ സുപ്രീംകോടതിയുടെ പിന്നീടുള്ള ഉത്തരവുകൾക്കനുസരിച്ച് കൈക്കൊണ്ടതും പരുമലയിൽ മലങ്കര അസോസിയേഷൻ ചേർന്നതും അവയിലെല്ലാം മക്കാറിയോസ് തിരുമേനി എടുത്ത ധീരനേതൃത്വവും ഇന്നത്തെ തലമുറ നേരിൽ കണ്ടവയാണല്ലോ. ഈ വിധി സഭാചരിത്രത്തിന്റെ അവിഭാജ്യ ഭാഗമായിത്തീർന്നു. 1934-ലെ സഭാഭരണഘടന എല്ലാ ഇടവകകൾക്കും ബാധകമാണെന്നുള്ള വിധി, പ്രാതിനിധ്യ സ്വഭാവമുള്ള ഒന്നാണ് എന്ന നിലയ്ക്ക് ഒരിടവകപോലും ഈ വിധിക്കു പുറത്തല്ല.

ചരിത്രം സൃഷ്ടിച്ച ഈ വിധികളുടെ പ്രസക്തിയും പ്രാധാന്യവും അർഹിക്കുന്നവർക്ക് ആർക്കും അതിന്റെ പിന്നിലെ സൂത്രധാരകനായിരുന്ന മാർ മക്കാറിയോസിന്റെ സംഭാവനകളെയും വിസ്മരിക്കുവാൻ കഴിയുകയില്ല.

കേസുകളുടെ രത്നച്ചുരുക്കം

ഒന്നാം സമുദായക്കേസ്: 1958-ലെ സുപ്രീംകോടതിവിധിയോടുകൂടി അവസാനിച്ച ഒന്നാം സമുദായക്കേസിന്റെ അടിവേരുകൾ 1935 വരെ നീണ്ടുകിടക്കുന്നു. അഥവാ 1935 മുതൽ 1958 വരെ ജില്ലാക്കോടതി, ഹൈക്കോടതി, സുപ്രീംകോടതി എന്നിവയിലൂടെ നടത്തിയ നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളെയാണ് ഒന്നാം സമുദായക്കേസ് എന്ന് പറയുന്നത്.

കേസിനാധാരമായ സംഭവത്തേയും വാദങ്ങളേയും മനസ്സിലാക്കുന്ന ഒരാൾക്ക് ഇവ മലങ്കരസഭയുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ ഭാഗമായി നീതിക്കുവേണ്ടി നടത്തിയ കേസുകളെന്ന് നിഷ്പ്രയാസം കാണാൻ കഴിയും.

ആരംഭ സംഭവം: അത് തുടങ്ങിയത് ഇപ്രകാരമാണ്. 1934 ഡിസംബർ 26-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കുകയും അന്ത്യോഖ്യാ പാത്രിയർക്കീസന്മാരുടെ അധികാര പ്രമത്തതയ്ക്കു തടയിടത്തക്കവണ്ണം ഒരു സ്വതന്ത്ര സഭയ്ക്കാവശ്യമായ ഭരണഘടന അംഗീകരിച്ചു

പാസ്സാക്കുകയും ചെയ്തതിൽ വിളറിപിടിച്ച പാത്രിയർക്കാ വിഭാഗം സംഘതികൾ ആളിക്കത്തിക്കത്തക്കവിധത്തിൽ 1935-ൽ കരിങ്ങാച്ചിറ പള്ളിയിൽ അവരെ പിന്താങ്ങുന്ന പള്ളികളുടെ പ്രതിനിധിയോഗം ചേർന്ന് മാർ പൗലോസ് അത്താനാസ്യോസിനെയും അവിരാ ജോസഫ് കത്തനാരെയും തുകലൻ പൗലോ അവിരായേയും പാരലൽ ട്രസ്റ്റിമാരായി തെരഞ്ഞെടുത്തുകൊണ്ട് ഒരു പുതിയ വ്യവഹാരത്തിനു തിരികൊളുത്തി.

ആദ്യകേസ് – ജില്ലാക്കോടതി കോട്ടയം: 1938 മാർച്ച് 10-ന് പാത്രിയർക്കീസ് വിഭാഗം ട്രസ്റ്റിമാർ മൂന്നുപേരും ചേർന്ന് ഗീവറുഗീസ് രണ്ടാമൻ ബാവായ്ക്കും കൂട്ടു ട്രസ്റ്റിമാർക്കും എതിരായി കോട്ടയം ജില്ലാക്കോടതിയിൽ നൽകിയ കേസാണ് ആദ്യത്തേത്. ആ കേസിൽ മൂറോൻ കൂദാശ ചെയ്യുക, മേൽപട്ടക്കാരെ വാഴിക്കുക, അവർക്കു ഇടവകകൾ തിരിച്ചു നൽകുക എന്നീ അധികാരങ്ങൾ പാത്രിയർക്കീസ് ബാവായ്ക്കു മാത്രമുള്ളതാണെന്നും പാത്രിയർക്കീസിനെ തിരസ്കരിച്ചും നിരാകരിച്ചും തീരുമാനങ്ങൾ എടുത്ത് പുതിയ സഭയ്ക്കും അതിന് ഒരു ഭരണഘടനയ്ക്കും രൂപംനൽകുകയും ചെയ്ത പ്രതികൾ നാട്യക്കാരും അതിക്രമിച്ചു കടന്നുവന്നവരുമാണെന്നുമായിരുന്നു കേസ്.

1943 ജനുവരി 18 വരെ നീണ്ട ജില്ലാക്കോടതിക്കേസ് ചെലവുസഹിതം തള്ളിക്കൊണ്ടു കാതോലിക്കാപക്ഷത്തിന് അനുകൂലമായി ജഡ്ജി ബി. കൃഷ്ണയ്യർ വിധി പ്രസ്താവിച്ചതോടെ തൽക്കാലം അവസാനിച്ചു.

രണ്ടാം കേസ് – തിരുവിതാംകൂർ ഹൈക്കോടതിയിൽ: ജില്ലാക്കോടതിയിൽ തോറ്റതിൽ നിന്ന് പിന്മാറാതെ പാത്രിയർക്കീസ് വിഭാഗം ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തു. ചീഫ് ജസ്റ്റീസ് ടി. എം. കൃഷ്ണസ്വാമി അയ്യർ, ജി. ഡി. നോക്സ്, എസ്. ഐ. സത്യനേശൻ എന്നീ ജഡ്ജിമാർ വാദംകേട്ട് 1946 ആഗസ്റ്റ് 9-ന് വിധി പ്രസ്താവിച്ചു. പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായി രണ്ടു ജഡ്ജിമാർ അപ്പീൽ അനുവദിച്ചെങ്കിലും ചീഫ് ജസ്റ്റീസ് ഇതര ജഡ്ജിമാരുടെ അഭിപ്രായത്തോട് യോജിച്ചില്ല.

റിവ്യൂ ഹർജി: ഭൂരിപക്ഷ വിധി കാതോലിക്കാപക്ഷത്തിനു എതിരായിരുന്നതിനാൽ വിധിന്യായത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി കാതോലിക്കാപക്ഷം ഹൈക്കോടതിയിൽ തന്നെ ഒരു റിവ്യൂ ഹർജി ഫയൽ ചെയ്തു. 1951 ഡിസംബർ 21-ന് റിവ്യൂ ഹർജി തിരു-കൊച്ചി ഹൈക്കോടതി തള്ളി ഉത്തരവായി. 1952 ഏപ്രിൽ 14-ന് കാതോലിക്കാപക്ഷം സുപ്രീം കോടതി മുമ്പാകെ പ്രത്യേക അനുമതി ഹർജി നൽകി. 1954-ൽ സുപ്രീം കോടതി റിവ്യൂഹർജി അനുവദിച്ചു.

സുപ്രീംകോടതിയുടെ ഉത്തരവനുസരിച്ച് കേരള ഹൈക്കോടതി

അപ്പീൽ പരിഗണിച്ചെങ്കിലും ജസ്റ്റീസ് ശങ്കരൻ, കുമാരപിള്ള, എം. എസ്. മേനോൻ എന്നിവർ 1956 ഡിസംബർ 31-ന് പാത്രിയർക്കീസ് പക്ഷത്തിന് അനുകൂലമായി വിധി പ്രസ്താവിച്ചു.

മലങ്കരസഭ മേലുള്ള പാത്രിയർക്കീസിന്റെ ആത്മീയ പരമാധികാരം സഭയുടെ അടിസ്ഥാന വിശ്വാസമാണെന്നും, കരിങ്ങാശ്രയോഗം സാധുവാണെന്നും പ്രതികൾ പുതിയ സഭ സ്ഥാപിച്ച് പുറത്തുപോവുകയും പുതിയ ഭരണഘടനപ്രകാരം അന്ത്യോഖ്യായുമായി നിലവിലുള്ള സകല ബന്ധങ്ങളും വേർപെടുത്തിയെന്നും വിധിച്ചു.

ഇതിനോടകം പാത്രിയർക്കീസ് പക്ഷം തെരഞ്ഞെടുത്ത മലങ്കര മെത്രാപ്പോലീത്തായും വൈദികട്രസ്റ്റിയും മരിച്ചുപോയതിനാൽ ആറു മാസത്തിനുള്ളിൽ ഒരു അസോസിയേഷൻ വിളിച്ചുകൂട്ടി പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കാൻ അവരെ അധികാരപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് പാത്രിയർക്കീസ് വിഭാഗം മണർകാട്ടു പള്ളിയിൽ യോഗം ചേർന്ന് ഹൈക്കോടതി നിർദ്ദേശപ്രകാരം പുതിയ സ്ഥാനികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

കേസ് സുപ്രീംകോടതിയിൽ: മക്കാറിയോസ് മെത്രാപ്പോലീത്താ സജീവമായി കേസുമായി ബന്ധപ്പെട്ടത് ഈ സമയത്താണ്. ഒന്നാം സമുദായക്കേസ് സുപ്രീംകോടതിയിൽ എത്തിയപ്പോൾ അദ്ദേഹം ഡൽഹി ഓർത്തഡോക്സ് ഇടവക വികാരിയായ കെ. സി. തോമസച്ചനായിരുന്നു. ഹൈക്കോടതിയിൽ ആദ്യം ഭൂരിപക്ഷ വിധിയിലും രണ്ടാമതു റിവ്യൂവിലും തന്റെ സഭയ്ക്കു ഏറ്റ അടിയും അപമാനവും അദ്ദേഹത്തെ ദുഃഖിപ്പിച്ചിരുന്നു. സിറിയൻ പാത്രിയർക്കീസിന് സഭയുടെമേൽ പരമാധികാരമുണ്ടെന്നും കാതോലിക്കാപക്ഷം പുതിയ ഭരണഘടനയുടെ അടിസ്ഥാനത്തിൽ പുത്തൻ സഭ ഉണ്ടാക്കി പിരിഞ്ഞുപോയ സഭയാണെന്നും ഒക്കെ ചരിത്രവുമായി പുലബന്ധമില്ലാത്ത വിധത്തിലും സത്യത്തിന് അപമാനം ഏൽക്കത്തക്കവണ്ണവും വിദ്യാസമ്പന്നരായ ന്യായാധിപന്മാർ വിധിച്ചപ്പോൾ, കുഴിച്ചുമൂടപ്പെട്ട സത്യത്തിന് പുനരുത്ഥാനം നൽകി തന്റെ സഭയെ രക്ഷിക്കുന്നതിനുള്ള ഒരു വിളിയാണ് ഡൽഹിയിലെ സേവനത്തിലൂടെ ദൈവം നൽകിയതെന്നുള്ള ഉത്തമ മനസാക്ഷിയോടാണ് കെ. സി. തോമസച്ചൻ സർവ്വശക്തിയോടും കൂടി ഉണർന്നു പ്രവർത്തിപ്പാൻ തുടങ്ങിയത്. വേറൊരു രീതിയിൽ പറഞ്ഞാൽ മലങ്കരസഭയുടെ സ്വാതന്ത്ര്യസമരത്തിലെ നിർണ്ണായകമായ ഒരു കേസ് ഇന്ത്യൻ തലസ്ഥാനത്ത് എത്തിയപ്പോഴേക്കും സഭാചരിത്ര പണ്ഡിതനായ കെ. സി. തോമസച്ചനെ ദൈവം ഡൽഹിയിൽ എത്തിച്ചു എന്നു പറയുന്നതായിരിക്കും ഏറെ ശരി. അത് ദൈവനിയോഗമായി കെ. സി. തോമസച്ചൻ സ്വീകരിച്ചപ്പോൾ അതിന് ഒരു പുതിയ മാനം തന്നെ ലഭിച്ചു.

മക്കാറിയോസ് തിരുമേനിയുടെ ജീവിതത്തിലെ തിളങ്ങുന്ന അദ്ധ്യായങ്ങളിൽ ഒന്നാണ് സമുദായക്കേസ് സുപ്രീംകോടതിയിൽ ചെന്നുചേർന്ന കാലം. മുറിവേറ്റ തന്റെ സഭയ്ക്കുവേണ്ടി മുന്നണിപ്പോരാളിയെപ്പോലെ അടരാടാൻ കിട്ടിയ ആ വലിയ അവസരം ദൈവനിയോഗമായി അദ്ദേഹം കരുതി. അവസാനം ഹൈക്കോടതി ജഡ്ജിമാരുടെ തലയിൽ ആരോ അടിച്ചുകയറ്റിയ മഠയത്തരങ്ങൾ മുഴുവനായി പൊളിച്ചെഴുതി. മാർത്തോമ്മാശ്ലീഹായാൽ എ.ഡി. 52-ൽ സ്ഥാപിതമായ സാക്ഷാൽ സഭയാണ് കാതോലിക്കാ ബാവാ അദ്ധ്യക്ഷനായുള്ള മലങ്കര ഓർത്തഡോക്സ് സഭ എന്നും വ്യവസ്ഥാപിതമായ ഒരു ഭരണഘടന ഇല്ലാതിരുന്ന അവസരത്തിൽ വിദേശ സഭാതലവന്മാർക്കു യഥേഷ്ടം വിഹരിക്കാൻ സൗകര്യം ലഭിച്ച സഭയ്ക്ക് ഒരു നല്ല വേലിക്കെട്ട് 1934-ലെ ഭരണഘടന നൽകിയെന്നും ആ ഭരണഘടനപ്രകാരമല്ലാതെ അന്ത്യോഖ്യൻ പാത്രിയർക്കീസിനു മലങ്കരസഭയുടെമേൽ യാതൊരധികാരവും ഇല്ലെന്നും ഉണ്ടെന്ന വകാശപ്പെടുന്ന ആത്മീയാധികാരങ്ങൾ പോലും ശൂന്യ നിലയിലാണെന്നും കാതോലിക്കാ വിഭാഗം ഒരു പുത്തൻ സഭ ഉണ്ടാക്കി മാറിയതല്ലെന്നും ഒക്കെ അസന്ദിഗ്ദ്ധ ഭാഷയിൽ വിധി എഴുതുന്നതു വരെ കെ. സി. തോമസച്ചൻ വിശ്രമിച്ചിരുന്നില്ല എന്ന് അദ്ദേഹത്തെ അറിയുന്നവരെല്ലാം സമ്മതിക്കുന്ന സത്യമാണ്.

മക്കാറിയോസ് തിരുമേനി തങ്കച്ചനായി സ്കൂൾ ഫൈനൽ ക്ലാസിൽ പഠിക്കുന്ന കാലം. അന്നൊരു വെള്ളിയാഴ്ച ആയിരുന്നു. കുഞ്ഞുങ്ങൾ കുറ്റിക്കണ്ടത്തിൽ വീട്ടിലെ വട്ടമേശയ്ക്കു ചുറ്റും പഠനത്തിനായി ഒത്തു കൂടി. ആ സമയത്ത് ആർക്കും സംസാരിക്കാൻ അനുവാദമില്ല. ഇടയ്ക്കിടെ അപ്പച്ചന്റെ മിന്നൽ പരിശോധന ഉണ്ട്. അപ്പോൾ ആരെങ്കിലും കുറ്റക്കാരായി പിടിക്കപ്പെട്ടാൽ ചൂരൽപ്പഴം ലഭിച്ചതു തന്നെ.

അന്നും അപ്പച്ചൻ പിൻഭാഗത്തു മുറിയിലെ ഇരുട്ടിൽ നിന്നു പൂച്ചയെപ്പോലെ പതുങ്ങി കുട്ടികളുടെ പിന്നിലൂടെ അവരറിയാതെ പരിശോധന നടത്തി നീങ്ങി. കുട്ടികളെല്ലാം നിശ്ശബ്ദരായി പഠനത്തിൽ നിമഗ്നരായിരിക്കുന്നു. നല്ല കുട്ടികൾ!

തങ്കച്ചൻ കുനിഞ്ഞിരുന്ന് എന്തോ എഴുതുന്നു. തങ്കച്ചൻ എഴുതിക്കൊണ്ടിരുന്ന നോട്ടുബുക്കിന്റെ അടിയിൽ ഒരു പത്രക്കടലാസ് താഴേക്ക് നീണ്ടു കിടക്കുന്നത് അപ്പച്ചന്റെ കണ്ണിൽ പെട്ടു. പുറമെ നോട്ടുബുക്കും കീഴിൽ പത്രവുമോ? അപ്പച്ചൻ തങ്കച്ചന്റെ മടിയിൽ നിന്നു നോട്ടുബുക്കു വലിച്ചുമാറ്റി. അടിയിൽ ഒരു മനോരമ പത്രം! അപ്പച്ചൻ ആ പത്രം വലിച്ചെടുത്തു നോക്കി. സമുദായക്കേസിന്റെ സാക്ഷി വിസ്താരത്തിൽ കാനോൻ വിദഗ്ദ്ധനായ ചെറിയമഠത്തിൽ സ്കറിയാ മല്പാനച്ചന്റെ

സാക്ഷിമൊഴികളിൽ നിന്നു കാനോൻ ഉദ്ധരണികളും മറ്റും തങ്കച്ചൻ നോട്ടുബുക്കിൽ പകർത്തുകയായിരുന്നു. പരീക്ഷയ്ക്കു കോപ്പിയടിച്ച കുട്ടിയെപ്പോലെ തങ്കച്ചൻ പിടിക്കപ്പെട്ടിരിക്കുന്നു. "എന്താടാ ഇത്?" അപ്പച്ചന്റെ ഇടിമുഴക്കം പോലെയുള്ള ചോദ്യം. ആലിലപോലെ വിറച്ചുകൊണ്ട് പറഞ്ഞു, "സമുദായക്കേസിലെ സാക്ഷിമൊഴികൾ പകർത്തി എഴുതുകയായിരുന്നു." "നിനക്ക് ഈ പ്രാവശ്യത്തെ വാർഷിക പരീക്ഷയ്ക്ക് സമുദായക്കേസിൽ നിന്നാണോ ചോദ്യങ്ങൾ."

"ഞാൻ അതെല്ലാം പഠിച്ചശേഷമാണ് സമുദായക്കേസ് എഴുതാൻ തുടങ്ങിയത്."

അമ്മച്ചി വാദപ്രതിവാദങ്ങൾക്കു മധ്യേ ഇടപെട്ടു രംഗം ശാന്തമാക്കാൻ ശ്രമിച്ചു: "ആർക്കറിയാം നാളെ നമ്മുടെ മോൻ സമുദായക്കേസിൽ ഒരു നിർണ്ണായക പങ്കു വഹിക്കില്ലെന്ന്."

ഇപ്പോൾ അമ്മച്ചിയുടെ അന്നത്തെ പ്രവചനം പൂർത്തിയാകുകയായിരുന്നു. ഡൽഹി വികാരിയായ കെ. സി. തോമസച്ചൻ, എം. കെ. നമ്പ്യാർ, എം. ഏബ്രഹാം തുടങ്ങിയ വക്കീലന്മാരുടെ മദ്ധ്യേ ഇരുന്ന് തന്റെ സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നിയമയുദ്ധത്തിൽ ഉന്നയിക്കേണ്ട വാദഗതികളുടെ ചർച്ചയിൽ സജീവനേതൃത്വം നൽകിക്കൊണ്ടിരുന്നു. ഇക്കാലമത്രയും കെ. സി. തോമസച്ചന്റെ ദിനരാത്രങ്ങൾ വിശ്രമരഹിതങ്ങളായി മാറി. വക്കീലന്മാരുടെയും, സഭയിൽ നിന്നെത്തുന്ന ഔദ്യോഗിക നേതാക്കന്മാരുടെയും യാത്ര, താമസം, ഭക്ഷണം ഇവയൊക്കെ ക്രമീകരിക്കാനുള്ള അധികച്ചുമതലയും ഡൽഹി വികാരിയുടെ ചുമലിൽത്തന്നെ വീണു.

സർവ്വോപരി മലങ്കരസഭാ ചരിത്രം, അതിന്റെ ഭരണഘടന, സഭയുടെ സ്വതന്ത്ര നിലപാട്, കാതോലിക്കാ സ്ഥാപനത്തിന്റെ സാധുത ഇങ്ങനെ അതിവിപുലമായ സഭാ ഏടുകൾ കാച്ചിക്കുറുക്കി വക്കീലന്മാരുടെ തലയിൽ അടിച്ചുകയറ്റുക തുടങ്ങിയ കാര്യങ്ങൾക്കായി അച്ചൻ ചെലവഴിച്ച പകലും രാത്രികളും എത്രയെന്നോ! വാദിക്കേണ്ട പോയിന്റുകൾ ശക്തീകരിച്ച് നോട്ടുകൾ തയ്യാറാക്കി അത് വക്കീലന്മാരെ ലീഗലായി മനസ്സിലാക്കിക്കുക അത്ര എളുപ്പമുള്ള ജോലിയല്ല. സുപ്രീംകോടതിയിൽ നമ്മുടെ കേസ് വരുന്ന ദിവസങ്ങളിൽ മുഴുവൻ സമയവും അദ്ദേഹം കോടതിയിൽ തന്നെ ചെലവഴിക്കയും വാദഗതികൾ സശ്രദ്ധം കേട്ടിട്ട് നോട്ട് എടുക്കുകയും വൈകിട്ട് വക്കീലന്മാർ നടത്തുന്ന ചർച്ചകളിൽ വിട്ടു പോകാനിടയായ പോയിന്റുകൾ നമ്മുടെ വക്കീലന്മാരെ ഓർമ്മപ്പെടുത്തുകയും അവ പിറ്റേന്ന് ശക്തമായി അവർ വാദിക്കയും ചെയ്തുപോന്നു.

1912-ലെ കാതോലിക്കേറ്റ് സ്ഥാപനം സാധുതയുള്ളതെന്നും, 1934-ൽ

മലങ്കരസഭ അംഗീകരിച്ച ഭരണഘടനയാണ് മലങ്കരസഭയുടെ സാധുതയുള്ള ഭരണഘടനയെന്നും സംബന്ധിച്ചുള്ള സുപ്രീംകോടതിയുടെ വിധി സമ്പാദിക്കുക എന്ന വലിയ ലക്ഷ്യങ്ങളെ മുൻനിർത്തി വാദഗതികൾ ശരിയായ പാതയിലേക്ക് തിരിച്ചുവിടുന്നതിനു വക്കീലന്മാരെ പ്രാപ്തരാക്കുന്നതിലുമായിരുന്നു കെ. സി. തോമസച്ചന്റെ ആ കാലങ്ങളിലെ ശ്രദ്ധ മുഴുവൻ.

കെ. സി. തോമസച്ചൻ വക്കീലായിരുന്നില്ല. ഔദ്യോഗികമായി വക്കീൽ സംഘത്തിൽ പെട്ടിരുന്നില്ല. കേസു നടത്തിപ്പിന് മലങ്കരസഭയിൽ നിന്നു തെരഞ്ഞെടുത്തു ഡൽഹിക്കയച്ച സംഘത്തിലും പെട്ടിരുന്നില്ല. പിന്നെ എങ്ങനെയാണ് മക്കാറിയോസ് 1958-ലെ വിധിയുടെ പിമ്പിൽ പ്രവർത്തിച്ചതെന്നു പറഞ്ഞാൽ ആധുനിക മലങ്കരസഭയുടെ കുട്ടിനേതൃത്വത്തിനും കുട്ടിപ്പുത്രാധിപന്മാർക്കും എങ്ങനെ മനസ്സിലാകും? ഔദ്യോഗിക രേഖകളിലെങ്ങും പേരുവരാത്ത ഒരാളിനെ പൊക്കിപ്പറയാൻ ആരൊക്കെയോ കെട്ടിച്ചമച്ച പൊങ്ങച്ച കഥയാണിവയെല്ലാം എന്ന് ആധുനികർ ചിന്തിച്ചു പോകുന്നെങ്കിൽ അവരെ കുറ്റപ്പെടുത്താൻ ആവില്ലല്ലോ. എന്നാൽ മക്കാറിയോസിനെ അടുത്തറിഞ്ഞവർക്കെല്ലാം ഒരു കാര്യം അറിയാം – ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തു കഴിഞ്ഞശേഷം കൈയടികൾക്കു കാത്തുനിൽക്കാതെ കർട്ടന് പിമ്പിലേക്ക് മറയുന്ന 'മക്കാറിയോസ് സ്വഭാവം' അറിയാവുന്ന ആർക്കും ഇതിൽ അത്ഭുതമില്ല.

അന്നൊരിക്കൽ പാർലമെന്റിൽ എം. പി. ആയിരുന്ന ചാലക്കുഴി സി. പി. മാത്തൻ ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ബഥനിയിലെ അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയെ കേരളത്തിൽ വന്നു സന്ദർശിച്ചു. കെ. സി. തോമസച്ചനെ ഡൽഹി ഇടവകയ്ക്ക് നൽകിയതിലുള്ള നന്ദി അറിയിച്ചുകൊണ്ട് അദ്ദേഹം തിരുമേനിയോടു പറഞ്ഞ വാക്കുകൾക്ക് ഇതെഴുതുന്ന ആൾ സാക്ഷി ആണ്. അദ്ദേഹം പറഞ്ഞു, "തിരുമേനി അങ്ങ് ഒരു നല്ല കൊച്ചച്ചനെ മാത്രമല്ല, ഞങ്ങളുടെ ഇടവകയ്ക്കു നൽകിയത്, ഒരു നല്ല വക്കീലിനെ കൂടിയാണ് ഞങ്ങളുടെ വികാരിയായി നിയമിച്ചു തന്നത്. അതിൽ ഇന്നു ഞങ്ങൾ അഭിമാനിക്കുന്നു. വക്കീലന്മാർ സുപ്രീംകോടതിയിൽ വാദിക്കുന്ന മുഴുവനും ഞങ്ങളുടെ കെ. സി. തോമസച്ചന്റെ നിർദ്ദേശങ്ങളും ക്ലാസുകളുമാണ്. അതുകൊണ്ട് ഇപ്രാവശ്യത്തെ സമുദായക്കേസിൽ സുപ്രീംകോടതിയിൽ നമ്മൾ ജയിക്കുമെന്ന് ഞാൻ തറപ്പിച്ചു പറയുന്നു. താമസിയാതെ സുപ്രീംകോടതിവിധി വരുമല്ലോ. അതു നമുക്കനുകൂലമായിരിക്കുമെന്ന് തിരുമേനി ഉറപ്പിച്ചുകൊള്ളുക. കെ. സി. തോമസച്ചനെ ഈയവസരത്തിൽ ഡൽഹിയിൽ നിയമിച്ച തിരുമേനിയെ നേരിട്ട് അഭിനന്ദനം അറിയിക്കാനാണ് ഞാൻ ഈ ബഥനിമല കയറി വന്നത്."

അക്കാലത്തെല്ലാം തോമസച്ചന് ഊണിലും ഉറക്കത്തിലും ഒരേ ഒരു വിചാരം മാത്രം, കേസ് ജയിപ്പിച്ചെടുക്കുക. സിറിയൻ സഭയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും അസ്വാതന്ത്ര്യത്തിന്റെ പാഴ്ച്ചങ്ങലയിൽ നിന്നും മലങ്കരയിലെ 20 ലക്ഷം ജനത്തെ സ്വതന്ത്ര കനാനിൽ എത്തിക്കാനുള്ള ദൗത്യമാണ് തന്റെ ഡൽഹിവാസം മൂലം ദൈവം ഭരമേൽപ്പിച്ചിരിക്കുന്നത് എന്ന ഉത്തമബോദ്ധ്യം കൂടുതൽ കൂടുതൽ രൂഢമൂലമായി വരികയാണ്.

രാത്രിയിൽ കിടന്നു കഴിഞ്ഞാലും കോടതിയിലെ വാദഗതികൾ മസ്തിഷ്കത്തെ കരണ്ടുകൊണ്ടിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസുമായി മലങ്കരസഭയ്ക്ക് ഏതോ ബന്ധമുണ്ടെന്ന് വ്യംഗ്യസൂചനയുള്ള സഭാഭരണഘടനയിലെ ഒന്നാം ഖണ്ഡിക വാദിച്ച് വ്യാഖ്യാനിച്ച് ശരിപ്പെടുത്താൻ നമ്മുടെ വക്കീലന്മാരെ പ്രാപ്തരാക്കേണ്ടതുണ്ട്. "ആകമാന സുറിയാനി", "പ്രധാന അദ്ധ്യക്ഷൻ", 'പാത്രിയർക്കീസ്', 'സുറിയാനി സഭയുടെ വിഭാഗം' എന്നീ പദങ്ങൾ വ്യാഖ്യാനിക്കേണ്ടതും വിശദീകരിച്ച് തെറ്റിദ്ധാരണകൾ മാറ്റേണ്ടതുമുണ്ട്. ഈ പദങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ജനത്തെ തെറ്റിദ്ധരിപ്പിച്ചാണ് പാത്രിയർക്കീസിന്റെ അധികാരം ഉറപ്പിച്ചെടുക്കാൻ ആ വിഭാഗം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

1. ആകമാന സുറിയാനിസഭ – ഈ പേരിൽ ഒരു സഭയില്ല. സുറിയാനി ആരാധനാ ഭാഷയായി അംഗീകരിച്ചിരിക്കുന്ന സഭകളെല്ലാം കൂടിച്ചേരുമ്പോൾ ആ കൂട്ടുകുടുംബത്തെ വിളിക്കുന്ന ഒരു പേരു മാത്രം – ഒരു പ്രത്യേക സഭയല്ല അത്. 'സുറിയാനി' എന്നത് സിറിയൻ സഭയല്ല – ഒരു ഭാഷയാണ്.

2. പ്രധാന അദ്ധ്യക്ഷൻ – അദ്ധ്യക്ഷൻ എന്നു പറഞ്ഞാൽ ഒരു മീറ്റിംഗ് നടത്തുമ്പോൾ അദ്ധ്യക്ഷപദവിയിലിരിക്കുന്ന ഒരാൾ എന്നേ അർത്ഥമുള്ളൂ. അദ്ധ്യക്ഷന് ഒരു പദവിയേ ഉള്ളു. അധികാരമില്ല. അദ്ദേഹം തലവനല്ല.

3. പാത്രിയർക്കീസ് – 1934–ൽ മലങ്കരസഭ പാസ്സാക്കിയ ഭരണഘടനയിൽ 'പാത്രിയർക്കീസ്' എന്ന പദമേ ഉണ്ടായിരുന്നുള്ളു. അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന് ഉണ്ടായിരുന്നില്ല. പാത്രിയർക്കീസ് സ്ഥാനം സിറിയൻ സഭയിൽ മാത്രമല്ല. അനേകം പാത്രിയർക്കീസന്മാർ ഉള്ളതിൽ ഏതു പാത്രിയർക്കീസിനേയും ആവാം ഇവിടെ വിവക്ഷിക്കുന്നത്.

4. ആകമാന സഭയുടെ ഭാഗം – ഭാഗം എന്നാൽ ഒരു കഷണമെന്നേ അർത്ഥമുള്ളു. ഭാഗമല്ല, വിഭാഗം എന്നാണ് പറഞ്ഞിരിക്കുന്നത്. വിഭാഗം എന്നാൽ തുല്യാവകാശമുള്ള ഒരു ശാഖ എന്നാണർത്ഥം.

മാർത്തോമ്മാശ്ലീഹാ തന്റെ രക്തംചൊരിഞ്ഞ് ഇന്ത്യയിൽ സമ്പാദി

ച്ചത് ഒരു സ്വതന്ത്രസഭയാണ്. ഒരു അടിമസഭ അല്ല. ആ സ്വതന്ത്ര ദേശീയ സഭയെ അടിച്ചമർത്താൻ ശ്രമിക്കുന്ന ആരും ആയിക്കൊള്ളട്ടെ. പോർട്ടുഗീസുകാരോ, ഡച്ചുകാരോ, ഇംഗ്ലീഷുകാരോ, അറബികളോ, സിറിയക്കാരോ, ആരുമായിക്കൊള്ളട്ടെ, അവരെ പരാജയപ്പെടുത്തി കടലിനപ്പുറം നിർത്തിയ മലങ്കരസഭയുടെ ഊറ്റം തോമസച്ചനിൽ ഊർജ്ജമായി മാറി. പരദേശ മേധാവിത്വത്തിനു മുട്ടുകുത്താത്ത ഒരു സ്വതന്ത്ര കാതോലിക്കേറ്റിന്റെ ശീതളച്ഛായയിൽ വളരുവാൻ സഹായിക്കുന്ന ഒരു വിധി നമ്മുടെ സഭയ്ക്കു നേടിക്കൊടുക്കണം.

അച്ചന്റെ മനസ്സിലെ ദേശീയതയെ തൊട്ടറിവാനും സഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും നെഞ്ചിലേറ്റുവാനും വക്കീലന്മാർക്കു പോലും കഴിഞ്ഞു. അതുകൊണ്ടുതന്നെ നിത്യേന ശക്തമായി ശ്രദ്ധയിൽ പെടുത്തേണ്ട വാദമുഖങ്ങൾ തലേദിവസത്തെ ചർച്ചകൾ തോമസച്ചനുമായി ചർച്ച നടത്തിയശേഷമേ വക്കീലന്മാർ കോടതിയിലേക്ക് പോയിരുന്നുള്ളു.

ചീഫ് ജസ്റ്റീസ് ദാസ്, ജ: ഭഗവതി, ജ: സിൻഹാ, ജ: വാഞ്ചു, ജ: സുബ്ബറാവു എന്നിവരുടെ മുഖങ്ങളിൽ അങ്കുരിക്കുന്ന ഭാവവ്യത്യാസങ്ങളും അംഗുലീചലനങ്ങൾ പോലും കെ. സി. തോമസച്ചൻ ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്നു. പ്രത്യാശയുടെ ഉറപ്പും പ്രതീക്ഷയുടെ കിരണങ്ങളും അച്ചന്റെ ദിവസങ്ങളെ കൂടുതൽ ഉന്മേഷഭരിതമാക്കി.

ഈ ദിവസങ്ങളിലെ ഒരുക്കങ്ങൾക്ക് എത്രയോ നാളുകൾക്കു മുമ്പു മുതൽ തന്നെ കെ. സി. തോമസച്ചൻ തയ്യാറെടുപ്പ് ആരംഭിച്ചു കഴിഞ്ഞിരുന്നുവെന്ന് മലങ്കരസഭാ നേതൃത്വം അറിഞ്ഞില്ലെങ്കിലും, ആ കരുനീക്കങ്ങൾ മണത്തറിയാൻ പാത്രിയർക്കീസ് വിഭാഗങ്ങൾക്ക് കഴിഞ്ഞുവെന്നുള്ളതിന് 2006 ഒക്ടോബർ മാസത്തിലെ 'വിശ്വാസ സംരക്ഷകൻ' എന്ന യാക്കോബായ പ്രസിദ്ധീകരണത്തിന്റെ Vol. I, Issue 4-ൽ കാലം ചെയ്ത പൂതിയോട് കുറിയാക്കോസ് മാർ കൂറിലോസ് കോട്ടയം പേരൂർ മർത്ത ശ്മൂനി പള്ളിയിൽ ചെയ്ത പ്രസംഗത്തിൽ ഒരു രഹസ്യത്തിന്റെ ചുരുൾ നിവർത്തിയത് പ്രസിദ്ധീകരിച്ചു കാണുകയുണ്ടായി. ആ വാർത്ത – മാർ കൂറിലോസിന്റെ പ്രസംഗത്തിൽ നിന്ന് –

''1951-ൽ സമുദായക്കേസിൽ മെത്രാൻകക്ഷി പരാജയപ്പെട്ടു. ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷനുള്ള ശ്രമവും വിജയിച്ചില്ല. യാക്കോബായ വിഭാഗം സുപ്രീംകോടതിയിൽ 'കാവിയേറ്റ്' വയ്ക്കുന്നതിന് നായർ സമുദായാംഗമായ ഒരു അഭിഭാഷകനെ നിയോഗിച്ചു. കോട്ടയം സിംഹാസനപ്പള്ളി വികാരിയായിരുന്ന പരേതനായ പി. എം. തോമസ് അച്ചനാണ് ഇതു സംബന്ധിച്ച ക്രമീകരണങ്ങൾ ചെയ്തത്. ഈ അഭിഭാഷകന്

ഫീസിനുള്ള തുക കൊടുക്കുന്നതിന് പാലാമ്പടം തോമസ് വക്കീൽ ഡൽഹിയിലെത്തി. ഡൽഹിയിൽ വക്കീലിന്റെ വീടിന്റെ എതിർവശം താമസിച്ചിരുന്ന പൂതിയോടു ഭവനത്തിലാണ് പാലാമ്പടം തോമസ് വക്കീൽ വിശ്രമിച്ചിരുന്നത്. പാലാമ്പടം തോമസ് വക്കീൽ ഡൽഹിയിൽ എത്തിയതിന്റെ ഉദ്ദേശ്യം പൂതിയോട് ഭവനത്തിലുള്ളവരോട് പറഞ്ഞു. എതിർഭാഗത്തു താമസിക്കുന്ന നായർ വക്കീൽ മെത്രാൻകക്ഷിക്കാരുടെ വക്കീലാണെന്നായിരുന്നു അവർ വിചാരിച്ചിരുന്നത്. കാരണം എല്ലാ ദിവസവും മെത്രാൻകക്ഷിക്കാരുടെ ഡൽഹി പള്ളി വികാരിയായിരുന്ന ഫാ. ഡോ. കെ. സി. തോമസ് (മക്കാറിയോസ് തിരുമേനി) അവിടെ വരുമായിരുന്ന വിവരം അവർ പാലാമ്പടം വക്കീലിനോടു പറഞ്ഞു. യാക്കോബായ സഭ ചുമതലപ്പെടുത്തിയിരുന്ന അഭിഭാഷകൻ 'കാവിയേറ്റ്' വച്ചിട്ടില്ലാത്തതിനാൽ മെത്രാൻകക്ഷിക്കാരുടെ റിവ്യൂ പെറ്റീഷൻ യാതൊരു ബുദ്ധിമുട്ടുമില്ലാതെ സുപ്രീംകോടതി സ്വീകരിച്ചു. 1958-ൽ കേസിൽ മെത്രാൻകക്ഷി വിജയിക്കയും ചെയ്തു. 1955-ലാണ് ഈ സംഭവം നടക്കുന്നത്" (1958-ലെ വിജയത്തിന് സുമാർ മൂന്നു വർഷം മുമ്പുതന്നെ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു.).

1958-ൽ കേസിന്റെ വാദഗതികൾ അനുകൂലമായി കാറ്റുവീശിക്കൊണ്ടിരിക്കുകയും ഇടയ്ക്കിടെ ജഡ്ജിമാരിൽ നിന്ന് അനുകൂല സൂചനകൾ ഉണ്ടാകുകയും ചെയ്യുമ്പോഴൊക്കെ സന്ദർശക ഗ്യാലറിയിലിരുന്ന ഒരാളിന്റെ കണ്ണുകളിൽ നിന്ന് തുടുതുടെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. അത് കെ. സി. തോമസച്ചനല്ലാതെ മറ്റാരുമായിരുന്നില്ലെന്ന് വായനക്കാർക്ക് മനസ്സിലാകുമല്ലോ. ആയിടെ കണ്ടുമുട്ടുന്നവരും ഫോൺ വിളിക്കുന്നവരുമായ എല്ലാ ഓർത്തഡോക്സുകാരോടും "നമ്മൾ ജയിക്കും, നമ്മൾ ജയിക്കും" എന്ന് ശുഭാപ്തി വിശ്വാസത്തോടും ആവേശത്തോടും കൂടെ തോമസച്ചൻ പറഞ്ഞുകൊണ്ടിരുന്നു. പത്താംക്ലാസിൽ പഠിക്കുന്ന കാലം മുതൽ സഭാകേസുകൾ പഠിക്കാനുണ്ടായ താൽപര്യം സുപ്രീം കോടതിയിലെ ശുഭാപ്തി വിശ്വാസം വരെ കെ. സി. തോമസച്ചനെ കൊണ്ടെത്തിച്ചിരുന്നു.

1958 സെപ്റ്റംബർ 12. ചരിത്രപ്രസിദ്ധമായ ഒരു വിധി

മലങ്കര സഭാചരിത്രത്തിലെ നിർണ്ണായകമായ വിധി 1958 സെപ്റ്റംബർ 12-ൽ പ്രസ്താവിച്ചു. ചീഫ് ജസ്റ്റിസ് എസ്. ആർ. ദാസ്, ജഡ്ജിമാരായ എൻ. എച്ച്. ഭഗവതി, വി. പി. സിൻഹാ, കെ. സുബ്ബറാവു, കെ. എൻ. വാഞ്ചു എന്നിവർ ഉൾപ്പെട്ട ഭരണഘടനാബഞ്ചിൽ കാതോലിക്കാ പക്ഷത്തിന് അനുകൂലമായ വിധി പ്രഖ്യാപിക്കയായിരുന്നു.

സഭ മുഴുവൻ തുള്ളി ആർത്തു. അവരിൽ ഏറ്റം സന്തോഷിച്ചത് കെ.

സി. തോമസ് അച്ചനും, ഒപ്പം പടപൊരുതിയ വക്കീൽ സംഘവും ആയിരുന്നു. കാതോലിക്കാ വിഭാഗത്തിന്റെ വാദമുഖങ്ങളെല്ലാം അംഗീകരിക്കപ്പെടുകയും സഭയെ സ്വയംശീർഷകത്വമുള്ള സ്വതന്ത്രസഭ ആയി പ്രഖ്യാപിക്കയും 1934-ൽ മലങ്കരസഭയുടെ അസ്സോസിയേഷൻ പാസ്സാക്കിയ ഭരണഘടന അംഗീകരിക്കയും ചെയ്തു. ഇതു മൂലം കേരള ഹൈക്കോടതിവിധി അസ്ഥിരപ്പെടുത്തുകയും കോട്ടയം ജില്ലാക്കോടതി വിധി പുനഃസ്ഥാപിക്കയും ചെയ്തു.

അന്നുണ്ടായ സുപ്രീംകോടതി വിധിയുടെ സാരാംശം മാത്രം ഇവിടെ ചേർക്കട്ടെ.

1. മലങ്കരയിൽ പാത്രിയർക്കീസിന്റെ അധികാരം വാനിഷിംഗ് പോയിന്റിൽ (അസ്തമനാവസ്ഥയിൽ) എത്തിക്കുന്നവിധം മെത്രാപ്പോലീത്താമാരെ വാഴിക്കുവാനും മൂറോൻ കൂദാശ ചെയ്യുവാനുമുള്ള അധികാരത്തോടെ സ്ഥാപിച്ച കാതോലിക്കേറ്റ് സ്വീകരിക്കയും ചെയ്തതു മൂലം പ്രതികൾ പുതിയ സഭ സ്ഥാപിച്ചിട്ടില്ല. മേൽപ്പറഞ്ഞ പ്രവൃത്തി വിശ്വാസവിപരീതവുമല്ല.

2. പാത്രിയർക്കീസിന്റെ പരമാദ്ധ്യക്ഷത എടുത്തുകളയുന്ന 1934-ലെ ഭരണഘടന സ്വീകരിച്ചതിലൂടെ കാതോലിക്കാപക്ഷം പുതിയ സഭ സ്ഥാപിച്ചു എന്ന വാദം നിലനിൽക്കുന്നില്ല.

3. വട്ടിപ്പണക്കേസിൽ പരിഗണിച്ച കിഴക്കിന്റെ കാതോലിക്കേറ്റും ഭരണഘടനയിൽ പറയുന്ന കാതോലിക്കേറ്റും രണ്ടാണെന്ന പാത്രിയർക്കീസ് വിഭാഗത്തിന്റെ വാദവും നിലനിൽക്കുന്നതല്ല.

4. കാതോലിക്കാ വിഭാഗം സഭ വിട്ടുപോയി എന്നു പറയുന്നതിനടിസ്ഥാനമായി ആരോപിച്ച കുറ്റങ്ങൾ വട്ടിപ്പണക്കേസിൽ തീരുമാനം ചെയ്ത കാര്യമായതിനാൽ വീണ്ടും ഉന്നയിക്കുന്നത് നിയമാനുസൃതമല്ല. അത് 'റസ്ജ്യൂഡിക്കേറ്റാ' ദോഷമുള്ളതാണ്.

5. ഭരണഘടന അംഗീകരിക്കുകയും മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുകയും ചെയ്ത 1934-ലെ എം.ഡി. യോഗം ശരിയായ നോട്ടീസോടുകൂടി സാധുവായി കൂടിയിട്ടുള്ളതാണ്. എല്ലാ പള്ളികൾക്കും നോട്ടീസു നൽകിയാണ് യോഗം വിളിച്ചു ചേർത്തത്.

6. മലങ്കര അസോസിയേഷൻ മൊത്തം മലങ്കരസഭയെ പ്രതിനിധാനം ചെയ്യുന്നു. മലങ്കര അസോസിയേഷനാൽ സ്വീകരിക്കപ്പെടാത്തവരാണ് പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്താമാർ. ഇക്കാരണത്താൽ അവർ നിയമാനുസൃത മെത്രാപ്പോലീത്താമാരല്ല.

7. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ കാതോലിക്കായെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുത്തിട്ടുള്ളത് സാധുവാണ്.

8. വാദികളെ തെരഞ്ഞെടുത്തതായി പറയുന്ന കരിങ്ങാശ്രയോഗം അസാധുവാണ്. ട്രസ്റ്റിമാരെന്ന നിലയിൽ അന്യായം ബോധിപ്പിക്കുവാനോ സഭ വക വസ്തുക്കൾ വീണ്ടെടുക്കുവാനോ അവർക്കവകാശമില്ല.

കാതോലിക്കാ വിഭാഗത്തിന്റെ അപ്പീൽ ചെലവുസഹിതം അനുവദിക്കുകയും കോട്ടയം ജില്ലാക്കോടതി വിധി പുനഃസ്ഥാപിക്കുകയും ചെയ്തു.

ഈ വിധിയിലെ ഒരു വകുപ്പു പോലും പാത്രിയർക്കീസ് വിഭാഗത്തിന് അനുകൂലമായി ലഭിച്ചില്ല. കാതോലിക്കാ വിഭാഗത്തിനാകട്ടെ പ്രതീക്ഷിച്ചതിലും അധികമായി അനുകൂലമാവുകയും ചെയ്തു. ഇത്രയേറെ കാതോലിക്കേറ്റിന്റെ അസ്തിവാരം ഉറപ്പിച്ചുള്ള ഒരു വിധി, പാത്രിയർക്കീസിന്റെ ലൗകികം മാത്രമല്ല, ആത്മീയാധികാരം പോലും തൂത്തെറിഞ്ഞ ഒരു വിധി, വാദിച്ച വക്കീലന്മാരോ അതിനുവേണ്ടി അഹോരാത്രം ഓടിനടന്ന കെ. സി. തോമസച്ചൻ പോലുമോ പ്രതീക്ഷിച്ചില്ല.

സഭ ആകമാനം ആഹ്ലാദത്തിമിർപ്പിലാണ്. ഗ്രാമീണ പള്ളികളിൽ പോലും പടക്കംപൊട്ടിച്ച് വിജയാഹ്ലാദം നടത്തി. എതിർകക്ഷികളുടെ വികാരങ്ങൾക്കു മുറിവേൽപ്പിക്കത്തക്ക ആഹ്ലാദപ്രകടനങ്ങൾ ഒഴിവാക്കണമെന്ന് പ. ബാവാതിരുമേനി പള്ളികൾക്ക് കൽപ്പന അയച്ചു.

എന്നാൽ പാത്രിയർക്കീസ് വിഭാഗം വിധി റിവ്യൂ ചെയ്യുവാൻ സുപ്രീം കോടതിയിൽ തന്നെ ഒരു ഹർജി സമർപ്പിക്കയുണ്ടായി. ആ റിവ്യൂ ഹർജി കോടതി അപ്പാടെ തള്ളിക്കളയുകയും ചെയ്തു.

1958-ലെ സുപ്രീംകോടതിവിധി കാതോലിക്കാ കക്ഷിക്ക് അനുകൂലമായതിന്റെ സദ്ഫലങ്ങൾ

1. ഈ വിധി ഒരു സഭായോജിപ്പിൽ ഇരുഭാഗത്തേയും എത്തിച്ചു. 1958 ഡിസംബർ 16-ന് അന്നത്തെ പാത്രിയർക്കീസ് യാക്കൂബ് മൂന്നാമൻ മലങ്കര മെത്രാപ്പോലീത്താ കൂടിയായ ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാ ബാവായെ കിഴക്കിന്റെ കാതോലിക്കാ ആയി സ്വീകരിച്ചു. കാതോലിക്കാ പാത്രിയർക്കീസിനെയും ആ കക്ഷിയിലെ മെത്രാന്മാരെയും 1934-ലെ സഭാ ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിധേയമായി സ്വീകരിച്ചു.

2. തുടർന്ന് 12 വർഷക്കാലം മലങ്കരസഭ പഴയതുപോലെ ഒന്നായി പ്രവർത്തിച്ചു.

3. 1964 മെയ് 22-ൽ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ യുടെ പിൻഗാമിയായി ബസ്സേലിയോസ് ഔഗേൻ കാതോലിക്കായെ കോട്ടയത്തുവച്ചു പാത്രിയർക്കീസിന്റെ സഹകരണത്തോടെ വാഴിച്ചു.

4. 1970 ഡിസംബർ 31-ൽ മലങ്കര മെത്രാപ്പോലീത്തായുടെയും കാതോ ലിക്കായുടെയും പിൻഗാമിയായി മാത്യൂസ് മാർ അത്താനാസ്യോസിനെ തെരഞ്ഞെടുത്തു. മുമ്പ് രണ്ടു വിഭാഗങ്ങളായി പറയപ്പെട്ടിരുന്ന കാതോ ലിക്കാ-പാത്രിയർക്കീസ് പക്ഷത്തുള്ളവരും ഈ അസോസിയേഷനിൽ പങ്കെടുത്തിരുന്നു.

രണ്ടാം സമുദായക്കേസ് സുപ്രീംകോടതിയിൽ

യോജിച്ച സഭ ഒരുമിച്ച് അസോസിയേഷൻ കൂടിയതോടെ സഭയുടെ വളർച്ച അതിവേഗമാകുമെന്ന് കരുതിയിരുന്നവർക്കു തെറ്റി എന്ന് അന ന്തരകാല സംഭവങ്ങൾ തെളിയിച്ചു.

ഒന്നാം സമുദായക്കേസിനുശേഷം 12 വർഷം പത്തിഒതുക്കിക്കിടന്ന പാത്രിയർക്കീസ് കക്ഷിക്ക് ഫണമുയർത്തി ചാടുവാനുള്ള കളങ്ങൾ പാത്രിയർക്കീസ് തന്നെ സൃഷ്ടിച്ചുകൊടുത്തു.

1. 1970 ജൂൺ 27-ന് കുപ്രസിദ്ധമായ 203-ാം നമ്പർ കൽപ്പനയിലൂടെ മാർത്തോമ്മാശ്ലീഹായുടെ വൈദികസ്ഥാനത്തെ ചോദ്യം ചെയ്തത് ഒരു പുതിയ നിയമയുദ്ധത്തിനുള്ള കോളിളക്കങ്ങൾ ഉണ്ടാക്കി. കാതോലിക്കാ "മാർത്തോമ്മായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്ന ടൈറ്റിൽ ഉപയോഗിക്കുന്നതിനെ പാത്രിയർക്കീസ് എതിർത്തു. പാത്രി യർക്കീസിന്റെ ഈവിധ ബാലിശ നിലപാടുകളെ അപ്പാടെ ഖണ്ഡിച്ചും, എതിർത്തുംകൊണ്ട് കാതോലിക്കാ മറുപടി നൽകി.

2. 1972-ൽ പാത്രിയർക്കീസ് മലങ്കരയിൽ, മുമ്പ് മലങ്കരയിൽ താമ സിച്ചു ഭിന്നിപ്പിനു ആക്കംകൂട്ടിയ അപ്രേം അബൂദി റമ്പാനെത്തന്നെ മെത്രാനാക്കി തീമോത്തിയോസ് എന്നപേരിൽ പാത്രിയർക്കീസിന്റെ ഡലി ഗേറ്റ് എന്ന സ്ഥാനത്തോടുകൂടി മലങ്കരസഭയുടെ എതിർപ്പിനെ അവഗ ണിച്ച് കേരളത്തിലേക്കയച്ചു. ഈ നടപടിയെ 1972 ഫെബ്രുവരി 16-ലെ മലങ്കര സുന്നഹദോസ് ഏകകണ്ഠമായി പ്രതിഷേധിച്ച് പാത്രിയർക്കീ സിനെ രേഖാമൂലം അറിയിക്കുകയും സഭാ സമാധാനത്തിനായി ഈ പ്രതിനിധിയെ പിൻവലിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. പിൽക്കാ ലത്ത് പാത്രിയർക്കീസിനോടു കൂറുമാറി പ്രഖ്യാപിച്ച കണ്ടനാട് ഭദ്രാസ നത്തിന്റെ പൗലോസ് പീലക്സിനോസും ക്നാനായ ഭദ്രാസനത്തിന്റെ മാർ ക്ലിമ്മീസും ഫെബ്രുവരി 16-ലെ മലങ്കര സുന്നഹദോസിൽ സംബ ന്ധിക്കയും ഏകകണ്ഠമായ സുന്നഹദോസ് തീരുമാനങ്ങളിൽ ഒപ്പു രേഖ

പ്പെടുത്തുകയും ചെയ്തവരാണെന്ന് ഓർക്കേണ്ടതുണ്ട്. അവർ ശരിവെച്ച് ഒപ്പിട്ടു നൽകിയ തീരുമാനങ്ങളെ വിസ്മരിച്ചുകൊണ്ടാണ് അധികം താമസിയാതെ ഈ രണ്ടുപേരും മറുകണ്ടം ചാടിയത്.

3. 1973-ൽ സെപ്റ്റംബർ 1-ന് മലങ്കരസഭയിലെ പട്ടക്കാരായ കടവിൽ പൗലോസ് റമ്പാനെ അത്താനാസ്യോസ് എന്ന പേരിലും, പെരുമ്പള്ളി ഗീവറുഗീസച്ചനെ ഗ്രീഗോറിയോസ് എന്ന പേരിലും ചെറുവള്ളിൽ സി. എം. തോമസച്ചനെ ദീവന്നാസ്യോസ് എന്ന പേരിലും 1974 മാർച്ചു മാസത്തിൽ പാത്രിയർക്കീസ് മെത്രാന്മാരാക്കി. ഇവരെ ആരെയും മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തിരുന്നില്ല. യാതൊരു വ്യവസ്ഥയും ഈ പട്ടംകൊടയിൽ പാലിച്ചിരുന്നില്ല.

പാത്രിയർക്കീസ് മലങ്കരസഭാ ഭരണഘടനയെ അവഗണിച്ച് മെത്രാന്മാരെ വാഴിക്കുകയും സഭയിൽ ഭിന്നത ഉണ്ടാക്കുകയും ചെയ്തതിനാൽ അന്നത്തെ കാതോലിക്കാ ബസ്സേലിയോസ് ഔഗേൻ ബാവായും നിയുക്തബാവാ വട്ടക്കുന്നേൽ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ചേർന്ന് 1974 ജൂൺ 27-ന് കോട്ടയം സബ്കോടതിയിൽ ഒരു സിവിൽ ക്കേസ് കൊടുത്തു. അന്നു തുടങ്ങിയ കേസാണ് 1995-ൽ സുപ്രീംകോർട്ടിൽ രണ്ടാം സമുദായക്കേസായി പരിഗണിച്ചതും കാതോലിക്കാ വിഭാഗത്തിന് അനുകൂലമായ വിധിയിൽ കലാശിച്ചതും.

ഈ കേസിൽ കാതോലിക്കാകക്ഷി നിരത്തിയ വാദഗതികൾ ഏതാണ്ട് ഇപ്രകാരമായിരുന്നു. "മലങ്കര ഓർത്തഡോക്സ് സഭ ഓർത്തഡോക്സ് സുറിയാനി സഭയുടെ സ്വയംശീർഷകത്വമുള്ള ഒരു വിഭാഗമാണ്. അത് ക്രിസ്തുവിന്റെയും അപ്പോസ്തോലന്മാരുടെയും പിന്തുടർച്ചാ പാരമ്പര്യത്തിലാണ് ഉത്ഭവം കണ്ടെത്തുന്നത്. മലങ്കരയിലെ ഓർത്തഡോക്സ് സഭ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതവും കിഴക്കിന്റെ കാതോലിക്കായുടെ മേൽനോട്ടത്തിൻ കീഴിലുമായിരുന്നു. മലങ്കരയിലെ ഒരു ഭരണകർത്താവായ മെത്രാൻ അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ പിൻതുടർച്ചക്കാരനെ വാഴിച്ചുപോന്നു. പൗരസ്ത്യ കാതോലിക്കേറ്റ് നിശ്ചലമായ കാലഘട്ടങ്ങളിൽ അപ്പോസ്തോലിക പിന്തുടർച്ച നിലനിർത്തുന്നതിന് അന്ത്യോഖ്യായുടെ സഹായം സ്വീകരിച്ചിരുന്നെങ്കിലും ഒരു കാലത്തും അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭയിൽ ലൗകികമോ ഭരണപരമോ ആയ അധികാരങ്ങളുണ്ടായിരുന്നില്ല. എന്നാൽ പലപ്പോഴും പാത്രിയർക്കീസന്മാർ ലൗകികാധികാരം കൈക്കലാക്കുന്നതിന് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. പാത്രിയർക്കീസന്മാരുടെ അധികാരപ്രവണതയെ തടഞ്ഞു നിർത്തുന്നതിന് കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കണമെന്ന് ചിന്തിക്കുവാൻ സഭ നിർബന്ധിതമായി. അങ്ങനെയാണ് 1912-ൽ മാർത്തോമ്മാ

സിംഹാസനത്തിലേക്ക് പാത്രിയർക്കീസിന്റെ സഹകരണത്തോടെ പൗരസ്ത്യ കാതോലിക്കേറ്റ് പേർഷ്യയിൽ നിന്നു മാറ്റി മലങ്കരയിൽ സ്ഥാപിച്ചത്. ഇതുമൂലം മലങ്കരയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനുണ്ടെന്ന് അവകാശപ്പെടുന്ന അധികാരങ്ങളെല്ലാം ഫലത്തിൽ ഇല്ലാതായി.

മേൽപ്പറഞ്ഞ വാദങ്ങൾക്കെല്ലാം പാത്രിയർക്കീസ് വിഭാഗം എതിർവാദങ്ങൾ ഉന്നയിച്ച് സുപ്രീംകോടതിയിൽ എത്തി എന്നു പറഞ്ഞാൽ മതിയല്ലോ. ജസ്റ്റീസന്മാരായ ആർ. എം. സഹായി, ബി. വി. ജീവൻറഡ്ഡി, സുഹാസ് സി. സെൻ എന്നിവരുൾപ്പെട്ട മൂന്നംഗ ബഞ്ച് വാദം കേട്ടു. കാതോലിക്കാ ഭാഗത്തേക്ക് ഈ പ്രാവശ്യം സുപ്രസിദ്ധനായ എഫ്. എസ്. നരിമാനും, പാത്രിയർക്കീസ് ഭാഗത്തേക്ക് കെ. പരാശരനും പ്രധാന വാദം നടത്തി.

1995 ജൂൺ 20-ന് രണ്ടാം സമുദായക്കേസിലും കാതോലിക്കാ കക്ഷിക്ക് അനുകൂലമായി വിധി ഉണ്ടായി. ജ. സുഹാസ് സെന്നിന് വേണ്ടി കൂടി ജ. ബി. പി. ജീവൻ റഡ്ഡി വിധിന്യായം തയ്യാറാക്കിയപ്പോൾ ആർ. എം. സഹായി തനിച്ച് മറ്റൊരു വിധിന്യായം എഴുതി. രണ്ടു വിധിന്യായങ്ങൾ തമ്മിൽ പ്രധാനപ്പെട്ട പത്തു പോയിന്റുകളിൽ സാരാംശത്തിൽ വ്യത്യാസമില്ലാതെ എല്ലാ പോയിന്റുകളും കാതോലിക്കാ ഭാഗത്തിന്റെ വാദങ്ങളെ സമ്മതിച്ചുകൊണ്ടായിരുന്നു. എന്നാൽ വ്യത്യാസമുണ്ടായത് സഭാ ഭരണഘടനയ്ക്കു നിർദ്ദേശിച്ച ഭേദഗതികൾ സംബന്ധിച്ച് മാത്രമായിരുന്നു.

വിധിയിൽ അക്കമിട്ട് എടുത്തുപറഞ്ഞിട്ടുള്ള 10 വിഷയങ്ങൾ താഴെ പറയുന്നവയാണ്.

1. കാനോൻ. പാത്രിയർക്കീസ് പക്ഷം സമർപ്പിച്ച ഹൃദായക്കാനോൻ ആധികാരികമായതല്ല (not the authentic version, p. 163).

2. കാതോലിക്കാ സ്ഥാപനം. 1912-ൽ സ്ഥാപിക്കപ്പെട്ട കിഴക്കിന്റെ കാതോലിക്കാ സ്ഥാപനത്തെപ്പറ്റി മുമ്പ് സുപ്രീംകോടതി തന്നെ തീർപ്പു കൽപ്പിച്ചിട്ടുള്ളത് ഇനിയും പുനഃപരിശോധനാ വിഷയമല്ല (Final and operate as resjudicata).

3. പാത്രിയർക്കീസിനുള്ള അധികാരം. അന്ത്യോഖ്യാ പാത്രിയർക്കീസിന് യാതൊരുവിധ ലൗകിക അധികാരവും പള്ളികളുടെ മേൽ ഇല്ല (p. 162). മലങ്കരസഭയ്ക്കുവേണ്ടി പാത്രിയർക്കീസിന് മെത്രാന്മാരെ വാഴിക്കുന്നതിനുള്ള വ്യവസ്ഥകൾ സഭാഭരണഘടനയിലില്ല (The patriarch's power to ordain the metropolitans now is subject to the constitution. p. 71). അതായത് കാതോലിക്കാ ആവശ്യപ്പെട്ടാൽ കാതോലിക്കായുടെ സഹകരണത്തോടുകൂടി മലങ്കരയിൽ മെത്രാന്മാരെ വാഴിക്കാം.

4. പാത്രിയർക്കീസും കാതോലിക്കായും തമ്മിലുള്ള ബന്ധം. രണ്ട് ആത്മീയ മേധാവികളായ അന്ത്യോഖ്യായുടെ പാത്രിയർക്കീസും കിഴക്കിന്റെ കാതോലിക്കായും തമ്മിലുള്ള ബന്ധം – ഒരാൾ മറ്റൊരാളിനെക്കാൾ ഉന്നതനോ, കീഴ്സ്ഥാനിയോ അല്ല. എന്നാൽ രണ്ടു പേരും സ്വതന്ത്രരായ ആത്മീയാധികാരികളാണ് (p. 162, 163, 166).

7. വി. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനവും 'പരിശുദ്ധ' എന്ന ബഹുമാന സൂചകപദവും (p. 83 - 88) എല്ലാ അപ്പോസ്തോലന്മാർക്കും സിംഹാസനമുള്ളതിനാൽ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം എന്നു പറയുന്നതിൽ തെറ്റില്ല. 1934-ൽ സഭാഭരണഘടന പാസ്സാക്കിയ എം. ഡി. അസോസിയേഷനു വേണ്ടി അയച്ച നോട്ടീസിൽത്തന്നെ, 'വി. മാർത്തോമ്മാശ്ലീഹായുടെ കിഴക്കിന്റെ സിംഹാസനം' എന്നു പറഞ്ഞിട്ടുള്ളതാണ്.

1964 മെയ് 22-ന് മലങ്കര സുന്നഹദോസിന്റെ കാനോനിക ക്ഷണം സ്വീകരിച്ച് പാത്രിയർക്കീസ് ഇവിടെ വന്ന് കാതോലിക്കാ വാഴ്ചയിൽ നേതൃത്വം വഹിച്ചതോടെ ഇവയെപ്പറ്റിയുള്ള ആക്ഷേപങ്ങൾ പിൻവലിച്ച് ഉപേക്ഷിച്ചതായി പരിഗണിക്കാം. ആ കാതോലിക്കാ വാഴ്ചയ്ക്കു മുമ്പായി പാത്രിയർക്കീസിന്റെയും കാതോലിക്കായുടെയും അധികാരപരിധി ക്ലിപ്തപ്പെടുത്തുവാൻ ശ്രദ്ധിച്ചിട്ടുമുണ്ട്.

പാത്രിയർക്കീസും കാതോലിക്കായും പ്രത്യേക അധികാരസീമകളുള്ള സ്വതന്ത്ര ഭരണാധികാരികളാണെന്നും പാത്രിയർക്കീസിനെപ്പോലെതന്നെ കാതോലിക്കായ്ക്കു ബഹുമാനപദവികൾ അനുവദനീയമാണെന്നും ഈ വിധി വ്യക്തമാക്കി. പൗരസ്ത്യസഭയെ കാതോലിക്കേറ്റായി ഉയർത്തിയത് എല്ലാ സഭകളുടെയും മാതാവായ യെറുശലേമിൽ കൂടിയ സുന്നഹദോസാണ്. ആ പ്രഖ്യാപനം നടത്തിയ യെറുശലേം സുന്നഹദോസ് കൂടിയത് എ.ഡി. 231-ൽ ആണ്. അതായത് പാത്രിയർക്കാസിംഹാസനങ്ങൾ രൂപീകരിച്ച എ.ഡി. 325-ലെ നിഖ്യാ സുന്നഹദോസിന് 94 വർഷങ്ങൾക്കു മുമ്പാണ്. നാലു പാത്രിയർക്കാ സിംഹാസനങ്ങൾ ഉണ്ടാകുന്നതിന് 94 വർഷങ്ങൾക്കു മുമ്പാണ് കിഴക്കിന്റെ കാതോലിക്കാ സിംഹാസനം ഉണ്ടായത്. ഈ യെറുശലേം സുന്നഹദോസ് തീരുമാനം വീണ്ടും നിഖ്യാ സുന്നഹദോസിൽ എടുത്തുപറഞ്ഞ് ആഗോള അംഗീകാരം നൽകുകയുണ്ടായി എന്ന സത്യവും നാം മനസ്സിലാക്കേണ്ടതുണ്ട്.

8. മലങ്കരസഭ എപ്പിസ്ക്കോപ്പൽ സഭയാണോ? ഇടവകപ്പള്ളികളുടെ ഭരണം എങ്ങനെ ആയിരിക്കേണ്ടതാണ്?

ഈ വിഷയത്തിലും ഈ വിധി വ്യക്തമായ തീരുമാനമുണ്ടാക്കി. അന്ത്യോഖ്യൻ പാത്രിയർക്കീസിന് പള്ളികളുടെ മേൽ യാതൊരധികാ

രവും ഇല്ല. മലങ്കര അസോസിയേഷൻ രൂപീകരിച്ചതും അതതു കാലങ്ങളിൽ ഭേദഗതി ചെയ്തിട്ടുള്ളതുമായ ഭരണഘടനപ്രകാരം എല്ലാ പള്ളികളും ഭരിക്കപ്പെടേണ്ടതാണ്.

മലങ്കരസഭ എപ്പിസ്ക്കോപ്പലാണെന്നുള്ള പ്രഖ്യാപനത്തെ സംബന്ധിച്ചു 1934-ലെ ഭരണഘടനയിൽ പ്രഖ്യാപിച്ചിട്ടുള്ളിടത്തോളം അത് എപ്പിസ്ക്കോപ്പലാണെന്നതു മാത്രമേ തീരുമാനിക്കേണ്ടതുള്ളു എന്നാണ് ഈ വിധിയിൽ പറഞ്ഞിരിക്കുന്നത്.

9. കാതോലിക്കോസിന്റെ മുടക്ക്. ഹൃദായക്കാനോനിൽ കാതോലിക്കായെ മുടക്കുവാനുള്ള അധികാരം പാത്രിയർക്കീസിനില്ല. കാതോലിക്കായെ പാത്രിയർക്കീസ് മുടക്കിയത് അസാധുവാണ്. കാതോലിക്കായും പാത്രിയർക്കീസും സമന്മാരായിരിക്കുകയും പാത്രിയർക്കീസിന് മലങ്കരയിൽ 1934-ലെ ഭരണഘടനപ്രകാരം മാത്രമുള്ള അധികാരം മാത്രം ഉണ്ടായിരിക്കുകയും കാനോനിൽ പോലും കാതോലിക്കായെ മുടക്കുവാനുള്ള വ്യവസ്ഥ ഇല്ലാതിരിക്കുകയും ചെയ്യുന്നതിനാൽ പാത്രിയർക്കീസ് കാതോലിക്കായെ മുടക്കുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല.

10. സമുദായം വക സ്വത്തുക്കൾ. മലങ്കരസഭയുടെ കീഴിലുള്ള സമുദായം വക സ്വത്തുക്കൾ 1958-ലെ സുപ്രീംകോടതിവിധിയിൽ പറഞ്ഞിട്ടുള്ളപ്രകാരം മലങ്കര മെത്രാപ്പോലീത്തായിലും മറ്റുള്ളവരിലും നിക്ഷിപ്തമാണ്.

1995-ലെ സുപ്രീംകോടതിവിധി ഒരു സുപ്രധാന ഭരണഘടനാ ഭേദഗതി കൂടി നിർദ്ദേശിച്ചു. അതു ഇപ്രകാരമാണ്. "ഭരണഘടനയിലെ 1967-ലെ ഭേദഗതികൾക്കു ശേഷം വകുപ്പ് 7-ൽ പറയുന്നപ്രകാരം ഓരോ പള്ളിയിൽ നിന്നും മലങ്കര അസോസിയേഷനിലേക്ക് ഒരു പട്ടക്കാരനും രണ്ട് അയ്മേനികളും എന്നത് ശരിയായ പ്രാതിനിധ്യം ആണെന്ന് തോന്നുന്നില്ല. ഭരണഘടനയിലെ വകുപ്പ് 71 ഭേദഗതി ചെയ്യേണ്ടത് ആവശ്യമായതിനാൽ മൂന്നു മാസത്തിനകം ഇരുവിഭാഗവും റൂൾ കമ്മിറ്റിയും ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. കോടതി അവ പരിശോധിച്ച ശേഷം വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

1-1-1971-നു ശേഷം പാത്രിയർക്കീസ് പക്ഷത്തു വാഴിക്കപ്പെട്ട മെത്രാന്മാർ

1971-നുശേഷം പാത്രിയർക്കീസ് പക്ഷത്തു വാഴിക്കപ്പെട്ടിട്ടുള്ള കാതോലിക്കാ സ്ഥാനിയേയോ, മെത്രാപ്പോലീത്തന്മാരെയോ 1934-ലെ ഭരണഘടനപ്രകാരം മലങ്കര അസോസിയേഷൻ തെരഞ്ഞെടുക്കുകയോ പരിശുദ്ധ സുന്നഹദോസ് അംഗീകരിക്കയോ ചെയ്തിട്ടില്ലാത്തതിനാൽ

അവർക്ക് നിയമപ്രകാരം അംഗീകാരമില്ല. അതുകൊണ്ട് അവർക്ക്, പട്ടക്കാരെയോ, ശെമ്മാശന്മാരെയോ പട്ടംകൊടുക്കുന്നതിന് അർഹത യില്ല. അതുകൊണ്ട് അവരിൽനിന്നു പട്ടം സ്വീകരിച്ചിട്ടുള്ള പട്ടക്കാർക്കോ, ശെമ്മാശന്മാർക്കോ സ്ഥാനം ഉള്ളതായി അംഗീകരിക്കാവുന്നതല്ല.

ക്നാനായ സമുദായം. ഈ സമുദായം മലങ്കരസഭയുടെ ഒരു അവി ഭാജ്യഘടകമാണ്. 1934-ലെ ഭരണഘടനാ വ്യവസ്ഥകൾക്ക് വിധേയമ ല്ലാതെ ക്നാനായ സമുദായത്തിനുവേണ്ടി ഒരു മെത്രാപ്പോലീത്തായെ നേരിട്ടു വാഴിക്കുന്നതിന് പാത്രിയർക്കീസിന് അധികാരമില്ല.

1934-ലെ ഭരണഘടനയ്ക്കുള്ള ഭേദഗതി നക്കൽ നിർദ്ദേശങ്ങൾ ഇരു കക്ഷികളും കോടതിയിൽ സ്വീകരിക്കയും ജസ്റ്റീസന്മാരായ ബി. പി. ജീവൻ റഡ്ഡി, സുഹാസ് സി. സെൻ, എസ്. ഡി. മജ്ജംമ്ദാർ എന്നിവ രുടെ ബഞ്ചിൽ 1996 മാർച്ച് 25-ന് ഉത്തരവായി ഭേദഗതികളിൽ തീർപ്പു കൽപ്പിച്ചു.

2002-ലെ സുപ്രീംകോടതിവിധിയും പരുമല അസോസിയേഷനും

എപ്പോഴെങ്കിലും പാത്രിയർക്കീസ് കക്ഷി കോടതിയിൽ പരാജയപ്പെ ടുമ്പോൾ പെട്ടെന്ന് ഒരു സമാധാന ആലോചനയുമായി അവർ രംഗത്ത് എത്തുക പതിവാണ്. 1958-ലെ വിധിയെ തുടർന്ന് ഇരുവിഭാഗങ്ങളും ഒരു മിക്കുവാൻ പാത്രിയർക്കീസിന്റെ അനുമതിയോടുകൂടി പെട്ടെന്ന് ഒരു സൗഹൃദവും കെട്ടിപ്പിടുത്തവും സമാധാനവും നടന്നു. സഭ യോജിച്ചു വെന്ന് ഇരുഭാഗത്തുമുള്ള സാധാരണക്കാരൻ കരുതിയിരിക്കെ 12 വർഷ ക്കാലം പാത്രിയർക്കീസ് വിഭാഗം സഭയുടെ അന്തപ്പുരങ്ങളും ഭരണസ മിതികളിലും കയറിപ്പറ്റി സ്വച്ഛന്ദം വിഹരിച്ചശേഷം അണിഞ്ഞിരുന്ന പൊയ്മുഖം വലിച്ചെറിഞ്ഞ് വീണ്ടും കേസുമായി ചാടിപ്പുറപ്പെട്ടെങ്കിലും 1995-ലെ രണ്ടാം സുപ്രീംകോടതിവിധി ആ പൊയ്മുഖച്ചട്ട വലിച്ചെ റിഞ്ഞ് ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി നീതിപാലിച്ചു.

ഇത്തരുണത്തിൽ, ആ പരാജയത്തിൽ നിന്നിതാ ഒരു സമാധാനം വീണ്ടും സജീവ വിഷയമാക്കിക്കൊണ്ട് പാത്രിയർക്കീസ് കക്ഷി മുന്നോ ട്ടുവന്നു. സഭ എന്നും സമാധാനവും അനുരഞ്ജനവും ആഗ്രഹിച്ചുവെ ന്നതിനു തർക്കമില്ല. 1970 ഡിസംബർ 31-നാണ് വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസിനെ യോജിച്ച സഭ നിയുക്ത കാതോലിക്കാസ്ഥാ നത്തേക്കു തെരഞ്ഞെടുത്തത്. സഭ ഒന്നായിരുന്ന അതേ അന്തരീക്ഷം സൃഷ്ടിക്കുവാൻ ആ തെരഞ്ഞെടുപ്പിന്റെ പിറ്റെദിവസത്തെ അതായത് 1971 ജനുവരി 1 എന്ന ദിവസം അനുരഞ്ജനത്തിന്റെ തുടക്കമായി പരിഗ

ണിക്കണമെന്ന് സഭ കോടതിയിലൂടെ ആ തീയതി പ്രതിപാദിക്കുകയുണ്ടായി. സഭയിൽ സമാധാനം കൈവരുത്തുന്നതിനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് 71 ജനുവരി 1 എന്ന തീയതി കോടതി പ്രതിപാദിച്ചിട്ടുള്ളത്.

വട്ടക്കുന്നേൽ ബാവായ്ക്കുശേഷം ആറാം കാതോലിക്കാ ആയി മാർ കൂറിലോസ്, ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

1997 ഫെബ്രുവരി 5-ന് സുപ്രീംകോടതി വീണ്ടും സമുദായക്കേസ് പരിഗണനയ്ക്കെടുത്തു. തൽസ്ഥിതി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കേണ്ടവർ 34-ലെ ഭരണഘടന സത്യംചെയ്ത് സ്വീകരിക്കണമെന്ന് കോടതി ഉത്തരവായി. മലങ്കര അസോസിയേഷനിലേക്കുള്ള തെരഞ്ഞെടുപ്പുകൾ 1997 ഏപ്രിൽ 30-ന് മുമ്പായി നടത്തണമെന്നും കോടതി ആജ്ഞാപിച്ചിരുന്നു.

പെട്ടെന്ന് ഒരു അസോസിയേഷൻ കൂടി സ്ഥാനികളുടെ തെരഞ്ഞെടുപ്പു നടത്തിയാൽ ഒരു തോൽവി കൂടി അഭിമുഖീകരിക്കേണ്ടി വരുമെന്ന് കണ്ടാണ് സമാധാനകാംക്ഷികൾ രംഗത്തു ചാടിപുറപ്പെട്ടത്. ആ സമാധാന ചർച്ചകളിലെ ആത്മാർത്ഥത എത്രമാത്രം എന്നത് തർക്കവിഷയമാണ്. സഭാസെക്രട്ടറിയും ട്രസ്റ്റിയുമായി അനേകം വർഷം സഭയെ സേവിച്ച പടിഞ്ഞാറേക്കര പി. സി. ഏബ്രഹാം തന്റെ 'ഓർമ്മയുടെ പൂക്കൾ' എന്ന ആത്മകഥയിൽ അന്നത്ത അനുരഞ്ജനശ്രമങ്ങളെ ഇങ്ങനെ അനുസ്മരിക്കുന്നു:

"മലങ്കരസഭയിലെ ഇരുകക്ഷികളും തമ്മിലുള്ള തർക്കത്തിന് സുപ്രീം കോടതി അസന്ദിഗ്ദ്ധമായ ഒരു വിധിയിലൂടെ തീർപ്പു കൽപ്പിച്ചു. മലങ്കരസഭയുടെ ഭരണഘടന മലങ്കരസഭയിലെ എല്ലാ പള്ളികൾക്കും ബാധകമാണെന്നും, സഭാസ്ഥാപനങ്ങൾ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നുമായിരുന്നു സുപ്രീംകോടതിയുടെ പ്രധാന കണ്ടെത്തലുകൾ. വിധിയെ തുടർന്ന് സഭാസമാധാനം ഒരു സജീവ വിഷയമായി. പല ആലോചനകൾ ഔപചാരികമായും അല്ലാതെയും നടന്നു. ഈ ആലോചനകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതായിരുന്നു ഇരുവിഭാഗത്തിലെയും മേൽപട്ടക്കാരും വൈദികപ്രമുഖരും അത്മായനേതാക്കളും അടങ്ങുന്ന ഒരു ജോയിന്റ് കമ്മിറ്റിയുടെ രൂപവൽക്കരണം. കാതോലിക്കാ കക്ഷിയിൽ നിന്ന് ഒമ്പതും പാത്രിയർക്കീസ് കക്ഷിയിൽ നിന്ന് ആറും അംഗങ്ങൾ അടങ്ങിയ ഒരു സമിതി നിലവിൽ വന്നു. ഓർത്തഡോക്സ് കക്ഷിയിലെ മാർ ഗ്രീഗോറിയോസും പാത്രിയർക്കീസ് കക്ഷിയിലെ മാർ ദീവന്നാസ്യോസുമായിരുന്നു കമ്മിറ്റി ചെയർമാൻമാർ. ഡോ. തോമസ് അത്താനാസ്യോസ്, ഡോ. മാത്യൂസ് സേവേറിയോസ്, പി. പി. ജോസഫ് കോർ

എപ്പിസ്കോപ്പാ, ഫാ. ജോസഫ് വെണ്ടറപ്പള്ളി, കെ. എം. മാത്യു, എ. കെ. തോമസ്, ഡോ. ബാബു പോൾ, എം. ടി. പോൾ, ടി. യു. കുരുവിള എന്നിവരായിരുന്നു എന്നോടൊപ്പമുണ്ടായിരുന്ന സമിതിയംഗങ്ങൾ. ജോയിന്റ് കമ്മിറ്റിയുടെ പ്രഥമയോഗം 1996 മെയ് 24-ന് കോട്ടയം റോട്ടറി ക്ലബ്ബിൽ ചേർന്നു. സഭയിൽ പൂർണ്ണസമാധാനം നടപ്പാക്കി സഭ ഒന്നാകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. സുപ്രീംകോടതി വിധിയുടെ സാക്ഷാത്ക്കാരം വേണമെന്നു തീരുമാനിച്ചു. തുടർന്ന് കോട്ടയം സെമിനാരിയിലും ഉദയഗിരി സെമിനാരിയിലും ജോയിന്റ് കമ്മിറ്റി ചേർന്നു. ഉദയഗിരിയിലെ യോഗത്തിൽ സുപ്രധാന തീരുമാനങ്ങൾ എടുത്തു. ..... അത് സംബന്ധിച്ച് പത്തോളം യോഗങ്ങൾ വിവിധ സ്ഥലങ്ങളിൽ ചേർന്നെങ്കിലും സമാധാനം സംബന്ധിച്ച വ്യക്തമായ ധാരണ ഉണ്ടാക്കാൻ കഴിഞ്ഞില്ല. എന്നാൽ പാത്രിയർക്കീസ് പക്ഷത്തെ പ്രതിനിധാനം ചെയ്ത ഡോ. തോമസ് അത്താനാസ്യോസ് സുദൃഢമായ ഒരു നിലപാട് സ്വീകരിക്കയും മലങ്കരസഭയുടെ ഭാഗമാകുകയും ചെയ്തു."

സുപ്രീംകോടതിവിധി അന്തിമപരിഹാരമാവും എന്നു കരുതിയും ഇരുവിഭാഗവും മാനസികമായി യോജിപ്പിന് തയ്യാറാകട്ടെ എന്ന് ചിന്തിച്ചും മലങ്കര അസോസിയേഷൻ യോഗം നീട്ടിക്കൊണ്ടുപോയി. കാര്യങ്ങൾ നീട്ടിനീട്ടി കൊണ്ടുപോകുന്നതിന് പാത്രിയർക്കീസ് പക്ഷത്തിന് "സമാധാനം" എന്ന നാട്യത്തിലൂടെ സാധിച്ചു. ഓർത്തഡോക്സ് സഭ അസോസിയേഷൻ വിളിച്ചുചേർക്കാതിരിക്കുന്നതിനുള്ള അവരുടെ ഒരടവായിരുന്നു അതെന്ന് വിശ്വസിച്ചവർ ധാരാളം പേരുണ്ടായി.

ഏതായാലും അന്നത്തെ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ആയ ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ ബാവാ മലങ്കര അസോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനു പള്ളികൾക്ക് കൽപ്പന അയച്ചു. എന്നാൽ പാത്രിയർക്കീസ് വിഭാഗം പള്ളികൾ ഈ കൽപ്പന നിരാകരിച്ചു. ബാവായുടെ മലങ്കര മെത്രാപ്പോലീത്താസ്ഥാനം സുപ്രീംകോടതി അംഗീകരിച്ചിരുന്നില്ലെന്നായിരുന്നു ഇവരുടെ നിലപാട്.

മലങ്കര അസോസിയേഷൻ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിന്റെ കാലപരിധി ദീർഘിപ്പിക്കണമെന്ന് കാണിച്ച് പാത്രിയർക്കീസ് വിഭാഗം വീണ്ടും സുപ്രീംകോടതിയിൽ ഹർജി നൽകി. തുടർന്ന് സുപ്രീംകോടതി വിധി നടപ്പിലാക്കണമെന്നു കാണിച്ച് വിധിനടത്തു ഹർജി കേരള ഹൈക്കോടതിയിലും ബോധിപ്പിച്ചു.

ഹൈക്കോടതിയിൽ ബോധിപ്പിച്ച വിധിനടത്ത് ഹർജിയിൽ ജസ്റ്റീസുമാരായ പി. കെ. ബാലസുബ്രഹ്മണ്യൻ, ടി. എം. ഹസ്സൻപിള്ള എന്നിവർ

വാദം കേട്ടു. ഹർജി നിലനിൽക്കത്തക്കതല്ലെന്നായിരുന്നു കാതോലിക്കാ പക്ഷത്തിന്റെ നിലപാട്. എന്നാൽ ഹർജി നിലനിൽക്കത്തക്കതാണെന്നും ഹൈക്കോടതി 2001 ഏപ്രിൽ 6-ന് വിധിച്ചു.

ഈ കേസാണ് അവസാനം സുപ്രീംകോടതിയിൽ ചെന്നെത്തിയത്. 1995-ൽ അനുകൂലമായ ഒരു വിധി ലഭിച്ചിട്ടും 2000 ആണ്ടു പിറന്നിട്ടും വിധിയുടെ സത്ഗുണങ്ങൾ അനുഭവിക്കാൻ മലങ്കരസഭയ്ക്കു ഭാഗ്യമുണ്ടായില്ല. സഭയിൽ ആകമാനം ഒരു നിഷ്ക്രിയത്വം അനുഭവപ്പെട്ടു. പലരും ചേർന്നു തുഴഞ്ഞിട്ടും വഞ്ചി വീണ്ടും തിരുനക്കരത്തന്നെ കിടക്കുന്നതേയുള്ളു. ഇത് അനാസ്ഥയാണോ, നിഷ്ക്രിയത്വമാണോ, അലസതയാണോ അതോ എല്ലാം ചേർന്നാണോ മലങ്കരസഭയെ കാർന്നുതിന്നത്. ഒരു ഡിപ്പാർട്ടുമെന്റിനും വേഗം പോരാ. എല്ലാവരിലും ഗാഢനിദ്ര പിടിപെട്ടതുപോലെ - സഭ ഏതുവഴിക്കു നീങ്ങിയാലും ആർക്കും വേദനിക്കാത്ത ഭാവത്തിൽ മെത്രാപ്പോലീത്താമാരിലും അച്ചന്മാരിലും എല്ലാം ഒരു അലംഭാവം പടരുന്നതായി ജനം മുറവിളി കൂട്ടിത്തുടങ്ങി.

മലങ്കര അസോസിയേഷൻ മൂന്നു മാസത്തിനകം വിളിച്ചുകൂട്ടാൻ സുപ്രീംകോടതി അനുമതി നൽകിയിട്ടും മൂന്നു മാസം പോയിട്ട് മൂന്നു വർഷം കഴിഞ്ഞിട്ടും അഞ്ചു വർഷം കഴിഞ്ഞിട്ടും ഭാരവാഹികളെ തെരഞ്ഞെടുക്കാൻ കഴിയാതെവണ്ണം സഭ എവിടെയോ കുരുങ്ങിക്കിടക്കുന്നു. കുരുക്കഴിക്കാൻ ആരുണ്ട്?

വീണ്ടും സഭ മക്കാറിയോസിലേക്ക് തിരിയുന്നു

കേസിന്റെ ചുമതല മക്കാറിയോസ് തിരുമേനിയെത്തന്നെ ഏൽപ്പിച്ച് ഈ കുരുക്കിൽനിന്നു സഭയെ രക്ഷിച്ച് ചലനാത്മകമാക്കാൻ മാനേജിംഗ് കമ്മിറ്റിയും പ. സുന്നഹദോസും തീരുമാനിച്ചു. മക്കാറിയോസ് മെത്രാപ്പോലീത്താ ആ ദൗത്യവും ശിരസ്സാ വഹിച്ചു.

കേരള ഹൈക്കോടതിയിൽ ഉണ്ടായ ഉത്തരവിന്മേൽ സുപ്രീംകോടതിയിൽ അങ്ങനെ അപ്പീൽ നൽകപ്പെട്ടു. വാദം കേൾക്കുന്ന സമയമാകുമ്പോഴേക്കും താൻ ഡൽഹിയിൽ എത്തിക്കൊള്ളാം എന്ന് ബാവായെ അറിയിച്ചശേഷം അദ്ദേഹം അമേരിക്കയിലേക്കു മടങ്ങിപ്പോയി.

എന്നാൽ കേസിന്റെ വാദം കേൾക്കാറായപ്പോഴേക്കും സഭാനേതൃത്വം മക്കാറിയോസ് തിരുമേനിയെ ബന്ധപ്പെടാൻ ശ്രമിച്ചിട്ടും ജോലിക്കാര്യങ്ങളിലും യാത്രാപരിപാടികളിലും വ്യാപൃതനായിരുന്ന തിരുമേനിയുമായി ബന്ധപ്പെടാൻ കേന്ദ്രനേതൃത്വത്തിനു കഴിഞ്ഞില്ല. അതിൽ പരിഭ്രാന്തമായ നേതൃത്വം തോമസ് മാർ അത്താനാസ്യോസ് (ചെങ്ങന്നൂർ) മെത്രാപ്പോലീത്തായെ കേസ് നടത്തിപ്പിനായി തിടുക്കത്തിൽ ഡൽഹിക്ക്

അയച്ചു. അദ്ദേഹം ഡൽഹിയിലെത്തിയപ്പോൾ, തന്നെ ഏൽപ്പിച്ച കാര്യത്തിലുള്ള ഉത്തരവാദബോധത്തോടെ വാദം തുടങ്ങുന്നതിനു വളരെ മുമ്പുതന്നെ വക്കീലന്മാരുമായി ചർച്ചകൾ നടത്തുന്നതിനു ഡൽഹിയിൽ മുമ്പുകൂട്ടി എത്തിയ മക്കാറിയോസ് മെത്രാപ്പോലീത്തായെ ആണ് കണ്ടത്. അപ്പോഴേക്കും വാദത്തിന്റെ ഉള്ളടക്കങ്ങൾ മാർ മക്കാറിയോസ് വക്കീലന്മാരുമായി ചർച്ചകൾ നടത്തി കഴിഞ്ഞിരുന്നു.

ജസ്റ്റീസന്മാരായ ബി. എൻ. കൃപാൽ, കെ. ജി. ബാലകൃഷ്ണൻ എന്നിവർ വാദം കേട്ടു. ബാവായെ മലങ്കര മെത്രാപ്പോലീത്തായായി സുപ്രീം കോടതി അംഗീകരിച്ചിട്ടില്ലാത്തതിനാൽ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടാൻ അധികാരമില്ലെന്നുള്ള കേരള ഹൈക്കോടതി നിഗമനമാണ് ഇത്തവണ സുപ്രീംകോടതി ചർച്ചയ്ക്ക് വിഷയമാക്കിയത്. "Do you support this judgement?" എന്ന് ജസ്റ്റീസ് കൃപാൽ വാദത്തിനിടയിൽ പാത്രിയർക്കീസ് ഭാഗം വക്കീലിനോടു ചോദിച്ചപ്പോൾ "നോ" എന്ന് അദ്ദേഹം ഉത്തരം നൽകി. തുടർന്ന് കേസിലെ ഇരുഭാഗവും യോജിച്ചു നൽകിയ വ്യവസ്ഥകൾ സ്വീകരിച്ച് അപ്പീലിൽ 2001 നവംബർ 28-ന് സുപ്രീംകോടതി തീർപ്പു കൽപ്പിച്ചു.

മൂന്നു കാര്യങ്ങളിൽ മക്കാറിയോസ് തിരുമേനി ഊന്നൽ നൽകി വക്കീലന്മാർക്ക് നിർദ്ദേശം നൽകിയത് വ്യക്തമായ ലക്ഷ്യബോധത്തോടു കൂടെത്തന്നെ നമ്മുടെ വക്കീലന്മാർ കോടതിയിൽ ശക്തമായ ഭാഷയിൽ തന്നെ വാദിച്ചു.

1. പ. ബാവായുടെ തെരഞ്ഞെടുപ്പ് സുപ്രീംകോടതി സാധുവായി അംഗീകരിക്കണം.

2. സമയബന്ധിതമായി ബാവാ തന്നെ അസോസിയേഷൻ നടത്തണം.

3. ഈ വിധിക്കെതിരായി ഇന്ത്യയിലെ മറ്റൊരു കോടതിയും സ്റ്റേ അനുവദിക്കരുത്.

കേസിന്റെ ഗതിവിഗതികൾ നിത്യേന വീക്ഷിച്ചുകൊണ്ടിരുന്ന മക്കാറിയോസിനു വിജയം ഉറപ്പിക്കാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല.

അതിനോടകം മറ്റ് ആവശ്യങ്ങൾക്കായി ഡൽഹിയിൽ എത്തിയ പ. ബാവാ തിരുമേനിയെ കണ്ട്, "കേസ് നമ്മൾ ജയിക്കും" എന്ന് മക്കാറിയോസ് തറപ്പിച്ചു അറിയിച്ചശേഷം വിധി പറയുന്നതിനു മുമ്പുതന്നെ കൃത്യാന്തര ബഹുലത നിമിത്തം അമേരിക്കയിലേക്ക് മടങ്ങിപ്പോയി. അസോസിയേഷൻ വിളിച്ചു ചേർക്കുമ്പോഴേക്കും അതിന്റെ ചുക്കാൻ പിടിക്കുന്നതിന് മാർ മക്കാറിയോസ് തന്നെ ഉണ്ടായിരിക്കണമെന്നും

അതിനു മുമ്പ് കേരളത്തിലെത്തണമെന്നും നിർദ്ദേശിച്ച് അദ്ദേഹത്തെ യാത്ര അയച്ചു.

മക്കാറിയോസ് ന്യൂയോർക്കിൽ എത്തിയപ്പോഴേക്കും സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു കഴിഞ്ഞു. പ. ബാവാ തന്റെ ആഹ്ലാദവും മക്കാറിയോസ് തിരുമേനിക്ക് അനുമോദനങ്ങളും ഫോണിൽ തന്നെ അറിയിച്ചു.

വിധിയുടെ സാരം

1. വാദിപ്രതികൾ യോജിച്ചു നൽകിയ വ്യവസ്ഥകൾപ്രകാരം കേരള ഹൈക്കോടതി ഉത്തരവ് അസ്ഥിരപ്പെടുത്തി.

2. ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ പള്ളികൾക്കു ആവശ്യമായ കൽപ്പനകൾ നൽകി മലങ്കര അസോസിയേഷൻ വിളിച്ചു ചേർക്കണം.

3. ഇരുകക്ഷികളും ആവശ്യപ്പെട്ടപ്രകാരം കേരള ഹൈക്കോടതിയിലെ റിട്ട. ചീഫ് ജസ്റ്റീസ് മളീമഠിനെ അസോസിയേഷൻ നിരീക്ഷകനായി നിയോഗിച്ചു.

4. ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ ബാവാ മലങ്കര മെത്രാപ്പോലീത്താ അല്ലെന്ന് അസോസിയേഷൻ ചേർന്ന് ഭൂരിപക്ഷപ്രകാരം തീരുമാനിച്ചാൽ അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്വയം രാജിവയ്ക്കണം.

5. ഈ തീരുമാനങ്ങൾ ചോദ്യം ചെയ്യപ്പെടാതെ അന്തിമമായിരിക്കും.

6. നിരീക്ഷകന്റെ ചെലവിലേക്കും പ്രതിഫലത്തിനും ഇരു കക്ഷികളും അമ്പതിനായിരം രൂപാ വീതം കോടതിയിൽ കെട്ടിവയ്ക്കണം.

മാർ മക്കാറിയോസിന്റെ വിദഗ്ദ്ധ നേതൃത്വത്തിൽ പരുമല അസോസിയേഷൻ മാർച്ച് 20, 2002

സുപ്രീംകോടതി വിധിപ്രകാരം 2002 മാർച്ച് 20-ന് മലങ്കര അസോസിയേഷൻ പരുമല സെമിനാരിയിൽ നടത്തുന്നതിനുള്ള ക്രമീകരണങ്ങളെല്ലാം ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ ബാവാ നിയമപ്രകാരം നിർവഹിച്ചു. അപ്പോഴേക്കും കേസിന്റെ ചുക്കാൻ പിടിച്ചതുപോലെ മലങ്കര അസോസിയേഷന്റെയും ചുക്കാൻ പിടിക്കുന്നതിന് മാർ മക്കാറിയോസിനെ ചുമതലപ്പെടുത്തിയിരുന്നതിനാൽ അസോസിയേഷന് ഏറെ മുമ്പു തന്നെ തിരുമേനി അമേരിക്കയിൽ നിന്നു നാട്ടിൽ എത്തിക്കഴിഞ്ഞിരുന്നു.

ഈ അസോസിയേഷന് ചില പ്രത്യേകതകൾ ഉണ്ടായിരുന്നു.

1. 1878 ഫെബ്രുവരി 18, 1992 സെപ്റ്റംബർ 9, 1994 മെയ് 26 എന്നിവ യ്ക്കുശേഷം പരുമല സെമിനാരിയിൽ നടത്തപ്പെടുന്ന ആദ്യ അസോ സിയേഷൻ ഇതായിരുന്നു.

2. സുപ്രീംകോടതി ഭേദഗതി ചെയ്ത ഭരണഘടനപ്രകാരം നടത്ത പ്പെടുന്ന ആദ്യ അസോസിയേഷൻ ഇതായിരുന്നു.

3. സുപ്രീംകോടതി നിയോഗിച്ച നിരീക്ഷകന്റെ നിരീക്ഷണത്തിൽ നട ത്തപ്പെടുന്ന ആദ്യ അസോസിയേഷൻ ഇതു തന്നെ.

4. അസോസിയേഷൻ വിളിച്ചുചേർക്കാൻ അധികാരപ്പെടുത്തപ്പെട്ട മല ങ്കര മെത്രാപ്പോലീത്താ അതിന് അർഹതയുള്ളവനാണെന്ന് തെളിയി ക്കേണ്ടി വന്ന ആദ്യ അസോസിയേഷനും ഇതായിരുന്നു.

ഈ വിധത്തിൽ വളരെ പ്രത്യേകതകളുള്ള അസോസിയേഷൻ ഏറ്റം ക്രമീകൃത രീതിയിലും സുതാര്യമായും നടത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാണല്ലോ. നീണ്ട ഒരു നിയമ യുദ്ധത്തിനൊടുവിൽ വളരെ കാലം കഴിഞ്ഞ് പാത്രിയർക്കീസു വിഭാഗം കൂടി വന്നുചേരാവുന്ന ഒരു അസോ സിയേഷൻ പകുമായ ഡിസിപ്ലിൻ ഇല്ലെങ്കിൽ ഏതു നിമിഷത്തിലും കലു ഷിതമാകാവുന്ന സാഹചര്യം നിലനിന്നിരുന്നതിനാൽ അതിന്റെ ചുക്കാൻ ഏറ്റെടുത്ത മാർ മക്കാറിയോസിന്റെ ഭാരം ഊഹിക്കാവുന്നതേയുള്ളു. എല്ലാം കിറുകൃത്യമായിരിക്കണം.

ജസ്റ്റീസ് മളീമഠുമായി മക്കാറിയോസ് സുതാര്യമായ യോഗനടത്തി പ്പിനെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. അതിന്റെ വെളിച്ചത്തിൽ ജസ്റ്റീസ് മളീമഠ് അസോസിയേഷനു മുമ്പുതന്നെ ഇരുവിഭാഗത്തെയും നേതാക്കന്മാരുമായി സംസാരിച്ച് ഒരു സമവായം ഉണ്ടാക്കാൻ ശ്രമിച്ചെ ങ്കിലും പാത്രിയർക്കീസ് വിഭാഗത്തിന്റെ നിസ്സഹകരണത്തെ തുടർന്ന് ആ ശ്രമം ഉപേക്ഷിക്കേണ്ടി വന്നു.

പരുമലയിലെ സമ്മേളന നഗറും പരിസരങ്ങളും പല പ്രാവശ്യം സന്ദർ ശിച്ച് കുറ്റമറ്റതാക്കി. അനധികൃതമായ കടന്നുകയറ്റം ഉണ്ടാകാതിരിപ്പാൻ സമ്മേളന നഗറിലേക്ക് ഒരു പ്രവേശനകവാടം മാത്രമേ ഉണ്ടായിരു ന്നുള്ളു. 2700 സീറ്റുകൾ പ്രധാന മീറ്റിംഗ് ഹാളിലും 1300 സീറ്റുകൾ ഷാമി യാനായിലും ക്രമീകരിച്ചിരുന്നു. മെത്രാപ്പോലീത്താമാർക്കും സഭാട്രസ്റ്റി, സെക്രട്ടറി തുടങ്ങിയ സ്ഥാനീയർക്കും, നിരീക്ഷകൻ ജസ്റ്റീസ് മളീമഠിന് രംഗ നിരീക്ഷണം നടത്തത്തക്കവിധം പ്രത്യേകം ഉയർന്ന ഒരു സീറ്റും ക്രമീകരിച്ചു. മെയിൻ ഹാളിൽ നടക്കുന്നവ എല്ലാ അംഗങ്ങൾക്കും കാണു വാനും കേൾക്കുവാനും തക്കവിധം ഷോർട്ട് സർക്ക്യൂട്ട് ടി. വി. യും സംഘടിപ്പിച്ചിരുന്നു. പോളിംഗിന് 40 പ്രത്യേക കൗണ്ടറുകൾ ക്രമീകരി ക്കപ്പെട്ടു.

കേരളത്തിൽ നിന്നും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഇന്ത്യയ്ക്കു വെളിയിൽ, അമേരിക്ക, കാനഡാ, ഇംഗ്ലണ്ട്, മറ്റു യൂറോപ്യൻ നാടുകൾ, മലേഷ്യ, സിംഗപ്പൂർ, ആസ്ത്രേലിയാ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ, ആവേശത്തോടെ പരുമലയിൽ എത്തിക്കൊണ്ടിരുന്നു. ഓരോ ഭദ്രാസനത്തിൽ നിന്നും എത്തിയിട്ടുള്ള പ്രതിനിധികൾക്കും വികാരിമാർക്കും പേരുകൾ രജിസ്റ്റർ ചെയ്യാനും അവ പരിശോധനകൾക്ക് നിജപ്പെടുത്താനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു.

20-3-2002 ഉച്ചയ്ക്ക് 12.30 യോടുകൂടി രജിസ്ട്രേഷൻ പൂർത്തിയാക്കി പ്രവേശന കവാടവും കൗണ്ടറുകളും അടച്ചു. ഒരു മണിക്ക് ബാലറ്റുപെട്ടികൾ നിരീക്ഷകനെ കാണിച്ചശേഷം പൂട്ടി ഏൽപ്പിക്കപ്പെട്ടു. കൃത്യം ഒരു മണിക്ക് തിരുമേനിമാരെയും പ. ബാവായേയും ഘോഷയാത്രയായി സമ്മേളന പന്തലിലേക്കു ആനയിച്ചു.

പ്രതിനിധികൾ സമ്മേളന സ്ഥലത്തു പ്രവേശിച്ചതു മുതൽ സമ്മേളന നഗറിന്റെ അച്ചടക്കം മാർ മക്കാറിയോസ് അതിവിദഗ്ദ്ധമായി സ്റ്റേജിൽ നിന്ന് നിയന്ത്രിച്ചുകൊണ്ടിരുന്നു. ഓരോ മെത്രാപ്പോലീത്തായും സ്വന്തം സീറ്റിലേക്കു വരുമ്പോൾ അവരെ പ്രതിനിധികൾക്ക് പേരും ഭദ്രാസനവും പറഞ്ഞ് പരിചയപ്പെടുത്തി കൊടുത്തതും മാർ മക്കാറിയോസ് തന്നെ ആയിരുന്നു.

പോളിംഗ് കൃത്യം രണ്ടു മണിക്ക് ആരംഭിച്ചു. വോട്ടിംഗ് അവസാനിച്ച മുറയ്ക്ക് 3.15-ന് വോട്ടെണ്ണൽ ആരംഭിച്ചു. വോട്ടുകൾ എണ്ണി ഫലപ്രഖ്യാപനം ഉണ്ടാകുന്നതു വരെയുള്ള സമയം മാർ മക്കാറിയോസിന്റെ സരസ്വതീവിലാസം വഴിഞ്ഞ പ്രൗഢഗംഭീരമായ പ്രസംഗം പ്രതിനിധികൾ ഹർഷാരവത്തോടെ ശ്രവിച്ചുകൊണ്ടിരുന്നു. 4.45-ന് വോട്ടെണ്ണൽ അവസാനിപ്പിച്ച് നിർദ്ദിഷ്ട ഫാറത്തിൽ വോട്ടുനമ്പർ രേഖപ്പെടുത്തി നിരീക്ഷകനെക്കൊണ്ട് പരിശോധിപ്പിച്ച് റിട്ടേണിംഗ് ഓഫീസറും ഒപ്പുവച്ച് കൃത്യം 5.15-ന് നിരീക്ഷകൻ ജസ്റ്റീസ് മളീമഠ് തന്നെ ഫലപ്രഖ്യാപനം നടത്തി.

Total No. of members of Association - 3818.
പോൾ ചെയ്തത് - 3483.

അതിൽ 3464 വോട്ടുകൾ ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ ബാവായെ മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിച്ചുകൊണ്ടുള്ളതായിരുന്നു. 10 വോട്ടുകൾ അദ്ദേഹത്തിനെതിരായിരുന്നു. 9 എണ്ണം അസാധുവായി.

ഫലപ്രഖ്യാപനത്തിൽ വിശ്വാസികൾ "കാതോലിക്കാ സിംഹാസനം നീണാൾ വാഴട്ടെ, ജയ് ജയ് കാതോലിക്കോസ്" എന്ന് ആഹ്ലാദ തിമിർപ്പിൽ ഹർഷാരവം മുഴക്കി. ഒരു പ്രതിഷേധ ശബ്ദം പോലും അവിടെ ഉയർന്നില്ല.

ഭദ്രാസനതലത്തിൽ അതതു ഭദ്രാസനങ്ങളിലെ മാനേജിംഗ് കമ്മിറ്റിക്കാരെ നേരത്തെ തെരഞ്ഞെടുത്തിരുന്നതുകൊണ്ട്, അവ അംഗീകരിച്ച് കൈയടിച്ചു പാസ്സാക്കിയതേ ഉള്ളു.

പാത്രിയർക്കീസ് കക്ഷിയിൽ നിന്ന് കാതോലിക്കേറ്റിന്റെ കീഴിലേക്ക് വന്ന മെത്രാപ്പോലീത്തന്മാരുടെ അംഗീകാരവും ഇതോടുകൂടി നടത്തപ്പെട്ടു.

നിരീക്ഷകന്റെ റിപ്പോർട്ട്

ജസ്റ്റീസ് മളീമഠ് സുപ്രീംകോടതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ആറു പ്രധാന കാര്യങ്ങൾ രേഖപ്പെടുത്തിയിരുന്നു.

1. അസോസിയേഷനിലേക്ക് എല്ലാ ഇടവകപ്പള്ളികളിൽ നിന്നുമുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വവുമായി നടത്തപ്പെട്ടു. ഇത് കീഴ്വഴക്കങ്ങളും മുൻകാലത്ത് കൈക്കൊണ്ടിരുന്ന നടപടിക്രമങ്ങളും അനുസരിച്ചാണ് നടത്തിയിട്ടുള്ളത്. തെരഞ്ഞെടുപ്പ് സംബന്ധിച്ച് 45 പരാതികൾ മാത്രമാണ് ലഭിച്ചിരുന്നത്. ഇവയിൽ 8 എണ്ണം ട്രിബൂണൽ അനുവദിച്ചു.

2. നിർദ്ദിഷ്ട നടപടിചട്ടങ്ങളനുസരിച്ച് ശരിയായവിധം അന്തിമപ്പട്ടിക തയ്യാറാക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. കാര്യക്ഷമമായും സ്വതന്ത്രവും നീതിപൂർവ്വകവുമായും 2002 മാർച്ച് 20-ന് പരുമലയിൽ മലങ്കര അസോസിയേഷൻ യോഗം നടത്തപ്പെട്ടു.

4. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ ആണോ എന്ന് തീരുമാനിക്കുന്നതിന് രഹസ്യവോട്ടെടുപ്പ് നടത്തി. ഒമ്പതിനെതിരെ മൂവായിരിത്തിനാനൂറ്റിഅറുപത്തിനാല് എന്ന വൻ ഭൂരിപക്ഷത്തോടെ അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ എന്ന് തീരുമാനിക്കപ്പെട്ടു. ഫലപ്രഖ്യാപനത്തിനു മുമ്പ് ഞാൻ അതിന്റെ നിജസ്ഥിതി ഉറപ്പിച്ചു. ഫലം ശരിയായതു തന്നെ ആയിരുന്നു.

5. അതേ യോഗത്തിൽ തന്നെ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുപ്പു നടന്നു. സ്ഥാനാർത്ഥികളുടെ എണ്ണവും സ്ഥാനികളുടെ എണ്ണവും തുല്യമായിരുന്നതിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥിതിക്ക് എതിർപ്പില്ലാതെ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിച്ചു.

6. തെരഞ്ഞെടുപ്പും വിധിനടത്തും സംബന്ധിച്ച് 2001 നവംബർ 28-ന് സുപ്രീംകോടതി നൽകിയ നിർദ്ദേശങ്ങൾ വിശ്വസ്തതയോടെയും കൃത്യതയോടും നിശ്ചിത സമയത്തിനുള്ളിൽ നടപ്പിലാക്കി.

ഈ റിപ്പോർട്ട് സുപ്രീംകോടതി സ്വീകരിച്ച് അസോസിയേഷൻ തീരുമാനങ്ങളെല്ലാം അംഗീകരിച്ച് 12-7-2002-ൽ വിധി പ്രസ്താവിച്ചു.

സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം 2002 മാർച്ച് 20-ന് അസോസിയേഷൻ തെരഞ്ഞെടുത്ത മാനേജിംഗ് കമ്മിറ്റി 2002 ആഗസ്റ്റ് 10-ന് മലങ്കര മെത്രാപ്പോലീത്തായോടും കാതോലിക്കായോടും സഹകരിക്കാത്ത പാത്രിയർക്കീസ് വിഭാഗം സ്ഥാനികൾക്ക് മലങ്കരസഭയിൽ അവകാശമോ സ്ഥാനമോ ഇല്ലെന്ന് പ്രഖ്യാപിച്ചു. മലങ്കര മെത്രാപ്പോലീത്തായുടെ അധികാരത്തിൻകീഴിലുള്ള 22 മെത്രാപ്പോലീത്തന്മാരുടെ ഭദ്രാസനങ്ങൾ നിർണ്ണയിച്ചു.

മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ 1996 മാർച്ച് 25-ലെ തൽസ്ഥിതി ഉത്തരവിന്റെ ആനുകൂല്യം ആർക്കും മേലിൽ ഇല്ലാതായി.

സുപ്രീംകോടതി നിയോഗിച്ച നിരീക്ഷകന്റെ മേൽനോട്ടത്തിൽ നടത്തിയ തെരഞ്ഞെടുപ്പു യോഗത്തിൽ പാത്രിയർക്കീസ് വിഭാഗം സംബന്ധിക്കാതെ തെരഞ്ഞെടുപ്പിനെ ബഹിഷ്ക്കരിച്ചു.

ഭൂരിപക്ഷം തന്റെ ഭാഗത്തുണ്ടെന്ന് വീമ്പിളക്കുന്ന വിഘടിത നേതാവ് സുപ്രീംകോടതിയുടെ നിരീക്ഷണത്തിൽ നടത്തിയ സുതാര്യമായ പരുമലയോഗത്തിൽ എന്തേ ഭൂരിപക്ഷം തെളിയിക്കുന്നതിനു പകരം ബഹിഷ്കരണം നടത്തിയത്?

ഒരു പുത്തൻ വിഘടിത സഭ പുത്തൻകുരിശിൽ ജനിച്ച നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് ജ. മളീമഠ് സുപ്രീംകോടതിക്കു സമർപ്പിച്ച റിപ്പോർട്ടിൽ 30-ാം അക്കമിട്ട് "Unfortunate" എന്ന ഹെഡ്ഡിംഗിൽ അറിയിച്ചത് ഇപ്രകാരമാണ്:

"It is unfortunate that the respondent and others belonging to the patriarch faction did not participate. It was announced in the papers that they have decided to boycott the elections. The newspapers, reported about the respondent and his supporters holding a meeting on the same day at another place. The respondent being a party to the consent order passed by the Supreme Court was expected to participate and co-operate in implementing the order of the Supreme Court. The conduct of the respondent invites adverse influence against him."

ജ. മളീമഠിന്റെ റിപ്പോർട്ട് സുപ്രീംകോടതി അംഗീകരിച്ചശേഷം നിരീ

ക്ഷകന്റെ പ്രതിഫലമായി ഇരുകൂട്ടരും ഓരോ ലക്ഷം രൂപാ വീതം കൂടി നൽകണമെന്ന് കോടതി നിർദ്ദേശിച്ചു. അതനുസരിച്ച് മലങ്കര മെത്രാപ്പോലീത്താ ഉടനടി പണം കെട്ടിവച്ചു.

താനും തന്റെ കൂട്ടരും ബഹിഷ്കരിച്ച അസോസിയേഷനിൽ നിരീക്ഷകന് ഇനി പണം കൊടുക്കണോ എന്ന ധാർഷ്ട്യത്തിൽ തോമസ് മാർ ദീവന്നാസ്യോസ് ആദ്യം പണം കെട്ടിവയ്ക്കാൻ വിസമ്മതിച്ചു. ആദ്യം പണം ഇല്ലെന്നു പറഞ്ഞ് കളവിലൂടെ രക്ഷപ്പെടാൻ ശ്രമിച്ചുവെങ്കിലും ആ ഒളിച്ചുകളി മനസ്സിലാക്കി കോടതി മൂന്നു ദിവസങ്ങൾക്കുള്ളിൽ പണം കെട്ടിവച്ചു കൊള്ളണമെന്ന് കർശനമായ താക്കീത് നൽകുകയും ഗത്യന്തരമില്ലാതെ പണം കെട്ടിവയ്ക്കുകയുമാണുണ്ടായത്.

ആയിരക്കണക്കിന് പള്ളികളും ലക്ഷക്കണക്കിന് ആളുകളും കൂടിയെന്ന് പെരുപ്പിച്ച കണക്കു മാധ്യമങ്ങൾക്കു നൽകിയ വിഘടിത ഗ്രൂപ്പിന്റെ പുത്തൻകുരിശു സമ്മേളനത്തിനു പകരം എന്തേ പരുമലയിൽ ഇത്രയും ജനത്തിന്റെ പിന്തുണയിൽ അദ്ദേഹത്തിന് മലങ്കര മെത്രാപ്പോലീത്തായോ കാതോലിക്കായുടെ പിൻഗാമിത്വമോ നേടാൻ മാർ ദീവന്നാസ്യോസ് ശ്രമിക്കാഞ്ഞത് എന്നു ചോദിച്ചാൽ ഒഴിഞ്ഞുമാറാനേ ആ വിഘടിത മേൽപ്പട്ടക്കാരനു കഴിയുമായിരുന്നുള്ളു.

ഒരു വ്യവസ്ഥാപിത ഭരണസംവിധാനത്തിൻകീഴിൽ ഒരിക്കലും തോമസ് മാർ ദീവന്നാസ്യോസിനു ഒരു സ്ഥാനവും ലഭിക്കുമായിരുന്നില്ല എന്ന സത്യം മറ്റാരേക്കാളും അദ്ദേഹത്തിനു അറിയാമായിരുന്നു. തട്ടിപ്പും തരികിടയും കാട്ടി 'അന്ത്യോഖ്യാ ഭക്തി' എന്ന ലഹരി വിഘടിതഗ്രൂപ്പിൽ കുത്തിവച്ചാലേ സ്വന്തം കാര്യം നേടിയെടുക്കാനാവൂ എന്ന് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ട്. അതിനുള്ള ചെപ്പടിവിദ്യ ആയിരുന്നു അദ്ദേഹം പുത്തൻകുരിശിലെ സമാന്തര അസോസിയേഷനിലൂടെ സാധിച്ചെടുത്തത്.

തോമസ് മാർ ദീവന്നാസ്യോസിന്റെ ഇരട്ടക്കുരിശുമാലയും അന്ത്യോഖ്യായുടെ കീഴിലുള്ള സാമന്ത കാതോലിക്കാ സ്ഥാനവും ഒക്കെ നേട്ടങ്ങളാണെന്ന് ചിലർക്കു കരുതാനാകും.

പരുമല അസോസിയേഷനു ശേഷം, പുത്തൻകുരിശിൽ അരങ്ങേറിയ പ്രഹസനത്തിന്റെ തുടർച്ചയായി എങ്ങനെയെങ്കിലും "കാതോലിക്കാ - മലങ്കര മെത്രാൻ" സ്ഥാനങ്ങൾ നേടിയെടുത്തേ മതിയാവൂ. അതിനു പണം എവിടെ? അദ്ദേഹം ഗൾഫ് നാടുകളിലും അമേരിക്കയിലും നടത്തിയ പണപ്പിരിവു യജ്ഞങ്ങൾ പണത്തിനു പരിഹാരമായിത്തീർന്നു. അങ്ങനെ സ്വരൂപിച്ച പണക്കുന്നുമായി ദമാസ്കസിലേക്കു പറന്നതും ഇരട്ടമാലയുമണിഞ്ഞ് തിരിച്ചെത്തിയെന്നുമുള്ളതാണ് പരുമല അസോസിയേഷന്റെ വാൽക്കഷണം.

അദ്ധ്യായം 4

ആധുനിക ഹോച്ചിമിൻ

സ്വപ്നങ്ങളും യാഥാർത്ഥ്യങ്ങളും തമ്മിൽ എന്തൊരന്തരമാണ്! എത്ര മേൽ അപ്രതീക്ഷിതമായിട്ടാണ് കിനാവുകളുടെ ലോകം കീഴ്മേൽ മറിഞ്ഞുപോകുന്നത്! ജീവിതം ഏൽപ്പിക്കുന്ന ആഘാതങ്ങൾ ചിലരെ അസ്തപ്രജ്ഞരാക്കുന്നു. സ്വന്തം മുറ്റത്തെ തെറ്റി പൂത്തു എന്നതുകൊണ്ട് വസന്തോത്സവമെത്തി എന്ന് ധരിക്കുമ്പോലെയാണിത്. എത്രയ്ക്കു അയഥാർത്ഥവും മായികവുമായ ജീവിതവീക്ഷണം!

സാഹിത്യകാരി റോസ് മേരി, 'റോസമ്മച്ചേച്ചി' എന്ന വീട്ടമ്മയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഒരു വലിയ ആശയം പ്രകടമാക്കുന്നുണ്ട്. റോസമ്മച്ചേച്ചി പറഞ്ഞ വാക്കുകളുടെ പശ്ചാത്തലം കൂടി അറിഞ്ഞിരിക്കുന്നതു കൊള്ളാം. സ്വന്തം മകൾ ഉഷയും ഭർത്താവും കൂടി വിധവയായ റോസമ്മച്ചേച്ചിയെ അവരുടെ ഭർത്താവായ ഈപ്പച്ചന്റെ ജന്മവീട്ടിൽ നിന്ന് ഇറക്കി ഒരു പാർപ്പിടകേന്ദ്രത്തിലേക്ക് മാറ്റിതാമസിപ്പിച്ചിട്ട് പുരാതന തറവാടും പുരയിടവും വിൽക്കാൻ തീരുമാനിച്ചപ്പോൾ റോസമ്മച്ചേച്ചി ഇടനെഞ്ചു പൊട്ടി പറഞ്ഞ വാക്കുകളാണവ:

"അതൊന്നുമല്ല എന്നെ സങ്കടപ്പെടുത്തുന്നത്. ഞാൻ പൊന്നുപോലെ വളർത്തിക്കൊണ്ടുവന്ന കുഞ്ഞുങ്ങള്, അവരിലൊരാളും പറഞ്ഞില്ല, അമ്മേ അമ്മ വല്ലയിടത്തും പോയി താമസിക്കേണ്ടാ, ഞങ്ങളുടെ കൂടെ പോര്, ഞങ്ങൾ അമ്മയെ നോക്കിക്കൊള്ളാമെന്ന്. രണ്ടു പേരും ഒന്നും പറഞ്ഞില്ല. അതോർക്കുമ്പം എന്റെ നെഞ്ചു പൊട്ടുന്ന വേദനയാ. എന്നാലും എന്റെ മോളേ, ഇപ്പോഴത്തെ കുഞ്ഞുങ്ങളൊക്കെ ഇങ്ങനെ ആയിപ്പോയല്ലോ. എന്റെ സങ്കടംകൊണ്ടു പറഞ്ഞുപോയതാ കേട്ടോ. ഞാൻ ഒരക്ഷരം പരാതി പറയില്ല, ഒക്കെ തന്നെ സഹിക്കും." "ഒരിടത്തുനിന്നു പറിച്ചു മാറ്റി നട്ടാൽ പഴയപടി മണ്ണിൽ വേരുറപ്പിക്കാനാവുമോ" എന്ന് സാഹിത്യകാരി റോസ് മേരി ഈ സംഭവം വിവരിച്ചശേഷം ചോദിക്കുന്നു.

എന്നാൽ മക്കാറിയോസ് മെത്രാപ്പോലീത്താ ഈ പ്രതിസന്ധിയേയും പുഞ്ചിരിയോടു സ്വീകരിച്ച ഒരു വലിയ മനസ്സിന്റെ ഉടമയാണ്. സ്വന്തം ഭദ്രാസനത്തിൽ നിന്നു ബഹിഷ്കൃതനായ ശേഷവും സഭാമക്കൾ കണ്ടത് അദ്ദേഹത്തിലെ വലിയ മനസ്സിനെയാണ്.

എന്നാൽ അമേരിക്കയിലെ സഭാമക്കൾ അത്രയ്ക്കും വിശാലമനസ്സു കാട്ടിയില്ല. തങ്ങളുടെ മെത്രാപ്പോലീത്തായെ വഞ്ചനയിൽ കുടുക്കി ഭദ്രാ

സനത്തിൽ നിന്നു ബഹിഷ്കരിച്ചപ്പോൾ അവർ ഇളകിമറിഞ്ഞു. പ്രതിഷേധങ്ങൾ ഇരമ്പിത്തിളച്ചു. അതിനെതിരായി അമേരിക്കയിൽ നടന്ന പ്രതിഷേധ മഹാസമ്മേളനങ്ങളിൽ പ്രകടമായ ജനവികാരങ്ങൾ മനസ്സിലാക്കുവാൻ ഏതാനുംപേരുടെ പ്രസംഗ ഭാഗങ്ങൾ മാത്രം കുറിക്കട്ടെ.

1. "മാതൃരാജ്യത്തിൽ നിന്നു വളരെ വിദൂരത്തിൽ സഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന നമ്മുടെ ആളുകൾ ഇന്ന് ശത്രുക്കളെപ്പോലെ കഴിയുന്നു. ഈ ദുരവസ്ഥയ്ക്കു കാരണക്കാർ പരിശുദ്ധ സുന്നഹദോസാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു."

2. അമേരിക്കയിൽ പ. സഭയെ നട്ടു നനച്ചു വളമിട്ട് ഇവിടെ വളർത്തി എടുത്ത മക്കാറിയോസ് തിരുമേനിയെ താഴ്ത്തിക്കെട്ടുന്നതൊഴിച്ച് സമാധാനത്തിനു വേണ്ടിയോ കുറഞ്ഞപക്ഷം സമാധാനപരമായ സഹവർത്തിത്വത്തിനുവേണ്ടിയോ ഒരു കേവലശ്രമം പോലും സുന്നഹദോസ് ചെയ്തില്ല എന്ന് ഖേദപൂർവ്വം ഞങ്ങൾ അനുസ്മരിക്കുന്നു.

3. 1992-ൽ ന്യൂയോർക്കിൽ നടന്ന 'The anatomy of hate' (വിദ്വേഷത്തിന്റെ ശരീരശാസ്ത്രം) എന്ന സമ്മേളനത്തിൽ നമ്മുടെ തിരുമേനിമാർ സംബന്ധിച്ചിരുന്നെങ്കിൽ എന്നും ഞങ്ങളാഗ്രഹിക്കുന്നു. ... എല്ലാ തിരുമേനിമാരുടെ പേരിലും അല്ല, ബാവാ തിരുമേനിയുടെ പേരിൽ പോലും അന്വേഷണങ്ങളുടെ നീണ്ട ലിസ്റ്റു നിരത്താൻ ഞങ്ങൾ സന്നദ്ധരാണ്.

4. എന്റെ കൊച്ചുമകൻ പറഞ്ഞതു കേൾക്കണോ? "എനിക്ക് ബർന്ന ബാസ് തിരുമേനിയോട് ഒരു ബന്ധവും വേണ്ടാ. അവർ ഇന്ത്യയിൽ എന്തു തീരുമാനിച്ചാലും എനിക്കതു ബാധകവുമല്ല." ഈ ശബ്ദം എന്റെ കുട്ടിയുടെ മാത്രം ശബ്ദമല്ല, അമേരിക്കൻ ഭദ്രാസനത്തിലെ രണ്ടാം തലമുറയുടെ മുഴുവൻ ശബ്ദമാണിത്. ഇവിടത്തെ കാര്യങ്ങളിൽ സുന്നഹദോസ് കാര്യവിവരമില്ലാതെ എടുത്ത തീരുമാനം ഇവിടത്തെ യുവതലമുറയെ സഭയിൽ നിന്നും ദൈവത്തിൽ നിന്നും അകറ്റുന്നതിനു മാത്രമെ സഹായിച്ചിട്ടുള്ളു.

5. "രക്തത്താൽ ഞാൻ വാങ്ങിയൊരീസഭയെ നിങ്ങൾ സംരക്ഷിപ്പിൻ" എന്ന് നിങ്ങളോട് പറഞ്ഞത് വിസ്മരിക്കുന്ന തിരുമേനിമാരിൽ ചിലരാണ് ഈ ദുഃസ്ഥിതിക്കു കാരണക്കാർ.

6. തിരുമേനിമാരേ! നമ്മുടെ സുന്നഹദോസിൽ മക്കാറിയോസ് തിരുമേനിയേക്കാൾ വിശുദ്ധനായ ഒരു തിരുമേനിയുടെ പേരു പറയാമോ? സുന്നഹദോസിൽ മക്കാറിയോസിനെ ന്യായം വിധിക്കാൻ യോഗ്യതയുള്ള ഒറ്റ തിരുമേനിയുടെ പേരു പറയാമോ?

7. എന്റെ കുട്ടികൾ സഭയ്ക്കു നഷ്ടപ്പെട്ടാൽ ബാവാതിരുമേനിക്കു ദുഃഖമുണ്ടാകുമോ? ബാവാ തിരുമേനിക്കു താൽപര്യമുണ്ടായിരുന്നെങ്കിൽ 500-ൽപരം യുവജനങ്ങൾ ഇവിടെനിന്ന് എഴുതി അയച്ച സങ്കടത്തിന് ഒരു മറുപടി എഴുതുവാൻ ഒരു മിനിറ്റ് ബാവാ ചെലവഴിക്കുമായിരുന്നില്ലേ? എന്റെ കുട്ടികൾ സഭയ്ക്കു നഷ്ടപ്പെട്ടാൽ ദുഃഖമനുഭവിക്കുന്ന ഒരേ ഒരു തിരുമേനി മാത്രമേ മലങ്കരയിൽ ഇന്നുള്ളു. അദ്ദേഹത്തിന്റെ പേരാണ് മാർ മക്കാറിയോസ്.

8. മക്കാറിയോസ് തിരുമേനിയെ എഴുതിവിറ്റ മലങ്കരസഭാ നേതൃത്വത്തിന്റെ തെറ്റിനെക്കുറിച്ച് കണ്ണീരൊഴുക്കുന്ന കാലം അങ്ങു വിദൂരതയിലല്ല.

മാർ മക്കാറിയോസിനെ ഭദ്രാസനത്തിൽ നിന്നും പുറത്താക്കിയ ശേഷം പുതിയ ഭരണകൂടം നിലവിൽ വന്നതിലുള്ള അടങ്ങാത്ത രോഷവും വേദനയും മേൽപ്പറഞ്ഞ പ്രസംഗങ്ങളിലെല്ലാം ഉടനീളം പ്രതിധ്വനിക്കുന്നുണ്ടായിരുന്നു.

ഈ ഭരണമാറ്റത്തോടെ തങ്ങളുടെ ഇംഗിതത്തിനും സംഗീതത്തിനും അനുസരിച്ച് ചുവടുവെയ്ക്കാൻ പറ്റിയ ഒരു 'പാവ'യെ തന്നെ ഭരണാധിപനായി ലഭിച്ചതിൽ അത്യാഹ്ലാദം കൊണ്ട് തുള്ളിയ വിമതവിഭാഗത്തിന് അമേരിക്കയിലെ വളരുന്ന സഭ തല്ലിത്തകർത്തതിന്റെ ക്രെഡിറ്റ് നിശ്ചയമായും അവകാശപ്പെടാവുന്നതാണ്. വിമതനേതാവായ അച്ചൻ കൽപന രചിക്കുന്നു. ചുവട്ടിൽ മെത്രാപ്പോലീത്താ ഒപ്പിടുന്നു. എല്ലാം ശുഭം! എല്ലാം ഭദ്രം!

ഇത്തരുണത്തിൽ ദീർഘകാലം വിയറ്റ്നാമിൽ വിപ്ലവം നയിച്ച് ഭരണം നേടിയ മഹാനുഭാവനായ ഹോച്ചിമിൻ എന്ന വലിയ മനുഷ്യനെ ഓർത്തു പോകുന്നു. ആകാരം കൊണ്ടും അനാർഭാട ജീവിതശൈലികൊണ്ടും ഋഷിതുല്യനായി ജീവിച്ച ആൾ - വിയറ്റ്നാം ജനാധിപത്യ റിപ്പബ്ലിക്കിന്റെ സ്ഥാപക പ്രസിഡന്റ് - ജനസഹസ്രങ്ങളുടെ പ്രിയപ്പെട്ട ഹോ...

ദീർഘനാളത്തെ ചർച്ചകൾകൊണ്ടും ആലോചനകൾ കൊണ്ടും സുന്നഹദോസിനെ നയിച്ച് അമേരിക്കയിൽ സഭയ്ക്കു ഒരു ഭദ്രാസനം നേടിയ ജനസഹസ്രങ്ങളുടെ പ്രിയങ്കരനായ മക്കാറിയോസ് തിരുമേനി - അനാർഭാട ജീവിതശൈലികൊണ്ടും മഹർഷീതുല്യമായ ജീവിതം കൊണ്ടും ജനഹൃദയങ്ങളിൽ വേരുറപ്പിച്ച പ്രിയപ്പെട്ട മക്കാറിയോസ് തിരുമേനി.

ലണ്ടൻ, ന്യൂയോർക്ക്, പാരീസ്, മോസ്കോ, കാൻടൺ എന്നിവിടങ്ങളിൽ പഠിക്കയും ജീവിക്കയും ചെയ്ത ഹോച്ചിമിന്റെ വേഷം പഴകി ദ്രവി

ക്കാറായ പട്ടാളമട്ടിലുള്ള ഒരു കാക്കിക്കോട്ടും അതിനേക്കാൾ പഴകിയ ട്രൗസർ, ടയർ കൊണ്ടുണ്ടാക്കിയ ചെരിപ്പ്, ഓലമേഞ്ഞ ചുവരില്ലാത്ത, മുളകൊണ്ട് കെട്ടിയ കുടിലായിരുന്നു ഹോയുടെ ഔദ്യോഗിക വസതി. പോളീഷ് പത്രപ്രവർത്തകൻ വോംങ്ഡിഷ് സക്രോവിസ്കിയുടെ "ചുവരില്ലാത്ത വീട്" എന്ന പുസ്തകത്തിൽ ഇതിന്റെ വിവരണമുണ്ട്. കോട്ടേജ്, കുടിൽ എന്നൊക്കെ ഇതിനെ വിളിക്കുക അസാദ്ധ്യം. നാലു മുളങ്കാൽ, അതിന്മേൽ പലക അടിച്ച മേൽപ്പുര, അതിനു കീഴിൽ ഒരു വരാന്ത, മൂന്നു കസേരകൾ, രണ്ടു മേശകൾ, ഒരു പഴയ ടൈപ്പ്റൈട്ടർ, ഒരു മരക്കട്ടിലും, ബ്ലാങ്കറ്റും, പഴകിത്തുരുമ്പിച്ച പെട്ടിയിൽ ഒരു ജോഡി വസ്ത്രം, ഓഫീസു മേശ തന്നെയാണ് തീൻമേശയും, ഇത്രയുമാണ് വിയറ്റ്നാം പ്രസിഡന്റിന്റെ വീടിന്റെ (രാഷ്ട്രപതി ഭവൻ) ഉള്ളടക്കം.

ഇംഗ്ലണ്ടിലെ ലിങ്കണിലും, അമേരിക്കയിലെ വിവിധ യൂണിവേഴ്സിറ്റികളിലും, സ്വിറ്റ്സർലൻഡിലും, ജർമ്മനിയിലും ഒക്കെ പഠിച്ച് ചരിത്ര-മത-സംസ്കാര വിഷയങ്ങളിൽ ഒക്കെ ഡോക്ടറേറ്റുകൾ നേടി, അമേരിക്കൻ ഭദ്രാസനത്തിന്റെ ജനയിതാവും പിതാവും ഒക്കെ ആയിത്തീർന്ന മക്കാറിയോസ് തിരുമേനിയുടെ ജീവിതശൈലിയും അദ്ദേഹത്തെ അടുത്തറിയാൻ കഴിഞ്ഞിട്ടുള്ള ചുരുക്കം ചിലരെ മനസ്സിലാക്കിയിട്ടുള്ളു. പുറത്തുവരുമ്പോൾ രാജകീയ പ്രൗഢിയോടെ മലങ്കരസഭയുടെ അന്തസ്സുറ്റ അംബാസഡർ, അകത്തോ ഹോച്ചിമിനെപ്പോലെ എല്ലാ കാര്യങ്ങളിലും മിതത്വം പാലിക്കുന്ന ഒരു പൗരസ്ത്യ സന്യാസി. പുറത്ത് വേഷഭൂഷാദികളണിയുന്ന മെത്രാപ്പോലീത്താ, അകത്തു മുള്ളരിഞ്ഞാണം ധരിക്കുന്ന യോഗിവര്യൻ, പുറത്ത് അനേകായിരങ്ങളെ കുടുകുടെ ചിരിപ്പിക്കുന്ന ഫലിതപ്രിയൻ, അകത്ത് തന്റെ കട്ടിലിനെ കണ്ണീരുകൊണ്ടു നനയ്ക്കുന്ന അനുതാപി. ആ രഹസ്യശൈലി ആരേയും അറിയിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല.

അമേരിക്കൻ എപ്പിസ്കോപ്പൽ സഭയുടെ ബഫലോ ഭദ്രാസന ഓഫീസിന്റെ ഒരൊഴിഞ്ഞ മൂലയിൽ, ആ സഭ ഔദാര്യപൂർവ്വം അനുവദിച്ച ഇടുങ്ങിയ മുറിയിൽ, ഒരു മേശയും, രണ്ടു കസേരകളും, ഒരു പഴയ ടൈപ്പ്റൈട്ടറും കൊണ്ടാണ് ആദ്യകാലങ്ങളിൽ ആ മഹാനുഭാവൻ അമേരിക്കയിലെ തന്റെ സഭയെ വളർത്തി എടുത്തതെന്ന് ആർക്കാണറിയാവുന്നത്? അദ്ദേഹത്തിന്റെ നിത്യസ്മരണയ്ക്കായി ആ കൊച്ചുമുറി അവർ ഇന്നും സൂക്ഷിച്ചിരിക്കുന്നത് ഈയിടെ ഈ ലേഖകൻ കണ്ടു.

നിത്യേന അതികാലശൈത്യത്തിൽ മൈലുകൾ ഡ്രൈവ് ചെയ്ത് മിച്ചിഗണിലെ അൽമാ കോളജിൽ എത്തി പഠിപ്പിച്ചശേഷം വൈകുന്നേരങ്ങളിൽ അത്രയും ദൂരം തിരികെ വണ്ടിഓടിച്ച് മടങ്ങി എത്തുമ്പോഴേക്കും

അദ്ദേഹം നന്നേ ക്ഷീണിതനായി കഴിഞ്ഞിരിക്കും. ശൈത്യകാലം വന്നാലോ കോടക്കാറ്റും, മഞ്ഞുവീഴ്ചയും അതിശൈത്യവും ആ യാത്രകളെ അതീവ ദുഷ്കരമാക്കുന്നു. അന്നെങ്ങും തിരുമേനി ഉണ്ടോ ഉറങ്ങിയോ എന്നൊന്നും ചോദിക്കാൻ മലങ്കരയിൽ ഒറ്റ ആളുപോലും ഉണ്ടായിരുന്നില്ല. അതിലൊന്നും അദ്ദേഹം പരിഭവിച്ചുമില്ല.

തന്റെ ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞ് അമേരിക്കയിൽ ഒരു അരമന കെട്ടിപ്പൊക്കി ഒരു രാജവാഴ്ചയായിരുന്നില്ല അദ്ദേഹത്തിന്റെ അന്നത്തെ ശ്രദ്ധ. എല്ലു നുറുങ്ങെ പണി എടുത്ത് തന്റെ ജനങ്ങളുമായി താദാത്മ്യം പ്രാപിച്ച് മലങ്കരസഭ പാശ്ചാത്യനാട്ടിൽ വളരുന്നതു കാണുവാൻ ആ ഹൃദയം ത്രസിച്ചുകൊണ്ടിരുന്നു.

വളരെ പുരാതനമായ ഒരു അപ്പോസ്തോലിക സഭയുടെ വലിയ നേതാവായിരുന്നു മാർ മക്കാറിയോസ്. ഒരു പൗരസ്ത്യ സഭയുടെ ബീജം പാശ്ചാത്യനാട്ടിൽ വിതച്ചു വളർത്തുന്നതിൽ അദ്ദേഹം വിജയം കണ്ടു. ആ മുന്നേറ്റവും വളർച്ചയും മറ്റു കേരള സഭകൾക്കും പ്രചോദനം നൽകി. മാർത്തോമ്മാ, സി.എസ്.ഐ., സീറോ മലബാർ, മലങ്കര കത്തോലിക്കർ എന്നീ സഭകൾ അമേരിക്കയിലെ മലങ്കരസഭാ ജനനത്തിന് ധീരോദാത്ത നായകനായി അവരെല്ലാം ഉയർത്തി വിളിച്ച പേരായിരുന്നു 'മക്കാറിയോസ്' എന്നത്. ആ സഭകൾക്കെല്ലാം മാർഗ്ഗദീപമായി പാശ്ചാത്യനാട്ടിൽ മുമ്പിൽ നടന്നത് മക്കാറിയോസ് മെത്രാപ്പോലീത്താ തന്നെയാണ്. ഓരോ സഭയും അവരവരുടെ ആടുകളെ കൂട്ടിച്ചേർക്കാൻ ഇടയന്മാരെ അമേരിക്കയിലേക്കു അയച്ചുതുടങ്ങി. പുതുതായി വരുന്ന ഇടയന്മാർക്കെല്ലാം ഇടയനായി മാർ മക്കാറിയോസ് മുന്നിൽ നടന്നു. മാർ മക്കാറിയോസ് ആരംഭിച്ച ഫാമിലി കോൺഫ്രൻസുകളുടെ ചുവടുപിടിച്ച് ഇന്ന് അമേരിക്കയിലെ എല്ലാ സഭകൾക്കും കുടുംബസംഗമങ്ങളുണ്ട്. കൂട്ടായ്മകൾക്കും സംഗമങ്ങൾക്കും കോൺഫ്രൻസുകൾക്കും എല്ലാ സഭകളും സമൂഹങ്ങളും എല്ലാം മാതൃകയും മുന്നോടിയുമായി കാണുന്ന ഒരു നേതാവേ അമേരിക്കൻ മലയാളികൾക്കുള്ളു. മാർ മക്കാറിയോസ് മാത്രം.

'ഹോച്ചിമിൻ' എന്ന വാക്കിനർത്ഥം "ചുറ്റുമുള്ളവരെ പ്രകാശിപ്പിക്കുന്നവൻ" എന്നാണെങ്കിൽ 'മക്കാറിയോസ്' എന്ന വാക്കിനർത്ഥം 'ഭാഗ്യവാൻ' എന്നുമാണ്. പുലർകോഴി കൂവുമ്പോൾ മാർ മക്കാറിയോസിന്റെ ദിവസം ആരംഭിക്കുന്നു. "എന്റെ കുടുംബം വാസ്തവത്തിൽ വളരെ വലുതാണ്. ഞാൻ ഏറ്റം സ്നേഹിക്കുന്ന എന്റെ ജനങ്ങൾ തന്നെ – ഇതുവരെയും ഞാൻ അവരെ സേവിച്ചു. ജീവിതാവസാനം വരെയും ഞാൻ അതു തുടരും" എന്ന് തിരുമേനി പറയുമ്പോൾ ജനങ്ങൾക്കുവേണ്ടി ഉഴിഞ്ഞുവച്ച ആ ഹൃദയത്തിന്റെ മിടിപ്പുകൾ നമുക്കും ഉച്ചത്തിൽ കേൾക്കാം.

എന്നാൽ ഇപ്പോൾ സഭയുടെ അവസ്ഥ അപ്പാടെ തകിടം മറിഞ്ഞതു പോലെയാണ്. സാധാരണക്കാരന്റെ ഉൾത്തുടിപ്പുകൾ മനസ്സിലാക്കാൻ സഭ മറന്നതുപോലെയാണ് പോക്ക്. "ഞാൻ ഏറ്റം സ്നേഹിക്കുന്ന എന്റെ ജനമാണ് എന്റെ കുടുംബം" എന്നു പറയുന്ന ഒരു പിതാവിനെ കാണുവാൻ ഇന്ന് ജനങ്ങൾക്കു കൊതിയാണ്. സാധാരണക്കാരന്റെ വീക്ഷണം മനസ്സിലാക്കാൻ താഴെപ്പറയുന്ന ഒരു ഉദ്ധരണി - സഭയുടെ ഒരു സാധാരണ പൗരന്റെ പ്രസ്താവന - മാത്രം മതിയാകും. അയാൾ പറയുന്നു: "സത്യത്തിൽ ഇപ്പോഴാണ് ഞാനൊരു യാഥാർത്ഥ്യം മനസ്സിലാക്കിയത്. എനിക്ക് ഇന്ന് ഒരു സഭയോടും ആഭിമുഖ്യമില്ലാതായിരിക്കുന്നു. നമ്മൾ ഉയർത്തുന്ന കൊടിയുടെ മഞ്ഞനിറത്തിലോ അതിന്റെ ചുവട്ടിൽ നിൽക്കുന്നവർ മുഴക്കുന്ന പ്രതിജ്ഞകളിലോ യാതൊരു വിശ്വാസവും ഇല്ലാതായിരിക്കുന്നു. സഭാകേസിൽ ആരു തോറ്റാലും ആരു ജയിച്ചാലും വിശ്വാസികളുടെ ദൈനംദിന ജീവിതത്തിൽ ഒരു മാറ്റവും സംഭവിക്കയില്ലെന്ന് ആധുനിക വഴക്കുകൾ കണ്ട് എല്ലാവർക്കും ബോധ്യമായി കഴിഞ്ഞിരിക്കുന്നു." അയാൾ തുടർന്നു പറഞ്ഞു, "അദ്ധ്വാനിക്കുന്നവനെയും ഭാരം ചുമക്കുന്നവനെയും വിറകുവെട്ടിയേയും വെള്ളംകോരിയേയും ഒന്നും ഇന്ന് സഭയ്ക്കാവശ്യമില്ല. അവൻ രാപ്പകൽ ആർത്തനാദം മുഴക്കിയിട്ടും സമരങ്ങൾ നയിച്ചിട്ടും ഫലമില്ല. സഭയുടെ ഫോക്കസ് ഇന്ന് മേലേക്കിടയിലുള്ളവരിലേക്ക് മാറിയിരിക്കുന്നു."

ഇന്നത്തെ സഭയുടെ പോക്കിൽ മനംനൊന്ത ഒരാളിന്റെ ഹൃദയത്തിന്റെ തേങ്ങലായി ഇതിനെ കണ്ടാൽ മതിയെങ്കിലും മേൽപറഞ്ഞ ചിന്താഗതിക്ക് സഭാംഗങ്ങളുടെ ഇടയിൽ മുൻതൂക്കം ഉണ്ടായിത്തുടങ്ങിയിരിക്കുന്നു എന്നത് ആശങ്കാപൂർവ്വം സഭ വീക്ഷിക്കേണ്ടിയിരിക്കുന്നു.

അമേരിക്കൻ മണ്ണിൽ പിറന്നുവീണ പുത്തൻ തലമുറ മക്കാറിയോസിനെ "എന്റെ തിരുമേനി" എന്നു പറഞ്ഞത് അദ്ദേഹത്തിൽ നിന്ന് അവരനുഭവിച്ച സ്നേഹവും കരുതലും കൊണ്ടായിരുന്നു.

ഈ അവസരത്തിൽ ഒരു ചരിത്രസംഭവം ഓർമ്മയിൽ വരുന്നു. ഈജിപ്തിലെ ജനത, അകമഴിഞ്ഞു സ്നേഹിച്ച ഒരു നേതാവായിരുന്നു അബ്ദുൾ നാസർ. 1967-ലെ സൂയസ് ആക്രമണത്തിൽ ഈജിപ്റ്റിന് കനത്ത പരാജയം സംഭവിച്ച കാലഘട്ടം.

യുദ്ധത്തിലെ തോൽവി തന്റെ ഉത്തരവാദിത്വമാണെന്ന് പ്രഖ്യാപിച്ച് നാസർ പ്രസിഡന്റു സ്ഥാനം രാജിവച്ചു. അന്ന് ഏറെ രാത്രി ആയപ്പോഴാണ് നഗരം മുഴുവനും കുടുംബങ്ങളിലും ഈ വാർത്ത പ്രചരിച്ചത്.

നാസറിന്റെ പ്രഖ്യാപനം അവർക്കു താങ്ങാനായില്ല. ആ വാർത്ത കേട്ട മാത്രയിൽ തങ്ങളുടെ കിടപ്പറകളിൽ നിന്നും നിശാവസ്ത്രങ്ങൾ മാറ്റാൻ

പോലും മെനക്കെടാതെ സ്ത്രീപുരുഷന്മാർ കെയ്റോ നഗരത്തിലേക്കു പ്രവഹിച്ചു.

അവർ കൂട്ടംകൂട്ടമായി പ്രസിഡന്റിന്റെ ഓഫീസ് സ്ഥിതിചെയ്തിരുന്നിടത്തേക്ക് പാഞ്ഞു. എന്നിട്ട് അലമുറയിട്ട് കരഞ്ഞുംകൊണ്ട് പ്രഖ്യാപിച്ചു: "എന്തു കാരണം കൊണ്ടായാലും പ്രസിഡന്റ് നാസർ രാജിവച്ചൊഴിയുന്നപക്ഷം അള്ളാഹു ആണെ സത്യം ഞങ്ങൾ ഈ കൈകൾ കൊണ്ട് ഈ മനോഹരമായ കെയ്റോ നഗരം ചുട്ടുചാമ്പലാക്കിക്കളയും. ഇതു സത്യം, സത്യം, സത്യം."

തന്റെ അമേരിക്കൻ ഭദ്രാസന ശിശു വെട്ടിപ്പിളർക്കപ്പെടുന്നതിനേക്കാൾ തന്റെ ഭരണം ബാവാ തിരുമേനിയെ ഏൽപ്പിക്കാൻ സന്മനസ്സ് കാട്ടിയ മക്കാറിയോസിന്റെ സ്ഥാനത്യാഗം അമേരിക്കൻ ജനതയിലുളവാക്കിയ വികാരവും ഏതാണ്ട് കെയ്റോ നഗരത്തിൽ കണ്ടതു തന്നെ ആയിരുന്നു. ചുട്ടുനീറുന്ന ആത്മരോഷം ഏറെപ്പേർ വാക്കുകളിലും പ്രവൃത്തികളിലും പ്രകടിപ്പിച്ചെങ്കിൽ അത് സ്വാഭാവികം മാത്രം.

അവസാനശ്വാസം വരെയും അധികാരത്തിൽ കടിച്ചുതൂങ്ങാൻ ഇഷ്ടപ്പെടുന്ന പിതാക്കന്മാരിൽ ചിലർക്കെങ്കിലും മക്കാറിയോസിന്റെ ത്യാഗകഥ കേവലം കെട്ടുകഥയാണെന്ന് തോന്നിയേക്കാം. അത് ഒരു താൽക്കാലിക ഭരണമാറ്റം എന്നേ താൽക്കാലിക സ്ഥാനത്യാഗത്തിലും അദ്ദേഹം ഉദ്ദേശിച്ചിരുന്നുള്ളു. അന്നത്തെ പരിതസ്ഥിതിയിൽ ആ സ്ഥാനത്യാഗം സഭയ്ക്കും അമേരിക്കൻ ഭദ്രാസനത്തിനു പ്രത്യേകിച്ചും ഗുണം ചെയ്യുമെന്നായിരുന്നു മാർ മക്കാറിയോസ് കണക്കാക്കിയത്.

എന്നാൽ സർവ്വത്ര തകിടം മറിക്കാനും ചായക്കോപ്പയിൽ ഒരു വലിയ കൊടുങ്കാറ്റ് അടിപ്പിക്കാനും കുപ്പായധാരികൾക്കു കഴിഞ്ഞു എന്നുള്ളത് സഭാചരിത്രത്താളിലെ കറുത്ത പേജുകളായി മാറി. അത്രയ്ക്കു ശോച്യാവസ്ഥയിലായിരുന്നു സഭയുടെ ഉൾവശം. ആത്മാവു നിശ്ചലമായിത്തീർന്ന ദേഹത്തിന്റെ അവസ്ഥ. ആ ദേഹം ചലിക്കുന്നു, സംസാരിക്കുന്നു, ഭക്ഷിക്കുന്നു. പക്ഷേ ജീവചൈതന്യം അപ്പാടെ പോയിരിക്കുന്നു.

"വിളക്കുണ്ട്, പ്രകാശിക്കുന്നില്ല. എന്റെ ആത്മാവേ! ഇതോ നിന്റെ സ്ഥിതി" എന്ന് വിലപിച്ച രവീന്ദ്രനാഥനോടൊപ്പം മക്കാറിയോസ് മെത്രാപ്പോലീത്തായും കേണു. പൗരാണികത്വം, അപ്പോസ്തോലിക പാരമ്പര്യം, സുന്ദരമായ ആരാധന, എന്റെ സഭയേ നീ എന്തേ പ്രകാശിക്കാത്തത്? കേരളമലമേൽ കൊളുത്തിവച്ച വിളക്ക് പറയിൻകീഴിൽ ഒളിപ്പിച്ചു വച്ച ശേഷം സ്വയം സൃഷ്ടിച്ച ഇരുട്ടിന്റെ മറവിൽ, നാം തമ്മിൽ തല്ലുന്നു, തല വെട്ടിപ്പൊളിക്കുന്നു. മുമ്പ് ഒരു ഭാരതസന്യാസി കേരളത്തെ നോക്കിപ്പറഞ്ഞു, കേരളം ഭ്രാന്താലയമെന്ന്. ഇന്ന് എല്ലാവർക്കും ഭ്രാന്തു പിടിച്ചി

രിക്കുന്നുവോ? ഭ്രാന്തനെ പൂട്ടിയിടുന്ന ചങ്ങലയ്ക്കുപോലും ഭ്രാന്തോ?...

പക്ഷേ ഈ നിരാശയുടെ പടുകുഴിയിൽ വീണുകിടക്കുന്ന നിരാശ്രയ സമൂഹത്തെ നോക്കി മക്കാറിയോസ് പറഞ്ഞു, "... പക്ഷേ ഓരോ അസ്ത മനത്തിനുശേഷവും പുതിയ പുലരി പിറക്കുംപോലെ നിലവിലുള്ളവ തകർന്ന് നിലംപൊത്തുമ്പോൾ പുതിയതൊന്ന് സൃഷ്ടിക്കപ്പെടും. പ്രകൃ തിയുടെ ഈ രഥചക്രത്തിരിയൽ പോലെ ഈ ജീർണ്ണാവസ്ഥയ്ക്കപ്പുറം കുറെക്കൂടി ക്രിയാത്മകവും പ്രകാശപൂർണ്ണവുമായ ദിവസം എത്തി ച്ചേരും."

തളർന്ന സഭയുടെ സിരകളിൽ ഉന്മേഷത്തിന്റേയും ആണത്തത്തി ന്റേയും ആവേശം പതഞ്ഞുപൊങ്ങാൻ ഈ വാചകങ്ങൾക്കു കഴിഞ്ഞു.

അദ്ധ്യായം 5

മാതൃഭവനത്തിൽ തിരിച്ചെത്തിയ പിതാക്കന്മാർ

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ നേരെ കാട്ടിയ അനീതിയിൽ അമേരിക്കൻ സമൂഹം ചുട്ടുപഴുക്കുമ്പോഴും ഇതിലൊന്നും തലയിടാതെയും അതേസമയം അതിരുവിടുന്ന പേക്കൂത്തുകൾക്ക് തടയിട്ടും സ്വസ്ഥമാനസ്സനായി മക്കാറിയോസ് പിതാവ് പതിവു ജീവിതചര്യയിൽ വ്യാപൃതനായിക്കൊണ്ടിരുന്നു.

ഒരിക്കൽ അദ്ദേഹം തന്നെ പിന്തുണയ്ക്കുന്നുവെന്നു കരുതുന്ന ഒരു സമൂഹത്തെ ശാസിച്ചുകൊണ്ടു പറഞ്ഞു, "എനിക്കു സ്ഥാനമാനങ്ങൾ വേണ്ടാ എന്നു നിങ്ങൾക്കറിയാം. രാഷ്ട്രീയം കളിച്ചും ശബ്ദകോലാഹലം സൃഷ്ടിച്ചും പാവനമായ ദേവാലയാന്തരീക്ഷത്തെ നഷ്ടപ്പെടുത്തിയുമാണോ നിങ്ങൾ എന്റെ നേരെ നടന്ന അനീതിയെ നേരിടുന്നത്? ക്രിസ്തുവിന്റെ മാർഗ്ഗം അവലംബിക്കൂ." വികാരജീവികളായ തന്റെ അനുയായികളെ കൂടെക്കൂടെ ഈ നീതിശാസ്ത്രം അദ്ദേഹം അനുസ്മരിപ്പിച്ചുകൊണ്ടിരുന്നു.

അന്നും ജീവിതത്തിന്റെ ദുർഘടഘട്ടങ്ങളിൽ പോലും തന്റെ ഹാസ്യരസ പ്രസംഗങ്ങളിലൂടെ അദ്ദേഹം മലയാളിയെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും കഴിഞ്ഞിരുന്നു. "ഒരു ചെറുചിരിയോടെ" എന്ന സുകുമാർ അഴീക്കോടിന്റെ ലേഖനത്തിൽ ഒരിക്കൽ ഈ കാര്യം അദ്ദേഹം പരസ്യമായി എഴുതുകയും ചെയ്തു. അദ്ദേഹം അഖില മലയാളി അസോസിയേഷനായ 'ഫൊക്കാനാ'യുടെ കൺവൻഷനിലെ രണ്ടാം ദിവസത്തെ ആ ലേഖനത്തിൽ ഇങ്ങനെ വിവരിക്കയായിരുന്നു. "..... സദസ്യർ നേരത്തെ തന്നെ ഹാളിൽ ഹാജരായി ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി കഴിഞ്ഞിരുന്നു. ഫലിതജ്ഞനായ അഭിവന്ദ്യ മക്കാറിയോസ് പിതാവ് മുമ്പിൽ തന്നെ ഇരിക്കുന്നുമുണ്ടായിരുന്നു. .... സ്വാഭാവികമായും പ്രിൻസിന്റെ സ്വാഗത ഭാഷണം ചിരിയോടെ തന്നെ ആയിരുന്നു. തുടക്കത്തിൽ ഉച്ചഭാഷിണിയന്ത്രം സജ്ജമാകാത്തതിന്റെ വിരസത തിരുമേനിയും, അമേരിക്കൻ മലയാളികളുടെ ചിരിക്കുടുക്കയായ ഡോ. റോയ് പി. തോമസും നല്ല ചില ഫലിത പ്രയോഗങ്ങളിൽ പരിഹരിച്ചു. ....."

വീട്ടിൽ തിരിച്ചെത്തിയ പിതാക്കന്മാരുടെ സംയുക്ത പ്രസ്താവന

"ഞങ്ങളുടെ നിലപാട് നിയമപരമായും ധാർമ്മികമായും സഭാപര

മായും ശരിയാണെന്ന് തെളിഞ്ഞു." സഭാകേസിൽ സുപ്രീംകോടതിവിധി യുടെ പശ്ചാത്തലത്തിൽ ഡോ. ഏബ്രഹാം സേവേറിയോസ്, ഡോ. തോമസ് അത്താനാസ്യോസ്, ഡോ. യൂഹാനോൻ മിലിത്തിയോസ് എന്നി വർ ഇറക്കിയ സംയുക്ത പ്രസ്താവനയിലാണ് ഇപ്രകാരം പ്രസ്താവി ച്ചത്. കോടതിവിധിപ്രകാരം അസോസിയേഷൻ വിളിച്ചുചേർക്കാൻ പ. കാതോലിക്കാ ബാവായ്ക്കു അധികാരവും ഉത്തരവാദിത്വവും ഉണ്ടെന്നും പാത്രിയർക്കീസ് ഭാഗത്തെ നേതൃത്വവും പള്ളികളും ഇക്കാര്യത്തിൽ സഹകരിക്കണമെന്നുമാണ് സുപ്രീംകോടതി വിധി ഉണ്ടായ ഉടൻ അന്ന് പാത്രിയർക്കീസ് ഭാഗത്തിനുവേണ്ടി വാദിച്ച അഡ്വ. പരാശരൻ രേഖാ മൂലം നിർദ്ദേശിച്ചത്. ഇത് അവഗണിച്ചു മുന്നോട്ടുപോയതാണ് ഇപ്പോ ഴത്തെ ദുരന്തത്തിനു കാരണം. പ. പാത്രിയർക്കീസ് ബാവായ്ക്കു തുടർന്നും മലങ്കരസഭയിൽ അംഗീകാരം വേണമെങ്കിൽ ഇവിടത്തെ നിയ മവ്യവസ്ഥിതിയുമായി സഹകരിക്കയാണ് വേണ്ടത്. ഞങ്ങളാണ് പാത്രി യർക്കീസു ബാവായുടെ സ്ഥാനം ദുർബലമാക്കിയത് എന്ന വാദം ഇപ്പോ ഴത്തെ സുപ്രീംകോടതി വിധിയോടെ പൊളിഞ്ഞിരിക്കുന്നു" എന്ന് മെത്രാ പ്പോലീത്തന്മാർ അഭിപ്രായപ്പെട്ടു.

പാത്രിയർക്കീസിന്റെ വിലക്കു കൽപ്പന

ഏബ്രഹാം സേവേറിയോസ്, തോമസ് അത്താനാസ്യോസ്, യൂഹാ നോൻ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർക്കും അവരോടൊ പ്പമുള്ള പുരോഹിതന്മാർക്കും പാത്രിയർക്കീസ് വിഭാഗത്തിന്റെ പള്ളിക ളിലോ സ്ഥാപനങ്ങളിലോ പ്രവേശിക്കുന്നതിനോ ശുശ്രൂഷ നടത്താനോ സഭാ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനോ ഒരുവിധ അധികാര അവ കാശവും ഇല്ലെന്ന് വ്യക്തമാക്കി പാത്രിയർക്കീസു ബാവാ കൽപ്പന അയ ച്ചതായി സുന്നഹദോസിന്റെ പ്രസിഡന്റ് തോമസ് മാർ ദീവന്നാസ്യോസ് അറിയിച്ചു.

കാതോലിക്കാ വിഭാഗത്തോടു ചേർന്ന് മേൽപ്പറഞ്ഞ മൂന്നു മെത്രാ പ്പോലീത്തന്മാരും നടത്തുന്ന പക്ഷപാതപരമായ നടപടികൾ അവസാ നിപ്പിക്കേണ്ടത് തന്റെ കടമയാണെന്നുള്ള ബോദ്ധ്യത്തിൽ 1999-ൽ മൂന്നു കാര്യം പാത്രിയർക്കീസ് ബാവാ പുതിയ കൽപ്പനയിൽ അനുസ്മരിപ്പിക്കു ന്നുണ്ട്. എന്നാൽ ഈ മെത്രാപ്പോലീത്തന്മാർ ശ്ലൈഹിക കൽപ്പനകളെ തള്ളിക്കളഞ്ഞ് ഭിന്നിപ്പിന്റെ മാർഗ്ഗം പിന്തുടരുകയായിരുന്നുവെന്നും അതി നാലാണ് നടപടിയെന്നും പ. ബാവാ വ്യക്തമാക്കിയതായി മാർ ദീവന്നാ സ്യോസിന്റെ പ്രസ്താവനയിൽ പറഞ്ഞു.

മാർ ദീവന്നാസ്യോസ് വെളിപ്പെടുത്തിയ മേൽപ്പറഞ്ഞ കൽപ്പന പ. പാത്രിയർക്കീസ് ബാവാ തന്നെ എഴുതിയതോ എന്ന് സംശയിക്കപ്പെ

ടുന്നു. മാർ ദീവന്നാസ്യോസ് പാത്രിയർക്കീസിന്റെ കൽപ്പന കടലാസിൽ എഴുതിയുണ്ടാക്കി ബാവായുടെ ഫാക്സ്സിമലി ദുരുപയോഗപ്പെടുത്തി ഉണ്ടാക്കിയതാണ് ഈ കൽപ്പനയെന്ന് അക്കാലത്ത് സഭാന്തരീക്ഷത്തിൽ വാർത്ത പരന്നിരുന്നു.

സഖറിയാസ് മാർ നിക്കളാവോസിന്റെ നേരെയും പടവാൾ

നിരക്ഷരകുക്ഷിയായ ഒരു മെത്രാപ്പോലീത്തായുടെ ഇംഗിതത്തിൽ മൂന്നു വിദ്യാസമ്പന്നരായ മെത്രാപ്പോലീത്തന്മാരെ സിറിയൻ ബാവാ വെട്ടിനിരത്തിയതോടെ വീണ്ടും ശൗര്യം വർദ്ധിച്ചു. അടുത്ത ഖഡ്ഗം കുലീനകുടുംബാംഗവും അഭ്യസ്തവിദ്യനുമായ മാർ നിക്കളാവോസിന്റെ നേരെ തിരിച്ചുവിട്ടു. അദ്ദേഹത്തെ കൂടി വെട്ടിനിരത്തിയതോടെ, പാത്രിയർക്കീസ് വിഭാഗത്തിലെ വിദ്യാസമ്പന്നരുടെ നേതൃത്വം നിർണ്ണായകമായി താഴുകയും ഏതാനും വികാരജീവികളുടെ കൂട്ടായ്മയായി ആ വിഭാഗം താഴുകയും ചെയ്തു. ഒരുപക്ഷേ ചിന്താശീലന്മാർ കുറയുന്നതു തന്നെ ആയിരിക്കും സുറിയാനി പാത്രിയർക്കീസിന് ആവശ്യവും.

ഒരു സുപ്രഭാതത്തിൽ മാർ നിക്കളാവോസിനെ വെട്ടിനിരത്തിയ കൽപ്പനയും പരസ്യപ്പെടുത്തി.

Syriac Orthodox Church of Antioch
Arch Diocese of the Eastern United States

Press Release

Patriarchal vicar Dece. 29, 2001

for Immediate Release

Patriarchal Suspension of Nicholovos Zachariah

On Dece. 28, 2001 we have received an official notification from H.H. Moran Mar Ignatius Zakka I was, Syrian Orthodox Patriarch of All the East, that Nicholovos Zachariah, the former prelate of the Malankara Arch Diocese of the Syriac Orthodox Church in N. America, has been suspended and relieved from the spiritual and temporal authority and responsibilities. This action to the fact that Nicholovos Zachariah unilaterally chose to leave the Church of Antioch and joins the other faction in Kottayam in opposite purpose of his episcopal calling. By his action, Nicholovos Zachariah be an outsider to the Universal Syriac Orthodox Church of Antioch and nolonger be entrusted with the spiritual direction of the Malankara Syrian Orthodox Church in N. America which is directly under the sea of Antioch and is not bound by the developments in our Church. .....

ഇങ്ങനെ, ഒരു കാലത്ത് ശീമസഭയുടെ വാലിൽതൂങ്ങി സത്യം മന സ്സിലാക്കാതെ നടന്ന മെത്രാപ്പോലീത്തന്മാർ നാലുപേരും അരിഞ്ഞുവീ ഴ്ത്തപ്പെട്ടപ്പോഴാണ് അവർ കണ്ണുതുറന്ന് വൈദേശിക അടിമത്തത്തിന്റെ തനിനിറം മനസ്സിലാക്കിയത്.

ഈ മുടക്കു കൽപ്പന പുറത്തുവന്നതോടെ സ്വന്തം അണികളെ ദുർബ ലപ്പെടുത്താതിരിക്കാനാവാം മാർ നിക്കളാവോസ് താഴെപ്പറയുന്ന ഒരു പ്രസ്താവന പുറപ്പെടുവിച്ചത്.

"സഭ വിട്ടുപോകാൻ ഉദ്ദേശ്യമില്ല": മാർ നിക്കളാവോസ്

പാത്രിയർക്കീസ് ബാവാ തന്നെ മുടക്കി എന്നു പറയുന്നത് അവിശ്വ സനീയമാണെന്ന് തോന്നുന്നു എന്ന് ആർച്ച് ബിഷപ്പ് സഖറിയാസ് മാർ നിക്കളാവോസ് അറിയിച്ചു. തനിക്കു ആകെ ലഭിച്ചത് ഒരു ഫാക്സ് സന്ദേ ശമാണ്. അത് എത്ര കണ്ടു വിശ്വസിക്കാമെന്ന് ഇപ്പോഴത്തെ സാഹച ര്യത്തിൽ സംശയമുണ്ട്. ഒരു മെത്രാപ്പോലീത്തായെ മുടക്കാൻ നടപടി ക്രമങ്ങളുണ്ട്. 13-ാം നൂറ്റാണ്ടു മുതൽ സഭയിൽ പ്രാബല്യത്തിലുള്ളതാണ് ഈ നടപടിക്രമം. നടപടി എടുക്കേണ്ട മെത്രാപ്പോലീത്തായെ മറ്റു മെത്രാ പ്പോലീത്തന്മാരുടെ മുമ്പാകെ വിളിച്ചുവരുത്തുകയാണ് ഒന്ന്. മെത്രാപ്പോ ലീത്താ ചെന്നിട്ടില്ലെങ്കിൽ മറ്റു മെത്രാപ്പോലീത്തന്മാർ വന്നു കാണണ മെന്നാണ് വ്യവസ്ഥ. ഒരു തവണ വന്നിട്ട് കാണാനായില്ലെങ്കിൽ രണ്ടാം തവണയും ചെന്നു കാണാൻ ശ്രമിക്കണമെന്ന് വ്യവസ്ഥയുണ്ട്.

ഇവിടെ അങ്ങനെ ഒന്നും ഉണ്ടായിട്ടില്ല. നടപടികൾ പാലിക്കാതെ പാത്രിയർക്കീസ് ബാവാ കൽപ്പന ഇറക്കി എന്നത് വിശ്വസിക്കാനാവില്ല. മുടക്കി എന്നു പറഞ്ഞു പ്രചരിപ്പിക്കുന്ന രേഖയിൽ 'മുടക്ക്' എന്ന പദം ഉപയോഗിക്കുന്നുമില്ല. പൂതിയോട്ടു ചെറിയാന്റെ സ്വത്തുക്കളും ഇനി വരുന്ന ആളിനെ ഏൽപ്പിക്കണമെന്നാണ് കത്തിൽ. പ. ബാവാ അങ്ങനെ എഴുതുമെന്ന് കരുതാനാവില്ല.

ഈ കത്ത് വന്നതിനു രണ്ടു ദിവസം മുമ്പു തന്നെ പാത്രിയർക്കീ സിന്റെ സെക്രട്ടറി ബിഷപ്പിന്റെ എഴുത്തു വന്നു. പാത്രിയർക്കീസ് ബാവാ വന്നാലുടനെ നടപടി എടുക്കുമെന്ന് പറഞ്ഞായിരുന്നു ആ കത്ത്. കോട തിയിലെ ക്ലാർക്ക്, ജഡ്ജി ഇന്ന വിധി നടപ്പാക്കുമെന്ന് പറയുന്നതു പോലെയാണത്.

താൻ സഭ വിട്ടുപോവുകയോ പോകാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നി ല്ലെന്ന് ആർച്ചു ബിഷപ്പ് വ്യക്തമാക്കി. 1934-ലെ മലങ്കര സഭാഭരണഘ ടന അംഗീകരിക്കാമെന്നാണ് താൻ എഴുതിക്കൊടുത്തിട്ടുള്ളത്. അങ്കമാ ലിയുടെ തോമസ് ദീവന്നാസ്യോസ്, കൊച്ചിയുടെ ജോസഫ് മാർ ഗ്രീഗോ

റിയോസ് എന്നിവരും ഇപ്രകാരം ചെയ്തിട്ടുള്ളവരാണ്. പാത്രിയർക്കീസ് ബാവായെ സഭാതലവനായി പ്രഖ്യാപിക്കുന്ന ഒരു രേഖ ഒപ്പുവച്ചതു കൊണ്ട് താൻ സഭ വിടുകയാണെന്ന് പറയുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. തന്റെ നിലപാടു മൂലം അമേരിക്കൻ ഭദ്രാസനത്തിന് സുപ്രീംകോടതിവിധി പ്രകാരം നടത്തുന്ന അസോസിയേഷനിൽ വോട്ടു ചെയ്യാനാകും. നമ്മൾ ഭാഗമായ സഭയുടെ തീരുമാനപ്രക്രിയയിൽ പങ്കാളികളാകാൻ ഇതുവഴി ഇവിടെ ഉള്ളവർക്കും അവസരം കിട്ടും.

യൂലിയോസ് കുറിയാക്കോസ് – പകരക്കാരൻ

യാക്കോബായ സഭയുടെ അമേരിക്കൻ ഭദ്രാസനാധിപൻ മാർ നിക്കളാവോസിനെ സസ്പെൻഡു ചെയ്തതായും അദ്ദേഹത്തിനു പകരം യൂലിയോസ് കുറിയാക്കോസിനെ നിയമിച്ചതായും അറിയിച്ചുകൊണ്ട് പാത്രിയർക്കീസു ബാവാ അയച്ച കത്ത് അവരുടെ പള്ളികളിൽ എല്ലാം വായിച്ചു. ഭദ്രാസനത്തിന്റെ ദൈനംദിന ചുമതലയ്ക്കായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയേയും നിയമിച്ചു. ഈപ്പൻ ഈഴേമാലിൽ കോർഎപ്പിസ്കോപ്പാ, ഗീവറുഗീസ് പുത്തൂർകുടിലിൽ കോർഎപ്പിസ്കോപ്പാ, റമ്പാൻ എൽദോ പാത്തിക്കൽ, ഫാദർ മത്തായി പുതുക്കുന്നത്ത്, ഫാ. സ്കറിയാ തേലപ്പള്ളി, ഡോ. ടോമി ഏബ്രഹാം, ജയിംസ് ജോൺ എന്നിവരാണ് കമ്മിറ്റിയിൽ.

മാർ നിക്കാളാവോസിനെ ആത്മീയവും ഭൗതികവുമായ എല്ലാ ചുമതലയിൽ നിന്നും ഒഴിവാക്കിയതായി ഉത്തരവിൽ പറയുന്നു.

സഭാ തലവനെന്ന നിലയിൽ പല ഉത്തരവുകളും ഉപദേശങ്ങളും അയച്ചിരുന്നതായി ബാവാ കൽപ്പനയിൽ ചൂണ്ടിക്കാട്ടി. കേസ് കൊടുത്ത് ജനങ്ങൾക്കെതിരായി നടത്തുന്ന പ്രവർത്തനം നിർത്തി നല്ല ഇടയനാകാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ഉത്തരവുകൾ അനുസരിക്കയുണ്ടായില്ല. മെത്രാപ്പോലീത്തൻ കമ്മീഷന്റെ അന്വേഷണത്തിനു ശേഷവും കേസുകളിൽ നിന്നും പിൻമാറാൻ ആവശ്യപ്പെട്ടു.

തന്നോടു സഹകരിക്കയും തന്റെ ഉത്തരവുകൾ അനുസരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടും അതിനു വഴങ്ങാതെ അനുസരണത്തിനുള്ള പ്രതിജ്ഞ ലംഘിക്കുകയാണ് ചെയ്തത്.

അതിനു പുറമെ 1993-ൽ അമേരിക്കൻ ഭദ്രാസനം സ്ഥാപിച്ചപ്പോൾ ഇത് അന്ത്യോഖ്യായുടെ നേരിട്ടുള്ള കീഴിൽ ആയിരിക്കണമെന്ന് വ്യക്തമാക്കിയിരുന്നു. മലങ്കര സിനഡുമായി ആലോചിച്ചതിനു ശേഷമാണ് ഈ തീരുമാനം എടുത്തതും.

എന്നാൽ കോട്ടയത്തുള്ള ഒരു വിഭാഗവുമായി ചേർന്ന് പ്രവർത്തിക്കു

വാൻ മാർ നിക്കാളാവോസ് തീരുമാനിച്ചുവെന്നത് തന്നെ വിസ്മയിപ്പിക്കുന്നു. മലങ്കരയിലെ ഭരണഘടനയും കോടതിവിധിയും ഒന്നും അമേരിക്കൻ ഭദ്രാസനത്തിന് പ്രസക്തമോ ബാധകമോ അല്ല.

ഇടവകകളെല്ലാം എതിർഭാഗത്തേക്ക് കൊണ്ടുപോകാൻ മാർ നിക്കാളാവോസ് ശ്രമിക്കുന്നതായി അറിയുന്നുണ്ട്. ഇത് അഭിഷേക സമയത്തെ പ്രതിജ്ഞകൾക്കെതിരാണ്. പ്രവർത്തനരീതി മാറ്റണമെന്നും പശ്ചാത്തപിച്ച് ഭദ്രാസനത്തിൽ ശാന്തിയും സമാധാനവും കൈവരുത്തണമെന്നും പിതൃസഹജമായ നിലയിൽ താൻ ഉപദേശിച്ചിട്ടുള്ളതാണ്.

എന്നാൽ തന്റെ ഉത്തരവുകളെല്ലാം നിഷേധിക്കുകയാണ് ചെയ്തത്. ഏകപക്ഷീയമായും തന്റെ ദൗത്യം മറന്നും അദ്ദേഹം എതിർപക്ഷത്തേക്ക് ചേർന്നു. ഈ കൂറുമാറ്റത്തിലൂടെ സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്നു സ്വയം ബഹിഷ്കൃതനായി. അതുപോലെ തന്നെ അമേരിക്കൻ ഭദ്രാസനത്തിൽ നിന്നും.

ഈ സാഹചര്യത്തിൽ ദുഃഖഭാരത്തോടെ മാർ നിക്കാളാവോസിനെ സസ്പെൻഡു ചെയ്യുന്നു. എല്ലാ അധികാരങ്ങളിൽ നിന്നും വിടുർത്തുകയും ചെയ്യുന്നു.

മാർ നിക്കാളാവോസ് സഭാഭരണഘടന അംഗീകരിച്ചു

മാർ നിക്കാളാവോസ് മലങ്കരസഭാ ഭരണഘടന സ്വീകരിച്ച് ഓർത്തഡോക്സ് വിഭാഗത്തിലേക്ക് കൂറുമാറി എന്ന് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. അവയിൽ ഒരു പത്രറിപ്പോർട്ട് താഴെ കുറിക്കുന്നു:

"1993-ലാണ് മാർ നിക്കളാവോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഏൽപ്പിച്ചത്. അദ്ദേഹത്തിന് മലങ്കരയിലുള്ള യാക്കോബായ വിഭാഗവുമായി ഒരു ബന്ധവും ഉണ്ടായിരുന്നില്ല. മലങ്കരയിലുള്ള പാത്രിയർക്കീസു വിഭാഗം സുന്നഹദോസിലും അദ്ദേഹം അംഗമായിരുന്നില്ല. പാത്രിയർക്കീസ് നേരിട്ട് അദ്ദേഹത്തെ അമേരിക്കയിലെ മെത്രാനായി നിയമിച്ചതിൽ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ടവർക്ക് എതിർപ്പുണ്ടായിരുന്നു."

കുറെക്കാലമായി അദ്ദേഹവും പാത്രിയർക്കീസും തമ്മിൽ അഭിപ്രായഭിന്നത ഉണ്ടായിരുന്നു എന്ന് റിപ്പോർട്ട് തുടർന്നു പറയുന്നു. മെത്രാനായി കഴിഞ്ഞതു മുതൽ ഓർത്തഡോക്സ് കക്ഷിയിലേക്കു വരുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസിന്റെ മാതാവിന്റെ കുടുംബക്കാരൻ, മനോരമ പത്രാധിപരുടെ ബന്ധുക്കൾ തുടങ്ങിയ പല കാര്യങ്ങളും ഓർത്തഡോക്സ് സഭയിലേക്കു വരുവാൻ അദ്ദേഹത്തിന്

അനുകൂല സാഹചര്യമൊരുക്കി. പാത്രിയർക്കീസ് വിഭാഗത്തിൽപെട്ട പള്ളികളിൽ കയറുവാൻ വയ്യാത്ത സാഹചര്യമുണ്ടായപ്പോൾ അദ്ദേഹം ഓർത്തഡോക്സ് വിഭാഗത്തിലേക്ക് വരുന്നുവെന്നാണ് അമേരിക്കയിലുള്ള പല പ്രമുഖ ഓർത്തഡോക്സ് വൈദികരും അഭിപ്രായപ്പെടുന്നത്. അമേരിക്കയിലുള്ള പാത്രിയർക്കീസ് വിഭാഗത്തിന്റെ ഇരുപത്തിമൂന്നു പള്ളികളും ഇവിടത്തെ സിംഹാസനപ്പള്ളികൾ പോലെ പാത്രിയർക്കീസിന്റെ ഭരണത്തിലുള്ളതാണ് എന്ന് റിപ്പോർട്ട് തുടർന്നു പറയുന്നു.

മാർ മക്കാറിയോസ് വാതിൽതുറന്ന് കളം ഒരുക്കുന്നു

മുമ്പൊരിക്കൽ ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ മാർത്തോമ്മാശ്ലീഹായുടെ ചരമവാർഷികാഘോഷങ്ങളിൽ പങ്കെടുക്കാൻ വന്ന മാർ നിക്കളാവോസ് ഓർത്തഡോക്സ് സഭയിലേക്കു വരുന്നതിനുള്ള ആഗ്രഹം മാർ മക്കാറിയോസിനോട് പ്രകടിപ്പിച്ചതായി പറയപ്പെടുന്നു. കൂടെ പോരാവുന്ന വിശ്വാസികളെയും പള്ളികളെയും കൂട്ടിച്ചേർത്തു വരുവാനാണ് അദ്ദേഹം കാത്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞതായി അന്ന് കേട്ടിരുന്നു. നിൽക്കുന്നിടത്തു തന്നെ സ്ഥിരതയോടെ നിൽക്കുന്നതല്ലേ ഭംഗി എന്ന് മാർ മക്കാറിയോസ് ചോദിച്ചതായും പറയപ്പെടുന്നു.

ഏതായാലും ഇപ്പോൾ സസ്പെൻഷനെ തുടർന്ന് സംജാതമായ പ്രത്യേക സാഹചര്യത്തിൽ ഓർത്തഡോക്സ് സഭാ പ്രവേശനത്തിനുള്ള പശ്ചാത്തലം ഒരുക്കിക്കൊടുത്ത് മാർ നിക്കാളാവോസിനോട് സഹതാപം കാട്ടിയതും മാർ മക്കാറിയോസ് തന്നെ ആണെന്ന് പറയപ്പെടുന്നു.

അന്ന് മാർ മക്കാറിയോസ് കോട്ടയത്തായിരുന്നു, അദ്ദേഹവുമായി ഫോണിൽ സംസാരിക്കുന്നതിന് ഡോ. അത്താനാസ്യോസ് (മൂവാറ്റുപുഴ) ആയിരുന്നു മധ്യവർത്തിയായത്. "തിരുമേനി കാനഡാ ഭദ്രാസനത്തിലേക്കു വരാനാണെങ്കിൽ എനിക്കു ബാവായുമായി മാത്രം സംസാരിച്ചാൽ മതി, എന്നാൽ തിരുമേനിയുടെ താൽപര്യം അമേരിക്കയിൽ തന്നെ ആണെങ്കിൽ തിരുമേനി മാർ ബർന്നബാസ് തിരുമേനിയുമായി ബന്ധപ്പെടുകയാണ് വേണ്ടതെ"ന്ന് മക്കാറിയോസ് തിരുമേനി മാർ നിക്കാളാവോസിനെ ഉപദേശിച്ചു.

വളരെനാൾ അമേരിക്കയിൽ താമസിച്ച് അവിടത്തെ പാത്രിയർക്കീസ് ആർച്ചു ബിഷപ്പായിരുന്ന നിക്കളാവോസ് തിരുമേനിയുടെ താൽപര്യവും ആ പാത്രിയർക്കീസ് വിഭാഗത്തിന്റെ മുമ്പിൽതന്നെ അമേരിക്കൻ ഭദ്രാസനത്തിന്റെ ബിഷപ്പായി തുടരുന്നതിലായിരുന്നു. മക്കാറിയോസ് തിരുമേനിയുടെ നിർദ്ദേശപ്രകാരം ഈ കാര്യം അദ്ദേഹം മാർ ബർന്നബാസുമായി ചർച്ച ചെയ്തു. അമേരിക്കൻ ഭദ്രാസനത്തിലെ ഒരു 'അസിസ്റ്റന്റ്

പദവി' ആണെങ്കിലും സ്വീകാര്യമാണെന്നുള്ള കാര്യം അദ്ദേഹം മറച്ചു വച്ചില്ല. പക്ഷേ ബർന്നബാസിൽ നിന്നുണ്ടായ പ്രതികരണം ആശാവഹ മായിരുന്നില്ല എന്ന് പറയപ്പെടുന്നു. അതുകൊണ്ട് ഈ കാര്യം ബാവാ തിരുമേനിയുമായി നേരിട്ടു സംസാരിക്കാൻ തന്നെ മാർ നിക്കാളാവോസ് തീരുമാനിച്ചു.

മാർ നിക്കാളാവോസ് തന്റെ ആഗ്രഹം ബാവായോട് നേരിട്ട് ഫോണിൽ അറിയിച്ചു. ബാവാ ചോദിച്ചു, "മെത്രാച്ചൻ അമേരിക്കയിലെ തിരുമേനിമാരോട് ഈ കാര്യം ചോദിച്ചോ?" "ഉവ്വ്, ഞാൻ രണ്ടുപേരോടും സംസാരിച്ചു. മാർ മക്കാറിയോസ് വളരെ പ്രോത്സാഹജനകമായ മറുപടി നൽകിയെങ്കിലും മാർ ബർന്നബാസ് നിരാശാജനകമായിട്ടാണ് മറുപടി നൽകിയത്. ബാവാ തിരുമേനി അദ്ദേഹത്തോട് നേരിട്ട് ഒന്നു സംസാരിച്ച് എന്നെ സഹായിച്ചാൽ ഉപകാരമായി."

ബർന്നബാസ് തിരുമേനിക്ക് അമേരിക്കയിൽ കാര്യങ്ങൾ തീരുമാനിക്കുന്നതിന് അത്ര എളുപ്പമായിരുന്നില്ല. അദ്ദേഹത്തെ നിയന്ത്രിക്കുന്ന ഒരു സൂപ്പർതാരം അവിടെ ഉണ്ട്. മുടിചൂടാത്ത ഒരു മെത്രാപ്പോലീത്താ – ഫാ. പി. എസ്. ശമുവേൽ – അമേരിക്കയിലെ ഓർത്തഡോക്സു സഭാ കാര്യങ്ങളുടെ അന്ത്യവാക്ക് ആ അച്ചൻ ആയിരുന്നു. നിക്കാളാവോസ് മെത്രാപ്പോലീത്താ ഫോണിൽ ആവശ്യപ്പെട്ട കാര്യവും താൻ നിരാശാജനകമായ മറുപടി നൽകിയതും എല്ലാം ബർന്നബാസ്, ശമുവേൽ അച്ചനെ അറിയിച്ചു.

ശമുവേൽ അച്ചനിലെ പ്രായോഗിക മനുഷ്യൻ ഈ സമയത്ത് ഉണർന്നു പ്രവർത്തിച്ചു. അദ്ദേഹം ബർന്നബാസിനെ ഉപദേശിച്ചത് ഏതാണ്ട് ഇപ്രകാരമാണ്, "തിരുമേനി, ഇപ്പോൾ തിരുമേനിയോടു കൂടെ അമേരിക്കയിലുള്ള മക്കാറിയോസ് തിരുമേനി, സീനിയർ മെത്രാപ്പോലീത്താ സ്ഥാനത്താണ്. എന്നാൽ നിക്കോളാവോസ് മെത്രാപ്പോലീത്തായെ അസിസ്റ്റന്റായി ലഭിച്ചാൽ, ആജ്ഞാനുവർത്തിയായ ഒരാളിനെ കിട്ടും എന്നതിനെക്കാൾ നമ്മുടെ ഭാഗത്ത് കുറെക്കൂടി ബലം കിട്ടുകയും ചെയ്യും. അതുകൊണ്ട് ബാവാ ആവശ്യപ്പെട്ടാൽ നിക്കാളാവോസിനെ സ്വീകരിക്കാൻ തയ്യാറാണെന്നു പറയണം." ആ ബുദ്ധി ബർന്നബാസ് തിരുമേനിക്കു നന്നേ പിടിച്ചു.

പ്രതീക്ഷിച്ചതുപോലെ ബാവായുടെ വിളി വന്നു. അദ്ദേഹം പറഞ്ഞു, "മെത്രാച്ചാ, നിക്കോളാവോസ് തിരുമേനി നമ്മുടെ കൂടെ വരാമെന്നു സമ്മതിച്ച് എന്നെ വിളിച്ചിരുന്നു. അദ്ദേഹത്തിന് അമേരിക്കയിൽ തന്നെ നമ്മുടെ ഭദ്രാസനത്തിൽ കഴിയാനാണിഷ്ടം എന്നും അറിയിച്ചു. എന്നാൽ അദ്ദേഹം തിരുമേനിയെ ഈ കാര്യത്തിൽ സമീപിച്ചതിൽ അനുകൂല

മായ ഒരു പ്രതികരണം ലഭിച്ചില്ല എന്നും അദ്ദേഹം പറഞ്ഞു. കുറെക്കൂടി ക്രിസ്തീയമായ ഒരു മനോഭാവം കാണിച്ച് ഇങ്ങനെയുള്ള സന്ദർഭങ്ങളെ വിനിയോഗിച്ചു കൂടെ?"

ബർന്നബാസു തിരുമേനി ഇക്കാര്യം ഇതിനോടകം പുനർചിന്തനം ചെയ്തുകഴിഞ്ഞ അവസരത്തിലായിരുന്നു ബാവാ തിരുമേനിയുടെ വിളി വന്നത്.

"പോരട്ടെ എന്റെ അസിസ്റ്റന്റായി. ഞാൻ സ്വീകരിച്ചുകൊള്ളാം." ഈ പെട്ടെന്നുള്ള മനംമാറ്റം ബർന്നബാസിന്റെ സ്വന്തം തീരുമാനമായിരിക്കുകയില്ലെന്ന് അറിയാമായിട്ടും ബാവാ തിരുമേനി അദ്ദേഹത്തെ അഭിനന്ദിച്ചു.

"തിരുമേനി അദ്ദേഹത്തെ അസിസ്റ്റന്റായി സ്വീകരിച്ചുകൊള്ളാമെന്ന് ഒരു കത്തു മുഖാന്തരം എന്നെ അറിയിച്ചശേഷം ഞാൻ അദ്ദേഹത്തെ കോട്ടയത്തു വിളിപ്പിച്ച് ബാക്കി നടപടികൾ എടുത്തുകൊള്ളാം."

ബാവായുടെ നിർദ്ദേശാനുസരണം അങ്ങനെ ഒരു കത്ത് ബാവായ്ക്കു നൽകി കഴിഞ്ഞ് ബാവാ തിരുമേനി നിക്കാളാവോസ് തിരുമേനിയെ കോട്ടയത്തേക്കു വിളിപ്പിച്ച്, അദ്ദേഹം 1934-ലെ ഭരണഘടന അംഗീകരിച്ച് ഒപ്പിട്ടു വാങ്ങുകയും അതിൻപ്രകാരം ഓർത്തഡോക്സ് സഭയിൽ ചേരുന്നതിനുള്ള അനുമതി നൽകുകയും ചെയ്തുവെന്നാണ് കേട്ടിട്ടുള്ളത്.

ദൈവം, സത്യപാതയിലേക്കു പല മെത്രാപ്പോലീത്തന്മാരെയും തിരിപ്പിച്ച് സഭയെ പുഷ്ടിപ്പെടുത്തുന്നു എന്നുള്ളതും മലങ്കരസഭയുടെ കാര്യത്തിൽ അദൃശ്യമായ ഒരു കരം പ്രവർത്തിക്കുന്നുവെന്നതും കാണുന്നു. ആദിമുതൽ കേരളസഭയ്ക്ക് പീഡനങ്ങളും എതിർപ്പുകളും സഹിക്കേണ്ടിവന്നത് ഇന്ത്യയിലെ ഇതരമതങ്ങളിൽ നിന്നല്ല, പിന്നെയോ വിദേശ ക്രൈസ്തവ സഭകളിൽ നിന്നും അവർക്കു ചൂട്ടുപിടിച്ച സഭാമക്കളിൽ നിന്നുമായിരുന്നെന്നുള്ളത് ഒരു വൈരുധ്യമാണ്.

അദ്ധ്യായം 6

സായിപ്പിന്റെ നാട്ടിൽ ഒരു തനി മലയാളി

സായിപ്പിന്റെ നാട്ടിൽ മിച്ചിഗണിലെ കോളജിൽ പാശ്ചാത്യ കുട്ടികളുടെ പ്രൊഫസറായി കഴിയുന്ന മക്കാറിയോസ് മെത്രാപ്പോലീത്താ തനിമലയാളിത്തത്തിന്റെ വക്താവായി കഴിയുന്നതിനെപ്പറ്റി എഴുതാൻ തുടങ്ങിയപ്പോഴാണ് പത്രപ്രവർത്തകനായ കെ. എം. റോയി എഴുതിയ "പത്തുലക്ഷം ഭാര്യമാരുടെ ശാപമേറ്റ കേരളം" എന്ന പുസ്തകം വായിക്കാനിടയായത്. കേന്ദ്ര പ്രവാസി മന്ത്രി വയലാർ രവി ആയിരുന്നു ഈ പുസ്തകത്തിന്റെ പ്രകാശനം നടത്തിയത്.

കേരളത്തിലും ഗൾഫിലുമായി പരസ്പരം പിരിഞ്ഞ് തീവ്ര വിരഹ ദുഃഖം അനുഭവിച്ചുകൊണ്ട് വർഷങ്ങളായി ജീവിക്കേണ്ടിവരുന്ന ഭാര്യാ ഭർത്താക്കന്മാരുടെ മാനസിക സംഘർഷങ്ങൾ ആ പുസ്തകത്തിൽ വിവരിച്ചശേഷം വർഷങ്ങളായി ഗൾഫിലുള്ള ഭർത്താക്കന്മാരെ പിരിഞ്ഞ് കേരളത്തിൽ ജീവിക്കുന്ന ലക്ഷക്കണക്കിനു ഭാര്യമാർ ഡിപ്രഷൻ എന്ന വിഷാദരോഗത്തിനടിപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്ന് റോയ് ഹൃദയസ്പർശകമായി ആ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. പത്തു ലക്ഷം സ്ത്രീകളുടെ ശാപമേറ്റു കഴിയുന്ന കൊച്ചു കേരളത്തിന്റെ പഴയ പ്രകൃതി സൗന്ദര്യത്തിന്റെ മുകളിൽ വിദേശപ്പണം സൃഷ്ടിച്ചിരിക്കുന്ന "മണിയോർഡർ സമ്പദ് വ്യവസ്ഥ" ഏല്പിച്ചിരിക്കുന്ന വലിയ വേദനയാണ് ആ പുസ്തകത്തിൽ നമ്മെ ആകർഷിക്കുന്നത്.

കേരളത്തെ എന്നും സ്നേഹിച്ചിരുന്ന മാർ മക്കാറിയോസ് അതിന്റെ പ്രകൃതിയേയും, ഭാഷയേയും, സംസ്കാരത്തേയും അര നൂറ്റാണ്ടു കാലത്തെ പാശ്ചാത്യ വാസത്തിനിടയിൽ ഒരിക്കലും വിസ്മരിച്ചിരുന്നില്ല. അമേരിക്കയിലോ കാനഡായിലോ ബ്രിട്ടണിലോ ജർമ്മനിയിലോ എവിടെത്തന്നെ ആയാലും അവിടെയെല്ലാം കേരള സമാജമോ മലയാളി സമാജമോ സംഘടിപ്പിക്കുന്ന മലയാളിയെ ആദ്യം അഭിനന്ദിച്ചശേഷം ആ സമാജങ്ങളെല്ലാം കൂട്ടത്തല്ലുകളുടേയും ലഹളകളുടേയും രംഗങ്ങളാക്കി മാറ്റുകയും ചെയ്യുന്ന മലയാളിയെ അദ്ദേഹം കണക്കറ്റ് പരിഹസിക്കാറുണ്ട്. "കൂട്ടത്തല്ലാണല്ലോ മലയാളി കേരളത്തിൽ നിന്നു പാശ്ചാത്യനാട്ടിലേക്കു കൊണ്ടുവന്നിറക്കിയിട്ടുള്ള ലഗേജിൽ ഒരു പെട്ടി നിറയെ" എന്ന് അദ്ദേഹം പരിഹസിക്കുമ്പോൾ, കൂട്ടത്തല്ലിന്റെ ബീജം കൊണ്ടുവന്ന തന്റെ സഭയേയും അദ്ദേഹം വെറുതെ വിടാറില്ല. അതുതന്നെ എത്ര

മാത്രം വേദനിപ്പിക്കുന്നു എന്നു പറയുമ്പോൾ, നമ്മുടെ കുടുംബാംഗങ്ങളുടെ ശാപമേറ്റ് കരിയുന്ന കേരളത്തെപ്പറ്റി അദ്ദേഹം ജനങ്ങളെ ഉദ്ബുദ്ധരാക്കാറുണ്ട്.

തിരുമേനിയും കുട്ടനാടും

മക്കാറിയോസിന് എന്നും കേരളം തന്റെ സ്വന്തം നാടായിരുന്നു. പ്രത്യേകിച്ച് തകഴിയുമായി സൗഹൃദബന്ധം ആയശേഷം നാട്ടിൽ എത്തുമ്പോഴൊക്കെ തന്നോടൊപ്പം വരാറുള്ള പാശ്ചാത്യർക്കു വേണ്ടി ഒരു കുട്ടനാടൻ ടൂർ എന്നും തന്റെ പ്രോഗ്രാമിൽ ഉൾപ്പെടുത്തുക പതിവായിരുന്നു. "ഗ്രാമങ്ങളെ അറിയുക, അതുവഴി ഒരു രാജ്യത്തിന്റെ ഹൃദയത്തെ സ്പർശിച്ചറിയുക" എന്ന് പാശ്ചാത്യരെ മനസ്സിലാക്കിച്ചുകൊണ്ടാണ് കുട്ടനാടിന്റെ ഗ്രാമീണ സൗന്ദര്യം അദ്ദേഹം അവർക്ക് കാണിച്ചു കൊടുക്കുക.

പാശ്ചാത്യരോടൊപ്പം മക്കാറിയോസും കുട്ടനാടൻ സൗന്ദര്യത്തെ ആവോളം നുകർന്ന് ആസ്വദിക്കാറുണ്ട്.

ഹൃദയാവർജ്ജകമാണ് കുട്ടനാടിന്റെ പ്രകൃതിഭംഗി. കായലിന്റെ ഇരുകരകളിലും തിട്ടകളും വരമ്പുകളും ചെറിയ തുരുത്തുകളും. അവയ്ക്കുമേൽ ആർത്തു വളർന്നും പടർന്നു പന്തലിച്ചും നിൽക്കുന്ന നാനാതരം വൃക്ഷലതാദികൾ - അവയുടെ ഹരിതാഭ എത്ര മനോജ്ഞമാണ്!

പച്ച നിറത്തിൽ തന്നെ ഏതെല്ലാം വകഭേദങ്ങൾ! പ്ലാവുകളുടെ കാളിമ കലർന്ന പച്ച, വാഴകളുടെ ഇളംപച്ച, കുടംപുളി മരത്തിന്റെ ഇരുണ്ട പച്ച, മൈതാനപ്പുല്ലുകളുടെ തെളിമയാർന്ന പച്ച, നെൽവയലുകളുടെ പ്രസരിപ്പാർന്ന കിളിപ്പച്ച.

മാവുകൾ പൂക്കുന്ന കാലം, തൊടിയിലെങ്ങും കുയിലുകളുടെ ഗാനനിർഝരി, മുറ്റത്തു വളർന്നു നിൽക്കുന്ന കിളിമരത്തിന്മേൽ ആർത്തുപടരുന്ന മുല്ലവള്ളി, രാത്രികളിൽ മുല്ലയുടെ മനംമയക്കുന്ന മാദകഗന്ധം, തൊട്ടടുത്തായി പാടം, ഒരു ഇളം പച്ചനിറത്തിലുള്ള കംബളം വിരിച്ചപോലെ നിരനിരയായി പാടശേഖരങ്ങൾ.

ആമ്പലും താമരയും വിരിഞ്ഞുനിൽക്കുന്ന ചെറുകുളങ്ങൾ, കമുകിൻതോപ്പുകൾ, വെളിമ്പറമ്പുകളിൽ മേഞ്ഞുനടക്കുന്ന പുള്ളിപ്പശുക്കൾ, വീട്ടുമുറ്റത്തു കൊത്തിപ്പെറുക്കി നടക്കുന്ന അങ്കവാലൻ പൂങ്കോഴികൾ, കുടമണി കിലുക്കി മെല്ലെ നീങ്ങുന്ന ആട്ടിൻപറ്റങ്ങൾ.

സമയം രാവിലെ പത്തുകഴിഞ്ഞാൽ പിന്നെ പുരുഷന്മാർ മിക്കവരും ഉപജീവനത്തിനിറങ്ങിത്തിരിച്ചിരിക്കകൊണ്ട് എങ്ങും സ്ത്രീകളെ മാത്രമേ കാണാനുള്ളു. അവരും കർമ്മനിരതരായിരിക്കും - മിക്കവരും തുണി

അലക്കുകയായിരിക്കും – ഓരോ വീടിന്റേയും മുന്നിലായി കായലോരത്തു സ്ഥാപിച്ചിരിക്കുന്ന അലക്കുകല്ലിന്മേൽ – നെരിയാണിയോളം വെള്ളത്തിൽ നിരനിരയായി നിന്ന് അവർ അലക്കോട് അലക്കു തന്നെ. മറ്റു ചിലർ അലക്കിയ തുണി പിഴിഞ്ഞു വിരിക്കുന്നു. വേറൊരു കൂട്ടർ വെള്ളം കോരുന്നു, പശുവിനെ കെട്ടുന്നു, മീൻ വെട്ടുന്നു, മുളക് അരയ്ക്കുന്നു. എല്ലാവരും ചുറുചുറാ വൻ തിരക്കിലാണ്. ഇതാണ് ശരിയായ മലയാളി സ്ത്രീ.

എന്നാൽ ഇവരിൽ ആരെങ്കിലും അമേരിക്കയിൽ എത്തിപ്പെടാൻ തമ്പുരാൻ ഇടയാക്കിയാലോ? തിരുമേനി ഓർക്കുകയാണ്. തമ്പുരാനെ! പിന്നെ ജീവിതത്തിന് എന്തെല്ലാം അകമ്പടി വേണമെന്നോ! ആഹാരം കഴിക്കാൻ നാപ്കിൻ, സ്പൂൺ, കത്തി, ഫോർക്, ലോഷൻ, ടിഷ്യൂ പേപ്പർ, പെർഫ്യൂമുകൾ, മൗത്ത് വാഷ്, ഹെയർ ഡ്രസ്സർ. ചമയങ്ങളുടെ നീണ്ട പട്ടിക – സൗന്ദര്യവർദ്ധക സാധനങ്ങളുടെ നീണ്ട ലിസ്റ്റ്, വൃദ്ധകൾ പോലും മേക്കപ്പും പുട്ടപ്പും ഇല്ലാതെ പുറത്തിറങ്ങുന്നതു ഓർക്കാനേ വയ്യാ.

അൽപസമയത്തേക്ക് അമേരിക്കയിൽ വന്ന സ്ത്രീകളെപ്പറ്റി ഓർത്ത് മക്കാറിയോസിന്റെ ചിന്ത പതറിപ്പോയി. വീണ്ടും അദ്ദേഹം കുട്ടനാടൻ കായലോരത്തേക്കു തിരിച്ചെത്തി.

ഇവിടെ മിക്ക വീടുകളുടേയും വരാന്തയിൽ ചടഞ്ഞുകിടക്കുന്ന ഓരോ പാണ്ടൻ നായയെ കാണാം. ഗൃഹനായികയെ മുട്ടിഉരുമ്മി നടക്കുന്ന പൂച്ചകൾ. പുരയിടത്തിൽ ചിക്കിച്ചികഞ്ഞു നടക്കുന്ന കോഴിക്കൂട്ടം. മേഞ്ഞു നടക്കുന്ന കന്നുകാലികൾ. വെള്ളത്തിൽ പൊങ്ങുതടിപോലെ ഒഴുകിനടക്കുന്ന താറാവുകൾ. ഇവിടെ മനുഷ്യരും മൃഗങ്ങളും പ്രകൃതിയും തമ്മിൽ ഒരനുപമ സമന്വയം കാണാം.

കുട്ടനാടൻ പുഞ്ചയിൽ കട്ട കുത്തുക, മണൽ വാരുക, കല്ലും സിമന്റും പലവ്യഞ്ജനങ്ങളും വഹിക്കുന്ന വഞ്ചികൾ തുഴയുക, പുരുഷന്മാർ എല്ലാവരും വിയർപ്പോടെ അപ്പം ഭക്ഷിക്കുന്നവരാണ്. ഇവിടെ എത്ര ചെറിയവനും അവന്റേതായ വ്യക്തിത്വവും ആത്മാഭിമാനവുമുണ്ട്. മിക്കവരും കിട്ടുന്ന അൽപംകൊണ്ട് തൃപ്തിപ്പെടുന്നവർ. അമേരിക്കന്റെ കണ്ടെത്തൽ ഇന്ത്യാക്കാരൻ ശരാശരി ഒരു ഡോളർ നിത്യേന സമ്പാദിക്കുന്നവനാണെന്നാണ്. ആ അർദ്ധപ്പട്ടിണിയിലുമുണ്ട് ഒരു സംതൃപ്തി.

എല്ലാ സ്ത്രീകളുടെയും കഴുത്തിലുണ്ട് ഒരു താലി. അതു ചിലപ്പോൾ കറുത്ത ചരടിലാവും തൂങ്ങുക. ഏറിയാൽ ഒരു കൊച്ചു താലിമാല. ഒരു ജോടി വില കുറഞ്ഞ കമ്മൽ.

വീട്ടിലാണെങ്കിൽ, അടുക്കളയിൽ മിക്സിയോ, ഗ്രൈൻഡറോ, മറ്റു

യന്ത്രസാമഗ്രികളോ ഉണ്ടാവില്ല. ഒരു ഡൈനിംഗ് ടേബിളോ സുഖപ്രദ മായ സോഫകളോ ഉണ്ടാവില്ല. കയറ്റുകട്ടിലോ തടിക്കട്ടിലോ ഒരെണ്ണം കണ്ടെന്നു വരാം. ഇല്ലെങ്കിൽ തന്നെ തറയിൽ ഇരുന്ന് തൃശനിലയിൽ വയർ നിറയെ ചോറും ചുരുങ്ങിയ മീൻകൂട്ടാനും അവർക്കു ധാരാളം. തറയിൽ വിരിക്കുന്ന പുല്ലുപായോ തഴപ്പായോ അവർക്ക് സുഖനിദ്ര നൽ കുന്നു. ഈ കഷ്ടിച്ച ജീവിതത്തിന്റെ പിന്നിലെ സ്നേഹവായ്പാണ് പ്രധാനം.

സ്വന്തം തൊടിയുടെ സൗന്ദര്യം

മക്കാറിയോസിനോടൊപ്പം ഇന്ത്യയെ കണ്ടെത്താൻ വരുന്ന അമേരി ക്കക്കാർക്ക് കാണാനും, പറയാനും ഓർമ്മിക്കാനും ഉണ്ടാകും, പുതുമ കൾ നിറഞ്ഞ അയിരൂരിന്റെ മലയോര സൗന്ദര്യം.

റബറും, കുരുമുളകും, കാപ്പിയും, തെങ്ങും ഒക്കെ മുറ്റിത്തഴച്ചു നിൽ ക്കുന്ന തൊടികൾ അവർ കൗതുകത്തോടെയാണ് നോക്കിക്കാണുക. റബർത്തോട്ടത്തിലൂടെ മക്കാറിയോസിനോടൊപ്പം ഈ വിദേശ സന്ദർശ കർ നടക്കുമ്പോൾ ടാപ്പിംഗുകാർ ഓരോ മരത്തിന്റെ ചുവട്ടിലേക്കും ദ്രുത ഗമനം ചെയ്യുന്നുണ്ടാവും. ഒരു റബർ മരം ഒന്നു വെട്ടിക്കാണിക്കാൻ തിരു മേനി അവരോടു പറയും. അവന്റെ ഇരട്ടച്ചുണ്ടുള്ള ടാപ്പിംഗ് കത്തി അരു മയോടെ റബർ മരത്തിന്റെ തൊലിയിലൂടെ ചരിച്ചുവെട്ടുന്ന ചാലുകളി ലൂടെ. മരം ചുരത്തുന്ന വെള്ളപ്പാൽ കുത്തി ഒഴുകുന്നു. അതു താഴെ വൃത്താകൃതിയിലുള്ള കമ്പിവലയത്തിൽ വിശ്രമിക്കുന്ന ചിരട്ടയിലോ പ്ലാസ്റ്റിക് ചിരട്ടയിലോ ഒഴുകി നിറയുന്നതു കാണുക രസം തന്നെയാണേ. അമേരിക്കന്റെ ചെമ്പൻ കണ്ണുകൾ നോക്കി ഏറെനേരം നിൽക്കുമ്പോ ഴേക്കും ചിരട്ടകൾ നിറയുന്നു. ചിലതു കവിഞ്ഞൊഴുകുന്നു. വിദേശിക്ക് സംശയം തീരുന്നില്ല. ഈ പാൽ എങ്ങനെ ഷീറ്റുകളായി മാറുന്നു? തിരു മേനി അവരെ അടുത്ത പ്രോസസ് കാണിക്കാൻ കൊണ്ടുപോകുന്നു.

ചിരട്ടകളിൽ നിന്നു ശേഖരിച്ചു കൊണ്ടുവരുന്ന പാൽത്തൊട്ടികളിൽ തുരിശും മറ്റു കെമിക്കലുകളും ഒക്കെ ചേർക്കുന്നു. അവ 'ഉറ കൂടുന്ന തിന്' മണിക്കൂറുകൾ വേണ്ടിവരും. അപ്പോഴേക്കും എല്ലാ ബ്ലോക്കുക ളിൽ നിന്നും നിറഞ്ഞ പാൽത്തൊട്ടികളുമായി ടാപ്പിംഗുകാർ എല്ലാവരും എത്തിയിരിക്കും. ഉറ കൂടിയ റബർപാൽ കൈയിലെടുക്കാവുന്ന വിധം കട്ടിയിലായിക്കഴിഞ്ഞാൽ അവയെ റോളറുകളുള്ള മെഷീനുകളിൽ കൂടി കടത്തി അവയിലെ വെള്ളം ഞെക്കിപ്പിഴിഞ്ഞ് നേർമ്മയുള്ള വെള്ള റബർഷീറ്റുകളായി രൂപാന്തരപ്പെടുത്തുന്നതും അവയെ വീണ്ടും പുക പ്പുരകളിൽ അട്ടിഅട്ടിയായി തൂക്കിയിട്ട് പുകകയറ്റി ഉണക്കി നല്ല കളറും ഗുണമേന്മയുമുള്ള റബർഷീറ്റുകളായി എടുക്കുന്നതുമെല്ലാം വിസ്മയം നിറഞ്ഞ കണ്ണുകളിൽ അവർ നോക്കിക്കാണും.

അടുത്ത യാത്ര കുരുമുളകു തോട്ടത്തിലേക്കാണ്. മറ്റു മരങ്ങളിൽ വള്ളികളായി കയറിപ്പറ്റുന്ന കുരുമുളകുചെടി തിരിയിട്ടു കായിക്കുന്നതും പച്ചനിറമുള്ള കുരുമുളകുകൾ പഴുത്തു പാകമാകുമ്പോൾ ചുവന്ന രത്ന ക്കല്ലുകളെപ്പോലെ തൂങ്ങിക്കിടക്കുന്നതും. അവയെ ശേഖരിച്ച് മുറ്റത്തു വിരിക്കുന്ന വലിയ പരമ്പുകളിൽ ഇട്ടു ഉണക്കി നല്ല കറുത്തനിറം ആകു മ്പോൾ തിരികളിൽ നിന്ന് ഉതിർത്ത് മാറ്റി പാറ്റിപ്പെറുക്കി ചാക്കുകളിൽ നിറച്ചു വെയ്ക്കുന്നു. ഉണങ്ങിയ കുരുമുളകുകൾ കേടുകൂടാതെ വളരെ ക്കാലം സൂക്ഷിച്ചു വയ്ക്കാനും കഴിയും.

അടുത്തത് കാപ്പിത്തോട്ടമാണ്. ഒരേ ഉയരത്തിൽ വെട്ടിനിരത്തി വരി വരിയായി നിൽക്കുന്ന കാപ്പിത്തോട്ടത്തിൽ ഒരു സുഗന്ധ പരിമളവാസന വീശുന്നു. കാപ്പിച്ചെടികൾ പൂക്കുമ്പോൾ ആ വെള്ളപ്പൂക്കളാണ് സുഗ ന്ധിയായ മണം പരത്തുന്നത്. ആ പൂക്കളിൽനിന്നു കാപ്പിക്കുരു ജനി ക്കുന്നതും അവ പഴുത്തു പാകമാകുമ്പോൾ ശേഖരിച്ച് പുഴുങ്ങി പുറം തോട് കളഞ്ഞ് ഉള്ളിലുള്ള കുരുക്കൾ ഉണക്കിപ്പൊടിച്ച് നല്ല സുഗന്ധ മുള്ള കാപ്പിപ്പൊടി ടിന്നുകളിൽ ശേഖരിച്ചെടുക്കുന്നതും കൗതുകകാഴ്ച തന്നെ.

തെങ്ങിൻതോപ്പുകൾ

ഒറ്റത്തടിയായി പൊക്കത്തിൽ വളർന്നു നിൽക്കുന്ന കൽപവൃക്ഷ ത്തിന്റെ മുകളിലേക്ക് കേവലം പിരിച്ചുണ്ടാക്കിയ ഒരു നിസ്സാരതളപ്പിന്റെ സഹായത്താൽ അനായാസേന തത്തിത്തത്തി കയറി, വിളവ് പാകമായ തേങ്ങ വെട്ടിഇടുന്നത് കാണുന്നത് കൗതുകം ഉണർത്തുന്ന കാഴ്ചയാണ്. തേങ്ങായും ഉണങ്ങിയ കൊപ്രായിൽ നിന്ന് ആട്ടി എടുക്കുന്ന ശുദ്ധ വെളി ച്ചെണ്ണയുമില്ലാതെ ഒരു പാചകവും ശരിയാവില്ലെന്ന് വിശ്വസിക്കുന്നവ രാണ് കേരള വനിതകൾ – തേങ്ങായും വെളിച്ചെണ്ണയും ചേർത്തുണ്ടാ ക്കുന്ന കറികളുടെ രുചി ഒന്നു വേറെ തന്നെ. മക്കാറിയോസ് തിരുമേനി യോടൊപ്പം വന്ന സ്ത്രീകളും പുരുഷന്മാരും കേരള സ്ത്രീയുടെ പാച കസ്വാദ് ഒന്ന് രുചിച്ചറിഞ്ഞശേഷം "ഭാവശുദ്ധിയോടെ വീട്ടിലെ സ്ത്രീകൾ വിളമ്പിത്തന്ന ഭക്ഷണത്തിന് എന്തു സ്വാദ്" എന്ന് അവർ പരസ്പരം പറഞ്ഞുപോയി. ദോശയും ഇടിയപ്പവും ചപ്പാത്തിയും അവി യലും സാമ്പാറും കൊഞ്ചുകറിയും കരിമീൻ വറുത്തതും പാലപ്പവും ചിക്കൻസ്റ്റൂവും ഒക്കെ "സ്പൈസി" ആയിരുന്നിട്ടും അവർ മൂക്കുമുട്ടെ ആസ്വദിച്ചു. വീട്ടിലെ തൊടിയിൽ തന്നെ നട്ടുവളർത്തിയിരുന്ന മഞ്ഞൾ, കോലിഞ്ചി, അരത്ത, ഇഞ്ചി തുടങ്ങിയ സസ്യങ്ങളും കറുവാ, ഗ്രാമ്പൂ തുടങ്ങിയ സ്പൈസി വൃക്ഷങ്ങളും കാഴ്ചവസ്തുക്കളായിരുന്നു.

അടുക്കളയിൽ ഗൃഹനായിക, കുഞ്ഞുമോളെ സഹായിക്കുന്ന

കുഞ്ഞമ്മ. പൊടിയമ്മ വീടും പരിസരങ്ങളും വൃത്തിയാക്കുന്നു. പൂന്തോട്ടം വെട്ടിവെടിപ്പാക്കി മനോഹരമാക്കുന്ന ബാബു. യഥാകാലം കൃഷിയിറക്കി പരിപാലിക്കുന്ന വാസുക്കുട്ടൻ, ഡ്രൈവർ, ഇങ്ങനെ തിരുമേനിയുടെ വീട്ടിലെ സഹായികളുടെ ഒക്കെ കൂടെനിന്ന് പടമെടുക്കാനും വിദേശ അതിഥികൾ മറന്നില്ല. തൊടികളിലൂടെ നടന്നപ്പോൾ കണ്ട വിവിധ വർണ്ണഭംഗിയുള്ള പക്ഷികളുടെ ചിത്രങ്ങളും അവർ ക്യാമറാകളിൽ പകർത്തി.

മക്കാറിയോസ് തിരുമേനി ലോകത്തിന്റെ ഏതു കോണിലായാലും ഹൃദയത്തിൽ സ്വന്തം എന്നു കരുതി സ്നേഹിച്ച നാട് കേരളവും പ്രത്യേകിച്ച് താൻ ജനിച്ചു വളർന്ന ഭാഷയും സംസ്കാരവും ഒക്കെ ഉൾക്കൊണ്ട അയിരൂരും ആയിരുന്നു.

സ്വന്ത ഭാഷയായ മലയാളം അമേരിക്കയിൽ വന്നാലുടൻ മറന്നു പോയി എന്നു നടിക്കുന്ന 'മലയാളിധരന്മാരെ' അദ്ദേഹം കണക്കറ്റു പരിഹസിക്കുമായിരുന്നു. പത്തു കൊല്ലം മിലിട്ടറി സേവനം കഴിഞ്ഞ് നാട്ടിലെത്തിയ ഒരു മിലിട്ടറിക്കാരൻ തേങ്ങാക്കുല കണ്ടിട്ട് അത് എന്നോത്തിന്റെ കായാണ് എന്നു ചോദിച്ച ഒരു കഥ ഉദ്ധരിച്ചുകൊണ്ട് തിരുമേനി മലയാളികളെ പരിഹസിച്ചു. നീണ്ട അമ്പതു വർഷം അമേരിക്കയിൽ ജീവിച്ച മാർ മക്കാറിയോസ് തന്റെ മാതൃഭാഷയും സംസ്കാരവും പരിരക്ഷിച്ച സാക്ഷാൽ മലയാളി ആയിരുന്നു.

സഭാകേസ് നടത്തിപ്പുകളെക്കുറിച്ച് മാർ മക്കാറിയോസുമായി ഒരു അഭിമുഖം

കേസുകളുടെ ചുമതല മാർ മക്കാറിയോസ് വഹിച്ചിരുന്ന കാലത്ത് നടന്ന എല്ലാ കേസുകളിലും ഓർത്തഡോക്സ് സഭ വിജയം കൈവരിച്ചിരുന്നു. 1958, 1995, 2002 തുടങ്ങി സുപ്രീംകോടതിയിൽ നടന്ന കേസുകളിൽ എല്ലാം മലങ്കര ഓർത്തഡോക്സ് സഭ പ്രതീക്ഷിച്ചിരുന്നപ്രകാരം വിജയം നേടിയ കാര്യം മുമ്പ് പ്രതിപാദിച്ചിരുന്നല്ലോ. പിന്നെ എന്തുകൊണ്ടോ ഒരിടക്കാലത്ത് ആരുടെ ഒക്കെയോ ചരടുവലിയിൽ കേസ് നടത്തിപ്പ് മറ്റു ചിലരുടെ കൈകളിലെത്തിയിരുന്നു. പക്ഷേ മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കീസും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്ന സമയത്തെല്ലാം മാർ മക്കാറിയോസ് മുമ്പ് വാദിച്ചിരുന്ന ആശയങ്ങൾക്ക് കടകവിരുദ്ധമായ ഒരു നിലപാട് വക്കീലന്മാർക്കു നിർദ്ദേശിച്ചുകൊടുക്കുന്നതായി സഭയിലെ നിയമജ്ഞർ പ. ബാവായുടെ ശ്രദ്ധയിൽപെടുത്തി. ഈ വിധത്തിലുള്ള വാദവുമായി മുന്നോട്ടു പോയാൽ സഭ പരാജയപ്പെടുമെന്നുള്ള ആശങ്കയും അവർ പ. ബാവായെ അറിയിച്ചു. കേസിന്റെ ചുമതല ഈ വൈകിയ വേളയിലെങ്കിലും മാർ മക്കാറിയോസ് വീണ്ടും ഏറ്റെടുക്കണമെന്ന് മാർ മക്കാറിയോസിനോട്, ബാവാ നിർദ്ദേശിച്ചു. ആ സമയത്തും യാതൊരു തടസ്സവും പറയാതെ അദ്ദേഹം അമേരിക്കയിൽ നിന്നു നാട്ടിലെത്തി. കേസു നടത്തിപ്പിൽ അതിനോടകം സംഭവിച്ച പാളിച്ചകൾ അദ്ദേഹം സസൂക്ഷ്മം മനസ്സിലാക്കി. ഈ സംഭവവികാസങ്ങൾ സഭാതലങ്ങളിൽ വലിയ സംസാരവിഷയമായിത്തീർന്നു.

ആ സമയത്ത് 'മലങ്കരസഭാദീപം' എന്ന മാസികയ്ക്ക് അനുവദിച്ച ഒരു അഭിമുഖ സംഭാഷണമാണ് താഴെ കുറിക്കുന്നത്. കേസു നടത്തിപ്പിൽ സംഭവിച്ച പാളിച്ചകളെക്കുറിച്ച് മാർ മക്കാറിയോസ് ഉള്ളുതുറക്കുന്നു:

"ഇപ്പോഴത്തെ സഭാക്കേസ് നടത്തിപ്പിൽ പ്രത്യേകിച്ച് സുപ്രീംകോടതിയിൽ കേസു നടത്തിയതിൽ പ്രകടമായ വീഴ്ചകളും വ്യക്തമായ പാളിച്ചകളും ഉണ്ടായിട്ടുണ്ട്."

കേസുനടത്തിപ്പിൽ ഏതുരീതിയിലുള്ള പാളിച്ചകളാണുണ്ടായത്?

പ്രധാനമായും മലങ്കരസഭയുടെ വാദമുഖങ്ങൾ കോടതിയെ വ്യക്തമായി ധരിപ്പിച്ചിട്ടില്ല. കോടതിയിൽ ഉന്നയിക്കാമായിരുന്ന പല കാര്യങ്ങളും ഉന്നയിച്ചിട്ടില്ല. പ്രധാന അഭിഭാഷകനായിരുന്ന അഡ്വ. നരിമാനെ വേണ്ട വിധത്തിൽ കാര്യങ്ങൾ ധരിപ്പിച്ചിരുന്നില്ല. പറയേണ്ട കാര്യങ്ങൾ പറയേണ്ട

സമയത്ത് പറയേണ്ടതുപോലെ പറഞ്ഞില്ല എന്നതാണ് പ്രശ്നം.

തിരുമേനി അഡ്വ. നരിമാനെ നേരിട്ടുകണ്ട് സംസാരിച്ചോ?

കണ്ടു, സംസാരിച്ചു. ദീർഘനേരം അദ്ദേഹവുമായി കാര്യങ്ങൾ ചർച്ച ചെയ്തു. കഴിഞ്ഞ ഒരാഴ്ച മുഴുവനും ഞാൻ ഡൽഹിയിൽ ആയിരുന്നു. സമുദായക്കേസുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഗ്രഹിക്കുവാൻ സാധിച്ചു. സുപ്രീംകോടതിയിൽ നിന്നുതന്നെ സമുദായക്കേസുമായി ബന്ധപ്പെട്ട രേഖകളുടെ എല്ലാം ഫോട്ടോകോപ്പി എടുക്കുവാൻ സാധിച്ചു. ഇപ്പോൾ സമുദായക്കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും എന്റെ കൈവശമുണ്ട്.

നരിമാൻ പറഞ്ഞ കാര്യങ്ങൾ ഒന്നു വിശദീകരിക്കാമോ?

നരിമാൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ഇപ്പോൾ വെളിപ്പെടുത്തുവാൻ സാധിക്കുകയില്ല. സമയം വരുമ്പോൾ അതു പറഞ്ഞുകൊള്ളാം. എന്തായാലും നരിമാൻ പറഞ്ഞതാണെന്നും പറഞ്ഞ് ഇവിടെ പലരും പറഞ്ഞ പല കാര്യങ്ങളും ശരിയായിരുന്നോ എന്നതിനെക്കുറിച്ച് എനിക്കു സംശയമുണ്ട്. സമുദായക്കേസ് പൂർണ്ണ വിജയത്തിൽ കൊണ്ടെത്തിക്കാമെന്ന് അദ്ദേഹത്തിനു നല്ല വിശ്വാസമുണ്ട്.

സഭാകേസ് നടത്തുവാൻ അദ്ദേഹത്തിനു താൽപര്യമുണ്ടോ?

തീർച്ചയായും. അദ്ദേഹം ഏറ്റെടുത്ത ഈ കേസ് അതിന്റെ പരിസമാപ്തി വരെ അദ്ദേഹം തന്നെ നടത്തും.

ചില വക്കീലന്മാരൊക്കെ രാജി വച്ചാലും...?

(അഡ്വ. കെ. ജോർജിന്റെ രാജിവാർത്ത കേട്ടതിന്റെ വെളിച്ചത്തിലാണ് ഈ ചോദ്യം) അതൊന്നും അദ്ദേഹത്തിനു പ്രശ്നമേയല്ല. മലങ്കരസഭയോട് അദ്ദേഹത്തിന് ഉത്തരവാദിത്വമുണ്ട് എന്നാണ് എനിക്കു മനസ്സിലായത്.

സുപ്രീംകോടതിയിൽ ഇപ്പോൾ നിലവിലുള്ള കേസ് എന്താണ്?

പ. കാതോലിക്കാ ബാവായുടെ മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനം സുപ്രീംകോടതി അംഗീകരിച്ചിട്ടില്ല എന്നും വിധിനടത്തിപ്പിന് പള്ളിക്കോടതിയെ സമീപിക്കുകയുമാണ് വേണ്ടത് എന്നുമുള്ള കേരള ഹൈക്കോടതിയുടെ വിധിക്കെതിരെയാണ് സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തിരിക്കുന്നത്. സുപ്രീംകോടതി വിധിയിൽനിന്ന് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ഒരാൾ തന്നെയാണെന്ന് വ്യക്തമാണ്.

സുപ്രീംകോടതി വിധിയിൽ അതുണ്ടോ?

ബസ്സേലിയോസ് മാത്യൂസ് ഒന്നാമൻ ബാവായുടെ തെരഞ്ഞെടുപ്പും വാഴ്ചയും ഭരണവും സുപ്രീംകോടതി അംഗീകരിച്ചിട്ടുണ്ട്. അതുപോലെ അദ്ദേഹത്തിന്റെ പിൻഗാമിയായുള്ള ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ ബാവായുടെ തെരഞ്ഞെടുപ്പും വാഴ്ചയും അംഗീകരിക്കപ്പെട്ട വസ്തുതയും ചോദ്യം ചെയ്യാൻ സാധ്യമല്ലാതെ നിലനിൽക്കുന്ന കാര്യവുമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു തർക്കത്തിന്റേയും ആവശ്യമില്ല. കാതോലിക്കായേയും മലങ്കര മെത്രാപ്പോലീത്തായേയും കുറിച്ച് പറയുമ്പോൾ കാതോലിക്കാ എന്ന ടൈറ്റിൽ മാത്രമാണ് സുപ്രീംകോടതി ഈ വിധിയിൽ സാധാരണ ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ അല്ലാ എന്നു വരുന്നില്ല. കാതോലിക്കാ സ്ഥാനത്തേയും മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയും ആരും ചോദ്യം ചെയ്തിട്ടുമില്ല. തെരഞ്ഞെടുപ്പും വാഴ്ചയും എന്നുള്ളതിൽ തെരഞ്ഞെടുപ്പ് മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കും വാഴ്ച കാതോലിക്കായുമായാണ്. ഉടനെതന്നെ അസോസിയേഷൻ കൂടണമെന്നാണ് കോടതി ആവശ്യപ്പെട്ടത്. മലങ്കര മെത്രാപ്പോലീത്താ ഉള്ളതുകൊണ്ടല്ലേ അസോസിയേഷൻ വിളിച്ചുകൂട്ടുവാൻ കോടതി ആവശ്യപ്പെട്ടത്. ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റിയെ കോടതി അംഗീകരിച്ചിട്ടുണ്ട്. മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം ഉപയോഗിച്ചാണ് മാനേജിംഗ് കമ്മിറ്റിയിലേക്ക് ഏതാനും പേരെ പ. ബാവാ നോമിനേറ്റു ചെയ്തിരിക്കുന്നത്. അതും സുപ്രീംകോടതി അംഗീകരിച്ചിട്ടുണ്ട്.

പിന്നെ എന്താണ് ഹൈക്കോടതിയിൽ സംഭവിച്ചത്?

ഭംഗിയായി കേസു നടത്തിയില്ല, അത്ര തന്നെ.

അഡ്വ. നരിമാൻ കേസു വാദിക്കുവാൻ വന്നിരുന്നല്ലോ?

നരിമാന്റെ കുഴപ്പമല്ല, ഇവിടെ ഉള്ളവരുടെ കുഴപ്പമാണ് പരാജയത്തിനു കാരണം. ഹൈക്കോടതിയിൽ കേസ് കേട്ട ജസ്റ്റീസ് ബാലസുബ്രഹ്മണ്യ അയ്യർ നേരത്തെ വക്കീൽ എന്ന നിലയിൽ മൂന്നു തവണ പാത്രിയർക്കീസ് കക്ഷിക്കുവേണ്ടി ഹാജരായിരുന്ന ആളായിരുന്നുവെന്ന് അഡ്വ. നരിമാനോട് ഇവിടെയുള്ള വക്കീലന്മാർ പറഞ്ഞിരുന്നില്ല. ഈ ആഴ്ച ഞാൻ പറയുമ്പോൾ മാത്രമാണ് നരിമാൻ അതറിയുന്നത്. അത് അദ്ദേഹത്തിനു വലിയ ഷോക്കായിരുന്നു. അദ്ദേഹത്തിൽ നിന്ന് അതു മറച്ചുവച്ചതിൽ അദ്ദേഹം ക്ഷുഭിതനാവുകയും ചെയ്തു.

എന്തുകൊണ്ടാണ് വക്കീലന്മാർ അത് നരിമാനോടു പറയാതിരുന്നത്?

അത് എനിക്കറിയില്ല. അത് അവരോടു ചോദിക്കണം. അവർ ഹൈക്കോടതിയിൽ മറ്റു പല കേസുകളും കൈകാര്യം ചെയ്യുന്നുണ്ട് (സമുദായത്തിന്റേതല്ലാത്ത). അപ്പോൾ ഈ ഒരു കേസിൽ ജഡ്ജിയെ മാറ്റണമെന്ന് അവർ ആവശ്യപ്പെട്ടാൽ അതു മറ്റു കേസുകളെ ബാധിക്കുമെന്ന് വിചാരിച്ചിട്ടോ, ജഡ്ജിയുടെ അതൃപ്തി ഉണ്ടാകുമെന്ന് വിചാരിച്ചോ, അവരുടെ കരിയറിനെ അതു ദോഷമായി ബാധിക്കുമെന്ന് ഭയന്നോ ഒക്കെ അങ്ങനെ ചെയ്തതാവാം എന്നാണ് ഞാൻ അന്വേഷിച്ചപ്പോൾ പലരും പറഞ്ഞു കേട്ടത്.

ആ വക്കീലന്മാർക്കെതിരെ സഭയിൽനിന്ന് കർശന നടപടി എടുക്കേണ്ടേ?

അത് എന്റെ ജോലിയല്ല. എന്തെങ്കിലും നടപടി എടുത്തതായിട്ട് എനിക്ക് അറിയുകയുമില്ല.

അപ്പോൾ ഇതുവരെ സഭാകേസ് നടത്തിയവർ ജനങ്ങളെ വിഡ്ഢികളാക്കുകയല്ലേ ചെയ്തത്?

ജനങ്ങൾ വിഡ്ഢികളാണോ?

സഭാ മാനേജിംഗ് കമ്മിറ്റിയും വർക്കിംഗ് കമ്മിറ്റിയും ഇക്കാര്യം അന്വേഷിച്ച് വേണ്ട നടപടികൾ സ്വീകരിക്കാത്തതെന്തേ?

അതും എനിക്കറിയില്ല. പലർക്കും പല കാര്യങ്ങളും അറിയാം. പക്ഷേ പറയേണ്ടതുപോലെ പറയേണ്ടിടത്ത് പറയാറില്ല. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാറുമില്ല. അതാണ് ദോഷം.

കേസിൽ പാളിച്ചകൾ പറ്റിയത് അറിഞ്ഞുകൊണ്ടാണോ?

അതിന്റെ ഉത്തരം ഞാൻ പറയേണ്ട കാര്യമില്ല. തൽക്കാലം അതന്വേഷിക്കേണ്ട ആവശ്യവുമില്ല എന്നാണ് എനിക്കു തോന്നുന്നത്.

ഇപ്പോഴത്തെ കേസ് എന്നു തീരും?

തീർച്ച പറയാൻ പറ്റില്ല. സാധാരണഗതിയിൽ ഒന്നുരണ്ടു മാസം കൂടി കഴിയാതെ കേസ് എടുക്കുമെന്ന് തോന്നുന്നില്ല. നമ്മൾ കൊടുത്ത പരാതിക്ക് മറുപടി പറയുവാൻ അവർക്കു സമയം കൊടുത്തിരിക്കയാണ്. അവരുടെ മറുപടി കിട്ടിക്കഴിഞ്ഞ് നമ്മൾക്ക് വേണമെങ്കിൽ അതിന് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യാം. അതും കഴിഞ്ഞ് ഒക്ടോബറോടെ കേസ് എടുത്തേക്കും.

അതുവരെ സ്റ്റാറ്റസ്ക്കോ (തൽസ്ഥിതി) നിലനിൽക്കുമല്ലോ?

മലങ്കര അസോസിയേഷൻ കൂടി പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതുവരെ സ്റ്റാറ്റസ്ക്കോ നിലനിൽക്കും.

1934-ലെ ഭരണഘടന അനുസരിക്കുന്നവർക്ക് മാത്രമല്ലേ സ്റ്റാറ്റസ്ക്കോയുടെ ആനുകൂല്യം ലഭിക്കുകയുള്ളു? മാർ ദീവന്നാസ്യോസും മറ്റും ഭരണഘടന അനുസരിക്കുന്നുണ്ടോ?

1934-ലെ ഭരണഘടന അനുസരിക്കുന്നവർക്കു മാത്രമേ സ്റ്റാറ്റസ്ക്കോയുടെ ആനുകൂല്യം ലഭിക്കുകയുള്ളു. മാർ ദീവന്നാസ്യോസും മറ്റും ഭരണഘടന അനുസരിച്ചല്ല പോകുന്നത്. തന്നെയുമല്ല ഭരണഘടനയോട് വിധേയത്വം പുലർത്തുന്നുവെന്ന് അവർ സമ്മതിച്ചു പറയേണ്ടതും എഴുതിക്കൊടുക്കേണ്ടതും കാതോലിക്കായിക്കാണ്. അവർ അതു ചെയ്തിട്ടില്ല.

പാത്രിയർക്കീസ് കക്ഷിയിലെ മെത്രാന്മാർക്ക് സ്റ്റാറ്റസ്കോയുടെ ആനുകൂല്യം ലഭിക്കയില്ല എന്നാണോ പറയുന്നത്?

അതെ. മാർ ദീവന്നാസ്യോസിനും മറ്റും ചില കോടതികളിൽ അഫിഡവിറ്റ് കൊടുത്ത അവസരത്തിൽ ഭരണഘടനയോട് വിധേയത്വം പുലർത്തുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ വാസ്തവത്തിൽ ഭരണഘടനയുടെ 112-ാം വകുപ്പനുസരിച്ച് അവർ കാതോലിക്കായുടെ മുമ്പാകെയാണ് ഭരണഘടനയോട് വിധേയത്വം പുലർത്തി സമ്മതപത്രം കൊടുക്കേണ്ടത്. 1958-ൽ സമാധാനം ഉണ്ടായപ്പോൾ പാത്രിയർക്കീസ് കക്ഷിയിലായിരുന്ന മൂന്നു മെത്രാന്മാരും പ. കാതോലിക്കായുടെ മുമ്പാകെയാണ് ഭരണഘടനയോട് വിധേയത്വം പുലർത്തുന്ന സമ്മതപത്രം എഴുതിക്കൊടുത്തത്.

ഇക്കാര്യം കോടതിയെ അറിയിച്ച് മാർ ദീവന്നാസ്യോസിനെയും മറ്റും നിരോധിക്കാത്തതെന്തേ?

അതിനു നിങ്ങളാണ് ഉത്തരം പറയേണ്ടത്. കോട്ടയത്ത് ഉണ്ടായിരുന്ന നിങ്ങൾ എന്തുകൊണ്ട് അതു ചെയ്തില്ല? ഇതും നിങ്ങളുടെ ഭാഗത്തു നിന്നു വന്ന വീഴ്ചയാണ്. ഇപ്പോൾ ഞാൻ അമേരിക്കയിൽ നിന്നു വന്ന ശേഷം മാത്രമാണ് ഈ കാര്യം ഉന്നയിച്ചുകൊണ്ട് ഒരു കേസ് കൊടുത്തത്. മാർ ദീവന്നാസ്യോസ് അതിനു കോടതിയിൽ മറുപടി കൊടുക്കുകയും ചെയ്തു. അതിന്റെ വാദവും വിധിയും ഇനിയുമുണ്ടാകണം.

അവരുടെ ഇപ്പോഴത്തെ സ്ഥിതി?

1990-ലെ ഹൈക്കോടതി വിധിയനുസരിച്ച് മാർ ദീവന്നാസ്യോസിനും മറ്റും മലങ്കരസഭയിലെ മെത്രാന്മാരായി പ്രവർത്തിക്കുവാൻ അവകാശ

മില്ല. ആ വിധി സുപ്രീംകോടതി ഇതുവരെ റദ്ദാക്കിയിട്ടില്ല; ഭേദപ്പെടുത്തിയിട്ടുമില്ല.

മലങ്കര അസോസിയേഷൻ കൂടുന്നതിനെ സംബന്ധിച്ച്?

1995-ലെ വിധി കഴിഞ്ഞയുടനെ അസോസിയേഷൻ കൂടേണ്ടതായിരുന്നു. അതു നടക്കാതിരുന്നത് ഒരു വലിയ പാളിച്ചയാണ്. അസോസിയേഷൻ കൂടുന്നതിന് വേണ്ടത്ര ഉത്സാഹം ഇല്ലാത്ത ആളുകൾ സഭാനേതൃത്വത്തിൽ ഉണ്ടായിരുന്നതാണ് അസോസിയേഷൻ കൂടാതിരുന്നതിനുള്ള ഒരു കാരണം എന്നാണ് എന്റെ ധാരണ. പാത്രിയർക്കീസ് വിഭാഗത്തിനും അസോസിയേഷൻ നീട്ടിക്കൊണ്ടു പോകണമെന്നാണ് താൽപര്യം.

തിരുമേനി ഇന്ത്യയിൽ എത്തിയിട്ടു ചെയ്ത കാര്യങ്ങൾ?

ദേവലോകം അരമനയിൽ കേസിനെ സംബന്ധിച്ച ഒരു ഫയൽ ഇതുവരെ ഇല്ലായിരുന്നു. കേസിനെക്കുറിച്ച് മറ്റുള്ളവരോടു ചോദിച്ചു മനസ്സിലാക്കേണ്ടതായി വന്നു. ആവശ്യമുള്ളതെല്ലാം ശേഖരിച്ച് ഒരു ഫയൽ ഉണ്ടാക്കുന്നതിനു സാധിച്ചു.

അവരുടെ തിരുമേനിമാരും നേതാക്കളുമായി നേരിട്ടു സംസാരിച്ചു. ടെലിഫോണിൽ കൂടിയുള്ള ആശയവിനിമയം സാധ്യമാക്കിത്തീർത്തു. ദീവന്നാസ്യോസ് തന്നെ എന്നെ കാണുന്നതിന് മൂന്നു പ്രാവശ്യം കോട്ടയത്തു വന്നിരുന്നു. കേസ് മരവിപ്പിച്ച് ചർച്ചയാകാം എന്ന് അദ്ദേഹം പറഞ്ഞിരുന്നു. അതിന് സമയം ആവശ്യമുണ്ട്. ഈ കേസിലെ ഒരു പ്രതി അല്ല എന്നുള്ള മറുപടിയാണ് ഞാൻ അദ്ദേഹത്തിനു കൊടുത്തത്.

തിരുമേനി അവരോടു ഉറപ്പായി പറഞ്ഞ കാര്യങ്ങൾ?

1. പ. കാതോലിക്കാബാവാ മലങ്കര അസോസിയേഷൻ വിളിച്ചു കൂട്ടും എന്നുള്ളതിനു യാതൊരു ഒത്തുതീർപ്പുമില്ലാത്ത സംഗതിയാണ്.

2. ഒരുമിച്ചു കൂടാൻ സമ്മതിക്കുന്നില്ലെങ്കിൽ സുപ്രീംകോടതി വിധിയിലൂടെ അസോസിയേഷൻ കൂടും.

3. ഭരണഘടനയിൽ പാത്രിയർക്കീസ് ബാവായ്ക്കു കൊടുത്തിരിക്കുന്ന സ്ഥാനത്തേക്കാൾ കൂടുതലൊന്നും തന്നെ സുപ്രീംകോടതിയും പാത്രിയർക്കീസിനു നൽകിയിട്ടില്ല. ആ സ്ഥാനം മാത്രമേ മലങ്കരസഭ അദ്ദേഹത്തിന് നൽകുകയുള്ളൂ.

ഓർത്തഡോക്സ് സഭയുടെ പുത്രൻ രാഷ്ട്രപതി സ്ഥാനാർത്ഥി

മലങ്കരസഭയുടെ അഭിമാന നേതാവും മാർ മക്കാറിയോസ് മെത്രാ

പ്പോലീത്തായോടൊപ്പം ഡൽഹി ഓർത്തഡോക്സ് സഭാ വികസനത്തിൽ നിർണ്ണായക പങ്കു വഹിച്ച ആളുമായ ഡോ. പി. സി. അലക്സാണ്ടറുടെ നാമം ഇന്ത്യൻ രാഷ്ട്രപതി സ്ഥാനത്തേക്കു സജീവ പരിഗണനയ്ക്കു വന്നു. മുൻ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി എന്നിവരുടെ പ്രിൻസിപ്പൽ സെക്രട്ടറി, മഹാരാഷ്ട്ര ഉൾപ്പെടെ പ്രമുഖ സ്റ്റേറ്റുകളുടെ ഗവർണർസ്ഥാനം, ഐക്യരാഷ്ട്ര സഭയിലെ സെക്രട്ടറി സ്ഥാനം തുടങ്ങിയ പരിചയസമ്പത്ത് അദ്ദേഹത്തിന് അനുകൂല ഘടകങ്ങളായിരുന്നു. അന്നത്തെ ഇന്ത്യൻ ഭരണകക്ഷിയിലെ പ്രധാന കക്ഷികളായ ബി.ജെ.പി. തുടങ്ങിയ പ്രബല കക്ഷികളായിരുന്നു ഈ സ്ഥാനാർത്ഥിത്വത്തിനു ചരടു വലിച്ചത്. എന്നാൽ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് ഒരു ബി.ജെ.പി. സ്ഥാനാർത്ഥിയെ പിന്തുണയ്ക്കാൻ തയ്യാറായില്ല. മുൻ കോൺഗ്രസ് നേതാവും ജനതാ പാർട്ടിയിലെ കരുത്തനുമായിരുന്ന അന്നത്തെ ഉപരാഷ്ട്രപതി കൃഷ്ണൻ കാന്തിനെ രാഷ്ട്രപതിസ്ഥാനത്തേക്ക് നിർദ്ദേശിച്ചതിനെ തെലുങ്കു ദേശവും ചന്ദ്രബാബു നായിഡുവും പിന്തുണയ്ക്കാൻ തയ്യാറായതായി സൂചനയുണ്ടായി. അതേസമയം അന്നത്തെ ലോക്സഭാ സ്പീക്കർ ജി. എം. സി. ബാലയോഗിയെ വൈസ്പ്രസിഡന്റു സ്ഥാനത്തേക്കും ചിലർ നിർദ്ദേശിച്ചു.

ഇപ്രകാരം രാഷ്ട്രീയ ചരടുവലികൾക്കു മദ്ധ്യേ ഡോ. അലക്സാണ്ടറുടെ സ്ഥാനാർത്ഥിത്വം ആടിയുലയുന്നു എന്നു കണ്ട വേളയിൽ "പുരയ്ക്കു തീ പിടിക്കുമ്പോൾ വാഴ വെട്ടുന്നതുപോലെ" ഓർത്തഡോക്സുകാരനായ അലക്സാണ്ടർ യാതൊരുപ്രകാരത്തിലും ഈ ഉന്നത സ്ഥാനത്തിന് യോഗ്യനല്ലെന്ന് പാത്രിയർക്കീസു പക്ഷവും എതിരായി കേന്ദ്രഗവണ്മെന്റിനു കത്ത് അയച്ചുവെന്ന് പറയപ്പെടുന്നു.

അദ്ധ്യായം 7

ഒരു പുത്തൻകുരിശു ബാവാ

നമുക്കു സഭയിലേക്കു തിരിച്ചു വരാം. വളരെയധികം വിവാദങ്ങൾ ഉണ്ടാക്കിയിട്ടും, "സഹോദരങ്ങളെ നമുക്കു രമ്യപ്പെടാം" എന്ന് മൂവാറ്റു പുഴയിൽ നിന്നു ഡോ. അത്താനാസ്യോസ് തിരുമേനി ഹൃദയത്തിൽ തട്ടുന്ന വാക്കുകളിൽ ആവശ്യപ്പെട്ടിട്ടും, സുപ്രീംകോടതി ഒരു പ്രത്യേക നിരീക്ഷകനെ അയച്ച് മലങ്കര അസ്സോസിയേഷൻ വിളിച്ചു ചേർത്ത് രമ്യ തയ്ക്കുള്ള വാതിലുകൾ തുറന്നിട്ടിട്ടും, ഇതെല്ലാം അവഗണിച്ച് കാതോലിക്കാ സ്ഥാനത്തിനുള്ള മോഹത്തോടെ അങ്കമാലിയുടെ തോമസ് മാർ ദീവന്നാസ്യോസ് പുത്തൻകുരിശിൽ ഒരു സൊസൈറ്റി സൃഷ്ടിച്ച് അതിന് യാക്കോബായ സഭ എന്ന പേരും നൽകി. ഇങ്ങനെ തന്റെ ഇംഗിതത്തിനനുസരിച്ച് ഭരണഘടന എന്നപേരിൽ ഏതാനും നിയമങ്ങളും ഉണ്ടാക്കി മനോഹരിയായ മലങ്കരസഭയെ രണ്ടായി പിളർത്തി മാറ്റിയതിനാൽ ചരിത്രത്തിന്റെ മുന്നിൽ തെറ്റുകാരനായി അറിയപ്പെടുന്നതിൽ നിന്നും അദ്ദേഹത്തിനു ഒഴിഞ്ഞു നിൽക്കാനാവില്ല. ഡോ. തോമസ് മാർ അത്താനാസ്യോസ് പറയുംപ്രകാരം "സഭയുടെ അടിസ്ഥാന നിയോഗത്തോടുള്ള പ്രതിബദ്ധതയോ, സമൂഹത്തോടുള്ള കടപ്പാടോ, ദുർബല വിഭാഗങ്ങളുടെ ശാക്തീകരണമോ, നീതിക്കുവേണ്ടിയുള്ള പോരാട്ടമോ, സഭയുടെ പദ്ധതികളിലോ, പരിപാടികളിലോ ഇന്നു സ്ഥാനം പിടിക്കാതെ പോകുന്നു. സഭ അതിന്റെ ആഭ്യന്തരപ്രശ്നങ്ങളുടെ ഊരാക്കുടുക്കുകളിൽപെട്ട് ശ്വാസം മുട്ടുമ്പോൾ ഈ സഭ എന്തിന് എന്ന അടിസ്ഥാനചോദ്യം ഉയരുന്നു."

ചെറുവള്ളി തോമസ് മാർ ദീവന്നാസ്യോസിനെ സംബന്ധിച്ചിടത്തോളം ഈ ചോദ്യത്തിന് ഉത്തരമുണ്ട്. ഏതുമാർഗ്ഗം ഉപയോഗിച്ചാലും ഒരു വിഭാഗത്തിന്റെ തലപ്പത്ത് എത്തണം. അത് ഓർത്തഡോക്സ് സഭയിലൂടെ പറ്റുന്നില്ലെങ്കിൽ പുത്തൻ സഭയോ സൊസൈറ്റിയോ എന്തെങ്കിലും ആയിക്കൊള്ളട്ടെ, അതിന്റെ അത്യുന്നത കസേരയിൽ കയറിപ്പറ്റി ഇരട്ടമാല വകഞ്ഞിട്ട് ഒന്നിരിക്കണം. അതിനു മലങ്കരസഭയെ രണ്ടായിട്ടല്ല, നാലായിട്ട് വെട്ടിക്കീറിയാലും അദ്ദേഹത്തിന്റെ തഴമ്പിച്ചുപോയ മനസ്സാക്ഷിക്ക് ഒരു പോറലുപോലും ഏൽക്കുമെന്ന് കൂടെ നിൽക്കുന്നവരും ചിന്തിക്കുന്നില്ല.

അങ്ങനെയാണ് 2002 ഫെബ്രുവരി 20-ന് സ്വന്തം ജന്മസ്ഥലമായ പുത്തൻകുരിശിൽ നിന്നുകൊണ്ട് മൂർച്ചയേറിയ ഖഡ്ഗം ഉപയോഗിച്ച് മാതൃസഭയെ കീറിമുറിച്ചു തൻകാര്യം നേടിഎടുത്തത്. അതിന് കണ്ണും

പൂട്ടി 'ആമേൻ' വിളിക്കാനും ആളെ കൂട്ടാൻ വാക്സാമർത്ഥ്യമുള്ള അദ്ദേഹത്തിനു പ്രയാസമുണ്ടായില്ല.

ആ കരിപുരണ്ട സംഭവത്തെക്കുറിച്ച് മാധ്യമങ്ങൾ ഇങ്ങനെ റിപ്പോർട്ട് ചെയ്തു. "മട്ടാഞ്ചേരിയിൽ 1653 ജനുവരി മൂന്നു വെള്ളിയാഴ്ച പൂർവ്വപിതാക്കന്മാർ നടത്തിയ കൂനൻകുരിശു സത്യത്തിന് സമാനമെന്ന വിശേഷണത്തോടെ ആയിരക്കണക്കിനു യാക്കോബായ വിശ്വാസികൾ പുത്തൻകുരിശു സത്യം നടത്തിയ സംഗമത്തിൽ നൂറുകണക്കിന് വൈദികരും 446 ഇടവകപ്രതിനിധികളും പാത്രിയർക്കാ പതാകകളും മുദ്രാവാക്യങ്ങളുമായി മലങ്കരയുടെ എല്ലാ ഭാഗത്തുനിന്നും എത്തിയ വിശ്വാസി സഞ്ചയവും പങ്കെടുത്തു. ഐക്യദാർഢ്യത്തിന്റെ അടയാളമായി കരങ്ങൾ കോർത്തുപിടിച്ചാണ് യൂഹാനോൻ മാർ പീലക്സിനോസ് ചൊല്ലിക്കൊടുത്ത പ്രതിജ്ഞ ഏറ്റുചൊല്ലിയത് (ഈ പീലക്സിനോസാണു പിന്നീട് തോമസ് ഒന്നാമൻ ബാവായുമായി പിണങ്ങി സ്ഥാനത്യാഗം ചെയ്ത് സ്വന്തം വീട്ടിലേക്ക് ഓടിപ്പോയത്.). പ്രതിജ്ഞ ഇപ്രകാരമായിരുന്നു: "പൗരോഹിത്യ നൽവരത്തിന്റെ ഉറവിടവും ശ്ലൈഹിക സിംഹാസനമായി ലോക ക്രൈസ്തവ സഭകൾ അംഗീകരിച്ചിട്ടുള്ളതും ഭരണക്രമീകരണത്തിന് നിഖ്യാ, കുസ്തന്തീനോസ്പോലീസ്, എപ്പേസൂസ് എന്നീ സാർവ്വത്രിക സുന്നഹദോസ് ലോകത്തിന്റെ നാലു ദിക്കുകൾക്കായി പ്രഖ്യാപിച്ച നാലു സിംഹാസനങ്ങളുടെ റാണിയുമായ അന്ത്യോക്യാ സിംഹാസനത്തെയും ആ സിംഹാസനത്തിൽ കാലാകാലങ്ങളിലായി വാഴുന്ന പ. പാത്രിയർക്കീസന്മാരെയും അന്ത്യോക്യാ-മലങ്കര ബന്ധവും തങ്ങളും തങ്ങളുടെ സന്തതിപരമ്പരകളും ഉള്ളോരു കാലത്തോളം ദൈവികനിയോഗമായി കാത്തുസൂക്ഷിച്ചു പരിപാലിക്കുമെന്ന് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് പുത്തൻകുരിശു സത്യത്തെ രണ്ടാം കൂനൻകുരിശു സത്യമായി പ്രഖ്യാപിക്കുന്നു.

പാത്രിയർക്കീസു ബാവായുടെ അനുഗ്രഹകൽപ്പന സത്യവിശ്വാസ സംരക്ഷണ സമിതിയുടെ പ്രസിഡന്റ് ജോസഫ് ബന്യാമിൻ ഒസ്താത്തിയോസ് വായിച്ചു. കൽപ്പന ഇപ്രകാരമായിരുന്നു: "പരീക്ഷണങ്ങളുടെയും പ്രലോഭനങ്ങളുടെയും കാലഘട്ടത്തിൽ പൂർവ്വപിതാക്കന്മാരെ മാതൃകയാക്കാൻ" മലങ്കര വിശ്വാസികളെ ബാവാ ആഹ്വാനം ചെയ്തു. "സഭാ സ്ഥാപകനായ യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും ഉത്ഥാനവും പോലെ സഭയ്ക്കും ചരിത്രത്തിൽ ഭൗതികമായ ഉയർച്ച താഴ്ചകൾ ഉണ്ടായിട്ടുണ്ട്. കുരിശില്ലാതെ കിരീടമില്ല. ആദിമ നൂറ്റാണ്ടുകളിൽ തന്നെ അന്ത്യോഖ്യയിൽ നിന്നു പിതാക്കന്മാർ മലങ്കരയിൽ എത്തിയെന്ന് അനുസ്മരിപ്പിച്ച ബാവാ മലങ്കരസഭ ആകമാനസുറിയാനി സഭയുടെ ഭാഗമാണെന്നും അന്ത്യോക്യാ എന്ന കിരീടത്തിലെ അനർഘരത്ന

മായി എക്കാലവും അതു പരിഗണിക്കപ്പെട്ടുപോന്നു" എന്നും ചൂണ്ടി ക്കാട്ടി. "പോർട്ടുഗീസുകാരും പ്രൊട്ടസ്റ്റന്റുകാരും അന്ത്യോക്യാ-മലങ്കര ബന്ധത്തെ തകർക്കാൻ ശ്രമിച്ചപ്പോൾ പൂർവ്വപിതാക്കന്മാർ വിജയകര മായി ചെറുത്തു. മതസ്വാതന്ത്ര്യവും ന്യൂനപക്ഷാവകാശങ്ങളും ഉറപ്പാ ക്കുന്ന ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ വിശ്വാസികളുടെ അവകാ ശങ്ങൾ നിഷേധിക്കപ്പെടുക അസാധ്യമാണ്. സിവിൽകോടതികൾക്ക് വിശ്വാസകാര്യങ്ങളിൽ വിധി കൽപ്പിക്കാൻ അവകാശവുമില്ല. "നിങ്ങളിൽ നിന്ന് നിങ്ങളുടെ പള്ളികൾ വിടർത്തി എടുക്കാൻ നിങ്ങൾ കോടതികളി ലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു. താൽക്കാലിക നഷ്ടങ്ങളിൽ ആശ കൈവെടിയരുത്. ക്രിസ്തുവിനെ പ്രതിയുള്ള സഹനങ്ങളിൽ സന്തോ ഷിക്കുക. ഭൗതികനഷ്ടങ്ങൾ താൽക്കാലികങ്ങളത്രേ."

മേലുദ്ധരിച്ച പുത്തൻകുരിശു സത്യത്തിൽ, അറിഞ്ഞുകൊണ്ടു തന്നെ ഏതാനും ചരിത്രത്തെറ്റുകൾ എഴുതിച്ചേർത്തിട്ടുണ്ട്.

1. പൗരോഹിത്യ നൽവരത്തിന്റെ ഉറവിടമാണ് അന്ത്യോഖ്യാ

12 സിംഹാസനങ്ങളിൽ വാണരുളിയ 12 ശ്ലൈഹിക സിംഹാസനങ്ങളും പൗരോഹിത്യ നൽവരത്തിന്റെ ഉറവിടമാണ്. ഇന്ത്യയിൽ സ്ഥാപിതമായ മാർത്തോമ്മായുടെ പൗരോഹിത്യ നൽവരത്തിന്റെ ഉറവിടമായി ഇന്ത്യ യിൽ നിലനിൽക്കുമ്പോൾ ഒരു ഇന്ത്യാക്കാരനും പൗരോഹിത്യ നൽവരം തേടി വിദേശിയെ അഭയം പ്രാപിക്കേണ്ടതില്ല.

2. നാലു സിംഹാസനങ്ങളുടെയും റാണിയാണ് അന്ത്യോഖ്യാ

റോമിലെ പാത്രിയർക്കീസും കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയർ ക്കീസും അലക്സന്ത്രിയായിലെ പാത്രിയർക്കീസും അന്ത്യോഖ്യാ സിംഹാസനം തങ്ങളുടെ റാണിയാണെന്ന് എങ്ങും തന്നെ സമ്മതിച്ചി ട്ടില്ല. എല്ലാ സഭകളുടെ തലവൻസ്ഥാനം അവകാശപ്പെടുന്ന റോമിലെ പാപ്പാ അന്ത്യോഖ്യയെ 'റാണി'യായി അംഗീകരിച്ചെന്നോ? സ്വയം പുക ഴ്ത്താൻ എഴുതിച്ചേർക്കുന്ന ഭംഗിവാക്കുകളെ ജൽപ്പനമായി മാത്രമേ ചരിത്രം കരുതുകയുള്ളു.

3. പുത്തൻകുരിശുസത്യത്തെ രണ്ടാം കൂനൻകുരിശുസത്യ മായി പ്രഖ്യാപിക്കുന്നു. എന്തൊരു വൈരുധ്യം!

1653 ജനുവരി മൂന്നു വെള്ളിയാഴ്ച ഒരു വിദേശ സഭയുടെ നുകം തോളിൽ നിന്നു വലിച്ചെറിഞ്ഞ് മട്ടാഞ്ചേരിയിലെ കുരിശിൽ കെട്ടിയ ആലാത്തിൽ പിടിച്ച് സത്യം ചെയ്ത ധീരമായ സ്വാതന്ത്ര്യ പ്രഖ്യാപന വുമായി ഒരു വിദേശിയുടെ നുകം തോളിൽ വച്ചുകൊണ്ട് ഞങ്ങളും

ഞങ്ങളുടെ സന്തതികളും അടിമകളായി ഇരുന്നുകൊള്ളാമെന്നു പ്രഖ്യാപിക്കുന്ന അടിമകളുടെ സത്യപ്രതിജ്ഞയെ എങ്ങനെ താരതമ്യപ്പെടുത്താനാവും? ചരിത്രത്തിന്റെ മുഖം വികലമാക്കുകയാണത്.

പാത്രിയർക്കീസിന്റെ അനുഗ്രഹകൽപ്പന എന്നു പറഞ്ഞ് മാർ ബന്യാമിൻ വായിച്ച കൽപ്പന പാത്രിയർക്കീസു ബാവാ തന്നെ എഴുതിയതാണെങ്കിൽ അതിലും വന്നുചേർന്ന ചരിത്രപ്പിശകുകൾ ചൂണ്ടിക്കാണിക്കേണ്ടി വരുന്നു.

1. ആദിമ നൂറ്റാണ്ടുകളിൽ തന്നെ അന്ത്യോക്യയിൽനിന്നു പൂർവ്വ പിതാക്കന്മാർ ഇന്ത്യയിൽ വന്നു. ഒന്നു മുതൽ 16-ാം നൂറ്റാണ്ടു വരെ അന്ത്യോഖ്യായിൽ നിന്ന് ആരും മലങ്കരയിൽ എത്തിയതായി ചരിത്രം പറയുന്നില്ല. ആധുനിക യാക്കോബായ ബാർഎബ്രായമാർ ഒന്നാം നൂറ്റാണ്ടു മുതൽ ഇന്ത്യൻ സഭയെ സഹായിക്കാൻ എത്തിയ അന്ത്യോഖ്യൻ പിതാക്കന്മാരുടെ പേരുകൾ പടച്ചുണ്ടാക്കുകയില്ലെന്ന് ആർക്കറിയാം! എന്നാൽ പകലോമറ്റത്തെ ഒന്നാം മാർത്തോമ്മായുടെ കാലത്ത് 1665-ൽ (പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പാദം) യെറുശലേമിൽ നിന്ന് ഒരു ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ ഇന്ത്യയിൽ വന്നതാണ് ചരിത്രത്തിൽ ആദ്യമായി എത്തിയ ആൾ. അദ്ദേഹം വേഷം മാറി ഒരു മുസ്ലീമായി പൊന്നാനിയിൽ അറബി പഠിപ്പിച്ചു ഏറെനാൾ താമസിച്ചശേഷമാണ് പറവൂരിൽ എത്തി മെത്രാപ്പോലീത്താ വേഷം ധരിച്ചതെന്നു പറയപ്പെടുന്നു. നമുക്കു പരിചയമുള്ള സിറിയായിലെ ഒരു വലിയ പട്ടണമല്ല ഈ അന്ത്യോഖ്യാ. അത് പല നൂറ്റാണ്ടുകളായി നശീകരണം പ്രാപിച്ചു കഴിയുന്നു. 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വലിയ ചരിത്രകാരനായ മീഖായേൽ പാത്രിയർക്കീസ് സുറിയാനി സഭയ്ക്ക് അന്ത്യോഖ്യയിലും യെറുശലേമിലും ഒരു ബിഷപ്പ് ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടില്ല. 15-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയും യെറുശലേമിൽ സുറിയാനിക്കാർക്ക് പേരു പറയത്തക്ക ഒരു ബിഷപ്പിന്റെ പിന്തുടർച്ചയുണ്ടായിരുന്നില്ല. ഏതായാലും 17-ാം നൂറ്റാണ്ടിൽ ആദ്യമായി ഇന്ത്യൻ സഭയുമായി ബന്ധപ്പെട്ടു എന്നു പറയുന്ന പറവൂരിൽ കാലംചെയ്ത യെറുശലേമിന്റെ മാർ ഗ്രീഗോറിയോസുപോലും അന്ത്യോഖ്യൻ സഭയുമായി ബന്ധമുള്ളതായി തെളിയിക്കപ്പെട്ടിട്ടില്ല.

ഈ വാസ്തവങ്ങൾ ഒക്കെ മറച്ചുവച്ചുകൊണ്ടാണ് ആദിമ നൂറ്റാണ്ടുകളിൽ അന്ത്യോഖ്യായിൽ നിന്നു പിതാക്കന്മാർ ഇന്ത്യയിൽ എത്തി എന്നു പറയുന്നത്. അത് ചരിത്രസത്യമല്ല; ഭംഗിവാക്കു മാത്രമാണ്.

2. അന്ത്യോഖ്യാ എന്ന കിരീടത്തിലെ അനർഘ രത്നമാണ് മലങ്കര സഭ. ഈ സഭ മാർത്തോമ്മാ സിംഹാസനം എന്ന കിരീടത്തിന്റെ

അനർഘ രത്നമാണ്. അത് എങ്ങനെ ഒരു പരദേശിക്ക് അവകാശപ്പെടാം? ആവട്ടെ, സിറിയായിലെ സഭയ്ക്ക് അനർഘരത്നമായി മലങ്കരസഭയെക്കുറിച്ച് സ്നേഹവും കരുതലും ഉണ്ടെങ്കിൽ, അന്ത്യോഖ്യാ പാത്രിയർക്കീസു ചെയ്യേണ്ടിയിരുന്നത് അതിനെ വെട്ടിമുറിച്ച ഒരു വിഘടിത ഗ്രൂപ്പിനെ താക്കീതു ചെയ്തു നിർത്തുകയായിരുന്നു. "നിങ്ങളുടെ നാട്ടിലെ അത്യുന്നത കോടതി വിധിച്ചതനുസരിച്ച് അവിടെ നിന്നുതന്നെ അയച്ച കമ്മീഷന്റെ നേതൃത്വത്തിൽ പരുമലയിൽ നടന്ന മലങ്കര അസ്സോസിയേഷനിൽ നിങ്ങൾ പോയി സംബന്ധിക്കേണ്ടതാണ്" എന്നായിരുന്നു അദ്ദേഹം കൽപ്പിക്കേണ്ടിയിരുന്നത്. എന്നാൽ അതിനു പകരം നീതിന്യായക്കോടതികൾക്ക് വിശ്വാസികളുടെ അവകാശങ്ങളെ അവഗണിക്കാൻ കഴിയില്ലെന്നു പറഞ്ഞ് കോടതിയെത്തന്നെ അവഹേളിച്ചും വിഘടിച്ച് ഒരു വിഘടിത അസ്സോസിയേഷനെ അനുഗ്രഹിച്ചും കൽപ്പന അയച്ച അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മലങ്കര പ്രേമത്തിന്റെ അടിയിൽ ഒളിഞ്ഞുകിടക്കുന്ന അധികാരക്കൊതി വളരെ വ്യക്തമാകുന്നു. അല്ലെങ്കിൽ സഭയെ വെട്ടിപ്പിളർത്തിയവനെ അനുഗ്രഹിക്കയില്ലായിരുന്നു. വിഭജനം എന്നും സിറിയാക്കാർക്കു പ്രയോജനം നൽകും എന്നും മുൻഗാമികളായ പാത്രിയർക്കീസന്മാരുടെ അനുഭവം പഠിപ്പിച്ചിട്ടുണ്ട്. പത്തെങ്കിൽ പത്തു പേരെങ്കിലും തന്റെ പൂണിയിൽ വരട്ടെ എന്നദ്ദേഹം കരുതി.

തോമസ് മാർ ദീവന്നാസ്യോസ് പതിവുശൈലിയിൽ വാചാലനായി. അദ്ദേഹം പറഞ്ഞു, "മറുപക്ഷത്തിന്റെ ഏതെങ്കിലും പള്ളിയോ സ്ഥാപനമോ ഒരു സെന്റു സ്ഥലമോ തങ്ങൾക്കാവശ്യമില്ല. തങ്ങളുടെ പള്ളികളോ സ്ഥാപനങ്ങളോ വിട്ടുകൊടുക്കുന്ന പ്രശ്നവുമില്ല. സമാധാനത്തിനു തടസ്സം നിന്നത് മറുപക്ഷമാണ്. സമാധാനാലോചനകളുടെ മറവിൽ പള്ളികൾ പിടിച്ചെടുക്കാൻ തന്ത്രം മെനയുകയായിരുന്നു മറുപക്ഷം. സമാധാനമല്ല, അവരുടെ ലക്ഷ്യം. സമാധാനത്തിനു പാത്രിയർക്കീസുപക്ഷം മുന്നോട്ടുവച്ച സകല നിർദ്ദേശങ്ങളും തള്ളിക്കളഞ്ഞതിന്റെ കാരണം മറ്റൊന്നല്ല. ഭരണഘടനയുടെ മഹിമയിൽ മാത്രം ഊന്നുന്ന മറുപക്ഷം ഭരണഘടന 1934-ലും സഭ വെറും 1937-ലും ഉണ്ടായതാണെന്ന് ഓർക്കണം. ഭരണഘടനയുടെ വക്താക്കളായ മറുപക്ഷം മുപ്പതു ഭരണഘടനാ ലംഘനങ്ങളെങ്കിലും നടത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഭരണഘടന അവരേക്കാൾ അനുസരിക്കുന്നത് പാത്രിയർക്കീസ് പക്ഷമാണ്." ഈ പിതാവിന്റെ വിദ്യാഭ്യാസക്കുറവും ചരിത്രപാണ്ഡിത്യ രാഹിത്യവും ഒക്കെക്കൊണ്ട് അദ്ദേഹത്തിന്റെ ജൽപ്പനങ്ങളെ നമുക്കു അപ്പാടെ തള്ളിക്കളയാം. എന്നു വരികിലും എ.ഡി. 52-ൽ പ. തോമ്മാശ്ലീഹാ ആരംഭിച്ച മലങ്കരസഭ 1937-ലാണ് സ്ഥാപിതമായതെന്ന് പറയണമെങ്കിൽ സ്വാഭാവികമായും അദ്ദേഹത്തിന് സമചിത്തത നഷ്ടപ്പെട്ടിരിക്കണം.

എന്നാൽ പിന്നീട് പ്രസംഗിച്ച മർക്കോസ് കൂറിലോസ്, മാത്യൂസ് ഈവാനിയോസ്, ജോസഫ് ഗ്രീഗോറിയോസ്, തീമോത്തിയോസ്, പോളികർപ്പോസ്, പൊന്നാംകുഴിയിൽ കുര്യൻ ജോൺ റമ്പാൻ, കെ. പി. സി. സി. വൈസ് പ്രസിഡന്റ് പി. പി. തങ്കച്ചൻ, വി. ജെ. പൗലോസ് എം.എൽ. എ. തുടങ്ങിയവരാരും മാർ ദീവന്നാസ്യോസിന്റെ ചരിത്രവധത്തെ തിരുത്തുകയോ വിമർശിക്കുകയോ ചെയ്തില്ല.

ഔദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിച്ച വേലംപറമ്പിൽ പീറ്റർ അച്ചൻ, കണിയാംപറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ, ഡോ. ആദായി ജേക്കബ് കോർഎപ്പിസ്കോപ്പാ, ഇച്ചിക്കോട്ടിൽ സ്കറിയാ കോർഎപ്പിസ്കോപ്പാ തുടങ്ങിയവരും മാർ ദീവന്നാസ്യോസിനെ പിൻതാങ്ങി പ്രമേയങ്ങൾ പാസ്സാക്കിയതേ ഉള്ളു.

മാർ ദീവന്നാസ്യോസിനെ ശ്രേഷ്ഠ കാതോലിക്കാ ആയി വാഴിച്ചു നിയമിക്കണമെന്ന് ഈ സമ്മേളനം പാത്രിയർക്കീസിനോട് അപേക്ഷിച്ചതിൽ, മാർ ദീവന്നാസ്യോസ് ആഗ്രഹിച്ചതു നേടിയെടുത്ത സംതൃപ്തിയോടെയാണ് സമ്മേളനത്തിൽ നിന്നു മടങ്ങിയത്. താൻ ഉദ്ദേശിച്ച കര യ്ക്കുതന്നെ വഞ്ചി അടുപ്പിക്കാൻ മാർ ദീവന്നാസ്യോസിന് കഴിഞ്ഞെങ്കിലും പിളർക്കപ്പെട്ട മാറിലൂടെ രക്തം ഒഴുക്കിയ മലങ്കരസഭ ആകമാനം ദുഃഖത്തിലാണ്ടു. ഒരു വ്യക്തി താൽപ്പര്യം നേടാൻ ഒരു വിഭാഗം ആളുകളെ നിത്യ അടിമകളാക്കി വിദേശിക്കു വിറ്റുകളയാൻ ആ പിതാവിന് പ്രയാസമുണ്ടായില്ല. പക്ഷേ കാലം അദ്ദേഹത്തിനു മാപ്പു കൊടുക്കില്ല.

ഈ പുത്തൻകുരിശു യോഗത്തിൽ കേട്ട ഭീകരമായ ഒരു പ്രസംഗം മാർ ബന്യാമിൻ ഒസ്താത്തിയോസിന്റേതായിരുന്നു. അതെപ്പറ്റി മാധ്യമങ്ങൾ രേഖപ്പെടുത്തിയതിപ്രകാരം, "വരൂ! നമുക്കു ചാവേറുകളാകാം." പരുമലയോഗം മുടക്കപ്പെട്ടവരുടെ കൂട്ടായ്മയാണെന്ന് ബന്യാമിൻ മെത്രാപ്പോലീത്താ പറഞ്ഞു. "സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി താൻ ഉൾപ്പെടെ എല്ലാവരും ചാവേറുകളായിട്ടാവും ഇനി പ്രവർത്തിക്കുക എന്ന് ജനക്കൂട്ടത്തോട് അദ്ദേഹം പറഞ്ഞു. "നാളെ മുതൽ സഭയ്ക്കു പലതരത്തിലുള്ള ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നേക്കാം. അക്കാര്യങ്ങൾക്കായിട്ടാണ് സത്യവിശ്വാസ സംരക്ഷണ സമിതി ഉണ്ടായിട്ടുള്ളത്. വിശ്വസിക്കുന്ന സത്യത്തിനു വേണ്ടി ജീവൻപോലും ബലികഴിക്കാൻ തയ്യാറുള്ള ചാവേറുകളെപ്പോലെ എല്ലാവരും അതിൽ അംഗങ്ങളാവണം."

ഒരുവനെയോ, ഒരു സ്ഥാപനത്തെയോ, ഒരു സമൂഹത്തെയോ നശിപ്പിച്ചിട്ട് ആത്മഹത്യ ചെയ്യുന്നവരെയാണ് ചാവേറുകൾ എന്നു പറയുക. സാധാരണയായി സ്ഫോടക വസ്തുക്കളുമായി അവർ ഉദ്ദിഷ്ടസ്ഥലത്തു എത്തി സ്ഫോടനം നടത്തുമ്പോൾ ലക്ഷ്യസ്ഥാനങ്ങളോ, വ്യക്തി

കളോ ആ സ്ഫോടനത്തിൽ കൊല്ലപ്പെടുകയോ, നശിക്കുകയോ ചെയ്യും. അതേ സ്ഫോടനത്തിൽ ചാവേറും ചാകുന്നു. സത്യവിശ്വാസത്തിനു വേണ്ടി കൊല്ലപ്പെടുന്നവരെ സഭ 'സഹദേന്മാർ' എന്നു വിളിച്ചു കേട്ടിട്ടുണ്ട്. സഹദേന്മാർ മറ്റു ആളുകളെയോ സ്ഥാപനങ്ങളെയോ നശിപ്പിക്കുന്നവരല്ല. ക്രിസ്തുവിന്റെ സ്നേഹത്തെപ്രതി രക്തം ചിന്തേണ്ടി വന്നാലും ക്രിസ്തുവിനെ സാക്ഷീകരിക്കുന്നവരാണ് സഹദേന്മാർ. ക്രിസ്തുവിനെയും അവന്റെ വിശ്വാസത്തെയും മുറുകെപ്പിടിച്ച് രക്തം ചിന്താൻ തയ്യാറാകുന്ന സഹദേന്മാർ എവിടെ? ചാവേർ എവിടെ? അവ തമ്മിൽ അജഗജാന്തരമുണ്ട്. സഹദാ ആര്, ചാവേർ ആര് എന്ന് മനസ്സിലാവാതെ തിരുമേനി പുലമ്പിയതാവാം ഈ പ്രസംഗം.

മാർ ബന്യാമിൻ ചാവേർ പ്രസംഗം നടത്തിയില്ലെങ്കിലേ അതിശയമുള്ളു എന്നാണ് കുന്നംകുളത്തുകാർ പ്രസംഗിച്ചത്. കുന്നംകുളം പടിഞ്ഞാറെ അങ്ങാടിയിൽ ഉള്ള പഴയ പള്ളിയുടെ മുൻവശത്താണ് അദ്ദേഹത്തിന്റെ വീട്. സഭ യോജിച്ചു നിന്ന സമയത്ത് പട്ടം ഏൽക്കുന്നതിന് മുൻ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ സേവേറിയോസിനോട് ഇദ്ദേഹത്തെ ഒന്നു ശുപാർശ ചെയ്യുവാൻ അന്നത്തെ കുന്നംകുളം അച്ചന്മാർ ആരും തയ്യാറായില്ല എന്നാണറിവ്. മുഖശ്രീ, വാക്ചാതുര്യം, സ്വരമാധുര്യം, ശ്രേഷ്ഠ പെരുമാറ്റം, വിദ്യാഭ്യാസം തുടങ്ങി ഒരു പട്ടക്കാരന് യോജിച്ച ഗുണങ്ങൾ ഒന്നുമില്ലാത്ത ഒരാളെ പട്ടത്വത്തിന് മെത്രാപ്പോലീത്തായുടെ മുമ്പിൽ കൊണ്ടുപോകാൻ അന്നത്തെ പട്ടക്കാർ തയ്യാറായില്ല എന്നാണ് ഭാഷ്യം. അന്ന് കേരളം സന്ദർശിച്ചു വന്ന അപ്രേം അബൂദി എന്ന ശീമ മെത്രാനാണ്, ശീമക്കാർക്കു പറ്റിയ ഗുണങ്ങളുള്ള ബന്യാമിനെ അന്ത്യോഖ്യായിലെ സമക്ഷത്തിൽ എത്തിച്ചതെന്നും കേട്ടിരുന്നു. ഏതായാലും ബന്യാമിൻ അന്ത്യോഖ്യൻ അരമന അന്തേവാസിയായി, ശെമ്മാശനായി, അച്ചനായി, റമ്പാനുമായി. പിന്നീട് പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായി ഒരു മെത്രാനാക്കി കേരളത്തിലേക്കു അയയ്ക്കാനുണ്ടായ ഉദ്യമത്തെ അന്നത്തെ പാത്രിയർക്കീസ് കക്ഷിയിൽപെട്ട മെത്രാപ്പോലീത്താമാർ തന്നെ തടഞ്ഞതിനാൽ വീണ്ടും കുറെനാൾ കൂടി റമ്പാനായി അന്തപുരത്തിൽ തന്നെ കഴിയേണ്ടി വന്നു പോലും. അവസാനം പാത്രിയർക്കീസു ഭാഗത്തെ മെത്രാന്മാരുടെ കീഴിലല്ലാത്തതും പാത്രിയർക്കീസ് ബാവാ നേരിട്ടുഭരിക്കുന്നതുമായ 'സിംഹാസനപ്പള്ളി'കളുടെ മെത്രാനാക്കി ബാവാ അദ്ദേഹത്തെ കേരളത്തിലേക്കു മടക്കി അയച്ചു. ഇവിടെ ആർക്കും വേണ്ടാതെ തള്ളപ്പെട്ട മാർ ബന്യാമിൻ ഒരു സുപ്രഭാതത്തിൽ മെത്രാനായി കേരളത്തിലെത്തി. ശീമയിൽ ഹയർ സ്റ്റഡീസ് കഴിഞ്ഞുവെന്ന് അവകാശപ്പെട്ട മാർ ബന്യാമിൻ അവിടെ പഠിച്ച "ചാവേർ പ്രസംഗങ്ങൾ" കേരളത്തിൽ വിളമ്പാനും

കൈയടി വാങ്ങിക്കാനും കഴിഞ്ഞു. ആ സമയത്ത് കേട്ട ഒരു പുത്തൻ വാക്കാണ് "അന്ത്യോഖ്യൻ വിശ്വാസം" - അതു വിശ്വാസമോ എന്നറിയില്ല. ഏതായാലും 'അന്ത്യോഖ്യൻ വിശ്വാസ സംരക്ഷണ സമിതി' എന്ന പേരിൽ രൂപംകൊണ്ട സംഘടനയുടെ പ്രസിഡന്റു പദവിയിൽ മാർ ബന്യാമിൻ എത്തിയപ്പോഴാണ് ഈ ചാവേർ പ്രസംഗം തിരുവായിൽ നിന്ന് ഒഴുകിയത്.

പുത്തൻകുരിശിൽ പാസ്സാക്കിയ പുത്തൻ ഭരണഘടനപ്രകാരം ശ്രേഷ്ഠ കാതോലിക്കായെ വാഴിക്കാൻ പാത്രിയർക്കീസ് ബാവായ്ക്കാണ് അധികാരം. അതുപോലെ പാത്രിയർക്കീസ് ബാവായെ തെരഞ്ഞെടുക്കുന്നതിനുള്ള സുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്കായാണ് അദ്ധ്യക്ഷത വഹിക്കേണ്ടത്. ഇതിൽ രണ്ടാമതു പറഞ്ഞത് ശീമക്കാർ സമ്മതിക്കുകയില്ലെന്നറിയാമായിട്ടും ഇവിടത്തെ ജനങ്ങളുടെ കണ്ണിൽ മണ്ണിടാൻ ശീമ സുന്നഹദോസിന്റെ അദ്ധ്യക്ഷത മലങ്കര കാതോലിക്കായ്ക്കാണ് എന്ന് 'ചുമ്മാ' അങ്ങ് എഴുതി വച്ചെന്നേ ഉള്ളു.

പുത്തൻ ഭരണഘടനപ്രകാരം ശ്രേഷ്ഠ കാതോലിക്കാ സ്ഥാനവും മെത്രാൻ ട്രസ്റ്റി സ്ഥാനവും ഒരാൾ തന്നെ വഹിക്കണം. ആവശ്യമെങ്കിൽ അസ്സോസിയേഷൻ ട്രസ്റ്റിസ്ഥാനം വൈസ്പ്രസിഡന്റന്മാരിൽ ആരെയെങ്കിലും ഏൽപ്പിക്കാവുന്നതാണ്. ഇതിന് ഹാജരുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ടു വോട്ടു ലഭിക്കണം.

ഇവിടെ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. പാത്രിയർക്കീസ് വാഴിക്കുന്ന ഇന്ത്യയുടെ കാതോലിക്കായെ "ശ്രേഷ്ഠ കാതോലിക്കാ, ശ്രേഷ്ഠ കാതോലിക്കാ" എന്നാണ് ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്. എല്ലാ സഭാതലവന്മാരും ഉപയോഗിക്കുന്ന 'പരിശുദ്ധ' എന്ന പദം എന്തേ 'ശ്രേഷ്ഠ' എന്നതിനു പകരം ഉപയോഗിക്കാത്തത്? അന്ത്യോഖ്യയിലെ പാത്രിയർക്കീസും റോമിലെ പാത്രിയർക്കീസും കിഴക്കിന്റെ കാതോലിക്കായും ഒക്കെ 'പരിശുദ്ധൻ' എന്ന ടൈറ്റിൽ ഉപയോഗിക്കുമ്പോൾ എന്തേ പുത്തൻകുരിശിലെ സഭാതലവൻ ആ പദം ഉപയോഗിക്കാത്തത്? കാരണം ഉണ്ട്. അദ്ദേഹം ഒരു സഭാതലവനല്ല, ഒരു പ്രാദേശിക സഭാ വിഭാഗത്തിന്റെ സാമന്ത തലവൻ മാത്രമാണ്. അതായത് 'പരിശുദ്ധൻ' എന്നു വിളിക്കാവുന്ന ഒരാളിന്റെ കീഴിലുള്ള ഒരു സാമന്തന് എങ്ങനെ യജമാനന്റെ ടൈറ്റിൽ ഉപയോഗിക്കാനാവും?

ഇന്ത്യയിലെ ആർച്ച് ബിഷപ്പിന് പാത്രിയർക്കീസ് കൊടുത്ത പേരാണ് കാതോലിക്കാ. ആ പേരിൽ ഇവിടെ കുഴപ്പം സൃഷ്ടിക്കാൻ കഴിയും - "കിഴക്കിന്റെ കാതോലിക്കാ" എന്ന സ്ഥാനനാമം അദ്ദേഹം അനുവദിച്ചിട്ടുമില്ല. ഇങ്ങനെ, പരിശുദ്ധ എന്ന സ്ഥാനനാമം പോലും അനുവദിച്ചിട്ടി

ല്ലാത്ത ഒരു സാമന്തൻ സിറിയൻ സുന്നഹദോസിൽ അദ്ധ്യക്ഷത വഹിക്കുമെന്ന് പറയുന്നതു പോലും വൈരുധ്യമാണ്.

പുത്തൻകുരിശു മാമാങ്കം പൊടിപൊടിച്ചു. പരുമലയിൽ മലങ്കരസഭയുടെ അസ്സോസിയേഷൻ കൂടിയ ദിവസം അതേസമയം പുത്തൻകുരിശിലും നടന്നു ഒരു മീറ്റിംഗ് - എല്ലാവരും നെല്ലുണങ്ങിയപ്പോൾ കുരങ്ങു വാലുണങ്ങി എന്നു കേട്ടിട്ടുണ്ട്. പരുമല അസ്സോസിയേഷനെ "മുടക്കപ്പെട്ടവരുടെ കൂട്ടായ്മ" എന്ന് മാർ ബന്യാമിൻ വിശേഷിപ്പിച്ചപ്പോൾ പുത്തൻകുരിശു മാമാങ്കത്തെ "അടിമകളുടെ കൂട്ടായ്മ" എന്ന് ആരെങ്കിലും വിളിച്ചാക്ഷേപിച്ചാൽ മാർ ബന്യാമിൻ സഹിക്കുമോ? വാസ്തവത്തിൽ സിറിയാ പാത്രിയർക്കീസിനു വിടുപണി ചെയ്യുന്ന അടിമകളുടെ കൂട്ടായ്മ മാത്രമായിരുന്നു പുത്തൻകുരിശിലേത്.

ആ മാമാങ്കത്തിൽ പങ്കെടുത്തവരെല്ലാം ഒരേ ഒരാളിന് ഹാലേലുയ്യാ പാടി. ആ ഒറ്റ ആളിനു മാത്രമെ ആ സമ്മേളനം കൊണ്ടു പ്രയോജനം ഉണ്ടായതുമുള്ളു. വളരെക്കാലമായി ഹൃദയത്തിൽ താലോലിച്ചു കൊണ്ടു നടന്ന ഒരു സ്ഥാനമോഹിക്ക് അവിടെ ഓടിക്കൂടിയ അടിമകളെക്കൊണ്ട് അദ്ദേഹത്തിന് കാതോലിക്കാസ്ഥാനം നൽകണമെന്ന് പാത്രിയർക്കീസിനോട് യാചിച്ചുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കി തൃച്ചേവടിയിൽ സമർപ്പിക്കാൻ കഴിഞ്ഞു. 'കിഴക്കിന്റെ കാതോലിക്കാ' സ്ഥാനം ആവശ്യപ്പെട്ട അടിമകൾക്കു കിട്ടിയത് 'ഇന്ത്യയുടെ മഫ്രിയാനാ' എന്ന കീഴ്സ്ഥാനിയെ. അമ്മയെ മറന്ന് അന്ത്യോഖ്യായെ മറക്കാതിരുന്ന അടിമവംശത്തലവന്മാർക്ക് ഈ ചതി പിന്നീടു മനസ്സിലായിക്കാണും.

പുത്തൻകുരിശിന് എന്തേ പ്രത്യേകത? ഈ മഹാസംഗമവും രണ്ടാം കൂനൻകുരിശും, പ്രഖ്യാപന ധോരണികളും ഒക്കെ മുഴക്കിയ ഈ സമ്മേളനത്തിന്റെ വേദിയാക്കാൻ വെറും പട്ടിക്കാടായി കിടന്ന പുത്തൻകുരിശു മാത്രമേ ഉണ്ടായുള്ളോ? ഇന്ത്യൻ സഭയെ സേവിച്ചു സേവിച്ച് കേരള മണ്ണിൽ വിലയം പ്രാപിച്ച ശീമപ്പിതാക്കന്മാർ ഉറങ്ങുന്ന ഓമല്ലൂരോ, പറവൂരോ, മുളന്തുരുത്തിയോ, കുന്നംകുളമോ എന്തേ സമ്മേളനവേദിയാക്കാഞ്ഞത്? കേരളത്തിൽ വന്ന് കാലംചെയ്ത ഒരു അന്ത്യോഖ്യാ പാത്രിയർക്കീസേ ഉള്ളു. അദ്ദേഹം കബറടക്കപ്പെട്ടത് ഓമല്ലൂരാണ്. വാസ്തവത്തിൽ ഈ സമ്മേളനം നടക്കേണ്ടതും അവിടെയായിരുന്നു. മഞ്ഞിനിക്കരയിൽ വച്ചായിരുന്നു മാമാങ്കം നടക്കേണ്ടതും ഇന്ത്യയിലെ മഫ്രിയാനായുടെ ആസ്ഥാനം ഉയരേണ്ടതും പാത്രിയർക്കാസെന്റർ വരേണ്ടതും എല്ലാം മഞ്ഞിനിക്കരയിൽ ആയിരുന്നു. കോതമംഗലത്തും, കുന്നംകുളത്തും, മുളന്തുരുത്തിയിലും കബറടങ്ങിയ പിതാക്കന്മാരുടെ സ്ഥലങ്ങളെല്ലാം ഉപേക്ഷിച്ച്, ഒരു നവീന പുത്തൻകുരിശു സഭ, പുത്തൻകുരിശ്

ഭരണഘടന, ഒരു പുത്തൻകുരിശു പാത്രിയർക്കാ സെന്റർ, പുത്തൻകുരിശു കാതോലിക്കേറ്റ് അരമന ഹാവൂ! എല്ലാം പുത്തൻകുരിശു മയം.

'സ്വന്തം നാടിനോടുള്ള പ്രേമം' എന്ന സ്വാർത്ഥത അതിൽ ഒളിഞ്ഞിരുന്നുവെന്ന് ഒരു പാത്രിയർക്കാ പക്ഷത്തെ ബിഷപ്പ് ഈയിടെ പറഞ്ഞു. മഞ്ഞിനിക്കരയ്ക്കു ഒരു 'തെക്കൻചുവ' ഉണ്ടു പോലും. ഏതായാലും പുത്തൻകുരിശ് എന്ന ഓണംകേറാമൂല ഇന്ന് തെളിഞ്ഞ പട്ടണ സമാനമായി മാറി – അതാണ് മിടുക്ക്. അവിടെ ഓടിക്കൂടി ഹാലേലുയ്യാ വിളിച്ച അടിമകളാരും ഈ കാര്യം ഓർത്തതേ ഇല്ല. അവരോട് ജയ് വിളിക്കാൻ പറഞ്ഞു, അവർ വിളിച്ചു. ഭരണഘടന പാസ്സാക്കി കൈയടിക്കാൻ പറഞ്ഞു, കൈയടിച്ചു; പ്രമേയം അയയ്ക്കാൻ പറഞ്ഞു, അയച്ചു. എഴുന്നേറ്റു നിന്ന് കെട്ടിപ്പിടിച്ച് സത്യം ചെയ്യാൻ പറഞ്ഞു, സത്യം ചെയ്തു. കിഴക്കിന്റെ കാതോലിക്കായെ തായോ തായോ എന്നു എന്ന് മുദ്രാവാക്യം മുഴക്കാൻ പറഞ്ഞു–അവർ അങ്ങനെ തായോ തായോ എന്ന് യാചിച്ചു.

അന്ത്യോഖ്യാ പാത്രിയർക്കീസ് സഖാ പ്രഥമൻ ബാവായ്ക്കും കേരള സന്ദർശനം മൂലം ഒരു കാര്യം മനസ്സിലായി. ഈ കറമ്പൻ അടിമകൾക്കു വല്ല "നക്കാപ്പിച്ചയും" മതി. അതുകൊണ്ടുതന്നെ അധികാരമില്ലെങ്കിലും ഇരട്ടമാലയും പൊങ്ങച്ച 'ബാവാ' പദവിയും മതി, എന്നും അടിമയായി കിടന്നുകൊള്ളും. ബാറീത്തോ ദശ്റോറോ, ഷെവലിയാർ, ദശറോറോ, കൂമർ നീത്തി ഹാക്കീമോ, കമ്മാൻഡർ – ഈ പേരുകളുടെ അർത്ഥം പോലും അറിയാൻ പാടില്ലെങ്കിലും, എം.എ., പി.എച്ച്.ഡി. എന്നൊക്കെ പറയുംപോലെ പേരിനോട് ചേർത്തുവച്ചാൽ അതു മതി അടിമവംശത്തിന് പൊങ്ങച്ചത്തിന്. കേരളത്തിൽ റബർഷീറ്റിനു വില ഉള്ളിടത്തോളം കാലം ഞങ്ങൾ അന്ത്യോഖ്യായെ മറക്കില്ല. നാളികേരത്തിനും നെല്ലിനും താങ്ങു വില കിട്ടുന്നിടത്തോളം ഞങ്ങൾ അന്ത്യോഖ്യൻ ബാവായെ പട്ടിണിക്ക് ഇടുകയില്ലെന്ന് കൈകോർത്തു പിടിച്ച് അടിമകൾ ആർത്തു പാടുന്നു; പ്രതിജ്ഞ എടുക്കുന്നു. ആ മോഹവലയത്തിൽ അമ്മയെ ഒന്നു മറന്നാൽ തന്നെ എന്താ കുഴപ്പം?

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റേയും ദേശീയപ്രസ്ഥാനത്തിന്റേയും പശ്ചാത്തലത്തിൽ മലയാറ്റൂർ എഴുതിയ ഒരു നോവലാണ് 'അമൃതം തേടി' എന്നത്. അന്നത്തെ ബ്രിട്ടീഷ് മിലിട്ടറി സ്റ്റേഷനിൽ ഒരു 'സോൾജിയർ' ആയി പുതുതായി വന്ന ഇംഗ്ലീഷുകാരനോട് ആ ബാരക്കിലെ ഒരു സാർജന്റ് ഇന്ത്യയുടെ അൽപം ഭൂമിശാസ്ത്രവും ജീവക്രമവും പറഞ്ഞു ധരിപ്പിച്ചശേഷം "ഈ കറമ്പൻ ഇന്ത്യാക്കാരന് ഇത്രയുമൊക്കെയേ വേണ്ടൂ" എന്നു പറഞ്ഞു മനസ്സിലാക്കിയതു വായിച്ചപ്പോൾ "പുത്തൻകുരിശു സഭയ്ക്ക് ഇത്രയൊക്കെയേ വേണ്ടൂ" എന്ന ശീമക്കാരന്റെ ഭാവത്തെക്കുറിച്ച് ഓർത്തുപോയി.

ആ നോവൽ തുടരുന്നു: "..... ഈ നഗരത്തിൽ പതിനായിരക്കണക്കിന് ഹിന്ദുക്കളും മുസൽമാന്മാരും പാർക്കുന്നു. അവരെല്ലാം ചേർന്ന് കൈവശം വച്ചിരിക്കുന്നതിന്റെ നാലിരട്ടി സ്ഥലം ഈ നാം യൂറോപ്യൻ സ്റ്റേഷനിൽ കൈവശം വച്ചിരിക്കുന്നു. നിന്റെ ശമ്പളം 28 രൂപാ. ഇന്ത്യൻ ശിപായിയുടെ ശമ്പളം വെറും 7 രൂപാ. അവനതു മതി. അവൻ അവന്റെ തറയിൽ കുടിൽ കെട്ടി താമസിക്കുന്നു. അവന് വേലക്കാരാവശ്യമില്ല. ഇവിടെ നമുക്ക് വേലക്കാർ കൂടിയേ തീരൂ. ഒരു ബാർബർക്ക് മാസശമ്പളം 8 അണ. നീ ഉറങ്ങിക്കിടന്നാലും ആ കറമ്പൻ നിനക്ക് മുഖക്ഷൗരം ചെയ്തു തരും പതിവായി. മാസം 12 അണ കൊടുത്താൽ നിനക്ക് ഒരു ഡോബിയെ കിട്ടും. ആ കറമ്പൻ നിന്റെ ട്രൗസറുകളും ജാക്കറ്റുകളും ഷർട്ടുകളും എന്നും വൃത്തിയായി അലക്കി തേച്ചുവെയ്ക്കും. വേണമെങ്കിൽ നിനക്കൊരു ചെരുപ്പുകുത്തിയെ നിയമിക്കാം; രണ്ടര രൂപായ്ക്ക് അവൻ ഒരു പെയർ ഷൂസ് ഉണ്ടാക്കിത്തരും. നിനക്കൊരു തയ്യൽക്കാരനെ വേണോ, ദിവസക്കൂലി 8 അണ. ബാരക്സിൽ പങ്ക വലിക്കാൻ ആളുകളുണ്ട്. ആ കറമ്പന്മാർക്ക് നീ ഒന്നും കൊടുക്കേണ്ടാ. മെസ്സിലെ വേലക്കാർക്കും ഒന്നും നൽകേണ്ടതില്ല. എരിവ് അൽപം കൂടുമെങ്കിലും ബീഫും മട്ടണും കോഴിയും-പിന്നെ ചപ്പാത്തിയും അവർ വച്ചുണ്ടാക്കിത്തരും."

ഇന്നാട്ടിൽ എത്തിയ യൂറോപ്യന്മാർക്കു ലഭിക്കുന്ന അറിവ് മലയാറ്റൂർ എത്ര ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു-ഇതേവിധത്തിലുള്ള ധാരണകളുമായിട്ടാണ് ശീമക്കാർ കേരളക്കരയിൽ കാൽകുത്തിയിട്ടുള്ളത്. കേരളത്തിൽ എട്ടണയും നാലണയും വല്ല നക്കാപ്പിച്ചയും കൊടുത്താൽ ഇവിടെ കറമ്പൻ അടിമകളെ കിട്ടും, 'അമ്മയെ മറന്നാലും അന്ത്യോഖ്യായെ മറക്കില്ല കട്ടായ'ം എന്നു വിളിക്കാനും, ശീമക്കാരുടെ വിഴുപ്പലക്കാനും, മുടിവെട്ടാനും പാചകം ചെയ്യാനും കിട്ടും, ഷെവലിയർ എന്ന 8 അണ വിലയുള്ള സ്ഥാനം കൊടുത്താൽ മതി.

സഭയുടെ ഐക്യം ദൈവനിയോഗമായി കരുതുന്ന ഒരു വന്ദ്യ ദേഹമാണ് കണ്ടനാടിന്റെ ഡോ. മാർ അത്താനാസ്യോസ്. തോമസ് ദീവന്നാസ്യോസിനെ അവഗണിച്ച് മലങ്കരസഭയുടെ ഐക്യം സാധ്യമല്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പാത്രിയർക്കീസ് കക്ഷിയിൽ നിന്നു കാതോലിക്കാ കക്ഷിയിലേക്കു മാറിയശേഷം മാർ ദീവന്നാസ്യോസിൽ നിന്നും വളരെയേറെ പീഡകൾ ഏൽക്കേണ്ടിവന്ന തിരുമേനി എതിർക്കുന്നവരെ പുറംതള്ളിയല്ല, അവരേയും സഹകരിപ്പിച്ചാണ് സഭയുടെ ഐക്യം വിജയിപ്പിക്കേണ്ടതെന്ന് വിശ്വസിക്കുന്നു.

സഭൈക്യ സാധ്യത ആരാഞ്ഞുകൊണ്ട് പാത്രിയർക്കീസ് പക്ഷത്തുള്ള മേലദ്ധ്യക്ഷന്മാരുമായി സമ്പർക്കം പുലർത്തുന്നത് പാഴ്വേല

യായി അനുഭവപ്പെട്ട അദ്ദേഹം മാർ ദീവന്നാസ്യോസുമായി ഈ കാര്യം ആലോചിക്കുന്നതിന് കളമൊരുക്കിയ ഒരു രസകരമായ അനുഭവം ഈയിടെ പ്രസിദ്ധപ്പെടുത്തി. അത് അപ്പാടെ താഴെ പകർത്തുന്നു:

"അദ്ദേഹത്തെ (തോമസ് മാർ ദീവന്നാസ്യോസ്) കണ്ടു സംസാരിക്കുവാൻ എനിക്കാഗ്രഹമായി. പക്ഷേ എങ്ങനെ സാധിക്കുമെന്നുള്ളതായിരുന്നു ശങ്ക. ഇതുപോലെയുള്ള ഒരു സംഭാഷണത്തിന് അദ്ദേഹം വഴിപ്പെടുകയില്ല എന്ന് എനിക്കുറപ്പായിരുന്നു. കാരണം അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങൾ ഏഴെട്ടു വർഷത്തെ പരിചയത്തിൽ നിന്നും ഞാൻ പഠിച്ചിരുന്നു. അതുകൊണ്ട് ഈ വിഷയം അവതരിപ്പിക്കാൻ പറ്റിയ ഒരു വ്യക്തിയെ കണ്ടെത്താനായിരുന്നു എന്റെ അടുത്ത അന്വേഷണം. അതു വെറുതെ ആയില്ല. കുറേക്കാലമായി ഞങ്ങളോടൊപ്പം സഭൈക്യ വിഷയത്തിൽ ആത്മാർത്ഥതയോടെ സഹകരിച്ചു പ്രവർത്തിച്ചു വന്ന വ്യക്തിയായിരുന്നു കിഴക്കമ്പലം മാരിക്കുടിയിൽ ജോൺ സഖറിയാ. വ്യവസായിയും അങ്കമാലി ഭദ്രാസന ഇടവകക്കാരനുമായ സഖറിയായെ വ്യക്തിപരമായി തിരുമേനിക്കും പരിചയമുണ്ടായിരുന്നു. അദ്ദേഹം ഈ വിഷയവുമായി ദീവന്നാസ്യോസിനെ സന്ദർശിക്കാമെന്ന് സമ്മതിച്ചു. ഞാനുമായുള്ള ബന്ധത്തിലാണ് ഈ സന്ദർശനമെന്നതിന്റെ ഒരു സൂചനയും സംഭാഷണത്തിനിടയിൽ ഉണ്ടാകാതെ സൂക്ഷിക്കണമെന്ന് ഞാൻ സഖറിയായോട് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ഭയവും സംശയവും തിരുമേനിയുടെ വ്യക്തിത്വ സവിശേഷത ആയതിനാൽ ഞാൻ ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ട് എന്നറിഞ്ഞാൽ തിരുമേനി പിൻവാങ്ങുമെന്ന് എനിക്കറിയാമായിരുന്നു.

ദീവന്നാസ്യോസിനെ കണ്ട് സഖറിയാ പ്രാഥമിക കുശലപ്രശ്നങ്ങൾ നടത്തി, തുടർന്ന് തന്റെ സന്ദർശനോദ്ദേശ്യം വെളിപ്പെടുത്തി. പ. കാതോലിക്കാബാവാ തന്നെ സഭായോജിപ്പിന്റെ കാര്യം സംസാരിക്കുവാൻ നിയോഗിച്ചിരിക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. സഖറിയായുടെ മാതുലൻ റിട്ട. ചീഫ് എൻജിനീയർ എ. എം. മാത്യുവിന് ഓർത്തഡോക്സ് നേതൃത്വത്തിലുള്ള സ്വാധീനം തിരുമേനിക്ക് അറിയാമായിരുന്നതുകൊണ്ട് ഈ വെളിപ്പെടുത്തലിൽ തിരുമേനിക്ക് അസ്വാഭാവികത ഒന്നും തോന്നിയില്ല. "സഭായോജിപ്പ് തന്റെ ജീവിതത്തിൽ അവശേഷിക്കുന്ന സ്വപ്നമാണ്" എന്നായിരുന്നു തിരുമേനിയുടെ പ്രതികരണം. "സഭ യോജിച്ചാൽ താൻ സ്ഥാനത്യാഗം ചെയ്ത് ശിഷ്ടായുസ്സ് സുവിശേഷവേലയ്ക്കു ഒഴിഞ്ഞുവയ്ക്കുകയാണ്" എന്ന ഇംഗിതം ഇതോടൊപ്പം അദ്ദേഹം വെളിപ്പെടുത്തി. മാർക്കറ്റിംഗ് കലയിൽ നല്ല പ്രാവീണ്യം നേടിയിരുന്ന ജോൺ സഖറിയാ ഇതു കേട്ടതോടെ അവസരം മുതലെടുത്തുകൊണ്ട് ഇടപെട്ടു: 'തിരുമേനിയുടെ ആഗ്രഹം അതാണെങ്കിൽ ഈ വിഷയത്തിൽ എനിക്കു

താൽപര്യമില്ല. തിരുമേനി, ഞാൻ അങ്കമാലി ഭദ്രാസനക്കാരനാണ്. തിരുമേനിയാണ് എന്റെ ഭദ്രാസന മെത്രാപ്പോലീത്താ. ഈ യോജിപ്പിൽ എനിക്കു ചില ലക്ഷ്യങ്ങളെല്ലാമുണ്ട്. തിരുമേനി സഭാ യോജിപ്പിനു ശേഷം ഒന്നായ മലങ്കരസഭയുടെ പരിശുദ്ധ കാതോലിക്കാ ആയി വാഴിക്കപ്പെടണം. ആ സാഹചര്യം ഉണ്ടാകുമെങ്കിൽ മാത്രമേ എനിക്കതിൽ താൽപര്യമുള്ളു.' തിരുമേനി നിശ്ശബ്ദനായി. അൽപനേരത്തെ ആലോചനയ്ക്കുശേഷം അദ്ദേഹം ചോദിച്ചു. "എടാ മോനേ, അവരതിന് തയ്യാറാകുമോ? ഇതൊക്കെ നടക്കുന്ന കാര്യമാണോ?" സഖറിയായ്ക്ക് ഉത്സാഹമായി. 'ഇത്തവണ ആന വക്ക പിടിച്ചു' സഖറിയായുടെ ആത്മഗതം. ഗൂഢസന്തോഷം പുഞ്ചിരിയിലൊതുക്കി അദ്ദേഹം തുടർന്നു, "തിരുമേനി! കാതോലിക്കാ ബാവാ തന്നിരിക്കുന്ന വാക്കാണിത്. തന്റെ കാലത്ത് സഭയിൽ എങ്ങനെയെങ്കിലും സമാധാനമുണ്ടാക്കുവാൻ ബാവായ്ക്കു താൽപര്യമാണ്. അതിനായി ഏതു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയ്യാറാണ്. നാം ഇതിനു സഹകരിക്കണം. ഈ കാര്യം നേരിട്ടു പറയാനായി ബാവായ്ക്ക് തിരുമേനിയെ ഒന്ന് നേരിൽ കണ്ടാൽ കൊള്ളാമെന്നുണ്ട്."

തിരുമേനിക്ക് വിശദീകരണത്തിൽ പൂർണ്ണതൃപ്തിയായിരുന്നു. കൂടി കാഴ്ചയ്ക്ക് വൈകാതെ സൗകര്യം കണ്ടെത്തി തന്നെ അറിയിക്കുവാൻ ജോൺ സഖറിയായെ തിരുമേനി ചുമതലപ്പെടുത്തി. അതിനുള്ള സ്ഥലം ദേവലോകം ആകണമെന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പെട്ടെന്ന് ഓർമ്മയിലെത്തിയ കാര്യം പോലെ തിരുമേനി തുടർന്നു: "ബാവായെ കാണുന്നതിനു മുമ്പ് സെമിനാരി പ്രിൻസിപ്പൽ കെ. എം. ജോർജ്ജച്ചനെ ഒന്നു കണ്ട് സംസാരിച്ചാൽ കൊള്ളാമെന്നുണ്ട്." അക്കാര്യവും ക്രമീകരിക്കാമെന്ന് തോന്നിയതിനാൽ അദ്ദേഹം എന്നെ വിളിച്ച് വിവരങ്ങൾ വിശദമായി ധരിപ്പിച്ചു.

'ബാവാ പറഞ്ഞു' എന്ന രീതിയിൽ ദീവന്നാസ്യോസ് മെത്രാച്ചന്റെ മുമ്പിൽ അവതരിപ്പിച്ച കാര്യമൊന്നും സത്യത്തിൽ ബാവാ അറിഞ്ഞതേ ആയിരുന്നില്ല. ഇതെല്ലാം ബാവായെക്കൊണ്ടു സമ്മതിപ്പിക്കണം, എങ്കിലേ കാര്യം നടക്കൂ എന്ന് ജോൺ സഖറിയാ എന്നോടാവശ്യപ്പെട്ടപ്പോൾ ഞാനൽപ്പം അങ്കലാപ്പിലായി. സഖറിയാ തുടർന്നു: "തിരുമേനി ബാവായെക്കൊണ്ട് കാര്യങ്ങൾ സമ്മതിപ്പിക്കാതെ തരമില്ല. എങ്കിലേ ദീവന്നാസ്യോസ് തിരുമേനി വഴിപ്പെടുകയുള്ളു. അദ്ദേഹത്തെ ഒഴിവാക്കി സംയോജിപ്പ് നടക്കില്ല. കാതോലിക്കാ സ്ഥാനം കിട്ടാതെ യോജിപ്പിന് അദ്ദേഹം വഴിപ്പെടുകയുമില്ല. കൂടിക്കാഴ്ച വൈകാതെ ക്രമീകരിക്കണം. 'ശ്രമിക്കാം' എന്ന് പറഞ്ഞു സംസാരം അവസാനിപ്പിച്ചു.

കാര്യങ്ങൾ എങ്ങനെ ബാവായെ സമ്മതിപ്പിക്കണം എന്നതു സംബന്ധിച്ച് എനിക്കു വേണ്ടത്ര രൂപം ഉണ്ടായിരുന്നില്ല. ഏതായാലും ചുറ്റുപാ

ടുകൾ വളരെ വിശദമായി ഞാൻ ബാവായോടു സംസാരിച്ചു. "തീമോത്തിയോസ് തിരുമേനിക്കു ശേഷം കാതോലിക്കാ സ്ഥാനം അദ്ദേഹത്തിനു നൽകുന്നതിൽ എനിക്കു വ്യക്തിപരമായി വിരോധമില്ല. പക്ഷേ ഭരണ ഘടനയിൽ ആ സ്ഥാനം 'ഇലക്ടീവ് പോസ്റ്റ്' അല്ലേ? അത് എനിക്കു എങ്ങനെ ദാനം ചെയ്യാനാവും? ഇലക്ഷനിൽ അദ്ദേഹം തോറ്റുപോയാൽ ഞാൻ ചെയ്യുന്നത് വഞ്ചനയാവില്ലേ?" ബാവാ ആകെ അസ്വസ്ഥനായി.

ഞാൻ പറഞ്ഞു, "വഴി കണ്ടുപിടിക്കാം. തീമോത്തിയോസ് തിരുമേനിക്കു ശേഷം ഒരാൾ മുൻ പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നും ആകുന്നത് ന്യായമാണ്. അതിന് ആ ഭാഗത്തുനിന്ന് ആരും എതിർ സ്ഥാനാർത്ഥി ഉണ്ടാകാതെ ഞാൻ ശ്രദ്ധിച്ചുകൊള്ളാം. ഈ പ്രശ്നത്തിന്റെ പേരിൽ സഭായോജിപ്പ് നടക്കാതെ വരരുത്." ഞാൻ തുടർന്നു, "ദീവന്നാസ്യോസ് കുറച്ചുകാലത്തേക്ക് കാതോലിക്കാ സ്ഥാനത്തേക്ക് വന്നാലും കുഴപ്പമില്ല. സഭകളുടെ യോജിപ്പും സമാധാനവുമാണ് പ്രധാനം. യോജിച്ച സഭയിൽ പിന്നീട് ആരുടേയും ഇടപെടൽ ഉണ്ടാകാതെ തന്നെ കാതോലിക്കാ ആകാനുള്ള മിടുക്കും സാമർത്ഥ്യവും ദീവന്നാസ്യോസ് മെത്രാച്ചനുണ്ട്, ബാവാ അതോർത്തു ഭാരപ്പെടേണ്ട."

ബാവാ ഒന്നു വെളുക്കെ ചിരിച്ചു. "കൂടിക്കാഴ്ച ക്രമീകരിക്കാം, ഐക്യത്തിന് മുൻകൈ എടുക്കാം. ഭാവിയിൽ കാതോലിക്കായായി ചുമതലയേറ്റ് ഐക്യം പൂർണ്ണമാക്കാൻ ദീവന്നാസ്യോസ് മെത്രാച്ചനോട് ആവശ്യപ്പെടാം" എന്നീ കാര്യങ്ങൾ ബാവാ എനിക്ക് ഉറപ്പു നൽകി.

ഇതിനിടെ ജോൺ സഖറിയാ, കെ. എം. ജോർജ്ജച്ചനും ദീവന്നാസ്യോസും തമ്മിലുള്ള കൂടിക്കാഴ്ച ക്രമീകരിച്ചിരുന്നു. അച്ചൻ കോതമംഗലത്ത് എത്തി തിരുമേനിയെ കണ്ടു. സഭൈക്യത്തിന്റെ പ്രാധാന്യവും അതിൽ മാർ ദീവന്നാസ്യോസ് വഹിക്കേണ്ട പങ്കും എല്ലാം അച്ചൻ തിരുമേനിയുടെ മുമ്പാകെ ഭംഗിയായി അവതരിപ്പിച്ചു. തിരുമേനിക്കല്ലാതെ മറ്റാർക്കും ഇക്കാര്യം നിർവഹിക്കാൻ കഴിയുകയില്ല എന്നെല്ലാം പറഞ്ഞ് അച്ചൻ തന്റെ നയതന്ത്രചാതുര്യം പ്രയോജനപ്പെടുത്തി. തിരുമേനിക്കും വളരെ ഉത്സാഹമായി. സഭാഐക്യം തന്റെ ജീവിതവ്രതമാണെന്നും ദൈവം സഹായിച്ച് എല്ലാം ശുഭം ആകും എന്നും തിരുമേനി അച്ചനോടു പറഞ്ഞു. ഉപചാരപൂർവ്വം അച്ചനെ യാത്ര അയയ്ക്കുകയും ചെയ്തു.

കെ. എം. ജോർജ്ജച്ചന്റെ ദൗത്യം ഭംഗിയായി പൂർത്തിയാക്കി എന്നറിഞ്ഞപ്പോൾ എന്റെ ശുഭാപ്തി വിശ്വാസം പ്രബലപ്പെട്ടു. കൂടിക്കാഴ്ചയ്ക്കു ദേവലോകം പറ്റിയ സ്ഥലമായി ബാവായ്ക്കും തോന്നിയില്ല. അവിടെയുള്ളവർ ആരുംതന്നെ കൂടിക്കാഴ്ചയുടെ കാര്യം അറിയേണ്ടാ എന്ന് ബാവായ്ക്കുണ്ടായിരുന്നു. കോലഞ്ചേരി മെഡിക്കൽ കോളജിൽ

മെഡിക്കൽ ചെക്കപ്പിനായി ബാവാ പ്രവേശിപ്പിക്കപ്പെടുകയും അവിടെ വച്ച് വിശ്രമവേളയിൽ ദീവന്നാസ്യോസുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുവാനായിരുന്നു ക്രമീകരണം. സന്ദർശന ദിവസം തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മിലിത്തിയോസും ഞാനും ബാവായെ സന്ദർശിച്ച് കൂടിക്കാഴ്ചയിൽ ബാവാ ഉറപ്പുകൊടുക്കേണ്ട കാര്യങ്ങൾ ഒരിക്കൽ കൂടി സംസാരിച്ചു. ബാവാ നല്ല ഉത്സാഹത്തിലായിരുന്നു. തിരുമേനി വരുമ്പോൾ നൽകുന്നതിനുള്ള ഭക്ഷണസാധനങ്ങൾ വരെ ബാവാ സ്നേഹപൂർവ്വം കരുതിയിരുന്നു.

എന്നാൽ സന്ധ്യ ആയപ്പോൾ അടുത്ത ദിവസം തനിക്ക് അസൗകര്യമാണെന്ന് ദീവന്നാസ്യോസ്, ജോൺ സഖറിയായെ ഫോണിൽ വിളിച്ചു പറഞ്ഞു. ബാവായെ വിവരം അറിയിക്കണമെന്ന് നിർദ്ദേശിക്കയും ചെയ്തു. കൂടാതെ പിറ്റെദിവസം ബാവായെ കണ്ടുകൊള്ളാമെന്ന് ഉറപ്പും നൽകി. വിവരം അറിഞ്ഞപ്പോൾ ബാവായ്ക്കു നിരാശയായി. എങ്കിലും പിറ്റേന്നു വരുമല്ലോ എന്ന് ആശ്വസിച്ചു. അന്നു രാവിലെ മുതൽ ബാവാ അദ്ദേഹത്തെ പ്രതീക്ഷിച്ചിരിപ്പായിരുന്നു. ആശുപത്രിയിൽ ജോലിയുള്ള ദീവന്നാസ്യോസ് തിരുമേനിയുടെ ഒരു ബന്ധുവിനെ അന്നു വൈകുന്നേരം അദ്ദേഹം വിളിച്ച് തനിക്ക് അന്നു കൂടിക്കാഴ്ചയ്ക്കു എത്താൻ കഴിയാത്ത സാഹചര്യം ഉണ്ടെന്നും വൈകാതെ ശാസ്താംകോട്ടയിലോ മറ്റ് എവിടെയെങ്കിലുമോ വന്ന് കണ്ടുകൊള്ളാമെന്നും ബാവാ തിരുമേനിയെ അറിയിക്കുവാൻ ചുമതലപ്പെടുത്തി.

ഇതിനിടയിൽ എന്തു സംഭവിച്ചു എന്നതിന്റെ ഒരു സൂചനയും എനിക്കു ലഭിച്ചില്ല. പ്രതീക്ഷ വച്ച ഒരു ദൗത്യം പരാജയപ്പെടുന്നതിൽ ബാവാ വളരെ ദുഃഖിതനായിരുന്നു. മെഡിക്കൽ മിഷൻ ആശുപത്രിയിലെ വാസം അവസാനിപ്പിച്ച് ബാവാ പിറ്റേദിവസം തന്നെ മടങ്ങുകയും ചെയ്തു. ഈ കൂടിക്കാഴ്ച നടക്കാതെ പോയത് എന്തുകൊണ്ട് എന്നതു സംബന്ധിച്ച് ഞാൻ അന്വേഷിച്ചു. മനപൂർവ്വമായ ഒരു വാക്കു വ്യത്യാസമായിരുന്നില്ല എന്നു തോന്നി. ദീവന്നാസ്യോസ് ബാവായുമായി നടക്കാൻ പോകുന്ന തന്റെ കൂടിക്കാഴ്ചയെപ്പറ്റി കാതോലിക്കാ പക്ഷക്കാരായ മുൻ സുഹൃത്തുക്കളുമായി സംസാരിച്ചു. അവർ അതൊരു നല്ല കാര്യമാണെന്നു പറഞ്ഞ് തിരുമേനിയെ പ്രോത്സാഹിപ്പിക്കുകയും ഒപ്പം തന്നെ സമീപ പ്രദേശങ്ങളിലെ തീവ്രവാദികളായ പാത്രിയർക്കീസ് കക്ഷിക്കാർക്ക് ഈ രഹസ്യനീക്കം ചോർത്തിക്കൊടുക്കുകയും ചെയ്തു. "നിങ്ങളുടെ ദീവന്നാസ്യോസ് തിരുമേനി ഞങ്ങളുടെ കൂടെ ചേരുകയാണ്. ഞങ്ങൾ അദ്ദേഹത്തിന് എന്തെങ്കിലും സ്ഥാനം കൊടുക്കുമെന്ന് ഏറ്റിട്ടുണ്ട്" എന്ന ഇളക്കലും നടത്തി. പ്രകോപനപരമായ ഈ വാർത്ത കേട്ട സമനില നഷ്ടപ്പെട്ട 'വിശ്വാസികൾ' ചില അച്ചായന്മാരുടെ നേതൃത്വ

ത്തിൽ കോതമംഗലത്തു പോയി ദീവന്നാസ്യോസ് മെത്രാച്ചന്റെ അര മന ഉപരോധിച്ചു. അതുകൊണ്ടാണ് അദ്ദേഹത്തിന് അന്നേദിവസം കൂടി ക്കാഴ്ചയ്ക്ക് എത്താൻ കഴിയാതെ പോയത്. പിറ്റെ ദിവസവും അതു തന്നെ നടന്നു.

.... അക്കാലത്ത് പുതിയൊരു കാതോലിക്കായെ വാഴിക്കാൻ പാത്രി യർക്കീസ് ബാവായ്ക്കു ഇഷ്ടമില്ലായിരുന്നു. "കാതോലിക്കേറ്റ്' സുറി യാനി സഭാ സംവിധാനത്തിൽ ഒരു അനിവാര്യ സ്ഥാപനമായി താൻ കരുതുന്നില്ല" എന്ന് തന്റെ സ്ഥാനാരോഹണാനന്തരം സഭയ്ക്കയച്ച പൊതു കൽപ്പനയിൽ ബാവാ പ്രഖ്യാപിച്ചിരുന്നു. പെരുമ്പള്ളി തിരുമേ നിക്ക് ഒരു കാതോലിക്കാ ആകണമെന്നത് വലിയ മോഹമായിരുന്നു. എന്നാൽ അതു നടക്കാതെ പോയി. ഈ ആഗ്രഹം ദീവന്നാസ്യോസും പുലർത്തിയിരുന്നെങ്കിലും ചുറ്റുപാട് അനുകൂലമായിരുന്നില്ല. ഈ സാഹ ചര്യത്തിൽ വ്യത്യാസം വരുത്തുവാൻ താൻ കളംമാറ്റി ചവിട്ടുമെന്ന ഭീഷണി തുണയാകുമെന്ന് കണ്ടിട്ടാണോ ഇപ്രകാരം പ്രവർത്തിച്ചത്? ലക്ഷ്യം കണ്ടെത്തുന്നതിന് പ്രയോഗിച്ച ഒരു തന്ത്രമായി കഥയുടെ ഉത്ത രാർദ്ധത്തെ വ്യാഖ്യാനിക്കാനാവും എന്നാണ് എനിക്കു തോന്നുന്നത്. ഇതി നുവേണ്ടി ഉപരോധം സൃഷ്ടിച്ചിരിക്കുന്ന തന്ത്രമൊക്കെ മെനഞ്ഞത് തിരു മേനി തന്നെ ആയിരിക്കുമോ? ആ മണ്ടയുടെ ആഴവും വ്യാപ്തിയും ആര് കണ്ടിട്ടുണ്ട്!

കൂടിക്കാഴ്ച നടന്നാലും ഇല്ലെങ്കിലും ദീവന്നാസ്യോസിനു പാത്രി യർക്കാ വിഭാഗത്തിൽ കാതോലിക്കാ സ്ഥാനം കിട്ടിയില്ലെങ്കിൽ അതു ലഭ്യമാക്കുന്നതിനുള്ള വേറെ വഴി അദ്ദേഹം അന്വേഷിക്കുമെന്നുള്ള സന്ദേശം ഇതു വഴി പ്രചരിച്ചു. പാത്രിയർക്കീസ് പക്ഷത്തല്ലെങ്കിൽ ഓർ ത്തഡോക്സ് സഭയിൽ അതിനു വഴി തേടും. അദ്ദേഹം സഭൈക്യത്തിന് അനുകൂല നിലപാടെടുത്താൽ അത് പാത്രിയർക്കീസ് കക്ഷിയുടെ നില പരുങ്ങലിലാക്കും എന്ന് അറിയാവുന്നവർ അദ്ദേഹത്തിന് ഈ സ്ഥാനം കൊടുക്കുന്നതിന് സമ്മർദ്ദതന്ത്രങ്ങൾ ആവിഷ്ക്കരിക്കാൻ നിർബന്ധിത രായി. വൈകാതെ അദ്ദേഹം നിയുക്ത കാതോലിക്കാ ആയി അവരോ ധിക്കപ്പെടുകയും ചെയ്തു.

പാത്രിയർക്കീസ് ബാവാ തടസ്സം പിടിച്ചാൽ അതെങ്ങനെ മാറ്റി എടു ക്കണം എന്ന് ദീവന്നാസ്യോസിനെ ആരും പഠിപ്പിക്കേണ്ടതില്ലായിരുന്നു. കരുക്കൾ വേണ്ടവിധം നീക്കി. പാത്രിയർക്കീസ് ബാവാ സമ്മർദ്ദത്തിനി രയായി....." (ഡയോസിഷൻ ബുള്ളറ്റിനോട് കടപ്പാട്).

മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ തോമസ് മാർ ദീവന്നാ സ്യോസിനെ വളരെ അടുത്തറിഞ്ഞ വ്യക്തി എന്ന നിലയിൽ വിലയിരു

ത്തിയ പ്രസ്താവനകൾ വളരെ ശരിയായിരുന്നുവെന്ന് അനന്തര സംഭവങ്ങൾ സ്ഥിരീകരിക്കുന്നു.

മാർ ദീവന്നാസ്യോസ് ഓർത്തഡോക്സ് സഭയിൽ നുഴഞ്ഞുകയറാൻ ശ്രമം, മധ്യസ്ഥന്മാരുടെ വിഫലശ്രമം

മാർ ദീവന്നാസ്യോസിനെ അടുത്ത കാതോലിക്കാ ആക്കാമെങ്കിൽ സഭാസമാധാനത്തിന് അദ്ദേഹം തയ്യാറാകുമെന്ന് മദ്ധ്യസ്ഥന്മാരിലൂടെ ഓർത്തഡോക്സ് സഭയുടെ സുന്നഹദോസിനെ അറിയിച്ചു. "മാർ ദീവന്നാസ്യോസിനെ ഇപ്പോൾ മെത്രാനായി മാത്രം സ്വീകരിക്കുക, പക്ഷേ ഉള്ള സ്ഥാനങ്ങൾ ഒന്നും കളയുവാൻ ആവശ്യപ്പെടരുത്, ഇപ്പോഴത്തെ നിയുക്ത കാതോലിക്കാ മാർ തീമോത്തിയോസിന്റെ കാലശേഷം ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആകണം" എന്ന നിർദ്ദേശമാണ് മന്ത്രി ടി. എം. ജേക്കബ്, യു.ഡി.എഫ്. കൺവീനർ പി. പി. തങ്കച്ചൻ, മന്ത്രി പി. ജെ. ജോസഫിന്റെ പി. എ. ആയിരുന്ന തോമസ് ജോൺ തുടങ്ങിയ രാഷ്ട്രീയ നേതാക്കന്മാരെയാണ് അദ്ദേഹം ഈ നിർദ്ദേശവുമായി ദേവലോകത്തേക്കയച്ചത്. ഈ മദ്ധ്യസ്ഥന്മാരുടെ കൂട്ടത്തിൽ ഓർത്തഡോക്സ് സഭയിലെ ചില പ്രമുഖ വൈദികരേയും അത്മായ പ്രമുഖരേയും ഉൾപ്പെടുത്തിയിരുന്നു എന്നാണറിവ്.

ഓർത്തഡോക്സ് സഭയുടെ പ. സുന്നഹദോസ് അവരുടെ നിർദ്ദേശത്തോട് ശക്തമായ എതിർപ്പു പ്രകടിപ്പിക്കയാണ് ചെയ്തത്. മലങ്കര സഭയ്ക്ക് ഇത്രയും ദ്രോഹം ചെയ്ത മാർ ദീവന്നാസ്യോസിനെ ഒരു കാലത്തും സഭയുടെ കാതോലിക്കാ ആക്കുവാൻ സാധ്യമല്ലെന്ന് പല തിരുമേനിമാരും അഭിപ്രായപ്പെട്ടു. മലങ്കരസഭയ്ക്കും കാതോലിക്കേറ്റിനും എതിരായി നിത്യേന പരസ്യപ്രസ്താവനകൾ ഇറക്കുകയും വേദികളിലെല്ലാം കാതോലിക്കേറ്റിനേയും കാതോലിക്കായേയും അധിക്ഷേപിക്കയും ചെയ്യുന്ന മാർ ദീവന്നാസ്യോസ് സഭയ്ക്കുള്ളിൽ നുഴഞ്ഞു കടന്നു കൂടി കാതോലിക്കാ ആകുവാൻ ശ്രമം നടത്തുന്നത് അപലപനീയമാണെന്ന് അവർ അഭിപ്രായപ്പെട്ടു.

സുന്നഹദോസിന്റെ തീരുമാനം അറിയിച്ചശേഷവും രാഷ്ട്രീയ നേതാക്കന്മാർ പലയിടങ്ങളിലും വച്ച് പ. ബാവായെ സന്ദർശിച്ച് മാർ ദീവന്നാസ്യോസിനെ സ്വീകരിക്കുവാൻ സമ്മർദ്ദം ചെലുത്തി. സുന്നഹദോസ് തീരുമാനത്തിന് വിപരീതമായി പ്രവർത്തിക്കരുതെന്ന് ഒരു മെത്രാപ്പോലീത്താ ശക്തമായ ഫാക്സ് സന്ദേശം നൽകിയതായും അറിവായി.

സഭാതലത്തിൽ വാർത്ത പരന്നതോടെ സുന്നഹദോസിന്റേയും മാനേജിംഗ് കമ്മിറ്റിയുടെയും തീരുമാനങ്ങളെ അവഗണിച്ചു സഭാനേതൃത്വം

മുമ്പോട്ടുപോയാൽ വ്യാപകമായി പ്രതിഷേധം ഉണ്ടാകുമെന്ന് കോട്ടയം, കുന്നംകുളം, മൂവാറ്റുപുഴ, എറണാകുളം, ചെങ്ങന്നൂർ, ഓമല്ലൂർ, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന കോർണർ മീറ്റിംഗുകളുടെ ശക്തമായ താക്കീതുകൾ ദേവലോകത്തേക്ക് പ്രവഹിച്ചു തുടങ്ങി.

ഇങ്ങനെ ഓർത്തഡോക്സ് സഭയിൽ നുഴഞ്ഞുകയറാൻ പയറ്റിയ അടവുകളെല്ലാം പരാജയപ്പെട്ടപ്പോഴാണ് ആ പിതാവ് 'പുത്തൻകുരിശു സമ്മേളനം' എന്ന കച്ചിത്തുരുമ്പിൽ കയറിപ്പിടിച്ച്, 'ശക്തനായ പാത്രിയർക്കീസ് ഭക്തനായി' അഭിനയിച്ച് പുതിയ നാടകം കളിച്ച് കാര്യം നേടിയത്. ഈ നാടകം അരങ്ങേറുമ്പോൾ പോലും അദ്ദേഹം സ്വന്തം അണികളിൽ നിന്നു മറച്ചുവച്ച ഒരു രഹസ്യം ഉണ്ട്. അത് ഓർത്തഡോക്സ് സഭ 1934-ൽ പാസ്സാക്കിയ ഭരണഘടന അംഗീകരിച്ചതായി അദ്ദേഹം ഒപ്പിട്ടു സമ്മതിച്ചു എന്ന രഹസ്യം തന്നെ. അധികം താമസിയാതെ ആ രഹസ്യവും ചോർന്നു.

തോമസ് മാർ ദീവന്നാസ്യോസ് (ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കാ) ബഹു. കേരള ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം

ബഹു. കേരള ഹൈക്കോടതി എറണാകുളം മുമ്പാകെ,

A. S. 117/1998

അപ്പീൽ ഹർജിക്കാരൻ	എതിർ കക്ഷികൾ
റവ. ഫാ. പൗലോസ് ഔസേഫ് മുതൽ പേർ	റവ. ഫാ. തരിയൻ മുതൽ പേർ

മേൽ നമ്പർ കേസ്സിൽ നാലാം അപ്പീൽ ഹർജിക്കാരൻ ബോധിപ്പിക്കുന്ന സത്യവാങ്മൂലം.

മാർ തോമസ് ദീവന്നാസിയോസ് മെത്രാപ്പോലീത്താ, 69 വയസ്സ്, S/o. Late മത്തായി, ബിഷപ്പ് ഹൗസ്, കോതമംഗലത്ത് താമസം, എന്ന ഞാൻ സത്യത്തിൻമേൽ ബോധിപ്പിക്കുന്ന സത്യവാങ്മൂലം.

1. ഞാൻ മേൽ നമ്പർ അപ്പീലിൽ 4-ാം നമ്പർ അപ്പീൽ ഹർജിക്കാരനാണ്.

2. ഞാൻ ഇവിടെ പ്രഖ്യാപിക്കുന്നത് എന്തെന്നാൽ, ഞാൻ 1934-ലെ ഭേദഗതി ചെയ്ത ഭരണഘടനയ്ക്ക് വിധേയമായിരിക്കുകയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ PMA മെത്രാപ്പോലീത്തായും മോറാൻ മാർ ത്തോമ്മാ മാത്യൂസ് 1995 സുപ്രീംകോടതി പേജ് നമ്പർ 2001-ലെ കോടതിവിധിയും, കൂടുതൽ വിശദീകരണം നൽകിക്കൊണ്ടുള്ള AIR 1996

(സുപ്രീംകോടതി പേജ് നമ്പർ 3126-ലേയും AIR 1997 (സുപ്രീംകോടതി പേജ് നമ്പർ 1035) -ലെയും കോടതിവിധികളുടെ ആന്തരിക അർത്ഥങ്ങളും ഉദ്ദേശ്യങ്ങളും മനസ്സിലാക്കിയതനുസരിച്ച് സ്വീകരിച്ചിരിക്കുന്നു. ഞാൻ മേൽപറഞ്ഞ ഭരണഘടനയോട് കൂറുള്ളവനായിരിക്കും എന്ന് ഇതിനാൽ സത്യം ചെയ്യുന്നു.

മേൽ എഴുതിയ സംഗതികൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാകുന്നു.

മാർച്ച് 3-ാം തീയതി 1998

എന്ന്,

(ഒപ്പ്)

മാർ തോമസ് ദീവന്നാസിയോസ്

ഈ സത്യവാങ്മൂലം മേൽപറഞ്ഞ വ്യക്തി മൂവാറ്റുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ആയ എന്റെ മുമ്പാകെ പ്രസ്താവിച്ച് ഒപ്പിട്ടിട്ടുള്ളതാണ്. 03-03-1998 തീയതി എന്റെ ഓഫീസിൽ വെച്ചാണ് ഇക്കാര്യത്തിൽ ഒപ്പ് വെച്ചിട്ടുള്ളത്.

(ഒപ്പ്)	(ഒപ്പ്)
അഡ്വ. വർഗീസ് മത്തായി	ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ്
(കോടതി സീൽ)	മൂവാറ്റുപുഴ

ഇങ്ങനെ മജിസ്ട്രേറ്റിന്റെ മുമ്പിൽ സത്യംചെയ്ത് സത്യവാങ്മൂലത്തിൽ ഒപ്പിട്ടു 1934-ലെ ഭരണഘടന അംഗീകരിച്ച മാർ ദീവന്നാസ്യോസ് ഇതെല്ലാം പൊതുജനങ്ങളിൽ നിന്നു മറച്ചുവച്ച് ഒരു ഇരട്ടമുഖത്തിലാണ് പുത്തൻകുരിശിൽ ഒരു പുതിയ ഭരണഘടന എന്ന പേരിൽ ഉണ്ടാക്കിയ നിയമങ്ങൾ ജനത്തെക്കൊണ്ട് കൈയടിപ്പിച്ച് പാസ്സാക്കിയത്.

അമ്മയെ മറന്ന്, അന്ത്യോഖ്യയ്ക്കുവേണ്ടി ചാവേറുകളാകാൻ വെറി പിടിച്ചു നിൽക്കുന്നവർ അവർ ആരുടെ കീഴിൽ അടിമകളായി നിന്നു കൊള്ളാമെന്നു സത്യം ചെയ്ത ഒരു അന്ത്യോഖ്യൻ സഭ ഒരു അപ്പോസ്തോലിക സഭ തന്നെ ആണോ എന്ന് ഒന്നു പരിശോധിക്കുന്നതു കൊള്ളാം.

അന്ത്യോഖ്യൻ സഭ അപ്പോസ്തോലിക സഭയോ?
പത്രോസ് ശ്ലീഹായാണോ അതിന്റെ സ്ഥാപകൻ?

നിഖ്യാ സുന്നഹദോസിൽ നാലു സിംഹാസനങ്ങളെപ്പറ്റി പറയുന്നതിൽ ഒന്ന് അന്ത്യോഖ്യാ തന്നെയാണ്. പക്ഷേ ആ അന്ത്യോഖ്യാ

സിംഹാസനം ആരുടെ സിംഹാസനമാണെന്നു പറയുന്നില്ല. മലങ്കരസഭയുടെ സിംഹാസനത്തെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം എന്നാണ് ആദിമ നൂറ്റാണ്ടു മുതൽ തന്നെ പറഞ്ഞു വന്നിരുന്നത്. അതിൽ വാണരുളിയ പിതാക്കന്മാരെല്ലാം മാർത്തോമ്മാ എന്ന സ്ഥാനനാമവും സ്വീകരിച്ചിരുന്നു (കുറഞ്ഞോരു ഇടക്കാലത്ത് അതിന് അപവാദം ഉണ്ടായിട്ടുണ്ട്).

എന്നാൽ നാലു സിംഹാസനങ്ങളുടേയും റാണി, പൗരോഹിത്യ നൽവരത്തിന്റെ ഉറവിടം, ഒന്നാം നൂറ്റാണ്ടു മുതൽ ഇന്ത്യ വരെ പിതാക്കന്മാരെ കയറ്റുമതി ചെയ്ത സിംഹാസനം എന്നൊക്കെ വിശേഷിപ്പിച്ചുകൊണ്ട് സത്യം ചെയ്തവർ അന്ത്യോഖ്യൻ സിംഹാസനം ഒരു അപ്പോസ്തോലനാൽ സ്ഥാപിക്കപ്പെട്ട സിംഹാസനമാണോ എന്ന് ചരിത്രകാരന്മാരോടു ചോദിച്ചറിയുന്നതു കൊള്ളാം. അപ്പോസ്തോലന്മാർ പന്ത്രണ്ടു പേരിൽ ആരെങ്കിലും അന്ത്യോഖ്യായിൽ പോയി സഭ സ്ഥാപിച്ചതായി വേദപുസ്തകമോ സഭാചരിത്രമോ സാക്ഷിക്കുന്നില്ല എന്നുള്ളതുകൊണ്ട് അന്ത്യോഖ്യൻ സിംഹാസനത്തിന്റെ അപ്പോസ്തോലികത്വത്തെക്കുറിച്ച് ചരിത്രകാരന്മാർ സംശയിക്കുന്നു. ആദിമസഭയുടെ ചരിത്രമാണല്ലോ വി. ലൂക്കോസ് രചിച്ച അപ്പോസ്തോലപ്രവൃത്തികൾ എന്ന പുസ്തകം. അതു ക്രമമായി രചിച്ച വി. ലൂക്കോസ്, പത്രോസ് ശ്ലീഹാ അന്ത്യോഖ്യായിൽ പോയതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ പന്തിരുവരിൽ ഒരുവനല്ലാത്ത പൗലോസ് ശ്ലീഹാ, ക്രിസ്ത്യാനി ആകുന്നതിനു മുമ്പ് ശൗൽ ആയിരിക്കുമ്പോൾ സഭയെ പീഡിപ്പിക്കുവാൻ അധികാരപത്രവുമായി ദമസ്കോസിൽ പോയതും, അവിടെവച്ച് ക്രിസ്തുദർശനത്തിനു ശേഷം മാമോദീസാ സ്വീകരിച്ച്, അറേബ്യൻ മരുഭൂമിയിലേക്കു പോയതും മൂന്നു വർഷം കഴിഞ്ഞ് അപ്പോസ്തോലന്മാരെ പരിചയപ്പെടുന്നതിന് യെറുശലേമിലേക്കു പോയതും പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം പോലും അന്ത്യോഖ്യയിൽ സഭ സ്ഥാപിച്ചിട്ടില്ല.

പിന്നെ എങ്ങനെ അവിടെ ക്രിസ്ത്യാനികൾ ഉണ്ടായി എന്നൊരു ചോദ്യം സ്വാഭാവികമാണ്. അതിന് ഉത്തരം അപ്പോസ്തലപ്രവൃത്തി എന്ന പുസ്തകം തന്നെ തരുന്നുണ്ട്. അപ്പോ. 11:19-ൽ ആദിമസഭയുടെ പ്രവർത്തനങ്ങൾ പറയുന്ന കൂട്ടത്തിൽ എഴുതിയിരിക്കുന്നു. "ചിതറിപ്പോയവരിൽ ചിലർ - കുപ്രോന്യരും കുറേനക്കാരും ആയിരുന്നു. അവരിൽ ചിലർ അന്ത്യോഖ്യയിൽ എത്തി സുവിശേഷം അറിയിച്ചു." കുപ്രോന്യർ (സൈപ്രസുകാർ) കുറേനക്കാർ (പശ്ചിമാഫ്രിക്കയിലുള്ള ഒരു പട്ടണം) എന്നിവരിൽ ഒരു അപ്പോസ്തോലൻ ഉണ്ടായിരുന്നില്ല. ഈ ചിതറി ഓടിയ ക്രിസ്തു ഭക്തന്മാർ ശൗൽ എത്തുന്നതിനു മുമ്പുതന്നെ ദമസ്കോസിൽ എത്തി സഭയുടെ ആരാധന ആരംഭിച്ചിരിക്കും. അവരിലൂടെ വളർച്ച പ്രാപി

ച്ചപ്പോൾ, ക്രിസ്ത്യാനികൾ എന്നപേരും അവർക്കു ലഭിച്ചിരുന്നു. അവരെ പീഡിപ്പിക്കുന്നതിനാവാം ശൗൽ അങ്ങോട്ടു പോയത്. പക്ഷേ ഇവിടെയെങ്ങും പത്രോസ് ശ്ലീഹായുടെ പേരുപോലും കേൾക്കുന്നില്ല. പത്രോസിനു മാത്രമേ സഭ സ്ഥാപിക്കുവാൻ അധികാരമുള്ളു എന്ന വേദവിപരീതം പഠിപ്പിക്കയും ആ പത്രോസു സ്ഥാപിച്ചതാണ് തങ്ങളുടെ സിറിയൻ സഭയെന്ന് ദുരഭിമാനം കൊള്ളുകയും ചെയ്യുന്നവർക്ക്, പത്രോസ് അന്ത്യോഖ്യയിൽ സഭ സ്ഥാപിച്ചുവെന്ന് തെളിയിക്കുവാനുള്ള ചുമതല കൂടി ഉണ്ട്.

അന്ത്യോഖ്യൻ പാത്രിയർക്കീസന്മാരുടെ സ്ഥാനപ്പേര് "ഇഗ്നാത്തിയോസ്" എന്നാണ്. അവർ എന്തേ സ്ഥാപക പിതാവായ 'പത്രോസ്' എന്ന സ്ഥാനപ്പേരു സ്വീകരിക്കാതിരുന്നത്? ആരാണീ ഇഗ്നാത്തിയോസ്? റോമൻ അറീനായിൻ സിംഹങ്ങൾക്കിരയായി രക്തസാക്ഷിത്വം വഹിച്ച സഹദാ ആണ് ഇഗ്നാത്തിയോസ്. ആ പരിശുദ്ധ പിതാവിന്റെ പിൻഗാമിത്വം അവകാശപ്പെടുന്ന അഞ്ചു പാത്രിയർക്കീസന്മാർ ഇന്ന് (ഒരു വർഷം മുമ്പ്) ദമസ്ക്കോസിൽ ഉണ്ടായിരുന്നു എന്ന കാര്യം ഇന്ന് ആർക്കും അജ്ഞാതമല്ല.

അവരിൽ സുറിയാനി യാക്കോബായ പാത്രിയർക്കീസായ സഖാ പ്രഥമന്റെ കീഴിൽ ഒരു ചെറിയ സഭയുണ്ട്. ആ സഭയുടെ കണക്കനുസരിച്ച് ഇന്ത്യ ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ സഭയുടെ അംഗസംഖ്യ നാലര ലക്ഷം മാത്രമാണ്. അദ്ദേഹവും ഇഗ്നാത്തിയോസ് പിതാവിന്റെ പിൻഗാമിത്വവും സ്ഥാനനാമവും അവകാശപ്പെടുന്ന അന്ത്യോഖ്യാ പാത്രിയർക്കീസന്മാരിൽ ഒരാൾ മാത്രമാണ്.

അന്ത്യോഖ്യാ പാത്രിയർക്കീസന്മാരിൽ ആരുംതന്നെ പത്രോസിന്റെ പിൻഗാമിത്വം അവകാശപ്പെടുന്നില്ല. ഒരു അപ്പോസ്തോലൻ പ്രത്യേകിച്ച് പത്രോസ് ശ്ലീഹാ അവിടെ സഭ സ്ഥാപിച്ചിരുന്നുവെങ്കിൽ ആ പൈതൃകം ഈ പാത്രിയർക്കീസന്മാരിൽ ആരെങ്കിലും വേണ്ടെന്ന് വയ്ക്കുമായിരുന്നോ? അവർക്ക് ഒരു അപ്പോസ്തോല പിൻഗാമിത്വം അവകാശപ്പെടാനില്ലാതെ വന്നപ്പോൾ രണ്ടാം തലമുറയിലെ വിശുദ്ധനും സഹദായുമായ മാർ ഇഗ്നാത്തിയോസിന്റെ സിംഹാസനം അവർ അവകാശപ്പെടുകയും ആ പേര് സ്ഥാനനാമമായി സ്വീകരിക്കയും ചെയ്തു. ആ സഭയുടെ വളർച്ചയിൽ സംതൃപ്തമായ സുന്നഹദോസാണ് റോമൻ സിംഹാസനാതിർത്തിയിലുള്ള 4 സഭകൾക്ക് 4 സിംഹാസനങ്ങൾ അനുവദിച്ചു നൽകിയത്. നിഖ്യായുടെ പ്രഖ്യാപനത്തിൽ അന്ത്യോഖ്യായെ പത്രോസിന്റെ ശ്ലൈഹിക സിംഹാസനമെന്നോ, 'സിംഹാസനങ്ങളുടെ റാണി' എന്നോ സംബോധന ചെയ്തിട്ടില്ലെന്നോർക്കണം.

അന്ത്യോഖ്യയിലെ സഭ ഒരു പുരാതന സഭയെന്നു പറഞ്ഞാൽ അതു സത്യം തന്നെ. പക്ഷേ 'ശ്ലൈഹിക സിംഹാസനം' എന്നു പറഞ്ഞാൽ അതു മിഥ്യ. മലങ്കരസഭയെപ്പോലെയോ മറ്റ് ശ്ലീഹന്മാരാൽ സ്ഥാപിത മായ സഭകളെപ്പോലെയോ ശ്ലൈഹികത്വം അന്ത്യോഖ്യായ്ക്ക് അവകാ ശപ്പെടാനില്ല.

ഏതായാലും ആ ദുർബല സഭയുടെ കീഴിലിരിക്കാൻ ഇന്ത്യയിലെ ശ്ലൈഹിക സഭയിൽപ്പെട്ട ഏതാനും പേരെ കിട്ടിയത് അന്ത്യോഖ്യൻ സഭ യുടെ ഭാഗ്യമെന്നേ പറയേണ്ടൂ. ഏതായാലും ഈ ശ്ലൈഹിക പുരാതന സഭയെ മറന്ന് സ്വയം അടിമത്തം വരിച്ച് സ്വയം ഓടിച്ചെന്ന ചെറുവള്ളി മാർ ദീവന്നാസ്യോസിനെ തന്റെ കീഴിൽ ഇന്ത്യയിലെ ഒരു മൈനോറിട്ടി വിഭാഗത്തിന്റെ മേൽ ശ്രേഷ്ഠ കാതോലിക്കാ എന്ന പേരിൽ തന്നെ സാമ ന്തനായി അവരോധിക്കാൻ യജമാനൻ ബാവാ തിരുമനസ്സായി.

അപ്പം ചോദിച്ചു, കല്ലു കൊടുത്തു. അധികാരമില്ലാതെ ഒരു സ്ഥാനിയെ നൽകി. ഈ കറമ്പന്മാർക്ക് ഇതു തന്നെ അധികം. 'പരിശുദ്ധ' എന്ന ടൈറ്റിൽ പാടില്ല, മെത്രാന്മാരെ വാഴിക്കണമെങ്കിലോ, അവർക്കു ഭദ്രാ സനം നൽകണമെങ്കിലോ യജമാനന്റെ അനുവാദം വാങ്ങണം. മൂറോൻ കൂദാശ ചെയ്യുന്നതിനും അധികാരമില്ല (കാനോനനുസരിച്ച് ഏതു മെത്രാനും അതിന് അധികാരമുണ്ട്). എന്തിന് മലങ്കര എന്ന അതിഭദ്രാ സനത്തിന്റെ ആർച്ച് സ്ഥാനംകൊണ്ട് തൃപ്തിപ്പെടണം. ആ ആർച്ച് ഡയോസിസിന്റെ ഭരണ ക്രമീകരണങ്ങൾ പോലും നിശ്ചയിക്കുന്നത് ശീമ പ്പിതാക്കന്മാരുടെ സുന്നഹദോസ്.

അങ്ങനെ വാൽമുറിഞ്ഞ ഒരു കുറുക്കനായി ബസ്സേലിയോസ് തോമസ് പ്രഥമൻ ദമാസ്ക്കസിൽ വച്ച് വാഴിക്കപ്പെട്ടു. പാത്രിയർക്കീസിനോടും അന്ത്യോഖ്യാ സിംഹാസനത്തോടും ഭക്തിയും ബഹുമാനവും വിധേയ ത്വവും പ്രഖ്യാപിച്ചുകൊണ്ട് നൽകിയ 'ഉടമ്പടി' സ്വീകരിച്ച പാത്രിയർ ക്കീസ് ബാവാ തിരികെ 'അധികാരപത്രം' മാർ തോമസ് പ്രഥമനും നൽകി. അതു വായിച്ച് അദ്ദേഹം ഒപ്പു വച്ചു.

പാത്രിയർക്കീസ് ബാവാ അന്നു പറഞ്ഞ പ്രസംഗത്തിൽ "മറുപക്ഷം (ഓർത്തഡോക്സ് സഭ) അന്ത്യോഖ്യയിലേക്കു വരുമെന്ന് ഞങ്ങൾ പ്രതീ ക്ഷിച്ചിരുന്നു. എന്നാൽ അവർ വന്നില്ല. കഴിഞ്ഞ ശ്രേഷ്ഠ കാതോലിക്കാ പൗലോസ് രണ്ടാമൻ കാലംചെയ്ത ശേഷം ആറു വർഷം കാത്തിരുന്നു. എന്നാൽ അവർ സഹകരിച്ചില്ല. എനിക്കിപ്പോൾ ഇന്ത്യയിലെ സഭയിലെ കാര്യം നോക്കുകയല്ലാതെ വേറെ വഴിയില്ല. എന്തു വില കൊടുത്തും ഞാൻ അതു നിർവ്വഹിക്കും."

പാവം പാത്രിയർക്കീസ്. ഓർത്തഡോക്സ് പക്ഷം ദമസ്ക്കോസിലേക്ക് ഓടിച്ചെല്ലുമെന്ന് വിചാരിച്ച് ആറു വർഷം കണ്ണിലെണ്ണ ഒഴിച്ച് കാത്തുകാത്തിരുന്നു. നിരാശയിൽ അദ്ദേഹം കിട്ടിയതിനെ വാഴിക്കാൻ തീരുമാനിച്ചു. ദമാസ്ക്കസിലേക്കു ഓടിച്ചെല്ലാൻ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സഭയിൽ ഒരു വാലാട്ടിയും ഇല്ലെന്ന് അദ്ദേഹത്തിനു ആറു വർഷം കാത്തിരുന്നിട്ടേ മനസ്സിലായുള്ളു. പൂർവ്വികനായ അബ്ദുള്ളാ പാത്രിയർക്കീസിന് വട്ടശ്ശേരിൽ സിംഹത്തോടു ഉരച്ച ആദ്യ ദിവസം തന്നെ മനസ്സിലായി മലങ്കരയിൽ സിംഹക്കുട്ടികളാണുള്ളതെന്ന്.

ഏതായാലും ഒരു സാമന്തനെ വാഴിച്ചല്ലോ. അദ്ദേഹം സ്ഥാനം കിട്ടിക്കഴിഞ്ഞ് പ്രസംഗിച്ചതു കൂടെ കേട്ടോളൂ. "മരണം വരെ ഞാൻ അന്ത്യോഖ്യയുടെ കീഴിൽ നിൽക്കും." അന്ത്യോഖ്യയോടുള്ള തന്റെ കടപ്പാട് വ്യക്തമാക്കിക്കൊണ്ട് ശ്രേഷ്ഠബാവാ സഖാ പാത്രിയർക്കീസിന്റെ മുന്നിൽ ശിരസ്സു നമിച്ചുനിന്നു. സ്ഥാനചിഹ്നങ്ങളായ വി. മറിയാമിന്റേയും വി. അപ്രേമിന്റേയും വിശുദ്ധ ഏലിയാസിന്റേയും മെഡലുകളോടുകൂടിയ മാലകളും അംശവടിയും കാതോലിക്കായ്ക്കു കൈമാറി.

ഈ ചടങ്ങിൽ പങ്കെടുക്കാനായി കേരളത്തിൽ നിന്ന് ഒരു മെത്രാനേ എത്തിയുള്ളു. ജോസഫ് ഗ്രീഗോറിയോസ് മാത്രം. എന്നാൽ ഗൾഫിൽ നിന്നും ഈരാളി ഗീവറുഗീസ് റമ്പാൻ, ഫാ. പ്രിൻസ് മൂക്കനോട്ടിൽ, ഫാ. എൽദോ വലിയപറമ്പിൽ, ഫാദർ കുര്യൻ മലയിൽ, ഫാ. മാത്യൂസ് എന്നിവരും പങ്കെടുത്തു.

ആ സ്ഥാനാരോഹണത്തെ തുടർന്ന് പത്രപ്രവർത്തകനായ സിൽജി ജെ. ടോം 'ദർശന വിശേഷം' എന്ന പംക്തിയിൽ ശ്രേഷ്ഠ സിംഹാസനത്തിൽ മാർ ദീവന്നാസ്യോസ് എന്നൊരു ലേഖനം എഴുതിയിരുന്നു. അതിലെ ചില പ്രസക്ത ഭാഗങ്ങൾ താഴെ കാണുംപ്രകാരമായിരുന്നു. "അനുഭവങ്ങളുടെ നെരിപ്പോടിൽ സ്ഫുടം ചെയ്തെടുത്ത പാഠങ്ങളുമായി തോമസ് മാർ ദീവന്നാസ്യോസ്. കാറ്റിലും കോളിലും തകരാതെ സഭാനൗകയെ നയിക്കുന്ന തിരുമേനിയുടെ നേതൃപാടവം ഇന്നത്തെ പ്രതിസന്ധിയിലും സഭയ്ക്കു മുതൽക്കൂട്ട് ആകുമെന്ന് തീർച്ച" എന്ന് പറഞ്ഞാരംഭിച്ച ലേഖനത്തിൽ ആ നേതൃത്വത്തിന് അദ്ദേഹത്തെ ഒരുക്കിയ കുടുംബ പശ്ചാത്തലം ഇങ്ങനെ തുടർന്നു വിവരിക്കുന്നു.

"എറണാകുളം ജില്ലയിലെ പുത്തൻകുരിശിനടുത്ത് വടയമ്പാടിയിൽ ചെറുവള്ളിൽ മത്തായി-കുഞ്ഞമ്മ ദമ്പതികളുടെ എട്ടു മക്കളിൽ ആറാമനായി 1929 ജൂലൈ 22-നാണ് മാർ ദീവന്നാസ്യോസിന്റെ ജനനം. കൃഷിയും ആടുമാടുകളെ വളർത്തലുമായിരുന്നു കുടുംബത്തൊഴിൽ.

കുഞ്ഞൂഞ്ഞ് എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന തോമസ് രോഗപീഡകളാൽ വലഞ്ഞ് ഒരിക്കൽ മരണത്തിന്റെ വക്കോളം എത്തുക കൂടി ചെയ്തു. കൊച്ചുന്നാളിൽ ഇടയ്ക്കിടെ മോഹാലസ്യപ്പെട്ടു വീഴുമായിരുന്നു കുഞ്ഞൂഞ്ഞ്. ചികിത്സകളേറെ ചെയ്തെങ്കിലും ഫലമുണ്ടായില്ല. പതിനാലു വയസ്സ് ആയപ്പോഴേക്കും ഡോക്ടർമാർ കുഞ്ഞൂഞ്ഞിനെ ഉപേക്ഷിച്ചിരുന്നു. പക്ഷേ അമ്മ വിശ്വാസം കൈവിട്ടില്ല. ഒരുനാൾ മലേക്കുരിശു ദയറായിൽ കുഞ്ഞൂഞ്ഞിനേയും കൂട്ടി പ്രാർത്ഥിക്കാൻ പോയ അമ്മ മനമുരുകി പ്രാർത്ഥിച്ചു. അസുഖം മാറിയാൽ മകനെ ദൈവത്തിനു എന്നന്നേക്കുമായി സമർപ്പിക്കാമെന്ന് അമ്മ നേർച്ച നേർന്നു. അതിൽ പിന്നീട് കുഞ്ഞൂഞ്ഞ് മോഹാലസ്യപ്പെട്ടു വീണിട്ടില്ല. "അമ്മയുടെ കാണിക്കയാണ് ഈ മകന്റെ ജീവിതം." ബാവാ പറയുന്നു, "രോഗവും ദാരിദ്ര്യവും ബുദ്ധിമുട്ടിച്ചതു മൂലം നാലാം ക്ലാസ്സ് വരെയേ പഠിക്കാനായുള്ളു. കഷ്ടപ്പാടിന്റെ നാളുകളിൽ തപാൽ വകുപ്പിൽ അഞ്ചലോട്ടക്കാരനായും പത്രവിതരണക്കാരനായും ജോലി ചെയ്തു. പിന്നീട് ദൈവം തന്നെ രൂപാന്തരപ്പെടുത്തുന്നത് അദ്ദേഹം തിരിച്ചറിഞ്ഞു...."

ഏതെങ്കിലുമാവട്ടെ, യാക്കോബായ സഭയിലെ ആദ്യത്തെ ബാവായ്ക്കുശേഷം ആ സ്ഥാനത്തേക്കുള്ള കിടമത്സരത്തിൽ 6 വർഷം നീണ്ട മത്സരങ്ങൾക്കൊടുവിൽ കാർഡ് ചെറുവള്ളിൽ തിരുമേനിക്കനുകൂലമായി വീണു, അല്ലെങ്കിൽ വീഴിച്ചു. തീർന്നില്ല പാത്രിയർക്കീസു ബാവായുടെ കൈവെയ്പു വേണമല്ലോ. ആ കടമ്പയും ഒരു "മത്സര സത്യഗ്രഹ ഭീഷണി"യിലൂടെ നേടി എടുത്തു എന്നു പറയപ്പെടുന്നു. അങ്ങനെ മലങ്കരയിൽ ഒരു പുത്തൻ ബാവാ കൂടി ജന്മമെടുത്തു. ലേഖകൻ ടോം എഴുതിയതുപോലെ ഇന്നത്തെ പ്രതിസന്ധിയിൽ സഭയ്ക്കു ഒരു മുതൽക്കൂട്ട് ആകുമെന്ന് പലരും പ്രതീക്ഷിച്ചു. പക്ഷേ സംഭവിച്ചതു മറിച്ചായിരുന്നു.

ചെറുവള്ളി കുഞ്ഞൂഞ്ഞു ബാവായുടെ വരവോടുകൂടി മലങ്കരസഭയുടെ സമാധാന ദിനങ്ങളും അസ്തമിച്ചു. നിത്യേന അക്രമങ്ങളുടെയും പള്ളിപിടിച്ചെടുക്കലുകളുടെയും, റോഡ് ഉപരോധങ്ങളുടെയും പോലീസ് ലാത്തിയടികളുടെയും, കൊലപാതകങ്ങളുടെയും വാർത്തകൾ കൊണ്ട് പത്രത്താളുകൾ നിറഞ്ഞു തുടങ്ങി. അദ്ദേഹത്തിന്റെ സംഭാവനകൾ അക്കാലത്തെ പത്രങ്ങളിൽ വന്ന തലക്കെട്ടുകൾ മാത്രം ഇവിടെ പരാമർശിച്ചു കടന്നു പോകാമെന്ന് കരുതുന്നു. പുത്തൻ ശ്രേഷ്ഠബാവായുടെ സംഭാവനകൾ കാണുക.

"അടൂർ വടക്കടത്തുകാവു പള്ളിയിൽ സംഘർഷം. വൈദികനടക്കം രണ്ടു പേർക്കു പരുക്ക്. വിശ്വാസ പ്രഖ്യാപനറാലിയിൽ പതിനായിരങ്ങൾ. ജയിൽ നിറയ്ക്കൽ സമരത്തിനും മടിക്കില്ല. താമരച്ചാൽ പള്ളിയിൽ ബല

മായി കുർബ്ബാന നടത്താനുള്ള ശ്രമം. മഞ്ഞിനിക്കരയിൽ ഓർത്ത ഡോക്സ്-യാക്കോബായ വിഭാഗങ്ങൾ ഏറ്റുമുട്ടി. സഭയുടെ പ്രതിഛരായയ്ക്ക് മങ്ങലേൽപ്പിച്ച് മണർകാട് മാർച്ച്. പോലീസ് കാവലിൽ വൈദികന്റെ മൃതദേഹം സംസ്കരിച്ചു. റാലിക്കിടെ സംഘർഷം. വികാരിയെ ഗുണ്ടാസംഘം മർദ്ദിച്ചു. പള്ളിയ്ക്കകത്ത് ലാത്തിയടി. കണ്യാട്ടുനിരപ്പിൽ നിരോധനാജ്ഞ. ശ്രേഷ്ഠബാവാ ഇടവകപ്പള്ളിയിൽ പ്രവേശിക്കുന്നതിന് വിലക്ക്, മലങ്കരസഭാപ്രശ്നം നിണമണിയുന്നു. മലങ്കര വറുഗീസ് കൊല്ലപ്പെട്ടു. ആത്മത്യാഗത്തിന്റെ വക്കോളമെത്തിയ ഉപവാസം. ആറൂർ പള്ളിയിൽ ഇരുവിഭാഗവും പോലീസുകാവലിൽ കുർബ്ബാന. മാന്താമംഗലം പള്ളിയിൽ ശവസംസ്ക്കാരത്തർക്കം. ഓർത്തഡോക്സ്-യാക്കോബായ നേതാക്കൾ നിരാഹാര സമരത്തിൽ. ഏഴുപേർ അറസ്റ്റിൽ. കണ്യാട്ടുനിരപ്പിൽ മെത്രാപ്പോലീത്തായ്ക്കു പരുക്ക്. നീതി ലഭിക്കുന്നതുവരെ സമരം: മാർ സേവേറിയോസ്. കോടതി പോലും നീതി തരുന്നില്ല എന്ന് മാർ ദീവന്നാസ്യോസ്. ചെറുതോണി പള്ളിയിൽ അക്രമവും പ്രതിഷേധവും. മുളക്കുളം പള്ളിയിലെ സംഘർഷത്തിൽ 16 പേർക്ക് പരുക്ക്, മണർകാട് തീർത്ഥാടകർക്ക് മർദ്ദനമേറ്റു, കാഞ്ഞിരമറ്റത്ത് ഫാദർ ജോസഫ് നെടുമറ്റം കാലുമാറി, മണ്ണത്തൂർ പള്ളി വികാരിയെ ആക്രമിച്ചു, പ. കാതോലിക്കാ ബാവായെ വരിക്കോലിയിൽ പാത്രിയർക്കീസ് വിഭാഗം തടഞ്ഞു, പള്ളിയിൽ കൂട്ടത്തല്ല്, വികാരിയടക്കം 6 പേർക്ക് പരുക്ക്. എളനാടു പള്ളിയിൽ തർക്കം മൂലം കുർബ്ബാന മുടങ്ങി, കോലഞ്ചേരി പള്ളിപ്പൊതുയോഗം പോലീസ് തടഞ്ഞു, നെടുംകണ്ടത്ത് ശവക്കല്ലറ തകർത്തു, സംഘർഷം, ഇടുക്കി സെന്റ് മേരീസിൽ ശവസംസ്ക്കാരത്തെചൊല്ലി തർക്കം, സെമിത്തേരി പോലീസ് ഏറ്റെടുത്തു; ആറൂർ മേരിഗിരിയിൽ സംഘർഷം, പള്ളി പൂട്ടി; യാക്കോബായ മലബാർ അരമനയിൽ 4 ലക്ഷത്തിന്റെ കവർച്ച, പറക്കോടിൽ സഭാതർക്കത്തിന്റെ പേരിൽ സംഘർഷം, കോടതിവിധി അനുകൂലമാകുന്നതുവരെ യാക്കോബായ പ്രാർത്ഥനാ യജ്ഞവും ദീപ ശിഖാ യാത്രയും, പള്ളികൾ കൈയേറാൻ വന്നാൽ ഫലം രക്തച്ചൊരിച്ചിലായിരിക്കുമെന്ന് പി. പി. തങ്കച്ചൻ, മണർകാട്ടും തിരുവല്ലായിലും പോലീസ് മർദ്ദനത്തിൽ പ്രതിഷേധം, പാലിയേക്കര ഓർത്തഡോക്സ് പള്ളിയുടെ കുരിശുംതൊട്ടി ശ്രേഷ്ഠ ബാവായ്ക്കു നൽകിയ സ്വീകരണത്തിനിടെ ആക്രമിച്ചു, എം. ജി. എം. സ്കൂൾ, തിരുവല്ലാ മനോരമ ബ്യൂറോ എന്നിവയ്ക്കും നേരെ കല്ലേറ്; അല്ലപ്ര പള്ളിയിൽ തോമസ് ബാവായുടെ പ്രവേശനം കോടതി തടഞ്ഞു, അഡ്വ. പി. സി. മാത്യു അഞ്ചേരിയെ കേഫാ സേന പട്ടാപ്പകൽ വധിക്കാൻ ശ്രമിച്ചു; പള്ളികളിൽ കയറാൻ ഞങ്ങൾക്കു പോലീസിനെ വേണ്ടാ; യാക്കോബായ മെത്രാന്മാർ കണ്ട നാടു പള്ളിയിൽ ശവസംസ്ക്കാരം അലങ്കോലപ്പെടുത്തി; പാത്രിയർക്കീസുകാരും പോലീസും ഏറ്റുമുട്ടി; പാത്രിയർക്കീസ് വൈദികൻ വേഷ

പ്രഹരന്നനായി പള്ളിയിൽ കയറി കുർബ്ബാന നടന്നപ്പോൾ തമ്പേറടിച്ചും കൂകി വിളിച്ചും വിഘ്നം സൃഷ്ടിച്ചു.

എന്താ പോരേ? പുതിയ ബാവാ ഇതിൽ കൂടുതൽ എന്തു സംഭാവന യാണ് സഭയ്ക്കു നൽകേണ്ടത്? തീവ്രവാദിയായ ആ പിതാവിന്റെ മരണം വരെ ഈവിധ സംഘർഷങ്ങൾ സഭാന്തരീക്ഷത്തിൽ നിന്നും ഒഴിയുമെന്ന് കരുതേണ്ടാ.

ഇത്തരുണത്തിൽ കാനഡായിൽ നിന്നു പുറപ്പെടുന്ന "സെന്റ് ഗ്രീഗോ റിയോസ് മെസൻജർ" എന്ന മാധ്യമത്തിൽ ലാസ്സറസ് റമ്പാച്ചൻ എഴു തിയ ഒരു ലേഖനം ഇവിടെ ചേർക്കുന്നത് ഉചിതമായിരിക്കും എന്നു കരു തുന്നു.

കേഫാ – മലങ്കരയിലും ഒരു ഹമാസ്

"യാക്കോബായ ഭാഗത്തുനിന്ന് ഓർത്തഡോക്സ് സഭയിലേക്കു എത്തിയ മെത്രാപ്പോലീത്തന്മാർ അന്തിയുറങ്ങുന്ന അരമനകൾ യാക്കോ ബായ വിശ്വാസികൾ പട്ടിണി കിടന്ന് നിർമ്മിച്ചവയാണെന്ന്" യാക്കോ ബായ ശ്രേഷ്ഠ കാതോലിക്കാ തോമസ് ഒന്നാമൻ ബസേലിയോസ് ബാവാ പ്രസ്താവിച്ചു (പത്ര റിപ്പോർട്ട്).

ആ പത്രറിപ്പോർട്ട് തുടരുന്നു: "പോരാ 17 പള്ളികളാണ് ഇപ്പോൾ പൂട്ടിക്കിടക്കുന്നത്. ഇക്കാര്യം അനുവദിക്കാനാവില്ല. അതിന്റെ മുന്നോടി യായി ആലുവാ, തൃശൂർ, മൂവാറ്റുപുഴ അരമനകൾ പിടിച്ചെടുക്കും. അതി നുവേണ്ടി കേഫായുടെ അടിയന്തരയോഗം വിളിച്ചുകൂട്ടും." കേഫാ എന്ന പള്ളിപ്പട, അദ്ദേഹം തന്നെ പരിശീലിപ്പിച്ച ഒരു തീവ്രവാദി സംഘടന യാണ്. ആ മീറ്റിംഗിന്റെ തീരുമാനം പുറത്താക്കിയിട്ടില്ലെങ്കിലും മുൻകാല ചെയ്തികളുടെ വെളിച്ചത്തിൽ കേഫായുടെ തീരുമാനം എന്തായിരിക്കു മെന്ന് ഊഹിക്കാവുന്നതേയുള്ളു.

"പല്ലിനു പകരം പല്ല്, കണ്ണിനു പകരം കണ്ണ്" പഴയനിയമ വേദപു സ്തകത്തിൽ ആധാരമുണ്ട്. 'കേഫാ' എന്ന സംഘടനയുടെ 'സുപ്രിമോ' കോതമംഗലം കുന്നിലെ പത്രോസിന്റെ കസേരയിലിരുന്നു വേദപു സ്തകം ആധാരമാക്കി കൽപ്പിക്കുന്ന ആൾ എന്നു മാത്രമല്ല, മുമ്പൊരി ക്കൽ ഒരു ലോകഗുരു "അത് ഉറയിടൂ" എന്നു കൽപ്പിച്ച ആ പത്രോ സിന്റെ വാളും ഊരിപ്പിടിച്ച്, ആ തുരുമ്പിച്ച വാളിന്റെ മൂർച്ച പരിശോധി ച്ചിട്ടാണ് ഉറഞ്ഞുതുള്ളുന്നത്, "ഞങ്ങളുടെ പള്ളികളും അരമനകളും എല്ലാം ഞങ്ങൾ പിടിച്ചെടുക്കും" എന്ന്.

ഈ അവസരത്തിൽ ഈയിടെ കൊല്ലപ്പെട്ട വേറൊരു 'ശ്രേഷ്ഠനെ' ഓർത്തുപോകുന്നു. പാലസ്തീൻ ജനതയുടെ ആദരം പിടിച്ചുപറ്റിയ ഒരു

നേതാവ് - വളരെ മിതവാദി എന്ന് ലോകത്തിന്റെ മുമ്പിൽ കേൾവിപെട്ട ആത്മീയ നേതാവ് - ഷേയ്ക് അഹമ്മദ് യാസിൻ. പല്ലിനു പകരം പല്ല് എന്ന തീവ്രവാദ പ്രത്യയശാസ്ത്രം ഉള്ളിന്റെ ഉള്ളിൽ ഒതുക്കി സൂക്ഷിച്ചു വച്ച് ഭക്തിയുടെ പരിവേഷത്തിൽ മറപിടിച്ചുനടന്ന ആ ശ്രേഷ്ഠ ആത്മീയാചാര്യനുമുണ്ടായിരുന്നു പള്ളിപ്പട ഒന്ന്. അതിന് നല്ല ഒരു ഓമനപ്പേരും അദ്ദേഹം കൊടുത്തു. അദ്ദേഹത്തിന്റെ പള്ളിപ്പടയുടെ പേര് ഹമാസ്. ഹമാസ് എന്ന വാക്കിന് 'ആവേശം' എന്നേ അർത്ഥമുള്ളു. ഹമാസ് എന്നു കേൾക്കുമ്പോൾ മുസ്ലീം ജനതതി ആവേശം കൊള്ളുമായിരുന്നു. ഭക്തനായി പേരുകേട്ട യാസീന്റെ താൽപര്യ സംരക്ഷണത്തിന് തീവ്രവാദം അടിസ്ഥാനമാർഗ്ഗമായി അദ്ദേഹം തെരഞ്ഞെടുക്കുകയും ഹമാസിനെ സൗകര്യപൂർവ്വം ഉപയോഗിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഈയിടെ വിശുദ്ധനായ അഹമ്മദ് യാസിന്റെ ഭക്തിയുടെ പുറയാട വലിച്ചെറിയപ്പെട്ടു. മിതവാദിയായി വാഴ്ത്തപ്പെട്ട യാസിൻ ഇസ്രായേൽ സേനയുടെ മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടുവെന്ന് കേട്ട് ലോകം ഞെട്ടിപ്പോയി.

ആ വാർത്ത വായിച്ചപ്പോൾ 'വാളെടുക്കുന്നവൻ വാളാൽ' വീഴുമെന്ന് പത്രോസിനെ ഉപദേശിച്ച ഗുരുവിന്റെ ഉദാത്തമായ ശബ്ദമാണ് ചെവിയിൽ മുഴങ്ങിയത്. ഒരു സെപ്റ്റംബർ 11-ന്റെ പ്രശാന്തമായ പുലർകാലത്ത് മാൻഹട്ടന്റെ തലഎടുപ്പിൻമേൽ തീവ്രവാദത്തിന്റെ തീയുണ്ട വർഷിച്ച് 3000 നിരപരാധികളെ യമദൂതന് കാഴ്ചവെച്ച ഒസാമാ ബിൻലാദന്റെ കുടുംബവുമായോ, തന്നെ വധിച്ചാൽ ഒരായിരം അഹമ്മദ് യാസീന്മാർ ഉയിർത്തെഴുന്നേൽക്കും എന്നു പറഞ്ഞ യാസിന്റെ കുടുംബവുമായോ ചെറുവള്ളി കുടുംബത്തിന് വല്ല പൂർവ്വിക രക്തബന്ധവുമുണ്ടോ എന്ന് കുടുംബചരിത്ര ഗവേഷകർ അന്വേഷിക്കുന്നതു കൊള്ളാം.

തൃശൂർ ഭദ്രാസനത്തിലെ പന്ത്രണ്ടും കണ്ടനാടു ഭദ്രാസനത്തിന്റെ എട്ടും മാവേലിക്കര ഭദ്രാസനത്തിലെ ഒന്നും ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ രണ്ടും പരിശുദ്ധ ദേവാലയങ്ങൾ പൂട്ടിച്ച് താക്കോൽ സർക്കാർ പോക്കറ്റുകളിൽ കൊടുക്കാൻ ആ പിതാവു നടത്തിയ കുത്സിത പ്രവൃത്തികൾക്ക് ആ പള്ളികൾ തന്നെ സാക്ഷി. ഈ പള്ളികളായ പള്ളികളെല്ലാം പൂട്ടിച്ച് ആരാധന മുടക്കിച്ച ആ പിതാവ് ഒരു ഭക്തിയുടെ മേലാട ധരിച്ച് മാലോകർ കേൾക്കെ വിളിച്ചു പറഞ്ഞതോ "നോമ്പു കാലത്ത് പള്ളികൾ തുറന്നു കൊടുക്കണം. ആരാധനയ്ക്കാണ് പള്ളികൾ നിർമ്മിച്ചത്." എത്ര ഭംഗിയായ ആരാധനപ്രേമം!!

തീർന്നില്ല, മലങ്കരയിലങ്ങോളമിങ്ങോളമുള്ള ഇരുപതിൽപരം പുരോഹിത ശ്രേഷ്ഠന്മാരുടെ രക്തവും കണ്ണീരും ആ വിശുദ്ധ "മലങ്കര

യാസി"ന്റെ കുപ്പായത്തിൽ തെറിച്ചു വീണിട്ടുണ്ടാവും. ആ കണ്ണീരും രക്തവും കൂടിക്കലർന്ന് കുതിർന്ന മലങ്കരയുടെ മണ്ണിൽ നിന്നുയരുന്ന നെടുവീർപ്പുകൾ, ദൈവത്തിന്റെ തിരുസന്നിധിയിൽ എത്തുന്നത് യാസീൻ വിസ്മരിക്കുന്നു.

ഈ കൃത്യനിർവ്വഹണത്തിനെല്ലാം ഭക്തിയുടെ പുകമറ വേണമെന്ന് കേഫാ തീവ്രവീരന്മാർക്കറിയാം. സഭ രണ്ടായി പകുത്തു ചോദിക്കാൻ തുടങ്ങിയിട്ട് നാളേറെയായി. വിഘടനവാദികളുടെ ഏറ്റം വലിയ ആയുധം തീവ്രവാദം തന്നെയാണ്. മലങ്കരയിലെ സമാധാനത്തിന്റെ കടയ്ക്കൽ ബോംബു പൊട്ടിക്കുന്നതും നിരപരാധികളായ വിശ്വാസികൾ ആ സ്ഫോടനത്തിൽ ചാമ്പലാകുന്നതും സഭ എത്രയോവട്ടം കണ്ടു കഴിഞ്ഞു. ഒരു സഭയുടെ നിലനിൽപ്പിന് തീവ്രവാദികളെ കൂട്ടുപിടിക്കുന്നത് ഒരു സഭയ്ക്കും ഭൂഷണമല്ല.

ശ്രേഷ്ഠബാവായുടെ വെട്ടിക്കൊലപാതകങ്ങൾക്കുള്ള തുടർച്ചയായ ആഹ്വാനങ്ങൾ ആ സഭയിലെ തീവ്രവാദ സ്വഭാവമുള്ളവരെയെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ഓർത്തഡോക്സ് സഭയെ ചുട്ടുചാമ്പലാക്കാൻ ആ യുവശക്തിയെ ഉപയോഗിക്കാനും, ആ വിഭാഗത്തിന്റെ ആവേശവും പോരാട്ടവീര്യവും വർദ്ധിപ്പിക്കാനും ഒട്ടൊക്കെ സഹായിക്കുമെങ്കിലും അവരുടെ സുപ്രീമിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ ഈ ജിഹാദിന്റെ വഴി സഹായിക്കുമോ എന്നു കണ്ടറിയണം. ആ വഴി അപലപനീയമാണ്. ലോകത്ത് ശാന്തിയും സമാധാനവും കൈവരുത്തുക എന്നതാണ് രാഷ്ട്രീയ നേതാക്കന്മാരേക്കാൾ ഉപരി ആത്മീയ പിതാക്കന്മാരുടെ കർത്തവ്യം. തീവെയ്പിലൂടെയും കൈയേറ്റങ്ങളിലൂടെയും വെട്ടിക്കൊലകളിലൂടെയുമല്ല സഭ അതു നേടേണ്ടത്. മറിച്ച് സ്നേഹത്തിന്റേയും സൗഹൃദത്തിന്റേയും വിശാല ലോകത്തേക്കുള്ള ചൂണ്ടുപലകകളായി അവർ നിലകൊള്ളണം.

ആത്മീയതയുടെ വേഷംകെട്ടി തീവ്രവാദികൾക്ക് ഉപ്പും ചോറും നൽകി പരിപോഷിപ്പിക്കുന്ന പ്രവണത എന്നും ദുരന്തത്തിലേ കലാശിക്കൂ എന്നാണ് പാലസ്തീനിലെ യാസീന്റെ ദാരുണ അന്ത്യം നൽകുന്ന പാഠം.

അദ്ധ്യായം 8

വിശ്രമരഹിതമായ ജനസമ്പർക്കങ്ങൾ

മറുനാടൻ ഹാസ്യസാഹിത്യകാരനായ രാജു മൈലപ്ര ഒരിക്കൽ ഒരു ലേഖനത്തിൽ ഇങ്ങനെ എഴുതി:

"പ്രസംഗം ആർക്കും ഇഷ്ടമല്ല, നിയമം അനുവദിക്കുമായിരുന്നെങ്കിൽ ഇന്നു ശ്രോതാക്കളുടെ മർദ്ദനത്തിനിരയായ വേദികളോട് വിട പറഞ്ഞേനെ. താൻ പറയുന്നതെല്ലാം 'ഗുർണ്ണിക്കാ' ആണെന്ന മിഥ്യാധാരണയിൽ സമയവും സന്ദർഭവും നോക്കാതെ ഗീർവാണമടിക്കുന്ന അധരമല്ലന്മാർ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. തനിക്കു മുമ്പോ പിമ്പോ എത്രപേർ പ്രസംഗത്തിനായി ഉണ്ടെന്നുള്ള തോന്നൽ ഈ 'അധിക പ്രസംഗി'കൾക്കു വിഷയമല്ല. ഇതിനു അപവാദമായി ചിലരും നമ്മുടെ സമൂഹത്തിലുണ്ടെന്നുള്ളതാണ് ആശ്വാസപ്രദം. ..... ഏതു സദസ്സിനെയും ആകർഷിക്കുവാനുള്ള നൈസർഗ്ഗിക സിദ്ധി ഇവർക്കുണ്ട്.

മക്കാറിയോസ് മെത്രാപ്പോലീത്തായെപ്പറ്റി

"..... ഇതിൽ അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയുടെ നർമ്മബോധത്തെ പരാമർശിക്കുവാനാണ് ഞാനീ കുറിപ്പിൽ ഇന്ന് ഉദ്ദേശിക്കുന്നത്."

അമേരിക്കയിലെ ആദ്യകാല പ്രസിദ്ധീകരണങ്ങളിൽ ഒന്നായ 'അശ്വമേധ'ത്തിന്റെ പത്താമതു വാർഷികാഘോഷമാണ് രംഗം. മാർ മക്കാറിയോസ് ആണ് പ്രധാന പ്രസംഗകൻ.

"വർത്തമാനപ്പത്രങ്ങളും സ്ത്രീകളും ഒരുപോലെയാണെന്ന്" പറഞ്ഞാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. രണ്ടു കൂട്ടരോടും എന്തെങ്കിലും പറഞ്ഞാൽ അത് അടുത്ത ദിവസം നാടാകെ പരക്കും" എന്ന് അദ്ദേഹം പറഞ്ഞപ്പോൾ ഏറ്റവും കൂടുതൽ ചിരിയുയർന്നത് സ്ത്രീകളുടെ ഭാഗത്തു നിന്നാണ്.

കേരളം വിട്ടാലുടനെ മലയാളം മറക്കുന്ന മലയാളികളെ ഒരു കഥ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം കണക്കിനു പരിഹസിച്ചു. തിരുമേനി ശെമ്മാശനായിരുന്ന കാലം - അദ്ദേഹത്തിന്റെ നാടായ അയിരൂരിൽ നിന്നു മാത്തുണ്ണി എന്നൊരാൾ പട്ടാളത്തിൽ ചേർന്നു. കേരളം-തമിഴ്നാട് അതിർത്തിയിലുള്ള മധുക്കര എന്ന സ്ഥലത്തായിരുന്നു ട്രെയിനിംഗ്. ആറു മാസത്തെ ട്രെയിനിംഗ് കഴിഞ്ഞ് അയാൾ അവധിക്ക് അയിരൂരെത്തി. പട്ടാളയൂണിഫോമിലാണ് ഫുൾടൈം. ആ സമയത്തായിരുന്നു ആ ഗ്രാമത്തിലെ പ്രൈമറിസ്കൂളിന്റെ വാർഷികം. വിശിഷ്ടാതിഥിയായി മാത്തു

ണ്ണിയെ ക്ഷണിക്കാൻ അവർ തീരുമാനിച്ചു. മാത്തുണ്ണി പ്രസംഗിച്ചത് കടിച്ചാൽ പൊട്ടാത്ത "ഹാഷ് ബുഷ്" ഇംഗ്ലീഷിൽ. പ്രസംഗം കഴിഞ്ഞപ്പോൾ ശെമ്മാശൻ ചോദിച്ചു; "എന്റെ മാത്തുണ്ണി താനെന്തിനാ ഇവിടെ ഇംഗ്ലീഷിൽ പ്രസംഗിച്ചത്? ഇവിടെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരു പോലെ ഇംഗ്ലീഷ് മനസ്സിലാകത്തില്ലെന്ന് തനിക്കറിഞ്ഞുകൂടേ?" മാത്തുണ്ണിയുടെ മറുപടി, "അതു സാരമില്ല, ശെമ്മാച്ചാ ഞാൻ പറഞ്ഞതൊന്നും എനിക്കും മനസ്സിലായില്ല."

അതുപോലെ വേറൊരു സംഭവവും അദ്ദേഹം പറഞ്ഞു. ഒരു കൊച്ചച്ചൻ ഒരു മാസത്തെ സന്ദർശനത്തിനായി ശീമയ്ക്കു പോയി. തിരിച്ചു വന്നപ്പോഴേക്കും അയാൾ മലയാളം മറന്നുപോയി. വിദേശവാസം കഴിഞ്ഞുവന്ന അദ്ദേഹം സ്ഥലത്തെ വല്യച്ചനെ സന്ദർശിച്ചു. ഓരോ മരത്തേലോട്ടും നോക്കി "ഇത് എന്നത്തിൻ കായാ, അത് എന്നത്തിൻ കായാ" എന്നൊക്കെ ചോദിച്ചപ്പോൾ വല്യച്ചന് രോഗം മനസ്സിലായി. "അതു മരോട്ടിക്ക" എന്നു മറുപടി കേട്ടപ്പോൾ കൊച്ചച്ചന് പെട്ടെന്ന് മലയാളം ഓർമ്മ വന്നു പോലും!

തിരുമേനിക്കു പിന്നാലെ വന്ന പ്രസംഗകരെല്ലാം അന്നു മലയാളത്തിൽ തന്നെയാണ് പ്രസംഗിച്ചതെന്ന് പറയേണ്ടതില്ലല്ലോ.

മാർ മക്കാറിയോസിന്റെ വ്യാപൃതമായ പരിപാടികൾ

പട്ടികൾ കുരയ്ക്കട്ടെ സാർത്ഥവാഹക സംഘം മുന്നോട്ട്. അമേരിക്കൻ ഭദ്രാസനം സഭയ്ക്കിഷ്ടമുള്ളവരെക്കൊണ്ട് ഭരിപ്പിച്ചോട്ടെ. പക്ഷേ നാട്ടിലോ അമേരിക്കയിലോ എവിടെയും ആയിക്കൊള്ളട്ടെ, സദസ്സുകൾ കൂടുമ്പോൾ അവിടത്തെ പ്രധാന നായകൻ മക്കാറിയോസ് മെത്രാപ്പോലീത്താ ഉണ്ടാവും. കല്യാണമോ, പള്ളിക്കൂദാശയോ, ജൂബിലിയോ, ഐക്യുമെനിക്കൽ സമ്മേളനങ്ങളോ ആയിക്കൊള്ളട്ടെ, അവിടെ ജനത്തിനു മാർ മക്കാറിയോസിനെ വേണം, പോരാ മക്കാറിയോസ് മാത്രം മതി. ഏതാനും ഉദാഹരണങ്ങൾ മാത്രം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഫ്ളോറിഡായിൽ – ഫാദർ ജോർജ് ജോണിന്റെ സ്ഥാനലബ്ധിയുടെ 25-ാം വാർഷികം

സൗത്ത് ഫ്ളോറിഡായിലെ സെന്റ് ഗ്രീഗോറിയോസ് ഇടവകയുടെ ആഭിമുഖ്യത്തിൽ വികാരിയുടെ സ്ഥാനലബ്ധിയുടെ 25-ാം വാർഷികാഘോഷങ്ങൾ ഫോർട്ട് ലോഡർഡേൽ സെന്റ് നിക്കോളാസ് പള്ളിയിൽ. മുഖ്യാതിഥി മാർ മക്കാറിയോസ് ആയിരുന്നു. അന്നു രാവിലെ തിരുമേനി അനുഷ്ഠിച്ച കുർബ്ബാനയെ തുടർന്നു നടന്ന സമ്മേളനത്തിൽ കഴിഞ്ഞ

25 വർഷക്കാലം ഇന്ത്യയിലും കാനഡായിലും ബ. അച്ചൻ നടത്തിയ സേവനങ്ങളെ തിരുമേനി പ്രശംസിച്ചു.

സ്റ്റാറ്റൻ ഐലൻഡ് ടി. എ. തോമസച്ചന്റെ പൗരോഹിത്യ രജതജൂബിലി

സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് ആഘോഷിച്ചപ്പോൾ മുഖ്യഅതിഥി മാർ മക്കാറിയോസ് ആയിരുന്നു. ഫാ. വില്യം ഹാർഡർ, റവ. ഡോ. കെ. കെ. കുറിയാക്കോസ്, റവ. ഡോ. സി. കെ. രാജൻ, രാജു മൈലപ്ര തുടങ്ങിയവർ ആശംസകളർപ്പിച്ചു. മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പ്രസംഗത്തിൽ ഫാ. ടി. എ. തോമസ് അമേരിക്കൻ ഭദ്രാസന സെക്രട്ടറിയായും ഫാമിലി കോൺഫ്രൻസ് കൺവീനറായും ചെയ്ത സേവനങ്ങളെ പ്രകീർത്തിച്ചു. അമേരിക്കൻ ഭദ്രാസനത്തിന്റെ തുടക്കത്തിനും വളർച്ചയ്ക്കും ഫാദർ തോമസ് നൽകിയ സംഭാവനകളെ മാർ മക്കാറിയോസ് സ്മരിച്ചു. 1980-ൽ ഈ ഇടവകയ്ക്കു വേണ്ടി വാങ്ങിയ കെട്ടിടമാണ് അമേരിക്കൻ ഓർത്തഡോക്സ് സഭ സ്വന്തമായി വാങ്ങിയ പ്രഥമ സ്ഥാപനം.

ക്യൂൻസ്, ന്യൂയോർക്ക്, ദിവ്യസ്നേഹാർപ്പണം - ഗാനസമാഹാരം

"ഏഞ്ചൽ മെലഡീസ് കമ്മ്യൂണിക്കേഷൻസ്" പുറത്തിറക്കിയ "ദിവ്യസ്നേഹാർപ്പണം" എന്ന ഗാനസമാഹാരത്തിന്റെ സി.ഡി.യും ഓഡിയോ കാസറ്റും എൽമോണ്ട് സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നടന്ന ചടങ്ങിൽ വച്ച് തരംഗം ഷാജിക്ക് ആദ്യ കോപ്പി നൽകി മാർ മക്കാറിയോസ് പ്രകാശനം ചെയ്തു.

"യുവാക്കൾ പ്രതിസന്ധിയിൽ തളരരുത്": മാർ മക്കാറിയോസ്

അട്ടച്ചാക്കൽ-കേരളം: യുവാക്കൾ പ്രതിസന്ധികളിൽ തളർന്നുപോകാതെ പ്രത്യാശയോടെ ജീവിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും സഭാസേവനത്തിന് യുവാക്കൾ മുന്നിട്ടിറങ്ങണമെന്നും തോമസ് മാർ മക്കാറിയോസ് ആഹ്വാനം ചെയ്തു. അട്ടച്ചാക്കൽ മാർ പീലക്സിനോസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്ന തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനം വാർഷികത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു തിരുമേനി. വിവിധ ഇടവകകളിൽ നിന്നായി ഇരുനൂറോളം യുവാക്കന്മാർ പങ്കെടുത്തു. മാർ യൗസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

ക്രിസ്തീയജീവിതം സ്നേഹം പകരണം: മാർ മക്കാറിയോസ്

നടയ്ക്കാവ്: യേശുവിനെ രുചിച്ചറിയാനും അവന്റെ സ്നേഹം മറ്റു

ള്ളവർക്ക് നൽകാനുമുള്ള മുഖാന്തരമാണ് ക്രിസ്തീയ ജീവിതമെന്നും മാർ മക്കാറിയോസ്. നടയ്ക്കാവ് ജോർജ്ജിയൻ ഗ്രൗണ്ടിൽ ഓർത്ത ഡോക്സ് കൺവൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുക യായിരുന്നു ഡോ. മാർ മക്കാറിയോസ്. ക്രിസ്തുവിനെ അറിയാനും പരി ചയപ്പെടാനുമുള്ള വേദിയാവണം സുവിശേഷയോഗം.

നോമ്പുകാലം തീർത്ഥയാത്രയുടെ കാലഘട്ടമാണ്. യേശുക്രിസ്തു വിനെ അൽപാൽപമായി രുചിച്ചറിയുന്നതിനും ഉയിർപ്പിന്റെ അനുഭവം ഉൾക്കൊണ്ടു മറ്റുള്ളവർക്ക് ആത്മസന്തോഷം പകർന്നുകൊടുക്കുന്ന തിനും മനുഷ്യനു കഴിയണം. തൊട്ടറിഞ്ഞിട്ടുള്ള അനുഭവം കേട്ടറിവുള്ള അനുഭവത്തേക്കാൾ ശ്രേഷ്ഠമാണ്. നോമ്പിലൂടെ വിശുദ്ധീകരണം പ്രാപിച്ച് യേശുവിന്റെ കഷ്ടാനുഭവങ്ങളോടു ചേരണം. യേശുവിനെ കാണാൻ ശ്രമിച്ചിട്ടുള്ളവർക്ക് "വന്നു കാണുക" എന്ന മറുപടിയാണ് യേശു നൽകിയത്. യേശു എന്ന രക്ഷകനെ പൂർണ്ണമായി മനസ്സിലാ ക്കാതെ മറ്റുള്ളവർക്കു കാണിച്ചു കൊടുക്കുക സാധ്യമല്ല. ഇന്നു ജീവി ക്കുന്ന ഓരോ ക്രിസ്ത്യാനിയും യേശുവിന്റെ ജീവിതത്തിന്റെ മാതൃക യാവണം.

മാർ മക്കാറിയോസ് അന്താരാഷ്ട്ര മതസൗഹാർദ്ദ സമ്മേളനം നയിക്കുന്നു

(അജിത് വട്ടശ്ശേരിയുടെ റിപ്പോർട്ട്)

ബഹ്റിൻ-അറേബ്യൻ ഗൾഫ്: മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ ഡോ. തോമസ് മക്കാറിയോസ് ബഹറിൻ രാജാവിന്റെ ക്ഷണപ്രകാരം ഒക്ടോ ബർ 28, 29, 30 തീയതികളിൽ ബഹറിനിൽ നടന്ന അന്താരാഷ്ട്ര ക്രിസ്ത്യൻ-മുസ്ലീം മതപണ്ഡിതന്മാരുടെ സമ്മേളനത്തിൽ നേതൃത്വം വഹിച്ചു.

ജോർദ്ദാൻ റോയൽ അക്കാദമിയുടെ നേതൃത്വത്തിൽ 1986-ലാണ് ഈ വിധത്തിലുള്ള ഒരു സമ്മേളനത്തിന് തുടക്കം കുറിച്ചത്. മുൻ വർഷങ്ങ ളിൽ വിവിധ രാജ്യങ്ങളിലായി നടന്നുവന്നിരുന്ന സമ്മേളനം ഈ വർഷം ബഹറിനിലായിരുന്നു.

ലോകരാഷ്ട്ര നേതാക്കളുമായി ദീർഘകാലമായി നടത്തി വന്നിരുന്ന പരസ്പര വിനിമയത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ബഹ റിൻ രാജാവിനെ ഇത്തരം ഒരു കോൺഫ്രൻസിന് നേതൃത്വം വഹിക്കാൻ പ്രേരിപ്പിച്ചത്.

ഏക ദൈവമേ ഉള്ളു എന്നു വിശ്വസിക്കുന്ന രണ്ട് വ്യത്യസ്ത മത വിഭാഗങ്ങൾ തമ്മിൽ കൂടുതൽ അറിയുന്നതിനും ചർച്ചകൾ വഴി മത ങ്ങൾ തമ്മിലുള്ള അകൽച്ച കുറയ്ക്കുന്നതിനും ഈ സമ്മേളനം സഹാ യകരമായി.

ഫിലാദൽഫിയാ സെന്റ് മേരീസ് പള്ളിയെ കത്തീഡ്രലാക്കി

മലങ്കരസഭയുടെ അമേരിക്കയിലെ പ്രഥമ കത്തീഡ്രലായി ഭദ്രാസന ത്തിലെ പ്രമുഖ പള്ളികളിലൊന്നായ ഫിലാദൽഫിയായെ സീനിയർ മെത്രാപ്പോലീത്താ ഉയർത്തി.

ഇടവകാംഗങ്ങളുടെ കഠിന അദ്ധ്വാനത്തിന്റേയും പരിശ്രമത്തിന്റേയും അംഗീകാരമാണ് കത്തീഡ്രലായി ഉയർത്തപ്പെട്ടതിലൂടെ ലഭിച്ചതെന്ന് കത്തീഡ്രൽ പ്രഖ്യാപന പ്രസംഗത്തിൽ ഡോ. തോമസ് മാർ മക്കാറി യോസ് പറഞ്ഞു. "സംസാരത്തിന്റെ സമയം അതിക്രമിച്ചു, പ്രവർത്തി ക്കേണ്ട സമയമാണിപ്പോൾ." മാർ മക്കാറിയോസ് ചൂണ്ടിക്കാട്ടി. കത്തീ ഡ്രലാക്കാനുള്ള എല്ലാ യോഗ്യതകളും 1980-ൽ ആരംഭിച്ച ഈ ദേവാല യത്തിനു കൈവന്നതായി മെത്രാപ്പോലീത്താ പറഞ്ഞു.

മാർ മക്കാറിയോസിനെ പാത്രിയർക്കീസാക്കണം: വൈദിക യോഗം

കാനഡാ: യു.കെ.-യൂറോപ്പ് ഭദ്രാസനത്തിലെ വൈദികർ, അസ്സോ സിയേഷൻ അംഗങ്ങൾ, മാനേജിംഗ് കമ്മിറ്റിക്കാർ, ഭദ്രാസന കൗൺസിൽ തുടങ്ങിയവരുടെ അടിയന്തരയോഗം ടൊറന്റോയിൽ കൂടി ഭദ്രാസന ത്തിന്റെ ഇപ്പോഴത്തെ നിലവാരത്തെക്കുറിച്ചു വിലയിരുത്തി. ഭദ്രാസന ത്തെക്കുറിച്ച് ആധികാരികമായ ചില വസ്തുതകൾ സഭാകേന്ദ്രത്തിന്റെ ശ്രദ്ധയ്ക്കു വേണ്ടി അയച്ചുകൊടുക്കുവാനും തീരുമാനിച്ചു.

പൗരസ്ത്യ കാതോലിക്കേറ്റിന്റെ കീഴിൽ രണ്ടുമൂന്നു പാത്രിയർക്കീ സന്മാരെ വാഴിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ആലോചനകളും സഭാ തലത്തിൽ ഉള്ളതായി അറിയുന്നു. ഈ നിർദ്ദേശം സജീവ പരിഗണ നയ്ക്കു മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, പ. സുന്നഹദോസ് എന്നീ വേദികളിൽ എടുക്കണമെന്നും മാർ മക്കാറിയോസിനെ പൗരസ്ത്യ കാതോലിക്കേറ്റിന്റെ കീഴിലുള്ള പാശ്ചാത്യ പാത്രിയർക്കീസ് സ്ഥാനം നൽകി ആദരിക്കണമെന്നും ഈ ഭദ്രാസനം സഭാകേന്ദ്രത്തോട് അഭ്യർ ത്ഥിച്ചു.

കാൽഗറി ഇടവക പ്രഖ്യാപനം

കാനഡായുടെ പടിഞ്ഞാറൻ പ്രദേശത്ത് റോക്കി പർവ്വതത്തിന്റെ

അടിവാരത്തിൽ വളരുന്ന പട്ടണമായ കാൽഗറിയിൽ ആ പ്രദേശങ്ങളിൽ വസിക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങളെ കൂട്ടിച്ചേർത്ത് രൂപവൽക്കരിച്ച കോൺഗ്രിഗേഷനെ വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സെന്റ് മേരീസ് ഇടവകയായി ഡിസംബർ രണ്ടാം തീയതിയിൽ നടന്ന വി. കുർബ്ബാനമദ്ധ്യേ തോമസ് മാർ മക്കാറിയോസ് പ്രഖ്യാപിക്കയും ഇടവകയുടെ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കയും ചെയ്തു.

വി. കുർബ്ബാനാനന്തരം നടന്ന പൊതുയോഗത്തിൽ അദ്ധ്യക്ഷപ്രസംഗം നടത്തവെ റവ. റമ്പാൻ ലാസ്സറസ് ഒ.ഐ.സി. യെ പ്രഥമ വികാരിയായി നിയമിച്ച കൽപ്പന വായിച്ചു. തുടർന്ന് പോൾ രാമനാട്ടിനെ ട്രസ്റ്റിയായും ടൈറ്റസ് ശമുവേൽ ഈട്ടിമൂട്ടിലിനെ സെക്രട്ടറിയായും ബാബു പോൾ, ജോർജ്ജ് വറുഗീസ്, സജി മാത്യു, ഷിബു ജോർജ്ജ് എന്നിവർ അംഗങ്ങളായും ഉള്ള ഒരു ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

തുടർന്ന് റമ്പാൻ, കോർഎപ്പിസ്ക്കോപ്പാ പദവികളിലേക്ക് ഉയർത്തപ്പെട്ട ഫാ. ലാസ്സറസ് ഒ.ഐ.സി. ക്ക് ഭദ്രാസന സെക്രട്ടറി ഫാദർ ഫിലിപ്പോസ് ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദന മീറ്റിംഗിൽ വി. പി. ജോർജ്ജ്, ജോർജ്ജ് വറുഗീസ്, ഡോ. ടൈറ്റസ് മാത്യു, ദീപാ പോൾ തുടങ്ങിയവർ ആശംസകൾ അർപ്പിക്കയും ചെയ്തു.

മലങ്കരസഭാ ദൈവാരികയുടെ പ്രകാശനം നിർവ്വഹിച്ചു

ഡോ. തോമസ് മാർ മക്കാറിയോസ് മലങ്കരസഭാ ദൈവാരികയുടെ ആദ്യപ്രതി ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മായ്ക്കു നൽകി പ്രകാശനം നിർവ്വഹിച്ചു. തോമസ് അത്താനാസ്യോസ്, അലക്സാണ്ടർ കാരയ്ക്കൽ, ഫാ. ജോൺ ശങ്കരത്തിൽ എന്നിവർ പ്രസംഗിച്ചു.

മാർ ക്ലിമ്മീസിന്റെ (മലങ്കര റീത്ത്) യാത്രഅയപ്പു യോഗത്തിൽ മാർ മക്കാറിയോസ്

ഫ്ളോറൻസ് പാർക്ക്-ന്യൂയോർക്ക്: അമേരിക്കയിലെ ഹ്രസ്വകാല സേവനം അവസാനിപ്പിച്ച് കേരളത്തിലേക്ക് മടങ്ങുന്ന ഐസക് മാർ ക്ലിമ്മീസിനു ന്യൂയോർക്ക് ഫ്ളോറൻസ് പാർക്കിലുള്ള 'അവർ ലേഡി ഓഫ് സ്നോസ്' റോമൻ കാതലിക് ദേവാലയത്തിൽ വച്ചു നൽകിയ യാത്രഅയപ്പു യോഗത്തിൽ ഡോ. തോമസ് മക്കാറിയോസ് മുഖ്യാതിഥി ആയിരുന്നു. മാർ ജേക്കബ് അങ്ങാടിയത്ത്, റവ. പീറ്റർ കോച്ചേരി, അമ്പാസഡർ വിജയ് കെ. നമ്പ്യാർ എന്നിവരും ആശംസകൾ നേർന്നു.

എൽമോണ്ട് പള്ളിയിൽ ബാവായ്ക്കു സ്വീകരണം

ഒരു ഹ്രസ്വ സന്ദർശനത്തിനായി ന്യൂയോർക്കിൽ എത്തിയ പ.

മാത്യൂസ് രണ്ടാമൻ ബാവായ്ക്ക് ഭദ്രാസന സീനിയർ മെത്രാപ്പോലീത്താ മാർ മക്കാറിയോസിന്റെയും അനേകം വൈദികരുടെയും ഭക്തജനങ്ങളുടെയും സാന്നിധ്യത്തിൽ വമ്പിച്ച സ്വീകരണം നൽകി.

1977-ൽ സ്ഥാപിതമായ എൽമോണ്ട് മാർ ഗ്രീഗോറിയോസ് ഇടവകയിൽ വികാരിയായി യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പായെ മാർ മക്കാറിയോസ് നിയമിക്കയും പിൽക്കാലങ്ങളിൽ ഡോ. ഫാ. സി. കെ. രാജൻ, ഡോ. ഫാ. ജോർജ്ജ് കോശി, ഫാ. ടി. എ. തോമസ്, ഫാ. ജേക്കബ് ഫിലിപ്പ്, സി. എം. അലക്സാണ്ടർ കോർഎപ്പിസ്ക്കോപ്പാ, ഫാ. ജോർജ്ജ് മാത്യൂ എന്നിവർക്കു ശേഷം റവ. യേശുദാസ് പാപ്പൻ കോറെപ്പിസ്ക്കോപ്പാ വികാരിയായി നിയമിതനായ ശേഷം ആദ്യമായി എത്തിയ പ. പിതാവിനാണ് ഊഷ്മളമായ സ്വീകരണം നൽകിയത്.

"കോഴഞ്ചേരി സംഗമ"ത്തിൽ മാർ മക്കാറിയോസ്

അറ്റ്ലാന്റാ, യു.എസ്.എ.: അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ വസിക്കുന്ന കോഴഞ്ചേരിയിലെയും പരിസരപ്രദേശങ്ങളിലെയും ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള 'കോഴഞ്ചേരി സംഗമം' അറ്റ്ലാന്റായിലെ കംഫർട്ട് സ്യൂട്ട് സമ്മേളനഹാളിൽ മാർ മക്കാറിയോസ് ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്തു. തുടർന്ന് തിരുമേനി വളരെ സരസമായ ഭാഷയിൽ ഒരു സന്ദേശവും നൽകി. സ്റ്റേറ്റ് കോൺഗ്രസ് മാൻ (M.P.) കർട്ട് തോംസൺ, ന്യൂജേഴ്സി ഫിനാൻസ് അസി: കമ്മീഷണർ ജേക്കബ് ഈപ്പൻ, ഫ്ളോറിഡാ കേരളസമാജം പ്രസിഡന്റ് സേവി മാത്യൂ എന്നിവർ പ്രസംഗിച്ചു.

ഹഡ്സൺവാലി മലയാളി അസ്സോസിയേഷൻ

"കലാതിലകം" ട്രോഫി നേടിയ സോഫിയാ മണലിന് മക്കാറിയോസ് മെത്രാപ്പോലീത്താ ട്രോഫി സമ്മാനിച്ചു.

കാസറ്റ് പ്രകാശനം

ന്യൂയോർക്ക്: ജോസഫ് പാപ്പൻ, ജേക്കബ് പാപ്പൻ എന്നീ സഹോദരന്മാരുടെ നേതൃത്വത്തിൽ ഒരുക്കിയ സംഗീത കാസറ്റിന്റെ പ്രകാശനം മാർ മക്കാറിയോസ് ന്യൂയോർക്കിൽ നിർവ്വഹിച്ചു.

ന്യൂയോർക്ക് മാർത്തോമ്മാ പള്ളിയിൽ

യോങ്കേഴ്സ് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയുടെ ജൂബിലിയാഘോഷം വർണ്ണാഭമായി കൊണ്ടാടി. ഇതരസഭകളോടു യോജിച്ച് ആദ്യം പ്രാർത്ഥനായോഗങ്ങൾ നടത്തിയതിന്റെ 30-ാം വാർഷികവും മാർത്തോമ്മാ കോൺഗ്രിഗേഷന്റെ 25-ാം വാർഷികവും വിശിഷ്ടാതിഥിക

ളുടെ സാന്നിധ്യത്തിൽ "സ്വയം പ്രകാശിതരാവുക, മറ്റുള്ളവർക്ക് പ്രകാശം ചൊരിഞ്ഞു കൊടുക്കുക" എന്ന ക്രിസ്തീയ ആപ്തവാക്യം സ്മരിച്ചുകൊണ്ട് മാർ മക്കാറിയോസ് ദീപം പ്രകാശിപ്പിച്ച് ഉത്ഘാടനം ചെയ്തു.

പതിവുപോലെ ചിരിയുടെ മാലപ്പടക്കത്തിന് തിരികൊളുത്തിക്കൊണ്ടാണ് ഡോ. മക്കാറിയോസ് പ്രസംഗം തുടങ്ങിയത്. അമേരിക്കയിലെ അനന്തസാധ്യതകൾ ഉപയുക്തമാക്കാനും ടി. വി. ദർശനം നിർത്തിയിട്ട് വായനാശീലം വളർത്തുവാനും അദ്ദേഹം കുട്ടികളെ ഉപദേശിച്ചു.

യൂയാക്കിം മാർ കൂറിലോസ്, മേയറുടെ പ്രതിനിധി റിച്ചാർഡ്ഹാൻ, ഡപ്യൂട്ടി കോൺസൽ ജനറൽ ആർ. വി. വരീരി, കൗണ്ടി എക്സിക്യൂട്ടീവ് ആൻഡ്രൂ സ്പാനോ തുടങ്ങിയവർ പ്രസംഗിച്ചു.

ബൽവിൻ (യു.എസ്.എ.) സെന്റ് ഗ്രീഗോറിയോസ് പള്ളിയുടെ സിൽവർ ജൂബിലി

ഇടവക സ്ഥാപിതമായതിന്റെ 25-ാം വാർഷികവും പ. പരുമല തിരുമേനിയുടെ പെരുനാളും മാർ മക്കാറിയോസിന്റെ പ്രധാന കാർമ്മികത്വത്തിൽ നവംബർ 16, 17 തീയതികളിൽ നടത്തി.

നവംബർ 16 ശനിയാഴ്ച വൈകുന്നേരം കത്തിച്ച മെഴുകുതിരികളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ മാർ മക്കാറിയോസിനെ പള്ളിയിലേക്കാനയിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ആഷ്ലി ജോസഫിന്റെ പ്രാർത്ഥനാഗാനത്തോടെ പൊതുസമ്മേളനവും ആരംഭിച്ചു. ജൂബിലി സുവനീറിന്റെ പ്രകാശനം മോഹൻ ശമുവേലിന് കോപ്പി നൽകി മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

കണ്ണാടിയുടെ മുന്നിൽ നിന്ന് ബാഹ്യസൗന്ദര്യം വർദ്ധിപ്പിക്കുവാൻ നാമെല്ലാവരും ശ്രമിക്കുമ്പോൾ മനസ്സു തുറന്ന് ദൈവത്തോടു പ്രാർത്ഥിച്ചു പാപങ്ങൾ ഏറ്റുപറഞ്ഞ് മനസ്സിന്റെ സൗന്ദര്യം അതായത് ആത്മീയ സൗന്ദര്യം വർദ്ധിപ്പിക്കണമെന്നാണ് പരുമല തിരുമേനി നമുക്കു മാതൃക കാണിച്ചുതന്നതെന്നും ആ മാതൃക പിന്തുടരുവാൻ നാം ഓരോരുത്തരും ശ്രമിക്കണമെന്നും മാർ മക്കാറിയോസ് ആഹ്വാനം ചെയ്തു. 25 വർഷം മുമ്പ് താൻ തുടങ്ങിവച്ച ദേവാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷത്തിലും പങ്കുചേരുവാൻ അവസരം തന്നതിന് അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തി. 50-ാം വാർഷിക ആഘോഷവേളയിലും പങ്കെടുക്കുവാനുള്ള അവസരം തനിക്കുണ്ടാക്കിത്തരണമെന്ന് നർമ്മത്തിൽ പൊതിഞ്ഞ ശൈലിയിൽ കരഘോഷങ്ങൾക്കിടയിൽ അദ്ദേഹം അഭ്യർത്ഥിച്ചു.

“ചൊവ്വായിൽ ഒരു ഓർത്തഡോക്സ് ഭദ്രാസനം, അവിടെ ബിഷപ്പായി ഞാനും”

ന്യൂയോർക്ക്: “ചൊവ്വാഗ്രഹത്തിൽ ഒരു ഓർത്തഡോക്സ് ഭദ്രാസനം വന്നാൽ ബിഷപ്പായി പോകാൻ താൻ റെഡി”യെന്ന് ഡോ. തോമസ് മാർ മക്കാറിയോസ്. ഒറിഗൺ എപ്പിസ്ക്കോപ്പൽ ബിഷപ്പ് ഡോ. ജോൺസി ഇട്ടിക്ക് നൽകിയ അനുമോദന സമ്മേളനത്തിൽ പറഞ്ഞു.

“നമ്മൾ മലയാളികൾ മുൻകൂട്ടി കാര്യങ്ങൾ പ്ലാൻ ചെയ്യുന്നതിൽ ഏറെ പിറകിലാണെന്ന്” പറഞ്ഞാണ് മാർ മക്കാറിയോസ് ചൊവ്വാ ഗ്രഹത്തെക്കുറിച്ച് പരാമർശനം നടത്തിയത്. “ചൊവ്വായിൽ എന്നെങ്കിലും മനുഷ്യൻ ഉണ്ടെന്ന് കണ്ടുപിടിക്കപ്പെട്ടാൽ അവരുടെ ആത്മീയകാര്യങ്ങൾ എങ്ങനെ ചിട്ടപ്പെടുത്തണമെന്ന് വത്തിക്കാൻ ചർച്ച ആരംഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ഡോ. മക്കാറിയോസ് പറഞ്ഞു. എന്നാൽ നമ്മളാവട്ടെ ഇന്നുള്ള കാര്യങ്ങളിലാണ് ശ്രദ്ധിക്കുന്നത്.”

വത്തിക്കാന്റെ ദീർഘവീക്ഷണത്തിൽ താൽപര്യം തോന്നിയ താൻ ‘നാസാ’യിലെ ഒരു സുഹൃത്തിനയച്ച കത്തിലാണ് അവിടെ ഒരു ഓർത്ത ഡോക്സ് ഭദ്രാസനം വന്നാൽ ബിഷപ്പായി പോകാൻ താൻ തയ്യാറാണെന്ന് വാഗ്ദാനം ചെയ്തത്. തന്റെ ഈ കത്തിനെക്കുറിച്ച് അറിഞ്ഞവർ പലരും ഇക്കാര്യത്തിൽ പൂർണ്ണ പിന്തുണയാണ് നൽകിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അവർ തന്നിലർപ്പിച്ച വിശ്വാസമല്ല കാരണം, മറിച്ച് തിരുമേനി ഇവിടെനിന്നു അങ്ങു പൊയ്ക്കൊള്ളുമല്ലോ എന്ന ആശ്വാസമാണ് പലരും പ്രകടിപ്പിച്ചതെന്ന് കൂട്ടച്ചിരികൾക്കിടയിൽ മാർ മക്കാറിയോസ് പറഞ്ഞു.

അവരുടെ ആഗ്രഹത്തെ കുറ്റപ്പെടുത്തിയിട്ടും കാര്യമില്ല. കാരണം 42 വർഷം മുമ്പ് അമേരിക്കയിലെത്തിയ താൻ അന്ന്, രണ്ടു വർഷങ്ങൾക്കു ശേഷം നാട്ടിലേക്കു മടങ്ങുന്നുവെന്നാണ് പറഞ്ഞു നടന്നിരുന്നത്. എന്നിട്ട് 42 വർഷം കഴിഞ്ഞിട്ടും താൻ അമേരിക്കയിൽ തന്നെ. ഇനി ഒരു 42 വർഷംകൂടി ഇവിടെ ഉണ്ടാകും; അദ്ദേഹം കൂട്ടിച്ചേർത്തു.

ഇങ്ങനെ സ്ഥലകാല പരിഗണനയില്ലാതെ ലോകത്തിന്റെ എല്ലാ ഭാഗത്തും മതഭേദമില്ലാതെയും സഭാഭേദമില്ലാതെയും മാർ മക്കാറിയോസ് ആദരിക്കപ്പെട്ടുവെന്ന് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന മാധ്യമവാർത്തകൾ തന്നെ തെളിവാണല്ലോ.

അദ്ധ്യായം 9

ചേറ്റിൽനിന്ന് ഒരു ചെന്താമര

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പരിശുദ്ധ പദവിയിലേക്ക്

മലങ്കരസഭാ ഭാസുരനായ മലങ്കര മെത്രാപ്പോലീത്തായും വേദശാസ്ത്രപരംഗതനും സഭാഭരണനിപുണനും, സ്വാതന്ത്ര്യത്തിന്റെ കാവൽഭടനും സുപ്രസിദ്ധ മൽപ്പാനും, എഴുത്തുകാരനും ആധുനിക മലങ്കരസഭയുടെ ശിൽപ്പിയും, മല്ലപ്പള്ളി തിരുമേനി, വലിയതിരുമേനി എന്നീ അപരനാമങ്ങളിൽ പ്രസിദ്ധനും ആയിരുന്ന ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 69-ാം ഓർമ്മപ്പെരുനാളിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന കോട്ടയം പഴയസെമിനാരി ചാപ്പലിൽ വി. കുർബ്ബാനമദ്ധ്യേ കിഴക്കിന്റെ പ. കാതോലിക്കാബാവാ മാത്യൂസ് രണ്ടാമൻ മലങ്കരയുടെ രണ്ടാമത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

ദീർഘകാലത്തെ ആലോചനയ്ക്കും വ്യാപകമായ പഠനത്തിനും ശേഷമാണ് വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുവാനുള്ള തീരുമാനം പ. സുന്നഹദോസ് കൈക്കൊണ്ടത്. അതു സംബന്ധിച്ച് പ. കാതോലിക്കാബാവാ അയച്ച കൽപ്പന താഴെ ചേർക്കുന്നു.

കർത്താവിൽ പ്രിയരെ,

പ. പരുമല കൊച്ചുതിരുമേനിയുടെ അരുമശിഷ്യഗണത്തിൽ പ്രഥമഗണനീയനും മലങ്കര മെത്രാപ്പോലീത്തായും ആയിരുന്ന ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് നമ്മുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ 2002 ഫെബ്രുവരി – ജൂലൈ എന്നീ യോഗങ്ങളിൽ തീരുമാനം ചെയ്തിട്ടുള്ളതാകുന്നു. ഈ തീരുമാനം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അദ്ധ്യക്ഷനും മലങ്കരയിലെ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനും എന്ന നിലയിൽ സഭാമക്കളെ അറിയിക്കുവാനുള്ള ചുമതല നമുക്കുള്ളതിനാൽ ആയത് ഈ കൽപ്പന മുഖാന്തരം നാം നിങ്ങളെ അറിയിക്കുന്നു. ആയതിനാൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ പദവിയിലേക്കുയർത്തുന്നതിനായി അദ്ദേഹത്തിന്റെ 69-ാമതു ഓർമ്മപ്പെരുനാൾ കൊണ്ടാടുന്ന ഫെബ്രുവരി 24-നു അദ്ദേഹം കബറടങ്ങിയിരിക്കുന്ന പഴയസെമിനാരിയിൽ വി. കുർബ്ബാനയ്ക്കുശേഷം പ്രത്യേകം ശുശ്രൂഷകളോടുകൂടി പ്രഖ്യാപനം നടത്തുന്നതാണ്.

പ്രസ്തുത ശുശ്രൂഷകളിലും പെരുനാളിലും നമ്മുടെ എല്ലാ സഭാ

മക്കളും വന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് നാം അറിയിക്കുന്നു. ഓരോ പള്ളിയിൽ നിന്നും എത്രമാത്രം ആളുകൾ വന്നുചേരാമോ അത്രയും ആളുകൾ ആവശ്യമെങ്കിൽ വാഹനങ്ങൾ ക്രമീകരിച്ചു വരണം.

1600 പള്ളികളിൽ നിന്നു കൽപ്പനപ്രകാരം വന്നുകൂടിയ വിശ്വാസികളുടെയും പട്ടക്കാരും മേൽപ്പട്ടക്കാരും അടങ്ങുന്ന വലിയ ഒരു സമൂഹത്തിന്റെയും സാന്നിധ്യത്തിലാണ് പരിശുദ്ധ പ്രഖ്യാപനം പ. ബാവാ നടത്തിയത്. അങ്ങനെ മലങ്കരസഭയ്ക്കു രണ്ടാമത്തെ പരിശുദ്ധൻ ജനിച്ചു. പ. പരുമല തിരുമേനിയെ 1947-ലാണ് അന്നത്തെ കാതോലിക്കാ ഗീവറുഗീസ് രണ്ടാമൻ ബാവാ പ്രഥമ പരിശുദ്ധനായി പ്രഖ്യാപിച്ചത്.

മലങ്കരസഭയെ അതിന്റെ വിഷമകരമായ ഒരു സാഹചര്യത്തിൽ നയിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട ആത്മീയ ഭാസുരനായിരുന്നു വട്ടശ്ശേരിൽ തിരുമേനി എന്നു 1997-ലെ ഓർമ്മപ്പെരുനാളിൽ മാർ മക്കാറിയോസ് പ്രസ്താവിച്ചു.

1997 മലങ്കരസഭയെ സംബന്ധിച്ചിടത്തോളം പലതുകൊണ്ടും അതിപ്രധാന വർഷമാണ്. 1958-ലെ സുപ്രീംകോടതിവിധിയിൽ പാത്രിയർക്കീസ് പക്ഷം തോറ്റുപോയി. അവർ അടിയറവു പറഞ്ഞു, അവർ നമ്മെ അഭയം പ്രാപിച്ചു. മറ്റൊരു മാർഗ്ഗവും അവർക്കില്ലായിരുന്നു. 1997-ലെ സാഹചര്യവും അതു തന്നെയാണെങ്കിലും സ്ഥിതിഗതികൾ ഏറെ വ്യത്യസ്തമാണ്. 1909 മുതൽ വട്ടശ്ശേരിൽ തിരുമേനി നടത്തിയ സ്വാതന്ത്ര്യപ്പോരാട്ടങ്ങൾ സഭയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവില്ല. ആ പോരാട്ടത്തിന്റെ തുടർച്ചയാണ് 1932-34 കാലയളവിലെ ഭരണഘടനാ രൂപവൽക്കരണം. വട്ടശ്ശേരിൽ തിരുമേനി പറഞ്ഞതെല്ലാം അഷ്ടബന്ധമിട്ട് ഉറപ്പിക്കുന്നതാണ് 1997-ലെ സുപ്രീംകോടതിവിധിയും ഡിക്രിയും.

വട്ടശ്ശേരിൽ തിരുമേനിയുടെ പോരാട്ടങ്ങളുടെ ഫലമായിട്ടാണ് കാതോലിക്കാ സിംഹാസനം ഉണ്ടായത്. പ്രഗത്ഭരായ മേൽപ്പട്ടക്കാർ ആ സിംഹാസനത്തിലിരുന്നു. കല്ലാശ്ശേരിൽ ബാവാ (ഗീവറുഗീസ് രണ്ടാമൻ ബാവാ) മാർത്തോമ്മായുടെ സിംഹാസനത്തിനു വേണ്ടി നിലകൊണ്ടു. ഔഗേൻ ബാവായും എന്തു വന്നാലും കഴുത്തു പോയാലും അതു മാറ്റുകയില്ലെന്നു തന്നെ പറഞ്ഞു. മാത്യൂസ് പ്രഥമൻ ബാവായും മാർത്തോമ്മാ സിംഹാസനം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുമെന്നു പറഞ്ഞു. മാർത്തോമ്മാശ്ലീഹായുടെ മുടിയിഴയ്ക്കുപോലും കേടുപറ്റുന്ന ഒരു പ്രവർത്തനവും തന്റെ ഭാഗത്തുനിന്നുണ്ടാവുകയില്ലെന്ന് മാത്യൂസ് രണ്ടാമൻ ബാവായും പറഞ്ഞു.

കേസുകളിൽ തോറ്റ സന്ദർഭങ്ങളിലും ജയിച്ച സന്ദർഭങ്ങളിലുമൊക്കെ ഒരേ മനസ്സായിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടേത്. കേസിൽ ഒരിക്കൽ

തോറ്റപ്പോൾ തിരുമേനി സഭാമക്കളോടു പറഞ്ഞു, "ഞാൻ തോറ്റു, പക്ഷേ നിങ്ങൾ തോറ്റിട്ടില്ല." എന്നാൽ ഇന്ന് 1997-ൽ നമുക്കു ധൈര്യ മായി പറയുവാൻ കഴിയും, "തിരുമേനി, അങ്ങു തോറ്റിട്ടില്ല, ഞങ്ങളും തോറ്റിട്ടില്ല. അങ്ങു ജയിച്ചു, സഭയും വിജയിച്ചു" എന്ന്.

തിരുമേനിയുടെ പ്രാർത്ഥനാശക്തി അപാരമായിരുന്നു. പിതാവാം ദൈവവുമായി രാത്രിയാമങ്ങളിൽ പ്രാർത്ഥനയിൽ കൂടി ബന്ധപ്പെട്ട് അനു ഗ്രഹങ്ങൾ നേടിയിരുന്നു. പ്രാർത്ഥനയിൽ ഉള്ള ശക്തിയും ബുദ്ധിയുടെ ശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു. "ആകാശത്തിന്റെ കിളിവാതിൽ തുറന്നു തരണമേ" എന്ന് നിത്യവും പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥനാ മനു ഷ്യനായിരുന്നു അദ്ദേഹം.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ വേറൊരു പെരുനാളിൽ മാർ മക്കാറി യോസ് നടത്തിയ ചിന്തോദ്യോതകമായ അനുസ്മരണ പ്രഭാഷണം അതേപടി താഴെച്ചേർക്കുന്നു.

അനുസ്മരണ പ്രഭാഷണം

ഡോ. തോമസ് മാർ മക്കാറിയോസ്

വാത്സല്യമുള്ളവരെ,

പരാജയങ്ങളുടെ നടുവിൽ ദൈവത്തെ കാണുവാനും പരാജയങ്ങ ളുടെ നടുവിൽ വിജയത്തെ കാണുവാനുമുള്ള ഒരു കഴിവ് വട്ടശ്ശേരിൽ തിരുമേനിക്ക് ഉണ്ടായിരുന്നു. എവിടെയെങ്കിലും പരാജയമോ വേദനയോ ഉണ്ടെങ്കിൽ അതിനുള്ളിൽ ഒരു ദൈവം ഒളിഞ്ഞിരിപ്പുണ്ടെന്നും ആ ദൈവത്തെ കണ്ടുപിടിക്കുവാൻ കഴിഞ്ഞതാണ് വട്ടശ്ശേരിൽ തിരുമേനി യുടെ വിജയത്തിനു പിന്നിലെ കാരണം.

ദൈവത്തെ ഞാൻ കാണുന്നുവെന്നാണ് മരിക്കാറായപ്പോഴും സ്തേഫാ നോസ് പറഞ്ഞത്. പരാജയത്തിൽ പോലും ദൈവത്തെ കാണുവാനുള്ള കഴിവ് സഹദായ്ക്കുള്ളതുകൊണ്ടാണ് ക്രിസ്ത്യൻ സഭ വളരുവാൻ ഇട യായത്.

1923-ൽ വീരരാഘവ അയ്യങ്കാരുടെ വിധിയുണ്ടായപ്പോൾ സഭ അടിപ തറിയിരുന്നു. ഈ പരാജയം സഭയ്ക്കുണ്ടായപ്പോൾ സഭയ്ക്കുള്ളിൽ മൂന്നു വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. വിധിയെ അനുസരിച്ച് പോക ണമെന്ന് ഇ. ജെ. ജോൺ വക്കീൽ അഭിപ്രായപ്പെട്ടു. അങ്ങനെ സംഭവി ച്ചിരുന്നുവെങ്കിൽ സഭ പാത്രിയർക്കീസിനു വിധേയമാകുമായിരുന്നു. കത്തോലിക്കാ സഭയിൽ ചേരണമെന്നാണ് ബഥനിയിലെ ഈവാനി യോസ് തിരുമേനി വാദിച്ചത്. പള്ളിയിൽ നിന്നും എന്തു കാരണമുണ്ടാ

യാലും ഇറങ്ങരുതെന്നും മല്ലടിക്കണമെന്നും വാദിച്ചത് മൂന്നാമത്തെ വിഭാഗത്തിനു നേതൃത്വം നൽകിയ മാമ്മൻ മാപ്പിളയായിരുന്നു. അദ്ദേഹം വിധി പരിശോധിച്ചിട്ട് അതിലെ ഒരു വാചകം ആശ്വാസകരമായി കണ്ടെത്തി. അത് നമ്മുടെ വിജയമായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയെങ്കിലും അടുത്ത അസോസിയേഷനിൽ മലങ്കരമെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കണമെന്ന ആ ഒരു വാചകത്തെ പിടിച്ചുകൊണ്ട് വിജയത്തിനായി പ്രയത്നിച്ചു. തങ്ങൾക്ക് അനുകൂലമായ 700 പള്ളികളുണ്ടെന്നും അതിനാൽ വിജയം സുനിശ്ചിതമാണെന്നും മാമ്മൻ മാപ്പിള പറഞ്ഞു. എതിർകക്ഷിക്ക് 300 പള്ളികളുടെ സ്വാധീനം മാത്രമേയുണ്ടായിരുന്നുള്ളു. താക്കോൽ കാണിച്ചുകൊണ്ട് മാമ്മൻ മാപ്പിള പറഞ്ഞു. ഈ താക്കോൽ അവർ കൊണ്ടുപോകുകയില്ലായെന്ന്.

ബുദ്ധിയും ഭക്തിയും ഒരുമിച്ചു ചേർന്ന മനുഷ്യനായിരുന്നു വട്ടശ്ശേരിൽ തിരുമേനി. എ. എം. വർക്കി പറഞ്ഞത് ആവർത്തിക്കുകയാണ്. തലച്ചോറ് അരച്ചു പുഴുങ്ങിയുണ്ടാക്കിയ തിരുമേനിയാണ് വട്ടശ്ശേരിൽ തിരുമേനി.

സഭയുടെ കേസ് വിസ്തരിച്ചപ്പോൾ വട്ടശ്ശേരിൽ തിരുമേനിയെ വിസ്തരിക്കാതെയായിരുന്നു മുടക്ക് നൽകിയത്. ഇത് തെറ്റായ വിധിന്യായമായിരുന്നു എന്ന് ജഡ്ജിമാർ കണ്ടെത്തി വിധിച്ചു.

കർത്താവിൽ വാത്സല്യമുള്ളവരെ, പരാജയം ഉണ്ടായപ്പോഴാണ് ഈ സഭ വളർന്നിട്ടുള്ളത്. അതുകൊണ്ട് വ്യക്തിപരമായ കാര്യങ്ങളിലേക്ക് പ്രവേശിച്ച് ഈ ജനതയ്ക്കുവേണ്ട ഉയിരും ഉത്തേജനവും കൊടുക്കുന്നുവെന്നുള്ള ധാർമ്മികമായ ബാദ്ധ്യത നമുക്കിന്നുണ്ട്. അതിനെന്താണ് ചെയ്യേണ്ടതെന്ന് എന്നോട് ചോദിച്ചാൽ എനിക്ക് ഒരു നാലഞ്ചു കൂട്ടം കാര്യങ്ങൾ പറയുവാനുണ്ട്. അത് നിങ്ങൾക്ക് ഇഷ്ടമായാലും ഇല്ലെങ്കിലും പറയുവാൻ പോകുകയാണ്.

ഒന്ന്, കാതോലിക്കായുടെ കീഴിൽ രണ്ടു പാത്രിയർക്കീസന്മാരെ ഉടനെ വാഴിക്കണം. അത് അർമേനിയൻ സഭയിലും മറ്റു സഭയിലും ഉള്ള രീതിയാണ്.

രണ്ട്, ഭരണഘടനയിലെ ഒന്നാമത്തെ വകുപ്പിൽ പറയുന്ന അന്ത്യോക്യ എന്ന പദം അവിടെനിന്ന് എടുത്തു മാറ്റണം. നമുക്ക് ആവശ്യമുള്ള പദമല്ല ഇത്. 1934-ൽ ആ പദം ഉണ്ടായിരുന്നില്ല. പിന്നീട് അമ്പത്തിയൊന്നിലോ മറ്റോ ആണ് അത് കൂട്ടിച്ചേർത്തത്. അതിന് മലങ്കര അസോസിയേഷന്റെ തീരുമാനം ഉണ്ടായിരുന്നുവോ എന്നു ചോദിച്ചാൽ ഇല്ലായെന്നാണ് എന്റെ അറിവ്. ആർക്കെങ്കിലും വേറെ അറിവുണ്ടെങ്കിൽ അറിയിക്കുന്നത് നല്ലതാണ്. ഭരണഘടനയിലില്ലാത്ത ഒരു കാര്യം 51-ൽ കൂട്ടി

ച്ചേർത്തതിനു പിന്നിൽ ഒരു കാര്യം കൂടിയുണ്ടായിരുന്നു. കേസു വാദിക്കുന്ന സമയത്ത് പാത്രിയർക്കീസ് കക്ഷിയുടെ വക്കീലായ ബ്രാഡൽ കാതോലിക്കാ കക്ഷിയുടെ വക്കീലായ വെങ്കിട്ട രാമശാസ്ത്രിയോടു ചോദിച്ചു, നിങ്ങൾ അന്ത്യോക്യാ പാത്രിയർക്കീസ് എന്നു പറയാതെ വെറും പാത്രിയർക്കീസ് എന്നു പറയുന്നത് വെറും തട്ടിപ്പല്ലേ. അതു കാരണം ബലഹീനത ഉണ്ടാകരുതെന്നു കരുതി അദ്ദേഹം നമ്മളോടു പറഞ്ഞതിൻപ്രകാരമാണ് അന്ത്യോക്യയിലും മറ്റും അനവധി പാത്രിയർക്കീസ് ഉണ്ടല്ലോ, അതിലൊന്ന് വച്ചേക്കാൻ പറഞ്ഞു. അങ്ങനെ വച്ചെന്നാണ് എന്റെ അറിവ്. അതുകൊണ്ട് അത് മാറ്റണം.

മൂന്ന്, അന്ത്യോക്യയിൽ അല്ലെങ്കിൽ ദമസ്ക്കോസിൽ നമുക്കൊരു പാത്രിയർക്കീസ് ഉണ്ടാകണം. മലങ്കരസഭയെ അംഗീകരിക്കുന്ന ഒരു പാത്രിയർക്കീസ് ഉണ്ടായേ തീരൂ. ഇന്ന് മലങ്കരസഭയെ അംഗീകരിക്കുന്ന പാത്രിയർക്കീസ് ഇല്ല. അന്ത്യോക്യയിൽ പാത്രിയർക്കീസ് ഉണ്ടാകണം. അവിടെ ധാരാളം സ്ഥാനാർത്ഥികളെ കിട്ടും എന്നാണ് എനിക്ക് അറിയുവാൻ കഴിഞ്ഞിട്ടുള്ളത്. ഞാൻ ബാവാതിരുമേനിയോട് തമാശയായിട്ട് പറഞ്ഞിട്ടുണ്ട്. എനിക്കനുവാദം നൽകിയാൽ ഞാൻ ദമസ്ക്കോസിൽ പോയി പാത്രിയർക്കീസിനെ വാഴിച്ചിട്ടു വരാമെന്ന്. ഇതൊരാവശ്യമാണ്. കാരണം രണ്ടു പാത്രിയർക്കീസ് ഉണ്ടായപ്പോഴാണ് നമുക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുള്ളത്. ഈ വിജയംകൊണ്ട് നമുക്കു ഗുണമുണ്ടായതുമില്ല. അല്ലെങ്കിൽ ഒരു കാലത്തും നമുക്കു ഗുണം ഉണ്ടാകുകയുമില്ല. അതുകൊണ്ട് രണ്ടു പാത്രിയർക്കീസന്മാരെ വാഴിച്ച് ഇവിടെ നമ്മൾ കിടന്ന് അടിക്കുന്നത് അവിടെ അവർ തമ്മിലാകണം. നമ്മൾ അടി തുടങ്ങിയിട്ട് നൂറു വർഷങ്ങളായി. അവർ തമ്മിൽ അടിക്കാനുള്ള ഒരു പദ്ധതി ഉണ്ടാക്കി അവർക്കു കൊടുക്കുകയാണ് വേണ്ടത്. അത് വളരെ അത്യാവശ്യമായ ഒരു സംഗതിയാണ്. ഒരു കാര്യം കൂടി ഞാൻ പറയുന്നത് ആർക്കെങ്കിലും ഇഷ്ടപ്പെട്ടില്ലെങ്കിൽ പുറത്തിറങ്ങുമ്പോൾ പറഞ്ഞാൽ മതി. ഇപ്പോൾ പറയേണ്ട.

നിയുക്ത ബാവായെ എത്രയും വേഗം കാതോലിക്കായായി അവരോധിച്ചുകൊണ്ട് ഈ സഭ മുമ്പോട്ടുപോകുവാൻ തയ്യാറാകണം. ഇത്രയും കാര്യങ്ങളാണ് ഭാവിയെ സംബന്ധിച്ച് ഞാൻ കാണുന്ന കാര്യങ്ങളായിട്ട് പറയുന്നത്.

ചരിത്രപഠിതാക്കൾക്ക് സഹായകരമാകുന്ന ഒരു കാര്യം കൂടി പറയുകയാണ്. 1653 മെയ് 22-ാം തീയതി പെന്തിക്കോസ്തി ദിനത്തിൽ മലങ്കരസഭയുടെ ഒരു പൊതുയോഗം ആലങ്ങാട് എന്നു പറയുന്ന പട്ടണത്തിൽ കൂടി. മലങ്കരസഭയ്ക്ക് ഒരു മെത്രാനെ തെരഞ്ഞെടുത്ത ആദ്യത്തെ സംഭവമായിരുന്നു അത്. മെത്രാനെ തെരഞ്ഞെടുത്തപ്പോഴാണ് വാഴിക്കാൻ

ഇവിടെ തിരുമേനി ഇല്ലാതിരുന്നതുകൊണ്ട് തൽക്കാലം അദ്ദേഹത്തിന് അധികാരം കൊടുത്ത് സഭയുടെ തലവനായിട്ട് അവർ അവരോധിച്ചത്. അങ്ങനെ അവരോധിക്കുന്നതിന് നമുക്ക് അവകാശം ഉണ്ടെന്ന് അന്ന് ഭാരതത്തിൽ ജയിലിൽ കിടന്ന അഹത്തുള്ളാ പാത്രിയർക്കീസ് ഒരു കൽപന കൊടുത്തയച്ചു. നിങ്ങൾക്ക് അതിന് അധികാരം ഉണ്ടെന്നും അതിനായി ഞങ്ങളെ കാത്തിരിക്കേണ്ടതില്ലെന്നുമായിരുന്നു ആ കൽപനയിലെ സാരാംശം. ആ കൽപന തലയിൽ വച്ചുകൊണ്ടാണ് ഒന്നാം മാർത്തോമ്മായെ തലവനായിട്ട് അവരോധിച്ചത്. ഇന്നും ഇന്നലെയും നേടിയ സ്വാതന്ത്ര്യമല്ലയിത് എന്നു നാം മനസ്സിലാക്കണം. അതുപോലെയുള്ള ഒരു കൽപനയാണ് അബ്ദുൾ മിശിഹാ പാത്രിയർക്കീസ് ഇവിടെ വന്നപ്പോൾ നൽകിയത്. നിങ്ങളുടെ ഒരു കാതോലിക്കാ കാലം ചെയ്താൽ മറ്റൊരാളെ ആ സ്ഥാനത്തേക്ക് വാഴിക്കാനുള്ള അധികാരവും അതു നൽകുന്നുണ്ട്.

കർത്താവിൽ വാത്സല്യമുള്ളവരെ, അവസാനമായി ഒരു കാര്യം കൂടി ഞാൻ പറയുന്നു. പരാജയപ്പെടുമ്പോൾ പാട്ടുപാടുവാൻ കഴിയുന്നവരാണ് നേതാക്കന്മാരെന്ന് ഒസ്താത്തിയോസ് തിരുമേനി ജോർജ് അച്ചനായിരുന്നപ്പോൾ പറയുമായിരുന്നു. അതിൽ അദ്ദേഹം അവസാനമായി ഉപയോഗിച്ചിരുന്ന ഒരു ശൈലിയുണ്ട്. ആടുന്ന കമ്പിൽ പാടുന്ന പൈങ്കിളിയാണ് ദൈവത്തിൽ ആശ്രയിക്കുന്ന ആൾ എന്ന്. ഇത് ഇപ്പോൾ പറയുവാൻ വേറൊരു കാര്യവുമുണ്ട്. ഞാൻ എപ്പോൾ പ്രസംഗിച്ചാലും ഇറങ്ങിവരുമ്പോൾ അദ്ദേഹം പറയും, ഈ കേസു കാര്യമേയുള്ളോ പറയുവാനെന്ന്. ഈ പ്രാവശ്യം ഇത്തിരി മയപ്പെട്ടോട്ടെയെന്നു വിചാരിച്ചു അദ്ദേഹത്തെ ഉദ്ധരിച്ചുവെന്നേയുള്ളു.

ആടുന്ന കമ്പിലെ പാടുന്ന ഒരു പൈങ്കിളിയായിരുന്നു വട്ടശ്ശേരിൽ തിരുമേനിയെന്ന വലിയ സത്യം നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് സഭയ്ക്ക് ഒരു പുതിയ ജീവനും ഉത്തേജനവും നൽകുവാൻ ഞങ്ങളെ സഹായിക്കണമേയെന്ന് നിങ്ങൾ പ്രാർത്ഥിക്കണം എന്നു മാത്രം അപേക്ഷിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനെന്നു പറയാൻ ഞങ്ങളുടെ നാവു വഴങ്ങില്ല: ഡോ. ബാബു പോൾ

ബാർ ഈത്തോ ബാബു പോൾ പാത്രിയർക്കീസ് കക്ഷിയുടെ വലിയ നേതാവും പാത്രിയർക്കീസു ബാവായുടെ മലങ്കരയിലെ ഏജന്റും ഒക്കെ ആയി മെത്രാന്മാരെ അടക്കിഭരിച്ചിരുന്ന ഒരു കാലത്ത്, താൻ സഭാ സമാധാനത്തിനു നിശ്ചയിച്ച ദിവസത്തിനകം സമാധാനമായില്ലെങ്കിൽ ഓർത്തഡോക്സ് പക്ഷത്തേക്കു മാറുമെന്ന് ശ്രേഷ്ഠബാവായ്ക്കു അന്ത്യശാ

സനം നൽകി. ബാബുവിന്റെ ഉഗ്രശാസനം നടന്നില്ല, സഭായോജിപ്പ് ശ്രേഷ്ഠബാവായുടെ അജണ്ടായിൽ ഇല്ലായിരുന്നു. ഉടനെ അദ്ദേഹം ഓർത്തഡോക്സ് കൂടാരത്തിൽ ഓടിയണഞ്ഞ് കുറെനാൾ വിശ്രമിച്ചു. പക്ഷേ ഓർത്തഡോക്സ് സഭ, മെത്രാന്മാരോടൊപ്പം കസേരയിൽ ഇരുത്തി ഓക്സിയോസ് വിളിക്കാൻ തയ്യാറായില്ല. ഒരു സുപ്രഭാതത്തിൽ അദ്ദേഹം വീണ്ടും തകിടം മറിഞ്ഞു, ശ്രേഷ്ഠബാവായുടെ പാദത്തിൽ എത്തി "ഞാൻ പിഴയാളി ചൊല്ലി" വീണ്ടും പഴയ കൂട്ടിൽ തന്നെ തുടരുന്നു, അടുത്ത മറിച്ചിൽ വരെ. ഇത് ബാറീത്തോയുടെ സഭാ നിലപാട്.

ഇനി രാഷ്ട്രീയ നിലപാടു കൂടെ അറിഞ്ഞിരിക്കുന്നതു കൊള്ളാം. ഒരു കാലത്ത് കുറുപ്പംപടി പൗലോസ് കോർഎപ്പിസ്കോപ്പായുടെ ഐ.എ.എസ്. മോൻ തികഞ്ഞ കോൺഗ്രസ് വക്താവായി പ്രത്യക്ഷപ്പെട്ടിരുന്നു. അനുജൻ റോയി പോൾ ഐ.എ.എസ്. വടക്കേ ഇന്ത്യയിൽ സേവനം അനുഷ്ഠിച്ചശേഷം റിട്ടയർ ചെയ്തിട്ടു പോലും ഇന്ത്യാ ഗവണ്മെന്റ് അദ്ദേഹത്തിന്റെ സേവനം തുടർച്ചയായി ഉപയോഗപ്പെടുത്തിയിരുന്നു.

ബാബു പോൾ കളക്ടറായി, സെക്രട്ടറിയായി, അസി. ചീഫ് സെക്രട്ടറിയായി കേരളത്തിൽ തുടർന്നു. പക്ഷേ കമ്മ്യൂണിസ്റ്റ് ഭരണം വന്നതോടെ ബാബു പോൾ, അവർക്ക് കണ്ണിലെ കരടായിത്തീർന്നു. ഏതായാലും ബാർ ഈത്തോയുടെ സർക്കാർ സേവനത്തിന്റെ അന്ത്യം അത്ര ശുഭപര്യവസായി ആയിരുന്നില്ലത്രെ. പിന്നീട് ബാബു പോളിനെ ജനം കാണുന്നത് ക്രൈസ്തവ മതത്തിനു ഭീഷണിയായി ഇന്ത്യയിൽ അറിയപ്പെടുന്ന ബി.ജെ.പി. എന്ന രാഷ്ട്രീയ സംഘടനയുടെ വക്താവായിട്ടാണ്. ബി.ജെ.പി. സ്ഥാനാർത്ഥിയായി തിരുവനന്തപുരത്തു നിന്നു തോറ്റ ഒ. രാജഗോപാലിന്റെ ഇലക്ഷൻ മാനേജരോ മറ്റോ ആയിട്ട് തിരുവനന്തപുരം നിവാസികൾ അദ്ദേഹത്തെ കണ്ടു.

ഓർത്തഡോക്സ് ദൈവശാസ്ത്ര പാണ്ഡിത്യം ഉള്ള ഈ സഭാപുത്രൻ പട്ടക്കാരനായി സഭാസേവനരംഗത്തു വരുമെന്ന് പ്രതീക്ഷിച്ചവർക്കും അങ്ങനെ പറഞ്ഞു പ്രചരിപ്പിച്ചവർക്കും തെറ്റിപ്പോയി എന്ന് അദ്ദേഹം പിന്നീടു തെളിയിച്ചു.

അങ്ങനെ "സഭാകാര്യത്തിലായാലും രാഷ്ട്രീയ രംഗത്തായാലും അഭിപ്രായസ്ഥിരതയില്ലാത്ത ആളെന്ന്" താൻ ഇപ്പോൾ കൂടിനടക്കുന്ന വിഘടിത വിഭാഗത്തെക്കൊണ്ടുതന്നെ പറയിപ്പിക്കാൻ ഇടനൽകിയ ബാബു പോൾ ഈയിടെ നടത്തിയ ഒരു പത്രസമ്മേളനത്തിലാണ് സഭായോജിപ്പിനെക്കുറിച്ചും, മഹാപരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയെക്കുറിച്ചും തന്റെ മനസ്സിലിരിപ്പ് പുറത്തുവിട്ടത്. ഇപ്പോൾ ശ്രേഷ്ഠബാവായുടെ

മാസ്മരക്കൂട്ടിൽ കയറി പുത്തൻകുരിശിലേക്കു ചരിഞ്ഞു നിൽക്കുന്ന സാഹിത്യകാരനും പ്രഗത്ഭ വാഗ്മിയും ഒക്കെയായ ബാബു പോളിനോട് അദ്ദേഹത്തിന്റെ ജന്മദിന ജൂബിലിയോടു ചേർന്നു നടത്തിയ പത്രസമ്മേളനത്തിൽ മാധ്യമപ്രവർത്തകർ ചോദിച്ചു: ഓർത്തഡോക്സ്-യാക്കോബായ സഭകളുടെ യോജിപ്പിനു ഇനി എന്തെങ്കിലും സാധ്യതകളുണ്ടോ? അതിനുത്തരമായി ബാബു പറഞ്ഞതാവിത്:

"സഭയുടെ യോജിപ്പിനുള്ള സാധ്യത എല്ലാവരും കൂടി കളഞ്ഞു കുളിച്ചു. 1995-ലെ സുപ്രീംകോടതിവിധി വന്നു കഴിഞ്ഞപ്പോൾ അന്ത്യോകൃാ പാത്രിയർക്കീസ് ആ വിധി പൂർണ്ണമായി - ജയിച്ചതും തോറ്റതുമായ അംശങ്ങൾ - അംഗീകരിക്കുന്നു എന്നൊരു കൽപ്പന പുറത്തിറക്കിയതാണ്. ആ കൽപ്പനയുടെ അർത്ഥമെന്താണ്? 'മാത്യൂസ് രണ്ടാമൻ ആണ് കാതോലിക്കാ എന്ന് സുപ്രീംകോടതി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു' എന്നാണ്. സിംഹാസനപ്പള്ളികളും ഹോണാവർ മിഷനും പൗരസ്ത്യ സുവിശേഷ സമാജവും ഒഴിച്ചുള്ള പള്ളികളിൽ 1934-ലെ ഭരണഘടന അനുസരിച്ചു മാത്രമേ ഭരിക്കാൻ പാടുള്ളൂ എന്ന വിധി ഞാൻ അംഗീകരിച്ചിരിക്കുന്നു. എന്റെ മലങ്കരസഭയുമായുള്ള ബന്ധം ഭരണഘടനയനുസരിച്ച് നിർവ്വഹിക്കപ്പെടേണ്ടതാണെന്ന് ഞാൻ അംഗീകരിക്കുന്നു!! ഇത്രയും സത്യവാങ്മൂലമായി പറയുന്നതിനു പകരം പാത്രിയർക്കീസ് ബാവാ ഒരു കാര്യം മാത്രം പറഞ്ഞു, "1995-ലെ സുപ്രീംകോടതിവിധിയിൽ പറഞ്ഞിരിക്കുന്ന, നമുക്കനുകൂലവും പ്രതികൂലവുമായ എല്ലാ കാര്യവും ദൈവം പറഞ്ഞതാണെന്ന് വിചാരിച്ച് ഞാൻ ഇതിനാൽ അംഗീകരിച്ചിരിക്കുന്നു."

ഇതിനോട് പ്രതികരിക്കാനുള്ള ബുദ്ധി കോട്ടയത്തുള്ളവർക്ക് ഉണ്ടായില്ല. അല്ലെങ്കിൽ അന്ന് പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമായിരുന്നു. മൂന്നു ജഡ്ജിമാർ കൂടുന്ന ഒരു ബഞ്ചിൽ ഒരു ജഡ്ജി അഭിപ്രായ വ്യത്യാസം രേഖപ്പെടുത്തിയാൽ അതിന് അക്കാദമിക് വില അല്ലാതെ മറ്റൊരു വിലയുമില്ല. കോട്ടയത്തുള്ള ചില സഭാനേതാക്കന്മാർ സഭാകേസിലെ ഇത്തരമൊരു വ്യത്യാസം പൊക്കിപ്പിടിച്ചുകൊണ്ടു നടന്നത് തെറ്റായിപ്പോയി. നിയമത്തിൽ പി.എച്ച്.ഡി. എടുക്കുന്നവർക്കും മലങ്കരസഭയുടെ ചരിത്രത്തിൽ ഗവേഷണം നടത്തുന്നവർക്കും ഈ വിഭിന്നാഭിപ്രായം സഹായകമാകാം എന്നല്ലാതെ അതിന് ഒരു കടലാസിന്റെ വില പോലുമില്ല. ഇത്തരമൊരു വിധിപകർപ്പ് വച്ചുകൊണ്ട് തർക്കിക്കാൻ പോയത് വലിയ തെറ്റാണ്.

ഇങ്ങനെ ഒരു വിധിയുണ്ടായപ്പോൾ തന്നെ പാത്രിയർക്കീസ് ബാവാ എന്നോടു ചോദിച്ചതാണ്, "തന്റെ നിലപാട് അറിയിച്ച് ഒരു കോപ്പി

മാത്യൂസ് രണ്ടാമൻ ബാവായ്ക്കു അയയ്ക്കേണ്ടേ" എന്ന്. ഞാനാണ് ബാവായോടു പറഞ്ഞത്.

ഏറെ നാളുകൾക്കു മുമ്പ് ഞാൻ മാത്യൂസ് രണ്ടാമൻ ബാവായോട് പറഞ്ഞു, "അങ്ങയുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ സഭാപ്രശ്നം പരിഹരിക്കുമായിരുന്നു" എന്ന്. "നീ എന്തു ചെയ്യുമായിരുന്നു" എന്നു ബാവാ ചോദിച്ചപ്പോൾ "സുപ്രീംകോടതിവിധി വന്നതിന്റെ പിറ്റെദിവസം ഞാൻ എന്റെ കാറും എടുത്ത് പൗലോസ് രണ്ടാമൻ ബാവാ താമസിക്കുന്നിടത്തു ചെല്ലുമായിരുന്നു. അദ്ദേഹത്തെ കണ്ട് കാര്യങ്ങൾ ചർച്ച ചെയ്യുമായിരുന്നു. സുപ്രീംകോടതി എന്തു പറഞ്ഞാലും എന്നെക്കാൾ രണ്ടുവർഷം മുമ്പു മെത്രാനായതാണ് അങ്ങ്. അതുകൊണ്ട് ആ ബഹുമാനങ്ങളൊക്കെ ഞാൻ അങ്ങേയ്ക്ക് തരാതിരിക്കില്ല. അങ്ങേയ്ക്ക് എന്താണ് വേണ്ടത്? എന്റെ കൂടെ ദേവലോകത്ത് താമസിക്കണമെങ്കിൽ അതുമാകാം. ഞാൻ എന്തു കാര്യവും അങ്ങയോടു ചോദിച്ചേ ചെയ്യുകയുള്ളു. അടുത്ത പ്രാവശ്യം മുതൽ സിനഡിൽ വരണം. ഞാനായിരിക്കും അദ്ധ്യക്ഷനെങ്കിലും അങ്ങ് ഇടതുവശത്തിരിക്കണം." ഇങ്ങനെ ഒക്കെ പറഞ്ഞു കാര്യങ്ങൾ ബോദ്ധ്യപ്പെടുത്താമായിരുന്നു എന്നു പറഞ്ഞു.

"നിനക്ക് അതിനു സ്വാതന്ത്ര്യമുണ്ട്. എനിക്കതില്ലല്ലോ" എന്നായിരുന്നു ബുദ്ധിമാനായ ബാവായുടെ മറുപടി. ബാവായുടെ കൂടെ നിൽക്കുന്നെന്നു പറയുന്ന ചില ആളുകൾ കൂടിയാണ് പ്രശ്നങ്ങൾ വലുതാക്കുന്നത്. ഇനിയിപ്പോൾ രണ്ടു സാധ്യതകളേയുള്ളു. ദേവലോകത്തെ ബാവാ കഴിഞ്ഞ ദിവസം ഇതു സംബന്ധിച്ചു പറഞ്ഞ കാര്യങ്ങൾ ശ്രദ്ധേയമാണ്. സഭാനേതൃതലത്തിൽ പ്രശ്നപരിഹാര മാർഗ്ഗങ്ങൾ തേടാതെ പ്രാദേശിക തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് ഒരു നിർദ്ദേശം. ഇത് പരീക്ഷിക്കാവുന്നതാണ്.

..... കത്തോലിക്കാസഭ പോലെ രണ്ടു റീത്തായി ഓർത്തഡോക്സുകാരും യാക്കോബായക്കാരും നിൽക്കുന്നതിൽ തെറ്റില്ല. കത്തോലിക്കാസഭയിൽ വിശ്വാസപ്രമാണം പോലും രണ്ടു രീതിയിലാണല്ലോ ചൊല്ലുന്നത്. അതുപോലെ വട്ടശ്ശേരിൽ തിരുമേനി പരിശുദ്ധനാണെന്ന് പറയാൻ ഞങ്ങളുടെ നാക്കു വഴങ്ങില്ല. രണ്ടു റീത്തായി സഭകൾ നിന്നാൽ എല്ലാ ശുശ്രൂഷകൾക്കും പരസ്പരം സഹകരിക്കാനാവും. അൽഫോൻസാമ്മയുടെ കബറിങ്കൽ സൂസപാക്യം തിരുമേനിയും ബസ്സേലിയോസ് ക്ലീമിസ് തിരുമേനിയും കുർബ്ബാന ചൊല്ലും. അത് സീറോ മലബാറുകാരുടെ പള്ളിയാണ്. ഈ ഒരവസ്ഥയിലേക്ക് ഓർത്തഡോക്സ് - യാക്കോബായ സഭകൾക്ക് വരാനാകും."

പ. വട്ടശ്ശേരിൽ തിരുമേനി പരിശുദ്ധനാണെന്ന് പറയാൻ നാവു വഴ

ങ്ങാത്ത ബാബു പോൾ വിശ്വസിക്കുന്ന കാര്യങ്ങൾ തുറന്നു പറയാനും മടിക്കാറില്ല. ചെറുപ്പം മുതൽ കണ്ടതും കേട്ടതും പഠിച്ചതുമായ കാര്യങ്ങൾ ഹൃദയത്തിൽ പതിഞ്ഞിട്ടുണ്ടാവും. പിൽക്കാലത്തുണ്ടായ അക്കാദമിക് അറിവുകളും സഭാതലത്തിലുണ്ടായ തിരിച്ചറിവുകളും ചെറുപ്പത്തിൽ ലഭിച്ച അറിവുകളെ അതിജീവിക്കാൻ കഴിവുള്ളവയായിരിക്കാനിടയില്ല. ഈയിടെ കോലഞ്ചേരി പള്ളിപ്രശ്നങ്ങൾക്കു മദ്ധ്യേ അദ്ദേഹം എഴുതിയ "തർശീശിൽ പോൾ, തോട്ടത്തിൽ രാധാകൃഷ്ണൻ" എന്ന ലേഖനത്തിൽ എഴുതി, "കോലഞ്ചേരി രോഗമല്ല, രോഗലക്ഷണമാണ്. അതുകൊണ്ട് ആ പ്രശ്നം അവിടെ തീർന്നാലും അതേ പ്രശ്നം നാളെ മറ്റൊരിടത്ത് ഉയിരെടുക്കും. അതുകൊണ്ടാണ് കേസുകൾ വഴി തീരുകയില്ലെന്ന് ബോധ്യപ്പെട്ട ഹൈക്കോടതി ചർച്ചകൾ നിർദ്ദേശിച്ചത്. സുപ്രീംകോടതി എല്ലാം പരിഹരിച്ചു എന്നായിരുന്നു 1958-ൽ കേട്ടത്. 1973-ൽ സബ്ക്കോടതിയിൽ വീണ്ടും തുടങ്ങി. 1995-ൽ ഇരുകൂട്ടർക്കും ചില സൗജന്യങ്ങളും ചില വിജയങ്ങളും നൽകിയ മറ്റൊരു വിധി സുപ്രീം കോടതി പുറപ്പെടുവിച്ചു. ഇത് 2011, 16 കൊല്ലം വഞ്ചി തിരുനക്കര വിട്ടിട്ടില്ല എന്നല്ല, അവിടെ നിലത്തിരുന്നതിനെ പൊക്കി തെങ്ങിന്റെ മണ്ടയിലാക്കി എന്നതാണവസ്ഥ. ....."

അദ്ദേഹം തുടരുന്നു, "കേരളത്തിൽ "ഓട്ടോസിഫാലി" എന്ന പദം എഴുപതുകളിലാണ് ആദ്യം പ്രയോഗിക്കപ്പെട്ടത്. വിശ്വപ്രശസ്ത ദാർശനികനും പണ്ഡിതനുമായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് വിദേശസഞ്ചാരമൊക്കെ മതിയാക്കി കോട്ടയത്തെ വൈദിക പാഠശാലയുടെ അഗ്രാസനാധിപത്യം ഏറ്റെടുത്തപ്പോൾ പ്രചരിപ്പിച്ചതാണ് ഈ പദം. അദ്ദേഹം ഈ വിഷയം മനോരമയിലെ വിദ്വൽ സദസ്സിൽ വിശദീകരിക്കുമ്പോൾ അക്കാലത്ത് കോട്ടയം കളക്ടറായിരുന്ന ഞാനും സന്നിഹിതനായിരുന്നു. അതുവരെ 'ഓട്ടോണമസ്' എന്ന് പ്രോയോഗിച്ചു വന്നത് ഓട്ടോസിഫാലസ് എന്നാക്കി മാറ്റിയ അദ്ദേഹത്തിന്റെ റഷ്യൻ ആഭിമുഖ്യം, ഇന്ദിരാഗാന്ധി അദ്ദേഹത്തെ മോസ്കോയിലേക്ക് അംബാസഡർ ആക്കാൻ വരെ ആലോചിച്ചതാണ്. ബൈസന്റയിൻ സഭാ സിദ്ധാന്തങ്ങൾ കേരളത്തിലെ സഭയിൽ പ്രചരിക്കാൻ ഇടയാക്കുകയും ചെയ്തു."

ലേഖനം തുടരുന്നു, "വടക്കൻ പ്രദേശത്തെ യാക്കോബായക്കാർ 17-ാം നൂറ്റാണ്ടിനു മുമ്പ് അന്ത്യോക്യാ ബന്ധം ഇല്ലായിരുന്നെന്നോ 18-ാം നൂറ്റാണ്ടിലാണ് പാശ്ചാത്യ സുറിയാനി ഇവിടെ പ്രചരിച്ചതെന്നോ ഒക്കെ പറയുന്നത് അവർ ശ്രദ്ധിക്കയില്ല. അവർക്ക് അന്ത്യോക്യാ ഒരു വികാരമാണ്. വിചാര വ്യത്യാസങ്ങൾ ബൗദ്ധിക വ്യായാമം കൊണ്ടു തിരിച്ചറിയാവുന്നതും തിരുത്താവുന്നതുമാണ്. വികാരത്തെ മാനിക്കുകയല്ലാതെ വിചാരംകൊണ്ട് തിരുത്താൻ ശ്രമിക്കുന്നത് ആകാശകുസുമം അടർത്തി

എടുക്കാൻ ശ്രമിക്കുന്നതുപോലെയോ കരടിക്കു സാമ്പാർസാദം വച്ചു വിളമ്പുന്നതുപോലെയോ ഒക്കെ വൃഥാ വ്യായാമമാണ്....”

ഈ ലേഖനത്തിൽ ഞാൻ അടിവരയിട്ടിരിക്കുന്ന ഓരോന്നും ഉള്ളിൽ വിഷം നിറച്ചു വച്ചിരിക്കുന്ന ഗുളികകളാണ്. അവ ഓരോന്നും സാധാരണക്കാരനായ മനുഷ്യന്റെ കണ്ണിൽ പൊടിഇടാൻ ഉതകുന്നതാകകൊണ്ട് പ്രത്യേകം ചർച്ച ചെയ്തു വിമർശന വിഷയം ആക്കേണ്ടവയാണെങ്കിലും വിസ്തരഭയത്താൽ ചുരുക്കി പറയട്ടെ.

ഇവിടെ വികാരജീവികളായ വടക്കൻ യാക്കോബായക്കാരനായ ബാബു പോൾ – ആ കരടിയുടെ മുന്നിൽ “ഓട്ടോസിഫാലി” എന്ന സാമ്പാർസാദം വിളമ്പുന്നതു മൗഢ്യമാണെന്നറിയാം. അദ്ദേഹത്തിന് ‘അന്ത്യോക്യാ’ എന്ന പദം ഒരു വികാരവും ബലഹീനതയും ആണെന്നുമറിയാം. അദ്ദേഹത്തിന് അന്ത്യോക്യാബന്ധം മലങ്കരയിൽ ഒന്നാം നൂറ്റാണ്ടിൽ തന്നെ ഉണ്ടായതാണെന്നോ മാർത്തോമ്മാശ്ലീഹായെ അന്നു ഇന്ത്യയ്ക്കു അയച്ചത് അന്ത്യോക്യാ പാത്രിയർക്കീസാണെന്നോ ഒക്കെ വികാരപരമായി വിശ്വസിക്കാൻ അവകാശമുണ്ട്.

പക്ഷേ ഒന്നാം നൂറ്റാണ്ടിൽ രൂപവൽക്കരിച്ച അപ്പോസ്തോലിക സഭകൾ സ്വീകരിച്ച ക്രൈസ്തവ സിദ്ധാന്തമായ “ഓട്ടോസിഫാല” എന്ന പദം റഷ്യൻ ആഭിമുഖ്യമുള്ള ആളെന്ന് ബാബു പോൾ കരുതുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് റഷ്യയിൽ നിന്നോ മറ്റു ബൈസന്റിയൻ ബന്ധത്തിൽനിന്നോ കൊണ്ടുവന്ന് കോട്ടയത്തു മനോരമ ഹാളിൽ അന്നത്തെ കോട്ടയം കളക്ടറുടെ മുമ്പിൽ വിതച്ച ഒരു നൂതന വിത്താണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നത് ബാബു പോളിന്റെ ഒരു ബൗദ്ധിക വ്യായാമം മാത്രമാണ്. ഓട്ടോസിഫാലെ എന്ന ഒന്നാം നൂറ്റാണ്ടിൽ രൂപവൽക്കരിച്ച ക്രൈസ്തവസിദ്ധാന്തം ബൗദ്ധിക വ്യായാമം കൊണ്ടു തിരുത്താൻ ശ്രമിക്കുന്നത് ആകാശ കുസുമം അടർത്തിയെടുക്കാൻ ശ്രമിക്കും പോലെയാണെന്ന് ഏറെക്കാലം സിറിയൻ പാത്രിയർക്കീസിന്റെ ഓട്ടോണമസ് റീത്തിൽ ജനിച്ചു ജീവിച്ച ബാബുവിനു നന്നായിട്ടറിയാം. ആ വികാരം അങ്ങനെ തന്നെ ഇരുന്നോട്ടെ.

ഇന്നും ബാബു പോളിനെപ്പോലെ അന്ത്യോക്യാ പാത്രിയർക്കീസിനോടുള്ള ഭക്തി മനസ്സിൽ സൂക്ഷിക്കുന്നവരും പാത്രിയർക്കീസിനോടുള്ള ബന്ധം നിലനിർത്തണമെന്നാഗ്രഹിക്കുന്നവരും മലങ്കരസഭയിൽ ഉണ്ടെന്നുള്ളതാണ് സഭയുടെ ഗതികേട്. ഈ അന്ത്യോക്യാ ഭക്തി ഇന്നും സഭയിൽ ചില ഇടങ്ങളിലും ചില നേതാക്കന്മാരുടെ മനസ്സിലും നിലനിൽക്കുന്നതാണ് കർശനമായ നടപടികൾ എടുത്ത് ആ ബന്ധം അറുത്തു മുറിക്കുന്നതിൽ നിന്നു നേതൃത്വത്തെ പിന്തിരിപ്പിക്കുന്നത്.

ചരിത്രപരമായി നോക്കുമ്പോൾ ഒരു കാലത്തും അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഭരണപരമായ അധികാരം മലങ്കരസഭയുടെ മേൽ ഉണ്ടായിരുന്നിട്ടില്ല. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും സഭയിൽ നടന്ന ചില പ്രത്യേക സംഭവ വികാസങ്ങളുടെയും വ്യവഹാരങ്ങളുടെയും പശ്ചാത്തലത്തിൽ സുറിയാനിസഭ ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന സഭയാണെന്നും അന്ത്യോക്യാ പാത്രിയർക്കീസ് അതിന്റെ പ്രധാന അദ്ധ്യക്ഷനാണെന്നും മലങ്കരസഭ ആ ആകമാന സഭയുടെ ഒരു വിഭാഗമാണെന്നും ഒക്കെയുള്ള ധാരണകൾ മലങ്കരസഭയിൽ പ്രചരിച്ചു. അങ്ങനെ ആ പാത്രിയർക്കീസ് ഈ സഭയുടെ അവിഭാജ്യ ഘടകമായിത്തീർന്നു എന്ന് ചിന്തിക്കാൻ തുടങ്ങി. ആ വിധത്തിൽ ഇവിടത്തെ ഭരണഘടനയിൽ എഴുതി ചേർക്കുകയും ചെയ്തു.

1934-ൽ സഭാഭരണഘടന ഉണ്ടാക്കുമ്പോഴും പാത്രിയർക്കീസ് മലങ്കരസഭയുടെ അവിഭാജ്യഘടകമാണെന്നുള്ള മനസ്ഥിതിയായിരുന്നു ഇവിടെ പലരിലും ഉണ്ടായിരുന്നത്. അതുകൊണ്ടാണ് ആവശ്യമില്ലാത്ത ഒരു സ്ഥാനം പാത്രിയർക്കീസിന് ഭരണഘടനയുടെ ഒന്നാം വകുപ്പിൽ കൽപ്പിച്ചു കൊടുത്തത്. ഇന്ന് മലങ്കരസഭ അഭിമുഖീകരിക്കുന്ന ഒരു വലിയ വിനയും ആ വകുപ്പാണ്. അതിന്റെ ദുർവ്യാഖ്യാനത്തിലാണ് പാത്രിയർക്കീസ് ഇന്ത്യൻ സഭയുടെ പ്രധാന മേൽസ്ഥാനിയാണെന്നും മറ്റും പറയുന്നത്. നിയമപരമായോ ന്യായമായോ ചരിത്രപരമായോ അന്ത്യോക്യാ പാത്രിയർക്കീസിനു കിട്ടേണ്ട ഒരു സ്ഥാനമല്ല അത്. ഭൂമിശാസ്ത്രപരമായും ചരിത്രപരമായും ഇന്ത്യൻ ഓർത്തഡോക്സു സഭയും അന്ത്യോക്യൻ സഭയും അതിൽ ഒന്നിന്റെ തലവൻ മറ്റേതിന്റെയും തലവനാണ് എന്നു പറയുന്നത് ഓർത്തഡോക്സ് സഭാശാസ്ത്രത്തിന് ചേർന്നതേയല്ല. അതുകൊണ്ട് സഭാ ഭരണഘടനയിൽ നിന്നും സഭയുടെ പൂർണ്ണ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയോ ഹനിക്കുകയോ ചെയ്യുന്ന ഇമ്മാതിരി വകുപ്പുകൾ എടുത്തു മാറ്റിക്കളയണം.

എ.ഡി. 52 മുതൽ 1876 വരെ അന്ത്യോക്യാ പാത്രിയർക്കീസ് എന്ന പദം പോലും ഇന്ത്യയിൽ കേട്ടിരുന്നില്ല. അദ്ദേഹത്തിന് ഇവിടെ യാതൊരു അധികാരവും ഇല്ലായിരുന്നു, ഇനി ഒരു അധികാരവും അനുവദിച്ചു കൊടുക്കാൻ സാധ്യവുമല്ല എന്ന് ശക്തമായ ഭാഷയിൽ പറയുവാനുള്ള തന്റേടമാണ് മലങ്കരസഭയ്ക്കുണ്ടാകേണ്ടത്. അത് ഉറക്കെ പ്രഖ്യാപിക്കാനുള്ള ഏറ്റവും അനുയോജ്യമായ സമയമാണിപ്പോൾ.

ഓറിയന്റൽ ഓർത്തഡോക്സ് കുടുംബം, ഗ്രീക്കു ഓർത്തഡോക്സ് കുടുംബം എന്നിവയിൽപെട്ട അനേകം ഓർത്തഡോക്സ് സഭകൾ ഇന്ന്

ലോകത്തെമ്പാടുമുണ്ട്. അതിൽ ഒരു സഭയ്ക്കുപോലും ഒരു വിദേശി അതിന്റെ തലവനായിട്ടില്ല. 19 നൂറ്റാണ്ടുകാലം മലങ്കരസഭയുടേയും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. അതിനുശേഷമാണ് പാത്രിയർക്കീസുമായി ഇത്തരത്തിലുള്ള ഒരു ബന്ധം നിർഭാഗ്യവശാൽ നമുക്കുണ്ടാകുന്നത്. പാത്രിയർക്കീസുമായുള്ള ഭരണപരമായ ബന്ധം പൂർണ്ണമായും വിഛേദിക്കുന്നതാണ് സഭാചരിത്രപരമായും വേദശാസ്ത്രപരമായും ശരിയായ നിലപാട്. ഇപ്പോൾ സിറിയായിലെ പാത്രിയർക്കീസും കേരളത്തിലെ അദ്ദേഹത്തിന്റെ അനുയായികളും, കോടതിവിധികളും ഭരണഘടനയും ലംഘിച്ച് പെരുമാറുന്നു. നാം വായ്കൊണ്ടുള്ള പ്രതിഷേധങ്ങൾ നിർത്തിയിട്ട് ആ പാത്രിയർക്കീസുമായിട്ടുള്ള എല്ലാ ബന്ധവും വിഛേദിച്ച് കർശനമായ ഒരു തീരുമാനം എടുത്ത് മലങ്കരസഭയെ മുന്നോട്ടു നയിക്കാൻ നമ്മുടെ പ. സുന്നഹദോസിനു കഴിയണം.

ആകമാന സുറിയാനിസഭ വെറും സങ്കൽപ്പം മാത്രമാണ്. സഭാപാരമ്പര്യങ്ങൾക്കും ചരിത്രത്തിനും വിരുദ്ധമായി എഴുപതുകളിൽ യാക്കൂബ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ ഉണ്ടാക്കിയ സങ്കൽപ്പ സൃഷ്ടിയാണ് ആകമാന സുറിയാനിസഭ എന്നത്. അതിനു മുമ്പ് ഇങ്ങനെ ഒരു പ്രയോഗം പൗരസ്ത്യ സഭാചരിത്രത്തിൽ കണ്ടിട്ടില്ല. മലങ്കരസഭയുടെ ഭരണഘടനയിൽ 108-ാം വകുപ്പിൽ പറയുന്ന ആകമാന സുറിയാനിസഭ എന്നത് സിറിയൻ സുന്നഹദോസല്ല, എല്ലാ ഓർത്തഡോക്സ് സഭകളും ഉൾപ്പെടുന്ന സാർവ്വത്രിക സുന്നഹദോസാണ്. ക്രൈസ്തവലോകത്ത് ആകെ "സുറിയാനി സഭ" എന്നറിയപ്പെടുന്ന 10 സഭകളാണുള്ളത്. അവയിൽ അഞ്ചെണ്ണം കത്തോലിക്കാ റീത്തുകളും മാർത്തോമ്മാ സഭ, തൊഴിയൂർ സഭ എന്നിവയും ഉൾപ്പെടുന്നു. ആകമാന സുറിയാനി സഭയിൽ ഈ സഭകളും ഉൾപ്പെടുന്നുണ്ടോ എന്ന് അന്ത്യോക്യൻ സഭ വ്യക്തമാക്കിയാൽ കൊള്ളാം. വിഘടിത വിഭാഗത്തിന്റെ സങ്കൽപ്പത്തിലുള്ള ആകമാന സുറിയാനി സഭയിൽ ആകെയുള്ള സുറിയാനിക്കാരിൽ പത്തു ശതമാനം പോലും കാണുകയില്ല.

ടൊറന്റോ പള്ളിയിൽ പാത്രിയർക്കീസു വിഭാഗക്കാരനായ ഒരച്ചനെ സിറിയൻ പാത്രിയർക്കീസ് നേരിട്ടു നിയമിച്ചതിനെക്കുറിച്ച് പ. സുന്നഹദോസിൽ നടത്തിയ പ്രസ്താവനയിലെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

അതിനു പിന്നാലെ പ. ദിദിമോസ് ബാവാ ആ പള്ളിയുടെ ഭരണം തിരിച്ചുപിടിച്ച് ഒരച്ചനെ നേരിട്ട് നിയമിക്കുന്ന കൽപ്പനയും ചേർത്തിരിക്കുന്നു.

ലോകമെമ്പാടുമുള്ള മലങ്കരസഭയുടെ ഇടവകകളിൽ കാതോലിക്കേറ്റിന്റെ അധികാരം ഉറപ്പിച്ചു പ്രഖ്യാപിക്കണം: ഡോ. തോമസ് മാർ മക്കാറിയോസ്

ടൊറന്റോ പള്ളിപ്രശ്നത്തിൽ സഭാഭരണഘടന അനുസരിക്കപ്പെടണം. ഔസേഫ് പാത്തിക്കൽ കോർഎപ്പിസ്കോപ്പായെ നിയമിച്ചത് ഇടവക മെത്രാപ്പോലീത്തായോ കാതോലിക്കായോ അല്ലാത്തതിനാൽ അദ്ദേഹം പള്ളിയിൽ പ്രവേശിക്കരുത്, സുന്നഹദോസ് തീരുമാനം നടപ്പാക്കണം, അന്ത്യോഖ്യാ പാത്രിയർക്കീസിന് അധികാരം സ്ഥാപിക്കുവാൻ അവസരം നൽകരുത്, സുന്നഹദോസ് അംഗങ്ങൾ വിഘടിത വിഭാഗത്തെ സഹായിക്കരുത്.

ടൊറന്റോ പള്ളിപ്രശ്നത്തെക്കുറിച്ച് ഇടവക മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് പ. സുന്നഹദോസിൽ നടത്തിയ പ്രസ്താവനയിലെ പ്രസക്ത ഭാഗങ്ങൾ.

മലങ്കര സഭാനേതൃത്വം അടിയന്തിരമായി ഇടപെട്ട് ശക്തമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ടൊറന്റോ പള്ളിപ്രശ്നം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ഡോ. തോമസ് മാർ മക്കാറിയോസ് മുന്നറിയിപ്പു നൽകുന്നു. ടൊറന്റോ പള്ളിയിൽ ഭിന്നിച്ചുനിൽക്കുന്ന വിഭാഗത്തിന് സഭയിലെ ഒരു മെത്രാപ്പോലീത്താ തന്നെ പിന്തുണ നൽകുന്നതായും ആരോപണം ഉണ്ട്. ഗുരുതരമായ അച്ചടക്കലംഘനം സഭയെ നശിപ്പിക്കുമെന്ന് മാർ മക്കാറിയോസ് പറഞ്ഞു. ടൊറന്റോ പള്ളിപ്രശ്നത്തെക്കുറിച്ച് ഡോ. തോമസ് മാർ മക്കാറിയോസ് പ. സുന്നഹദോസിൽ നടത്തിയ പ്രസ്താവനയിലെ പ്രസക്ത ഭാഗങ്ങൾ:

പ. കാതോലിക്കാബാവാ തിരുമേനി, അഭിവന്ദ്യ സഹോദര മെത്രാപ്പോലീത്താമാരെ, അത്യധികം ദുഃഖത്തോടും, അസഹ്യമായ വേദനയോടും അതിലെല്ലാം ഉപരിയായ ലജ്ജാഭാരത്തോടും കൂടിയാണ് പ. സുന്നഹദോസ് മുമ്പാകെ ചില സുപ്രധാന കാര്യങ്ങൾ ഞാൻ നിരത്തിവെയ്ക്കുന്നത്. ടൊറന്റോ സെന്റ് ഗ്രീഗോറിയോസ് ഇടവകയിലെ പ്രശ്നങ്ങളാണ് ഈ പ്രസ്താവനയുടെ മുഖ്യമായ അടിസ്ഥാനമെങ്കിലും മലങ്കരസഭയുടെ ഇപ്പോഴത്തെ ശോച്യമായ നിലവാരത്തിന്റെ ചില വശങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന വസ്തുതകളും അങ്ങിങ്ങായി ഇതിൽ ഉണ്ടായിരിക്കുമെന്നു കൂടി മുന്നമേ അറിയിക്കുന്നു.

വടക്കേ അമേരിക്കയിലെ നമ്മുടെ ആദ്യത്തെ പള്ളികളിലൊന്നായ ടൊറന്റോ സെന്റ് ഗ്രീഗോറിയോസ് ഇടവക അതിന്റെ ആരംഭകാലം മുതലെ മലങ്കരസഭാ ഭരണഘടനപ്രകാരം നടത്തപ്പെടുന്ന ഒരിടവക

യാണ്. ആ ഇടവകയുടെ സുഗമമായ നടത്തിപ്പിന് ഒരു കോർപറേഷൻ രൂപീകരിച്ചപ്പോൾ അതിന്റെ ബൈലോസ് (ഉപചട്ടങ്ങൾ) മലങ്കരസഭാ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് നിർമ്മിച്ചത്. മലങ്കരസഭയോട് ആഴമായ കൂറും മലങ്കരസഭാ ഭരണഘടനയോട് കലവറ കൂടാതെയുള്ള വിധേയത്വവും ഉള്ള ഒരു മാതൃകാ ഇടവകയായിട്ടാണ് ടൊറന്റോ സെന്റ് ഗ്രീഗോറിയോസ് ഇടവക അറിയപ്പെട്ടിരുന്നത്. എന്നാൽ സഭയോടും സഭയുടെ ഭരണഘടനയോടും അത്ര തന്നെ കൂറും വിധേയത്വവുമില്ലാത്ത ചുരുക്കം ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു. ടൊറന്റോ ഇടവക കാര്യങ്ങൾ നടത്തപ്പെടേണ്ടത് മലങ്കരസഭാ ഭരണഘടനയനുസരിച്ചല്ല, നേരെ മറിച്ച് കാനഡായിലെ കോർപറേഷൻ നിയമങ്ങളനുസരിച്ചായിരിക്കണം എന്നൊരു വാദഗതി അങ്ങനെയുള്ളവർ പ്രചരിപ്പിക്കാൻ തുടങ്ങി. കോർപറേഷൻ നിയമങ്ങളുടെ മറവിൽ താഴെപ്പറയുന്ന വാദഗതികളാണ് അവർ ഉന്നയിച്ചത്.

1. ഇടവകപ്പൊതുയോഗം വിളിച്ചുകൂട്ടാനുള്ള അധികാരം ഇടവക മാനേജിംഗ് കമ്മിറ്റിക്ക് (ബോർഡ് ഓഫ് ഡയറക്റ്റേഴ്സ്) ആയിരിക്കുന്നതാണ്.

2. ഇടവകപ്പൊതുയോഗം നടത്തുന്നതിന് വികാരിയുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കണമെന്നില്ല.

3. ഇടവക മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടുന്നതിനോ ഇടവകയുടെ ഭരണകാര്യങ്ങളിൽ ഇടപെടുന്നതിനോ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് നിയമപരമായ അധികാരം ഉണ്ടായിരിക്കുന്നതല്ല.

4. തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയംഗങ്ങളുടെമേൽ സസ്പെൻഷൻ മുതലായ ശിക്ഷണ നടപടികൾ എടുക്കുന്നതിന് മെത്രാപ്പോലീത്തായ്ക്കോ വികാരിക്കോ അധികാരമില്ല.

5. വികാരിയെ ആക്കുന്നതും നീക്കുന്നതും ഇടവക മാനേജിംഗ് കമ്മിറ്റിയുടെ അധികാരത്തിൽപെട്ട കാര്യങ്ങളാണ്.

മേൽപറഞ്ഞ വാദഗതികളൊന്നും ഇടവകയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും സ്വീകാര്യമായിരുന്നില്ല. അവർ സഭയോടുള്ള കൂറിലും സഭാഭരണഘടനയോടുള്ള വിധേയത്വത്തിലും ഉറച്ചുനിന്നു. ഇടവകപ്പൊതുയോഗത്തിലും ഇടവക മാനേജിംഗ് കമ്മിറ്റിയിലും നേടിയെടുക്കുവാൻ കഴിയാതിരുന്ന വാദഗതികൾ കോടതിവഴി നേടിയെടുക്കാമോ എന്നൊക്കെ പരീക്ഷിച്ച് നോക്കാനാണ് പിന്നീട് വിഘടിത കക്ഷികൾ ശ്രമിച്ചത്. അവർ കാനഡായിലെ കോടതിയിൽ മെത്രാപ്പോലീത്തായ്ക്കും സഭയ്ക്കുമെതിരെ കേസു നടത്തി. ആ കേസിലും പ്രതീക്ഷിച്ച വിജയം അവർക്കു ലഭിച്ചില്ല.

പ്രസ്തുത കേസിന്റെ വിധിയിലെ നിർദ്ദേശമനുസരിച്ച് മലങ്കരസഭാ ഭരണഘടനപ്രകാരം പൊതുയോഗം വിളിച്ചുകൂട്ടുന്നതിന് വികാരി നടപടികളെടുക്കുകയും സഭാഭരണഘടനയിലെ 12-ാം വകുപ്പനുസരിച്ച് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിനും വോട്ടുചെയ്യുന്നതിനും അർഹതയുള്ളവരുടെ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. കേസിൽ വിജയം ലഭിക്കാതെയും ഇടവകയിൽ ഭൂരിപക്ഷമില്ലാതെ വരികയും ചെയ്ത സാഹചര്യത്തിൽ പരിഭ്രാന്തരായി തീർന്ന വിഘടിതഗ്രൂപ്പ് വികാരി പ്രസിദ്ധപ്പെടുത്തിയ വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പാർശ്വവർത്തികളെന്ന് ഉറപ്പുണ്ടായിരുന്ന ചിലരുടെ പേരുകൾക്കൂടി ചേർക്കുന്നതിന് വികാരിയോ ഭദ്രാസന മെത്രാപ്പോലീത്തായോ അറിയാതെ ഗൂഢമായി ദേവലോകം അരമനയിലെത്തി ഏഴു പേരെ കൂടി ലിസ്റ്റിൽ ചേർക്കുന്നതിന് പ. കാതോലിക്കാ ബാവായിൽനിന്ന് ഒരു കൽപ്പന കരസ്ഥമാക്കുന്നതിൽ വിജയിച്ചു. പ്രസ്തുത കൽപ്പന പെട്ടെന്നു കോടതിയിൽ സമർപ്പിക്കുകയും അങ്ങനെ ഇടവകപ്പൊതുയോഗത്തിൽ ഒരു നേരിയ ഭൂരിപക്ഷം അവർക്ക് ഉറപ്പാകുകയും ചെയ്തു. ഈ ഏഴുപേരിൽ ചിലർ മറ്റു സഭകളിൽ കൂടി നടക്കുന്നവരും മറ്റു ചിലർ വരിസംഖ്യയും മറ്റു ഭോഗങ്ങളും കൊടുക്കാതെ കുടിശികയുള്ളവരും വേറെ ചിലർ ഇടവകയിൽ ചേർന്നിട്ട് മൂന്നു മാസം കഴിയാത്തവരും ആയിരുന്നു. ഭദ്രാസന മെത്രാപ്പോലീത്തായും ഇടവക വികാരിയും അറിയാതെ പ. ബാവാ തിരുമേനി അങ്ങനെ ഒരു കൽപ്പന കൊടുത്തതിന്റെ ഗൂഢരഹസ്യം ഇന്നും അജ്ഞാതമായിത്തന്നെ ഇരിക്കുന്നു. പ. ബാവായുടെ വാത്സല്യസമീപനവും ആർദ്രഹൃദയവും അവർ ചൂഷണം ചെയ്തതായിരിക്കാമെന്നല്ലാതെ മറ്റൊരു വിശദീകരണവും അതിനുണ്ടെന്ന് തോന്നുന്നില്ല.

മേൽപറഞ്ഞപ്രകാരം ലഭിച്ച നേരിയ ഭൂരിപക്ഷം ഉപയോഗിച്ച് കമ്മിറ്റിയിലും ഔദ്യോഗികസ്ഥാനങ്ങളിലും കയറിപ്പറ്റിയ വിഘടിതകക്ഷികൾ മലങ്കരസഭാ ഭരണഘടനയെ തൃണവൽഗണിച്ചുകൊണ്ട് ഇടവകയുടെ ഭരണകാര്യങ്ങളിൽ ഇടപെടുവാൻ തുടങ്ങി. മെത്രാപ്പോലീത്താ നിയമിച്ച വികാരിയുടെ കാലാവധി അവസാനിപ്പിച്ചിരിക്കുന്നു എന്ന് വികാരിക്ക് നോട്ടീസ് അയയ്ക്കുകയും വികാരിയുടെ ശമ്പളം കൊടുക്കാതിരിക്കുകയും വികാരിയെ കൂടാതെ ഇടവക മാനേജിംഗ് കമ്മിറ്റി വിളിച്ചുകൂട്ടുകയും ചെയ്തത് ഇവയിൽ ചിലത് മാത്രമായിരുന്നു. ഇവയെല്ലാം ഭരണഘടനാ വിരുദ്ധമായ നടപടികളാണെന്നും ആവർത്തിക്കരുതെന്നുമുള്ള മെത്രാപ്പോലീത്തായുടെ കൽപനയേയും, എല്ലാ കാര്യങ്ങളും മലങ്കരസഭാ ഭരണഘടനപ്രകാരം മാത്രം നടത്തിക്കൊള്ളണമെന്നുള്ള പ. ബാവായുടെ കൽപനയേയും ധിക്കരിച്ചുകൊണ്ട് വിഘടിതർ അവരുടെ അഹങ്കാര പ്രവൃത്തികൾ തുടരുകയുമാണ് ചെയ്തത്.

പുതിയ ഭരണസമിതിയേയും മറ്റും തെരഞ്ഞെടുക്കുന്നതിനുള്ള വാർഷികപ്പൊതുയോഗം 2003 സെപ്റ്റംബർ 14-ാം തീയതി കൂടുന്നതിന് നിശ്ചയിക്കുകയും മുറപ്രകാരമുള്ള അറിയിപ്പുകൾ വികാരി നടത്തുകയും ചെയ്തു. അതിനു ബദലായി സെക്രട്ടറി മറ്റൊരു പൊതുയോഗത്തിന് നോട്ടീസ് അയച്ചു. ഇത് ഭരണഘടനയുടെ കടുത്ത ലംഘനമാണെന്നും സെക്രട്ടറിയുടെ നോട്ടീസ് പിൻവലിക്കണമെന്നും മെത്രാപ്പോലീത്താ കൽപന അയച്ചു. ആ കൽപന സെക്രട്ടറി ധിക്കരിച്ചതിന്റെ പശ്ചാത്തലത്തിൽ മെത്രാപ്പോലീത്താ സെക്രട്ടറിയെ സസ്പെന്റ് ചെയ്യുകയും പ്രസ്തുത സസ്പെൻഷൻ ഇപ്പോഴും നിലവിലിരിക്കുകയും ചെയ്യുന്നുവെന്നുള്ള വിവരവും നിങ്ങളെ അറിയിക്കുന്നു. സെക്രട്ടറി നോട്ടീസ് അയച്ച നടപടി നിയമാനുസൃതമല്ലെന്നും അതിൻപ്രകാരമുള്ള യോഗം നടത്തരുതെന്നുമുള്ള പ. ബാവായുടെ കൽപനയെയും ധിക്കരിച്ച് ടൊറന്റൊ ഇടവകയുടെ പൊതുയോഗമെന്ന ഭാവേന വിഘടിതർ ഒരു യോഗം കൂടുകയും ചെയ്തു.

അതിനടുത്തുതന്നെ ഒരു ഞായറാഴ്ച പതിവുപോലെ വി. കുർബ്ബാന അർപ്പിക്കാൻ ചെന്ന വികാരി കണ്ടത് പള്ളിയുടെ പൂട്ടും താക്കോലും എല്ലാം മാറി വികാരിക്ക് പള്ളിയിൽ പ്രവേശിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമായിരുന്നു. 2003 സെപ്റ്റംബർ 14-ാം തീയതി വി. കുർബ്ബാന അർപ്പിക്കുവാനും പൊതുയോഗം നടത്തുവാനും എത്തിയ മെത്രാപ്പോലീത്തായെ തടയുകയും പള്ളി തുറന്നുകിട്ടാൻ കഴിയാതെ പോയ സാഹചര്യത്തിൽ പള്ളിയുടെ പോർച്ചിൽ നിന്നുകൊണ്ട് നമസ്കാരം നടത്തി പള്ളിക്ക് പുറത്തുവെച്ച് പോലീസ് സഹായത്തോടെ പൊതുയോഗം നടത്തുകയാണ് ചെയ്തത്. ഇതിനെ തുടർന്ന് വിഘടിത ഗ്രൂപ്പുകാർ പാത്രിയർക്കീസ് ഭാഗത്തെ ഒരു വൈദികനായ പാത്തിക്കൽ ഔസേഫ് കത്തനാരെ വരുത്തി അനധികൃതമായി പള്ളിയിൽ പ്രവേശിപ്പിച്ച് കർമ്മാദികൾ നടത്തുന്നതായിട്ടാണ് അറിയുന്നത്.

പാത്തിക്കൽ ഔസേഫ് കത്തനാരെ മലങ്കര മെത്രാപ്പോലീത്തായോ ഭദ്രാസന മെത്രാപ്പോലീത്തായോ നിയമിച്ചതല്ലെന്നും അദ്ദേഹം പള്ളിയിൽ പ്രവേശിക്കുന്നതും കർമ്മാദികൾ നടത്തുന്നതും അനധികൃതമായ പ്രവൃത്തികളാണെന്നും 2004 ഫെബ്രുവരിയിലെ പ. സുന്നഹദോസ് തീരുമാനിച്ചു. അതിനുശേഷമുണ്ടായ ഗൗരവതരങ്ങളായ ചില സംഭവവികാസങ്ങളിലേക്ക് വിരൽ ചൂണ്ടുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

2004 മെയ് മാസം 19-ാം തീയതി വിഘടിതർ കോടതിയിൽ സമർപ്പിച്ച ഒരു പെറ്റീഷനിൽ താഴെപ്പറയുന്ന കാര്യങ്ങൾ അടങ്ങിയിരിക്കുന്നു.

1. അന്ത്യോഖ്യാ പാത്രിയർക്കീസ് ഓർത്തഡോക്സ് സുറിയാനിസഭ

യുടെ പ്രധാന തലവനാണ്. കാതോലിക്കായുടെ അധികാരം സഭയുടെ കിഴക്കൻ ഭാഗങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണ്.

2. ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന തലവനായ അന്ത്യോഖ്യാ പാത്രിയർക്കീസ് 2004 മാർച്ച് 10-ാം തീയതിയിലെ കൽപന വഴിയായി പള്ളിയുടെ ആത്മീയ ഭരണാധികാരം ഏറ്റെടുക്കുകയും ഔസേഫ് പാത്തിക്കൽ കത്തനാരെ ഇടവകയുടെ വികാരിയായി നിയമിക്കുകയും ചെയ്തിരിക്കുകയാണ്.

3. പാത്രിയർക്കീസിന്റെ ഈ നിയമനത്തെ ചോദ്യം ചെയ്യുന്നതിനോ മറികടക്കുന്നതിനോ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് അധികാരമില്ല.

4. ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രധാന തലവനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ 2004 മാർച്ച് 10-ാം തീയതിയിലെ കൽപനപ്രകാരം നിയമിതനായിരിക്കുന്ന പാത്തിക്കൽ കത്തനാർ നിയമാനുസരണം നിയമിതനായ വികാരിയാണെന്ന് കോടതിയിൽനിന്ന് ഉത്തരവുണ്ടാകണം.

പ. കാതോലിക്കാബാവായ്ക്ക് കാനഡാ ഉൾപ്പെടെയുള്ള വടക്കേ അമേരിക്കയിലും മറ്റ് പാശ്ചാത്യപ്രദേശങ്ങളിലും അധികാരമൊന്നുമില്ലെന്നും പ്രസ്തുത പ്രദേശങ്ങളെല്ലാം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരപരിധിയിലാണെന്നും അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുകയും പ്രസ്തുത നിലപാടിന് നിയമപരമായ അംഗീകാരം തേടുകയുമാണ് ചെയ്തിരിക്കുന്നത്. ഇതു ഗൗരവമായ സ്ഥിതിവിശേഷത്തിന്റെ വെളിച്ചത്തിൽ പ. സുന്നഹദോസ് താഴെപ്പറയുന്ന തീരുമാനങ്ങൾ ഉടനടി ചെയ്ത് കാതോലിക്കേറ്റിന്റെ അധികാരം വ്യക്തമായും ശക്തമായും ആവർത്തിച്ച് പ്രഖ്യാപിക്കണമെന്ന് അപേക്ഷിക്കുകയാണ്.

1. വടക്കേ അമേരിക്ക മുതലായ പ്രദേശങ്ങളിലുള്ള സഭാമക്കളുടെ ആത്മീയ കാര്യങ്ങളുടെയും ഭരണകാര്യങ്ങളുടെയും ചുമതല മലങ്കര സഭാ ഭരണഘടനയ്ക്ക് വിധേയമായി കാതോലിക്കേറ്റിന്റെ അധികാരപരിധിയിലായിരിക്കണം.

2. പാത്തിക്കൽ ഔസേഫ് കത്തനാരെ നിയമിച്ചത് മലങ്കര മെത്രാപ്പോലീത്തായോ ഭദ്രാസന മെത്രാപ്പോലീത്തായോ അല്ലാത്തതിനാൽ അദ്ദേഹം ടൊറന്റോ പള്ളിയിൽ പ്രവേശിക്കുന്നതും കർമ്മാദികൾ നടത്തുന്നതും അനധികൃത പ്രവൃത്തികളാണെന്നുള്ള 2004 ഫെബ്രുവരിയിലെ പ. സുന്നഹദോസിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയും പാത്തിക്കൽ ഔസേഫ് കത്തനാർ പള്ളിയിൽ പ്രവേശിക്കരുതെന്ന് അറിയിക്കുകയും ചെയ്യണം.

3. 2003 സെപ്റ്റംബർ 14-ാം തീയതി മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തെയും പ്രസ്തുത പൊതുയോഗം തെരഞ്ഞെടുത്ത ഭരണസമിതിയെയും അംഗീകരിച്ചുള്ള തീരുമാനങ്ങൾ ചെയ്യണം.

4. ഭരണമൊഴിയാതെ പള്ളിയുടെ റിക്കാർഡുകളും താക്കോലുകളും അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുകയും പള്ളിയുടെ പൂട്ടുകൾ മാറ്റി മെത്രാപ്പോലീത്തായേയും ഇടവക വികാരിയേയും പള്ളിയിൽ പ്രവേശിപ്പിക്കാതെ തടയുകയും കൽപന കൂടാതെ പാത്തിക്കൽ ഔസേഫ് കത്തനാരെ അനധികൃതമായി പള്ളിയിൽ പ്രവേശിപ്പിച്ച് കർമ്മാദികൾ നടത്തുകയും ചെയ്യുന്ന മുൻ ഭരണസമിതിയംഗങ്ങളുടെമേൽ ഉടനെ ശിക്ഷണ നടപടികൾ നടത്തണം.

ഇപ്പോൾ സംജാതമായിരിക്കുന്ന സ്ഥിതിഗതികളുടെ ഗൗരവസ്ഥിതി പ. കാതോലിക്കാബാവായും സഹോദര മെത്രാപ്പോലീത്താമാരും ഗ്രഹിക്കണമെന്ന് താണുവീണ് കേണപേക്ഷിക്കുകയാണ്. ഇത് ഒരിടവക പ്രശ്നമല്ല. കാതോലിക്കേറ്റിന് വടക്കേ അമേരിക്കയിലും പാശ്ചാത്യരാജ്യങ്ങളിലും എന്തധികാരമുണ്ടെന്നുള്ള ഒരു കാതലായ പ്രശ്നം ഉടലെടുത്തിരിക്കുകയാണ്. അതിനെ നേരിടുന്നതിന് ഞാൻ നിർദ്ദേശിക്കുന്ന മേൽപറഞ്ഞ നടപടികൾ ഇന്ന്, ഈ നിമിഷത്തിൽ അടിയന്തിരമായി എടുക്കണം. കേസ് ഏതാനും ദിവസങ്ങൾക്കകം കോടതിയിൽ വിചാരണയ്ക്കു വരും. പ. കാതോലിക്കാബാവായും പ. സുന്നഹദോസും ഇതിനെ ഗൗരവപൂർവ്വം വീക്ഷിക്കാതെയും മേൽനടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം വരുത്തുകയും ചെയ്ത് കേസിൽ വിഘടിത കക്ഷികളുടെ വാദഗതികൾ ശരിവച്ചുകൊണ്ട് ഒരു കോടതിവിധി ഉണ്ടാവുകയും ചെയ്താൽ അതിന്റെ ദൂരവ്യാപകമായ ഫലങ്ങൾ എന്താണെന്ന് നമുക്ക് കാണുവാൻ കഴിവില്ലാതെ പോയാൽ ദൈവം ഈ സഭയെ രക്ഷിക്കട്ടെയെന്ന് നിലവിളിച്ചു പ്രാർത്ഥിക്കുകയല്ലാതെ മറ്റൊന്നും ചെയ്യുവാനില്ല. അങ്ങനെയൊരു സാഹചര്യം ഉണ്ടായാൽ ഭരണഘടനയോടോ കാതോലിക്കേറ്റിനോടോ വിധേയത്വം പുലർത്തുവാൻ നിയമപരമായി കഴിവില്ലാത്ത സ്വതന്ത്ര ഇടവകകൾ ഉണ്ടാവുകയും ഇപ്പോഴുള്ള ഇടവകകൾ തന്നെ നിയമപരമായ അംഗീകാരം ലഭിക്കുന്നതിനായി അവയുടെ നിയമാവലികളിൽ ഭേദഗതികൾ വരുത്തി സ്വതന്ത്ര ഇടവകകൾ ആക്കാനും നമ്മൾ മൗനാനുവാദം നൽകുകയായിരിക്കും ചെയ്യുന്നത്. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷം സംജാതമായാൽ അതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം ഈ പരിശുദ്ധ സുന്നഹദോസിനായിരിക്കുമെന്ന് ഒരു മുന്നറിയിപ്പു കൂടി നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റൊരു അപകടകരമായ സ്ഥിതിവിശേഷം കൂടി നിങ്ങളെ അറിയിക്കുവാൻ ഞാൻ മുതിരുകയാണ്.

വടക്കേ അമേരിക്കയിലെ മലങ്കരസഭയുടെ മേൽ ഭരണാധികാരമുള്ളത് അന്ത്യോഖ്യാ പാത്രിയർക്കീസിനാണെന്നും കാതോലിക്കായുടെ അധികാരം ഇന്ത്യയിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണെന്നും പാത്തിക്കൽ ഔസേഫ് കത്തനാരെ നിയമിച്ചത് പാത്രിയർക്കീസാണെന്നും മറ്റുമുള്ള വാദഗതികൾ ഉന്നയിക്കുവാൻ വിഘടിതഗ്രൂപ്പിന് പ്രേരണയും ഉപദേശവും നൽകിയതും അതിന് ഇപ്പോഴും പിന്തുണ നൽകുന്നതും ഈ പ. സുന്നഹദോസിലെ ഒരംഗമായ മെത്രാപ്പോലീത്തായാണെന്ന് വിഘടിത കക്ഷികൾ പറഞ്ഞുപരത്തുന്നത് ശരിയായാലും തെറ്റായാലും അത് ഈ പ. സുന്നഹദോസിനേയും സഭയെ പൊതുവെയും ബലഹീനപ്പെടുത്തുമെന്ന് നമ്മൾ അറിയണം. അതുപോലെ തന്നെ ടൊറന്റോയിൽ ഒരു അരക്ഷിതാവസ്ഥ സൃഷ്ടിച്ചാൽ സുന്നഹദോസിൽ അത് വരുമ്പോൾ മക്കാറിയോസ് മെത്രാപ്പോലീത്തായെ പുകച്ച് പുറത്തുചാടിച്ച് പ. ബാവാതിരുമേനിയുടെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ ടൊറന്റോ ഇടവകയെ കൊണ്ടുവരുന്നതിന് വേണ്ടതു ചെയ്യാമെന്ന് മറ്റൊരു മെത്രാപ്പോലീത്താ അവർക്കു വാക്കു കൊടുത്തിട്ടുണ്ടെന്നും വിഘടിതകക്ഷികൾ വീമ്പടിച്ചു നടക്കുന്ന വിവരവും നിങ്ങൾ അറിഞ്ഞിരിക്കണം.

ഇപ്പോഴത്തെ വികാരിയെ നീക്കി സമ്മതനായ മറ്റൊരു വികാരിയെ മെത്രാപ്പോലീത്താ നിയമിക്കണമെന്ന് മുൻ സുന്നഹദോസ് പാസ്സാക്കിയിരുന്നല്ലോ. ഇപ്പോൾ അവിടുത്തെ വികാരി ഫാ. ഫിലിപ്പോസ് ഫിലിപ്പാണ്. ടൊറന്റോയിൽ ഒരു വികാരിയെ ആവശ്യം വന്നപ്പോൾ ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് അമേരിക്കയിലുള്ള ജോലി രാജിവെച്ച് അദ്ദേഹം വന്നതാണ്. കാതോലിക്കേറ്റിനോടും ഭരണഘടനയോടും കൂറും വിശ്വസ്തതയും പുലർത്തിയെന്നതാണ് അദ്ദേഹത്തെപ്പറ്റിയുള്ള വലിയ ആരോപണം. കഴിഞ്ഞ ഒരു വർഷത്തിനു മേലായി അദ്ദേഹത്തിന് ശമ്പളം ലഭിച്ചിട്ടില്ല. ഭാര്യയും മൂന്നു പെൺകുഞ്ഞുങ്ങളുമായി കൽപനാനുസരണം ജോലി രാജിവെച്ച് ടൊറന്റോയിൽ എത്തി വിശ്വസ്തനായി സഭയെ സേവിച്ച് ഒരു വർഷത്തിനു മേലായി ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന ഒരു വൈദികന്റെ ദുഃസ്ഥിതിയെപ്പറ്റി ഒരു പരാമർശനവും കൂടാതെ അദ്ദേഹത്തെ സ്ഥലംമാറ്റിക്കൊള്ളണമെന്ന് പ്രമേയം പാസ്സാക്കിയത് ക്രൂരമായ ഒരു പ്രവൃത്തിയായിപ്പോയി എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അദ്ദേഹത്തിന്റെ ശമ്പളം മുഴുവൻ കൊടുത്തുതീർത്തശേഷം അഭിമാനകരമായ ഒരു ചുറ്റുപാടിൽ അദ്ദേഹത്തിന് സ്ഥലംമാറ്റം നൽകുന്നതായിരിക്കും.

അദ്ദേഹത്തെ മാറ്റുമ്പോൾ സമ്മതനായ ഒരു പട്ടക്കാരനെ അവിടെ നിയമിക്കണമെന്നും നിർദ്ദേശമുണ്ടല്ലോ. പാത്രിയർക്കീസിനും പാത്തിക്കലച്ചനും, കാതോലിക്കേറ്റിനും സഭാഭരണഘടനയ്ക്കും എതിരായി

നിൽക്കുന്ന അവരുടെ അനുയായികൾക്കും കൂടി സമ്മതനായ ഒരു പട്ടക്കാരനെ നിയമിക്കുന്നതിന് മക്കാറിയോസ് മെത്രാപ്പോലീത്താ ഒരുമ്പെടുകയില്ലെന്ന് നിങ്ങൾക്ക് ഉറപ്പു തരുന്നു. പുതിയ നിയമനം നടത്തുമ്പോൾ മെത്രാപ്പോലീത്തായ്ക്ക് സമ്മതനായ ഒരു പട്ടക്കാരനെ അവിടെ നിയമിക്കുന്നതായിരിക്കും. മറ്റ് ഭദ്രാസനങ്ങൾക്കും മെത്രാപ്പോലീത്താമാർക്കും ഇല്ലാത്ത ഒരു ഭാരം മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ചുമലിൽ മാത്രം കെട്ടിവെയ്ക്കാൻ ആരും ശ്രമിക്കരുതെന്നു കൂടി അറിയിക്കുന്നു. മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഭരണത്തിലുള്ള ഒരു പള്ളി പാത്രിയർക്കീസ് അനുഭാവികളുടെ കൈവശം വന്നുചേരുന്നത് ഒരു വിരോധാഭാസമായി തോന്നുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് കത്തുകളും ടെലിഫോൺ സന്ദേശങ്ങളും എനിക്കു കിട്ടുന്നുണ്ട്. അതുകൊണ്ട് ജനങ്ങളുടെ ഇടയിലെ തെറ്റിദ്ധാരണകൾ അകറ്റി ശരിയായ വസ്തുതകൾ അവർക്കു ബോധ്യം വരുന്നതിനായി ഈ പ്രസ്താവന പരസ്യപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന വിവരവും അറിയിക്കുന്നു.

അദ്ധ്യായം 10

ചിരിയും സാന്ത്വനവും

മനുഷ്യനെ 'ചിരിക്കുന്ന മൃഗം' എന്ന് വിശേഷിപ്പിക്കാറുണ്ട്. മനുഷ്യൻ ഏറ്റം സുന്ദരനാകുന്നത് ചിരിക്കുമ്പോഴാണ്. ചിരിക്കാത്ത മനുഷ്യന്റെ സാമീപ്യം ആരും ഇഷ്ടപ്പെടാറില്ല. സ്നേഹവും വാത്സല്യവും കാരുണ്യവും എല്ലാം എഴുതിക്കാണിക്കുന്ന ഭാഷയാണ് പുഞ്ചിരി. എല്ലാ മനസ്സുകൾക്കും വായിച്ചെടുക്കാവുന്ന ലിപിയാണ് പുഞ്ചിരിക്കുള്ളത്. ചിരിച്ചാൽ തങ്ങളുടെ പ്രശസ്തിക്കും പ്രസിദ്ധിക്കും ഹാനി തട്ടുമെന്ന് ധരിച്ച് ഗൗരവം നടിക്കുന്നവരുമുണ്ട്. ഗൗരവം കൊണ്ടെന്നതിനേക്കാൾ, പുഞ്ചിരികൊണ്ട് ലോകത്തെ നേടിയെടുക്കാം എന്ന് ബുദ്ധിമാന്മാർ മനസ്സിലാക്കുന്നു.

ലോകപ്രസിദ്ധമായ ഒരു പുഞ്ചിരി തൂവുന്ന ചിത്രമുണ്ട്. 1507-ൽ ഫ്രാൻസിലെ ഫ്ളോറൻസ് നഗരത്തിൽ വച്ച് ഈ സുപ്രസിദ്ധ ചിത്രത്തിന്റെ പെയിന്റിംഗ് ആരംഭിച്ചു. അഞ്ചു വർഷം കൊണ്ടാണ് കഷ്ടിച്ച് ഒരു ജനൽപ്പാളിയുടെ വലിപ്പം മാത്രമുള്ള ആ ചിത്രം അതിന്റെ നിർമ്മാതാവായ ലിയോണാഡോ ഡാവിഞ്ചി തന്നെ, അന്നത്തെ ഫ്രാൻസിലെ രാജാവായ ഫ്രാൻസിസ് ഒന്നാമൻ രാജാവിനു സമ്മാനിച്ചു. പല നഗരങ്ങളിൽ പ്രദർശനത്തിനു വച്ച ആ ചിത്രം അനേകായിരങ്ങളെ ആകർഷിക്കയും ആ ചിത്രം സ്വന്തമാക്കാൻ ആഗ്രഹിക്കയും ചെയ്തു. ഫ്രാൻസു രാജ്യം മുഴുവൻ വിലയ്ക്കു കൊടുക്കേണ്ടി വന്നാലും ആ ചിത്രം മറ്റാർക്കും കൊടുക്കാനവർ ആഗ്രഹിച്ചില്ല. വശ്യമനോഹരമായ പുഞ്ചിരിയാണ് മോണാലിസാ എന്ന കൊച്ചു ചിത്രത്തെ ലോകപ്രസിദ്ധമാക്കിയത്. പുഞ്ചിരി ഇഷ്ടപ്പെടുന്നവരെല്ലാം മോണാലിസായേയും ഇഷ്ടപ്പെടും. പിന്നീട് നെപ്പോളിയൻ ബോണപ്പാർട്ട് സ്വന്തം മുറിയിലെ അലങ്കാരമാക്കി ആ ചിത്രം വച്ചു, മരണം വരെയും. പാരീസിലെ മ്യൂസിയത്തിൽ ഇന്നും മോണാലിസാ അനേകായിരങ്ങളെ ആകർഷിച്ചുവരുന്നു. നമ്മെപ്പോലെയുള്ള ഒരു സാധാരണക്കാരനു പോലും സ്വന്തം മുഖത്ത് പുഞ്ചിരി ചേർക്കാൻ ഒരു സെക്കന്റു മതി. എന്നാൽ വിശ്വോത്തര കലാകാരനായ ഡാവിഞ്ചിക്ക് മോണാലിസായുടെ മുഖത്ത് പുഞ്ചിരി ചേർക്കാൻ നീണ്ട നാളത്തെ പരിശ്രമം വേണ്ടി വന്നു.

മുഖം ഹൃദയത്തിന്റെ കണ്ണാടിയാണ്. ഹൃദയത്തിന്റെ അവസ്ഥയാണ് മുഖത്തു തെളിയുക. പ്രസാദമധുരമായ മുഖകാന്തി ഹൃദയശൂന്യനായ ഒരാൾക്ക് ഒരിക്കലും ഉണ്ടാവില്ല. നിലാവ് പരക്കുമ്പോൾ ഇരുട്ട് അലിഞ്ഞലിഞ്ഞ് ഇല്ലാതെയാവുന്നു. നമ്മുടെ ദുഃഖങ്ങളുടെ മാറാല മാറ്റാൻ മുഖത്ത് ഉദിച്ചുവരുന്ന പുഞ്ചിരിക്കു കഴിയും.

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തിൽ മറ്റുള്ളവർ ചുറ്റിയ മാറാല, ആ മുഖത്തു ഉദിക്കുന്ന പുഞ്ചിരി മായിച്ചുകളയാൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മുഖകാന്തിയും നർമ്മത്തിൽ പൊതിഞ്ഞ പ്രഭാഷണങ്ങളും അദ്ദേഹത്തിലെ ഇരുട്ടിനെ ഇല്ലാതാക്കുകയും മുഖതേജസ് വർദ്ധിപ്പിക്കയും ചെയ്തുകൊണ്ടേയിരുന്നു. അദ്ദേഹത്തോട് ഇടപെടുന്നവരോ അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കുന്നവരോ ആരും അദ്ദേഹത്തിന്റെ ദുഃഖത്തിന്റെ നേരിയ ലാഞ്ഛന പോലും ദർശിച്ചിരുന്നില്ല. ചിരിക്കയും ചിരിപ്പിക്കയും നർമ്മസംഭാഷണങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന തിരുമേനി തന്റെ കേൾവിക്കാരെയും ഉയർന്ന ചിന്താമണ്ഡലങ്ങളിലെ ചക്രവാളത്തിലേക്കു ഉയർത്തുമായിരുന്നു.

വാളിനേക്കാൾ മൂർച്ചയേറിയതാണ് പ്രസംഗം. ഭാഷ അതിന്റെ ഏറ്റം ശക്തമായ രീതിയിൽ ഉപയോഗിക്കുക പ്രസംഗത്തിലാണ്. ഭയചകിതരെ ധൈര്യപ്പെടുത്താനും വിഘടിതരെ സംയോജിപ്പിക്കാനും ഭഗ്നാശയരെ ആവേശഭരിതരാക്കുവാനും, അധാർമ്മികതയ്ക്കെതിരെ ധാർമ്മിക രോഷമുയർത്തുവാനും ദേശീയവും പൈതൃകവുമായ വികാരങ്ങളെപ്പറ്റി അഭിമാനപുളകിതരാക്കാനും മാർ മക്കാറിയോസിന്റെ പ്രസംഗങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്.

പ്രസംഗകല കൈവശമുള്ളവന് വളരാനും ഉയരാനും അവസരം ലഭിക്കുന്നു. മൈക്ക് കൈയിൽ കിട്ടിയാൽ ഏറ്റം കൂടുതൽ പ്രസംഗിക്കുന്ന ഒരു ജനസമൂഹമാണ് കേരളത്തിലുള്ളത്. പ്രസിദ്ധമായ ഒരു മൈക്ക് കമ്പനിയുടെ കണക്കനുസരിച്ച് ആളോഹരി മൈക്കു വിൽപ്പനയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. എന്നാൽ നല്ല ഈടുറ്റ പ്രസംഗങ്ങൾ തുലോം തുച്ഛവുമാണ്. മക്കാറിയോസ് മെത്രാപ്പോലീത്താ ഇതിനൊരു അപവാദം ആയിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രവിക്കാൻ ജനങ്ങൾ ഇടിച്ചു കയറുന്നതു തന്നെ അതിനു തെളിവായിരുന്നു.

നർമ്മരസകലയിൽ അദ്ദേഹം ആരുടേയും മുൻപന്തിയിലായിരുന്നു. ഒരിക്കൽ അമേരിക്കയിലെ മലയാളി സംഗമമായ ഫൊക്കാനയുടെ മഹാസമ്മേളനത്തിൽ ഫലിതസമ്രാട്ടായ ഫിലിപ്പോസ് ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായും മക്കാറിയോസ് മെത്രാപ്പോലീത്തായും ചേർന്നു നടത്തിയ "ബിഷപ്പന്മാരുടെ ചിരിയരങ്ങ്" മറക്കാൻ കാലമായില്ല. തന്റെ മെത്രാപ്പോലീത്തന്മാരുടെ സദസ്സാകട്ടെ, ദേശീയ നേതാക്കളാവട്ടെ, അന്തർദേശീയ സദസ്സാവട്ടെ, അദ്ദേഹത്തിന്റെ നർമ്മം എല്ലാവരേയും ഒരുപോലെ ഹരം കൊള്ളിക്കുന്നു.

ഞാൻ നേരിൽ കണ്ട ഒരു സന്ദർഭം ഓർമ്മയിലെത്തുന്നു.

വാഷിംഗ്ടൺ അടുത്തുള്ള വെർജീനിയ തിയോളജിക്കൽ കോളജ് ആണ് രംഗം. വിദ്യാർത്ഥികളാവട്ടെ 99 ശതമാനവും വെള്ളക്കാരായ സ്ത്രീപുരുഷന്മാർ. അദ്ധ്യാപകർ മുഴുവനും അമേരിക്കക്കാർ. ആ വൈദിക വിദ്യാർത്ഥികളുടെ മുന്നിൽ മുഖ്യപ്രഭാഷകനായി എത്തിയതായിരുന്നു മാർ മക്കാറിയോസ്. അദ്ദേഹം രാജകീയ പ്രൗഢിയിൽ മദ്ബഹായിൽ മെത്രാപ്പോലീത്തന്മാരുടെ സിംഹാസനത്തിൽ തന്നെ ഉപവിഷ്ടനായി. പ്രസംഗ സമയമായപ്പോൾ ഡീൻ തന്നെ മദ്ബഹായിലെത്തി തിരുമേനിയെ ക്ഷണിച്ചുകൊണ്ടുവന്ന് പുൾപ്പിറ്റിൽ എത്തിച്ചു. ഓർത്തഡോക്സുകാരെക്കുറിച്ച് തലനിറയെ മുൻവിധികളുമായിട്ടിരിക്കുന്ന പ്രൊട്ടസ്റ്റന്റ് യുവതീയുവാക്കളാണ് മുമ്പിൽ. "ഓർത്തഡോക്സു പുരോഹിതന്മാർക്കു വേദപുസ്തക പരിജ്ഞാനമില്ല, അതുകൊണ്ട് അവർ വേദപുസ്തകം പ്രസംഗ സമയത്തു തൊടാറേയില്ല, ഓർത്തഡോക്സുകാർക്ക് പ്രസംഗം തുടങ്ങിയാൽ നിർത്താനറിയാൻ പാടില്ല" എന്നായിരുന്നു സദസ്സിന്റെ തല മണ്ടയിൽ കയറിയിരുന്ന മുൻവിധി. അതു മനസ്സിലാക്കിയിട്ടോ എന്തോ മാർ മക്കാറിയോസ് ആദ്യം വി. വേദപുസ്തകത്തിൽ നിന്നു താൻ പ്രസംഗിക്കാൻ പോകുന്ന വിഷയം അടങ്ങുന്ന ഭാഗം വായിച്ചു. അതിനുശേഷം തനിക്കു ഡീൻ അനുവദിച്ചിരിക്കുന്ന പത്തു മിനിട്ടിനുള്ളിൽ പ്രസംഗം നിർത്തിക്കൊള്ളാമെന്ന് ഒരു വാഗ്ദാനവും. ഹാവു! കുട്ടികൾക്കു ആശ്വാസം തോന്നി. ഏറിയാൽ പത്തു മിനിട്ട് ഒരു ഓർത്തഡോക്സ് ബിഷപ്പിന്റെ പ്രസംഗം കേട്ട് ബോറടിച്ചാൽ മതിയല്ലോ എന്നായിരുന്നു പലരുടേയും ഭാവം.

പ്രഭാഷണം ആരംഭിച്ചു, സാധാരണ മട്ടിൽതന്നെ. രണ്ടാം മിനിട്ടിൽ അദ്ദേഹം നർമ്മത്തിന്റെ മാലപ്പടക്കത്തിനു തിരികൊളുത്തി. സദസ്സാകെ കുലുങ്ങിച്ചിരിച്ചു. ബോറടിപ്പിക്കുമെന്നു കരുതിയ ബിഷപ്പ് നർമ്മത്തിലൂടെ വേദശാസ്ത്രത്തിന്റെ പൊരുൾ വ്യാഖ്യാനിക്കുന്നതു കണ്ടപ്പോഴേക്കും സായ്പും മദാമ്മയും ഒക്കെ എഴുന്നേറ്റ് സമീപത്തുള്ള ഹോസ്റ്റലിൽനിന്നു ടേപ്പ്റെക്കോർഡുകളുമായി ഓടിക്കിതച്ചെത്തി ആ ഹ്രസ്വ പ്രസംഗം മുഴുവൻ റെക്കോർഡു ചെയ്തു. നർമ്മത്തിൽ കത്തിക്കയറിയ ആ പ്രസംഗം കൃത്യം പത്താം മിനിട്ടിൽ നിന്നപ്പോൾ പെരുമഴ പെയ്തു തീരുന്നതു പോലെയായി. ഈ പ്രസംഗം കുറെക്കൂടി നീട്ടണമെ എന്ന് പലരും ആഗ്രഹിച്ചു. പ്രസംഗം അവസാനിച്ചപ്പോൾ തിരുമേനിയെ അഭിനന്ദിക്കാനും പരിചയപ്പെടാനും കൈപിടിച്ചു കുലുക്കാനും ഉള്ള തിക്കിത്തിരക്കായി. ഒരാൾ എന്നോടു പറഞ്ഞു, This is the real Bishop. We have never seen such a wonderful Bishop (ഇദ്ദേഹമാണ് യഥാർത്ഥ ബിഷപ്പ്. ഇദ്ദേഹത്തെപ്പോലെ ഒരു അത്ഭുത ബിഷപ്പിനെ ഞങ്ങൾ ഇതേവരെ കണ്ടിട്ടേയില്ല.). എന്റെ മെത്രാപ്പോലീത്തായെപ്പറ്റി ഒരു പാശ്ചാത്യ സമൂഹം പുകഴ്ത്തുന്നതു കേട്ട് ഞാനും ഹർഷപുളകിതനായി.

അൽമാ കോളജ് ക്യാമ്പസ്

മാർ മക്കാറിയോസിന്റെ പാദസ്പർശനത്താൽ പരിപാവനമാക്കപ്പെട്ട മിച്ചിഗൺ സ്റ്റേറ്റിലെ അൽമാ കോളജ് ക്യാമ്പസ്. ഈ ക്യാമ്പസിനുമുണ്ട് ബിഷപ്പ് മക്കാറിയോസ് എന്ന മനുഷ്യസ്നേഹിയെപ്പറ്റിയുള്ള മരിക്കാത്ത ഓർമ്മകൾ. അവിടത്തെ പൂവിലും പുല്ലിലും തുരുമ്പിലും മാർ മക്കാറിയോസ് തുടിച്ചു നിൽക്കുന്നു.

ഇവിടെ മാർ മക്കാറിയോസിനു ജാതിമതഭേദങ്ങളില്ല, സ്ഥലകാലഭേദങ്ങളില്ല, മലയാള സദസ്സും ഇംഗ്ലീഷു സദസ്സും തമ്മിൽ അദ്ദേഹത്തിനു വ്യത്യാസമില്ല. ഏതു ഭാഷയും അദ്ദേഹത്തിന്റെ നാവിനു വഴങ്ങും.

മിച്ചിഗണിലെ 'അൽമാ' കോളജിലായിരുന്നല്ലോ അദ്ദേഹം പഠിപ്പിച്ചിരുന്നത്. അവിടത്തെ റിലീജിയൻ ഡിപ്പാർട്ടുമെന്റിന്റെയും തത്വശാസ്ത്രത്തിന്റെയും തലവൻ മാത്രമായിരുന്നില്ല ആ കോളജിൽ തിരുമേനി. ആ കോളജിലെ രണ്ടായിരത്തിൽപരം വിദ്യാർത്ഥികളും അവിടെത്തന്നെ താമസിച്ചു പഠിക്കുന്നവരാണ്. അവർക്കെല്ലാം ക്യാമ്പസിൽ ഒരു പിതാവും, സുഹൃത്തുമുണ്ടായിരുന്നു കോളജിൽ; അതായിരുന്നു മക്കാറിയോസ് തിരുമേനി. ആ യുവജനങ്ങളുടെ വികാരവിചാരങ്ങളെ തൊട്ടറിവാനും അവർക്ക് മാർഗ്ഗദർശനം നൽകാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം തലവനായിരിക്കുന്ന ഡിപ്പാർട്ടുമെന്റിലായിരുന്നു വിദ്യാർത്ഥികൾ ഏറെയും അഡ്മിഷന് തള്ളിക്കയറിയിരുന്നത്. റസിഡന്റു വിദ്യാർത്ഥികളായിരുന്നതുകൊണ്ട് പകൽ അദ്ദേഹത്തിനു



സമയം കിട്ടാതെ വന്നാൽ രാത്രികാലങ്ങളിൽ പോലും കുട്ടികൾ അദ്ദേഹത്തിന്റെ ക്ലാസ്സുകൾക്കു കാതോർത്തിരുന്നു.

അദ്ദേഹം പൗരസ്ത്യ സംസ്കാരത്തെക്കുറിച്ചും പ്രത്യേകിച്ച് ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ സംസ്കാരം, വിശ്വാസം, ആചാരം എന്നിവയെക്കുറിച്ച് കുട്ടികളെ പഠിപ്പിച്ചിരുന്നു. മസ്നപ്സായും ചുവന്ന കുപ്പായവും അണിഞ്ഞ് കോളജു ക്യാമ്പസിൽ തിരുമേനി പ്രത്യക്ഷപ്പെട്ടപ്പോൾ ആ വേഷങ്ങളുമായി പരിചയമില്ലാതിരുന്ന വിദ്യാർത്ഥികൾ ഒരു ക്രിസ്തുമസ്സ് ഫാദറായിട്ടാണ് അദ്ദേഹത്തെ തെറ്റിദ്ധരിച്ചത്. ക്ലാസ്സെടുക്കാനായി ഹാളിൽ പ്രവേശിച്ചപ്പോഴാണ് അദ്ദേഹം ഒരദ്ധ്യാപകനാണെന്ന് അവർ അറിഞ്ഞത്. ആദ്യ ദിവസം തന്നെ അവർ അദ്ധ്യാപകനോട് ഒരഭ്യർത്ഥന നടത്തി. അത് ഈ വേഷം ഒന്നു മാറി വരണമെന്നായിരുന്നു. പാശ്ചാത്യ നാട്ടിൽ അച്ചനും ബിഷപ്പും ഒക്കെ കോളർ വയ്ക്കുക മാത്രമേ ഉള്ളൂ. "ഒരാഴ്ച ഞാനിതു ധരിച്ചോട്ടെ, അതിനുശേഷം നിങ്ങൾ ആവശ്യപ്പെട്ടാൽ വേഷം മാറുന്ന കാര്യം ഞാൻ പരിഗണിക്കാം" എന്നദ്ദേഹം പറഞ്ഞു. പക്ഷേ ഒരാഴ്ചയിലെ ക്ലാസ്സു കഴിഞ്ഞു ഇന്ത്യൻ സഭയുടെ ഡ്രസ്കോഡിനെപ്പറ്റി മനസ്സിലാക്കിയ ശേഷം "ബിഷപ്പ് ഈ വേഷം മാറ്റേണ്ട" എന്നു കുട്ടികൾ ആവശ്യപ്പെട്ടു. അദ്ദേഹം മരണം വരെയും ആ വേഷത്തിൽ മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളു.

അദ്ദേഹം വി. കുർബ്ബാനയിലെ രഹസ്യങ്ങളെയും പ്രതിരൂപങ്ങളെയും പറ്റി പഠിപ്പിച്ചശേഷം വിദ്യാർത്ഥികളെ ഷിക്കാഗോ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ കുർബ്ബാനയ്ക്കു കൊണ്ടുപോയി. താൻ കുർബ്ബാന ചൊല്ലുമ്പോൾ എന്തെല്ലാം പ്രതിരൂപാത്മക പ്രവൃത്തികൾ ചെയ്യുന്നുവെന്നും, അവയുടെ വ്യാഖ്യാനങ്ങൾ മനസ്സിലാക്കിയ പ്രകാരം പ്രബന്ധം ചമച്ച് തനിക്കു സമർപ്പിക്കണമെന്നും വിദ്യാർത്ഥികളോടാവശ്യപ്പെട്ടിരുന്നു. നമ്മുടെ ദിവ്യബലി കണ്ടു പരിചയമില്ലാതിരുന്ന ആ പാശ്ചാത്യ വിദ്യാർത്ഥികൾ വളരെ ശ്രദ്ധാപൂർവ്വം അന്നത്തെ കുർബ്ബാനയിൽ സംബന്ധിച്ചു.

പിറ്റെ ആഴ്ച ക്ലാസ്സിൽ ചെന്ന തിരുമേനി, ഓരോ വിദ്യാർത്ഥിയും വി. കുർബ്ബാനയിൽ കണ്ടതും അവരുടെ ശ്രദ്ധയിൽപെട്ടതുമായ 'സിംബോളിസം' ഒന്നു പറയാൻ ആവശ്യപ്പെട്ടു. ഒരു കുട്ടി എഴുന്നേറ്റു പറഞ്ഞു; "ബിഷപ്പ് അങ്ങ് കൈ ആവസിപ്പിച്ച് പ. റൂഹായെ വിളിച്ച് ഈ അപ്പ വീഞ്ഞുകൾ ക്രിസ്തുവിന്റെ തിരുശരീരങ്ങളാകുന്നതു വീക്ഷിച്ചു നിൽക്കുമ്പോൾ ഞാൻ ഒരു അത്ഭുതകാഴ്ച കണ്ടു. അത് ബിഷപ്പ് പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്ന് സ്ലീബായാൽ ജനത്തെ ആശീർവദിച്ചപ്പോഴാണ് ഞാനാ കാഴ്ച കണ്ടത്. സ്ലീബായിലായിരുന്നല്ലോ ക്രിസ്തു

മരിച്ചത്. ആ സ്ലീബായുടെ മുകളിൽ നിന്നു രക്തം വാർന്നു താഴേക്കു വരുന്നതു ഞാൻ കണ്ടു. തിരുമേനിയുടെ സ്ലീബായുടെ അറ്റത്ത് ഒരു ചുവന്ന ടൗവ്വൽ കെട്ടിയിരിക്കുന്നത് എന്തിനാണെന്ന് ഞാൻ സംശയിച്ചു നിൽക്കുമ്പോൾ ഗോഗുൽഥായിൽ നിന്നൊഴുകുന്ന ആ രക്തം സ്ലീബായിലൂടെ താഴേക്ക് ഒഴുകി ആ തൂവാല മുഴുവൻ രക്തമണിയിച്ച്, കൂടുതൽ കടുംചുവപ്പായി മാറി ആശീർവദിക്കപ്പെടുന്ന ജനങ്ങൾക്ക് പാപപ്പൊറുതി നൽകുന്നതു ഞാൻ തിരിച്ചറിഞ്ഞു. ഹോ എന്തൊരു കാഴ്ചയായിരുന്നു അത്. ഓർത്തഡോക്സ് സഭയുടെ ആരാധനയും വേഷവിധാനങ്ങളും എത്ര ശ്രേഷ്ഠം!"

ആ കുട്ടിയുടെ വിവരണവും വിശദീകരണവും എല്ലാം ശ്രദ്ധിച്ചുകേട്ട ക്ലാസ്സ് മുഴുവൻ സ്തംഭിച്ചുപോയി, മക്കാറിയോസ് മെത്രാപ്പോലീത്താപോലും.

ആ അൽമാ കോളജ്, തിരുമേനിക്ക് രണ്ടാം ഭവനമായിരുന്നു. അൽമായുടെ മരിക്കാത്ത ഓർമ്മകൾ ഈ പുസ്തകത്തിൽ പിന്നീട് ചേർക്കുന്നതിനാൽ ഇവിടെ നിർത്തുന്നു.

* * * * * * * *

ഒരിക്കൽ ജൂൺ, ജൂലൈ മാസങ്ങളിൽ തിരുമേനി കോട്ടയത്ത് വേമ്പനാട്ടു കായൽക്കരയിൽ സ്ഥിതിചെയ്യുന്ന വിൻസർകാസിൽ എന്ന ഹോട്ടലിൽ താമസിക്കുന്ന കാലം. കാലവർഷം അതിന്റെ കറുത്ത മുഖം കാണിച്ച് നിർത്താതെ തകർത്തു പെയ്തു തുടങ്ങി. കായലും കരയും തിരിച്ചറിയാത്തവിധം പേമാരിയും വെള്ളപ്പൊക്കവും നാടിനെ ഗ്രസിച്ചു. വിൻസർകാസിലിനു ചുറ്റും കായൽവെള്ളം കടന്നുകയറി ഹോട്ടൽ ഒരു തുരുത്തുപോലെ വെള്ളത്തിനു മദ്ധ്യേ ആയി. വെള്ളപ്പൊക്കം നിമിത്തം തിരുമേനിക്കു പുറത്തേക്കുള്ള യാത്ര അസാധ്യമായി.

അന്നു ദേവലോകത്തു നിന്നു ബാവാ വിളിച്ച് കുശലം ചോദിച്ചു, "മെത്രാച്ചനു സുഖമാണോ? അവിടെ വെള്ളപ്പൊക്കം എങ്ങനെ?"

"ഇവിടെ ചുറ്റും വെള്ളം കയറി കിടക്കുകയാ. ഞാൻ വെള്ളത്തിന്റെ നടുക്കാ. ദേവലോകത്തോ?"

"ഇവിടെയും വെള്ളം തന്നെ. ഞാനും വെള്ളത്തിലാ." "ബാവായും ഞാനും വെള്ളത്തിലാണെങ്കിൽ പിന്നെ നമ്മുടെ സഭയും വെള്ളത്തിലായതു തന്നെ." ബാവാ തിരുമേനി കുടുകുടെ ചിരിച്ചു. കൂടെ മക്കാറിയോസ് തിരുമേനിയും.

കത്രീനായിൽ സാന്ത്വനവുമായി

"ഒരു പുരോഹിതൻ എന്ന നിലയിൽ എന്റെ ഹൃദയത്തെ തൊട്ടുണർത്തിയ ഏറ്റം സ്പർശനീയമായ ഒരനുഭവമാണിത്. ഞങ്ങൾ അകത്തേക്കു കടന്നു. അവിടെ തിങ്ങിക്കഴിഞ്ഞു കൂടിയിരുന്ന ഇരുപത്തി ഒമ്പതിനായിരത്തിഅയ്യായിരം പേർ മാത്രമേ അപ്പോൾ ആ ഹാളിലുണ്ടായിരുന്നുള്ളു. ഒന്നും ചെയ്യാനില്ലാതെ ജീവിതത്തിന്റെ ആശയറ്റ മനുഷ്യക്കോലങ്ങൾ സർക്കാർ നൽകിയ കിടക്കകളിൽ ചടഞ്ഞുകൂടിയിരിക്കുകയും കിടക്കുകയും ചെയ്യുന്നു. ആ കാഴച കണ്ട് ഞാൻ അൽപ്പനേരം സ്തംഭിച്ചു നിന്നു. എന്നിട്ട് ഞാൻ ചുറ്റിനടന്ന് അവരുമായി സംസാരിച്ചു; അവരോടൊപ്പം പ്രാർത്ഥിച്ചു. ആരോടെങ്കിലും ഹൃദയം തുറന്നു സംസാരിക്കാൻ വെമ്പുന്ന അവരുടെ കദനകഥകൾ ഞാൻ ദീർഘനേരം ക്ഷമയോടെ കേട്ടിരുന്നു."

കത്രീനാ കൊടുങ്കാറ്റിൽ എല്ലാം നഷ്ടപ്പെട്ട അഭയാർത്ഥി ക്യാമ്പിലെ രംഗം വിവരിക്കുന്നത് അമേരിക്കൻ സഭാശിൽപ്പി ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായാണ്.

അമേരിക്കയിലെ ന്യൂഓർലിയൻസിൽ ചുറ്റിഅടിച്ച കത്രീനാ എന്ന ചുഴലിക്കൊടുങ്കാറ്റിൽ കടപുഴകി ശിഥിലമായ കുടുംബങ്ങളെ മാറ്റി താൽക്കാലികമായി താമസിപ്പിച്ചിരുന്ന ക്യാമ്പാണ് ഹഡ്സൺ ആസ്റ്റോർഡാം.

മാർ മക്കാറിയോസ് വീണ്ടും തുടർന്നു പറഞ്ഞു: "81 വയസ്സുള്ള വൃദ്ധയായ മേരിയോട് ഞാൻ ചോദിച്ചു, "മേരീ, നീ വീട്ടിലേക്ക് മടങ്ങുന്നതെന്നാണ്?" അവർ നിസ്സംഗതയോടെ പറഞ്ഞു: "ഞാൻ എങ്ങോട്ട് മടങ്ങാനാണ്? എനിക്കു ഒരു നിശ്ചയവുമില്ല."

ഇത് ഒരു ഒറ്റപ്പെട്ട മറുപടിയല്ല. അവരിൽ ആർക്കും ചോദിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം പറയാനാവുന്നില്ല. തകർന്ന മനസ്സിന്റെ ഉടമകളിൽ പലരും എന്റെ മുമ്പിൽനിന്ന് വിമ്മിവിമ്മി കരഞ്ഞു. ചിലർ പൊട്ടിക്കരഞ്ഞു. വീടു നഷ്ടപ്പെട്ടതിലല്ല അവരുടെ ദുഃഖം. പ്രത്യുത, അവരുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ എവിടെയെന്നറിയില്ല; ഭാര്യ എവിടെയെന്നറിയില്ല; ഭർത്താവ് എവിടെയെന്നറിയില്ല. എങ്ങനെ കരയാതിരിക്കും? ഇവിടെ സാന്ത്വനത്തിന്റെ കൈത്തിരി കൊളുത്താനേ കഴിഞ്ഞുള്ളു. ഹഡ്സൺ ദേവാലയത്തിലെ വി. കുർബ്ബാനയ്ക്കുശേഷം മുപ്പതോളം യുവജനങ്ങളോടൊപ്പം കത്രീനാ കൊടുങ്കാറ്റിനിരയായ ഹതഭാഗ്യവാന്മാരെ സന്ദർശിക്കാനെത്തിയതായിരുന്നു മെത്രാപ്പോലീത്താ.

വി. കുർബ്ബാനയുടെ അവസാനഭാഗത്ത് പട്ടക്കാരൻ വിശ്വാസികളെ പിരിച്ചയയ്ക്കുമ്പോൾ "നിങ്ങൾ സമാധാനത്തോടുകൂടി പോകുവീൻ"

എന്ന ആശംസ നൽകിയാണ് ഓർത്തഡോക്സ് സഭ അയയ്ക്കുക. വി. കുർബ്ബാനയ്ക്കുശേഷം പോയി വിശ്രമിക്കുവാനുള്ള ആശംസയല്ല അതെന്നും, പ്രത്യുത ആരാധനയിൽ കൂടി ലഭിച്ച ദൈവിക സമാധാന വുമായി ലോകത്തിലേക്ക് പോകാനുള്ള ആഹ്വാനമാണ് അതെന്നും മക്കാറിയോസ് പറയുന്നു. ആ ആഹ്വാനത്തിൽ വിശ്വസിക്കുന്ന തിരുമേനി തന്റെ ജീവിതത്തിന്റെ പ്രായോഗികതലത്തിൽ അത് ന്യൂഓർലിയൻസിലെ ക്യാമ്പിൽ കാണിച്ചു കൊടുക്കുകയായിരുന്നു.

ദീർഘനാളത്തെ പാശ്ചാത്യ ജീവിതംകൊണ്ടോ പിന്നീടു ലഭിച്ച ഭദ്രാസനവും അമേരിക്കാ ആയിരുന്നതുകൊണ്ടോ മാർ മക്കാറിയോസിനെ അടുത്തറിയാനോ മനസ്സിലാക്കാനോ മലങ്കരസഭയിലെ ഏറിയപങ്കിനും അവസ്സരമുണ്ടായില്ല. അതുകൊണ്ടുതന്നെ സഭയിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട മെത്രാപ്പോലീത്തായും അദ്ദേഹം തന്നെയായിരുന്നു. വിമർശകന്മാരിൽ ഏറിയപങ്കും അദ്ദേഹത്തെ കണ്ടിട്ടുപോലുമുണ്ടാകില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ താലന്തുകളെ വേണ്ടവിധം പ്രയോജനപ്പെടുത്താൻ മലങ്കരസഭയ്ക്കും സാധിച്ചില്ല. പക്ഷേ തന്റെ വിളക്കു കൊളുത്തി പറയിൻകീഴിൽ വച്ച് അണയുവാൻ അദ്ദേഹം സമ്മതിച്ചില്ല. അദ്ദേഹം സമൂഹത്തിലെവിടെയും മലമേൽ കൊളുത്തിയ ഒരു വിളക്കായിത്തന്നെ ശോഭിച്ചു. അങ്ങനെയുള്ള ഒരവസരമായിരുന്നു ന്യൂയോർലിയൻസ് കത്രീനാ ക്യാമ്പിൽ സാന്ത്വനത്തിന്റെ കൈത്തിരിയുമായി എത്തിയ തിരുമേനിയുടെ സന്ദർശനം.

സഭാനേതൃത്വത്തിൽ "ഇൻഫീരിയോരിട്ടി കോംപ്ലക്സ്" എന്ന രോഗം പടർന്നു പിടിക്കുന്നുവോ എന്നു തോന്നത്തക്കവണ്ണം എല്ലാവരുടേയും മുമ്പിൽ നടുവ് അൽപ്പം വളച്ച് ഓച്ഛാനിച്ചു നിൽക്കുന്ന 'പരിശുദ്ധന്മാരെ' യാണ് സഭ ഇന്ന് നേതൃത്വത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നതെന്ന് തോന്നുന്നു. ആര് ആവശ്യപ്പെട്ടാലും ഒപ്പിട്ടു കൊടുക്കാൻ തയ്യാറാവുന്ന ഒരു ബലഹീന നേതൃത്വമാണ് സഭ ആഗ്രഹിക്കുന്നതെന്ന് തോന്നിപ്പോകുന്നു. അതിനു മദ്ധ്യേ തലയെടുപ്പോടെ നീങ്ങുന്ന മക്കാറിയോസിനോട് അസൂയയും എതിർപ്പും തോന്നുക സ്വാഭാവികം മാത്രം.

അങ്ങനെ വരുന്ന എതിർപ്പുകളോ വിമർശനങ്ങളോ ഏതു ഭാഗത്തു നിന്നുണ്ടായാലും മാർ മക്കാറിയോസ് തളർന്നില്ല, തളരുകയുമില്ല. ജീവിതത്തിന്റെ ശൂന്യത അനുഭവപ്പെടാതിരിപ്പാൻ ആത്മീയത അദ്ദേഹത്തെ വളരെയേറെ സഹായിക്കുന്നു. മതാതീതമായ ആത്മീയത ഒരു മനോഭാവമായി അദ്ദേഹത്തിൽ വളർന്ന് മുറ്റിക്കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ധ്യാനവും നമസ്കാരങ്ങളും കൈകോർക്കുമ്പോൾ ആ വൃദ്ധ താതന്റെ ശരീരത്തെ ഉത്തേജിപ്പിക്കുന്ന നല്ല പ്രാർത്ഥന ശീലമാക്കിയ ആ പിതാവ്

പ. വട്ടശ്ശേരിൽ തിരുമേനിയെപ്പോലെ ആത്മീയതയുടെ പിടിവള്ളികൊണ്ട് ജീവിതത്തിന് പുതിയ മാനങ്ങളും പ്രത്യാശയും കണ്ടെത്തുന്നു.

മെത്രാപ്പോലീത്തായുടെ അമ്മ വലിയ ദാനശീലയായിരുന്നു. ആ അമ്മയിൽ നിന്നാണ് സമൂഹത്തിന്റെ കണ്ണീരൊപ്പാനുള്ള ബാലപാഠങ്ങൾ തിരുമേനിക്കും സഹോദരന്മാരായ പുരോഹിതന്മാർക്കും ലഭിച്ചത്.

ബോംബെയിലെ സാമൂഹ്യസേവനത്തിന്റെ അംഗീകാരമായിട്ടാണ് തിരുമേനിയുടെ ഇളയ സഹോദരൻ ഫാദർ ഡോ. കെ. സി. മാത്യുവിനെ "എക്സിക്യൂട്ടീവ് മജിസ്ട്രേട്ട്" സ്ഥാനം നൽകി മഹാരാഷ്ട്ര ഗവൺമെന്റ് ആദരിച്ചത്.

ഇറാക്ക്-കുവൈറ്റ് യുദ്ധകാലത്ത് അതിർത്തിമേഖലയിൽ ഉയർത്തിയ അഭയാർത്ഥി ക്യാമ്പുകളിൽ തമ്പടിച്ചു താമസിക്കേണ്ടി വന്ന ഹതഭാഗ്യരായ കുവൈറ്റികൾക്കു വേണ്ടി ഭക്ഷണവും മരുന്നുകളുമായി കുവൈറ്റ് ഇടവകജനങ്ങളെ കൂട്ടിച്ചേർത്ത് ഫാ. കെ. സി. മാത്യു നടത്തിയ സേവനങ്ങൾ കുവൈറ്റ് ഗവൺമെന്റിന്റെ മുക്തകണ്ഠമായ പ്രശംസകൾക്കും പാത്രമായി.

ലോകത്തെ മുഴുവൻ കണ്ണീരിലാഴ്ത്തിയ സുനാമി ഇന്ത്യയുടെ തെക്കൻ മേഖലകളെ തകർത്തു നൃത്തമാടിയപ്പോൾ തിരുമേനിയുടെ മറ്റൊരനുജൻ ലാസ്സറസ്സ് റമ്പാൻ, കാനഡായിലെ ഇന്ത്യൻ കമ്യൂണിറ്റിയോടു ചേർന്ന് ജാതിമതഭേദമെന്യേ നടത്തിയ ഫണ്ടുശേഖരണത്തിനു നേതൃത്വം നൽകിയതും വിസ്മരിക്കാവുന്നതല്ല.

"മുമ്പേ ഗമിച്ചീടിന ഗോവു തന്റെ പിമ്പെ ഗമിക്കുന്നു ഗോക്കളെല്ലാം" എന്നു പറയുംപോലെ മക്കാറിയോസിന്റെ കുടുംബം മുഴുവൻ സാമൂഹ്യസേവനരംഗത്ത് തിരുമേനിയുടെ പാത തന്നെ പിൻപറ്റുന്നവരായിത്തീർന്നു.



At left, offering prayers at the East Indian tsunami fundraiser were (left to right): Muhammed Tariq Saeed (Muslim); Father Ramban Lazarus (Christian); Shiv Sankar Dwidedi (Hindu); Prem Kalia (Buddhist); Rajwinder Singh (Sikh); Sushil Kalia (Hindu).

Right, at the tsunami fundraiser, are volunteers, left to right: Lovely Kapur, Gita Nagpal, Supreet Tuli and Savita Grover.

അദ്ധ്യായം 11

"കണ്ണീരൊഴുക്കുക, കണ്ണീർ തരും"

"കണ്ണീരൊഴുക്കുക, കണ്ണീർ തരും: മാർ മക്കാറിയോസ്." അമേരിക്കൻ ഭദ്രാസനത്തിന്റെ രജതജൂബിലി മദ്ധ്യേ ഫിലാഡൽഫിയായിൽ നടത്തിയ പ്രഭാഷണത്തിലാണ് തിരുമേനി ഇങ്ങനെ പറഞ്ഞത്. അദ്ദേഹം തുടർന്നു: "പിതാക്കന്മാർക്കുവേണ്ടി കണ്ണീരൊഴുക്കി പ്രാർത്ഥിച്ചാൽ ദൈവം അവർക്കു കണ്ണീരിനെ കൊടുക്കും. കണ്ണുനീരിൽ ചാലിച്ച പ്രാർത്ഥനകൾ ദൈവസമക്ഷം എത്തുന്ന പ്രാർത്ഥനകളാണ്. താനത് മുടക്കാറില്ല."

അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്തായും കാനഡാ-യൂറോപ്പ് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായുമായ തിരുമേനിയുടെ ഹൃദയസ്പർശിയായ പ്രസംഗം പലരുടെയും കണ്ണുകളെ ഈറനണിയിച്ചു.

"ഇരുപത്തിയഞ്ചു കൊല്ലം മുമ്പ് ഭദ്രാസനം ആരംഭിക്കുമ്പോൾ ഭദ്രദീപം കൊളുത്തിയ തനിക്ക് 25 വർഷങ്ങൾക്കു ശേഷം വീണ്ടും ആ ചുമതല ലഭിച്ചത് ദൈവനിയോഗമായി കരുതുന്നു. ഭദ്രാസന വളർച്ചയിൽ വീഴ്ചകൾ വന്നിട്ടുണ്ടെങ്കിൽ അതു മെത്രാപ്പോലീത്തന്മാരായ ഞങ്ങളുടെ വീഴ്ചയാണ്. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ വിശ്വാസികളോട് ഞാൻ മാപ്പു ചോദിക്കുന്നു." അദ്ദേഹം കൂട്ടിച്ചേർത്തു. ഭദ്രാസന മെത്രാപ്പോലീത്താ മാർ ബർന്നബാസിനു ന്യൂയോർക്ക് ആശുപത്രിയിൽ പേസ്മേക്കർ ഘടിപ്പിക്കൽ ശസ്ത്രക്രിയക്കു വിധേയനായതിനാൽ ഈ ജൂബിലിച്ചടങ്ങുകളിൽ സംബന്ധിക്കാൻ കഴിഞ്ഞില്ല. ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്തായും സ്ഥാപകനുമായ മാർ മക്കാറിയോസ് ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്ത് ആഘോഷങ്ങളിൽ സഹായ മെത്രാപ്പോലീത്താ മാർ നിക്കളാവോസ് പ്രസംഗിച്ചു.

എക്യുമെനിക്കൽ വേദി ചെയർമാൻ ഫാ. ജേക്കബ് ക്രിസ്റ്റി (R.C.), റവ. എ. സി. കുര്യൻ (മാർത്തോമ്മാ), അത്മായ ട്രസ്റ്റി കോരസൺ വറുഗീസ്, കോര കോര, യോഹന്നാൻ ശങ്കരത്തിൽ (മാർപ്), ഡോ. കുര്യൻ മത്തായി എന്നിവർ തദവസരത്തിൽ പ്രസംഗിച്ചു.

ഫിലഡൽഫിയ സെന്റ് തോമസ് ദേവാലയ കൂദാശ മാർ മക്കാറിയോസിന്റെ പ്രധാന കാർമ്മികത്വത്തിലും ഡോ. മാർ അത്താനാസ്യോസ്, മാർ നിക്കളാവോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു.

മാർ മക്കാറിയോസിന്റെ സേവനം സഭയ്ക്കു മേലിലും ആവശ്യം

മാർ മക്കാറിയോസിന്റെ സ്ഥാനാഭിഷേകത്തിന്റെ 30-ാം വാർഷിക ത്തോടനുബന്ധിച്ച് ഫിലാഡൽഫിയാ റിനൈസാൻസ് ഹോട്ടലിൽ മുന്നൂ റോളം ബഹുമാന്യ വ്യക്തികൾ പങ്കെടുത്ത ബാങ്കറ്റിൽ സംബന്ധിക്ക വെയാണ് സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ ഇങ്ങനെ പറഞ്ഞത്. സഭയുടെ പ്രതിസന്ധികളിൽ വൈദികനായും മെത്രാപ്പോ ലീത്തായായും നേതൃത്വം നൽകിയ മാർ മക്കാറിയോസിന്റെ സേവന ങ്ങൾ സഭ ഒരുനാളും വിസ്മരിക്കയില്ലെന്നും ദീർഘായുഷ്മാനായി ആ ജീവിതം സഭയ്ക്കു ആകമാനം ലഭിക്കട്ടെ എന്നും അദ്ദേഹം പറഞ്ഞു.

മക്കാറിയോസിനു ആശംസകൾ അർപ്പിച്ചുകൊണ്ട് തൃശൂർ മെത്രാപ്പോ ലീത്താ യൂഹാനോൻ മാർ മിലിത്തിയോസ്, ഫാ. ഡോ. മൈക്കിൾ ഹാച്ചർ, ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഫിലിപ്പോസ് ഫിലിപ്പ്, ഫാ. ടി. എ. തോമസ്, ഫാ. തോമ്മസ്കുട്ടി, ഫാ. സി. ജെ. ജോൺസൺ തുടങ്ങി പല വൈദികരും സഭാ മാനേജിംഗ് കമ്മറ്റിയംഗം മാറ്റ് മാത്യൂസ് തുടങ്ങിയവരും പ്രസംഗിച്ചു.

രണ്ടു പുരോഹിതന്മാരുടെ നഷ്ടവും രണ്ടു പുരോഹിതന്മാ രുടെ സ്ഥാനവും

ഫാ. കോര വറുഗീസ്, ജർമ്മനി

മലങ്കരസഭയുടെ ജർമ്മനിയിലെ വളർച്ചയിൽ നിർണ്ണായക പങ്കു വഹി ക്കയും അങ്ങുമിങ്ങുമായി ചിതറിക്കിടന്നിരുന്ന സഭാമക്കളെ ഒരുമിപ്പിക്കു ന്നതിന് ആരാധന ആരംഭിച്ച് സഭയുടെ കൊമ്പു ഉയർത്തുന്നതിൽ പ്രധാന പങ്കു വഹിച്ച ആളായ ബ. കോര വറുഗീസ് അച്ചൻ ജർമ്മനിയിൽ വച്ച് അന്തരിച്ചു. അദ്ദേഹത്തിന്റെ പത്നി ഡോ. ഇംഗബോർ മക്കൾ സന്തോഷ്, യോഹനാസ്, ബാബിസ്, ലിലിയൻ എന്നിവരടങ്ങുന്ന കുടുംബം സഭാ കാര്യങ്ങളിൽ വളരെ താൽപര്യം കാണിച്ചിരുന്നു. സഭയുടെ പല പദ്ധ തികൾക്കും പ്രത്യേകിച്ച് പഴയസെമിനാരിയുടെ ആധുനിക കെട്ടിടസ മുച്ചയം ഉണ്ടാക്കുന്നതിലും ഡോ. ഇംഗബോറിന്റെ നേതൃത്വം പ്രശംസ നീയമായിരുന്നു.

ഗീവറുഗീസ് റമ്പാൻ

പഴയസെമിനാരി, പരുമല സെമിനാരി എന്നീ സ്ഥാപനങ്ങളിൽ മാനേ ജരായിരുന്ന പോരുവഴി ഗീവറുഗീസ് റമ്പാൻ നിര്യാതനായി. ബേത് ലഹേം ആശ്രമത്തിൽ അടക്കപ്പെട്ടു.

രണ്ടു പുതിയ റമ്പാന്മാർ

മോടിയിൽ എം. എസ്. സ്കറിയ, ചിറയിൽ ജോൺ സി. എന്നീ പുരോഹിതന്മാരെ പരുമല വെച്ച് റമ്പാന്മാരാക്കി.

മാത്യൂസ് രണ്ടാമൻ ബാവായെ ശ്വാസതടസ്സത്തെത്തുടർന്ന് അമൃതാ ആശുപത്രിയിൽ പ്രവേശിപ്പിക്കയും ഗുരുതരമായ അവസ്ഥയിൽ സന്ദർശകർക്കു പ്രവേശനം നിരോധിക്കയും ചെയ്തു. മാർ മക്കാറിയോസും മന്ത്രിസഭയുടെ ഉപസമിതിയംഗങ്ങളും ബഹു. തിരുമേനിയെ ആശുപത്രിയിൽ സന്ദർശിച്ചു.

പിന്നീട് പ. ബാവായെ ആശുപത്രിയിൽ നിന്നു ദേവലോകത്തേക്കു കൊണ്ടുവന്നു. ബാവായുടെ മുറിയോടു ചേർന്ന് വിശ്രമത്തിനും ശുശ്രൂഷയ്ക്കുമായി പ്രത്യേക മുറിയോടു ചേർത്ത് ശ്വാസതടസ്സം അനുഭവപ്പെടുന്ന സമയത്ത് ഹോസ്പിറ്റലിലേക്കു കൊണ്ടുപോകുന്നതിനു പകരം ഓക്സിജൻ നൽകാനുള്ള വിദേശ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളാണ് ഒരുക്കിയത്.

ഡോക്ടറന്മാരായ കെ. പി. ജോർജ്ജ്, ബാബു ചാക്കോ, ജോർജ് ജേക്കബ്, ചെമ്മനം വറുഗീസ്, പത്രോസ് മത്തായി എന്നിവരടങ്ങിയ വിദഗ്ദ്ധ സംഘമാണ് തിരുമേനിയുടെ ശുശ്രൂഷയ്ക്കു നേതൃത്വം നൽകിയത്.

ഒരു 'ശ്രേഷ്ഠ' നാവ്

ഒരിക്കൽ ഒരു ഇസ്രായേൽ രാജാവ് യാഗസ്ഥലത്തേക്ക് ദൂതനെ അയച്ച് കൽപ്പന നൽകി. ഇതായിരുന്നു കൽപ്പന. ബലിമൃഗത്തിന്റെ ഏറ്റവും വിലയേറിയ അവയവവും ഏറ്റവും ഹീനമായ അവയവവും പായ്ക്കു ചെയ്ത് കൊട്ടാരത്തിലേക്ക് കൊടുത്തയയ്ക്കുക എന്ന്.

പുരോഹിതൻ ബലിമൃഗത്തിന്റെ നാവ് അറുത്തെടുത്ത് പൊതിഞ്ഞു കെട്ടി കൊടുത്തു. ഒരു സന്ദേശവും അതോടൊപ്പം നൽകി. "നാവു കൊടുത്തയയ്ക്കുന്നു. ഇതാണ് ബലിമൃഗത്തിന്റെ ഏറ്റവും വിശിഷ്ടമായ അവയവം. അതുപോലെ തന്നെ ഏറ്റവും ഹീനമായ അവയവവും നാവു തന്നെയാണ്."

അന്യരെ ഉപദേശിക്കുവാൻ എല്ലാവർക്കും കഴിവുണ്ട്. എന്നാൽ സ്വന്ത കർത്തവ്യാനുഷ്ഠാനത്തിൽ താൽപര്യമുള്ളവർ വളരെ കുറച്ചു മാത്രമേയുള്ളു. അവരാണ് യഥാർത്ഥ മഹാത്മാക്കൾ.

മലങ്കരസഭയുടെ ഏതൽക്കാല സംഭവവികാസവും പ്രത്യേകിച്ച് തിരുവിതാംകൂറിന്റെ വടക്കൻ മേഖലകളായ ആലുവാ, കടമറ്റം, കോലഞ്ചേരി

മുതലായ സ്ഥലങ്ങളിൽ ആളിക്കത്തിക്കുന്ന സംഭവവികാസങ്ങളും ചില സഭാനേതാക്കളുടെ നിയന്ത്രണമില്ലാത്ത നാവിന്റെ പ്രസ്താവനകളും കൂട്ടി വായിക്കുമ്പോൾ ഇസ്രായേൽ പുരോഹിതൻ ചെയ്തത് ന്യായമാണെന്ന് തോന്നിപ്പോവുന്നു.

'സഹനസമരം' എന്ന പേരു വിളിച്ച് ആലുവായിൽ അരങ്ങേറിയ ഗുണ്ടായിസത്തിനെതിരെ പോലീസ് പ്രതികരിച്ചു. അപ്പോൾ ശ്രേഷ്ഠ ബാവാ പറഞ്ഞത്, "സഭയുടെ ചരിത്രത്തിലും കേരള ചരിത്രത്തിലും ആദ്യമായി പോലീസ് പള്ളിയ്ക്കകത്തു നടത്തിയ ആക്രമണ മുറകളിൽ ശാരീരികവും മാനസികവുമായി വേദനിക്കുന്നവർക്കുവേണ്ടി അതേ സ്ഥലത്തുനിന്നു പ്രാർത്ഥിക്കണമെന്നുള്ള തന്റെ ആഗ്രഹം നിറവേറ്റാനാണ് താൻ ആലുവായിലേക്കു പോകുന്നത്" എന്നായിരുന്നു.

ശ്രേഷ്ഠബാവാ നടത്തിയ മനഃസാക്ഷിയെ ഞെട്ടിച്ച സംഭവവികാസങ്ങളെ ആസ്പദമാക്കി 'ഫൈവ് സ്റ്റാർ തട്ടുകട', 'കോമഡി നഗർ', 'സിനിമാല' എന്നീ മൂന്നു എപ്പിസോഡുകൾ അക്കാലത്ത് ഏഷ്യാനെറ്റ് ടി. വി. ചാനലിൽ പ്രസിദ്ധീകരിച്ചത് കേരളത്തിലെ യാക്കോബായ സഭയ്ക്ക് എതിരായിട്ടായിരുന്നെങ്കിലും മുറിവേറ്റത് ക്രൈസ്തവ സമൂഹങ്ങൾക്കു മുഴുവനും ആയിരുന്നു.

'അന്ത്യോക്യാ സിംഹാസനത്തിന് അവകാശമുള്ള പല സ്വത്തുക്കളും വിറ്റു നശിപ്പിച്ചിട്ടും യാക്കോബായ സഭ ക്ഷമിക്കുകയായിരുന്നെന്നും, തർക്കം വിശ്വാസപരമായിട്ടും ഇത് ലളിതമാണെന്ന് വരുത്തിത്തീർക്കാൻ സ്വത്തുതർക്കമായി ചിലർ വ്യാഖ്യാനിക്കുകയാണെന്നും' ശ്രേഷ്ഠബാവാ പറഞ്ഞു.

ഇതിനിടെ എട്ടു വർഷമായി പൂട്ടിക്കിടന്ന കടമറ്റംപള്ളിയുടെ വാതിലുകൾ തുറന്ന നിലയിൽ കണ്ടെത്തിയതും ഓർത്തഡോക്സ് സഭയ്ക്ക് ഒന്നിടവിട്ട ഞായറാഴ്ചകളിൽ ആരാധനയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം കോടതി അനുവദിച്ചിട്ടുള്ള കാഞ്ഞിരമറ്റം ഇഗ്നാത്തിയോസ് പള്ളിയിൽ ഓർത്തഡോക്സ് വികാരി ഫാ. എം. ജെ. ഏബ്രഹാമിനെ തടഞ്ഞ് ആരാധന മുടക്കിയതും വടക്കൻ മേഖലയിൽ സംഘർഷം വർദ്ധിപ്പിക്കാൻ ഇടയാക്കി.

ലോകം നന്നാകാത്തത് ഉപദേശങ്ങളുടെ കുറവുകൊണ്ടാണെന്ന് കരുതുന്നവരുണ്ട്. അതുകൊണ്ട് നിരന്തരം ലോകത്തെ ഉപദേശിക്കാനും നന്നാക്കാനും അവർ അദ്ധ്വാനിക്കുന്നു. വേണ്ടവിധം ചിന്തിച്ചാൽ നമുക്കു മനസ്സിലാകുന്നത് വേണ്ടതിലധികം ഉപദേശങ്ങളും സത്വചസ്സുകളും ലോകത്ത് വന്നു പോയിട്ടുണ്ട് എന്നതാണ്.

ലോകത്തെ മാറ്റിഎടുക്കാനുള്ള തത്വശാസ്ത്രത്തിന്റെ രൂപരേഖ യേശു ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലുണ്ട്. അതുതന്നെ മാറ്റിയും മറിച്ചും ചുരുക്കിയും വിവരിച്ചും എത്രയോപേർ പറഞ്ഞിരിക്കുന്നു! ശ്രീശങ്കരനും, മുഹമ്മദ് നബിയും ശ്രീരാമകൃഷ്ണ പരമഹംസനും ശ്രീനാരായണ ഗുരുവും പറഞ്ഞിട്ടുള്ളത് സ്നേഹത്തിന്റേയും ഐക്യത്തിന്റേയും സനാതന തത്വങ്ങളാണ്. പക്ഷേ അവയൊന്നും പ്രാവർത്തികമാക്കാൻ ആളില്ല എന്നതാണ് പ്രശ്നം. കാലികമായ പുരോഗതി എത്രമാത്രം ലോകത്തുണ്ടായാലും സനാതന സ്നേഹത്തിന്റെ കതിരുകളാൽ ലോകം പ്രകാശിച്ചില്ലെങ്കിൽ ആ പുരോഗതി കൊണ്ട് അർത്ഥമില്ല.

ഇപ്പോഴത്തെ പൗരസ്ത്യ കാതോലിക്കാ പ. ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവാ തിരുമേനി കുന്നംകുളം മെത്രാപ്പോലീത്താ ആയിരിക്കുന്ന കാലത്ത് എഴുതിയ ഒരു സ്വകാര്യ കത്തുണ്ട്. സഭയുടെ പൊതുവായുള്ള ദയനീയാവസ്ഥയേയും കുന്നംകുളം ഭദ്രാസനത്തിൽ പ്രത്യേകമായും തനിക്കു ഏൽക്കേണ്ടിവന്ന വ്യഥകളേയും സ്മരിച്ചുകൊണ്ട് മനം ചുട്ടുനീറി എഴുതിയ കത്തിലെ പ്രസക്ത ഭാഗങ്ങൾ ഒരു യഥാർത്ഥ ചിത്രം കാട്ടിത്തരുമെന്നുള്ളതുകൊണ്ട് ഇവിടെ വെളിപ്പെടുത്തുന്നതു തിരുമേനി ക്ഷമിക്കുമല്ലോ.

"സഭയുടെ ഇപ്പോഴത്തെ പോക്കു കാണുമ്പോൾ ഹൃദയം ചുട്ടുപൊള്ളുകയാണ്. മാത്രമല്ല, ഞാൻ ഏതാണ്ട് ഒറ്റപ്പെട്ടു കഴിഞ്ഞു. ഞാൻ അതിൽ ഖേദിക്കുന്നില്ല. പ. വട്ടശ്ശേരിൽ തിരുമേനിയേയും പ. ഔഗേൻ ബാവായേയും അതുപോലെ കഴിഞ്ഞുപോയ പല പിതാക്കന്മാരേയും പുറംകാലുകൊണ്ട് ചവിട്ടിത്തൊഴിക്കാൻ വെമ്പുന്ന ഒരു ചുറ്റുപാടാണ് ഇന്ന് സഭയിൽ. നാളെ ഈ സഭയുടെ ഭാവി എന്തായിത്തീരണമെന്ന് ഇന്നത്തെ നേതൃത്വത്തിലുള്ള പലരുടെയും പ്രവർത്തനത്തിലൂടെ മനസ്സിലാക്കാൻ പ്രയാസം. അകത്ത് ഒന്ന് ഒളിച്ചുവയ്ക്കുകയും പുറത്തു വേറെ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഹൃദയം വെന്തുനീറുന്നു. ഏതു വിധേനയെങ്കിലും സമാധാനം എന്ന ആശയവുമായി സഭയിൽ നേതൃപിതാക്കന്മാർ പ്രവർത്തിക്കുന്നു. സഭയുടെ ഭാവിയെ ഒറ്റിക്കൊടുക്കാൻ ഒരു പ്രയാസവും കാണുന്നില്ല. സ്വയം വിശുദ്ധ ജീവിതം പരക്കെ കൊട്ടിഘോഷിക്കുന്ന ഇവരുടെ മുമ്പിൽ ഒരു മഹാപാപിയും ദുഷ്ടനും കൊള്ളരുതാത്തവനുമായി അറിയപ്പെടുന്നതിനാണ് എനിക്ക് ഇഷ്ടം. പല പിതാക്കന്മാരും നിശ്ശബ്ദത പാലിക്കുന്നു. അവർ നിക്കോദിമോസിന്റെ ആൾക്കാരായി ചമയുന്നു; രാത്രിയിൽ ഒരു രീതി, പകൽ മറ്റൊരു രീതി.

എന്നെ ഒരു പക്ഷേ ഒതുക്കുകയോ പീഡിപ്പിക്കുകയോ ചെയ്യുമായി

രിക്കും. ഞാൻ അതിഷ്ടപ്പെടുന്നു. സഭയുടെ സ്വാതന്ത്ര്യവും, പാത്രിയർക്കീസിന്റെ മേൽക്കോയ്മയും സ്വീകരിച്ച് മലങ്കരസഭയെ പരിശുദ്ധന്മാരുടെ സഭയാക്കി തീർക്കുമ്പോൾ അതൊന്നും കാണാൻ എനിക്കു ഇടവരരുതെന്നാണ് എന്റെ ആഗ്രഹം.

ഞാൻ കണ്ണിലെ കരടാണ്, സഭാകേന്ദ്രത്തിന്. ഇപ്പോഴത്തെ നിലയിൽ എന്തു ചെയ്യാനാണ്? സ്വന്തം മരണം എത്രയും വേഗത്തിൽ ഉണ്ടാകണമെന്നാണ് എന്റെ പ്രാർത്ഥന. ഇന്നത്തെ കാപട്യം നിറഞ്ഞ ചെയ്തികൾ കണ്ട് മനം മടുത്തു. പണംകൊണ്ടോ പരിശുദ്ധികൊണ്ടോ ഒക്കെ എല്ലാവരുടെയും പുറകിലായ എനിക്ക് ഇന്നത്തെ കോമാളിത്തരങ്ങൾ തുടർന്നും കാണാൻ ഇടയാവരുതെന്ന് ദൈവത്തോട് അപേക്ഷിക്കുന്നു. എങ്ങനെയെങ്കിലും പാത്രിയർക്കീസിന്റെ കാൽക്കീഴിൽ ഈ സഭയെ അടിയറവയ്ക്കും, സംശയമില്ല. പ്രസിദ്ധി, കാപട്യം, പൊയ്മുഖം ഇതൊക്കെ കൊടികുത്തി വാഴുന്ന ഇന്ന് സത്യത്തിന് എന്തു വില?"

ഇങ്ങനെയൊക്കെ സഭ നട്ടംതിരിയുമ്പോഴും, അങ്കമാലി ഭദ്രാസനത്തിലെ മുൻ മെത്രാപ്പോലീത്തന്മാർ സ്ഥാപിച്ചതും അവരുടെ വിൽപ്പത്ര പ്രകാരം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ മേലധികാരത്തിലുള്ളതുമായ തൃക്കുന്നത്തു സെമിനാരിയും പള്ളിയും വസ്തുക്കളും അങ്കമാലി മെത്രാപ്പോലീത്താ ആയ തനിക്ക് അവകാശപ്പെട്ടതാണെന്നു പറഞ്ഞ് ശ്രേഷ്ഠബാവാ പിടിമുറുക്കാനാണ് ശ്രമിച്ചത്. അങ്കമാലി മെത്രാപ്പോലീത്തായിൽ അവകാശം നിക്ഷിപ്തമായ നെടുമ്പാശ്ശേരി അത്തനേഷ്യസ് സ്കൂൾ, ഓർത്തഡോക്സ് സഭ കൈവശം വച്ചിരിക്കുന്ന കൊരട്ടി, മൂവാറ്റുപുഴ, തൃശൂർ അരമനകൾ പിടിച്ചെടുക്കുമെന്നും ഒക്കെയുള്ള വീരവാദങ്ങൾ മുഴക്കി നടക്കാൻ തുടങ്ങി. പുതിയ സഭയും പുതിയ ഭരണഘടനയും ഒക്കെ ഉണ്ടാക്കി സഭ വിട്ടുപോയവർക്ക് സഭയുടെ സ്വത്തിന്മേൽ പിന്നീട് എന്തവകാശം എന്ന് സുബോധമുള്ള ജനം ചോദിച്ചു തുടങ്ങി.

ഇതേ സമയം ഓർത്തഡോക്സ് സഭയുടെ ഡൽഹി മെത്രാപ്പോലീത്താ നൽകിയ ഒരു നിവേദനം നിമിത്തം ഇന്ത്യൻ പ്രധാനമന്ത്രി, സുരക്ഷാ ഉപദേഷ്ടാവ് എം. കെ. നാരായണനോടും പ്രിൻസിപ്പൽ സെക്രട്ടറി ടി. കെ. എ. നായരോടും സ്ഥിതിഗതികൾ വിശദമായി അന്വേഷിച്ച് നിജസ്ഥിതി റിപ്പോർട്ടു നൽകാൻ ആവശ്യപ്പെട്ടിരുന്നു.

അതേസമയം സഭയിലെ പ്രധാനപ്പെട്ട ഒമ്പതു പള്ളികളിൽ ആരാധന നടത്തുന്നതിന് പോലീസ് സംരക്ഷണം ആവശ്യപ്പെട്ട് ഓർത്തഡോക്സ് സഭ നൽകിയിരുന്ന ഒരു കേസ് കേരളാ ഹൈക്കോടതി തള്ളിയതിനാൽ ഒരു അപ്പീൽ ഹർജി സുപ്രീംകോടതിയിൽ പ്രത്യേക അനുമതിയ്ക്കായി എത്തി.

മന്ത്രിസഭാ ഉപസമിതി ഇരുവിഭാഗങ്ങൾക്കും നൽകിയിരുന്ന ധാരണകൾ കൂസലെന്യേ യാക്കോബായ വിഭാഗം പാലിക്കാതെയിരുന്ന സാഹചര്യത്തിൽ ഓർത്തഡോക്സ് സഭ തുടർ ചർച്ചകളിൽ നിന്നും പിൻമാറാൻ നിർബന്ധിതരായി. യാക്കോബായ വിഭാഗം തൃക്കുന്നത്ത് തന്നിഷ്ടപ്രകാരം പുതിയ വികാരിയേയും മാനേജരേയും നിയമിച്ചതും എടയാർ സെന്റ് മേരീസിൽ ശ്രേഷ്ഠബാവാ ധിക്കാരമായി കടന്നുകയറിയതും ഒക്കെ തൽസ്ഥിതി ലംഘനങ്ങളായി ചൂണ്ടിക്കാണിച്ചുകൊണ്ട് ആ വിഘടിത വിഭാഗവുമായി ചർച്ച തുടരുന്നത് നിഷ്പ്രയോജനമാണെന്നാണ് പ. സഭയുടെ ആലോചനാ സമിതിയുടെ അഭിപ്രായം.

മുടിയൻപുത്രന്റെ 'ഞാൻ പിഴയാളി'

ദേവലോകത്തു നിന്നും ഗൾഫ്, അമേരിക്കൻ പള്ളികളിൽ നിന്നും കൈനിറയെ പണവുമായിട്ടാണ് ഏബ്രഹാം സേവേറിയോസ് ഒരിക്കൽ ഉപേക്ഷിച്ചുപോന്ന അടിമത്തത്തിലേക്കു തിരികെ ചേക്കേറിയത്. അദ്ദേഹം സഭയിലേക്കു വന്നതിനെക്കുറിച്ചും തിരികെപ്പോയതിനെക്കുറിച്ചും അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന മൂവാറ്റുപുഴയിലെ ഡോ. തോമസ് അത്താനാസ്യോസ് തിരുമേനി ഇപ്രകാരം വിലയിരുത്തി.

"..... എന്നാൽ ഞങ്ങൾക്കൊപ്പം സഭാഭരണഘടന അംഗീകരിച്ച് ഐക്യപ്രക്രിയയിൽ പങ്കുചേർന്ന ഏബ്രഹാം മാർ സേവേറിയോസ് എളുപ്പമാർഗ്ഗം കണ്ടെത്തി യാക്കോബായ സമൂഹത്തിൽ കൂടിയത് ഏറെ ദുഃഖകരമായി. തിരുമേനിയെ ഞങ്ങളോടൊപ്പം നിൽക്കാൻ പ്രേരിപ്പിച്ച ഘടകം സഭൈക്യത്തോടുള്ള ആഭിമുഖ്യം ആയിരുന്നില്ലെന്നു വേണം കരുതാൻ. ദീവന്നാസ്യോസ് തിരുമേനിയുടെ പീഡനങ്ങൾ ആയിരുന്നു മുഖ്യ പ്രേരണ. കൂടാതെ മിലിത്തിയോസ് തിരുമേനിയും ഞാനും ഉൾപ്പെട്ട ഒരു നീക്കത്തിൽ നിൽക്കുകയാണ് അഭികാമ്യം എന്ന ചിന്തയും അദ്ദേഹത്തിനുണ്ടായിരുന്നിരിക്കണം. നിയമസംരക്ഷണം അദ്ദേഹത്തിനു ലഭിക്കുമെന്നും ഐക്യശ്രമത്തിന് കൂടെ നിന്നവർ അദ്ദേഹത്തോട് വിശ്വസ്തത പുലർത്തുമെന്നും തിരുമേനി കരുതിക്കാണും. സീനിയർ മെത്രാപ്പോലീത്തായായ മാർ ദീവന്നാസ്യോസിന്റെ പോരിന് തടയിടാൻ ഈ നടപടി ഗുണപ്പെടുമെന്നും അദ്ദേഹം ചിന്തിച്ചിരിക്കണം.

എന്നാൽ കാര്യങ്ങൾ അത്ര ശുഭകരമായി നീങ്ങിയില്ല. കൂടെനിന്ന അവസരവാദികൾ മറുഭാഗത്തേക്കു മാറി. അങ്കമാലിയിലെ പള്ളികൾ അദ്ദേഹത്തിന് പ്രവേശനം നിഷേധിച്ചു. നിയമാനുകൂല്യം നടപ്പിലാക്കുന്നതിന് കാലവിളംബം ഉണ്ടായി. സഭ അദ്ദേഹത്തിന്റെ കാര്യത്തിൽ ഉദാസീനത കാണിക്കയും വാക്കുപാലിക്കാതിരിക്കുകയും ചെയ്തെന്ന ചിന്തയും അദ്ദേഹത്തിനുണ്ടായി. ഇതെല്ലാം അദ്ദേഹത്തിന് ചുവടുമാറ്റത്തിനു പ്രേരണ നൽകി.

അദ്ദേഹത്തെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ബാഹ്യസമ്മർദ്ദങ്ങളും പ്രലോഭനങ്ങളുടെ ശക്തിയും കുറെ ഇച്ഛാഭംഗങ്ങളുമെല്ലാം അദ്ദേഹത്തിന്റെ നിലപാട് പുനഃപരിശോധിക്കുന്നതിന് പ്രേരകമായി. താനുണ്ടാക്കിയ സ്ഥാപനങ്ങളും തന്റെ സ്വാതന്ത്ര്യവും മനഃസാക്ഷിയുമെല്ലാം അടിയറവെച്ച് യാക്കോബായ വിഭാഗത്തിന്റെ വിശ്വസ്ത വിധേയനായി കഴിയുന്നതിൽ അദ്ദേഹത്തിനെന്തെങ്കിലും സമാധാനം ലഭിക്കുമെങ്കിൽ അത് സാധ്യമാകട്ടെ."

ആ ഏബ്രഹാം സേവേറിയോസ് തിരുമേനിയാണ് തന്നെ സ്വയം മുടിയൻ പുത്രനോടുപമിച്ചത്. വെങ്ങോല ബേത്സയിദാ ചാപ്പലിൽ ശ്രേഷ്ഠ ബാവായുടെ മുമ്പിലാണ് ഈ വിധത്തിലുള്ള 'ഞാൻ പിഴയാളി' ചൊല്ലിയത്.

മടങ്ങിവന്ന ആളെ അങ്ങനെയങ്ങു സ്വീകരിക്കുന്നത് നല്ലതല്ല, ചെറിയ ഒരു ശിക്ഷ എങ്കിലും കൊടുക്കേണ്ടേ? എന്നൊക്കെ മുറവിളി വിശ്വാസികളിൽ നിന്നുയർന്നു. എങ്കിലും വിട്ടുപോയ മുടിയന്റെ വരവ് കാത്തിരുന്ന്, അകലെ നിന്നു വരുന്നതു കണ്ട് പുത്രനെ സ്വീകരിപ്പാൻ ചെന്ന പിതാവിന്റെ സ്നേഹമാണ് അനന്തമായ സ്നേഹം എന്ന് അദ്ദേഹം പ്രസംഗമദ്ധ്യേ സൂചിപ്പിച്ചത് ശ്രേഷ്ഠബാവായെ ഒന്നു സുഖിപ്പിക്കാനായിരുന്നു എന്നുള്ളതിൽ രണ്ടു പക്ഷമില്ല.

ഒരു കാലത്ത്, തന്നെ ശ്വാസം മുട്ടിക്കയും സ്വഭാവഹത്യയും കൊലപാതകം വരെ തന്റെമേൽ ആരോപിക്കയും, തന്റെ സ്ഥാപനങ്ങൾ ഗുണ്ടകളെ അയച്ചു പിടിച്ചടക്കുകയും ചെയ്ത പഴയ ദീവന്നാസ്യോസിനെ അനന്തമായ സ്നേഹം ഒഴുക്കുന്ന പിതാവെന്ന് വാഴ്ത്തിയത് അദ്ദേഹത്തിൽ നിന്ന് അൽപ്പം കനിവെങ്കിലും പൊഴിഞ്ഞു കിട്ടാനുള്ള ഒരു അടവാണെന്ന് കേൾവിക്കാർക്ക് മനസ്സിലായി. ആ പുകഴ്ത്തലിൽ ആത്മാർത്ഥതയുടെ കണികപോലുമില്ലെന്ന് ആർക്കാണറിയാത്തത്?

ഏതായാലും ഡോ. അത്താനാസ്യോസ് പറഞ്ഞതുപോലെ "സഭായോജിപ്പിനും സമാധാനത്തിനും വേണ്ടി ഉത്സാഹം കാണിക്കയും പാതിവഴി ഒപ്പം പോരുകയും ചെയ്തവർ അക്രമസംഘത്തിൽ ചേരുന്നതാണ് എന്തുകൊണ്ടും ലാഭമെന്ന് മനസ്സിലാക്കി ആ വഴി പോയി. സഭൈക്യത്തിനു വേണ്ടി നിലപാടെടുത്തവരെ നോക്കി അവരിപ്പോൾ ഉഗ്രവാദം മുഴക്കുമ്പോൾ സത്യത്തിൽ ചിരി വരും. മുൻകാലങ്ങളിൽ മാർ ദീവന്നാസ്യോസിനെ പല്ലും നഖവും കൊണ്ടെതിർത്തിരുന്നവർ ഇന്ന് അദ്ദേഹത്തിനു പാദസേവ ചെയ്യുന്നതിൽ പ്രകടിപ്പിക്കുന്ന മെയ്വഴക്കം ആരേയും അത്ഭുതപ്പെടുത്തും. വേദശാസ്ത്രത്തിൽ നാലക്ഷരം മനസ്സിലാക്കി എന്ന് കരുതപ്പെട്ടവർ പോലും ഇന്ന് ആവേശപൂർവ്വം അക്രമത്തിനും പള്ളിപിടുത്തത്തിനും നേതൃത്വം കൊടുക്കുന്ന കാഴ്ച സഹതാപജനകമാണ്."

പിൻഗാമിയെ ചൊല്ലി യാക്കോബായ സഭയിൽ തർക്കം

ശ്രേഷ്ഠബാവാ വഴിയിൽ കിടന്നുകൊണ്ട് എഴുതിയ വിൽപ്പത്രത്തിൽ തന്റെ പിൻഗാമി കൊച്ചിയുടെ മാർ ഗ്രീഗോറിയോസായിരിക്കുമെന്ന് എഴുതിയതിന്റെ പ്രതിഷേധവും അസംതൃപ്തിയും മറനീക്കി പുറത്തുവരാൻ തുടങ്ങി.

മലബാറിന്റെ മാർ യൂഹാനോൻ പീലക്സിനോസ് അന്നുതന്നെ ആ പ്രഖ്യാപനത്തെ എതിർത്തിരുന്നു. ദൈനംദിന കാര്യങ്ങളുടെ നടത്തിപ്പിന്റെ ഭാഗം മാത്രമാണ് മാർ ഗ്രീഗോറിയോസ് വഹിക്കുന്ന സുന്നഹദോസ് സെക്രട്ടറി സ്ഥാനമെന്നും ഇപ്പോഴത്തെ സാഹചര്യത്തിൽ ജൂണിയറായ മാർ ഗ്രീഗോറിയോസിനെ പൊക്കി എടുക്കുന്നതിന് പ്രസക്തിയില്ലെന്നും മറ്റുമുള്ള മാർ പീലക്സിനോസിന്റെ അഭിപ്രായത്തോട് സീനിയർ ആയ തോമസ് തീമോത്തിയോസ് തുടങ്ങി പല മെത്രാന്മാരും അണിചേർന്നതോടെ അവകാശത്തർക്കങ്ങൾ മറനീക്കി ശക്തമായി പുറത്തുവന്നു തുടങ്ങി. ശ്രേഷ്ഠബാവായുടെ സമരമുഖത്തുനിന്നു സീനിയർ മെത്രാന്മാരെല്ലാം വിട്ടുനിന്നതും ഇതിന്റെ ഭാഗമാണ്.

വളർന്നുകൊണ്ടിരിക്കുന്ന ഈ തർക്കത്തെ സംബന്ധിച്ച് ഓർത്തഡോക്സ് സഭയ്ക്ക് എന്തെങ്കിലും പ്രതികരണമുണ്ടോ എന്ന് പത്രപ്രതിനിധികൾ അന്വേഷിച്ചപ്പോൾ "അത് അവരുടെ ആഭ്യന്തര പ്രശ്നമാണ്. അതിൽ ഇടപെടാൻ പാടില്ലെന്നുള്ള ഒരു തത്വമാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നതെന്നും ആ തത്വം മുഖവിലയ്ക്കു തന്നെ എടുക്കുന്നു" എന്നുമാണ് ഓർത്തഡോക്സ് സഭയിലെ ഒരു സീനിയർ മെത്രാപ്പോലീത്താ പ്രതികരിച്ചത്.

അദ്ധ്യായം 12

മാലാഖ അരിയുന്ന നാവ്

ജപ്പാൻകാരുടെ ഇടയിൽ ഒരു കഥയുണ്ട്. ഒരു കർഷകൻ മരിച്ചു. അയാളുടെ ആത്മാവ് പരലോകത്ത് എത്തിയപ്പോൾ ഒരു ദൂതൻ വന്ന് അയാളുടെ കൈപിടിച്ച് സ്വർഗ്ഗത്തിന്റെ മൂന്നാം തട്ടിലേക്കു കൊണ്ടുപോയി. നേരത്തെ മരിച്ചുപോയിരുന്ന ഒരു ചെറുപ്പക്കാരന്റേയും ഒരു പുരോഹിതന്റേയും നിഴൽ മുന്നിൽ നീങ്ങുന്നതുകണ്ട് ദൂതനോടു ചോദിച്ചു, "ആരാണവർ?"

"ആദ്യം പോകുന്നത് ദുർമാർഗ്ഗിയായി ജീവിച്ച ഒരു ചെറുപ്പക്കാരനും പിന്നാലെ പോകുന്നത് ഒരു പുരോഹിതനും."

കർഷകൻ നടപ്പിനു വേഗം കൂട്ടി മുന്നിൽ പോയവരുടെ ഒപ്പമെത്തി. എന്താണവർക്കു സംഭവിക്കുന്നതെന്നറിയാൻ അയാൾ സൂക്ഷിച്ചു നോക്കി.

ചെറുപ്പക്കാരന്റെ രണ്ടു ചെവികളും ഒരു മാലാഖ വന്ന് മുറിച്ചെടുത്ത് ഒരു പേടകത്തിലിട്ട് സ്വർഗ്ഗത്തിന്റെ മുകളിലുള്ള തട്ടിലേക്ക് കൊണ്ടു പോയി.

തുടർന്ന് മറ്റൊരു മാലാഖ വന്ന് പുരോഹിതന്റെ നാവ് മുറിച്ചെടുത്ത് ഒരു ചെല്ലത്തിലിട്ട് സ്വർഗ്ഗത്തിന്റെ മുകൾത്തട്ടിലേക്ക് കൊണ്ടുപോയി.

"എന്താണിങ്ങനെ?" കർഷകന്റെ ആത്മാവിന് ഉത്ക്കണ്ഠയായി. "ഇങ്ങനെയാണോ ഓരോരുത്തരോടും ചെയ്യുന്നത്?"

ദൂതൻ പറഞ്ഞു: "ആദ്യം കണ്ട ചെറുപ്പക്കാരൻ നല്ല ആശയങ്ങൾ എന്തും കേൾക്കാൻ ഉത്സുകനായിരുന്നു. എന്നാൽ ഒരിക്കലും കേട്ട നല്ല കാര്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കിയിട്ടില്ല."

"പുരോഹിതന്റെ കാര്യമോ?"

"അയാളുടെ കാര്യം നേരെ മറിച്ചാണ്. നല്ല കാര്യങ്ങൾ പൊടിപ്പും തൊങ്ങലും വച്ചു പറയും. ആരേയും വിശ്വസിപ്പിക്കത്തക്കവണ്ണം ഉപദേശങ്ങൾ പറയാൻ അദ്ദേഹം വിരുതനായിരുന്നു. പക്ഷേ ഒരു കുഴപ്പം."

"എന്താണു കുഴപ്പം?"

"ആ പുരോഹിതൻ താൻ പറയുന്ന ഒരു കാര്യവും പ്രവർത്തിച്ചിട്ടില്ല. എല്ലാം മറ്റുള്ളവർക്കുവേണ്ടി എന്ന മട്ടിൽ നാക്കുകൊണ്ടു മാത്രം പ്രവർ

ത്തിച്ചു, അയാളുടെ നാവിനു പ്രതിഫലം കിട്ടി. അതാണ് അയാളുടെ നാവു മാത്രം മുറിച്ചെടുത്തത്."

ദൂതൻ പറഞ്ഞവസാനിച്ചപ്പോൾ "ഡും ഡും" എന്ന് വലിയൊരു ശബ്ദം കേട്ടു. കാതും നാവും മുറിച്ചെടുക്കപ്പെട്ട ചെറുപ്പക്കാരനെയും പുരോഹിതനെയും താഴെ നരകത്തിലേക്കു തള്ളിയിടുന്നതിന്റെ ശബ്ദമായിരുന്നു അത്.

ഈ കഥ വായിച്ചു കഴിഞ്ഞപ്പോൾ ഒരു പാത്രിയർക്കീസു കക്ഷിക്കാരൻ പ്രതികരിച്ചതിങ്ങനെയാണ്, "അപ്പോൾ നമ്മുടെ ശ്രേഷ്ഠബാവായുടെ കാര്യം പോക്കാ അല്യോ? ശപിക്കുന്ന നാവു പോലും സ്വർഗ്ഗത്തിൽ കയറ്റുമോ എന്നാണിപ്പോൾ സംശയം."

പറയാൻ എളുപ്പമുണ്ട്. പക്ഷേ പ്രവർത്തിക്കാൻ വിഷമമാണ്. വാക്കുകൊണ്ട് എല്ലാ കാര്യങ്ങളും സാധിക്കാമെന്ന് കരുതുന്നവർ പ്രവൃത്തിയിലേക്ക് കടക്കാറില്ല. വാക്കിന്റെ പിന്നാലെ പ്രവൃത്തി കൂടി വരുമ്പോഴാണ് പൂർണ്ണമാകുന്നത്. അതുകൊണ്ടാണ് "പ്രവൃത്തിയില്ലാത്ത വിശ്വാസം ചത്തതാണെ"ന്ന് ശ്ലീഹാ പഠിപ്പിച്ചത്.

ശ്രേഷ്ഠ ബാവായുടെ പ്രാർത്ഥിക്കുന്ന നാവിൽ നിന്ന് എന്നും തുപ്പുന്നത് വിഷം കലർന്ന വാക്കുകളാണ്. ഹൃദയം നിറയുന്നതല്ലേ വായ് സംസാരിക്കുന്നത്. "എന്റെ വായിക്ക് ഒരു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് ഒരു സൂക്ഷിപ്പുകാരനെയും നിയമിക്കണമെ" എന്നു തിരുമേനിയും എന്നും പ്രാർത്ഥിക്കുന്നതാണ്. ഒരു പക്ഷേ അത് മനസ്സിൽ തട്ടാതെ ഉരുവിടുന്നതാവാം.

വി. മാതാവിന്റെ നാമത്തിലുള്ള ഒരു തീർത്ഥാടന കേന്ദ്രമാണല്ലോ മണർകാട് പള്ളി. അതിനെ കഴിഞ്ഞയിടെ "മരിയൻ തീർത്ഥാടന കേന്ദ്ര"മാക്കിയത് എട്ടുനോമ്പിന്റെ അവസാന ദിവസമാണ്. ആ വലിയ ചടങ്ങിൽ പാത്രിയർക്കീസിന്റെ പ്രതിനിധി എന്ന പേരിൽ ഒരു യുസ്തിനോസ് പൗലോസ് സഫറും സംബന്ധിച്ചിരുന്നു.

ആ നല്ല നാമകരണച്ചടങ്ങിൽ ശ്രേഷ്ഠബാവാ പ്രസംഗിക്കാൻ എഴുന്നേറ്റു. അദ്ദേഹം പ്രസംഗിക്കുന്നത് മരിയഭക്തിയെക്കുറിച്ച് ആയിരിക്കുമെന്ന് പ്രതീക്ഷിച്ച് ജനക്കൂട്ടം കാതു കൂർപ്പിച്ചു. പറഞ്ഞതോ? "ഉമ്മൻ ചാണ്ടി നയിക്കുന്ന കേരള സർക്കാരിന് കടുത്ത ശിക്ഷ വരും" എന്നു ശപിച്ചുകൊണ്ടാണ് അദ്ദേഹം മരിയഭക്തി പ്രകടിപ്പിച്ചത്. വീണ്ടും അദ്ദേഹം തുടർന്നു, ആലുവാ സെമിനാരി പ്രശ്നത്തിൽ സർക്കാർ പരിഹാരം കാണാത്തിടത്തോളം കാലം ദൈവത്തിന്റേയും മനുഷ്യന്റേയും കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും.

പരിസരബോധം മറന്ന്, ദൈവമാതാവിനെയും മറന്ന് അദ്ദേഹത്തിന്റെ പ്രസംഗം കത്തിക്കയറിയപ്പോൾ മലയാളം അറിഞ്ഞു കൂടാത്ത ബിഷപ്പ് സഫർ വിചാരിച്ചത് മരിയഭക്തിയുടെ ലഹരിയിൽ കത്തിക്കസറുകയായിരിക്കും എന്നായിരുന്നു. ആവേശം മൂത്ത പാത്രിയർക്കീസ് ഭക്തർ കൈയടിച്ചു പ്രോത്സാഹിപ്പിച്ചപ്പോൾ കുറഞ്ഞപക്ഷം പ്രസംഗത്തിന്റെ സാരാംശമെങ്കിലും ഒന്നു തർജ്ജിമ ചെയ്തു പറയാമോ എന്ന് അടുത്തിരുന്ന ഒരു മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടെന്നും അദ്ദേഹം പ്രസംഗസാരം തർജ്ജിമ ചെയ്തത് "ബാവാ വലിയ മരിയഭക്തനാണ്. ദൈവമാതാവിന്റെ മദ്ധ്യസ്ഥതയെപ്പറ്റിയാണ് അദ്ദേഹം പറയുന്നത്" എന്നായിരുന്നെന്നും കേട്ടിട്ടുണ്ട്.

പണ്ടൊരു "ശീമ ബാവാ"യെ കുന്നംകുളത്തുകാരായ പാത്രിയർക്കീസുകാർ ചെണ്ടകൊട്ടിച്ച കഥ കുന്നംകുളത്തുകാരുടെ ഇടയിൽ പറഞ്ഞു വരുന്നുണ്ട്. ആ ശീമ 'ബാവാ' കുന്നംകുളത്തെ സിംഹാസനപ്പള്ളിയിലായിരുന്നു താമസിച്ചിരുന്നത്. ശീമബാവായുടെ അനുഗ്രഹം തേടി ഭക്തജനങ്ങൾ, പ്രത്യേകിച്ച് സ്ത്രീജനങ്ങൾ വന്നുകൊണ്ടിരുന്നു. ശീമക്കാരന്റെ കഞ്ഞി ബാക്കി കുടിച്ചാൽ പത്തായത്തിൽ നെൽമണി വർദ്ധിച്ചു വരുമെന്നും വന്ധ്യകൾക്കു സന്താനലാഭം കിട്ടുമെന്നും നേരത്തെ ആ സിംഹാസനഭക്തരുടെ ഇടയിൽ കഥ പ്രചരിച്ചിരുന്നതുകൊണ്ട് ആ സൗഭാഗ്യം തേടിയാണ് അധികം ആളുകളും എത്തിയത്. പാവം ശീമക്കാരന് സ്വന്തം ഭാഷയല്ലാതെ ഒന്നും അറികയില്ല. വരുന്ന സ്ത്രീകളോട് "സുഖമാണോ" എന്നെങ്കിലും മലയാളത്തിൽ കുശലം ചോദിച്ചാൽ കൊള്ളാമെന്ന് ആ ശീമ മെത്രാന് തോന്നി. "How are you?" എന്നതിന്റെ മലയാളം പറഞ്ഞു തരാൻ തന്നെ സന്ദർശിച്ച ഒരു ഭക്തനോട് ആവശ്യപ്പെട്ടു. "ഈ ശീമ തിരുമേനി ഇപ്പോൾ പെണ്ണുങ്ങളോട് എന്തിനാ മലയാളത്തിൽ കുശലം ചോദിക്കുന്നേ?" ഭക്തന്റെ ഉള്ളിൽ സംശയത്തിന്റെ നാമ്പു മുളച്ചു. ഏതായാലും ഇദ്ദേഹത്തെ ഒന്നു ചെണ്ടകൊട്ടിക്കണം. ഭക്തൻ പറഞ്ഞു കൊടുത്തു, "എനിക്ക്" ശീമത്തിരുമേനി പറഞ്ഞു "എനിച്ച്" - അങ്ങനെയല്ല, "എനിക്ക്." ഏനിച്ച് "പെണ്ണ്" - പെണ്ണ് മെത്രാനും ഉച്ചരിച്ചു. "കെട്ടണം" 'കേറ്റണം' അങ്ങനെയല്ല 'കെട്ടണം' 'കേട്ടെണം."

തിരുമേനി പഠിച്ചു "എനിച്ച് പെണ്ണു കേട്ടണം."

പിന്നീടു വന്ന് കൈമുത്തി ഓഛാനിച്ചു നിന്ന സ്ത്രീയോട് അദ്ദേഹം കുശലം ചോദിച്ചു "ഏനിച്ച് പെണ്ണു കേട്ടണം." സ്ത്രീയുടെ മുഖം വാടി. അവൾ ഓടിപ്പോയി. പിന്നെ വന്നവരോടെല്ലാം പരിശുദ്ധ തിരുമേനി എനിക്കു പെണ്ണു കെട്ടണമെന്നാവശ്യപ്പെട്ടപ്പോൾ "ഇയാൾ ഞരമ്പുരോഗി

യാണെന്നു പറഞ്ഞു ജനം വിടവാങ്ങി എന്നാണ് കഥ - ശരിയോ തെറ്റോ എന്നറിഞ്ഞു കൂടാ.

ഏതായാലും ഉമ്മൻചാണ്ടിയെ ശപിച്ചു മരിയഭക്തി പ്രകടിപ്പിക്കുന്ന ശ്രേഷ്ഠ ബാവായെ ശീമക്കാരൻ തിരുമേനി മനസ്സാ പുകഴ്ത്തി.

വേറൊരു രംഗം കൂടി കാണിച്ചിട്ട് ഈ ഭാഗം വിടാം. ഇപ്പോഴത്തെ പാത്രിയർക്കീസു ബാവായുടെ സ്ഥാനാരോഹണ ജൂബിലിയിൽ സംബന്ധിപ്പാൻ ശ്രേഷ്ഠബാവാ ഒരുങ്ങുകയായിരുന്നു. ആ മീറ്റിംഗിൽ അദ്ദേഹം പറഞ്ഞു, "സഭയെ ദ്രോഹിക്കുന്നവർ അടുത്ത തെരഞ്ഞെടുപ്പിൽ തോൽക്കും. 78-ൽ ആലുവായിൽ മർദ്ദിച്ചവരേയും അന്നത്തെ ദീവന്നാസ്യോസിനെ വിലങ്ങ് അണിയിച്ചവരേയും എതിർക്കേണ്ടേ? ഈ ജൂലൈ 4-ന് നടന്നതിനേക്കാൾ ക്രൂരമായിരുന്നു 78-ലെ മർദ്ദനം. ഞങ്ങൾ പള്ളികൾ പിടിച്ചെടുക്കുന്നത് ക്രിസ്തീയ മാർഗ്ഗത്തിലായിരിക്കും" എന്ന് ശപിച്ചിട്ടാണ് ആ പിതാവ് ദമാസ്കസിനു വണ്ടി കയറിയത്.

പഴയസെമിനാരിക്കുടുംബത്തിന് ഒരു ദാരുണ നഷ്ടം

കോട്ടയം വൈദിക വിദ്യാർത്ഥികളുടെ വാർഷിക വിനോദയാത്രാമദ്ധ്യേ വിദ്യാർത്ഥികളായ ഹരിപ്പാട് പടിഞ്ഞാറെനട മുട്ടത്തേത് രാജൻ ഡി. രാജൻ ശെമ്മാശനും (26) മീനടം പല്ലാട്ട് ജോബി മാത്യു (25) ഗോവാക്കടലിൽ മുങ്ങിമരിച്ചു. ഇരുവരുടേയും മൃതദേഹങ്ങൾ മൂന്നു ദിവസത്തെ തീരഗാർഡിന്റേയും ഹെലികോപ്ടറിന്റേയും തിരച്ചിലിനു ശേഷം തീരത്തുനിന്നും അഞ്ചു കിലോമീറ്റർ അകലെ കണ്ടെത്തി. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ പ്രത്യേക നിർദ്ദേശപ്രകാരം ഫയർ ആൻഡ് എമർജൻസി സർവ്വീസസ് മേധാവി ഡോ. പി. കെ. ജോണിന്റെ നേതൃത്വത്തിൽ ഫയർ ഫോഴ്സും തീരദേശ സേനയും സംയുക്തമായി പ്രത്യേക സംഘം നടത്തിയ തിരച്ചിലിനൊടുവിലാണ് മൃതദേഹങ്ങൾ കണ്ടെത്തിയത്.

മെഡിക്കൽ കോളജിലെ പോസ്റ്റുമോർട്ടത്തിനു ശേഷം മൃതദേഹങ്ങൾ റിബന്ദർ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ കൊണ്ടുവന്നു പ്രാർത്ഥനകൾ നടത്തി.

സെമിനാരി പ്രിൻസിപ്പൻ ഫാ. ഡോ. കെ. എം. ജോർജ്ജിന്റെ നേതൃത്വത്തിൽ സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ മൃതദേഹങ്ങൾ ഏറ്റുവാങ്ങി, പഴയസെമിനാരിയിൽ എത്തിച്ചു.

അവിടത്തെ പൊതുദർശനത്തിനു ശേഷം രാജൻ ശെമ്മാശന്റെ മൃതദേഹം ഹരിപ്പാട് ഠാണപ്പടി സെന്റ് ജോർജ്ജ് പള്ളിയിൽ നിയുക്ത ബാവായുടെ കാർമ്മികത്വത്തിലും ജോബി മാത്യുവിന്റെ മൃതദേഹം മീനടം

കിഴക്ക് സെന്റ് ജോർജ്ജ് പള്ളിയിൽ പ. ബാവായുടെ കാർമ്മികത്വത്തിലും അടക്കം ചെയ്തു.

അലസിപ്പോയ വിചിത്രമായ ഒരു വിവാഹം

വിവാഹം ഒരു സാധാരണക്കാരന്റേതല്ല. ഓർത്തഡോക്സ് സഭയിലെ ഒരു സുപ്രസിദ്ധ മെത്രാപ്പോലീത്തായുടെ കല്യാണക്കാര്യമാണ് ഇപ്പോൾ പുറത്തു വന്നത്. വായനക്കാർക്ക് രസാവഹമായിരിക്കും.

രണ്ടു പ്രാവശ്യം മലങ്കര സുറിയാനി അസ്സോസിയേഷൻ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തിട്ടും ഒഴിഞ്ഞുമാറിയ ശേഷം സഭയുടെ സമ്മർദ്ദം ഏറിവന്നപ്പോൾ 1953-ൽ വേറെ നാലു പിതാക്കന്മാരോടൊപ്പം ഏറ്റം സീനിയറായ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് മഹാപൗരോഹിത്യത്തിലേക്കു വരുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ കല്യാണം, ശെമ്മാശനായിരുന്നപ്പോൾ ഉറപ്പിച്ച് വധുവിന്റെ പിതാവ് അയച്ച ഒരു ക്ഷണക്കുറിയുടെ കോപ്പി ഈയിടെ പ്രസിദ്ധീകൃതമായി.

എന്റെ ..... അറിയേണ്ടും അവസ്ഥ

എന്റെ മകൾ ശോശമ്മയെ പുതുപ്പള്ളിയിൽ വല്യപാറേട്ട് മാത്തുച്ചന്റെ മകൻ മാത്തു ശെമ്മാശനെക്കൊണ്ട് ഈ മാസം ..... തീയതി മാവേലിക്കര പുതിയകാവു പള്ളിയിൽ വച്ച് വിവാഹം നടത്തുന്നതിന് നിശ്ചയിച്ചിരിക്കയാൽ ആ അവസരത്തിൽ താങ്കൾ എല്ലാവരും മുൻകൂട്ടി വന്ന് വിവാഹാടിയന്തിരത്തിൽ വേണ്ടപ്രകാരം സംബന്ധിച്ചുകൊള്ളുമാറാകണം.

ഈ അവസ്ഥയ്ക്കു എഴുതിയത്,

ഉഴത്തിലായ കുന്നിക്കൽ മത്തായി മത്തായി

മാവേലിക്കര

മകരം 1

ഈ ക്ഷണക്കുറിയിലെ വധൂവരന്മാർ ആരെന്ന് തിരിച്ചറിയാൻ ഈ തലമുറയിലെ പലർക്കും കഴിഞ്ഞെന്നു വരികയില്ല. എന്നാൽ പഴയ തലമുറയിലെ എല്ലാവർക്കും വല്യപാറേട്ട് മാത്തൂച്ചന്റെ മകൻ മാത്യു ശെമ്മാശനെ നല്ല പരിചയമുണ്ട്. ശെമ്മാച്ചനും അച്ചനും ആയിരുന്നപ്പോൾ പ. വട്ടശ്ശേരിൽ തിരുമേനിയുടെ മനസാക്ഷി സൂക്ഷിപ്പുകാരനായി അറിയപ്പെട്ട അദ്ദേഹമാണ് പിൽക്കാലത്ത് കോട്ടയം മെത്രാപ്പോലീത്താ ആയി ഉയർത്തപ്പെട്ടത്.

വധു ശോശമ്മയോ? ചേപ്പാട്ടു പുളിമൂട്ടിൽ കുടുംബാംഗവും. ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്ന ഫിലിപ്പോസ് മാത്യുവാണ് കല്യാണമുറ

പ്പിനു ശേഷമുള്ള ആ കുറി പ്രസിദ്ധീകരണത്തിനു ഇപ്പോൾ നൽകിയത്. അദ്ദേഹം പറയുന്നതു കേൾക്കുക: "എന്റെ പിതൃമാതാവിന്റെ സഹോദരിയാണ് ഈ വധു ശോശമ്മ. പിൽക്കാലത്ത് മാവേലിക്കര നിന്നു പത്തനാപുരം സന്യാസിനി മഠത്തിന്റെ സ്ഥാപകയായിത്തീർന്ന സൂസന്ന. അന്ന് ശെമ്മാശനായിരുന്ന മാത്തു ശെമ്മാശനുമായി സൂസന്നയുടെ വിവാഹം ഉറപ്പിച്ചിരുന്നു. എന്നാൽ ആ വിവാഹത്തലേന്ന് ഇരുവരും പരസ്പരം ദൈവരാജ്യത്തിനു വേണ്ടി മണവാളനും മണവാട്ടിയും ആകാൻ തീരുമാനിച്ച് വിവാഹത്തിൽ നിന്നു പിൻമാറി. അത്ര വിശ്വാസ സ്ഥിരതയുള്ളതായിരുന്നു അവരുടെ ജീവിതം!"

പാറേട്ടു മാത്യൂസ് മാർ ഈവാനിയോസിന്റെയും മദർ സൂസന്നയുടെയും ദൈവവിളി ഇന്ന് എത്രപേർക്ക് മനസ്സിലാകും. ജന്മനാ ഷണ്ഡന്മാരായവരുടെയും മനുഷ്യരാൽ ഷണ്ഡന്മാരാക്കപ്പെട്ടവരുടെയും കാര്യം സൂചിപ്പിച്ചശേഷം ദൈവരാജ്യത്തെപ്രതി ഷണ്ഡന്മാരായ ചിലരെക്കുറിച്ചു കർത്താവ് പ്രതിപാദിച്ചിട്ടുണ്ട്. വൈവാഹിക ജീവിതത്തിന്റെ സൗഭാഗ്യങ്ങൾ കൺമുന്നിൽ തെളിഞ്ഞു വന്നപ്പോഴും അതിനെ ദൈവസ്നേഹത്തെ പ്രതി തട്ടിത്തെറിപ്പിച്ച ഈവാനിയോസ് തിരുമേനിയുടെ മാതൃക എത്രയോ മഹത്തരം!!

അദ്ധ്യായം 13

കാണാലോകത്തിന്റെ മർമ്മങ്ങൾ

മനുഷ്യന്റെ ആത്മാവിനെക്കുറിച്ചും വീഴ്ചയുള്ള സ്വഭാവത്തിൽ നിന്നും പാപത്തിൽ നിന്നും ഉള്ള വിടുതലിനെക്കുറിച്ചും സഭ നൽകുന്ന കാഴ്ചപ്പാടും വെളിച്ചവും അതുല്യമാണ്.

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പ്രസംഗങ്ങളിലെല്ലാം സഭയുടെ ഈ പഠിപ്പിക്കലിന് ഊന്നൽ കൊടുക്കുക പതിവായിരുന്നു. മരണാനന്തര പരലോക ജീവനും നിത്യജീവിതവും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ നിറഞ്ഞു നിന്നു. കാണാലോകത്തിന്റെ മർമ്മങ്ങൾ ലളിതസുന്ദരമായ ഭാഷയിൽ അദ്ദേഹത്തിന്റെ നാവിലൂടെ ഊർന്നു വീഴുമ്പോൾ കേൾവിക്കാരുടെ കണ്ണുകളിൽ ഈറനണിയുക പതിവാണ്.

മനുഷ്യൻ ആരാണ്? സൃഷ്ടികളുടെ മകുടമായ മനുഷ്യൻ ഒരു അത്ഭുത പ്രതിഭാസമാണ്. പക്ഷേ ആ സൃഷ്ടിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിഭിന്നങ്ങളാണ്.

മതേതര സിദ്ധാന്തികൾ കണക്കുകളുടെ കസർത്തുകൊണ്ട് മനുഷ്യന് കേവലം 20 രൂപായിൽ താഴെ മാത്രമേ വില കൽപ്പിക്കുന്നുള്ളു. അവരുടെ കണക്കുകൾ കൂട്ടിപ്പറയുമ്പോൾ മനുഷ്യശരീരത്തിൽ 20 രൂപായ്ക്കുള്ള സാധനങ്ങളെ ഉള്ളു.

ഏഴു സോപ്പുണ്ടാക്കാനുള്ള കൊഴുപ്പ്. ഒരു ചെറിയ ആണിയിലെ ഇരുമ്പ്. ചെറിയ പഞ്ചസാരപാത്രത്തിലടങ്ങുന്ന പഞ്ചസാര. ഒരു കോഴിക്കൂട് വെള്ളയടിക്കാനുള്ള ചുണ്ണാമ്പ്. ഒരു കൈത്തോക്കു പൊട്ടിക്കാനുള്ള പൊട്ടാസ്യം. ഒരു ഡോസു മരുന്നിനുള്ള മഗ്നീഷ്യം. 200 തീപ്പെട്ടി കൊള്ളിയുടെ അറ്റത്തു വയ്ക്കാനുള്ള ഫോസ്ഫറസ്. കുറച്ചു സൾഫർ.

ഇവയാണ് ഒരു സാധാരണ മനുഷ്യശരീരത്തിലുള്ളത്. ഇത്ര വില കുറഞ്ഞ ഈ മനുഷ്യശരീരത്തിന്റെ ആനന്ദം പകരാനാണ് തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന സിദ്ധാന്തം അവർ പ്രചരിപ്പിച്ചത്.

ഭൗതികവാദികൾ. അവർക്കു മനുഷ്യൻ ഒരു കമ്പ്യൂട്ടറാണ്. പരിണാമ പ്രക്രിയയിലെ ഒരു കണ്ണി മാത്രം. സുഖദുഃഖങ്ങളുള്ള ഒരു സമൂഹസൃഷ്ടിയാണ് മനുഷ്യൻ. ധനത്തിനുള്ള പരക്കം പാച്ചിൽ, ഭക്ഷണക്കൊതി, മനസ്സ്, വികാര വിചാരങ്ങളുടെ ഒരു രജിസ്റ്റർ, ചുരുക്കത്തിൽ മനുഷ്യൻ ഉയർന്ന ഒരു ഇരുകാലി മൃഗമാണ്.

ഈ മേൽപ്പറഞ്ഞ രണ്ടു കൂട്ടരും മനുഷ്യന്റെ ആത്മീയതലത്തെക്കു

റിച്ച് അന്ധരാണ്. ആത്മാവിനെക്കുറിച്ച് അവർക്ക് ഒന്നും പറയാനില്ല, പറയാനറിയില്ല.

സഭ ഇവിടെയാണ് വലിയ സത്യം തുറന്നു കാട്ടുന്നത്. മനുഷ്യന്റെ വിലയേറിയ ആത്മാവിനെക്കുറിച്ച്, മരണാനന്തര ജീവിതത്തെക്കുറിച്ച്, നിത്യജീവിതത്തെക്കുറിച്ച്, സഭ ലോകത്തിനു അത്ഭുതകരമായ കാഴ്ച പ്പാടാണ് നൽകുന്നത്.

ഈ സഭയുടെ സനാതന തത്വമാണ് മൈലപ്രാ മാത്യൂസ് റമ്പാച്ചന്റെ ഓർമ്മനാളിൽ തടിച്ചുകൂടിയ വിശ്വാസിസമൂഹത്തോട് മാർ മക്കാറിയോസ് തിരുമേനിക്കു പ്രസംഗിക്കാനുണ്ടായിരുന്നത്. സന്യാസിവര്യനും ഉയർന്ന മാനദണ്ഡത്തിന് ഉടമയുമായിരുന്ന റമ്പാച്ചനെക്കുറിച്ച് പ്രസംഗിച്ചപ്പോൾ പരലോക ജീവിതത്തിന്റെ അപ്രത്യക്ഷമായ നിഗൂഢ രഹസ്യ മേഖല കൾ മാർ മക്കാറിയോസ് തുറന്നുവച്ചു. റമ്പാച്ചൻ സഭയ്ക്കു നൽകിയ ഏറ്റം വലിയ ദാനം കണ്ണീരായിരുന്നു. പിതാക്കന്മാരുടെ കണ്ണീരാണ് ഈ സഭയെ നിലനിർത്തുന്നതെന്ന് തിരുമേനി അനുസ്മരിച്ചു.

മാർ മക്കാറിയോസ് പ്രശ്നപരിഹാരകന്റെ റോളിൽ വിധിനിർണ്ണായകമായ ഒരു മാനേജിംഗ് കമ്മിറ്റിയും ത്യാഗസുന്ദരമായ ഒരു സ്ഥാനത്യാഗവും

പ. മാത്യൂസ് ദിതീയൻ ബാവാ കൂടുതൽ ക്ഷീണിതനും ശയ്യാവലം ബിയും ആയതോടെ സഭാഭരണക്രമം ഏറെക്കുറെ തകർച്ചയിലേക്ക് നീങ്ങിത്തുടങ്ങി. എല്ലാറ്റിന്റേയും അവസാന വാക്ക് കാതോലിക്കാ ആയ തുകൊണ്ട് നിയുക്ത ബാവായ്ക്ക് ഫലപ്രദമായി ഒന്നും ചെയ്യാനാവാത്ത സ്ഥിതിയും. അതുകൊണ്ട് സ്ഥാനം ഒഴിയുന്നതിന് പ. ബാവായുടെ സമ്മതം വാങ്ങാൻ മാർ അത്താനാസ്യോസ്, മാർ എപ്പിപ്പാനിയോസ്, ഫാ. ഒ. തോമസ്, അലക്സാണ്ടർ കാരയ്ക്കൽ, പി. സി. ഏബ്രഹാം എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയമിക്കയും പ. ബാവാ സ്ഥാനം ഒഴിയുംവരെ നിയുക്തബാവാ ദേവലോകത്തു താമസിച്ച് ഭരണകാര്യ ങ്ങൾ നിയന്ത്രിക്കുന്നതിനും മേൽപ്പറഞ്ഞ കമ്മിറ്റി ഭരണകാര്യങ്ങളിൽ നിയുക്ത ബാവായെ സഹായിക്കുന്നതിനും തീരുമാനമെടുത്തു.

ആ തീരുമാനത്തിനെതിരായി നിയമതടസ്സവാദങ്ങൾ ഉന്നയിച്ചു കൊണ്ട് ബാവാ ഈ സമയം രാജിവയ്ക്കുന്നതിനെതിരെ ബാവായുടെ വക്കീൽ നിലകൊണ്ടത്രെ. കേസിൽ ഒരു പിൻഗാമിയെ വാദി ആക്കു വാൻ കാലതാമസം നേരിടുമെന്നും വക്കീൽ അഭിപ്രായപ്പെട്ടു. എന്നാൽ കേസ് ഉടനെ ഒന്നും സുപ്രീംകോടതി എടുക്കുന്ന മട്ടൊന്നും കാണാത്ത തിനാൽ വക്കീലിന്റെ വാദം ബാലിശമായിത്തള്ളണമെന്ന് വേറൊരു

ചിന്താഗതിയും സഭയിൽ പ്രബലപ്പെട്ടു. ഏതായാലും ബാവായുടെ ആരോഗ്യനിലയും ക്ഷീണവും സഭയിലെ ഭരണസ്തംഭനത്തിനിടയാക്കിത്തീർത്തു.

മാർ മക്കാറിയോസ് മാനേജിംഗ് കമ്മിറ്റിയിൽ

ഇത്തരുണത്തിലാണ് മക്കാറിയോസ് തിരുമേനി നാട്ടിൽ എത്തിയതും മാനേജിംഗ് കമ്മിറ്റിയുടെ തുടർ മീറ്റിംഗുകളിൽ സംബന്ധിച്ചതും. തിരുമേനി കമ്മിറ്റിയിൽ കടന്നുവന്നതോടെ ഈ സ്തംഭനാവസ്ഥ നീക്കുവാൻ അദ്ദേഹത്തിനു കഴിയുമെന്നുള്ള പ്രതീക്ഷയിൽ എല്ലാവരുടെയും കണ്ണുകൾ തിരുമേനിയിലേക്കു പതിഞ്ഞു.

പ. ബാവായെ വീണ്ടും കണ്ട് വിവരങ്ങൾ ധരിപ്പിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനും മാനേജിംഗ് കമ്മിറ്റി ഒരു ഏകാംഗ കമ്മീഷനായി മാർ മക്കാറിയോസിനെ ചുമതലപ്പെടുത്തി. ബാവായെ മാർ മക്കാറിയോസ് സന്ദർശിച്ച് ഭരണസ്തംഭനത്തെക്കുറിച്ചു സംസാരിച്ചു. എന്നാൽ ''സ്ഥാനത്യാഗത്തിന് വക്കീൽ സമ്മതിക്കുന്നില്ല'' എന്നു പറഞ്ഞ് ഒഴിഞ്ഞു മാറി. പ. ബാവായ്ക്ക് ഈ രോഗാവസ്ഥയിൽ ഭാരിച്ച ഭരണഭാരം ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ട്, ബാവായുടെ വാർദ്ധക്യം, അനാരോഗ്യം എന്നിവയിൽ നിന്നു മധ്യവർത്തികൾ മുതലെടുക്കുന്നുവെന്ന ജനസംസാരം, അടിമുടി സഭയിൽ വർദ്ധിച്ചുവരുന്ന ശിക്ഷണരാഹിത്യം മൂലം ഉണ്ടാകുന്ന അരാജകത്വം തുടങ്ങിയവയെല്ലാം ബാവായെ മെത്രാപ്പോലീത്താ ധരിപ്പിച്ചു.

എന്നിട്ടും "വക്കീലുമായി ആലോചിച്ചിട്ടേ തന്റെ തീരുമാനം അറിയിക്കാൻ പറ്റൂ" എന്ന നിലപാടിൽ ബാവാ ഉറച്ചുനിന്നു.

മാർ മക്കാറിയോസ് തിരിച്ചു വന്നു. തീമോത്തിയോസ് മെത്രാപ്പോലീത്തായെക്കൊണ്ട് ഒരു "കൊച്ചു സുന്നഹദോസ്" പെട്ടെന്നു വിളിച്ചു ചേർത്തു. ആ മീറ്റിംഗിൽ സഹോദര മെത്രാപ്പോലീത്തന്മാരെ തന്റെ ദൗത്യവിവരം വിശദമായി ധരിപ്പിച്ചശേഷം അദ്ദേഹം അവരോടു ചോദിച്ചു: "സഭയുടെ ഭാവി നിശ്ചയിക്കേണ്ടത് നമ്മളോ അതോ വക്കീലും ബാവായുടെ സഹായി അച്ചനുമാണോ?" മെത്രാച്ചന്മാർ ആ ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കാൻ ഒത്തൊരുമിച്ച് ചർച്ച നടത്തി. ഒടുവിൽ എല്ലാവരും ഒറ്റക്കെട്ടായി ഒരു നിഗമനത്തിൽ എത്തി. ഒറ്റ ശബ്ദമായി അവരുടേത്.

"നമ്മളാണ് സഭ ഭരിക്കേണ്ടത്."

"എന്നാൽ ഇനി ചില കാര്യങ്ങൾ ഇപ്പോൾ നമുക്കു നിശ്ചയിക്കാനുണ്ട്. അവ നടപ്പിലാക്കുകയും വേണം."

മക്കാറിയോസ് മെത്രാപ്പോലീത്താ തന്റെ സ്കീം പറഞ്ഞു.

1. നാം നിയുക്ത ബാവായുടെ സ്ഥാനാരോഹണം ഉടൻ നടത്തണം.

2. ആ വാഴ്ചയ്ക്കു നേതൃത്വം നൽകാൻ ബാവായെ ക്ഷണിക്കണം.

3. അതിന്റെ സ്ഥലവും തീയതിയും നിശ്ചയിക്കണം.

മെത്രാപ്പോലീത്തന്മാർ, സുഗമമായ കാര്യനടത്തിപ്പിനുള്ള ചർച്ചകൾ നടത്തി. കാതോലിക്കാ വാഴ്ചയുടെ സ്ഥലം പരുമല എന്നും തീയതി കൂദശ് ഈത്തോ ദിവസമെന്നും തീരുമാനിച്ചു.

ഇനി അവശേഷിക്കുന്ന അടിയന്തര നടപടികൾ രണ്ടുണ്ട്.

1. ഈ വിവരം ബാവായെ ധരിപ്പിച്ച് വാഴ്ചയ്ക്കു നേതൃത്വം നൽകാൻ ആവശ്യപ്പെടണം.

2. മാനേജിംഗ് കമ്മിറ്റിയിൽ ഈ കാര്യം അവതരിപ്പിക്കണം.

ഈ രണ്ടു കാര്യങ്ങളും ചെയ്യുന്നതിനുള്ള നേതൃത്വം മക്കാറിയോസ് തിരുമേനിക്കു തന്നെ നൽകി യോഗം പിരിഞ്ഞു.

പിറ്റേന്ന് കൂടിയ മാനേജിംഗ് കമ്മിറ്റിയിൽ, "ബാവാ സ്ഥാനമൊഴിയുന്നതിൽ സഭാ വക്കീൽ തടസ്സം നിൽക്കുന്നുവെങ്കിലും പുതിയ ബാവായുടെ സ്ഥാനാരോഹണം കൂദശ് ഈത്തോ ദിവസം പരുമല സെമിനാരിയിൽ വച്ചു നടത്താൻ മെത്രാപ്പോലീത്തന്മാരുടെ മീറ്റിംഗ് തീരുമാനിച്ചു" എന്നു മാർ മക്കാറിയോസ് പ്രഖ്യാപിച്ചതോടെ ഹർഷാരവത്തോടെ മാനേജിംഗ് കമ്മിറ്റി ആ തീരുമാനത്തെ ഐകകണ്ഠ്യേന സ്വീകരിച്ചു.

അന്ന് മാനേജിംഗ് കമ്മിറ്റി എടുത്ത തീരുമാനപ്രകാരം മാർ മക്കാറിയോസിന്റെ നേതൃത്വത്തിൽ ഒരു അഞ്ചംഗ സംഘം പ. ബാവായെ വീണ്ടും സന്ദർശിച്ചു. മെത്രാപ്പോലീത്തന്മാരുടെയും മാനേജിംഗ് കമ്മിറ്റിയുടെയും "വാഴ്ച സംബന്ധിച്ച തീരുമാനം" ബാവായെ അറിയിച്ചു.

ഇത്തവണ ഒരു യാചനാസ്വരമായിരുന്നില്ല മക്കാറിയോസിന്റെ ശബ്ദത്തിൽ ഉണ്ടായിരുന്നത്. അവർ പ്രതീക്ഷിച്ചതുപോലെ ബാവായുടെ കിടയ്ക്കയ്ക്കരികിൽ നിന്നിരുന്ന വക്കീലും ബാവായുടെ ശുശ്രൂഷകൻ അച്ചനും ചില തടസ്സവാദങ്ങൾ ഉന്നയിച്ചു. മക്കാറിയോസ് തിരുമേനി അൽപ്പം കർക്കശസ്വരത്തിൽ വക്കീലിന്റെ നേരെ തിരിഞ്ഞു പറഞ്ഞു, "വക്കീലേ ഞങ്ങൾ ബാവാതിരുമേനിയെ കണ്ടു ചില കാര്യങ്ങൾ അറിയിക്കാനാണ് വന്നത്. തന്റെ അഭിപ്രായം അറിയേണ്ട ആവശ്യമില്ല. സഭാഭരണത്തിന്റെ അന്ത്യവാക്ക് മെത്രാപ്പോലീത്തന്മാരാണ്."

വക്കീലിന്റെ മുഖം വീർത്തു, ശബ്ദം നിലച്ചു. എന്നിട്ട് മക്കാറിയോസ്,

പ. ബാവായുടെ നേരെ തിരിഞ്ഞു പറഞ്ഞു: "തിരുമേനീ! ഇന്നലെ സഭയുടെ ഇപ്പോഴത്തെ ഭരണസ്തംഭനവിവരം തിരുമേനിയെ പറഞ്ഞു ധരിപ്പിക്കാൻ ശ്രമിച്ചിരുന്നു. ഇന്നു വന്നത് പ. മെത്രാപ്പോലീത്തന്മാരുടെയും മാനേജിംഗ് കമ്മിറ്റിയുടെയുടെയും ഐകകണ്ഠ്യേനയുള്ള ഒരു തീരുമാനം തിരുമനസ്സറിയിക്കുന്നതിനാണ്."

മാർ മക്കാറിയോസ് തുടർന്നു: നിയുക്ത ബാവായെ അടുത്ത കൂദശ് ഈത്തോ ദിവസം പരുമല സെമിനാരിയിൽ വച്ച് കാതോലിക്കായായി അവരോധിക്കുവാൻ ഞങ്ങൾ തീരുമാനിച്ചു. ആ കാതോലിക്കാ വാഴ്ചയുടെ പ്രധാന കാർമ്മികത്വം അങ്ങു തന്നെ വഹിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. തിരുമേനിക്ക് അതിനു തക്ക ആരോഗ്യം തോന്നുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം സാന്നിധ്യംകൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണം. ഇനി എല്ലാം തിരുമേനിക്ക് തീരുമാനിക്കാം."

മക്കാറിയോസും ദൗത്യസംഘവും മറുപടിക്കു കാത്തുനിൽക്കാതെ മടങ്ങുകയും ചെയ്തു.

അതിനു പിന്നാലെ തന്നെ തന്റെ എല്ലാ അധികാരങ്ങളിൽ നിന്നും സ്ഥാനത്യാഗം ചെയ്തുകൊണ്ടുള്ള കത്തും മാർ തീമോത്തിയോസിനു ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടുള്ള കത്തും പ. ബാവാ കൊടുത്തയച്ചു.

ഒരു ജന്മദിന സമ്മാനം

പ. ബാവാ തിരുമേനി മാർ തീമോത്തിയോസിനു നൽകിയ സ്ഥാനത്യാഗ കൽപ്പനയുടെ പൂർണ്ണരൂപം.

172/2005

പ്രിയനെ, ആബൂനെ! ഇന്ന് ആബൂന്റെ ജന്മദിനമാണെന്നറിയുന്നു. ബലഹീനനായ നമ്മുടെ സ്നേഹചുംബനവും ആശംസകളും തരുന്നു. ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ആബൂനെ ഭരമേൽപ്പിക്കുവാൻ നാം അവസരം കാത്തിരിക്കുകയായിരുന്നു. ദൈവകൃപയാൽ ആബൂന്റെ ജന്മദിനമായ ഇന്ന് ആബൂൻ നമ്മെ കാണുവാൻ വരുന്നു എന്നറിയുന്നതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ആബൂനുവേണ്ടി നാം ദൈവസന്നിധിയിൽ നിരന്തരമായി പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ 1991 ഏപ്രിൽ 27-നു മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും 29-നു കാതോലിക്കാ സ്ഥാനവും നമ്മെ തിരുസഭ ഭരമേൽപ്പിച്ചു. ആബൂന്റെ സഹായത്തോടും അതിരറ്റ തുണയോടും കൂടെ ഇന്നുവരെ നാം അതിനെ പാലിക്കുവാൻ ദൈവാശ്രയത്തോടുകൂടി ശ്രമിച്ചു. വിക്ക

നായ മോശയെ ദൈവം നടത്തിയതുപോലെ ബലഹീനനായ നമ്മെയും ദൈവം തന്റെ അളവറ്റ കൃപയാൽ നടത്തി. ആബൂന്റേയും മറ്റു മെത്രാപ്പോലീത്താമാരുടേയും എല്ലാ പൗരോഹിത്യസ്ഥാനികളുടെയും എല്ലാ വിശ്വാസികളുടെയും അതിരറ്റ പ്രാർത്ഥനയാലും സഹായത്താലും അത്ഭുതകരമായി ദൈവം ഇത്രയും നമ്മെ നടത്തി. ദൈവത്തിനു സ്തുതി, സ്തുതി.

എന്നാൽ പ്രിയപ്പെട്ട ആബൂന്റെ ജന്മദിനത്തിൽ അങ്ങേയ്ക്കു ഒരു സമ്മാനമായി ദൈവം നമ്മെ ഭരമേൽപ്പിച്ച എല്ലാ ഉത്തരവാദിത്വങ്ങളും സ്ഥാനമാനങ്ങളും ബലഹീനനായ നാം നമ്മുടെ ഉത്തമ പിൻഗാമി എന്ന നിലയിൽ പിതാവിന്റെ തൃക്കരങ്ങളിൽ പ്രാർത്ഥനയോടെ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് ഭരമേൽപ്പിക്കുന്നു.

ധാരാളം അവസരങ്ങൾ ഉപയോഗിക്കുവാൻ സഭയുടെ ചരിത്രത്തിൽ ദൈവം പ്രിയപ്പെട്ട ആബൂന് സംഗതി വരുത്തട്ടെ. ബലഹീനനായ നമുക്കു വേണ്ടിയും പ്രാർത്ഥിക്കണം. നമ്മുടെ ശാരീരിക അസ്വസ്ഥതകൾ അങ്ങയുടെ പ്രാർത്ഥനയിൽ മാറിക്കിട്ടുവാൻ ഇടയാകട്ടെ. സഭയ്ക്കു വേണ്ടി ജീവിക്കുവാൻ തക്കതിൻവണ്ണം കൃപയാൽ സംഗതിയാകട്ടെ,

കർത്താവിൽ നമ്മുടെ സ്നേഹം.

ആബൂന്റെ വാത്സല്യ സഹോദരൻ,

(sd) മാത്യൂസ് II

29-10-2005

മാർ മക്കാറിയോസിനു കാതോലിക്കാ വാഴ്ചയുടെ നേതൃത്വം

കൂദശ്ഈത്തോ ദിവസം മലബാർ മെത്രാപ്പോലീത്താ മാർ തീമോത്തിയോസിനെ പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ എന്ന പേരിൽ പരുമല പള്ളിയിൽ വച്ചു വാഴിച്ചു. മാർ മക്കാറിയോസ് മെത്രാപ്പോലീത്തായായിരുന്നു ആ വാഴ്ചയുടെ നേതൃത്വം നൽകുന്നതിന് നിയോഗം ലഭിച്ചത്. മലങ്കരസഭയിലെ എല്ലാ മേൽപ്പട്ടക്കാരോടും ഒപ്പം സ്ഥാനത്യാഗം ചെയ്ത പ. മാത്യൂസ് രണ്ടാമൻ ബാവായും വാഴ്ചയിൽ സന്നിഹിതനായി ഇടയവടി നൽകിയും കുരിശുമാലയും ഹാരവും പുതിയ ബാവായെ അണിയിച്ചും ഒരു നല്ല ആശംസാപ്രസംഗം നടത്തിയും പരിപൂർണ്ണമായി സഹകരിച്ചു.

രണ്ടു പ്രത്യേകതകൾ ഈ വാഴ്ചയോടനുബന്ധിച്ച് ഓർക്കേണ്ടതുണ്ട്. അതിൽ ആദ്യത്തേത്, "ഇരട്ട" എന്നർത്ഥമുള്ള മാത്തോമ്മാശ്ലീഹായുടെ ദിദിമോസ് എന്ന പേര് മലങ്കരസഭയിൽ ആദ്യമായി സ്വീകരിച്ച

കാതോലിക്കാ, അദ്ദേഹമായി. രണ്ട്, രണ്ടു കാതോലിക്കാമാർ ഒരേ സമയം മലങ്കരസഭയ്ക്കു ആദ്ധ്യാത്മിക നേതൃത്വം നൽകത്തക്കവണ്ണം ഇടയാവുകയും ഒരു വല്യ ബാവായും ഒരു കൊച്ചു ബാവായും ഒരേ സമയം ഇരട്ടകളെപ്പോലെ പ്രവർത്തിച്ച് ദിദിമോസ് എന്ന പേര് അന്വർത്ഥമാക്കുകയും ചെയ്തു.

മാർ മക്കാറിയോസിന്റെ ജീവചരിത്രം

അദ്ദേഹത്തിന്റെ സെക്രട്ടറിയായി ദീർഘകാലം ഇരുന്ന തേവർകാട്ടിൽ ഫാ. ഫിലിപ്പോസ് ഫിലിപ്പ് രചിച്ച "ദൈവകൃപയിൽ കടഞ്ഞെടുത്ത ജീവിതം" എന്ന മാർ മക്കാറിയോസിന്റെ ഒരു ലഘു ജീവചരിത്രം പരുമല പെരുന്നാൾ ദിവസം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ജാൻസി ജോസഫ് പരുമലയിൽ വച്ച് പ്രകാശനം ചെയ്തു.

വിവാഹ ശുശ്രൂഷാക്രമം പ്രകാശനം നടത്തി

ഓർത്തഡോക്സ് സഭയുടെ സംഗീതവിഭാഗമായ ശ്രുതി മ്യൂസിക് സ്കൂൾ തയ്യാറാക്കിയ പുതിയ വിവാഹ ശുശ്രൂഷാക്രമം പരുമലപ്പെരുന്നാളിൽ മാർ മക്കാറിയോസ് പ്രകാശനം ചെയ്തു.

പ. ബാവാ തിരുമേനിക്കു കന്തീലാ ശുശ്രൂഷ

കാതോലിക്കാ വാഴ്ചയിൽ സജീവപങ്കാളിത്തം വഹിച്ച ബാവാ തിരുമേനിയുടെ ആരോഗ്യനില ജനുവരിയിൽ ഗീവറുഗീസ് രണ്ടാമൻ ബാവായുടെ ഓർമ്മപ്പെരുനാൾ ആയപ്പോഴേക്കും അതീവ ഗുരുതരാവസ്ഥയിൽ എത്തി. ക്ഷീണവും ശ്വാസതടസ്സവും ശക്തമായി തുടർന്നു. ഈ അവസരത്തിൽ തിരുമേനിക്ക് കൂടെക്കൂടെ അബോധാവസ്ഥ ഉണ്ടാകുകയും ചെയ്യുന്നതുകൊണ്ട് കന്തീലാശുശ്രൂഷ നടത്തുവാൻ മെത്രാപ്പോലീത്തന്മാർ തീരുമാനിച്ചു.

തെങ്ങുംതറയിൽ ജേക്കബ് വറുഗീസച്ചൻ കൂറുമാറി

ജേക്കബ് വറുഗീസ് അച്ചൻ കഴിഞ്ഞ ഓർത്തഡോക്സ് മെത്രാൻ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനെ തുടർന്ന് നിരാശനായി കഴിയവെയാണ് ശ്രേഷ്ഠബാവായുടെ പ്രലോഭനങ്ങളിൽ കുടുങ്ങാനിടയായത്. അദ്ദേഹത്തിന് മെത്രാൻസ്ഥാനം നൽകാമെന്നുള്ള വാഗ്ദത്തത്തിൽ സ്വന്തം ഭൂസ്വത്തുക്കളും നല്ല ഒരു തുകയും പ്രതിഫലമായി ശ്രേഷ്ഠ ബാവായ്ക്കു കൊടുത്തത്രെ. പെരുന്നേനരുവിക്കു സമീപം ഫലഭൂയിഷ്ഠമായി ഉണ്ടായിരുന്ന സ്ഥലങ്ങളെല്ലാം കൈവശം വന്നതോടെ കോതമംഗലം അരമനയിൽ വച്ച് അച്ചനെ റമ്പാനാക്കി കീക്കൊഴൂർ എന്ന സ്ഥലത്ത് മൗണ്ട് മോറിയാ എന്ന സ്ഥാപനത്തിൽ താമസിപ്പിച്ചു. ആ സംഭവം പണ്ട് ഒരു മോറിയാ മലയിൽ നടന്ന ഒരു കൊലപാതക കഥയെ അനുസ്മരിപ്പിച്ചു.

അദ്ധ്യായം 14

"അക്രമത്തിനു നിസ്സംഗത പരിഹാരമല്ല"

ശ്രേഷ്ഠബാവായെക്കുറിച്ചും യാക്കോബായ അണികളുടെ ധാർമ്മികത വെടിഞ്ഞുള്ള അതിക്രമങ്ങളെക്കുറിച്ചും വീണ്ടും വീണ്ടും എഴുതേണ്ടി വരുന്നത് ഞങ്ങൾക്കു താൽപര്യമില്ലാത്ത കാര്യമാണെങ്കിലും "ശൗലേ! നീ ചെയ്യുന്നത് എന്ത്? മുള്ളിനുനേരെ ഉതയ്ക്കുകയാണ്" എന്ന് സഭാഗാത്രത്തെ ദ്രോഹിക്കുന്നതിനെതിരെ താക്കീതുകൾ നൽകിയിട്ടും വീണ്ടും പുത്തൻകുരിശു ബാവായും, അദ്ദേഹം കുപ്പായമണിയിച്ച അഭിനവ ചാവേറുകളും കൂടി മാറാരോഗം പോലെ സഭാഗാത്രത്തെ ആക്രമിക്കുന്നതു കാണുമ്പോൾ കൂടുതൽ എഴുതുവാൻ നിർബന്ധിതരായിത്തീരുന്നു.

ഈയിടെ മാർത്തോമ്മാ സഭയുടെ സീനിയർ വല്യ തിരുമേനി ഹാസ്യശൈലിയിൽ ഇപ്രകാരം പറഞ്ഞു, "സഭയിലെ മെത്രാന്മാർ കാര്യങ്ങൾ സംസാരിക്കുന്നത് പലപ്പോഴും നല്ല ഭാഷയിലാണ്. മദ്യവിഷയത്തിൽ സർക്കാരിനു നല്ല ഭാഷ മനസ്സിലാകുന്നില്ലെങ്കിൽ കർക്കശഭാഷ പഠിച്ച് സംസാരിക്കാനും തയ്യാറാണ്. വഴക്കിടാൻ വേണ്ടിയാണ് കുടിക്കുന്നതെന്നാണ് കുടിയന്മാർ പറയുന്നത്. കള്ളുപോലും കുടിക്കാത്തവരെന്നു പറയുന്ന മെത്രാന്മാർ വഴക്കിടുന്നതു കാണുമ്പോൾ കള്ളുകുടിക്കുന്നതാണ് നല്ലതെന്ന് തോന്നാറുണ്ട്." വഴക്കിട്ട് നടക്കുന്ന മതമേലദ്ധ്യക്ഷനേക്കാൾ കള്ളുകുടിയൻ എത്രയോ ഭേദം എന്ന് വ്യംഗ്യം.

പ്രവാസി ഹാസ്യസാഹിത്യകാരനായ രാജു മൈലപ്ര പുരോഹിതവർഗ്ഗത്തെ നല്ലവണ്ണം പരിചയപ്പെട്ടിട്ടുള്ള ദേഹമാണ്. അദ്ദേഹം എഴുതി, "തെറ്റ്, തെറ്റ് ഇതു തുടങ്ങിയതെന്നോ? എവിടെയോ? യഹോവയുടെ ശിൽപ്പശാലയിലോ? ഏദൻതോട്ടത്തിലോ? ഏദൻതോട്ടത്തിൽ തുടങ്ങിയതാണീ പരിപാടിയെന്ന് ബി. സി. മുന്നൂറാമാണ്ടിൽ ജീവിച്ചിരുന്ന ഡിക്രൂസ് യോഹന്നാൻ എന്നൊരു ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്. പിൽക്കാലത്ത് കോഴിപ്പനി പിടിച്ച് അദ്ദേഹം ചരമമടഞ്ഞു.

ഹവ്വാക്കൊച്ചമ്മ, ആദാം അച്ചായനെ വിലക്കപ്പെട്ട കനി കാണിച്ചെന്നും അച്ചായൻ ആ കനി ഭക്ഷിച്ചെന്നുമാണ് ചരിത്രം. കനി തിന്നപ്പോൾ കൊച്ചമ്മ ഗർഭിണിയായി. ചരിത്രത്തിലെ ആദ്യത്തെ അവിഹിത ഗർഭം. അതെങ്ങനെ സംഭവിച്ചുവെന്ന് ഇന്നും വേദപണ്ഡിതന്മാർ തലപുകഞ്ഞ് ആലോചിച്ചുകൊണ്ടിരിക്കയാണ്. തലയിൽ നിന്നുയരുന്ന പുക തടയുവാനാണ് അവരിൽ പലരും തൊപ്പി വച്ചു നടക്കുന്നത്."

മേൽപ്പറഞ്ഞ മാർത്തോമ്മാ വല്യതിരുമേനിയുടെയും രാജു മൈല പ്രായുടെയും ലേഖനങ്ങളിൽ പുത്തൻകുരിശു സഭയുടെ പരമാദ്ധ്യ ക്ഷനും അനുചരന്മാരും കാട്ടിക്കൂട്ടുന്ന തെറ്റുകളെ ഹാസ്യരസത്തോടെ കാട്ടിയെങ്കിലും അവിടെ വലിയ മാനസാന്തരമൊന്നും കണ്ടില്ല.

അദ്ദേഹത്തിന്റെ വഴിവിട്ട അക്രമങ്ങളെ ചങ്കൂറ്റത്തോടെ നേരിട്ടുകൊ ണ്ടിരിക്കുന്ന മെത്രാപ്പോലീത്താ പ്രസിദ്ധപ്പെടുത്തിയ "അക്രമത്തിനു മുമ്പിൽ നിസ്സംഗത പരിഹാരമല്ല" എന്ന ലേഖനത്തിലൂടെ യാക്കോബായ സഭയുടെ കുപ്പായക്കാരെ പച്ചതെളിച്ചു തുറന്നു കാട്ടിയിരിക്കുന്നു. അതു യാക്കോബായക്കാരുടെ കണ്ണു തുറപ്പിക്കുവാൻ നിശ്ചയമായും സഹായ കമാകും.

"..... നിയമപരമായി മലങ്കരസഭയുടെ പള്ളികളും സ്ഥാപനങ്ങളും കൈവശം വയ്ക്കാൻ അവകാശം നഷ്ടപ്പെട്ടപ്പോൾ ബലപ്രയോഗവും അക്രമവും വഴി സഭയിൽ ഭീതി വളർത്തിയും കുറ്റവത്ക്കരണം വ്യാപ കമാക്കിയിട്ടും പിടിച്ചുനിൽപ്പിനുള്ള ശ്രമം യാക്കോബായക്കാർ ആരംഭിച്ചു. 1998-നു ശേഷം ഒരു വ്യാഴവട്ടക്കാലമായി സഭയിൽ അക്രമം അഴിഞ്ഞാ ടുകയാണ്. ഈ ഭീകരാവസ്ഥ നിമിത്തം ജീവനിൽ കൊതിയുള്ളവർ ആ സംവിധാനത്തോട് ചേർന്ന് വ്യാപകമായ കുറ്റവത്ക്കരണ പ്രക്രിയ തുട രുന്നതിനായി മദ്യവും പണവും നിർലോപം ഒഴുക്കി. സാമൂഹ്യവിരുദ്ധരും കുറ്റവാളികളും വൈദിക-മേൽപ്പട്ടസ്ഥാനങ്ങളിലേക്കുയർന്നു. എവിടെയും അക്രമങ്ങൾ അരങ്ങേറി. ഈ ഇരച്ചുകയറ്റത്തിൽ പകച്ചുനിന്ന ഭരണകൂ ടവും ഉദ്യോഗസ്ഥരും ഈ അക്രമപരമ്പരയ്ക്കു വളം വയ്ക്കുകയായി രുന്നു.

ഏതുതരത്തിലുള്ള പ്രതികളെയാണ് വൈദിക ശുശ്രൂഷയ്ക്ക് നിയോ ഗിക്കുന്നത് എന്ന് സൂചിപ്പിക്കേണ്ടതുണ്ട്.

ഈ പുതിയ സഭയിൽ (പുത്തൻകുരിശു സഭ) സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് നിൽക്കേണ്ടിവന്ന അങ്കമാലി ഭദ്രാസനത്തിലെ ഒരു വല്യച്ചൻ എന്നോടു പറഞ്ഞ സംഭവമാണിത്. അദ്ദേഹത്തിനു പരിചയ മുള്ള ഒരു ചെത്തുകാരൻ ഒരു ചെറുപ്പക്കാരന് പട്ടം കൊടുക്കുന്നതിനുള്ള ശുപാർശയുമായി അച്ചന്റെ അടുക്കൽ വന്നു. പട്ടം നൽകുന്ന കാര്യത്തിൽ ചെത്തുകാരന്റെ ശുപാർശ എന്തിനാണ് എന്നായി അച്ചൻ. കാര്യം വെളി പ്പെടുത്താൻ അയാൾ ആദ്യം മടിച്ചു. എങ്കിലും ഒടുവിൽ കാര്യം വിശദീ കരിച്ചു. അയാൾ ചെത്തുന്ന പനകളിലെ കള്ള് മിക്ക രാത്രികളിലും കള വുപോകുമായിരുന്നു. കളവു നടത്തിയിരുന്ന ഒരു പയ്യൻ വരാതായി. താൻ സംശയിച്ചിരുന്ന ആ ചെറുപ്പക്കാരന് അങ്കമാലിയിലെ വല്യപിതാവ് (മാർ ദീവന്നാസ്യോസ്) പട്ടം കൊടുത്തതായി അറിഞ്ഞു. അപ്പോൾ

അച്ചൻ ഇടപെട്ട് ഈ ചെറുക്കനു കൂടി പട്ടം കൊടുത്താൽ പൂർണ്ണമായും കള്ളുമോഷണം നിൽക്കും. ഏതായാലും വല്യച്ചൻ ഒഴിവായി. പയ്യൻ അച്ചനായോ എന്നറിയില്ല.

മറ്റൊരു സംഭവം കൂടി ചേർക്കട്ടെ. എനിക്ക് അടുത്തു പരിചയമുള്ള ഒരു കോളജു പ്രൊഫസർ ഒരിക്കൽ മാതിരപ്പിള്ളിയിലുള്ള ഒരു സുഹൃത്തിനെ സന്ദർശിച്ച ശേഷം മൂവാറ്റുപുഴയ്ക്കു തിരികെ പോരാൻ ബസു കാത്തുനിൽക്കുകയാണ്. എതിർവശത്തുള്ള പെട്ടിക്കടയിൽ നിന്ന് ഒരു ശെമ്മാശൻ ഒരു സിഗരറ്റു വാങ്ങി കത്തിച്ച് ആഞ്ഞുവലിച്ച ശേഷം ധൂമ വലയങ്ങൾ രണ്ടുമൂന്നെണ്ണം ഒന്നിനു പിമ്പെ മറ്റൊന്നായി വിട്ട് ബാക്കി പുക പാറ്റി ഊതി, ആസ്വദിച്ച് തല ഉയർത്തി നിൽപ്പുണ്ട്. പെട്ടെന്നാണ് എതിർദിശയിലേക്കു ഒരു ബസ് വന്നുനിന്നത്. ഉടനെ സിഗരറ്റിൽ ഒന്നു നോക്കി, ഒന്നു കൂടി ആഞ്ഞുവലിച്ച്, റോഡിലിട്ടശേഷം ബസ്സിൽ ചാടിക്കയറി മറുകാൽ വീശിയെടുത്ത് സ്വയം ഡബിൾബെൽ കൊടുത്ത് വിട്ടുപോയി. ശെമ്മാശന്റെ ഫുട്ട്സ്റ്റെപ്പ് അഭ്യാസം കണ്ട് അന്തംവിട്ടു നിന്ന പ്രൊഫസറോട് കടക്കാരൻ പറഞ്ഞു, "സാറെന്താ ഇങ്ങനെ നോക്കി നിൽക്കുന്നത്? അയാൾ ആ ബസ്സിലെ തന്നെ 'കിളി'യായിരുന്നു. ഈയിടെ വൈദികസ്ഥാനം സംഘടിപ്പിച്ചെങ്കിലും ശൈലി പഴയതു തന്നെ."

മറ്റൊരു വാർത്ത: മുളന്തുരുത്തി ഉദയഗിരി യാക്കോബായ സെമിനാരിയിലെ ശെമ്മാശൻ ഒരു 6-ാം ക്ലാസ്സുകാരി പെൺകുഞ്ഞിനെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ അറസ്റ്റിലായി. നിലനിൽക്കുന്ന അക്രമ സംവിധാനത്തിന്റെ പ്രതിഫലനമായി ഇതിനെയും കണ്ടാൽ മതി.

എന്തിന് 1998-ൽ മൂവാറ്റുപുഴ അരമന പിടിക്കാനെത്തിയ കുറുവടിക്കാരിൽ പലരും ഇതിനിടെ മെത്രാന്മാരായി ഉയർത്തപ്പെട്ടു.

അന്ത്യോഖ്യയിൽ നിന്ന് മുഖദാവിൽ പലയിനത്തിൽപെട്ട ടൈറ്റിൽ നേടിയവരും ഉണ്ട് അതിൽ. സഭയിലെ നേതൃനിരയിൽ മേൽക്കൈ എന്നു കാണാൻ ഇവ ഏതാനും ഉദാഹരണങ്ങൾ മാത്രം.

മാമോദീസായ്ക്കു ശേഷം പള്ളിയകം കണ്ടിട്ടില്ലാതിരുന്നവരും ക്രിമിനൽ പശ്ചാത്തലമുള്ളവരുമെല്ലാം വൈദികസ്ഥാനങ്ങളിൽ ധാരാളമായി കയറിപ്പറ്റിയിട്ടുണ്ട്. ജനിതകമായിത്തന്നെ കുറ്റവാസനയുള്ള ഒട്ടധികം പേർ പള്ളിസംവിധാനത്തിൽ ഇടം ലഭിച്ചതോടെ അത്തരത്തിലുള്ള സാക്ഷ്യം വ്യാപകമായി എന്നത് ആർക്കും നിഷേധിക്കാനാവില്ല. "പള്ളി വേണ്ട അച്ചന്മാർ ആൾക്കാരെ കൂട്ടി പള്ളികൾ പിടിച്ചെടുത്തോളൂ." ഇതാണുപോലും ശ്രേഷ്ഠനിർദ്ദേശം. പള്ളി പിടിക്കാൻ കഴിവില്ലാത്ത അച്ചന്മാർ പുല്ലു പറിക്കട്ടെ എന്നതാണു നയം. സഭയിലെ ക്രിമിനലൈസേഷന് ഇതിലുപരി എന്തു വേണം?

ഈ സഭാ സംവിധാനത്തിലെ വൈദിക നേതൃത്വത്തിൽ പോലും കാണുന്ന സ്വഭാവ വൈകൃതവും കുറ്റവാസനയും ശ്രദ്ധിക്കപ്പെടേണ്ട താണ്. മലങ്കര വറുഗീസ് കൊലപാതകത്തിൽ ആദ്യകാലത്ത് പിടിയി ലായവർ അധികവും വാടക കൊലയാളികളായിരുന്നു. പിന്നീട് ഒരു മാനേ ജിംഗ് കമ്മിറ്റി അംഗവും ഒരു വൈദികനും പ്രതികളായി. ഇവർ രണ്ടു പേർക്കും ശ്രേഷ്ഠബാവായോടുള്ള അടുപ്പവും അനുസരണവും ആ പ്രദേ ശത്തുള്ളവർക്കെല്ലാം അറിയാവുന്നതാണ്. ആ വൈദികൻ കേസിൽ ഒന്നാം പ്രതിയും അപരൻ അടുത്ത പ്രതിയുമാണ്. ഉത്തരവാദിത്വമുള്ള സഭാസമിതിയിലെ ഒരംഗവും ഒരു വൈദികനും കൊലക്കേസിൽ പ്രതി യായ സാഹചര്യമാണിവിടെ.

ഇത്രമാത്രം ആസൂത്രിതവും പണം വ്യയം ചെയ്തതുമായ ഒരു കൊല പാതകക്കേസിൽ പ്രതികളുമായി അടുത്തബന്ധം പുലർത്തുന്ന ഇടവക മെത്രാപ്പോലീത്തായും സഭാതലവനുമായ വ്യക്തിയുടെ പങ്ക് നിഷേധി ക്കാനാവുമോ? അദ്ദേഹം പ്രതികളുടെ പട്ടികയിൽ വരണമെന്ന് അന്നത്തെ പോലീസ് സൂപ്രണ്ട് കുഞ്ഞിക്കണ്ണൻ നിർദ്ദേശിച്ചെങ്കിലും ഒഴിവാക്കപ്പെട്ടു എന്നാണ് കേൾക്കുന്നത്. കത്തോലിക്കാ സഭാംഗമായ ഒരു ഉയർന്ന പോലീസ് മേധാവിക്ക് മാർ ദീവന്നാസ്യോസ് നിയമാനുസൃതമല്ലാതെ നൽകിയതായി പറയപ്പെടുന്ന ഒരു പുനർവിവാഹാനുവാദത്തിന്റെ പ്രത്യു പകാരമായി ഈ ഒഴിവാക്കലിനെ വിലയിരുത്തുന്നവർക്ക് പിന്നാമ്പുറം വ്യക്തം. അധികാരത്തിലിരുന്ന കരുത്തുറ്റ രാഷ്ട്രീയ നിയമപാലക രംഗ ങ്ങളിലെ അതികായന്മാർ ഇടപെട്ടതുകൊണ്ട് അന്നു തലയൂരിയതാവാം എന്ന സൂചനയാണ് നിലനിൽക്കുന്നത്.

കാര്യങ്ങൾ പഠിച്ച കോടതി ശ്രേഷ്ഠബാവായെ ചോദ്യം ചെയ്യാൻ കുറ്റാ ന്വേഷക സംഘത്തിന് (CBI) അനുവാദം കൊടുത്തത് വ്യക്തമായ ചില നിഗമനങ്ങളുടെ പിൻബലത്തിലല്ലാതെ വരാൻ തരമില്ല. കേരള ത്തിലെ ക്രിസ്തീയ സഭകളുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കണം ഒരു സഭാതലവനെ കൊലക്കുറ്റത്തിന് കുറ്റാന്വേഷക സംഘം ചോദ്യം ചെയ്തത്. വെറുതെ സംശയത്തിന്റെ പേരിൽ ഇതിനാരും ധൈര്യപ്പെടു കയില്ല. ആ കൊലപാതകത്തിൽ അദ്ദേഹത്തിന്റെ പങ്ക് കണ്ടെത്താൻ കോടതി കൊടുത്ത നിർദ്ദേശപ്രകാരമാണ്. ശിക്ഷിക്കപ്പെടുമോ എന്നതല്ല കാര്യം. ഒരു സഭയുടെ പ്രധാന മേലദ്ധ്യക്ഷനെ ഒരു കൊലക്കേസിൽ ചോദ്യം ചെയ്യാൻ കോടതി നിർദ്ദേശിച്ചു എന്നതും അതിൻപ്രകാരം ചോദ്യം ചെയ്തുവെന്നതുമാണ് പൊതുസമൂഹത്തിൽ അദ്ദേഹം നിർവ്വ ഹിക്കുന്ന സാക്ഷ്യം. ആർ ഇടപെട്ട് ശിക്ഷയിൽനിന്ന് രക്ഷപെടുത്തി യാലും ഈ സാക്ഷ്യം നിലനിൽക്കും." (ഡോക്ടർ തോമസ് മാർ അത്താ നാസ്യോസ് തിരുമേനിയുടെ ലേഖനത്തോട് കടപ്പാട്).

തോമ്മസു ബാവായും, വിറകുവെട്ടികളും വെള്ളംകോരികളും വള്ള ക്കാരും ബസ്കിളികളും ഒക്കെ അടങ്ങുന്ന അദ്ദേഹത്തിന്റെ പൗരോഹി ത്യപ്പടയും എല്ലാംകൂടി ഉണ്ടാക്കിയിട്ടുള്ള അക്രമങ്ങൾക്ക് ഇരയാകാൻ പലപ്പോഴും ഇടയായിത്തീർന്നിട്ടുള്ള അത്താനാസ്യോസ് തിരുമേനി അനു ഭവത്തിൽ നിന്നാണ് പലതും എഴുതാറുള്ളത്.

പിറവം പള്ളിയിൽ വി. കുർബ്ബാന ചൊല്ലുന്നതിന് ഒരുങ്ങിവന്ന അത്താനാസ്യോസിനെ തടഞ്ഞ് പള്ളിയിൽ ഒരു ഭീകരാന്തരീക്ഷം സൃഷ്ടിച്ചത് അടുത്ത കാലത്തായിരുന്നല്ലോ. തടഞ്ഞുവച്ച തിരുമേനിയെ ഒരു മണിക്കൂറിനുശേഷം പോലീസ് വിടുവിച്ച് പള്ളിമുറിയിലേക്കു കൊണ്ടുപോയി. പിന്നീട് മുഖ്യമന്ത്രിയും കലക്ടറും ഒക്കെ ഇടപെട്ട് അദ്ദേ ഹത്തെ അടുത്തുള്ള കാതോലിക്കേറ്റ് സെന്ററിൽ എത്തിക്കയാണുണ്ടാ യത്. നിയമപരമായ നടപടി ഉണ്ടാകുമെന്നുള്ള ഉറപ്പിന്മേലാണ് അദ്ദേഹം കാതോലിക്കേറ്റ് സെന്ററിലേക്കു മാറിയത്.

ഒരിടം കഴിഞ്ഞപ്പോഴേക്കും അടുത്ത വെടി ശ്രേഷ്ഠബാവാ പൊട്ടിച്ചു കഴിഞ്ഞു. അങ്കമാലിയിൽ നടത്തിയ ഒരു മീറ്റിംഗിൽ ആലുവാ സെമി നാരി ഉൾപ്പെടെ മറ്റ് അരമനകളും പിടിച്ചെടുക്കണമെന്ന് ആ പിതാവ് ആഹ്വാനം മുഴക്കി, അദ്ദേഹം ആലുവാ സെമിനാരിപ്പടിക്കലേക്കു നീങ്ങു മെന്നും മുന്നറിയിപ്പു നൽകി.

അതെത്തുടർന്നു കൂടിയ അദ്ദേഹത്തിന്റെ വർക്കിംഗ് കമ്മിറ്റി ഒരു സമരം ആരംഭിക്കാൻ തീരുമാനിച്ചു. ആലുവായിലെ പെരുനാൾ ആഘോ ഷിക്കുമ്പോൾ വൈദികർക്കും വിശ്വാസികൾക്കും കബറിങ്കൽ ആരാധന നടത്തുവാൻ അവസരം ഒരുക്കണമെന്നും ഒരു പുതിയ ആവശ്യം കൂടി ഉന്നയിക്കയും കബറിങ്കൽ എത്തുന്ന തീർത്ഥാടക സംഘത്തിന്റെ ആഭി മുഖ്യത്തിൽ ശ്രേഷ്ഠബാവായ്ക്കും പാത്രിയർക്കീസിന്റെ പ്രതിനിധിയായി എത്തുന്ന അത്താനാസ്യോസ് എന്ന മെത്രാച്ചനും സ്വീകരണം സംഘ ടിപ്പിക്കാനും ആ യോഗം തീരുമാനിച്ചു. സെമിനാരിയും പള്ളിയും നെടു മ്പാശ്ശേരി സ്കൂളും ഒക്കെ തങ്ങളുടേതാണെന്നും അവയെല്ലാം പിടിച്ചെ ടുക്കുന്നതിന് മാനേജിംഗ് കമ്മിറ്റി, കേഫാ തുടങ്ങിയ പോഷകസംഘ ങ്ങളും ഒരുങ്ങിക്കഴിഞ്ഞുവെന്നും മാലോകരെ അറിയിച്ചു.

ഈ ആഹ്വാനം പുറത്തു കേട്ടപാടെ വടകര പള്ളിയിൽ പിടിച്ചടക്കലും സംഘർഷവും അരങ്ങേറി. വികാരിയടക്കം നാലു വൈദികർക്കും ഇടവ കാംഗങ്ങൾക്കും സംഘർഷത്തിൽ പരുക്കേറ്റു. വികാരിയുടെ അനുവാദം കൂടാതെ മറ്റൊരു വൈദികൻ പള്ളിയിൽ പ്രവേശിച്ചു എന്നുള്ളതായി രുന്നു സംഘർഷ തുടക്കത്തിനു കാരണം. വികാരി ഫാ. ജോൺ വി. ജോൺ, ഭദ്രാസന കൗൺസിലംഗം ഫാ. മാത്യു ഏബ്രഹാം എന്നിവരെ

കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പരുക്കുകളോടുകൂടി പ്രവേശിപ്പിച്ചു. സംഘർഷത്തിനു നേതൃത്വം നൽകിയ യാക്കോബായ അച്ചൻ പോൾ തോമസ്, ബേബി കൊച്ചുവിരിയിൽ എന്നിവരെ കൂത്താട്ടുകുളം ഗവണ്മെന്റ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ശാരീരിക അസ്വസ്ഥതകൾ ശക്തമായതിനെ തുടർന്ന് ഫാ. ജോൺ വി. ജോണിനെ പിന്നീട് തീവ്രപരിചരണ വിഭാഗത്തിലേക്കു മാറ്റി.

അഡീഷനൽ ജില്ലാക്കോടതിയുടെ ഉത്തരവിൻപ്രകാരം വികാരി ജോയിയുടെ അനുവാദം കൂടാതെ മറ്റ് വൈദികർക്ക് അവിടെ പ്രവേശനമില്ലാത്തതാണ്. ഇടവക മെത്രാപ്പോലീത്തായുടെയോ വികാരിയുടേയോ അനുവാദമില്ലാതെ ഫാ. പോൾ തോമസ് പള്ളിയിൽ പ്രവേശിച്ചതാണ് സംഘർഷത്തിന് വഴിമരുന്നിട്ടത്. പള്ളിയിൽ രാത്രി പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കവേയാണ് നിനച്ചിരിയാത്ത സമയത്തു പെട്ടെന്നു ഫാ. പോൾ തോമസിന്റെ നേതൃത്വത്തിലുള്ള ഗുണ്ടാസംഘം തങ്ങളെ ആക്രമിച്ചതെന്ന് കോലഞ്ചേരി ആശുപത്രിയിൽ മുറിവേറ്റു കിടന്ന വൈദികർ പോലീസിനോടു പറഞ്ഞു. മാരകായുധങ്ങളുമായി ഇരച്ചുകയറിയ സംഘം പ്രാർത്ഥിച്ചുകൊണ്ടുനിന്ന തങ്ങളെ നിലത്തിട്ടു ക്രൂരമായി മർദ്ദിക്കുകയായിരുന്നെന്നും അവർ പരാതിപ്പെട്ടു. അടഞ്ഞുകിടന്ന പള്ളിവാതിൽ തകർത്ത് അകത്തു കയറിയാണ് ഗുണ്ടാസംഘം മർദ്ദിച്ചത്.

വടകരപ്പള്ളി മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാഗമാണെന്നും, 1934-ലെ ഭരണഘടനപ്രകാരമാണ് ഭരിക്കപ്പെടേണ്ടതെന്നും ഈ പള്ളി സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി എന്നു വിളിക്കപ്പെടണമെന്നും ഇടവക വികാരി ഇടവക മെത്രാപ്പോലീത്താ ആയ ഡോ. തോമസ് അത്താനാസ്യോസിനാൽ നിയമിക്കപ്പെട്ട വൈദികനായിരിക്കണമെന്നും ഇടവക വികാരിയും മെത്രാപ്പോലീത്താ നിയമിക്കുന്ന സഹവികാരിമാരും മാത്രമെ ആ പള്ളിയിൽ ശുശ്രൂഷ നടത്താവൂ എന്നും മറ്റു വൈദികർ പള്ളിയിൽ പ്രവേശിക്കരുതെന്നും ഉള്ള കോടതിവിധിയുടെ നഗ്നമായ ലംഘനമാണ് വടകരയിൽ നടന്നതെന്നും സംഭവസ്ഥലം സന്ദർശിച്ച ഡോ. അത്താനാസ്യോസ്, അമേരിക്കയുടെ മാർ നിക്കളാവോസ് എന്നീ തിരുമേനിമാർ പറഞ്ഞു.

വടകര സംഭവത്തിൽ പ്രതിഷേധിക്കാൻ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ, "ഓർത്തഡോക്സ് സഭയുടെ രാഷ്ട്രീയ ചിന്താഗതി മാറികൂടെന്നില്ല" എന്ന് പ. കാതോലിക്കാ ബാവാ ഗവണ്മെന്റിനു മുന്നറിയിപ്പു നൽകി. സർക്കാരും പോലീസും കോടതിവിധികൾ നടപ്പിലാക്കാനുള്ള ആർജ്ജവം കാണിക്കുന്നില്ലെങ്കിൽ, വൈദികരും ജനങ്ങളും ആക്രമിക്കപ്പെടുന്ന അന്തരീക്ഷം ഇനി തുടർന്നാൽ അതിന് സർക്കാർ വലിയ വില നൽകേണ്ടി വരുമെന്നും പ. ബാവാ പറഞ്ഞു.

ശ്രേഷ്ഠബാവായും അദ്ദേഹത്തിൽ വല്ലതുമൊക്കെ മോഹിച്ച് അദ്ദേഹത്തിന്റെ വാലിൽതൂങ്ങി നടക്കുന്നവരും മലങ്കരസഭയുടെ പുരാതന പള്ളികളും സ്വത്തുക്കളും കിട്ടുന്നിടത്തോളം വെട്ടിപ്പിടിച്ചും പിടിച്ചെടുത്തും ഒരു അറബി പാത്രിയർക്കീസിനു കാഴ്ച വയ്ക്കാൻ പേനായ്ക്കളെപ്പോലെ ഓടി നടക്കുമ്പോൾ ഓർത്തഡോക്സ് സഭയാകട്ടെ നാനാവിധ വളർച്ചയിൽ സദാ ജാഗരൂകമായി.

പോർട്ടോ അൽഗ്രേ കോൺഫ്രൻസിൽ ഓർത്തഡോക്സ് സാന്നിധ്യം

2006 ഫെബ്രുവരി 14 മുതൽ 21 വരെ സൗത്ത് അമേരിക്കൻ രാജ്യമായ ബ്രസീലിലെ പോർട്ടോ അൽഗ്രേയിൽ അഖിലലോക സഭാകൗൺസിലിന്റെ 9-ാം വാർഷികം നടന്നു.

W.C.C എന്ന പേരിൽ വളർന്ന അഖിലലോക സഭാകൗൺസിലിന്റെ സ്ഥാപന ആലോചനാസമിതി മുതൽ അതു സ്ഥാപിതമായ ശേഷം നടന്ന പത്തു ആഗോള സമ്മേളനങ്ങളിലും മലങ്കര ഓർത്തഡോക്സ് സഭയുടെ നിറസാന്നിദ്ധ്യം ഉണ്ടായിരുന്നു. ബഥനിയിലെ അലക്സിയോസ് തേവോദോസ്യോസിൽ തുടങ്ങി, ദാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ് തുടങ്ങിയ മെത്രാപ്പോലീത്തന്മാരും ഫാ. ഡോ. കെ. എം. ജോർജ്ജ് തുടങ്ങിയ വൈദികരും സി. ഐ. ഇട്ടി തുടങ്ങിയ അത്മായരും, മിസ് സാറാ ചാക്കോ തുടങ്ങിയ സ്ത്രീകളും ഈ സമ്മേളനങ്ങളിൽ ഓർത്തഡോക്സിയുടെ ശബ്ദം കേൾപ്പിച്ചവരായിരുന്നു.

പോർട്ടോ അൽഗ്രേയിൽ ഫിലിപ്പോസ് യൗസേബിയോസു മെത്രാപ്പോലീത്തായും ഫാ. കെ. എം. ജോർജ്ജ്, ഫാ. ജോൺ മാത്യൂസ്, അലക്സാണ്ടർ കാരയ്ക്കൽ, പോൾ മണലിൽ എന്നിവരുമാണ് സംബന്ധിച്ചത്.

ഇന്റർനാഷണൽ എയ്ഡ്സ് കോൺഫ്രൻസ്

ഈ കോൺഫ്രൻസും അഖിലലോക സഭാപ്രസ്ഥാനത്തിന്റെ ഒരു വിംഗ് ആയി പ്രവർത്തിക്കുന്നതിനാൽ അതിന്റെ ഭാരവാഹികളെ നിയമിക്കുന്നതും W.C.C. ആണ്. റമ്പാൻ ലാസ്സറസ്സിനെ ആ കോൺഫ്രൻസിന്റെ ഒരു ചാപ്ലെയിനായി W.C.C. നിയമിച്ചതിനെ തുടർന്ന് 2006-ൽ നടന്ന കോൺഫ്രൻസിൽ നിർണ്ണായകമായ ഒരു പങ്ക് റമ്പാച്ചന് മലങ്കരസഭയ്ക്കുവേണ്ടി വഹിക്കാൻ കഴിഞ്ഞു. 23000 പ്രതിനിധികൾ സംബന്ധിച്ച ക്യാമ്പസിൽ റമ്പാച്ചൻ ഓർത്തഡോക്സ് കുർബ്ബാന ഇംഗ്ലീഷിൽ അർപ്പിക്കയും മലയാളത്തിൽ വി. വേദപാരായണം നടത്തി ആദ്യമായി കേരള

ഭാഷ ഒരു ഗ്ലോബൽ സമൂഹത്തെ കേൾപ്പിക്കയും ചെയ്തു. ഓർത്ത ഡോക്സ് ഡലിഗേറ്റുകളെ ഞായറാഴ്ച നമ്മുടെ പള്ളിയിൽ ക്ഷണിച്ച തിനു പുറമെ യൂത്ത്ലീഗിലെ 8 കുട്ടികളെ ക്യാമ്പിൽ വാളണ്ടിയറന്മാ രായി നിയമിക്കയും ചെയ്തു. 2008-ൽ മെക്സിക്കോ സിറ്റിയിൽ നടന്ന കോൺഫ്രൻസിൽ ചാപ്പലിന്റെ ഡ്യൂട്ടിയിൽ ആയിരുന്നതുകൊണ്ട് എല്ലാ മതക്കാർക്കും വിഹിതം അനുവദിച്ച് പ്രാർത്ഥന നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. വലിയൊരു വിദേശ സുഹൃത് വലയത്തെ സമ്പാദിക്കാൻ ഈ കോൺഫ്രൻസുകൾ സഹായിച്ചു. മല ങ്കരസഭ മാത്രം ഇതൊന്നും അറിഞ്ഞില്ല.

അദ്ധ്യായം 15

ആത്മീയ പ്രഭയിൽ ജ്വലിച്ച സൂര്യൻ അണഞ്ഞു

മലങ്കരയിലെ 6-ാം കാതോലിക്കാ പ. ബസ്സേലിയോസ് മാത്യൂസ് II ബാവാ 2006 ജനുവരി 26-ന് വൈകുന്നേരം 5.2-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ചു കാലംചെയ്ത വിവരം ദുഃഖത്തോടെ കോട്ടയം മുനിസിപ്പാലിറ്റി സൈറനാണ് ആദ്യം ലോകത്തെ വിളിച്ചറിയിച്ചത്. 2005-ൽ സ്ഥാനത്യാഗം ചെയ്തശേഷം വിശ്രമജീവിതം നയിച്ചുവരവെയായിരുന്നു പ. ബാവായുടെ അന്ത്യം.

കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മേൽപ്പട്ടക്കാരനായിരുന്ന് ആത്മീയ ജീവിതത്തിന് ചൈതന്യം പകർന്ന് ആത്മീയ പ്രഭയിൽ ജ്വലിച്ച ആചാര്യശ്രേഷ്ഠനാണ് നമ്മെ വിട്ടുപിരിഞ്ഞതെന്ന് മാർ മക്കാറിയോസ് അമേരിക്കയിൽ നിന്നയച്ച സന്ദേശത്തിൽ പറഞ്ഞു. മെത്രാപ്പോലീത്താ ബാവായെ സന്ദർശിച്ച് തന്റെ യാത്രാനുവാദം വാങ്ങി യാത്ര പറഞ്ഞ് അമേരിക്കയിലേക്കു മടങ്ങിയതിന് തൊട്ടുപിന്നാലെയാണ് ഈ ദുഃഖ വാർത്ത അറിഞ്ഞത്. തന്റെ ഗുരുവും തന്നെ ആത്മീയജീവിതത്തിലേക്ക് ആകർഷിച്ചു നയിച്ചവനുമായ പിതാവിന്റെ ദേഹവിയോഗത്തിൽ അദ്ദേഹം അതീവ ദുഃഖിതനാവുകയും മേൽപ്പറഞ്ഞ അനുശോചന സന്ദേശം അയച്ചശേഷം പിതാവിന്റെ കബറടക്കശുശ്രൂഷയിൽ സംബന്ധിക്കത്തക്ക വണ്ണം ഉടനെ അമേരിക്കയിൽ നിന്നും തിരികെ പുറപ്പെടുകയും ചെയ്തു. കണ്ണീർകൊണ്ട് ദൈവത്തേയും പുഞ്ചിരികൊണ്ട് സഹജീവികളേയും അനുരഞ്ജിപ്പിച്ച അതുല്യ വ്യക്തിയാണ് നമുക്ക് നഷ്ടപ്പെട്ടതെന്ന് അദ്ദേഹം സന്ദേശത്തിൽ എടുത്തു പറഞ്ഞിരുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ദേവലോകത്തേക്ക് പ്രവഹിച്ചുകൊണ്ടിരുന്ന അനുശോചന സന്ദേശങ്ങൾ എല്ലാം ചേർക്കുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. മലയാള സാഹിത്യകുലപതിയായ സുകുമാർ അഴീക്കോടിന്റെ സന്ദേശത്തിൽ അദ്ദേഹം അനുസ്മരിച്ചതിപ്രകാരമായിരുന്നു. "പൊലിഞ്ഞത് ഒരു മഹാപ്രഭ ആയിരുന്നു. മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ ബാവായുടെ വിയോഗം കേരള ക്രൈസ്തവ സഭയുടെ ആദ്ധ്യാത്മിക ജീവിതനേതൃത്വത്തിനു പോലും ആഘാതമായിതീർന്നിരിക്കുന്നു. സാങ്കേതിക അറിവിനെ താൻ ജീവിച്ച സത്യംകൊണ്ട് ഹസ്തപൂർണ്ണമാക്കിയ മഹാനുഭാവൻ ആയിരുന്ന ഈ ക്രിസ്തുശിഷ്യൻ സമൂഹത്തിനു മാർഗ്ഗദീപമായിരുന്നു. ദീനാനുകമ്പയും

സർവ്വമഹാസ്നേഹവും ഭാരതത്തിലെ ആധുനികതയിൽ ആദർശമായിരുന്ന സാധാരണക്കാർ അദ്ദേഹത്തെ ദൈവത്തിന്റെ ദൂതനായി കണ്ടതിൽ അതിശയമില്ല.

ബാവാതിരുമേനി മഹാനുഭാവനാണ്. എത്രയോ മുമ്പുതന്നെ തന്റെ കർമ്മരംഗമായ മാനവോദ്ധാരണത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവനാണ് അദ്ദേഹം. ഒരു വ്യക്തി ഏതെല്ലാം തലത്തിലൂടെ സഞ്ചരിച്ചും സ്വയം സജ്ജനാകണമോ അവിടങ്ങളിലെല്ലാം സത്യത്തിന്റെ മഹാസത്യം തേടിയ ബാവാതിരുമേനിയുടെ അനുഗ്രഹം ലഭിക്കുന്നതിനുള്ള അവസരം എനിക്കും ലഭിച്ചിട്ടുണ്ട്. ഒരുപിടി സമ്മേളനങ്ങളുടെ ഊഷ്മളമായ ഓർമ്മ എന്നിലുണ്ട്. ആത്മോഷ്കർഷത്തിന്റെ സഞ്ചാരകഥകളാണ് അദ്ദേഹം സമൂഹത്തിനു നൽകിയത്. നീണ്ടൊരു ജീവിതത്തിന്റെ അർത്ഥലോപം വരാത്ത അനുഗ്രഹമാണത്.

അനശ്വരതയിലേക്ക് ആരോഹണം ചെയ്ത അദ്ദേഹത്തിന്റെ വിയോഗത്തിൽ അനുശോചിക്കുന്നതിൽ അർത്ഥമില്ലെന്നറിയാം. എങ്കിലും ഞാൻ ദുഃഖിച്ചു പോകുന്നു."

ആ മഹത്തായ ജീവിതകഥ കൊല്ലം പെരിനാട് പുതുശ്ശേരഴികത്ത് പുത്തൻവീട്ടിൽ ആരംഭിക്കുന്നു. ഇടിക്കുളയുടേയും അന്നമ്മയുടേയും മൂത്തമകൻ കൊച്ചുണ്ണൂണ്ണി മലങ്കരയുടെ 6-ാം കാതോലിക്കാ സ്ഥാനം വരെ പടിപടിയായി വളർന്നു വികസിച്ച ഒരു ജീവിതകഥയായിരുന്നു അത്.

"മാത്യൂസെ നീ കത്തനാരാവണം" എന്ന് നാണംകുണുങ്ങിയായ മത്തായിച്ചനോട് പ്രാക്കുളം എൻ.എസ്.എസ്. ഹൈസ്കൂളിലെ കണക്കു മാസ്റ്ററായിരുന്ന രങ്കാചാരി ദേവീക്ഷേത്രദർശനം കഴിഞ്ഞു മടങ്ങിവരുന്ന വഴിയിൽ കണ്ട മത്തായിച്ചനോട് ആദ്യമായി ഈ ആഗ്രഹം പ്രകടിപ്പിച്ചത്.

മൂത്താംപ്ലാക്കൽ കൊച്ചുകുഞ്ഞുപദേശിയുടെ പ്രഭാഷണങ്ങളും വല്യമ്മച്ചിയായ തങ്കമ്മച്ചിയുടെ ഉണർത്തുന്ന നമസ്കാരങ്ങളും തൊട്ടുണർത്തിയ സഭാസേവനാഗ്രഹം. "നീ വീട്ടിൽ തെങ്ങിനു കിളച്ചോ, എന്നാലും കുപ്പായമിട്ട് വിമർശനം കേൾപ്പിക്കാൻ ഞാൻ അനുവദിക്കയില്ല" എന്നു തടസ്സപ്പെടുത്തിയ ഉഗ്രമൂർത്തിയായ അപ്പനോട്, "മത്തായിച്ചൻ പട്ടക്കാരനാകണമെന്ന് ദൈവതീരുമാനമാണ്, അനുവാദം കൊടുക്കാൻ മടിക്കരുത്" എന്ന് അന്നത്തെ ബാവാ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ പറഞ്ഞിട്ടും വഴങ്ങാതിരുന്ന അപ്പന്റെ രണ്ടു മക്കളെ തുടർച്ചയായി ദൈവം തിരിച്ചു വിളിച്ചതോടെയാണ് ദൈവശിക്ഷ കൂടുതലുണ്ടാകാതിരിക്കാൻ അപ്പൻ തടസ്സം നീക്കിക്കൊടുത്തത്.

"നിന്റെ ഭവനത്തിലെ ഒരു വാത്സല്യപക്ഷിയായും നിന്റെ ത്രോണോസിന്റെ അടുക്കൽ പാതിവ്രത്യമുള്ള ഒരു ചെങ്ങാലിയായും എന്നെ മാറ്റണമെ" എന്നു പ്രാർത്ഥിച്ചു സമർപ്പിച്ചശേഷമാണ് പത്തനംതിട്ടയിലെ പി. ഇ. ദാനിയേൽ ക്ലേറിയുടെ (ദാനിയേൽ മാർ പീലക്സിനോസ്) വൈദിക പരിശീലനത്തിനായി ആദ്യം പത്തനംതിട്ടയ്ക്കു പുറപ്പെട്ടത്. പത്തനംതിട്ട സ്കൂളിലെ രണ്ടു ഡസ്ക്കുകൾ കൂട്ടിയിട്ട് പായോ തലയിണയോ ഇല്ലാതെ, ജീവിതസൗകര്യങ്ങളുടെ പട്ടുമെത്തകളുപേക്ഷിച്ച് മുൾക്കിരീടങ്ങളെ ശിരസ്സിൽ പേറി ഏകാന്ത രാത്രികളിൽ ഉപവസിച്ചും ഉറക്കമിളച്ചും ദൈവത്തോടു രമ്യപ്പെട്ടും ദാനിയേൽ ക്ലേറിയുടെ കീഴിൽ വൈദികപഠനം ആരംഭിച്ചു.

അച്ചനാകും മുമ്പെ വിവാഹം കഴിപ്പിക്കാൻ അമ്മ നിർബന്ധിച്ചു. അതിനു വഴങ്ങാതെ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ സഹായത്തോടെ കൽക്കട്ടാ ബിഷപ്സ് കോളജിലേക്കു പോകുന്നതിനു മുമ്പെ ഗീവറുഗീസ് രണ്ടാമൻ ബാവായിൽ നിന്നു 1938-ൽ വൈദികപട്ടം സ്വീകരിച്ചു.

തിരികെവന്ന ഫാദർ ഇ. മാത്യൂസിനു പ. ബാവാ ഒരേക്കർ പതിമൂന്നു സെന്റുള്ള സ്ഥലത്ത്, ഓതറയിൽ ഒരു ദയറാസ്ഥാപനത്തിനായി അയച്ചു. ഓതറയിലെ പരിതാപകരമായ അവസ്ഥ മനസ്സിലാക്കുവാൻ ചുരുങ്ങിയ വാക്കുകൾ മതി. ഒരു ചാപ്പലും രണ്ടു മുറികളുമുള്ള ഒരു ചെറിയ കെട്ടിടം. "രണ്ടു നാഴിയിൽ കൂടുതൽ അരി ഒരു ദിവസം ഉപയോഗിക്കരുത്" എന്ന പുത്തൻകാവിൽ തിരുമേനിയുടെ ഉപദേശം. അമ്മച്ചിപ്ലാവിന്റെ ചക്കയും പച്ചവെള്ളവും പ്രിയങ്കരങ്ങളായി.

മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഓതറ ദയറായിലെ ആദ്യ അംഗമാകാൻ ആഗ്രഹിച്ച് രണ്ടു ദിവസം അദ്ദേഹത്തോടൊപ്പം ഓതറയിൽ താമസിച്ച കാലത്തെ അനുസ്മരിച്ചുകൊണ്ട് എഴുതിയ ഹൃദയസ്പർശിയായ 'വരിക്കപ്ലാവ്' എന്ന ലേഖനം ഓതറയിലെ ദരിദ്രജീവിതം വ്യക്തമാക്കുന്നതായിരുന്നു.

ആത്മവിശുദ്ധിയും സന്മാർഗ്ഗശീലവും നിമിത്തം ആ കൃശഗാത്രൻ സന്യാസിജനങ്ങളുടെ "ഏൻജൽ അച്ചനായി." പ. ബാവായുടെ ആഗ്രഹപ്രകാരം ആ ഏൻജൽ അച്ചൻ പിന്നീട് മാർ കൂറിലോസായും മലങ്കരയിലെ ആറാം കാതോലിക്കായായും ഉയർന്നു.

ആ ഉയർച്ചയിലും അദ്ദേഹം ലാളിത്യം കൈവെടിഞ്ഞില്ല. കൊല്ലത്തെ ചുട്ടുപഴുത്ത ഓഫീസുമുറിയിലും കിടപ്പുമുറിയിലും ഫാൻ ഉപയോഗിച്ചിരുന്നില്ല. കാറിൽ എ.സി. ഉണ്ടായിരുന്നിട്ടും അതു പ്രവർത്തിപ്പിക്കരുതെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു.

2005 ആഗസ്റ്റ് 10-ന് പരുമല കൂടിയ പ്രാർത്ഥനായോഗത്തിൽ ചെയ്ത പ്രസംഗമായിരുന്നു അവസാനത്തെ പ്രസംഗം. ക്ഷീണിതനായിരുന്നതിനാൽ ഇടയ്ക്ക് പ്രസംഗം അവസാനിപ്പിക്കാൻ ആവശ്യപ്പെട്ട സംഘാടകരോട്, "എനിക്ക് പ്രസംഗിക്കാൻ തോന്നുന്നു, ഇനിയും ഇതിന് അവസരം കിട്ടിയില്ലെങ്കിലോ? പ്രസംഗിക്കുന്നതിനിടയിൽ മരിച്ചാലും എനിക്കൊന്നു മില്ല" എന്നദ്ദേഹം പറഞ്ഞു.

തന്നെ ബാധിച്ചിരുന്ന രോഗത്തെക്കുറിച്ചു പറഞ്ഞത്, "മനപൂർവ്വമായിട്ട് ഞാൻ ഉരുകുകയാണ്, രോഗക്കിടക്കയിലാണ് ഞാൻ കിടക്കുന്നത്. ദൈവം എനിക്കു തന്നിരിക്കുന്ന ചില അസുഖങ്ങൾക്കുവേണ്ടി 'ദൈവമേ, അവിടുത്തെ തിരുനാമം മഹത്വപ്പെടട്ടെ. ആശ്വാസം തരണമെ' എന്നു പ്രാർത്ഥിക്കുകയാണ്."

മലങ്കര ഓർത്തഡോക്സ് സഭയാണ് എന്റെ സഭ. അത് എന്റെ സഭയാണ്, നിങ്ങൾ ഓരോരുത്തരുടേയും സഭയാണ്. അതിനുവേണ്ടി ജീവിക്കണം. അതിനുവേണ്ടി മരിക്കണം. അതിലൂടെ നഷ്ടപ്പെടുന്നതെല്ലാം സ്വർഗ്ഗത്തിൽ കാണും, കണിശമാണ്.

അന്ത്യമായി പുണ്യവാനായ ആ പിതാവിന്റെ വാക്കുകൾ ഇതായിരുന്നു, "എന്റെ ലക്ഷ്യം സ്വർഗ്ഗമാണ്. എന്റെ കർത്താവിനോടു കൂടെ ഞാൻ ജീവിക്കും. അവനു വേണ്ടി ഞാൻ മരിക്കും. സംശയമൊന്നുമില്ല. ആ സ്വർഗ്ഗീയ ഭാഗ്യം എന്റെ നാവിൽ നിന്ന് എടുക്കുവാൻ ഞാൻ സമ്മതിക്കുകയില്ല. ദൈവത്തിന്റെ കൃപയാണ് എനിക്കാവശ്യം. ആ കൃപ എനിക്കു മതി. .... എന്റെ കർത്താവിനുവേണ്ടി ഞാൻ ജീവിക്കും. എന്റെ കർത്താവിനുവേണ്ടി ഞാൻ മരിക്കും. കർത്താവു മാത്രമെ എനിക്കുള്ളു.

എല്ലാം സ്വയമൊരുക്കി, കബറിടവും തയ്യാറാക്കിയാണ് ആ ശോഭിത രൂപം ലോകത്തോടു വിടചൊല്ലിയത്. മാലാഖമാർക്ക് ഒത്ത ജീവിതത്തിലേക്ക് എന്നപോലെ എല്ലാം കൃത്യമായി എഴുതി തയ്യാറാക്കിയിരുന്നു അദ്ദേഹം. തന്റെ ആത്മാവും സ്വപ്നവുമായിരുന്ന ശാസ്താംകോട്ട കായൽക്കരയിലെ 65 ഏക്കർ വരുന്ന ഹോറേബു കുന്നിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പണികഴിപ്പിച്ച കബറിൽ അനേകായിരങ്ങളുടെ ആദരാഞ്ജലികൾ ഏറ്റുവാങ്ങി അദ്ദേഹം നിത്യവിശ്രമത്തിലേക്കു പ്രവേശിച്ചു.

ഹോറേബു പർവ്വതത്തിൽ മോശ ദൈവത്തെ ദർശിച്ചതുപോലെ ദൈവത്തിന്റെ മുഖം പ്രാർത്ഥനയിലൂടെ ദർശിച്ചുകൊണ്ട് ആ താപസൻ ഇന്നു വിശ്രമിക്കുന്നു. വിശുദ്ധിയുടെ ഈ കുന്നിൻപുറം ആ തേജോമയന്റെ പുണ്യസ്മരണകൾ കൊണ്ട് ഇനി കൂടുതൽ പവിത്രമാകും.

അദ്ധ്യായം 16

പകലോമറ്റത്തെ അവസാനകണ്ണി

പേരിൽ കാര്യമുണ്ടോ എന്നു ചോദിച്ചാൽ "ഒരു പേരിൽ എല്ലാമുണ്ട്" എന്നാണ് ജോർജ്ജ് ഏദെയുടെ അഭിപ്രായം. കേരള ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പകലോമറ്റം എന്ന തറവാട്ടുപേര് എല്ലാവരുടേയും നെഞ്ചിലിരിക്കുന്നതാണ്. മാർ മക്കാറിയോസ് പകലോമറ്റം തറവാട്ടിൽ 20-ാം നൂറ്റാണ്ടിലെ അവസാനകണ്ണിയായ മെത്രാപ്പോലീത്താ ആയി വന്നപ്പോൾ അദ്ദേഹം പേരിനോട് ചേർത്ത് കുടുംബത്തെ ബന്ധിപ്പിക്കാൻ ആഗ്രഹിച്ചിരുന്നില്ല. താൻ എന്നും മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്താ ആയി മാത്രം അറിയപ്പെടാനാണ് ഇഷ്ടപ്പെട്ടിരുന്നത്.

സഭാപിതാക്കന്മാരിൽ ഒട്ടേറെപ്പേർ ഒന്നുകിൽ വീട്ടുപേരോടും പലർ സ്ഥലപ്പേരോടും കൂടി അറിയപ്പെടാനിടയായവരാണ്. അത് അവർ സ്വയം എടുത്തതോ, ജനങ്ങൾ വിളിച്ചു തുടങ്ങിയതോ എന്നു നിശ്ചയമില്ല. മലങ്കരയുടെ ആദ്യ വിശുദ്ധനായ മാർ ഗ്രീഗോറിയോസ്, ചാത്തുരുത്തി മെത്രാനായും പരുമല തിരുമേനിയായും അറിയപ്പെട്ടിരുന്നു. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ, കല്ലാശ്ശേരിൽ ബാവാ, കുറിച്ചി ബാവാ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. പഴയസെമിനാരി സ്ഥാപകനും, എം.ഡി. സെമിനാരി സ്ഥാപകരുമായ രണ്ടു ദീവന്നാസ്യോസ് തിരുമേനിമാരും പുലിക്കോട്ടിൽ തിരുമേനിമാരായി അറിയപ്പെട്ടു. മാർത്തോമ്മാ സഭയുടെ പിളർപ്പിനെ വിശ്വാസത്തിന്റെ പേരിൽ ധീരതയോടെ നേരിട്ട ദീവന്നാസ്യോസ്, ചേപ്പാട്ടു തിരുമേനി എന്നറിയപ്പെട്ടു. രണ്ടാമത്തെ വിശുദ്ധനായി മലങ്കരസഭ പ്രഖ്യാപിച്ച മാർ ദീവന്നാസ്യോസ് പരക്കെ വട്ടശ്ശേരിൽ തിരുമേനിയും ചുരുക്കമായി മല്ലപ്പള്ളി തിരുമേനിയും ആയി. കുറിയാക്കോസ് മാർ ഗ്രീഗോറിയോസിനെ പാമ്പാടി തിരുമേനി എന്നു വിളിക്കാനാണ് ഇഷ്ടം. ഗീവറുഗീസ് മാർ പീലക്സിനോസ് പുത്തൻകാവിൽ കൊച്ചുമെത്രാച്ചനും കോട്ടയത്തിന്റെ മാർ ഈവാനിയോസ് പാറേട്ടെ തിരുമേനിയും ഒക്കെ ആയി പരക്കെ അറിയപ്പെട്ടിരുന്നു.

അതിപ്രശസ്തരും പ്രഗത്ഭരുമായിരുന്ന ഈ പിതാക്കന്മാരുടെ പേര് നാടിനോട് ബന്ധപ്പെടുത്തുന്നത് ആ നാടിനും വീടിനോട് ബന്ധപ്പെടുന്നത് ആ കുടുംബത്തിനും പുകഴ്ചയ്ക്കും പ്രശസ്തിക്കും പ്രയോജനപ്പെടുമെങ്കിലും അത് സഭയ്ക്ക് അഭിമാനകരമല്ലെന്നാണ് ഞങ്ങളുടെ സുദൃഢമായ അഭിപ്രായം. വീടും നാടും, നാട്ടുകാരേയും വീട്ടുകാരേയും വിട്ട പിതാക്കന്മാർ സഭയുടെ പൊതുസ്വത്താണ്. വീട്ടുകാർക്ക് ആ പിതാ

ക്കന്മാരുടെ കാര്യത്തിൽ ഒരധികാരവും ഇല്ല.

ആ ഒരു ചിന്ത കൊണ്ടാവും മക്കാറിയോസ് മെത്രാപ്പോലീത്താ എന്നും എപ്പോഴും വീട്ടുകാരും സ്വന്തക്കാരുമായി ഒരു അകൽച്ച പാലിച്ചിരുന്നു. അതുകൊണ്ടുതന്നെ കുടുംബക്കാരിലും നാട്ടുകാരിലും കുറെ പ്പേരെങ്കിലും തെറ്റിദ്ധരിക്കാൻ ഇടയായിട്ടുണ്ട്. മാതാപിതാക്കളുടെ മരണശേഷം സ്വന്തം ഭവനത്തിലേക്ക് ദുർലഭമായിട്ടേ അദ്ദേഹം വന്നിട്ടുള്ളു. വൈദികരുടെ കൂട്ടത്തിൽ തന്റെ രണ്ടു വൈദിക സഹോദരങ്ങൾ നിന്നാലും അവരെ അവഗണിച്ച് മറ്റു വൈദികരുമായി അദ്ദേഹം സംസാരിക്കുന്നതിന് കൂടുതൽ താൽപര്യപ്പെട്ടിരുന്നു. അദ്ദേഹത്തെ അറിയാവുന്ന സഹോദരങ്ങൾ അതിൽ പരിഭവിക്കാറുമില്ല. സ്വന്തം ഇടവകപ്പള്ളിയിൽ (അയിരൂർ ചെറിയപള്ളി) വരുന്നതിനേക്കാളധികം സഭയിലെ വേദനിക്കുന്നവരുടെ മദ്ധ്യത്തിലും അവരുടെ പള്ളികളിലും പോകുന്നതിന് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു.

"എന്റെ അമ്മയാര്? എന്റെ സഹോദരങ്ങൾ ആര്? ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിക്കുന്നവരെല്ലാം എന്റെ അമ്മയും സഹോദരങ്ങളും" എന്ന യേശുക്രിസ്തുവിന്റെ ഭാവമായിരുന്നു മക്കാറിയോസ് തിരുമേനിക്ക്.

പേരിന്റെ കാര്യം പറഞ്ഞപ്പോഴാണ് തൃശൂരിലെ പാപ്പുക്കുട്ടിയെ ഓർത്തുപോയത്. അയാൾ ഒരു പത്രപ്രചാരകനായിരുന്നു. അയാൾ ചാവക്കാട്ട് മുസ്ലീം ഭൂരിപക്ഷമുള്ള സ്ഥലത്തു ചെല്ലുമ്പോൾ പേര് 'ബാപ്പുട്ടി' എന്നാക്കും. സുന്നത്തു നടത്തിയ അസൽ മുസൽമാൻ ആണെന്നു ധരിച്ച് ചിലർ 'ബാപ്പുട്ടിക്കാ' എന്നും വിളിച്ചുപോന്നു. അയാൾ ഗുരുവായൂരെത്തുമ്പോൾ പേരു ചുരുക്കി പപ്പു, പപ്പുക്കുട്ടി എന്നാകും. ഒരു ഹൈന്ദവച്ചുവ വരുത്താനാണ് പേരു ചുരുക്കിപ്പറയുന്നത്. കത്തോലിക്കാ ഭൂരിപക്ഷമുള്ള പാവറട്ടിയിൽ എത്തുമ്പോൾ നീട്ടി പാപ്പുകുട്ടിയാകും.

വയലാർ, തകഴി, അടൂർ, മലയാറ്റൂർ, നെടുമുടി, കൊട്ടാരക്കര എന്നൊക്കെയുള്ള സ്ഥലനാമങ്ങൾ കേൾക്കുമ്പോൾ ചില നല്ല മനുഷ്യരേയും അതോടുചേർത്ത് നമ്മൾ ഓർത്തുപോകും. എന്നാൽ വെള്ളായണി, കായംകുളം, ഇത്തിക്കര എന്നീ നാമങ്ങളിൽ കുപ്രസിദ്ധി നേടിയ പരമുവിനേയും കൊച്ചുണ്ണിയേയും പക്കിയേയും കുറിച്ച് ആ നാട്ടുകാർ അഭിമാനിക്കുന്നുണ്ടോ? ആവോ?

തോമസ് കുതിരവട്ടം നല്ല ഒരു ഓർത്തഡോക്സുകാരനും രാഷ്ട്രീയ മേഖലയിലെ പ്രഗത്ഭനായ ഒരു പാർലമെന്റേറിയനുമാണ്. പക്ഷേ "കുതിരവട്ടം" എന്നു മാത്രം ആ സ്ഥലനാമം കേൾക്കുമ്പോൾ ഒരു ഭ്രാന്താശുപത്രിയാണ് മുന്നിൽ വരിക. ഊളംപാറ ഒരു നല്ല സ്ഥലമാണെങ്കിലും

ആ നാട്ടുകാർ പോലും "ഊളംപാറക്കാർ" എന്ന പേരിൽ അറിയപ്പെടാൻ ഇഷ്ടപ്പെടുമെന്ന് തോന്നുന്നില്ല.

പകലോമറ്റത്തിന്റെ കാര്യമാണല്ലോ നാം പറഞ്ഞുവന്നത്. 16-ാം നൂറ്റാണ്ടിൽ മലങ്കരസഭ വിട്ടുപോയ റോമൻ കത്തോലിക്കർക്കു എന്തുകൊണ്ടോ പകലോമറ്റം തറവാടിനോടും അവരുടെ ജന്മനാടായ കുറവിലങ്ങാടിനോടും ഒക്കെ കടുത്ത ബന്ധം ആഗ്രഹിക്കുന്നതായിട്ടാണ് ഈയിടെ കണ്ടുവരുന്നത്. ഇന്ത്യയിൽ പോർട്ടുഗീസുകാരുടെ വരവോടുകൂടി മാതൃസഭയെ പരിത്യജിച്ച് വിദേശികളായ മേലദ്ധ്യക്ഷന്മാരാൽ അവർ ആദ്യകാലത്ത് ഭരിക്കപ്പെട്ടു വന്നുവെങ്കിലും പോർട്ടുഗീസുകാരുടെ പണത്തിനും പട്ടാളത്തിനും ഒന്നും ജനസ്വാധീനം വളർത്തുവാൻ കഴികയില്ലെന്നുള്ള തിരിച്ചറിവ് പിന്നീടാണവർക്കുണ്ടായത്. പകലോമറ്റം കുടുംബത്തിനുള്ള ജനസ്വാധീനം അന്നാണ് അവർക്കു ബോദ്ധ്യപ്പെട്ടത്. അതോടുകൂടി പകലോമറ്റം തറവാട്ടിലെ ചാണ്ടിക്കത്തനാരെ ആദ്യ ദേശീയ മെത്രാനാക്കിയതോടെയാണ് കേരളത്തിൽ പിടിച്ചുനിൽക്കുവാൻ അവർക്കു കഴിഞ്ഞത്.

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പിതാമഹൻ

കേരള ക്രൈസ്തവസഭയുടെ നവശതാബ്ദിയുടെ സമാപനയോഗത്തിൽ പ്രസംഗിക്കവെ കർദ്ദിനാൾ വർക്കി വിതയത്തിൽ ആ പഴയ ചരിത്രസംഭവത്തെ അനുസ്മരിച്ചുകൊണ്ട് ഒരു കുമ്പസാരം തന്നെ നടത്തി.

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഇടവക പള്ളി. സെന്റ് മേരീസ് ഓർത്ത ഡോക്സ് ചെറിയ പള്ളി, അയിരൂർ

"കൂനൻകുരിശുസത്യത്തെ തുടർന്ന് 1653-ൽ സഭ പിളർന്നത് സങ്കട കരമായ സംഭവമാണെന്ന് അദ്ദേഹം ദുഃഖിച്ചു. തുടർന്ന് അദ്ദേഹം പറഞ്ഞു, "ഇതിന്റെ ദുഷ്ഫലം നീക്കാൻ നാം കരഞ്ഞു പ്രാർത്ഥിക്ക ണം. സഭയുടെ ഐക്യത്തിനുള്ള ശ്രമങ്ങൾ പൂർണ്ണമായി വിജയിച്ചിട്ടി ല്ലെങ്കിലും ദൈവത്തിന് ഇതു സാധ്യമാണ്. മാർത്തോമ്മാ ശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസം കാത്തുസൂക്ഷിക്കാൻ സഹായിച്ചത് പകലോ മറ്റം അർക്കദിയാക്കോന്മാരായിരുന്നു. കൊടുങ്ങല്ലൂർ കഴിഞ്ഞാൽ കുറ വിലങ്ങാടിന് ഏറെ ചരിത്രപ്രാധാന്യമുണ്ട്" എന്നദ്ദേഹം അനുസ്മരിച്ചു.

മലങ്കര റീത്തിലെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയും അന്നത്തെ യോഗത്തിൽ ഇതേ ആശയം ഉറപ്പിച്ചു പറഞ്ഞു, "സഭയുടെ അച്ചടക്കം കാത്തുസൂക്ഷിക്കാൻ നിയോഗിക്കപ്പെട്ടവരായിരുന്നു പകലോ മറ്റത്തെ അർക്കദിയാക്കോന്മാർ." "കുലീനത്വവും ചരിത്രവും പൗരാണി കത്വവും ചേർന്നു നിൽക്കുന്ന പുണ്യഭൂമിയാണ് കുറവിലങ്ങാട്" എന്ന് മാർ ജോസഫ് കല്ലറങ്ങാട്ടു തിരുമേനിയും അനുസ്മരിച്ചു.

പകലോമറ്റം സെന്റ് തോമസ് കപ്പേളയുടെ അങ്കണത്തിലുള്ള അർക്ക ദിയാക്കോന്മാരുടെ കബറിടത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ കാർമ്മി കത്വത്തിൽ സഭൈക്യ പ്രാർത്ഥനയും അനുസ്മരണ ശുശ്രൂഷകളും നടന്നു.

അർക്കദിയാക്കോൻ നഗറിൽ നിന്ന് ആയിരങ്ങൾ പങ്കെടുത്ത റാലി മർത്തമറിയാം പള്ളിയിലേക്കു നടത്തി. അവിടെ 19 വൈദികർ ചേർന്നർ പ്പിച്ച ദിവ്യബലിയിലും ഭക്തജനസാന്നിദ്ധ്യം നിറഞ്ഞുനിന്നു എന്ന് പത്ര ങ്ങൾ എഴുതി.

ഈ അർക്കദിയാക്കോന്മാരിലൂടെ ഒന്നാം മാർത്തോമ്മാ തുടങ്ങി 9 മാർത്തോമ്മാമാരിലേക്കും അവിടെനിന്ന് ഇന്നത്തെ തലമുറയിലെ പക ലോമറ്റം തറവാടിന്റെ പുത്രൻ മാർ മക്കാറിയോസിലേക്കും ആ പൗരോ ഹിത്യരക്തം ഒഴുകി സഭയെ സമ്പന്നമാക്കുന്നു എന്നത് നമുക്കു അഭി മാനമാണ്.

ഇതെഴുതുന്ന കാലത്തു സഭയിൽ നടന്ന ചില സംഭവങ്ങൾ അനു സ്മരിച്ചശേഷം മക്കാറിയോസ് ചരിത്രം തുടരാം.

സഭാ ഭരണഘടനയ്ക്കു വിധേയമായി മാത്രമേ യോജിപ്പു സാധ്യമാകൂ: മാർ മക്കാറിയോസ്

പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുനാളിൽ വി. കുർബ്ബാന മദ്ധ്യേ പ്രസംഗിക്കവെയാണ് തിരുമേനി ഇങ്ങനെ പറഞ്ഞത്.

പ. ദീവന്നാസ്യോസ് തിരുമേനി തന്റേടവും ക്രാന്തദർശിത്വവുമുള്ള സഭാപിതാവായിരുന്നു. സഭയെ നേരായ ദിശയിൽ നയിക്കുവാനും പ്രതിസന്ധികളിൽ നിന്നു കരകയറ്റാനും തിരുമേനിക്കു സാധിച്ചു. അന്ത്യോഖ്യാ ആക്രമണത്തിനു മുമ്പിൽ ചേപ്പാട്ടു തിരുമേനി അൽപ്പം പതറിപ്പോയി. പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് തിരുമേനി ആക്രമണത്തിൽ നിന്നു തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി രക്ഷപ്പെട്ടു. എന്നാൽ വട്ട ശ്ശേരിൽ തിരുമേനിയാവട്ടെ ധൈര്യപൂർവ്വം അതിനെ അഭിമുഖീകരിച്ചു. മലങ്കരസഭയെ സംരക്ഷിക്കുവാൻ അദ്ദേഹം പോർക്കളത്തിലിറങ്ങി. ദീർഘവീക്ഷണത്തോടുകൂടി തിരുമേനി സഭയുടെ കാര്യങ്ങൾ ക്രമീകരിച്ചു.

ഒരു മെത്രാപ്പോലീത്തായുടെ വിചിത്ര ആഗ്രഹങ്ങൾ "നാടു കാണിച്ച് പാതകം ചെയ്യരുതേ"

ഓർത്തഡോക്സ് സഭയുടെ തുമ്പമൺ ഭദ്രാസനാധിപൻ ഫിലിപ്പോസ് മാർ യൗസേബിയോസാണ് തന്റെ മരണത്തോടു ബന്ധപ്പെട്ട ചില വിചിത്ര ആഗ്രഹങ്ങൾ പ്രകടിപ്പിച്ചത്. ഇന്ത്യൻ റയിൽവേയിൽ വർഷങ്ങളോളം ജോലി ചെയ്തിരുന്ന അദ്ദേഹം ദൈവവിളിയെ തുടർന്ന് ജോലി ഉപേക്ഷിച്ച് സഭാസേവനത്തിന് സ്വയം സമർപ്പിച്ച ആളാണ്. തടാകം ക്രിസ്തുശിഷ്യാശ്രമത്തിലെ ജീവിതകാലത്ത് അവിടത്തെ പപ്പാ ആയിരുന്ന ബിഷപ്പ് പെക്കൻഹാം വാൽഷ് തിരുമേനിയിൽ നിന്നാണ് ലാളിത്യത്തിന്റെ പാഠങ്ങൾ അദ്ദേഹം പഠിച്ചത്. ബിഷപ്പ് വാൽഷ് രാജകുടുംബവുമായി ബന്ധപ്പെട്ടവനായിരുന്നിട്ടും യാതൊരു പ്രൗഢിയുമില്ലാതെ കേവലം പുൽത്തകിടിയിൽ അന്ത്യവിശ്രമം കൊള്ളുന്നു. മാർ യൗസേബിയോസിന്റെ അന്ത്യാഭിലാഷത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ആശയം പെക്കൻഹാം വാൽഷ് ബിഷപ്പിനെ അനുകരിച്ചായിരുന്നു. അദ്ദേഹം പറഞ്ഞു, "സാധാരണക്കാരനെപ്പോലെ എന്നെ കിടത്തി അടക്കണം. എന്നെ എടുത്തുകൊണ്ട് നാടായ നാടെല്ലാം നടക്കരുത്. വീട്ടിൽ നിന്നും പള്ളിയിലേക്കും പള്ളിയിൽ നിന്നും കുഴിയിലേക്കും മാത്രം കൊണ്ടുപോയാൽ മതി. ഈ 'നാടുകാണിക്കലും' കോലാഹലങ്ങളും ഒന്നും ഞാനാഗ്രഹിക്കുന്നില്ല. ദയവു ചെയത് ഈ പാതകം എന്നോടു ചെയ്യരുതേ. അധിക ച്ചെലവുണ്ടാക്കരുത്. കുന്തിരിക്കം കൊണ്ട് എന്നെ മൂടരുത്. എന്നെ മണ്ണിട്ടു മൂടിയാൽ മതി. സാധാരണക്കാരെ അടക്കുംപോലെ അടക്കിയാൽ മതി. മുന്നമേ പറയുന്നത് നിങ്ങൾക്കു മനസ്സിലാകുവാൻ വേണ്ടിയാണ്."

യൗസേബിയോസ് തിരുമേനിയുടെ ഈ പ്രസ്താവന സഭയിൽ വലിയ ഒരു വിമർശനത്തിനു തന്നെ വഴിതെളിച്ചു. നിലവിലിരിക്കുന്ന ചില നല്ല പാരമ്പര്യങ്ങളെ പെട്ടെന്ന് ഒരു മെത്രാപ്പോലീത്താ തനിയെ

മറ്റുള്ളവരുടെ മുമ്പിൽ ലാളിത്യം പ്രകടിപ്പിക്കുവാൻ കാട്ടിക്കൂട്ടുന്നതായി നിശിതമായ വിമർശനം ഉയർന്നു. ഓരോ തിരുമേനിയും അവരവർക്കു ബോധിച്ച പ്രകാരം പാരമ്പര്യങ്ങളെ മാറ്റി പ്രവർത്തിക്കുന്നതിലെ അപാകത അവർ ചൂണ്ടിക്കാട്ടി. മാർ യൗസേബിയോസ് ജനത്തിന്റെ കൈയടിക്കുവേണ്ടി ഇതുപോലെ പരസ്യമായി ചെയ്ത പ്രസ്താവനകളിൽ ഒന്നുപോലും നടപ്പിൽ വരുത്താത്ത ആളാണെന്ന് വിമർശകന്മാർ ശബ്ദമുയർത്തി. ഏതാനും ഉദാഹരണങ്ങളും അവർ എടുത്തു പറഞ്ഞു.

60-ാം വയസ്സിൽ ജന്മദിനത്തിൽ അദ്ദേഹം പറഞ്ഞു, "65-ാം വയസ്സിൽ ഞാൻ സ്വയം റിട്ടയർ ചെയ്യും." 65 കഴിഞ്ഞിട്ടും അദ്ദേഹം റിട്ടയർ ചെയ്തില്ല. 70-ാം വയസ്സിൽ താൻ സ്ഥാനമൊഴിയുമെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ 70 കഴിഞ്ഞിട്ടും അദ്ദേഹം അധികാരത്തിൽ കടിച്ചുതൂങ്ങി നിൽക്കുന്നതേ ഉള്ളു. സ്ഥാനം ഒഴിഞ്ഞില്ല. 74-ാം വയസ്സിൽ അദ്ദേഹം പറഞ്ഞു, "75 വയസ്സാകുമ്പോൾ ഞാൻ ഭദ്രാസനഭരണം ഉപേക്ഷിച്ച് തടാകം ആശ്രമത്തിലേക്കു പോകും. പക്ഷേ 75 വയസ്സു കഴിഞ്ഞിട്ടും അദ്ദേഹം ഭദ്രാസന ചുമതല വിട്ടുമില്ല, തടാകം ആശ്രമത്തിലേക്കു പോയുമില്ല. അദ്ദേഹം ഒരു പത്രസമ്മേളനത്തിൽ '10 വർഷം മുന്നിൽ കണ്ടുകൊണ്ടാണ് താൻ പ്രവർത്തിക്കുന്നതെന്നു' പറഞ്ഞത് ഇനി 10 വർഷം കഴിഞ്ഞാലും സ്ഥാനം വിട്ടുപോകാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ലെന്നുള്ളതിന്റെ സൂചനയായി പലരും ചൂണ്ടിക്കാട്ടി.

അതുകൊണ്ട് മരണശേഷമുള്ള കർമ്മങ്ങളെക്കുറിച്ചുള്ള പ്രസ്താവനയും "ചീപ്പ് പോപ്പുലാരിറ്റി"യ്ക്കു വേണ്ടിയുള്ള അടവായി മാത്രമേ ജനങ്ങൾ വിലയിരുത്തിയുള്ളു.

അതുകൊണ്ടു തന്നെയാവണം അദ്ദേഹം പിന്നീട് കാലം ചെയ്തപ്പോൾ ഇപ്പറഞ്ഞ കാര്യങ്ങളൊന്നും നടപ്പിൽ വരുത്തിയില്ല. പതിവിൻ പ്രകാരം സഭ സംസ്കാരച്ചടങ്ങുകൾ നിർവ്വഹിക്കയാണു ചെയ്തത്.

എല്ലാ രംഗത്തും പരസ്പരധാരണയും സഹകരണവും ഉണ്ടെങ്കിൽ അതു ഗുണമായേ വരൂ. ''കുതിരകൾ വെള്ളം കുടിക്കുമ്പോൾ ജലാശയം കലക്കും" എന്നു പറയാറുണ്ട്. ദാഹിച്ച കുതിര കുളത്തിലെ വെള്ളം കുടിക്കാൻ കുളത്തിലിറങ്ങുമ്പോൾ അത് സ്വന്തം പ്രതിഛായ അതിൽ കാണുന്നു. തന്നെപ്പോലെ മറ്റൊരു കുതിര വെള്ളം കുടിക്കാനെത്തിയിരിക്കുന്നുവെന്നാണ് സ്വന്തം പ്രതിഛായ കണ്ട കുതിര വിചാരിക്കുന്നത്. മറ്റൊരു ജീവി വെള്ളം കുടിച്ചാൽ തനിക്കു കുടിക്കാൻ തികയുകയില്ലെന്നുള്ള ധാരണയിൽ മറ്റേ കുതിരയോട് അതു യുദ്ധം ചെയ്യുന്നു. അത് സ്വന്തം നിഴലിനോടുള്ള മത്സരമാണെന്ന് കുതിരയ്ക്കറിയില്ല. ചവിട്ടിയും തൊഴിച്ചും കുതിര കുളം കലക്കുന്നു. എതിരാളിയെ ഓടിച്ചു വിട്ടുവെന്നുള്ള സംതൃപ്തിയിൽ കലക്കവെള്ളം കുടിക്കുന്നു.

സഭയിലെയും സമൂഹത്തിലെയും അസ്വസ്ഥതകളിൽ പലതിന്റെയും ഉറവിടം തപ്പുമ്പോൾ നിഴലിനോടു യുദ്ധം ചെയ്യുന്ന കുതിരയെയാണു കാണുക. നിഴലിനെ ഭയപ്പെടുന്നവരാണ് പലരും.

രാജികളും, നീക്കങ്ങളും, പരാതികളും

കെ. എം. മാത്യു (മനോരമ) മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി എന്നിവയിൽ ഉണ്ടായിരുന്ന സ്ഥാനങ്ങൾ ഉപേക്ഷിച്ചു നൽകിയ രാജി പിൻവലിക്കാൻ പ. ബാവാ നിർബന്ധിച്ചെങ്കിലും തന്റെ രാജി ആരോഗ്യ പരമായ കാരണങ്ങളാലാണെന്ന് മാത്യു വ്യക്തമാക്കിയതിനെ തുടർന്ന് ബാവാ രാജി സ്വീകരിച്ചു. മക്കളിൽ ഒരാളെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുവാനുള്ള ബാവായുടെ ആഗ്രഹവും മാത്യു തള്ളിക്കളഞ്ഞു. അതു തന്നേക്കാളേറെ ബാവായുടെ സൽപ്പേരിനു കളങ്കം ചാർത്തുമെന്ന് മാത്യു പറഞ്ഞു. താനും കുടുംബവും സഭയോടൊപ്പം നിൽക്കുമെന്നും മാത്യു ഉറപ്പു നൽകി.

അതേസമയം അത്മായട്രസ്റ്റി പി. സി. ഏബ്രഹാമിനെതിരായി മാനേജിംഗ് കമ്മിറ്റിയിൽ രൂക്ഷവിമർശനം ഉയർന്നതായി 'നസ്രാണി' റിപ്പോർട്ടു ചെയ്തു. പ. ബാവായെ പരസ്യമായി വിമർശിക്കയും കത്തെഴുതി പ്രചരിപ്പിക്കയും ചെയ്തതിനാലാണ് ഏബ്രഹാമിനെതിരായി വിമർശനം ഉയർന്നതത്രെ. പിന്നീട് വർക്കിംഗ് കമ്മിറ്റി പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ ബാവായ്ക്കു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് കത്തെഴുതി.

ഏബ്രഹാം സ്വയം രാജിവെച്ചൊഴിയാൻ വിസമ്മതിച്ചതിനെ തുടർന്ന് അദ്ദേഹത്തെ മാറ്റി അടുത്ത അസ്സോസിയേഷനിൽ പുതിയ ട്രസ്റ്റിയെ എടുക്കാൻ വരെ അണിയറയിൽ നീക്കങ്ങൾ നടന്നതായി 'നസ്രാണി' വാർത്തയിൽ കണ്ടു.

അതേസമയം സഭാവക്കീലന്മാരായ കെ. ജോർജ്ജ്, സി. റ്റി. ജോസഫ് എന്നിവരെ നീക്കം ചെയ്തതായി മംഗളം പത്രം റിപ്പോർട്ടു ചെയ്തു. ഒരു ലക്ഷത്തിഏഴായിരം രൂപാ പി. സി. ഏബ്രഹാം അവരുടെ ഡൽഹി യാത്രയ്ക്ക് കൊടുത്തതായും ഇത്രയും തുക കൊടുത്തിട്ടും അവർ ഡൽഹിക്കു പോകാൻ വിസമ്മതിച്ചതായും കേസ് അവധിക്കു വയ്ക്കാൻ നരിമാനെ ഫോണിൽ അറിയിച്ചതായും പരാതി ഉയർന്നു.

മറ്റുള്ളവരെ അംഗീകരിക്കയും അവരുടെ വികാരങ്ങളെ മാനിക്കുകയും ചെയ്യുന്നവന് ആർക്കുമെതിരെ തിന്മ ചെയ്യാൻ കഴിയില്ലെന്നുള്ളത് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു സത്യമാണ്. മഹാനായ അലക്സാണ്ടർ ചക്രവർത്തി നിർദോഷികളായ ഏതാനും പേരുടെ വികാരങ്ങളെ മാനിച്ച് ഒരു ദേശം ആക്രമിക്കാതെ പോയ കഥ കേട്ടിട്ടുണ്ട്.

അലക്സാണ്ടർ പാലസ്തീൻ കീഴടക്കാൻ 'ടിഷാബ് ആവ്' എന്ന സ്ഥലത്തെത്തി. അവിടെ ഒരു സംഘം യഹൂദർ കണ്ണീരൊഴുക്കിയും നിലവിളിച്ചും കരയുന്നതു കണ്ടു. കാരണമന്വേഷിച്ചപ്പോൾ പഴയ യെറുശലേം ദേവാലയം നിന്നിരുന്ന സ്ഥലമാണ് അതെന്ന് മനസ്സിലായി. നൂറ്റാണ്ടുകൾക്കു മുമ്പ് അസ്സീറിയാക്കാർ അവിടെ ഉണ്ടായിരുന്ന അവരുടെ ദേവാലയം നശിപ്പിച്ചിരുന്നു. അതിന്റെ ദുഃഖം കൊണ്ടാണ് ആ പഴയ ദേവാലയം സ്ഥിതിചെയ്തിരുന്ന സ്ഥലത്തു വന്ന് അവർ കരഞ്ഞുകൊണ്ടു നിന്നത്. മഹാനായ ചക്രവർത്തി പറഞ്ഞു, "നൂറ്റാണ്ടുകൾക്കു മുമ്പ് നശിപ്പിക്കപ്പെട്ട ഈ സ്ഥലത്തെക്കുറിച്ച് ഇവർ കണ്ണീരൊഴുക്കുന്നു. ഈ സ്ഥലം ഞാൻ കീഴടക്കിയാലും ഇവരുടെ മനസ്സിനെ കീഴടക്കാൻ എനിക്കു സാധ്യമല്ല." അലക്സാണ്ടർ ചക്രവർത്തി ആ സ്ഥലം ആക്രമിക്കാതെ പിന്മാറി.

സമൂഹത്തിലെ ഒറ്റയാൻ

മാർ മക്കാറിയോസിനെ സമൂഹത്തിലെ ഒരു ഒറ്റയാനായി പലരും പറയാറുണ്ടായിരുന്നു. ആ പ്രസ്താവനയെ ശരിയായ അർത്ഥത്തിലും തെറ്റായ അർത്ഥത്തിലും വളച്ചൊടിക്കാൻ ശ്രോതാക്കൾക്കു കഴിയുമായിരുന്നു. മലങ്കരസഭയിൽ, അതിനെ സ്നേഹിച്ച് വിയർപ്പൊഴുക്കിയ അനേകരുടേയും കണ്ണുനീരുകളും നെടുവീർപ്പും മനസ്സിലാക്കാൻ അധികാരം കൈയാളുന്ന പലർക്കും കഴിയാതെ പോയിട്ടുണ്ട്. അവസാനം സ്വന്തം വാളിന്മേൽ വീണ് പിടഞ്ഞുമരിച്ച ശൗൽ രാജാവിന്റെ അനുഭവം സഭയിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നതായും പലരും വിമർശിച്ചു കേട്ടിട്ടുണ്ട്.

മാർ മക്കാറിയോസ് ആൾക്കൂട്ടത്തിലെ വേറിട്ടൊരാൾ തന്നെയായിരുന്നു. അതു സഭയിലോ സമൂഹത്തിലോ അന്തർദേശീയ സമൂഹത്തിലോ ആയാലും ആ തലയെടുപ്പ് വേറൊരാൾക്കുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ തലയെടുപ്പിനു മുന്നിൽ മറ്റുള്ളവർ സ്വയം ചെറുതായി തോന്നുന്നതുകൊണ്ട് അദ്ദേഹം ഒറ്റപ്പെട്ട വേറൊരാളാണെന്ന് മറ്റുള്ളവർക്ക് തോന്നിപ്പോകാവുന്നതാണ്.

തലമുറകൾ തമ്മിലുള്ള വിടവ്, സ്വാതന്ത്ര്യക്കുറവ്, സഭ തന്നിൽ ഏൽപ്പിച്ച ഭാരിച്ച ചുമതലകൾ, രാജ്യാന്തര യാത്രകൾ, മുതലായ കാരണങ്ങളാൽ അദ്ദേഹത്തിന് സ്വന്തം കുടുംബത്തിൽ നിന്നും നാട്ടിൽ നിന്നും വളരെയേറെ അകലെ ഒരു പാശ്ചാത്യ സമൂഹത്തിൽ ലയിച്ചുചേർന്ന് സുഖദുഃഖങ്ങൾ തന്റെ ജനങ്ങളോടു പങ്കുവെച്ചു ജീവിക്കാനുള്ള നിയോഗമാണ് ലഭിച്ചതെന്ന് അദ്ദേഹം പറയാറുണ്ട്.

ഔദ്യോഗിക ആവശ്യങ്ങൾക്കായി വിവിധ രാജ്യങ്ങളിലോ സമൂഹങ്ങളിലോ മാസങ്ങളോളം മാറിനിൽക്കുമ്പോഴും ഫോൺ ചെയ്യാനോ തന്റെ മടക്കയാത്ര നീട്ടി വച്ചെന്ന് അറിയിക്കാനോ ഒന്നും അദ്ദേഹം ശ്രദ്ധിക്കാറില്ല. പോകുന്ന സ്ഥലത്തെ ഒരു നമ്പരോ ബന്ധപ്പെടാനുള്ള ഒരാളിന്റെ ഫോൺ നമ്പരോ പറഞ്ഞുകൊടുക്കുന്ന പതിവും അദ്ദേഹത്തിനില്ലായിരുന്നു. അവസാനകാലത്തു മാത്രമാണ് അദ്ദേഹം ഒരു സെൽ ഫോൺ വാങ്ങിയത്. അതുവരെ "എവിടെപ്പോയാലും ബന്ധപ്പെടാനുള്ള ഒരു ഫോൺ നമ്പർ കൊടുത്തേക്കണം, അത് അത്യാവശ്യമാണെന്ന്" നിർദ്ദേശിക്കുന്നവരുടെ നേരെ ഒരു പുഞ്ചിരി മാത്രം!

അതുകൊണ്ട് അദ്ദേഹം മാതാപിതാക്കളെ സ്നേഹിച്ചിരുന്നില്ല എന്നർത്ഥമില്ല. ഉള്ളിൽ പതഞ്ഞു പൊങ്ങുന്ന സ്നേഹം അദ്ദേഹം പുറമെ കാണിക്കാറില്ലായിരുന്നുവെന്നു മാത്രം, എന്നാൽ ആ മാതാപിതാക്കളോടുള്ള സ്നേഹം പുറത്തേക്ക് തൂവി ഒഴുകുന്ന രണ്ടു സന്ദർഭങ്ങൾ ഞാൻ നേരിൽ കണ്ടിട്ടുണ്ട്.

മാർ മക്കാറിയോസിനു 75 വയസ്സായപ്പോൾ തിരുമേനിയെ ആദരിക്കാൻ നാട്ടുകാർ സംഘടിപ്പിച്ച ആവേശകരമായ ഘോഷയാത്രയിലാണ് ആദ്യരംഗം ഞാൻ കണ്ടത്. അന്ന് മാതാപിതാക്കന്മാർ ഇരുവരും പനി ബാധിച്ച് റാന്നി മേനാന്തോട്ടം ആശുപത്രിയിലായിരുന്നു. മകന്റെ സ്വീകരണത്തിൽ സംബന്ധിക്കുന്നതിനുള്ള ആഗ്രഹം ഇരുവരും പ്രകടിപ്പിച്ചിരുന്നെങ്കിലും താരതമ്യേന രോഗം കുറവായിരുന്ന അമ്മച്ചിയെ മാത്രമേ പുറത്തു പോകാൻ ഡോക്ടർ അനുവദിച്ചുള്ളു. അമ്മച്ചിയെ ഒരു കാറിൽ ഘോഷയാത്ര കടന്നുപോകുന്ന കുമ്പളന്താനം നാൽക്കവലയിൽ വഴിയോരം ചേർത്ത് നിർത്തിയിരുന്നു. വാദ്യമേളങ്ങളും ആന അമ്പാരിയും കടന്നുപോയപ്പോഴേക്കും ആ അമ്മ കാറിൽ ഇരുന്ന് കരയാൻ തുടങ്ങി. തിരുമേനിയെ വഹിച്ച ഹംസരഥം കടന്നുവന്നപ്പോഴേക്കും അമ്മച്ചിയുടെ കരച്ചിൽ ഉച്ചത്തിലായി. "എന്റെ മോൻ എന്റെ മോൻ" എന്നു പറഞ്ഞു തല പുറത്തേക്കിട്ട് ഘോഷയാത്ര ദർശിച്ചുകൊണ്ടിരുന്നു.

ഹംസരഥത്തിലിരുന്ന മക്കാറിയോസ് തിരുമേനിയുടെ കണ്ണുകൾ വഴി ഓരത്തു കാറിനുള്ളിലിരിക്കുന്ന അമ്മച്ചിയെ ആ വന്പിച്ച ആൾക്കൂട്ടത്തിനിടയിലും കണ്ടുപിടിച്ചു. ഹംസരഥം നിർത്തി, തിരുമേനി ഓടി ഇറങ്ങി, കാറിനുള്ളിലേക്കു കൈനീട്ടി അമ്മച്ചിയെ തഴുകി. ആ വൃദ്ധമാതാവ് നിയന്ത്രണമില്ലാതെ കരഞ്ഞുകൊണ്ട് മകനെ തന്റെ ചുക്കിച്ചുളിഞ്ഞ കൈത്തലം കൊണ്ട് തഴുകിത്തലോടുന്നതിനിടയിൽ പറഞ്ഞ വാചകങ്ങൾ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നു. "എന്റെ പൊന്നുമോനേ! മോനെ ഒന്നു കാണാൻ ഈ അമ്മച്ചി എത്രനാളായി കൊതിച്ചു കാത്തി

രിക്കയായിരുന്നു. ഇനി അമ്മച്ചിയെ കാണാൻ എന്റെ മോൻ എന്നാണ് വരിക? ഈ അമ്മച്ചിക്കു വേറെ ആരുണ്ടു മോനേ?" വാസ്തവത്തിൽ ആ അമ്മയ്ക്കു നിത്യവും കണികാണാൻ കിട്ടിയിരുന്നത് തന്നെ പരിച രിച്ചിരുന്ന ഹോംനേഴ്സിനെ ആയിരുന്നു.

എങ്കിലും ആ വേറിട്ടൊരാളായ മക്കാറിയോസ് മെത്രാപ്പോലീത്താ എവിടെ പ്രസംഗിച്ചാലും തന്റെ പ്രിയപ്പെട്ട അമ്മയെ ഒരു തവണ എങ്കിലും പരാമർശിക്കുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടി ട്ടുള്ളവർക്കെല്ലാം അറിയാം.

രണ്ടാമത്തെ രംഗം മക്കാറിയോസിന്റെ പിതാവിന്റെ ശവസംസ്കാര ത്തിലായിരുന്നു. ആ ശവസംസ്ക്കാരച്ചടങ്ങിൽ പ. മാത്യൂസ് ദ്വിതീയൻ ബാവാ ഉൾപ്പെടെ എല്ലാ മെത്രാപ്പോലീത്തന്മാരും സംബന്ധിച്ചിരുന്നു. അന്നത്തെ ശുശ്രൂഷയിൽ പ്രുമിയോൻ വായിക്കാൻ ആരംഭിച്ച മാർ മക്കാ റിയോസ് ഗദ്ഗദകണ്ഠനായി തുടരാൻ കഴിയാതെ പിതാവിന്റെ ശവമ ഞ്ചത്തിനു സമീപം വിഷാദമഗ്നനായി നിൽക്കുന്നതു പലരും കണ്ടു. സഹോദര മെത്രാപ്പോലീത്തന്മാർക്കെല്ലാം നന്ദി പ്രകടിപ്പിക്കാൻ എഴു ന്നേറ്റ തിരുമേനി പറഞ്ഞു, ''അപ്പച്ചൻ ഞങ്ങൾക്കു വളരെ സമ്പ ത്തൊന്നും സമ്പാദിച്ചു തന്നിട്ടല്ല പോയത്. പക്ഷേ ഞങ്ങൾ അഞ്ചു പേരെയും പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. ഇതാണ് ഞങ്ങളുടെ സമ്പത്ത്." എന്നു പറഞ്ഞപ്പോൾ വീണ്ടും ഗദ്ഗദകണ്ഠനായി. "ഇത്രയ്ക്കു കുടും ബസ്നേഹിയും സ്നേഹവാനുമായ ഒരു മകനെ കിട്ടിയ അപ്പച്ചൻ തീർച്ച യായും ഭാഗ്യവാനാണ്" എന്ന് ഒരു മെത്രാപ്പോലീത്താ പറഞ്ഞു.

"തന്നെക്കാളധികം മാതാപിതാക്കളെയോ സഹോദരീസഹോദരങ്ങ ളേയോ സ്നേഹിക്കുന്നവൻ എനിക്കു കൊള്ളാവുന്നവനല്ല" എന്ന കർ ത്തൃവചനം മക്കാറിയോസ് തിരുമേനിയിൽ പൂർണ്ണമായും ശരിയായിരുന്നു എന്നുള്ളതുകൊണ്ട് അദ്ദേഹത്തിന് ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങളായ മാതാപിതാക്കളെക്കുറിച്ച് കരുതലില്ലായിരുന്നു എന്ന് വിചാരിക്കാനാവില്ല.

"വൃദ്ധരെ മറന്ന ഒരു സമൂഹം വേരറ്റ വൃക്ഷങ്ങളെപ്പോലെയാണ്. മാതാപിതാക്കളെ മറന്നാൽ, അവരുടെ കണ്ണുനീർ വീഴ്ത്തിയാൽ ആർക്കു രക്ഷയുണ്ടാകും?" എന്ന് അദ്ദേഹം അമേരിക്കയിലെ രണ്ടാം തലമുറ യോട് പ്രസംഗമദ്ധ്യേ ഓർമ്മപ്പെടുത്തുമായിരുന്നു. പിതൃ-പുത്ര ബന്ധ ങ്ങൾക്കും കുടുംബ ബന്ധങ്ങൾക്കും വലിയ വില കൽപ്പിക്കാത്ത പാശ്ചാ ത്യ സംസ്കാരത്തിൽ വളരുന്ന കുട്ടികൾക്ക് ആ പ്രസംഗങ്ങൾ പ്രയോ ജനം ചെയ്തു. "നമുക്കു ചുറ്റും നാം കാണുന്ന ലോകം തികച്ചും ഊഷ രവും ദയാരഹിതവുമാണ്. വൃദ്ധരിൽ ഇന്ന് ഒരു നല്ല പങ്കും ഏകാന്തത യാലും സ്നേഹരാഹിത്യത്താലും ഹതാശയരായി കഴിയുന്ന ചിത്രം"

അദ്ദേഹം യുവാക്കളുടെ മുന്നിൽ വരച്ചുകാട്ടി. അവർക്കിടയിൽ തണൽ വീശി നിൽക്കുന്ന പച്ചത്തഴപ്പുകളെ അപൂർവ്വമായി കാണുമ്പോൾ അവരെ പ്രശംസിപ്പാനും തിരുമേനി ശ്രമിക്കാറുണ്ട്.

സങ്കീർണ്ണങ്ങളായ മനുഷ്യജീവിതത്തെ സ്വന്തം ബുദ്ധിയുടെ കൈക്കുമ്പിളിൽ കോരിഎടുക്കാമെന്ന ശാഠ്യങ്ങളും, ലോകം, ധനം, സുഖഭോഗങ്ങൾ ഇവ മാത്രമാണ് സത്യം, മറ്റെല്ലാം മറന്നേക്കൂ എന്നു വിളിച്ചു പറയുന്ന ഉപഭോഗ സംസ്കാരവും മനസ്സുകളെ കീഴടക്കുമ്പോഴും ജീവിതത്തിന്റെ ആഴങ്ങളെക്കുറിച്ചു മനനം ചെയ്യുമ്പോൾ മക്കാറിയോസിന്റെ ആഹ്വാനങ്ങൾ യുവതലമുറയ്ക്ക് ദിശാബോധം പകർന്നു കൊടുത്തു.

മനുഷ്യസമൂഹം വൈയക്തിക ബന്ധങ്ങളുടെ തീക്ഷ്ണമായ വികാസം ഇതിന്റെ സവിശേഷതയാണ്. ഇതു വെറുമൊരു ഭൗതിക പ്രതിഭാസം മാത്രമല്ല, സാമൂഹ്യജീവിതം സ്രഷ്ടാവ് പ്രകൃതിയിൽ എഴുതിച്ചേർത്തിരിക്കുന്ന കാര്യമാണ്. അതിന്റെ നിയമങ്ങൾക്കനുസരിച്ച് ജീവിക്കാൻ ദൈവം അവനെ വിളിച്ചിരിക്കുന്നു. മനുഷ്യവ്യക്തിക്ക് തന്നെത്തന്നെ സാക്ഷാൽക്കരിക്കാവുന്നത് മറ്റുള്ളവർക്കുവേണ്ടി പ്രത്യേകിച്ച് ഏറ്റവും ആവശ്യത്തിലിരിക്കുന്നവർക്കുവേണ്ടി ആത്മാർത്ഥത മുറ്റിയ ഒരു ആത്മദാനമാക്കുമ്പോഴാണ്. വ്യക്തിയും സമൂഹവും പരസ്പരം ആശ്രയിച്ചാണ് ഇരിക്കുന്നത്. മാനുഷിക ഗുണങ്ങളുടെ മെച്ചപ്പെടലും ശക്തമാകലും അതുവഴി സംഭവിക്കുന്നു. മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിനും അത് അത്യാവശ്യമാണ്. വ്യക്തിയുടെ മഹോന്നത മഹത്വത്തെക്കുറിച്ചും പൊതുനന്മയുടെ പങ്കിന്റെ വിശാലമാക്കലിനെക്കുറിച്ചും ഇന്ന് വർദ്ധിച്ച അവബോധമുണ്ട്. എന്നാൽ വൈരുധ്യമെന്നു പറയട്ടെ, എല്ലാവരും തങ്ങളുടെ അയൽക്കാരനെ മറ്റൊരു ആളായി കണ്ട് പ്രവർത്തിക്കാൻ തയ്യാറാകാത്തതുകൊണ്ട് ജീവനെതിരായ അനേകം കുറ്റങ്ങളും, കൊലപാതകം, വംശനാശം മുതലായവയും, വ്യക്തിയുടെ സമഗ്രതയ്ക്കെതിരായ അംഗവിഛേദം, പീഡനം തുടങ്ങിയ അക്രമങ്ങളും, അടിമത്തം, വേശ്യാവൃത്തി തുടങ്ങിയ അധാർമ്മിക ജീവിത സാഹചര്യങ്ങളും വളരെയധികം വർദ്ധിക്കുന്നു. ഏതൊരു സാമൂഹ്യ സ്ഥാപനത്തിന്റെയും അടിസ്ഥാനപരവും മാറ്റമില്ലാത്തതുമായ സാർവ്വത്രിക തത്വം എല്ലാ മനുഷ്യരും തുല്യമാണെന്നാണ്. അതിന്റെ കാരണങ്ങൾ എല്ലാവരും ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എല്ലാവരും ക്രിസ്തുവിനാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു, എല്ലാവർക്കും ഒരേ ഭാഗധേയമാണുള്ളത് എന്നിവയാണ്.

മോഹൻലാൽ ഈയിടെ ബ്ലോഗിൽ എഴുതി, "ഈ നാട്ടിൽ ജീവിക്കാൻ ഭയമാകുന്നു." ഇതു കണ്ടപ്പോൾ മുതൽ ഒരു ചോദ്യം ഉയർന്നു

മനസ്സിൽ, എവിടെയാണ് അഭയം? എങ്ങും ഒരിടവും കാണുന്നില്ല. വീട്ടിലില്ല, അയൽവീടുകളിലില്ല, ബന്ധുജനങ്ങളിലില്ല, നാട്ടുകാരിലില്ല.

പെരുവഴിയിൽ ഇറങ്ങിനോക്കിയാലോ? വഴി നിറഞ്ഞ് അലറിക്കൂവി അന്ധമായി ചാടിമറിഞ്ഞു വരുന്ന പ്രതിഷേധക്കാർ, എന്തിനും, ഏതിനും ഇപ്പോൾ പ്രതിഷേധമാണല്ലോ. ആ ജനക്കൂട്ടം ചിലപ്പോൾ മൃഗക്കൂട്ടമായി മാറുമ്പോൾ ആർക്ക് എന്തഭയം? മാതൃകാ പോലീസ് സ്റ്റേഷനുകളുണ്ടെങ്കിലും മഷിയിട്ടുനോക്കിയാലും അഭയം തരാൻ ഒരു മാതൃകാ മനുഷ്യനെ കാണാനില്ല.

കോടതികളെ ആശ്രയിക്കാമെന്ന് വച്ചാലോ? സത്യത്തെ നിയമം കൊണ്ടു കശക്കി എറിയുന്ന സ്ഥലമല്ലേ കോടതി എന്നു പറയുന്നവരെ കാണാം. ഒരിക്കൽ ഒരു പള്ളിവഴക്കുമായി പാത്രിയർക്കീസ് ഭാഗത്തെ ഒരു അച്ചൻ കോടതിയിലെത്തി. വക്കീൽ പറഞ്ഞു, "കോടതിയിൽ സത്യം പറയരുത്, ഞാൻ പഠിപ്പിച്ചതേ പറയാവൂ! അല്ലെങ്കിൽ തെറ്റു ചെയ്ത നിങ്ങൾക്ക് ശിക്ഷ ഉറപ്പ്." വാദിച്ചു വാദിച്ച് പരമസത്യത്തെ പെരുങ്കള്ളമാക്കുന്നവനാണ് ഈ വക്കീൽ. വക്കീൽ മൂത്താണ് ജഡ്ജിയാകുന്നത്. ജഡ്ജി പെൻഷൻ പറ്റിയാൽ വീണ്ടും വക്കീലാവും.

പള്ളികളിലുമില്ല ഇപ്പോൾ ഭക്തി. പിന്നെങ്ങനെ അവിടെ അഭയം തേടും? പണത്തിന്റെ വിനിമയ റേറ്റ് അനുസരിച്ച് മേൽപ്പട്ടസ്ഥാനവും ഷെവലിയാർ, കമാൻഡർ സ്ഥാനങ്ങളിലും, കയറിപ്പറ്റാനാകുമെന്ന് ഇന്ന് എല്ലാവർക്കുമറിയാം. ഈയിടെ സഭാഭ്യംശം നടത്തിയ യാക്കോബായ ഇടുക്കി മെത്രാൻ മൂന്നു കോടി രൂപാ നൽകിയാണ് ബിഷപ്പുസ്ഥാനം നേടിയതെന്ന് പരസ്യ പത്രപ്രസ്താവന വായിച്ചപ്പോൾ മൂക്കത്തു വിരൽ വച്ചു പോയി.

ഭരണസിരാകേന്ദ്രങ്ങളിൽ അഴിമതി എല്ലാ ഭാവത്തിലും അഴിഞ്ഞാടി ചടുലനൃത്തമാടുന്നത് കാണുമ്പോൾ ആർക്ക്, എവിടെ അഭയം എന്നു ചോദിച്ചു പോകും.

യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള തർക്കം ശവസംസ്ക്കാരച്ചടങ്ങിലേക്കും ബാധിച്ചപ്പോൾ, മൃതദേഹം അടക്കം ചെയ്യാനാവാതെ അഞ്ചു മണിക്കൂർ പള്ളിമുറ്റത്ത് വയ്ക്കേണ്ടി വന്നപ്പോൾ ഇയ്യോബ് എന്ന എഴുത്തുകാരൻ "അധികാരമത്തതയിൽ എവിടെ സ്നേഹം" എന്ന ഒരു ലേഖനം എഴുതി.

അടുത്ത ദിവസം 'മാതൃഭൂമി' ദിനപത്രത്തിൽ വന്ന വാർത്ത ഇവിടെ പ്രസക്തമാണ്. "ഒന്നായിരുന്ന സഭയെ രണ്ടായി പിളർത്തി അവയുടെയെല്ലാം അധികാരസ്ഥാനങ്ങളിൽ കയറിയിരിക്കുന്നവർ യോഹന്നാന്റെ

സുവിശേഷം 17-ാം അദ്ധ്യായത്തിൽ ഐക്യത്തിനായുള്ള യേശുവിന്റെ പ്രാർത്ഥന വായിച്ചിട്ടുണ്ടാവില്ലേ?

ക്രിസ്തുവിന്റെ ഈ പ്രാർത്ഥന വിഫലമാക്കുകയല്ലേ, ആറടി മണ്ണിനുവേണ്ടിപ്പോലും പരസ്പരം കലഹിക്കുന്ന ക്രിസ്ത്യാനികൾ ചെയ്യുന്നത്? നിരീശ്വരർ പോലും മൃതദേഹത്തോട് ആദരം കാട്ടുമ്പോൾ ഒരു വയോധികന്റെ മൃതദേഹത്തോട് അനാദരം കാട്ടി പള്ളിക്കാർ സ്വയം അവഹേളിതരാവുകയും ചെയ്യുന്നു.

"ഇതാണ് എന്റെ കൽപ്പന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" എന്ന ക്രിസ്തു കൽപ്പന തന്റെ അനുഗാമികൾ അക്ഷരംപ്രതി പാലിച്ചു. "നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം തമ്മിൽ പൂർണ്ണമാകുകയും ചെയ്യും. ദൈവം സ്നേഹമാണ്." എന്നിപ്രകാരം യേശുവിന്റെ അരുമശിഷ്യൻ വി. യോഹന്നാൻ ഉപദേശിച്ചു.

പക്ഷേ അധികാര പ്രമത്തതയിൽ എവിടെ സ്നേഹം, എവിടെ കരുണ?

ഫാ. ഷാലു ലൂക്കോസ് തിരുമംഗലം എഴുതിയ ഒരു ലേഖനത്തിൽ 'വെർഫ്ഗാജ് ബൊർഹെർട്' എന്ന ജർമ്മൻ സാഹിത്യകാരന്റെ ഒരു കഥ ഉദ്ധരിച്ചിട്ടുണ്ട്. അതിപ്രകാരമാണ്, "ഭൂമിയിലേക്കു പിറന്നുവീണ രണ്ട് മനുഷ്യജീവികൾ, അവർക്ക് രണ്ടു വയസ്സായപ്പോൾ അവർ കൈകൾകൊണ്ട് തമ്മിലടിച്ചു. പന്ത്രണ്ട് വയസ്സായപ്പോൾ അവർ കമ്പുകൊണ്ടടിച്ചു, പരസ്പരം കല്ലെറിഞ്ഞു രസിച്ചു. അവർക്കു 22 വയസ്സായപ്പോൾ തോക്കുകൾ കൊണ്ട് അന്യോന്യം വെടിവച്ചു കളിച്ചു. 42 വയസ്സായപ്പോൾ അങ്ങോട്ടുമിങ്ങോട്ടും പ്രതികാരത്തോടെ ബോംബ് എറിഞ്ഞു. 62 വയസ്സായപ്പോൾ കുലംതന്നെ മുടിക്കേണ്ടതിന് അവർ രോഗാണുക്കൾ പ്രയോഗിച്ചു. പ്രതികാര പ്രവർത്തനങ്ങൽ, പ്രതിരോധ പ്രവർത്തനങ്ങൾ 80 വയസ്സായതോടെ ഇല്ലാതായി. 82-ൽ രണ്ടുപേരും മരിച്ചു. അടുത്തടുത്തായി ഇരുവരേയും അടക്കി.

100 വർഷം കഴിഞ്ഞ് ഒരു കൃമി അവരുടെ രണ്ട് ശവക്കുഴികളിലും അരിച്ചു ചെന്നപ്പോൾ വിഭിന്നരായ രണ്ട് മനുഷ്യരെ അവിടെ അടക്കിയിരുന്നതായി അറിഞ്ഞതേയില്ല. അതേ മണ്ണ്, അതേ ഭൂമി, എല്ലായിടത്തും ഒരേപോലെ. 100 വർഷം കഴിഞ്ഞിട്ടും മണ്ണിനു യാതൊരു മാറ്റവുമില്ല. മനുഷ്യന്റെ കാൽപ്പാടുകൾ മാറുന്നതല്ലാതെ, 5000 വർഷങ്ങൾക്കു ശേഷം ഒരു പ്രാണി ഭൂമിക്കടിയിൽനിന്ന് ഉയർന്നു വന്ന് ചുറ്റും നോക്കി. അതിന് ആശ്വാസമായി. ഭൂമി പഴയതു തന്നെ. കാക്കകൾ കരയുന്നു. നായ്ക്കൾ

ഓരിയിടുന്നു. മത്സ്യങ്ങൾ നീന്തിത്തുടിക്കുന്നു. നക്ഷത്രങ്ങൾ പ്രകാശം പൊഴിക്കുന്നു. കടലും കരയും എല്ലാം അന്നത്തേത് പോലെ തന്നെ ഇന്നും. ചിലപ്പോൾ ഒരു മനുഷ്യനെ കണ്ടെന്നു വരാം. കവി സുന്ദര മായി ആഖ്യാനം നടത്തുകയാണ്,

"കബറു തുറന്നു നിരീക്ഷിക്കാം.
വീരന്മാരും സുന്ദരരും നിശ്ശേഷം നാശംപൂണ്ടു.
അവരയ്യയ്യോ മണ്ണായി...."

ചരിത്രത്തിൽ കുറുകെ ഉരുണ്ട് കയറിയ രഥചക്രങ്ങൾ, അധിനിവേ ശങ്ങൾ, അക്രമണങ്ങൾ എല്ലാം മണ്ണായി, സാഹിത്യഭാവനകൾ നിർവ്വ ഹിച്ചവർ, ആരാധനാ ചർവ്വണം നടത്തിയവർ എല്ലാം മണ്ണായി. ലോകത്തെ കാൽക്കീഴാക്കി എന്നഹങ്കരിച്ച ശാസ്ത്രചിന്തകൻ, സാമ്രാ ജ്യങ്ങൾ നിർമ്മിച്ച് അതിന്മേൽ കൊടികുത്തിയവർ എല്ലാം മണ്ണായി.

ബലിവേദിയിൽ നിൽക്കുന്ന ഹാബേലും, കായേനും അമ്മയുടെ ഉദ രഗൃഹത്തിൽത്തന്നെ കുതികാൽ പിടിക്കുന്ന ഏശാവും യാക്കോബും അധികാരമത്തിന്റെ ശൗലും അബ്ശാലോമും പെൺകൺമുനത്തുമ്പിൽ വീണുപോകുന്ന ദാവീദും ശിംശോനും, പണമാണ് ഗുരുവെന്ന് വിചാര പ്പെട്ടു പോകുന്ന യൂദാസും, മീൻവല വീണ്ടുമെടുക്കണോ എന്നു ശങ്ക പ്പെടുന്ന പത്രോസും വലിയവൻ ആർ എന്നിപ്പോഴേ വ്യഗ്രതപ്പെടുന്നതിനു മുമ്പ് ഏറ്റെടുക്കേണ്ടി വരുന്ന വിചാരപ്പെടലുകളാണ്, കാലമെത്ര കഴി ഞ്ഞാലും ഞാൻ ഇങ്ങനെയൊക്കെയാണെന്ന പരിമിതപ്പെടലിനെയാണ് രണ്ടു മനുഷ്യരുടെ കഥ ഓർമ്മിപ്പിക്കുന്നത്.

മാർ മക്കാറിയോസിന്റെ സാർവ്വലൗകിക ദർശനം

ഈ കടിച്ചുകീറലുകൾക്കും സഭാവ്യത്യാസങ്ങൾക്കും ഉപരിയായ ഒരു ദർശനം മക്കാറിയോസ് എന്ന ആഗോള പൗരനിൽ വളർന്നു വികസിച്ചി രുന്നു. ആ ദാർശനികന്റെ മുമ്പിൽ, വ്യക്തിബന്ധങ്ങളിൽ അദ്ദേഹം വേലി ക്കെട്ടുകൾക്കു ഉപരിയായി പറന്നിരുന്നു.

തകഴിയുടെ പൂർണ്ണകായപ്രതിമ ഉത്ഘാടനത്തിൽ

തകഴിയുടെ ശങ്കരമംഗലം തറവാടിനോട് ചേർന്ന് സ്ഥാപിച്ചിരിക്കുന്ന തകഴിയുടെ പൂർണ്ണകായ പ്രതിമയുടെ അനാഛാദനവും സ്മൃതിമണ്ഡ പവും ഔപചാരികമായി സമർപ്പിച്ച വേദിയിൽ മക്കാറിയോസ് പറഞ്ഞു, "തകഴിയുടെ സംബോധന എനിക്കു ലഭിച്ച അംഗീകാരമാണ്. വിശ്വ സാഹിത്യത്തിൽ മലയാളിയുടെ സാന്നിദ്ധ്യമറിയിച്ച തകഴിയുടെ സൗഹൃദം എന്നും ഞാൻ വിലമതിക്കുന്നു." തകഴിയെ പരിചയപ്പെട്ടത് അമേരിക്കയിൽ വച്ചാണ്. ആ ദിവസങ്ങളിൽ എന്നോടൊപ്പമായിരുന്നു

അദ്ദേഹത്തിന്റെ താമസം. ഒരു ജീവിതകാലം മുഴുവൻ ഒപ്പം താമസിച്ചാൽ ലഭിക്കുന്നത്രയും ഓർമ്മകൾ ആ ദിവസങ്ങളിൽ തകഴി തന്നു. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണമെന്ന് അദ്ദേഹം ഇടയ്ക്കിടെ പറയുമായിരുന്നു. അതൊരു ജീവിതപാഠമായി ഇപ്പോഴും മനസ്സിലുണ്ട്. ഞാൻ "മലയാളിയുടെ മെത്രാൻ" ആണെന്നാണ് അദ്ദേഹം പറയുക. എനിക്കു മൂന്നു ഡോക്ടറേറ്റുകൾ ലഭിച്ചിട്ടുണ്ട്. അതിനേക്കാൾ വലിയ അംഗീകാരമായി ഞാൻ ഇതിനെ കാണുന്നു.

തിരിച്ചുപോരുമ്പോൾ തകഴി ഒരു ദൗത്യം എന്നെ ഏൽപ്പിച്ചു. അമേരിക്കയിൽ ജനിച്ചുവളരുന്ന കുട്ടികളെ മലയാളം പഠിപ്പിക്കണമെന്നായിരുന്നു അത്. അത് ഞങ്ങൾ അവിടെ ചെയ്യുന്നുണ്ട്.

ഇവിടെ മതഭേദം എവിടെ? ഈ സ്നേഹം മതങ്ങളേക്കാൾ ഉപരിയായി വളർന്നതായിരുന്നു. വയലാറിന്റെ വരികൾ ഓർത്തുപോകുന്നു:

"മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു.
മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു.
മനുഷ്യരും മതങ്ങളും ദൈവങ്ങളും കൂടി
മണ്ണ് പങ്കുവച്ചു, മനസ്സു പങ്കുവച്ചു.
ഹിന്ദുവായ്, മുസൽമാനായ്, ക്രിസ്ത്യാനിയായി
നമ്മൾ കണ്ടാലറിയാതെയായി.
ദൈവം തെരുവിൽ മരിക്കുന്നു.
ചെകുത്താൻ ചിരിക്കുന്നു."

അമേരിക്കൻ മലയാളി സംഘടനയായ ഫൊക്കാനായുടെ ഒരു വാർഷിക സമ്മേളനത്തിൽ കേന്ദ്രമന്ത്രിയായിരുന്ന കാശ്മീർ രാജകുമാരൻ കരൺസിംഗ് മുഖ്യാതിഥിയായി ക്ഷണിക്കപ്പെട്ടു. ആ മഹാസമ്മേളനത്തിൽ ചുരുങ്ങിയ നിമിഷങ്ങൾകൊണ്ട് സദസ്സിനെ കൈയടക്കിയ മാർ മക്കാറിയോസിന്റെ മാസ്മര പ്രഭാഷണം ശ്രദ്ധിച്ചിരുന്ന കരൺസിംഗ് പിന്നീടു പ്രസംഗിക്കാനെഴുന്നേറ്റു. അദ്ദേഹം പറഞ്ഞു, "പാക്കിസ്ഥാൻ വിഭജനത്തിനുശേഷം ഇന്ത്യയിൽ മതത്തെ ചൊല്ലി നടന്ന അതിക്രമങ്ങൾക്കെല്ലാം ഞാനും എന്റെ കുടുംബവും കാശ്മീരുകാരും ഏറ്റം വലിയ ഇരകളായിരുന്നു. ആ കാലത്തുപോലും കേരളത്തിൽ മതസൗഹാർദ്ദം നിലനിന്നിരുന്നു. അതിന്റെ കാരണം എന്തെന്ന് ഞാൻ ചിന്തിച്ചിട്ടുണ്ട്. ഇന്ന് മാർ മക്കാറിയോസിനെ കണ്ടശേഷമാണ് കാരണം എനിക്കു മനസ്സിലായത്. മാർ മക്കാറിയോസ് തിരുമേനിയെപ്പോലെയുള്ള ദാർശനികർ നയിക്കുന്ന കേരളത്തിൽ എങ്ങനെ മതസ്പർദ്ധയ്ക്കു വളരാൻ പറ്റും?"

അദ്ധ്യായം 17

ഒരു ജർമ്മൻ ഓർത്തഡോക്സ് സഭ കേരളത്തിൽ ജനിക്കുന്നു

ഒരു മുൻ അന്ത്യോഖ്യൻ സുറിയാനി റമ്പാൻ മുസേ ഗുർസാൻ കണ്ട നാടിന്റെ ഡോ. അത്താനാസ്യോസ്, തൃശൂരിന്റെ മാർ മിലിത്തിയോസ് എന്നിവരാൽ മണ്ണുത്തി ഗദ്സീമോൻ അരമനചാപ്പലിൽ വച്ച് മാർ സേവേറിയോസ് എന്ന പേരിൽ മെത്രാനായി 2007 നവംബർ 21-ന് അഭിഷിക്തനായി. മറ്റു തിരുമേനിമാർ ആരും സംബന്ധിക്കാതെ രണ്ടു മെത്രാപ്പോലീത്താമാർ മാത്രം ചേർന്നു നടത്തിയ ഈ വാഴ്ച ജനങ്ങളുടെ ഇടയിൽ സംശയം വിതച്ചു. പ. ബാവായുടേയോ സുന്നഹദോസിന്റേയോ രഹസ്യാനുമതി ഈ വാഴ്ചയ്ക്കുണ്ടായിരുന്നെന്ന് ഒരു വാർത്തയും പരന്നു. ഗുർഗാൻ തീമോത്തിയോസ് ഔദ്യോഗിക വേഷത്തിൽ എടുത്ത ഒരു ഫോട്ടോ പ്രസിദ്ധീകരിച്ചുകൊണ്ട് യൂറോപ്പിൽ ഭരണം തുടങ്ങിയതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. നവാഭിഷിക്തനും ഗ്രൂപ്പും വേഷങ്ങൾ ഇല്ലാതെ സാധാരണക്കാരെപ്പോലെ കേരളം വിട്ടുവെന്നും പറയപ്പെടുന്നു.

ഈ വിവാദങ്ങൾക്കിടയിൽ മനോരമയിൽ ഒരു വാർത്ത വന്നു. "വിദേശ ബിഷപ്പിനെ വാഴിച്ചത് സഭയുടെ ഔദ്യോഗിക അംഗീകാരമില്ലാതെ." വിദേശത്തു നിന്നുള്ള ആളെ ബിഷപ്പായി വാഴിക്കാൻ മലങ്കര ഓർത്തഡോക്സ് സഭ ഔദ്യോഗികമായി തീരുമാനിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ലെന്ന് നിയുക്ത കാതോലിക്കാ മാർ മിലിത്തിയോസ് അറിയിച്ചു. പ. ബാവായുടെ ഓഫീസും ഇതു സ്ഥിരീകരിച്ചു.

ഇന്ന് പ. ബാവായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന എപ്പിസ്കോപ്പൽ സുന്നഹദോസ് ഇക്കാര്യം ചർച്ച ചെയ്ത് ഭാവിനടപടികൾ തീരുമാനിക്കും. സഭാഭരണഘടനയനുസരിച്ച് ബാവായുടെ അധികാര പരിധിയിൽ അദ്ദേഹത്തിന്റേയോ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സിനഡിന്റേയോ അനുമതിയില്ലാതെ നടത്തുന്ന മെത്രാൻ സ്ഥാനാഭിഷേകത്തിന് നിയമസാധുതയില്ലെന്ന് നിയമവിദഗ്ദ്ധരും വിലയിരുത്തുന്നു. സിറിയൻ ഓർത്തഡോക്സ് സഭയിൽ നിന്നു തെറ്റിപ്പിരിഞ്ഞ ജർമ്മൻ സ്വദേശിയായ മൂസാ ഗുർഗാൻ റമ്പാനെ സേവേറിയോസ് എന്ന പേരിൽ ഏതാനും ദിവസം മുമ്പാണ് തൃശൂരിൽ നടന്ന ചടങ്ങിൽ വാഴിച്ചത്.

പുതുതായി രൂപവൽക്കരിച്ച സിറിയൻ ഓർത്തഡോക്സ് ആർച്ച് ഡയോസിസ് ഓഫ് യൂറോപ്പ് എന്ന സഭയ്ക്കു വേണ്ടി പുതിയ ബിഷ

പ്പിനെ വാഴിച്ച ചടങ്ങിൽ വിദേശികളായ രണ്ടു റമ്പാന്മാരും സംബന്ധിച്ചിരുന്നു.

പ. ബാവാ, നിയുക്തബാവാ എന്നിവരുൾപ്പെടെയുള്ള സഭാസ്ഥാനികൾക്കോ എപ്പിസ്കോപ്പൽ സിനഡിനോ ഈ വാഴിക്കൽ സംബന്ധിച്ച് പങ്കാളിത്തമില്ലെന്നും നിയുക്തബാവാ അറിയിച്ചു. ചില പത്രവാർത്തകളിലൂടെ മാത്രമാണ് വിവരം അറിഞ്ഞതെന്ന് കാതോലിക്കാ ബാവായുടെ ഓഫീസും അറിയിച്ചു. ചരിത്രപ്രസിദ്ധമായ നിഖ്യാ സുന്നഹദോസിലെ തീരുമാനമനുസരിച്ച് മൂന്നു മെത്രാന്മാരുടെയെങ്കിലും സഹകരണമില്ലാത്ത മെത്രാൻ സ്ഥാനാഭിഷേകം അംഗീകൃതമല്ലെന്ന് സഭാവൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു.

സ്ഥാനാരോഹണം സംബന്ധിച്ച് സിനഡ് തീരുമാനം ഇല്ലാത്തതിനു പുറമെ സഭാസെക്രട്ടറി, ട്രസ്റ്റിമാർ എന്നിവർക്കും അറിവു ലഭിച്ചിട്ടില്ല. അതേസമയം പ്രത്യേക സാഹചര്യത്തിലാണ് ഇങ്ങനെ ഒരു നടപടി ഉണ്ടായതെന്ന് വാഴിക്കലിനു നേതൃത്വം നൽകിയ ഡോക്ടർ അത്താനാസ്യോസ് അറിയിച്ചു. കാതോലിക്കാബാവാ, ഉൾപ്പെടെ മെത്രാപ്പോലീത്തന്മാരെ അറിയിക്കയും കഴിഞ്ഞ സിനഡിൽ വച്ച് ചർച്ച നടത്തുകയും ചെയ്തുവെന്നും മാർ അത്താനാസ്യോസ് പറഞ്ഞു.

ഈ രണ്ടു റിപ്പോർട്ടുകളും ചേർത്തു വായിക്കുന്നവർക്കും മലങ്കര ഓർത്തഡോക്സ് സഭയിലെ രണ്ടു മെത്രാപ്പോലീത്തന്മാർ വിഭിന്നവിധത്തിൽ സംസാരിക്കുകയും ചെയ്യുന്നതു കാണുന്ന സാധാരണ ജനങ്ങൾ ആരുടെ പ്രസ്താവനയെ വിശ്വസിക്കണം എന്നു പരസ്പരം പറയാൻ തുടങ്ങി. അവരിൽ ഒരു മെത്രാപ്പോലീത്താ സ്വന്തം ജനങ്ങളോടു കള്ളം പറഞ്ഞതായി ജനം വിശ്വസിച്ച് അടക്കം പറഞ്ഞു തുടങ്ങി. ആരാണ് കള്ളം പറഞ്ഞത്?

ഈ സമയത്ത് ഡിസംബർ 7-നു മംഗളം ദിനപ്പത്രം രണ്ടു വിദേശികളെ കൂടി വാഴിക്കാൻ നീക്കം 'ഇന്ത്യൻ സിംഹാസന"ത്തിനു സാധ്യതയേറുന്നു എന്നൊരു വാർത്ത പ്രസിദ്ധീകരിച്ചു.

"മലങ്കര ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തന്മാർ ചേർന്ന് വിദേശികളായ രണ്ടു റമ്പാന്മാരെ കൂടി ബിഷപ്പുമാരായി വാഴിക്കാൻ നീക്കം."

കണ്ടനാട് ഈസ്റ്റ് മെത്രാപ്പോലീത്താ ഡോ. തോമസ് അത്താനാസ്യോസ്, തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർ ചേർന്ന് നേരത്തെ ജർമ്മൻകാരനായ റമ്പാനെ ബിഷപ്പായി വാഴിച്ചിരുന്നു. ഇദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നവരായ രണ്ടു റമ്പാന്മാരെ

വാഴിക്കുന്നതിന് സഭയുടെ ഔദ്യോഗിക അംഗീകാരമില്ലെങ്കിലും സ്വന്തം നിലയിൽ മുന്നോട്ടുപോകാനാണ് മെത്രാന്മാരുടെ തീരുമാനം. യാക്കോബായസഭ വിട്ട് ഓർത്തഡോക്സ് സഭയിൽ ചേർന്ന ഇവരുടെ നീക്കത്തിനു ഏതാനും മെത്രാന്മാരുടെ പിന്തുണയുണ്ട്. പുതിയ മൂന്നുപേർ കൂടി ആകുമ്പോൾ ഇവരോടൊപ്പം ആറു ബിഷപ്പന്മാർ ഉണ്ടാകും.

വാഴ്ച നടത്തിയതിന് നടപടി എടുക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ടെങ്കിലും ഇന്നലെ ചേർന്ന സുന്നഹദോസിൽ ഇവർക്കെതിരെ നടപടി ഒന്നുമുണ്ടായില്ല. യോഗത്തിൽ പങ്കെടുത്ത മാർ അത്താനാസ്യോസും മാർ മിലിത്തിയോസും വാഴ്ചയെക്കുറിച്ചു വിശദീകരിച്ചു. വിശദീകരണം തൃപ്തികരമാണെന്നാണ് സുന്നഹദോസ് അഭിപ്രായപ്പെട്ടത്. ബോംബെ ഭദ്രാസനത്തിന്റെ മാർ കൂറിലോസ്, മെത്രാന്മാരുടെ നടപടിയെ ചോദ്യം ചെയ്തെങ്കിലും ഫലം കണ്ടില്ല. നേരത്തെ അറിയിച്ചിട്ടാണ് മെത്രാൻ വാഴ്ച നടത്തിയതെന്ന് മെത്രാന്മാർ വിശദീകരിച്ചു. വാഴ്ച മലങ്കരസഭയെയാതൊരുവിധത്തിലും ബാധിക്കയില്ലെന്നും സഭയുടെ ആഭ്യന്തരകാര്യമല്ലെന്നുമുള്ള വിശദീകരണം അംഗീകരിക്കാമെന്നുമായിരുന്നു സിനഡ് തീരുമാനം. വിദേശിയെ വാഴിച്ചത് ഓർത്തഡോക്സ് നേതൃത്വത്തിന്റെ മൗനാനുവാദത്തോടെയാണെന്നുള്ള ധാരണ പാത്രിയർക്കീസ് വിഭാഗത്തിനിടയിലുമുണ്ട്. ഓർത്തഡോക്സ് വിഭാഗം 'ഇന്ത്യൻ ഓർത്തഡോക്സ്' എന്നു പേരുമാറ്റാൻ നടത്തുന്ന നീക്കത്തിന്റെ ഭാഗമായാണ് ഈ വാഴ്ചയെന്നും ഇവർ സംശയിക്കുന്നു. "ഇന്ത്യൻ പേട്രിയർക്കേറ്റ്" എന്ന പേരിൽ പുതിയ സിംഹാസനം സ്ഥാപിക്കാനും ചിലർ ശ്രമം നടത്തുന്നുണ്ട്. പുതുതായി രൂപീകരിച്ച "സിറിയൻ ഓർത്തഡോക്സ് ആർച്ചു ഡയോസിസ് ഓഫ് യൂറോപ്പ്" എന്ന സഭാവിഭാഗത്തേയും ഇന്ത്യൻ പേട്രിയർക്കേറ്റിൽ ഉൾപ്പെടുത്താനാണ് ശ്രമം.

ഇതിന്റെ 'ടെസ്റ്റ് ഡോസ്' എന്ന നിലയിലാണ് ഓർത്തഡോക്സ് വിഭാഗത്തിലെ ചിലർ ഈ മെത്രാൻ വാഴ്ചയെ കാണുന്നത്. രണ്ടു റമ്പാന്മാർ കൂടി ബിഷപ്പന്മാരാകുമ്പോൾ യൂറോപ്പ് ആർച്ച് ഡയോസിൽ മൂന്നു ബിഷപ്പന്മാരുണ്ടാകും. ഇവരും യാക്കോബായ വിഭാഗം വിട്ടുവന്ന മൂന്നു ബിഷപ്പന്മാരും ചേർന്ന് 'ഇന്ത്യൻ ഓർത്തഡോക്സ് സഭ' സ്ഥാപിക്കാനുള്ള നീക്കത്തേയും എതിർ വിഭാഗം തള്ളിക്കളയുന്നില്ല. പാത്രിയർക്കീസ് പക്ഷത്തെ വെട്ടിലാക്കാനുള്ള ശ്രമത്തെ പരോക്ഷമായി പിന്തുണയ്ക്കണമെന്ന് വാദിക്കുന്നവർ ഓർത്തഡോക്സ് സഭയിലുണ്ട്.

രണ്ടു റമ്പാന്മാരെ ജർമ്മനിയിൽ വച്ച് വാഴിക്കാനാണു നീക്കം. സിനഡിന്റെ മൗനാനുമതി കൂടി ആയതോടെ വാഴ്ച വൈകാതെ ഉണ്ടാകുമെന്നാണ് കരുതുന്നത്. ജർമ്മൻ സ്വദേശിയായ മൂസാ ഗുർഗാൻ റമ്പാനെ

മാർ സേവേറിയോസ് എന്ന പേരിൽ കേരളത്തിൽവച്ച് വാഴിച്ചത് വിവാദം ഉണ്ടാക്കിയിരുന്നു.

അതേസമയം വിദേശ റമ്പാനെ ബിഷപ്പായി വാഴിച്ച സംഭവത്തിൽ ഖേദപ്രകടനം നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ലെന്ന് വാഴിക്കലിനു നേതൃത്വം നൽകിയ തിരുമേനിമാർ ഇരുവരും മനോരമയെ അറിയിച്ചു. ആഗസ്റ്റിൽ നടന്ന മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഏകകണ്ഠമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വാഴിച്ചതെന്ന് അവർ പറഞ്ഞു.

ഈ പ്രസ്താവനയ്ക്കു പൂർണ്ണ പിൻബലം നൽകുന്ന ഒരു വാർത്തയാണ് 'അത്മായവേദി' എന്ന പ്രസിദ്ധീകരണത്തിൽ വന്നത്.

മെത്രാൻ വാഴ്ച സുന്നഹദോസ് തീരുമാനപ്രകാരം

അന്ത്യോഖ്യൻ സഭയിൽപെട്ട മൂസാ ഗുർഗാൻ റമ്പാനെ 'മാർ സേവേറിയോസ്' എന്ന പേരിൽ യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി മെത്രാനായി വാഴിച്ചത് സുന്നഹദോസ് തീരുമാനപ്രകാരമെന്ന് തെളിഞ്ഞു.

ഓഗസ്റ്റു മാസത്തിൽ കൂടിയ സുന്നഹദോസ് ജർമ്മനിയിലെ അന്ത്യോഖ്യൻ സഭയിൽപെട്ട ഒരു വിഭാഗത്തിന്റെ അപേക്ഷ പരിഗണിക്കയും ക്രൈസ്തവധർമ്മം എന്ന നിലയ്ക്ക് അവർ തെരഞ്ഞെടുക്കുന്നവർക്ക് മേൽപ്പട്ടസ്ഥാനം കൊടുക്കുവാൻ തീരുമാനിക്കയും ചെയ്തിരുന്നു. ഇതിനായി തോമസ് മക്കാറിയോസ്, പൗലോസ് മിലിത്തിയോസ്, ഡോ. അത്താനാസ്യോസ്, മാത്യൂസ് സേവേറിയോസ്, യൂഹാനോൻ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ സുന്നഹദോസ് ചുമതലപ്പെടുത്തി. എന്നാൽ അതീവ രഹസ്യ സ്വഭാവമുള്ള ഈ തീരുമാനം ചോർന്നതിനെ തുടർന്ന് ഉടൻ നടക്കേണ്ടിയിരുന്ന സ്ഥാനാരോഹണം നീണ്ടുപോയിരുന്നു. ഏതാനും ആഴ്ച മുമ്പ് ജർമ്മനിയിൽ നിന്നുള്ള മെത്രാൻ സ്ഥാനാർത്ഥിയും പരിവാരങ്ങളും കേരളത്തിലെത്തി. പട്ടം കൊടുക്കുവാനുള്ള തീയതി, പ. പിതാവ് നിശ്ചയിച്ചതോടെ കമ്മിറ്റി അംഗങ്ങളായ നിയുക്ത കാതോലിക്കാ പൗലോസ് മിലിത്തിയോസ്, സുന്നഹദോസ് സെക്രട്ടറി മാർ സേവേറിയോസ് എന്നിവർ ഇതിനെതിരെ മുടന്തൻ ന്യായങ്ങളുമായി രംഗത്തെത്തി.

കമ്മിറ്റിയിലെ മാർ മക്കാറിയോസ് ഒഴികെയുള്ള അംഗങ്ങൾ തുല്യ നിലയിലായി. മാർ മക്കാറിയോസ് 'ഉടൻ പട്ടം കൊടുക്കണം' എന്നു കാണിച്ച് ഫാക്സ് സന്ദേശം അയച്ചെങ്കിലും അതു സ്വീകരിക്കുവാൻ ശ്രേഷ്ഠ നിയുക്ത ബാവായും മാർ സേവേറിയോസും തയ്യാറായില്ല.

ഇതിനെ തുടർന്ന് പിറ്റേന്ന് അടിയന്തിരമായി സുന്നഹദോസ് വിളിച്ചു കൂട്ടുവാൻ പ. പിതാവ് ആവശ്യപ്പെട്ടെങ്കിലും സുന്നഹദോസ് സെക്രട്ടറി അതിനു തയ്യാറാവാതെ സ്ഥാനാരോഹണം ഒഴിവാക്കാനാണ് ശ്രമിച്ചത്.

ഇതിനിടെ വിദഗ്ദ്ധാഭിപ്രായം തേടാൻ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ്ജ്, ട്രസ്റ്റി കോനാട്ട് ഫാ. ജോൺസ് ഏബ്രഹാം എന്നിവരെ വിളിച്ചു വരുത്തുവാൻ പ. പിതാവ് പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും അപ്രകാരം ചെയ്യുവാൻ പിതാവിന്റെ ഓഫീസിലെ ചിലർ തയ്യാറായില്ല.

ഈ സാഹചര്യത്തിലാണ് തൃശൂർ ഭദ്രാസനാസ്ഥാനത്തു വച്ച് സ്ഥാനാരോഹണം നടന്നത്. സുന്നഹദോസ് തീരുമാനവും സബ് കമ്മിറ്റിയുടെ ഭൂരിപക്ഷവും ഉള്ളതിനാൽ നടപടി സാധുവാണെന്നുള്ള ഡോ. അത്താനാസ്യോസിന്റെ വാദം ശരിയാണെന്നാണ് തെളിയുന്നത്.

ഈ വാർത്തകൾ കൂട്ടി വായിച്ച വിശ്വാസികൾ നിയുക്ത കാതോലിക്കായും, സുന്നഹദോസ് സെക്രട്ടറിയും എടുത്ത നിലപാടും പറഞ്ഞ മുടന്തൻ ന്യായങ്ങളും, സഭയോ സുന്നഹദോസോ അറിയാതെയാണ് നടത്തിയതെന്ന് പച്ചകള്ളം പറഞ്ഞതും എല്ലാം വിമർശന വിധേയമാക്കി. നാളെ സഭയെ മേയിക്കേണ്ട സ്ഥാനികളെ കള്ളപ്രസ്താവന ചെയ്തതും സുന്നഹദോസ് സെക്രട്ടറി മാർ സേവേറിയോസ്, കാതോലിക്കാബാവായുടെ ആജ്ഞയനുസരിച്ച് സുന്നഹദോസ് വിളിച്ചു കൂട്ടാതിരുന്നതും, സീനിയർ മെത്രാപ്പോലീത്താ മാർ മക്കാറിയോസിന്റെ ഫാക്സ് സന്ദേശത്തെ ധിക്കരിക്കുവാൻ അഹന്ത കാട്ടിയതും വലിയ ആരോപണത്തിനു വഴിതെളിച്ചു.

ഏതായാലും നിയുക്തബാവാ മാർ മിലിത്തിയോസും മാർ സേവേറിയോസും ഈ "വെളുക്കാൻ തേച്ചതു പാണ്ടാക്കി" തീർക്കത്തക്കവിധം ഊതി വീർപ്പിച്ചതും അവരുടെ സ്ഥാനത്തിനു ചേർന്നതായില്ല എന്ന് വിശ്വസിക്കുന്നവർ ധാരാളമുണ്ടായി.

തീർന്നില്ല, കൂനിന്മേൽ കുരുവെന്നവിധം മലങ്കരസഭാകേന്ദ്രം 'വിദേശിയെ വാഴിച്ചത് അനുമതി കൂടാതെ' എന്നൊരു സർക്കുലർ വർക്കിംഗ് കമ്മിറ്റിയംഗങ്ങൾക്കും മറ്റു സഭാനേതാക്കൾക്കും അയച്ചത് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയാണ് ചെയ്തത്.

ഓർത്തഡോക്സ് സഭയിലെ രണ്ടു മെത്രാന്മാർ ചേർന്ന് ജർമ്മൻ പൗരനെ മെത്രാനായി വാഴിച്ചത് പ. ബാവായുടെ അനുമതി കൂടാതെയാണെന്ന് 'സഭാകേന്ദ്ര'ത്തിൽ നിന്നും ഇറക്കിയ സർക്കുലർ വ്യക്തമാക്കി. ഈ 'സഭാകേന്ദ്രം' ആരാണ്. പ. ബാവാ അതിലുൾപ്പെടുമോ?

അതോ രണ്ടു പേർ മാത്രമാണോ ഈ സഭാകേന്ദ്രം? സർക്കുലർ തുടരുന്നു:-

"തുർക്കി വംശജനായ ഇദ്ദേഹത്തെ വാഴിക്കുന്നതിന് മുമ്പ് പ. ബാവായോട് അനുവാദം വാങ്ങിയില്ലെന്ന് മാത്രമല്ല വാഴിച്ചതിനുശേഷവും അറിയിച്ചില്ല. പാത്രിയർക്കീസ് ഭാഗത്തുനിന്നും നേരത്തെ സഭയിലേക്കു വന്ന അത്താനാസ്യോസ്, മിലിത്തിയോസ് എന്നീ തിരുമേനിമാരാണ് വാഴിക്കൽ നടത്തിയത്. പിന്നീട് സുന്നഹദോസിൽ മറ്റു മെത്രാപ്പോലീത്തന്മാർ ആവശ്യപ്പെട്ടിട്ടും ആര്, എന്ന്, എവിടെവച്ച്, വാഴിച്ചു എന്ന് വ്യക്തമാക്കിയിട്ടില്ല. വാഴിക്കപ്പെട്ട വ്യക്തിയെക്കുറിച്ചുള്ള വിവരങ്ങൾ സിനഡിന്റെ ഉപസമിതിക്കു നൽകിയിട്ടുമില്ല. ഇക്കാരണങ്ങളാൽ വിദേശിയെ വാഴിച്ചത് സഭയുടെ അച്ചടക്കത്തെ ബാധിച്ചുവെന്ന് സിനഡിൽ അംഗങ്ങൾ വ്യക്തമാക്കി. അച്ചടക്ക ലംഘനമാണെങ്കിലും പ. ബാവായ്ക്കു പ്രയാസമുണ്ടാക്കിയതിൽ ബന്ധപ്പെട്ട മെത്രാപ്പോലീത്തന്മാർ മനപ്രയാസം പ്രകടിപ്പിച്ചതിനാൽ സിനഡ് ഈ കാര്യം അനുഭാവപൂർവ്വം പരിഗണിച്ചെന്നും അവർ നൽകിയ വിശദീകരണം പ. ബാവായ്ക്കും സിനഡിനും ബോദ്ധ്യപ്പെട്ടതായി തീരുമാനം എടുത്തെന്നും" സർക്കുലറിൽ പറയുന്നു.

ഈ വാഴ്ചയുടെ പശ്ചാത്തലം

പ. പാത്രിയർക്കീസ് ബാവാ യൂറോപ്പിലെ സഭയുടെ ഒരു മെത്രാപ്പോലീത്തായെ സസ്പെൻഡു ചെയ്യുകയും 51 ഇടവകകളുള്ള ജർമ്മൻ ഭദ്രാസനത്തെ വിഭജിച്ച് രണ്ടു മെത്രാപ്പോലീത്തന്മാരെ നിയമിക്കയും ചെയ്തു. എന്നാൽ ജനം അവരെ സ്വീകരിക്കാൻ തയ്യാറാകാതെ വിഘടിച്ചു നിന്നു.

കാലിഫോർണിയായിലെ (USA) ജോസഫ് ടാർസി കോർഎപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ജർമ്മനിയിൽ യോഗം ചേരുകയും പാത്രിയർക്കീസുമായുള്ള ബന്ധം വിഛേദിച്ച് ഇന്ത്യൻ ഓർത്തഡോക്സ് സഭയുമായി ബന്ധം സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു.

കഴിഞ്ഞ ഓഗസ്റ്റ് 7-നു ചേർന്ന മലങ്കര സുന്നഹദോസിൽ തൃശൂർ മെത്രാപ്പോലീത്താ മാർ മിലിത്തിയോസ് അവർ അദ്ദേഹത്തിനയച്ച കത്ത് വായിച്ചു. എത്രയുംവേഗം അവരെ സ്വീകരിക്കയും ഇവർക്കായി രണ്ടു മെത്രാന്മാരെ, വാഴിച്ചു കൊടുക്കുകയും ചെയ്യണമെന്ന് കണ്ടനാടിന്റെ ഡോ. അത്താനാസ്യോസ് സുന്നഹദോസിൽ ആവശ്യപ്പെട്ടു.

ഇക്കാര്യങ്ങൾ തീരുമാനിക്കുന്നതിന് ജർമ്മൻ സഭയിലെ ആളുകളുമായി ചർച്ച നടത്തുന്നതിനുമായി പ. ബാവായെ സഹായിക്കാനായി നിയുക്തബാവാ അദ്ധ്യക്ഷനായി മാർ മക്കാറിയോസ്, സേവേറിയോസ്,

അത്താനാസ്യോസ്, മിലിത്തിയോസ് എന്നിവരടങ്ങുന്ന ഒരു ഉപസമിതിയെ നിയോഗിച്ചു. രണ്ടാഴ്ചയ്ക്കുള്ളിൽ വാഴിക്കൽ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കാൻ തീരുമാനിക്കയും ചെയ്തു. എന്നാൽ മൂന്നു മാസം പിന്നിട്ടിട്ടും ജർമ്മനിയിൽ നിന്നു പ്രതികരണം ഒന്നുമുണ്ടായില്ല. തുടർന്ന് അന്വേഷിച്ചപ്പോൾ മെത്രാന്മാരാകാൻ സന്നദ്ധരായവർ പാത്രിയർക്കീസുമായി ഒത്തുതീർപ്പിലായെന്ന് അറിഞ്ഞു.

എന്നാൽ നവംബറിൽ മൂന്നു റമ്പാന്മാർ ജർമ്മനിയിൽ നിന്ന് എത്തിയിട്ടുണ്ടെന്നും അവരിൽ ഒരാളെ വാഴിക്കണമെന്നും യൂഹാനോൻ മാർ മിലിത്തിയോസ് കാതോലിക്കാബാവായോട് ആവശ്യപ്പെട്ടു. നവംബർ 2-ന് ദേവലോകത്തു ചേർന്ന ഉപസമിതി മുമ്പാകെ അവരുടെ അപേക്ഷകളോ മറ്റു രേഖകളോ ഇതു സംബന്ധിച്ചു ലഭിച്ചിട്ടില്ലെന്നും ഓഗസ്റ്റിലെ സുന്നഹദോസിൽ പരാമർശിക്കപ്പെട്ട വ്യക്തികളല്ല സ്ഥാനം ആഗ്രഹിച്ച് മൂന്നു മാസത്തിനുശേഷം എത്തിയതെന്നും ഉപസമിതി ചൂണ്ടിക്കാട്ടി. ഇനി ഡിസംബർ 6-നു കൂടുന്ന വിശേഷാൻ സിനഡിന്റെ പരിഗണനയ്ക്കുശേഷം തീരുമാനമെടുത്താൽ മതിയെന്നും തീരുമാനിച്ചു പിരിഞ്ഞതായി അറിയുന്നു.

എന്നാൽ അത്മായവേദി ന്യൂസ് സർവ്വീസ് "സുന്നഹദോസിൽ നടന്നത്" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയ വാർത്ത കുറെക്കൂടി വെളിച്ചം വീശുന്നു:

"പുനരൈക്യപ്പെട്ട മെത്രാന്മാരെ പുറത്താക്കിയ ശേഷം മാത്രം സുന്നഹദോസ് ബാക്കി നടപടിക്രമം എന്നു വെല്ലുവിളിച്ചുകൊണ്ട് സുന്നഹദോസിനു പോയവർ അപ്രതീക്ഷിത ആക്രമണത്തിൽ അടിപതറി വീണ കാഴ്ചയാണ് ഡിസംബർ ആറിലെ സുന്നഹദോസിൽ സംഭവിച്ചത്" എന്ന് അത്മായവേദി ന്യൂസ് അറിയിച്ചു. അതു തുടരുന്നു:-

"വാഴ്ച വിരോധികളുടെ പ്രതീക്ഷ തെറ്റിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിനു മുമ്പ് സുന്നഹദോസിന്റെ ഈ യോഗത്തിലെ അജണ്ടാ പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി."

പിന്നീട് മാർ കൂറിലോസ്, മാർ പക്കോമിയോസ് എന്നിവർ വാഴ്ച നടത്തിയ മെത്രാന്മാർ ഗുരുതരമായ അച്ചടക്കലംഘനമാണ് നടത്തിയതെന്നും സുന്നഹദോസ് പട്ടംകൊടുക്കൽ തീരുമാനിച്ചിട്ടില്ലെന്നും പട്ടം കൊടുത്തത് ക്രമരഹിതമാണെന്നും ഉള്ള വാദവുമായി രംഗത്തെത്തി. അതിനാൽ ഡോ. അത്താനാസ്യോസ്, ഡോ. മിലിത്തിയോസ് എന്നിവരെ ഉടനെ സഭയിൽ നിന്നും പുറത്താക്കണമെന്നുമായിരുന്നു അവരുടെ വാദം. മാർ ക്ലിമ്മീസും അവരോടൊപ്പം ചേർന്നു.

മാർ ഈവാനിയോസിന്റെ ഭാഗത്തു നിന്ന് ഈ സമയത്താണ് അപ്രതീക്ഷിതമായ ഒരു നീക്കമുണ്ടായത്. "കഴിഞ്ഞ സുന്നഹദോസ് മിനിട്ട്സ് തിരുത്തി" എന്ന ആരോപണമുള്ളതിനാൽ കരട് മിനിട്സ് വായിച്ചു കേൾക്കണമെന്ന് കോട്ടയത്തിന്റെ മാർ ഈവാനിയോസ് ആവശ്യപ്പെട്ടു. തുടർന്ന് ഓഗസ്റ്റിൽ കൂടിയ സുന്നഹദോസിന്റെ കരട് മിനിട്സ് ഇപ്രകാരം വായിച്ചു.

"തുർക്കി സ്വദേശികളായ ജർമ്മനിയിലുള്ള സുറിയാനി സഭാംഗങ്ങൾ തെരഞ്ഞെടുക്കുന്ന ആളുകൾക്ക് മേൽപ്പട്ടസ്ഥാനം കൊടുക്കണം. അതിനു മാർ മക്കാറിയോസ്, ഡോ. അത്താനാസ്യോസ്, മാർ മിലിത്തിയോസ് എന്നിവരോടൊപ്പം ശ്രേഷ്ഠ നിയുക്തബാവാ, സുന്നഹദോസ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തുന്നു."

ഈ ഭാഗം വായിച്ചതോടെ മാർ ഈവാനിയോസ് ക്ഷുഭിതനായി. "അങ്ങനെയെങ്കിൽ ഇന്നു വന്ന പത്രവാർത്ത കള്ളമാണെന്നും വ്യാജ വാർത്ത കൊടുത്തവരെ ആദ്യം ശിക്ഷിക്കണമെന്നും ഇന്ന് സുന്നഹദോസ് കൂടാനിരിക്കെ ധൃതിപിടിച്ച് ഇപ്രകാരം ഒരു വ്യാജവാർത്ത സൃഷ്ടിക്കേണ്ട ആവശ്യമില്ലായിരുന്നെന്നും" ചൂണ്ടിക്കാട്ടി.

ഇപ്പോഴത്തെ സംഭവവികാസങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സുന്നഹദോസ് സെക്രട്ടറിക്കാണ് എന്ന് സ്വതേ നിശ്ശബ്ദനായ മാർ ഈവാനിയോസ് തുറന്നടിച്ചതോടെ 'പുറത്താക്കൽ വാദികൾ' പരുങ്ങലിലായി. മറ്റു മെത്രാപ്പോലീത്തന്മാർ നിശ്ശബ്ദത പാലിച്ചതും അവർക്കു തിരിച്ചടിയായി. മേൽപ്പട്ടവാഴ്ച നടത്തിയത് അകാനോനികമാണെന്നു വാദിച്ച മാർ പക്കോമിയോസിനെതിരെ രണ്ടു മെത്രാന്മാർ കൂടി എഴുന്നേറ്റ് അപ്രകാരമുള്ള വാഴ്ചയിൽ അകാനോനികമായി ഒന്നുമില്ലെന്നും വാദിച്ചു. പത്രോസ് പാത്രിയർക്കീസ് കേരളത്തിൽ ഒറ്റയ്ക്കു മെത്രാന്മാരെ വാഴിച്ചിട്ടുണ്ടെന്നുള്ള വസ്തുത കാട്ടി മാർ അന്തോണിയോസ് മാർ പക്കോമിയോസിനെ നേരിട്ടതോടെ സുന്നഹദോസിൽ പുറത്താക്കൽ വാദികൾ വിരലിൽ എണ്ണാവുന്നവരാണെന്ന് വ്യക്തമായി.

വാഴ്ച നടത്തിയിട്ടുള്ളത് ക്രമപ്രകാരവും സുന്നഹദോസ് നിശ്ചയപ്രകാരവും ആണെന്നും, അതിനാൽ അതിന്റെ പേരിൽ ഒന്നും ആവശ്യമില്ലെന്നും വാഴ്ച തടസ്സപ്പെടുത്താൻ ശ്രമിച്ചവർ അക്ഷന്തവ്യമായ അപരാധമാണ് ചെയ്തതെന്നും മാർ ഈവാനിയോസ് തുടർന്നു പറകയും ഇക്കാര്യത്തിൽ പ. ബാവായുടെ അഭിപ്രായം ആരായുകയും ചെയ്തു. പ. പിതാവ് വാഴ്ചയ്ക്ക് അനുകൂലമായി അഭിപ്രായം പ്രകടിപ്പിച്ചതോടെ സംഭവങ്ങൾക്കു പരിസമാപ്തിയായി. തുടർന്ന് മിനിട്ട്സ് പൂർത്തിയാക്കി പിതാവ് ഒപ്പു വയ്ക്കുകയും ചെയ്തു.

ചെങ്ങന്നൂർ അത്താനാസ്യോസ്, തിരുവനന്തപുരം ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് എന്നിവരും വാഴ്ചയെ അനുകൂലിച്ച് സംസാരിച്ചു.

ആരോപണ വിധേയരായ നിയുക്തബാവാ മാർ മിലിത്തിയോസ്, സുന്നഹദോസ് സെക്രട്ടറി മാർ സേവേറിയോസ് എന്നിവർ ഈ സമയം അത്രയും നിശ്ശബ്ദരായിരുന്നു എന്ന് അത്മായവേദി എടുത്ത് പറഞ്ഞ് റിപ്പോർട്ടു ചെയ്തിരിക്കുന്നു.

മേൽപ്പട്ടവാഴ്ചയുടെ നാൾവഴി

1. 2007 ആഗസ്റ്റ് – തുർക്കി വംശജരും ജർമ്മൻ സ്വദേശികളുമായ സുറിയാനിക്കാരുടെ അപേക്ഷാനുസരണം അവർ തെരഞ്ഞെടുക്കുന്ന ആളുകളെ മേൽപ്പട്ടക്കാരായി വാഴിക്കാൻ സുന്നഹദോസ് തീരുമാനിക്കയും അതിന് ഒരു സബ് കമ്മിറ്റിയെ നിയോഗിക്കയും ചെയ്തു.

2. 2007 നവംബർ 11 – മൂസാ ഗുർഗാൻ റമ്പാനും പത്തംഗ സംഘവും കേരളത്തിലെത്തുന്നു.

3. 2007 നവംബർ 12 – സബ്കമ്മിറ്റി വിളിച്ചുകൂട്ടണമെന്ന് തൃശൂർ മിലിത്തിയോസ് തിരുമേനി ആവശ്യപ്പെടുന്നു. 14-ന് യോഗം ചേരാൻ നിശ്ചയിക്കുന്നു. 19 തിങ്കളാഴ്ച നടത്താമെന്ന് ബാവാ അറിയിക്കുന്നു.

4. 2007 നവംബർ 14 – സബ്കമ്മിറ്റി ചേർന്നില്ല. 16-നു നടത്താൻ മാറ്റി വയ്ക്കുന്നു.

5. നവംബർ 16–18 വരെ യോഗം ചേരാൻ തനിക്കു അസൗകര്യമെന്ന് നിയുക്തബാവാ.

6. നവംബർ 18 – ഭിലായ് മാർ തേവോദോസ്യോസ് അനുസ്മരണത്തിൽ പങ്കെടുത്ത മാർ സേവേറിയോസ് പെരുനാളിൽ പങ്കെടുക്കാനുണ്ടെന്നുള്ള കാരണത്താൽ സ്ഥലം വിടുന്നു. വാഴ്ച നടത്താൻ തനിക്കു താൽപര്യമില്ലെന്ന് നിയുക്തബാവാ മറ്റ് രണ്ട് അംഗങ്ങളോടും പറയുന്നു.

7. മാർ അത്താനാസ്യോസും മാർ മിലിത്തിയോസും പരുമല ആശുപത്രിയിൽ ബാവായെ സന്ദർശിക്കുന്നു. നവംബർ 20-ന് സിനഡ് വിളിച്ചുകൂട്ടാൻ പിതാവ് നിർദ്ദേശിക്കുന്നു.

8. ഡോ. കെ. എം. ജോർജ്ജച്ചനോടും, കോനാട്ട് ജോൺസ് അച്ചനോടും വിദഗ്ദ്ധാഭിപ്രായം തേടാനും പിറ്റേന്ന് തന്റെ പക്കൽ വരുത്തുവാനും പ. പിതാവ് നിർദ്ദേശിച്ചു.

9. നവംബർ 19 – ഡോ. അത്താനാസ്യോസും നിയുക്ത മെത്രാനും

പരുമലയിൽ ബാവായെ സന്ദർശിക്കുന്നു. സെമിനാരി പ്രിൻസിപ്പലിനെയും വൈദിക ട്രസ്റ്റിയെയും വിളിച്ചു വരുത്താഞ്ഞതിനാൽ വിളിക്കാൻ വീണ്ടും നിർദ്ദേശം.

10. പിറ്റേന്ന് കൂടാൻ ബാവാ ആവശ്യപ്പെട്ട സുന്നഹദോസും കൂടാൻ നടപടി ആയില്ല. പകരം 20-ന് സബ് കമ്മിറ്റി നടത്തുമെന്ന് സുന്നഹദോസ് സെക്രട്ടറി അറിയിക്കുന്നു.

11. നവംബർ 20 – സബ് കമ്മിറ്റി ചേരുന്നു. വാഴിയ്ക്കൽ സാദ്ധ്യമല്ലെന്ന് നിയുക്തനും സെക്രട്ടറിയും കടുംപിടുത്തം പിടിക്കുന്നു. വാഴിക്കണമെന്ന് അത്താനാസ്യോസ്, മിലിത്തിയോസ് തിരുമേനിമാരും.

12. ഉടൻ വാഴിക്കണമെന്നും തനിക്കു സമ്മതമാണെന്നും കമ്മിറ്റിയിലെ 5-ാം അംഗം മാർ മക്കാറിയോസിന്റെ ഫാക്സ് സന്ദേശം. വാഴിക്കലിനു ഇതോടെ ഭൂരിപക്ഷം എങ്കിലും വിരുദ്ധർ സമ്മതിക്കുന്നില്ല.

13. നവംബർ 21 – മണ്ണുത്തി ഗദ്സീമോൻ അരമനച്ചാപ്പലിൽ മാർ മിലിത്തിയോസും മാർ അത്താനാസ്യോസും ചേർന്ന് ഗുർഗാൻ റമ്പാനെ സേവേറിയോസ് എന്ന പേരിൽ യൂറോപ്പിലെ സിറിയൻ ഓർത്തഡോക്സ് അതിഭദ്രാസനത്തിനായി വാഴിക്കുന്നു.

14. നവംബർ 22 – നവാഭിഷിക്തനും സംഘവും മടങ്ങുന്നു.

15. ഡിസംബർ 5 – മേൽപ്പട്ടവാഴ്ച ചില പത്രങ്ങൾ റിപ്പോർട്ടു ചെയ്തു.

16. ഡിസംബർ 6 – വാഴ്ച നടത്തിയവരുടെമേൽ നടപടി എടുക്കണമെന്ന് നിയുക്തബാവാ. പക്ഷേ സുന്നഹദോസ് വാഴ്ച നടപടി ശരിവയ്ക്കുന്നു.

അദ്ധ്യായം 18

രണ്ട് അന്ത്യോക്യൻ പാത്രിയർക്കീസന്മാരുടെ കേരള സന്ദർശനം

ഭാരതീയ രക്തത്തിൽ അലിഞ്ഞുചേർന്ന ഒരു സംസ്കാരമാണ് ആതിഥ്യമര്യാദ. നമ്മൾ മുണ്ടുമുറുക്കി ഉടുത്തിട്ടായാലും അരവയറുമായി പട്ടിണി കിടന്നിട്ടായാലും ഇവിടെ വരുന്ന പരദേശിയെ എന്നും സ്നേഹവായ്പ്പോടെ മാത്രമാണ് നാം സ്വീകരിച്ചാദരിക്കുക. അതു നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. വിദേശികൾ പലപ്പോഴും ഈ സംസ്കാരത്തെ മുതലെടുത്ത് നമ്മെ ചൂഷണം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. ഗ്രീസിൽ നിന്നെത്തിയ അലക്സാണ്ടറും അഫ്ഗാനിൽ നിന്നെത്തിയ മുഹമ്മദ് ഗോറിയും, ഗസ്നിയും, പോർട്ടുഗീസുകാരും, ഡച്ചുകാരും, ബ്രിട്ടീഷുകാരുമൊക്കെ നമ്മെ കൊള്ളയടിച്ചു കുത്തിക്കവരാൻ ശ്രമിച്ചിട്ടുള്ളവരിൽപെടും. ഭാരതീയരുടെ വിദ്യാഭ്യാസക്കുറവും അധഃകൃതബോധവും ഒക്കെ ഇതിനു സഹായിച്ചു. പക്ഷേ ഈ കവർച്ചക്കാരുടെ മുമ്പിലും നമ്മുടെ രക്തത്തിൽ അലിഞ്ഞുകിടക്കുന്ന ആ വലിയ സംസ്കാരം നാം പുലർത്തിപ്പോന്നു.

കേരള ജനതയുടെ കറുത്ത നിറവും ഒറ്റ മുണ്ടും ഓലക്കുടയും ധരിച്ചുള്ള നടപ്പും കന്ന്പൂട്ടിയും കാളകളെ തെളിച്ചും കഴിഞ്ഞുകൂടിയ ജീവിതശൈലിയും വെളുത്ത നിറക്കാരന് നമ്മുടെമേൽ കുതിര കയറാനും കൊള്ളയടിക്കാനും ഒട്ടൊക്കെ അവസരം നൽകിയിട്ടുണ്ടെന്ന് സമ്മതിക്കാം.

ഇത് രാഷ്ട്രീയത്തിൽ നീതീകരിക്കാമായിരിക്കാം. എന്നാൽ സഭാജീവിതത്തിൽ ഈ രീതി നീതീകരിക്കാനാവുമോ? പക്ഷേ കേരളസഭയ്ക്ക് അതാണു സംഭവിച്ചത്. മാർത്തോമ്മാശ്ലീഹാ നേരിട്ടു കണ്ടതും കേട്ടതും ഒക്കെ അതേപടി കേരള നസ്രാണികൾക്ക് നൽകി ആ വിശ്വാസനിറവിൽ വളർത്തിഎടുത്ത കേരള ജനത കണ്ടത് ശ്ലീഹാ കണ്ട രക്ഷകനായ ക്രിസ്തുവിനെ തന്നെ ആയിരുന്നു. അതിനു പുറമെ ഒരു പോർട്ടുഗീസ് യേശുവിനെയോ റോമൻ യേശുവിനെയോ ഇംഗ്ലീഷ് യേശുവിനെയോ സിറിയൻ യേശുവിനെയോ വേറിട്ട് നമുക്കു കാട്ടിത്തരേണ്ടതുണ്ടോ? ഇന്നാട്ടിലെ സ്വർണ്ണമോ കുരുമുളകോ പണമോ അവർക്ക് ആവശ്യപ്പെടാം. അതിനു പകരമായി ഒരു പുത്തൻ യേശുവിനെ അവരിൽ നിന്ന് നമുക്കാവശ്യമില്ല.

അവസാനമായി നമ്മുടെമേൽ കുതിര കയറാൻ വന്ന സിറിയാക്കാരോട് നാം അതാണ് പറഞ്ഞത്. ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹാ ഓതിത്തന്ന "പിതാക്കന്മാർക്ക് ഒരിക്കലായി ഭരമേൽപ്പിക്കപ്പെട്ട" സത്യവിശ്വാസത്തിനു പുറമെ ഒരു 'അന്ത്യോഖ്യാ വിശ്വാസം' നമുക്കിനി ആവശ്യമില്ലെന്ന്.

ചിന്നമലയിൽ വീണ തോമ്മാശ്ലീഹായുടെ ഓരോ തുള്ളി ചോരയിൽ നിന്നും ഒരായിരങ്ങൾ ഉയിർകൊണ്ടതാണ് ഇന്ത്യയിലെ ഓർത്ത ഡോക്സ് സഭ. അതു വളർന്നു, പടർന്നു, പന്തലിച്ചു, വിവിധ ഭദ്രാസനങ്ങളായി ഇന്ത്യ മുഴുവനും, ഇന്ത്യയ്ക്കു പുറത്ത് ലോകത്തെമ്പാടും ശാഖോപശാഖകൾ വിടർത്തി നിൽക്കുമ്പോൾ അവരെ പ്രലോഭനങ്ങൾ കൊണ്ടും സ്ഥാനമാനങ്ങൾ നൽകിയും അർത്ഥമില്ലാത്ത ശീമപദങ്ങൾ നൽകികൊണ്ടും പാട്ടിലാക്കാൻ അന്ത്യോക്യന്മാർ ഇപ്പോഴും കേരളക്കരയിൽ ഇറങ്ങുന്നതു കാണുമ്പോൾ അവരെപ്പറ്റി പുച്ഛമാണു തോന്നുക.

മലങ്കരസഭയിലെ ജനങ്ങൾ വിദ്യാഭ്യാസമുള്ളവരും സംസ്കാര സമ്പന്നരും ആണ്. അതുകൊണ്ട് പുറത്തുനിന്നു വരുന്നവരെ അവർ കാട്ടുന്ന ആത്മാർത്ഥതയുടെ തോതനുസരിച്ച് സ്വീകരിപ്പാനും നാം തയ്യാറായിട്ടുണ്ട്. അന്നും ഇന്നും നമ്മുടെ സാമ്പത്തിക പുഷ്ടിയിൽ മാത്രം ദൃഷ്ടി വച്ച് വരുന്ന പരദേശിയെ അതുപോലെതന്നെ കൈപിടിച്ച് പുറത്താക്കി പടിഅടയ്ക്കാൻ നമുക്കും നമ്മുടെ സർക്കാരുകൾക്കും കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ആശ്വാസത്തിനു വക നൽകുന്നു. "കിഴക്കുള്ള കിഴങ്ങന്മാർ" എന്ന സംബോധന "പൗരസ്ത്യ വിദ്വാന്മാർക്കു" ഇനി ചേരുകയില്ലെന്നു പടിഞ്ഞാറന്മാർക്കു തിരിച്ചറിവ് ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്.

നേരത്തെ ഇവിടെ കേരളക്കരയിൽ എത്തിയ രണ്ടു അന്ത്യോക്യൻ പാത്രിയർക്കീസന്മാരുടെ കേരള സന്ദർശനവും അവർക്കു ലഭിച്ച സ്വീകരണങ്ങളും അവരുടെ വരവിനുശേഷം മലങ്കരസഭയുടെ ഗതി മാറി ഒഴുകിയ പിൽക്കാല ചരിത്രവും ഒരു താരതമ്യപഠനത്തിനു വിധേയമാക്കാൻ ശ്രമിക്കട്ടെ.

അബ്ദൽ മശിഹാ പാത്രിയർക്കീസ്

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായിരുന്ന ഫാ. പി. ടി. ഗീവറുഗീസ് (എം. എ. അച്ചൻ, പിന്നീട് കത്തോലിക്കാ റീത്തിലേക്കു പോയ ബഥനിയുടെ മാർ ഈവാനിയോസ്) അന്നത്തെ മലങ്കരസഭയിലെ സ്ഥിതിഗതികൾ അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവായെ ബ്രിട്ടീഷ് പ്രതിനിധിയുടെ ആഫീസു വഴി എഴുതി അറിയിച്ചു. അദ്ദേഹം മലങ്കരയ്ക്കു വരാമെന്നും മലങ്കരസഭയ്ക്ക് ഒരു

കാതോലിക്കായേയും വേണ്ടത്ര മറ്റു മെത്രാന്മാരേയും വാഴിച്ചു തരാമെന്നും സമ്മതിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ മറുപടിയും വന്നു. അബ്ദൽ മശിഹാ ബാവായ്ക്ക് കേരളത്തിലേയ്ക്ക് പോകാനാഗ്രഹമുണ്ടെങ്കിൽ പോകാമെന്ന് ശുപാർശ മൂലം ടർക്കി ഗവൺമെന്റ് സമ്മതിച്ച് പാസ്പോർട്ടും എല്ലാം കൊടുത്തു. യാത്രയ്ക്കും മറ്റും ആവശ്യമായ പണം കേരളത്തിൽ നിന്ന് അയച്ചുകൊടുത്തു. താമസംവിനാ 1912-ൽ അദ്ദേഹം രണ്ടു റമ്പാന്മാരോടൊപ്പം കപ്പൽമാർഗ്ഗം ബോംബെയിലെത്തി.

അവരെ സ്വീകരിപ്പാൻ ഫാ. പി. ടി. ഗീവറുഗീസിന്റെ നേതൃത്വത്തിലുള്ള ഒരു സ്വീകരണസംഘം ബോംബെയിൽ എത്തിയിരുന്നു. അദ്ദേഹത്തെ സ്വീകരിച്ച് കേരളത്തിലേക്കാനയിച്ചു. അദ്ദേഹം പല പള്ളികളും സന്ദർശിച്ചശേഷം ഒടുവിൽ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിരണം പള്ളിയിലെത്തി. അവിടെവച്ച് മുറിമറ്റത്ത് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കിഴക്കിന്റെ ഇന്ത്യയിലെ ആദ്യ കാതോലിക്കാ ആയി വാഴിക്കയും പേർഷ്യയിൽ മുൻകാലത്ത് നിലവിലിരുന്ന പൗരസ്ത്യ കാതോലിക്കാ സിംഹാസനം ഇന്ത്യയിലേക്കു മാറ്റി സ്ഥാപിക്കുന്നതിനുള്ള മലങ്കരസഭയുടെ തീരുമാനത്തോട് സഹകരിച്ച് കൽപ്പന നൽകുകയും ചെയ്തു. മലങ്കരസഭയിൽ ഭരണപരമായി സർവ്വസ്വാതന്ത്ര്യമുള്ള കാതോലിക്കേറ്റിന്റെ സ്ഥാപനം നടത്തിയ ശേഷം അദ്ദേഹം മടങ്ങിപ്പോവുകയും ചെയ്തു. മലങ്കരസഭയുടെ ചിരകാലാഭിലാഷമായ ഒരാഗ്രഹത്തിന് സഹകരണം നൽകിയതോടെ മലങ്കരയിലെ ജനങ്ങളുടെ ഹൃദയത്തിൽ അദ്ദേഹത്തിന് ഒരു നല്ല സ്നേഹസിംഹാസനമാണ് ലഭിച്ചത്. കാതോലിക്കേറ്റ് ഉള്ളിടത്തോളം കാലം അബ്ദൽമശിഹാ ബാവായുടെ പേരും ഈ സഭയിൽ സ്മരിക്കപ്പെടും. ഇന്ത്യൻ സ്വാതന്ത്ര്യദിനം ദൈവമാതാവിന്റെ ശൂനോയോ പെരുനാൾ എന്നിവയോടൊപ്പം ആഗസ്റ്റ് 15-നു ഈ പാത്രിയർക്കീസു ബാവായുടെ ചരമദിനവും മലങ്കരസഭ ഇന്നും സമുചിതമായി ആചരിച്ചുവരുന്നു.

അബ്ദള്ളാ പാത്രിയർക്കീസ്

സമാധാനപ്രിയനും സ്നേഹവാനുമായ അബ്ദൽ മശിഹാ ബാവായുടെ കരുതലിന്റെ പശ്ചാത്തലത്തിൽ ധനമോഹിയും, മലങ്കരസഭയെ രണ്ടു ചേരികളായി വെട്ടിപ്പിളർത്തിയ ധിക്കാരിയുമായ ഒരു പാത്രിയർക്കീസായി മാത്രമേ മലങ്കരസഭയ്ക്ക് അബ്ദള്ളാ ബാവായെ കാണാൻ കഴിയൂ.

അബ്ദുള്ളാ ബാവാ, വട്ടശ്ശേരിൽ ദീവന്നാസ്യോസ് തിരുമേനിയുടെ മേലാണ് ആദ്യം കൈവച്ചത്. തലവനെ വെട്ടിയാൽ ആടുകൾ ചിതറിപ്പോകുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ മലങ്കരസഭയുടെ

സൗഭാഗ്യമോ അബ്ദള്ളാ പാത്രിയർക്കീസിന്റെ ദൗർഭാഗ്യമോ കൊണ്ടാണ് മല്ലപ്പള്ളിയിലെ കുലുങ്ങാത്ത പാറയായ ആ ധീരനും മഹാ പരിശുദ്ധനുമായ വട്ടശ്ശേരിൽ തിരുമേനിയുടെ മേൽ കൈവയ്ക്കാൻ ആ ബാവായ്ക്കു ഇടയായത്. എം.ഡി. സെമിനാരി പ്രിൻസിപ്പാളും, പരുമല പഴയ സെമിനാരികളിൽ മൽപ്പാനും (അദ്ധ്യാപകൻ) ഒക്കെ ആയി പ്രഗത്ഭനായി വളർന്ന വട്ടശ്ശേരിൽ ഗീവറുഗീസു മൽപ്പാനെ സഭാനൗകയുടെ ചുക്കാൻ പിടിക്കാൻ മെത്രാനും, മലങ്കര മെത്രാപ്പോലീത്തായും ആയി ഉയർത്തുവാൻ സഭ ആഗ്രഹിച്ചതും സ്വാഭാവികം മാത്രം. ജനങ്ങളുടെ കണ്ണിലുണ്ണിയായ ആ വന്ദ്യ ദേഹം മലങ്കര മെത്രാപ്പോലീത്താ ആയി ഭാഗ്യമോടെ വാണരുളുമ്പോഴാണ് ധനമോഹിയായ അബ്ദള്ളാ പാത്രിയർക്കീസിന്റെ വരവും അടിച്ചമർത്തലിനുള്ള ശ്രമവും നടന്നത്. ആരെങ്കിലും പാത്രിയർക്കീസിനെ എതിർക്കുക അക്കാലത്ത് അചിന്ത്യമായിരുന്നു. പാത്രിയർക്കീസന്മാരെ എതിർക്കുന്നവരുടെ നേരെ മുടക്കാവുന്ന വജ്രായുധം ചുഴറ്റി ഭീഷണിപ്പെടുത്തുക പതിവായിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ നേരെയും അതേ ഭീഷണി മുഴക്കി നോക്കി. അതു കൊണ്ട് കുലുങ്ങുമെന്നു വിചാരിച്ചു കാണണം. "ഒരു ദന്ത അംശവടിയും പരുമലയിലെ പണവും തന്നാൽ തീരുമാനം മാറ്റാവുന്നതേ ഉള്ളൂ" എന്ന് മദ്ധ്യസ്ഥനിലൂടെ അറിയിച്ചിട്ടും സഭയുടെ സ്വത്തിന്റെ ട്രസ്റ്റിയായ തനിക്ക് സ്വന്ത കാര്യത്തിന് സ്വത്ത് എടുക്കാൻ പറ്റുകയില്ലെന്നുള്ള ഉറച്ച തീരുമാനം മറുപടിയായി ലഭിച്ചതോടെ പാത്രിയർക്കീസ് അബ്ദള്ളാ "അറ്റ കൈ പ്രയോഗം" തന്നെ നടത്തി.

വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയ ദിവസത്തിന് സാക്ഷിയായിരുന്നവനും അന്ന് കോട്ടയത്ത് വിദ്യാർത്ഥിയുമായിരുന്ന ഒരു ശെമ്മാശന്റെ ദൃക്സാക്ഷി വിവരണം അതേപടി താഴെ രേഖപ്പെടുത്തുന്നു.

"കൂറിലോസ് മെത്രാച്ചന്റെ ഉടമ്പടി വാങ്ങിച്ചുകൊണ്ട് അബ്ദുള്ളാ പാത്രിയർക്കീസു ബാവാ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ ആക്കുകയും വട്ടശ്ശേരിൽ ദീവന്നാസ്യോസ് മെത്രാച്ചനെ "അംഗവൈകല്യം വന്ന ആളാണെന്ന്" പറഞ്ഞ് 1911-ൽ മുടക്കി മെത്രാച്ചനെ ബഹിഷ്ക്കരിക്കയും ചെയ്തു. അന്നു ഞാൻ എം.ഡി. സെമിനാരിയിൽ താമസിച്ചു പഠിക്കുകയായിരുന്നു. എങ്കിലും ആറ്റിൽ മുങ്ങിക്കുളിക്കുവാനുള്ള താൽപര്യംകൊണ്ട് നിത്യവും പഴയസെമിനാരിക്കടവിൽ പോകുമായിരുന്നു.

മുടക്കുകൽപ്പന എഴുതി പഴയസെമിനാരിയിൽ പാത്രിയർക്കീസ് താമസിച്ചിരുന്ന മുറിയിൽ നിന്ന് അടുത്ത മുറിയിൽ താമസിക്കുന്ന മാർ ദീവന്നാസ്യോസ് തിരുമേനിക്ക് 'അടിയന്തിരം കെട്ടി' (രജിസ്റ്റേർഡ്) അയച്ചു

കൊടുത്തു. അതൊരു ശനിയാഴ്ചയായിരുന്നു. ഞാൻ കുളി കഴിഞ്ഞ് പഴയസെമിനാരിയിൽ കയറി തിരുമേനിയേയും മൽപ്പാന്മാരേയും കണ്ടു. മുടക്കുകൽപ്പന കിട്ടിയ വിവരം അപ്പോൾ അവരിൽനിന്നു ഞാൻ ഗ്രഹിച്ചു. ആ വിവരം പണിക്കർ അച്ചനോടും (പിന്നീട് ബഥനി ഈവാനിയോസ്) മറ്റും പറയുവാനായി ഞാൻ എം.ഡി. സെമിനാരിയിലേക്കോടി. അപ്പോൾ ഒരു ചാറൽമഴയുമുണ്ടായിരുന്നു. സി.എൻ.ഐ. യുടെ കിഴക്കുവശത്തെ അതിരിൽ നിരന്നു നിന്നിരുന്ന മുളങ്കൂട്ടത്തിൽ നിന്ന് ഒരു മുള ഒടിഞ്ഞു വഴിയിൽ വീണിരുന്നു. അതു മറികടന്നു പോരുന്ന സമയം ഒരു മുള്ള് എന്റെ വലതുകാലിന്റെ തള്ളവിരലിൽ തറച്ചുകയറി. അത് ഊരിക്കളഞ്ഞിട്ട് വീണ്ടും ഓടി. അക്കരെ കുഞ്ഞിനെ വഴിക്കുവച്ചു കണ്ടു. വിവരം അറിയിച്ചിട്ട് എം.ഡി. യിൽ എത്തി. ഹെഡ്മാസ്റ്ററായ ഫാ. പി. ടി. ഗീവറുഗീസിനേയും എന്റെ സഹപാഠികളേയും മുടക്കുവിവരം അറിയിച്ചു. അപ്പോൾ തന്നെ കുട്ടികൾ എല്ലാവരും പല സംഘമായി പഴയസെമിനാരിക്ക് തിരിച്ചു. തിരുമേനിയെ കണ്ട് കൈ മുത്തി. തിരുമേനിയിൽ നിരാശയുടെ നേരിയ നിഴൽപോലും കണ്ടില്ല. അദ്ദേഹം അത്താഴമേശ കഴിച്ചുകൊണ്ടിരിക്കയായിരുന്നു. "ബാവായ്ക്ക് (പാത്രിയർക്കീസ്) ഒരു വെടിക്കുള്ള മരുന്നേ ഉള്ളൂ. അത് എടുത്തങ്ങു പ്രയോഗിച്ചു" എന്നു പറഞ്ഞുകൊണ്ടാണ് തിരുമേനി പണിക്കരച്ചനെ അഭിവാദനം ചെയ്തത്.

പിറ്റെദിവസം മുടക്കുകൽപ്പന വായിക്കുവാനാണ് തീർച്ചപ്പെടുത്തിയത്. പള്ളിയിൽ അട്ടഹാസം പാടില്ലല്ലോ. അതുകൊണ്ട് കൽപ്പന വായിക്കുവാൻ മുതിരുമെങ്കിൽ എല്ലാവരും കൂട്ടത്തോടെ 'കുറിയേലായിസ്സോൻ' ചൊല്ലി അത് അലങ്കോലപ്പെടുത്തണമെന്നുള്ളതായിരുന്നു കുട്ടികളുടെ ആലോചന. കോട്ടയത്തെ ഭൂരിപക്ഷം ആളുകളും രാവിലെതന്നെ പഴയ സെമിനാരിയിൽ എത്തി. അപ്പോൾ വടക്കുനിന്ന് ഒരു കമ്പി വന്നു. അത് ഇതായിരുന്നു. "Mammalasserikar started. Keep Palappallil Achen from strife" എന്നായിരുന്നു അത്. അതിൽനിന്ന് മെത്രാച്ചനെ മുടക്കുന്ന കാര്യം വടക്കരെല്ലാം മുൻകൂട്ടി അറിഞ്ഞിരുന്നുവെന്ന് ഗ്രഹിക്കാം. ഏതായാലും പൊതുജനങ്ങൾ ക്ഷുഭിതരായിരിക്കയാണെന്നറിഞ്ഞപ്പോൾ "മുടക്കു വായിക്കേണ്ട - CJK" എന്നൊരു കുറിപ്പ് ഒരു വടക്കൻ ശെമ്മാശൻ വശം സി. ജെ. കുര്യൻ മദ്ബഹായിൽ നിന്നിരുന്ന മൽപ്പാനച്ചന്റെ അടുക്കൽ എത്തിച്ചു കൊടുത്തു. അദ്ദേഹം അതു വായിച്ചശേഷം ചുരുട്ടി താഴെയിട്ടു. ഒരു ശെമ്മാശൻ അതെടുത്ത് വായിച്ചിട്ട് പോക്കറ്റിലിട്ടു. മട്ടയ്ക്കൽ അലക്സാണ്ടർ അച്ചനായിരുന്നു കുർബ്ബാന അർപ്പിച്ചത്. ഏതായാലും മുടക്കുകൽപ്പന അന്നു വായിച്ചില്ല.

ബാവായും (പാത്രിയർക്കീസ്) കൂറിലോസ് മെത്രാച്ചനും എല്ലാം പള്ളി

യിൽ എഴുന്നെള്ളിയിട്ടുണ്ടായിരുന്നു. കുർബ്ബാന കഴിഞ്ഞ് തിരുമേനിമാർ പള്ളിയിൽ നിന്ന് അവരവരുടെ മുറികളിലേക്ക് എഴുന്നെള്ളി. ബഹുഭൂരി പക്ഷം ആളുകൾ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കും ചുരുക്കം ചിലർ ബാവായ്ക്കും ചീയേഴ്സ് വിളിച്ചുകൊണ്ട് സെമിനാരിക്കു ചുറ്റും വലത്തിട്ടു നടന്നു. ഈ വഴക്ക് നാടാകെയുള്ള പള്ളികളിൽ പട ർന്നു പിടിക്കയും ചെയ്തു. ഇങ്ങനെ തുർക്കി രാജ്യത്തെ ഗവണ്മെന്റ് ക്രിസ്ത്യാനികളുടെ മേൽ അനുവർത്തിക്കുന്ന നടപടി മലങ്കരസഭയുടെ മേൽ അബ്ദള്ളാ ബാവാ എടുത്തു പ്രയോഗിച്ചു.

സെമിനാരി കൈവശം സ്ഥാപിക്കാൻ പാത്രിയർക്കീസിന്റെ ശ്രമം

ഇതു കഴിഞ്ഞയുടനെ ബലപ്രയോഗത്താൽ സെമിനാരി കൈവശ പ്പെടുത്താനും മാർ ദീവന്നാസ്യോസ് മെത്രാച്ചനെ സെമിനാരിയിൽ നിന്ന് ഇറക്കിവിടാനുമുള്ള പരിശ്രമമായി. പ്രസ്സ് മാനേജർ ഒരു വടക്കനായി രുന്നു. അദ്ദേഹം പ്രസ് മുറിയുടെ താക്കോൽ ബാവാകക്ഷി പ്രധാനി കളെ ഏൽപ്പിച്ചു. മെത്രാൻകക്ഷിക്കാർ അതറിഞ്ഞു. ഉടനെ കൊല്ലനെ വരുത്തി പൂട്ട് തുറപ്പിച്ചു. ആ മത്സരത്തിന്റെ ഫലമായി ഒരു സമരിക്കേസ് ഉത്ഭവിച്ചു. മെത്രാച്ചന്മാർ താമസിച്ചിരുന്ന മുറികളൊഴിച്ചുള്ളതെല്ലാം ഗവ ണ്മെന്റ് പൂട്ടി മുദ്ര വച്ചു. അക്കൂട്ടത്തിൽ ശെമ്മാശന്മാരായ ഞങ്ങളുടെ പെട്ടികൾ വച്ചിരുന്ന മുറികളും കൂടി പൂട്ടി മുദ്ര വച്ചു. അന്ന് അവധിക്കാ ലമായിരുന്നതിനാൽ ഞങ്ങളെല്ലാം വീടുകളിലായിരുന്നു. അവധി കഴി ഞ്ഞുവന്ന് മുറി തുറന്നു കിട്ടുന്നതിന് കോടതിയിൽ ഹർജി കൊടുത്ത് തുറപ്പിച്ചാണ് ഞങ്ങളുടെ പെട്ടികളെടുപ്പിച്ചത്.

പഴയസെമിനാരിപറമ്പിലെ തേങ്ങായിട്ടു വിൽക്കാൻ രണ്ടു കക്ഷികളും ശ്രമമായി. അതും സമാധാനലംഘനത്തിൽ അവസാനിച്ചു. ശെമ്മാശ ന്മാരെല്ലാം എം. ഡി. സെമിനാരിയിൽ ആയിരുന്നു. വഴക്കു മൂത്തപ്പോൾ മാർ ദീവന്നാസ്യോസ് മെത്രാച്ചൻ കോനാട്ടു മൽപ്പാനെ തല്ലി. സി. ജെ. കുര്യനയച്ച പരവന്മാർ ഇട്ട തേങ്ങാ സെമിനാരി വേലക്കാർ പെറുക്കി എടുത്തു. പരവന്മാരും മട്ടയ്ക്കൽ മൽപ്പാനച്ചനും തമ്മിൽ പിടുത്തമു ണ്ടായി. അപ്പോൾ തേങ്ങായിടീൽ നിർത്തിവെയ്ക്കേണ്ടി വന്നു.

ഒരു പാത്രിയർക്കീസ് മലങ്കരസഭയ്ക്ക് കാതോലിക്കാ സിംഹാസന സ്ഥാപനത്തിൽ സഹകരിച്ച് മലങ്കരസഭയുടെ പ്രിയങ്കരനായി തിരികെ പോയപ്പോൾ മലങ്കരസഭയുടെ കണ്ണിലുണ്ണിയായ വട്ടശ്ശേരിൽ തിരുമേ നിയെ കേരളനാട്ടിൽ വന്ന് മുടക്കാനുള്ള ധിക്കാരം കാട്ടിയ പാത്രിയർ ക്കീസിനു സഭയെ വെട്ടിപ്പിളർന്ന് രണ്ടു ചേരിയിലാക്കിയതിന്റെ തിരിച്ച ടിയും ഏറ്റുവാങ്ങി മടങ്ങേണ്ടി വന്നു.

അബ്ദുള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയ ചെയ്തികൾ തെറ്റായി ബോധ്യപ്പെട്ട്, ആ തെറ്റു തിരുത്തി മുടക്കു തീർത്ത കൽപ്പനയുമായി വന്ന പിൻഗാമി ഏലിയാസ് ബാവായ്ക്ക് താനാശിച്ച സമാധാനം അട്ടിമറിയ്ക്കപ്പെടുന്നതു കാണാനാണ് ഇടയായത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ പിതാവിന് കേരളക്കരയുടെ മണ്ണിൽ വിലയം പ്രാപിച്ച ആദ്യ അന്ത്യോക്യൻ പാത്രിയർക്കീസാകേണ്ടി വന്നു.

അദ്ദേഹം മഞ്ഞിനിക്കരയിൽ കാലം ചെയ്യുമ്പോൾ മൃതദേഹം കുളിപ്പിച്ച് അംശവസ്ത്രങ്ങൾ ധരിപ്പിക്കാൻ പത്തനംതിട്ട നിന്ന് ഓടി എത്തിയ ഓർത്തഡോക്സ് സഭയിലെ പുത്തൻകാവിൽ പീലക്സിനോസ് കൊച്ചു തിരുമേനി മുൻകൈ എടുത്തതും, അദ്ദേഹത്തെ ഒരു സഹോദരീസഭയുടെ ആസ്ഥാനമായ പഴയസെമിനാരിയിൽ അടക്കം ചെയ്യാൻ വട്ടശ്ശേരിൽ തിരുമേനി എടുത്ത പരിശ്രമങ്ങളും മാതൃകാപരമായ ക്രിസ്തീയ സ്നേഹത്തിന്റെ നിദർശനങ്ങളായി എന്നും സ്മരിക്കപ്പെടും.

1932 ഫെബ്രുവരി 16-ലെ മനോരമയിൽ പാത്രിയർക്കീസ് ബാവായുടെ ചരമവാർത്ത വന്നതിപ്രകാരമായിരുന്നു. "ഇന്നു രാവിലെ പ. പാത്രിയർക്കീസ് ബാവാ അവർകൾ മഞ്ഞിനിക്കരപ്പള്ളിയിൽ വച്ച് വി. കുർബ്ബാനയിൽ സംബന്ധിക്കയും ഒരു പ്രസംഗം ചെയ്യുകയും പ്രസംഗാനന്തരം കൈമുത്തു നടത്തുകയും ചെയ്തശേഷം അവിടത്തെ താമസത്തിനായി തയ്യാറാക്കിയിരുന്ന മുറിയിലെത്തി കാപ്പിമേശ കഴിഞ്ഞ് സ്വൽപ്പസമയം ഡയറി എഴുതുവാനായി ഉപയോഗിക്കുകയും ചെയ്തു. അനന്തരം കൂടെ ഉണ്ടായിരുന്ന പ്രൈവറ്റ് സെക്രട്ടറി മുതലായവരോട് സംഭാഷിച്ചുകൊണ്ട് മുറിയിൽ ഉലാത്തിക്കൊണ്ടിരുന്ന വേളയിൽ സ്വൽപ്പം ഒരു ആലസ്യഭാവത്തോടെ വയറ്റത്തു കൈപിടിച്ചുകൊണ്ട് മുമ്പോട്ട് സ്വൽപ്പമൊന്നു കുനിയുകയും അടുത്തുണ്ടായിരുന്നവർ ഓടിഎത്തി താങ്ങിപ്പിടിച്ച് കട്ടിലിൽ ഇരുത്തുകയും അതോടുകൂടിത്തന്നെ അദ്ദേഹത്തിന്റെ ആത്മാവ് ജഡത്തിൽനിന്ന് വിട്ടുപിരിയുകയും ചെയ്തു. എല്ലാം ഒരു ക്ഷണനേരത്തിൽ കഴിഞ്ഞു. ഉത്തരക്ഷണത്തിൽ പത്തനംതിട്ടയ്ക്കും, കോഴഞ്ചേരിക്കും ആൾ പോവുകയും രണ്ടു സ്ഥലത്തുനിന്നും ഡോക്ടറന്മാർ വന്നുചേരുകയും ചെയ്തുവെങ്കിലും ഫലമൊന്നുമുണ്ടായില്ല. ആൾവാസം വളരെ ചുരുക്കമായി മാത്രമുള്ള ഈ മഞ്ഞിനിക്കരക്കുന്നിന്റെ മുകളിലുണ്ടായ ഈ സംഭവം മിന്നൽപ്പിണർ വേഗത്തിൽ, കാട്ടുതീ കണക്കെ ദേശമെങ്ങും പടർന്നു.

ഇതിനിടയിൽ മൃതദേഹം കുളിപ്പിച്ച മാർ ക്ലിമ്മീസ്, മാർ യൂലിയോസ്, മാർ മീഖായേൽ, മാക്കാംകുന്ന് സെമിനാരിയിൽ നിന്നും അവിടെ എത്തിയിരുന്ന മാർ പീലക്സിനോസ് (പുത്തൻകാവ്) എന്നീ മെത്രാന്മാരും

മറ്റും കൂടി സ്ഥാനത്തിനടുത്ത വസ്ത്രങ്ങൾ മുതലായവ ധരിപ്പിച്ചും വടി, സ്ലീബാ മുതലായവ കൈയിൽ പിടിപ്പിച്ചും പള്ളിയുടെ മദ്ബഹായിൽ ത്രോണോസിന്റെ മുമ്പിൽ പടിഞ്ഞാറോട്ടഭിമുഖമായി ഒരു കസേരയിൽ ഇരുത്തുകയും ചെയ്തു.

വട്ടശ്ശേരിൽ തിരുമേനി ഏലിയാസ് ബാവായെ പഴയസെമിനാരിയിൽ അടക്കാൻ നിർദ്ദേശിച്ചു: ".... കുർബ്ബാനയ്ക്കു മുമ്പുള്ള പ്രാർത്ഥന ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പ്രാർത്ഥനയുടെ സമയത്ത് മലങ്കര സഭാഭാസുരനും വന്ദ്യ വയോധികനുമായ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ പള്ളിയുടെ പടിഞ്ഞാറെ വാതിൽ വഴിയായി പള്ളിയിൽ പ്രവേശിക്കുകയും ബാവായുടെ കൈമുത്തിയശേഷം വി. കുർബ്ബാനയിൽ സംബന്ധിക്കുകയും ചെയ്തു. മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായാണ് വി. കുർബ്ബാന അനുഷ്ഠിച്ചത്."

പിന്നീടു നടന്ന പ്രധാന സംഭവം ബാവായുടെ മൃതശരീരം എവിടെയാണ് സംസ്കരിക്കേണ്ടതെന്നുള്ളതിനെ പറ്റിയുള്ള ആലോചനയായിരുന്നു. ഈ സംഗതിയെപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിലേക്ക് ശീമ മെത്രാന്മാർ എന്നുള്ള നിലയിൽ വിശേഷവിധിയായ അവകാശം മെത്രാന്മാർക്കില്ലെന്നും, ഓരോരുത്തർ അവരവരുടെ സ്വാഭിലാഷ സാദ്ധ്യത്തിനായി ഈ വിധത്തിൽ പല അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത് വിഹിതമല്ലെന്നും ഇതിനെപ്പറ്റി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം മലങ്കരയ്ക്ക് പൊതുവിൽ ഉള്ളതാണെന്നും ആ നിലയ്ക്കു മറ്റുള്ളവരേക്കാൾ കൂടുതലായി അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള അവകാശം തനിക്ക് ഉണ്ടെന്നും അന്ത്യോഖ്യാ സിംഹാസനത്തിന്റെ മഹിമയ്ക്കും മലങ്കരസഭയുടെ സ്ഥിതിക്കും അന്തസ്സിനും അനുയോജ്യമായ വിധത്തിലും സഭയുടെ നന്മയ്ക്കും ദൈവതിരുനാമ മഹത്വത്തിനും ഇതുകാരണമായി തീരത്തക്കവിധത്തിലും എല്ലാവരുംകൂടി ആലോചിച്ച് ഒരു തീർച്ചയുണ്ടാക്കി സഭയുടെ പ്രധാന ആസ്ഥാനമായ പഴയസെമിനാരിയിൽ കബറടക്കം നടത്തണമെന്നാണ്, തന്റെ അഭിപ്രായമെന്നും, തന്നെ ക്ഷണിക്ക പോലും ചെയ്യാതെയാണ് താൻ സന്നിഹിതനായിട്ടുള്ളതെന്നും അതിനാൽ തന്റെ അഭിപ്രായത്തെ വകവെയ്ക്കാൻ മനസ്സുണ്ടെങ്കിൽ വകവെച്ചാൽ മതിയെന്നും തന്റെ അഭിപ്രായം പ്രഖ്യാപിച്ചുവെന്നേ ഉള്ളുവെന്നും വട്ടശ്ശേരിൽ മെത്രാപ്പോലീത്താ അവറുകൾ പ്രസ്താവിച്ചു. കൂടാതെ ഇതിനു മുമ്പ് നമുക്കു ലഭിച്ച പല അവസരങ്ങളെ നാം നഷ്ടമാക്കിയെന്നും ഒടുവിൽ ഇപ്പോൾ ലഭിച്ചിട്ടുള്ള അവസരമാണിതെന്നും ഈ അവസരത്തിലെങ്കിലും വേണ്ടവിധത്തിൽ വേണ്ടപ്പെട്ടവരെല്ലാവരുമായി ആലോചിച്ച് സംഗതികൾ നിർവ്വഹിക്കുന്നത് നന്നായിരിക്കുമെന്ന് തനിക്ക് അഭിപ്രായം ഉണ്ടെന്നും കൂടി അദ്ദേഹം പ്രസ്താവിച്ചു.

വീണ്ടും ഇതിനെപ്പറ്റിയുള്ള ആലോചനകൾ കുറേനേരത്തേക്ക് തുടർന്നുകൊണ്ടിരുന്നു. ഇതിനുശേഷം മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വിശ്രമത്തിനായി അടുത്തുണ്ടായിരുന്ന കെട്ടിടത്തിലേക്കു പോവുകയും അവിടെനിന്നു മാക്കാംകുന്നു സെമിനാരിയിലേക്ക് പോവുകയും ചെയ്തു.

പിന്നീട് ആലോചന പൂർത്തിയാക്കിയശേഷം ..... പള്ളിയുടെ മദ്ബഹായുടെ വടക്കുവശം സ്വൽപ്പം വടക്കോട്ടു മാറി പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ വച്ചു ബാക്കി ശുശ്രൂഷകൾ പൂർത്തിയാക്കി കബറടക്കകർമ്മം യഥാവിധി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു (മനോരമ വാർത്ത).

കഴിഞ്ഞയിടെ ബാബു പോൾ ഐ.എ.എസ്. എഴുതിയ ഒരു ലേഖനത്തിൽ മലങ്കരസഭയിലെ പള്ളിവഴക്കുകളുടെ കാരണമായി അദ്ദേഹം പറയുന്നത് "ഏലിയാസ് ബാവാ ആശിച്ച സമാധാനം അട്ടിമറിച്ചതിനുള്ള ദൈവകോപമാണിവിടെ കാണുന്നത്" എന്നാണ്. ആരാണ് അന്ന് അട്ടിമറിച്ചതെന്നു മാത്രം ബാബു പോൾ പറഞ്ഞില്ല.

നാം പറഞ്ഞുവന്നത്, മാന്യന്മാരായി വന്ന വിദേശ സഭാസ്ഥാനികളെ മാന്യമായി ബഹുമാനിക്കാനും, അതേസമയം വഴി വിട്ട് മലങ്കരസഭയെ വെട്ടിവിഴുങ്ങാമെന്നുള്ള അതിമോഹത്താൽ വരുന്നവരെ നിലയ്ക്കു നിർത്തുവാനും മലങ്കരസഭയ്ക്ക് മറ്റാരുടേയും നട്ടെല്ല് കടമെടുക്കേണ്ടതില്ല എന്നാണ്.

ഇനി ഇന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ പ. സാഖാ ബാവായുടെ മലങ്കരസഭയോടുള്ള ഇപ്പോഴത്തെ നിലപാടു കൂടി അവലോകനം ചെയ്യേണ്ടതുണ്ട്. ഈ പാത്രിയർക്കീസ് ബാവാ 1982-ൽ സ്ഥാനാരോഹണം ചെയ്ത കാലം മുതലേ അദ്ദേഹം മലങ്കരസഭയെ തെറ്റിദ്ധരിക്കുകയോ, അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിക്കയോ ചെയ്തതായിട്ടാണ് അദ്ദേഹത്തിന്റെ പെരുമാറ്റങ്ങൾ വെളിപ്പെടുത്തിയത്. അദ്ദേഹം അബ്ദൽ മശിഹായെപ്പോലെ മലങ്കരയെ സഹായിക്കുന്നതിനു പകരം അബ്ദുള്ളാ പാത്രിയർക്കീസിനെപ്പോലെ മലങ്കരയിലെ വിഘടനവാദികളുടെ പക്ഷം ചേർന്ന് വിഘടനത്തിന് ആക്കം കൂട്ടാനാണ് ശ്രമിച്ചത്. സാഖാ പാത്രിയർക്കീസിന്റെ കാലത്തും 'അബ്ദുള്ളാ നയം' ആവർത്തിക്കാനാണ് ശ്രമിച്ചതെന്ന് സംഭവങ്ങൾ തെളിയിക്കുന്നു.

സ്ഥാനമോഹികൾക്കു സ്ഥാനങ്ങളും കുറെ പദവികളും നൽകിയാൽ അവരെല്ലാം നമ്മെക്കാൾ എല്ലാവിധത്തിലും കൊച്ചുസഭയായ സിറിയൻ സഭയുടെ കാലും നക്കി നിൽക്കുമെന്ന് കുശാഗ്രബുദ്ധിയായ പാത്രിയർക്കീസ് ബാവാ മനസ്സിലാക്കി കഴിഞ്ഞു. ഇന്ന് മലങ്കരയിലെ പാത്രിയർക്കീസ് വിഭാഗവും സിറിയൻ പാത്രിയർക്കീസും ഒരു പരസ്പര സഹായ

സഹകരണസംഘം പോലെ പ്രവർത്തിച്ചു വരുന്നതായിട്ടാണ് കാണുന്നത്. ഇങ്ങോട്ടു കുറെ സ്ഥാനമോഹികൾക്ക് ചുവന്ന കുപ്പായങ്ങളും, മറ്റു ചിലർക്ക് കുറെ പദവികളും വാരിക്കോരി കൊടുത്ത് ചെലവില്ലാത്ത ഉപകാരം ചെയ്തപ്പോൾ മലങ്കരസഭയുടെ സ്വാതന്ത്ര്യം അറുത്ത് സിറിയൻ പാത്രിയർക്കീസിന്റെ പാദത്തിങ്കൽ വയ്ക്കാൻ ഈ സഭയിലും ഉണ്ടായി; ഏതാനും പേർ, എന്താ പോരേ?

ചരിത്രം ആവർത്തിച്ചുകൊണ്ട് 2007 ഫെബ്രുവരി 10-നു സാഖൊ പാത്രിയർക്കീസ് ബാവാ നാലാം പ്രാവശ്യം ഇന്ത്യ സന്ദർശിച്ചപ്പോഴും സ്ഥാനമാനങ്ങളുടെ ഒരു പ്രവാഹം തന്നെ അഞ്ചു ദിവസത്തെ പര്യടനത്തിനിടയിൽ അദ്ദേഹം കേരളത്തിലൊഴുക്കി.

പെരുമ്പാവൂർ പരത്തുവയലിൽ ഫാ. പൗലോസ്, മണക്കാട് ഫാ. മാത്യു പി. ഏലിയാസ് കോറെപ്പിസ്കോപ്പാ, പഴയിടത്തുവേലിൽ, മുളന്തുരുത്തി ബേബി ചാമക്കാല കോറെപ്പിസ്കോപ്പാ, അങ്കമാലി വേലൻപറമ്പിൽ പീറ്റർ കോറെപ്പിസ്കോപ്പാ എന്നിവരുടെ സഭാസേവനത്തെ മാനിച്ച് "പാത്രിയർക്കാ ബഹുമതികൾ" നൽകി. എന്താണവരുടെ സഭാസേവനം എന്നു പ്രത്യേകിച്ച് പറഞ്ഞു കണ്ടില്ല. അങ്കമാലിയിലും, പെരുമ്പാവൂരും, മുളന്തുരുത്തിയിലും മറ്റുമുള്ള പള്ളികളിൽ, കോടതി വിധികളെ മറികടന്നും, വ്യവസ്ഥാപിത മാർഗ്ഗങ്ങൾ വിസ്മരിച്ചും കടന്നുകയറ്റം നടത്തുകയോ അണികളെ നിയമവ്യവസ്ഥകളെ കാറ്റിൽ പറത്തി കൈയേറ്റങ്ങൾക്ക് പ്രേരിപ്പിക്കുകയോ ഒക്കെ ചെയ്തതാണ് അവരെ ഉന്നത പദവികൾക്ക് യോഗ്യരാക്കിയതെന്ന് മുൻപരിചയങ്ങൾ വച്ച് ന്യായമായി ഊഹിക്കാം.

കമാൻഡർ. അടുത്തത് കമാൻഡർ പദവികളുടെ പ്രളയമാണ്. ഇതിനുമുമ്പ് ബാബു പോൾ മാത്രമായിരുന്നു ബാർ ഈത്തോ ബശറീറോ എന്ന പദവി ലഭിച്ച ഏകൻ. ഇതാ ഇപ്പോൾ ഒരു കമാൻഡർ ബാർ ഈത്തോ ശാറീറോ കൂടി ജനിച്ചിരിക്കുന്നു. മുൻ മന്ത്രി ടി. യു കുരുവിളയ്ക്കാണ് ഈ പ്രാവശ്യം ചീട്ടുവീണത്. കുരുവിളേച്ചന്റെ രാഷ്ട്രീയ ഔദ്യോഗിക ജീവിതത്തിൽ വളരെ കറപുരണ്ടതിന്റെ ഫലമായി മന്ത്രിസ്ഥാനത്തു നിന്നു സ്വയം രാജിവച്ചു ഒഴിയേണ്ടി വന്ന ആളെന്ന നിലയിലാണോ ഈ പദവിക്കു അദ്ദേഹത്തെ യോഗ്യനാക്കിയതെന്ന് സ്വന്ത ജനം തന്നെ അടക്കം പറഞ്ഞു തുടങ്ങി. വഹിച്ച സ്ഥാനങ്ങളിലെല്ലാം പരാതികളുടെ പ്രളയം അദ്ദേഹത്തിനെതിരായി ഉണ്ടായിട്ടുണ്ടെന്ന് സിറിയൻ പാത്രിയർക്കീസിന് അറിയില്ലായിരിക്കാമെങ്കിലും കേരളജനതയ്ക്ക് ഇതൊക്കെ മനഃപാഠമാണല്ലോ. കുരുവിള സാർ സമ്പാദിച്ച അനധികൃത സ്വത്തിന്റെ ഒരു ഭാഗം ശ്രേഷ്ഠനു കൊടുത്തിട്ടാണോ അദ്ദേഹത്തിന്റെ

സഭാസേവന റെക്കോർഡ് പാത്രിയർക്കീസ് ബാവായുടെ മുമ്പിലെത്തിച്ചതെന്ന് പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നു തന്നെ അന്ന് പരസ്യ വിമർശനം ഉയർന്നിരുന്നു. എന്തായാലും അദ്ദേഹം ഇരട്ടപ്പദവി നേടി ബാബു പോളിനെ കടത്തിവെട്ടി.

ഓമല്ലൂർ താഴതനിൽ ടി. എസ്. ശമുവേലിനും കിട്ടി ഒരു ഇരട്ടപ്പദവി. ഷെവലിയർ കമാൻഡർ.

നെടുമ്പാശ്ശേരി ഫെഡറൽ ബാങ്ക് ജനറൽ മാനേജർ ഏബ്രഹാം തര്യനും പട്ടാളത്തിൽ ചേരാതെ തന്നെ കമാൻഡറായി. ചിലവന്നൂർ പൊന്നാല അഡ്വ. ബൻജമിൻ പോളും കമാൻഡറായി.

ഷെവലിയർ. ഷെവലിയറന്മാർ ഇത്തവണ നിരവധി ജനിച്ചു. കെ. ഒ. ഏലിയാസ്, ടി. ടി. ജോയി, തോമ്മസ് ദാനിയേൽ ചേപ്പാട്, ഉമ്മച്ചൻ വേങ്കടത്ത്, ബിബി ഏബ്രഹാം എന്നിവർക്കും കമാൻഡർ ഷെവലിയർ സ്ഥാനങ്ങൾ നൽകി.

സൂനോറോ പള്ളിക്കാരായ കെ. ജി. പൗലോസ്, പി. വി. ജോസഫ് മുന്നച്ചാലിൽ എന്നിവർക്കും പ്രത്യേക സ്ഥാനമാനങ്ങൾ നൽകി.

ഈ സ്ഥാനമാനങ്ങൾ എല്ലാം നൽകാൻ സിറിയൻ പാത്രിയർക്കീസിന് എന്താണധികാരം എന്ന് ചരിത്രപണ്ഡിതർ ചോദിക്കുന്നു. മുമ്പ് ബ്രിട്ടീഷ് രാജാക്കന്മാർ മാത്രം നൽകിക്കൊണ്ടിരുന്ന ഈ പദവികൾ പിൽക്കാലത്ത് രാഷ്ട്രത്തലവൻ എന്ന നിലയിൽ വത്തിക്കാൻ രാഷ്ട്രത്തലവൻ പോപ്പും നൽകിത്തുടങ്ങി. ഇത് ഒരു സഭാതലവന്റെ അവകാശത്തിൽ പെട്ടതേയല്ല എന്ന് ഇന്ന് എല്ലാവർക്കും അറിയാം. എന്തായാലും കിട്ടിയ പദവികൾ പേരിന്റെ വാലായി ചേർക്കുന്നതിൽ വ്യഗ്രതയും അഭിമാനവും കൊള്ളുന്ന കുറെ സമ്പന്നരായ സ്ഥാനമോഹികളെ ലഭിച്ചതു തന്നെയാണ് സിറിയൻ പാത്രിയർക്കീസിന്റെ വിജയം. തനിക്കില്ലാത്ത അവകാശങ്ങൾ എടുത്തു വിളമ്പി കാര്യം നേടാൻ അദ്ദേഹത്തിനു സാധിച്ചു.

അദ്ധ്യായം 19

സഭ രാഷ്ട്രീയം കളിക്കുന്നു തിരുവനന്തപുരം കണ്ട അതിദാരുണ ലാത്തിച്ചാർജ്ജ്

തൃക്കുന്നത്തു സെമിനാരിയിൽ യാക്കോബായ വിഭാഗത്തിന് ആരാധനയ്ക്ക് അനുവാദം നൽകിയ ഇടതുപക്ഷ സർക്കാർ നടപടിയിൽ പ്രതിഷേധിക്കാൻ 2007 ഫെബ്രു. 14-ന് പാളയം രക്തസാക്ഷി മണ്ഡപത്തിൽ സഭാതലത്തിൽ നടന്ന പ്രതിഷേധ മഹാസമ്മേളനത്തിൽ ആയിരക്കണക്കിനു വിശ്വാസികൾ സംബന്ധിച്ചു.

ഈ പ്രതിഷേധയോഗം ഉത്ഘാടനം ചെയ്തുകൊണ്ട് ചെയ്ത പ്രസംഗത്തിൽ പ. കാതോലിക്കാബാവാ ജില്ലാ ഭരണാധികാരികൾ ന്യായം വിട്ട് യാക്കോബായ വിഭാഗത്തെ സഹായിച്ചതിലുള്ള പ്രതിഷേധം അറിയിക്കയും അവരെ മാതൃകാപരമായി ശിക്ഷിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ഓർത്തഡോക്സ് സഭ ധാർമ്മികത വിട്ട് പ്രവർത്തിച്ചിട്ടില്ല. കോടതിവിധിയുള്ള സ്ഥലത്തല്ലാതെ മറ്റൊരിടത്തും പ്രവേശിച്ചിട്ടില്ല. പക്ഷേ കോടതിവിധിയില്ലാതെ പള്ളികളിൽ പ്രവേശിക്കുന്ന പാത്രിയർക്കീസ് വിഭാഗം അതിന്റെ തിക്തഫലം അനുഭവിക്കതന്നെ ചെയ്യും. ഇത്തരം നടപടികളെ എന്തു വില കൊടുത്തും നേരിടും. മലങ്കരസഭ ഒന്നായി തൃക്കുന്നത്തു സെമിനാരി തുറന്നു കുർബ്ബാന അർപ്പിക്കും. എല്ലാ സർക്കാരുകളുമായി സഹകരിച്ചുപോരുന്ന പാരമ്പര്യമാണ് ഓർത്തഡോക്സ് സഭ പുലർത്തിയിട്ടുള്ളത്. അതു തകർക്കാൻ സർക്കാർ തന്നെ ശ്രമിക്കുകയാണെങ്കിൽ സഭ അതിന് ഉത്തരവാദിയാവുകയില്ല. ആലുവാ സെമിനാരിയിലെ കൈയേറ്റശ്രമം കിരാതവും അപലപനീയവുമാണ്. മലങ്കരസഭയുടെ സ്വത്തായ എല്ലാ പള്ളികളിലും ഇപ്പോൾ കൈയേറ്റശ്രമം നടന്നുകൊണ്ടിരിക്കയാണ്. തൃക്കുന്നത്തു സെമിനാരിയും സഭയുടെ സ്വത്താണ്. അവിടെ അനധികൃതമായി കയറി ആരാധന നടത്താൻ ജില്ലാ ഭരണാധികാരികൾ വഴിവിട്ട് സഹായം ചെയ്തുകൊടുത്തതാണ് തെറ്റ്.

മന്ത്രിമാരായ ടി. യു. കുരുവിളയുടെയും, എസ്. ശർമ്മയുടെയും (മുൻ) മൂന്ന് എം.എൽ.എ. മാരുടേയും ഒത്താശയോടെയാണ് തൃക്കുന്നത്തു സെമിനാരിയിൽ യാക്കോബായ വിഭാഗം ആരാധന നടത്തിയതെന്ന് തൃക്കുന്നത്തു സെമിനാരി മാനേജർ ഫാ. എം. ഒ. ജോൺ കുറ്റപ്പെടുത്തി.

വൈദികട്രസ്റ്റി ഫാ. ഒ. തോമസ്, അലക്സാണ്ടർ കാരയ്ക്കൽ എന്നിവരും പ്രസംഗിച്ചു.

നിയുക്തബാവാ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചു. പ്രമേയം താഴെ ചേർക്കുന്നു.

പ്രമേയം. മലങ്കര ഓർത്തഡോക്സ് സഭയുടെ പരിപൂർണ്ണ അവകാശത്തിലും കൈവശത്തിലും ഉള്ള അങ്കമാലി ഭദ്രാസനാസ്ഥാനമായ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ 2007 ജനുവരി 29-നു പ്രവേശിക്കുന്നതിന് പാത്രിയർക്കീസ് വിഭാഗം ശ്രേഷ്ഠബാവായ്ക്കും മെത്രാന്മാർക്കും അനുമതി നൽകിയ ജില്ലാ ഭരണാധികാരികളുടെയും അതിനു ഒത്താശ ചെയ്ത കേരള സർക്കാരിന്റെയും നടപടികൾക്കെതിരെ മലങ്കര ഓർത്തഡോക്സ് സഭ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

തൃക്കുന്നത്തു സെമിനാരി സംബന്ധമായി വിവിധ കോടതികളിൽ നടന്നുവരുന്ന പത്തു വ്യവഹാരങ്ങളിൽ പാത്രിയർക്കീസ് വിഭാഗം പരാജയപ്പെടുകയാണുണ്ടായത്. ശ്രേഷ്ഠബാവായും മെത്രാന്മാരും സെമിനാരി കോമ്പൗണ്ടിൽ പ്രവേശിക്കുന്നതിന് കോടതി നിരോധനം ഉണ്ട്. നിലവിലുള്ള എല്ലാ കോടതിവിധികളും സ്റ്റാറ്റസ്കോയും ലംഘിച്ചുകൊണ്ട് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നടന്ന ഈ അനധികൃത കടന്നുകയറ്റത്തെ ഈ മഹാസമ്മേളനം ശക്തമായി പ്രതിഷേധിക്കുന്നു. ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുകയും ഇത്തരത്തിലുള്ള നടപടികൾ മേലിൽ ആവർത്തിക്കാതിരിക്കുവാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കയും ചെയ്യണമെന്ന് മലങ്കര ഓർത്തഡോക്സ് സഭ ശക്തമായി ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി

അവതാരകൻ: പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (നിയുക്ത കാതോലിക്കാ).

അനുവാദകൻ: ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (തിരുവനന്തപുരം മെത്രാസനം).

പ്രതിഷേധ യോഗത്തിനുശേഷം നാലു മണിയോടു കൂടെയാണ് ആയിരക്കണക്കിന് സഭാംഗങ്ങളേയും വൈദികരേയും മുദ്രാവാക്യം മുഴക്കി സംസ്ഥാന സെക്രട്ടറിയേറ്റിലേക്ക് നയിച്ചത്. അത് അപ്രതീക്ഷിതമായിരുന്നു. ഈ സെക്രട്ടറിയേറ്റ് മാർച്ച് സഭാനേതൃത്വത്തിന്റെ ആലോചനയിൽപെട്ട കാര്യമായിരുന്നില്ലെന്ന് പറയപ്പെടുന്നു. അതുകൊണ്ടു തന്നെയാവാം ആ മാർച്ചിൽ പാളിച്ചകൾ പറ്റിയതും, അതു ക്രൂരമായ ലാത്തിച്ചാർജ്ജിലും നാണക്കേടിലും പര്യവസാനിച്ചതും.

അന്നത്തെ മീറ്റിംഗിൽ വൈദികട്രസ്റ്റി ഒ. തോമസ് അച്ചന്റെ രാഷ്ട്രീയ ശൈലി പ്രസംഗത്തിൽ വികാരംകൊണ്ട ജനങ്ങളേയും കൊണ്ട് പെട്ടെന്നെടുത്ത തീരുമാനത്തിന്റെ സൂത്രധാരകൻ ഒ. തോമസച്ചൻ തന്നെയായിരുന്നു. മക്കാറിയോസ് തിരുമേനിയെ കാതോലിക്കാ സ്ഥാനത്തു വരാതെ ഗളഹസ്തം ചെയ്ത് തന്റെ കയ്യിൽ പാവയായിരുന്നുകൊള്ളുമെന്ന് ധരിച്ച മാർ മിലിത്തിയോസിനെ നിയുക്തബാവാ ആക്കി എടുക്കുന്നതിൽ ചാണക്യ സൂത്രധാരകനായി വിജയം വരിച്ചതിന്റെ തലക്കനവും ഈ തിരുവനന്തപുരം മാർച്ചിന്റെ കാര്യത്തിൽ ഉണ്ടായിരുന്നു പോലും. തിരുവനന്തപുര പ്രകടനം തന്റെ വിജയത്തിന്റെ തൊപ്പിയിൽ ഒരു തൂവൽ കൂടി ചേർക്കാമെന്നുള്ള അഹന്തയും ഈ വികാര പ്രസംഗത്തിലുണ്ടായിരുന്നു.

ഏതായാലും സംഘാടകനായ ഒ. തോമസച്ചന്റെ നേതൃത്വത്തിൽ തന്നെ നടന്ന അപ്രതീക്ഷിത മാർച്ച് പോലീസ് ലാത്തിയടിയിലും ക്രൂര മർദ്ദനങ്ങളിലും ചെന്നെത്തി. "പ്രഖ്യാപിത പരിപാടികളിൽ പെടാത്തതും വികാരപ്രധാനമായി പെട്ടെന്നെടുത്തതുമായ ട്രസ്റ്റി അച്ചന്റെ തീരുമാനമാണ് പാളിച്ചകൾക്കും, ഞങ്ങൾക്ക് ഏറ്റ ക്രൂരമർദ്ദനങ്ങൾക്കും കാരണമായത്" എന്ന് മർദ്ദിതരിൽ ചിലർ പിന്നീടു പറഞ്ഞു.

നാലു മണിക്കാണ് വൈദികരും ആയിരക്കണക്കിനു ജനവും മെത്രാപ്പോലീത്തന്മാരുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റു നടയിലേക്കു പോയത്. സഭയുടെ സങ്കടമടങ്ങുന്ന മെമ്മോറാണ്ടം മന്ത്രിമാർക്കു നൽകാനാണ് സെക്രട്ടറിയേറ്റിലേക്ക് മാർച്ച് ചെയ്തതെന്ന് പറയപ്പെടുന്നു. ഒരു മെമ്മോറാണ്ടം മന്ത്രിക്കു നൽകാൻ നാലു മെത്രാന്മാർ മാത്രം സെക്രട്ടറിയേറ്റിലേക്കു പോയാൽ മതിയായിരുന്നു. അതിന് ആയിരങ്ങളെ ലാത്തിക്കു ഇരയാക്കേണ്ടിയിരുന്നില്ല. പാളയം രക്തസാക്ഷി മണ്ഡപത്തിൽ നടന്ന പ്രതിഷേധയോഗം സർക്കാരിന്റെ ശ്രദ്ധയിൽപെടാതിരിക്കില്ല.

സമരഗേറ്റിന് മുന്നിൽ ബാരിക്കേഡുകൾ നിരത്തി. പോലീസു തടഞ്ഞു. 15 മിനിട്ടിനു ശേഷം നിയുക്തബാവാ മാർ പൗലോസ് മിലിത്തിയോസ് ഉൾപ്പെടെ ബിഷപ്പുമാർ സ്ഥലത്തെത്തി. ആസാദു ഗേറ്റിലൂടെ അകത്തുകടന്ന് പ്രതിഷേധ പ്രമേയം സർക്കാരിനു കൈമാറാൻ അവർ ശ്രമിച്ചപ്പോൾ നിയുക്തബാവായെ മാത്രമേ പോലീസ് കടത്തിവിടാൻ തയ്യാറായുള്ളു. ചിലർ ബലമായി കടക്കാൻ ശ്രമിച്ചതിനെ തുടർന്ന് പോലീസും വിശ്വാസികളും തമ്മിൽ സംഘർഷമുണ്ടായി എന്നു പത്രങ്ങൾ റിപ്പോർട്ടു ചെയ്തു. ഇതിനിടെ കന്റോൺമെന്റ് എസ്. ഐ. സന്തോഷിന് മർദ്ദനമേറ്റതായി പോലീസ് വൃത്തങ്ങൾ പറഞ്ഞു. എന്നാൽ സഭാ

നേതൃത്വം ഇതു നിഷേധിച്ചു. ഈ സമയം സമീപത്തുള്ള കെട്ടിടങ്ങളുടെ മുകളിൽ നിന്നു പോലീസിനു നേരെ കല്ലേറുണ്ടായി. അതെത്തുടർന്ന് പോലീസ് ലാത്തിച്ചാർജ്ജ് ആരംഭിച്ചു. മാർച്ചിൽ പങ്കെടുത്തവർ ഇങ്ങനെ ഒരു സംഭവവികാസം പ്രതീക്ഷിച്ചിരുന്നില്ല. വിശ്വാസികൾ ചിതറിഓടി. വൈദികരെയും വിശ്വാസികളെയും തിരഞ്ഞുപിടിച്ച് പോലീസ് തല്ലിച്ചതച്ചു. ഡപ്യൂട്ടി പോലീസ് കമ്മീഷണർ ഹർഷിതാ അട്ടല്ലൂരി സ്ഥലത്തെത്തിയെങ്കിലും പോലീസ് മർദ്ദനം തുടർന്നു. ചാത്തന്നൂർ സ്വദേശി ഒരു ജോർജ്ജിന്റെ തല അടിച്ചു പൊട്ടിച്ചു. നിരണം പള്ളി സെക്രട്ടറി തോമസ് വറുഗീസിനും പരുക്കേറ്റു. തിരുവനന്തപുരം സെന്റ് ജോർജ്ജ് കത്തീഡ്രൽ അസി. വികാരി ഫാ. ജോസഫ് ചാക്കോ, കുമാരപുരം സെന്റ് തോമസ് പള്ളി വികാരി ഫാ. ജോൺസൺ മുളമൂട്ടിൽ, ഫാ. മാത്യു തോമസ്, പാമ്പാടി സ്വദേശി വടകര സാബു, ഷീജ നല്ലില, ഷൈജു ജോൺ, ഡോ. ജോർജ്ജ് വറുഗീസ് കൊപ്പാറ, രഞ്ജൻ അടൂർ തുടങ്ങിയവർക്കെല്ലാം കഠിന പരുക്കുകളേറ്റു.

ഒരു സ്വകാര്യബസും, മൂന്നു സർക്കാർ കാറുകളും അക്രമത്തിൽ തകർന്നു. ഇതിനിടെ ഐ. ജി. അരുൺകുമാർ സിൻഹ, സിറ്റി കമ്മീഷണർ കെ. പത്മകുമാർ എന്നിവർ സ്ഥലത്തെത്തി. പങ്കജ ഹോട്ടലിൽ അവർ ബിഷപ്പുമാരുമായി ചർച്ച നടത്തി പ്രശ്നം ഒത്തുതീർപ്പിലാക്കി.

ഈ സമയത്ത് മാധ്യമ പ്രവർത്തകരും സഭാവിശ്വാസികളുമായി സംഘർഷമുണ്ടായി. നിയുക്ത കാതോലിക്കായ്ക്കു പുറമെ സേവേറിയോസ്, ക്ലിമ്മീസ് എന്നീ മെത്രാപ്പോലീത്തന്മാരും ജേക്കബ് തോമ്മസ് അരികുപുറം, ജോസഫ് എം. പുതുശ്ശേരി എം.എൽ.എ. എന്നിവരും ചർച്ചയിൽ പങ്കെടുത്തു. തുടർന്ന് ക്ലിമ്മീസ്, സേവേറിയോസ് എന്നീ തിരുമേനിമാർ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ എത്തി സഭാംഗങ്ങളോട് പിരിഞ്ഞുപോകാനാവശ്യപ്പെട്ടു. ഈ സമയത്ത്, രംഗങ്ങൾ ക്യാമറായിൽ പകർത്തിയിരുന്ന മാധ്യമ പ്രവർത്തകരും സഭാംഗങ്ങളുമായി സംഘർഷമുണ്ടായി. ഏഷ്യാനെറ്റിലെ അജി എം. നുഹു, ഇന്ത്യാവിഷനിലെ അജിത് മാധവൻ, ഏഷ്യാനെറ്റിലെ സനീഷ്, കൈരളിയിലെ ജയിംസ്, എസ്.ഇ.വി. യിലെ പ്രേം, മംഗളത്തിലെ ശ്രീകാന്ത് എന്നിവർക്കു മർദ്ദനമേറ്റു.

സംഘർഷത്തിനിടെ ചില വൈദികർക്കും മർദ്ദനമേറ്റു. മാധ്യമ പ്രവർത്തകരെ മർദ്ദിച്ച ഒരാളെ പോലീസ് പിടികൂടി. മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ജേക്കബ് തോമസ് അരികുപുറം, ജോസഫ് ജോൺ, മാത്യു വീരപ്പള്ളി തുടങ്ങിയവർ ചേർന്നാണ് ജനങ്ങളെ പിന്തിരിപ്പിച്ചത്. ഡപ്യൂട്ടി പോലീസ് കമ്മീഷണർ ഹർഷിത, കൺന്റോൺമെന്റ് എസ്. ഐ. സോമനാഥപിള്ള എന്നിവരുൾപ്പെടെ 14 പോലീസ് ഉദ്യോഗസ്ഥന്മാർക്ക്

കല്ലേറിൽ പരുക്കേറ്റതായി പോലീസ് അറിയിച്ചു. ദക്ഷിണമേഖല ഐ.ജി. യുടെ റിപ്പോർട്ടു ലഭിച്ചശേഷം എന്തു നടപടി വേണമെന്ന് തീരുമാനിക്കുമെന്ന് മന്ത്രി കൊടിയേരി പറഞ്ഞു. "ഐ. ജി. അരുൺകുമാർ സിൻഹാ അന്വേഷിക്കുമെന്നും" മന്ത്രി അറിയിച്ചു. സംഭവം അറിഞ്ഞ ഉടൻ സർക്കാർ, ഐ.ജി. യെ സംഭവസ്ഥലത്തേക്ക് അയച്ചിരുന്നു. സമരക്കാരിൽ ഒരു വിഭാഗം മനപൂർവ്വം പ്രശ്നമുണ്ടാക്കാൻ ശ്രമിച്ചിരുന്നു. സൈരജീവിതം തകർക്കുന്ന നടപടി ആരുടെ ഭാഗത്തുനിന്നുണ്ടായാലും അനുവദിക്കയില്ലെന്നും മന്ത്രി പറഞ്ഞു.

കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, ബി.ജെ.പി. പ്രസിഡന്റ് പി. കെ. കൃഷ്ണദാസ്, കേരള കോൺഗ്രസ് ചെയർമാൻ കെ. എം. മാണി, എം.എൽ.എ. മാരായ സി. എഫ്. തോമസ്, ജോസഫ് എം. പുതുശ്ശേരി, ഡി.സി.സി. പ്രസിഡന്റ് വി. എസ്. ശിവകുമാർ, മുൻ മന്ത്രി ബാലകൃഷ്ണപിള്ള, കൊടിക്കുന്നിൽ സുരേഷ്, കെ.സി.സി. പ്രസിഡന്റ് മാർ ഐസക് പീലക്സിനോസ് തുടങ്ങിയവരും മറ്റും ഈ ലാത്തിച്ചാർജ്ജിനെ അപലപിച്ചു.

മലങ്കര സഭാവിശ്വാസികളെ മാർക്സിസ്റ്റു സർക്കാരിന്റെ പോലീസു സേന തല്ലിച്ചതച്ചതിനെപ്പറ്റി പാർട്ടിനേതാവും മുഖ്യമന്ത്രിയുമായ വി. എസ്. അച്യുതാനന്ദനും പാർട്ടി സെക്രട്ടറി പിണറായി വിജയനും ഇപ്രകാരം പ്രതികരിച്ചു.

മുഖ്യമന്ത്രി വി. എസ്. വിവാദങ്ങൾക്ക് അമിത പ്രാധാന്യം വേണ്ട. നിയമസഭാ നടപടികൾ റിപ്പോർട്ടു ചെയ്യുന്ന മാധ്യമപ്രവർത്തകർ സഭയിലെ രാഷ്ട്രീയ വിവാദങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്ന രീതി അഭികാമ്യമല്ല.

പിണറായി. തിരുവനന്തപുരത്തു നടന്നത് അനുചിതം എന്ന് സഭാനേതൃത്വം അംഗീകരിക്കണം. സഭാ വിശ്വാസികളുടെ ഭാഗത്തു നിന്നുണ്ടാകാൻ പാടില്ലാത്ത കാര്യങ്ങളാണ് തിരുവനന്തപുരത്ത് ഓർത്ത ഡോക്സ് വിശ്വാസികളുടെ പക്ഷത്തുനിന്നുണ്ടായതെന്ന് പിണറായി പറഞ്ഞു. സർക്കാരോ സമൂഹമോ വിശ്വാസികളിൽനിന്ന് ഇത്തരം ഒരു നീക്കം പ്രതീക്ഷിച്ചില്ല. അത് ഇങ്ങനെ കലാശിച്ചത് അനുചിതമായിപ്പോയി എന്ന് സഭാനേതൃത്വം അംഗീകരിക്കണം. കാര്യങ്ങൾ പെരുപ്പിച്ചു കാണാൻ ശ്രമിക്കരുത്. സമൂഹം ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്ന വ്യക്തികളുടെ മദ്ധ്യസ്ഥതയിൽ സഭാതർക്കം പരിഹരിക്കാൻ ഇരുസഭകളുടെയും തലവന്മാർ തയ്യാറാകണമെന്ന് പിണറായി അഭ്യർത്ഥിച്ചു.

കാരാട്ടിനെയും ബർദാനെയും ഓർത്തഡോക്സ് സഭ പ്രതിഷേധം അറിയിച്ചു

തൃക്കുന്നത്തു പ്രശ്നത്തിൽ കേരളത്തിലെ ചില കമ്യൂണിസ്റ്റു മന്ത്രിമാർ പക്ഷംചേരുന്നതിൽ ഓർത്തഡോക്സ് സഭയ്ക്കുള്ള പ്രതിഷേധം ഡൽഹി മെത്രാപ്പോലീത്താ ഇയ്യോബ് പീലക്സിനോസ് സി.പി.എം., സി. പി.ഐ. ജനറൽ സെക്രട്ടറിമാരെ അറിയിച്ചു. പ്രശ്നത്തിൽ സർക്കാരിന്റേയും ചില മന്ത്രിമാരുടേയും ഇടപെടലുകൾ ഒഴിവാക്കണമെന്നും തിരുവനന്തപുരം ലാത്തിച്ചാർജ്ജ് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

അതനുസരിച്ച് പ്രശ്നം പഠിച്ച് ഉചിതമായ നിർദ്ദേശങ്ങൾ സർക്കാരിനു നൽകാമെന്ന് കാരാട്ടും സെമിനാരി പ്രശ്നത്തിൽ തൽസ്ഥിതി ഉറപ്പാക്കുന്നതിന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് കത്തെഴുതാമെന്ന് ബർദാനും വ്യക്തമാക്കി.

ആലുവാ സെമിനാരിയിൽ പ്രവേശിക്കാനെത്തിയ പാത്രിയർക്കീസ് പക്ഷത്തിന് സംരക്ഷണം നൽകാൻ ആലുവായിൽ എഴുന്നൂറിലധികം പോലീസുകാരെത്തിയപ്പോൾ സെക്രട്ടറിയേറ്റ് മാർച്ചിന് തിരുവനന്തപുരത്തെത്തിയ പതിനായിരക്കണക്കിന് ഓർത്തഡോക്സുകാരെ സംരക്ഷിക്കാൻ നൂറോളം പോലീസുകാരെ മാത്രം നിയോഗിച്ച സർക്കാരിന്റെ നിലപാട് വളരെ ഏകപക്ഷീയമാണ്.

തിരുവനന്തപുരം ലാത്തിച്ചാർജ്ജിൽ പ്രതിഷേധിച്ച് കേരളത്തിലെ സഭാസ്ഥാപനങ്ങൾ അടച്ചിട്ട് പലയിടങ്ങളിലും ഹർത്താൽ ആചരിക്കയും പ്രതിഷേധപ്രകടനങ്ങൾ നടത്തുകയും ചെയ്തു. തിരുവല്ലായിൽ മൗനയാത്രയും സമ്മേളനവും നടന്നു. മാവേലിക്കരയിൽ ഹർത്താലിനിടയിൽ വിശ്വാസികളും പോലീസും തമ്മിൽ ഏറ്റുമുട്ടി. ജനം റോഡ് ഉപരോധിക്കയും ചെയ്തു. പത്തനംതിട്ടയിൽ ബന്ദിന്റെ പ്രതീതിയായിരുന്നു. കടകളും മറ്റും അടച്ചും അടപ്പിച്ചും റാലി നടന്നു. ഇന്ത്യാവിഷന്റെ ക്യാമറാമാനെ കൈയേറ്റം ചെയ്തു. പുതുപ്പള്ളി, പാമ്പാടി, വാഴൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്ത്രീകളടക്കം നൂറുകണക്കിനു വിശ്വാസികൾ പങ്കെടുത്തു. രണ്ടു മണിക്കൂറോളം ഗതാഗതം തടസ്സപ്പെടുകയും ചെയ്തു.

സെക്രട്ടറിയേറ്റ് മാർച്ചിലുണ്ടായ അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് കണ്ടാലറിയാവുന്ന ആയിരത്തോളം പേർക്കെതിരെ പോലീസ് കേസെടുത്തു.

പ. ബാവാ ഖേദം പ്രകടിപ്പിച്ചു: സെക്രട്ടറിയേറ്റ് പരിസരത്ത് വൈദികരും വിശ്വാസികളും സമാധാനപരമായി നടത്തിയ പ്രതിഷേധറാലിക്കു

നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിനെ തുടർന്ന് ദൃശ്യമാധ്യമ പ്രവർത്തകരുടെ നേരെ സഭാംഗങ്ങളിൽ ചിലരുടെ ഭാഗത്തുനിന്നുണ്ടായ കൈയേറ്റത്തിൽ സഭ ഖേദിക്കുന്നതായി പ. ബാവാ പറഞ്ഞു. ദൃശ്യമാധ്യമ പ്രവർത്തകർ എപ്പോഴും മലങ്കരസഭയുടെ ന്യായമായ അവകാശങ്ങൾക്ക് പിന്തുണ നൽകിയിട്ടുള്ളവരാണ്. തിരുവനന്തപുരത്തു നടന്ന സംഭവങ്ങൾ തന്നെ ഏറെ ദുഃഖിപ്പിച്ചതായി ബാവാ പറഞ്ഞു.

മന്ത്രി കുരുവിള. "കോടതിവിധികൾ പാലിച്ചാൽ പ്രശ്നം തീരും" എന്നു മന്ത്രി പറഞ്ഞു. ഇരുസഭകളും സഹോദര സഭകളാകാൻ പ്രവർത്തിക്കുന്ന വ്യക്തിയാണ് താനെന്നും കോടതിവിധി എല്ലാവരും പാലിച്ചാൽ പ്രശ്നമില്ലെന്നും കുരുവിള പറഞ്ഞു. ഓർത്തഡോക്സ് സഭയുടെ സെക്രട്ടറിയേറ്റ് മാർച്ചിനിടെ കുരുവിളയ്ക്കെതിരെ മുദ്രാവാക്യം വിളിച്ചതു ചോദിച്ചപ്പോഴാണ് മന്ത്രി ഇങ്ങനെ പ്രതിവചിച്ചത്.

ആർക്കും എന്തും വിളിച്ചു പറയാവുന്ന കാലമല്ലേ ഇത്? ഞാൻ എല്ലാ സഭയേയും സ്നേഹിക്കുന്നു. എല്ലാ സഭകളും എന്നേയും സ്നേഹിക്കുന്നു. രണ്ടു സഭകളും സഹോദരങ്ങളാണ്. സഹോദരങ്ങൾ തമ്മിലുള്ള ചെറിയ അഭിപ്രായവ്യത്യാസം മാത്രമാണിവിടെ. ആചാരങ്ങളും ഒരുപോലെയാണ്? പരസ്പരം സ്നേഹിക്കണം. ശത്രുവിനേയും സ്നേഹിക്കണമെന്നാണ് കർത്താവു പറഞ്ഞത്. അതു പാലിച്ചാൽ മാത്രം മതി.

മാർ ഗ്രീഗോറിയോസ്. മാരാമൺ കൺവൻഷനിൽ പ്രസംഗിക്കവെ യാക്കോബായ സഭയുടെ സുന്നഹദോസ് സെക്രട്ടറി, മാർ ഗ്രീഗോറിയോസ് പറഞ്ഞു, "മേലദ്ധ്യക്ഷന്മാർ മുന്നോട്ടു വയ്ക്കുന്ന സമാധാന നിർദ്ദേശങ്ങളെ നൂറു ശതമാനം തുറന്ന മനസ്സോടെ സ്വീകരിക്കണം. ഇത രസഭകൾ കൂടി സഭാഐക്യത്തിന് മുന്നിട്ടിറങ്ങണം. തെരുവിലേക്കിറങ്ങുന്ന സ്ഥിതി ക്രൈസ്തവസമൂഹത്തിന് താങ്ങാനാവില്ല. പി. സി. അലക്സാണ്ടറുടേയും മറ്റും ശുപാർശകളെ ശുഭാപ്തി വിശ്വാസത്തോടെ നോക്കുകയാണ്. സഹോദരസഭകളുടെ ഒരുമയ്ക്ക് മാരാമൺ പ്രാർത്ഥനകൊണ്ട് കരുത്തു പകരണം" എന്ന് തിരുമേനി പറഞ്ഞു.

അതേസമയം കോട്ടയം ഏലിയാ കത്തീഡ്രലിൽ നടന്ന പ്രതിഷേധ സമ്മേളനത്തിൽ ത്യാഗം ചെയ്യാൻ ഓർത്തഡോക്സ് സഭ തയ്യാറാണെന്ന് നിയുക്തബാവാ മാർ മിലിത്തിയോസ് തിരുമേനി പറഞ്ഞു. ഒരു റാലി അടിച്ചമർത്തിയാൽ ആയിരം റാലികളുണ്ടാകും. തിരുവനന്തപുരത്ത് കഴിഞ്ഞ ദിവസം സഭാമാർച്ചിനിടയിലുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ കോട്ടയത്തു നടത്തിയ പ്രതിഷേധ സമ്മേളനം ഉത്ഘാടനം ചെയ്യുകയായിരുന്നു തിരുമേനി. അദ്ദേഹം തുടർന്നു പറഞ്ഞു, "ഓർത്തഡോക്സു വിശ്വാസികൾ സമാധാനപ്രിയരും, സത്യസന്ധരുമാണ്.

ഇതിന്റെ പേരിൽ സത്യവിശ്വാസികളുടെ മേൽ എന്തുമാകാമെന്ന് സർക്കാരും, വിഘടിത വിഭാഗവും കരുതുന്നെങ്കിൽ അതു തെറ്റാണ്. പ്രതികരിക്കേണ്ട സമയത്തു പ്രതികരിക്കാൻ ഓർത്തഡോക്സ് വിശ്വാസികൾക്കറിയാം. ജനാധിപത്യ സർക്കാരിൽ നിന്നു ലഭിക്കേണ്ട നീതി ഓർത്തഡോക്സ് സഭയ്ക്കു ലഭിച്ചില്ല. ജനാധിപത്യ വ്യവസ്ഥിതിയേയും കോടതിവിധികളേയും വെല്ലുവിളിച്ചാണ് സർക്കാർ മറുവിഭാഗത്തിന് വഴിവിട്ട സഹായങ്ങൾ ചെയ്തുകൊടുത്തത്. തൃക്കുന്നത്തു സെമിനാരി സംഭവത്തിനുശേഷം മന്ത്രിമാരായ ടി. യു. കുരുവിളയ്ക്കും, ശർമ്മയ്ക്കും വിഘടിത വിഭാഗം നന്ദി പറഞ്ഞത് ഈ അവിഹിത കൂട്ടുകെട്ടിനു തെളിവാണ്. മുഖ്യമന്ത്രിയേയും ആഭ്യന്തരമന്ത്രിയേയും കണ്ട് നിവേദനം നൽകാനെത്തിയ ഞാനടക്കമുള്ള നാലു മെത്രാപ്പോലീത്തന്മാരെ തടയാനാണ് പോലീസ് ശ്രമിച്ചത്. ഇതിനിടെ സാമൂഹ്യവിരുദ്ധർ ഉണ്ടാക്കിയ പ്രശ്നത്തിന്റെ പേരിൽ സമാധാനപരമായി പ്രകടനം നടത്തിയ വിശ്വാസികളെ മർദ്ദിച്ചത് നീതീകരിക്കാനാവില്ലെന്നും തിരുമേനി പറഞ്ഞു.

ഐസക് മാർ ക്ലിമ്മിസ്. റീത്തു കാതോലിക്കാ മാർ ക്ലിമ്മിസ് പരിഹാസ സ്വരത്തിൽ പ്രസ്താവിച്ചു: "വിശ്വാസികൾക്കിടയിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന മത്സരം ഇപ്പോൾ തെരുവിലേക്കു നീക്കിയത് ആകമാന ക്രൈസ്തവ സമൂഹത്തിന് അപമാനമാണ്. രക്തം വാർന്നൊലിച്ച് ക്രൈസ്തവർ തെരുവിൽ പോരടിക്കുമ്പോൾ മത്സരം ഉപേക്ഷിക്കാൻ സഭാനേതൃത്വം തയ്യാറാവണം. പരസ്പര സംഘർഷങ്ങൾ ക്രൈസ്തവ സമൂഹത്തെ നാശത്തിലേക്കു നയിക്കും. ദാരിദ്ര്യത്തിനും അക്രമത്തിനും എതിരെയുള്ള യുദ്ധമാണ് ഇന്നിന്റെ ആവശ്യം."

ആലുവായിലെ കടന്നുകയറ്റവും, തിരുവനന്തപുരത്തെ ലാത്തിയടിയും വാദങ്ങളും പ്രതിവാദങ്ങളും ആരോപണങ്ങളും പ്രത്യാരോപണങ്ങളും കൊണ്ട് സഭാന്തരീക്ഷം മലീമസമായപ്പോൾ സഭാനേതൃത്വങ്ങളുടെ അകത്തളങ്ങളിൽ ഒരു ശബ്ദം മുഴങ്ങിക്കേട്ടു. "എന്റെ പ്രശ്നം അവസാനിച്ചു, നിങ്ങളുടെ പ്രശ്നം ആരംഭിച്ചിരിക്കുന്നു." മക്കാറിയോസ് തിരുമേനി അമേരിക്കയിലാണെങ്കിലും അദ്ദേഹത്തിന്റെ മേൽപ്പറഞ്ഞ ശബ്ദം നേതാക്കന്മാരുടെ ഹൃദയങ്ങളിൽ വിങ്ങൽ സൃഷ്ടിച്ചു.

അദ്ധ്യായം 20

സഭാതർക്കങ്ങളും ചില നിർദ്ദേശങ്ങളും

സഭാതർക്കങ്ങൾ വീണ്ടും ഉരുണ്ടുകൂടി. പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്ന പ്രസ്താവനകളുമായി സി.പി.എം. സെക്രട്ടറി പിണറായി വിജയനും പാത്രിയർക്കീസ് കക്ഷിയിൽ നിന്നു കമ്യൂണിസ്റ്റു മന്ത്രിസഭയിൽ കയറിപ്പറ്റിയ ടി. യു. കുരുവിളയും രംഗത്തു വന്നപ്പോൾ അതെപ്പറ്റി ഓർത്തഡോക്സ് സഭയ്ക്കുള്ള വിയോജിപ്പും പ്രതികരണവും അറിയിക്കാൻ ഡൽഹി മെത്രാപ്പോലീത്താ ജോബ് മാർ പീലക്സിനോസ് ഡൽഹിയിലെത്തിയ പിണറായിയേയും മുഖ്യമന്ത്രി വി. എസ്സിനേയും സന്ദർശിച്ചെങ്കിലും ഒറ്റയടിക്ക് പ്രശ്നപരിഹാരം പ്രയാസമായിരിക്കുമെന്നാണ് ആ നേതാക്കന്മാർ പ്രതിവചിച്ചത്. തൃക്കുന്നത്ത് സെമിനാരി മലങ്കരസഭയുടെ സ്വത്താണെന്നുള്ള കോടതിവിധിയെ മാനിച്ച് മദ്ധ്യസ്ഥതയ്ക്ക് ശ്രമിക്കയാണ് വേണ്ടതെന്ന് മുഖ്യമന്ത്രിയെ തിരുമേനി ധരിപ്പിച്ചു.

അതേസമയം ഡബ്ലിയു.സി.സി. സെക്രട്ടറി റവ. സാം കോബിയാ ദേവലോകത്തു പ. ബാവായെ സന്ദർശിച്ച് തർക്കമുള്ള സഭകൾ ആവശ്യപ്പെട്ടാൽ വേൾഡ് കൗൺസിൽ ഇടപെട്ട് പരിഹാരത്തിനായി പരമാവധി സഹായകരമായ നിലപാട് സ്വീകരിക്കാമെന്ന് അറിയിച്ചു. നിയുക്തബാവാ മാർ മിലിത്തിയോസ്, തുമ്പമൺ മെത്രാപ്പോലീത്താ മാർ യൗസേബിയോസ്, സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ്ജ്, സഭാ സെക്രട്ടറി അലക്സാണ്ടർ കാരയ്ക്കൽ എന്നിവർ തൽസമയം സന്നിഹിതരായിരുന്നു.

ഓർത്തഡോക്സ് സഭയുടെ യുവജനവിഭാഗം സർക്കാരിന്റെ ഇരട്ടത്താപ്പു നയത്തിനെതിരെ പ്രതികരിച്ചു. റോമാസഭയുടെ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ കോടതിവിധിപ്രകാരം പോലീസ് നടപടി സ്വീകരിച്ചപ്പോൾ അവിടം സന്ദർശിച്ച് ഖേദം പ്രകടിപ്പിച്ച പിണറായിയോ, അദ്ദേഹത്തിന്റെ പാർട്ടി ഭരിക്കുന്ന സർക്കാരോ ഓർത്തഡോക്സ് വിശ്വാസികളുടെ കാര്യത്തിൽ ഈ ശ്രദ്ധ കാണിച്ചില്ലെന്ന് തന്നെയല്ല, ആലുവാ സെമിനാരിയിൽ വിഘടിത വിഭാഗം കൈയേറ്റം നടത്തിയതിനെ ഭരണകൂടം സഹായിക്കയാണ് ചെയ്തതെന്നും തിരുവനന്തപുരത്തെ ക്രൂരമർദ്ദനം മന്ത്രിസഭയിലെ ചിലരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി നടത്തിയതാണെന്നും ജനറൽ സെക്രട്ടറി ഫാദർ വറുഗീസ് വറുഗീസും ഫാദർ നൈനാൻ കുറിയാക്കോസും ഒരു പ്രസ്താവനയിൽ കുറ്റപ്പെടുത്തി.

ഇതിനിടെ തൃക്കുന്നത്തു സെമിനാരി പാത്രിയർക്കീസ് വിഭാഗത്തിന്റെ

വകയാണെന്ന് കാണിച്ച് രേഖകൾ മന്ത്രിമാർക്ക് നൽകിയെന്ന് തോമസ് ഒന്നാമൻ ബാവായുടെ പ്രസ്താവന വന്നതോടെ അലക്സാണ്ടർ കാരയ്ക്കൽ പ്രതികരിച്ചു.

1974 മുതൽ ഇതു സംബന്ധിച്ച് കോടതിയിൽ അനേകം കേസുകൾ നടത്തിയിട്ടും എല്ലാറ്റിലും പാത്രിയർക്കീസ് വിഭാഗം പരാജയപ്പെട്ടിടത്ത്, കോടതികളിൽ വിജയിക്കാൻ കഴിയാത്ത രേഖകൾ മുഖ്യമന്ത്രിക്കോ ആഭ്യന്തരമന്ത്രിക്കോ കൈമാറിയാൽ സെമിനാരി കൊടുക്കേണ്ട കാര്യമില്ല. എഎഎസ് 262/2003 നമ്പരായി ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. ഈ രേഖകൾ ഹാജരാക്കി കഴിയുമെങ്കിൽ വിജയിക്കട്ടെ എന്നു കാരയ്ക്കൽ വെല്ലുവിളിച്ചു.

ഒരു വിൽപത്രവുമായി തോമസ് ബാവാ വീണ്ടും രംഗത്ത്

1902-ൽ എഴുതിയ ഒരു വിൽപത്രം പൊക്കിക്കാട്ടി ആലുവാ സെമിനാരിയുടെ ഉടമസ്ഥാവകാശം മലങ്കര മെത്രാപ്പോലീത്താ ആയ തനിക്കാണെന്ന് ശ്രേഷ്ഠബാവാ ഒരു പരസ്യപ്രസ്താവനയുമായി വീണ്ടും രംഗത്തേക്കു വന്നു.

പക്ഷേ ആ അവകാശവാദങ്ങൾ പൊള്ളയും അബദ്ധജടിലവുമാണെന്ന് ഓർത്തഡോക്സ് സഭ പ്രഖ്യാപിച്ചു. വാകത്താനം ഗീവറുഗീസ് റമ്പാച്ചന്റെ (പിന്നീട് ഗീവറുഗീസ് ഒന്നാമൻ ബാവാ) നേതൃത്വത്തിൽ തൃക്കുന്നത്തു സെമിനാരി നിർമ്മിക്കുമ്പോൾ സഭയിൽ പിളർപ്പില്ല. 1912-ൽ കാതോലിക്കേറ്റ് സ്ഥാപിതമായതിലൂടെ സഭയ്ക്കു പൂർണ്ണ സ്വാതന്ത്ര്യവും ആത്മീയവും ഭൗതികവുമായ സ്വയംഭരണവും ഉണ്ടായി.

ഇതിനുശേഷം പാത്രിയർക്കീസിന് മലങ്കരസഭയുടെ മേലുള്ള അവകാശങ്ങൾ ശൂന്യാവസ്ഥയിലെത്തിയെന്നും അദ്ദേഹത്തിന് ഏതെങ്കിലും വിധത്തിലുള്ള അധികാരം വിനിയോഗിക്കണമെങ്കിൽ കാതോലിക്കാ ബാവായുടെ അനുവാദം ആവശ്യമാണെന്നും 1958, 1995-കളിൽ സുപ്രീം കോടതി വ്യക്തമായി വിധിച്ചു. ഈ രണ്ടു വിധികളും എല്ലാ പാത്രിയർക്കീസന്മാരും ആലുവാ സെമിനാരി സ്ഥാപനശേഷമുള്ള പാത്രിയർക്കീസു വിഭാഗവും അംഗീകരിച്ചിട്ടുള്ളതാണ്. ഈ ഉടമ്പടിയിലൂടെ നിർണ്ണയിക്കപ്പെട്ട സെമിനാരിയുടെ അവകാശം 2002-ൽ മാത്രം സൃഷ്ടിക്കപ്പെട്ട ഒരു കൂട്ടായ്മയാണെന്നു പറയുന്നത് ചരിത്രപരമായി നിലനിൽക്കുന്നതല്ല. ഈ കൂട്ടായ്മയ്ക്കും മുൻ പാത്രിയർക്കീസ് ഭാഗം ഉണ്ടാകുന്നതിനും മുമ്പാണ് ഈ സ്ഥാപനം ഉണ്ടാകുന്നതെന്ന് ഓർക്കണം. "അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായുടെ പൂർണ്ണ നിയന്ത്രണത്തിൽ ഈ സ്ഥാപനം ഇരിക്കേണ്ടതാണ്" എന്നാണ് വിൽപത്രത്തിൽ പറയുന്നത്.

1973-ൽ പാത്രിയർക്കീസു വിഭാഗം സെമിനാരിക്ക് അവകാശവാദമുന്നയിച്ച് കേസു നൽകി. 1975-ൽ കോടതി ആ വാദം തള്ളി. 1981-ൽ സെമിനാരി ചാപ്പൽ ഇടവകപ്പള്ളിയാണെന്നും വിട്ടുതരണമെന്നും കാണിച്ചു നൽകിയ കേസിൽ 2003-ൽ വിധി ഉണ്ടായി. ചാപ്പൽ സെമിനാരിയുടെ ഭാഗമാണെന്നും പാത്രിയർക്കീസ് വിഭാഗത്തിന് യാതൊരു അവകാശവുമില്ലെന്നും വിധിച്ചു.

വിൽപ്പത്രത്തെക്കുറിച്ച് അവകാശവാദമുണ്ടെങ്കിൽ അത് പ്രൊബേറ്റു ചെയ്യാനും നടപ്പാക്കാനും കോടതിയെ സമീപിക്കയാണ് വേണ്ടത്. അതിനു പകരം ജനങ്ങളെ സംഘടിപ്പിച്ച് കൈയേറ്റത്തിന് ശ്രമിക്കയല്ല വേണ്ടത്. അവിടെ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാർ മലങ്കരസഭയുടെ പൊതു പിതാക്കന്മാരാണ്. ഇതെല്ലാം തോമസ് ഒന്നാമൻ ബാവായ്ക്കും അനുയായികൾക്കും അറിയാവുന്ന കാര്യങ്ങളാണ്. 2005-ൽ ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ സെമിനാരിമേൽ ഓർത്ത ഡോക്സ് സഭയ്ക്കു മാത്രമാണ് അവകാശം എന്ന് യാക്കോബായ ട്രസ്റ്റി ജോർജ്ജ് മാത്യുവും സമ്മതിച്ച് ഒപ്പിട്ടു നൽകിയിട്ടുണ്ട്. അതുകൊണ്ടാണ് 2006-ലെ പെരുനാളിന് തോമസ് ബാവായോ മറ്റു മെത്രാന്മാരോ പ്രവേശിക്കാതിരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ വന്നപ്പോൾ അനധികൃതമായ തങ്ങളുടെ ഭാഗ്യം ഒരിക്കൽകൂടി പരീക്ഷിക്കാൻ തീരുമാനിച്ചതിന്റെ ഫലമാണ് ജനുവരി പ്രവേശനം. ആ തന്ത്രം വിജയിച്ചതിനാൽ ഒരിക്കൽ ഉപേക്ഷിച്ച അവകാശവാദങ്ങൾ വീണ്ടും ഉയർത്തുകയാണ് തോമസ് ബാവാ ചെയ്തത്. ഈ പ്രശ്നമടക്കമുള്ള കാര്യങ്ങളിൽ നീതിയുക്തമായും സഭാഭരണഘടനയ്ക്കും കോടതിവിധികൾക്കും വിധേയമായും ചർച്ചകളുണ്ടായാൽ ഓർത്തഡോക്സ് സഭ സഹകരിക്കും. സഭ അതിന്റെ വാതിലുകൾ സമാധാനത്തിന് തുറന്നിട്ടിരിക്കയാണ്.

"മത പ്രശ്നങ്ങൾ തീർക്കേണ്ടത് മതനേതാക്കൾ തന്നെ." ജഡ്ജി രാംകുമാർ നിർണ്ണായകമായ കത്തിപ്പാറത്തടം സെന്റ് ജോർജ്ജ് പള്ളിയുടെ വിധിയിലാണ് ഹൈക്കോടതി ജഡ്ജി രാംകുമാർ ഇപ്രകാരം പറഞ്ഞത്. ഈ പള്ളിയിൽ കർമ്മാനുഷ്ഠാനങ്ങൾ നടത്താൻ ഓർത്ത ഡോക്സ് സഭയിലെ വികാരിക്ക് ഇന്നുതന്നെ താക്കോൽ കൈമാറാമെന്ന് ഇടുക്കി കളക്ടർ പറഞ്ഞു.

രാജ്യത്തെ പരമോന്നത നീതിപീഠം തീർപ്പാക്കിയ സഭാപ്രശ്നങ്ങളുടെ പേരിൽപോലും സംസ്ഥാനത്ത് അക്രമവും അസ്വസ്ഥതയും നടമാടുകയാണെന്ന് ഹൈക്കോടതി പറഞ്ഞു. രാഷ്ട്രീയ പ്രശ്നങ്ങൾ പരിഹരിക്കാൻ രാഷ്ട്രീയ നേതാക്കൾ ശ്രമിക്കുന്നതുപോലെ മതപരമായ പ്രശ്നങ്ങൾ മതനേതാക്കൾ ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കയായിരുന്നു വേണ്ടി

യിരുന്നതെന്ന് കോടതി അഭിപ്രായപ്പെട്ടു. ഒരിക്കൽ ഈ പ്രശ്നം കോടതിയിൽ എത്തിയാൽ കോടതിയുടെ തീർപ്പ് അന്തിമമായി കരുതണമെന്നും ജസ്റ്റീസ് രാംകുമാർ പറഞ്ഞു.

ഈ പള്ളിയിൽ യാക്കോബായ വിശ്വാസികൾക്ക് ആരാധനയിൽ പങ്കെടുക്കണമെങ്കിൽ 1934-ലെ ഭരണഘടനയെ ചോദ്യം ചെയ്യില്ലെന്നും പ. കാതോലിക്കാ ബാവായുടെ പരമാധികാരം അംഗീകരിച്ചുകൊള്ളാമെന്നും വികാരിക്ക് എഴുതി നൽകണം. യാക്കോബായ വിശ്വാസികൾ 34-ലെ ഭരണഘടന ചോദ്യം ചെയ്യാൻ പാടില്ലാത്തതാണെന്ന് സുപ്രീംകോടതി അന്തിമതീർപ്പ് കൽപ്പിച്ചിരുന്നു. ഇതേ പ്രശ്നം വീണ്ടും കോടതികളിൽ ചർച്ച ചെയ്യേണ്ടതില്ലെന്നും ജസ്റ്റീസ് രാംകുമാർ കൂട്ടിച്ചേർത്തു.

ഈ ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ പോകുമെന്ന് യാക്കോബായ സഭാസെക്രട്ടറി തമ്പു തുകലനും ട്രസ്റ്റി ജോർജ്ജ് മാത്യുവും പറഞ്ഞു. 1934-ലെ ഭരണഘടന അനുസരിക്കുന്ന പള്ളികളിൽ മാത്രമാണ് കാതോലിക്കാ ബാവായ്ക്ക് അധികാരമുള്ളതെന്നും യാക്കോബായ വിഭാഗം പള്ളികളിലെ ഭരണം 2002-ലെ ഭരണഘടനയനുസരിച്ച് ആണെന്നും അവർ പറഞ്ഞു.

ഈ ഹൈക്കോടതിവിധി ഉണ്ടായിട്ടും പള്ളിയുടെ താക്കോൽ ഓർത്ത ഡോക്സ് വികാരി ഫാ. കെ. കെ. വറുഗീസിനു കൈമാറാൻ പാത്രിയർക്കീസു വിഭാഗം തയ്യാറായില്ല. ഇതിൽ പ്രതിഷേധിച്ച് ഓർത്ത ഡോക്സ് സഭ പള്ളിയുടെ മുൻവശത്ത് മൗനജാഥയും പ്രതിഷേധയോഗവും നടത്തി. കഴിഞ്ഞ അഞ്ചു മാസമായി ഇടവക അനുഭവിക്കുന്ന അനീതിക്കും അക്രമ കൈയേറ്റ ശ്രമങ്ങൾക്കും എതിരെയുള്ള താക്കീതും പള്ളിപ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയുമാണ് കോടതിവിധിയെന്ന് പ്രതിഷേധയോഗത്തിൽ ഡോ. അത്താനാസ്യോസ് മെത്രാപ്പോലീത്താ പറഞ്ഞു. വികാരി കെ. കെ. വറുഗീസ് കരിമ്പനയ്ക്കൽ, ഭദ്രാസന സെക്രട്ടറി ഫാ. ഏബ്രഹാം കാരമേൽ, ഫാ. ഏലിയാസ് ചെറുകാട്, സ്റ്റീഫൻ വെള്ളത്തൂവൽ, എൻ. ഐ. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഫാ. കെ. കെ. വറുഗീസ് നൽകിയ ഹർജിയുടെ അടിസ്ഥാനത്തിലും കോടതിവിധിയുടെ വെളിച്ചത്തിലും തുടർന്ന് പള്ളിയിൽ ആരാധനയെക്കെത്തിയ പാത്രിയർക്കീസ് വിഭാഗത്തെ ജില്ലാഭരണകൂടം തടഞ്ഞു. വിധി നടപ്പാക്കുമെന്ന് ആർ.ഡി.ഒ. ഉറപ്പു നൽകുകയും ചെയ്തു. 1934-ലെ ഭരണഘടന അംഗീകരിച്ച് ഞായറാഴ്ച ആരാധനയിൽ പങ്കെടുക്കാൻ ആഗ്രഹിച്ച പാത്രിയർക്കീസ് വിശ്വാസികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ പാത്രിയർക്കീസു നേതാക്കന്മാർ ശ്രമിച്ചു.

കത്തിപ്പാറത്തടം പള്ളിയുടെ അവകാശം ഓർത്തഡോക്സ് സഭയ്ക്ക് ലഭിച്ചതോടെ തൊടുപുഴ ഡി.വൈ.എസ്.പി. കെ. വി. ജോസഫിന്റെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹത്തോടെ ഓർത്തഡോക്സ് സഭ ആരാധന നടത്തി. ഇതേസമയം പള്ളിക്കു പുറത്ത് കുരിശിൻതൊട്ടിയിൽ പാത്രിയർക്കീസ് വിഭാഗവും ആരാധന നടത്തിപ്പിരിഞ്ഞു.

കാവിക്കാരായ റീത്ത് അച്ചന്മാർ. "റീത്തുകാരുടെ കാവി വസ്ത്രവും മറ്റും, മറ്റു സഭകളിൽ നിന്ന് ആളുകളെ ആകർഷിക്കുന്നതിന് വളരെ ഉപകരിക്കുന്നു." എഴുതിയതു മറ്റാരുമല്ല, തിരുവനന്തപുരം റീത്തു സെമിനാരിയിൽ സുറിയാനി പഠിപ്പിക്കുന്ന 75 കാരനായ തൈക്കൂട്ടത്തിൽ ശമുവേൽ അച്ചനാണ്. ഓറിയന്റൽ ലിറ്റർജിയിലും കാനോൻ ലോയിലും സ്പെഷ്യലിസ്റ്റുകാരനായ അച്ചൻ റീത്തുസഭയുടെ വളർച്ചയിൽ ഊറ്റം കൊണ്ട് എഴുതിയ ഒരു ലേഖനത്തിലാണ് റീത്തുകാരുടെ വേഷവിധാനം മറ്റു സഭയിൽ നിന്നുള്ള ആളുകളെ പിടിക്കാൻ ഉപകരിക്കുന്ന കാര്യം പ്രസ്താവിച്ചത്. അദ്ദേഹം ഇപ്രകാരം എഴുതി:

"....long beards, black veils, and safforn cassacks set syro-malankara prelates attire uphold our tradition and identy. This dress would help us to win over more followers from the Orthodox Church... We are fast growing church in India. Many Jacobites come to our church as our litergy and traditions are similar to their traditions."

ഓർത്തഡോക്സ്-യാക്കോബായ സഭകളുടെ പാരമ്പര്യങ്ങളും ആരാധനാരീതികളും ഏറ്റെടുത്ത് അവരെ റീത്തു സഭയിലേക്ക് ആകർഷിച്ചതിന്റെ ഫലമായി ഇപ്പോൾ നാലര ലക്ഷം അംഗങ്ങളും (ഭൂരിപക്ഷവും അധകൃത സമുദായങ്ങളിൽ നിന്നു പ്രലോഭിപ്പിച്ച് മതംമാറ്റിയവരാണ്; സുറിയാനി ക്രിസ്ത്യാനികളല്ല എന്ന കാര്യം അടുത്തകാലത്ത് നടന്ന പഠനങ്ങളിലൂടെ വ്യക്തമായിട്ടുണ്ട്) 632 പട്ടക്കാരും 643 സെമിനാരി വിദ്യാർത്ഥികളും 17 ഓർഡറുകളിലായി 2030 മഠത്തിലമ്മമാരും ഉള്ള ഒരു സഭയായി വളർന്നതിൽ തൈക്കൂട്ടത്തിലച്ചൻ ലേഖനത്തിൽ ഊറ്റം കൊള്ളുന്നു. പെരുപ്പിച്ച ഈ കണക്കുകൾ മറ്റുള്ളവരുടെ കണ്ണിൽ പൊടിയിടാനാണ്.

ആ ലേഖനം വായിച്ച ഒരു ഇൻഫോർമേഷൻ ആൻഡ് ടെക്നോളജി എഞ്ചിനീയറായ 24-കാരൻ റോബി വറുഗീസ് അതെക്കുറിച്ച് ഇപ്രകാരം പ്രതികരിച്ചത് UCA news-ൽ പ്രസിദ്ധീകരിച്ചു കണ്ടു.

"..... They look like people from other planets. I don't feel comfortable with these bishops with ornamental dress and long beard. I like bishops who have a human face. They are our spiritual fathers, leaders who guide us

to become better christians." (ഇവർ അന്യഗ്രഹങ്ങളിൽ നിന്നു വന്നവരെപ്പോലെയാണ്. ഈ ആലങ്കാരിക കുപ്പായങ്ങളും, നീണ്ട താടിയുമുള്ള അവരിൽ എനിക്കു സന്തോഷമില്ല. മനുഷ്യത്വ മുഖമുള്ള മെത്രാന്മാരെയാണ് ഞാനിഷ്ടപ്പെടുന്നത്. അവർ കൂടുതൽ നല്ല ക്രിസ്തീയ ജീവിതത്തിന് ഞങ്ങൾക്കു മാർഗ്ഗദർശികളായ ആത്മീയ നേതാക്കളാണ്.).

മലങ്കരസഭയിൽ നിന്നു കടമെടുത്ത വേഷവിധാനങ്ങളോ ആരാധനാ സമ്പ്രദായങ്ങളോ അല്ല സാധാരണജനങ്ങളെ ആകർഷിക്കുന്നതെന്ന് ഇനി റീത്തുകാർ മനസ്സിലാക്കേണ്ടതുണ്ട്. ഓർത്തഡോക്സ് സഭയിലെ പിതാക്കന്മാരിൽ നിന്ന് ആത്മീയ ജീവിതം ഉൾക്കൊള്ളുന്ന സാധാരണക്കാരനേ റീത്തുകാരുടെ പ്രതാപമോ വൻസൗധങ്ങളോ, അരമനകളോ ഫൈവ്സ്റ്റാർ പള്ളികളോ ആകർഷിക്കുന്നില്ല എന്ന് റോബി വറുഗീസിന്റെ കത്ത് സൂചിപ്പിക്കുന്നു.

ബിഷപ്പന്മാരും അച്ചന്മാരും ലൗകിക ആഡംബരത്തിൽ ജീവിക്കുമ്പോൾ റീത്തു വിഭാഗത്തിൽ തന്നെ ഈ അച്ചന്മാരുടെ ഇടവകകളിലും ഈ മെത്രാന്മാരുടെ രൂപതകളിലും, കയറി കിടക്കാൻ കൂരകളോ, വയർ നിറയ്ക്കാൻ ആഹാരമോ ലഭിക്കാത്ത പട്ടിണിപ്പാവങ്ങളുടെ കാര്യത്തിൽ കൂടുതൽ ശുഷ്കാന്തി കാണിച്ചശേഷം അവരുടെ വേഷങ്ങളിൽ ഊറ്റം കൊണ്ടിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു.

അദ്ധ്യായം 21

പറവൂർ സുന്നഗോഗ്

കൊച്ചിയിലെ പുരാതന സുന്നഗോഗ് ഇന്നും കൊച്ചി സന്ദർശകർക്ക് വിസ്മരിക്കാവുന്ന സ്ഥലമല്ല. അവിടത്തെ 'തോറാ'യുടെ ചുരുളുകളും യഹൂദ നിലവിളക്കും ഒക്കെ സന്ദർശകർക്കും ചരിത്ര പഠിതാക്കൾക്കും കൗതുകം ഉണർത്തുന്നവയാണ്. യെറുശലേമിന്റെ പതനത്തോടെ ചിത റിക്കപ്പെട്ട യഹൂദന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയ കൂട്ടത്തിലാണ് ഒരു വിഭാഗം ഇന്ത്യയിൽ എത്തിയത്. അവരിൽ ഒരു പങ്ക് യഹൂദന്മാർ കേരളത്തിന്റെ പച്ചത്തഴപ്പിൽ ആകൃഷ്ടരായി കേരളത്തിൽ സ്ഥിരതാമസക്കാരായി. ഇസ്രായേൽ 1947-ൽ പുതിയ സാമ്രാജ്യമായ തോടെ ചിതറിയ്ക്കപ്പെട്ട യഹൂദന്മാരുടെ പിൻഗാമികൾ വീണ്ടും യെറു ശലേമിലേക്ക് തിരികെ മടങ്ങി. ആ പ്രവാസി യഹൂദന്മാർ ഇന്ന് ഇസ്രാ യേലിന്റെ അന്തർധാരയിൽ പ്രവേശിച്ചു കഴിഞ്ഞു. യെരുശലേം സന്ദർശി ക്കുന്ന മലയാളികൾക്ക് ശുദ്ധ മലയാളം സംസാരിക്കുന്ന യഹൂദനെ അവിടെ കാണുന്നതും കൗതുകം ഉണർത്തുന്നതാണ്. തിരികെപ്പോകാൻ കൂട്ടാക്കാതിരുന്ന ചുരുക്കം കുടുംബാംഗങ്ങൾ ഇന്ന് കൊച്ചി യൂദത്തെരു വിലെ സുന്നഗോഗിന്റെ സൂക്ഷിപ്പുകാരായി കഴിഞ്ഞുകൂടുന്നുണ്ട്. അവർ 'കറുത്ത യഹൂദർ' എന്നു വിളിക്കപ്പെടുന്നു. അവർ കേരള ജനതയു മായി ഒത്തൊരുമയോടെ കഴിഞ്ഞുവന്നിരുന്നു. എങ്കിലും യഹൂദവിശ്വാ സത്തിൽ നിന്നോ പാരമ്പര്യങ്ങളിൽ നിന്നോ അണുവിടപോലും വ്യതി ചലിക്കാതെ അവരുടെ ആരാധനാകേന്ദ്രമായ സുന്നഗോഗുമായി ബന്ധ പ്പെട്ടു കഴിയുന്നു.

മലങ്കരയിലെ സഭയ്ക്ക് കേരളക്കരയിലെത്തിയ യഹൂദന്മാരുമായി നല്ല ബന്ധങ്ങളുണ്ടായിരുന്നു. മലങ്കരസഭാ സ്ഥാപകനായ തോമ്മാശ്ലീഹാ ആരാധന ആരംഭിച്ച ആദ്യ സ്ഥലങ്ങളെല്ലാം യഹൂദന്മാരുടെ കുടിയേറ്റ പ്രദേശങ്ങളായിരുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കൊല്ലം, നിരണം, ചായൽ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം യഹൂദ സാന്നിദ്ധ്യമു ണ്ടായിരുന്നതായി കാണുന്നുണ്ട്. ഇതുപോലെ ചില കഥകൾ പുരാതന പട്ടണമായ കുന്നംകുളത്തിനും പറയാനുണ്ടായിരുന്നു. യഹൂദകോളനി കൾ നിലവിലിരുന്ന പാലയൂരിനും, പഴുന്നാനായ്ക്കും ഇടയ്ക്കു സ്ഥിതി ചെയ്തിരുന്ന കുന്നംകുളത്തിന് ചില കഥകൾ പറയാനുണ്ട്.

പാലയൂരിലെ ഉന്നതകുലജാതരെ മാമോദീസാ മുക്കി ക്രിസ്തുമത ത്തിൽ ചേർത്തശേഷം ശ്ലീഹാ കുന്നംകുളത്തിനു കിഴക്കുള്ള യഹൂദ കോളനിയായ പഴുന്നാനായിലേയ്ക്കു പോകുംവഴി, ഇന്ന് കുന്നംകുളം

ആർത്താറ്റു പള്ളിയിരിക്കുന്ന കുന്നിൽ വന്ന് വിശ്രമിക്കുമായിരുന്നെന്നും, ഒരിക്കൽ ആ വഴിയെ കടന്നുപോയ ശ്ലീഹാ വെള്ളമില്ലാത്ത ചീങ്കൽപ്പാറ നിറഞ്ഞ ആർത്താറ്റു പ്രദേശത്തുകാർ അവിടെ ഒരു കുളം കുഴിച്ചു വെള്ളത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. ആ നാട്ടുകാരോട് ഒരു വടി ചാട്ടി ആ സ്ഥലത്ത് വെള്ളം കിട്ടുമെന്ന് നിർദ്ദേശിച്ചു. തൽഫലമായി അവിടെ കുളം കുഴിച്ച് വറ്റാത്ത ജലസ്രോതസ്സ് കണ്ടെത്തിയെന്നും കുന്നംകുളത്തുകാരുടെ ഇടയിൽ പ്രബലമായ കഥ നിലനിൽക്കുന്നു. ശ്ലീഹാ വടി ചാട്ടിയ സ്ഥലം എന്ന നിലയിൽ ആ കുളത്തിനു 'ചാട്ടുകുളം' എന്ന പേരു നിലവിൽ വന്നു. കുന്നംകുളത്തിന് മുൻകാലങ്ങളിൽ ചാട്ടുകുളങ്ങര എന്നായിരുന്നു പേര്. സഭാചരിത്രത്തിന്റെ പ്രാചീനരേഖകളിൽ ആർത്താറ്റു പള്ളിയെ 'ചാട്ടുകുളങ്ങരപ്പള്ളി' എന്നാണ് പറഞ്ഞു കാണുന്നത്. ആ ചാട്ടുകുളങ്ങര പിന്നീട് "കുന്നംകുളങ്ങര" ആവുകയും കാലക്രമേണ 'കുന്നംകുളം' ആവുകയും ചെയ്തു.

നാം പറഞ്ഞു വന്നത് കേരളത്തിലെ യഹൂദ സാന്നിദ്ധ്യത്തെ കുറിച്ചായിരുന്നല്ലോ. കൊച്ചി സുന്നഗോഗിനെപ്പോലെ തന്നെ ശ്ലീഹാ സ്ഥാപിച്ച പറവൂർ പള്ളിയും ഒരു യഹൂദ കോളനിയുടെ സമീപമായിരുന്നു. അവിടെയും യഹൂദന്മാരുടെ ഒരു സുന്നഗോഗ് ഉണ്ടായിരുന്നു. ജീർണ്ണാവസ്ഥയിൽ ആയിരുന്ന ആ സുന്നഗോഗ് അടുത്തയിടെ പുരാവസ്തു വകുപ്പിനു വിട്ടുകൊടുത്തതോടെ കേരളത്തിലെ യൂദ ആരാധനാസ്ഥലങ്ങളെല്ലാം സർക്കാർ സംരക്ഷണത്തിലായി. നശിച്ചു തുടങ്ങിയ ഈ സുന്നഗോഗ് തോമ്മാശ്ലീഹാ സ്ഥാപിച്ച വടക്കൻപറവൂർ പള്ളിയുടെ സമീപം തന്നെ ആണെന്നുള്ളത് പഠന വിഷയമാക്കേണ്ടതാണ്.

അറ്റകുറ്റപ്പണി നടത്താതിരുന്നതിനാൽ ശോച്യാവസ്ഥയിലായ പറവൂർ സുന്നഗോഗ് ഏറ്റെടുക്കണമെന്ന ആവശ്യം ഉയർന്നെങ്കിലും ജൂത സമുദായത്തിലെ അവകാശത്തർക്കം മൂലം ഏറ്റെടുക്കൽ മുടങ്ങിക്കിടക്കുകയായിരുന്നു. 2007 ഫെബ്രുവരിയിലാണ് ജൂതസമുദായ അസോസിയേഷൻ ഉടമസ്ഥാവകാശ രേഖകൾ പുരാവസ്തു വകുപ്പിന് കൈമാറിയത്.

പറവൂർ സുന്നഗോഗിന് കുറഞ്ഞപക്ഷം 500 വർഷത്തെ പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. മേൽക്കൂരയും കൊത്തുപണികളും നാശത്തിന്റെ വക്കിലാണ്. ഒരു ഏക്കറിലായി കിടക്കുന്ന സുന്നഗോഗു പരിസരം മതിൽ കെട്ടി സംരക്ഷിക്കും. വിള്ളൽവീണ ഭിത്തികൾ പൊളിച്ചുനീക്കി അതേ മാതൃകയിൽ പുതുക്കിപ്പണിതാലേ കെട്ടിടം നിലനിർത്താനാവൂ. ചേന്ദമംഗലം സുന്നഗോഗിന്റെ മാതൃകയിൽ യഹൂദത്തനിമ നിലനിർത്തിയാവും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുക.

പറവൂരിന്റെ വ്യാപാരമേഖലയായ ഏഴങ്ങാടിയിൽ കോട്ടക്കാവു പള്ളിയുടെ കിഴക്കുഭാഗത്താണ് സുന്നഗോഗ് സ്ഥിതി ചെയ്യുന്നത്. സുന്നഗോഗിന്റെ തെക്കുവടക്കുള്ള തെരുവിന്റെ പേരാണ് യൂദത്തങ്ങാടി. സുന്നഗോഗിന്റെ മുൻവശത്തെ ഭിത്തിയിൽ ഏബ്രായഭാഷയിൽ എഴുതപ്പെട്ടിരുന്ന ലിഖിതത്തിൽ 1765-ൽ യഹൂദ പ്രമാണിയായിരുന്ന ദാവീദ് കാസ്റ്റിൽ പണം ചെലവഴിച്ച് പള്ളി പുനർനിർമ്മിച്ചതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സാമൂതിരി കൊടുങ്ങല്ലൂരിലെ ജൂദകോളനി അഗ്നിക്കിരയാക്കിയപ്പോൾ രക്ഷപ്പെട്ടു പോന്നവരാണ് കൊച്ചിയിലും പാലയൂരിലും പറവൂരും ഒക്കെ കുടിയേറിയത്. അവിടങ്ങളിലെല്ലാം സുന്നഗോഗുകൾ വച്ച് സ്ഥിരതാമസമാക്കിയെന്ന് യഹൂദപ്പഴമയിൽ പറയുന്നു. കോട്ടയിൽ കോവിലകവും സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

2007 മാർച്ച് 21-ലെ പരുമല അസോസിയേഷൻ

ഈ അസോസിയേഷന് വിലക്കുണ്ടെന്നുള്ള ധാരണ സമൂഹമദ്ധ്യേ പ്രചരിക്കാൻ ഇടയായിരുന്നു. ആരക്കുന്നം മണക്കാട് ജോൺ എം. വറുഗീസും മറ്റും ചേർന്ന് തിങ്കളാഴ്ച എറണാകുളം മുൻസിഫ് കോർട്ടിൽ സമർപ്പിച്ച ഹർജിയിന്മേലാണ് മുൻസിഫ് സന്തോഷ് കുമാർ ബാവായ്ക്കു നോട്ടീസയച്ചത്. ബാവായെ അസോസിയേഷൻ തെരഞ്ഞെടുത്തിട്ടില്ലെന്നായിരുന്നു കേസിലെ പരാതി. ഇതിന്റെ വാദം 27-ന് കേൾക്കുവാൻ മാറ്റിവച്ചു. ഇതിനെത്തുടർന്ന് ചൊവ്വാഴ്ച പരാതിക്കാർ അസോസിയേഷൻ നടത്തരുതെന്നാവശ്യപ്പെട്ടുകൊണ്ട് മറ്റൊരു ഹർജിയും കോടതിയിൽ എത്തിയിരുന്നു. ഇതാണ് അസോസിയേഷന് വിലക്കുണ്ടെന്നുള്ള പ്രചരണത്തിനു കാരണമായത്.

വാദം കേൾക്കാതെ ഒരു വിധിയും ഉണ്ടാവില്ലെന്ന് ഉറപ്പു ലഭിച്ചതിനെതുടർന്നാണ് അസോസിയേഷൻ നടപടിക്രമങ്ങൾ ആരംഭിച്ചത്.

അസോസിയേഷൻ മാർച്ച് 21-നു കൂടുന്നതിനാൽ വാദം 27-ന് മാറ്റിവച്ചത് സങ്കടകരമാണെന്നു കാണിച്ചുകൊണ്ടുള്ള കേസാണ് മുൻസിഫിന്റെ അതേ ബഞ്ചിലെത്തിയത്. അസോസിയേഷൻ നടക്കട്ടെ എന്നും അതിനു തടസ്സമുണ്ടാക്കരുതെന്നും എന്നാൽ തെരഞ്ഞെടുക്കപ്പെടുന്നവർ ചുമതല ഏൽക്കുന്നത് വിധിക്കുശേഷം മാത്രം ആയിരിക്കണമെന്നും കോടതി നിർദ്ദേശിച്ചിരുന്നു.

അതനുസരിച്ച് ക്രമപ്രകാരമുള്ള മലങ്കര അസോസിയേഷൻ ട്രസ്റ്റിമാരെയും മാനേജിംഗ് കമ്മിറ്റിയേയും തെരഞ്ഞെടുക്കുകയായിരുന്നു അസോസിയേഷന്റെ ഉദ്ദേശ്യം. മാർച്ച് 21-ന് പരുമല സെമിനാരിയിൽ

കൂടിയ അസോസിയേഷനിൽ 1319 വൈദികരും 2732 അവൈദികരും ഉൾപ്പെടെ 4051 അംഗങ്ങൾ പങ്കെടുത്തു. ഈ മഹാസമ്മേളനത്തിന്റെ വരണാധികാരിയായി സഭാചരിത്രത്തിൽ ആദ്യമായി ഒരു വനിത നിയമിക്കപ്പെട്ടത് ഒരു പുതുമയായിരുന്നു. തമിഴ്നാട് ലാൻഡ് റവന്യൂ സെക്രട്ടറി ഒ. പി. ശോശാമ്മയ്ക്കായിരുന്നു ഈ അപൂർവ്വ പദവി ലഭിച്ചത്. "പ. ബാവാ തിരുമേനി കൽപ്പിച്ചു നിയമിച്ച ഈ പദവി ഏത് ഔദ്യോഗിക പദവിയെക്കാൾ വിലമതിക്കത്തക്കതായി ഞാൻ വിലമതിക്കുന്നു" എന്ന് വിനയാന്വിതയായി ആ വനിത പ്രസ്താവിച്ചു.

വൈദികട്രസ്റ്റി. വൈദികട്രസ്റ്റി സ്ഥാനാർത്ഥിയായിരുന്ന ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, അടുത്ത സ്ഥാനാർത്ഥിയായ ഫാ. ഒ. തോമസിനേക്കാൾ 1054 വോട്ടുകളുടെ ഭൂരിപക്ഷത്തിൽ 2050 വോട്ടുകൾ നേടി തെരഞ്ഞെടുക്കപ്പെട്ടു.

1869 ഒക്ടോബർ 21 മുതൽ കഴിഞ്ഞ 137 വർഷങ്ങളിലായി 6 വൈദികർ ട്രസ്റ്റികളായി മലങ്കരസഭയുടെ ഭരണസാരഥ്യം വഹിച്ചിട്ടുണ്ട്.

ഇതേവരെ തെരഞ്ഞെടുക്കപ്പെട്ട വൈദിക ട്രസ്റ്റികൾ.

1. താഴത്തു ചാണ്ടപ്പിള്ള കത്തനാർ	1869
2. പാലപ്പള്ളി മാണി പൗലോസ് കത്തനാർ	1911–1955
3. മണലിൽ യാക്കോബു കത്തനാർ	1958–1962
4. ടി. എസ്. ഏബ്രഹാം കോറെപ്പിസ്കോപ്പാ	1962–1985
5. കോനാട്ട് ഏബ്രഹാം മൽപ്പാൻ	1982–1987
6. ഫാദർ മത്തായി നൂറനാൽ	1987–2002
7. ഫാദർ ഒ. തോമസ്	2004–2007
8. ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്	2007–2012

1886–1890 വരെ കോര യോഹന്നാൻ മൽപ്പാനും 1892–1911–ൽ കോര മാത്തൻ മൽപ്പാനും, 1982–87–ൽ ഏബ്രഹാം മൽപ്പാനും കോനാട്ടു കുടുംബത്തിൽ നിന്നു സഭാ ട്രസ്റ്റിമാർ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ വീണ്ടും ആ കുടുംബപാരമ്പര്യം നിലനിർത്തിക്കൊണ്ട് ഫാ. ജോൺസ് ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ടു.

അത്മായ ട്രസ്റ്റി. 2097 വോട്ടുകൾ നേടി എം. ജി. ജോർജ് മുത്തൂറ്റ് അത്മായ ട്രസ്റ്റിയായി പരുമലയിൽ വച്ചു തെരഞ്ഞെടുക്കപ്പെട്ടു. 1869 മുതൽ അത്മായ ട്രസ്റ്റി സ്ഥാനവും ക്രമമായി അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ടു വരുന്നു.

താഴെപ്പറയുന്നവർ അത്മായ ട്രസ്റ്റിമാരായിരുന്നിട്ടുണ്ട്.

1. കുളങ്ങര ഇട്ടിയച്ചൻ പൈലി 1869–1886
2. കുന്നുംപുറത്ത് കോര ഉലഹന്നാൻ 1886–1901
3. സി. ജെ. കുര്യൻ 1901–1911
4. ചിറക്കടവിൽ കോര കൊച്ചുകോരുള 1911–1931
5. എറികാട്ട് ഇ. ഐ. ജോസഫ് 1931–1945
6. ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാം 1958–1978
7. പി. സി. ഏബ്രഹാം പടിഞ്ഞാറെക്കര 1980–2007
8. മുത്തൂറ്റ് എം. ജി. ജോർജ്ജ് 2007–2012

പരുമലയിൽ ചേർന്ന ഈ അസോസിയേഷൻ പുതിയ മാനേജിംഗ് കമ്മിറ്റിയംഗങ്ങളായി 43 പട്ടക്കാരെയും 86 അത്മേനികളെയും തെരഞ്ഞെടുത്തു.

തെരഞ്ഞെടുക്കപ്പെടുന്ന മാനേജിംഗ് കമ്മിറ്റിക്കാരെ കൂടാതെ വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഏതാനും വ്യക്തികളെ കൂടി പ. ബാവാ നോമിനേറ്റു ചെയ്യുന്ന പതിവുണ്ട്. ഈ പ്രാവശ്യം 29 പേരെയാണ് നോമിനേറ്റു ചെയ്തത്.

പ. ബാവായ്ക്കു അസുഖം. സഭയുടെ നാനാവിധ പദ്ധതികളുടെയും വളർച്ചയുടെയും ചുക്കാൻ പിടിച്ചുകൊണ്ടിരിക്കവെ പ. ദിദിമോസ് ബാവായ്ക്ക് അപ്രതീക്ഷിതമായി തളർച്ച ഉണ്ടാവുകയും അദ്ദേഹത്തെ കോട്ടയം കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിക്കയും ചെയ്തു. കോലഞ്ചേരി മെഡിക്കൽ കോളജിൽ നിന്ന് ഡോക്ടറന്മാരുടെ വിദഗ്ദ്ധ സംഘം കാരിത്താസിൽ എത്തി പ്രത്യേക യോഗം വിളിച്ചുകൂട്ടി സ്ഥിതിഗതികൾ വിലയിരുത്തി. സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. 5 ദിവസത്തെ ചികിത്സയ്ക്കുശേഷം ഐസിയു വിൽ നിന്നു പ്രത്യേക മുറിയിലേക്കു മാറ്റി.

അദ്ധ്യായം 22

മാർ മക്കാറിയോസും ബാഹ്യകേരള ഭദ്രാസനവും

ഇന്ന് ഭൂഗോളം മുഴുവൻ പടർന്നു പന്തലിച്ചു കിടക്കുന്ന ബാഹ്യകേരള ഭദ്രാസനത്തിന്റെ ആദ്യകാല പ്രവർത്തകൻ എന്ന നിലയിൽ തുടങ്ങി അതിന്റെ ഭദ്രാസന മെത്രാപ്പോലീത്താ പദവി വരെ ഉയർന്ന മക്കാറി യോസിന് അതിന്റെ ആദ്യന്ത ചരിത്രം, അതിന്റെ ഭാഗധേയത്തിൽ ഭാഗ ഭാക്കായ നിലയ്ക്ക് നന്നായിട്ടറിയാമായിരുന്നു. ഏതു സ്ഥാപനത്തിന്റെയും വളർച്ച എളിയ പ്രവർത്തനത്തിൽ തുടങ്ങി ക്രമേണ ക്രമേണ വളർന്ന് പുഷ്ടി പ്രാപിക്കുക എന്ന സത്യം ബാഹ്യകേരള ഭദ്രാസനത്തിന്റെ കാര്യ ത്തിലും യാഥാർത്ഥ്യമാണ്.

ആദ്യകാലം. അന്നൊരു ഭദ്രാസനമുണ്ടായിരുന്നില്ല. എങ്കിലും ഇന്ത്യ യുടെ പ്രധാന പട്ടണങ്ങളിലും, സിലോൺ, സിംഗപ്പൂർ, മലേഷ്യ തുട ങ്ങിയ സ്ഥലങ്ങളിലെല്ലാം മലങ്കരസഭയുടെ മക്കൾ ജോലി തേടി എത്തി യിരുന്നു. പോയ സ്ഥലങ്ങളിലെല്ലാം പ്രാർത്ഥനാകൂട്ടങ്ങളും ആരാധനാ കൂട്ടങ്ങളും രൂപവൽക്കരിച്ചു. വല്ലപ്പോഴും സന്ദർശനാർത്ഥം എത്തുന്ന പുരോഹിതന്മാരെ ആരാധനയ്ക്കു നേതൃത്വം നൽകുന്നതിനു ഉപയോ ഗിച്ചും വന്നു.

അലക്സിയോസ് മാർ തേവോദോസ്യോസ്. ക്രാന്തദർശിയായ ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായുടെ കാലത്ത് ആദ്യ മായി ബാഹ്യകേരള പള്ളികളെ ഒരു ഭദ്രാസനമാക്കി. ബഥനിയുടെ മാർ തേവോദോസ്യോസിനെ "കേരളത്തിനു വെളിയിലുള്ള പള്ളികളുടെ" പ്രഥമ മെത്രാപ്പോലീത്താ ആയി നിയമിച്ചു. അതോടൊപ്പം കൊല്ലം ഭദ്രാ സനത്തിന്റെ മെത്രാപ്പോലീത്താ സ്ഥാനം അദ്ദേഹം തുടരുകയും ചെയ്തു. ഇക്കാലത്ത് പത്രോസ് മാർ ഒസ്താത്തിയോസ് ഒരു ഇന്ത്യൻ മിഷനറി പര്യടനം നടത്തി പ്രധാന പട്ടണങ്ങളിലെല്ലാം വി. കുർബ്ബാന അർപ്പി ക്കയും ചെയ്തു. ബഥനിയുടെ മാർ തേവോദോസ്യോസ് ആബോ അല ക്സിയോസ് ആയിരുന്ന സമയത്ത് സിംഗപ്പൂർ, മലേഷ്യാ മുതലായ പൂർ വ്വേഷ്യൻ രാജ്യങ്ങൾ സന്ദർശിച്ചിരുന്നു. ഗീവറുഗീസ് രണ്ടാമൻ ബാവാ യോടൊപ്പം അഖിലലോക സഭാ കൗൺസിൽ രൂപംകൊള്ളുന്ന സമ്മേ ളനത്തിൽ പങ്കെടുക്കുന്നതിനായി പോയപ്പോൾ നടത്തിയ എഡിൻബറോ, യൂറോപ്പ് സന്ദർശനവേളയിലും തുടർന്ന് 1948-ൽ ആംസ്റ്റർഡാമിൽ ചേർന്ന WCC സമ്മേളനത്തിന്റെ സമയത്തും യൂറോപ്പിലെ പല രാജ്യങ്ങളിലും

ചിതറിപ്പാർത്തിരുന്ന മലങ്കരസഭാ മക്കളെ മാർ തേവോദോസ്യോസ് സന്ദർശിച്ച് ആരാധന നടത്തിയിട്ടുണ്ട്.

"ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ"

മാർ തേവോദോസ്യോസ് അതേ തുടർന്നു നടത്തിയ ഭാരത പര്യടനത്തിനിടയിൽ ഡൽഹി, കൽക്കട്ട, ബോംബെ, പൂനാ, ഹൈദ്രബാദ്, ബാംഗ്ലൂർ, മദ്രാസ്, കോയമ്പത്തൂർ തുടങ്ങിയ പട്ടണങ്ങളിലെല്ലാം പട്ടക്കാരുടെ ആവശ്യം നേരിട്ടു മനസ്സിലാക്കുകയും, കേരളത്തിനു വെളിയിൽ സേവനം അനുഷ്ഠിക്കുവാൻ പട്ടം ഏൽക്കുന്നതിന് താൽപ്പര്യമുള്ളവരെ കണ്ടെത്തുന്നതിന് ശ്രമിക്കയും ചെയ്തു. വൈദിക ദൈവവിളി ഉള്ളവരെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനും കേരളത്തിനു വെളിയിൽ സേവനം അനുഷ്ഠിക്കുന്നതിന് അവരെ സഹായിക്കുന്നതിനും ഒക്കെയായി തിരുമേനി 'ഇന്ത്യൻ ഓർത്തഡോക്സ് മിഷൻ' എന്ന സംഘടനയ്ക്ക് രൂപംകൊടുത്തു. ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ, അസംഘടിതമായി കിടന്ന ഇടവകകളെ ഒരേ ചരടിൽ കൂട്ടിച്ചേർത്ത് കേരളത്തിനു വെളിയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് അതിന് ഊടും പാവും ഇട്ടതും തേവോദോസ്യോസ് തിരുമേനി തന്നെ ആയിരുന്നു.

അച്ചനായി കൽക്കട്ടാ ബിഷപ്സ് കോളജിൽ താമസിച്ചും മലങ്കരസഭയെ പ്രതിനിധീകരിച്ച് പല രാഷ്ട്രങ്ങളിലും വൻ സദസ്സുകളിലും മലങ്കരസഭയെ അവതരിപ്പിച്ചും പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങൾ കണ്ടും അനുഭവിച്ചും ലഭിച്ച അദ്ദേഹത്തിന്റെ അനുഭവജ്ഞാനവും ബാഹ്യകേരള ഭദ്രാസനത്തിന് ഒരു മുതൽക്കൂട്ടായിത്തീർന്നു.

അങ്ങനെ ഇന്ത്യൻ ഓർത്തഡോക്സ് മിഷനിലേക്ക് ആദ്യം തെരഞ്ഞെടുക്കപ്പെട്ട യുവാക്കളിൽ ഒരാളായിരുന്നു മാർ മക്കാറിയോസ്. അന്നത്തെ നാലു പേർ താഴെപ്പറയുന്നവരായിരുന്നു.

1. കെ. സി. തോമസ്, കുറ്റിക്കണ്ടത്തിൽ, അയിരൂർ. (പിന്നീട് ഈ ഭദ്രാസനത്തിന്റെ തന്നെ മെത്രാപ്പോലീത്താ ആയിത്തീർന്ന തോമസ് മാർ മക്കാറിയോസ്).
2. കെ. എ. ജോർജ്ജ്, പുത്തൻകാവ് (പിന്നീട് തിരുവനന്തപുരത്ത്).
3. സി. വി. ജോൺ, ചാവടി വടക്കേതിൽ, കൊല്ലകടവ്.
4. സൈമൺ മാത്യൂസ്, പുത്തേത്ത് വടക്കേതിൽ, അയിരൂർ.

ഇവരെ നാലു പേരെയും ഏതാനുംനാൾ ബഥനി ആശ്രമത്തിൽ താമസിപ്പിച്ച് തിരുമേനിയുടെ നേതൃത്വത്തിൽ ആദ്യപരിശീലനം നടത്തിയ ശേഷം കെ. എ. ജോർജ്ജിനെ കൽക്കട്ടാ ബിഷപ്സ് കോളജിലും മറ്റു മൂന്നു പേരെയും കോട്ടയം വൈദികസെമിനാരിയിലും വൈദിക പരിശീ

ലനത്തിനായി അയച്ചു. പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാതന്നെ വേറെ 11 പേരോടൊരുമിച്ച് 1952 ഫെബ്രുവരി 23-ന് യൗപ്പദ്യക്കിനോ സ്ഥാനം നൽകി (മക്കാറിയോസ് തിരുമേനി കാലം ചെയ്തതും ഒരു ഫെബ്രുവരി 23 ആണെന്നുള്ളത് ഒരു പ്രത്യേകതയാണ്). 1952 മാർച്ച് 16-ാം തീയതി മാങ്ങാനം എബനേസർ ദയറായിൽ വച്ച് 4 ശെമ്മാശന്മാരെ പൂർണ്ണ ശെമ്മാശന്മാരാക്കി. 1952 സെപ്റ്റംബർ 21-നു ഈ നാലു ശെമ്മാശന്മാരെ മദ്രാസ് ഹോളി ഇമ്മാനുവേൽ പള്ളിയിൽ (ബ്രോഡ്വേയിലുള്ള ഇപ്പോഴത്തെ ഓർത്തഡോക്സ് കത്തീഡ്രൽ) വച്ച് ബസ്സേലിയോസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മാർ തേവോദോസ്യോസിന്റെ സഹകരണത്തിലും കശ്ശീശന്മാരാക്കി (കേരളത്തിനു വെളിയിൽ വച്ചു നടന്ന ആദ്യത്തെ പട്ടംകൊട ശുശ്രൂഷയും ഇതുതന്നെ ആയിരുന്നു). ബാഹ്യകേരളത്തിലെ ആദ്യ പട്ടംകൊട ആയിരുന്നതിനാൽ തെക്കെ ഇന്ത്യയിലെ മിക്ക പട്ടണങ്ങളിൽ നിന്നുമുള്ള വിശ്വാസികൾ പരിശുദ്ധ ബാവായ്ക്കും ഇടവക മെത്രാപ്പോലീത്തായ്ക്കും മദ്രാസിൽ നൽകിയ വരവേൽപ്പിലും പട്ടംകൊടയിലും അവർക്കു നൽകിയ സ്വീകരണത്തിലും സംബന്ധിക്കുന്നതിന് എത്തിയിരുന്നു. ബാഹ്യകേരളത്തിനു വേണ്ടി പട്ടം ഏൽക്കുന്ന ഇവരുടെ പട്ടംകൊട വി. തോമ്മാശ്ലീഹായുടെ അന്ത്യശ്വാസം നിറഞ്ഞ മദ്രാസിൽ വച്ചുതന്നെ വേണമെന്ന് തിരുമേനി മാർ നിശ്ചയിക്കയായിരുന്നു.

ബാഹ്യകേരളത്തിന്റെ അത്യാവശ്യം പരിഗണിച്ച് അധികം താമസിയാതെ തന്നെ ഈ നാലു പേരെയും നാലു പട്ടണങ്ങളിലേക്ക് അയച്ചു. ഫാ. കെ. സി. തോമസിനെ രാഷ്ട്രത്തിന്റെ തലസ്ഥാനമായ ഡൽഹിക്കും, ഫാ. കെ. എ. ജോർജ്ജിനെ കൽക്കട്ടായ്ക്കും, ഫാ. സി. വി. ജോണിനെ പൂനെയ്ക്കും, ഫാ. സൈമൺ മാത്യൂസിനെ കോയമ്പത്തൂരും പോസ്റ്റു ചെയ്തു.

ഫാ. കെ. സി. തോമസ് (അയിരൂർ) ഡൽഹിയിൽ ചുമതല ഏൽക്കുന്നതിനായി പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവായെ കണ്ട് അനുമതിയും അനുഗ്രഹാശ്ശിസുകളും സ്വീകരിപ്പാൻ ദേവലോകത്തു ചെന്നു. പ്രാർത്ഥിച്ചനുഗ്രഹിച്ച ശേഷം അദ്ദേഹം ചോദിച്ചു: "തനിക്കു കുർബ്ബാന ചൊല്ലാനുള്ള കാപ്പയുണ്ടോ?" കെ. സി. തോമസച്ചൻ പറഞ്ഞു, "ഇല്ല, ഞാൻ അങ്ങു ചെന്നശേഷം തയ്പിച്ചു കൊള്ളാം." പ. പിതാവ് ഉൾമുറിയിലേക്കു പോയശേഷം ഒരു കാപ്പ സെറ്റുമായി പുറത്തേക്കു വന്നു. അതു നൽകിക്കൊണ്ട് അദ്ദേഹം കൽപ്പിച്ചു, "ഇത് പരുമല ബാവായുടേതാണ്. വിശുദ്ധിയോടുകൂടി സൂക്ഷിച്ചുകൊള്ളണം." തൃക്കരം മുത്തി തോമസച്ചൻ ഏലിയാവിന്റെ ആ പുതപ്പ് ഏറ്റുവാങ്ങി. തന്റെ മദ്ധ്യസ്ഥനായ പരിശുദ്ധ പരുമല തിരുമേനിയുടെ കാപ്പായുമായി

ട്ടാണ് അച്ചൻ ഇറങ്ങിയത്. തന്റെ സഹപ്രവർത്തകരായിരുന്ന മറ്റു മൂന്ന് പട്ടക്കാരേക്കാൾ ഡൽഹി വികാരിയായിട്ടും പിന്നീട് അമേരിക്കൻ ഭദ്രാസന ശിൽപ്പിയായും ഉയർന്നു പരിലസിക്കുവാൻ കെ. സി. തോമസച്ചനു കഴിഞ്ഞത് പരുമല തിരുമേനിയുടെയും ബസ്സേലിയോസ് വല്യ ബാവായുടെയും മറ്റും പ്രാർത്ഥന മൂലമായിരിക്കാം. ആ നാല് ആദ്യ കാല മിഷനറിമാരിൽ ഫാ. സൈമൺ മാത്യൂസ് മാത്രമേ വിവാഹിതനായുള്ളു. ആ നാലു പട്ടക്കാർക്കും ബാഹ്യകേരളത്തിൽ സേവനത്തിന്റെ വ്യക്തിമുദ്ര പതിക്കാൻ കഴിഞ്ഞു. ബാഹ്യകേരളം വളർന്നു വികസിക്കുമ്പോൾ ആ ആദ്യകാല പട്ടക്കാരുടെ സേവനങ്ങൾ വിസ്മരിക്കരുത്. അവരിട്ട അടിത്തറയിൽ നിന്നാണ് ബാഹ്യകേരള ഭദ്രാസനം വളർന്നത്. സാമ്പത്തിക ഭദ്രതയോ യാത്രാസൗകര്യങ്ങളോ ഇല്ലാതിരുന്ന ആ കാലത്ത് കേരളത്തിനു പുറത്തുള്ള പട്ടണങ്ങളിൽ ത്യാഗസുരഭിലമായി ക്ലേശങ്ങൾ സഹിച്ചു സഭയുടെ കൊമ്പുയർത്തിയ ആ പിതാക്കന്മാർ ബാഹ്യകേരള ഭദ്രാസന ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിച്ചവരാണ്.

പിൽക്കാലത്ത് മാർ തേവോദോസ്യോസ് തിരുമേനി തന്നെ മലേഷ്യയിൽ നിന്നു പുറമുറ്റംകാരൻ ടി. സി. മത്തായിയേയും റാന്നി കരിമ്പനാംകുഴി എം. ടി. ഈശോയേയും ഇന്ത്യൻ ഓർത്തഡോക്സ് മിഷനിലേക്ക് തെരഞ്ഞെടുത്തു. ആ പട്ടക്കാരും കേരളത്തിനു പുറത്തുള്ള പ്രധാനപ്പെട്ട പട്ടണങ്ങളിലെല്ലാം പ്രശസ്ത സേവനം അനുഷ്ഠിച്ചു.

ബാഹ്യകേരള ഭദ്രാസനത്തിലെ ആദ്യകാല പട്ടക്കാരിൽ വളഞ്ഞവട്ടത്ത് തൈക്കടവിൽ അച്ചൻ, കല്ലൂപ്പാറ മൂത്തേടത്ത് തോമസ് അച്ചൻ, പാത്താമുട്ടത്ത് കെ. കെ. പുന്നൂസച്ചൻ, വളയഞ്ചിറങ്ങര കെ. കെ. മാത്യൂസച്ചൻ തുടങ്ങിയ പ്രഗത്ഭരായ പട്ടക്കാരുടെ സേവനങ്ങളും വിസ്മരിക്കാവുന്നതല്ല. മൂത്തേടത്തു തോമസച്ചൻ പിന്നീട് പാത്രിയർക്കീസ് കക്ഷിയിലെ മാർ തെയോഫിലോസും കെ. കെ. പുന്നൂസച്ചൻ ഓർത്തഡോക്സ് സഭയിലെ മാർ തേവോദോസ്യോസും കെ. കെ. മാത്യൂസച്ചൻ മാത്യൂസ് മാർ ബർണബാസും ആയി.

വട്ടക്കുന്നേൽ മാത്യൂസ് അത്താനാസ്യോസ്

ബഥനിയിലെ മാർ തേവോദോസ്യോസിന് വാർദ്ധക്യസഹജമായ രോഗം വർദ്ധിച്ചതിനെ തുടർന്ന് അദ്ദേഹം കൊല്ലം ഭദ്രാസനത്തിന്റെ ചുമതല അസിസ്റ്റന്റ് മാത്യൂസ് മാർ കൂറിലോസിനേയും ബാഹ്യകേരളത്തിലെ പള്ളികളുടെ ചുമതല മാത്യൂസ് മാർ അത്താനാസ്യോസിനേയും ഏൽപ്പിച്ചശേഷം വിശ്രമജീവിതത്തിലേക്കു പിൻവാങ്ങി.

മാത്യൂസ് മാർ അത്താനാസ്യോസിന്റെ കാലത്ത് ഭദ്രാസനത്തിന്റെ ഔദ്യോഗിക നാമം "ബാഹ്യകേരള ഭദ്രാസനം" എന്നാക്കി. "ഇന്ത്യൻ

ഓർത്തഡോക്സ് മിഷൻ" തുടരുന്നതിനു തിരുമേനി താൽപര്യം കാട്ടിയില്ല. എങ്കിലും അദ്ദേഹത്തിന്റെ ചുമതലയിൽ കൂടുതൽ കരുത്താർജ്ജിച്ച് ഭദ്രാസനം വളർന്നു. ഭരണപരമായ കാര്യങ്ങളിൽ കരുത്തു തെളിയിച്ചിരുന്ന തിരുമേനി ബാഹ്യകേരള ഇടവകകളുടെ പ്രാദേശിക പരിതസ്ഥിതിഗതികൾ പരിഗണിച്ച് മലങ്കരസഭയുടെ 1934-ലെ ഭരണഘടനയ്ക്കു വിരുദ്ധമാകാത്തവിധത്തിൽ ചില ഭരണസംവിധാനങ്ങൾ നടപ്പിലാക്കി. ആ സമയമായപ്പോഴേക്കും ബാഹ്യകേരള ഭദ്രാസനം ബാഹ്യഭാരതത്തിലും എല്ലാ ഭൂഖണ്ഡങ്ങളിലും ഒരളവുവരെ വ്യാപിച്ചു കഴിഞ്ഞിരുന്നു.

ഭദ്രാസന വിഭജനം. ഒരു ഭരണകർത്താവിന് വിവിധ ഭൂഖണ്ഡങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഒരു ഭദ്രാസനം ഭരിക്കുക ഭാരിച്ചതായി തോന്നിയതിനാൽ മാർ അത്താനാസ്യോസ് ബസ്സേലിയോസ് മാത്യൂസ് ഒന്നാമൻ ബാവാ ആയി ഉയർത്തപ്പെട്ടതിനു ശേഷം അദ്ദേഹം ബാഹ്യകേരളത്തെ മൂന്നു ഭദ്രാസനങ്ങളായി വിഭജിച്ചു.

അവയിൽ ബോംബെ ആസ്ഥാനമാക്കി ഇന്ത്യയുടെ പടിഞ്ഞാറെ തീരത്തുള്ള സംസ്ഥാനങ്ങളും ഇന്ത്യയ്ക്കു പടിഞ്ഞാറോട്ടുള്ള സകല ഭാഗങ്ങളും ചേർത്ത് ബോംബെ ഭദ്രാസനം, തോമസ് മാർ മക്കാറിയോസിന്റെ ഭരണത്തിൻകീഴിലാക്കി.

ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളും ഇന്ത്യയ്ക്കു കിഴക്കുള്ള രാഷ്ട്രങ്ങളും ചേർത്ത് മദ്രാസ് ഭദ്രാസനം രൂപവൽക്കരിച്ച് സ്തേഫാനോസ് മാർ തേവോദോസ്യോസിന്റെ ഭരണത്തിൻകീഴിലാക്കി.

മദ്ധ്യഇന്ത്യയും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളും ചേർത്ത് ഡൽഹി ഭദ്രാസനം പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഭരണത്തിലുമാക്കി.

അങ്ങനെ നാലു പട്ടക്കാരെക്കൊണ്ട് ആരംഭിച്ച ബാഹ്യകേരള ഭദ്രാസനം മൂന്നു മെത്രാസനങ്ങളായി വളർന്നു വികസിച്ചു. ഈ മൂന്നു മെത്രാപ്പോലീത്തന്മാരും 1975-ൽ ഒരേദിവസം മേൽപ്പട്ടക്കാരായി എന്നൊരു പ്രത്യേകത കൂടി ഉണ്ട്.

ബോംബെ ഭദ്രാസനം. ബാഹ്യകേരളത്തിലെ ആദ്യ പട്ടക്കാരൻ, പഠനത്തിനും മറ്റുമായി അനേകവർഷം പാശ്ചാത്യ നാടുകളിൽ കഴിഞ്ഞുകൂടിയപ്പോൾ ലഭിച്ച പരിചയ സമ്പന്നതയും പാശ്ചാത്യ നാടുകളിലെ അദ്ധ്യാപക സേവന പരിചയവും കൈമുതലാക്കി ആ നാട്ടിൽ ജനിച്ചു വളർന്ന പുത്തൻ തലമുറയുടെ സ്പന്ദനങ്ങൾ തൊട്ടറിഞ്ഞു. ഇതെല്ലാം മക്കാറിയോസ് തിരുമേനിയെ പാശ്ചാത്യനാടുകൾ ഉൾക്കൊള്ളുന്ന ബോംബെ ഭദ്രാസനത്തിന്റെ ചുമതലക്കാരനാക്കുന്നതിനുള്ള യോഗ്യതകളായി പരിഗണിക്കപ്പെട്ടു.

മൂന്നു ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്താമാരിൽ വൈദിക നായി തെരഞ്ഞെടുക്കപ്പെട്ട നാൾമുതൽ ബാഹ്യകേരളവുമായി അഭേ ദ്യമായി ബന്ധപ്പെട്ടിരുന്നത് മാർ മക്കാറിയോസ് മാത്രമായിരുന്നു. അദ്ദേ ഹത്തെ ഏൽപ്പിച്ച ബോംബേ ഭദ്രാസനമാവട്ടെ, ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക മുതലായ എല്ലാ ഭൂഖണ്ഡങ്ങളിലും പരന്നുകിടന്ന ഏറ്റം വലിയ ഭദ്രാസനവുമായിരുന്നു. പല ഭൂഖണ്ഡങ്ങളിൽ വ്യാപിച്ചു കിടക്കുന്നതും താരതമ്യേന സ്വന്തം പള്ളികളോ സ്ഥാപനങ്ങളോ, ഭദ്രാ സന ആസ്ഥാനമോ സാമ്പത്തിക ഭദ്രതയോ ഇല്ലാതിരുന്നതും ആയ ആ ഭദ്രാസനത്തെ 'മേയിച്ചു ഭരിക്കുക' ദുഷ്കരമായിരുന്നു. അതുകൊണ്ട് സാമ്പത്തികസ്ഥിതി മെച്ചമായ ഗൾഫുമേഖലയിലെ പള്ളികളുടെ ഔദാര്യം മറ്റു സ്ഥലങ്ങളിൽ പ്രയോജനപ്പെടുത്തി അവയുടെ വളർച്ചയ്ക്കു മക്കാറിയോസ് ഉത്സാഹിച്ചു. തന്റെ ഭദ്രാസനത്തെ മേഖല കളായി തിരിച്ച് തിരുമേനി മൂന്നു മാസം അമേരിക്കയിലും മൂന്നു മാസം യൂറോപ്പിലും മൂന്നു മാസം ഗൾഫ് മേഖലയിലും മൂന്നു മാസം ഇന്ത്യ യുടെ പടിഞ്ഞാറെതീരത്തും താമസം ക്രമീകരിച്ച് പള്ളികൾ സന്ദർശി ക്കുന്നതിനും അതാതു സ്ഥലങ്ങളിലെ ജനങ്ങളെ വിശ്വാസകാര്യങ്ങളിൽ ഉറപ്പിച്ചും കഴിഞ്ഞുപോന്നു. അതുകൊണ്ട് മക്കാറിയോസിനെപ്പോലെ ഇത്രയേറെ ആകാശയാത്ര ചെയ്തിട്ടുള്ള തിരുമേനിമാർ സഭയിൽ ഉണ്ടാ യിട്ടില്ല. അക്കാലങ്ങളിൽ ബോംബേ ഭദ്രാസനത്തിന്റെ ഓഫീസ് ആകാ ശത്താണെന്ന് ജനങ്ങൾ ഫലിതമായി പറയുമായിരുന്നു. തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽ ഈ നാലു മേഖലകളിലും ഭരണപരമായി തന്നെ സഹായിക്കുന്നതിന് നാലു സോണൽ സെക്രട്ടറിമാരെ ബ. വൈദിക രിൽ നിന്നു നിയമിച്ചിരുന്നു. അതാതു മേഖലയിലെ പള്ളികളുടെ ആവ ശ്യങ്ങളും പ്രശ്നങ്ങളും അപ്പഴപ്പോൾ തിരുമേനിയെ അറിയിക്കുന്നതിനും തിരുമേനിയുടെ നിർദ്ദേശപ്രകാരം പള്ളികളിൽ പ്രവർത്തിക്കുന്നതിനും ഈ സെക്രട്ടറിമാർ ഉത്സാഹിച്ചിരുന്നു.

ഗൾഫ് മേഖലകളിലെ പള്ളികൾ താരതമ്യേന സാമ്പത്തികശേഷി ഉള്ളവയായിരുന്നതുകൊണ്ട്, സാമ്പത്തിക ഭദ്രത കുറഞ്ഞ ഭദ്രാസന ങ്ങൾക്ക് ഗൾഫു പള്ളികളെ വീതിച്ചു നൽകുന്നത് ഉത്തമമായിരിക്കുമെ ന്നുള്ള മക്കാറിയോസ് തിരുമേനിയുടെ നിർദ്ദേശം സുന്നഹദോസ് അംഗീ കരിക്കയും ഗൾഫ് പള്ളികൾ ബോംബേ, കൽക്കട്ടാ, ഡൽഹി ഭദ്രാസന ങ്ങൾക്കായി വിഭജിച്ചു നൽകുകയും, അമേരിക്കൻ ഭൂഖണ്ഡത്തേയും ആഫ്രിക്കൻ ഭൂഖണ്ഡത്തേയും മാറ്റി ബോംബെ ഭദ്രാസനം പ്രത്യേകം സൃഷ്ടിക്കയും ചെയ്തു.

വീണ്ടും നടന്ന ഭദ്രാസന വിഭജനത്തിൽ അമേരിക്കൻ ഭദ്രാസനത്തിൽ നിന്നു "കാനഡാ, യൂറോപ്പ്, യു.കെ. ഭദ്രാസനം" എന്ന പേരിൽ ഒരു പുതിയ ഭദ്രാസനം രൂപവൽക്കരിക്കയും ചെയ്തു.

ഈ ഭദ്രാസന പുനർവിഭജനം ഒക്കെ നടക്കുമ്പോഴും ഓരോ പുതിയ ഭദ്രാസനത്തിന്റെയും ബാല്യകാല അരിഷ്ടാവസ്ഥയിൽ അവയുടെ ഒക്കെ മെത്രാപ്പോലീത്താ ആകാനുള്ള നിയോഗം ബാഹ്യകേരള ആദ്യ മിഷനറിയായ മക്കാറിയോസിൽ തന്നെ നിക്ഷിപ്തമായി എന്നത് ഒരു പ്രത്യേകതയാണ്. ഡൽഹിയുടെ ആദ്യ വികാരി, ബോംബേ ഭദ്രാസനത്തിന്റെയും അമേരിക്കൻ ഭദ്രാസനത്തിന്റെയും കാനഡാ യൂറോപ്പു ഭദ്രാസനത്തിന്റെയും ആദ്യ മെത്രാപ്പോലീത്താ എന്നിങ്ങനെ ഓരോ ഭദ്രാസനത്തിന്റേയും ജനയിതാവും ആദ്യ ഭരണകർത്താവും ആകാനുള്ള നിയോഗമാണ് മക്കാറിയോസിനുണ്ടായത്. ഒരിക്കലും മനസാക്ഷിയുടെ കുറ്റബോധം കൂടാതെ, ദൈവതിരുമുമ്പാകെ വളർച്ച പ്രാപിച്ച ഈ ഭദ്രാസനങ്ങളെ കാഴ്ച വച്ചിട്ട്, മനഃസമാധാനത്തോടു കൂടിയാണ് ആ പിതാവ് വിട്ടുപോയത് എന്ന് ചരിത്രം സാക്ഷിക്കുന്നു.

അദ്ധ്യായം 23

പറന്നുവന്ന വെള്ളരിപ്രാവ് എന്തേ പറന്നകന്നു?

പ്രത്യേക അനുമതി ഹർജി, അന്തിമ വാദവും വിധിയും

1995-ലെ സുപ്രീംകോടതിവിധിയും ഡിക്രിയും സഭയുടെ എല്ലാ പള്ളികളിലും നടപ്പിലാക്കി കിട്ടുവാൻ പോലീസ് സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി കേരള ഹൈക്കോടതി തള്ളിയതിനെതിരെ ഓർത്ത ഡോക്സ് സഭ നൽകിയ പ്രത്യേക അനുമതി ഹർജിയും മറ്റ് ഹർജികളും അന്തിമവാദത്തിനായി 2007 ഏപ്രിൽ മൂന്നാം തീയതി സുപ്രീം കോടതിയിൽ എത്തി.

എതിർഭാഗത്തിന്റെ സീനിയർ വക്കീൽ ഹാജരാകാത്ത സാഹചര്യത്തിൽ കേസ് മാറ്റി വയ്ക്കണമെന്ന് പാത്രിയർക്കീസ് ഭാഗം വക്കീൽ രഘുനാഥ് ആവശ്യപ്പെട്ടത് ആദരിച്ചുകൊണ്ട് കേസ് മാറ്റി വയ്ക്കുന്നതായി ജഡ്ജിമാരായ എസ്. ബി. സിൻഹാ, മാർക്കാണ്ഡേയ കാഡ്ജു എന്നിവർ ഉത്തരവു നൽകി.

പോലീസു സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി തള്ളിയതു മാത്രമല്ല, ചില സിവിൽ തർക്കങ്ങളിൽ ഹൈക്കോടതി വിധി കൽപ്പിക്കയുമുണ്ടായി എന്ന് ഓർത്തഡോക്സ് ഭാഗം വക്കീലന്മാരായ റോഹിന്റൻ നരിമാൻ, ഈ. എം. സിദ്ദ്രുൾ അനാം എന്നിവർ കോടതിയെ ധരിപ്പിച്ചു. കൂടാതെ ഈ കേസ് കേൾക്കുന്നത് ജഡ്ജി ബാലസുബ്രഹ്മണ്യം, ശ്രീറെഡ്ഡി എന്നിവരുടെ ബഞ്ചിൽ ആയിരുന്നു. അവരിൽ ജ. ബാലസുബ്രഹ്മണ്യം ഒരിക്കൽ പാത്രിയർക്കീസ് കക്ഷിയുടെ കേരളത്തിലെ വക്കീലും പിന്നീട് മാത്യൂസ് രണ്ടാമൻ ബാവാ മലങ്കര മെത്രാപ്പോലീത്താ അല്ലെന്ന് വിധി എഴുതിയ ആളും ആയതുകൊണ്ട് അദ്ദേഹത്തിന്റെ ബഞ്ചിൽ ഓർത്തഡോക്സ് സഭയ്ക്ക് ന്യായം ലഭിക്കാനിടയില്ലെന്നും വക്കീലന്മാർ കോടതിയെ ധരിപ്പിച്ചു.

സിവിൽ തർക്കങ്ങൾക്ക് ഹൈക്കോടതി തീർപ്പു കൽപ്പിക്കാൻ പാടില്ലെന്നും വിവിധ തർക്കങ്ങൾ അതാതു ഫോറങ്ങളിലാണ് തീർപ്പു കൽപ്പിക്കേണ്ടതെന്നും കോടതി വിലയിരുത്തി. അതുകൊണ്ട് 226-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ സിവിൽ തർക്കങ്ങൾ ഹൈക്കോടതി തീർപ്പാക്കിയത് റദ്ദാക്കി ഉത്തരവു നൽകാമെന്നും കോടതി പരാമർശിച്ചു.

മൂന്നു കാര്യങ്ങളാണ് ഈ കേസിൽ പരിഗണിക്കേണ്ടത്.

1. ഹൈക്കോടതിവിധി റദ്ദാക്കുക.

2. 1995-ലെ സുപ്രീംകോടതിവിധി ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണെന്ന് സുപ്രീംകോടതി പ്രഖ്യാപിക്കണം.

3. 2002-ൽ പുതിയ ഒരു ഭരണഘടനയുണ്ടാക്കിയ തോമസ് പ്രഥമൻ ബാവായ്ക്കു പുറത്തുപോകാനല്ലാതെ സഭയുടെ പള്ളികൾ അവകാശപ്പെടാൻ അർഹതയില്ല.

ഈ കാര്യങ്ങൾക്ക് ഒരു തീരുമാനം ഉണ്ടാക്കുക എന്നതായിരുന്നു ഹർജിയുടെ സ്വഭാവം.

മലങ്കരസഭാകേസിൽ സിവിൽ കോടതി നടപടി തുടരണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചു. പള്ളികളുടെ അവകാശം സംബന്ധിച്ച 2002-ലെ ഹൈക്കോടതി വിധിയിലെ പരാമർശങ്ങൾ നിലനിൽക്കുന്നില്ലെന്നും, ഹൈക്കോടതിക്ക് പിഴവുണ്ടായെന്നും സുപ്രീംകോടതി പറഞ്ഞു. ഹൈക്കോടതി നിരീക്ഷണങ്ങൾ ശരിയായില്ല. പോലീസ് സംരക്ഷണം ആവശ്യപ്പെടുന്ന റിട്ട് ഹർജികൾ നിലനിൽക്കുന്നതല്ല. സഭാകേസിലെ 1995-ലെ വിധിയും ഡിക്രിയും മലങ്കരസഭയിലെ എല്ലാ പള്ളികളിലും നടപ്പാക്കി കിട്ടാൻ പോലീസ് സഹായം ആവശ്യപ്പെട്ടിട്ടുള്ള ഹർജി തള്ളിയ ഉത്തരവിനെതിരെ ഓർത്തഡോക്സ് വിഭാഗം നൽകിയ പ്രത്യാകാനുമതി ഹർജിയും മറ്റ് ഹർജികളുമാണ് സുപ്രീംകോടതി പരിഗണിച്ചത്.

ഓർത്തഡോക്സ് സഭ ഈ വിധിയെ സ്വാഗതം ചെയ്തു. സുപ്രീംകോടതിയുടെ ഈ വിധി സഭാ സമാധാനത്തിനുള്ള വഴി തെളിച്ചിരിക്കയാണ്. ഇടവകപ്പള്ളികൾക്ക് 1934-ലെ ഭരണഘടന ബാധകമല്ലെന്നുള്ള കേരള ഹൈക്കോടതിവിധി സുപ്രീംകോടതി തള്ളിക്കളഞ്ഞു. ഈ സാഹചര്യത്തിൽ മലങ്കരയിലെ എല്ലാ പള്ളികളും പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും കീഴിൽ ഒരുമിച്ച് ചേർന്ന് സഭയിൽ ശാശ്വതസമാധാനം കൈവരിക്കുന്നതിന് സഹകരിക്കണമെന്ന് പ. കാതോലിക്കാ ദിദിമോസ് ബാവാ പറഞ്ഞു. വിഭാഗീയതയും ഭിന്നതയും മറന്ന് സഭ ഒന്നാകണമെന്നുള്ള ദൈവഹിതമാണ് കോടതിവിധി വെളിവാക്കിയിരിക്കുന്നത്. സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശം നൽകുന്ന ഈസ്റ്ററിന്റെ പശ്ചാത്തലത്തിൽ ഈ വിധിയുടെ അന്തസത്ത സഭാമക്കൾ ഉൾക്കൊള്ളണമെന്നും പ. ബാവാ തുടർന്നു പറഞ്ഞു. സഭയുടെ സമ്പൂർണ്ണ സമാധാനത്തിനുവേണ്ടി എല്ലാ ദേവാലയങ്ങളിലും ഈസ്റ്റർ ദിനത്തിൽ പ്രാർത്ഥന നടത്തണമെന്ന് ബാവാ ഒരു കൽപ്പന മൂലം ആവശ്യപ്പെട്ടു.

ഓർത്തഡോക്സ് സഭയ്ക്കു ലഭിച്ച ഈസ്റ്റർ സമ്മാനമാണ് ഈ സുപ്രീംകോടതിവിധി എന്നും നീതിയുടെയും സത്യത്തിന്റെയും വിജയമാണ് അതെന്നും സഭാസെക്രട്ടറി അലക്സാണ്ടർ കാരയ്ക്കൽ വിശേഷിപ്പിച്ചു.

പക്ഷേ....? ഈ സമാധാനത്തിന്റെ വെള്ളരിപ്രാവിനെ ആട്ടിഓടിക്കത്തക്കവണ്ണം കോടതിവിധിയെ കോട്ടിമാറ്റി ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുള്ള ഒരു പ്രസ്താവനയാണ് പാത്രിയർക്കീസ് കക്ഷിയുടെ തോമസ് ഒന്നാമൻ ബാവാ ചെയ്തത്. സ്വന്ത അണികളെ വിധി മൂലം ദുർബലപ്പെടുത്താതിരിക്കാനാണ് തെറ്റിദ്ധരിപ്പിക്കുന്നവിധം വിധിയെ പ്രസ്താവനയിലൂടെ ആ ബാവാ ചോദ്യം ചെയ്തത്.

"സുറിയാനി സഭയുടെ പള്ളികളിൽ അനധികൃതമായി പ്രവേശിക്കാൻ ശ്രമിക്കുന്നവർ നടത്തിയ നിയമയുദ്ധത്തിന്റെ തിരിച്ചടിയാണ് സുപ്രീംകോടതിയുടെ വിധി എന്ന് തോമസ് ബാവാ പറഞ്ഞു. 1934-ലെ ഭരണഘടന യാക്കോബായ സഭയുടെ ദേവാലയങ്ങൾക്ക് ബാധകമല്ലെന്ന സ്വാഗതാർഹമായ ഈ വിധിയിലൂടെ ഒരിക്കൽകൂടി തെളിഞ്ഞതായും" ശ്രേഷ്ഠബാവാ പറഞ്ഞു. "കഷ്ടാനുഭവ ആഴ്ചയിൽപോലും മെത്രാപ്പോലീത്തന്മാരും വൈദികരും കോടതിവരാന്തയിൽ നടക്കുന്നത് ദയനീയമായ കാഴ്ചയാണ്. ഇത് ക്രിസ്തീയ സാക്ഷ്യത്തിന് എതിരാണെന്നും" ശ്രേഷ്ഠബാവാ അഭിപ്രായപ്പെട്ടു.

ഈ പ്രസ്താവന, യാക്കോബായ വിശ്വാസികളിൽ ആർക്കെങ്കിലും സമാധാനത്തിനുള്ള ആഗ്രഹം അൽപ്പമെങ്കിലും അവശേഷിച്ചിരുന്നെങ്കിൽ അത് തല്ലിത്തകർത്ത് കളയാനേ സഹായിച്ചുള്ളു. പല തീവ്രവാദികളേയും കൂടുതൽ ക്രൂരമാർഗ്ഗങ്ങളിലേക്ക് തിരിക്കാൻ ഈ പ്രസ്താവന വഴിമരുന്നിട്ടു കൊടുത്തു.

അതാണ് ആ കഷ്ടാനുഭവയാഴ്ച തന്നെ കത്തിപ്പാറത്തടം പള്ളിയിലെ തീവ്രവാദികൾ നടത്തിയ അക്രമത്തിലൂടെ തെളിഞ്ഞത്. ശ്രേഷ്ഠ ബാവായുടെ പ്രസ്താവനയിൽ നിന്നു ഊറ്റംകൊണ്ട കത്തിപ്പാറത്തടം പള്ളിയിലെ ഗുണ്ടാസംഘം ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ കഴിഞ്ഞു മടങ്ങിയ ഓർത്തഡോക്സ് വികാരി ഫാ. കെ. കെ. വറുഗീസിനെയും ട്രസ്റ്റിമാരെയും വിശ്വാസികളെയും പതിയിരുന്ന് ആക്രമിക്കാൻ മുതിരുകയാണ് ചെയ്തത്. ഏലിയാസ് ചിറയ്ക്കച്ചാലിൽ, വർക്കിക്കുഞ്ഞ് കിഴക്കേടത്ത്, ജോയി ഇലഞ്ഞിമറ്റം, പൗലോസ് കാഞ്ഞിരക്കാട്, കുര്യാക്കോസ് കൊഴക്കാട്, ബേബി മണക്കാട് എന്നിവരെ കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ ഇടയായി.

സംഭവസമയം പോലീസ് സ്ഥലത്തുണ്ടായിരുന്നില്ല. ഈ സമയം

നോക്കി അക്രമികൾ പള്ളിമതിൽ ചാടിക്കടന്ന് കമ്പിയും കരിങ്കല്ലുമായി എത്തി ആക്രമിക്കയായിരുന്നു. അക്രമിസംഘത്തോടൊപ്പം ഒരു യാക്കോബായ വൈദികനും ഉണ്ടായിരുന്നുവെന്നുള്ള പത്രവാർത്ത പലരിലും ഞെട്ടലും പുച്ഛവും ഉളവാക്കി.

ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ട് ചെല്ലപ്പന്റെ നേതൃത്വത്തിൽ പോലീസ് സംഘം ദേവാലയത്തിലെത്തി സ്ഥിതിഗതികൾ വിലയിരുത്തി. ഇനിയുള്ള ആരാധനകൾക്ക് പൂർണ്ണസംരക്ഷണം ഓർത്തഡോക്സ് സഭയ്ക്കു നൽകാമെന്ന് ജില്ലാ കളക്ടർ എ. ജെ. രാജൻ അറിയിച്ചു.

കോടതിവിധിയിൽ നിരാശരായ യാക്കോബായക്കാരാണ് അക്രമം അഴിച്ചുവിട്ടതെന്ന് ആക്രമിക്കപ്പെട്ട വിശ്വാസികളെ ആശുപത്രിയിൽ സന്ദർശിച്ചശേഷം ഇടവക മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസ്യോസും സഭാട്രസ്റ്റി ജോൺസ് ഏബ്രഹാം അച്ചനും പറഞ്ഞു.

വിധികളെ ശ്രേഷ്ഠബാവാ അട്ടിമറിക്കുന്നു

അട്ടിമറികൾക്ക് വിരുതനായ ശ്രേഷ്ഠബാവാ മുഖംമൂടി വച്ചുകൊണ്ട് വീണ്ടും പരസ്യപ്രസ്താവനകളുമായി രംഗത്തു വന്നു. കോടതിവിധിയെ ദുർവ്യാഖ്യാനം ചെയ്തശേഷം അദ്ദേഹം പറഞ്ഞു, "സമൂഹനന്മയ്ക്കു ചെലവഴിക്കേണ്ട പണം ക്രൈസ്തവ വിരുദ്ധമായി കേസുകൾക്കുവേണ്ടി ദുർവ്യയം ചെയ്യുന്നത് അവസാനിപ്പിക്കണം. സുപ്രീംകോടതി പലവട്ടം വിധി പറഞ്ഞിട്ടും സമുദായക്കേസുകൾ അനന്തമായി നീളുന്നു. ഈ സാഹചര്യത്തിൽ രണ്ടു വിഭാഗങ്ങളും ഇരുസഭകളാണെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊണ്ട് ചർച്ചയ്ക്ക് തയ്യാറാവണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സമ്പത്തും അധികാരവും ഉപയോഗിച്ച് യാക്കോബായ സഭയെ ഇല്ലാതാക്കാനാവില്ല. 2002-ലെ ഭരണഘടനപ്രകാരം യാക്കോബായ സഭയുടെ ദേവാലയങ്ങളും സ്ഥാപനങ്ങളും ഇതേമട്ടിൽ തുടരും. സുപ്രീം കോടതിവിധിയെ യാക്കോബായ സഭ സ്വാഗതം ചെയ്യുന്നു" എന്ന് അദ്ദേഹം തുടർന്നു പറഞ്ഞു.

"യാക്കോബായ സഭയുടെ നിലപാടുകൾ ശരിവയ്ക്കുന്നതാണ് കോടതിവിധിയെന്നും ഇടവകപ്പള്ളികൾ സംബന്ധിച്ച് സിവിൽ കേസുകളിൽ കൂടി മാത്രമേ തീരുമാനം കൈക്കൊള്ളാനാവു എന്നുമാണ് സുപ്രീം കോടതി ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്നും" അദ്ദേഹം വ്യാഖ്യാനിച്ചു. ദിദിമോസ് ബാവായെ കക്ഷി ചേർക്കാൻ കോടതി വിസമ്മതിച്ചത് അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പും വാഴ്ചയും തെറ്റായിരുന്നുവെന്നുള്ളതിനുള്ള സാധൂകരണമാണ്. ഇതിലൂടെ അദ്ദേഹം വിളിച്ചുചേർത്തിട്ടുള്ള അസോ

സിയേഷനുകളുടെയും തീരുമാനങ്ങളുടെയും നിജസ്ഥിതിയും ചോദ്യം ചെയ്യപ്പെട്ടിരിക്കയാണ്."

"ശ്രേഷ്ഠ ബാവായുടെ തെറ്റിദ്ധാരണ പരത്തുന്ന ഈ പ്രസ്താവന യനുസരിച്ച് വിധി നടപ്പാക്കാൻ യാക്കോബായ വിഭാഗം മുൻകൈ എടുക്കട്ടെ" എന്ന് ഓർത്തഡോക്സ് സഭ ആവശ്യപ്പെട്ടു. "സുപ്രീംകോടതി വിധി ഓർത്തഡോക്സ് സഭയ്ക്ക് എതിരാണെന്നും വിധിയെ സ്വാഗതം ചെയ്യുന്നുവെന്നുമുള്ള പ്രസ്താവന ആത്മാർത്ഥത ഉള്ളതാണെങ്കിൽ വിധി നടപ്പാക്കാൻ അവർ തന്നെ മുൻകൈ എടുക്കണമെ"ന്ന് ഓർത്തഡോക്സ് വൈദിക ട്രസ്റ്റി അഭിപ്രായപ്പെട്ടു. അതേസമയം ഇടവകകൾ സ്വതന്ത്രമാണെന്ന ഹൈക്കോടതിവിധിക്ക് എതിരായിട്ടാണ് സുപ്രീം കോടതിവിധി എന്ന് ഓർത്തഡോക്സ് സഭ ചൂണ്ടിക്കാട്ടി.

2002-ലെ പുത്തൻകുരിശു ഭരണഘടനയെപ്പറ്റിയോ ശ്രേഷ്ഠബാവാ പള്ളികളിൽ പ്രവേശിക്കുന്നതിനെപ്പറ്റിയോ ആയിരുന്നില്ല സുപ്രീം കോടതി പരിഗണിച്ചത്. ഹൈക്കോടതി വിധി തള്ളിയതോടെ 1934-ലെ ഭരണഘടന മലങ്കരസഭയ്ക്കാകമാനം ബാധകമാണെന്നുള്ള 1995-ലെ സുപ്രീംകോടതിവിധി വീണ്ടും ഇവിടെ അരക്കിട്ടുറപ്പിക്കയായിരുന്നു ചെയ്തത്.

പോലീസ് സംരക്ഷണം ലഭിക്കുന്നതിന് നിർബന്ധം പിടിക്കുന്നില്ല എന്ന നിലപാടാണ് ഓർത്തഡോക്സ് സഭ സ്വീകരിച്ചത്. കേസിൽ വാദികൾ പലർ ഉള്ളതുകൊണ്ട് ബാവായെ കക്ഷി ചേർക്കാതെ തന്നെ തീർപ്പു കൽപ്പിക്കുവാൻ കഴിയും എന്നതിനാൽ കക്ഷി ചേർക്കൽ ഹർജി പരിഗണിക്കേണ്ടതില്ലെന്നായിരുന്നു കോടതിയുടെ വിലയിരുത്തൽ. മറിച്ചുള്ള പ്രസ്താവനകൾ വാസ്തവ വിരുദ്ധമാണ്.

കാതോലിക്കാ ബാവായുടെ സ്ഥാനം സംബന്ധിച്ച് കീഴ്ക്കോടതിയിൽ പാത്രിയർക്കീസ് വിഭാഗം നൽകിയ കേസ് നിലവിലുള്ളതിനാൽ ഇതെക്കുറിച്ച് അഭിപ്രായം പറയുന്നില്ല എന്നാണ് കോടതി പ്രതികരിച്ചത്.

കത്തിപ്പാറത്തടം പള്ളിയെ സംബന്ധിച്ചുണ്ടായ വിധി റദ്ദു ചെയ്യണമെന്ന പാത്രിയർക്കീസ് കക്ഷിയുടെ ആവശ്യവും സുപ്രീംകോടതി തള്ളി.

കേസുകൾ ഒരുവശത്തു കുമിഞ്ഞു കൂടുമ്പോഴും മലങ്കരസഭ വിവിധ രംഗങ്ങളിലുള്ള അതിന്റെ വളർച്ചയുടെ പാതയിലൂടെ മുന്നേറിക്കൊണ്ടിരുന്നു.

അദ്ധ്യായം 24

അധികാരക്കസേര

ചരിത്രത്തിൽ ഒരപവാദം – മാർ മക്കാറിയോസ്

സഭയുടെ നന്മയെപ്രതി അധികാരക്കസേര വിട്ടൊഴിഞ്ഞ മാർ മക്കാറിയോസ് രാജിവെച്ചൊഴിയാൻ ധൈര്യം കാട്ടിയ പിതാക്കന്മാരുടെ നിരയിൽ തലഎടുപ്പോടെ നിൽക്കുന്നു. അധികാരം, പണം എന്നിവയുടെ പ്രലോഭനങ്ങളിൽ വീഴാത്തവർ വളരെ വിരളമാണ്; അതു വിട്ടുകൊടുക്കാൻ ആരും തയ്യാറുമല്ല. അധികാരത്തിന്റെ ഹരമാണ് അതിന്റെ കാരണം. അക്കാര്യത്തിൽ മതാധികാരമെന്നോ രാഷ്ട്രീയാധികാരമെന്നോ വ്യത്യാസമില്ല. ജനം നിരാകരിച്ചിട്ടും അധികാരക്കസേരയിൽ കടിച്ചു തൂങ്ങി കിടക്കുന്ന രാഷ്ട്രനേതാക്കന്മാരുടെ കഥകൾ ഇന്ന് സുലഭമാണ്. രാഷ്ട്രീയത്തിൽ മാത്രമല്ല, മതങ്ങളിലും ഇവരെ കാണാം.

ബലമായി ആരും പിടിച്ചിറക്കാതെ സ്വയം അധികാരം ഒഴിഞ്ഞുകൊടുക്കുന്ന വളരെ കുറച്ചുപേരെ മാത്രമേ രാഷ്ട്രീയത്തിലും സഭയിലും കാണാൻ കഴിയൂ. ആ കുറച്ചുപേരുടെ കൂട്ടത്തിൽ ജ്വലിച്ചു പ്രകാശിക്കുന്ന ഒരു നേതാവായി നിൽക്കുന്നു മക്കാറിയോസ് മെത്രാപ്പോലീത്താ.

അധികാരം നിലനിർത്തുവാൻ വളഞ്ഞവഴികൾ പലപ്പോഴും ആവശ്യമാണ്. അതു രഹസ്യവഴികളാണ്. ജനങ്ങൾ പൂർണ്ണതൃപ്തരാകുന്ന ഒരു ഭദ്രാസനം മലങ്കരസഭയിൽ ഇന്നില്ല. പൂർണ്ണസംതൃപ്തി ഒരു മെത്രാപ്പോലീത്തായ്ക്കും അവകാശപ്പെടാനുമില്ല. ഭരണകർത്താക്കളെക്കുറിച്ചു ജനങ്ങൾ എവിടെയും പരാതി ഉള്ളവരായിരിക്കും. ജനത്തെ അധികാരി മറക്കുമ്പോൾ പരാതിയുടെ ആഴവും കൂടുന്നു. അവരെ കൊന്നൊടുക്കേണ്ടി വന്നാലും അധികാരം നിലനിർത്താൻ ശ്രമിക്കുന്ന ചില അധികാരികളെ രാഷ്ട്രതലപ്പത്തു കാണാം. അധികാരം നിലനിർത്താൻ അയാൾ കൂടുതൽ വളഞ്ഞവഴികൾ ആലോചിക്കും. അപ്പോൾ കറപ്ഷന് (അഴിമതി) വഴിതെളിയുന്നു.

പത്തൊൻപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചരിത്രകാരൻ 'ജോൺ എമെറിച്ച് എഡ്വേർഡ് ഡാൽബർഗ് ആക്ടൺ' വിശ്വാസ പ്രഖ്യാപന കാര്യങ്ങളിൽ മാർപാപ്പായ്ക്കു അപ്രമാദിത്വം ഉണ്ടെന്ന ഒന്നാം വത്തിക്കാൻ സുന്നഹദോസിന്റെ പ്രഖ്യാപനത്തോട് പ്രതികരിച്ചുകൊണ്ട് പറഞ്ഞ വാചകം സാർവ്വകാലിക സത്യമായി ഇന്നും നിലനിൽക്കുന്നു. അദ്ദേഹം അന്നു പറഞ്ഞ വാചകമിതാണ്, "Power currupts, Absolute Power currupts absolutely." അധികാരം ചോദ്യം ചെയ്യപ്പെടാതാകുമ്പോൾ അഴിമതി കൊടികുത്തി വാഴും.

ഈ സത്യം രാഷ്ട്രങ്ങളിലെല്ലാം കാണാവുന്ന പ്രതിഭാസമാണ്. അവർക്കിടയിൽ കഴിയുന്ന സഭകളിലെ പിതാക്കന്മാരിലും ഈ 'പോപ്പിസം' വളർന്നുവരിക സഹജമാണെന്ന് സമ്മതിക്കുന്നു.

മക്കാറിയോസ് തന്റെ ഓമനശിശുവായ അമേരിക്കൻ ഭദ്രാസനത്തെ വെട്ടിപ്പിളർത്താതിരിക്കാൻ സ്വന്തം സ്ഥാനം ഒഴിഞ്ഞുകൊടുത്ത പിതാവാണെന്ന് അറിയാത്തവർ ഇന്ന് ചുരുക്കമാണ്.

"ആത്മാക്കളാണ് സഭയുടെ നിക്ഷേപം": മക്കാറിയോസ് വിശ്വസിച്ചിരുന്ന ആ വലിയ സത്യം അദ്ദേഹം ഉറക്കെ പ്രസ്താവിച്ചത് ഫിലാഡൽഫിയാ സെന്റ് തോമസ് പള്ളിയിലെ ഒരു പട്ടംകൊടയുടെ മദ്ധ്യേയുള്ള പ്രസംഗത്തിലാണ്.

ആ ഇടവകാംഗവും ന്യൂയോർക്ക് ടിക്കോൺ ഓർത്തഡോക്സ് സെമിനാരി വിദ്യാർത്ഥിയുമായിരുന്ന ദാനിയേൽ യോഹന്നാൻ ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം നൽകവെയാണ് മക്കാറിയോസ് തന്റെ ആശയങ്ങൾ പ്രകടമാക്കിയത്.

അദ്ദേഹം തുടർന്നു പറഞ്ഞു: കൈവെയ്പിലൂടെ ലഭിക്കുന്ന പൗരോഹിത്യ നൽവരം എന്നത് ദൈവരാജ്യത്തിലേക്കുള്ള ആത്മാക്കളുടെ നിക്ഷേപവർദ്ധനയുടെ ഉത്തരവാദിത്വമാണ്. പൗരോഹിത്യ നൽവരത്തിന്റെ സാരാംശമായ പരിശുദ്ധാത്മ നൽവരം കൊടുക്കുവാനും സ്വീകരിക്കുവാനും മനുഷ്യൻ അയോഗ്യനായിരിക്കെ ദൈവകൃപ ഒന്നു മാത്രമാണ് അതിനു നമ്മെ ഒരുക്കുന്നതെന്നും മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു. വിശ്വാസികളുടെ കൂട്ടായ പ്രാർത്ഥനയിലൂടെയാണ് ഈ ശുശ്രൂഷകൾ നിർവ്വഹിക്കപ്പെടുന്നതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ഈസ്റ്റേൺ-ഓറിയന്റൽ സഭകൾ അടുക്കുന്നു

വളരെ ലഘുവായ ദൈവശാസ്ത്ര വ്യത്യാസങ്ങൾ മാത്രം നിലവിലിരിക്കുന്ന ഓർത്തഡോക്സ് സഭാഗാത്രത്തിലെ ഇരുവിഭാഗങ്ങളായ കിഴക്കൻ ഓർത്തഡോക്സ് (Eastern) വിഭാഗവും പൗരസ്ത്യ ഓർത്തഡോക്സ് (Oriental) വിഭാഗവും തമ്മിലുള്ള ഐക്യം ഇരുസഭാ നേതാക്കന്മാരുടെയും ഹൃദയത്തിൽ താലോലിച്ചിരുന്ന വലിയ ആഗ്രഹമാണ്. ഗ്രീക്ക്, റഷ്യ, കിഴക്കൻ യൂറോപ്പിൽ പടർന്നു വളർന്നിട്ടുള്ള ചെറിയ ചെറിയ ഓർത്തഡോക്സ് വിഭാഗങ്ങൾ എന്നിവ ചേർന്ന കിഴക്കൻ ഓർത്തഡോക്സ് സഭ, അംഗസംഖ്യയിലും സാമ്പത്തികപുഷ്ടിയിലും നിൽക്കുന്നതാകകൊണ്ട് അവയെ ഗ്രേറ്റർ ഓർത്തഡോക്സ് വിഭാഗം എന്നാണ് വിളിച്ചു വരിക. എന്നാൽ അംഗസംഖ്യയിലും സഭകളുടെ അംഗത്വത്തിലും ചെറുതെങ്കിലും വിശ്വാസകാര്യങ്ങളിൽ അത്യുഗ്ര തീക്ഷ്ണതയുള്ള

ആറു സഭകളുടെ കൂട്ടായ്മയാണ് ഓറിയന്റൽ അഥവാ ലസ്സർ ഓർത്ത ഡോക്സ് വിഭാഗമായി കരുതപ്പെടുന്നത്. അവ ഇന്ത്യൻ ഓർത്ത ഡോക്സ് സഭ (മലങ്കര ഓർത്തഡോക്സ് സഭ), കോപ്റ്റിക് ഓർത്ത ഡോക്സ് സഭ (ഈജിപ്തിലെ സഭ), എത്യോപ്യൻ ഓർത്തഡോക്സ് സഭ, സിറിയൻ ഓർത്തഡോക്സ് സഭ, അർമ്മീനിയൻ ഓർത്തഡോക്സ് സഭ, എറിട്രിയൻ ഓർത്തഡോക്സ് സഭ (രാഷ്ട്രീയ അതിർത്തി തർക്കം മൂലം എത്യോപ്യൻ സഭയിൽ നിന്നും പിരിഞ്ഞവർ) എന്നിവയാണ്. ദേശ വ്യത്യാസ പാരമ്പര്യങ്ങൾ ഒഴിച്ച് സത്യവിശ്വാസത്തിൽ ഒരേ ചിന്താഗതി പുലർത്തുന്നവരാകയാൽ ഈ ആറു സഭകൾ തമ്മിൽ വി. കുർബ്ബാന സംസർഗ്ഗം ഇപ്പോഴുണ്ട്. ഈ സഭകളുമായി നമ്മുടെ ഇന്ത്യൻ ഓർത്ത ഡോക്സ് സഭ നല്ല സമ്പർക്കം പുലർത്തിപ്പോരുന്നുണ്ട്.

ഈ രണ്ട് ഓർത്തഡോക്സ് വിഭാഗങ്ങൾ (ഈസ്റ്റേൺ, ഓറിയന്റൽ) ഐക്യപ്പെട്ടു കഴിഞ്ഞാൽ ക്രിസ്തീയ ലോകത്തിലെ ഒരു വലിയ വിഭാ ഗത്തിന്റെ ഐക്യമായി കഴിഞ്ഞു. ഔദ്യോഗികമായും അനൗദ്യോഗിക വുമായ ചർച്ചകൾ ഇതിനോടകം പലതും നടന്നു കഴിഞ്ഞിരിക്കുന്നു. ഓർത്തഡോക്സ് സഭകളുടെ ഐക്യം സഭകളുടെ ലോകകൗൺസിൽ ഉറ്റുനോക്കുന്ന ഒരു വിഷയം തന്നെയാണ്.

ഇതിനോടകം നാല് അനൗദ്യോഗിക സമ്മേളനങ്ങൾ ഇരു ഓർത്ത ഡോക്സ് വിഭാഗങ്ങളും തമ്മിൽ നടന്നിരുന്നു.

1964-ൽ ഡൻമാർക്കിലെ ആർഹസിലാണ് ആദ്യമായി ഓർത്ത ഡോക്സ് പുരോഹിതന്മാരും ദൈവശാസ്ത്രജ്ഞന്മാരും സമ്മേളിച്ചത്.

1967-ബ്രിസ്റ്റലിൽ.
1970-ജനീവയിൽ.
1971-ആഡിസ് അബാബാ-എത്യോപ്യ.

റോഡ് ഐലണ്ടിൽ വച്ചു നടന്ന പാൻ ഓർത്തഡോക്സ് കോൺ ഫ്രൻസിൽ മലങ്കരസഭയുടെ തോമ്മാ ദീവന്നാസ്യോസ് ഒരു നിർണ്ണാ യക പങ്കു വഹിച്ചിട്ടുണ്ട്.

ഈ നാല് പ്രാഥമിക സമ്മേളനങ്ങൾ ഒരു പുതിയ വഴിത്തിരിവായി ത്തീർന്നു. അതെത്തുടർന്ന് ഔദ്യോഗിക സമ്മേളനങ്ങൾ ആരംഭിച്ചു.

1985 - ജനീവ
1989 - ഈജിപ്ത്
1990 - ജനീവ
1993 - ജനീവ

ക്രിസ്തുവാകുന്ന പിതാവിൽ ഒരേ അപ്പോസ്തോലിക വിശ്വാസത്തിലും പാരമ്പര്യങ്ങളിലും ഈ സഭകൾ ഒരുമിക്കുന്നതിനുള്ള തീരുമാനങ്ങൾ ഈ സമ്മേളനങ്ങളിൽ ഉരുത്തിരിഞ്ഞിട്ടുണ്ട്.

ഓർത്തഡോക്സ് സഭകളുടെ ഈ ആലോചനകൾ ഒരു സമ്പൂർണ്ണ യോജിപ്പിൽ എത്തുമെങ്കിൽ അത് റോമൻ കത്തോലിക്കരുമായുള്ള ചർച്ചകൾക്ക് വാതിൽ തുറക്കും. ക്രമേണ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളിലേക്കും സംയോജനത്തിന്റെ സാധ്യതകൾ ഏറിവരുന്നതുകൊണ്ട് സഭാസംയോജനത്തിന്റെ ചുക്കാൻ പിടിക്കുന്ന WCC മുതലായ സംഘടനകൾ ഓർത്തഡോക്സ് സഭയിൽ കൂടിയുള്ള സഭാഐക്യ സാധ്യതകൾ ഗൗരവമായി പരിഗണിച്ചു വരുന്നുണ്ട്.

ഇതഃപര്യന്തം ഇങ്ങനെയുള്ള സാർവ്വലോക സമ്മേളനങ്ങളിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സാന്നിധ്യം അതിനെ പ്രതിനിധാനം ചെയ്തിട്ടുള്ള അലക്സിയോസ് മാർ തേവോദോസ്യോസ്, ദാനിയേൽ മാർ പീലക്സിനോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ്, പൗലോസ് മാർ ഗ്രീഗോറിയോസ് തുടങ്ങിയ മെത്രാപ്പോലീത്താമാരും ഫാദർ വി. സി. ശമുവേൽ തുടങ്ങിയ ദൈവശാസ്ത്രജ്ഞരും ലോകത്തെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്.

മലങ്കര അസ്സോസിയേഷൻ സെക്രട്ടറി

നൂറ്റാണ്ടുകളോളം പഴക്കമുണ്ട് ഈ സെക്രട്ടറിസ്ഥാനത്തിന്. മലങ്കര അസ്സോസിയേഷൻ രൂപീകൃതമായ കാലം മുതൽ അതിന്റെ സെക്രട്ടറി സ്ഥാനം അലങ്കരിച്ചിരുന്ന പ്രമുഖർ 'സഭാ സെക്രട്ടറി' എന്നു പൊതുവെ വിളിക്കപ്പെടുകയും അവർ സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സെക്രട്ടറിസ്ഥാനം മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളവരിൽ നിന്നും മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്നവർക്കുള്ളതാണ്. സഭാട്രസ്റ്റിസ്ഥാനം മെത്രാപ്പോലീത്തൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നീ മൂന്നു സ്ഥാനങ്ങൾക്കും സംവരണം ചെയ്തിട്ടുള്ളതുപോലെ സെക്രട്ടറിസ്ഥാനം ഒരു പ്രത്യേക സ്ഥാനിയ്ക്കുമായിട്ട് പറഞ്ഞിട്ടില്ലാത്തതുകൊണ്ട് വൈദികർക്കും അത്മായർക്കും സഭാസെക്രട്ടറി ആകാവുന്നതാണ്. എന്നാൽ അവൈദികർക്കു ചെന്നെത്താവുന്ന ഏറ്റം ഉന്നതമായ ഒരു സഭാസ്ഥാനം എന്ന നിലയ്ക്ക് മിക്കവാറും അത്മായ പ്രമുഖരിൽ നിന്നാണ് സെക്രട്ടറിമാർ തെരഞ്ഞെടുക്കപ്പെടുക. എന്നാൽ വാകത്താനത്ത് മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാച്ചൻ രണ്ടു പ്രാവശ്യം സഭാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട

വൈദികനാണ്. ഒ. എം. ചെറിയാന്റെയും റമ്പാച്ചന്റെയും നേതൃത്വത്തിലാണ് സുപ്രസിദ്ധിയാർജ്ജിച്ച "കാതോലിക്കാ ദിനപ്പിരിവ്" എന്ന നിധി സംഭരണം ആരംഭിച്ചിട്ടുള്ളത്.

1878-ൽ കരിക്കൻ കുരുവിള ഈപ്പൻ സെക്രട്ടറി ആയതിനെ തുടർന്നു താഴെപ്പറയുന്ന പ്രഗത്ഭർ ഈ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്.

ഇടവഴിക്കൽ ഇ. എം. ഫിലിപ്പ്.	
കെ. വി. ചാക്കോ	
കെ. കെ. തോമസ്	
കെ. എം. മാത്തൻ മാപ്പിള	
പ്രൊഫസർ എ. എം. വർക്കി	
എം. പി. ജോസഫ്	
എറികാട്ട് ഇ. ജെ. ജോസഫ്.	1983-85
പോൾ മത്തായി	1985-90
എം. ടി. പോൾ	1990-94
എ. കെ. തോമസ്	1994-2002
അലക്സാണ്ടർ കാരയ്ക്കൽ	2002-2007

ഇത്തവണ 2007 മെയ് 2-ാം തീയതി സ്മൃതി ഓഡിറ്റോറിയത്തിൽ പ. ദിദിമോസ് ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മിറ്റിയിൽ ആണ് വാശിയേറിയ വോട്ടെടുപ്പോടുകൂടി സഭാസെക്രട്ടറിയുടെ തെരഞ്ഞെടുപ്പു നടന്നത്. 6 അത്മായ പ്രമുഖർ സ്ഥാനാർത്ഥികളായി നിന്നെങ്കിലും അവരിൽ ഏറ്റം പ്രായം കുറഞ്ഞ 37 വയസ്സുകാരൻ, അങ്ങാടിക്കൽ വയലിറക്കത്ത് ജോസഫ് അച്ചന്റെ മകൻ ജോർജ്ജ് ജോസഫ് ഏറ്റം കൂടുതൽ വോട്ടു സമ്പാദിച്ച് സെക്രട്ടറിയായി.

സ്ഥാനാർത്ഥികൾ	കിട്ടിയ വോട്ടുകൾ
1. ജോർജ്ജ് ജോസഫ്	47
2. അഡ്വ. ബിജു ഉമ്മൻ	45
3. ഡോ. ടി. എ. ജോർജ്ജ്	33
4. അഡ്വ. ജോർജ്ജ് ജോൺ	23
5. എം. എം. സഖറിയാ	14
6. ജേക്കബ് ദാനിയേൽ	0

ഡോ. ജോർജ്ജ് ജോസഫ് അഞ്ചു വർഷത്തേക്കാണ് ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

മലങ്കര അസ്സോസിയേഷന്റെയും അതിൽവച്ചു തെരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റിമാരുടെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുടെയും തെരഞ്ഞെ

ടുപ്പിന്റെ വളർച്ച കാലാനുസൃതമായി രൂപപ്പെട്ട് ഇന്നത്തെ നിലയിൽ ആയിട്ടുള്ളതാണ്. ഭരണത്തലവന്മാരായി നേതൃനിരയിൽ പകലോമറ്റം അർക്കദിയാക്കോന്മാരിൽ കൂടി ഒമ്പതു മാർത്തോമ്മാമാരിലും പിന്നീടു വന്ന ദീവന്നാസ്യോസന്മാരിലും 1912 മുതൽ കാതോലിക്കാമാരിലും കൂടി ക്രമേണ വളർന്ന് ആധുനിക നിലയിൽ എത്തിയതാണെന്ന് ചരിത്രപഠിതാക്കൾക്കു മനസ്സിലാക്കാൻ പ്രയാസമില്ല.

മാർത്തോമ്മാശ്ലീഹാ തന്റെ ഇന്ത്യൻ സഭയെ ഭരമേൽപ്പിച്ച ആദ്യകാല ഭരണാധിപന്മാരെക്കുറിച്ചോ ഭരണസംവിധാനങ്ങളെക്കുറിച്ചോ വ്യക്തമായ രേഖകൾ ഒന്നുംതന്നെ ചരിത്രകാരന്മാർക്ക് ലഭ്യമായിരുന്നില്ല. എന്നാൽ പത്തുപതിനഞ്ചു നൂറ്റാണ്ടുകൾക്കു ശേഷമുള്ള പകലോമറ്റം അർക്കദിയാക്കോന്മാരെപ്പറ്റിയും അവർ സഭയ്ക്കു നൽകിയ ധീരനേതൃത്വത്തെക്കുറിച്ചും നമുക്കറിവുണ്ട്. 17-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ആർച്ച് ഡീക്കന്മാരുടെ (അർക്കദിയാക്കോന്മാർ) കാലം അവസാനിക്കയും മെത്രാന്മാർ വാഴിക്കപ്പെടുകയും ചെയ്തതിന്റെ ചരിത്രരേഖകൾ ലഭ്യമാണ്.

ഒന്നാം മാർത്തോമ്മാ തുടങ്ങി ഇതഃപര്യന്തം മലങ്കര ഭരിച്ച മെത്രാപ്പോലീത്തന്മാരുടെ ഒരു ലിസ്റ്റ് താഴെ ചേർക്കുന്നു.

1653 – ആദ്യത്തെ മെത്രാൻ 12 പട്ടക്കാരാൽ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ വാഴിക്കപ്പെട്ടു. വാഴ്ചയിൽ മേൽപ്പട്ടക്കാരുടെ അഭാവം ന്യൂനതയായി ചൂണ്ടിക്കാട്ടി ഒട്ടേറെ കലാപങ്ങൾ നടന്നതു നിമിത്തം വീണ്ടും അദ്ദേഹം മേൽപ്പട്ടക്കാരനാൽ വാഴിക്കപ്പെട്ടു എന്നു പറയപ്പെടുന്നു. ഓർമ്മ: അങ്കമാലി – ഏപ്രിൽ 25.

1670–86 – രണ്ടാം മാർത്തോമ്മാ – നിരണം വലിയപള്ളി. ഏപ്രിൽ 16.

1686–88 – മൂന്നാം മാർത്തോമ്മാ – കടമ്പനാട് കത്തീഡ്രൽ. ഏപ്രിൽ 22.

1688–1726 – നാലാം മാർത്തോമ്മാ – കണ്ടനാട് പള്ളി – മാർച്ച് 25.

1728–65 – അഞ്ചാം മാർത്തോമ്മാ – നിരണം വലിയപള്ളി. മെയ് 10.

1765 – ആറാം മാർത്തോമ്മാ വാഴിക്കപ്പെട്ടു (വലിയ മാർ ദീവന്നാസ്യോസ്).

1772 – മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസിന്റെ സഹായത്തോടുകൂടി 6-ാം മാർത്തോമ്മായ്ക്കു വീണ്ടും പട്ടം നൽകുന്നു. പുത്തൻകാവ് പള്ളി. ഏപ്രിൽ 7.

1770–1808 – ദീവന്നാസ്യോസ് ഒന്നാമൻ.

1776–1809 – ഏഴാം മാർത്തോമ്മാ വാഴിക്കപ്പെട്ടു. കോലഞ്ചേരി. ജൂലൈ 5.

1809–1816 – എട്ടാം മാർത്തോമ്മാ – പുത്തൻകാവ് കത്തീഡ്രൽ. ഏപ്രിൽ 16.

1815–1816 – പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ പഴയ സെമിനാരി. നവംബർ 24

1816–1817 – കിടങ്ങൻ മാർ പീലക്സിനോസ് (തൊഴിയൂർ സഭ)

1816 – ഒമ്പതാം മാർത്തോമ്മാ വാഴിക്കപ്പെട്ടു.

1817–1825 – പുന്നത്ര മാർ ദീവന്നാസ്യോസ് മൂന്നാമൻ കോട്ടയം ചെറിയ പള്ളി. മെയ് 19.

1825–1855 – ചേപ്പാട്ട് മാർ ദീവന്നാസ്യോസ് നാലാമൻ – ചേപ്പാട്ടുപള്ളി.

1843–1877 – പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസ് (മാർ ത്തോമ്മാ സഭ പിരിയുന്നതിനു മുമ്പ് അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ ആയിരുന്നു).

1864–1909 – പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമൻ. പഴയസെമിനാരി. ജൂലൈ 12.

1908–1934 – വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ആറാമൻ. പഴയസെമി നാരി. ഫെബ്രുവരി 23.

1934-ൽ മലങ്കരസഭയുടെ ഭരണഘടന രൂപീകൃതമാവുകയും 1912-ൽ മലങ്കരയിൽ സ്ഥാപിതമായ കാതോലിക്കേറ്റിൻ കീഴിൽ സഭ കാതോലി ക്കാമാരാൽ ഭരിക്കപ്പെടുകയും ചെയ്തു.

കിഴക്കിന്റെ കാതോലിക്കാമാരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

ഈ ലിസ്റ്റിൽ 96 മുതൽ 110 വരെയുള്ള ഭരണകർത്താക്കൾ മലങ്കര സഭാമക്കളും 111 മുതൽ 118 വരെയുള്ളവർ മലങ്കരയിൽ വാഴിക്കപ്പെട്ട കാതോലിക്കാമാരുമാണ്.

Heads of Indian Orthodox Church on the Apostolic Throne of St. Thomas

1. Saint Thomas, the Apostle	35-72
2. Mar Addai, St. Thaddeus the Apostle	72-120
3. Mar Agai	120-152
4. Mar Mari	152-185

5. Mar Abris	185-201
6. Mar Abraham/Oraham I of Kashkar	201-213
7. Mar Yacob I	213-231
8. Mar Ahha/Akhu d'Aboui/Awu	231-246
9. Mar Shahioupa/Shakhlupa of Kashkar	246-266
10. Mar Papa bar Gaggai	267-336
11. Mar Shimun Bar Sabha'e/Sabbai	337-350
12. Mar Shalidoste/Shahdost	350-352
13. Mar Bar Bashmin	352-360
14. Mar Toumarsa/Turmarsa	360-368
15. Mar Qaioma/Qaiyuma	370-399
16. Mar Issac/Iskhaq	399-410
17. Mar Ahha/Akhkhi	410-415
18. Mar Yab-Alaha/Yoalaha I	415-420
19. Maana	420
20. Mar Frabokht/Qarabukht	420-421
21. Mar Dadisho/Dadishu I	421-456
22. Mar Babwahi/Babu/Bawai	457-484
23. Mar Aqaq-Acace	484-496
24. Mar Babai/Bawai I	497-503
25. Mar Shila/Sheela	503-523
26. Mar Narsai Elisha	524-539
27. Mar Paul/Polos I	539-540
28. Mar Aba I the Great	540-552
29. Mar Joseph/Yosip I	552-567
30. Mar Ezecbiel/Khazqiyil	567-581
31. Mar Isho-Yab/Eshuyow I d'Arzoun/Arzunaya	582-595
32. Mar Sabrisho/Shorishu I Garmaqaya	596-604
33. Mar Gregorius/Greghour I Partaya	605-609
Vacant	609-628
34. Mar Isho-Yab/Ishoyahb/Eshuyow II de Guedal/Gdalaya	628-645
35. Mar Emme/Immeh	645-649
36. Mar Isho-Yab/Eshuyow III d' Adiabene/Kdayawaya	649-660
37. Mar Guiwarguis/Georges/Gewargis I	661-680
38. Mar Yohanna/Yokhannan I Bar Marta	681-683
Vacant	683-685
39. Mar Hnan-Isho/Khnanishu I	685-700
Vacant	700-714

40. Mar Sliwa Zkha/Silwazkha	714-728
Vacant	728-731
41. Mar Pethion/Peython	731-740
42. Mar Aba/Awa II	741-751
43. Mar Sorine/Surin	751-754
44. Mar Yacob II	754-773
45. Mar Hnan-Isho/Khnanishu II	774-780
46. Mar Timothee/Timotheus I	780-823
47. Mar Isho Ben Noun/Ehsu-barnon	823-828
48. Mar Guiwarguis/Gewargis II	828-830
49. Mar Sabrisho/Soreshu II	831-836
50. Mar Abraham/Oraham II de Marga/Margaya	837-850
Vacant	850-853
51. Mar Theodossious/Teadasis I of Athanassious Baghdad	853-858
Vacant	858-860
52. Mar Sarguis/Sergius/Sarigs/Suwaya I	860-872
Vacant	872-877
53. Mar Israel of Kashkar	877
54. Mar Anoshel/Annush d'beth Garmay	877-884
55. Mar Yohannan/Yokhanan II/III Bar Narsai	884-892
56. Mar Yohannan/Yokhanan III/IV	893-899
57. Mar Yohannan IV/V Bar Abgare/Ogare	900-905
58. Mar Abraham/Oraham III Abraza	905-937
59. Mar Emmanuel/Ammanoel I	937-960
60. Mar Israel/Esrail Karkhaya	961-962
61. Mar Abdisho/Odishu I Garmaqaya	963-986
62. Mar Bar-Tobia II Mari Aturaya	987-1000
63. Yohannan V/VI Yoannis Ibn Issa	1000-1011
64. Yohannan VI/VII bar Nazuk	1012-1020
65. Isho-Yab/Eshuyuow IV Bar Ezechiel	1020-1025
Vacant	1025-1028
66. Mar Eliyya/Elia I Tehran	1028-1049
67. Yohannan VII/VIII Bar Targala	1049-1057
68. Sabrisho/Soreshu II/III bar Zanbur	1057-1071
69. Abdisho/Odishu II Ibn Aridh/bar Ars Autraya	1072-1091
70. Makkikha I bar Shlemon	1092-1110
71. Mar Eliyya II Bar Maqli	1110-1132
72. Bar Sauma/Soma I	1133-1136
Vacant	1136-1139

73. Abdisho/Odishu III Bar Moqli	1139-1148
74. Isho-Yab/Eshuyow V Albaladi	1148-1176
75. Elie III Abu Khalim	1176-1190
76. Yab-Alaha/Yoalaha II bar Qaiyuma	1190-1222
77. Sabrisho/Sorishu IV Bar Qaioma	1222-1226
78. Sabrisho/Sorishu V Ibn-Almassihi	1226-1256
79. Makkikha II	1257-1265
80. Denha/Dinkha I Epiphane Aribilaya	1265-1282
81. Yab-Alaha/Yoalaha III bar Turkaye, Maragha,	1283-1317
82. Timothee/Timotheus II Arbilaya, Erbil,	1318-1332
83. Denha/Dinkha II Karemles,	1332-1364
84. Mar Shimun II, Mosul,	1365-1392
Vacant	1392-1403
85. Mar Shimun III	1403-1407
Vacant	1407-1437
86. Mar Eliyya IV	1437
87. Mar Shimun IV Bassidi	1437-1497
88. Mar Shimun V	1497-1501
89. Mar Eliyya V	1502-1504
90. Mar Eshuyow Shimun VI/VII Alqosh,	1505-1538
91. Mar Dinkha Shimun VII/VIII bar MamaAlqosh	1538-1551
92. Mar Shimun VIII/IX	1551-1558
93. Mar Eliyya VI	1558-1576
94. Mar Eliyya VII	1576-1591
95. Mar Eliyya VIII	1591-1599
96. Mar Geevarghese Arch Deacon	1599-1648
97. Mar Thoma Arch Deacon	1648-
Mar Thoma I	1653-1670
98. Mar Thoma II	1670-1686
99. Mar Thoma III	1686-1688
100. Mar Thoma IV	1688-1728
101. Mar Thoma V	1728-1765
102. Mar Thoma VI	1765-
Mar Dionysius I	1770-1808
103. Mar Thoma VII	1808-1809
104. Mar Thoma VIII	1809-1816
105. Mar Dionysius II, Pulikkottil Joseph	1816
106. Mar Dionysius III, Punnathra Geevarghese	1817-1825
107. Mar Dionysius IV, Cheppadu Philippos	1825-1846
108. Mar Athanasius, Palakkunnathu Mathews	1852-1877

109. Mar Dionysius V, Pulikkottil Joseph	1877-1909
110. St. Dionysius VI, Vattasseril Geevarghese	1909-1912
	1913-1925
111. Mar Baselios Paulose I	1912-1913
112. Mar Baselios Geevarghese I	1925-1928
113. Mar Baselios Geevarghese II	1929-1964
114. Mar Baselios Augen I	1964-1975
115. Mar Baselios Marthoma Mathews I	1975-1991
116. Mar Baselios Marthoma Mathews II	1991-2005
117. Mar Baselios Marthoma Didymus I	2005-2010
118. Mar Baselios Marthoma Paulose II	2010 -

Compiled by: Vipin K. Varughese (News Editor, Malankara Orthodox TV)

മലങ്കരസഭ പ്രഖ്യാപിച്ച പരിശുദ്ധന്മാർ

1. യൽദോ മാർ ബസ്സേലിയോസ് - കോതമംഗലം ചെറിയപള്ളി. ഒക്ടോബർ 3 (മലങ്കരസഭാംഗമല്ല).

2. പരുമല മാർ ഗ്രീഗോറിയോസ് - നവംബർ 2. പരുമലപ്പള്ളി.

3. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് - പഴയസെമിനാരി. ഫെബ്രു. 23

കേരളത്തിൽ കബറടങ്ങിയ പിതാക്കന്മാർ - ഓർമ്മദിനം മാസക്രമത്തിൽ

കേരളത്തിൽ കബറടക്കപ്പെട്ട മെത്രാപ്പോലീത്തന്മാരിൽ സഭാ ആസ്ഥാനമായ ദേവലോകം ചാപ്പലിൽ പ. കാതോലിക്കാമാരോടൊപ്പം കബറടക്കപ്പെടാൻ ആദ്യമായി ഭാഗ്യം ലഭിച്ചത് ബോംബെയുടെയും പിന്നീട് അമേരിക്ക, കാനഡാ, യൂറോപ്പ് തുടങ്ങിയ ഭദ്രാസനങ്ങളുടെയും ആദ്യ മെത്രാപ്പോലീത്താ ആയിരുന്ന തോമസ് മാർ മക്കാറിയോസിനു മാത്രമാണ്. അദ്ദേഹത്തിനു ഇംഗ്ലണ്ട് പര്യടനത്തിനിടയിൽ ഇംഗ്ലണ്ടിലെ ന്യൂകാസിൽ സന്ദർശനം കഴിഞ്ഞ് മടങ്ങവെ ഉണ്ടായ കാറപകടത്തിൽ ദാരുണമായി അന്ത്യം സംഭവിച്ചു. ആ ഭൗതികശരീരം ഇംഗ്ലണ്ടു മുതൽ ദേവലോകം വരെയുള്ള വിശ്വാസികളുടെ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങി ദേവലോകം ചാപ്പലിന്റെ തെക്കുവശത്തുള്ള മുറിയിൽ പ്രത്യേകം തയ്യാറാക്കപ്പെട്ട കല്ലറയിൽ അടക്കം ചെയ്തു.

ജനുവരി 21. ഫിലിപ്പോസ് മാർ യൗസേബിയോസ്-പത്തനംതിട്ട ബേസിൽ ദയറാ.

ഫെബ്രു. 2. പത്രോസ് മാർ ഒസ്താത്തിയോസ് മൂക്കഞ്ചേരിൽ-

കർമ്മേൽ ദയറാ, കണ്ടനാട്.

ഫെബ്രു. 9 – മാത്യൂസ് മാർ എപ്പിഫാനിയോസ്-സെന്റ് തോമസ് കത്തീഡ്രൽ-കൊല്ലം.

ഫെബ്രു. 16 – ഗീവറുഗീസ് മാർ ഒസ്താത്തിയോസ്-മാവേലിക്കര മിഷൻ സെന്റർ.

ഫെബ്രു. 23 – തോമസ് മാർ മക്കാറിയോസ്-ദേവലോകം.

മാർച്ച് 17 – പൗലോസ് മാർ സേവേറിയോസ്-ആർത്താറ്റു പുത്തൻ പള്ളി. കുന്നംകുളം.

ഏപ്രിൽ 5 – കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്-പാമ്പാടി ദയറാ.

ഏപ്രിൽ 12 – ഗീവറുഗീസ് മാർ ഈവാനിയോസ്-വാകത്താനം, ഞാലിയാകുഴി, ബസ്സേലിയോസ് ദയറാ ചാപ്പൽ.

ഏപ്രിൽ 17 – ഗീവറുഗീസ് മാർ പീലക്സിനോസ്-പുത്തൻകാവ് കത്തീഡ്രൽ.

മെയ് 16 – യൂഹാനോൻ മാർ സേവേറിയോസ്-സീയോൻ സെമിനാരി, കൊരട്ടി.

ജൂൺ 6 – ഔഗേൻ മാർ ദീവന്നാസ്യോസ് (കാറപകടത്തിൽ ദിവംഗതനായി) വള്ളിക്കാട്ടു ദയറാ, വാകത്താനം.

ജൂലൈ 7 – സഖറിയാസ് ദീവന്നാസ്യോസ്-പത്തനാപുരം താബോർ ദയറാ.

ജൂലൈ 23 – ഗീവറുഗീസ് മാർ ദീയസ്ക്കോറോസ്-ഹോളി ട്രിനിറ്റി ആശ്രമം, റാന്നി.

ആഗസ്റ്റ് 6 – അലക്സിയോസ് മാർ തേവോദോസ്യോസ്-ബഥനി ആശ്രമം, പെരുനാട്, റാന്നി.

ആഗസ്റ്റ് 12 – പൗലോസ് പക്കോമിയോസ്-ബഥനി ആശ്രമം, പെരുനാട്, റാന്നി.

ആഗസ്റ്റ് 14 – ജോസഫ് മാർ പക്കോമിയോസ്-മുളക്കുളം പള്ളി.

ആഗസ്റ്റ് 31 – മാത്യൂസ് മാർ ഈവാനിയോസ് പാറേട്ട്-മാർ കുറിയാക്കോസ് ദയറാ, പാമ്പാടി.

സെപ്റ്റം. 23 – അൽവാറീസ് യൂലിയോസ്-സെന്റ് മേരീസ് പള്ളി,

പാഞ്ചിം, ഗോവ (റോമാ സഭയിൽ നിന്നു പുനരൈക്യപ്പെട്ട മെത്രാപ്പോലീത്താ).

സെപ്റ്റം. 28 – ഫിലിപ്പോസ് മാർ തെയോഫിലോസ്-തൃക്കുന്നത്തു സെമിനാരി-ആലുവാ.

ഒക്ടോ. 12 – യൂഹാനോൻ മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ (മെത്രാപ്പോലീത്താ ആകുന്നതിനു മുമ്പ് എപ്പിസ്കോപ്പാ ആയിരുന്നപ്പോൾ കാലം ചെയ്ത ഏക തിരുമേനി). ബഥനി ആശ്രമം, പെരുനാട്, റാന്നി.

നവം. 5 – സ്തേഫാനോസ് തേവോദോസ്യോസ്-സെന്റ് തോമസ് ആശ്രമം, ഭിലായി (കേരളത്തിനു വെളിയിൽ ആദ്യം കബറടക്കപ്പെട്ട ആൾ).

നവം. 6 – ഗീവർഗീസ് ഗ്രീഗോറിയോസ് വയലിപ്പറമ്പിൽ-തൃക്കുന്നത്തു സെമിനാരി, ആലുവാ.

നവം. 20 – ഇയ്യോബ് മാർ പീലക്സിനോസ്-താബോർ ദയറാ, പത്തനാപുരം.

നവം. 24 – പൗലോസ് മാർ ഗ്രീഗോറിയോസ്-പഴയസെമിനാരി, കോട്ടയം.

ഡിസംബർ 3 – തോമ്മാ മാർ ദീവന്നാസ്യോസ്-താബോർ ദയറാ, പത്തനാപുരം.

ഡിസം. 9 – മാത്യൂസ് മാർ ബർണബാസ്-വളയൻചിറങ്ങരപള്ളി, പെരുമ്പാവൂർ.

ഡിസം. 13 – ദാനിയേൽ പീലക്സിനോസ്-ബേസിൽ ദയറാ, പത്തനംതിട്ട.

ഡിസം. 26 – യാക്കോബ് മാർ പോളിക്കർപ്പോസ്-സീയോൻ സെമിനാരി, കൊരട്ടി.

അദ്ധ്യായം 25

സഭയുടെ മനമറിഞ്ഞ മെത്രാപ്പോലീത്താ

ഇന്ത്യയിലെ കാതോലിക്കേറ്റിന്റെ സെന്റിനറി 2012-ൽ കഴിഞ്ഞു. ത്യാഗധനരായ സഭാസ്നേഹികൾ സ്വസ്ഥജീവിതവും സ്വജീവനും വിലയായി നൽകി നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ 100-ാം പിറന്നാൾ സമുചിതമായി കൊണ്ടാടി. സ്വന്തം സഭയിൽ, സ്വന്തം നാട്ടിൽ, വിദേശികളുടെ ആജ്ഞയനുസരിച്ച് അവരുടെ കീഴിൽ രണ്ടാം പൗരന്മാരായി കഴിയേണ്ടി വന്ന പഴയ ദുർഭഗരായ തലമുറയല്ല ഇന്നു മലങ്കരസഭയിലുള്ളത്. മറിച്ച്, സഹോദരങ്ങളെ ദ്രോഹിക്കുവാൻ പോലും കഴിയുന്ന അളവിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നവരും ദുരുപയോഗിക്കുന്നവരുമെല്ലാം ഉൾപ്പെട്ട പുത്തൻ തലമുറയുടെ സംഗമമായിരുന്നു കാതോലിക്കേറ്റിന്റെ ഈ സെന്റിനറി.

ഇന്നത്തെ സമൂഹം, സഭ നേടിയ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ വില അറിയുന്നുണ്ടെന്ന് പറഞ്ഞുകൂടാ. അനേകർ അർപ്പിച്ച ആത്മബലിയുടെ മഹത്വം നാം തിരിച്ചറിയുന്നെന്ന് അവകാശപ്പെടാനും നിവർത്തിയില്ല. പിന്നീട് വരാനിരിക്കുന്ന ഒരുപാട് തലമുറകൾക്കായി അനേകംപേർ അനുഭവിച്ച യാതനകൾ മിക്കവരും മറന്നു.

കാതോലിക്കേറ്റിലൂടെ നാം നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ഒരു നല്ല ഉദാഹരണമാണ് ഏഴാംകടലിനക്കരെ അമേരിക്കൻ ഭൂഖണ്ഡത്തിൽ ഒരു ഭദ്രാസനം മലങ്കരസഭയ്ക്കുണ്ടായി എന്നുള്ളത്. ആ ഭദ്രാസന രൂപവൽക്കരണത്തിനു നേതൃത്വം നൽകുവാനും സ്ഥാപക മെത്രാപ്പോലീത്താ ആകുവാനും ദൈവം തെരഞ്ഞെടുത്തത് മാർ മക്കാറിയോസിനെ ആയിരുന്നു. തിരുമേനിയുടെ തലയിൽ 'അമേരിക്കയിൽ ഒരു ഭദ്രാസനം' എന്ന ആശയം ഉദിപ്പിച്ചതും തിരുമേനിയെ നിമിത്തമായി ഉപയോഗിച്ചതും ദൈവമാണെന്നും മാർ മക്കാറിയോസ് വിശ്വസിച്ചു.

അമേരിക്കയിലെ ആദ്യകാല മലയാളികൾ

50 വർഷങ്ങൾക്കു മുമ്പ് മക്കാറിയോസ് മെത്രാപ്പോലീത്താ അമേരിക്കയിൽ എത്തുമ്പോൾ വിരലിൽ മാത്രം എണ്ണാവുന്ന മലയാളികളെ അവിടെ ഉണ്ടായിരുന്നുള്ളു.

ആയിരത്തിതൊള്ളായിരത്തി എഴുപതുകളിലും എൺപതുകളിലും അങ്ങിങ്ങായി ഓർത്തഡോക്സ് സഭയുടെ ആരാധനാകൂട്ടങ്ങൾ ഉണ്ടായി

വന്നു. രണ്ടായിരമാണ്ടിന്റെ ആദ്യപാദത്തിലാണ് മലയാളിയുടെ അമേരിക്കൻ കുടിയേറ്റം ശക്തമായ ഒഴുക്കായിത്തീർന്നത്.

തിരുവല്ലായിലും കോട്ടയത്തും പത്തനംതിട്ടയിലും കൊല്ലത്തും കൊട്ടാരക്കരയിലും എറണാകുളത്തും മൂവാറ്റുപുഴയിലും തൃശൂരും പാലക്കാട്ടും വയനാട്ടിലും മലപ്പുറത്തും ഒക്കെയുള്ള കുഗ്രാമങ്ങളിലായിരുന്നു അവരുടെ വീട്. അന്ന് അവരുടെ വീടുകളിൽ കറന്റ് ഉണ്ടായിരുന്നില്ല. മണ്ണെണ്ണ വിളക്കിൽ നിന്നുള്ള കരിന്തിരിയുടെ മുന്നിലിരുന്നു പഠിച്ചവരാണ് അവരെല്ലാം. അന്നത്തെ വേനൽക്കാലത്തെ ചൂട് ആർക്കും ഉഷ്ണമായി തോന്നിയിരുന്നില്ല. ഏറെ സഹികെട്ടാൽ ഒരു വീശുപാള ഉണ്ടാക്കി വീശും.

"എന്താ ഡാഡി ഈ വീശുപാള?" എന്നു ചോദിക്കുന്ന കൊച്ചുമോനോട് ഇന്നു വല്യപ്പച്ചൻ ഡാഡി പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കും. "മോനേ, കമുക് എന്ന ഒരു നീണ്ട കെലുമ്പൻ വൃക്ഷമുണ്ട് നമ്മുടെ നാട്ടിൽ. അതിന്റെ ഇലയുടെ ചുവടുഭാഗത്തു കാണുന്ന 'പാള' എന്നു വിളിക്കുന്ന ഭാഗത്തു നിന്നു കത്തികൊണ്ട് വെട്ടിയുണ്ടാക്കുന്ന ഫാനിനാണ് വീശുപാള എന്നു പറയുന്നത്. അങ്ങനെ വെട്ടിഉണ്ടാക്കുന്ന വിശറികൾ കൊണ്ട് കൈ ഉപയോഗിച്ച് വീശി ആയിരുന്നു അന്ന് ഉഷ്ണം ശമിപ്പിച്ചത്." ഇങ്ങനെ ഒക്കെയായിരിക്കും ഇന്നത്തെ ഡാഡി പുത്തൻ അമേരിക്കൻ തലമുറയെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുക.

അന്ന് നാട്ടിൽ സന്ധ്യാപ്രാർത്ഥനയും അത്താഴവുമൊക്കെ കഴിച്ച് എട്ടുമണിയോടെ കയറി കട്ടിലിൽ, അല്ലെങ്കിൽ നിലത്തു തറയിൽ വിരിച്ച തഴപ്പായിൽ കിടപ്പായി. ടി. വി. ഇല്ല; റേഡിയോ പോലും വീട്ടിലില്ല. ക്ലബ്ബുകളും, നിശാപരിപാടികളും സിനിമാകളും ഒന്നും നാട്ടിലില്ല. വല്ലപ്പോഴും പള്ളിയിൽ വരുന്ന പെരുനാളുകളും റാസകളും ഒക്കെ അല്ലാതെ മറ്റു പരിപാടികളൊന്നുമില്ല. നേരം വെളുക്കുവോളം സുഖമായി കിടന്നുറങ്ങാം. വെളുപ്പിനെ എഴുന്നേറ്റ് ബ്രേക്ഫാസ്റ്റു പോലും കഴിക്കാതെ കമ്പനികളിലേക്കും ഓഫീസിലേക്കുമുള്ള ഓട്ടം അന്നില്ല.

കാലം കടന്നു. പിന്നെ കറന്റു വന്നു; വൈദ്യുതി വെളിച്ചമായി. ഫാനുകൾ വീശുപാളയ്ക്കു പകരം ശക്തമായി കറങ്ങിവീശി. പിന്നെ ഫാനില്ലാതെ ഉറക്കം വരാതെയായി. ഇടയ്ക്കിടെ കറന്റ് പോകും. അപ്പോൾ ഇലക്ട്രിസിറ്റി ബോർഡിലുള്ളവരെ ഒക്കെ പ്രാകിയും 'എന്തൊരു ഉഷ്ണം!' എന്നു വിലപിച്ചുംകൊണ്ടും കിടക്കും. രാത്രി വളരെ വൈകിയെങ്ങാനും ഉറങ്ങിയാലായി.

ഇപ്പോൾ വീട്ടിൽ എ.സി. ഉണ്ട്. മഴക്കാലത്തുപോലും ഉറങ്ങണമെങ്കിൽ അതു വേണം. ഫാനിട്ടാലും ഉറക്കം വരില്ല. അടുക്കളയിൽ

പഴങ്കഞ്ഞി വളിച്ചുപോകുമെന്നു പേടിക്കേണ്ടാ, ഫ്രിഡ്ജ് എന്ന ശീതീകരണയന്ത്രം അടുക്കളയിൽ ഫിറ്റുചെയ്തിട്ടുണ്ട്. നാട്ടിൽ വൈദ്യുതി പോകുന്നതും വരുന്നതും ആർക്കുവേണ്ടിയോ എന്തിനുവേണ്ടിയോ എപ്പോഴെന്നോ ആർക്കും അറിയില്ല. എ.സി. പ്രവർത്തിപ്പിക്കാൻ ജനറേറ്റർ വേണ്ടിവരുന്നു. പിന്നെ ഇൻവെർട്ടർ, യു.പി.എസ്. അങ്ങനെ പലതും. അതൊന്നുമില്ലാതെ ജീവിക്കുവാൻ വയ്യെന്ന് ആയിട്ടുണ്ട്.

അവരൊക്കെ ഓരോരോ സാഹചര്യത്തിൽ അമേരിക്കയിലേക്ക് കുടിയേറിയവരാണ്. കാരണങ്ങൾ ഓരോരുത്തർക്കുമറിയാം. നാട്ടിൽ പഠിച്ചാൽ ജോലിയില്ല. കൃഷി ചെയ്യാൻ സ്ഥലമില്ല. കൃഷി ചെയ്താലൊട്ടുമെച്ചവുമില്ല. ബിസിനസ്സ് തുടങ്ങാൻ ബുദ്ധിമുട്ട്. തുടങ്ങിയാൽ തന്നെ സമരം. വിജയിപ്പിച്ചെടുക്കാൻ പ്രയാസം. അതായത് നന്നാകാൻ അവസരമുണ്ടായിരുന്നില്ല. അതുകൊണ്ട് "ഓപ്പർച്ചൂണിറ്റീസ്" വേണ്ടുവോളം ഉണ്ടെന്നുകേട്ട് അമേരിക്കൻ മണ്ണിലേക്ക് അവർ കുടിയേറി.

അമേരിക്കയിൽ അവർ ജോലി ചെയ്തു. ബിസിനസ്സ് നടത്തി. അദ്ധ്വാനിച്ച പലരും ആദ്യകാലങ്ങളിൽ നല്ല നിലകളിലെത്തി. കിട്ടിയ അവസരങ്ങൾ ഉപയോഗിക്കാതെ മടിപിടിച്ചും മദ്യപിച്ചും കാലംപോക്കിയ ചുരുക്കംപേർ അമേരിക്കൻ ജീവിതത്തിൽ പരാജയപ്പെട്ടു.

പ്രവാസി എഴുത്തുകാരനായ സണ്ണി കുലത്താക്കൽ ഗൾഫ് നാടുകളിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്ത് അവിടത്തെ മലയാളികളുടെ ജീവിതത്തെ വരച്ചുകാട്ടിയിട്ടുണ്ട്.

അദ്ദേഹം കേരളത്തിലെ ഒരു പ്രസ്സിൽ വച്ചു പരിചയപ്പെടാനിടയായ ഒരു ഗൾഫ് മലയാളിയുടെ കഥ എടുത്ത് എഴുതിയിട്ടുണ്ട്. അയാൾ മൂന്നാഴ്ചക്കാലത്തെ അവധിയിൽ നാട്ടിൽവന്ന് പെട്ടെന്ന് വിവാഹം നിശ്ചയിക്കയാണുണ്ടായത്. വിവാഹക്കുറി അച്ചടിക്കാൻ നാട്ടിലെ ഒരു കൊച്ചു പ്രസ്സിൽ ചെന്നപ്പോഴാണ് സണ്ണിയുമായി അയാൾ പരിചയപ്പെട്ടത്. കൈത്തണ്ടയിൽ ഒരു ഇലക്ട്രോണിക് വാച്ചു കെട്ടി, വിരലുകൾക്കിടയിൽ വിലപിടിപ്പുള്ള ഒരു ഫിൽട്ടർ സിഗരറ്റും പിടിച്ച് റ്റെർലിൻ ഷർട്ടും ബെൽബോട്ടം പാന്റ്സും ധരിച്ച് തികച്ചും ഒരു പ്രവാസിയുടെ കെട്ടിലും മട്ടിലും ആണ് അയാളെ കണ്ടത്. നല്ല ഫ്രഞ്ച് പെർഫ്യൂം വാസന ശരീരത്തിലും വിദേശ പൗഡറിന്റേയും ഹെയർക്രീമിന്റേയും സുഗന്ധം മുഖത്തും തലയിലും നിറഞ്ഞു നിന്നിരുന്നു. ആരേയും ആകർഷിക്കുന്ന സംസാരവും പെരുമാറ്റരീതികളും. ഒരു ഗൾഫ് മലയാളിയാണെന്ന് പറയാതെ തന്നെ കാഴ്ചക്കാർക്കു തോന്നത്തക്കവയായിരുന്നു. ഒരു വലിയ ദുബായ് കൺസ്ട്രക്ഷൻ കമ്പനിയുടെ സൂപ്പർവൈസർ ആണെന്ന് അയാൾ സ്വയം പരിചയപ്പെടുത്തി. അയാളുടെ മേൽവിലാസം നൽകി

യതനുസരിച്ച് സണ്ണി എഴുതി എടുക്കുകയും ഗൾഫിൽ വരുമ്പോൾ കാണാമെന്ന് പറഞ്ഞു പിരിയുകയും ചെയ്തു.

സണ്ണി 1976 ഡിസംബറിൽ ദുബായിൽ എത്തിയശേഷം പല പ്രാവശ്യം അയാൾ കൊടുത്ത മേൽവിലാസത്തിലും ഫോണിലും ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ഒരു മറുപടിയും ലഭിച്ചില്ല. അങ്ങനെയിരിക്കവെ സണ്ണി, ദുബായ് പെട്രോളിയം കമ്പനിയുടെ അടുത്തുവച്ച് ഒരുപറ്റം യുവാക്കൾ ഒരു വലിയ ഹോട്ടലിന്റെ മുൻവശത്തു കൂട്ടിയിട്ടിരിക്കുന്ന മൺകൂന വെട്ടി എടുത്ത് അവിടത്തെ റോഡുകളിലുള്ള ഗട്ടറുകൾ നികത്തുന്ന പണിയിൽ ഏർപ്പെട്ടിരിക്കുന്നത് കാണാനിടയായി. വേലക്കാർ ഇട്ടിരിക്കുന്ന നിക്കർ ധരിച്ച് മണ്ണുവെട്ടി തലയിൽ ചുമ്മി ഗട്ടറുകൾ നിറച്ചു നിൽക്കുമ്പോൾ, സന്ധ്യ മയങ്ങി തുടങ്ങിയതിനാൽ മുഖങ്ങൾ വ്യക്തമല്ലാതിരുന്നതിനാൽ യുവാക്കളെ തിരിച്ചറിഞ്ഞില്ല. പക്ഷേ "ഗതി കെട്ടാൽ പുലി പുല്ലും തിന്നുമെടാ" എന്നു മലയാളത്തിൽ അവർ സംസാരിച്ചതു കേട്ടപ്പോൾ അവരെകണ്ട് കുശലം പറയാൻ ആഗ്രഹം പ്രകടിപ്പിച്ചു. നാട്ടിൽ വച്ചു കേട്ടിട്ടുള്ള "വാഗ്ദത്ത നാട്ടിൽ" വന്നുചേർന്ന ഡോക്ടറന്മാർ നേഴ്സുകളുടെ ജോലികളും എൻജിനിയറന്മാർ അറബികളുടെ വീട്ടുതോട്ടത്തിൽ ജോലി ചെയ്യുന്നതും സണ്ണിക്ക് അറിയാമായിരുന്നു.

ജോലി കഴിഞ്ഞ് രാത്രിയായതോടെ തിരികെപ്പോകുന്ന യുവാക്കളുടെ കൂട്ടത്തിൽ സണ്ണി മുമ്പു പ്രസിൽവച്ചു പരിചയപ്പെട്ട യുവാവിന്റെ മുഖം തിരിച്ചറിഞ്ഞു. മുമ്പു നാട്ടിൽവച്ച് ദുബായ് കൺസ്ട്രക്ഷൻ കമ്പനി "സൂപ്രണ്ടായി" സ്വയം പരിചയപ്പെടുത്തി, കല്യാണക്കുറി അടിപ്പിച്ച അതേ യുവാവ് ജാള്യത്തോടെ മുഖം കുനിച്ചു നിന്നു.

ഇത് പ്രവാസി മലയാളികളുടെ ഇടയിലെ ഒറ്റപ്പെട്ട ഒരു സംഭവമല്ല. ഗൾഫ് രാജ്യങ്ങളിലും യൂറോപ്യൻ, അമേരിക്കൻ നാടുകളിലും ഒക്കെ 'ഭാഗ്യം' തേടി ഇറങ്ങിയ പല മലയാളി സഹോദരങ്ങളുടെ നില ഇതിൽ നിന്നു വ്യത്യസ്തമല്ല.

ഇങ്ങനെയുള്ള ചുറ്റുപാടുകളിൽ കഴിഞ്ഞുകൂടാൻ വിധിക്കപ്പെട്ട സഹോദരങ്ങളുടെ മദ്ധ്യത്തിലേക്കാണ് മക്കാറിയോസ് മെത്രാപ്പോലീത്താ ദൈവനിയോഗവുമായി എത്തിയതെന്ന് പലർക്കും അറിഞ്ഞുകൂടാ. അവരുടെ ജീവിതത്തിലേക്ക് ആശ്വാസകരങ്ങളുമായി എത്തി. ജോലി ഇല്ലാത്തവർക്കും വേദന അനുഭവിക്കുന്നവർക്കും പ്രശ്നങ്ങളുടെ നൂലാമാലകളിൽ കുരുങ്ങുന്നവർക്കും ഒക്കെ അത്താണിയായി അവർ തിരുമേനിയെ കണ്ടു. ഗവണ്മെന്റിലേക്കു അപേക്ഷകൾ അയയ്ക്കുന്നതിനും ഓഫീസുകൾ കണ്ടുപിടിക്കുന്നതിനും പുതിയ ജോലികൾ ലഭിക്കുന്നിടങ്ങളിലേക്ക് അവരെ നയിക്കുന്നതിനും അക്കാലങ്ങളിൽ തിരുമേനി

പലരെ സഹായിച്ചു. അതോടൊപ്പം അവരുടെ ആത്മീയ കാര്യങ്ങൾക്കായി സിറ്റികളിൽ പള്ളികൾ ഉയർത്തി പട്ടക്കാരെ നിയമിക്കുന്നതിനും പട്ടക്കാരിലൂടെ ജനങ്ങളുടെ ജീവിതത്തിലേക്കു ഇറങ്ങുന്നതിനും തിരുമേനി ശ്രദ്ധിച്ചു. അമേരിക്കൻ ഭദ്രാസനം വളരെ വേഗത്തിൽ മുന്നോട്ടു കുതിച്ചു.

എന്നാൽ അമേരിക്കൻ സഭാപിതാവായ മക്കാറിയോസ്, അമേരിക്കൻ വിശ്വാസികൾ എന്താകണമെന്ന് ആഗ്രഹിച്ചുവോ, അതാകാൻ കഴിയാതെ, ഒരു കാരണവശാലും എന്തൊക്കെ ആവരുതെന്ന് ആഗ്രഹിച്ചുവോ അവയ്ക്കായി മാറുന്ന സ്ഥിതിയായി വൈകാതെ അമേരിക്കയിൽ വന്നു.

ഇന്നു നമ്മെ അസ്വസ്ഥമാക്കേണ്ടത് മറ്റൊരു യാഥാർത്ഥ്യമാണ്. ആരെ വിമോചിതരാക്കാൻ വേണ്ടിയാണോ നമ്മുടെ മുൻതലമുറക്കാർ കഠിന വേദനകളും ത്യാഗങ്ങളും യാതനകളും ഏറ്റെടുത്തത്, ആ നാം ഇന്ന് യഥാർത്ഥത്തിൽ സ്വതന്ത്രരല്ല എന്നതാണ്. ഭൗതികമായി നാം സ്വാതന്ത്ര്യമനുഭവിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ നാം ഇന്നും തടവറയിലല്ലേ എന്ന് തോന്നിപ്പോകുന്നു.

അത് വിദേശികൾ ഒരുക്കിയതല്ല. നമ്മുടെ തന്നെ കപടവിശ്വാസങ്ങൾ സൃഷ്ടിച്ച കപട തടവറകളാണ്. ഇല്ലാത്ത പലതും ഉണ്ടെന്നും ഉള്ളതു പലതും ഇല്ലെന്നും നാം വെറുതെ വിശ്വസിക്കുന്നു. അല്ലെങ്കിൽ സ്വയം വിശ്വസിപ്പിക്കാൻ ശ്രമിക്കുന്ന ഗതികേടിലാണ് നാം. അതുപോലെ നാം എന്താണോ അല്ലാത്തത് അതാണെന്ന് വ്യഥാ അഭിമാനിക്കയും നാം എന്താണോ ആയിരിക്കുന്നത് അതല്ലെന്നു നടിക്കുകയും ചെയ്യുന്ന മനസ്സിലെ തടവറയിലും.

പുതിയ ഭരണത്തിൻകീഴിൽ എത്തിയ അമേരിക്കൻ പള്ളികളിൽ ചേരിതിരിഞ്ഞ് വെറുക്കുന്ന പരിസ്ഥിതിയാണ് കാണുന്നത്. പരസ്പരം വെറുക്കുന്നു, ദ്വേഷിക്കുന്നു. എന്നിട്ടും ദൈവസ്നേഹം, മനുഷ്യസമാധാനം ഒക്കെ നമ്മുടെ മുഖമുദ്രയെന്ന് നാം മേനി പറയുന്നു. എല്ലാ വേദികളിലും നേതാക്കന്മാർ കൊട്ടിഘോഷിക്കുമ്പോഴും അൽപ്പലാഭത്തിനും സ്വൽപ്പം സൗകര്യത്തിനും വേണ്ടിപ്പോലും സഹോദരങ്ങളെ ഹിംസിക്കാനും അവരുടെ ഹൃദയങ്ങളെ ആഴത്തിൽ വെട്ടിനുറുക്കാനും തയ്യാറാകുന്നു. ഇന്ന് പട്ടക്കാർ തമ്മിലും, പള്ളികൾ തമ്മിലും ഒരേ ഭദ്രാസനത്തിന്റെ കീഴിൽ കടിച്ചുകീറുന്നു. അത്മേനികൾ ചേരുന്നിടത്തെല്ലാം അവരവരുടെ അച്ചന്മാരെ വിമർശിക്കാനും, അച്ചന്മാർ ചേരുന്നിടത്ത് മെത്രാപ്പോലീത്തായെ വിമർശിക്കാനുമേ ഇന്നും നാം പഠിച്ചിട്ടുള്ളു. ഒരേ മാംസം, ഒരേ രക്തം, ഒരേ സംസ്കാരം, ഒരേ ഭാഷ – എന്നിട്ടും എന്തേ നമുക്കു സംഭവിക്കുന്നത്?

മാർ മക്കാറിയോസ് നേരത്തെ പറഞ്ഞു, "കാതോലിക്കേറ്റിന്റെ നൂറാം വാർഷികം നാം ആഘോഷിക്കുമ്പോൾ നാം തിരിച്ചറിയേണ്ടത് ഈ നിർഭാഗ്യകരമായ അവസ്ഥയാണ്." നമുക്കു വേണ്ടത് ഇതിൽ നിന്നെല്ലാമുള്ള മോചനമാണെന്ന് തിരുമേനി വിശ്വസിക്കുന്നു. "സ്വാതന്ത്ര്യം പൂർവ്വിക പിതാക്കന്മാർ നമുക്കു നേടിത്തന്നു. ഇനിയും നമുക്കു ലഭിച്ചിട്ടില്ലാത്തതും ആവശ്യമായതും നാം സ്വയം നേടിയെടുക്കാനുള്ള ആന്തരിക വിമോചനമാണ്. മുമ്പു സൂചിപ്പിച്ച കപട വിശ്വാസങ്ങളിൽ നിന്നും കപട പെരുമാറ്റങ്ങളിൽ നിന്നുമുള്ള വിടുതൽ കാതോലിക്കേറ്റ് സെന്റിനറി നമുക്കു നേടിത്തരുന്നതിനുള്ള അവസരം ആകണം." കാതോലിക്കേറ്റിനെക്കുറിച്ചുള്ള സ്വപ്നം ഈ വാക്കുകളിൽ തിരുമേനി വ്യക്തമാക്കി.

ജർമ്മൻ സന്ദർശനം

ജർമ്മനിയുടെ വിവിധ ഭാഗങ്ങളിലായി ഏതാനും ഓർത്തഡോക്സ് കുടുംബങ്ങൾ ചിതറിപ്പാർക്കുന്നുണ്ട്. ബാഹ്യകേരളത്തിലെ മറ്റ് ഏതു സംസ്ഥാനങ്ങളിലും എന്നപോലെ ജർമ്മനിയിലെ കുടിയേറ്റത്തിനും ആരോഗ്യരംഗത്തു വീരഗാഥ ഉയർത്തുന്ന നമ്മുടെ നേഴ്സുമാരോട് മലങ്കര ഓർത്തഡോക്സ് സഭ കടപ്പെട്ടിരിക്കുന്നു. കേരളത്തിനു വെളിയിൽ എവിടെയെല്ലാം ആശുപത്രികളും മെഡിക്കൽ കോളജുകളും ഉണ്ടോ അവിടെയെല്ലാം മലയാളി സിസ്റ്റേഴ്സിനേയും കാണാം. കേവലം ആതുരസേവന രംഗത്തു മാത്രമല്ല, സ്വന്തം ഭവനങ്ങളിൽ നിന്നു കിട്ടിയ ആത്മീയതയും ഓർത്തഡോക്സ് വിശ്വാസവും അവർ പോയിട്ടുള്ള രാജ്യങ്ങളിലെല്ലാം അവർ അതിന്റെ വക്താക്കളായിരുന്നു അവർ ശോഭിക്കയും പള്ളിസ്ഥാപനത്തിന്റെ മുഖ്യകാരണക്കാരായി ഭവിക്കയും ചെയ്തിട്ടുണ്ട്. സ്ത്രീസംഖ്യ മുന്നിൽ നിൽക്കുന്ന പല ഇടവകകളും നിലവിൽ വന്നത്, സ്ത്രീകളുടെ അവകാശത്തെ സമ്മതിക്കാതിരുന്ന സഭയുടെ ചിന്താഗതികൾ ഉണ്ടായിരുന്ന കാലത്താണെന്ന് നാം ഓർക്കണം. ആ നേഴ്സ് സംഘത്തെ നന്ദിപൂർവ്വം ഓർക്കേണ്ടതുണ്ട്.

ജർമ്മനിയിലെ ആരാധനാകൂട്ടങ്ങൾക്കും ഇതേവിധത്തിലുള്ള കഥകളാണ് പറയാനുള്ളത്. വല്ലപ്പോഴും ജർമ്മനിയിൽ കൂടി കടന്നുപോകേണ്ടി വരുന്ന ഒരു ബിഷപ്പിന്റെ സാന്നിദ്ധ്യം അവർക്കു ഉത്സവമായിരുന്നു. ഇടയ്ക്കിടയ്ക്കു ജർമ്മൻ യൂണിവേഴ്സിറ്റികളിൽ പഠനത്തിനു എത്തുന്ന പട്ടക്കാരുടെ സേവനത്തിൽ സംതൃപ്തരായി ആരാധനയിൽ സംബന്ധിക്കാനേ അക്കാലത്ത് അവർക്കു കഴിഞ്ഞിട്ടുള്ളു.

അക്കാലത്ത് വിദ്യാഭ്യാസാർത്ഥം ജർമ്മനിയിൽ എത്തിയ പെരുമ്പാവൂർ വെങ്ങോല സ്വദേശി കെ. കെ. വറുഗീസ് ശെമ്മാശനെ (പിൽക്കാ

ലത്ത് കോര വറുഗീസ് അച്ചൻ) ദൈവം ജർമ്മൻ ഓർത്തഡോക്സ് അംഗങ്ങളുടെ ഏകീകരണത്തിന് ഉപയോഗിച്ചു. അദ്ദേഹം ഒരു ജർമ്മൻ കാരിയെ വിവാഹം ചെയ്തു. വൈകാതെ പുരോഹിതനായിത്തീർന്ന കോര വറുഗീസ് അച്ചൻ ജർമ്മനിയിൽ സ്ഥിരതാമസക്കാരനായതും ദൈവത്തിന്റെ പദ്ധതിയായിരുന്നുവെന്ന് പിൽക്കാല ചരിത്രം തെളിയിച്ചു. ബഹു. വറുഗീസച്ചൻ ആരംഭിച്ച ക്രമമായ കുർബ്ബാനയും ആരാധനയും ജർമ്മനിയിലെ മലങ്കര സഭാമക്കളുടെ ഏകീകരണത്തിന് വളരെയേറെ സഹായിച്ചു. തന്റെ വിദേശയാത്രാ വേളകളിലെല്ലാം പിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ സന്ദർശനങ്ങൾ ജർമ്മൻ ഓർത്തഡോക്സുകാർക്ക് ഏറെ ഉന്മേഷം പകരുകയും സഭയുടെ അവിടത്തെ വളർച്ചയിൽ വളരെ സഹായകരമായി ഭവിക്കയും ചെയ്തിട്ടുണ്ട്. ബഹു. കോര വറുഗീസച്ചന്റെ മരണംവരെ ജർമ്മനിയിലെ ജനങ്ങൾക്കും മലങ്കരസഭയ്ക്കും ചെയ്ത സേവനങ്ങൾ വളരെ വിലപ്പെട്ടതാണ്.

അതോടൊപ്പം വറുഗീസച്ചന്റെ ഭാര്യ ജർമ്മൻകാരിയായ ഡോക്ടർ കോട്ടയം പഴയസെമിനാരിയിലെ കെട്ടിട സമുച്ചയങ്ങൾക്കു നൽകിയിട്ടുള്ള സാമ്പത്തിക കൈത്താങ്ങലുകൾ വൈദികസെമിനാരിയുടെ വളർച്ചയിലും പഠനസൗകര്യങ്ങളിലും വലിയ പങ്കു വഹിച്ചിട്ടുണ്ട്. ആ കുടുംബവും അച്ചന്റെ മക്കളും എല്ലാം മലങ്കരസഭയോടു ബന്ധപ്പെട്ടു തന്നെ കഴിയുന്നു. ബഹു. അച്ചന്റെ ഭൗതികദേഹം ജർമ്മനിയിൽ നിന്നു സ്വദേശത്തു കൊണ്ടുവന്നു വെങ്ങോല പള്ളിയിലാണ് സംസ്കരിച്ചത്.

മാർ മക്കാറിയോസിന്റെ ജർമ്മൻ സന്ദർശനം 2007 ജൂൺ മാസത്തിലായിരുന്നു. അദ്ദേഹം കാനഡായുടെയും യൂറോപ്പിന്റേയും മെത്രാപ്പോലീത്താ ആയി നിയമിതനായശേഷം പതിവുള്ള എപ്പിസ്കോപ്പൽ സന്ദർശനത്തിനാണ് ഇത്തവണ ജർമ്മനിയിലെ കൊളോൺ എന്ന സ്ഥലത്ത് എത്തിയത്. തിരുമേനിക്ക് എയർപോർട്ടിൽ ഊഷ്മളമായ ഒരു വരവേൽപ്പാണ് ഓർത്തഡോക്സുകാർ നൽകിയത്. വികാരി ഫാ. ഏബ്രഹാം മണിയാട്ടുകുടിയിൽ, സെക്രട്ടറി ജോൺ കൊച്ചുതുണ്ടിയിൽ, സണ്ണി തോമസ് തുടങ്ങിയവർ തിരുമേനിയെ സ്വീകരിച്ചു. 2007 ജൂൺ 10-ന് തിരുമേനിക്ക് ജർമ്മനിയിലെ മലയാളിസമൂഹം മലങ്കര ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ ഗംഭീരമായ ഒരു സ്വീകരണമാണ് നൽകിയത്. അന്നു രാവിലെ 10 മണിക്ക് കൊളോണിലെ സെന്റ് ആഗസ്റ്റിനർ ആശുപത്രി ചാപ്പലിൽ തിരുമേനി വി. കുർബ്ബാന അർപ്പിക്കയും അതിനുശേഷം പാരീഷ്ഹാളിൽ സ്വീകരണയോഗത്തിലും സമൂഹവിരുന്നിലും തുടർന്നു നടന്ന കലാപരിപാടികളിലും പങ്കെടുത്തു.

ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്തായും മക്കാറിയോസ് പിതാവിന്റെ

കുടുംബാംഗവുമായ ഔഗേൻ മാർ ദീവന്നാസ്യോസിന്റെ ദേഹവിയോഗം തിരുമേനി അവിടെവച്ചാണ് കേട്ടത്. കാലംചെയ്ത തിരുമേനിക്കുവേണ്ടി അപ്പോൾതന്നെ പള്ളിയിൽ ധൂപപ്രാർത്ഥന നടത്തുകയും അനുസ്മരണ സമ്മേളനത്തിൽ ഇപ്രകാരം പ്രസംഗിക്കയും ചെയ്തു.

"എക്കാലവും ഔഗേൻ തിരുമേനി സ്നേഹത്തോടെ സ്മരിക്കപ്പെടും. വിനയത്തിന്റേയും ലാളിത്യത്തിന്റേയും പര്യായമായ ഒരു ആത്മീയ ആചാര്യനെയാണ് മലങ്കരസഭയ്ക്കു നഷ്ടപ്പെട്ടത്. ഇടുക്കിയിലെ ജനതയുടെ ആത്മീയവും ഭൗതികവുമായ ഒട്ടേറെ കാര്യങ്ങളെക്കുറിച്ചായിരുന്നു അദ്ദേഹം ചിന്തിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും. മലങ്കരസഭയിൽ വ്യക്തി മാഹാത്മ്യത്താൽ അനുപമസ്ഥാനം അലങ്കരിച്ച പുരോഹിതശ്രേഷ്ഠനാണ് ഔഗേൻ തിരുമേനി. ധ്യാനഗുരു, മികച്ച പ്രഭാഷകൻ, ദാർശനികനായ ഭരണാധികാരി, കഴിവുറ്റ സംഘാടകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം വ്യക്തിമുദ്ര പതിച്ച ആത്മീയ തേജസ്സായിരുന്ന തിരുമേനിയെ സഭ എക്കാലവും സ്നേഹത്തോടെ സ്മരിക്കുമെന്നും" മാർ മക്കാറിയോസ് പറഞ്ഞു.

ഔഗേൻ മാർ ദീവന്നാസ്യോസ് കാലം ചെയ്തു

2007 ജൂൺ 5 ചൊവ്വാഴ്ച ഔഗേൻ തിരുമേനി വാകത്താനത്തെ വള്ളിക്കാട്ടു ദയറായിൽ നിന്ന് ഇടുക്കിയിലേക്കുള്ള യാത്രാമദ്ധ്യേ വാഴൂരിനടുത്ത് കൊടുങ്ങൂരിനും പൊൻകുന്നത്തിനും മദ്ധ്യേ ചെങ്കൽപ്പള്ളിക്കു സമീപം അദ്ദേഹം സഞ്ചരിച്ചിരുന്ന കാർ ഒരു പ്രൈവറ്റു ബസ്സുമായി കൂട്ടിയിടിച്ചു. സംഭവസ്ഥലത്തു വച്ചുതന്നെ തിരുമേനി അന്തരിച്ചു. കാഞ്ഞിരപ്പള്ളിയിൽ നിന്നെത്തിയ ഫയർഫോഴ്സ് അരമണിക്കൂർ പരിശ്രമിച്ച് കാർ വെട്ടിപ്പൊളിച്ചാണ് അദ്ദേഹത്തെ പുറത്തെടുത്തത്. അപ്പോഴേക്കും മരണം സംഭവിച്ചിരുന്നു. ഇടുക്കിയിലുള്ള നിർദ്ധനരായ കുട്ടികൾക്ക് നൽകാനായി പഠനോപകരണങ്ങൾ വാങ്ങിയുള്ള യാത്രയിലായിരുന്നു അപ്രതീക്ഷിതമായ ദുരന്തം. കാറിന്റെ ഡ്രൈവർ ബാബുവിന് പനിയായിരുന്നതിനാൽ വൈദിക വിദ്യാർത്ഥി കൈപ്പട്ടൂർ പള്ളിയാത്തു ടിച്ചു വറുഗീസായിരുന്നു കാറോടിച്ചിരുന്നത്. ടിച്ചു (24) വിനെ പരുക്കുകളോടെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാറിനെതിരെ വന്ന ബസിന്റെ ടയർ ഊരിപ്പോയതിനാൽ ബസ് നിയന്ത്രണം വിട്ട് തിരുമേനിയുടെ കാറിലിടിക്കുകയായിരുന്നു.

2005 മാർച്ച് 5-നു സ്ഥാനമേറ്റ തിരുമേനി 2007 ജൂൺ 5 വരെ മാത്രമേ (രണ്ടു വർഷം മാത്രം) ഭരിച്ചുള്ളു. ഭൗതികദേഹം മെഡിക്കൽ കോളജിൽ നിന്നു ദേവലോകത്തു കൊണ്ടുവരികയും പിന്നീട് അദ്ദേഹം നേരത്തെ പ്രകടിപ്പിച്ച അഭിലാഷമനുസരിച്ച് വാകത്താനം വള്ളിക്കാട്ട്

ദയറായിൽ കൊണ്ടുവന്നു. റമ്പാനായിരുന്നപ്പോൾ അദ്ദേഹം വള്ളിക്കാട്ടു ദയറായിലായിരുന്നു താമസിച്ചിരുന്നത്.

ജൂൺ 7-നു പതിനായിരങ്ങളുടെ അശ്രുപൂജയോടെ ഔഗേൻ തിരുമേനിയുടെ ഭൗതികദേഹം പ. ദിദിമോസ് ബാവായുടെയും മറ്റു മെത്രാപ്പോലീത്തന്മാരുടെയും സഹകരണത്തോടെയും രണ്ടാം കാതോലിക്കാ ബസ്സേലിയോസ് ഗീവറുഗീസ് ഒന്നാമൻ ബാവായുടെ കബറിടത്തിനു സമീപം തന്നെ സംസ്കരിച്ചു. താൻ നട്ടുവളർത്തിയ കറുകവൃക്ഷം ചൂണ്ടിക്കാട്ടി അതിന്റെ ചുവട്ടിൽ തന്നെ അടക്കണമെന്ന് തിരുമേനി നേരത്തെ പറഞ്ഞിരുന്നു.

അവസാനയാത്ര പുറപ്പെടുംമുമ്പേ ദയറായിൽ വി. കുർബ്ബാന ചൊല്ലിയശേഷം കാപ്പ ഊരാതെ വടിയും സ്ലീബായും പിടിച്ച് കസേരയിൽ വന്നിരുന്ന്, താൻ മരിച്ചാൽ എങ്ങനെ ആയിരിക്കുമെന്നു കാണാൻ ഒരു ഫോട്ടോ എടുക്കാൻ പറഞ്ഞു. പക്ഷേ, അന്തേവാസികൾ സമ്മതിച്ചില്ല. അവസാനം മരണത്തെ മുന്നിൽകണ്ട് ആ അവസാനഫോട്ടോ എടുപ്പിച്ചു.

വഴിയിൽ വച്ച് വെല്ലൂരിൽ ചികിത്സയ്ക്കു പോകുന്ന കോഴഞ്ചേരിക്കാരൻ സന്തോഷ് അച്ചനുമായിട്ട് സെൽഫോണിൽ പ്രാർത്ഥന അറിയിച്ചിട്ട് അച്ചൻ വെല്ലൂരിൽ നിന്നും തിരിച്ചു വരുമ്പോൾ കാണാമെന്ന് പറഞ്ഞു.

പീരുമേട് എൻജിനീയറിംഗ് കോളജിൽ അച്ചനെ വിളിച്ച് ഉച്ചയോടുകൂടെ പീരുമേട്ടിൽ എത്തും എന്നു പറഞ്ഞു കഴിയവെ കാതടപ്പിക്കുന്ന ഒരു വലിയ ശബ്ദമാണ് അച്ചൻ പിന്നീട് ഫോണിലൂടെ കേട്ടത്.

പരുമലയിൽ പ. ബാവായെ കാണാൻ പോകാനൊരുങ്ങിയെങ്കിലും അദ്ദേഹം മുളന്തുരുത്തിക്കു പോയി എന്നറിഞ്ഞ് കുമളിക്കു നേരെ പോവുകയായിരുന്നു.

കബറടക്കശേഷം നടന്ന അനുസ്മരണാ മീറ്റിംഗിൽ നിയുക്തബാവാ അദ്ധ്യക്ഷനായിരുന്നു. ഉമ്മൻ ചാണ്ടി, സുരേഷ് കുറുപ്പ് എം.പി., സഭാ സെക്രട്ടറി, ട്രസ്റ്റിമാർ തുടങ്ങിയവർ അനുസ്മരണാ പ്രസംഗങ്ങൾ നടത്തി.

മാർ മക്കാറിയോസ് ജർമ്മനിയിലെ ഇവാൻജലിക്കൽ സഭകളുടെ രാജ്യാന്തരസമ്മേളനത്തിൽ മുഖ്യ അതിഥി

ജർമ്മനിയിലെ കൊളോണിൽ 2007 ജൂൺ 6-ന് ആരംഭിച്ച ഇവാൻജലിക്കൽ സഭകളുടെ രാജ്യാന്തര സമ്മേളനത്തിൽ പ്രധാന അതിഥിയായി എത്തിയ മാർ മക്കാറിയോസ് മെത്രാപ്പോലീത്താ സകലരുടെയും ശ്രദ്ധ വളരെയേറെ ആകർഷിച്ചു.

കൊളോൺ നഗരം ഉൾപ്പെടുന്ന നോർത്ത് റൈൻ വെസ്റ്റ് ഫാലിയാ എന്ന സംസ്ഥാനത്തു മുഖ്യമന്ത്രിയായിരുന്ന യൂർഗൻ ട്യൂട്ട്ഗേഴ്സിന്റെ പ്രത്യേക ക്ഷണം സ്വീകരിച്ചാണ് തിരുമേനി ഈ ആഗോളസമ്മേളനത്തിനെത്തിയത്.

തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്കു മാത്രമായി ആ വെള്ളിയാഴ്ച റൈൻ നദിയിലൂടെ നടത്തിയ കപ്പൽയാത്രയിൽ പങ്കെടുത്തവരെയും മക്കാറിയോസ് മെത്രാപ്പോലീത്തായേയും മറ്റ് വിശിഷ്ട അതിഥികളേയും മുഖ്യമന്ത്രി സ്വാഗതം ചെയ്യുകയും തിരുമേനിയെ അതിഥികൾക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

"സഭയുടെ കാര്യങ്ങളിലും വിശ്വാസതീക്ഷ്ണതയിലും ഓർത്തഡോക്സ് സമൂഹം എല്ലാവരെക്കാളും മുന്നിലാണെന്നും ചെറുതെങ്കിലും ഏറ്റം പുരാതനവും ഒരു അപ്പോസ്തോലനാൽ സ്ഥാപിതമായ വലിയ ഒരു സഭയുടെ മെത്രാപ്പോലീത്താ" എന്നാണ് മുഖ്യമന്ത്രി ട്യൂട്ട്ഗേഴ്സ് തിരുമേനിയെ വിശേഷിപ്പിച്ചത്.

ബർമിംഗ്ഹാമിൽ

മാർ മക്കാറിയോസ് തന്റെ മടക്കയാത്രയിൽ യു.കെ. യിലെ ബർമ്മിംഗ്ഹാമിൽ എത്തി. അവിടെ ഉണ്ടായിരുന്ന ഒരു കോൺഗ്രിഗേഷനെ ഒരു ഇടവകയായി ഉയർത്തി പ്രഖ്യാപിച്ചു.

ഇങ്ങനെ ആഗോളസദസ്സുകളിൽ നിറസാന്നിദ്ധ്യമാവുകയും രാജ്യാന്തര നേതാക്കന്മാരാൽ ആദരിക്കപ്പെടുകയും ചെയ്ത മാർ മക്കാറിയോസിന്റെ കഴിവുകളെ വേണ്ടവിധം തിരിച്ചറിയുന്നതിന് മലങ്കരസഭയ്ക്കു കഴിയാതെ പോയി. ജർമ്മനിയിലെ ഇവാൻജലിക്കൽ രാജ്യാന്തര സമൂഹവും ബഹറിനിൽ നടന്ന ആഗോള മുസ്ലീം സമൂഹവും തിരുമേനിയുടെ വാക്കുകൾക്കു കാതോർത്തപ്പോൾ നമ്മുടെ സഭാരാഷ്ട്രീയത്തിൽ നിന്ന് എന്നും തിരുമേനിക്ക് തിരിച്ചടികൾ മാത്രമേ ലഭിച്ചിട്ടുള്ളു.

തന്നെ അപഹസിച്ചും പരിഹസിച്ചും പറഞ്ഞുനടക്കുകയും ലേഖനങ്ങൾ എഴുതുകയും ചെയ്തുവന്ന ഒരു യുവ വൈദികനെ കണ്ടപ്പോൾ "മക്കളെ നിങ്ങളുടെ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഇതൊക്കെത്തന്നെയേ ചെയ്യുമായിരുന്നുള്ളു. ഇത് എന്നെ മടുപ്പിക്കയല്ല, ആവേശഭരിതനും കർമ്മോത്സാഹിയുമേ ആക്കുകയുള്ളു. നിങ്ങളുടേത് നിലനിൽപ്പിന്റെ പ്രശ്നമാണ്. എന്നെ അപഹസിക്കുന്നത് നിങ്ങൾക്കു സഹായകരമാകുമെങ്കിൽ അതു തുടർന്നുകൊള്ളു" എന്ന് പുഞ്ചിരിയോടെ പറഞ്ഞ തിരുമേനിക്ക് എതിർപ്പുകൾ പുത്തനായിരുന്നില്ല.

ആൽമാ കോളജിലെ തത്വശാസ്ത്രാധ്യാപകനിൽ (പ്രൊഫസർ ഓഫ്

ഫിലോസഫി) നിന്നു സഭയുടെ സർവ്വ സമവാക്യങ്ങളും പഠിച്ച തന്ത്രജ്ഞനിലേക്ക് അദ്ദേഹം വളർന്നത് അര നൂറ്റാണ്ടിലെ സഭാനുഭവ പാഠങ്ങളിൽ നിന്നാണ്. ആരേയും വെറുപ്പിക്കുന്നതല്ല മാർ മക്കാറിയോസിന്റെ ശൈലി.

യൗവ്വനത്തിലെ അയിരൂർ കുറ്റിക്കണ്ടത്തിൽ വീടിന്റെ സ്വാധീനവും ദൈവമാതാവിന്റേയും പരുമല - വട്ടശ്ശേരിൽ പരിശുദ്ധന്മാരുടെ അദൃശ്യ സാന്നിധ്യവും നിറഞ്ഞുനിന്ന ആ ജീവിതത്തിൽ അതുപോലെതന്നെ സ്വാധീനശക്തിയുള്ളതായിരുന്നു തന്റെ 'അമ്മച്ചി'യുടെ സ്വാധീനവും.

ലണ്ടനിലും അമേരിക്കയിലും ഒക്കെ പാശ്ചാത്യനാടിന്റെ സംസ്കാര പിള്ളത്തൊട്ടിലിൽ ജീവിച്ച ആരും ഇതിനു മുമ്പ് സഭാ മേലദ്ധ്യക്ഷസ്ഥാനത്തേക്കു വന്നിട്ടില്ല. മാർ മക്കാറിയോസ് സഭയുടെ വൈദികസെമിനാരി പ്രൊഫസർ സ്ഥാനത്തിൽ മാത്രം ഒതുങ്ങിയിരുന്നില്ല. സഭയുടെ എല്ലാ അന്തർധാരയിലും നേതാക്കന്മാരോടൊപ്പം ആ സെമിനാരി അദ്ധ്യാപകൻ സജീവ പങ്കാളിയായപ്പോൾ അദ്ദേഹത്തെത്തേടി മെത്രാപ്പോലീത്താ പദവിയും എത്തി. മഞ്ഞുമൂടിക്കിടന്ന പാശ്ചാത്യനാട്ടിലെ ജീവിതത്തിൽ നിന്നു കോട്ടയത്തെ വേനൽചൂടിലേക്ക് അദ്ദേഹത്തെ പ. ഔഗേൻ ബാവാ വിളിച്ചപ്പോൾ ജഡരക്തങ്ങളോട് ആലോചിക്കാതെയാണ് അദ്ദേഹം നാട്ടിലേക്ക് ഓടിഎത്തിയത്. അദ്ദേഹത്തെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്താനാണ് ബാവായുടെ വിളി എന്ന് അന്നേ സെമിനാരി അകത്തളത്തിൽ അടക്കം പറച്ചിലുണ്ടായി. സംഗതി സത്യമായി. അദ്ദേഹം സെമിനാരിയുടെ തിളക്കം മാത്രമല്ല, സുന്നഹദോസിന്റെ തന്നെ ഗ്ലാമർ ആയി ഉയർന്നതിൽ മുറുമുറുപ്പുകളും ഉയർന്നത് സ്വാഭാവികം.

അപരന്റെ മനംകവരുന്ന പ്രസംഗകനായിരുന്നല്ലോ മാർ മക്കാറിയോസ്. കുറ്റിക്കണ്ടത്തിൽ ചാക്കോ-മറിയമ്മമാരുടെ മകൻ ജനിച്ചത് അയിരൂരിൽ ആയിരുന്നെങ്കിലും പഠിച്ചത് ഡൽഹിയിലും ഇംഗ്ലണ്ടിലും വാഷിംഗ്ടണിലും ജനീവയിലും ഒക്കെ ആയി. മികവുറ്റതായിരുന്നു അദ്ദേഹത്തിന്റെ അക്കാദമിക് റെക്കോർഡുകൾ. ഒറ്റ പ്രസംഗം കേട്ടിരുന്ന സായ്പ് ആൽമാ കോളജിന്റെ കോൺവൊക്കേഷന് മുഖ്യാതിഥിയായി ക്ഷണിച്ചു. പിന്നീട് അതേ ആൽമാ കോളജിന്റെ ആത്മാവും പിതാവും ആയി 25 വർഷമാണ് അദ്ദേഹം അവിടെത്തന്നെ താമസിച്ചത്. ആ കാലയളവിലും സഭയേയും മലയാളത്തേയും അദ്ദേഹം സ്നേഹിച്ചു. വിദേശ പ്രസിദ്ധീകരണങ്ങളിലും മാധ്യമങ്ങളിലും മക്കാറിയോസ് എന്ന പേര് നിറഞ്ഞുനിന്നു. അഭയാർത്ഥി ക്യാമ്പുകളിലും പ്രകൃതിക്ഷോഭ സ്ഥാനങ്ങളിലും സാന്ത്വനവുമായി മക്കാറിയോസ് തിരുമേനി പോകുന്നതിനെപ്പറ്റി ചോദിച്ചവരോട് അദ്ദേഹം ഒരു മറുചോദ്യം ചോദിച്ചു; "എഴുത്തും പ്രസംഗവും മാത്രം മതിയോ, പ്രവൃത്തിയിലും ശ്രദ്ധ വേണ്ടേ?"

തന്റെ സഭയെ ലോകത്തിലെ സ്വപ്നമാക്കുക എന്നതായിരുന്നു മക്കാറിയോസ് പിതാവിന്റെ സ്വപ്നം. അതു പറയുമ്പോൾ അദ്ദേഹത്തിന്റെ ആത്മാർത്ഥത തൊട്ടറിയാൻ കഴിയും. സൗമ്യനും അതേസമയം തന്റേടിയുമായ അദ്ദേഹം ആദർശത്തിന്റെ വഴിവിട്ട് ഒന്നിനും പിന്നാലെ പോയില്ല. ഉത്തരവാദിത്വത്തിൽ നിന്നും പോരാട്ടങ്ങളിൽ നിന്നും ഒളിച്ചോടിയുമില്ല - MAKARIOS (മക്കാറിയോസ്) എന്ന അഞ്ചക്ഷരത്തിന്റെ അർത്ഥം 'അനുഗൃഹീതൻ' എന്നാണ്. അതിൽ ഒതുങ്ങുന്നത് സഭയുടെ പ്രവർത്തനത്തിന്റെ തിളങ്ങുന്ന ചരിത്രമാണ്.

അധികാരത്തിനായി എന്തും ഏതും പറഞ്ഞുനടക്കുന്നവരുടെ കൂടെ മക്കാറിയോസിനെ കാണാറില്ല. നിത്യേന പത്രപ്രസ്താവനകളുമായി ചെളിവാരി എറിയൽ നടത്തുന്നതിനും അദ്ദേഹത്തെ കിട്ടില്ല. മെത്രാച്ചനാകുന്നതിനു മുമ്പും ശെമ്മാശനായും അച്ചനായും ഇരുന്ന കാലത്തും, അധികാരങ്ങൾ ഒന്നും ഇല്ലാതിരുന്ന കാലത്തും സഭ ഏൽപ്പിച്ചിരുന്ന ജോലികളിൽ ശ്രദ്ധചെലുത്തി സഭയുടെ "ബാലികേറാമലകൾ" നിഷ്പ്രയാസം ആ പോരാളി ഓടിക്കയറുന്നത് കാണുക രസകരമായിരുന്നു. മക്കാറിയോസ് മെത്രാപ്പോലീത്തായെ എന്നും ജനങ്ങൾക്ക് പ്രിയങ്കരനാക്കിയത്, പോരാട്ടങ്ങളിലെ ഈ വീര്യവും പെരുമാറ്റങ്ങളിലെ ലാളിത്യവുമാണ്. തന്റെ നേട്ടങ്ങളൊക്കെ ഗ്രൂപ്പു കളിക്കാൻ നിന്നു കൊടുക്കാതാണെന്നുള്ളതും തിരുമേനിയെ ശ്രദ്ധേയനാക്കുന്നു. അദ്ദേഹത്തെ അടുത്തറിയുന്ന ആരും സമ്മതിക്കുന്ന ഒരു വസ്തുതയുണ്ട്; വന്ന വഴി മറക്കുന്നവനല്ല മാർ മക്കാറിയോസ് എന്ന്.

1975-ലെ മെത്രാൻ തെരഞ്ഞെടുപ്പിൽ മെത്രാൻ സ്ഥാനാർത്ഥി ആവാൻ ആരാണ് ഏറ്റം യോഗ്യൻ എന്ന ചോദ്യത്തിന് ഉത്തരം പറവാൻ ആർക്കും മടി ഉണ്ടായിരുന്നില്ല; 'കെ. സി. തോമസ് അച്ചൻ.' വട്ടക്കുന്നേൽ അത്താനാസ്യോസ് മെത്രാപ്പോലീത്താ (പിന്നീട് ബാവാ) അദ്ദേഹത്തെ ആ സ്ഥാനത്തേക്ക് നിർദ്ദേശിച്ചതിന്റെ കാരണവും അതു തന്നെ. 5 വർഷം സെമിനാരി അദ്ധ്യാപകനായി കഴിഞ്ഞ അദ്ദേഹം കേന്ദ്രബിന്ദുവായതും, മക്കാറിയോസ് എന്ന നക്ഷത്രം ഉദിച്ചുയർന്നതും, വളരെ പെട്ടെന്നും യാദൃച്ഛികമായും അദ്ദേഹംപോലും അറിയാതെയും ആയിരുന്നു എന്നതാണ് സത്യം. സഭയുടെ സ്വാതന്ത്ര്യം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ വാൾമുനയിൽ ആടിക്കൊണ്ടിരുന്ന സമയത്ത് സഭയുടെ തേർ തെളിക്കാൻ ഡൽഹിയിൽ നടത്തിയ സാഹസിക പോരാട്ടമായിരുന്നു അദ്ദേഹത്തിന്റെ ആ കാലത്തുണ്ടായിരുന്ന ഏറ്റം വലിയ 'പ്ലസ് പോയിന്റ്.' മലങ്കര മാനേജിംഗ് കമ്മിറ്റി തുടർച്ചയായി വാദകോലാഹലങ്ങളുടെ കളരിയാക്കി സ്തംഭിപ്പിച്ചശേഷം കെ. സി. തോമസച്ചന്റെ മുറിയിൽ നിവേദനവുമായി എത്തിയ പാത്രിയർക്കീസ് നേതാക്കൾക്ക് പുറത്തേക്കുള്ള വഴി കാട്ടി

ക്കൊടുത്ത ചങ്കൂറ്റം സഭ കണ്ടറിഞ്ഞു. 1975-നു ശേഷമുള്ള നാലു ദശാബ്ദങ്ങൾ മലങ്കരസഭാ ചരിത്രംതന്നെ അദ്ദേഹം തിരുത്തിക്കുറിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പാശ്ചാത്യനാട്ടിലും മലങ്കരസഭ ഒരു പുതിയ ദിശയിലേക്കു കടന്നു. സഭയുടെ എല്ലാ മേഖലകളും ഒരുപോലെ വളരണമെന്നുള്ള വിശാല നയമായിരുന്നു അദ്ദേഹത്തിന്റേത്.

നടത്തം മെല്ലേ. വേഗം പോരെന്നു തോന്നുമ്പോൾ കുറച്ചേറെ ദൂരെ നിന്ന് സഹപ്രവർത്തകർ കൈനീട്ടും. അദ്ദേഹത്തെ പരുഷമായി വിമർശിച്ചവരെ പരിഹാസത്തിൽ പൊതിഞ്ഞ പ്രഭാഷണങ്ങളിൽ മധുരതരമായി അദ്ദേഹം തിരിഞ്ഞുകൊത്തുന്നത് മറ്റാർക്കും മനസ്സിലായെന്നു വരില്ല. അടൂർ നടന്ന വിദ്യാർത്ഥി കോൺഫ്രൻസിൽ മക്കാറിയോസ് തിരുമേനി പ്രധാന പ്രഭാഷകനായി എഴുന്നേറ്റപ്പോൾ പണ്ടെങ്ങും കാണാത്തവിധം അദ്ദേഹത്തെ വിമർശിച്ചുകൊണ്ടിരുന്ന മെത്രാപ്പോലീത്തന്മാരുടെ ഒരു വൻപടയെത്തന്നെ സ്റ്റേജിൽ കണ്ട് അദ്ദേഹം പ്രസംഗം തുടങ്ങിയതു തന്നെ "പണ്ടാരോ പറഞ്ഞതുപോലെ ഗ്രഹപ്പിഴകൾ വരുമ്പോൾ കൂട്ടത്തോടെയാണ് വരിക" എന്നു പറഞ്ഞ് ചിരിയുടെ മാലപ്പടക്കത്തിനു തിരികൊളുത്തിക്കൊണ്ടായിരുന്നു. ഇത്രയും മെത്രാച്ചന്മാർ ഒരുമിച്ചു വിദ്യാർത്ഥി പ്രസ്ഥാനം കോൺഫ്രൻസിൽ വരാറില്ലെന്ന് തുടർന്ന് അദ്ദേഹം തുറന്നടിച്ചു.

പറയുന്നതും ചെയ്യുന്നതും എന്തെന്ന് അദ്ദേഹത്തിന് പൂർണ്ണബോധ്യമുണ്ട്. കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ അവഗാഹം, ആത്മാർത്ഥത, കറകളഞ്ഞ പ്രതിഛായ എന്നിവ അദ്ദേഹത്തിനുണ്ടായിരുന്നു. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യത്തെ ചോദ്യംചെയ്ത പാത്രിയർക്കീസുകാർ വിട്ടുപോകുന്നെങ്കിൽ 'പോകട്ടെ' എന്നു ധൈര്യമായി പറഞ്ഞതും മക്കാറിയോസ് തിരുമേനി തന്നെ. "വിരുദ്ധ സമ്മർദ്ദങ്ങൾക്കിടയിലും പ്രവർത്തിക്കുന്ന മെത്രാച്ചൻ' എന്ന പേരിന് മുമ്പില്ലാത്ത ദൃഢനിശ്ചയത്തോടെ സഭയ്ക്കു നേതൃത്വം നൽകി. പദ്ധതികൾ നടപ്പാക്കുന്നതിൽ മുമ്പനായിരുന്ന അദ്ദേഹം സഭയുടെ മനമറിഞ്ഞ മെത്രാപ്പോലീത്തായും ആയിരുന്നു.

അദ്ധ്യായം 26

മെത്രാന്മാരെ തിരിച്ചുപിടിക്കാൻ വ്യഥാ ശ്രമം

അഭ്യസ്തവിദ്യരായ നാലു മെത്രാപ്പോലീത്തന്മാർ ഒരുമിച്ച് പാത്രിയർക്കീസ് വിഭാഗം വിട്ട് മാതൃസഭയിലെ കാതോലിക്കേറ്റിന്റെ കീഴിൽ പുനരൈക്യപ്പെട്ടത് അക്കാലത്തെ വലിയ ഒരു വാർത്തയായിരുന്നു. അവരുടെ നഷ്ടം യാക്കോബായ വിഭാഗത്തേയും അവരുടെ ഭരണക്രമീകരണങ്ങളെയും അതിലേറെ വെട്ടിക്കൽ വൈദിക സെമിനാരിയുടെ നടത്തിപ്പിനെയും കാര്യമായി ബാധിച്ചു. ആ മെത്രാന്മാരോടൊപ്പം ഓർത്ത ഡോക്സ് സഭയിലേക്കു മാറിയ അച്ചന്മാരുടേയും ജനങ്ങളുടേയും ഒഴുക്കും ആ വിഭാഗത്തെ ആകെ അങ്കലാപ്പിലാക്കി.

ഇവരെയെല്ലാം കോടതിവിധിയുടെ പ്രത്യാഘാതങ്ങൾ പറഞ്ഞു മനസ്സിലാക്കി മാതൃസഭയിലേക്ക് ആനയിച്ചത് മക്കാറിയോസ് മെത്രാപ്പോലീത്തായുടെ തന്ത്രമായിരുന്നെന്ന് വടക്കൻ മേഖലകളിൽ ശ്രുതി പരന്നതോടെ അവരിൽ ഭീതിയും ഉണ്ടായി. അവരുടെ പുനരൈക്യം നാലു ഭദ്രാസനങ്ങളിലെ അംഗസംഖ്യയെ ബാധിച്ചു; ഭരണത്തെ ബാധിച്ചു. മൂവാറ്റുപുഴ അരമനയിൽ മാർ മക്കാറിയോസ് നടത്തിയ രഹസ്യസന്ദർശനവും കണ്ടനാട് ഭദ്രാസന പ്രതിനിധിയോഗവേളയിൽ അവരെ കണ്ടു സംസാരിച്ചതും ഡോ. തോമസ് അത്താനാസ്യോസിന്റെ ബുദ്ധിപൂർവ്വമായ നീക്കത്തിന് വഴിമരുന്നിട്ടു കൊടുത്ത് ശക്തിപ്പെടുത്തിയതും മാർ മക്കാറിയോസ് ആയിരുന്നെന്ന് പരസ്യമായി. തുടർന്ന് മക്കാറിയോസ് തിരുമേനിയുടെ മലേക്കുരിശു ദയറാ സന്ദർശനവും തൃശൂർ മാർ മിലിത്തിയോസുമായി നടത്തിയ ഫോൺ സംഭാഷണങ്ങളും എല്ലാം ആ മെത്രാപ്പോലീത്തന്മാർക്ക് ധൈര്യപൂർവ്വമുള്ള ഒരു ചാട്ടത്തിന് വഴിഒരുക്കി എന്നു ജനസംസാരമുണ്ടായി. അമേരിക്കയിൽ മാർ നിക്കോളവാസ് നേരത്തെതന്നെ ഈ സംയോജിപ്പ് വിഷയം മാർ മക്കാറിയോസുമായി ചർച്ച ചെയ്തു തീരുമാനിച്ചു കഴിഞ്ഞിരുന്നു. ആ നാലു മെത്രാപ്പോലീത്തന്മാരുടെയും പുനരൈക്യ ആലോചനകളിൽ മാർ മക്കാറിയോസിന്റെ ഭാഗം കൂടി ചേർന്നപ്പോൾ തീരുമാനമെടുക്കുന്നതിന് ഗതിവേഗം ലഭിച്ചു.

ഏതാണ്ട് ഒരു തകർച്ചയുടെ വക്കോളം എത്തിനിന്ന യാക്കോബായ വിഭാഗത്തിന് വേർപിരിഞ്ഞ മെത്രാപ്പോലീത്തന്മാരെ പൂർവ്വപാളയത്തിൽ തിരികെ എത്തിച്ചേ മതിയാകൂ എന്ന സ്ഥിതി വരികയായിരുന്നു. അതിന് തക്കവും തരവും പാർത്ത് പാത്രിയർക്കീസ് കക്ഷികളും കാത്തിരുന്നു.

അങ്ങനെയിരിക്കേ ഏബ്രഹാം മാർ സേവേറിയോസിന്റെ കാര്യത്തിൽ വലയിറക്കാൻ അവർക്ക് ആദ്യം അവസരം കിട്ടി.

ഏബ്രഹാം മാർ സേവേറിയോസ്

അദ്ദേഹം ഓർത്തഡോക്സ് പക്ഷത്തേക്കു വന്നതുതന്നെ വളരെയേറെ പ്രതീക്ഷകളുമായിട്ടായിരുന്നു – ഒരിക്കൽ ശെമ്മാശനായി ഫിലിപ്പോസ് മാർ തെയോഫിലോസ് തിരുമേനിയോടൊപ്പം താമസിച്ചിരുന്ന അദ്ദേഹത്തിന് മെത്രാനായപ്പോൾ അങ്കമാലി ഭദ്രാസനാധിപനായി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ താമസിക്കാമെന്നുള്ള അതിമോഹം ഉണ്ടായിരുന്നുവെന്ന് വിചാരിക്കാം. "എനിക്ക് തെക്ക് ചെങ്ങന്നൂരോ തിരുവല്ലായിലോ ഒരു ഭദ്രാസനം കിട്ടുന്നതിനേക്കാൾ അധികം ഞാൻ ആഗ്രഹിക്കുന്നത് എന്റെ നാടും പരിചിതരുമൊക്കെയുള്ള അങ്കമാലി ഭദ്രാസനമാണെ"ന്ന് അദ്ദേഹം പലരോടും പറയുമായിരുന്നു. പക്ഷേ സംഗതികൾ ആ വിധത്തിലല്ല പരിണമിച്ചത്. നേരത്തെ ഓർത്തഡോക്സ് സഭയുടെ അങ്കമാലി മെത്രാപ്പോലീത്താ പൗലോസ് മാർ പക്കോമിയോസ് പുതുതായി ചേർക്കപ്പെട്ട ഒരാൾക്കുവേണ്ടി അങ്കമാലി ഉപേക്ഷിച്ചു മാറികൊടുക്കാൻ തയ്യാറായില്ല. ആ സാഹചര്യത്തിൽ ഇടുക്കി ഭദ്രാസനം മുഴുവനും അങ്കമാലിയുടെ പകുതിയും മാർ സേവേറിയോസിനു നൽകി തൃപ്തിപ്പെടുത്താൻ ശ്രമിച്ചിട്ടും മാർ സേവേറിയോസ് വഴങ്ങിയില്ല. ഈ അസംതൃപ്തി മുതലെടുക്കാൻ പാത്രിയർക്കീസ് കക്ഷി തീരുമാനിച്ചു. അതു വിഫലമായുമില്ല. മാർ സേവേറിയോസ് തിരികെ പോവുക തന്നെ ചെയ്തു. ഒരിക്കൽ തന്നെ പുറംകാലിൽ തട്ടിത്തെറിപ്പിച്ച ശ്രേഷ്ഠ തോമസ് ഒന്നാമൻ ബാവായുടെ പാദസേവ ചെയ്യാൻ ആരംഭിച്ചത് പാത്രിയർക്കീസ് വിഭാഗത്തിന് ഊർജ്ജം പകർന്നു.

മാർ നിക്കളാവോസ് അമേരിക്കയിൽ മാർ മക്കാറിയോസിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലാകയാൽ അദ്ദേഹത്തെ അവിടെനിന്ന് അടർത്തിക്കൊണ്ടു വരിക അത്ര എളുപ്പമല്ല. അദ്ദേഹം അവിടെ നിൽക്കട്ടെ.

അതികായന്മാരായ മാർ മിലിത്തിയോസ്, മാർ അത്താനാസ്യോസ് എന്നിവരെ പഴയ കൂടാരത്തിലെത്തിക്കാൻ വലിയ തന്ത്രങ്ങൾ മെനയണം. അതിനും പാത്രിയർക്കീസ് പക്ഷം ശ്രമങ്ങൾ തുടങ്ങി.

ഡോ. തോമസ് മാർ അത്താനാസ്യോസ്

മാർ അത്താനാസ്യോസ് ആയിരുന്നു പാത്രിയർക്കീസ് കക്ഷിയുടെ "മാസ്റ്റർ ബ്രയിൻ." അദ്ദേഹം നഷ്ടപ്പെട്ടതോടെ ബൗദ്ധിക മേഖലയിൽ യാക്കോബായക്കാർക്കു നേതൃത്വം ഇല്ലാതായി. അതുകൊണ്ട് അദ്ദേഹത്തെ ഏതുവിധത്തിലും തിരികെക്കിട്ടാൻ അവർ നീങ്ങി.

ആയിടയ്ക്കാണ് മാർ അത്താനാസ്യോസ് എഴുതിയ "മലങ്കരസഭയിൽ ഇനി ഐക്യസാധ്യത" എന്ന ലേഖനം കണ്ടനാട് ഈസ്റ്റു ഭദ്രാസനത്തിന്റെ "ഡയോസിഷൻ ബുള്ളറ്റി"നിൽ പ്രത്യക്ഷപ്പെട്ടത്. യാക്കോബായ വിഭാഗത്തിന് ആ ലേഖനം തീരെ രസിച്ചില്ല.

ആ ലേഖനത്തിന് മറുപടി എന്നോണം ആ കക്ഷിയുടെ "വിശ്വാസ സംരക്ഷണസമിതി" ഒരു കത്ത് പ്രസിദ്ധീകരിച്ചു. ആ കത്തിൽ മാർ അത്താനാസ്യോസ് യാക്കോബായ സഭയിൽ തിരിച്ചെത്തുമെന്നുള്ള പ്രതീക്ഷയും അതിനായി ഒരു അപേക്ഷയും ഉണ്ടായിരുന്നു. ആ കത്തിലെ ആശയങ്ങൾ ഏതാണ്ടീവിധത്തിൽ സംഗ്രഹിക്കാം.

"സമാധാനം, ഐക്യം എന്നീ ഓമന വാക്കുകളിൽ ഇനി വഞ്ചിതരാകുവാനും മെത്രാൻകക്ഷി നേതൃത്വത്തിൻകീഴിൽ കീഴ്പ്പെടാനും യാക്കോബായ സഭയ്ക്കു കഴിയുകയില്ല. അങ്ങ് ഞങ്ങളെ വിട്ട് ഓർത്തഡോക്സ് സഭയിൽ പോയത് വിശ്വാസത്തിന്റേയോ ഐക്യത്തിന്റേയോ പേരിലല്ല. അങ്ങയെപ്പോലുള്ളവർ ചെറിയ ചെറിയ അഭിപ്രായ വ്യത്യാസത്തിന്റെ പേരിലാണ് മാറിയത്. അല്ലായിരുന്നെങ്കിൽ ഓർത്തഡോക്സുകാർക്ക് ഈ ഭദ്രാസനത്തിൽ എത്തിനോക്കാൻ പോലും സാധിക്കില്ലായിരുന്നു. അങ്ങ് പഴയ വ്യത്യാസങ്ങൾ മറക്കാൻ കാലമായി. ഇല്ലെങ്കിൽ അതിന് അവസരമുണ്ടാകും. അങ്ങ് തെറ്റു തിരുത്തി തിരിച്ചുവരുമെന്ന് പ്രതീക്ഷിക്കുന്നു."

ഇത്രയും എഴുതിയിട്ടും തൃപ്തി തോന്നാഞ്ഞ് അത്താനാസ്യോസിനു ഒരു ഭീഷണിയും താക്കീതും നൽകിയാണ് ആ തുറന്ന കത്ത് തുടർന്നത്. മാർ അത്താനാസ്യോസ് ഏറ്റം സ്നേഹിക്കുന്ന സ്വന്തം പിതാവ് പുറ്റാനിൽ അച്ചന്റെ പേരു വലിച്ചിഴച്ച്, ഒരു തുറുപ്പുചീട്ടിറക്കി ഭീഷണിയുടെ സ്വരത്തിൽ ആ കത്തു തുടരുന്നു:

"അങ്ങയെ തെരഞ്ഞെടുത്തത്, യാക്കോബായക്കാരും, പട്ടം തന്നത് പൗലോസ് ബാവായുമാണ്. അന്നത്തെ സഭയല്ല ഇന്ന്. ഇന്ന് ഞങ്ങൾക്ക് കാതോലിക്കാ ഉണ്ട്, ഭരണഘടന ഉണ്ട്, മെത്രാപ്പോലീത്തന്മാരും ഉണ്ട്. ഞങ്ങൾ വളർച്ചയുടെ പാതയിലാണ്. അങ്ങയുടെ പിതാവായ പുറ്റാനിൽ വല്യച്ചന്റെ വിശ്വാസം ഞങ്ങൾക്കു ത്യജിക്കാനാവില്ല. ഞങ്ങളുടെ സ്ഥാപനങ്ങളും പള്ളികളും കെട്ടുറപ്പുള്ളവയാണ്. അത് ആർക്കും അടിയറവയ്ക്കാനാവില്ല. കോടതിവിധി എന്തു പരിഹാരം നൽകി? ഇത്രയും നാൾ തമ്മിൽ തല്ലിയിട്ട് എന്തു നേടി? കേസുകൾ ആ വിഭാഗത്തെക്കൊണ്ട് അവസാനിപ്പിക്കുവാൻ അങ്ങ് ശ്രമിച്ചിരുന്നെങ്കിൽ നടക്കുമെന്ന് ചിന്തിക്കുന്നുണ്ടോ? പിറവത്തും മലേക്കുരിശു ദയറായിലും അങ്ങേയ്ക്കുണ്ടായ ദുഃഖകരമായ അനുഭവങ്ങൾ ഇനിയും ആവർത്തിക്കരുതേ എന്ന് ഞങ്ങ

ളാഗ്രഹിക്കുന്നു. യാക്കോബായ സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ സഭയോടൊപ്പം ഭാഗഭാക്കാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

ഈ കത്തിന്റെ അവസാനത്തിൽ ഡോ. അത്താനാസ്യോസിനുണ്ടായ "പിറവത്തേയും മലേക്കുരിശിലേയും ദുഃഖകരമായ അനുഭവങ്ങൾ" യാക്കോബായക്കാർ മനഃപൂർവ്വം നടത്തിയ ഗുണ്ടാവിളയാട്ടങ്ങളാണെന്ന് പരോക്ഷമായി അവർ സമ്മതിച്ചു. അതു വീണ്ടും ഉണ്ടായേക്കാമെന്ന് എഴുതിയത് ഒരു ഭീഷണിയുമാണ്.

ചോരയിലൂടെയും ഗുണ്ടായിസത്തിലൂടെയും അദ്ദേഹത്തിന്റെ മന സ്സിനു തളർച്ച നൽകി "വെടക്കാക്കി തനിക്കാക്കാനുള്ള" ഒരു ശ്രമമാണ് അവർ ചെയ്യുന്നത്. ഒരു തീവ്രവാദി നയിക്കുന്ന സഭയ്ക്കു മറ്റെന്തു മാർഗ്ഗ മാണ് ചിന്തിക്കാനുള്ളത്.

ഡോ. അത്താനാസ്യോസ് ആലോചിച്ചും പ്രാർത്ഥിച്ചും എടുത്ത തീരു മാനങ്ങളിൽ നിന്ന് ഈ ഓലപ്പാമ്പുകൾക്ക് ഒന്നും അദ്ദേഹത്തെ അണു വിടപോലും വ്യതിചലിപ്പിക്കാൻ കഴിഞ്ഞില്ല. താനറിഞ്ഞ സത്യത്തിൽ ഉറച്ചുനിൽക്കാൻ ആ പിതാവിന് ഇന്നുവരെ കഴിഞ്ഞിട്ടുണ്ട്. മേലിലും ആ ശക്തി അദ്ദേഹത്തിനുണ്ടാവട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യു ന്നു.

യൂഹാനോൻ മാർ മിലിത്തിയോസ് (തൃശൂർ)

തൃശൂർ മുതൽ പാലക്കാട്ടു വരെ നീണ്ടുകിടക്കുന്ന മലയോര കർഷ കരുടെ ഒരു ഭദ്രാസനമാണ് തൃശൂർ ഭദ്രാസനം. അവിടെ കണ്ടനാട്, അങ്ക മാലി ഭദ്രാസനങ്ങളിൽ നിന്നു കുടിയേറ്റം നടത്തിയവരിൽ നല്ല പങ്കും പാത്രിയർക്കീസ് കക്ഷിക്കാരാണ്. അവരുടെ മെത്രാപ്പോലീത്താ ആയി രുന്ന മിലിത്തിയോസ്, ഓർത്തഡോക്സ് പക്ഷത്തേക്കു വന്നതോടെ എല്ലാ യാക്കോബായ പള്ളികളിൽ നിന്നും ഓർത്തഡോക്സ് പക്ഷ ത്തേക്ക് ഒരൊഴുക്കുതന്നെ ഉണ്ടായി. ഇതിൽ പരിഭ്രമിച്ച യാക്കോബായ പക്ഷം ശക്തനായ മാർ മിലിത്തിയോസിനെ തിരികെപ്പിടിക്കാൻ പല അടവുകളും പ്രയോഗിക്കാൻ തുടങ്ങി.

അവർ പ്രയോഗിച്ച ഒരു ഒളിയമ്പ് മിലിത്തിയോസിന്റെ ഒരു പഴയ പ്രസംഗത്തിന്റെ പുനഃപ്രസിദ്ധീകരണമായിരുന്നു. ഓർത്തഡോക്സു കാർക്ക് വെറുപ്പു തോന്നാവുന്ന ഒരു പ്രസംഗമായിരുന്നു അത്. ഇപ്പോൾ ഓർത്തഡോക്സ് സഭയുടെ മെത്രാപ്പോലീത്തായോട്, ഈ പ്രസംഗ ത്തിന്റെ പുനഃപ്രസിദ്ധീകരണം വായിച്ച് വെറുപ്പുളവാക്കുകയും ഓർത്ത ഡോക്സ് സഭയെ മിലിത്തിയോസ് മെത്രാപ്പോലീത്തായുമായി വിഘടി പ്പിക്കുകയും ചെയ്യുക എന്ന തന്ത്രമാണ് അവർ പ്രയോഗിച്ചത്.

തൃശൂർ മാർ മിലിത്തിയോസ് പാത്രിയർക്കീസ് പക്ഷത്തിന്റെ കേസു നടത്തിപ്പു ചുമതല വഹിച്ചിരുന്ന കാലത്താണ് 1995-ലെ സുപ്രീംകോട തിവിധി യാക്കോബായ വിഭാഗത്തിനെതിരായി ഉണ്ടായത്. ആ വിധി യാക്കോബായ പക്ഷത്തിന്റെ മാനസിക തകർച്ചയ്ക്കു കാരണമാകുമെന്ന് തിരിച്ചറിഞ്ഞ മാർ മിലിത്തിയോസ് മണർകാട് പള്ളിയിൽ വിളിച്ചുചേർത്ത ഒരു യോഗത്തിൽ വിശ്വാസികൾ നിരാശരാകാതെയിരിക്കുന്നതിന് ചെയ്ത പ്രസംഗം 1995 ജൂലൈ 17-ലെ മാതൃഭൂമി പത്രം അദ്ദേഹത്തിന്റെ ചിത്ര ത്തോടുകൂടി പ്രസിദ്ധീകരിച്ചിരുന്നു.

ഓർത്തഡോക്സ് സഭയെ മാർ മിലിത്തിയോസിനെതിരായി തിരിക്കു ന്നതിന് ആ പഴയ പ്രസംഗം പ്രയോജനപ്പെടുത്താം എന്ന ദുഷ്ട ലാക്കോ ടുകൂടിയാണ് ആ പ്രസംഗത്തിന്റെ പുനഃപ്രസിദ്ധീകരണത്തിന് തുനി ഞ്ഞത്.

മാർ മിലിത്തിയോസ് മണർകാട് പ്രസംഗത്തിൽ താഴെപ്പറയുന്ന പ്രകാരം പ്രസംഗിച്ചുവത്രെ.

"കാതോലിക്കാപക്ഷം വർഷങ്ങളായി തുടർന്നുവരുന്ന വക്രതയുള്ള സമീപനവും തന്ത്രപരമായ ഇടപെടലുകളും അവസാനിപ്പിക്കാതെ സഭ യിൽ സമാധാനം ഉണ്ടാക്കാമെന്ന് ആരും കരുതേണ്ടതില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷസ്ഥാനം അംഗീകരിക്കാത്ത യാതൊരു അനുരഞ്ജനത്തിനും യാക്കോബായ സഭ തയ്യാറാവില്ല. കഴിഞ്ഞ വർഷം ജൂലൈ 20-ന് മണർകാട് പള്ളിയിൽ കൂടിയ പള്ളി പ്രതിപുരുഷയോഗം സഭാകേസിന്റെ വിധിയിൽ ആശങ്കപ്പെട്ടിരുന്നു. എന്നാൽ അതിന് ഒരു വർഷം തികയുന്നതിന് നാലു ദിവസം മുമ്പ് അതേ പള്ളിയങ്കണത്തിൽ നിന്നുതന്നെ യാക്കോബായ സഭ വിജയിച്ചിരിക്കു ന്നുവെന്നു പറയാൻ എനിക്കു ചാരിതാർത്ഥ്യമുണ്ട്.

യാക്കോബായ സഭയിലെ അംഗങ്ങളുടെ അനുവാദംപോലും ചോദി ക്കാതെ 17 അംഗ കമ്മിറ്റി രൂപവൽകരിച്ച കാതോലിക്കാബാവാ പഴയ തന്ത്രങ്ങൾ വീണ്ടും പയറ്റി പരിഹാസ്യനാവുകയാണ്. 1934-ലെ ഭരണ ഘടന പാസ്സാക്കുവാനും ഇതുപോലെ ഒരു നോട്ടീസ് അയച്ചിരുന്നു. ഒരി ക്കൽ പറ്റിയ അബദ്ധം യാക്കോബായക്കാരന് എന്നും പറ്റുമെന്ന് വിചാ രിക്കുന്നതു തന്നെ മൗഢ്യമാണ്.

രണ്ടു കൂട്ടരും അവരവരുടെ നിർദ്ദേശങ്ങൾ കോടതിയിൽ സമർപ്പി ക്കണമെന്ന് വിധിച്ചിരിക്കെ അനാവശ്യ തിടുക്കം കാണിച്ച് ആരും അനു രഞ്ജനത്തിന് തുനിയേണ്ട കാര്യമില്ല. പാത്രിയർക്കീസിന്റെ അധികാരം 1912-ലെ കാതോലിക്കേറ്റ് പുനഃസ്ഥാപനം മുതൽ അസ്തമന ബിന്ദുവി ലാണെന്ന് പറഞ്ഞവർ ഇപ്പോൾ ലജ്ജിച്ച് തല താഴ്ത്തിയിരിക്കുകയാണ്.

അസ്സോസിയേഷൻ കൂടിയതിനുശേഷം മാത്രമേ ഭരണഘടന ഭേദഗതി ചെയ്യാവൂ എന്നും സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. ഇക്കാലമത്രയും തന്ത്രങ്ങളിലൂടെ അസ്സോസിയേഷനിൽ ഭൂരിപക്ഷം ഉണ്ടാക്കിയതിനെ സുപ്രീംകോടതി ചോദ്യം ചെയ്യുന്നുമുണ്ട്. 50 പേരുള്ള പള്ളിയിൽ നിന്നും 5000 പേരുള്ള പള്ളിയിൽ നിന്നും ഒരേപോലെ പ്രതിനിധികളെ എടുത്ത് അസോസിയേഷൻ രൂപീകരിക്കാമെന്നുള്ള പ്രതീക്ഷയും സാധിക്കാതെ വന്നത് കാതോലിക്കാപക്ഷത്തെ നിരാശരാക്കിയിട്ടുണ്ട്.

മുൻകാലങ്ങളിൽ അനുവർത്തിച്ച തന്ത്രങ്ങൾ ഇനിയും മെനഞ്ഞാൽ സഭകൾ പരസ്പരം പങ്കുവച്ചു പിരിയുക തന്നെ എന്ന് തീരുമാനിക്കേണ്ടി വരും. 1958 ആവർത്തിക്കാൻ ആരേയും അനുവദിക്കില്ല."

1995-ൽ ഈ പ്രസംഗം മണർകാട്ടു നടത്തി കൈയടി വാങ്ങിയ യൂഹാനോൻ മിലിത്തിയോസ് അഞ്ചു കൊല്ലം കഴിഞ്ഞ് കാതോലിക്കേറ്റിന്റെ കീഴിൽ വരികയും മുമ്പ് പാത്രിയർക്കീസ് പക്ഷത്ത് എങ്ങനെ ഉറച്ചു നിന്നുവോ; അതിൽ ഒരു ഡിഗ്രി കൂടുതൽ ഉറപ്പോടുകൂടി ഓർത്ത ഡോക്സ് സഭയ്ക്ക് സുധീരനേതൃത്വം നൽകി വരികയും ചെയ്യുന്നു.

അദ്ദേഹത്തെ എങ്ങനെയും തിരികെ പിടിക്കേണ്ടതിനും ഓർത്ത ഡോക്സ് സഭയെ, തിരുമേനിയിൽനിന്ന് അകറ്റേണ്ടതിനും പൊട്ടിച്ച വെടിയായിരുന്നു ഈ പ്രസംഗ പുനഃപ്രസിദ്ധീകരണം. പക്ഷേ ആ വെടി ഉദ്ദേശിച്ച ഫലം കണ്ടില്ല.

പാറത്തോട് ഗ്രേസി മെമ്മോറിയൽ പള്ളി

മുണ്ടക്കയത്തിനടുത്ത് പാറത്തോട്ടിൽ ഹൈവേയ്ക്കു സമീപം മനോഹരമായ കുന്നിൽ സ്ഥാപിച്ചിരിക്കുന്ന ഒരു കമനീയ ദേവാലയമാണ് ഗ്രേസി മെമ്മോറിയൽ പള്ളി. ഈ സമയത്തുണ്ടായ ഒരു വിധിയനുസരിച്ച് അത് പാത്രിയർക്കീസ് കക്ഷിയുടെ കൈവശം വരികയും കോട്ടയത്തിന്റെ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിയമിച്ച ഫാ. മാത്യൂസ് കുര്യൻ വികാരിയായി അവിടെ സ്ഥാനം ഏൽക്കുകയും ചെയ്തു.

ഈ പള്ളിക്കു വിചിത്രമായ ഒരു ചരിത്രമാണുള്ളത്. ഈ പള്ളി ഒരു പ്രൈവറ്റ് ചാപ്പലായി ആരംഭിക്കയും അത് പാത്രിയർക്കീസു കക്ഷിക്കാരാലും ഓർത്തഡോക്സുകാരാലും മാറി മാറി ഭരിക്കപ്പെടേണ്ടി വരികയും ചെയ്തു.

മണമേൽ സി. കെ. കോശി, അദ്ദേഹത്തിന്റെ ഭാര്യയും പാലാമ്പടം പി. ടി. തോമസ് വക്കീലിന്റെ മകളുമായ അക്കമ്മ കോശി എന്നീ ദമ്പതികൾ അകാലത്തിൽ മരിച്ച പുത്രി ഗ്രേസിയുടെ ഓർമ്മയ്ക്കായി പണിക

ഴിപ്പിച്ചതാണ് ഈ പള്ളി. പാലാമ്പടം വക്കീലിന്റെ പാറത്തോടു തോട്ടത്തിൽ ജോലിക്കു വന്നുചേർന്നവരുടെ സൗകര്യത്തിന് ഈ ചാപ്പലാണ് ഉപയോഗിച്ചിരുന്നത്.

ആദ്യകാലങ്ങളിൽ പാലാമ്പടത്തിന്റെ ഇഷ്ടനും ചെറായിക്കാരനുമായ ഒരു പൗലോസ് അച്ചൻ അവിടുത്തെ ശുശ്രൂഷകൾക്കായി നിയോഗിക്കപ്പെട്ടു. അദ്ദേഹം പാറത്തോട്ടിൽ തന്നെ താമസിച്ച് ഈ പള്ളിയിൽ ആത്മീയശുശ്രൂഷകൾ ചെയ്തുവന്നു. ആ പൗലോസച്ചൻ പിന്നീട് യാക്കോബായ സഭയിലെ പൗലോസ് മാർ പീലക്സിനോസ് ആയതോടെ അദ്ദേഹം പാറത്തോടു വിട്ടു. പിന്നീട് അദ്ദേഹമാണ് പാത്രിയർക്കീസു കക്ഷിയുടെ ബസ്സേലിയോസ് പൗലോസ് ശ്രേഷ്ഠ കാതോലിക്കാ ആയിത്തീർന്നത്.

അക്കാലത്ത് പാലാമ്പടം വക്കീൽ മക്കൾക്കായി തോട്ടവും സ്ഥലങ്ങളും വീതം വച്ചു. അങ്ങനെ പാറത്തോട്ടിലെ പള്ളിയും ഒരു ഹൈസ്കൂളും തോട്ടവും മണമേൽ കോശിയുടെ മരുമകനും ഓർത്ത ഡോക്സുകാരനുമായ കോട്ടയം എറികാട്ട് ജോണിക്കുട്ടിക്കു ലഭിച്ചു. അക്കാലത്ത് ആ പള്ളി ഓർത്തഡോക്സ് അച്ചന്മാരാൽ ഭരിക്കപ്പെട്ടു. അക്കാലത്ത് ആ പള്ളിയിൽ വളരെക്കാലം വി. കുർബ്ബാന നടത്തുവാൻ ഈ ലേഖകനും അവസരം ലഭിച്ചിട്ടുണ്ട്.

മണമേൽ കോശിയുടെ മരണത്തിനുശേഷം പള്ളി ഓർത്തഡോക്സ് വിഭാഗത്തിനു നൽകിയതിനെതിരായി ഇളയ സഹോദരി എലിസബേത്ത് കോട്ടയം സബ് കോടതിയിൽ നൽകിയ ഹർജിയിൽ ദീർഘകാല വ്യവഹാരത്തിനുശേഷമാണ് ഇപ്പോൾ യാക്കോബായ സഭയ്ക്ക് അനുകൂലമായി വിധി ലഭിച്ചിരിക്കുന്നത്.

ഡോ. കെ. എം. ചെറിയാന് അന്താരാഷ്ട്ര ബഹുമതി

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയെ പൊതുവായും അതിന്റെ കാർഡിയാക് വിഭാഗത്തെ പ്രത്യേകമായും ലോകപ്രശസ്തിയിലേക്കു ഉയർത്തിയതിൽ കാർഡിയാക് വിഭാഗത്തിന്റെ തലവൻ ഡോക്ടർ കെ. എം. ചെറിയാൻ വഹിച്ച പങ്കു നിസ്തുലമാണ്. പരുമല കാർഡിയാക് വാസ്കുലർ സെന്റർ ചെയർമാൻ ചെറിയാന്, ഹൃദയശസ്ത്രക്രിയ, വിദഗ്ദ്ധന്മാരുടെ സംഘടന ഒരു അന്തർദേശീയ പുരസ്കാരം നൽകി ആദരിച്ചു. ലോകപ്രസിദ്ധരായ 36 ഹൃദയശസ്ത്രക്രിയാ വിദഗ്ദ്ധരിൽ ഇന്ത്യയിൽ നിന്നു ഡോ. ചെറിയാൻ മാത്രമാണ് ഈ ബഹുമതിക്ക് അർഹനായത്. 2008 ഏപ്രിലിൽ ഗ്രീസിലെ ക്രോസിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ അദ്ദേഹത്തിന് ഈ അവാർഡ് ലഭിച്ചു.

ആധുനിക ശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോ ക്രെയ്റ്റിന്റെ സ്മാരകത്തിൽ ഡോ. ചെറിയാന്റെ പേരും ആലേഖനം ചെയ്തു.

റീത്ത് ആർച്ച് ബിഷപ് മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിക്കുന്നു

മലങ്കരസഭയിൽനിന്നു റോമാസഭയിൽ ചേർന്ന മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിക്കാൻ തീരുമാനിച്ചു. വിശുദ്ധ നാമകരണത്തിന്റെ ആദ്യ നടപടിയാണിത്. 2007 ജൂലൈ 14-ന് പട്ടം സെന്റ് മേരീസിൽ നടന്ന ചടങ്ങിൽ ആർച്ച് ബിഷപ്പ് ക്ലിമിസാണ് ഈ പ്രഖ്യാപനം നടത്തിയത്. മാർ ഈവാനിയോസിന്റെ 125-ാം ജന്മവാർഷികത്തിലാണ് ദൈവദാസപദവിയിലേക്ക് ഉയർത്തിയത്. ഉദ്ദിഷ്ടകാര്യം, മദ്ധ്യസ്ഥതയിൽ സാധിച്ചവരുടെ അനുഭവങ്ങൾ എന്നിവ ഡോ. ആന്റണി വലിയവിളയിൽ പോസ്റ്റുലേറ്ററായി പഠനങ്ങൾ നടത്തുകയും സഹപ്രവർത്തകരുടേയും ശിഷ്യന്മാരുടേയും സാക്ഷ്യങ്ങൾ 1997 മുതൽ ശേഖരിച്ച് രേഖപ്പെടുത്തുകയും ചെയ്തു. 2005-ൽ കൂടിയ സുന്നഹദോസിന്റെ ഇതു സംബന്ധിച്ച അഭിപ്രായം സമർപ്പിച്ച് കാനോനിക പണ്ഡിതന്മാരുടെ പഠനത്തിന് സമർപ്പിച്ചിരുന്നു.

സിറിയൻ ഓർത്തഡോക്സ് സഭയിൽ കൂട്ടഅടി ഇറാഖി പാത്രിയർക്കീസിനെ വേണ്ടേ വേണ്ട

ഈ കാലഘട്ടത്തിലാണ് അന്ത്യോക്യയിലെ സിറിയൻ സഭയിലെ അഭിപ്രായ വ്യത്യാസങ്ങൾ മറനീക്കി പുറത്തുവന്നത്. വാശിയും ചേരിതിരിവും പരസ്പര ഭിന്നതയും സിറിയൻ ഓർത്തഡോക്സ് സഭയെ അക്ഷരാർത്ഥത്തിൽ കുഴക്കി. സിറിയാക്കാരും, ഇറാഖികളും, തുർക്കികളും അടങ്ങിയ ആ സഭയിൽ ഇറാഖിയായ ഇപ്പോഴത്തെ പാത്രിയർക്കീസ് സാഖാ ബാവായ്ക്ക് വിധേയപ്പെടാൻ സിറിയൻ വംശജരായ മെത്രാന്മാർ താൽപര്യപ്പെടുന്നില്ല. ആ സഭയിൽ തുർക്കികൾക്കാണ് അംഗസംഖ്യ കൂടുതൽ. അവരെ പൂർണ്ണമായി ഉൾക്കൊള്ളാൻ പാത്രിയർക്കീസിനും കഴിയുന്നില്ല. തുർക്കികൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കനിലയിലുമാണ്. ഇന്ന് അവരിൽ പലരും ഫ്രാൻസ്, ജർമ്മനി, ഹോളണ്ട്, ആസ്ത്രേലിയാ മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ എത്തി വളർന്നിട്ടുണ്ട്. ജർമ്മനിയിൽ ഉണ്ടായിരുന്ന മെത്രാപ്പോലീത്തായെ സിറിയാക്കാരുടെ സമ്മർദ്ദത്തിനു വഴങ്ങി പാത്രിയർക്കീസ് മുടക്കി. പകരം ഒരു സിറിയാക്കാരന് പട്ടം കൊടുത്ത് അങ്ങോട്ട് അയയ്ക്കാനുള്ള നീക്കത്തെ ജർമ്മൻകാർ പല്ലും നഖവും ഉപയോഗിച്ച് എതിർത്തു. ഒരു സ്വതന്ത്രസഭയായി മാറി പ്രഖ്യാപനം നടത്തുവാൻ

പോലും തുർക്കികൾ ചിന്തിച്ചുതുടങ്ങി. സാക്കാ പാത്രിയർക്കീസിന്റെ സഭയിൽ ആകെയുള്ള രണ്ടരലക്ഷത്തോളം അംഗങ്ങളിൽ പകുതിയോളം തുർക്കികളാണ്. ജർമ്മനിയിൽ ജോലി ചെയ്യുന്നവരാണ് സഭയുടെ സാമ്പത്തിക നട്ടെല്ല്. അവർ മാറിപ്പോയാൽ സഭ പ്രതിസന്ധിയിലാകും. ഈ ജർമ്മൻ പ്രതിസന്ധി ജർമ്മനിയിൽ മാത്രം ഒതുങ്ങിനിന്നില്ല. നമ്മുടെ കൊച്ചുകേരളത്തിലും അതിന്റെ പ്രത്യാഘാതങ്ങൾ പ്രകടമായത് വേറൊരു വഴിത്തിരിവായി.

അദ്ധ്യായം 27

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രിസ്ത്യൻ സ്റ്റുഡന്റ്സ് മൂവ്മെന്റ്

ഓർത്തഡോക്സ് വിദ്യാർത്ഥിലോകത്തെ ഏറ്റം അധികം സഭയോടു ബന്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു മഹാ സംഘടനയാണ് MGOCSM എന്ന ചുരുക്ക പേരിൽ അറിയപ്പെടുന്നത്. ലോകത്തിൽ മറ്റൊരു സഭയ്ക്കും ഇത്ര വിപുലമായ ഒരു വിദ്യാർത്ഥിസംഘടന ഉള്ളതായി കേട്ടിട്ടില്ല. അതുപോലെ തന്നെ ശക്തമായ OCYM എന്ന സംഘടന സഭയിലെ യുവതീയുവാക്കളുടെ ഇടയിൽ പ്രവർത്തിച്ചു വരുന്നു. OCYM ഇടവക തലത്തിലും MGOCSM കോളജ് തലത്തിലും യുവതലമുറയെ സഭയിലേക്കു സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ സഭാനേതാക്കളെ ഒക്കെയും വാർത്തെടുത്തതിൽ ഈ രണ്ടു സംഘടനകളും നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

MGOCSM-ന് ഒരു ദീർഘകാല ചരിത്രം ഉണ്ട്. ആദ്യകാലത്ത് ഇത് ഒരു പ്രസ്ഥാനമായി അറിയപ്പെട്ടിരുന്നില്ല. ഇന്ന് കാണുന്നതുപോലെ അതിന് പോഷക പ്രവർത്തന മേഖലകളോ, പോഷക യൂണിറ്റുകളോ ഉണ്ടായിരുന്നില്ല. അതിനു പകരം ആണ്ടിലൊരിക്കൽ നടത്തുന്ന വിദ്യാർത്ഥി കോൺഫ്രൻസും വിദ്യാർത്ഥിനി കോൺഫ്രൻസും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി രണ്ടോമൂന്നോ ദിവസങ്ങളിൽ വെവ്വേറെ നടത്തി വന്നിരുന്നതായിരുന്നു ഏറ്റം വലിയ സംഗമങ്ങൾ. അന്ന് സഭാനേതാക്കന്മാർ വിദ്യാർത്ഥികളുമായി ഏറ്റവും അടുത്തു പെരുമാറി വന്നു. ആ സമ്പർക്കം യുവതീയുവാക്കൾക്ക് വലിയ പ്രചോദനം നൽകി. സഭയോടുള്ള അടുപ്പത്തിന് ഏറ്റം സഹായകരവുമായിരുന്നു. ഈ കോൺഫ്രൻസുകൾ വടക്കും തെക്കുമുള്ള വിദ്യാർത്ഥികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു ഘടകമായിത്തീർന്നു.

മാർത്തോമ്മാശ്ലീഹായുടെ രക്തംവീണ മണ്ണായ മദ്രാസിലെ ഏതാനും വിദ്യാർത്ഥികളിലുണ്ടായ ആശയമാണ് പിൽക്കാലത്ത് ഇങ്ങനെ കോൺഫ്രൻസിലേക്കും, പ്രസ്ഥാനത്തിലേക്കും മറ്റും വളർന്നു പന്തലിച്ചത്. പ്രൊട്ടസ്റ്റന്റുകാരുടെ വേദവിപരീതങ്ങൾക്കു ചായംതേച്ചും സഭാമക്കളെ തെറ്റിദ്ധരിപ്പിച്ചും സഭാഭ്യംശം നടത്തിക്കുന്നതിൽ പാശ്ചാത്യരായ വെളുത്ത മിഷനറിമാർ വിതച്ച വിഷവിത്തുകൾ വളരെയായിരുന്നു.

കേരളജനതയുടെ അധഃകൃതബോധവും സായ്പിന്റെ വെള്ളനിറവും ഒട്ടൊക്കെ ഈ മിഷനറി പ്രവർത്തനങ്ങൾക്കു സഹായം പകർന്നു. ഇക്കാ

ലത്തു നടത്തിയിരുന്ന വിദ്യാർത്ഥി കോൺഫ്രൻസുകളിൽ നമ്മുടെ സഭാ വിശ്വാസത്തിൽ നിന്നു വലിയ വ്യത്യാസങ്ങളൊന്നുമില്ലാതിരുന്ന ആംഗ്ലിക്കൻ സഭയിലെ ഹൈചർച്ച് വിശ്വാസികളെ പ്രധാന പ്രസംഗകരായി ക്ഷണിച്ചിരുന്നു. വെളുത്ത തൊലിക്കാരൻ കേരളത്തിൽ വന്നു പ്രചരിപ്പിച്ചിരുന്ന വേദവിപരീതങ്ങൾ മാത്രം കേട്ടിട്ടുള്ള നമ്മുടെ വിദ്യാർത്ഥികൾ വെളുത്തവരായ ഹൈചർച്ച് അച്ചന്മാർ കൂദാശകളെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും പൗരോഹിത്യത്തെക്കുറിച്ചും മറ്റും സത്യവിശ്വാസം പഠിപ്പിച്ചത് കേട്ടപ്പോൾ അതൊരു പുതുമയായി തോന്നി. പ്രൊട്ടസ്റ്റന്റു വിശ്വാസങ്ങൾക്ക് എതിരായി അവർ പ്രസംഗിച്ചിരുന്നു. അങ്ങനെ വെളുത്ത തൊലിയുള്ളവർ പറയുന്ന വിഡ്ഢിത്തങ്ങളൊക്കെ കണ്ണുംപൂട്ടി ശരിയെന്ന് വിഴുങ്ങിയിരുന്ന നമ്മുടെ സമൂഹത്തെ വെളുത്ത തൊലിക്കാരെക്കൊണ്ടു തന്നെ ആ വിഷം തിരിച്ചെടുപ്പിക്കുന്ന ഒരു നയമായിരുന്നു അന്നത്തെ സഭാനേതാക്കന്മാർ ചെയ്തുവന്നത്.

ഫാദർ ഹോംസ് തുടങ്ങിയ വൈദികശ്രേഷ്ഠരെ നമ്മുടെ ആദ്യകാല വിദ്യാർത്ഥിവൃന്ദം സ്നേഹവായ്പോടെ ഓർത്തുപോന്നു. 1908-ൽ തിരുമൂലപുരം ബാലികാമഠത്തിൽ നടത്തിയ ആദ്യ കോൺഫ്രൻസു മുതൽ ഒരിക്കലും മുടങ്ങാതെ കോൺഫ്രൻസുകളിൽ മരണംവരെ സംബന്ധിച്ചിരുന്ന സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് എല്ലാ കോൺഫ്രൻസുകളിലും എഴുന്നേറ്റുനിന്ന് ഈ സാക്ഷ്യം പറയുന്നത് ഒരു പതിവായിരുന്നു. ബഥനിയുടെ അലക്സിയോസ് തേവോദോസ്യോസ് വിദ്യാർത്ഥിവൃന്ദത്തിന്റെ മദ്ധ്യത്തിലേക്ക് ഇറങ്ങിവന്ന് പള്ളിയുടെ മദ്ധ്യഭാഗത്തു മുട്ടുകുത്തിയിരുന്നു നടത്തിയിരുന്ന ധ്യാനപ്രസംഗങ്ങൾ വിദ്യാർത്ഥികളുടെ ഹൃദയങ്ങളെ ഇളക്കി മറിച്ചിരുന്നു.

ഈ ധ്യാനപ്രസംഗങ്ങളിലൂടെ പല വിദ്യാർത്ഥികളും പിൽക്കാലത്ത് സഭാസേവനരംഗത്തേക്കു വരികയും സഭാനേതൃത്വത്തിൽ എത്തുകയും ചെയ്തിട്ടുണ്ട്. ജീവിതലക്ഷ്യം കണ്ടെത്തുന്നതിനും പുതിയ തീരുമാനങ്ങളോടുകൂടി മടങ്ങുന്നതിനും ഈ വിധത്തിലുള്ള വാർഷിക ക്യാമ്പുകൾ വളരെയേറെ സഹായിച്ചു. വിദ്യാർത്ഥി ക്യാമ്പുകളിൽ ക്രമമായി സംബന്ധിച്ചിരുന്ന പലരും പിൽക്കാലത്ത് സഭയുടെ മെത്രാപ്പോലീത്തന്മാരും അത്മായ പ്രമുഖരുമായി ശോഭിച്ചിരുന്നുവെന്ന് താഴെ കാണിച്ചിരിക്കുന്ന ലിസ്റ്റിൽ നിന്നു മനസ്സിലാക്കാം.

വളരെക്കാലം വാർഷിക ക്യാമ്പുകളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഈ സംഘടന, പിന്നീട് വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ഒരുമിച്ചു ചേരുന്ന ഒരു വലിയ പ്രസ്ഥാനമായി വളർന്നു.

കോളജു ലവലിൽ മാത്രമായിരുന്ന സംഘടന ഹൈസ്കൂൾ തല ത്തിലേക്കു ഇറങ്ങുകയും അവർക്കു പ്രത്യേക മാർഗ്ഗനിർദ്ദേശക ക്യാമ്പു കൾ സംഘടിപ്പിക്കയും ചെയ്തു. ക്രമേണ അത് എൻജിനീയറിംഗ്, മെഡിക്കൽ, ടെക്നിക്കൽ ശാഖകളിലേക്ക് വളർന്നു. അനേകം എൻജി നീയറന്മാരും, ഡോക്ടറന്മാരും, ശാസ്ത്രജ്ഞന്മാരും, ഭരണതന്ത്രജ്ഞരും സഭയോടുള്ള കൂറിലും സേവനത്തിലും വന്നുചേർന്നു കഴിഞ്ഞു.

ആത്മീയവും കൗദാശികവുമായ ജീവിതത്തോടൊപ്പം ഗ്ലോബലൈ സേഷൻ ആൻഡ് സ്പിരിച്ചുവാലിറ്റി, എൺവയൺമെന്റ് ആൻഡ് സ്പിരി ച്ചുവാലിറ്റി, സാക്രമെന്റൽ ലൈഫ് ആൻഡ് സ്പിരിച്ചുവാലിറ്റി മുതലായ ആധു നികവും ആനുകാലികവുമായ വിഷയങ്ങൾ ഇന്ന് അതിൽ ചർച്ച ചെയ്യ പ്പെടുന്നു. അന്തരീക്ഷ മലിനീകരണം, ജലസ്രോതസുകളുടെ ഉറവിടം, ശബ്ദമലിനീകരണം, ഭക്ഷണമലിനീകരണം, അധാർമ്മികതയ്ക്കെതി രായിട്ടുള്ള പോരാട്ടം ഇവയൊക്കെയും ഇന്ന് നമ്മുടെ വിദ്യാർത്ഥി പ്രസ്ഥാ നത്തിന്റെ ചർച്ചാവിഷയങ്ങളാണ്.

ലഘുചരിത്രം

1907 – ആദ്യ ആലോചന മദ്രാസിൽ നടന്നു.

1908 – MGOCSM ജനിച്ചു. ആദ്യ കോൺഫ്രൻസ് തിരുമൂലപുരം ബാലി കാമഠത്തിൽ നടന്നു. വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക കൂട്ടായ്മയായി മാത്രമായിട്ടാണ് ഇതു ജനിച്ചത്. പുലിക്കോട്ടിൽ രണ്ടാമൻ ദീവന്നാ സ്യോസ് മെത്രാപ്പോലീത്തായുടെ കാലത്ത് വട്ടശ്ശേരിൽ തിരുമേനിയാ യിരുന്നു ആദ്യ സാരഥി. സിറിയൻ വിദ്യാർത്ഥി കോൺഫ്രൻസ് ആയി അറിയപ്പെട്ട പ്രസ്ഥാനം തെക്കും വടക്കുമുള്ളവർക്ക് ഒന്നിച്ചുചേർന്ന് ആശ യവിനിമയം നടത്താൻ വേദി ഒരുക്കി. കാലക്രമേണ ഇതു വളർന്ന് വലിയ ആത്മീയ പ്രവാഹമായി. ആ ശക്തമായ ആത്മീയ ഒഴുക്കിൽ ഒട്ടേറെ സഭാനേതാക്കന്മാർ വാർത്തെടുക്കപ്പെട്ടു; ജീവിതത്തിന് ദിശാബോധം നൽകി യുവതലമുറയ്ക്ക് കെടാദീപമായി ആ സംഘടന വളർന്നു.

1917 – പ്രസ്ഥാനത്തിന് ഒരു ഭരണഘടന ഉണ്ടാക്കി.

1956 – വെണ്ണിക്കുളം കോൺഫ്രൻസിൽ ഒരു പ്രസ്ഥാനമായി മാറി.

പ്രസ്ഥാനത്തെ നയിച്ച പ്രസിഡന്റന്മാർ

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ
പുത്തൻകാവിൽ മാർ പീലക്സിനോസ് (തുമ്പമൺ)
ബഥനിയുടെ അലക്സിയോസ് മാർ തേവോദോസ്യോസ് (കൊല്ലം)
ഫിലിപ്പോസ് മാർ തേയോഫിലോസ് (അങ്കമാലി)

ഫിലിപ്പോസ് മാർ യൗസേബിയോസ് (തുമ്പമൺ)
സഖറിയാ മാർ തെയോഫിലോസ് (മലബാർ)
ഗീവറുഗീസ് മാർ കൂറിലോസ് (ബോംബെ)

ഇവരിൽ പലരും ഇതിൽ സജീവമായി പ്രവർത്തിക്കയും ഇതിന്റെ ജനറൽ സെക്രട്ടറിമാരായി തീരുകയും ചെയ്തു.

സെക്രട്ടറിമാർ

1. ഡീക്കൺ എൻ. ഐ. ഫിലിപ്പോസ്, നാലാത്ര ഒളശ്ശ
2. കെ. സി. ചാക്കോ, കണ്ടത്തിൽ (ആലുവാ കോളജ് പ്രിൻസിപ്പൽ)
3. സി. ഒ. ഉമ്മൻ, പുത്തൻകാവ്
4. പി. കെ. വർക്കി, കോട്ടയം
5. പി. കെ. മാത്യു
6. പി. ടി. വറുഗീസ് (റീത്തിൽ ചേർന്ന ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്)
7. എ. എം. വർക്കി (ആലുവാ യു. സി. കോളജ് പ്രിൻസിപ്പൽ)
8. കെ. സി. മാമ്മൻ മാപ്പിള. (മനോരമ പത്രാധിപർ)
9. എം. എ. ചാക്കോ (കൊച്ചി പോലീസ് സൂപ്രണ്ട്)
10. ഇലഞ്ഞിക്കൽ ഇ. ജെ. ജോൺ (മൺകോട്ട മഹർഷി)
11. എ. ഫിലിപ്പോസ്
12. കെ. വി. ചാക്കോ
13. പത്രോസ് മത്തായി
14. കെ. സി. ഈപ്പൻ
15. വി. ഐ. ഇട്ടിച്ചെറിയാ (എം. ഡി. സെമിനാരി ഹെഡ്മാസ്റ്റർ)
16. ഡോ. ചീരൻ വറുഗീസ്, കുന്നംകുളം
17. റാവുസാഹിബ് ഒ. എം. ചെറിയാൻ, പുതുപ്പള്ളി
18. സി. ജി. വറുഗീസ്
19. ഡീക്കൻ ജോസഫ് പുലിക്കോട്ടിൽ (പിന്നീട് റമ്പാൻ)
20. സി. പി. മാത്തൻ (എം. പി.) ചാലക്കുഴി
21. എം. പി. പത്രോസ് (പിന്നീട് പത്രോസ് ഒസ്താത്തിയോസ്)
22. എൻ. എം. തോമസ്, പിറവം
23. ഫാ. കെ. സി. വറുഗീസ് (ആചാര്യ, തടാകം ആശ്രമം)
24. എൻ. എം. ഏബ്രഹാം (മനോരമ പത്രാധിപർ)
25. എം. തൊമ്മൻ (ഫെലോഷിപ്പ് ഹൗസ്, ആലുവാ)
26. പോൾ വർഗീസ് (പിന്നീട് പൗലോസ് മാർ ഗ്രീഗോറിയോസ്)
27. ഡീക്കൻ പി. എസ്. ശമുവേൽ (കോർഎപ്പിസ്കോപ്പാ-അമേരിക്ക)
28. പി. വി. വറുഗീസ് ക്ലേറി (പിന്നീട് ക്ലേറി അച്ചൻ)

29. ഫാ. ടി. ഇ. ജോർജ് തേവർവേലി (പിന്നീട് മാർ ദീയസ്കോറോസ്)

30. ഫാ. ലാസ്സറസ് ഒ.ഐ.സി. (റമ്പാൻ ലാസ്സറസ് കോർഎപ്പിസ്കോപ്പാ, കാനഡ)

31. പ്രൊഫ. ടി. എ. ജോർജ് (പ്രിൻസിപ്പൽ, കാതോലിക്കേറ്റ് കോളജ്)

32. ഡീക്കൻ കെ. ഒ. ഏബ്രഹാം (ഇപ്പോൾ പാത്രിയർക്കീസ് കക്ഷിയിൽ കോർഎപ്പിസ്കോപ്പാ)

33. ഫിലിപ്പോസ് തോമസ് (മാർ യൗസേബിയോസ്, തുമ്പമൺ)

34. ഫാ. ജോർജ്ജ് കുര്യൻ (ഗീവറുഗീസ് മാർ കൂറിലോസ്, ബോംബെ)

35. ഫാ. പി. സി. ചെറിയാൻ (അച്ചനായശേഷം സഭ വിട്ടു)

36. ഫാദർ ജോൺ തോമസ് (അമേരിക്ക)

37. ഫാ. ചെറിയാൻ എം. സി. (ഇപ്പോൾ മലബാറിന്റെ മാർ തെയോഫിലോസ്)

38. ഫാ. വി. എം. ഏബ്രഹാം (ഇപ്പോൾ ബാംഗ്ലൂരിന്റെ മാർ സെറാഫിം)

39. ഫാ. വറുഗീസ് വറുഗീസ്, മീനടം.

ഈ ലിസ്റ്റ് പരിശോധിച്ചാൽ മലങ്കരസഭയുടെ ഉജ്ജ്വല താരങ്ങളായ നേതാക്കന്മാരായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിച്ചിരുന്നതെന്ന് കാണാൻ കഴിയും. സെക്രട്ടറിമാരിൽ അഞ്ചെട്ടുപേർ സഭയുടെ മെത്രാന്മാരായി തീർന്നു. കെ. സി. ചാക്കോ സാർ, എ. എം. വർക്കി സാർ, കെ. സി. മാമ്മൻ മാപ്പിള, കൊച്ചി പോലീസ് സൂപ്രണ്ട്, എം. എ. ചാക്കോ, ഇലഞ്ഞിക്കൽ ജോൺ വക്കീൽ, റാവുസാഹിബ് ഒ. എം. ചെറിയാൻ, സി. പി. മാത്തൻ എം. പി. തുടങ്ങിയ കിടയറ്റ നേതാക്കന്മാർ നയിച്ചുകൊണ്ടിരുന്ന ഈ പ്രസ്ഥാനത്തെക്കുറിച്ച് നമുക്കു തികച്ചും അഭിമാനത്തിനു വകയുണ്ട്.

ഇപ്പോൾ വളർന്ന് പടർന്ന് പന്തലിച്ച ഈ പ്രസ്ഥാനം കേരളത്തിലും വിദേശത്തുമുള്ള നഷ്ടപ്പെട്ടുപോകാൻ സാധ്യതകൾ ഏറെയുള്ള വിദ്യാഭ്യാസരംഗത്ത് യുവജനങ്ങളെ സഭയിൽ ഉറപ്പിച്ചു നിർത്തുന്നതിൽ നിസ്തുല സേവനമാണ് അനുഷ്ഠിച്ചു വരുന്നത്.

അദ്ധ്യായം 28

മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭയുടെ രണ്ടു തീർത്ഥാടനകേന്ദ്രങ്ങൾ

മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ പള്ളികളിൽ ബഹുഭൂരിപക്ഷവും 16-ാം നൂറ്റാണ്ടിൽ ഇവിടെ എത്തി തോക്കിൻകുഴലിന്റെ ശക്തിയിൽ മലങ്കരസഭയെ അടിച്ചമർത്തി റോമാസഭയിൽ എത്തിച്ച പോർട്ടുഗീസു ഭരണത്തോടുകൂടി റോമാസഭയുടെ ഭരണത്തിൽ അമർന്നുപോയി. എങ്കിലും കുന്നംകുളം ആർത്താറ്റ് പള്ളിയും നിരണം സെന്റ് മേരീസ് പള്ളിയും അരപ്പള്ളി എന്നറിയപ്പെടുന്ന തിരുവാംകോട് പള്ളിയും മാത്രമേ ഇന്ന് മലങ്കരസഭയുടെ കൈവശമുള്ളു. നിലയ്ക്കൽ പള്ളി കൊടുങ്കാട്ടിൽ അകപ്പെട്ട് നൂറ്റാണ്ടുകളോളം ആരാധന ഇല്ലാതെ കിടന്നിരുന്നു. അവിടെ അടുത്തയിടെ പള്ളിയുടെ അവശിഷ്ടങ്ങൾ കണ്ടെടുത്തതായി കിംവദന്തി പരന്നതിനെ തുടർന്ന് ശബരിമലയുടെ സാമീപ്യം നിമിത്തം ഒരു ഹൈന്ദവ എതിർപ്പു ഉണ്ടായതിനെ തുടർന്ന് ഒരു ഇടനില തീരുമാനപ്രകാരം എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കും കൂടി ആങ്ങമൂഴി എന്ന സ്ഥലത്ത് അനുവദിച്ച പൊതുദേവാലയം (സെന്റ് തോമസ് എക്യുമെനിക്കൽ ചർച്ച്) ഇപ്പോൾ നിലവിലുണ്ട്. ബാക്കി ദേവാലയങ്ങളെല്ലാം റോമാസഭയുടെ കൈവശവുമാണ്.

ആർത്താറ്റ് പള്ളി, നിരണം, തിരുവാംകോട് പള്ളികൾ എന്നിവ എങ്കിലും മാർത്തോമ്മാശ്ലീഹായുടെ നാമം നിലനിൽക്കത്തക്കവണ്ണം പരിരക്ഷിക്കേണ്ട ചുമതല മലങ്കരസഭയ്ക്കുണ്ടെന്നുള്ള കാര്യം അടുത്ത കാലം വരെ വിസ്മരിച്ച മട്ടിലായിരുന്നു. ഈ മൂന്നു പള്ളികളിൽ നിരണം ദേവാലയത്തിൽ ആയിരക്കണക്കിനു ഇടവകജനങ്ങൾ അംഗങ്ങളായി ഉണ്ടായിരുന്നിട്ടും ആ ദേവാലയത്തിന്റെ ഒരു ചരിത്രം എഴുതി സൂക്ഷിക്കാനോ തോമ്മാശ്ലീഹായാൽ സ്ഥാപിതമായതെന്ന് തെളിയിച്ചെടുക്കാനോ അടുത്ത കാലംവരെ ശ്രമങ്ങൾ ഉണ്ടായിരുന്നില്ല. തിരുവിതാംകോടു പള്ളിയുടെ കാര്യത്തിലും ഇതേ നിലയായിരുന്നു. എന്നാൽ ആ നിലയ്ക്ക് ഇപ്പോൾ വ്യത്യാസം ഉണ്ടായിട്ടുണ്ട്. രണ്ടും ഈയിടെ തീർത്ഥാടന കേന്ദ്രങ്ങളായി പ്രഖ്യാപിക്കയും ചെയ്തു.

തിരുവിതാംകോട് പള്ളി

അരപ്പള്ളി എന്ന നാമത്തിൽ സുപ്രസിദ്ധമായിത്തീർന്ന ഓർത്ത

ഡോക്സ് പള്ളിയാണ് കന്യാകുമാരി ജില്ലയിൽ സ്ഥിതിചെയ്യുന്ന തിരുവിതാംകോട് സെന്റ് മേരീസ് പള്ളി. ഈ പള്ളിയെ ചുറ്റിപ്പറ്റി ഊഹാപോഹങ്ങളും കെട്ടുകഥകളും ധാരാളമുണ്ടെങ്കിലും ഒന്നാം നൂറ്റാണ്ടിൽ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായതുകൊണ്ട് 1900 വർഷങ്ങളുടെ കുത്തൊഴുക്കിൽ സത്യവും മിഥ്യയും ഒക്കെ ഇടകലർന്ന കഥകൾ ഉണ്ടാവുക സഹജമാണ്. എന്നാലും ഈ കഥകളുടെയും പാരമ്പര്യങ്ങളുടെയും ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന അപ്പോസ്തോല കഥകളുടെ സത്യം കണ്ടുപിടിക്കുക നമ്മുടെ സഭയുടെ ധർമ്മമാണ്.

ഇന്ന് നിലവിലിരിക്കുന്നതും ചരിത്രത്തോടു വളരെ ബന്ധപ്പെട്ടു കിടക്കുന്നതുമായ പാരമ്പര്യകഥ ഏതാണ്ടിപ്രകാരമാണ്.

സഭാചരിത്ര കഥകളിൽ കാണുംപ്രകാരം കർത്താവിന്റെ പ്രത്യേക നിർദ്ദേശം വഹിച്ച് വടക്കേ ഇന്ത്യയിലും ഇന്നത്തെ പാക്കിസ്ഥാന്റെ പഞ്ചാബിലും ഒക്കെ സുവിശേഷയാത്രകൾ നടത്തിക്കൊണ്ടിരിക്കവെയാണ് തിരുവിതാംകോടു ഉൾപ്പെടുന്ന നാട്ടുരാജ്യത്തിലെ രാജാവിന്റെ ക്ഷണപ്രകാരം മാർത്തോമ്മാശ്ലീഹാ ആദ്യം കേരളത്തിലെത്തിയതെന്നു പറയപ്പെടുന്നു. താമസിക്കാനിടയായതോ ചെട്ടികളുടെ നാടായ തിരുവിതാംകോട്ട് ആയിരുന്നു. രാജാവിന്റെ പ്രത്യേക ക്ഷണപ്രകാരം തോമ്മാശ്ലീഹാ രാജകൊട്ടാരത്തിൽ കൂടിവരാറുള്ള പണ്ഡിതസദസ്സിൽ സംബന്ധിക്കയും ആ സദസ്സിലെ പ്രത്യേക ശ്രദ്ധാകേന്ദ്രമാവുകയും ചെയ്തു. ക്രിസ്തുവിനെപ്പറ്റിയോ അദ്ദേഹത്തിന്റെ തത്വസംഹിതകളെപ്പറ്റിയോ കേട്ടുകേഴ്വിപോലുമില്ലാതിരുന്ന രാജാവും സദസ്സും അത്ഭുത ദൈവപുരുഷനായ യേശുവിനെപ്പറ്റിയുള്ള കഥകൾ സസൂക്ഷ്മം ശ്രവിച്ചുകൊണ്ടിരുന്നു. അക്കാലത്ത് അദ്ദേഹം താമസിച്ചിരുന്ന ചെട്ടികളുടെ ഗ്രാമത്തിൽ ഏതാനും ചെട്ടികൾ യേശുക്രിസ്തുവിൽ വിശ്വസിക്കയും മാമോദീസാ ഏറ്റ് ക്രിസ്തുമതത്തിൽ ചേരുകയും ചെയ്തു. അവരാണ് പിൽക്കാലത്ത് തരീസാ ചെട്ടികൾ എന്ന് അറിയപ്പെട്ടത്. തരീസാ എന്നത് ത്രിശൈശുബഹോ അഥവാ സ്തുതിചൊവ്വാക്കപ്പെട്ടത് എന്നാണർത്ഥം. സ്തുതി ചൊവ്വാക്കപ്പെട്ടത് എന്ന വാക്കാണ് ഓർത്തഡോക്സ് (ഓർത്തോദുക്സോ) എന്ന ഗ്രീക്കു വാക്കിന്റെ അർത്ഥം. അങ്ങനെ ഓർത്തഡോക്സുകാരായ 'തരീസാ' എന്നത് ലോപിച്ച് "ധരിയായ് ചെട്ടികൾ' എന്നും അറിയപ്പെട്ടു. അവർക്കുവേണ്ടി ശ്ലീഹാ തിരുവിതാംകോട്ടിൽ ആരംഭിച്ച ആരാധനാസ്ഥലമാണ് ഇന്നത്തെ പള്ളി.

ശ്ലീഹാ രാജസദസ്സിലേക്ക് നിത്യവും നടന്നുപോകുമ്പോൾ, രാജസദസ്സിലേക്കു പോകുന്ന വേറൊരു തമിഴുപണ്ഡിതനെ കൂട്ടിന് കിട്ടി. അദ്ദേഹവും തിരുവിതാംകോടിനു സമീപമുള്ള ഒരു ഗ്രാമത്തിൽ ജീവിച്ചിരുന്ന

ഒരു ഭക്ത കവിയായിരുന്നു. ഏതായാലും ഒരുമിച്ചുള്ള യാത്രകൾ ആദ്ധ്യാത്മിക വിഷയങ്ങൾ പരസ്പരം ചർച്ച ചെയ്യാനുള്ള അവസരങ്ങൾ അവർക്കു ധാരാളം നൽകി. തന്റെ സഹയാത്രികൻ തമിഴു സാഹിത്യത്തിലെ മുടിചൂടാമന്നൻ ഭക്തകവി തിരുവള്ളുവർ സ്വാമിയാണെന്ന് തോമ്മാശ്ലീഹായ്ക്കു താമസിയാതെ മനസ്സിലായി. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിലെ പ്രധാന വിഷയങ്ങളെല്ലാം, പ്രത്യേകിച്ച് മലപ്രസംഗത്തിലെ ഉപദേശങ്ങളെല്ലാം തിരുവള്ളുവർ സ്വാമിയെ ഹഠാദാകർഷിച്ചു. അതുകൊണ്ടു തന്നെയാവാം പിൽക്കാലത്ത് അദ്ദേഹം രചിച്ച സുപ്രസിദ്ധ തമിഴു സാഹിത്യകൃതിയായ 'തിരുക്കുറളിൽ' ക്രിസ്തുസൂക്തങ്ങൾ പലതും സ്ഥാനം പിടിക്കാനിടയായതെന്ന് വിശ്വസിക്കപ്പെടുന്നു. ഭക്തനായ തിരുവള്ളുവരുമായി ചേർന്നു തോമ്മാശ്ലീഹാ നടത്തിയ സന്ദർശനങ്ങൾ സ്വാമിയിൽ എന്നും പച്ചപിടിച്ചു നിന്നിരുന്നു. പാലക്കാടു ജില്ലയിൽ ഒറ്റപ്പാലത്തിനടുത്തുള്ള ഒരു സ്ഥലത്തിന് 'വള്ളുവനാട്' എന്ന പേരു ലഭിച്ചതുപോലും അവരുടെ സന്ദർശനത്തിന്റെ ഫലമായി കിട്ടിയതാണെന്ന് അനുമാനിക്കാം. ഏതായാലും ആ ഹൈന്ദവ-ക്രൈസ്തവ ബന്ധം ഇരുമതവിഭാഗങ്ങൾക്കും സ്ഥായിയായ ചില ഗുണങ്ങൾ നൽകി എന്ന് ചരിത്രം സാക്ഷിക്കുന്നു.

നമുക്കു തിരുവിതാംകോടു പള്ളിചരിത്രത്തിലേക്കു തിരികെ വരാം. തിരുവിതാംകോടു പള്ളി 'അരപ്പള്ളി' എന്ന് വിളിക്കപ്പെടാൻ ഇടയായതിനെപ്പറ്റി പല അഭ്യൂഹങ്ങളും നിലവിലുണ്ട്. എല്ലാ അർത്ഥത്തിലും ഈ ദേവാലയം ഒരു 'മുഴുപ്പള്ളി' തന്നെയാണെന്നും തോമ്മാശ്ലീഹായെ മലങ്കരസഭയുമായി ബന്ധിക്കുന്ന ഏറ്റം ശക്തമായ ഒരു കണ്ണിയാണെന്നും ചരിത്രകാരന്മാർ അർത്ഥശങ്കയില്ലാതെ വിശ്വസിച്ചു വരുന്നു.

കന്യാകുമാരി ജില്ലയിൽ സ്ഥിതിചെയ്തിരുന്ന ഈ ദേവാലയം വിവിധ കാരണങ്ങളാൽ അവഗണിക്കപ്പെട്ടു കിടന്നു. ഈ അവഗണനയ്ക്കു സഭാമാത്രമാണ് ഉത്തരവാദി.

എന്നാൽ 1942-ൽ പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ വലിയ ബാവായുടെ പ്രത്യേക നിയോഗപ്രകാരം ഈ പുണ്യസ്ഥലത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടി ബ. കൂട്ടുങ്കൽ കെ. വി. ഗീവറുഗീസ് റമ്പാൻ തിരുവിതാംകോട് എത്തിയതോടെ മലങ്കരസഭയുടെ ശ്രദ്ധ തിരുവിതാംകോട്ടേക്ക് തിരിഞ്ഞു. തിരുവിതാംകോട് പള്ളിയെപ്പറ്റിയും അതിന്റെ അപ്പോസ്തോലിക പ്രാധാന്യത്തെപ്പറ്റിയും മലങ്കരസഭയ്ക്ക് ബോധ്യം നൽകുവാൻ കെ. വി. ഗീവറുഗീസ് റമ്പാച്ചനു കഴിഞ്ഞു. വി. മാതാവിന്റെ നാമത്തിൽ ശ്ലീഹാ സ്ഥാപിച്ച പള്ളിയും വസ്തുവകകളും ഏറെക്കുറെ അനാഥമായി കിടന്നിരുന്നു. പുരയിടങ്ങൾ മിക്കവാറും അന്യാധീനപ്പെ

ട്ടിരുന്നു. ശ്ലീഹായാൽ സ്ഥാപിതമെന്ന് കീർത്തിയും പെരുമയും ഉണ്ടെങ്കിലും നാശോന്മുഖമായി കഴിഞ്ഞിരുന്ന ആ പവിത്ര സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായുള്ള ശ്രമം ബ. റമ്പാച്ചൻ ആരംഭിച്ചു.

കുലശേഖരം പ്രദേശങ്ങളിലെ മലങ്കരസഭാംഗങ്ങളായ തോട്ടം തൊഴിലാളികളെയും എസ്റ്റേറ്റ് ഉടമകളെയും സംഘടിപ്പിച്ചാണ് പള്ളിയുടെ ഉദ്ധാരണപ്പണികൾ ആരംഭിച്ചത്. പള്ളിക്കെട്ടിടത്തിന്റെ ജീർണ്ണോദ്ധാരണം ചെയ്യുന്നതിനും അവിടെ ക്രമമായി ആരാധന ആരംഭിക്കുന്നതിനും അന്യാധീനമായി കഴിഞ്ഞിരുന്ന വസ്തുക്കൾ വീണ്ടെടുക്കുന്നതിനും ദീർഘമായ സിവിൾ വ്യവഹാരങ്ങൾക്കൊടുവിൽ റമ്പാച്ചനു സാധിച്ചു. മദ്ധ്യതിരുവിതാംകൂറിലേയും തെക്കൻ ഭാഗങ്ങളിലേയും പള്ളികൾ സന്ദർശിച്ച് പിരിവുകൾ നടത്തി ലഭിച്ച തുക പണിക്കും സാധുജനസംരക്ഷണത്തിനും റമ്പാച്ചൻ ചെലവഴിച്ചു. തുച്ഛമായ തുക എങ്കിലും "കാലണ" (ഇന്ന് 'അണ' എന്ന നാണയം നിന്നുപോയി) നൽകി തിരുവിതാംകോട് പള്ളിയുടെ വികസനത്തിന് സഹായിക്കണമെന്നുള്ള റമ്പാച്ചന്റെ ആവശ്യം നിമിത്തം അദ്ദേഹത്തെ 'കാലണ റമ്പാച്ചൻ' എന്നുപോലും ആളുകൾ വിളിച്ചിരുന്നു.

തിരുവിതാംകോട് നിവസിച്ചിരുന്ന ആദിമ ക്രിസ്ത്യാനികളായ തരീസാ ചെട്ടികൾ ആരുംതന്നെ ഇന്നുള്ളതായി അറിവില്ല. എന്നാൽ റമ്പാച്ചൻ പല അക്രൈസ്തവ കുടുംബങ്ങളെയും സ്നാനപ്പെടുത്തി സഭയിൽ ചേർത്തു. അവരിലൊരാൾ ആയിരുന്നു റമ്പാച്ചന്റെ ആരാധനയിൽ പ്രധാന ശുശ്രൂഷകനായി പ്രവർത്തിച്ചു വന്നത്. ഇന്ന് പുനരുദ്ധരിക്കപ്പെട്ട ആ പുരാതന ദേവാലയവും രണ്ടര ഏക്കർ സ്ഥലവും സഭയുടെ സ്വന്തമായിത്തീർന്നിട്ടുണ്ട്. ഈ ദേവാലയത്തിന്റെ ചുറ്റുപാടുകളിൽ താമസിക്കുന്ന ഗ്രാമീണ ജനങ്ങൾക്ക് ജാതിവ്യത്യാസം കൂടാതെ ഈ ശ്രീകോവിൽ ഒരു പുണ്യസ്ഥലമാണ്. തദ്ദേശീയരായി അധികം അംഗങ്ങൾ ഇല്ലാത്ത ഈ പള്ളിയിൽ ജൂലൈ മൂന്നിന് തൊട്ടടുത്ത ഞായറാഴ്ച തിരുവനന്തപുരം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുമായി ധാരാളം വിശ്വാസികൾ വൈദികരുടെ നേതൃത്വത്തിൽ എത്തി മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പെരുനാൾ കൊണ്ടാടി വരുന്നുണ്ട്. തീർത്ഥാടകരായി എത്തുന്നവർക്ക് വിശ്രമിക്കുവാനും മറ്റുമുള്ള സൗകര്യങ്ങളും അവിടെ സജ്ജീകരിക്കപ്പെട്ടിട്ടുണ്ട്.

ഇപ്പോൾ സഭാകേന്ദ്രത്തിൽ നിന്നും ഇടവകകളിൽ നിന്നും നല്ല സഹകരണം ഇതിന് ലഭിച്ചു വരുന്നു. ഈ വലിയ സ്ഥാപനത്തിന്റെ പേരിനും പെരുമയ്ക്കും അനുരൂപമായിട്ടാണ് ഇപ്പോൾ ഈ പള്ളിയെ ഒരു ആഗോള തീർത്ഥാടനകേന്ദ്രമായി പ. ബാവാ അംഗീകരിച്ച് പ്രഖ്യാപിച്ചിരിക്കുന്നത്.

ഭാവിയിൽ ഈ തീർത്ഥാടനകേന്ദ്രം ശ്ലീഹായുടെ പാവന നാമത്തിലുള്ള ഒരു അഭയകേന്ദ്രമാകുമെന്നുള്ളതിന് രണ്ടു പക്ഷമില്ല. തിരുവിതാംകോട് ഗ്രാമത്തിനു പ്രയോജനപ്പെടുന്ന ഒരു കമ്യൂണിറ്റി പ്രോജക്ടും ഒരു മാർത്തോമ്മൻ സ്മൃതി മ്യൂസിയവും ഇവിടെ ഉയരുന്നതിനുള്ള ആലോചനകൾ നടക്കുന്നുണ്ട്.

കന്യാകുമാരി, പേച്ചിപ്പാറ ഡാം, കുളച്ചൽ, ഇരണിയൽ കൊട്ടാരം, പത്മനാഭപുരം കൊട്ടാരം, തൃപ്പരപ്പ് വെള്ളച്ചാട്ടം തുടങ്ങിയവയെല്ലാം തിരുവിതാംകോട് തീർത്ഥാടനകേന്ദ്രത്തിനു സമീപസ്ഥലങ്ങളിലായി സ്ഥിതി ചെയ്യുന്നത് ഈ തീർത്ഥാടനകേന്ദ്ര വികസനത്തിന് സഹായകരമായ ഘടകങ്ങൾ തന്നെയാണ്.

നിരണം സെന്റ് മേരീസ് പള്ളി

തോമ്മാശ്ലീഹാ സ്ഥാപിച്ചതിൽ സുപ്രധാനമായ ഒരു സ്ഥാനമാണ് നിരണം പള്ളിക്കുള്ളത്. നിരണം വലിയപള്ളിക്ക്, അതിനു ചുറ്റുപാടുമുള്ള സ്ഥലങ്ങളിലെല്ലാം ഇന്നു കാണുന്ന സകല ഓർത്തഡോക്സ് പള്ളികളുടെയും തലപ്പള്ളി എന്ന സ്ഥാനം ഉണ്ട്. ധാരാളം അംഗങ്ങളുള്ള പ്രബലമായ ഈ പള്ളിക്ക് ഓർത്തഡോക്സ് സഭയുടെ പല സുപ്രധാന സംഭവങ്ങൾക്ക് സാക്ഷിയാകാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്.

1912-ൽ കാതോലിക്കേറ്റിന്റെ സ്ഥാപനവും ആദ്യ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണം തുടങ്ങി പല അസ്സോസിയേഷനുകളും മേൽപട്ട വാഴ്ചകളും ഈ പള്ളിയിൽ വച്ച് നടന്നിട്ടുണ്ട്. മലങ്കരസഭയുടെ നെടുംകോട്ടയായി എന്നും നിരണവും നിരണത്തുകാരും നിലകൊണ്ടിട്ടുമുണ്ട്.

അഞ്ചാം മാർത്തോമ്മാ, ഡച്ചുകാരുടെ ചതിക്കുഴിയിൽ വീണ് ജയിലിൽ അടയ്ക്കപ്പെട്ടപ്പോൾ അദ്ദേഹത്തെ ജയിൽ വിമുക്തനാക്കുന്നതിനുവേണ്ടി 'പീത്തമ്മ തങ്കി' എന്ന നിരണം വനിതാരത്നം നിരണം പള്ളിയിൽ ആരംഭിച്ച ആഭരണപ്പിരിവ് തെക്കൻ പള്ളികളിലെല്ലാം വ്യാപിക്കയും തിരുമേനിയുടെ കടംവീട്ടി, ജയിൽ വിമുക്തനാക്കുകയും ചെയ്ത കഥ മലങ്കരയിൽ പ്രചുരപ്രചാരം സിദ്ധിച്ച ഒന്നാണ്.

'മൺകോട്ട മഹർഷി' എന്നു വിശേഷിക്കപ്പെട്ടിരുന്ന ലോ കോളജ് പ്രിൻസിപ്പൽ ഇലഞ്ഞിക്കൽ ജോൺ വക്കീലും അദ്ദേഹത്തിന്റെ മക്കളായി കേരള മന്ത്രിസഭയിൽ പ്രശോഭിച്ച ഇ. ജോൺ ഫിലിപ്പോസ്, ഇ. ജോൺ ജേക്കബ് എന്നിവരും നിരണം പള്ളിയുടെ മക്കൾ തന്നെ.

ബോംബേയിലെ സാമൂഹ്യരംഗത്തു വ്യക്തിമുദ്ര പതിക്കയും ദാദർ ഓർത്തഡോക്സ് ദേവാലയപണിക്കു നേതൃത്വം വഹിക്കുകയും ഇന്ത്യ

യുടെ പ്രഥമ ധനകാര്യമന്ത്രിയായിരുന്ന ജോൺ മത്തായിയുടെ പത്നി യായി ശോഭിക്കുകയും ചെയ്ത അച്ചാമ്മ മത്തായിയും നിരണം പള്ളി യുടെ വനിതാരത്നം തന്നെ ആയിരുന്നു.

ഇങ്ങനെയൊക്കെയുള്ള പ്രഗത്ഭ തലമുറകളുടെ ജന്മനാടായ നിരണ ത്തേയും വലിയ പള്ളിയേയും മാർത്തോമ്മാശ്ലീഹായുമായുള്ള അതിന്റെ ബന്ധത്തേയും ചരിത്രപരമായി തെളിയിച്ചെടുക്കുന്നതിന് ഇതുവരെ വേണ്ടത്ര ശ്രമം നടന്നിട്ടില്ലെന്ന് വേണം ചിന്തിക്കാൻ.

നിരണം വലിയപള്ളിയുടെ മുറ്റത്തും മതിൽക്കെട്ടിലും ഉള്ള പുരാ തന ലിഖിതങ്ങൾ പോലും വായിച്ചെടുക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടി ല്ലത്രെ.

അതിനിടെ മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച യഥാർത്ഥ പള്ളി കടപ്ര യിൽ ആയിരുന്നെന്ന് അവകാശപ്പെട്ട് നിരണത്തുകാരൻ ഒരു മലങ്കര റീത്തു മെത്രാൻ കടപ്ര റീത്തു പള്ളിയെ ശ്ലീഹായുമായി ബന്ധപ്പെടു ത്താൻ അപഹാസ്യമായ ശ്രമം നടത്തിവരുന്നുണ്ട്.

ഇപ്പോൾ നിരണംപള്ളിയെ ലോകസമക്ഷത്ത് കൊണ്ടുവരുന്നതിനുള്ള ശ്രമം സഭാതലത്തിൽ തന്നെ ആരംഭിച്ചിട്ടുള്ളത് ശുഭോദർക്കമാണ്. നിരണം പള്ളിയുടെ സമീപത്തുതന്നെ മാർത്തോമ്മാ സ്മൃതിമണ്ഡപം എന്ന മ്യൂസിയം നിലവിൽ വന്നു. തോമ്മാശ്ലീഹാ കപ്പലിറങ്ങി എന്നു വിശ്വസിക്കപ്പെടുന്ന തോമ്മത്തു കടവ് നവീകരിച്ച് 12 ശ്ലീഹന്മാരെ അനു സ്മരിക്കുന്ന 12 കൽപ്പടവുകൾ കെട്ടി പരിഷ്കരിച്ചതും അടുത്തകാല ത്താണ്.

ഇപ്പോൾ നിരണം വലിയപള്ളിയെ മാർത്തോമ്മൻ കേന്ദ്രമായി പ. കാതോലിക്കാബാവാ പ്രഖ്യാപിച്ചു. തോമ്മാശ്ലീഹായുടെ പെരുന്നാളിനോ ടനുബന്ധിച്ച് നടന്ന അഞ്ചിന്മേൽ കുർബ്ബാനയ്ക്കു ശേഷമാണ് ആയിര ങ്ങളെ സാക്ഷിനിർത്തി പ. ബാവാ ഈ പ്രഖ്യാപനം നടത്തി അതിന്റെ പൂർണ്ണരൂപം അനാച്ഛാദനം ചെയ്തത്. ശ്ലീഹായുടെ ചരമദിനമായ ഡിസം ബർ 21-ന് തോമ്മത്തുകടവിൽ മാർത്തോമ്മൻ സ്മൃതിസമ്മേളനം ചേരു കയും ചെയ്തുവരുന്നു.

തോമ്മാശ്ലീഹായുടെ പൈതൃകത്തെ റോമാപാപ്പായോ അന്ത്യോഖ്യൻ പാത്രിയർക്കീസോ ചോദ്യം ചെയ്താലും അദ്ദേഹത്തിന്റെ പൗരോഹി ത്യത്തിലും ഭാരതസഭാ പിതൃത്വത്തിലും ഭാരത ഓർത്തഡോക്സ് സഭയ്ക്ക് ഒരിക്കലും സംശയമുണ്ടായിട്ടില്ല. തോമ്മാശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ എന്നു സംശയിച്ച് റോമിലെ പോപ്പിന്റെ ഒരു പ്രസ്താവന മുമ്പു വായിച്ചതായി ഓർക്കുന്നു. തോമ്മാശ്ലീഹായ്ക്ക് പൗരോഹിത്യമേ

ഉണ്ടായിരുന്നില്ല എന്ന് ഒരിക്കൽ ഒരു വേദവിപരീത കൽപന ഇറക്കി അന്ത്യോക്യാ പാത്രിയർക്കീസ് സഭയിൽ കോളിളക്കം സൃഷ്ടിച്ചിരുന്നു. പോപ്പിന്റെ പ്രസ്താവനയെ ഇന്ത്യയിലെ കത്തോലിക്കർ തന്നെ എതിർത്തിരുന്നു.

ആരൊക്കെ എന്തൊക്കെ സംശയിച്ചാലും പറഞ്ഞാലും ഭാരത ക്രൈസ്തവ സഭാമക്കളുടെ സിരകളിൽകൂടി ഒഴുകുന്ന രക്തത്തിൽ തോമ്മാശ്ലീഹാ കലർന്ന് ലയിച്ചിരിക്കുന്നുവെന്നുള്ളതാണ് സത്യം. തോമ്മാശ്ലീഹാ മാത്രമല്ല, മറ്റെല്ലാ അപ്പോസ്തോലന്മാർക്കും പൗരോഹിത്യ നൽവരം ലഭിച്ചിട്ടുണ്ടെന്നും അവർ ഇവിടെ എന്നപോലെ വരും ലോകത്തിൽ 12 സിംഹാസനങ്ങളിൽ ഇരുന്ന് ന്യായവിധിയിൽ പങ്കുചേരുമെന്നും മലങ്കരസഭ വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൽ നിന്ന് അണുപോലും വ്യതിചലിക്കുവാൻ സഭാമക്കൾക്ക് ആവുന്നതുമല്ല. വി. വേദപുസ്തകവും ദൈവശാസ്ത്രവും ചരിത്രപണ്ഡിതന്മാരും അത് മലങ്കര സഭയുടെ മക്കളിൽ അരക്കിട്ട് ഉറപ്പിച്ചിട്ടുള്ളതാണ്.

സുപ്രസിദ്ധ കാനോൻ വിദഗ്ദ്ധനായ ഗ്രീഗോറിയോസ് ബാർ എബ്രായ ശ്ലീഹന്മാരുടെ പൗരോഹിത്യത്തെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു:

ശ്ലീഹന്മാരുടെ പൗരോഹിത്യം

അവരെ ശെമ്മാശന്മാരാക്കിയത്. രോഗികളെ സൗഖ്യമാക്കുവാനും പിശാചുക്കളെ പുറത്താക്കാനും കുഷ്ഠരോഗികളെ വെടിപ്പാക്കാനുമുള്ള അധികാരം നൽകിക്കൊണ്ട് ശിഷ്യന്മാരെ ഈരണ്ടായി അയച്ചപ്പോൾ അവരെ ശെമ്മാശന്മാരാക്കി.

പട്ടക്കാരാക്കിയത്. അവരുടെ മേൽ ഊതി. "നിങ്ങൾ ആരുടെ പാപങ്ങളെ പിടിക്കുന്നുവോ അവ പിടിപ്പിക്കപ്പെട്ടിരിക്കും, ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കും" ഇങ്ങനെ പറഞ്ഞ് അധികാരം നൽകിയപ്പോൾ അവരെ കശ്ശീശന്മാരാക്കി.

മേൽപട്ടക്കാരാക്കിയത്. സ്വർഗ്ഗാരോഹണ സമയത്ത് കൈ ഉയർത്തി ശ്ലീഹന്മാരെ വാഴ്ത്തിയപ്പോൾ അവരെ എപ്പിസ്കോപ്പന്മാരാക്കുകയും ചെയ്തു.

സഭാ തലവന്മാർ. കർത്താവിന്റെ മരണശേഷം തന്റെ വേല പൂർത്തീകരിക്കാൻ പ. റൂഹാ സഭയുടെമേൽ പ്രവർത്തിച്ചു. സെഹിയോൻ മാളികയിൽ വച്ച് പ. റൂഹാ അവരുടെമേൽ ആവസിപ്പിച്ച് പൂർത്തിയാക്കിയപ്പോൾ സഭാതലവന്മാരായി അഭിഷേകം ചെയ്യുകയായിരുന്നു.

ഈ അധികാരം പിൽക്കാലത്ത് അപ്പോസ്തോലന്മാർ കൈവെയ്പിലൂടെ പിൻഗാമികൾക്കും നൽകി ആ പിന്തുടർച്ച തുടർന്നതായി വി. വേദപുസ്തകം സാക്ഷിക്കുന്നു.

അദ്ധ്യായം 29

മാർ മക്കാറിയോസും അത്മായവേദിയും

പുള്ളിപ്പുലിയുടെ വരകൾ മാറുമോ? കൂശ്യന്റെ നിറവും? ഇതു വി. വേദത്തിലെ ചോദ്യമാണെങ്കിലും നമ്മുടെ സമൂഹത്തിലും ഈ ചോദ്യം ചോദിക്കത്തക്ക ആളുകൾ ഉണ്ട്.

മലങ്കരസഭയുടെ അന്തർനാടകങ്ങളിൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നുവെന്ന് പറയപ്പെടുന്ന ഒരു പ്രസിദ്ധീകരണമാണ് 'അത്മായവേദി.' അതിന്റെ നിറം കൂശ്യന്റെ നിറംപോലെ മാറാത്തതല്ലെന്നും ഇപ്പോൾ പറയപ്പെടുന്നു. തരംപോലെ നിറംമാറ്റുന്ന ഈ പത്രത്തെ പറ്റി പല കഥകളും പറഞ്ഞു കേൾക്കുന്നുണ്ട്. ജോയ്സ് തോട്ടയ്ക്കാടിന്റെ ടി. വി. സംവിധാനങ്ങളും അത്മായവേദിയും തമ്മിൽ ഔദ്യോഗിക ബന്ധമുണ്ടെങ്കിലും ഇല്ലെങ്കിലും ഇവ രണ്ടും ഒരേ വിധത്തിൽ സമൂഹത്തിലെ ഉന്നതരെ അപലപിക്കുന്ന സ്ഥാപനങ്ങളായി തരംതാണു കഴിഞ്ഞിരുന്നു. ഈ സംഘടനയുടെ പേനാത്തുമ്പിന് ഇരയായവർ അനേകരാണ്. മനോരമ പത്രാധിപർ കെ. എം. മാത്യു, സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, സഭാചരിത്രകാരൻ ഫാദർ എം. ഒ. ജോൺ തുടങ്ങിയവർ അതിൽ ഉൾപ്പെടും. അതിൽ ഏറെ രൂക്ഷവും നീചവുമായി വിമർശിക്കപ്പെട്ടതു അമേരിക്കൻ ഭദ്രാസനത്തിന്റെ മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു.

എന്നാൽ ഈ വിധം ബഹുമാന്യ വ്യക്തികളെ ചെളിവാരി എറിയുന്നതിൽ ആ സംഘത്തിൽപ്പെട്ടവരുടെ ഇടയിൽ തന്നെ പരസ്പര ഭിന്നതകളുയർന്നു. കോട്ടയത്തു നടന്ന അത്മായവേദിയുടെ ഒരു യോഗം ഈയിടെ സംഘർഷത്തിൽ കലാശിച്ചതായി റിപ്പോർട്ടു ചെയ്യപ്പെട്ടു. പണാപഹരണവും പരസ്പര വിശ്വാസമില്ലായ്മയും സ്ഥാനമോഹികളെ ഭീഷണിപ്പെടുത്തി പണം തട്ടലും പണം തരാത്തവരെ അപമാനിക്കലും ഈ സംഘടനയുടെ മുഖമുദ്രയാണെന്ന ആക്ഷേപം മറ നീക്കി പുറത്തു വരികയും പരസ്പരം ആക്ഷേപം ചൊരിയുന്ന കലാപകലുഷിതമായ റിപ്പോർട്ടുകൾ കണ്ടു.

കഴിഞ്ഞ നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പു കാലത്ത് മാർ മക്കാറിയോസിനെതിരെ യുദ്ധപ്രഖ്യാപനം നടത്തി പ്രവർത്തിച്ചതിന്റെ പിന്നിൽ നടന്ന വൃത്തികെട്ട കഥകളുടെ രഹസ്യചുരുളുകൾ പരസ്പരം വലിച്ചിട്ട് പരസ്പരം ചെളിവാരി എറിഞ്ഞു തുടങ്ങി. അതിസമർത്ഥനും

തികഞ്ഞ സഭാസ്നേഹിയുമായ മാർ മക്കാറിയോസിനെ വേദനിപ്പിക്കത്തക്കവിധം പ്രവർത്തിച്ചതിന്റെ കുറ്റബോധം പലരും തുറന്നു പറഞ്ഞു ആ യോഗത്തിൽ.

ഈ വിവാദത്തിന്റെ ഫലമാണോ എന്നറിയില്ല, കഴിഞ്ഞയിടെ മക്കാറിയോസിന്റെ ചിത്രം ഈ പത്രത്തിന്റെ മുൻ പേജിൽ ഫോർ കളറിൽ പ്രസിദ്ധീകരിച്ചത് വളരെ ശ്രദ്ധേയമായി. ദീർഘകാലമായി അത്മായവേദിയുടെ പരദൂഷണത്തിനു വിധേയനായിരുന്ന മാർ മക്കാറിയോസിന്റെ വർണ്ണചിത്രവുമായി ഈ പ്രസിദ്ധീകരണം രംഗത്തു വന്നതു ഒരു കുറ്റ സമ്മതവും കുമ്പസാരവുമായി പലരും വ്യാഖ്യാനിച്ചു. "ഒരിക്കൽ യുദ്ധ പ്രഖ്യാപനവുമായി ചാടിപുറപ്പെട്ട അത്മായവേദി അതെ മക്കാറിയോസ് തിരുമേനിയെ വിശുദ്ധനാക്കാനുള്ള തത്രപ്പാടിലാണോ" എന്നു വിമർശകർ ചോദിച്ചു തുടങ്ങി. അതുതന്നെയല്ല, മക്കാറിയോസിനെ തോല്പിച്ച് ആരെ നിയുക്ത കാതോലിക്കാ ആക്കാൻ വഴിവിട്ട പിന്തുണ നല്കിയ അത്മായവേദി കളിച്ചുവോ, ആ നിയുക്ത ബാവാ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായ്ക്കു എതിരായി കഠിന വിമർശനവുമായി ഇതാ ഇപ്പോൾ ആ പ്രസിദ്ധീകരണം തിരിഞ്ഞു തുടങ്ങിയിരിക്കുന്നു. ഈ നയ വ്യതിയാനങ്ങൾ വളരെ വൈരുദ്ധ്യവും പത്രധർമ്മത്തിനു തികച്ചും എതിരുമാണ്. ഇങ്ങനെ തത്വങ്ങളോ വ്യക്തമായ നയങ്ങളോ ഇല്ലാതെ മാറി മാറി പറയുന്ന പത്രത്തെ മഞ്ഞപ്പത്രത്തിന്റെ ലവലിലേ മനുഷ്യർ വീക്ഷിക്കുകയുള്ളു.

കുവൈറ്റ് ഇടവകയും മാർ തേവോദോസ്യോസും

വിമർശനങ്ങളും ചെളിവാരി എറിയലും കേരള സമൂഹത്തിന്റെ സ്വഭാവമായി മാറിയിട്ടുണ്ട്. ഈ കാര്യത്തിൽ മലങ്കരസഭയിലെ ആളുകളും പിന്നിലല്ല. സഭാ സേവനത്തിനു സ്വയം സമർപ്പിച്ച് ഇറങ്ങിയിട്ടുള്ള പിതാക്കന്മാർ ആരും ഇതിൽ നിന്നും രക്ഷപ്പെട്ടിട്ടില്ല. പൊതുവെ ശാന്ത സ്വഭാവക്കാരനായ സ്തേഫാനോസ് തേവോദോസ്യോസ് തിരുമേനിയെ വിമർശിച്ചുകൊണ്ട് കുവൈറ്റ് ഇടവകക്കാരനായ ഒരാൾ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനം വായിക്കാനിടയായി. അതിൽ ലേഖകൻ ഇപ്രകാരം എഴുതി:

"ഇടവക മെത്രാപ്പോലീത്താ സ്തേഫാനോസ് തേവോദോസ്യോസിനു കുവൈറ്റ് ഇടവകാംഗങ്ങളുമായി ആത്മനിഷ്ഠമായ ബന്ധങ്ങളില്ല. ചെയ്തുകൊടുത്തിട്ടുള്ള സാമ്പത്തികവും മറ്റുമായ ഉപകാരങ്ങളോർത്ത് ചിലരെ ചില നേരങ്ങളിലേക്കും കൂടി ഓർമ്മിച്ചെന്നിരിക്കും. വളരെ പരിമിതമായി ചിലരോട് ബന്ധം സൂക്ഷിക്കുന്നുണ്ടായിരിക്കും. അതു തികച്ചും വ്യക്തിപരവുമാണ്.

സ്വന്തമായി പള്ളിയില്ല, സ്വത്തില്ല, ശവക്കോട്ടയില്ല, സ്ഥിരാംഗങ്ങളുമില്ല. കുവൈറ്റിലുള്ള ഓർത്തഡോക്സ് അംഗങ്ങളിൽ ഏറിയ പങ്കിനും ഇടവകയും പള്ളിയുമായി ബന്ധവുമില്ല. മെത്രാപ്പോലീത്താ വാർദ്ധക്യത്തിലും വടക്കേ ഇന്ത്യയിൽ കർമ്മനിരതനാണ്.

ചില്ലകൾ വളർത്താനുള്ള ശ്രമത്തിൽ കടയ്ക്കലെ വേരുകൾ അറ്റുകൊണ്ടിരിക്കുന്നു. വാസ്തവ വെളിച്ചത്തിൽ വടക്കേ ഇന്ത്യൻ മിഷൻ പ്രവർത്തനങ്ങൾ പുനഃപരിശോധന ആവശ്യപ്പെടുന്നുണ്ടെന്നാണു തോന്നുന്നത്. ഇന്ത്യൻ ജനാധിപത്യം അതിശക്തമായ മാറ്റങ്ങളിലാണെന്നുള്ള വെളിച്ചത്തിലും തിരിച്ചറിവിലും, മതേതര സ്വഭാവവും ഫെഡറൽ സമ്പ്രദായവും പരീക്ഷിക്കപ്പെടുകയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. മതതീവ്രവാദവും പ്രാദേശിക വാദവും അതിശക്തമാണിപ്പോൾ.

പിരിച്ചെടുക്കുന്ന കോടികൾ മുടക്കി ബാഹ്യകേരള മിഷൻ വളർച്ചയുടെ കൊടുമുടിയിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളും സാധുജന സംരക്ഷണ പ്രവർത്തനങ്ങളുമായി വടക്കേ ഇന്ത്യയിൽ മാന്യമായ സ്ഥാനവും അംഗീകാരവും കിട്ടിയിട്ടുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. എന്നാൽ ആ അംഗീകാരവും മാന്യതയും മലങ്കരസഭയ്ക്ക് ആകമാനമായിട്ടാണോ? സെന്റ് തോമസ് മിഷനു മാത്രമായിട്ടാണോ എന്ന് ചിന്തിക്കുമ്പോഴാണ് കാര്യങ്ങളുടെ നിജസ്ഥിതിയും പ്രശ്നങ്ങളും സംശയിക്കപ്പെടുന്നത്. ആകമാന മലങ്കരസഭയ്ക്ക് ആ അംഗീകാരമില്ല. മലങ്കര ഓർത്തഡോക്സ് സഭ എന്താണെന്ന് ഗുണഭോക്താക്കളെങ്കിലും അറിയാനും ഇടയില്ല. അതിന്റെ ആവശ്യമില്ലെന്നുള്ളതാണു വാസ്തവം.

ഇനിയെങ്കിലും സഭാ വളർച്ചയെന്ന ഒളിപ്പിച്ചുവച്ച ലക്ഷ്യവുമായുള്ള അന്യസംസ്ഥാനങ്ങളിലെ മിഷൻ പ്രവർത്തനങ്ങൾ ഇട്ടെറിഞ്ഞുപോരേണ്ട ഒരവസ്ഥയെക്കുറിച്ച് ചിന്തിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. കുവൈറ്റിലെ പണത്തിൽ വലിയ പങ്കും വടക്കേ ഇന്ത്യൻ മിഷൻ പ്രവർത്തനങ്ങൾക്കു പോകുന്ന അപ്രഖ്യാപിത അവകാശമായിരിക്കുന്നു. ചെറുതും വലുതുമായ ഇടവകാംഗങ്ങളിൽ നിന്നും സ്വരൂപിക്കുന്ന കോടികൾ മുടക്കി കോളജ് മുതലായ സ്ഥാപനങ്ങൾ അന്യ സംസ്ഥാനങ്ങളിൽ സ്ഥാപിക്കുമ്പോൾ പ്രത്യേകമായോ പരോക്ഷമായോ മാതൃ സംസ്ഥാനത്തിനോ മുതൽമുടക്കുകാരായ സഭാംഗങ്ങൾക്കോ പ്രയോജനമില്ലെന്നുള്ളത് നിസ്സാര കാര്യമല്ല.

ഇടുക്കി തുടങ്ങിയ ഭദ്രാസനങ്ങൾ സാമ്പത്തികാവശ്യങ്ങളുടെ അത്യാവശ്യങ്ങളിലാണ്. ആരാധനയ്ക്കു പള്ളികളോ മനുഷ്യന് ഒഴിച്ചുകൂടാത്ത ആവശ്യങ്ങളായ ചികിത്സാ സൗകര്യങ്ങളോ അവിടെ ലഭ്യമല്ല. അതേസമയം ബാഹ്യകേരള ഭദ്രാസനങ്ങളും മിഷൻ പ്രവർത്തനങ്ങളും

വിദേശ സഭാംഗങ്ങളുടെ സഹായം കൊണ്ട് വേണ്ടതിലധികം വളർച്ച നേടുന്നുമുണ്ട്. സ്വത്തുക്കളുടെ അവകാശം വ്യക്തികേന്ദ്രീകൃതമാകാതെ സഭയുടെ പൊതു സ്വത്തായി മാറുകയാണു വേണ്ടത്.

അതുകൊണ്ട് ഗൾഫ് ഇടവകകൾ എന്നേക്കും ബാഹ്യകേരള ഭദ്രാസനത്തിൽ തന്നെ നിലനിർത്തണമെന്നുള്ള തീരുമാനം തന്നെ പുനഃപരിശോധിക്കേണ്ടതുണ്ട്. ഗൾഫ് ഇടവകകളെ ഫ്ളോട്ടിംഗ് ഇടവകകളാക്കി ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കിക്കൊണ്ട് കേരളത്തിലെ ഭദ്രാസനങ്ങൾക്കു നിശ്ചിത കാലത്തേക്ക് മാറി മാറി ഭരണാധികാരം കൊടുക്കണം.

പത്തു ബാധകൾ

ഇസ്രായേൽ മക്കൾക്കു മിസ്രയിമിൽ ഫറവോ രാജാക്കന്മാരുടെ അടിമകളായി ഏറെനാൾ കഴിഞ്ഞു കൂടേണ്ടി വന്നതും അവരെ സ്വതന്ത്രരാക്കി കനാൻ നാട്ടിലേക്കു തിരിച്ചുകൊണ്ടുപോകേണ്ട ദൗത്യം യഹോവ മോശയെ നിയോഗിച്ചതും പഴയനിയമത്തിലെ തിളക്കമേറിയ കഥകളിലൊന്നാണ്. മോശ ഫറവോനെ കണ്ട് ജനത്തെ വിട്ടയ്ക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും രാജാവ് സമ്മതിക്കാതെ വന്നു. അപ്പോൾ ദൈവം മിസ്രയിമിന് പത്തു ബാധകൾ ഒന്നിനു പുറകെ ഒന്നായി അയച്ചുവെന്നും ബാധകൾ സഹിക്കവയ്യാതായപ്പോൾ ഫറവോ ഇസ്രായേൽ ജനത്തെ മോശയോടൊപ്പം സ്വന്തം നാട്ടിലേക്കു അയച്ചുവെന്നുമാണ് പഴയനിയമ കഥ പറയുന്നത്.

എന്നാൽ ഈജിപ്തുകാർക്ക് ദൈവം നൽകിയ പത്തു ബാധകളെക്കുറിച്ചുള്ള വേദപുസ്തക ഭാഷ്യം ഈയിടെ ഒരു ബ്രിട്ടീഷ് പണ്ഡിതനായ റോജർ വോട്ടൻ ചോദ്യം ചെയ്തു. പത്തു ശാപ വ്യാധികൾ പ്രകൃതിജന്യം എന്നാണു റോജർ പറയുന്നത്. അവ ദൈവം അയച്ചതല്ലെന്നും പ്രകൃതിജന്യമാകാനിടയെന്നും ഈ ചരിത്ര നരവംശ ശാസ്ത്രജ്ഞൻ തന്റെ പഠനശേഷം വ്യക്തമാക്കി. നൈൽ നദി രക്തത്തിന്റെ നദി ആയതും ഈച്ചകളുടെയും തവളകളുടെയും വെട്ടുക്കിളികളുടെയും വൻ കൂട്ടങ്ങൾ അടക്കമുള്ള പത്തു ശാപവ്യാധികൾ ഈജിപ്തിനെ നിസ്സഹായമാക്കിയതും ജൂതന്മാരെ മോചിപ്പിക്കാൻ ഫറവോനെ നിർബന്ധിതമാക്കി എന്നാണ് പുറപ്പാടു പുസ്തകം പറയുന്നത്. എന്നാൽ നൈലിനെ ചുവപ്പിച്ചത് കൊടുംമഴക്കാലത്തു ചുമന്ന മേൽമണ്ണു അലിഞ്ഞുണ്ടായതാകാമെന്നും കലക്കവെള്ളത്തിൽ മീൻ ചത്തടിഞ്ഞതാവുമെന്നും വോട്ടൻ പറയുന്നു. വെട്ടുക്കിളികളും മൃഗങ്ങളെ ആക്രമിക്കുന്ന ഈച്ചക്കൂട്ടങ്ങളും കൊടുംമഴയ്ക്കു ശേഷമുണ്ടായ പ്രകൃതി വിപത്തുകളാകാം.

ക്രിസ്തുവിനു നാലായിരമോ അയ്യായിരമോ വർഷം മുമ്പ് സംഭവിച്ച

ഈ പ്രതിഭാസങ്ങളുടെ കാരണം മനസ്സിലാക്കാതിരുന്ന അന്നത്തെ ജനത അതിനെ ഐതിഹ്യവൽക്കരിച്ചതാണെന്ന് വോട്ടൻ പറയുന്നു. ചരിത്രത്തിൽ അത്തരം ഐതിഹ്യവൽക്കരണം ഏറെ ഉണ്ടായിട്ടുണ്ട്. ബഹുദൈവവിശ്വാസികളായ ഈജിപ്റ്റിന്റെ മേൽ സ്വന്തം ജനതയെ മോചിപ്പിക്കാൻ വേണ്ടി ജൂതന്മാരുടെ ഏക ദൈവം അയച്ച ശാപമുന്നറിയിപ്പുകളായിരുന്നു അവയെന്നാണു പുറപ്പാടിലെ പ്രസ്താവം. ജൂതന്മാർക്കു പുറമെ ക്രിസ്തു മതവും ഇസ്ലാമും ഏകദൈവവിശ്വാസ മതങ്ങളായപ്പോൾ ഏകദൈവത്തിന്റെ സർവ്വശക്തിയുടെ ഉദാഹരണങ്ങളായി ഈ ഐതിഹ്യവൽക്കരണത്തെ സ്വീകരിക്കുകയായിരുന്നു എന്നു റോജർ വോട്ടൻ പറയുന്നു.

എറിത്രിയൻ സഭ

ഓറിയന്റൽ ഓർത്തഡോക്സ് വിഭാഗത്തിൽപ്പെട്ടതും മലങ്കരസഭയുമായി കുർബ്ബാനാ സംസർഗ്ഗമുള്ളതുമായ ഒരു ഓർത്തഡോക്സ് സഭയാണു എറിത്രിയാ എന്ന ആഫ്രിക്കൻ രാജ്യത്തുള്ളത്. രാഷ്ട്രീയമായ വേർതിരിവുകൾ വരുന്നതുവരെ ഈ സഭ എത്യോപ്യൻ ഓർത്തഡോക്സ് സഭയോടു ചേർന്നു പ്രവർത്തിക്കുകയായിരുന്നു. വിശ്വാസത്തിലും ആചാരത്തിലും സംസ്കാരത്തിലും എല്ലാം എത്യോപ്യൻ സഭയുടേതുതന്നെയാണു ഈ സഭയ്ക്കുള്ളത്. ഈ സഭകളിലെല്ലാം രാഷ്ട്രീയ ഭരണകർത്താക്കൾ അമിതമായി കൈകടത്താറുണ്ട്. ഹെയ്ലി സലാസി ചക്രവർത്തിയുടെ രാജവാഴ്ച അവസാനിച്ച ശേഷമാണ് ഈ ആഫ്രിക്കൻ സഭകൾക്കെല്ലാം രാഷ്ട്രീയ കക്ഷികളുടെയും മറ്റു ബാഹ്യ ശക്തികളുടെയും ആക്രമണങ്ങളെ നേരിടേണ്ടി വന്നിട്ടുള്ളത്.

എറിത്രിയൻ പാത്രിയർക്കീസ് ആയിരുന്ന അന്തോണിയോസ് I ബാവായെ എറിത്രിയൻ പ്രസിഡന്റ് ഈയിടെ സ്ഥാനഭ്രഷ്ടനാക്കുകയും വീട്ടുതടങ്കലിൽ വയ്ക്കുകയും ചെയ്ത പ്രത്യേക സാഹചര്യത്തിൽ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കീസായി തെരഞ്ഞെടുത്തു. എന്നാൽ മറ്റു ഓർത്തഡോക്സ് സഭകളും റോമാ സഭയും സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പാത്രിയർക്കീസിനെത്തന്നെയാണു കാനോനിക പാത്രിയർക്കീസായി അംഗീകരിച്ചിരിക്കുന്നത്. എത്യോപ്യൻ സഭയുടെ ഭദ്രാസനങ്ങളിൽ മെത്രാന്മാരെ വാഴിച്ച് ഈ പുതിയ സഭ സ്ഥാപിച്ചു കൊടുത്തത് കോപ്റ്റിക് സഭയായിരുന്നു.

49 ലക്ഷം ജനങ്ങളുള്ള എറിത്രിയൻ റിപ്പബ്ലിക്കിന്റെ 15 ലക്ഷത്തോളം (അതായത് 30 ശതമാനം) ഓർത്തഡോക്സുകാരും 60 ശതമാനം സുന്നി മുസ്ലീങ്ങളും 5 ശതമാനം റോമാ സഭക്കാരും 2 ശതമാനം പ്രൊട്ടസ്റ്റന്റ് സഭക്കാരുമാണ്.

എറിത്രിയൻ ഓർത്തഡോക്സ് സഭയ്ക്കു ഇപ്പോൾ ആയിരത്തി അഞ്ഞൂറോളം പള്ളികളും അത്രയും തന്നെ വൈദികരും 22 സന്യാസാശ്രമങ്ങളും ഉണ്ട്.

ഗീവറുഗീസ് മാർ ഒസ്താത്തിയോസ് "സഭാ രത്നം" ആയി

സഭയ്ക്കും സമൂഹത്തിനും നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് ഒരു വർഷം നീണ്ടുനിൽക്കുന്ന നവതി ആഘോഷങ്ങൾക്കു തുടക്കം കുറിച്ച് ഈ ബഹുമതി തിരുവല്ലാ ബഥനി ഓഡിറ്റോറിയത്തിൽ വിശ്വാസസമൂഹത്തെ സാക്ഷിനിർത്തി പ. കാതോലിക്കാ ബാവാ, ഒസ്താത്തിയോസ് തിരുമേനിക്കു നൽകിയത്.

അതു സംബന്ധിച്ച് പ. ബാവാ നൽകിയ കല്പനയിൽ താഴെ പറയുന്നപ്രകാരം പ്രസ്താവിച്ചു. "നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്താൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ ഗീവറുഗീസ് ഒസ്താത്തിയോസിന് "സഭാരത്നം" എന്ന ബഹുമതി നാം കല്പിച്ചു നൽകിയിരിക്കുന്നു. 'മലങ്കരയുടെ രത്നമേ' അങ്ങു സമാധാനത്താലെ വാഴുക.'

സാമൂഹ്യ നീതിയുടെ പ്രവാചകനായ അദ്ദേഹത്തിന്റെ ശബ്ദം ഭാരതത്തിലുടനീളം മുഴങ്ങിക്കേട്ടതാണ്.

ബസ്സേലിയോസ് ജൂബിലി സെന്ററിൽ നടന്ന സമ്മേളനം മന്ത്രി സി. ദിവാകരൻ ഉത്ഘാടനം ചെയ്തു. സഖറിയാസ് തെയോഫിലോസ് സഫ്രഗൻ (മാർത്തോമ്മാ സഭ) മുഖ്യപ്രഭാഷണവും ഡോ. കെ. എം. ജോർജ് അച്ചൻ നവതി സന്ദേശവും നല്കി. നവതി ഭവനദാന പദ്ധതിയുടെ ഉത്ഘാടനം ഉമ്മൻചാണ്ടിയും ഭദ്രാസനത്തിലെ നിർദ്ധന വിധവകൾക്കു പെൻഷൻ പദ്ധതി മന്ത്രി മാത്യു ടി. തോമസും ഡോക്യുമെന്ററി സി.ഡി. യുടെ പ്രകാശനം ഗീവറുഗീസ് മാർ തീമോത്തിയോസും നടത്തി.

മാർ ഒസ്താത്തിയോസ് ഒരു 'കായംകുളം കൊച്ചുണ്ണി' ആണെന്നു മാർത്തോമ്മാ സഭയിലെ മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ പറഞ്ഞു. "ഉള്ളവന്റെ കൈയിൽ നിന്നും പിടിച്ചു വാങ്ങി ഇല്ലാത്തവനു കൊടുക്കുന്ന ഒസ്താത്തിയോസ് തിരുമേനി കായംകുളം കൊച്ചുണ്ണിയുടെ റോളിലാണ്. ഒരു കാലത്തു ഒസ്താത്തിയോസ് തിരുമേനിയുടെ പ്രസംഗം ഭർത്താക്കന്മാർക്കു പേടിയായിരുന്നു. തിരുമേനിയുടെ പ്രസംഗം കേട്ടു ഭാര്യമാർ വളയും മാലയും മറ്റും ഊരി സ്തോത്രകാഴ്ച സഞ്ചിയിൽ നിക്ഷേപിക്കുമോ എന്നായിരുന്നു അവരുടെ പേടി" എന്ന് വലിയ മെത്രാപ്പോലീത്താ പറഞ്ഞു.

സ്തേഫാനോസ് മാർ തേവോദോസ്യോസ് കാലം ചെയ്തു

കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്താ 2007 നവംബർ 7-ന് മസ്ക്കറ്റ് റോയൽ ഹോസ്പിറ്റലിൽ വച്ചു കാലം ചെയ്തു. അദ്ദേഹം മസ്ക്കറ്റ് തുടങ്ങിയ ഇടവകകൾ സന്ദർശിക്കുന്നതിനിടയിൽ മസ്ക്കറ്റിൽ രാവിലെ വി: കുർബ്ബാനയ്ക്കു ഒരുങ്ങുന്നതിനിടയിലാണ് ശാരീരിക അസ്വാസ്ഥ്യം ഉണ്ടായത്. ആശുപത്രിയിൽ പ്രവേശിപ്പിച്ച തിരുമേനി കാലം ചെയ്യുമ്പോൾ വികാരി ഫാ. ഷാജി എം. ബേബിയും മറ്റും കൂടെ ഉണ്ടായിരുന്നു. പരുമലപ്പെരുന്നാൾ മസ്ക്കറ്റിൽ നടത്താനായിരുന്നു അദ്ദേഹം അവിടെ എത്തിയത്.

ഭൗതികശരീരം മസ്ക്കറ്റ് സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ എത്തിച്ചു ശുശ്രൂഷകൾ നടത്തുന്നതിന് ഒമാൻ സർക്കാരിന്റെ അനുമതി ലഭിച്ചു. ഭൗതികശരീരം ചാർട്ടർ ചെയ്ത വിമാനത്തിൽ ഇന്ത്യയിലേക്കു കൊണ്ടുപോകുന്നതിനു വിവിധ മന്ത്രാലയങ്ങളുടെ അനുമതിയും ലഭിച്ചു. ഭിലായിലെ അദ്ദേഹത്തിന്റെ ആസ്ഥാനത്തായിരുന്നു കബറടക്കം.

മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് കൽക്കട്ടാ ഭദ്രാസനത്തിന്റെ അധിക ചുമതല കൂടി പ. ബാവാ നൽകി കല്പനയിറക്കി.

ഭൗതികശരീരം കൊണ്ടുപോകുന്നതിനു മുമ്പ് ഇന്ത്യൻ അംബാസഡർ അനിൽറാവു, ഒമാൻ മതമന്ത്രി ഷേക് അബ്ദുള്ളാ ബിൻ മുഹമ്മദ് എന്നിവർ അന്തിമോപചാരം അർപ്പിച്ചു.

ചാർട്ടേർഡ് വിമാനത്തിൽ റായ്പ്പൂരിൽ എത്തിച്ച മൃതദേഹം മാർ കൂറിലോസ് മെത്രാപ്പോലീത്തായും വൈദികരും വിശ്വാസികളും ചേർന്ന് ഏറ്റുവാങ്ങി കാർമാർഗ്ഗം ഭിലായിലേക്കു കൊണ്ടുപോയി. ബസ്സേലിയോസ് വിദ്യാ ഭവൻ, സെന്റ് തോമസ് കോളജ്, സെന്റ് ഗ്രീഗോറിയോസ് കത്തീഡ്രൽ എന്നിവിടങ്ങളിൽ നഗരി കാണിക്കൽ നടത്തി. നിയുക്ത ബാവാ, മാർ സേവേറിയോസ്, മാർ പക്കോമിയോസ്, സഭാ നേതാക്കൾ എന്നിവർ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്തു. പതിനായിരങ്ങളുടെ അശ്രുപൂജാമദ്ധ്യേ ഭൗതികശരീരം കബറടക്കി.

ഇന്ത്യയ്ക്കു പുറത്തുവച്ച് ആദ്യമായി കാലം ചെയ്ത തിരുമേനിയുടെ ദേഹവിയോഗം പ്രമാണിച്ച് പ. കാതോലിക്കാ ബാവാ പ്രത്യേക കല്പന ഇറക്കി.

അദ്ധ്യായം 30

അദ്ധ്വാനിക്കുന്ന ജനത്തോടൊപ്പം

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ജീവിതത്തെ അടുത്തറിഞ്ഞ വർക്കെല്ലാം ആ ധന്യമായ ത്യാഗജീവിതത്തിന്റെ ആഴം കുറെയൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദൂരെ നിന്നു കണ്ടവരെല്ലാം കല്ലെറിയാനും പരിഹസിക്കാനും ശ്രമിച്ചപ്പോഴും ആരോടും പകയില്ലാതെയും പ്രതികാരത്തിന്റെ ഭീഷണികൾ ആർക്കു നേരെയും മുഴക്കാതെയും കഴിഞ്ഞ ഒരു യഥാർത്ഥ ക്രിസ്തു ഭക്തനെ മാത്രമേ ശത്രുക്കൾക്കു പോലും അദ്ദേഹത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ളു. പ്രൗഢ രാജകീയ ഭാവത്തിൽ പ്രത്യക്ഷപ്പെടുമ്പോഴും ഉള്ളിൽ ദാരിദ്ര്യത്തെ സ്നേഹിച്ചും, ഉജ്ജ്വല വാഗ്വിലാസത്തിൽ സദസ്സിനെ ചിരിപ്പിക്കുമ്പോഴും ഉള്ളിൽ കടിച്ചമർത്തുന്ന ദുഃഖത്തിൽ സന്തോഷിക്കുവാനും അപഹസിക്കുന്നവരെ ഒരു പരിഹാസച്ചിരിയോടെ നേരിടുവാനും മാർ മക്കാറിയോസിനു മാത്രമേ കഴിയുകയുള്ളു. ആ വലിയ മനുഷ്യനെയും അദ്ദേഹത്തിന്റെ വ്യക്തിവിലാസത്തെയും തത്വ സംഹിതകളെയും ഒരു ഗവേഷണത്തിനു മാത്രമേ പുറത്തെടുക്കുവാൻ കഴിയുകയുള്ളു. എങ്ങനെ അറിയാൻ?

എങ്ങനെ അറിയാൻ? അദ്ദേഹത്തെപ്പറ്റി ആരും ഗ്രന്ഥങ്ങൾ ചമച്ചിട്ടില്ല. അദ്ദേഹവും ഒന്നും എഴുതിയില്ല. തന്നെപ്പറ്റി എഴുതാൻ ആഗ്രഹിക്കുന്നവരെ നിരുത്സാഹപ്പെടുത്തുക മാത്രമേ ചെയ്തിട്ടുള്ളു. "യേശു ക്രിസ്തു വല്ലതും എഴുതിയിട്ടുണ്ടോ? അദ്ദേഹം പുസ്തകങ്ങൾ ചമച്ച് ചരിത്രകാരനായിട്ടുണ്ടോ? പത്രത്താളുകളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ? ഒന്നുമില്ല. ഒന്നുമില്ലാത്തവനായി വന്നു, ജീവിച്ചു, പോയി. പക്ഷേ കാൽവരിയിൽ ഒഴുക്കിയ രക്തം ലോകത്തോടു സംസാരിച്ചു" എന്നൊക്കെ പറയുമ്പോൾ നമുക്ക് നിശബ്ദരാവാനേ കഴികയുള്ളു.

മറ്റു പല നേതാക്കന്മാരും പത്രത്തിൽ പ്രത്യക്ഷപ്പെടാൻ മനോരമയുടെ വീട്ടുവാതില്ക്കൽ കാവൽ കിടന്നതായി കേട്ടിട്ടുണ്ട്. കുട്ടിപ്പത്രങ്ങൾക്കു പണം കൊടുത്തു സ്വാധീനിച്ച് പടവും വാർത്തകളും വരുത്തുന്ന നേതാക്കന്മാരെക്കുറിച്ചും കേട്ടുവരുന്ന ഇക്കാലത്തു തന്നെപ്പറ്റി ഒന്നും എഴുതരുതെന്നു ശാസിക്കുന്ന ഒരു നേതാവിനെ കണ്ടെത്തുക എളുപ്പമല്ല. സൗഖ്യപ്പെടുത്തിയ ശേഷം "ഇതാരോടും പറയരുത്" എന്നു രോഗികൾക്കു ശാസന കൊടുക്കുന്ന യേശുവിന്റെ ഭാവമായിരുന്നു ക്രിസ്തു ഭക്തനായിരുന്ന മക്കാറിയോസ് ജീവിതത്തിൽ പകർത്താൻ ശ്രമിച്ചത്.

കമ്പ്യൂട്ടറിൽ ഒരു നേതാവു കുറിച്ചിട്ടിരുന്ന സൂക്തങ്ങളും ലേഖന

ങ്ങളും വിറ്റു പണമാക്കുന്ന ചില മാധ്യമ പ്രവർത്തകരെ നമ്മുടെ സമൂഹം കാണുമ്പോൾ അതിനൊക്കെ അപ്പുറമായി മക്കാറിയോസ് ഒഴുക്കിയ കണ്ണുനീരും വേദനയും മലങ്കരസഭയ്ക്കുവേണ്ടി ധീരമായി സംസാരിച്ച കുറിച്ചിടാത്ത വാക്കുകളും നാളത്തെ ഗവേഷണ വിദ്യാർത്ഥി വരികൾക്കിടയിലൂടെ ചൂഴ്ന്നെടുക്കുമെന്ന് പ്രതീക്ഷിക്കാം.

പ്രവൃത്തിയായിരുന്നു മക്കാറിയോസ് തിരുമേനിയുടെ വാക്കുകൾ, വാക്കുകളായിരുന്നു തന്റെ പ്രവൃത്തികളും. അത് 'പ്രൊപ്പഗാൻഡാ' വാല്യുവി"നു വേണ്ടിയുള്ളതായിരുന്നില്ലെന്നു മാത്രം. അമേരിക്കൻ ഭൂഖണ്ഡത്തിൽ വളർന്നുവരുന്ന ഒരു വലിയ പുത്തൻ തലമുറ ആ ശ്രേഷ്ഠ മഹാപുരോഹിതന്റെ ജീവിക്കുന്ന സാക്ഷികളാണ്. അവരെ ക്രിസ്തുവിൽ ജനിപ്പിച്ച് സഭാഗാത്രത്തോടു ചേർത്തു പിടിച്ച അവരുടെ ആ പ്രിയ പിതാവിന്റെ ദർശനങ്ങൾ ആ തലമുറ വാഴ്ത്തിപ്പാടി തുടങ്ങിയിരിക്കുന്നു.

ഒന്നും എഴുതിയില്ലെങ്കിലും, പാടിപ്പുകഴ്ത്താൻ ആരെയും സമ്മതിച്ചില്ലെങ്കിലും, ജീവിതകാലത്തു തന്നെ തന്റെ പേരിൽ സ്ഥാപനങ്ങൾ ഒന്നും തുടങ്ങിയില്ലെങ്കിലും ആ ജീവിതത്തിൽ നിന്നും ഊർജ്ജം കൊള്ളുന്ന അനേകർ ഇന്നു മലങ്കരസഭയിലുണ്ടെന്നുള്ളതു ശുഭോദർക്കമാണ്.

ഇതിനിടെ മക്കാറിയോസിന്റെ സാന്നിധ്യം കേരളത്തിലെ സഭയ്ക്കാണ് കൂടുതൽ ആവശ്യമെന്നും അദ്ദേഹത്തിന്റെ ഭദ്രാസനത്തിന്റെ ആസ്ഥാനം ലണ്ടൻ പട്ടണത്തിലാക്കണമെന്നും മറ്റും ഫാ. ടി. ജെ. ജോഷ്വാ ഒരു ലേഖനത്തിൽ ആവശ്യങ്ങളും നിർദ്ദേശങ്ങളും ഉന്നയിച്ചു. അതിനോടു വിവിധതരത്തിലുള്ള പ്രതികരണങ്ങളാണ് ജനങ്ങളിൽ നിന്നും ഉണ്ടായത്.

ബ. ജോഷ്വാ അച്ചൻ ഇപ്രകാരം എഴുതി: (മലങ്കരസഭാ മാസികയിൽ) "പ്രതിഭാശാലിയും സംഘടനാപാടവവുമുള്ള വ്യക്തിയാണു അഭിവന്ദ്യ മക്കാറിയോസ് തിരുമേനി. ഏതൊരു വേദിയും പിടിച്ചടക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ട്. യുവലോകത്തിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കാനും അവർക്കു ദിശാബോധം വരുത്തുവാനും തക്ക നേതൃത്വ മികവും അദ്ദേഹത്തിനുണ്ട്. അദ്ദേഹം അമേരിക്കയിൽ താമസമാക്കിക്കൊണ്ട് വർഷത്തിൽ ഒരു പ്രാവശ്യം ഇവിടെ (കേരളത്തിൽ) സന്ദർശനം നടത്തുന്നത് തികച്ചും അപര്യാപ്തമാണ്.

പരിണതപ്രജ്ഞനായ മക്കാറിയോസ് തിരുമേനി ലണ്ടൻ അദ്ദേഹത്തിന്റെ ആസ്ഥാനമാക്കി ഇവിടെ താമസിച്ചുകൊണ്ട് ഇംഗ്ലണ്ട്, യൂറോപ്പ് എന്നിവിടങ്ങളിലെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണമെന്നാണ് എന്റെ

അഭിപ്രായം. ഇവിടത്തെ പരിമിതമായ സാഹചര്യങ്ങളും അവസ്ഥാ വിശേഷവും കണക്കിലെടുത്ത് ഇവിടവുമായി പൊരുത്തപ്പെട്ട് പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ സഭയ്ക്ക് വലിയ നേട്ടമായിരിക്കും. മാത്രമല്ല, എക്യുമെനിക്കൽ വേദികളിലും കൂടുതൽ ശ്രദ്ധിക്കുവാൻ അദ്ദേഹത്തിനു അവസരമുണ്ടാകും. അശീതി ആഘോഷിക്കുന്ന അദ്ദേഹത്തിന് അതു സാധിക്കുമെന്നതു തന്നെയാണു എന്റെ പ്രത്യാശ."

എന്നാൽ മക്കാറിയോസ് തിരുമേനി എന്ന വിശ്വപൗരന് കേരളവും ലണ്ടനും ന്യൂയോർക്കും എല്ലാം ഒരുപോലെ ആയിരുന്നു. അദ്ദേഹം എവിടെ താമസിക്കുന്നു എന്നത് അദ്ദേഹത്തെ സംബന്ധിച്ച് അപ്രസക്തവുമായിരുന്നു. ലോകത്തിൽ എവിടെ ആയാലും അദ്ദേഹത്തിന്റെ നെഞ്ചിൽ നിറഞ്ഞു നിൽക്കുന്നതും നാവിലൂടെ ഉതിർന്നു വീഴുന്നതും ഓർത്തഡോക്സ് സഭയും ഓർത്തഡോക്സിയും മാത്രം. എല്ലാ സഭകളുമായും മതവിഭാഗങ്ങളുമായും ഉറ്റ സമ്പർക്കത്തിലും സ്നേഹത്തിലും കഴിയാൻ ആഗ്രഹിക്കുന്ന മക്കാറിയോസ് ആവട്ടെ വിശ്വാസകാര്യത്തിലോ സഭയുടെ കാര്യത്തിലോ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല.

തന്റെ വിശ്വാസം കേവലം ചുണ്ടുകളിൽ മാത്രം തങ്ങിനിൽക്കാൻ മക്കാറിയോസ് തിരുമേനി ആഗ്രഹിച്ചില്ല. ആരാധനയോടു കൂടി ത്യാഗവും ആവശ്യമാണെന്ന് ജീവിതത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു. വിശ്വാസം പ്രവൃത്തിയിലൂടെ കാണിക്കണമെന്ന് നിർബന്ധമുള്ള ഒരാളായിരുന്നു മക്കാറിയോസ്.

അമേരിക്കയുടെ ഒരു തെക്കൻ സംസ്ഥാനത്തു വെള്ളപ്പൊക്കത്തോടു ചേർന്ന് കടൽ ഇരച്ചുകയറി പട്ടണങ്ങളെ വിഴുങ്ങി, ആയിരങ്ങൾ ഭവനരഹിതരായി ക്യാമ്പുകളിൽ അഭയം തേടിയപ്പോൾ അവരുടെ കണ്ണീരൊപ്പാൻ ആദ്യം ഓടിഎത്തിയതു മക്കാറിയോസ് തിരുമേനി തന്നെ ആയിരുന്നു. ധാരാളം ബിഷപ്പന്മാർ ജീവിക്കുന്ന അമേരിക്കയിൽ, ദുരന്തഭൂമിയിൽ ആദ്യം ഓടി എത്താനുള്ള സന്മനസ്സ് മക്കാറിയോസിനു മാത്രമേ ഉണ്ടായുള്ളു.

തിരുമേനി അമേരിക്കയിൽ ആരംഭിച്ച കുടുംബ സംഗമങ്ങളും യൂത്തു ക്യാമ്പുകളും ഫാമിലി കോൺഫ്രൻസുകളും മറ്റും ഇതര സഭകൾക്കെല്ലാം മാതൃകയായി. കുടുസ്സായ ക്രൈസ്തവ സിദ്ധാന്തങ്ങളെ അദ്ദേഹം വെറുത്തു. നീതിയും കരുണയും തടയുന്ന സഭാനിയമങ്ങളെ ചാടിക്കടക്കണമെന്നും തിരുമേനി കാണിച്ചുകൊടുത്തു.

ഈയിടെ ഇയ്യോബ് എന്ന എഴുത്തുകാരൻ "വിധിക്കപ്പെടാതിരിപ്പാൻ വിധിക്കരുത്" എന്ന തന്റെ ലേഖനത്തിൽ അമേരിക്കയിലും കേരളത്തിലുമുള്ള രണ്ടു കത്തോലിക്കാ ദേവാലയങ്ങളിൽ നടന്ന സംഭവങ്ങൾ

ചൂണ്ടിക്കാണിച്ചുകൊണ്ട് ഒട്ടകത്തെ വിഴുങ്ങുകയും കൊതുകിനെ അരിക്കുകയും ചെയ്യുന്ന സഭാനേതാക്കളെ വിമർശിക്കയും നിയമങ്ങൾ മനുഷ്യ നന്മയ്ക്കു വിലങ്ങുതടിയാവുകയും ചെയ്യുന്ന രണ്ട് ഉദാഹരണങ്ങൾ കാണിച്ചു ക്രിസ്തീയ നീതിയും കരുണയും നമ്മുടെ ഇടുങ്ങിയ നിയമങ്ങളെ മറികടക്കണമെന്ന് പറഞ്ഞു.

ആദ്യത്തെ സംഭവം

"നിങ്ങൾക്കു വി. കുർബ്ബാന നൽകാൻ നിവർത്തിയില്ല, കാരണം നിങ്ങൾ ഒരു സ്ത്രീയോടൊപ്പമാണ് ജീവിക്കുന്നത്. അതു സഭാപഠനമനുസരിച്ച് പാപമാണ്." ബാർബറാ ജോൺസൺ എന്ന സ്ത്രീക്കു വി. കുർബ്ബാന നിഷേധിച്ചുകൊണ്ട് മെരിലാൻഡ് ഗയ്ത്തേഴ്സ്ബർഗ്ഗ് സെന്റ് ജോൺ കത്തോലിക്കാ പള്ളിയിലെ ഫാദർ മാർസൻ ഗർണീസോ പറഞ്ഞു.

ബാർബറാ ജോൺസന്റെ അമ്മയുടെ ശവസംസ്ക്കാര ശുശ്രൂഷാവേളയിലായിരുന്നു ഈ സംഭവം. ബാർബറാ അമ്മയുടെ അനുസ്മരണാപ്രസംഗം ആരംഭിച്ചപ്പോൾ വൈദികൻ പള്ളി വിട്ടുപോവുകയും താൻ മൃതദേഹത്തോടൊപ്പം സെമിത്തേരിയിലേക്കു വരില്ലെന്നു അറിയിക്കുകയും ചെയ്തു. എന്നാൽ ഫ്യൂണറൽ ഹോം ഡയറക്ടർ വേറൊരു വൈദികനെ കണ്ടെത്തിയാണ് സംസ്ക്കാര കർമ്മങ്ങൾ പൂർത്തിയാക്കിയത്. യാതൊരു മടിയും കൂടാതെ വന്ന് ചടങ്ങുകൾ പൂർത്തിയാക്കിയ വൃദ്ധ വൈദികനായ ഫാദർ സ്വീനിയെപ്പോലെ സ്നേഹധനനും കാരുണ്യവാനുമായ മറ്റൊരു വൈദികനെ കണ്ടെത്താനില്ല എന്നു പൊതുജനം വിലയിരുത്തി. ബാർബറായുടെ മുറിവേറ്റ ഹൃദയത്തിന് ആശ്വാസം പകർന്നു കൊടുത്ത ധാരാളം പേർ ഫാദർ മാർസൻ സഭയുടെ സ്നേഹത്തെ പ്രതിനിധാനം ചെയ്യുന്നില്ലെന്നു പറയുകയും ചെയ്തു.

വിശ്വാസം, ധാർമ്മികത എന്നീ വിഷയങ്ങൾ പഠിപ്പിക്കയും സുവിശേഷസന്ദേശത്തിന്റെ പ്രകാശം നമ്മുടെ ഇന്നത്തെ ജീവിത സാഹചര്യത്തിൽ ആളുകളിൽ എത്തിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം സഭയ്ക്കുണ്ടെന്നു മക്കാറിയോസ് മെത്രാപ്പോലീത്താ പറയുന്നു.

രണ്ടാമത്തെ സംഭവം

പാലാ രൂപതയിലുള്ള കുറവിലങ്ങാടു ഫൊറോനാ പള്ളിയിൽ നടന്നതാണ്. കോട്ടയം ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായിരുന്ന വി. കെ. കുര്യൻ മരിച്ചപ്പോൾ ശവസംസ്ക്കാര ശുശ്രൂഷ നടത്തുവാൻ അന്നത്തെ വികാരി വിസമ്മതിച്ചു. പള്ളിയിൽ വരാത്ത, ആണ്ടുകുമ്പസാരം നടത്താത്ത വ്യക്തിയായിരുന്നു കുര്യൻ എന്നായിരുന്നു

വികാരിയുടെ വാദം. മരിക്കുന്നതിനു മുമ്പ് തന്റെ അടുക്കൽ അദ്ദേഹം കുമ്പസാരിച്ചിരുന്നു എന്ന് അദ്ദേഹം അവസാന നാളുകളിൽ ചികിത്സയിലായിരുന്ന മുട്ടുചിറ ഹോളി ഗോസ്റ്റ് ആശുപത്രിയിലെ ഡയറക്ടർ രേഖാമൂലം അറിയിച്ചിട്ടും വികാരി വഴങ്ങിയില്ല. ഇക്കാര്യത്തിൽ വികാരിയുടെ തീരുമാനമാണ് അന്ത്യമെന്ന് പരാതിയുമായി എത്തിയവരോട് കല്പിച്ച് അന്നത്തെ പാലാ ബിഷപ്പ് കൈ കഴുകി ഒഴിഞ്ഞു. ഒടുവിൽ ശവസംസ്ക്കാരത്തിൽ പങ്കെടുക്കാനെത്തിയ വൈദികരും കന്യാസ്ത്രീകളും മന്ത്രി കെ. എം. മാണി ഉൾപ്പെടെയുള്ള അത്മായരും ചേർന്നു പ്രാർത്ഥനകൾ നടത്തി സംസ്കരിച്ചു. ഇതു സംബന്ധിച്ചു പിന്നീട് ഉണ്ടായ കേസിൽ കുര്യന്റെ കുടുംബത്തിന് നഷ്ടപരിഹാരം രൂപത നൽകണമെന്ന് കോടതി ഉത്തരവിട്ടിരുന്നു.

മെറിലാൻഡ് വികാരി മാർസലും കുറവിലങ്ങാട്ടു വികാരി ഫാ. മുളങ്ങാട്ടിലും സഭയുടെ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കയാണ് ചെയ്തതെന്ന് വാദിക്കാം. എന്നാൽ പരീശരുടെ നീതിയെ കവച്ചു വയ്ക്കുന്ന നീതിയായിരിക്കണം ക്രിസ്തുവിന്റെ അനുയായികൾക്ക് ഉണ്ടാകേണ്ടത്. ക്രിസ്തുവിന്റെ ഭൗതിക ശരീരമായ സഭ ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവുമാണ് അതിന്റെ പ്രവർത്തനത്തിൽ പ്രതിഫലിപ്പിക്കേണ്ടത്. ദൈവം നന്ദിഹീനരോടും ദുഷ്ടന്മാരോടും കരുണ കാണിക്കുന്നു. അതുകൊണ്ട് സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണ നിങ്ങൾക്കും ഉണ്ടായിരിക്കണമെന്ന് ക്രിസ്തു പഠിപ്പിച്ചു.

മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനമെന്ന് റോമാക്കാരോട് വി. പൗലോസ് ശ്ലീഹാ പറഞ്ഞ വാക്കുകളായിരുന്നു മക്കാറിയോസ് മെത്രാപ്പോലീത്താ ദൈനംദിനം ജീവിതത്തിൽ പകർത്താൻ ശ്രമിച്ചത്. ന്യൂഓർലിയൻസിലെ വെള്ളപ്പൊക്കത്തിലെ അശരണർക്കു മാത്രമല്ല, ലോകത്തിന്റെ ഏതെല്ലാം കോണുകളിൽ നിന്നും സഹായത്തിനുവേണ്ടിയുള്ള തേങ്ങലും കേഴലും എത്തുന്നുവോ അവിടെയെല്ലാം സഹായഹസ്തങ്ങളുമായി അദ്ദേഹം ഓടി എത്തിയിട്ടുണ്ട്. കുവൈറ്റ് – ഇറാക്ക് യുദ്ധരംഗത്തെ ക്യാമ്പിലും ബോംബെയിലെ ചേരികളിലും അനുജൻ കെ. സി. മാത്യു അച്ചനോട് ചേർന്ന് തിരുമേനിയും സഹായങ്ങളുമായി എത്തിയിരുന്നു.

വി. കുർബാനയിലെ സമാപന ആശീർവാദത്തിൽ “നിങ്ങൾ സമാധാനത്താലെ പോകുവിൻ” എന്ന പ്രഖ്യാപനം സമാധാനത്താലെ വീട്ടിൽ പോയി ഉറങ്ങുവാനുള്ള ആഹ്വാനമല്ല, പ്രത്യുത, വി. കുർബാനയിലൂടെ ലഭിച്ച ആത്മീയ സന്തോഷവും സമാധാനവും ലോകത്തിനു നൽകുവാൻ ലോകത്തിലേക്കു പോകുവാനുള്ള ആഹ്വാനമാണ് ഓരോ വി.

കുർബ്ബാനയിലും നാം കേൾക്കുന്നതെന്നുള്ള മാർ മക്കാറിയോസിന്റെ വ്യഖ്യാനവും നമ്മുടെ ചിന്തകളെ മാത്രമല്ല ഉദ്ദീപിപ്പിക്കുന്നത്, കേഴുന്ന വരുടെ രോദനമധ്യേ ഓടുവാൻ നമ്മുടെ കാലുകൾക്കു പ്രചോദനവും നല്കും.

കേരളത്തിനു വെളിയിലുള്ള ഇടവകകളുടെ മുഴുവൻ ജന്മം സഭയുടെ മിഷൻ പ്രവർത്തനം മൂലമല്ലെന്ന് നമുക്കു ഏവർക്കുമറിയാം. ജോലി തേടി കേരളം വിട്ട് അയൽനാടുകളെ അഭയം പ്രാപിച്ച സാധാരണജനങ്ങളുടെ ആരാധനാ വ്യഗ്രതയിൽ നിന്നു ഉരുത്തിരിഞ്ഞവയാണു അവയെല്ലാം. പ്രത്യേകിച്ച് പുറത്തുള്ള ഓർത്തഡോക്സ് ഇടവകകളുടെ ആദ്യ കാല ചരിത്രം മിക്കയിടങ്ങളിലും ഓർത്തഡോക്സ് നേഴ്സുമാരോട് കടപ്പെട്ടിരിക്കുന്നു എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. എന്നാൽ ഈയിടെ ഒരു പ്രവാസി കേരളീയൻ അവരെപ്പറ്റി എഴുതിയിരുന്ന വാക്കുകൾ വളരെ കഠിനമായി തോന്നി. അദ്ദേഹം എഴുതി: "രക്തദാഹികളായ യക്ഷികളുടെ വസ്ത്രത്തിന്റെയും ഞങ്ങളുടെ വിദേശ നേഴ്സുമാരുടെ യൂണിഫോമിന്റെയും നിറം ഒന്നു തന്നെയാണെന്ന്." നേഴ്സുമാരും അവർ അനുഷ്ഠിക്കുന്ന ആതുര സേവനവും അത്രയ്ക്കു മാന്യതയില്ലാത്തതാണോ? അവർ "വിളക്കേന്തിയ വനിത"യുടെ പിന്മുറക്കാരെന്നോ, ആതുരസേവന രംഗത്തെ കാവൽ മാലാഖമാർ എന്നോ സാന്ത്വനത്തിന്റെ മാടപ്രാവുകളെന്നോ ഒക്കെ വിളിച്ച് ആദരിക്കേണ്ടവരാണ്.

ഇന്നത്തെ പ്രവാസി മലയാളികളിൽ ഒരു നല്ല ശതമാനം പ്രവാസികളും സ്വർഗ്ഗഭൂമിയിൽ പ്രവേശിച്ചത് ഈ നേഴ്സാകുന്ന സൂചിക്കുഴയിലൂടെയാണെന്നും, കേരളത്തിലെ ഓലപ്പുരകളുടെ സ്ഥാനത്തു ടെറസ്സുകൾ ഉയർന്നതും അവർ നിമിത്തമാണെന്നും ആർക്കാണറിഞ്ഞു കൂടാത്തത്?

പ്രവാസി പുരുഷന്മാരിൽ പലരും ഇന്നത്തെ പറുദീസാ പൂകിയതും അവന്റെ കീശ വീർത്തതും ഒക്കെ 'അവളുടെ' വര തെളിഞ്ഞതോടുകൂടെയാണെന്നു പലരും മറന്നു പോകുന്നു. അവരുടെ യാതനയിലൂടെ എത്ര മലയാളി കുടുംബങ്ങളാണ് കരപറ്റിയത്! അവളുടെ ചെലവിൽ എത്ര എത്ര പൊങ്ങച്ചങ്ങളും ആർഭാടങ്ങളുമാണ് മലയാളികൾ ആഘോഷിച്ചത്! മലയാളികളുടെ കൂട്ടത്തോടെയുള്ള കുടിയേറ്റത്തിനു പിന്നിൽ 'അവളാ'ണു താരം. യൂറോപ്പിലേയും അമേരിക്കയിലെയും ഒക്കെയുള്ള മലയാളിയുടെ 'കുടി' 'ഏറ്റ'ത്തിനും പിന്നിൽ അവളുടെ പ്രയത്നം സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

കേരളത്തിന്റെയും പ്രവാസി നാടുകളുടെയും മദ്ധ്യത്തിലുള്ള പാലമാണ് ഈ നേഴ്സുമാർ എന്നതു മറന്നു പോകരുത്. പ്രവാസി നേഴ്സു

മാർ അത്ര മോശപ്പണിയാണു ചെയ്യുന്നതെങ്കിൽ കേരളത്തിൽ ഇപ്പോൾ കുടിൽ വ്യവസായം പോലെ 'ടോഫിൽ' സി.ജി.എഫ്.എൻ. തുടങ്ങിയ വയുടെ കോച്ചിംഗ് സെന്ററുകൾ തഴച്ചു വളരുന്നതും സ്വന്തം പെൺമ ക്കളെ കഴുത്തറപ്പൻ ഫീസു നൽകി നേഴ്സിംഗ് കോച്ചിംഗ് സെന്ററുക ളിൽ അയച്ചു പഠിപ്പിക്കുന്നതും എന്തുകൊണ്ടാണെന്നു ചിന്തിക്കുന്നതു കൊള്ളാം.

ഭാര്യ ആശുപത്രിയിൽ പോകുമ്പോൾ ഭർത്താവു കുട്ടിയെ നോക്കാൻ 'ബേബി സിറ്ററായി' ഇരിക്കുന്നതിനും, അടുക്കളയിൽ അല്പസ്വല്പം സഹായത്തിനു ഭർത്താവു കയറുന്നതിനും എന്തെല്ലാം പരിഹാസങ്ങ ളാണ് നാട്ടിലിരിക്കുന്നവരിൽ നിന്നും ഈ പ്രവാസി സ്ത്രീകൾ സഹി ക്കേണ്ടി വരുന്നത്? കാലിൻമേൽകാലും കയറ്റിവച്ച് പത്രം വായിച്ചു കൊണ്ടിരിക്കുമ്പോൾ "കാപ്പി കൊണ്ടു വാ" എന്ന നാട്ടിലെ സമ്പ്രദായം പ്രവാസികളിൽ നടപ്പില്ല. ജോലി ചെയ്ത് ക്ഷീണിച്ചു വരുമ്പോഴേക്കും കാപ്പിയിട്ടു കൊടുത്തതുകൊണ്ടോ അടുക്കളയിൽ സഹായിച്ചതു കൊണ്ടോ അവരുടെ ഭാര്യാ-ഭർതൃ ബന്ധത്തിൽ യാതൊരു തകർച്ചയും വരാറില്ല.

കുട്ടികളുടെ കാര്യത്തിലാണ് ഏറ്റം കുഴച്ചിൽ. അവർ 'ഇംഗ്ലീഷു' കാരോ 'മലയാളം'കാരോ അല്ല. ഇതിനു രണ്ടിനും മദ്ധ്യേയുള്ള ഒരു തരം ജീവികളാണ്. സ്കൂളിൽ എത്തുമ്പോൾ ഗേൾഫ്രണ്ടും ബോയി ഫ്രണ്ടുമായി തനി സായിപ്പായി നടക്കുന്നവർ വീട്ടിൽ എത്തിയാലോ ആരെ ഒക്കെയോ പേടിച്ചു കുറിയന്നൂർക്കാരനും ചെറുകോൽപ്പുഴക്കാ രിയും ഒക്കെ ആയി വേഷം കെട്ടണം. അല്ലെങ്കിൽ "നല്ല തല്ല്" അവർക്കു കിട്ടുമെന്ന് അവർക്കറിയാം. മാതാപിതാക്കൾ 'ഫോറിൻ കൺട്രിയിൽ' താമസിക്കുകയാണെങ്കിലും നമ്മുടെ 'മദർടംഗ്' ആയ മലയാളത്തെ പരി പോഷിപ്പിക്കാനും ഉദ്ധരിക്കാനും 'സെക്കൻണ്ട് ജനറേഷനെ' മലയാളം പഠിപ്പിക്കാനും പ്രത്യേക 'പ്രോജക്ടു' തന്നെ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലാവട്ടെ, സ്വന്തം കുട്ടികളെ, മുക്കിനു മുക്കിനു തട്ടുകട കൾ പോലെ മുളച്ചുപൊന്തുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വിട്ട് ഇംഗ്ലീഷിൽ കുറഞ്ഞപക്ഷം കടുകു വറക്കാനെങ്കിലും പഠിപ്പിക്കുന്നു.

കാക്കേ കാക്കേ കൂടെവിടെ? കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ? തുട ങ്ങിയ പാട്ടുകൾക്കു പകരം പ്രവാസി കുട്ടികൾ "ടിങ്കിൾ ടിങ്കിൾ ലിറ്റിൽ സ്റ്റാറോ" "റെയിൻ റെയിൻ ഗോ എവേ" യോ പഠിക്കുവാൻ നിർബന്ധി തരായിത്തീരുന്നു. 'അമ്മ'യെ വിട്ട് 'മമ്മി'യേയും 'അച്ഛനെ' വിട്ട് 'ഡാഡി' യെയും 'അമ്മാവനെ' ഉപേക്ഷിച്ച് 'അങ്കിളി"നെയും സ്വീകരിച്ച കുട്ടിക ളാണവർ. അതുകൊണ്ടാവാം കഴിഞ്ഞ ഒരു ദിവസം പള്ളിയിൽ വച്ച്

സന്ധ്യാ പ്രാർത്ഥനയ്ക്കു 91-ാം സങ്കീർത്തനം വായിക്കാൻ ആവശ്യപ്പെട്ട അച്ചന്റെ മുമ്പിൽ "പകൽ ആദിത്യൻ അങ്കിളെങ്കിലും രാത്രിയിൽ ചന്ദ്രൻ അങ്കിളെങ്കിലും നിന്നെ ഉപദ്രവിക്കയില്ല" എന്നു പ്രവാസിക്കുട്ടി വായിച്ചപ്പോൾ പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും" എന്നാണ് ശരിയെന്നു അറിയാവുന്നവർ കൂട്ടമായി ചിരിച്ചുപോയി. സ്വന്തം അമ്മയേയും അച്ഛനേയും ഇല്ലാതാക്കിയിട്ട് മമ്മിയേയും ഡാഡിയേയും ഫിറ്റു ചെയ്ത കുട്ടികൾ വികാരിയച്ചൻ വീട്ടിലേക്കു കയറിച്ചെന്നപ്പോൾ "അച്ചനെ ഞാൻ അരിയും" എന്നു പറഞ്ഞപ്പോൾ അച്ചൻ ചിരിച്ചിട്ടു പറഞ്ഞു, "ഇത്രയുമൊക്കെയേ നീ കാട്ടിക്കൂട്ടുന്നുള്ളല്ലോ."

അമ്മമാരുടെ മുല കുടിക്കാൻ ഭാഗ്യം ലഭിക്കാത്ത ഈ 'അമൂൽ ബേബി'മാർക്ക് അമ്മിഞ്ഞപ്പാലിന്റെ രുചിയുള്ള മലയാളം പഠിക്കാൻ കഴിയാതെ പോയിട്ടുണ്ട്. ഈ സെക്കൻഡ് ജനറേഷനെ മലയാളം പഠിപ്പിക്കാൻ ശ്രമിക്കുന്നതിനു പകരം പാശ്ചാത്യ നാട്ടിലെത്തിയ മാതാപിതാക്കൾ കുട്ടികൾക്കു നാവ് നന്നായി വഴങ്ങുന്ന ഇംഗ്ലീഷ് അങ്ങു ശരിക്കു പഠിപ്പിക്കുന്നതല്ലേ എളുപ്പമെന്ന് ചോദിക്കുന്നു.

കേരളത്തിൽ കുട്ടികളെ വെരട്ടിയും കണ്ണുരുട്ടിയും പഠിപ്പിക്കുംപോലെ പാശ്ചാത്യ നാട്ടിൽ പഠിപ്പിക്കാനാവില്ലല്ലോ. പാശ്ചാത്യ നാട്ടിലെ സ്ക്കൂളിൽ ആദ്യം പഠിപ്പിക്കുന്ന ഒരു ഫോൺ നമ്പരാണ് 911. അതു ഏതു എമേർജൻസിയിലും പോലീസിനെ വിളിക്കാനുള്ള നമ്പരാണ്. കുട്ടിയെ തല്ലിയാലോ വഴക്കു പറഞ്ഞാലോ മാനസികമായി പീഡിപ്പിച്ചാലോ അതു "ചൈൽഡ് അബ്യൂസ്" വകുപ്പിൽപെടും. ആ സമയത്ത് 911 വിളിക്കാനുള്ള ധൈര്യം കുട്ടികൾക്കു സ്കൂളിൽ പറഞ്ഞു പഠിപ്പിച്ചിരിക്കും. "കുരച്ചു കുരച്ചു" മലയാളം 'അരിയുന്ന' കുട്ടികളും പുറത്തുവന്നാലുടൻ ഇതൊക്കെ പഠിച്ചിരിക്കും.

"മൈ ഗോഡ്! എന്റെ പ്രിയപ്പെട്ട ദൈവത്തിന്റെ നാടേ!" എന്ന ശീർഷകത്തിൽ കെ. എൽ. മോഹനവർമ്മയുടെ ലേഖനത്തിൽ "ലോകത്തിൽ ഇന്ന് ദൈവത്തിന്റെ സ്വന്തം നാട്" എന്നു സ്വയം പരിചയപ്പെടുത്തുന്ന ഏക പ്രദേശം കേരളം ആണെന്നു എഴുതിയത് വായിച്ചതോർക്കുന്നു. അദ്ദേഹം തുടർന്ന് എഴുതി, ''പണ്ട് ന്യൂസിലാൻഡ് ആയിരുന്നു, "ഗോഡ്സ് ഓൺ കൺട്രി." അവിടെ കുറച്ചു കൊല്ലം കഴിഞ്ഞപ്പോഴേക്കും ''ഭൂമിയിലെ സ്വർഗ്ഗം'' എന്നു വേൾഡ് ബാങ്കും ടൂറിസം വിൽക്കുന്ന "ലോൺലി പ്ലാനറ്റു"കാരും കൂടി പുകഴ്ത്താൻ തുടങ്ങിയപ്പോൾ ദൈവം അവരെ കൈവിട്ടു. ദൈവം പറഞ്ഞു, "ഇനി നിങ്ങളായി നിങ്ങളുടെ ആട്ടിൻ പറ്റമായി. ഞാനിതാ കേരളത്തിലേക്കു പോകുന്നു." ഇപ്പോൾ കേരളം മാത്രമേ ഉള്ളു ലോകത്തിൽ ദൈവത്തിന്റെ നാട്."

ഈ ദൈവത്തിന്റെ നാടായ നമ്മുടെ കേരളത്തിലേക്കു ഒരു കനേഡിയൻ മലയാളി അവധിക്കാലം ആഘോഷിക്കാൻ പോയപ്പോൾ അദ്ദേഹത്തിനുണ്ടായ അനുഭവത്തെപ്പറ്റി ഇപ്രകാരം എഴുതി: "അടിച്ചുമാറ്റൽ മാരകവും ഭീകരവുമാകുന്നതു ഞങ്ങൾ പ്രവാസികൾ നാട്ടിലെത്തുമ്പോഴാണ്. എയർപോട്ടിൽ ലാൻഡു ചെയ്ത് റന്റു കാറിൽ വീട്ടിലെത്തിയപ്പോൾ മുതൽ തുടങ്ങുകയായി പിരിവുകാർ. ബന്ധുമിത്രാദികളുടെ വീതം വയ്പു കഴിഞ്ഞാൽ പിന്നെ വായനശാലയായി, ക്ലബ്ബായി, പള്ളിപ്പെരുന്നാളായി, ഇടതായി, വലതായി, കാവിയായി, ഏവരും ആർത്തി മൂത്ത് നെഞ്ചിനു നേരെ വരികയായി. മന്ത്രിമാരായ നേതാക്കന്മാർ അമേരിക്കയിലും കാനഡായിലും ഒക്കെ വന്നു കുലയോടെ കൊണ്ടുപോയതു നാട്ടിൽ എത്തിയപ്പോഴേക്കും ലോക്കൽ കമ്മിറ്റിയും ഖദറിട്ട ഛോട്ടാകളും, മണ്ഡൽ കാര്യവാഹകരുമൊക്കെ പങ്കിട്ടെടുത്തു. മുമ്പ് കട്ടൻകാപ്പിയിലും പരിപ്പുവടയിലും രാഷ്ട്രീയ സമവാക്യവും, വൈരുദ്ധ്യാത്മക സോഷ്യലിസവും ചർച്ച ചെയ്തിരുന്ന മാർക്സിസ്റ്റു നേതാക്കന്മാരുടെ കാലം കഴിഞ്ഞു പോയതുകൊണ്ട് ഇന്നു ചീഞ്ഞ 'ചിന്ത'യുടെ ഒരു ലക്കം കക്ഷത്തിലിടുക്കി ഒരു കാജാ തെറിപ്പുബീഡിയും ഊന്നിവലിച്ചു കയറി വരുന്ന ഛോട്ടാ നേതാക്കളെ കണ്ടാൽ നാലു നേരവും പന്നിയിറച്ചി തിന്നുന്നവനെപ്പോലെ തോന്നിക്കും. ഇവർ ഒരു വശത്തു കൂടി വീടിന്റെ വരാന്തയിലെ ഒരു കോണിൽ കയറി ഇരിപ്പുറപ്പിക്കുമ്പോഴേക്കും, ചന്ദനസിന്ദൂരക്കുറികളണിഞ്ഞ തിളക്കമുള്ള കാവിക്കാർ മറുവശത്തും അണിനിരക്കുമ്പോൾ ഒന്നുകിൽ ഉൾമുറിയിൽ ഒളിച്ചിരിക്കാനോ അല്ലെങ്കിൽ അടുക്കളവാതിലിലൂടെ ഓടി രക്ഷപ്പെടാനോ ഉള്ള മെയ്വഴക്കം ഇക്കാലത്തു പ്രവാസി മലയാളി സ്വായത്തമാക്കിയിട്ടുണ്ട്."

മക്കാറിയോസ് മെത്രാപ്പോലിത്തായ്ക്കു ഭരിക്കേണ്ടി വന്ന മലയാളി കുടുംബങ്ങളുടെ ഒരു ചിത്രം വരച്ചുകാട്ടാൻ ഇവിടെ ശ്രമിക്കുകയായിരുന്നു.

അദ്ധ്യായം 31

മരണത്തെ നേരത്തെ കണ്ട ഭക്തൻ

പിരിവുകൾ കൊണ്ടു പൊറുതി മുട്ടിയ യു.കെ. യിലെ വിവിധ പട്ടണങ്ങളിൽ ചിതറിപ്പാർക്കുന്ന വിശ്വാസ സമൂഹത്തെ സന്ദർശിച്ച് അവരുടെ ഇല്ലവല്ലായ്മകൾ നേരിട്ട് കണ്ട് ആശ്വസിപ്പിച്ച് പരിഹാരം നിർദ്ദേശിക്കാനാണ് പിരിവുകൾ പരിചയമില്ലാത്ത മാർ മക്കാറിയോസ് ഒരു മാസം ദീർഘിച്ച ഒരു മിഷൻ പര്യടനത്തിനായി യു.കെ. യിലേക്കു പോയത്.

കേരളത്തിൽ നിന്നു യൂറോപ്പിലെത്തി പിരിവിനു വേണ്ടി അവരെ പിഴിയുന്നവർ, വെറും ആപ്പ ഊപ്പകളല്ല. സമൂഹത്തിൽ വിലയും നിലയുമുള്ളവരാണ്. പാർട്ടി ഫണ്ടിനെത്തുന്ന മന്ത്രിമാർ, രാഷ്ട്രീയ നേതാക്കന്മാർ, സഭയുടെ ധനശേഖരണാർത്ഥം എത്തുന്ന മതമേലദ്ധ്യക്ഷന്മാർ, സാമുദായിക പ്രവർത്തകർ, സിനിമാ പ്രവർത്തകർ, സാഹിത്യകാരന്മാർ അങ്ങനെ പലരും യൂറോപ്യൻ നാടുകൾ ഇതിനു മുമ്പും സന്ദർശിച്ചിട്ടുണ്ട്. കാശും, പവനും യഥേഷ്ടം ചുരത്തുന്ന കറവപ്പശുക്കളായിട്ടാണല്ലോ കേരളത്തിലുള്ളവർ യൂറോപ്യൻ മലയാളികളെ കണ്ടുവരുന്നത്. കറവക്കാർ പലരും യൂറോപ്പിൽ എത്തി അവരുടെ അകിടിൻചുവട്ടിൽ നേരിട്ടെത്തി കറക്കുന്നവർ, നാട്ടിലിരുന്നു കൊണ്ടു തന്നെ കറക്കുന്നവർ, നാട്ടിലെത്തുന്ന യൂറോപ്യൻ മലയാളികളെ ഓടിച്ചിട്ടു കറക്കുന്നവർ, ഇങ്ങനെ പ്രവാസി മലയാളികളുടെ കാശടിച്ചു മാറ്റുക എന്നതു തന്നെ അവരുടെ പ്രധാന അജണ്ട.

ഇവരെയൊക്കെ കണ്ട് മനം മടുത്തിരിക്കുന്ന ഒരു സമൂഹമദ്ധ്യത്തിലേക്കാണു മക്കാറിയോസ് തിരുമേനി സാന്ത്വനവുമായി കടന്നുവന്നത്. തിരുമേനിയുടെ സന്ദർശനവും ചിരിപ്പിച്ചും ചിന്തിപ്പിച്ചും നടത്തിയ പ്രഭാഷണങ്ങളും യൂറോപ്പിൽ പൊതുവെ ഒരു ഉന്മേഷ കൊടുങ്കാറ്റു തന്നെ അടിപ്പിച്ചു. ഒരു ആത്മീയ നവോത്ഥാനത്തിന്റെ അലയൊലികൾ സമൂഹത്തിൽ മാറ്റൊലി കൊണ്ടു.

ടൊറന്റോ പള്ളിയിലെ അന്ത്യ സന്ദർശനം

ഒരു മാസത്തെ യൂറോപ്പ് യാത്ര ആരംഭിക്കുന്നതിന്റെ മുന്നോടിയായിട്ടാണ് മക്കാറിയോസ് തന്റെ അവസാന കാനഡാ യാത്ര സംഘടിപ്പിച്ചത്. മക്കാറിയോസിനു പ്രിയംകരനും സഹോദരനുമായ ലാസ്സറസ് റമ്പാച്ചൻ വികാരിയായിരുന്ന ടൊറന്റോ സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ദേവാലയമായിരുന്നു അദ്ദേഹം അവസാനം സന്ദർശിച്ച കനേഡിയൻ പള്ളി. അദ്ദേഹത്തിന്റെ കസിൻ ചന്ദനപ്പള്ളി കൊപ്പാറ

ജോണിക്കുട്ടിയുടെ 40-ാം ചരമദിനത്തിലാണ് തിരുമേനി ഈ ദേവാലയത്തോടും ജനങ്ങളോടും അനുജനോടും ഒക്കെ അന്ത്യയാത്ര പറയുവാൻ എത്തിയത്. അതു തന്റെ അവസാന സന്ദർശനമാണെന്ന് തിരുമേനിയോ ഇടവകജനങ്ങളോ അറിഞ്ഞിരുന്നില്ല. പക്ഷേ അതു തിരുമേനിയുടെ മനസ്സിലെ ഒരാഗ്രഹവും ദൈവനിയോഗവുമായി കരുതാം.

അന്ന് അദ്ദേഹം നടത്തിയ ആരാധനയിൽ പള്ളി നിറഞ്ഞു കവിഞ്ഞ് ആളുകൾ സംബന്ധിച്ചിരുന്നു. മൈക്കിലൂടെ ഒഴുകിവരുന്ന സ്ഫുടവും നിർത്തിനിർത്തിയുമുള്ള ഹൃദ്യവും ഇമ്പവുമായ അദ്ദേഹത്തിന്റെ ശബ്ദത്തിൽ ജനം ലയിച്ചു നിന്നു.

പ്രസംഗത്തിനായി അദ്ദേഹം ഇടതുകൈയിൽ വടിയും വലതുകൈയിൽ സ്ലീബായും പിടിച്ചു പടിഞ്ഞാറോട്ടഭിമുഖമായി നിന്നു. അദ്ദേഹം മറ്റു മെത്രാപ്പോലീത്തന്മാരെപ്പോലെ ശെമ്മാശനെക്കൊണ്ട് വടിപിടിപ്പിച്ചും കസേരയിൽ ഇരുന്നും പ്രസംഗിക്കാറില്ല. എപ്പോഴും സ്വയം വടിപിടിച്ച് നിന്നുകൊണ്ട് പ്രസംഗിക്കാനായിരുന്നു ഇഷ്ടപ്പെട്ടിരുന്നത്. ചെറുപ്പക്കാരായ തിരുമേനിമാർ പോലും ഇരുന്നു പ്രസംഗിക്കുന്നതു കണ്ടിട്ടുള്ള ജനം എൺപത്തിരണ്ടുകാരനായ മക്കാറിയോസ് നിന്നു കൊണ്ടു പ്രസംഗിക്കുന്നതു കണ്ട് അത്ഭുതം കൂറി. നർമ്മരസം തുളുമ്പുന്ന തിരുമേനിയുടെ പ്രസംഗത്തിനായി കാത്തുനിന്ന ജനം അന്നു പതിവിന് വിപരീതമായ ഒരു പ്രസംഗമാണ് തിരുമേനിയിൽ നിന്നും ഒഴുകി വന്നു കേട്ടത്.

മക്കാറിയോസിന്റെ ആയിടയ്ക്കുള്ള പ്രസംഗങ്ങളിലെല്ലാം അദ്ദേഹം ദീർഘായുഷ്മാനായി ജീവിച്ചിരിക്കുമെന്ന് നർമ്മത്തിൽ സൂചിപ്പിക്കുമായിരുന്നു. "എന്റെ അപ്പച്ചൻ 104 വർഷവും അമ്മച്ചി 102 വർഷവും ജീവിച്ചിരുന്നു. അവരുടെ രണ്ടു പേരുടെയും ആയുസ്സ് ഒരുമിച്ച് 206 വർഷം ഞാൻ ജീവിച്ചിരിക്കും" എന്നു പറയാറുള്ള തിരുമേനി ഇന്നു പ്രസംഗിച്ചത് മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെക്കുറിച്ചും ആയിരുന്നു. അതൊരു വിടവാങ്ങൽ പ്രസംഗമാണെന്ന് അന്നാരും വിചാരിച്ചില്ല.

അദ്ദേഹം അന്നു ചെയ്ത പ്രസംഗം ഇങ്ങനെയാണ് ആരംഭിച്ചത്, "ഞങ്ങൾ അഞ്ചു പേർ ഒരുമിച്ചാണ് മെത്രാച്ചന്മാരായത്. അതിൽ മൂന്നു പേരും ലോകം വിട്ടുപോയി. അവശേഷിക്കുന്നതു ഞാനും ഒസ്താത്തിയോസ് തിരുമേനിയും മാത്രം. ഒസ്താത്തിയോസ് തിരുമേനി ചുമതലയിൽ നിന്നെല്ലാം രാജിവച്ച് ഇപ്പോൾ വിശ്രമ ജീവിതത്തിലാണ്. ഞാൻ മാത്രം ഇപ്പോഴും കർമ്മരംഗത്ത് സജീവമായി ഓടിക്കൊണ്ടിരിക്കുന്നു. ഞാൻ ഈ മാസം 15-ാം തീയതിയോടുകൂടി ഇംഗ്ലണ്ടിലേക്കു ഒരു മാസം ദീർഘിക്കുന്ന ഒരു മിഷൻ യാത്രയ്ക്കു പുറപ്പെടുകയാണ്. എന്റെ മിഷൻ

പരിപാടികൾ ഭംഗിയായി പൂർത്തീകരിക്കുന്നതിനും സന്ദർശനങ്ങൾ വിജയകരമാക്കുന്നതിനും നിങ്ങൾ പ്രാർത്ഥിക്കണം."

ഇതിൽ ഒരു വിടവാങ്ങലിന്റെ ഗന്ധമുണ്ടായിരുന്നില്ലേ? അദ്ദേഹം പ്രസംഗം തുടർന്നു; മരണത്തെ വിടാതെയുള്ള ആ പ്രസംഗം. "എത്രയോ പേർ അക്കാലത്തു പൊലിഞ്ഞു പോയിരിക്കുന്നു. ബ. ജോഷ്വാ അച്ചന്റെ പത്നി കുഞ്ഞുമറിയാമ്മ ഈയിടെയാണല്ലോ ഒരു കാറപകടത്തിൽ നമ്മെ വിട്ടുപോയത്! നിങ്ങൾ ആ കുടുംബത്തെ ഓർത്തു പ്രാർത്ഥിക്കണം."

ഇത്രയും ആമുഖമായി പറഞ്ഞശേഷം തുടർന്ന് "മരണവും മരണാനന്തര ജീവിതവും" കേന്ദ്രവിഷയമാക്കി അർത്ഥ സംപുഷ്ടവും ചിന്തോദ്യോതകവുമായ ഒരു പ്രസംഗമാണ് അദ്ദേഹം ചെയ്തത്. പലരുടെയും കണ്ണുകൾ ഈറനണിയുന്നതും ചിലരൊക്കെ വിതുമ്പി കരയുന്നതും കണ്ട് തിരുമേനി പ്രസംഗത്തിന്റെ ശൈലി ഒന്നു മാറ്റി, സദസ്യരെ ചിരിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യൻ നാടോടിക്കഥകളിൽ നിന്നും വിദേശയാത്രയ്ക്കു ഒരുങ്ങിയ ഒരു രാജാവിന്റെ കഥ പറഞ്ഞു. "വിദേശയാത്രയ്ക്കു പോകുന്ന രാജാവ് രാജസദസ്സിലെ എല്ലാവർക്കും ഓരോ സമ്മാനം നല്കി. ആ കൂട്ടത്തിൽ കൊട്ടാരം വിദൂഷകന് തന്റെ വടി സമ്മാനമായി നൽകിയിട്ട്, അവനേക്കാൾ ഭോഷനായ ഒരാളെ കണ്ടെത്തിയാൽ ആ വടി അവന് നൽകണമെന്ന് വിദൂഷകനോടു കല്പിച്ചു. അതിനുശേഷം രാജാവ് യാത്രയ്ക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തീകരിച്ചു തുടങ്ങി. കരുതേണ്ട സാധനങ്ങൾ ഓരോന്നും എടുത്തോ എന്നു വിദൂഷകൻ ആരാഞ്ഞു. എണ്ണി എണ്ണി ഓരോന്നു ചോദിച്ചപ്പോഴെല്ലാം "അതു ശരിയായി" എന്നു രാജാവു ഉത്തരവും നൽകിക്കൊണ്ടിരുന്നു. അവസാനം വിദൂഷകൻ ചോദിച്ചു; "ഒരു യാത്രയല്ലേ; ഈ യാത്രയിൽ ഒരു മരണം സംഭവിച്ചു കൂടായ്കയില്ലല്ലോ. ഒരു മരണത്തിനു വേണ്ടി അങ്ങു ഒരുങ്ങിയിട്ടുണ്ടോ? "ഇല്ല" രാജാവ് ഉത്തരം നൽകി. ഉടൻതന്നെ വിദൂഷകൻ ഭോഷനായ രാജാവിന് ആ വടി തിരിച്ചു നല്കി."

ഈ കഥ ശ്രോതാക്കളെ ചിരിപ്പിച്ചു; കൂടെ ചിന്തിപ്പിക്കയും ചെയ്തു. ഇവിടെയും ഒരു മരണത്തിന്റെ ഗന്ധം! ഈ പ്രസംഗം തിരുമേനിയുടെ വിടവാങ്ങൽ പ്രസംഗവും മരണത്തിന്റെ നാന്ദിയുമാണെന്ന് അന്ന് ആർക്കും തോന്നിയില്ല. തിരുമേനി പള്ളിയിൽ നിന്നും ജോണിക്കുട്ടിയുടെ ശവകുടീരത്തിലേക്കു ധൂപപ്രാർത്ഥനയ്ക്കായി പോകുന്നതിനു മുമ്പ് ഓരോരുത്തരും വന്ന് തിരുമേനിയോട് യാത്ര പറഞ്ഞു.

തിരുമേനി മരണത്തെ നേരത്തെ കണ്ടു
കബറടക്ക ക്രമീകരണങ്ങൾ വരെ പറഞ്ഞു വച്ചു

മക്കാറിയോസ് തിരുമേനിക്ക് ആ സമയത്ത് 82 വയസ്സുണ്ടായിരുന്നിട്ടും ഒരിക്കലും കണ്ടാൽ അത്രയും തോന്നുമായിരുന്നില്ല. വാർദ്ധക്യത്തിന്റെ ക്ഷീണമോ അതിന്റെ കെടുതികളോ അദ്ദേഹത്തെ കീഴ്പ്പെടുത്തിയില്ല. മുഖത്തോ ശരീരത്തിലോ ചുളിവുകൾ ഒട്ടും വീണിരുന്നില്ല. ചുറുചുറുക്കായ നടത്തം. എന്നും രാവിലെ വ്യായാമത്തിനായി നടത്തം പരിശീലിച്ചിരുന്നതുകൊണ്ട് കയറ്റം കയറാനോ പടികൾ കയറാനോ, എത്ര ദൂരത്തിലും ചുറുചുറുക്കോടു കൂടി നടക്കാനോ അദ്ദേഹത്തിനു പ്രയാസമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൂർമ്മതയുള്ള ഓർമ്മശക്തിക്ക് ഒരു ഉടവും തട്ടിയിരുന്നില്ല. ആരെ ഏതു സമൂഹത്തിൽ വച്ചു കണ്ടാലും പേരു ചൊല്ലി അവരോടു സംസാരിക്കാനും അവരുടെ വീട്ടിലുള്ളവരുടെ പോലും ക്ഷേമം അന്വേഷിക്കുന്നതിനും അദ്ദേഹത്തിനു പ്രയാസം ഉണ്ടായിരുന്നില്ല. സ്നേഹമസൃണമായ അദ്ദേഹത്തിന്റെ പെരുമാറ്റം എപ്പോഴും ആളുകളെ പുളകം കൊള്ളിച്ചിരുന്നു. ഹാസ്യരസം തുളുമ്പുന്ന സംസാരത്തിനും ആളുകൾ കാതോർത്തിരുന്നു.

പിന്നെ ഇന്ന് എന്താണ് ഒരു പ്രത്യേക ഭാവം? ഇന്ന് എന്തുകൊണ്ട് മരണത്തെപ്പറ്റിയും കബറടക്കത്തെക്കുറിച്ചും മാത്രം സംസാരിക്കുന്നു? അതോ ഒരു നിയാമകശക്തി തിരുമേനിയുടെ ഉള്ളിലിരുന്ന് ഒരു നിയോഗം പോലെ അന്നു സംസാരിപ്പിക്കുകയായിരുന്നോ? ഏതായാലും ഒരു സംസാരത്തിനു വഴിഒരുക്കിയത് ലാസ്സറസ്സ് റമ്പാച്ചന്റെ അന്നു രാത്രിയിലെ സംഭാഷണ തുടക്കമായിരുന്നു.

അന്നു വൈകിട്ട് തിരുമേനിയെ ഹോട്ടലിൽ ചെന്ന് സന്ദർശിച്ച ലാസ്സറസ്സ് റമ്പാച്ചൻ വളരെനാളായി തന്റെ മനസ്സിൽ കൊണ്ടു നടന്ന ഒരു ചോദ്യം രണ്ടു സഹോദരന്മാർ മാത്രം അവശേഷിച്ച ആ മുറിയിൽ വച്ചു ചോദിച്ചു.

അവരുടെ അന്ത്യ സംഭാഷണം ഏകദേശം സംക്ഷിപ്തമായി ഇവിടെ ചേർക്കാൻ ആഗ്രഹിക്കുന്നു.

റമ്പാ:- വളരെ നാളായി ചോദിക്കണമെന്നു ആഗ്രഹിച്ച ഒരു ചോദ്യം ഞാൻ ചോദിച്ചുകൊള്ളട്ടെ?

തിരുമേനി: എന്താ റമ്പാച്ചനു ചോദിക്കാനുള്ളത്?

റമ്പാ: ഇന്നു പതിവിനു വിപരീതമായി തിരുമേനി പള്ളിയിൽ മരണത്തെപ്പറ്റിയാണല്ലോ സംസാരിച്ചത്. ആ വിഷയം തന്നെയാണ് എനിക്കു ചോദിക്കാനുള്ളത്. ന്യൂയോർക്കിൽ താമസിക്കുന്ന നമ്മുടെ കസിൻസ്

പലപ്പോഴും ഈ വിഷയം ചോദിക്കാൻ ശ്രമിച്ചിട്ടുള്ളപ്പോഴൊക്കെ തിരുമേനി അവരെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ടെന്നു അവർ എന്നോടു പറഞ്ഞു. തിരുമേനിക്കു എന്തെങ്കിലും ഇവിടെ വച്ചു സംഭവിച്ചുപോയാൽ ബാക്കി കാര്യങ്ങൾ എങ്ങനെ എന്നായിരുന്നു അവർക്കു ചോദിക്കാനുണ്ടായിരുന്നത്.

തിരുമേനി ഇവിടെ വച്ചു കാലം ചെയ്താൽ എവിടെ കബറടക്കണമെന്നാണ് തിരുമേനി ആഗ്രഹിക്കുന്നത്?

തിരു: ഇവിടെ വച്ച് ഞാൻ മരിക്കുകയും ഇവിടെത്തന്നെ അടക്കുകയും ചെയ്യാൻ സഭ തീരുമാനിക്കുന്നെങ്കിൽ രണ്ടു പ്രയാസങ്ങളുണ്ട്.

ഇവിടെ അമേരിക്കയിൽ പള്ളിയിൽ ആരേയും അടക്കാൻ നിയമം സമ്മതിക്കുന്നില്ല. മൃതദേഹം ഫ്യൂണറൽ ഹോമിൽ കൊണ്ടുപോവുകയും പിന്നീട് സെമിത്തേരിയിൽ കൊണ്ടുപോയി അവിടെയേ അടക്കുകയുള്ളു. ഇവിടെ ബിഷപ്പന്മാരെയും ഇതേ രീതിയിലാണ് ചെയ്യുന്നത്. രണ്ടാമത്തേത്, ഇവിടെ ആരേയും കസേരയിൽ ഇരുത്തി അടക്കുക പതിവില്ല. അമേരിക്കയിലെ റോമൻ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും അവരുടെ ബിഷപ്പന്മാരെ കിടത്തിയാണ് അടക്കുക.

ഈ രണ്ടു കാര്യങ്ങളും നമ്മുടെ ആളുകൾക്കു പ്രയാസമായി തോന്നാം. അതുകൊണ്ട് എനിക്കു നാട്ടിൽ പോയാൽ കൊള്ളാമെന്നാണാഗ്രഹം. അതിലൊക്കെ ഉപരിയായി എവിടെ ആയാലും എന്നെ അടക്കുന്നിടത്ത് ധൂപം വച്ചു പ്രാർത്ഥിക്കാനും ജനങ്ങൾക്ക് കബറിങ്കൽ വന്ന് എനിക്കുവേണ്ടി പ്രാർത്ഥിപ്പാനും പറ്റിയ ഒരു സ്ഥലം ആയാൽ കൊള്ളാമെന്നാണ് എന്റെ ആഗ്രഹം.

റമ്പാ: തിരുമേനി ഇനി എത്രനാൾ കൂടി അൽമാ കോളജിൽ ജോലി ചെയ്യണമെന്നാണ് കരുതുന്നത്.

തിരു: ഏറിയാൽ ഒരു വർഷം കൂടി മാത്രം. എന്റെ യാത്രകളും അതു കഴിഞ്ഞു വന്നുള്ള ക്ലാസ്സുകളും മറ്റും എനിക്കു വളരെ ക്ഷീണം ഉണ്ടാക്കുന്നുണ്ട്.

റമ്പാ: തിരുമേനിക്ക് നാട്ടിൽ പോയാൽ അവിടെ താമസിക്കാൻ പറ്റുമോ?

തിരു: അഡ്ജസ്റ്റു ചെയ്യേണ്ടി വരും. നമ്മുടെ വീട് ഒരു പ്രാർത്ഥനാഭവനമാണല്ലോ. അതു നമ്മുടെ കൊച്ചച്ചന്റെ മോൻ മനോജിനുള്ളതാണല്ലോ. അവനും കുടുംബവും ഇപ്പോൾ ന്യൂയോർക്കിലാണ്. നമ്മുടെ അയിരൂരെ വീട് അവനു ആവശ്യമില്ലെങ്കിൽ, എനിക്കു തരുമെങ്കിൽ അതു

ഞാൻ ഒരു അരമനയാക്കുകയും, നമ്മുടെ അയലത്തുള്ള കുറെ സ്ഥലം കൂടി വാങ്ങി അവിടെ ഒരു ചാപ്പലും പണിത് കുറെ റമ്പാച്ചന്മാർ കൂടി ചേർന്ന് ഒരു കമ്യൂണിറ്റിയായി താമസിക്കാൻ സാധിക്കും. അതെപ്പറ്റി എന്തു തോന്നുന്നു?

റമ്പാ: ആ എല്ലാ സൗകര്യങ്ങളും ഒത്തുകിട്ടിയാൽ തിരുമേനിക്കു കേരളത്തിലെ താമസത്തിനു മറ്റു പ്രതിബന്ധങ്ങൾ വല്ലതും ഉണ്ടോ?

തിരു: അതും ഇല്ലാതില്ല. രണ്ടു മൂന്നു കാര്യങ്ങൾ പ്രതിബന്ധങ്ങളായി തോന്നാറുണ്ട്.

(1) നാട്ടിലെ കാലാവസ്ഥ – പൊടിയും ചൂടും ആവിയും എന്റെ ശരീര പ്രകൃതിക്ക് അംഗീകരിക്കാൻ ഇനി പ്രയാസമാണ്.

(2) ഭക്ഷണം – വളരെ നാളായി പാശ്ചാത്യ ഭക്ഷണത്തിൽ പരിചയിച്ച എനിക്കു എരിവും പുളിയും കൂടുതലുള്ള കേരള ഭക്ഷണവുമായി യോജിച്ചുപോകാൻ പ്രയാസപ്പെടേണ്ടി വരും.

(3) ആളുകളുടെ പെരുമാറ്റ രീതി – നമ്മുടെ ആളുകൾ മുമ്പിൽ വന്ന് ചിരിക്കുകയും പിമ്പിൽ നിന്നു കുത്തുകയും ചെയ്യുന്ന സ്വഭാവക്കാരാണ്. ഉവ്വ്, ഇല്ല എന്നീ വാക്കുകൾ പറയുന്നവർ ചുരുക്കമാണ്. ആ സംസ്ക്കാരത്തോടു യോജിച്ചു പോവാൻ എനിക്കു ഏറ്റവും വലിയ പ്രയാസമുണ്ട്.

റമ്പാ: ഇത്രയുമൊക്കെ പറഞ്ഞ നിലയ്ക്ക് ഞാൻ വേറൊരു നിർദ്ദേശം വയ്ക്കട്ടെ. അതു തിരുമേനി അമേരിക്കയിൽ തന്നെ താമസിക്കുന്ന കാര്യമാണ്. തിരുമേനി ഒരു വർഷം കഴിഞ്ഞ് അൽമാ കോളജിൽ നിന്നും റിട്ടയർ ചെയ്തു കഴിയുമ്പോൾ 'സ്പൊക്കെൻ മിഷൻ സെന്ററി'ലേക്കു തിരുമേനിയുടെ താമസം മാറ്റുക എന്നുള്ളതാണ്. അവിടെ തിരുമേനിക്കു താമസിക്കത്തക്ക ഒരു കെട്ടിടം പണിതാൽ മതിയല്ലോ. സായ്പന്മാർ മാത്രമുള്ള നമ്മുടെ ആ കമ്മ്യൂണിറ്റിയിൽ ഒരു സന്യാസ പ്രസ്ഥാനം കൂടി ആരംഭിക്കണമെന്നു ചിന്തിച്ചുകൊണ്ടാണല്ലോ തിരുമേനി എന്നെ അമേരിക്കയിലേക്കു കൊണ്ടുവന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ആണല്ലോ കാനഡാ പള്ളികളിൽ എന്നെ താല്ക്കാലികമായി നിയമിച്ചത്. അതുകൊണ്ട് തിരുമേനി, ഞാനിപ്പോൾ വികാരിയായിരിക്കുന്ന ടൊറന്റോ പള്ളിയിൽ നിന്നും എന്നെ വിടർത്തി തിരുമേനിയോടൊപ്പം താമസിക്കാൻ അനുവദിക്കുകയും അവിടെ എന്റെ കൂടെ കുറെ റമ്പാച്ചന്മാരെ കൂടി വാഴിച്ചു തന്നാൽ തിരുമേനിയുടെ ഒരു സ്വപ്നം പൂവണിയുകയും തിരുമേനി നാട്ടിൽ പോകേണ്ടിവന്നാൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ മാറ്റുകയും ചെയ്യാം. അങ്ങനെ ആ വഴിക്ക് ഒന്നു ചിന്തിച്ചാലോ?

തിരു: ഈ വിധത്തിലുള്ള ഒരു ക്രമീകരണം എന്റെ മനസ്സിൽ വന്നിരുന്നില്ല. ഏതായാലും ഈ നിർദ്ദേശം ഞാൻ ഒന്നാലോചിക്കട്ടെ. റമ്പാച്ചൻ ടൊറന്റോയിൽ നിന്നു മാറുമ്പോൾ അവിടേക്കു പറ്റിയ ഒരച്ചനെ കണ്ടുപിടിക്കയും വേണമല്ലോ. ആവട്ടെ വേറൊരു ചോദ്യമുള്ളത് "ഞാൻ അമേരിക്കയിൽ വച്ചു മരിച്ചാൽ എന്തു ചെയ്യും?"

റമ്പാ: തിരുമേനിക്ക് എവിടെ കബറടക്കമെന്നാണോ ആഗ്രഹം അവിടേക്കു കൊണ്ടുപോകും. തിരുമേനിയുടെ ആഗ്രഹം വെളിപ്പെടുത്തിയില്ലല്ലോ.

തിരു: എനിക്കു പഴയസെമിനാരിയിൽ അടങ്ങിയാൽ കൊള്ളാമെന്നാണാഗ്രഹം. അവിടെ വട്ടശ്ശേരിൽ തിരുമേനിയുടെ പാദത്തിങ്കൽ തന്നെ കിടക്കാമല്ലോ? പഴയസെമിനാരിയിലാവുമ്പോൾ എല്ലാ ദിവസവും അവിടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്യുമല്ലോ. ഞാനവിടെ കുറെനാൾ പഠിപ്പിച്ചതുകൊണ്ട് അവിടെ കബറടങ്ങുന്നതിന് എനിക്കൊരു അവകാശവുമുണ്ടല്ലോ.

റമ്പാ: തിരുമേനിയുടെ ആഗ്രഹം പഴയസെമിനാരി എന്നാണെങ്കിൽ തിരുമേനി ഇപ്പോൾ തന്നെ ബാവാ തിരുമേനിയെ ഈ വിവരം അറിയിച്ച് അദ്ദേഹത്തിൽ നിന്ന് ഒരു കല്പന വാങ്ങി വയ്ക്കുന്നതു നന്നായിരിക്കും.

തിരു: ഞാൻ ആ കാര്യങ്ങൾ ചെയ്യാം. അതുപോലെ റമ്പാച്ചനും ഒരു കാര്യം ചെയ്യണം. മലേഷ്യയിലെ വ്യവസായി ആയ ജോജോയുമായി ഒന്നു ബന്ധപ്പെട്ട്, അമേരിക്കയിൽ നിന്ന് ഒരു പ്ലെയിൻ കേരളത്തിലേക്കു ചാർട്ടർ ചെയ്യുന്നതിന് എന്തു ചെലവു വരുമെന്ന് അന്വേഷിക്കണം. ജോജോയ്ക്കു ആ കാര്യങ്ങളിൽ നല്ല അറിവുള്ളതുകൊണ്ട് എന്തു ചെലവു വേണ്ടിവരുമെന്ന് പറയാൻ കഴിയും. അതിനുള്ള പണം നമുക്കു സ്വരൂപിച്ച് ബാങ്കിലിടണം. തക്കസമയത്ത് വിഷമിക്കേണ്ടി വരികയില്ലല്ലോ. ഇവിടെ വച്ചു മരിച്ചാൽ ഉടനെ റമ്പാച്ചന് കാര്യങ്ങൾ നിഷ്പ്രയാസം നീക്കാൻ കഴിയുകയും ചെയ്യും.

ഇങ്ങനെ മരണത്തിന്റെ യാതൊരു ലാഞ്ഛനയുമില്ലാതിരുന്ന സമയത്ത് തന്റെ ഒരു മാസം നീണ്ടുനിൽക്കുന്ന മിഷനറിയാത്ര ആരംഭിക്കുന്നതിന് മുമ്പ് മരണത്തെ മുന്നിൽ കാണുകയും ഭൗതികശരീരം നാട്ടിൽ എത്തിക്കുന്നതിനുള്ള നിബന്ധനകളും കബറിടത്തിനുള്ള ഏർപ്പാടുകളും ചെയ്യുവാൻ ഒരു യഥാർത്ഥ ക്രിസ്തീയ ഭക്തനല്ലാതെ ആർക്കു കഴിയും? പഴമക്കാർ പറയുംപോലെ എല്ലാം അറംപറ്റുകയായിരുന്നോ? തന്റെ പ്രസംഗത്തിലെ വിദൂഷകന്റെ രാജാവിനെപ്പോലെ മഠയനായിട്ടല്ല, മരണത്തെ സ്വീകരിപ്പാൻ തയ്യാറാറെടുക്കുന്ന ഒരു രാജാവായിട്ടായിരുന്നു

ആ പരമഭക്തൻ, എപ്പോഴോ എവിടെയോ എന്നു ചോദിക്കാതെ തന്റെ പരിശുദ്ധന്മാരായ പരുമലത്തിരുമേനിയുടെയും വട്ടശ്ശേരിൽ തിരുമേനിയുടെയും പാദാന്തികത്തിൽ എത്തിച്ചേരാനായിരുന്നു ആ പിതാവിന്റെ മോഹം.

രാത്രി വളരെ വൈകിയിരുന്നതുകൊണ്ട് അവരുടെ സംഭാഷണം പിന്നെ അധികം ദീർഘിച്ചില്ല. പഴയസെമിനാരിക്കാര്യത്തിനുള്ള കത്ത് ബാവായിൽ നിന്നു വാങ്ങാമെന്നു തിരുമേനിയും പ്ലെയിൻ ചാർട്ടർ കാര്യം ജോജോയോടു സംസാരിക്കുന്ന കാര്യം റമ്പാച്ചനും ഏറ്റുകൊണ്ട് ആ സഹോദരങ്ങൾ യാത്ര പറഞ്ഞു. റമ്പാച്ചൻ പോകുന്നതിനു മുമ്പ് തിരുമേനി പറഞ്ഞു, "ഞാൻ ഇംഗ്ലണ്ടിൽ പോകുമ്പോൾ റമ്പാച്ചനെ വിടുതൽ ചെയ്യുന്നതിന് ടൊറന്റോ പള്ളിക്കു ഒരു അച്ചനെ ഒരു മാസത്തിനകം കണ്ടുപിടിച്ചുകൊള്ളാം."

റമ്പാച്ചൻ കൈ മുത്തി യാത്ര പറഞ്ഞിറങ്ങി. അത് ആ സഹോദരങ്ങളുടെ അന്ത്യ സംഭാഷണമാണെന്ന് അന്ന് അറിഞ്ഞിരുന്നില്ല.

അമേരിക്കയിൽ സന്ദർശനത്തിനിടയിൽ പെട്ടെന്നു അന്തരിച്ച ചെറുകര സി. എ. മാത്യു അച്ചന്റെ മൃതദേഹം ന്യൂയോർക്കിൽ നിന്നു നാട്ടിലേക്ക് അയയ്ക്കുന്ന ചടങ്ങിൽ സംബന്ധിക്കേണ്ടിയിരുന്നതുകൊണ്ട് പിറ്റേന്നു തിരുമേനി ന്യൂയോർക്കിലേക്കു വിമാനം കയറി.

വിശുദ്ധന്മാർക്കു ദൈവം അന്ത്യദിനങ്ങൾ നേരത്തെ കാട്ടിക്കൊടുക്കുമെന്ന സത്യം മക്കാറിയോസിനെ സംബന്ധിച്ച് ശരിയായി വന്നു. "യഹോവേ! എന്റെ നാളുകൾ എത്ര എന്നു എണ്ണുവാൻ എന്നെ പഠിപ്പിക്കണമെ" എന്നു സങ്കീർത്തനക്കാരന്റെ പ്രാർത്ഥന തിരുമേനിയും നടത്തി. യാതൊരു ആരോഗ്യപ്രശ്നവും വാർദ്ധക്യകാല പ്രശ്നവും ഇല്ലാതെ സജീവ പ്രവർത്തനനിരതയ്ക്കിടയിൽ ഏഴാം കടലിനപ്പുറത്തിരുന്ന് മരണാനന്തര കർമ്മങ്ങൾക്ക് അന്ത്യരൂപം നല്കിയ വേറൊരു പിതാവുണ്ടോ? മരണത്തെ ദൈവം നേരത്തെ വെളിപ്പെടുത്തിക്കൊടുത്തുവെന്ന കാര്യം വ്യക്തമാണ്.

യൂറോപ്പിലെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളിൽ പലതിലും മരണത്തെ സൂചിപ്പിച്ചിരുന്നുവെന്നു പിന്നീട് അറിഞ്ഞു. ഇംഗ്ലണ്ടിലെ ന്യൂകാസിൽ എന്ന സ്ഥലത്തെ പ്രോഗ്രാമായിരുന്നു അദ്ദേഹത്തിന്റെ അവസാന പരിപാടി. അതു കഴിഞ്ഞ് തിരികെപ്പോകാൻ കാറിലേക്ക് കയറിയ തിരുമേനിയോട് അവിടത്തെ വികാരി ഹാപ്പി അച്ചന്റെ ഭാര്യ, "ഇനി എന്നാണ് തിരുമേനിയെ ഞങ്ങൾ കാണുക" എന്നു ചോദിച്ചപ്പോൾ "മോളെ, അങ്ങേക്കരയിൽ വച്ചു കാണാം" എന്നു പറഞ്ഞ തിരുമേനി ആസന്നമായ തന്റെ അന്ത്യത്തെ മുന്നിൽ കണ്ടിരുന്നുവെന്ന് വ്യക്തമാണ്.

നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പിൽ ഗൂഢാലോചനയാൽ തഴയപ്പെട്ടശേഷം മാനേജിംഗ് കമ്മിറ്റിയോട് വിടപറയുമ്പോൾ "എന്റെ പ്രശ്നങ്ങൾ അവസാനിച്ചിരിക്കുന്നു" എന്നു പറഞ്ഞ തിരുമേനിയുടെ വാക്കുകൾ ഏറെനാൾ കഴിഞ്ഞിട്ടും കമ്മിറ്റിയംഗങ്ങളുടെ കാതുകളേയും വഞ്ചന നടത്തിയ നേതാക്കന്മാരുടെ ഹൃദയങ്ങളേയും കുത്തിമുറിവേല്പിച്ചുകൊണ്ടിരുന്നു. മക്കാറിയോസ് തിരുമേനിയെ സംബന്ധിച്ചിടത്തോളം വഞ്ചനയുടെ അനുഭവങ്ങളേ തിരുമേനിക്കു ലഭിച്ചിട്ടുള്ളു. ഒരിക്കൽ ടൊറന്റോയിലെ ഒരു വനത്തിനുള്ളിൽ വച്ച് യുവജനങ്ങൾ നടത്തിയ ക്യാമ്പിംഗിൽ വാർദ്ധക്യം അവഗണിച്ചു തിരുമേനിയും സംബന്ധിച്ചു. അന്നും അദ്ദേഹം തന്റെ ഉള്ളു തുറന്നു യുവജനങ്ങളുടെ മുമ്പിൽ വച്ചു പറഞ്ഞു, "എന്റെ ജീവിതം മുഴുവൻ ഒരു വാക്ക് എന്നും അന്വർത്ഥമായിരുന്നു. അതു "rejection" എന്നാണ്. എനിക്കു എന്നും ലഭിച്ചിട്ടുള്ളത് തിരസ്കരണം മാത്രമാണ്.

അദ്ദേഹത്തിന്റെ ഈ വ്രണിത ഹൃദയം കണ്ട് അമേരിക്കൻ വിശ്വാസികൾ "ഇനി ഇന്ത്യയിലേക്കു മടങ്ങരുത്" എന്നപേക്ഷിച്ചപ്പോൾ ആ സഭാസ്നേഹിയായ തിരുമേനി പറഞ്ഞതെന്തെന്നോ? "ഇക്കാര്യത്തിൽ മാത്രം നിങ്ങൾ എന്നെ ഉപദേശിക്കരുത്. ഞാൻ അടുത്ത ഫെബ്രുവരി 23-ന് വട്ടശ്ശേരിൽ തിരുമേനിയുടെ പെരുനാളിന് കോട്ടയത്തു ഉണ്ടായിരിക്കും" എന്നു പറഞ്ഞു.

അതേ മക്കാറിയോസ് തിരുമേനി പറഞ്ഞ ആ ഫെബ്രുവരി 23-ാം തീയതി തന്നെ പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുനാളിലും ഓർമ്മയിലും അദ്ദേഹം സംബന്ധിച്ചു; ശരീരപ്രകാരം ആയിരുന്നില്ലെന്നു മാത്രം. അന്നുതന്നെ അദ്ദേഹം വാനവസേനകളുടെ അകമ്പടിയോടു കൂടി പ. വട്ടശ്ശേരിൽ തിരുമേനി തുടങ്ങിയ വിശുദ്ധന്മാരുടെ സംഘത്തിൽ ചേർന്നു.

"ഞാൻ ഫെബ്രുവരി 23-ന് കോട്ടയത്തുണ്ടായിരിക്കും" എന്നു പറഞ്ഞതും മരണത്തെ മുന്നിൽ കണ്ടുകൊണ്ടായിരുന്നില്ലേ?

അദ്ധ്യായം 32

നീണ്ട ജൈത്രയാത്ര

അമേരിക്കൻ ഭദ്രാസനം പുതിയ മെത്രാപ്പോലീത്തന്മാർക്കു നൽകിയ ശേഷം മാർ മക്കാറിയോസ് കാനഡായിലെ രണ്ടു ഇടവകകളുമായി തൃപ്തിപ്പെട്ടു. ആരോടും പരാതി പറയാതെ കഴിഞ്ഞുകൂടുകയായിരുന്നു. ഭദ്രാസന പുനർ വിഭജന കമ്മിറ്റി മറ്റെല്ലാ ഭദ്രാസനങ്ങളും ആവശ്യപ്പെട്ട പള്ളികളെല്ലാം നൽകിയിട്ടും മക്കാറിയോസിനെ ആരും പരിഗണിച്ചില്ല. അദ്ദേഹത്തെ രണ്ടു പള്ളികളുമായി ഒതുക്കിനിർത്താനേ പുനർവിഭജന കമ്മിറ്റിയും ശ്രമിച്ചുള്ളു. അദ്ദേഹം എങ്ങനെ കാലയാപനം കഴിയുന്നു എന്ന് ആരും അന്വേഷിച്ചില്ല. ആരും അദ്ദേഹത്തിന്റെ വിഷയം ശ്രദ്ധിച്ചു മില്ല.

മറ്റുള്ള സാധാരണക്കാരെപ്പോലെ ഈ 82-ാം വയസ്സിലും ഇരവും പകലും അൽമാ കോളജിൽ ക്ലാസ്സുകളെടുത്തു അദ്ദേഹം ജീവിച്ചു പോന്നു.

മക്കാറിയോസ് തിരുമേനിക്കു കാരുണ്യപൂർവ്വം അനുവദിച്ചു നല്കിയ പള്ളികളിൽ ഒന്നായിരുന്നു കാനഡായുടെ കിഴക്കെ തീരത്തുള്ള ടൊറ ന്റോയിലെ ഇടവക. ആ ഇടവക അവിടത്തെ ഒരു വിമതവിഭാഗം ഭരണം പിടിച്ചെടുത്ത് അതു കിഴക്കിന്റെ കാതോലിക്കായുടെ പരിധിയിൽപെട്ട തല്ലെന്നും തങ്ങൾ അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലാണെന്നും പ്രഖ്യാപിച്ചിട്ട് ഒരു കേസ് ആരംഭിച്ചിട്ടും മലങ്കര സുന്നഹദോസ് മക്കാറി യോസിന്റെ പിന്തുണയ്ക്കു എത്തിയില്ല. ആ ഇടവകക്കാർ ഭരണഘടന ലംഘിച്ചുകൊണ്ട് ഒരു പാത്രിയർക്കീസ് വിഭാഗം അച്ചനെ അനധികൃത മായി പള്ളിയിൽ പ്രവേശിപ്പിച്ച വിവരം മക്കാറിയോസ് തിരുമേനി സുന്ന ഹദോസിന് റിപ്പോർട്ട് ചെയ്തിട്ടും പിന്തുണയ്ക്കാൻ ആരും തയ്യാറായി ല്ലെന്നു തന്നെയല്ല ചില മെത്രാപ്പോലീത്തന്മാർ പരോക്ഷമായി ഈ വിമത സംഘത്തിനു പിന്തുണ നൽകുകയും ചെയ്തത് പരസ്യമായ രഹസ്യ മായിത്തീർന്നു. അതിനുശേഷം ഈ വിഷയം തിരുമേനി മാനേജിംഗ് കമ്മിറ്റിയിലും ഉന്നയിച്ചെങ്കിലും ചില ഉന്നതന്മാരുടെ ഇടപെടലുകൾ മൂലം സുന്നഹദോസ് ഒരു നോക്കുകുത്തിയായി മാറുകയുണ്ടായതേ യുള്ളു.

തനിക്കുണ്ടായിരുന്ന രണ്ടു പള്ളികളിൽ ഒന്നിന്റെ നില ഇങ്ങനെയാ യിത്തീർന്നു. ഈ സാഹചര്യത്തിലും മനസ്സു തളരാതെ അദ്ദേഹത്തിന്റെ ശ്രദ്ധ യൂറോപ്പിലേക്കു തിരിഞ്ഞു.

അമേരിക്കൻ കുടിയേറ്റക്കാരുടെ ഇടയിൽ ആദ്യകാലങ്ങളിൽ അതീവ ജാഗ്രതയോടെ ഓടിനടന്ന് അവിടെ ഒരു ഭദ്രാസനം വളർത്തി എടുത്ത അതേ വ്യഗ്രതയോടെ യൂറോപ്പിലെ പുത്തൻ കുടിയേറ്റക്കാരെ വിവിധ സ്ഥലങ്ങളിൽ സന്ദർശിക്കുന്നതിനും അവരെ സംഘടിപ്പിച്ച് സഭയുടെ ഭാഗമാക്കുന്നതിനും രണ്ടു വർഷം മുമ്പ് അദ്ദേഹം ശുഷ്ക്കാന്തി പ്രകടിപ്പിച്ചിരുന്നു. അന്ന് അദ്ദേഹം സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം പുതിയ പള്ളികളും കോൺഗ്രിഗേഷനുകളും ശക്തിപ്പെട്ടുവന്നു. ലണ്ടനിലെ സെന്റ് ഗ്രിഗോറിയോസ് എന്ന ഏക പള്ളി ഒഴികെ യൂറോപ്പിലെങ്ങും തന്നെ അന്നു ഓർത്തഡോക്സ് ഇടവകകൾ ഉണ്ടായിരുന്നില്ല. എന്നാൽ അന്ന് തിരുമേനി നടത്തിയ ഹ്രസ്വ സന്ദർശനം ജനങ്ങളിൽ ആവേശം പകരുകയും പല കോൺഗ്രിഗേഷനുകളും രൂപവൽക്കരിക്കപ്പെടുകയും ചെയ്തു. ആ ആരാധനക്കൂട്ടങ്ങൾ വീണ്ടും സന്ദർശിക്കുന്നതിനും പുതിയ കൂട്ടങ്ങൾ കണ്ടുപിടിക്കുന്നതിനുമാണ് ഈ ഒരു മാസക്കാലത്തെ മിഷൻ യാത്ര തിരുമേനി ഇപ്പോൾ ക്രമീകരിച്ചത്.

ആദ്യത്തെ സന്ദർശനക്കാലത്ത് രണ്ടു വർഷം മുമ്പെ തന്നെ നിലവിൽ വന്നിരുന്ന പള്ളികളും കോൺഗ്രിഗേഷനുകളും താഴെപ്പറയുന്നവയായിരുന്നു.

സെന്റ് ഗ്രിഗോറിയോസ്, ലണ്ടൻ - ആദ്യത്തെ തലപ്പള്ളി.
സെന്റ് തോമസ് - സൗത്ത് ലണ്ടൻ.
സെന്റ് തോമസ് - സുന്ദർലാൻഡ്, ന്യൂകാസിൽ.
സെന്റ് ജോർജ്ജ് - മാഞ്ചെസ്റ്റർ.
സെന്റ് തോമസ് - ലിവർപൂൾ.
സെന്റ് ജോർജ് - ഷെഫീൽഡ്.
സെന്റ് സ്റ്റീഫൻസ് - ബർമിംഗ്ഹാം.
സെന്റ് മേരീസ് - ബ്രിസ്റ്റൽ.
സെന്റ് തോമസ് - കേംബ്രിഡ്ജ്.
സെന്റ് മേരീസ് - കാന്റർബറി.
സെന്റ് ഗ്രിഗോറിയോസ് - ബൽഫാസ്റ്റ്.
സെന്റ് തോമസ് - ഡബ്ലിൻ.
ഓർത്തഡോക്സ് കോൺഗ്രിഗേഷൻ - ഡോഗ്ഡാ.

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അയർലണ്ടു സന്ദർശനത്തെപ്പറ്റി മലയാള മനോരമ പ്രസിദ്ധപ്പെടുത്തിയ വാർത്ത:

തോമസ് മാർ മക്കാറിയോസ് നോർത്തേൺ അയലൻഡ് സന്ദർശിക്കുന്നു

ബെൽഫാസ്റ്റ് (നോർത്തേൺ അയർലൻഡ്): മലങ്കര ഓർത്ത

ഡോക്സ് സഭയുടെ യു.കെ. യൂറോപ്പ്, കാനഡാ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനി നോർത്തേൺ അയർലൻഡ് സന്ദർശിക്കുന്നു. ഡിസംബർ 14-ന് ബെൽഫാസ്റ്റിൽ എത്തിച്ചേരുന്ന തിരുമേനിയെ ബെൽഫാസ്റ്റ് ഇന്ത്യൻ ഓർത്തഡോക്സ് കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ സ്വീകരിക്കും.

ഡിസംബർ 15-ന് 6.30-ന് ശാലേം ഹാളിൽ അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ സന്ധ്യാനമസ്കാരവും തുടർന്ന് പൊതുസമ്മേളനവും നടക്കും. വികാരി ഫാ. ടി. ഒ. ജോർജ് ആധ്യക്ഷ്യം വഹിക്കും. 18-ന് രാവിലെ 8.30-ന് ബെൽഫാസ്റ്റ് ബൈബിൾ കോളജിൽ നടക്കുന്ന വിശുദ്ധ കുർബ്ബാനയ്ക്ക് അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് മുഖ്യ കാർമികത്വം വഹിക്കും. തുടർന്ന് കുട്ടികളുടെ ക്രിസ്തുമസ് ആഘോഷ പരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരിക്കും.

വാർത്ത അയച്ചത്: വർഗീസ് ഫിലിപ്പ്.

1930-കളിൽ ബഥനിയിലെ ആബോ അലക്സിയോസിന്റെ (മാർ തേവോദോസ്യോസ്) ആഗമനത്തോടുകൂടി യു.കെ. യിൽ ആരംഭിച്ച മിഷനാണ് ഇന്ന് ഭദ്രാസനമായി വളർന്നത്. ആലുവാ കോളജിലെ പ്രൊഫസർ എ. എം. വർക്കി ഇന്ത്യൻ എൻ.സി.സി. യുടെ സഹകരണത്തോടെ "മിഷൻ ഓഫ് ഫെലോഷിപ്പ് ടു ഇംഗ്ലണ്ട് ആൻഡ് അയർലണ്ട്" എന്ന ഒരു സംഘടന ഉണ്ടാക്കി. അതെ തുടർന്ന് ഡോ. വില്യം പേറ്റൻ, കാനൻ ഡഗ്ലസ് തുടങ്ങിയ യൂറോപ്യന്മാർ "The friends of the Syrian church" എന്ന സംഘടന രൂപീകരിച്ച് മലങ്കരസഭയുടെ വളർച്ചയെ സഹായിച്ചു. ഇംഗ്ലണ്ടിൽ വൈദിക വിദ്യാഭ്യാസത്തിനു എത്തിയ മലങ്കര സഭാംഗങ്ങളെ ഈ സംഘടന സഹായിച്ചു. അങ്ങനെ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയായ ആബോ അലക്സിയോസ് മിർഫീൽഡിലെ കമ്മ്യൂണിറ്റി ഓഫ് റിസറക്ഷനിൽ താമസിച്ചു നടത്തിയ പഠനകാലം അനേക വൈദേശിക സഭകളുമായുള്ള ബന്ധത്തിനു വഴി തുറന്നു. ഈ പ്രോഗ്രാമനുസരിച്ച് രണ്ടാമത് എത്തിയ ആലുവായിലെ ഫാ. ടി. വി. ജോൺ ലണ്ടനിലെ കിംഗ്സ് കോളജ് ചാപ്പലിൽ മലയാളം ആരാധനകൾ നടത്തിവന്നു. 1937-ൽ എഡിൻബറോ കോൺഫ്രൻസിൽ സംബന്ധിക്കാനെത്തിയ ബസ്സേലിയോസ് ഗീവറുഗീസ് II ബാവായുടെ സന്ദർശനത്തോടുകൂടിയാണ് യൂറോപ്പിലെ മലങ്കരസഭയുടെ വളർച്ച ത്വരിതപ്പെട്ടത്. അങ്ങനെ വളർന്നുവന്ന യൂറോപ്പിൽ മക്കാറിയോസ് മെത്രാപ്പോലീത്താ 14 പുതിയ സ്ഥലങ്ങളിൽ പള്ളികൾ ആരംഭിച്ചു.

ഇങ്ങനെ അന്നു യു.കെ. യിൽ ശക്തമായ 14 ആരാധനാകേന്ദ്രങ്ങൾ രൂപവൽക്കരിച്ചപ്പോഴാണ് തിരുമേനി ജർമ്മനി, ഫ്രാൻസ്, നെതർലാൻഡ്,

സ്വിറ്റ്സർലൻഡ് മുതലായ രാജ്യങ്ങളിൽ ആരാധനകേന്ദ്രങ്ങൾ ഉയരുന്നതിനു ശ്രദ്ധിച്ചത്.

ബൽജിയത്തിൽ അന്നുണ്ടായിരുന്ന ഫാദർ വറുഗീസ് എം. ദാനിയേലിനെ ഹോളണ്ടിലെ (നെതർലൻഡിലെ) ഹെയിലിഗ്വസ്റ്റ് - ബർക്കിൽ വി. ആരാധന നടത്തുന്നതിന് നിയോഗിച്ചു. അങ്ങനെ യൂറോപ്യൻ രാജ്യങ്ങളിൽ മലങ്കരസഭയുടെ കൊമ്പുയരുന്നതു കണ്ട് ആ വൃദ്ധതാതന്റെ ഹൃദയം കുളിർത്തു.

ഈ പ്രദേശങ്ങളെല്ലാം വീണ്ടു സന്ദർശിച്ച് സഭാമക്കളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുന്നതിനുള്ള ഒരു ജൈത്രയാത്രയാണു ഈ 2007-ന്റെ അന്ത്യപാദത്തിൽ തിരുമേനി ക്രമീകരിച്ചത്.

ആ മിഷൻ യാത്ര ആരംഭിച്ചു
2007 ഡിസംബർ 14 - ലണ്ടൻ വഴി ബൽഫാസ്റ്റിലേക്ക്

മലങ്കരസഭയെപ്പറ്റിയുള്ള അടങ്ങാത്ത ആവേശത്തോടും എരിവോടും കൂടിയാണ് തിരുമേനി കുവൈറ്റ് എയർവേയ്സിന്റെ ലണ്ടൻ ഫ്ളൈറ്റിൽ ഹീത്രോ എയർപോർട്ടിൽ ഇറങ്ങിയത്. അവിടെനിന്നും തിരുമേനിക്കു നേരെ അയർലണ്ടിലെ ബൽഫാസ്റ്റിലേക്കു പോകേണ്ടിയിരുന്നതുകൊണ്ട് ലണ്ടൻ വിമാനത്താവളത്തിൽ വിശേഷാൽ സ്വീകരണങ്ങളൊന്നും ക്രമീകരിച്ചിരുന്നില്ല. എന്നാൽ ലണ്ടൻ വികാരി ഫാദർ ഏബ്രഹാം തോമസ് തിരുമേനിയെ സ്വീകരിക്കാൻ ഹീത്രോ വിമാനത്താവളത്തിൽ എത്തിയിരുന്നു.

അയർലണ്ടിലേക്കുള്ള യാത്രയ്ക്കു ഇനി ഒരു നാലഞ്ചു മണിക്കൂർ കൂടി ബാക്കി ഉണ്ടായിരുന്നതുകൊണ്ട് എയർപോർട്ടിനടുത്തുള്ള ഏതെങ്കിലും ഹോട്ടലിൽ പോയി അല്പം വിശ്രമിക്കാമെന്ന് തിരുമേനി പറഞ്ഞു. അച്ചന്റെ മുഖം അല്പം വാടുന്നത് തിരുമേനി മനസ്സിലാക്കി. സ്വന്തമായി കാറില്ലാത്ത ബ. അച്ചൻ കാറുള്ള ഒരാളെപ്പോലും എയർപോർട്ടിലേക്കു കൂട്ടിക്കൊണ്ടുവരാൻ ആകാത്തതിലുള്ള കുണ്ഠിതം അച്ചന്റെ മുഖത്തു നിന്നും വായിച്ചറിഞ്ഞ തിരുമേനി "നമുക്കൊരു ടാക്സി വിളിച്ചു പോകാം" എന്ന് അച്ചനോടു പറയുമ്പോഴും അച്ചന്റെ പ്രയാസം മാറിയില്ല. തിരുമേനിയെ ഒരു ടാക്സിയിൽ കൊണ്ടുപോകുന്നതു ലണ്ടൻ കാർക്കു അപമാനമാകില്ലേ എന്നായി അച്ചന്റെ ചിന്ത. അച്ചന്റെ ആ കുണ്ഠിതവും നർമ്മരസം തുളുമ്പുന്ന സരസ സംഭാഷണത്തിലൂടെ തിരുമേനി അകറ്റി. തിരുമേനിയെ അടുത്തുള്ള ഹോട്ടലിൽ വിട്ടിട്ട് തിരുമേനിയുടെ ഫ്ളൈറ്റിനു മുമ്പു തന്നെ തിരിച്ചെത്തികൊള്ളാമെന്നും പറഞ്ഞ് അച്ചൻ തിരികെപ്പോയി. തലേരാത്രി ഒട്ടും ഉറങ്ങിയിട്ടില്ലാതിരുന്ന

തിരുമേനി യാത്രാ ക്ഷീണം കൊണ്ട് വേഗം ഉറങ്ങിപ്പോയി. രണ്ടു മണിക്കൂർ തിരുമേനി സുഖമായി ഉറങ്ങിയശേഷം എഴുന്നേറ്റപ്പോഴേക്കും ഏബ്രഹാം തോമസച്ചൻ എത്തിക്കഴിഞ്ഞു. അച്ചനോടൊപ്പം ലഞ്ചു കഴിച്ച തിരുമേനി വീണ്ടും ടാക്സിയിൽ എയർപോർട്ടിലേക്കു പോയി.

ബൽഫാസ്റ്റിൽ

തിരുമേനിയുടെ ആഗമനം പ്രതീക്ഷിച്ച് ബൽഫാസ്റ്റിലെ ജനങ്ങൾ വേഴാമ്പൽ മഴയ്ക്കു എന്ന പോലെ എയർപോർട്ടിൽ കാത്തുനില്ക്കുന്നുണ്ടായിരുന്നു. അവർ തുടർച്ചയായി പല പ്രാവശ്യം തിരുമേനിയുടെ ഫ്ളൈറ്റ് പുറപ്പെട്ടോ എന്നു ലണ്ടനിലെ അച്ചനെ വിളിച്ചു ചോദിച്ചുകൊണ്ടിരുന്നു. ലണ്ടനിൽ നിന്നും രണ്ടര മണിക്കൂർ ഫ്ളൈറ്റു മാത്രമേ ഉള്ളു. തിരുമേനി ഫ്ളൈറ്റിൽ തിരിച്ചുകഴിഞ്ഞു എന്നു ഏബ്രഹാം തോമസച്ചൻ ബൽഫാസ്റ്റിൽ വിളിച്ചറിയിച്ചു.

ബൽഫാസ്റ്റ് എയർപോർട്ടിനു പുറത്തേക്കു പുഞ്ചിരിയോടെ ഇറങ്ങിവന്ന മെത്രാപ്പോലീത്തായെ "അയർലണ്ടിലേക്ക് സ്വാഗതം" എന്നു ആശംസിച്ചുകൊണ്ട് പൂഞ്ചെണ്ടുകൾ നൽകിയാണ് വികാരിയും ഇടവകക്കാരും ചേർന്നു സ്വീകരിച്ചത്.

ബൽഫാസ്റ്റിലെ ശാലോം ഓഡിറ്റോറിയത്തിൽ സന്ധ്യാനമസ്ക്കാരത്തിനു എത്തിയ തിരുമേനിയെ ആഹ്ലാദത്തിമിർപ്പോടെയാണു ജനം സ്വീകരിച്ചത്. നമസ്ക്കാരത്തിനു ശേഷം തിരുമേനി ഒരു ലഘു പ്രസംഗം നടത്തി ജനത്തെ അനുഗ്രഹിക്കുകയും ചെയ്തു.

പിറ്റെദിവസം തിരുമേനിയുടെ കാർമ്മികത്വത്തിൽ വി. കുർബ്ബാന നടന്നു. കുർബാനമദ്ധ്യേ ബൽഫാസ്റ്റ് കോൺഗ്രിഗേഷനെ "സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക"യായി ഉയർത്തി തിരുമേനി പ്രഖ്യാപിച്ചപ്പോൾ അതിനെ ജനങ്ങൾ ഹർഷാരവങ്ങളോടു കൂടിയാണു സ്വീകരിച്ചത്.

വി. കുർബ്ബാനയ്ക്കു ശേഷം തിരുമേനിയുടെ ബഹുമാനാർത്ഥം നടന്ന പൊതുസമ്മേളനത്തിൽ വികാരി ഫാ. ടി. ജോർജ്ജ്, റവ. ഡോ. ജേക്കബ് തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. വികാരി സ്വാഗതവും സെക്രട്ടറി ജയ്സൺ പൂവത്തൂർ നന്ദിയും പ്രകടിപ്പിച്ചു. തുടർന്ന് കുട്ടികളുടെ ക്രിസ്തുമസ് ആഘോഷ പരിപാടികളിൽ തിരുമേനി കുട്ടികളോടൊപ്പം കൂടി. ആ പൊതുയോഗത്തിൽ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ വെബ്സൈറ്റ് തിരുമേനി ഉത്ഘാടനം ചെയ്തു. ആ വെബ് സൈറ്റിലൂടെ തിരുമേനിയുടെ സന്ദേശം ആദ്യ സന്ദേശമായി വായനക്കാർക്കു ലഭിച്ചു. തിരുമേനി ഇപ്രകാരം പറഞ്ഞു. "I wish you a very

holy and happy Christmas and a peaceful new year." അന്നത്തെ സ്നേഹ വിരുന്നോടെ ഇടവകയിലെ പരിപാടികൾ അവസാനിച്ചു.

പിറ്റേന്ന് അവർ ലണ്ടനിലെ ഇന്ത്യൻ കോൺസൻ ജനറൽ ഡിൽജിത് സിംഗ് റാണാ തിരുമേനിയുമായി കൂടിക്കാഴ്ച നടത്തി. അയർലണ്ടിന്റെ ദേശീയ പുരോഗതിക്ക് ഇന്ത്യൻ കമ്മ്യൂണിറ്റി ചെയ്യുന്ന സേവനങ്ങളെയും പ്രത്യേകിച്ച് ഇന്ത്യൻ ഓർത്തഡോക്സ് സഭ നൽകുന്ന സംഭാവനക ളെയും എടുത്തു പ്രസ്താവിച്ചു.

അന്നുതന്നെ അയർലണ്ട് നാഷണൽ ക്രിസ്റ്റ്യൻ കൗൺസിൽ പ്രസി ഡന്റ് റവ. ടോണി ഡേവിഡ്സൺ തിരുമേനിയെ സന്ദർശിച്ചു ചർച്ചകൾ നടത്തി. ക്രിസ്തീയ സഭകൾ അയർലണ്ടിൽ ഒന്നിച്ചു പ്രവർത്തിക്കേ ണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യൻ ഓർത്ത ഡോക്സ് സഭ വിശ്വാസത്തിൽ ഭേദമില്ലാതെ നിന്നുകൊണ്ട് അഖില ലോക സഭാ പ്രസ്ഥാനത്തിന്റെ ആരംഭക സഭകളിൽ ഒന്നായി നിലകൊള്ളുന്നു എന്നും എല്ലാ അഖിലലോക സഭാസമ്മേളനങ്ങളിലും പങ്കെടുത്തു വരുന്നു എന്നും, ഇന്ത്യയിലെ ദേശീയ കൗൺസിലിലും കേരള ക്രിസ്ത്യൻ കൗൺസിലിലും നേതൃനിരയിൽ നിൽക്കുന്ന അതേ പാരമ്പര്യം അയർലണ്ടിലും പിന്തുടരുമെന്നും തിരുമേനി അദ്ദേഹത്തോടു പറഞ്ഞു.

ഡബ്ലിൻ

മക്കാറിയോസിനു ക്ഷീണം തോന്നിയില്ല. ഒരു സ്ഥലത്തു നിന്നും വേറൊരിടത്തേക്കുള്ള നെട്ടോട്ടത്തിലും അവിടത്തെ ചടങ്ങുകളിലും തിരു മേനി കൂടുതൽ ആവേശഭരിതനായി കാണപ്പെടുകയായിരുന്നു.

തങ്ങളുടെ അഭിമാന ഭാജനമായ മക്കാറിയോസ് തിരുമേനിയുടെ ദർശ നത്തിനായി ഡബ്ലിൻ സെന്റ് തോമസ് ഇടവക നോക്കിപ്പാർക്കുകയായി രുന്നു. ഇടവക ഒത്തൊരുമിച്ചുള്ള ഒരു വരവേല്പാണ് തിരുമേനിക്കു അവിടെ ലഭിച്ചത്. വികാരി കോശി വൈദ്യൻ അച്ചൻ, ട്രസ്റ്റി ബിജു ജോസഫ്, സെക്രട്ടറി ജോൺ മാത്യു, സന്തോഷ് ചാക്കോ, ആൻഡ്രു സ്കറിയാ, അലക്സ് ഏബ്രഹാം തുടങ്ങിയവർ സ്വീകരണത്തിനും പൊതുസമ്മേളനത്തിനും എല്ലാം മികച്ച നേതൃത്വം നൽകി. അവിടെയും കുട്ടികൾ ഒരുക്കിയ ക്രിസ്തുമസ് പരിപാടികളിൽ തിരുമേനി പങ്കെടുത്തു. തിരുമേനിയുടെ ഹാസ്യരസ സംഭാഷണങ്ങളും, കഥകളും കുട്ടികൾക്ക് ഹരം പകർന്നു.

തിരുമേനിയുടെ സ്വീകരണാർത്ഥം നടത്തിയ പൊതുസമ്മേളനത്തിൽ റവ. കാതറൈൻ പൗൾട്ടൺ, ഫാദർ ആന്റണി, ഫാ. വറുഗീസ് മണിയ

പ്രായിൽ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. സെന്റ് തോമസ് വോയിസിന്റെ സംഗീത വിരുന്നും കുട്ടികളുടെ കലാപരിപാടികളും ചടങ്ങുകൾക്ക് മികവേകി.

അദ്ദേഹത്തിന്റെ ഡബ്ളിൻ സന്ദർശനത്തിനിടയിൽ കത്തോലിക്കാ ആർച്ച് ബിഷപ്പ് ഡോ. മാർട്ടിൻ, ചർച്ച് ഓഫ് അയർലണ്ട് ആർച്ച് ബിഷപ്പ് ഡോ. ജോൺ നീൽ എന്നീ നേതാക്കന്മാരുമായുള്ള കൂടിക്കാഴ്ചയ്ക്കും ചർച്ചകൾക്കും സമയം കണ്ടെത്തി. അയർലണ്ടിൽ ചുവടുറപ്പിച്ചു വളരാൻ ശ്രമിക്കുന്ന ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് ഇരു സഭാനേതാക്കളും തങ്ങളുടെ സഭകളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്തു.

ഡോഗ്ഡാ. ഡിസംബർ 17

മക്കാറിയോസ് തിരുമേനി ഡോഗ്ഡായിലെ ഓർത്തഡോക്സ് വിശ്വാസികളുടെ ചെറിയ ആട്ടിൻകൂട്ടത്തെ സന്ദർശിക്കാനെത്തിയത് അവർക്കു എത്ര ആവേശം പകർന്നുവെന്നോ? പ്രത്യേകിച്ച് ക്രിസ്തുമസ് കാലത്ത് തിരുമേനി അവരെ തേടി എത്തിയതും പ്രാർത്ഥനയ്ക്കു ശേഷം ചിന്തോദീപകമായ പ്രസംഗം ഫലിതത്തിൽ ചാലിച്ചു നൽകിയതും ഡോഗ്ഡാ വിശ്വാസികൾക്ക് മറക്കാനാകുന്നില്ല. തിരുമേനി അവരോടു യാത്ര പറയുമ്പോഴും അവരുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞ അദ്ദേഹത്തിന്റെ സന്ദേശവും സ്നേഹവും പച്ചപിടിച്ചു തന്നെ നിന്നു.

ഇതുപോലെ തന്നെ അയർലണ്ടിന്റെ വിവിധ സ്ഥലങ്ങളിലായി ചെറുതുരുത്തുകൾ പോലെ ചിതറിപ്പാർത്തിരുന്ന മലങ്കര ഓർത്തഡോക്സ് വിശ്വാസികളെ പല സ്ഥലങ്ങളിലും പോയി അംഗസംഖ്യ പരിഗണിക്കാതെ സന്ദർശിച്ചു. പല നേതാക്കന്മാരും ഒരിടവകയുടെ അംഗസംഖ്യയും സാമ്പത്തികശേഷിയും അന്വേഷിച്ചു മാത്രമേ സന്ദർശനങ്ങൾ നടത്താറുള്ളു എന്ന് മലങ്കര സഭാംഗങ്ങൾക്ക് പൊതുവെ പരാതിയുള്ളതാണ്. പണപ്പിരിവ് മനസ്സിൽ താലോലിച്ചുകൊണ്ടു സന്ദർശിക്കുന്നവർക്കെല്ലാം അംഗസംഖ്യ പരിഗണിക്കേണ്ടി വരും.

അങ്ങനെയുള്ള സമയത്താണ് മാർ മക്കാറിയോസ് ഡോഗ്ഡാ പോലെയുള്ള സ്ഥലങ്ങളിലെ ചെറു സംഘങ്ങളെ സന്ദർശിക്കാനെത്തുന്നത്. ഒരിക്കലും മായാത്ത സ്നേഹത്തിന്റെയും കരുതലിന്റെയും മുദ്രകൾ ആ വിശ്വാസികളുടെ ഹൃദയങ്ങളിൽ പതിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ലണ്ടൻ നഗരിയിൽ ക്രാൻഫീൽഡ് റോഡിൽ, ബ്രോക്കളി എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയാണ് ഇംഗ്ലണ്ടിലെ പള്ളികളുടെ തലപ്പള്ളി. ഈ പള്ളി,

മുമ്പ് ഒരു ആംഗ്ലിക്കൻ ദേവാലയം ആയിരുന്നു. അതു നാം വിലയ്ക്കു വാങ്ങി ഉൾവശം മുഴുവൻ ഓർത്തഡോക്സ് രീതിയിൽ പരിഷ്ക്കരിച്ച ശേഷം ഈ പള്ളിയുടെ കൂദാശ മാർ മക്കാറിയോസ് നിർവ്വഹിച്ചു.

ലണ്ടൻ ഗ്രീഗോറിയോസ് ഇടവകയ്ക്കുള്ളതുപോലെ മലങ്കര ഓർത്തഡോക്സ് മെത്രാപ്പോലീത്തന്മാരുമായുള്ള ബന്ധം മറ്റൊരു ഇടവകയ്ക്കും അവകാശിക്കാനാവില്ല. ഇന്ത്യയിൽ നിന്നും ലണ്ടനിലെത്തി പഠനത്തിനു വന്നവരും ആരാധനയ്ക്കു നേതൃത്വം നല്കിയവരും വികാരിമാരായിരുന്നവരും ആയ അനേകം പട്ടക്കാരും പിൽക്കാലത്തു മലങ്കരസഭയുടെ മെത്രാപ്പോലീത്തന്മാരായിത്തീർന്നിട്ടുണ്ട്.

അറിയാവുന്നിടത്തോളം, ഓർമ്മയിലെത്തുന്നിടത്തോളം അച്ചന്മാരുടെ പേരുകൾ താഴെക്കുറിക്കുന്നു.

(1) ആബോ അലക്സിയോസ് – ബഥനി – ആദ്യ പട്ടക്കാരൻ (മാർ തേവോദോസ്യോസ്).

2. ഫാ. സി. എം. തോമസ് റമ്പാൻ – പത്തനാപുരം – തോമ്മാ മാർ ദീവന്നാസ്യോസ് (ഓക്സ്ഫോർഡിലെ കൗളി ഫാദേഴ്സിനോടു ചേർന്നു പഠിച്ചു).

3. മാത്യൂസ് മാർ കൂറിലോസ് – പിന്നീട് മാത്യൂസ് II കാതോലിക്കാ.

4. മാത്യൂസ് മാർ അത്താനാസ്യോസ് – മാത്യൂസ് പ്രഥമൻ ബാവാ.

5. ഫാ. കെ. ഫിലിപ്പോസ് – ഫിലിപ്പോസ് മാർ തെയോഫിലോസ്.

6. ഫാ. ഡോ. സി. റ്റി. ഈപ്പൻ (ചാവടിയിൽ അടൂർ).

7. ഫാ. പി. എസ്. ശമുവേൽ കോർഎപ്പിസ്കോപ്പാ (അമേരിക്ക)

8. ഫാ. പി. വി. ജോസഫ് – ജോസഫ് മാർ പക്കോമിയോസ്.

9. ഫാ. യൂഹാനോൻ ബഥനി – യൂഹാനോൻ മാർ അത്താനാസ്യോസ്.

10. ഫാ. ഡീക്കൻ കെ. ജി. ജോർജ്ജ് – ഗീവറുഗീസ് മാർ ഈവാനിയോസ്.

11. ഫാ. കെ. സി. തോമസ് – ലിങ്കൺ സെമിനാരിയിൽ പഠിച്ചു (തോമസ് മാർ മക്കാറിയോസ്).

12. ഫാ. എം. വി. ജോർജ്ജ് (സെന്റ് ഗ്രിഗോറിയോസ് ഫെലോഷിപ്പ് ഉണ്ടാക്കി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്).

13. ഫാ. കെ. എ. ജോർജ്ജ് വെണ്ണിക്കുളം.

14. ഫാ. ഏബ്രഹാം ആലുക്കൽ – ഏബ്രഹാം മാർ സേവേറിയോസ് (പാത്രിയർക്കീസ് വിഭാഗം).

15. ഫാ. ഏബ്രഹാം ജോൺ – പൗലോസ് മാർ പക്കോമിയോസ്.

16. ഫാ. പി. സി. ചെറിയാൻ – വിദ്യാർത്ഥി പ്രസ്ഥാനം സെക്രട്ടറി.

17. ഫാ. ഫിലിപ്പോസ് തോമസ് – ഫിലിപ്പോസ് മാർ യൗസേബിയോസ്.

18. ഫാ. മാത്യൂസ് എം. ദാനിയേൽ.

19. ഫാ. കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പാ.
20. ഫാ. ഒ. തോമസ്.
21. ഫാ. ജോർജ്ജ് കുര്യൻ – ഗീവറുഗീസ് മാർ കൂറിലോസ്.
22. ഫാ. വി. എം. ജയിംസ് – യാക്കോബ് മാർ ഏലിയാസ്.
23. ഫാ. തോമസ് യോഹന്നാൻ (ഇലവുക്കാട്ട് ഗീവർഗീസ് റമ്പാൻ).
24. ഫാ. എം. എസ്. സ്ക്കറിയ റമ്പാൻ (ഡൽഹി അരമന).

അങ്ങനെ ആദ്യകാലത്ത് സന്ദർശക പട്ടക്കാരാലും പിന്നീട് പ്രഗത്ഭരായ വൈദികശ്രേഷ്ഠന്മാരാലും ഭരിക്കപ്പെട്ട ഇടവക ധന്യമാണ്. ആദ്യം മാർത്തോമ്മാ സഭാംഗങ്ങളും നമ്മുടെ ആരാധനകളിൽ സംബന്ധിച്ചു കൊണ്ടിരുന്നെങ്കിലും 1974-ൽ മാർത്തോമ്മാക്കാർ പിരിഞ്ഞ് സ്വന്തം ആരാധന ആരംഭിച്ചു. 1976-ൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ പുനർവിഭജനത്തോടുകൂടി ലണ്ടൻ പള്ളി ബോംബേ ഭദ്രാസനത്തിന്റെ കീഴിൽ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ വന്നു. അദ്ദേഹമാണ് ലണ്ടൻ സെന്റ് ഗ്രിഗോറിയോസിനെ പരുമല തിരുമേനിയുടെ നാമത്തിൽ ഒരു ഇടവകയായി പ്രഖ്യാപിച്ച് ആദ്യ വികാരിയായി ആലുക്കൽ ഫാ. ഏബ്രഹാമിനെ നിയമിച്ചത്. ആ ആദ്യ വികാരി പിന്നീട് പാത്രിയർക്കീസു ബാവായാൽ എബ്രഹാം സേവേറിയോസായി മെത്രാനാവുകയും കുറെക്കാലം ഓർത്തഡോക്സ് സഭയുടെ കൂടെയും പിന്നീട് വീണ്ടും പാത്രിയർക്കീസ് കക്ഷിയിലേക്കും മാറി മാറി കൂറുമാറ്റം നടത്തി. വീണ്ടും പല പുനർവിഭജനങ്ങൾ ഭദ്രാസനങ്ങൾക്കുണ്ടാവുകയും കാനഡാ, യു.കെ. യൂറോപ്പ് എന്ന പുതിയ ഭദ്രാസനം രൂപീകൃതമാവുകയും ചെയ്തു. അങ്ങനെ 1993-ൽ വീണ്ടും ലണ്ടൻ ഇടവക മക്കാറിയോസിന്റെ ഭരണത്തിൻകീഴിൽ ആവുകയും ചെയ്തു.

ബ്രോക്കളിയിലെ ഈ തലപ്പള്ളിയുടെ കീഴിൽ വികാരിമാരായി വന്നിട്ടുള്ളവരുടെ ശ്രമഫലമായി ബ്രിസ്റ്റൽ, ലിവർപൂൾ, ന്യൂകാസിൽ, ബിർമ്മിംഗ് ഹാം തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ആരാധനകൾ ആരംഭിച്ചു.

മക്കാറിയോസിന്റെ ഈ സന്ദർശനത്തോടുകൂടെ ഈ ആരാധനാകേന്ദ്രങ്ങളിൽ പലതിനേയും ഉയർത്തി സ്വതന്ത്ര ഇടവകകളാക്കിയപ്പോഴും ലണ്ടൻ ഇടവകയ്ക്കു സന്തോഷിപ്പാൻ ധാരാളം വകയുണ്ട്.

അയർലണ്ടു സന്ദർശനം കഴിഞ്ഞ് ഡിസംബർ 17-ാം തീയതി ബുധനാഴ്ച തിരുമേനി ലണ്ടനിൽ എത്തിയെങ്കിലും ഡിസംബർ 23-ാം തീയതി മാത്രമേ സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ പരിപാടികൾ ഉണ്ടായിരുന്നുള്ളു. പതിനേഴിനും ഇരുപത്തിമൂന്നിനും ഇടയ്ക്കുള്ള ദിവസങ്ങളിൽ തിരുമേനിക്കു തിരക്കിട്ട വേറെ പരിപാടികൾ ഉണ്ടായിരുന്നതുകൊണ്ട് നമുക്ക് തീയതി അനുസരിച്ച് തിരുമേനിയെ പിന്തുടരാം.

തിരുമേനിക്കു ഇംഗ്ലണ്ടിൽ ഏറ്റം പ്രധാനപ്പെട്ട രണ്ടു ചടങ്ങുകളുണ്ടായിരുന്നു. അവയിൽ ആദ്യത്തേത് കാന്റർബറി ആർച്ചുബിഷപ്പുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ലോകമാസകലം പടർന്നു കിടക്കുന്ന ആംഗ്ലിക്കൻ സഭ അംഗസംഖ്യയിൽ റോമ്മാസഭയുടെ തൊട്ടുപിന്നിലുള്ള സഭയാണ്. റോമൻ പോപ്പിനെ പോലെ ഒരു വലിയ ക്രിസ്തീയ വിഭാഗത്തിന്റെ തലവനായ കാന്റർബറി ആർച്ചുബിഷപ്പിനു ഇംഗ്ലണ്ടിലെ ഭരണരംഗത്ത് എട്ടാം സ്ഥാനമാണുള്ളത്. മക്കാറിയോസിന്റെ പരിപാടികളിൽ ഏറ്റം തിളക്കമേറിയ ഒരു പരിപാടിയായിരുന്നു ആംഗ്ലിക്കൻ സഭാ തലവനുമായിട്ടുള്ള കൂടിക്കാഴ്ച. ആ സന്ദർശനത്തെപ്പോലെ പ്രധാനപ്പെട്ട മറ്റൊരു ചടങ്ങായിരുന്നു യു.കെ. യൂറോപ്പ് ഭദ്രാസന കൗൺസിൽ മീറ്റ്. ഈ രണ്ടു പരിപാടികളും പിഴവു കൂടാതെ ഏറ്റം കിറുകൃത്യമായും ഭംഗിയായും നിർവ്വഹിക്കുന്നതിനുള്ള ചർച്ചകളായിരുന്നു ഏബ്രഹാം തോമസച്ചനുമായി തിരുമേനിക്കു ചെയ്യേണ്ടിയിരുന്നത്. വിമാനം ഇറങ്ങിയ തിരുമേനി, പിഴവു വരാത്തവിധം ആർച്ചുബിഷപ്പുമായുള്ള സന്ദർശനത്തിനുള്ള നിർദ്ദേശങ്ങൾ ലണ്ടൻ വികാരിക്കു നൽകി. യൂറോപ്പ്, യു.കെ. ഭാഗത്തുള്ള എല്ലാ അച്ചന്മാരും അവരുടെ ഭാര്യമാരും ഒക്കെ ഇന്ത്യയുടെ ആർച്ചുബിഷപ്പായ മക്കാറിയോസ് തിരുമേനിയെ അകമ്പടി സേവിച്ചു രാജകീയ പ്രൗഢിയോടെ ലാംബത്ത് പാലസ് സന്ദർശിക്കുന്നതിനുള്ള ക്രമീകരണങ്ങളുടെ വിശദ ചർച്ചകളായിരുന്നു അവർ നടത്തിയത്.

ആഗോള നേതാക്കന്മാരുടെ മുമ്പിൽ തലയെടുപ്പോടെ നിൽക്കാനുള്ള കഴിവിനെക്കുറിച്ച് നേരത്തെ ഉദാഹരണ സഹിതം വിവരിച്ചിരുന്നല്ലോ. തിരുമേനിയുടെ ലാംബത്തു സന്ദർശനം ഇംഗ്ലണ്ടിലെ മാധ്യമങ്ങൾ പ്രാധാന്യത്തോടെ നേരത്തെ പ്രസിദ്ധീകരിച്ചിരുന്നു. കാന്റർബറി ആർച്ച് ബിഷപ്പിനു ബ്രിട്ടീഷ് ഭരണ കാര്യങ്ങളിൽ ഒരു പ്രധാന പദവി തന്നെ ഉണ്ട്.

ലാംബത്ത് കൂടിക്കാഴ്ച

2007 ഡിസംബർ 20-ന് ആയിരുന്നു കാന്റർബറി ആർച്ച് ബിഷപ്പുമായുള്ള കൂടിക്കാഴ്ച ഒരുക്കിയിരുന്നത്. ബ്രിട്ടീഷ് രാജഭരണത്തിൽ ബ്രിട്ടീഷ് രാജാക്കന്മാരുടെ ശിരസ്സിൽ കിരീടം വച്ച് അവരെ സമുന്നത പദവിയിലേക്കു പ്രവേശിപ്പിക്കുന്ന അതിപ്രധാനമായ ഒരു പദവിയാണ് ആംഗ്ലിക്കൻ സഭയുടെ കാന്റർബറി ആർച്ച് ബിഷപ്പിന് അനുവദിച്ചിരിക്കുന്നത്. ആ ആർച്ച് ബിഷപ്പിന് ഔദ്യോഗിക വസതിയായി ഒരു കൊട്ടാരം തന്നെ രാഷ്ട്രം അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതിന്റെ പേരാണ് ലാംബത്തു പാലസ്. രാജകൊട്ടാരമായ ബക്കിംഹാം പാലസിനും, പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയായ 10 ബ്രൗണിനു സ്ട്രീറ്റിനും നൽകുന്നതു പോലെ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ലാംബത്തു പാലസിനും ബ്രിട്ടീഷ് പട്ടാളത്തെ സെക്യൂരിറ്റി ഗാർഡുകളായി നിയമിച്ചിട്ടുണ്ട്.

തന്റെ വൈദിക സംഘവും കുടുംബവും ഒന്നിച്ച് ഏകദേശം നാല്പതു അംഗങ്ങളുടെ അകമ്പടിയോടുകൂടിയാണു ഇന്ത്യയുടെ ആർച്ച് ബിഷപ്പ്, ബ്രിട്ടീഷ് ആർച്ച് ബിഷപ്പ് ഡോ. റോവൻ വില്യം താമസിക്കുന്ന ലാംബത്തിലേക്കു കടന്നുചെന്നത്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്തു ഇന്ത്യ ഒരു ദരിദ്രരാജ്യമായും ഇന്ത്യക്കാർ വിദ്യാവിഹീനരായും ബ്രിട്ടീഷുകാർ ധരിച്ചുവച്ചിരുന്നു. ഇന്ത്യൻ സ്വതന്ത്ര്യത്തോടു കൂടി ബ്രിട്ടീഷുകാരുടെ ആ ധാരണ ഒട്ടൊക്കെ മറഞ്ഞിരുന്നു. പ്രത്യേകിച്ച് ആദ്യ ഇന്ത്യൻ ഹൈക്കമ്മീഷണറായി ലണ്ടനിൽ ചാർജ്ജെടുത്ത തികഞ്ഞ രാജ്യസ്നേഹിയും അതീവ ബുദ്ധിശാലിയും മലയാളിയുമായിരുന്ന വി. കെ. കൃഷ്ണമേനോൻ ലണ്ടനിൽ ഇന്ത്യയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചിരുന്നു. രാജാജി, പണ്ഡിറ്റ് ജവഹർലാൽ നെഹ്രു തുടങ്ങിയ ഇന്ത്യൻ നേതാക്കളുടെ ധിഷണാ വൈഭവവും കഴിവുറ്റ മികവും ബ്രിട്ടീഷുകാർ നേരിട്ട് കണ്ടു മനസ്സിലാക്കുകയും ചെയ്തുകഴിഞ്ഞിരുന്നു.

ഇന്ത്യയിലെ പൗരാണിക അപ്പോസ്തോലിക സഭയുടെ പ്രതിനിധി-പകലോമറ്റത്തിന്റെ ആഢ്യപുത്രൻ - ലാംബത്തിലേക്കു കടന്നുചെല്ലുമ്പോൾ ഒരു സഭാംഗം രഹസ്യമായി തിരുമേനിയോടു ചോദിച്ചു, "തിരുമേനിക്കു കാന്റർബറി ആർച്ചു ബിഷപ്പുമായി സംസാരിക്കുമ്പോൾ സഭാകമ്പം ഒന്നും തോന്നുകില്ലേ?"

അനേകം അന്തർദേശീയ വേദികളെ അലങ്കരിക്കയും രാഷ്ട്രീയ-മതനേതാക്കന്മാരുമായി സുദൃഢ ബന്ധം പുലർത്തുകയും ചെയ്ത മക്കാറിയോസിനുണ്ടോ ലാംബത്തിൽ കാലിടറുന്നു? ഒരു അത്യുന്നത മഹാചാര്യന്റെ തലയെടുപ്പോടെ പട്ടാളമദ്ധ്യത്തിലൂടെ ലാംബത്തിലേക്കു നടന്നുകൊണ്ടിരുന്ന തിരുമേനി വശ്യമായി ഒന്നു ചിരിച്ചു കൊണ്ടു ചോദ്യകർത്താവിനോടു പറഞ്ഞു.

"എന്നെ കാണുമ്പോൾ ചിലപ്പോൾ അദ്ദേഹത്തിനു സഭാ കമ്പം തോന്നിയേക്കാം. ഇതു സഹോദരന്മാരുടെ ഒരു സൗഹൃദ കൂടിക്കാഴ്ച്ചയല്ലേ?"

മക്കാറിയോസ് തിരുമേനിക്കും സംഘത്തിനും വളരെ ഹൃദ്യമായ ഒരു സ്വീകരണമാണ് ലാംബത്ത് കൊട്ടാരത്തിൽ ലഭിച്ചത്. ഈ ചരിത്ര പ്രസിദ്ധമായ കൂടിക്കാഴ്ചയ്ക്കു ബ്രിട്ടീഷ് മാധ്യമങ്ങൾ വൻ പ്രചാരണമാണ് നൽകിയത്. ആർച്ച് ബിഷപ്പ് വില്യമും ആർച്ച്ബിഷപ്പ് മക്കാറിയോസും തമ്മിലുള്ള കൂടിക്കാഴ്ച സഭകളും ബ്രിട്ടീഷ് സമൂഹവും ടി. വി. ചാനലുകളിൽ അതീവ ശ്രദ്ധയോടെ വീക്ഷിച്ചു.

ബ്രിട്ടണിലെ ഓർത്തഡോക്സ് സമൂഹത്തെ സന്ദർശിക്കുമ്പോൾ അതാതു സ്ഥലങ്ങളിലെ ആംഗ്ലിക്കൻ ഇടവകകളും നേതാക്കന്മാരും

തന്നെ സ്വീകരിച്ച് ആദരിച്ചുകൊണ്ടിരിക്കുന്ന കാര്യം മക്കാറിയോസ് തിരുമേനി ആർച്ച് ബിഷപ്പിനെ അറിയിച്ചു.

അതെ തുടർന്ന്, ക്രൈസ്തവ സഭകൾ ഏകോപിച്ചു പ്രവർത്തിക്കുന്നതിനുള്ള പുത്തൻ ആശയങ്ങൾ മക്കാറിയോസ് മെത്രാപ്പോലീത്താ ആർച്ചുബിഷപ്പുമായി ചർച്ച ചെയ്തു. ലോകമതങ്ങളോടു ക്രൈസ്തവർക്കുണ്ടായിരിക്കേണ്ട സ്നേഹ മനോഭാവങ്ങളെക്കുറിച്ച് മക്കാറിയോസ് തിരുമേനി ചാരുതയാർന്ന ഭാഷയിൽ വർണ്ണഭംഗിയോടെ അവതരിപ്പിക്കുന്ന സീനുകൾ ബി.ബി.സി ചാനലുകൾ പ്രസിദ്ധപ്പെടുത്തി. തിരുമേനിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കേൾക്കാൻ ബ്രിട്ടീഷുകാർ ശ്രദ്ധയോടെ കാതോർത്തു.

മലങ്കര ഓർത്തഡോക്സ് സഭയ്ക്കു ബ്രിട്ടീഷ് സാമ്രാജ്യത്തിലെവിടെയും ആംഗ്ലിക്കൻ സഭയുടെ സമ്പൂർണ്ണ സഹായവും സഹകരണവും ആർച്ച്ബിഷപ്പ് വാഗ്ദാനം ചെയ്തു.

മക്കാറിയോസിന്റെ സംഭാഷണത്തിലെ ഫലിതങ്ങളും, സരസ്വതീവിലാസവും, ആസ്വദിച്ചുകൊണ്ട് കാന്റർബറി ആർച്ച് ബിഷപ്പ് ഉള്ളുതുറന്നു ചിരിച്ചു. ഏറെ നാളായി പ്രശ്നങ്ങൾ നിറഞ്ഞ ആംഗ്ലിക്കൻ സഭയുടെ ആഗോള പ്രശ്നങ്ങൾ മാത്രം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന തനിക്ക് ഇതുപോലെ ഉള്ളു തുറന്നു ചിരിക്കാൻ കിട്ടുന്ന അവസരങ്ങൾ വളരെ ദുർലഭമാണെന്നും അങ്ങനെ ചിരിക്കാൻ തക്ക ഫലിതങ്ങൾ പൊഴിച്ച് മക്കാറിയോസ് തന്ന അസുലഭ സന്ദർശനമാണ് ഇതെന്നും പറഞ്ഞുകൊണ്ട് ആർച്ച്ബിഷപ്പ് വീണ്ടും ചിരിച്ചു.

തനിക്കും വൈദികർക്കും നല്കിയ സ്വീകരണ സൽക്കാരങ്ങൾക്കു നന്ദി പ്രകാശിപ്പിച്ചുകൊണ്ട് "ഇതു മലങ്കരസഭയ്ക്കു നല്കിയ അംഗീകരണവും സ്വീകരണവുമായി ഞങ്ങൾ കരുതുന്നു" എന്നു മക്കാറിയോസ് പ്രതിവചിച്ചു. മക്കാറിയോസിനെ വാതിൽ വരെ വന്നു കൈവീശി യാത്ര പറഞ്ഞു പിരിയുമ്പോൾ ഒരു ഉത്തമ സുഹൃത്തിനെ പിരിയുന്ന ദുഃഖ ഭാവമായിരുന്നു ആർച്ച് ബിഷപ്പിന്റെ മുഖത്ത് ദൃശ്യമായത്."

മക്കാറിയോസിന്റെ ഗുരുതരമായ കാറപകടത്തിനു പതിനഞ്ചു ദിവസം മുമ്പായിരുന്നു ഈ ചരിത്ര പ്രസിദ്ധമായ കൂടിക്കാഴ്ച.

ആഗോള തലത്തിൽ സൗഹൃദം സ്ഥാപിച്ച മാർ മക്കാറിയോസ്

സ്വന്തം ലേഖകൻ

തിരുവല്ല: അര നൂറ്റാണ്ടിലേറെയായി രാജ്യാന്തര സഭാ-സാംസ്കാരിക വേദികളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായ ഡോ. തോമസ് മാർ മക്കാറിയോസിന് ഇന്ന് ജന്മനാടിന്റെ വിട.

മലങ്കരസഭയിൽ മാത്രമല്ല വിദേശ ഓർത്തഡോക്സ് സഭകളിലെയും കത്തോലിക്കാ, ആംഗ്ലിക്കൻ സഭകളിലെയും അധ്യക്ഷന്മാരുമായും ലോക നേതാക്കന്മാരുമായും അദ്ദേഹം ബന്ധം അരക്കിട്ടുറപ്പിച്ചിരുന്നു. 1961-ൽ ഡൽഹിയിൽ നടന്ന സഭകളുടെ ലോക കൗൺസിൽ സമ്മേളനമാണ് മാർ മക്കാറിയോസിന്റെ അമേരിക്കൻ ബന്ധത്തിനു തുടക്കമായത്. അന്നു സമ്മേളനത്തിൽ പങ്കെടുത്ത ബിഷപ് സ്കേഫുമായി ഉണ്ടാക്കിയ പരിചയം പിൽക്കാലത്തും തുടർന്നു. അന്നു വൈദികനായിരുന്ന ഫാ. കെ. സി. തോമസിനെ ബിഷപ് സ്കേഫ് അമേരിക്കയിലേക്കു ക്ഷണിക്കുകയായിരുന്നു. വെർജീനിയായിൽ താമസിച്ചു വേദശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി.

മെത്രാപ്പോലീത്തായായ ശേഷം പല ലോകനേതാക്കളുമായി ബന്ധം സ്ഥാപിക്കാൻ മാർ മക്കാറിയോസിനു കഴിഞ്ഞു. 1975-ൽ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയെ സന്ദർശിച്ച അദ്ദേഹം ഇന്ദിരയുടെ മരണം വരെയും ആ ബന്ധം തുടർന്നു. അന്നത്തെ പ്രസിഡന്റായിരുന്ന ഫക്രുദീൻ അലി അഹമ്മദിനെ കാണുവാൻ മാർ മക്കാറിയോസിന് അവസരം ഒരുക്കിയതും ഇന്ദിരാഗാന്ധിയായിരുന്നു. മുൻ രാഷ്ട്രപതി കെ. ആർ. നാരായണനുമായും അടുത്ത ബന്ധമുണ്ടായിരുന്നു. 1982-ൽ ന്യൂയോർക്കിൽ യു.എൻ.ഒ. യുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഇന്ദിരാഗാന്ധിക്ക് ഇന്ത്യൻ സമൂഹം വിരുന്നു നൽകി. അന്ന് കെ. ആർ. നാരായണനായിരുന്നു ഇന്ത്യൻ അംബാസഡർ. അക്കാലത്ത് ഇന്ത്യയിൽ നിന്ന് അമേരിക്കയിൽ സ്ഥിരതാമസമാക്കിയ ഏക ബിഷപ് എന്ന നിലയിൽ മാർ മക്കാറിയോസും ചടങ്ങിൽ പങ്കെടുത്തു. അമേരിക്കയ്ക്കു യോജിച്ച അംബാസഡറെയാണു ഞങ്ങൾക്കു ലഭിച്ചിരിക്കുന്നത് കെ. ആർ നാരായണനെ ചൂണ്ടിക്കാട്ടി മാർ മക്കാറിയോസ് പറഞ്ഞു.

നാരായണൻ പ്രസിഡന്റായ ശേഷം രാഷ്ട്രപതി ഭവനിൽ നിന്നു മാർ മക്കാറിയോസിന് ഒരു കത്ത് ലഭിച്ചു. 'ഇനി ഇന്ത്യയിൽ വരുമ്പോൾ രാഷ്ട്രപതിയുടെ അതിഥിയായി ഡൽഹിയിൽ താമസിക്കണം.' ഇതായിരുന്നു കത്തിലെ ഉള്ളടക്കം.

അപകടത്തിൽപ്പെടുന്നതിനു 15 ദിവസം മുമ്പ് ഡിസംബർ 20-ന് ബ്രിട്ടനിൽ കാന്റർബറി ആർച്ച്ബിഷപ് ഡോ. റോവൻ വില്യംസുമായി ലാംബത്ത് പാലസിൽ നടത്തിയ കൂടിക്കാഴ്ച സഭയും സമൂഹവും ശ്രദ്ധയോടെയാണു വീക്ഷിച്ചത്.

ഇത്തരം കൂടിക്കാഴ്ചയ്ക്ക് ഇന്ത്യയിൽ നിന്ന് അവസരം ലഭിച്ച ചുരുക്കം ചിലരിൽ ഒരാളാണ് മാർ മക്കാറിയോസ്. ഡിസംബർ, ജനുവരി മാസങ്ങളിലായി ബ്രിട്ടനിലെ ഓർത്തഡോക്സ് പള്ളികളിലും മറ്റ്

ഇടവകകളിലും ഇദ്ദേഹം പര്യടനം നടത്തിയിരുന്നു. ആംഗ്ലിക്കൻ സഭകൾ ഉൾപ്പെടെ മാർ മക്കാറിയോസിനു സ്വീകരണവും നൽകിയിരുന്നു. ക്രൈസ്തവ സഭകൾ ഏകോപിച്ചു പ്രവർത്തിക്കണമെന്ന ആശയം പങ്കുവച്ച് മടങ്ങുന്ന വഴിയായിരുന്നു അപകടം. അപകടത്തിന്റെ അമ്പതാം ദിനത്തിലായിരുന്നു ഡോ. തോമസ് മാർ മക്കാറിയോസിന്റെ ദേഹവിയോഗം.

കൊറ്റനാട് പഞ്ചായത്തിലുള്ള കുടുംബവീട്ടിലേക്കു ഭൗതിക ശരീരം കൊണ്ടുവന്നില്ലെങ്കിലും കാലം ചെയ്ത വിവരം അറിഞ്ഞ ഉടൻതന്നെ വൈദികരും വിശ്വാസികളും അടക്കം നൂറുകണക്കിനു പേർ ഇവിടേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. സഹോദരനായ റമ്പാൻ ലാസറസ് കോർ എപ്പിസ്കോപ്പാ ഭൗതിക ശരീരത്തോടൊപ്പം എത്തും. മറ്റൊരു സഹോദരനായ കെ. സി മാത്യൂസ് കോറെപ്പിസ്കോപ്പാ കുടുംബവീട്ടിൽ ഉണ്ട്. സഹോദരിമാരായ സിസ്റ്റർ മറിയവും മറ്റൊരു സഹോദരി കെ. സി. അന്നമ്മയും സഹോദരന്റെ വിയോഗ വാർത്ത അറിഞ്ഞതു മുതൽ തീയാടിക്കലിലെ വീട്ടിൽ ഉണ്ട്.

(Malayalala Manorama News, 01 Mar 2008 **)**

മാർ മക്കാറിയോസ് അവസാനമായി പഴയസെമിനാരിയിൽ വി. കുർബ്ബാന അർപ്പിച്ചപ്പോൾ. ഫോട്ടോ: ജോയ്സ് തോട്ടയ്ക്കാട്

അദ്ധ്യായം 33

യൂറോപ്പ് – യു.കെ. ഭദ്രാസനം കുതിപ്പിന്റെ തുടിപ്പുകൾ ജൈത്രയാത്ര തുടരുന്നു

മക്കാറിയോസ് തിരുമേനി ജനിപ്പിച്ച് ഓമനിച്ചു വളർത്തി എടുത്ത അമേരിക്കൻ ഭദ്രാസനം നിഷ്ക്കരുണം തട്ടിഎടുത്ത് പിച്ചച്ചട്ടിയിലെന്നോണം എറിഞ്ഞുകൊടുത്ത ഏതാനും പള്ളികളുമായി അദ്ദേഹത്തെ ഒതുക്കിഞെരിക്കാമെന്ന് കരുതിയവർക്കു തെറ്റി. ആരോടും പരിഭവമില്ലാതെ അദ്ദേഹം നിഷ്ക്കാസിതബോധമില്ലാതെ, സരസസംഭാഷണവുമായി ലോകം ചുറ്റുമ്പോഴും അദ്ദേഹം യൂറോപ്പിന്റെ തുടിപ്പുകൾ തിരിച്ചറിഞ്ഞു.

125 വർഷത്തിൽ നമുക്കുണ്ടായിരുന്ന ഏക ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡന്റായിത്തീർന്ന സർ ചേറ്റൂർ ശങ്കരൻ നായർ എന്ന കറ തീർന്ന ഇന്ത്യൻ പൗരനെ ചരിത്രപഠിതാക്കൾക്കു മറക്കാനാവില്ല, പ്രത്യേകിച്ച് മലയാളികൾക്ക്. സർ സി. ശങ്കരൻ നായർ അന്നത്തെ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് അംഗമായിരുന്നു. അദ്ദേഹം വൈസ്രോയിയുമായുണ്ടായ അഭിപ്രായ വ്യത്യാസത്തിൽ ഉന്നതസ്ഥാനം വലിച്ചെറിയാൻ സന്നദ്ധമായി.

മക്കാറിയോസ് തിരുമേനി ഈ ശങ്കരൻ നായരോട് പല കാര്യങ്ങളിലും സാമ്യമർഹിക്കുന്നു. അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും കാര്യത്തിൽ അവർ ഒരുപോലെ ആയിരുന്നു. തത്വത്തിന്റെ പേരിൽ ആരുടെയും മുന്നിൽ അവർ രണ്ടുപേരും കുനിഞ്ഞിരുന്നില്ല. ശങ്കരൻ നായർ വൈസ്രോയിയുമായുള്ള അഭിപ്രായ വ്യത്യാസത്തിൽ സ്വയം രാജിവെച്ചുവെങ്കിൽ മക്കാറിയോസ് തന്റെ ഭദ്രാസന ശിശുവിനെ വെട്ടിക്കീറി പങ്കുവെയ്ക്കാനും ഓരോ കഷണം ഭാഗിച്ചെടുക്കാനും ഒക്കെ ശ്രമിച്ചവർക്ക് വിട്ടുകൊടുത്തിട്ട് സ്വയം ത്യാഗം ഏറ്റെടുക്കുകയായിരുന്നു. ചെന്നായ്ക്കൾക്കു മുന്നിൽ കുഞ്ഞാടുകളെ വിട്ടിട്ട് ഓടിപ്പോകുന്ന ഒരു ഇടയനായിരുന്നില്ല. അദ്ദേഹം സ്ഥാനത്യാഗം ചെയ്തശേഷവും മരണംവരെയും ആ ആടുകളുടെ മദ്ധ്യേ ജീവിച്ചു. ശങ്കരൻ നായർ രാജിവച്ചത് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലത്തായിരുന്നു.

ഇന്നത്തെ രാജികൾക്ക് ഒരു പ്രത്യേക സ്റ്റൈൽ തന്നെ നേതാക്കന്മാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. രാജി വയ്ക്കുന്നതിനു മുമ്പ് രാജി സ്വീകരിക്കേണ്ട ആളെ പോയി നേരത്തെ കണ്ട്, "നാളെ ഞാൻ രാജിവയ്ക്കും – പക്ഷേ

രാജിക്കത്ത് പിൻവലിക്കണമെന്ന് അങ്ങ് എന്നോടാവശ്യപ്പെടണം. അങ്ങയുടെ അഭ്യർത്ഥനയെ മാനിച്ച് ഞാൻ രാജി പിൻവലിച്ചുകൊള്ളാം." ഈ ആധുനിക ടെക്നിക് മക്കാറിയോസിന്റെ കാലത്തു തന്നെ പ്രയോഗിച്ച മെത്രാച്ചനും മലങ്കരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്.

അങ്ങനെ അഭിമാനം പണയപ്പെടുത്തി അധികാരത്തിൽ തുടരുന്ന സമ്പ്രദായത്തെക്കുറിച്ച് കേട്ടിട്ടുണ്ട്.

ശങ്കരൻ നായരോട് രാജി പിൻവലിക്കാൻ പറഞ്ഞില്ല. ശങ്കരൻ നായരെ കാറിലേക്കു കയറ്റുന്ന സമയത്ത് ശങ്കരൻ നായരോട് വൈസ്രോയി ചോദിച്ചു: ശങ്കരൻ നായർ നിങ്ങൾക്കു ഒരു സഹായം ചെയ്യാമോ? നിങ്ങളുടെ സ്ഥാനത്തേക്ക് പകരക്കാരനായി വയ്ക്കാവുന്ന ഒരാളിനെ പറഞ്ഞു തരാമോ?

ശങ്കരൻ നായർ ഒരു നിമിഷം നിശ്ശബ്ദനായി നിന്നിട്ട് പറഞ്ഞു, "യുവർ എക്സലൻസി! അങ്ങേയ്ക്ക് രാമൻ നായരെ നിയമിക്കാം."

വൈസ്രോയി ചോദിച്ചു, "ആരാണീ രാമൻ നായർ? അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയണമെന്നുണ്ട്. ഒന്നു വിശദീകരിക്കാമോ?"

അപ്പോഴാണ് അക്ഷോഭ്യനായി, ഭയാശങ്കകളില്ലാതെ ശങ്കരൻ നായരിൽ നിന്നും ഉത്തരം പുറത്തുവന്നത്. "രാമൻ നായർ എന്റെ കുക്കാണ് (പാചകക്കാരൻ). ഞാൻ എന്തിനാണ് രാജി വയ്ക്കാനിടയായത്. അങ്ങു പറയുന്നതിനെല്ലാം "യെസ്" (ശരി) എന്നു പറയാൻ തയ്യാറാകാത്തതിനാണ് ഞാൻ വച്ചൊഴിഞ്ഞത്."

ശങ്കരൻ നായർ തുടർന്നു: "നോക്ക്, അങ്ങ് പറഞ്ഞതിനെല്ലാം 'യെസ്' പറയാതിരുന്നതുകൊണ്ടല്ലേ എനിക്കു രാജി വയ്ക്കേണ്ടി വന്നത്? കഴിഞ്ഞ 38 കൊല്ലമായി എന്റെ പാചകക്കാരനാണ്. ഇന്നുവരെ അയാൾ എന്നോട് 'നോ' പറഞ്ഞിട്ടില്ല. അയാളാണ് വൈസ്രോയിക്ക് പറ്റിയ എക്സിക്യൂട്ടീവ് അംഗം."

എന്തൊരു ധീരമായ സ്ഥാനത്യാഗം! മലങ്കരസഭയുടെ കാലിക സംഭവങ്ങളെ സി. ശങ്കരൻ നായരുടെ രാജിയുമായി തട്ടിച്ച് സ്വയം തീരുമാനങ്ങളിൽ എത്തുന്നതിന് വായനക്കാർക്ക് അവകാശമുണ്ടല്ലോ!

ബർമിംഗ്ഹാം യു.കെ. കൗൺസിൽ മീറ്റ് (2007 ഡിസംബർ 20)

ചരിത്രപ്രസിദ്ധമായ ലാംബത്ത് കൂടിക്കാഴ്ചയ്ക്കുശേഷം ഒട്ടുംതന്നെ വിശ്രമം എടുക്കാതെയാണ് മെത്രാപ്പോലീത്താ കാർമാർഗ്ഗം മണിക്കൂറുകൾ യാത്രചെയ്ത് യു.കെ. മേഖലാ മീറ്റിംഗിനായി ബിർമിംഗ്ഹാമിലേക്കു പോയത്.

കാറിലേക്കു കാലെടുത്തുവച്ച തിരുമേനി അടുത്തുനിന്ന അച്ചനോട് ചോദിച്ചു, "അച്ചാ എനിക്ക് എത്ര വയസ്സായി എന്നാ വിചാരം." അച്ചൻ പ്രതിവചിച്ചു, "എഴുപത്തിയഞ്ച് ആയിക്കാണും."

"എനിക്ക് ഇപ്പോൾ എൺപത്തിരണ്ട്. എൺപത്തിരണ്ടുകാരന്റെ ക്ഷീണം നിങ്ങൾക്കു മനസ്സിലാകില്ല. നിങ്ങൾ യുവാക്കളല്ലേ? പക്ഷേ പരിപാടികൾ ക്രമീകരിക്കുന്നവർ ഒരു പരിപാടി കഴിഞ്ഞ് അൽപം വിശ്രമസമയം വിട്ടിട്ടേ ക്രമീകരിക്കാവൂ."

ഇത്രയും പറഞ്ഞശേഷവും ചുറുചുറുക്കോടെ തിരുമേനി കാറിലേക്കു ചാടിക്കയറി.

മുമ്പൊരിക്കൽ മുൻ വൈസ് ചാൻസലറായിരുന്ന സിറിയക് തോമസ് റിട്ടയർമെന്റ് കഴിഞ്ഞ് മൂവാറ്റുപുഴയിൽ ഒരു പ്രൈവറ്റ് എൻജിനീയറിംഗ് കോളജിന്റെ ഓണററി ചെയർമാനായി പ്രവർത്തിച്ചിരുന്ന കാലത്ത് ആദ്യത്തെ കോൺവൊക്കേഷന് മാർത്താണ്ഡവർമ്മ മഹാരാജാവിനെ മുഖ്യാതിഥിയായി ക്ഷണിക്കാൻ പോയ ഒരു കഥ കേട്ടിട്ടുണ്ട്.

അദ്ദേഹം സിറിയക് തോമസിനോട് ഇതുപോലെ ചോദിച്ചു, 'എന്റെ വയസ്സ് എത്രയായി എന്നറിയാമോ?'

"എഴുപത്തിഅഞ്ചോ?" തോമസ് പറഞ്ഞു.

രാജാവു പറഞ്ഞു; "എനിക്ക് എൺപത്തിഎട്ട്; ഞാൻ വരണോ?"

നിർബന്ധം മൂലം രാജാവു കാറിൽ മൂവാറ്റുപുഴയ്ക്കു പോയി. ആദ്യത്തെ 5 ബാച്ചിലെ 65 കുട്ടികൾക്ക് സർട്ടിഫിക്കറ്റും ഗ്ലാസിൽ കൊത്തിയ മെമന്റോയും കൊടുക്കണം. കുറെ പേർക്കു കൊടുത്തു കഴിഞ്ഞപ്പോഴേക്കും രാജാവിന്റെ കാലിൽ നീരു വച്ചു. ഒന്നുകിൽ ബാക്കി ഇരുന്നുകൊണ്ട് കൊടുക്കുകയോ അഥവാ ബാക്കിയുള്ളത്, വേറൊരാളെക്കൊണ്ടു കൊടുപ്പിക്കയോ ചെയ്യാമെന്നുള്ള നിർദ്ദേശം മാർത്താണ്ഡവർമ്മ തള്ളിക്കളഞ്ഞ് വിവേചനം തോന്നാതിരിക്കത്തക്കവണ്ണം എല്ലാവർക്കും രാജകീയ കരങ്ങൾകൊണ്ട് കൊടുത്ത സംഭവം സിറിയക് തോമസ് അനുസ്മരിക്കുന്നു.

അതുപോലെയായിരുന്നു മക്കാറിയോസ് തിരുമേനി ബർമ്മിംഗ്ഹാം യാത്രയ്ക്കു കാറിൽ കയറിയപ്പോൾ ചോദിച്ച ചോദ്യം.

യൂറോപ്യൻ മേഖലയിലെ എല്ലാ ഇടവക വികാരിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും സംബന്ധിച്ച ഈ മീറ്റിംഗ് ബ്രിട്ടണിലെ ഓർത്ത ഡോക്സുകാരെ സംബന്ധിച്ചിടത്തോളം ആദ്യമായിരുന്നു എന്നു പറയേണ്ടതുണ്ട്. കാനഡാ-യൂറോപ്പ് ഭദ്രാസനത്തിന്റെ പൊതുയോഗങ്ങളിൽ

മണിക്കൂറുകളോളം കടൽതാണ്ടി വിമാനയാത്ര ചെയ്ത് സംബന്ധിക്കുക ഇംഗ്ലണ്ടിലും യൂറോപ്യൻ രാജ്യങ്ങളിലും താമസിക്കുന്നവർക്ക് അത്ര എളുപ്പമായിരുന്നില്ല. അതുകൊണ്ടു തന്നെയാണ് തിരുമേനി ഇങ്ങനെ ഒരു മേഖലാ മീറ്റിംഗ് സംഘടിപ്പിച്ചത്. കനേഡിയൻ മേഖലയ്ക്കും ഇതു പോലെയുള്ള പ്രത്യേകയോഗം ഉണ്ടായിരിക്കും.

തിരുമേനിയുടെ ആമുഖപ്രസംഗം അത്യുജ്ജ്വലവും ഹൃദയസ്പർശിയുമായിരുന്നു. ആനുകാലിക പ്രശ്നങ്ങളും, ലോകപ്രശ്നങ്ങളും ഒക്കെ നിറഞ്ഞ ഈ ലോകത്തിൽ പ്രകാശത്തിന്റെ കൈത്തിരിയുമായി വന്ന നമുക്കു വലിയൊരു ദൗത്യം പാശ്ചാത്യനാടുകളിൽ ചെയ്തുതീർക്കുവാനുണ്ടെന്നു തിരുമേനി ഓർമ്മിച്ചു. ലോകത്തിന്റെ വെളിച്ചമായി വന്നവൻ മാതൃകയായി നമുക്കു മുന്നിലുണ്ട്. യേശുവിനോളം തെറ്റായ ആരോപണങ്ങൾ സഹിച്ച ഒരാളും ലോകചരിത്രത്തിലുണ്ടായിട്ടില്ല. നാലു കോടതികളിൽ മാറിമാറി ചോദ്യം ചെയ്യപ്പെട്ടിട്ടും ഒരു കുറ്റവും തെളിയിക്കാൻ ആ കോടതികൾക്കു കഴിഞ്ഞില്ല. സ്ത്രീയും പണവും മനുഷ്യനെ തെറ്റിലേക്കു പായിക്കുന്ന ഘടകങ്ങളാണ്. ആ രണ്ടു വിഷയങ്ങളിലും ക്രിസ്തുവിനെ ആരോപണത്തിൽ പിടിക്കാൻ കഴിഞ്ഞില്ല. ഏതിടത്തും പ്രകാശപൂർണ്ണമായി ജീവിക്കാൻ നമുക്കു കഴിയുമെന്ന് ക്രിസ്തു നമ്മെ പഠിപ്പിക്കുകയായിരുന്നു.

ഈ ജീവിതം പോരാട്ടത്തിന്റെ ജീവിതമാണ്. അവിടെ തകർന്നു പോകാനുള്ളതല്ല ജീവിതം. ഗാന്ധിജി എന്ന വിളക്ക് അണഞ്ഞുപോയെങ്കിലും ആ ജീവിതം അവശേഷിപ്പിച്ച വെളിച്ചം തലമുറകളെ പ്രകാശിപ്പിച്ചുകൊണ്ട് ഇപ്പോഴും നിലനിൽക്കുന്നില്ലേ? ഗാന്ധിയിൽ നിന്നും പ്രചോദനം സ്വീകരിച്ച സൗത്ത് ആഫ്രിക്കയിലെ നെൽസൺ മണ്ടേലയും, മ്യാൻമാറിലെ സാൻ സൂചിയും, മദർ തെരേസായും ഒക്കെ ആയുധമെടുക്കാതെയും രക്തം ചിന്താതെയും സമൂഹത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയവരാണ്.

യേശുക്രിസ്തുവിന്റെ പോരാട്ടശൈലി ദീർഘദർശി വിശേഷിപ്പിച്ചത് "അടിച്ചവർക്കു പുറവും മീശ പറിച്ചവർക്കു കവിളുകളും കാണിച്ചുകൊടുത്തു. നിന്ദയിൽ നിന്നും തുപ്പലിൽ നിന്നും അവൻ മുഖം തിരിച്ചില്ല" എന്നൊക്കെയാണ്. എതിർക്കാതെയും ശബ്ദമുയർത്താതെയും എത്ര ശക്തമായി മനുഷ്യരെ സ്വാധീനിക്കാമെന്ന് അവൻ ലോകത്തെ പഠിപ്പിച്ചു. നമുക്കു നമ്മുടെ സമൂഹത്തെയോ ഇടവകയെയോ ജനത്തേയോ സ്വാധീനിക്കണമെങ്കിൽ ക്രിസ്തുവിന്റെ ഈ മാർഗ്ഗമല്ലാതെ മറ്റൊന്നില്ല.

കുടുംബജീവിതത്തെ സ്പർശിച്ചുകൊണ്ടും അദ്ദേഹം പ്രസംഗം

തുടർന്നു. 'മകന്റെ വഴിവിട്ട ജീവിതത്തെ ഓർത്ത് ഒരമ്മ വ്യാകുലപ്പെട്ടു. മകൻ പോയ സ്ഥലങ്ങളിലെല്ലാം അമ്മയും നിശ്ശബ്ദയായി പിന്തുടർന്നു. മനമുരുകി അമ്മ ഒരുപാട് കണ്ണീരൊഴുക്കി. മുപ്പതു വർഷത്തോളം ആ മകൻ അമ്മയുടെ കണ്ണുനീർ കണ്ടില്ലെന്നു നടിച്ചു. എത്രനാൾ ഒരമ്മയുടെ പ്രാർത്ഥനയ്ക്കും കണ്ണീരിനും മുമ്പിൽ ഒരാൾക്കു പിടിച്ചു നിൽക്കാനാവും, ഇവിടെയും അതു തന്നെ സംഭവിച്ചു. ഒടുവിൽ ആ അമ്മയും മകനും വിശുദ്ധരായി - വി. മോനിക്കയും വി. അഗസ്തിനോസും."

ദീർഘമായി സംസാരിച്ച് മനസ്സുകളെ പാകപ്പെടുത്തിയശേഷം യൂറോപ്പു മേഖലയ്ക്കുള്ള പുതിയ കർമ്മപദ്ധതികൾ തിരുമേനി പ്രഖ്യാപിച്ചു. ആ പദ്ധതികളെ സംബന്ധിച്ചു കൂലങ്കഷമായ ചർച്ചകൾക്ക് വിട്ടുകൊടുത്തു. ഈ മേഖലയിലെ എല്ലാ ഇടവകകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പൊതുപരിപാടികൾ സംഘടിപ്പിക്കുക, ഇടവകകൾക്കായി സ്വന്തം ദേവാലയങ്ങൾ പണിയാനുള്ള സ്ഥലമോ, വിൽപ്പനയ്ക്കുള്ള പള്ളികളോ വാങ്ങിക്കുക, ആദ്ധ്യാത്മിക സംഘടനകൾക്ക് പ്രത്യേക ഭാരവാഹികളെ നിയോഗിക്കുക തുടങ്ങിയവ ചിന്തിച്ചു. ആ വിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ത്വരിതപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതികളും ചർച്ച ചെയ്തു തീരുമാനിച്ചു.

സഭയുടെ പ്രവർത്തനങ്ങളെ അടുത്ത തലമുറയ്ക്ക് പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന മാർഗ്ഗങ്ങൾ രൂപപ്പെടുത്തുവാൻ ഒരു പ്രത്യേക കമ്മിറ്റി ലണ്ടൻ പള്ളി വികാരി ഫാ. ഏബ്രഹാം തോമസ് കൺവീനറായി നിയമിക്കപ്പെട്ടു.

യൂത്ത്‌ലീഗ്	- ഫാ. ടി. ജോർജ്ജ്, ഫാ. ഹാപ്പി ജേക്കബ്.
സണ്ടേസ്കൂൾ	- ഫാ. വറുഗീസ് മാത്യു
സ്ത്രീസമാജം	- ഫാ. വറുഗീസ് ജോൺ

എന്നിവരേയും ചുമതലക്കാരായി നിയമിച്ചു.

യൂറോപ്പു മേഖലയിൽ ഉടനടി ചെയ്യാനുള്ള ഏതാനും കർമ്മപദ്ധതികൾക്ക് പ്രാമുഖ്യം നൽകി അതിനുള്ള കർമ്മപാത തീരുമാനിച്ചു.

ഫാ. വറുഗീസ് ജോൺ സ്വാഗതവും ഫാ. ഏബ്രഹാം തോമസ് നന്ദിയും രേഖപ്പെടുത്തി.

അന്നും പിറ്റെദിവസം തിരുമേനി ബർമിംഗ്ഹാമിൽ താമസിച്ച് ഇടവകജനങ്ങളേയും ദേശീയ നേതാക്കന്മാരെയും സന്ദർശിച്ചു. 2007 ഡിസംബർ 21-നു തിരുമേനി ബർമിംഗ്ഹാം സന്ദർശനം പൂർത്തിയാക്കി കവൻഡ്രി എന്ന സ്ഥലത്തേക്കു പോയി.

ലണ്ടൻ സെന്റ് ഗ്രീഗോറിയോസ് പള്ളിയിലെ ക്രിസ്തുമസ്സ് പരിപാടികളിലും ആരാധനയിലും സംബന്ധിപ്പാനായി തിരുമേനി ലണ്ടനിലേക്കു പോയി. ഇംഗ്ലണ്ടിലെ തലപ്പള്ളിയായ ഈ ഇടവകയുമായി തിരുമേനിക്കു പ്രത്യേക ഹൃദയബന്ധമുണ്ട്. ആദ്യം വാടകപ്പള്ളികളിൽ ആരാധന ആരംഭിച്ചതു മുതൽ ആംഗ്ലിക്കൻ ദേവാലയം വാങ്ങി പുനരുദ്ധരിച്ച് ഓർത്ത ഡോക്സ് പാരമ്പര്യത്തിനനുയോജ്യമായ ഒരു പ്രൗഢദേവാലയമായി മാറ്റി അതിന്റെ കൂദാശ നിർവ്വഹിക്കുന്നതുവരെയും തിരുമേനിക്ക് ഈ ദേവാലയവുമായി വളരെയേറെ സ്നേഹബന്ധമുണ്ടായിരുന്നു. അതു കൊണ്ട് തന്റെ അന്ത്യ ക്രിസ്തുമസ്സ് ശുശ്രൂഷ ആ പള്ളിയിൽ തന്നെ ആകണമെന്നായിരുന്നു ദൈവഹിതം.

ക്രിസ്തുമസ്സ് ഇംഗ്ലീഷ് ജനതതിക്ക് എത്ര സന്തോഷം നൽകുന്നു വെന്നറിയാമല്ലോ. നഗരവീഥികളെല്ലാം വൈദ്യുതാലങ്കാരാവൃതമായിരുന്നു. ബക്കിംഗ്ഹാം പാലസും നഗരവും പാർലമെന്റും വെസ്റ്റ് മിനിസ്റ്റർ ആബിയും തേംസ് നദിയിലെ പാലം പോലും വിവിധ വർണ്ണജ്വാല ദീപ പ്രഭയിൽ കുളിച്ചുനിന്നു.

ഈ സന്തോഷങ്ങളോടൊപ്പം ക്രിസ്തുമസ്സ് ആഘോഷതിമിർപ്പുകളിൽ സന്തോഷിക്കാനെത്തിയ മക്കാറിയോസ് തിരുമേനിയെ അവർ ആമോദത്തോടെ വരവേറ്റു. യുവാക്കളുടെയും, കുട്ടികളുടെയും ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ തിരുമേനി ഒരു കുട്ടിയെപ്പോലെ പങ്കുകൊണ്ടു.

ഡിസംബർ 23-നു രാവിലെ തിരുമേനിയുടെ വി. കുർബ്ബാനയിൽ സെന്റ് ഗ്രീഗോറിയോസ് പള്ളി നിറഞ്ഞു കവിഞ്ഞു. പ്രൗഢഗംഭീരമായ ക്രിസ്തുമസ്സ് പ്രഭാഷണം ജനങ്ങളുടെ ചെവിയിൽ മുഴങ്ങിക്കേട്ടു.

ഈ ആരാധനയും പ്രസംഗവും സെന്റ് ഗ്രീഗോറിയോസിലോ ലണ്ടൻ നഗരിയിലോ ഇനി കേൾക്കുകയില്ലെന്ന് അന്ന് ആരും നിരൂപിച്ചതില്ല. ജനമെല്ലാം ആ തൃക്കരങ്ങളിൽ നിന്നു വി. കുർബ്ബാന അനുഭവിച്ച് ആനന്ദനിർവൃതി അടഞ്ഞു.

ക്രിസ്തുമസ്സ് പരിപാടികൾക്കു നേതൃത്വം നൽകിയ തിരുമേനി അന്നു തന്നെ റോമൻ ആർച്ച്ബിഷപ്പ് കെവിൻ മക്ഡൊണാൾഡ്സുമായി കൂടിക്കാഴ്ച നടത്തി. 23-നു തന്നെ തിരുമേനി ബ്രിസ്റ്റലിലേക്കു പോയി.

അദ്ധ്യായം 34

ജൈത്രയാത്രയുടെ അന്ത്യം

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ സുവിശേഷ ജൈത്രയാത്ര പുരോഗമിക്കുംതോറും അദ്ദേഹത്തിന്റെ ചുറ്റും ഓടിക്കൂടുന്ന സദസ്സുകളുടെ വലിപ്പവും വർദ്ധിച്ചുകൊണ്ടിരുന്നു. സഭാമക്കളെ മാത്രമല്ല, പാശ്ചാത്യ സമൂഹത്തെപ്പോലും അദ്ദേഹം തന്റെ വ്യക്തിവിലാസത്തിൽ ആകർഷിക്കുകയും മലങ്കരസഭയുടെ ദൗത്യം അവരിലേക്ക് നിഷ്പ്രയാസം ഒഴുക്കുകയും ചെയ്തുവന്നു. സ്വതസിദ്ധമായ ശൈലിയാൽ, ജനശ്രദ്ധ അദ്ദേഹത്തിലേക്കു ഒഴുകിവന്നു. എല്ലാം ദൈവത്തിന്റെ ദാനം എന്ന ഭാവമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു.

എന്നാൽ നമ്മുടെ സമൂഹത്തിൽ ചില നേതാക്കന്മാരെങ്കിലും ആൽസിബയഡസിന്റെ പിൻഗാമികളായി കാണപ്പെടാറുണ്ട്. ബി.സി. 450-നും 404-നും ഇടയ്ക്കു ആതൻസിൽ ജീവിച്ചിരുന്ന പ്രഗത്ഭനായ ഒരു രാജ്യതന്ത്രജ്ഞനായ ജനറലായിരുന്ന ആൽസിബയഡസിന് വളരെ കഴിവുകളുണ്ടായിരുന്നിട്ടും ഒരു ബലഹീനത കൂടി ഉണ്ടായിരുന്നു. ചീപ്പ് പോപ്പുലാരിറ്റിക്കും ആളുകളുടെ കൈയടികൾക്കും വേണ്ടി അദ്ദേഹം ഏതു താണ മാർഗ്ഗത്തിലേക്കും താഴാൻ മടികാണിച്ചിരുന്നില്ല. എന്തു തന്നെയായാലും ജനശ്രദ്ധ തനിക്കു കിട്ടണം. ഒരിക്കൽ ജനശ്രദ്ധ തീരെ കുറഞ്ഞുവെന്നു തോന്നിയ ഒരു ഘട്ടത്തിൽ അദ്ദേഹം സ്വന്തം പട്ടിയുടെ വാൽ മുറിച്ച് അതിനെ നഗരവീഥികളിലൂടെ പ്രദർശിപ്പിച്ചു നടന്നുപോലും. വാൽ മുറിഞ്ഞ പട്ടിയിലൂടെ ജനങ്ങളെ തന്നിലേക്ക് ശ്രദ്ധിപ്പിച്ചതായിട്ടാണ് ചരിത്രം. ഈ "പട്ടിയുടെ വാൽ മുറിച്ചു" ശ്രദ്ധ ആകർഷിക്കുന്നവർ, പ്രോത്സാഹനം നല്ലതാണെങ്കിലും അതിന് അവലംബിക്കുന്ന മാർഗ്ഗം ശരിയാണോ എന്നു ചിന്തിക്കുന്നതു കൊള്ളാം.

എന്നാൽ മക്കാറിയോസിന്റെ ജനശ്രദ്ധയുടെ രഹസ്യം അദ്ദേഹത്തിന് ദൈവം നൽകിയ കഴിവും വ്യക്തിത്വവും, വാഗ്വിലാസവുമാണ്. ജീവിതത്തിലെ എല്ലാ അനുഭവങ്ങളേയും യാതൊരു പരാതിയും കൂടാതെ സ്വീകരിക്കുവാനുള്ള വലിയ മനസ്സായിരുന്നു തിരുമേനിക്കുണ്ടായിരുന്നത്. സന്തോഷങ്ങളും ദുഃഖങ്ങളും വിജയങ്ങളും പരാജയങ്ങളും എല്ലാം യാതൊരു പരിഭവവും കൂടാതെ സ്വീകരിക്കുവാൻ തിരുമേനിക്കു കഴിഞ്ഞിരുന്നു. ഇതായിരുന്നു മക്കാറിയോസ് തിരുമേനി തന്റെ മിഷൻയാത്രയിൽ നൽകിയ ജീവിത സന്ദേശം. നമുക്ക് അദ്ദേഹത്തിന്റെ യാത്രയെ പിന്തുടരാം.

ബ്രിസ്റ്റൾ

യൂറോപ്പിലെ പര്യടനത്തിനിടെ പ്രധാന പെരുനാളായ ക്രിസ്തുമസ്സിനു മക്കാറിയോസ് തിരുമേനിയെ തങ്ങൾക്കു ലഭിച്ചതിൽ ബ്രിസ്റ്റൾ സെന്റ് മേരീസ് ഇടവക ആബാലവൃദ്ധം ആനന്ദ നിർവൃതിയിലായിരുന്നു. മറ്റാർക്കും ലഭിക്കാത്ത സൗഭാഗ്യമാണ് ആ കൊച്ച് ഇടവകയ്ക്കു ലഭിച്ചതെന്നുള്ളതിൽ അവർ തുള്ളിച്ചാടി. "മക്കാറിയോസ് തിരുമേനി വരുന്നു" എന്നു ഓർക്കുമ്പോൾ തന്നെ കൊച്ചു സുന്ദരമായ കുട്ടിക്കഥകൾ കേൾക്കാൻ അവിടത്തെ കളിക്കുടുക്കകൾ ഉത്സുകരായി.

ഡിസംബർ 23-നു സന്ധ്യയ്ക്ക് എത്തിയ തിരുമേനി 23, 24, 25 തീയതികൾ അവിടെത്തന്നെ ചെലവഴിക്കുന്നു എന്നുള്ളത് അവർക്ക് ഏറ്റം സന്തോഷമായിരുന്നു. 23-ാം തീയതിയിലെ സന്ധ്യാനമസ്കാരത്തിനും, 24-ാം തീയതി വൈകിട്ടത്തെ ക്രിസ്തുമസ്സ് ആരാധനകൾക്കും വി. കുർബ്ബാനയ്ക്കും തിരുമേനി നേതൃത്വം നൽകി.

25-ാം തീയതി ക്രിസ്തുമസ്സ് പൊതുഅവധി ദിവസമായിരുന്നതിനാൽ തിരുമേനിക്കുള്ള പൗരസ്വീകരണവും തുടർന്ന് ലഞ്ചു സൽക്കാരവും വിവിധ കലാപ്രകടനങ്ങളും എല്ലാം 25-ാം തീയതി നടന്നു. വെള്ളക്കാരായ പൗരന്മാർ സംബന്ധിച്ച ആ ചടങ്ങിൽ തിരുമേനി മുഖ്യ അതിഥിയായിരുന്നു. തിരുമേനിയുടെ അന്നത്തെ സന്ദേശം പാശ്ചാത്യരിൽ വളരെയേറെ മതിപ്പുളവാക്കി.

കെന്റ്

ഡിസംബർ 25-ന് ബ്രിസ്റ്റണിൽ നിന്നു മടങ്ങിയ തിരുമേനി കെന്റിലുള്ള ബസ്റ്റ് ബസ്റ്റേൺ ഗ്രൂപ്പിന്റെ 'ഡോണിംഗ്ടൺ മാനോർ' എന്ന ഹോട്ടലിലായിരുന്നു താമസിച്ചിരുന്നത്. കെന്റിൽ തിരുമേനിക്ക് പ്രത്യേക പരിപാടികൾ ക്രമീകരിച്ചിരുന്നില്ല. അന്ന് തിരുമേനി പരിപൂർണ്ണ വിശ്രമം എടുക്കട്ടെ എന്ന് ആലോചിച്ചാണ് താരതമ്യേന ഗ്രാമീണാന്തരീക്ഷമുള്ള കെന്റിൽ അദ്ദേഹത്തിനു താമസം ഒരുക്കിയത്.

അവിടെയും ചോരയെ തിരിച്ചറിയുന്നു

തിരുമേനി കെന്റിലെ ഹോട്ടലിൽ താമസിക്കുന്ന വിവരം കെന്റിലുള്ള ബാലു ചെറിയാൻ കുടുംബത്തിനല്ലാതെ മറ്റാർക്കും അറിവുണ്ടായിരുന്നില്ല.

26-ാം തീയതി തിരുമേനി വിശ്രമിക്കവേ രണ്ടു പെൺകുട്ടികൾ തിരുമേനിയെ സന്ദർശിക്കുന്നതിനെത്തി. കൗണ്ടറിൽ നിന്നും രണ്ടു പെൺകുട്ടികൾ കാണാനെത്തിയ വിവരം മുറിയിലേക്കു വിളിച്ചു പറഞ്ഞു. സ്വാഗത മുറിയിലേക്കു അവരെ വിടാൻ തിരുമേനി പറഞ്ഞു.

തിരുമേനി സ്വാഗതമുറിയിൽ അവരെ സ്വീകരിച്ചു. ഇരുവരും കൈ മുത്തി. അവർ മലയാളി കുട്ടികളാണെന്ന് തിരിച്ചറിഞ്ഞു. അവർ കെന്റിൽ താമസിച്ചുകൊണ്ട് വിദ്യാഭ്യാസം നടത്തുന്നവരാണെന്ന് സ്വയം പരിച യപ്പെടുത്തി.

"ഞാൻ ഇവിടെ ഉണ്ടെന്ന് നിങ്ങൾ എങ്ങനെ അറിഞ്ഞു? അൽപ്പം വിശ്രമത്തിനായി ഞാൻ ഒഴിഞ്ഞസ്ഥലം കണ്ടുപിടിച്ചു ഇവിടെ ഒരു ദിവസം താമസിക്കാനെത്തിയതാണ്." തിരുമേനി ചോദിച്ചു.

"ഞങ്ങൾക്ക് തിരുമേനിയുടെ ഈ അഡ്രസ്സ് കാനഡായിൽ നിന്നു ലാസ്സറസ് റമ്പാച്ചൻ പറഞ്ഞറിഞ്ഞു കിട്ടിയതാണ്. ഞാൻ റമ്പാച്ചനെ വിളിച്ച് തിരുമേനിയെ കാണാൻ എവിടെ സൗകര്യപ്പെടുമെന്ന് ചോദിച്ച പ്പോഴാണ് ഇവിടെ ഉണ്ടായിരിക്കുമെന്നറിഞ്ഞത്." അവരിൽ ബിനി പറഞ്ഞു.

"ബിനിയുടെ വീട് എവിടെയാണ്?"

"അയിരൂർ കളമ്പാല." ബിനിയുടെ മറുപടി.

"കളമ്പാലയോ? കളമ്പാലെ നിന്റെ വീട്ടുപേര്?"

"കുറ്റിക്കണ്ടത്തിൽ കൊല്ലക്കുഴിയിൽ."

തിരുമേനി അത്ഭുതപൂർവ്വം കണ്ണു തുറന്നുനോക്കി. ബിനി പറഞ്ഞു, "തിരുമേനിയുടെ ഉപ്പാപ്പന്റെ കൊച്ചുമകളാണ് ഞാൻ. ഞാൻ തിരുമേ നിയെ ഇതുവരെ കണ്ടിട്ടില്ല. തിരുമേനി എന്നേയും. തിരക്കുപിടിച്ച പരി പാടികൾക്കു മദ്ധ്യേ തിരുമേനിയെ അകലെനിന്നു കാണാനേ പറ്റൂ. ഞങ്ങൾ താമസിക്കുന്നതിന്റെ അടുത്തുതന്നെ ഈ ഹോട്ടലിൽ തിരു മേനി വരുമെന്നറിഞ്ഞപ്പോൾ ഞാൻ സന്തോഷംകൊണ്ടു തുള്ളി. ഈ അവസരം പാഴാക്കാതിരിക്കാൻ നേരത്തെ സന്ദർശനാനുമതി ചോദി ക്കാതെ വരാനുള്ള ധൈര്യം കാട്ടിയത് ക്ഷമിക്കണം."

കേവലം അപരിചിതരെപ്പോലെ ആരംഭിച്ച സംസാരം തിരുമേനി തന്റെ ചോരയെ തിരിച്ചറിഞ്ഞതോടെ സ്നേഹവായ്പായി ഒഴുകി. ബിനി പിന്നീട് റമ്പാച്ചനെ വിളിച്ചു പറഞ്ഞു, "ഒരിക്കലും പ്രതീക്ഷിക്കാത്തവിധം തിരു മേനിയുടെ സ്നേഹം ഞാൻ ആസ്വദിച്ചു. ഞാൻ മറ്റുള്ളവരുടെ മുന്നിൽ വളരെ ഉയർന്നവളായിത്തീർന്നു."

ബിനിയുടെ ശിരസ്സിൽ ഇരുകരങ്ങളും വച്ച് തിരുമേനി പ്രാർത്ഥിച്ചു. കൂട്ടുകാരിയേയും അനുഗ്രഹിച്ചു. അവരുടെ പഠനത്തിനും ഭാവിജീവിത ത്തിനും ആശംസകൾ നേർന്നു മടക്കി അയച്ചു.

കെന്റിൽ താമസിക്കുന്ന ബാലു ചെറിയാന്റെ ആതിഥേയത്വം സ്വീകരിച്ച് തിരുമേനി 27-ാം തീയതി അവരുടെ ഭവനം സന്ദർശിച്ചു. പിന്നീട് അതേ ഹോട്ടലിൽ താമസിക്കാനെത്തിയ ലാസ്സറസ്സ് റമ്പാച്ചനോട് മിസ്സിസ്സ് ബാലു ചെറിയാൻ ഹോട്ടലിന്റെ സിറ്റൗട്ടിലെ കസേര ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു, "ഞങ്ങൾ തിരുമേനിയെ കൂട്ടിക്കൊണ്ടുപോകാൻ വരുമ്പോൾ ഇതാ ഈ കസേരയിൽ മനോഹരമായ ചുവന്ന ളോഹ ധരിച്ച് രാജാവിനെപ്പോലെ ഇരുന്ന തിരുമേനിയുടെ രൂപം ഞങ്ങൾക്കു മറക്കാനാവില്ല. ഞങ്ങളുടെ വീട്ടിലെത്തിയ തിരുമേനി കുട്ടികളുമായി നടത്തിയ നർമ്മസംഭാഷണം അവർക്കും മറക്കാനാവില്ല. അദ്ദേഹത്തിന്റെ ആ രാജകീയ വസ്ത്രങ്ങൾ അവസാനമായി അലക്കുവാനുള്ള ഭാഗ്യം എന്റെ വാഷിംഗ് മെഷീനും ഞങ്ങളുടെ കുടുംബത്തിനുമാണ് ലഭിച്ചത്. അത് എന്നും ഞങ്ങളുടെ ഓർമ്മകളിൽ തങ്ങിനിൽക്കും" എന്ന് മിസ്സിസ്സ് ബാലു പറഞ്ഞു.

ഓക്സ്ഫെഡ്

ഒരു ദിവസത്തെ പരിപൂർണ്ണ വിശ്രമത്തിനുശേഷം മക്കാറിയോസ് തിരുമേനി തന്റെ മിഷനറിയാത്ര ഡിസംബർ 28-ന് വീണ്ടും ആരംഭിച്ചു.

ഓക്സ്ഫഡിൽ അന്ന് ഒരു ഇടവക ഉണ്ടായിരുന്നില്ല. എങ്കിലും അവിടത്തെ സുപ്രസിദ്ധ യൂണിവേഴ്സിറ്റിയിൽ പഠനാർത്ഥം എത്തുന്ന ഓർത്തഡോക്സ് വിദ്യാർത്ഥികൾക്കു വേണ്ടി ലണ്ടനിൽ നിന്ന് അച്ചന്മാർ ഇടദിവസങ്ങളിൽ വന്ന് വി. കുർബ്ബാന അർപ്പിച്ചിരുന്നു.

മുമ്പ് പത്തനാപുരത്തെ കാലം ചെയ്ത തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനി ഓക്സ്ഫോർഡിലെ കൗളി ഫാദേഴ്സിന്റെ ആശ്രമത്തിൽ താമസിച്ചുകൊണ്ട് ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠനം നടത്തിയിരുന്ന കാര്യം നേരത്തെ സൂചിപ്പിച്ചല്ലോ. ഈ സർവ്വകലാശാല ഇന്ത്യയ്ക്കു പൊതുവെയും നമ്മുടെ സഭയ്ക്കു പ്രത്യേകമായും പല നേതാക്കന്മാരേയും സംഭാവനയായി നൽകിയിട്ടുണ്ട്. ഇന്ത്യയുടെ വിശ്വവിഖ്യാതനായ രണ്ടാമത്തെ രാഷ്ട്രപതിയും ദാർശനികനുമായ ഡോ. രാധാകൃഷ്ണൻ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ സന്താനമാണെന്നറിയാമല്ലോ.

മക്കാറിയോസ് തിരുമേനി ഈ യൂണിവേഴ്സിറ്റിയിൽ എത്തി അവിടത്തെ വിദ്യാർത്ഥികളുമായി ഒരു ചർച്ച നടത്തി. നല്ല വിദ്യാർത്ഥികളെ ഇന്ത്യൻ സഭയ്ക്കും, ഇന്ത്യൻ രാഷ്ട്രത്തിനും സംഭാവന ചെയ്യുന്ന യൂണിവേഴ്സിറ്റിയെ തിരുമേനി സംഭാഷണത്തിൽ ശ്ലാഘിച്ചു. ഓക്സ്ഫോർഡിൽ പഠിക്കാൻ ദൈവം അവസരം തന്ന വിദ്യാർത്ഥികൾക്കു അതു

പോലെയുള്ള കടപ്പാട് ദൈവത്തോടും സഭയോടും ഉണ്ടായിരിക്കണമെന്ന് തിരുമേനി വിദ്യാർത്ഥികളെ ഉത്ബോധിപ്പിച്ചു.

ഒരു വിജ്ഞാന ഭണ്ഡാഗാരം

ഓക്സ്ഫോർഡിലെ വിദ്യാർത്ഥികളുടെ മുമ്പിലാണ് മക്കാറിയോസ് എന്ന മനുഷ്യനിലെ വിജ്ഞാനഭണ്ഡാഗാരം ശരിക്കും തുറന്നത്. തിരുമേനി ജീവിച്ച സാമ്രാജ്യങ്ങളും, പഠിച്ച സംസ്ക്കാരങ്ങളും വായിച്ച നല്ല പുസ്തകങ്ങളും എല്ലാം സമ്മാനിച്ച വിജ്ഞാനം ഒഴുകി ഒഴുകി വന്നു ഓക്സ്ഫോർഡിൽ. ഓക്സ്ഫോർഡ് ക്യാമ്പസും വിശാല പുൽത്തകിടികളും, അന്തസുള്ള കെട്ടിടസമുച്ചയവും വിശാലമായ പുസ്തക സഞ്ചയമടങ്ങിയ വലിയ ലൈബ്രറിയും തിരുമേനിയിലെ വിജ്ഞാനിയെ ഉദ്ദീപിപ്പിച്ചിരിക്കാം.

ഓരോ സംസ്ക്കാരത്തേയും ആഴത്തിൽ പഠിച്ചപ്പോൾ അദ്ദേഹത്തിലെ ദർശന കൗതുകം ചരിത്രാതീത കാലങ്ങളിലേക്കും വിശ്വസീമയിലേക്കും വികസിപ്പിച്ചിരുന്നു. വിശ്വസാഹിത്യത്തിൽ പ്രചാരത്തിൽ വന്നിട്ടുള്ള ഒട്ടേറെ പ്രതീകങ്ങളുടെ രഹസ്യം തുറന്നു നോക്കുവാൻ 'യുങ്ങി'ന്റെ ആദിരൂപ വിശ്ലേഷവും (Archetypal Analysis) പ്രതീകരൂപാന്തര പരിണാമവും (Transformation of Symbols) ആയിരുന്നു.

വിശ്വസംസ്ക്കാരം മനസ്സിലാക്കുവാനുള്ള ഒരു ഉപാധിയായി പുരാതന മതഗ്രന്ഥങ്ങളും മദ്ധ്യകാല സാഹിത്യകൃതികളും ജീവചരിത്രങ്ങളും തിരുമേനിയെ വളരെ സഹായിച്ചിരുന്നു. വി. വേദപുസ്തകത്തിലെ പഴയനിയമ പുസ്തകം സെമിറ്റിക് മതങ്ങൾക്കു പൊതുവെയുള്ള ആഖ്യാനങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് അദ്ദേഹം മനസ്സിലാക്കി. കൺഫ്യൂഷ്യസ്, ലാവോട്സെ, ചു ആംങ്സൂ എന്നിവരുടെ കൃതികൾ ചൈനീസ് വിജ്ഞാനീയം തുറന്നു കൊടുത്തു. സ്ലാവിക് സാഹിത്യത്തിലേക്കു വിരൽചൂണ്ടിയതു 'എൽഡർ എഡാ', 'യംഗർ എഡാ' എന്നീ കൃതികളായിരുന്നു.

ഹോമറിന്റെ സുപ്രസിദ്ധമായ 'ഇലിയഡും' 'ഒഡീസിയും' ഗ്രീക്കുകാരുടെ വീരസാഹസികതകളെയും പരിചയപ്പെടുത്തി. ഡാന്റേയുടെ 'ഡിവൈൻ കോമഡി' ക്രിസ്ത്യൻ പ്രതീകങ്ങളുടെ ഒരു വിരുന്നാണ് നൽകിയത്.

മാർക്കസ് ഔറേലിയസ്, ബോയിത്തസ്, ക്രിസ്ത്യൻ വിശുദ്ധന്മാർ, അലക്സാന്ത്രിയായിലെ ഹൈപേഷ്യാ, ശ്രീരാമകൃഷ്ണൻ, ടിബറ്റിലെ ഗുരു പരമ്പരയിലെ നരോപാ, മാർപ്പാ തുടങ്ങിയവരുടെ ഒക്കെ ജീവിത കഥകൾ തിരുമേനിയെ സ്വാധീനിച്ചിരുന്നു.

പാശ്ചാത്യ പഠനകാലത്ത് ബാക്ക്, ഫൈഡൻ, ബിഥോവൻ, റൊട്ട് സാർട്ട്, ബ്രാം, വാഗ്നർ, വിവാൻഡി തുടങ്ങിയവരുടെ സംഗീതലോകവുമായി ഒട്ടൊക്കെ പരിചയപ്പെടാൻ കഴിഞ്ഞു. ലിയോനാർഡോ ഡാവിഞ്ചി, മൈക്കൽ ആഞ്ചലോ മുതലായവരിൽ തുടങ്ങി റാംബ്രാണ്ടിൽ കൂടി പിസാറോ, റനാവർ മുതലായവരെ കടന്ന് വിൻസന്റ് വാൻകോക്, ഗോഗേൻ തുടങ്ങിയ പ്രതിഭകളെ സൃഷ്ടിച്ചുകൊണ്ട് പിക്കാസോയുടെ ക്യൂബിസത്തിൽ കൂടി ഷഗാൽ, മാറ്റിസ് മുതലായ സരസന്മാരിൽ എത്തിയ പാശ്ചാത്യ ചിത്രലോകത്തെപ്പറ്റിയും കുറെയൊക്കെ അദ്ദേഹം മനസ്സിലാക്കിയിരുന്നു.

ഇങ്ങനെ മക്കാറിയോസ് കടന്നു ചെല്ലാത്തതും മനസ്സിലാക്കാൻ ശ്രമിക്കാത്തതുമായ ഒരു ശാഖ ഇല്ല. അത് ആഴമേറിയ വായനകളിലേക്കും പഠനങ്ങളിലേക്കും അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി. അങ്ങനെ മക്കാറിയോസ് എന്ന വ്യക്തിയിൽ ഒരു വലിയ വിജ്ഞാനി പിറന്നു. ആ വിജ്ഞാനഭണ്ഡാരം സദസ്സുകൾക്കനുസരിച്ച് അദ്ദേഹം തുറന്നു നൽകിയിരുന്നു, അതും സരസഭാഷയിൽ. ഒരിക്കലും ആ മഹാപ്രഭയുടെ വിദ്വത് പ്രഭാഷണങ്ങളിൽ ആർക്കും മടുപ്പു തോന്നിയിരുന്നില്ല. ആ വിജ്ഞാന സാഗരത്തിൽ നിന്നും അവരവർക്കു വേണ്ടതുപോലെ കോരിക്കുടിക്കാൻ കഴിയുമായിരുന്നു.

ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയുടെ അന്തരീക്ഷവും വിദ്യാർത്ഥി വൃന്ദത്തിന്റെ സാന്നിദ്ധ്യവും തിരുമേനിയിലെ സാംസ്ക്കാരിക പ്രതിഭയെ തട്ടി ഉണർത്തുക തന്നെ ചെയ്തു.

ലിവർപൂൾ

2007 ഡിസംബർ 29-ാം തീയതി മാഞ്ചെസ്റ്റർ ഇന്റർനാഷണൽ എയർപോർട്ടിൽ ലിവർപൂൾ സെന്റ് തോമസ് ഇടവക പ്രതിനിധികളുടെ ഹൃദ്യമായ സ്വീകരണം ഏറ്റുവാങ്ങിയ മക്കാറിയോസ് അവിടെനിന്നു കാർ മാർഗ്ഗമാണ് ലിവർപൂളിലേക്കു പോയത്.

ഇന്ത്യൻ ഡോക്ടറന്മാർക്ക് ബ്രിട്ടീഷ് സാമ്രാജ്യംപോലെ വളക്കൂറുള്ള മണ്ണ് ലോകത്തിൽ മറ്റൊരിടത്തുമില്ല. ലണ്ടൻ ഗ്രീഗോറിയോസ് ഇടവകയിൽ മാത്രം ഇപ്പോൾ 86 പ്രശസ്ത ഡോക്ടറന്മാർ ഉണ്ടെന്നാണറിവ്. ലണ്ടനിൽ മാത്രമല്ല, മാഞ്ചെസ്റ്ററിലും ന്യൂകാസിലിലും ലിവർപൂളിലും ഈ കാര്യത്തിൽ സ്ഥിതി മറിച്ചല്ല.

ലിവർപൂൾ സെന്റ് തോമസ് ഇടവക വളരെയേറെ വളർച്ചയും അഭിവൃദ്ധിയും പ്രാപിച്ച ഒരു നല്ല ഇടവകയാണ്. സമർത്ഥനായ വികാരിയും സത്യവിശ്വാസികളായ ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതി

നാൽ മലങ്കരസഭയുടെ കൊമ്പ് ലിവർപൂളിൽ അതിശക്തിയായി വളർന്നു വന്നു.

മക്കാറിയോസ് തിരുമേനിയുടെ സന്ദർശനം ലിവർപൂളിന് അക്ഷരാർത്ഥത്തിൽ ഉന്മേഷം പകർന്നു. യുവജനങ്ങളെ മുഴുവൻ തിരുമേനി നിഷ്പ്രയാസം ആകർഷിച്ചു. യുവജനങ്ങളും കുട്ടികളും തിരുമേനിയുടെ ചുറ്റിൽ നിന്നു മാറാൻ ഇഷ്ടപ്പെട്ടില്ല.

ലിവർപൂളിൽ സഭകളുടെ സംയുക്ത എക്യുമെനിക്കൽ ക്രിസ്തുമസ് പരിപാടികളിൽ മക്കാറിയോസ് തിരുമേനിയുടെ മുഖ്യാതിഥി എന്ന നിലയിൽ ഉണ്ടായ സാന്നിദ്ധ്യം മറ്റു സഭക്കാർക്കുപോലും ഒരു വ്യത്യസ്ത അനുഭവമായിരുന്നു. അദ്ദേഹത്തിന്റെ അനന്യസാധാരണമായ വാക്ധോരണിയിൽ പാശ്ചാത്യരടങ്ങി തിങ്ങിനിറഞ്ഞ സദസ്സ് ഹർഷാരവങ്ങളോടെ സ്വീകരിച്ചു. അത് സെന്റ് തോമസ് ഇടവകയ്ക്ക് വലിയ അഭിമാനം തന്നെ നൽകി.

മാഞ്ചെസ്റ്റർ

ഡിസംബർ 30-നു തിരുമേനി കാർമാർഗ്ഗം വീണ്ടും മാഞ്ചെസ്റ്ററിൽ എത്തി. അവിടെയുള്ള മലങ്കരസഭയുടെ വിശ്വാസസമൂഹത്തെ സന്ദർശിച്ചു. തിരുമേനി അവിടെ വി. കുർബ്ബാന അർപ്പിക്കയും ഒരു പകൽ മുഴുവൻ വിശ്വാസികളോടൊത്ത് കഴിഞ്ഞുകൂടുകയും ചെയ്തു. 2007-നോട് വിടപറയുന്ന ദിവസമാണ് വരുന്നത്.

ഇതിനോടകം ഏകദേശം ഒരു മാസമായി ബ്രിട്ടീഷ് സാമ്രാജ്യത്തിലൂടെ നടത്തിക്കൊണ്ടിരുന്ന ആ നീണ്ടയാത്രയിൽ ആ ഭൂപ്രദേശങ്ങളിലുള്ള എല്ലാ ഇടവകകളും സന്ദർശിക്കുകയും അതാതു സ്ഥലങ്ങളിലെ പ്രത്യേക പരിതസ്ഥിതികൾ നേരിട്ട് കണ്ട് മനസ്സിലാക്കി സഭയുടെ വളർച്ചയ്ക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുവാൻ അദ്ദേഹം പ്രത്യേകം സമയം കണ്ടെത്തി. അതോടൊപ്പം പാശ്ചാത്യരായ തദ്ദേശനേതാക്കന്മാരെ സന്ദർശിച്ച് സഭയുടെ വളർച്ചയിൽ അവരുടെ സേവനവും സഹായവും നേടുന്നതിനും അദ്ദേഹം ശ്രദ്ധിച്ചു.

എഡ്ഗ്വരെ

2008 പിറന്ന ജനുവരി ഒന്നാം തീയതി, ലണ്ടൻ ഗ്രിഗോറിയോസ് പള്ളിയിൽ നിന്നും വിഭജിതമായ ഒരു ബാല ഇടവക സന്ദർശിക്കുന്നതിനാണ് തിരുമേനി തെരഞ്ഞെടുത്തത്. തെക്കൻ ലണ്ടനിൽ എഡ്ഗ്വരെ എന്ന സ്ഥലത്ത് തോമസ് അപ്പോസ്തോലന്റെ നാമധേയത്തിൽ സ്ഥാപിതമായ ഈ ഇടവക ജനിച്ചിട്ട് ഒരു വർഷം പോലും ആയിട്ടില്ലാതിരുന്നിട്ടും അഭൂതപൂർവ്വമായ വളർച്ചയുടെ പാതയിൽ, അതിവേഗം കുതിക്കുന്നതു

കണ്ടതിൽ തിരുമേനിക്ക് ആ കൊച്ച് ഇടവകയോട് പ്രത്യേക വാത്സല്യം തന്നെ ഉണ്ടായി. അതുകൊണ്ടുതന്നെ പുതുവർഷപ്പുലരി ആ പള്ളിയിൽ ആയിരിക്കാൻ തിരുമേനി താൽപര്യപ്പെട്ടു. പള്ളിവികാരി അദ്ധ്വാനശീലിയായ ബഹു. ജോയി അച്ചന്റെ മികവുറ്റ നേതൃത്വവും സെക്രട്ടറിയായിരുന്ന യുവ ഡോക്ടർ സെൻ കല്ലുംപുറത്തിന്റെ നേതൃത്വത്തിൽ ചുറുചുറുക്കുള്ള യുവനിരയുടെ സഹകരണവും കൂടി ആയപ്പോൾ എഡ്ഗ്വരെ സെന്റ് തോമസ് അഭൂതപൂർവ്വമായ പുരോഗതിയുടെ പടികൾ അതിവേഗം ചവിട്ടിക്കയറി. മക്കാറിയോസിന്റെ ഉപ്പാപ്പന്റെ മകൻ മാത്യു ജോണും (ബേബി) അന്നത്തെ കമ്മിറ്റിയിൽ അംഗമായിരുന്നു.

ആ ഇടവകയുടെ വളർച്ച കണ്ട് സംതൃപ്തി അടയാനുള്ള ആവേശവുമായിട്ടാണ് മെത്രാപ്പോലീത്താ ആണ്ടുപിറപ്പിനു തന്നെ കണികാണുവാൻ ആ ഇടവകയിലേക്ക് ചെന്നത്.

തിരുമേനിയുടെ സന്ദർശനം ആ ഇടവകയ്ക്ക് നൽകിയ ആവേശം ഒന്നു കാണേണ്ടതായിരുന്നു! ഇടവകയുടെ നിർണ്ണായകമായ വളർച്ചയിൽ തിരുമേനി ജോയി അച്ചനേയും ഇടവകയിലെ യുവജനങ്ങളേയും അകമഴിഞ്ഞ് അഭിനന്ദിച്ചു. അവരുടെ ഉന്മേഷത്തെ ആ സന്ദർശനം തട്ടി ഉണർത്തി.

പുതുവർഷത്തിൽ ഇടവകയേയും ജനങ്ങളേയും തന്റെ ജീവിതത്തേയും തിരുമേനി ദൈവതിരുമുമ്പാകെ സമർപ്പിച്ചു. വിശ്വാസികൾ പലരും തിരുമേനിയെ പള്ളിയിൽ വന്നു സന്ദർശിക്കയും കുറെപേർ അവരുടെ വീടുകൾ സന്ദർശിക്കുന്നതിനു ക്ഷണിച്ചുകൊണ്ടു പോവുകയും ചെയ്തു. ഒരു ദിവസം അവിടെ താമസിച്ചിട്ട് ജനുവരി രണ്ടിനു തിരുമേനി ലണ്ടനിലേക്കു മടങ്ങിപ്പോയി.

ഒരു ദിവസത്തെ വിശ്രമം

ജനുവരി മൂന്നിനു തിരുമേനി വിശ്രമത്തിനായി തെരഞ്ഞെടുത്തു. അന്ന് പള്ളി സെക്രട്ടറി ആയിരുന്ന ഡോക്ടർ എം. ഐ. ശമുവേലിന്റെയും ഭാര്യ ആനിയുടെയും ആതിഥ്യം സ്വീകരിച്ചതൊഴിച്ച് മറ്റു പരിപാടികൾ ഒന്നും ഉണ്ടായിരുന്നില്ല.

ഡോ. ശാമുവേൽ (സജി) ചേപ്പാട്ട് എവരത്തുകിഴക്കേതിൽ മണ്ണും പള്ളി വീട്ടിൽ നിന്നാണ് ഡോക്ടറായി ഇംഗ്ലണ്ടിൽ എത്തിയത്. ഡോ. സജിയുടെ മൂത്ത സഹോദരൻ കുഞ്ഞുമോന്റെ മലപ്പുറം വീടുമായി ലാസ്സറസ്സച്ചനുണ്ടായിരുന്ന ആത്മബന്ധം തിരുമേനിക്ക് അറിയാമായിരുന്നു. ലാസ്സറസ്സച്ചന്റെ കോട്ടയ്ക്കൽ ആയുർവേദാശുപത്രിയിലെ ആയുർവേദ ചികിത്സകൾ ക്രമീകരിക്കുന്നതും അവിടത്തെ മറ്റു സഹാ

യങ്ങൾ ചെയ്തു കൊടുത്തുകൊണ്ടിരുന്നതും കുഞ്ഞുമോനും, ഭാര്യ ഡെയിസിയും മക്കൾ മീട്ടുവും റീട്ടുവും ആയിരുന്നു. അവരോടു കുടുംബ സംബന്ധമായി ഉണ്ടായ ബന്ധം ഡോ. സജിയുടെ ഭവനത്തിലെ ആതിഥ്യം തിരുമേനിക്ക് വളരെ ഹൃദ്യമായി അനുഭവപ്പെട്ടു.

അന്ന് തിരുമേനി ലണ്ടനിൽ താമസിച്ചു. തിരുമേനിയുടെ ജീവിതത്തിന്റെ അന്ത്യദിനങ്ങൾ അടുത്തടുത്തു വരുന്നുവെന്ന് തോന്നുന്നതുപോലെയായിരുന്നു അദ്ദേഹത്തിന്റെ സംഭാഷണങ്ങൾ. "പകലുള്ളപ്പോൾ അയച്ചവന്റെ ജോലി ചെയ്തു തീർക്കണമെന്നും ആർക്കും പ്രവർത്തിക്കാൻ കഴിയാത്ത രാത്രി വരുന്നു"വെന്നും തിരുമേനി സംഭാഷണമദ്ധ്യേ പറഞ്ഞു.

ഇനി തിരുമേനിക്ക് ബ്രിട്ടണിൽ ഒരു ഇടവക കൂടി മാത്രമേ സന്ദർശിക്കുവാനുള്ളു. അത് ലണ്ടനിൽ നിന്നു കാർ മാർഗ്ഗം മൂന്നു മണിക്കൂർ വേണ്ട ന്യൂകാസിൽ ഇടവകയായിരുന്നു. അന്ന് ന്യൂകാസിൽ ഒരു കോൺഗ്രിഗേഷൻ മാത്രമായിരുന്നു. വളർന്നുവരുന്ന ആ വിശ്വാസസമൂഹത്തെ ഒരു പൂർണ്ണ ഇടവകയായി ഉയർത്തി പ്രതിഷ്ഠിക്കുക എന്ന ഒരു പരിപാടികൂടെ മാത്രമേ ഇനി പൂർത്തീകരിക്കുവാനുള്ളു.

ന്യൂകാസിൽ സന്ദർലാൻഡ് സെന്റ് തോമസിലെ പരിപാടികൾ കഴിഞ്ഞാൽ "സകലവും പൂർത്തിയായി" എന്ന് യേശുക്രിസ്തുവിനെപ്പോലെ തിരുമേനിക്കും പറഞ്ഞ് ഇംഗ്ലണ്ടിനോടു യാത്ര പറയാൻ കഴിയും.

ജനുവരി 5-ാം തീയതിയായിരുന്നു സന്ദർലാൻഡിലെ പരിപാടികൾ. അങ്ങനെ ജനുവരി അഞ്ചോടുകൂടി ഒരു മാസം ദീർഘിച്ച തന്റെ പര്യടനം പൂർത്തിയാക്കി സംതൃപ്തിയോടെ അമേരിക്കയിലേക്കു മടങ്ങിപ്പോകാം. ഒരു നീണ്ട മിഷനറിയാത്രയുടെ പരിസമാപ്തി മാത്രമാണ് തിരുമേനിക്ക് "പകലുള്ളപ്പോൾ ചെയ്തു തീർക്കുവാനുള്ള ജോലി."

ലോകത്തിൽ പലരും ആഗ്രഹിച്ചവ പലതും ചെയ്തു തീർക്കാൻ കഴിയാതെ ലോകം വിട്ടുപോകേണ്ടിവന്ന കഥ ധാരാളമായി നിത്യേന കേൾക്കാറുണ്ട്. എന്നാൽ മക്കാറിയോസ് തിരുമേനിയെ സംബന്ധിച്ചിടത്തോളം ചെയ്യാവുന്ന കാര്യങ്ങൾ വെടിപ്പോടെ ചെയ്തു തീർത്തു എന്ന സംതൃപ്തി ലഭിക്കുക പതിവാണ്. ആ സംതൃപ്തി ഈ ബ്രിട്ടീഷ് പര്യടനത്തിലും ലഭിക്കാൻ ദൈവം ഇടയാക്കി.

അദ്ധ്യായം 35

അന്ത്യചടങ്ങ് – ന്യൂകാസിൽ

ആനയും നമ്പൂതിരിയും എന്നൊരു കഥ കേട്ടിട്ടുണ്ട്. ആദ്യമായി ആന പ്പുറത്തു കയറിയ വല്യനമ്പൂതിരിക്ക് പാലത്തിനടിയിൽ കൂടി കടന്നു പോയപ്പോൾ തല പാലത്തിൽമുട്ടി ബോധക്ഷയമുണ്ടായി. കാര്യസ്ഥൻ അരികത്തിരുന്ന് കുറെനേരം പരിചരിച്ചപ്പോൾ തിരുമേനിക്ക് ബോധം വീണ്ടുകിട്ടി.

"തിരുമേനിക്ക് അൽപ്പം താഴാമായിരുന്നില്ലേ?" എന്ന് കാര്യസ്ഥൻ.

"ശപ്പൻ രാമാ! നാമെന്തിനു താഴുന്നു? ആനയല്ലേ താഴേണ്ടത്? ആ മൃഗത്തിനൊന്ന് താണാലെന്താ? നമ്മളല്ലേ ഉടമസ്ഥൻ?" കാര്യസ്ഥൻ പറഞ്ഞു, "ശരി തന്നെ, ആന വിചാരിച്ചു നമ്പൂതിരി താന്നോളും. ഞാൻ താഴേണ്ട കാര്യമില്ല എന്ന് അതും കരുതി. ഇപ്പോൾ തല പോയത് തിരു മേനിക്കല്ലേ? വാശി വേണ്ടായിരുന്നു തിരുമേനി."

സഭയ്ക്കും ഏതാണ്ട് ഈ ദുസ്ഥിതിയാണിന്ന്. ആദ്യമായി ആനപ്പു റത്തു കയറുന്ന തിരുമേനിമാർ സഭയിലെ ആനകൾക്കു ഒന്ന് താണാ ലെന്താ എന്നും, ആദ്യമായി ആനപ്പുറത്തു കയറിയതുകൊണ്ടുള്ള ഗർവ്വു നിമിത്തം തല അൽപ്പം പൊക്കിപ്പിടിച്ച തിരുമേനിയുടെ തല ഒന്നു തട്ടി ക്കോട്ടെ എന്ന് ആനയും തീരുമാനിച്ചാൽ എന്തു ചെയ്യും? എല്ലാവരും ഇതേ സ്ഥിതിയിലാണെന്ന് അതിനർത്ഥമില്ല. സഭയ്ക്കുവേണ്ടി രാവും പകലും അദ്ധ്വാനിക്കുന്ന നേതാക്കന്മാർ പരസ്പരമുള്ള പഴിചാരലിൽ നിന്നു വിമുക്തരായി തങ്ങളുടെ മുന്നിലുള്ള ചുമതലകളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് യാത്ര തുടരും. മക്കാറിയോസിന്റെ യൂറോപ്യൻ യാത്ര ലക്ഷ്യബോധത്തോടു കൂടെയുള്ള ഒരു യാത്രയാക്കിത്തീർക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പഴിചാരലുകൾക്കും കുറ്റംപറച്ചിലുകൾക്കുമല്ല, അവിടെ സ്ഥാനം. "അയച്ചവന്റെ ജോലി" എന്ന ഏക ലക്ഷ്യം മാത്രം.

മക്കാറിയോസ് – ആ 'ലോകപൗരൻ' എന്നും ലോകത്തിന്റെ ഹൃദയ ത്തുടിപ്പുകൾ തൊട്ടറിഞ്ഞുകൊണ്ടേയിരുന്നു. മലങ്കരസഭയുടെ നീറുന്ന പ്രശ്നങ്ങളേക്കാൾ, എത്രയോ വലുതാണ് ക്രിസ്തുവിശ്വാസം പോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന യൂറോപ്പിലേയും അമേരിക്കയിലേയും അവ സ്ഥകളിൽ അദ്ദേഹത്തിന്റെ മനംനൊന്തു. യേശുക്രിസ്തുവിനേക്കാൾ കൺഫ്യൂഷ്യസിനെയും ബുദ്ധനേയും അറിയുന്ന, "ക്രൈസ്തവ രാജ്യ ങ്ങൾ" അദ്ദേഹത്തിന്റെ മുന്നിൽ വെല്ലുവിളിയായിരുന്നു. അമേരിക്കയിലും ബ്രിട്ടണിലും യൂറോപ്യൻ നാടുകളിലും ശൂന്യമായി മാറിക്കൊണ്ടിരി

ക്കുന്ന പള്ളികൾ വിൽപ്പനയ്ക്കു ബോർഡുകൾ വയ്ക്കുന്നതു കണ്ട് മക്കാറിയോസ് തിരുമേനിയുടെ ഹൃദയം വിങ്ങി.

തീർന്നില്ല, ക്രൈസ്തവരാജ്യങ്ങളിലെ ക്രിസ്തുമതത്തിന്റെ അവസ്ഥ ഇതാണെങ്കിൽ പിന്നെ മുസ്ലീം രാജ്യങ്ങളിലെ അവസ്ഥ ചിന്തിക്കാവുന്നതേ ഉള്ളു. ക്രൈസ്തവ മിഷനറിമാർ പ്രകാശം ചൊരിഞ്ഞ അന്ധകാര ഭൂഖണ്ഡരാഷ്ട്രങ്ങൾ ക്രമേണ ഇസ്ലാമീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇയ്യോബ് ഇങ്ങനെ വിവരിക്കുന്നു:

“ഉത്തരാഫ്രിക്കൻ രാജ്യങ്ങളായ ടൂണിഷ്യയിലും ഈജിപ്തിലും ദശാബ്ദങ്ങളായി നിലനിന്ന സ്വേച്ഛാധിപത്യത്തിനെതിരായി അലയടിച്ച ജനകീയ പ്രക്ഷോഭം ജനാധിപത്യത്തിന്റെ ഈറ്റില്ലങ്ങളാകുമെന്നാണ് ലോകം കരുതിയത്. അതുകൊണ്ടുതന്നെ ലോകമെമ്പാടുമുള്ള ജനാധിപത്യ വിശ്വാസികളും സ്വാതന്ത്ര്യസ്നേഹികളും അതിന് അകൈതവമായ പിന്തുണ പ്രഖ്യാപിച്ചു. അറബി ലോകത്ത് അതുവരെ ഇല്ലാതിരുന്ന ജനായത്തഭരണ സംവിധാനം നിലവിൽ വരുമെന്ന് അവർ സ്വപ്നം കണ്ടു.

പക്ഷേ സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും മറ്റൊന്നാണ്. സ്വാതന്ത്ര്യത്തിനായി ജനങ്ങൾ തെരുവിലിറങ്ങിയ സ്ഥലങ്ങളിലെല്ലാം തന്നെ അധികാരം ഇസ്ലാമിക മൗലികവാദികൾ ഹൈജാക്ക് ചെയ്തുകൊണ്ടു പോകുന്നു. മതന്യൂനപക്ഷങ്ങളും സ്ത്രീകളും അടക്കം എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ അവകാശങ്ങളും തുല്യ നീതിയും ലഭിക്കുമെന്ന് കരുതിയിരുന്ന സ്ഥാനത്ത് അടിമത്തവും മതപീഡനവും അനുഭവിക്കേണ്ടി വരുമെന്ന ഭീതി നിലനിൽക്കുന്നു.

പുറത്താക്കപ്പെട്ട സ്വേച്ഛാധിപതികളെല്ലാം തന്നെ താരതമ്യേന മതേതരവാദികളും ഫണ്ടമെന്റലിസത്തെ എതിർത്തിരുന്നവരുമാണെന്നതാണ് ഏറ്റവും വലിയ വൈരുദ്ധ്യം. സ്വേച്ഛാധിപത്യത്തിനു കീഴിൽ സ്വാതന്ത്ര്യം അനുഭവിക്കാത്ത മൗലികവാദ സംഘടനകൾ മറനീക്കി പുറത്തുവരികയും ജനാധിപത്യ പ്രക്രിയയിലൂടെ അധികാരം പിടിച്ചെടുക്കുകയും ചെയ്യുന്നു. ഇത് ആ രാജ്യങ്ങളിലെ നാമമാത്രമായ ക്രിസ്ത്യാനികളെ ഭയചകിതരാക്കുന്നു. അവർ ‘ശരിയത്ത്’ ഭരണമാണ് നടപ്പാക്കുന്നതെങ്കിൽ സ്ത്രീകൾക്കും ന്യൂനപക്ഷങ്ങൾക്കും അവിടെ രക്ഷയുണ്ടാവുകയില്ല എന്നാണ് ഭയം.

ജനകീയ മുന്നേറ്റവും ഭരണമാറ്റവും ആദ്യം സംഭവിച്ചത് ടൂണീഷ്യയിലായിരുന്നെങ്കിലും ശരിയായ ജനാധിപത്യപ്രക്ഷോഭം നടന്നത് ഈജിപ്തിലാണ്. ഫേസ്ബുക്കിലൂടെയും ടിറ്ററിലൂടെയും ആശയവിനിമയം നടത്തിയ യുവജനങ്ങളാണ് അവിടെ പ്രക്ഷോഭത്തിനിറങ്ങിയതും

പ്രസിഡന്റ് മുബാറക്കിന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ചതും. സൈന്യത്തിന്റെ മേൽനോട്ടത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയത് മിതവാദികളല്ല, മറിച്ച് മുസ്ലീം ബ്രദർഹുഡും 'സലഭി' എന്ന തീവ്രവാദ ഇസ്ലാമിക പ്രസ്ഥാനവുമാണ്. അവരാകട്ടെ ജനാധിപത്യ സമ രത്തിൽ കാര്യമായ പങ്കു വഹിക്കപോലും ചെയ്തില്ല. തെരഞ്ഞെടുപ്പു വന്നപ്പോൾ ജനാധിപത്യമോഹികളെ നിരാശരാക്കി മൊത്തത്തിൽ 70 ശതമാനം വോട്ടുനേടി അധികാരത്തിൽ വരുമെന്ന് വിശ്വസിക്കുന്നു.

മുബാറക് ഭരിച്ചിരുന്നപ്പോഴും ന്യൂനപക്ഷങ്ങളില്ലാത്ത ഇസ്ലാമിക രാജ്യം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന ഈജിപ്തിലെ മൗലികവാദി സംഘടനകളിൽ നിന്നു ക്രിസ്ത്യാനികൾ ആക്രമണം നേരിട്ടിരിക്കുന്നു. ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടെങ്കിലും കുറ്റവാളികളെ അറസ്റ്റു ചെയ്യാൻ ഭരണം നടത്തുന്ന സൈനിക നേതൃത്വം തയ്യാറാകുന്നില്ല.

അഫ്ഗാനിസ്ഥാനിൽ അമേരിക്കൻ സൈന്യം താലിബാനെ പുറ ത്താക്കി പകരംവച്ച ഹമീദ് കർസായിയുടെ 'ജനാധിപത്യ' സർക്കാറിനു കീഴിൽ ക്രിസ്തീയ ദേവാലയങ്ങൾ പണിയാൻ അനുവാദമില്ല. നിലവി ലുണ്ടായിരുന്ന അവസാന പള്ളിയും പൊളിച്ചുനീക്കുകയും ചെയ്തു. 2003-ൽ ദേവാലയങ്ങൾ ബോംബു വച്ച് നശിപ്പിക്കയും പുരോഹിതന്മാർ കൊല്ലപ്പെടുകയും ചെയ്തതിനുശേഷം അഫ്ഗാനിസ്ഥാനിൽ ക്രിസ്ത്യാ നികളുടെ എണ്ണം മൂന്നിൽരണ്ടായി കുറഞ്ഞു. മതപരിവർത്തനം അവിടെ നിഷിദ്ധമാണെന്നു മാത്രമല്ല, ക്രിസ്ത്യാനികളെ പൗരന്മാരായി കണക്കാ ക്കുന്നുപോലുമില്ല.

ഇറാക്കിലെ ഒന്നര ദശലക്ഷം ക്രിസ്ത്യാനികൾ ആരാധനാ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നത് സദ്ദാം ഹുസൈന്റെ കാലത്തായിരുന്നു. ഇന്ന് അവിടെ അര ലക്ഷം ക്രിസ്ത്യാനികൾ മാത്രമെ ഉള്ളു. ഭൂരിപക്ഷ പീഡനത്തെ തുടർന്ന് അവരിലധികവും ജോർദ്ദാനിലേക്കും മറ്റും നാടു വിട്ടു. അനേകംപേർ കൊല്ലപ്പെടുകയും ചെയ്തു.

സിറിയായിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആസ്ഥാനം. പ്രസിഡന്റ് ബഷർ ആസാദിനെ പുറത്താക്കാൻ പ്രക്ഷോഭം നടക്കുന്നു. സിറിയായിലെ ക്രിസ്ത്യാനികൾ കൊലപാതകം, മാനഭംഗം, തട്ടി ക്കൊണ്ടു പോകൽ തുടങ്ങിയവയ്ക്കെല്ലാം ഇരയായിക്കൊണ്ടിരിക്കുന്നു എന്ന് 'ഓപ്പൺ ഡോർസ്' അടക്കമുള്ള ക്രിസ്ത്യൻ അവകാശ സംഘട നകൾ ആരോപിക്കുന്നു. രാജ്യത്തെ 22 ദശലക്ഷം ജനങ്ങളിൽ ആകെ രണ്ടു ലക്ഷമാണ് എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ചേർന്നാലുള്ളത്. ആസാദിനെ പുറത്താക്കാൻ മുസ്ലീം ബ്രദർഹുഡ് വിജയിച്ചാൽ ക്രിസ്ത്യാ നികളുടെ സ്ഥിതി ഇതിലും പരിതാപകരമാകുമെന്ന് അവർ വിശ്വസി ക്കുന്നു.

ക്രിസ്തുമതത്തിന്റെ പിള്ളത്തൊട്ടിലാണ് മിഡിൽഈസ്റ്റും ഉത്തരാഫ്രിക്കയും അടങ്ങുന്ന പ്രദേശം. പത്രോസ് സഭ സ്ഥാപിച്ചത് ഇപ്പോൾ ടർക്കിയുടെ ഭാഗമായ അന്ത്യോഖ്യയിലാണ്. ആദിമ ക്രിസ്തീയ സഭയുടെ ആസ്ഥാനങ്ങളായ യെറുശലേമും, കോൺസ്റ്റാന്റിനോപ്പിളും, അലക്സാന്ത്രിയായും ഒക്കെ ഇന്ന് മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളാണ്. പ്യൂ സെന്ററിന്റെ കണക്കനുസരിച്ച് മിഡിൽഈസ്റ്റിലും ഉത്തരാഫ്രിക്കയിലുമായി ഇന്ന് ആകെയുള്ളത് 13 ദശലക്ഷം ക്രിസ്ത്യാനികൾ മാത്രം. അവരാരും ഇസ്ലാം വിശ്വാസികൾക്ക് തുല്യമായ പൗരസ്വാതന്ത്ര്യം അനുഭവിക്കുന്നവരല്ല. പീഡനം അനുഭവിക്കുന്നവരാണ് അധികവും.

ഇതെന്താണ് ഇങ്ങനെ?

ദൈവത്തേയും ദൈവഹിതത്തേയുംപറ്റിയുള്ള വികലമായ ധാരണകളാണ് വിവിധ മതങ്ങളുടെ അനുയായികളെ പരസ്പര ശത്രുക്കളാക്കുന്നത്.

തങ്ങൾ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന് യഹൂദർ.

യഥാർത്ഥ രക്ഷയുടെ മാർഗ്ഗം ക്രിസ്തുമതമാണെന്നും അതിനാൽ എല്ലാവരെയും ക്രിസ്ത്യാനികളാക്കണമെന്നും ക്രിസ്ത്യാനി.

അന്ത്യപ്രവാചകനായ മുഹമ്മദ് നബി വഴി ദൈവം രക്ഷയുടെ മാർഗ്ഗം കാട്ടിത്തന്നത് ഇസ്ലാമിനാണെന്നും അതിനാൽ എല്ലാവരേയും മുസ്ലീം ആക്കണമെന്ന് മുസ്ലീം.

തങ്ങളുടേത് മാത്രമാണ് സനാതന ധർമ്മം എന്ന് ഹിന്ദുക്കൾ.

ചുരുക്കത്തിൽ ലോകത്തിലുള്ളവരെയെല്ലാം രക്ഷിച്ച് സ്വർഗ്ഗത്തിലെത്തിക്കാനുള്ള പരിശ്രമത്തിലാണ് എല്ലാ മതക്കാരും. തങ്ങളുടെകൂടെ അല്ലാത്തവരെല്ലാം അജ്ഞതയിൽ കഴിയുന്നവരാണെന്നും അവർക്കു രക്ഷയുടെ വെളിച്ചം കാട്ടിക്കൊടുക്കേണ്ടത് തങ്ങളുടെ കടമയാണെന്നും വിവിധ മതക്കാർ കരുതുന്നതാണ് പ്രശ്നത്തിനു കാരണം. തങ്ങളുടെ ആത്മാക്കൾ രക്ഷപ്പെടുമോ എന്നല്ല, മറ്റുള്ളവരുടെ ആത്മാക്കളെ എങ്ങനെയും രക്ഷിച്ചേ അടങ്ങൂ എന്ന വാശിയാണ് അവർക്ക്.

മതവും രാഷ്ട്രവും തമ്മിൽ കൂട്ടിക്കുഴയ്ക്കുമ്പോൾ പ്രശ്നം വഷളാകുന്നു. കാരണം മൗലികവാദികൾക്ക് അധികാരം നേരിട്ടും അല്ലാതെയും കരഗതമാകുന്നു. അപ്പോൾ അവർ വിശ്വാസപരമായി തങ്ങളോടൊപ്പമല്ലാത്തവരെ പീഡിപ്പിക്കുന്നു.

മതവും രാഷ്ട്രവും കൂടിക്കുഴഞ്ഞിരുന്ന ഒരു കാലത്ത് പാശ്ചാത്യ ക്രിസ്ത്യൻ ലോകത്തും മതന്യൂനപക്ഷങ്ങളെ പീഡിപ്പിച്ചിരുന്നല്ലോ.

രാഷ്ട്രഭരണത്തിൽ മതത്തിന്റെ നേരിട്ടുള്ള പങ്കു കുറയുകയും മനുഷ്യാവകാശങ്ങളെപ്പറ്റി ജനത്തിന് ബോധമുണ്ടാവുകയും ചെയ്തു തുടങ്ങിയപ്പോഴാണ് ആ അവസ്ഥയ്ക്കു മാറ്റം വന്നത്.

അതിനാൽ ഇസ്ലാമിക രാഷ്ട്രങ്ങൾ നിലനിൽക്കുകയും, മൗലികവാദികൾക്ക് അതിൽ കൈകടത്താൻ കഴിയുകയും ചെയ്യുന്നിടത്തോളം കാലം മതന്യൂനപക്ഷ പീഡനവും നിലനിൽക്കും.

ഇവയെല്ലാം ഓർക്കുമ്പോൾ മലങ്കരസഭയ്ക്ക് എന്തു പ്രശ്നമാണുള്ളത്. തമ്മിലുള്ള പടലപിണക്കങ്ങൾ ഒഴിച്ചാൽ മലങ്കരസഭ ഭാഗ്യവതിയാണ്. ഭാരതത്തിലെ ഹിന്ദുക്കൾ, മുസ്ലീങ്ങൾ എന്നിവരുമായി നാം സുഹൃത്ബന്ധത്തിലായിരിക്കുന്നിടത്തോളം കാലം നമുക്കു ഒരു പ്രശ്നവും ഉണ്ടാവുകയുമില്ല.

തന്റെ അവസാന പ്രോഗ്രാം നടത്തുന്ന ന്യൂകാസിലിൽ വിമാനം ഇറങ്ങുംവരെ മേൽപ്പറഞ്ഞ ചിന്തകൾ മക്കാറിയോസ് തിരുമേനിയുടെ മനസ്സിൽ ഒന്നിനു പുറകെ ഒന്നായി വന്നുകൊണ്ടിരുന്നു. "ന്യൂകാസിൽ എത്തുന്നു" എന്ന പ്രഖ്യാപനം തിരുമേനിയെ ചിന്താലോകത്തു നിന്നു തട്ടി ഉണർത്തി.

ന്യൂകാസിൽ

2008 ജനുവരി 4-നു മക്കാറിയോസ് ന്യൂകാസിൽ എയർപോർട്ടിൽ എത്തുമ്പോൾ, താരതമ്യേന വലിയ ആൾക്കൂട്ടമോ ബഹളമോ ഒന്നുമില്ലാതിരുന്ന ന്യൂകാസിൽ എയർപോർട്ട് അന്ന് ഉത്സവ പ്രതീതിയിൽ ശബ്ദമുഖരിതമായിരുന്നു. ഹാപ്പി അച്ചന്റെ നേതൃത്വത്തിൽ വിശ്വാസികളുടെ ഒരു നല്ല സമൂഹം തിരുമേനിയെ വരവേൽക്കാൻ എത്തിയിരുന്നു. തിരുമേനി ഇതിനു മുമ്പ് ന്യൂകാസിൽ സന്ദർശിച്ചത് 2005-ലായിരുന്നു. അതിനുശേഷം തങ്ങളെ സന്ദർശിക്കാനെത്തിയ പിതാവിനെ ഹർഷോന്മേഷത്തോടുകൂടിയാണ് അവർ സ്വീകരിച്ചത്. തിരുമേനി താമസിച്ചിരുന്ന ഹോട്ടലിൽവച്ച് പിറ്റേന്നു നടക്കേണ്ട ചടങ്ങുകളുടെ വിശദാംശങ്ങൾ ചർച്ച ചെയ്തശേഷമാണ് ഹാപ്പി അച്ചനും മറ്റും തിരികെ പോയത്.

ന്യൂകാസിൽ ബ്രിട്ടണിലെ ഇരുമ്പ്-ഉരുക്ക് വ്യവസായത്തിന്റെ വലിയ കേന്ദ്രമാണ്. "കൊല്ലക്കുടിലിൽ സൂചി വിൽപ്പനയ്ക്കോ" എന്ന് മലയാളത്തിൽ ഒരു പഴഞ്ചൊല്ലുള്ളതുപോലെ തത്തുല്യമായ ഒരു ചൊല്ല് ഇംഗ്ലീഷുകാരുടെ മദ്ധ്യേ ഉണ്ട്. അത് "ടേക്കിംഗ് നീഡിൽ ടു ന്യൂകാസിൽ" എന്നാണ്. ഇരുമ്പ്-ഉരുക്ക് വ്യവസായകേന്ദ്രമായ ന്യൂകാസിലിലേക്കു ഒരു സൂചിയുമായി പോകുന്നോ എന്ന ഇംഗ്ലീഷുകാരന്റെ ചോദ്യത്തിൽ ന്യൂകാസിലിന്റെ വ്യവസായ പ്രാധാന്യം ഊഹിക്കാവുന്നതേ ഉള്ളൂ.

ന്യൂകാസിലിൽ ഖനനം ചെയ്ത് അവിടെ നിന്നെടുക്കുന്ന ഇരുമ്പ് അയിരും അവിടെ രൂപപ്പെടുത്തുന്ന ഉരുക്കുദണ്ഡുകളും ഉരുക്കൾ വഴി ടൈൽ നദിയിലൂടെയും ഉൾക്കടലുകളിൽക്കൂടെയും പുറംകടലിലെത്തിച്ച് കൊണ്ടുപോകാനുള്ള സകല ഭൂമിശാസ്ത്ര സൗകര്യങ്ങളും ന്യൂകാസിലിന് ദൈവം കനിഞ്ഞു നൽകിയിട്ടുണ്ട്. ധാതു ദ്രവ്യങ്ങളുടെ കലവറയായ ന്യൂകാസിൽ ബ്രിട്ടന്റെ സാമ്പത്തിക സ്രോതസ്സാണെന്നു പറയാം. കപ്പൽ ഗതാഗതം സൗകര്യമായി നടത്താൻ പറ്റിയ ഒരു നല്ല തുറമുഖം ന്യൂകാസിലിനുണ്ട്. ന്യൂകാസിൽ പട്ടണപ്രാന്തങ്ങളിലേക്കു കടന്നാൽ ധാതു ലവണങ്ങളുടെയും അടിസ്ഥാന വസ്തുവായ കൽക്കരിയുടെയും ഖനന മേഖലകളും കേന്ദ്രങ്ങളും എങ്ങും വ്യാപിച്ചു കിടക്കുന്നതു കാണാം.

ഗേറ്റുഷെഡ് മാലാഖ

ന്യൂകാസിലിൽ പ്രവേശിക്കുന്ന ഏതൊരാൾക്കും കാണാതെ പോകാനോ അവഗണിക്കാനോ കഴിയാതെവണ്ണം പട്ടണത്തെ ഇരുകരങ്ങളും നീട്ടി അനുഗ്രഹിച്ചുകൊണ്ട് ഉയർന്നുനിൽക്കുന്ന ഗേറ്റ്ഷെഡ് കുന്നിലെ മാലാഖ എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നു. മുമ്പ് കൽക്കരി ഖനനം ചെയ്ത കുഴി മൂടിമൂടി ഒരു ക്രിത്രിമക്കുന്ന് നിർമ്മിച്ച താണ് ഗേറ്റ്ഷെഡിലെ ഏറ്റം ഉയർന്ന കുന്ന്. ആ കുന്നിൻനെറുകയിൽ പട്ടണവാസികളെ അനുഗ്രഹിച്ചു നിൽക്കുന്ന മാലാഖയുടെ രൂപം അവിടത്തെ സഹൃദയരുടെ കലാഹൃദയത്തിലാണ് ആദ്യം രൂപംകൊണ്ടത്.

മാലാഖ നിർമ്മാണത്തിന്റെ ടെക്നിക്കൽവശം ഓവ് അരൂപും സംഘവും ഏറ്റെടുത്തപ്പോൾ അവർതന്നെ മാലാഖയെ സ്ഥാപിക്കേണ്ട സ്ഥലനിർണ്ണയവും ഡിസൈനും ചെയ്തു. തോമ്മസ് ആംസ്ട്രോംഗ് നിർമ്മാണ കമ്പനി അടിസ്ഥാനപണികൾ ഏറ്റെടുത്തു. കുന്നിലെ കാടും പടലും വെട്ടിമാറ്റി കുണ്ടുംകുഴിയും പഴയ ഖനന ഗർത്തങ്ങളും കല്ലുകട്ടകളും സിമന്റും ഉപയോഗിച്ച് നികത്തി എടുത്തു. മാലാഖയെ നിർത്താനുള്ള മുക്കാൽ മീറ്റർ വ്യാസത്തിൽ എട്ടു കുഴികൾ ആഴത്തിൽ നിർമ്മിച്ചു. സ്റ്റീൽ കാലുകൾ 150 ടൺ കോൺക്രീറ്റ് കൊണ്ട് ഉറപ്പിച്ചു. 20 മീറ്റർ ആഴത്തിലാണ് തൂണുകൾ ഉറപ്പിച്ചത്. 13 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള വലിയ ഒരു കോൺക്രീറ്റ് സ്ലാബ് ഒന്നര മീറ്റർ ഘനത്തിൽ ആ സ്ഥലത്തെ മൂടി സ്ലാബുകളുടെ മുകളിൽ സ്ഥാപിക്കപ്പെട്ടു.

മാലാഖയുടെ പ്രധാന ശരീരത്തിനു 50 മില്ലിമീറ്റർ ഘനമുള്ള സ്റ്റീൽ കൊണ്ട് ഭുജവും 6 മില്ലി ഘനമുള്ള സ്റ്റീൽകൊണ്ട് വളച്ച് വെൽഡ് ചെയ്ത് ശരീരം ആകൃതിപ്പെടുത്തി. ഹാർട്ടൽപൂൾ സ്റ്റീൽ ഫാബ്രിക്കേഷൻ കമ്പനി 200 ടൺ തുരുമ്പ് എടുക്കാത്ത സ്റ്റീൽകൊണ്ടാണ് മാലാഖയുടെ രൂപം വാർത്തത്. മാലാഖ 65 അടി ഉയരത്തിൽ (20 മീറ്റർ) തല ഉയർത്തി 54 മീറ്റർ (175 അടി) ചിറകുകൾ വിടർത്തി ഒരു ജംബോജറ്റ് പോലെ കുന്നിൽ ഉയർന്നുനിന്ന് ന്യൂകാസിലിനെ എപ്പോഴും അനുഗ്രഹിക്കുന്നു. ഈ കലാസൃഷ്ടിയുടെ നിർമ്മാണം 1997 ജൂലൈയിൽ ആരംഭിക്കുകയും 1998 ഫെബ്രുവരിയിൽ ആഘോഷപൂർവ്വം സ്ഥാപിക്കപ്പെടുകയും ചെയ്തു.

എന്തിന് ഒരു മാലാഖ എന്നു ചോദിക്കുന്നവരോട് വാസ്തുശിൽപ്പിയായ ആന്റണി ഗോർമലി പറയുന്നത് മൂന്നു കാരണങ്ങളാണ്. ഒന്നാമത്, ഇത് ഒരു വലിയ ചരിത്രം വിളിച്ചോതുന്നു. ഈ മാലാഖയുടെ ചുവട്ടിലെ ഇരുളടഞ്ഞ ഖനനഗുഹയിൽ 200 വർഷങ്ങൾക്കു മുമ്പ് ന്യൂകാസിലിലെ പൂർവ്വികർ അദ്ധ്വാനിച്ച് ഖനനം ചെയ്ത ചരിത്രം പുത്തൻ തലമുറയോടു പറയുന്നു. രണ്ടാമത്, ന്യൂകാസിൽ വ്യാവസായിക യുഗത്തിൽ നിന്നു വിവര സാങ്കേതികയുഗത്തിലേക്കു കടന്നിരിക്കുന്നു. മൂന്നാമത്, ന്യൂകാസിൽ നിവാസികളുടെ പ്രത്യാശയേയും ഭീതിയേയും മാലാഖ പ്രതിനിധാനം ചെയ്യുന്നു.

മക്കാറിയോസ് തിരുമേനി ആ വഴി കാറിൽ കടന്നുപോയപ്പോൾ ഈ മാലാഖയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ചോദിച്ചു മനസ്സിലാക്കി (ഇപ്പോൾ ഇതേ മാലാഖയുടെ രൂപംതന്നെയാണ് അൽമാ കോളജ് ഗാർഡനിൽ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മയ്ക്കായി സ്ഥാപിച്ച ശിൽപ്പത്തിന്റെയും ആധാരമാക്കിയത്).

സന്ദർലാൻഡ് കോൺഗ്രിഗേഷൻ ഇടവകയാകുന്നു

തിരുമേനിയുടെ ഇംഗ്ലണ്ട് സന്ദർശനത്തിന്റെ അവസാന കർമ്മമായിരുന്നു സന്ദർലാൻഡ് സെന്റ് തോമസ് കോൺഗ്രിഗേഷനെ പൂർണ്ണ ഇടവകയാക്കുക എന്നത്. അത് ഇംഗ്ലണ്ടിലെ അവസാന പരിപാടി എന്ന് എല്ലാവരും വിചാരിച്ചിരുന്നെങ്കിലും അതു തിരുമേനിയുടെ ജീവിതത്തിലെ അന്ത്യകർമ്മമാണെന്ന് ആരും കരുതിയില്ല.

തിരുമേനിയെ ഇടവകജനങ്ങൾ ഹർഷാരവത്തോടെ എതിരേറ്റു. ആ ഇടവകയുടെ നാൾവഴികൾ കൂടി അറിയേണ്ടതുണ്ട്. 2004 ആഗസ്റ്റിൽ ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സന്ദർശനത്തോടുകൂടിയാണ് ഇടവകയുടെ ആരംഭം. അന്ന് സിറ്റി ആശുപത്രി ചാപ്പലിൽ തിരുമേനി നടത്തിയ കുർബ്ബാനയോടുകൂടി തങ്ങൾക്ക് ഒരു ക്രമമായ ആരാധനാസൗകര്യം ഉണ്ടാകണമെന്നുള്ള അഭിവാഞ്ഛ ജനങ്ങൾക്കുണ്ടായി. ന്യൂകാസിലിലും പ്രാന്തപ്രദേശങ്ങളിലും ചിതറിപ്പാർത്തിരുന്ന ഏതാണ്ട് 15 കുടുംബങ്ങൾക്കു വേണ്ടി ക്രമമായി എല്ലാ ഒന്നാം ശനിയാഴ്ചയും ആരാധന നടത്തുന്നതിന് തീരുമാനിച്ചതും അന്നാണ്. സെന്റ് ജോസഫ് റോമൻ കാതലിക് പള്ളിവികാരി ഫാ. ഗോൾഡൻ കെൻ ആ പള്ളി നമ്മുടെ ആരാധനയ്ക്കു വിട്ടുതരാനുള്ള സന്മനസ്സ് കാട്ടിയതോടെ 2004 ഒക്ടോബറിൽ ബിജി വറുഗീസിന്റെ ഭവനത്തിൽ കൂടിയ യോഗത്തിൽ കാര്യനടത്തിപ്പിനുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. സംഘടിക്കാനുള്ള ആവേശം ശക്തിപ്പെട്ടു വന്നു. പ്രവീൺ വറുഗീസ് ആദ്യ സെക്രട്ടറിയായും ബിജി വറുഗീസ് ട്രസ്റ്റിയായും ഉള്ള ഒരു കമ്മിറ്റി ഈ ഫെലോഷിപ്പിന് ശക്തമായ ഒരു അടിത്തറ ഇടുകയും 2005 ജനുവരിയിൽ സാബു കടവന്താനത്തിന്റെ ഭവനത്തിൽ ചേർന്ന യോഗം ഈ ഫെലോഷിപ്പിന് സഭയുടെ അപ്പോസ്തോലനായ തോമാ ശ്ലീഹായുടെ പാവനനാമം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

2005 ഡിസംബറിലാണ് ഇടവക മെത്രാപ്പോലീത്താ മാർ മക്കാറിയോസ് ഈ പ്രാർത്ഥനാഗ്രൂപ്പിനെ ആദ്യമായി സന്ദർശിച്ചത്. അതോടുകൂടി കൂടുതൽ ഊർജ്ജം ലഭിച്ച വിശ്വാസികൾ ഒന്നിടവിട്ട ഞായറാഴ്ചകളിൽ നടത്തിവന്ന പ്രാർത്ഥനായോഗങ്ങൾ കൂടാതെ സ്ത്രീസമാജം, സണ്ടേസ്കൂൾ തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങൾ ആരംഭിക്കയും ചെയ്തു. തിരുമേനിയുടെ സന്ദർശനത്തോടെ സന്ദർലാൻഡ്, ന്യൂകാസിൽ, സൗത്ത് ഫീൽഡ്സ്, ഡറം, മിഡിൽസ് ബറോ തുടങ്ങിയ പ്രാന്തപ്രദേശങ്ങളിൽ ചിതറിപ്പാർത്തിരുന്ന 33 കുടുംബങ്ങൾ അംഗത്വം നേടിയതോടെ കോൺഗ്രിഗേഷൻ പൂർവ്വാധികം വളർച്ച പ്രാപിച്ചു. അവിടെ വി. കുർബ്ബാന അർപ്പിക്കുന്നതിന് അച്ചന്മാർക്ക് തിരുമേനി നിർദ്ദേശം നൽകുകയും ചെയ്തു.

ഈ വളരുന്ന കോൺഗ്രിഗേഷന്റെ ഉത്ക്കടമായ ആഗ്രഹത്തെ ആദരിച്ചുകൊണ്ടാണ് മക്കാറിയോസ് തിരുമേനി ഇത്തവണ തന്റെ മിഷനറിയാത്രയുടെ അവസാന ചടങ്ങെന്ന നിലയ്ക്ക് ഈ കോൺഗ്രിഗേഷനെ ഒരു സമ്പൂർണ്ണ ഇടവകയാക്കി പ്രഖ്യാപിക്കാനുള്ള പരിപാടി ക്രമീകരിച്ചത്. ആ പ്രഖ്യാപനച്ചടങ്ങ് തിരുമേനിയുടെ ഈ ലോകജീവിതത്തിലെ അവസാന ചടങ്ങായിത്തീരുമെന്ന് ഇടവകക്കാർ സ്വപ്നേപി നിനച്ചിരുന്നില്ല.

തിരുമേനിയുടെ അമ്മച്ചിയുടെ ചരമദിനം

അമ്മച്ചിയുടെ 5-ാം ചരമവാർഷികം ജനുവരി 5-ാം തീയതി ആയിരുന്നതുകൊണ്ട് അന്നത്തെ കുർബ്ബാനയിൽ അമ്മച്ചിയെ ഓർത്തു പ്രാർത്ഥിച്ചശേഷം തിരുമേനി ധൂപപ്രാർത്ഥന നടത്തി. അമ്മച്ചിയെക്കുറിച്ചുള്ള മധുരസ്മരണകൾ കൊണ്ട് തിരുമേനിയുടെ മനസ്സു നിറഞ്ഞിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ എല്ലാ പ്രഭാഷണങ്ങളിലും സംഭാഷണങ്ങളിലും അമ്മച്ചി കടന്നുവരാറുണ്ട്. മകന്റെ ആരോഗ്യത്തിലും സ്വഭാവ സംസ്ക്കരണത്തിലും ആ അമ്മ അതീവശ്രദ്ധ ചെലുത്തിയിരുന്നു. എല്ലാ സന്തോഷവും എല്ലാ സന്താപവും ദൈവത്തിൽ നിന്നു വരുന്നു. ആ സുഖദുഃഖ സമ്മിശ്രമായ ജീവിതം രൂപപ്പെടുത്തി എടുക്കുന്ന ഒരു കണ്ണിയായിരുന്നു തിരുമേനിയുടെ കുടുംബം. അങ്ങനെ കുടുംബം കാണിയാകാതെ, കണ്ണിയായി മാറുമ്പോഴല്ലേ സമൂഹ ചങ്ങലയിലാകുന്നത്. വീട്ടിലെ സ്നേഹാന്തരീക്ഷത്തിൽ കൊണ്ടും കൊടുത്തുമാണ് തിരുമേനിയുടെ ത്യാഗജീവിതം രൂപപ്പെട്ടത്. അതിൽ അമ്മച്ചിയുടെ ത്യാഗോജ്വല ജീവിതം തിരുമേനിക്ക് എന്നും മാതൃകയായിരുന്നു.

ആ അമ്മച്ചിയുടെ സ്മരണകൾക്കു മുമ്പിൽ ധൂപം ഉയർത്തി പ്രാർത്ഥിച്ചപ്പോൾ തിരുമേനിയുടെ കണ്ണുകൾ നനഞ്ഞിരുന്നോ?

തിരുമേനിയുടെ അന്ത്യചടങ്ങും ആ ജീവിതം പൊലിഞ്ഞതിന് വഴിയൊരുക്കിയ കാറപകടവും എല്ലാം അമ്മയുടെ ഓർമ്മദിനത്തിൽ തന്നെ സംഭവിച്ചതിന്റെ പിന്നിൽ അദൃശ്യമായ കാരണങ്ങൾ വല്ലതും ഒളിഞ്ഞിരിപ്പുണ്ടോ?

ആ ധൂപപ്രാർത്ഥനയുടെ അവസാനത്തിൽ തിരുമേനിയുടെ കണ്ണുകൾ ഉയരത്തിലേക്കു ഉയർത്തി, ആർക്കും കേൾക്കാനാവാത്ത ഒരു ശബ്ദം കേൾക്കുന്നതുപോലെ നിന്നത് ആ അമ്മച്ചിയുടെ ശബ്ദം കേൾക്കുകയായിരുന്നോ?

"മോനേ! വയസ്സ് 82 ആയില്ലേ? ഇനി ഭൂമിയിൽ കിടന്ന് കഷ്ടപ്പെടണോ? സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ ഈ അമ്മച്ചിയോടൊപ്പം

ഇമ്പങ്ങളുടെ പറുദീസായിലേക്കു പോന്നു കൂടെ" എന്ന് ആ അമ്മ തിരുമേനിയുടെ ചെവിയിൽ മന്ത്രിച്ചിരിക്കുമോ?

ആ അമ്മ ഭൗമികജീവിതം അവസാനിപ്പിച്ച അന്ത്യദിനത്തിൽ "എന്റെ മോൻ ഇങ്ങു വന്നേ, ഈ അമ്മച്ചിയുടെ മടിയിൽ ഒന്നിരുന്നേ" എന്ന് പറയുന്നത് അരികിലിരുന്ന് എഴുതിക്കൊണ്ടിരുന്ന ലാസ്സറസ് റമ്പാച്ചൻ കേൾക്കാനിടയായി. അതെ വിളി ആ അമ്മയുടെ 5-ാം ചരമവാർഷികത്തിൽ തിരുമേനിയുടെ മനസ്സിൽ കേട്ടുവോ? അന്നുതന്നെ സ്വർഗ്ഗീയ പിതാവ് അതിനു നിമിത്തം ഒരുക്കുകയായിരുന്നോ? ആർക്കറിയാം? ഏതായാലും ആ അഞ്ചാം ചരമവാർഷിക ദിനത്തിൽ തന്നെ തിരുമേനിക്കുണ്ടായ കാറപകടവുമായി അദൃശ്യമായ ബന്ധം എന്തെങ്കിലും ഉണ്ടായിരുന്നോ?

ഇടവക പ്രഖ്യാപനം

അന്നത്തെ വി. കുർബ്ബാനയിൽ തിരുമേനിയെ പ്രധാന സഹായി ആയി, ശുശ്രൂഷയിൽ സംബന്ധിച്ചത് ന്യൂകാസിലിലെ പ്രസിദ്ധ കാർഡിയോളജിസ്റ്റായ ഡോ. ഏബ്രഹാം ശമുവേൽ ആയിരുന്നു. കുർബ്ബാന മദ്ധ്യേ ഔദ്യോഗിക വേഷഭൂഷാദികളോടെ ഇരുമെഴുകുതിരികളുടെ മദ്ധ്യേ പടിഞ്ഞാറോട്ടഭിമുഖമായി നിന്നുകൊണ്ട്, "സന്ദർലാൻഡ് സെന്റ് തോമസ് കോൺഗ്രിഗേഷനെ ഇന്നു മുതൽ മലങ്കര സഭയുടെ ഒരു പൂർണ്ണ ഇടവകയായി പ്രഖ്യാപിച്ചുകൊള്ളുന്നു" എന്നു പ്രഖ്യാപിച്ചപ്പോൾ പള്ളിയിൽ കൂടിയിരുന്ന വിശ്വാസികളിൽ നിന്നു ഹർഷാരവം ഉയർന്നു.

അവസാന മീറ്റിംഗ്

വി. കുർബ്ബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ മാർ മക്കാറിയോസ് അദ്ധ്യക്ഷത വഹിച്ചു.

തിരുമേനിയുടെ അദ്ധ്യക്ഷപ്രസംഗം തന്റെ ജീവിതത്തിലെ അവസാന പ്രസംഗമായിരുന്നു. പതിവുപോലെ ചിരിയുടെ മാലപ്പടക്കം പൊട്ടിച്ചുകൊണ്ട് ആരംഭിച്ച പ്രസംഗം ആദ്യന്തം സദസ്സ് സശ്രദ്ധം ശ്രദ്ധിച്ചു കേട്ടു. പാശ്ചാത്യ സമൂഹത്തിൽ നിന്നും സദസ്സിനെ അലങ്കരിച്ചിരുന്ന സിറ്റി മേയർ മേരി സ്മിത്ത്, സെന്റ് മേരീസ് പള്ളി വികാരി ഫാ. ക്രിസ് ജാക്സൺ, മിൽഫീൽഡ്സ് സെന്റ് ജോസഫ് വികാരി ഫാ. ഗോർഡൻ റയൺ, വാർഡ് മെമ്പർ കൗൺസിലർ പോൾ സിങ്സൺ തുടങ്ങിയവർക്ക് പ്രൗഢഗംഭീരമായ ആ പ്രസംഗധോരണി കേട്ട് ചിരിയിലും ചിന്തയിലും മുഴുകാതിരിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെ ഒരു 'ഒറേഷൻ' ഞങ്ങൾ കേട്ടിട്ടേ ഇല്ല എന്നായിരുന്നു ആ പാശ്ചാത്യ മാന്യന്മാരുടെ പ്രതികരണം.

മിസ് നീതു സണ്ണി എം. സി. ആയിരുന്നു. ആ സമ്മേളനത്തിൽ അതി

ഥികളെ കൂടാതെ പള്ളി വികാരിയായി നിയമിതനായ ഫാ. ഹാപ്പി ജേക്കബ്, ഫാ. ബേബി മാത്യൂസ് എന്നിവരും ആശംസകൾ അർപ്പിച്ചു.

ഡോ. ഏബ്രഹാം സാമുവേൽ സ്വാഗതം പറയുകയും പ്രവീൺ തോമസ് മുഖ്യാതിഥികളെ പരിചയപ്പെടുത്തുകയും ഡോ. മോഹൻ ജോർജ്ജ് കൃതജ്ഞത അർപ്പിക്കയും ചെയ്തു.

സേവ്യർ ദേവസ്യായും സംഘവും ഒരുക്കിയ സംഗീത വിരുന്ന് സന്ദർഭത്തിനു കൂടുതൽ മാധുര്യം പകർന്നു. സന്ദർലാൻഡിലും സമീപപ്രദേശങ്ങളിൽ നിന്നും എത്തിച്ചേർന്ന ജനങ്ങൾക്കു അഭിമാനവും ആത്മസംതൃപ്തിയും പ്രദാനം ചെയ്യത്തക്ക പ്രൗഢഗാംഭീര്യം നിറഞ്ഞതായിരുന്നു അന്നത്തെ ചടങ്ങുകൾ.

മീറ്റിംഗ് കഴിഞ്ഞാലുടൻ തിരുമേനി മടക്കയാത്രയ്ക്കായി നേരിട്ട് എയർപോർട്ടിലേക്കു പോവുകയാണെന്ന് അറിയിപ്പുണ്ടായി. തന്റെ സ്വർഗ്ഗത്തിലേക്കുള്ള മടക്കയാത്രയ്ക്കാണ് തിരുമേനി പോവുന്നതെന്ന് ആരും അറിഞ്ഞില്ല. തിരുമേനി കൈ ഉയർത്തി എല്ലാവരേയും ആശീർവദിച്ചശേഷം പുഞ്ചിരിയോടെ കൈവീശി യാത്രാവന്ദനം പറഞ്ഞു.

അവസാന കേരള സന്ദർശനവേളയിൽ മക്കാറിയോസ് തിരുമേനി സോഫിയാ സെന്ററിൽ. ഫാ. ഡോ. എം. പി. ജോർജ്, ഡോ. കെ. പി. ജോർജ് എന്നിവർ സമീപം. ഫോട്ടോ: ജോയ്സ് തോട്ടയ്ക്കാട്

അദ്ധ്യായം 36

ജീവിതം തകർന്ന കാർ യാത്ര

തിരുമേനി സ്റ്റേജിൽ നിന്നിറങ്ങുമ്പോൾ യൂറോപ്യൻ ജീവിതത്തിന്റെ ഭാരങ്ങളുമായി തന്നെ കാത്തുനിന്ന ഓരോരുത്തരേയും കണ്ടു. ശ്രദ്ധയോടെ കേട്ടു. അവരുടെ എല്ലാ ജീവിത കഥകൾക്കുമേൽ സാന്ത്വനത്തിന്റെ കൈയൊപ്പു ചാർത്തി മിഴിയിമകൾ ഒരു നിമിഷം പോലും അടയ്ക്കാതെ ആ സാക്ഷാൽ ഇടയൻ നടന്നു നീങ്ങി.

കാറിൽ ഡോക്ടർ ജോൺ ഫിലിപ്പിന്റെ വീട്ടിലേക്കു നീങ്ങുമ്പോഴും വാചാലമായി അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നു. മലങ്കരസഭയുടെ പ്രശ്നങ്ങളെപ്പറ്റി ഉള്ളുനൊന്ത് അദ്ദേഹം സംസാരിച്ചു. നമ്മുടെ പ്രശ്നങ്ങൾക്കു കാരണം സ്വയം വിലയിരുത്തലുകളുടെ അഭാവമാണ്. നമ്മുടെ അന്ധവിശ്വാസവും ആത്മവിശ്വാസവും നമ്മെ സമൂഹത്തിൽ കാലഹരണപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. നാം എന്തുമാത്രം ക്രിയാത്മകമാണ് എന്ന അറിവാണ് നമുക്കു സന്തോഷവും സമാധാനവും തരുന്നത്. അപ്പോഴാണ് ഏതു സാധാരണക്കാരനും അസാധാരണക്കാരനാവുന്നത്. നാം സ്വയം കാലഹരണപ്പെടരുത്. നമ്മുടെ മുമ്പിൽ പല പ്രശ്നങ്ങളുണ്ട്, അതുപോലെ അവസരങ്ങളുമുണ്ട്, വളർച്ചയുണ്ട്, മാറ്റങ്ങൾ ഉണ്ട്. ഇതിനോടെല്ലാം മുഖം മറച്ചു നിന്നാൽ ബഹുമുഖമായ തകർച്ചയെ നാം നേരിടേണ്ടി വരും.

പണ്ടൊരു ലോകഗുരു കുറെ ശിഷ്യന്മാരെ മീൻപിടുത്തക്കാരുടെ ഇടയിൽ നിന്നും തെരഞ്ഞെടുത്തു. അവർ മീൻപിടിച്ചുകൊണ്ടിരുന്ന വല മനുഷ്യരെ പിടിക്കുന്നതിനുള്ള വലയാക്കി മാറ്റി. കേരളത്തിൽ ഒരു നാരായണഗുരുസ്വാമി ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജാതിയിൽപ്പെട്ട ഈഴവരിൽ ഒരു നല്ല പങ്കും തെങ്ങു ചെത്തി കള്ളെടുത്ത് ഉപജീവനം കഴിച്ചവരായിരുന്നു. ഗുരു അവരോടു ഉപദേശിച്ചു, "ഇനി ചെത്തരുത്, ചെത്തുന്നവനേയും, വില്ക്കുന്നവനേയും കുടിക്കുന്നവനേയും നാറും." ഈ ഉപദേശം സ്വീകരിച്ചാൽ ഈഴവരിൽ പലരും തൊഴിലില്ലാത്തവരായി മാറും" എന്നു പറഞ്ഞപ്പോൾ ഗുരു പറഞ്ഞു. "കള്ളു ചെത്തുവാനുപയോഗിക്കുന്ന കത്തി കൊണ്ട് നാലു ക്ഷൗരക്കത്തി ഉണ്ടാക്കാം. ചെത്തു നിർത്തിയിട്ട് ക്ഷുരകന്റെ പണി ചെയ്തു ജീവിക്കൂ. മദ്യത്തിൽ നിന്നകന്നു ജീവിക്കൂ." മാറ്റങ്ങളനുസരിച്ച് നമ്മുടെ വലയും കത്തിയും മാറ്റി ജീവിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു.

ഡോ. ജോൺ ഫിലിപ്പിന്റെ അതിഥി

തിരുമേനിയുടെ ജീവിതത്തിലെ അന്ത്യ ആതിഥ്യം അരുളാൻ ഭാഗ്യം സിദ്ധിച്ചത് ഡോ. ജോൺ ഫിലിപ്പിനാണ്. ഡോ. ജോൺ ന്യൂകാസിൽ ജനറൽ ആശുപത്രിയിൽ പീഡിയാട്രിക്സ് വകുപ്പിലാണ് ജോലി ചെയ്യുന്നത്. ഡോ. ജോണും പത്നിയും മലങ്കരസഭയോടു വളരെ ബന്ധപ്പെട്ട രണ്ടു കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ഡോ. ജോണിന്റെ വല്യമ്മ ദീനാമ്മ സഭാ വൈദികട്രസ്റ്റിയായിരുന്ന ടി. എസ്. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ സഹോദരിയും മിസ്സിസ് ജോണിന്റെ പിതാമഹൻ ആലുവാ യു. സി. കോളജ് പ്രിൻസിപ്പാളും മലങ്കരസഭയുടെ അത്മായ നേതൃത്വത്തിൽ കത്തിനിന്ന താരവുമായിരുന്ന എ. എം. വർക്കിയായിരുന്നു. ഡോ. ജോണിന്റെ വീട് സന്ദർശിക്കണമെന്നുള്ള ആഗ്രഹം തിരുമേനിക്ക് തള്ളിക്കളയാനായില്ല.

സൗത്ത് ഗോസ് ഫോർത്തിൽ 149 ദാഡ്ലി റോഡിൽ ഉള്ള ഡോ. ജോണിന്റെ വീടു സന്ദർശിച്ചശേഷം വൈകാതെ അവിടെനിന്നും എയർപോർട്ടിലേക്കു പോകാനായിരുന്നു തിരുമേനിയുടെ പ്ലാൻ. രാത്രി ഫ്ളൈറ്റിൽ ന്യൂകാസിലിൽ നിന്നു പുറപ്പെട്ടാൽ രാവിലെ അമേരിക്കയിൽ എത്താൻ കഴിയും.

ഹാപ്പി അച്ചനും പള്ളിഭാരവാഹികളും എയർപോർട്ടിൽ നേരിട്ട് എത്തിക്കൊള്ളാം എന്നു പറഞ്ഞു. തിരുമേനിയെ ഡോ. ജോണിന്റെ വീട്ടിൽ നിന്നു എയർപോർട്ടിൽ എത്തിക്കാൻ കൊട്ടാരക്കരക്കാരൻ റജിയെ ഏർപ്പാടാക്കിയ ശേഷമാണ് എല്ലാവരും പിരിഞ്ഞത്.

അന്നു പള്ളിയിൽ നടന്ന ചടങ്ങുകളിൽ പങ്കെടുത്തു സംതൃപ്തിയോടെ വീടുകളിൽ എത്തിയിട്ടും പള്ളിക്കാർ അതെപ്പറ്റിയുള്ള ആസ്വാദനം നിർത്തിയിരുന്നില്ല. പ്രത്യേകിച്ച് തിരുമേനിയുടെ പങ്കിനെപ്പറ്റി അവർ ഏറ്റം ആസ്വദിച്ചു സംസാരിച്ചു.

അന്ത്യ ഫോട്ടോ

മിസ്സിസ് ജോൺ നല്കിയ ഒരു കപ്പു കാപ്പിയുമായി തിരുമേനി ഡോക്ടറുമായി സംസാരം ആരംഭിച്ചു. തിരുമേനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചില പദ്ധതികളുടെ വിശദവിവരങ്ങൾ ജോണുമായി സംസാരിച്ചുകൊണ്ടിരിക്കവെ ഡോക്ടറുടെ രണ്ടു വയസ്സുള്ള ഏക മകൾ വാതിൽപ്പാളിയുടെ മറവിൽ നിന്ന് തിരുമേനിയെ ഉറ്റുനോക്കിക്കൊണ്ടു നിന്നു. നല്ല പളുപളാ മിനുങ്ങുന്ന ചുമന്ന പട്ടുകുപ്പായം – കഴുത്തിൽ തൂങ്ങുന്ന നീണ്ട സ്വർണ്ണ കുരിശുമാല, തലയിൽ വെളുത്ത കുരിശുകളോടുകൂടിയ കറുത്ത തലമുടി – കണ്ടാൽ നല്ല ചന്തം. കുട്ടി സ്വന്തം വസ്ത്രത്തിലേക്കു നോക്കി.

ഒരു ചെറിയ വെള്ള കുട്ടിയുടുപ്പ്. തലമുടി പറ്റെ വെട്ടിയ തന്റെ കഴുത്തിൽ ഒരു മാല പോലുമില്ല. അവൾ വീണ്ടും തിരുമേനിയെ സാകൂതം നോക്കി.

തിരുമേനി ഈ പ്രാവശ്യം കുട്ടിയെ കണ്ടു. കുട്ടികളെ ആകർഷിക്കുന്ന ചെറുപുഞ്ചിരി ആ മുഖത്ത്. തന്നെ കൈ മാടി തിരുമേനി വിളിക്കുന്നു. അയ്യോ പേടിയാവുന്നു. ഡാഡിയോടുള്ള സംസാരം തുടരുമ്പോഴും തിരുമേനിയുടെ നോട്ടം തന്നിലേക്കാണ്. വീണ്ടും കൈ വീശി വിളിക്കുന്നു.

കുട്ടി അടുക്കുന്നില്ല. തന്റെ കഴുത്തിൽ തൂങ്ങുന്ന സ്വർണ്ണമാല തിരുമേനി ആട്ടിക്കാണിക്കുന്നു. പെണ്ണും സ്വർണ്ണവും പരസ്പരം ആകർഷിക്കുമല്ലോ. സ്വർണ്ണകുരിശും മാലയും വീണ്ടും ആട്ടി തിരുമേനി കുട്ടിയെ ആകർഷിക്കുന്നു – തിരുമേനി ചിരിച്ചു. കുട്ടിയും ചിരിച്ചു. സ്നേഹം, ഭയത്തെ പുറത്താക്കുന്നു.

അവൾ അടിവച്ചടിവച്ച് തിരുമേനിയുടെ അരികിലേക്കു നീങ്ങി. തിരുമേനി പുഞ്ചിരിച്ചു. മോളും പുഞ്ചിരിച്ചു. ഒട്ടും പേടിയില്ല. അവസാനം അവൾ തിരുമേനിയുടെ കാൽക്കൽ എത്തി. വലതുകൈ തിരുമേനിയുടെ കാൽമുട്ടിൽ പിടിച്ച് ഇടതുകൈ കൊണ്ട് തിരുമേനിയുടെ സ്വർണ്ണമാലയിലെ കുരിശിൽ പിടിയിട്ടു.

ഇരുവരുടെയും കണ്ണുകൾ പരസ്പരം ഇടഞ്ഞു. രണ്ടു ചുണ്ടുകളിലും വശ്യമായ പുഞ്ചിരി വിടർന്നു. ഡോക്ടറുടെ ക്യാമറായിൽ സുന്ദരമായ ആ പുഞ്ചിരി തൂകുന്ന രണ്ടു മുഖങ്ങളും ഒപ്പി എടുത്തു. അതു തിരുമേനിയുടെ ലോകത്തിലെ അന്ത്യഫോട്ടാ ആയി മാറി.

കൊട്ടാരക്കരക്കാരൻ റജി മുറിയിലേക്കു കടന്നുവന്നു. റജി സുന്ദർ ലാൻഡു ഇടവകയിലെ സജീവ പ്രവർത്തകനാണ്. തിരുമേനിയെ എയർപോർട്ടിലേക്കു കൊണ്ടുപോകാമെന്ന് ഏറ്റിരുന്നത് റജിയായിരുന്നു. അതുകൊണ്ട് യാത്രയ്ക്കുള്ള സമയമായെന്നു തിരുമേനിയ്ക്കു മനസ്സിലായി.

“റജി!” തിരുമേനി പറഞ്ഞു. “പോകാൻ സമയമായി അല്ലേ. ഞാൻ ഒരു പ്രോജക്ടു കാര്യം ഡോക്റുമായി ചർച്ച ചെയ്തു ഇരുന്നുപോയി. ഇപ്പോഴും ഞങ്ങളുടെ ചർച്ച തീർന്നിട്ടില്ലാത്തതുകൊണ്ട്, ഞാനും ഡോക്ടറും കൂടെ ഡോക്ടറുടെ കാറിൽ എയർപോർട്ടിലേക്കു വന്നുകൊള്ളാം. റജി, ഞങ്ങളോടൊപ്പം ഞങ്ങളുടെ പിന്നാലെ പോരൂ.”

ഇതൊരു നിമിത്തമാവുകയായിരുന്നോ? റജിയെ എന്തിനോ ദൃക്സാക്ഷിയാക്കാൻ വേണ്ടി ദൈവം ഒരുക്കുകയായിരുന്നോ?

തിരുമേനി എഴുന്നേറ്റു ലഘുപ്രാർത്ഥന നടത്തിയശേഷം തിരുമേനി

യാത്ര പറഞ്ഞിറങ്ങി. തിരുമേനി ഡോക്ടറുടെ കാറിലും റജി സ്വന്തം കാറിൽ തൊട്ടു പിന്നാലെയും യാത്ര തിരിച്ചു.

മരണം വഴിയിൽ കാത്തിരുന്നു

അവർ യാത്ര പുറപ്പെട്ടു. ഡോ. ജോൺ ഫിലിപ്പ് ഡ്രൈവറുടെ സീറ്റിലും തിരുമേനി മുൻ സീറ്റിൽ ഇടതുഭാഗത്തും ഇരുന്നു. റജിയുടെ കാർ തൊട്ടുപിന്നാലെയുമായി എയർപോർട്ടിലേക്കു നീങ്ങി.

"ആകെയല്പം നേരം മാത്രം
എന്റെ യാത്ര തീരുവാൻ
അപ്പോഴുമെൻ രഥത്തിന്റെ
ചക്രം മുന്നോട്ടോടുന്നു."

ന്യൂകാസിലിലെ ഇളംകാറ്റിലൂടെ ആ ക്രിസ്തീയ ഗാനത്തിന്റെ ഈരടികൾ ഒഴുകിവന്നുകൊണ്ടിരുന്നു.

ദൈവത്തിൻ മനമാരു കണ്ടു?

"രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടു–
മുഷസ്സെങ്ങും പ്രകാശിക്കും, ദേവൻ
സൂര്യനുദിക്കുമിക്കമലവും കാലേ വിടർന്നീടുമെ–
ന്നേവം മൊട്ടിനകത്തിരുന്നളി
മനോരാജ്യം തുടർന്നീടവേ
ദൈവത്തിൻ മനമാരു കണ്ടു?
പിഴുതാൻ ദന്തീന്ദ്രനാപത്മനീയം."

താമരപ്പൂവിലെ മധു നുകർന്നുകൊണ്ടിരുന്ന വണ്ട് അറിയാതെ തന്നെ സായംസന്ധ്യയിൽ താമരപ്പൂദളങ്ങളടച്ചു. ആ വണ്ട് പൂവിനുള്ളിൽ രാത്രി മുഴുവൻ കഴിച്ചു കൂട്ടേണ്ടി വന്നപ്പോൾ മനസ്സിൽ വിചാരിച്ചു, സാരമില്ല, നേരം വെളുക്കുമ്പോൾ ഈ അടഞ്ഞ താമരദളങ്ങൾ വിടരുമ്പോൾ പുറത്തുപോകാം." ഇപ്രകാരം മനോരാജ്യം കണ്ടുകൊണ്ടിരിക്കുമ്പോൾ ഒരു കരിവരൻ വന്ന് ആ താമരച്ചെടി പൂവോടു കൂടി അപ്പാടെ തുമ്പിക്കൈയിൽ ചുരുട്ടി വായിൽ കയറ്റി എന്നന്നേക്കുമായി പൂവിനേയും വണ്ടിനെയും ഒരുമിച്ചു വിഴുങ്ങിക്കളഞ്ഞു.

ഇക്കഥ കേരളകവിയുടെ സുന്ദരമായ ഭാവനയിൽ വിടർന്നതാണെങ്കിലും ആ മനോഹരമായ ആവിഷ്ക്കരണത്തിന്റെ ഒടുവിൽ കവി ചോദിക്കുന്ന ചോദ്യം മാനവവംശത്തോടു മുഴുവനാണ്. "ദൈവത്തിൻ മനമാരു കണ്ടു?"

ഇരിക്കുമ്പോഴും ചരിക്കുമ്പോഴും മനുഷ്യൻ ദിവാസ്വപ്നങ്ങൾ പലതും

കാണുന്നു. അവന്റെ ദിവാസ്വപ്നങ്ങളോടു കൂടി കാലം മനുഷ്യനെ വിഴുങ്ങുന്ന അപ്രിയ സത്യം നാം അംഗീകരിച്ചേ മതിയാവൂ. എത്ര എത്ര സുന്ദരസ്വപ്നങ്ങളാണു താമരപ്പൂവോടു കൂടി മണ്ണടിഞ്ഞു പോകുന്നത്?

ഡോ. ജോൺ ഫിലിപ്പിന്റെ കാർ ബൈലൈനിൽ നിന്നു പ്രധാന പൊതുനിരത്തിലേക്കു കടന്നു. ഡോ. ജോൺ എപ്പോഴും അതീവ ശ്രദ്ധയോടെ കാറോടിക്കുന്ന ആളാണ്. പ്രത്യേകിച്ച് തന്റെ തിരുമേനി മുൻസീറ്റിലിരുന്നതുകൊണ്ട് കൂടുതൽ ശ്രദ്ധ ചെലുത്തിയാണു വണ്ടി ഓടിച്ചത്. സൗമ്യനായ ഡോക്ടർ വണ്ടി ഓടിച്ചുകൊണ്ടിരുന്നതും സൗമ്യമായിട്ടായിരുന്നു.

സഭയെ ഞെട്ടിച്ച അപകടം

തിരുമേനിയെ വഹിച്ച കാർ ഒരു റൗണ്ട്എബൊട്ടിൽ എത്തി. ആ വൃത്തത്തിൽ നിന്നു നാലു വശങ്ങളിലേക്കും അനേകം റോഡുകൾ കടന്നുപോകുന്നുണ്ട്. ആ വൃത്തത്തിൽ നിന്നും പ്രധാന വീഥി കടന്നു ഇടത്തോട്ടു തിരിയുന്നതാണ് സ്പിറ്റൽ ടോംസ്റ്റെൽ എന്ന പേരിലുള്ള എയർപോർട്ടു റോഡ്. ഏതാനും വാര ദൂരം മാത്രം. വളവു തിരിഞ്ഞാൽ എയർപോർട്ടു ആയി. വളവിൽ വച്ചു തന്നെ പ്രധാന വീഥിയിലൂടെ ഒരു കാർ വരുന്നത് തിരുമേനിയും ഡോക്ടറും കണ്ടു. റോഡിൽ വലിയ തിരക്കില്ലാത്തതുകൊണ്ട് ദൂരെക്കണ്ട കാർ റൗണ്ടിൽ എത്തുന്നതിനു മുമ്പു തന്നെ റോഡു മുറിച്ചുകടക്കാമെന്നുള്ള ചിന്തയിൽ ഡോ. ജോണിന്റെ കാൽ ആക്സിലേറ്ററിൽ വച്ചു.

ഡോക്ടർ ജോണിന്റെ കാർ അക്സിലേറ്ററിൽ വച്ചു എന്നു പറയുന്നതിനേക്കാൾ ശരി വയ്പിച്ചു എന്നു പറയുന്നതാവും. ആരു വയ്പിച്ചു എന്നല്ലേ? ദൈവം. എല്ലാറ്റിനും ഒരു നിമിത്തം ആവശ്യമാണ്. ദൈവം ഇക്കാര്യത്തിൽ ഡോക്ടർ ജോണിനെയാണു ഉപയോഗിച്ചത്. ഡോക്ടർ ജോൺ ഭാഗ്യവാനാണ്. ദൈവം ഡോക്ടർ ജോണിനെ തന്റെ ദൗത്യ നിർവ്വഹണത്തിന്റെ ഉപകരണമാക്കി മാറ്റി.

ഡോക്ടർ ജോണിന്റെ മകളെയും ദൈവം അവസാന ചിത്രത്തിനായി ഉപയോഗിച്ചത് നാം കണ്ടു. "നിങ്ങൾ തിരിഞ്ഞ് ഈ പൈതലിനെപ്പോലെ ആവുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിന് അവകാശിയാവുകയില്ല." തിരുമേനി ആ പിഞ്ചു പൈതലിനെ പോലെ ആയതിന്റെ ഉത്തമ ലക്ഷണമായിരുന്നു ആ അവസാന ഫോട്ടോയിലെ പാലൊളി പുഞ്ചിരി. ഡോക്ടർ ജോണും കുടുംബവും ധന്യരാണ്.

ഠേ ഠേ..... ഇടി വെട്ടിയോ? എ. 189 റോഡിലൂടെ അതിവേഗം പാഞ്ഞു വന്ന ബി.എം.ഡബ്ല്യു. കാർ അതിശക്തമായി തിരുമേനി ഇരുന്ന വശത്തെ

മക്കാറിയോസ് തിരുമേനി സഞ്ചരിച്ചിരുന്ന കാർ അപകടത്തിൽപെട്ട ന്യൂകാസിലിലെ ജംഗ്ഷനിൽ ലാസറസ് റമ്പാൻ (2014 ഏപ്രിൽ 19-നു എടുത്ത ഫോട്ടോ).

കപ്പൽ പോകുമ്പോൾ ഉയരുന്ന ന്യൂകാസിലിലെ പാലത്തിൽ ലാസറസ് റമ്പാൻ (2014 ഏപ്രിൽ 19-നു എടുത്ത ഫോട്ടോ).

വാതിൽ ഇടിച്ചു പൊളിച്ചു തകർത്തു നിന്നു. ആ വലിയ കാറിൽ ഒര മ്മയും രണ്ടു കുഞ്ഞുങ്ങളുമായിരുന്നു സഞ്ചരിച്ചത്. അമ്മ തന്നെയാണ് ബി.എം.ഡബ്ല്യു. കാർ ഓടിച്ചിരുന്നത്. ഇടിയുടെ ആഘാതത്തിൽ ആ വലിയ കാറിന്റെ മുൻവശം തകർന്നെങ്കിലും കാറിലിരുന്ന അമ്മയ്ക്കും കുട്ടികൾക്കും കാര്യമായ പരുക്കുകൾ ഒന്നും ഏറ്റില്ല. തിരുമേനിയുടെ വലതുവശത്തിരുന്ന് ഡ്രൈവ് ചെയ്തുകൊണ്ടിരുന്ന ഡോക്ടർ ജോണിനും കടുത്ത ഷോക്കേറ്റതൊഴിച്ച് കാര്യമായ പരുക്കുകൾ ഒന്നും ഏറ്റിരുന്നില്ല.

എല്ലാം തിരുമേനിക്കാണ് ഏറ്റത്. ദൈവം തിരുമേനിയ്ക്കു ധാരാള മായ സമ്മാനമാണു നല്കിയത്. കാറിന്റെ മുൻവശത്തെ ഇടതുഡോർ തകർത്ത് ആ ഇടിയിൽ തിരുമേനിയുടെ നെഞ്ചും വയറും ഞെരിഞ്ഞ മർന്നു. ആറു വാരിയെല്ലുകളും ഒരു തോൾ എല്ലും ഒടിഞ്ഞു നുറുങ്ങി. പൊട്ടിയ വാരിഎല്ലുകൾ ശ്വാസകോശത്തേയും കരളിനെയും പലയി ടത്തും കീറിമുറിച്ചു. തിരുമേനി വലത്തേക്കു ചരിഞ്ഞു ഡോക്ടർ ജോണിന്റെ മടിയിലേക്കു മറിഞ്ഞുവീണു.

രണ്ടു നിമിഷങ്ങൾക്കുള്ളിൽ സൈറൺ മുഴക്കിയ ഒരു പോലീസു വാഹനം വന്നു നിന്നു. തകർന്നു കിടന്ന വാഹനത്തിൽ നിന്നു ഡ്രൈവർ സീറ്റിലിരുന്ന ഡോക്ടർ ജോണിനെ അവർ പോലീസ് വണ്ടിയിലേക്കു മാറ്റി.

ഏക ദൃക്സാക്ഷി

ഈ ദാരുണ സന്ദർഭത്തിന് സാക്ഷിയാകുവാൻ മലങ്കരസഭയിൽ കൊട്ടാരക്കര റജിക്കു മാത്രമേ നിയോഗമുണ്ടായുള്ളു. തിരുമേനിയുടെ കാറിനു തൊട്ടുപിന്നിൽ റജി കാറോടിച്ചു വരികയായിരുന്നല്ലോ. അപ കടം തൊട്ടു മുന്നിൽ കണ്ട് റജി കാർ നിർത്തി അലറി നിലവിളിച്ചു കൊണ്ട് തിരുമേനിയുടെ അരികിലേക്ക് ഓടി. വേദനയിൽ പുളഞ്ഞ് ഒരു വശം ചരിഞ്ഞുകിടക്കുന്ന തിരുമേനിയെ കണ്ട് റജി അന്തംവിട്ടു അലറി ക്കരഞ്ഞു. തിരുമേനിയുടെ ചുമപ്പുകുപ്പായം രക്തത്തിൽ കൂടുതൽ ശോണിമയാർന്നിരുന്നു. അസഹനീയ വേദന കടിച്ചമർത്തി കിടക്കുന്ന തിരുമേനിയെ റജി പിടിച്ചുയർത്താൻ ശ്രമിക്കവെ തിരുമേനി പറഞ്ഞു. "റജി! എന്റെ വിരലിലെ മോതിരം ഊരി ഇവിടെ എവിടെയോ വീണു പോയിട്ടുണ്ട്."

ആ മോതിരത്തിന്റെ കഥ

ആ മോതിരവുമായിട്ട് തിരുമേനിക്കുള്ള വൈകാരിക ബന്ധമായിരുന്നു ആ അപകട സമയത്തും ആ മോതിരക്കാര്യം പറയാൻ തിരുമേനിയെ

പ്രേരിപ്പിച്ചത്. കേവലം സ്വർണ്ണത്തോടുള്ള പ്രതിപത്തി ആയിരുന്നില്ല. ആ മോതിരത്തോടു തിരുമേനിക്കുള്ള ഹൃദയബന്ധം ചുരുക്കം പേർക്കേ അറിയാമായിരുന്നുള്ളു. ഡൽഹി വികാരിയായിരുന്ന കാലത്ത് അമേരിക്കയിലേക്ക് കുടിയേറുന്നതിനും പിൽക്കാലത്തു തിരുമേനിയുടെ അമേരിക്കൻ രക്ഷിതാക്കളാകാനും ഭാഗ്യം ലഭിച്ചത് വയോധികരായ ബിഷപ്പ് സ്കേഫിനും പത്നിക്കും ആയിരുന്നെന്ന് ഒന്നാം വാല്യത്തിൽ സൂചിപ്പിച്ചിരുന്നല്ലോ. തിരുമേനി മെത്രാപ്പോലീത്താ ആകുമെന്ന് അച്ചനായിരുന്നപ്പോൾ തന്നെ പ്രവചിച്ച ബിഷപ്പ് സ്കേഫ്, ഫാദർ തോമസ് മെത്രാനായി വരുമ്പോൾ തിരുമേനിയുടെ വിരലിൽ അണിയിക്കുവാൻ ഈ മോതിരം തയ്യാറാക്കി വച്ചിരുന്നു. അങ്ങനെ ലഭിച്ച ആ മോതിരം സദാ സമയവും വിരലിൽ അണിയാൻ മക്കാറിയോസ് തിരുമേനി ശ്രദ്ധിച്ചിരുന്നു. ബിഷപ്പ് സ്ക്കേഫും പത്നിയും മരിച്ചതിനു ശേഷവും അവരുമായുള്ള സുദൃഢമായ സ്നേഹം നിലനിർത്തിയിരുന്നത് ഈ മോതിരത്തിലൂടെയായിരുന്നു. തിരുമേനിയുടെ വിരലിന്റെ വണ്ണം ശോഷിച്ച കാലത്തും മോതിരം ഊരിപ്പോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആ ബന്ധമാണ് തന്റെ വിരലിൽ നിന്നു ഊരിപ്പോയതെന്ന് തിരുമേനി റജിയോടു പറഞ്ഞത്.

ഈ സമയം ഡോ. ഏബ്രഹാം സാമുവേലിന്റെ വീട്ടിൽ ഹാപ്പി അച്ചനും പള്ളിക്കാരും എല്ലാം ചേർന്നു അന്നത്തെ ചടങ്ങുകൾ അയവിറക്കി സന്തോഷിക്കുകയായിരുന്നു. അവരെല്ലാം എയർപോർട്ടിലേക്കു തിരുമേനിയെ യാത്രയാക്കുവാൻ പോകാനൊരുങ്ങുമ്പോഴാണ് ഫോൺ ബല്ലു മുഴങ്ങിയത്. ഡോ. ഏബ്രഹാം ഫോൺ എടുത്തു.

"എബിച്ചായോ വേഗം ഓടി വായോ" റജി കൊട്ടാരക്കരയുടെ ശബ്ദം എബി തിരിച്ചറിഞ്ഞു. എയർപോർട്ടിൽ താമസിയാതെ എത്തണമെന്ന് ഓർമ്മിപ്പിക്കാനാണ് റജി വിളിച്ചതെന്ന് ഡോക്ടർ ധരിച്ചു.

"റജി! ഞങ്ങളിതാ ഉടൻ എയർപോർട്ടിൽ എത്തിക്കൊള്ളാം. നിങ്ങൾ പൊയ്ക്കൊള്ളൂ." പക്ഷേ റജിയുടെ ശബ്ദം ചിലമ്പിച്ചിരുന്നോ? "എബിച്ചായോ, എയർപോർട്ടിലേക്കല്ല, തിരുമേനി വലിയ കാറപകടത്തിൽ പെട്ടു. ഞാൻ ആംബുലൻസ് വിളിച്ചു കഴിഞ്ഞു. നിങ്ങൾ ഹോസ്പിറ്റലിലേക്കു പോയി അവിടത്തെ ഏർപ്പാടുകൾ തയ്യാറാക്കിക്കൊള്ളൂ."

വാക്കുകൾ മുറിയുന്നു. വിങ്ങലുകൾ. കരച്ചിലോടു കൂടിയ വാക്കുകളുടെ ഇടയിലൂടെ ഡോ. എബി എന്തൊക്കെയോ മനസ്സിലാക്കി.

ഹാപ്പി അച്ചനും ഡോക്ടർ എബിയും എല്ലാവരും ഹോസ്പിറ്റലിലേക്കു ഓടി.

സന്ധ്യ മയങ്ങിത്തുടങ്ങിയിരുന്നു. ഡോക്ടറന്മാർ പകൽ ഡ്യൂട്ടി കഴിഞ്ഞ് വീടുകളിലേക്കു പോകാൻ തയ്യാറാകുമ്പോഴാണ് ഡോ. എബി ഹോസ്പിറ്റലിൽ ഓടിക്കിതച്ചെത്തുന്നത്. വിവിധ ഡിപ്പാർട്ടുമെന്റിലുള്ള ഡോക്ടറന്മാരെ ഡോ. എബി വിവരം ധരിപ്പിച്ചു. അവിടെ തയ്യാറാക്കി നിർത്തി.

* * * * * * * * *

യു.കെ. പോലീസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ലാസ്സറസ് റമ്പാച്ചനു ലഭിച്ച കത്ത് (FR: L. CHACKO)

NORTHUMBRIA POLICE
New Castle Area Command
Area Command Headquarters
Etal Lane Police Station
Etal Lane, Westerhope
Newcastle upon Tyne, NES 4 AW
Tel: 01661 872555 Fax: 0191 221 8933

Our Ref. 3147/EE

Ist October 2008

Father L Chacko
123 Charlton Avenue East
Hamilton, Ontario
CANADA

Dear Father Chacko,

I write to inform you that the Police investigation in to the road traffic collision which claimed the life of your brother, Thomas, is now complete.

The driver of the vehicle that Thomas was riding in will appear in court in due course however, in the meantime, an inquest will be held, the the time and date of which you will be notified.

Please accept my sincere condolences for your loss and do not hesitate to contact PC 3147 Robson, Motor Patrols, Newcastle, if we may be of any further assistance in this matter.

Yours sincerely

J Hall
Inspector 7102
New castle Area Command

ആംബുലൻസിലെ സംസാരം

ഏതാനും മിനിട്ടുകൾക്കുള്ളിൽ ആംബുലൻസ് എത്തി. കാറിന്റെ ഡോർ വെട്ടിപ്പൊളിച്ചു മാറ്റി. തിരുമേനിയുടെ രക്തത്തിൽ കുതിർന്ന കുപ്പായങ്ങൾ രണ്ടായി വെട്ടി മാറ്റി ശരീരം എങ്ങും സ്പർശിക്കാത്ത വിധത്തിൽ ആംബുലൻസിൽ കയറ്റാനുള്ള ശ്രമങ്ങൾ തുടർന്നു. അവിടെ എത്തിയ പോലീസ് ഓഫീസർമാരും ആംബുലൻസുകാരോടു ചേർന്നു. അതിനിടയിൽ രണ്ടു പോലീസ് ഓഫീസർമാർ അപകടത്തിന്റെ വിശദാംശങ്ങൾ ശേഖരിക്കാൻ തിരുമേനിയോടു ചോദിച്ചു തുടങ്ങി.

അവർ ഇംഗ്ലീഷിൽ ചോദിക്കുന്ന ചോദ്യങ്ങളെല്ലാം തിരുമേനി മനസ്സിലാക്കുകയും മറുപടി പറകയും ചെയ്തുകൊണ്ടിരുന്നു. അര നൂറ്റാണ്ടു അമേരിക്കൻ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായിരുന്ന തിരുമേനി എന്തുകൊണ്ടോ മറുപടി പറഞ്ഞതെല്ലാം ശുദ്ധ മലയാള ഭാഷയിലായിരുന്നു. അക്ഷരസ്ഫുടതയോടെ ഓക്സ്ഫോർഡു ശൈലിയിൽ ഇംഗ്ലീഷ് പ്രഭാഷണങ്ങൾ നടത്തുകയും ക്ലാസ്സുകൾ എടുക്കുകയും ചെയ്തിരുന്ന തിരുമേനി എന്തേ മാതൃഭാഷയിൽ മാത്രം ഉത്തരം പറഞ്ഞത്? മനശാസ്ത്രജ്ഞന്മാർ വിശകലനം ചെയ്യട്ടെ. അമ്മയുടെ മുലപ്പാലോടു കൂടി ആദ്യമായി കർണ്ണങ്ങളിൽ പതിച്ച ഭാഷ മാത്രം ഈ ആപത്ഘട്ടത്തിലും തിരുമേനിയെ കൈവിട്ടില്ല. വിവിധ ഇന്ത്യൻ ഭാഷകളിലും യൂറോപ്യൻ ഭാഷകളിലും അർത്ഥപുഷ്ടിയോടു കൂടി സംസാരിച്ച നാവ് ആദ്യമായി ഉച്ചരിച്ച മലയാള ഭാഷയെ, തന്റെ പ്രാണവേദന അറിയിപ്പാൻ തെരഞ്ഞെടുത്തത് എന്തേ?

മലയാളത്തിൽ മറുപടി പറയുന്ന ബിഷപ്പിനു ഇംഗ്ലീഷു ഭാഷ വശമില്ലെന്നു പോലീസ് ഉദ്യോഗസ്ഥർ കരുതിയെന്നു തോന്നുന്നു. അവർ പരസ്പരം പറയുന്നതു തിരുമേനി കേട്ടു. “This bishop may not be knowing English. He is talking some native language” (ഈ ബിഷപ്പ് ഏതോ ദേശീയ ഭാഷ സംസാരിക്കുന്നു. അദ്ദേഹത്തിന് ഇംഗ്ലീഷ് അറിഞ്ഞു കൂടായിരിക്കും!).

പോലീസുകാരുടെ സംസാരം കേട്ട തിരുമേനി റജിയോടായി ഇംഗ്ലീഷിൽ പറഞ്ഞു. “Reji I can’t talk English, you talk English for me” (റജി! എനിക്കു ഇപ്പോൾ ഇംഗ്ലീഷ് പറയാൻ വയ്യാ. നീ എനിക്കു വേണ്ടി ഇവരോടു സംസാരിക്കൂ”). തിരുമേനി ഇംഗ്ലീഷിൽ നിർദ്ദേശം നല്കുന്നതു കേട്ട് പോലീസുകാർ അത്ഭുതപ്പെട്ടു.

* * * * * * * * *

ഡോക്ടർ എബി അപ്പോഴും ഈ സംഭവത്തോടു പൊരുത്തപ്പെടു

വാൻ ബദ്ധപ്പെടുകയായിരുന്നു. ഒരെത്തും പിടിയും കിട്ടുന്നില്ല. തലയ്ക്കു പെരുപ്പ് അനുഭവപ്പെടുന്നോ? "ഇന്ന് അല്പം മുമ്പ് തിരുമേനിയുടെ കൂടി പ്രധാന ശുശ്രൂഷകനായി ഞാനായിരുന്നല്ലോ സംബന്ധിച്ചിരുന്നത്? ഞങ്ങളെയെല്ലാം അനുഗ്രഹിച്ചു യാത്ര പറഞ്ഞ തിരുമേനി അപകടത്തിലായെന്നോ? ദൈവമേ!" ഡോ. ഏബ്രഹാം സാമുവേൽ ഒരു മിനിട്ട് മൗനിയായി ചിന്തകളിൽ ആണ്ടുപോയെങ്കിലും അടുത്ത നിമിഷം റജി പറഞ്ഞ സംഭവത്തിന്റെ വാസ്തവവുമായി മനസ്സിനെ രമ്യപ്പെടുത്തി. അദ്ദേഹം ഫോണിൽ പലരേയും വാർത്ത അറിയിച്ചിട്ട് ആശുപത്രിയിലേക്കു അതിവേഗം കാറോടിച്ചു. കേട്ടവർ കേട്ടവർ ആശുപത്രിയിലേക്കു പാഞ്ഞു തുടങ്ങി.

* * * * * * * * *

പകൽ എരിഞ്ഞടങ്ങുന്നു. ജ്വലിച്ചു നിന്ന ഒരു സൂര്യൻ പശ്ചിമാബ്ധിയിലേക്കു താഴാൻ തുടങ്ങുന്നു. ജീവിതനൗക തുഴഞ്ഞു കുഴഞ്ഞ കരങ്ങൾ നിശ്ചലമായി. ഈ ഊഷര ഭൂമിയിൽ നടന്നു നടന്ന് തളർന്നു വീണിരിക്കുന്നു. ഇനി നിത്യവിശ്രമത്തിനുള്ള സമയമായി. പകലന്തിയോളം മുന്തിരിത്തോപ്പിൽ ഉടയനുവേണ്ടി അദ്ധ്വാനിച്ച ദാസനെ ഇനി പരിശുദ്ധന്മാരുടെ പന്തിക്കിരുത്തി അരകെട്ടി ശുശ്രൂഷിപ്പാൻ ഉടയവൻ തയ്യാറാവുന്നു.

തിരുമേനിയുടെ ന്യൂകാസിൽ പര്യടനം ഓർത്തഡോക്സ് സമൂഹത്തെ സംബന്ധിച്ചിടത്തോളം കനകദിനങ്ങളായിരുന്നു. തിരുമേനിയുടെ പ്രഭാഷണങ്ങളിൽ ഇടവകയുടെ വളർച്ചയ്ക്കുള്ള മാർഗ്ഗങ്ങളും, പുരോഗതിയ്ക്കുള്ള ഉപദേശങ്ങളും അടങ്ങിയിരുന്നു. മാർഗ്ഗനിർദ്ദേശം കാത്തു നിന്ന യുവാക്കൾക്കും യുവതികൾക്കും മാർഗ്ഗം കാട്ടിക്കൊടുത്ത ദീപമായി അദ്ദേഹത്തെ അവർ കണ്ടു. കൗമാരക്കാർക്കുള്ള സാരോപദേശങ്ങളും കുടുംബജീവിതത്തിലെ പിരിമുറുക്കങ്ങൾക്ക് അയവു വരുത്താനുള്ള വഴികളും അവർ തിരുമേനിയിൽ നിന്നു കേട്ടു. അങ്ങനെ തിരുമേനിയെ കണ്ടവരും അടുത്തറിഞ്ഞവരും ആ സ്നേഹനിധിയിൽ നിന്നൊഴുകിയ അമൃതം ആവോളം ആസ്വദിച്ചിട്ട് ഏതാനും മണിക്കൂറുകൾ മാത്രമേ ആയുള്ളു. സ്വർഗ്ഗീയ പിതാവ് തന്നെ ഏല്പിച്ച ജോലി അന്ത്യനിമിഷം വരെ വിശ്വസ്തതയോടെ ചെയ്തുതീർത്തതിലുള്ള സംതൃപ്തി അദ്ദേഹത്തിന്റെ മുഖത്തു കാണാമായിരുന്നു.

1952 മുതൽ ശെമ്മാശന്റെയും അച്ചന്റെയും മെത്രാപ്പോലീത്തായുടെയും പദവികളിൽ, അദ്ധ്യാപകന്റെയും നിയമോപദേഷ്ടാവിന്റെയും, നേതാവിന്റെയും ഒക്കെ റോളുകളിൽ, സഭ അള മുട്ടി വിയർത്തു നിന്ന അവസരങ്ങളിലെല്ലാം കടുംകുരുക്കുകളിൽ നിന്നും വൈദഗ്ദ്ധ്യത്തോടെ

സഭയെ ഉയർത്തിപ്പിടിച്ച രക്ഷകന്റെ റോളുകളിൽ - എല്ലാറ്റിൽ നിന്നും ഇതാ വിട്ടൊഴിഞ്ഞ് നിത്യ വിശ്രമത്തിനുള്ള ഒരുക്കത്തിൽ ന്യൂകാസിലിലെ ആശുപത്രിയിലേക്ക്.

അപകടത്തെ തുടർന്ന് മക്കാറിയോസ് തിരുമേനി അബോധാവസ്ഥയിൽ വീണില്ലെന്നുള്ളതു സത്യം. എങ്കിലും പോലീസുകാർ ഇംഗ്ലീഷിൽ ചോദിച്ചപ്പോൾ ഉത്തരം ഇംഗ്ലീഷിൽ തന്നെ കൊടുക്കേണ്ട തിരുമേനി മലയാളത്തിലേക്കു മൊഴിമാറ്റം നടത്തിയതിന്റെ കാരണം അറിയാൻ അദ്ദേഹത്തിന്റെ തലച്ചോറിന്റെ അനന്തമായ ലോകത്തെയും അതിലും വിപുലമായ അബോധ മണ്ഡലങ്ങളെക്കുറിച്ചും പഠനം ആവശ്യമാണ്.

അദ്ദേഹം അബോധമേഖലകളിലൂടെ സഞ്ചരിക്കുമ്പോൾ ചിരപരിചിതമായ ഈ ഗാനം ഹൃദയം മൂളിക്കാണും. ഓരോ വരിയും മനുഷ്യ ചിന്തയെ ഉദ്ദീപിപ്പിക്കുന്ന ഈ ഗാനം മെത്രാച്ചന്മാരുടേയും അച്ചന്മാരുടെയും നഗരികാണിക്കൽ സമയം ഓർത്തഡോക്സ് സഭ ഉപയോഗിക്കാറുണ്ട്.

“നശ്വരമാം വീടേ! എന്തിനു മോഹിപ്പിച്ചെന്നെ
പാപക്കടലേ നീ എന്തിനാഴത്തിൽ താഴ്ത്തി
പായും ജീവിതമേ! ക്ലേശിപ്പിച്ചെന്തിനെന്നെ
പോകുന്നേൻ നാഥൻ - നോക്കിപ്പാർക്കും സ്ഥാനത്തിൽ
നീ മോഹിപ്പിച്ചു-ദ്രവ്യ വിഭൂഷകളാലെന്നെ
നീ കിളിയെപ്പോലെ-വീഴിച്ചു കെണികളിലെന്നെ.
ഞാൻ പോകുന്നേരം-വിരലുകളിൽ നീ പിടികൂടി
ഞാൻ സംഭ്രമമാർന്നു ദുസ്വപ്നം കണ്ടോനേപ്പോൽ
ന്യായാധിപനീശൻ-സംസാരിക്കുമ്പോഴയ്യോ-
അഗ്ന്യാത്മീയന്മാർ-ഞെട്ടീടും വിറകൊണ്ടീടും
പാരം വെളിവാമെൻ-ദുഷ്കർമ്മങ്ങളെ മുൻനിർത്തി
ചോദ്യം ചെയ്യുമ്പോൾ-ഉത്തരമായ് ഞാനെന്തോതും?”

അദ്ധ്യായം 37

ആശുപത്രി ഒരു ശുദ്ധീകരണശാല

ദൈവത്തിന്റെ റോസാമൊട്ട് – അടുത്തകാലത്ത് പട്ടമേറ്റ ഒരു കൊച്ചച്ചൻ ഒരു വൃദ്ധപുരോഹിതനോടൊപ്പം പൂന്തോട്ടത്തിലൂടെ സഞ്ചരിക്കുകയായിരുന്നു. ചെറുപ്പക്കാരനായ പുരോഹിതന് തന്റെ ദൈവം ഏല്പിച്ചുകൊടുത്ത ശുശ്രൂഷയിൽ നേരിടേണ്ടി വരുന്ന പ്രയാസങ്ങളെക്കുറിച്ച് വല്യച്ചനുമായി സംസാരിച്ച് ഉപദേശം തേടി.

വൃദ്ധ പുരോഹിതൻ റോസാച്ചെടിയിൽ നിന്ന് ഒരു പൂമൊട്ട് പറിച്ചെടുത്ത് യുവ വൈദികന്റെ കൈയിൽ കൊടുത്തിട്ട് അതിന്റെ മൃദുലദളങ്ങൾക്ക് ഒരു കേടുമേല്ക്കാതെ, മുറിയാതെയും കീറാതെയും ഓരോന്നായി തുറന്നെടുക്കാൻ ആവശ്യപ്പെട്ടു.

റോസാദളങ്ങൾ വിടർത്തിയെടുക്കുക എത്ര നിഷ്പ്രയാസം എന്നു യുവപുരോഹിതന് തോന്നി. പക്ഷേ ഇത്ര നിസ്സാരമായ ജോലി ചെയ്യാൻ തന്നെ ഏല്പിച്ചത് എന്തിനാണെന്ന് അച്ചനു സംശയം തോന്നിയെങ്കിലും ആജ്ഞ അനുസരിക്കാൻ തന്നെ തീരുമാനിച്ചു. ഇതളുകൾക്ക് കേടു വരാതെ വിടുർത്തി തുടങ്ങിയപ്പോഴാണ്, നിസ്സാരമെന്നു തോന്നിയ ജോലി അസാധ്യമെന്ന് മനസ്സിലായത്.

യുവവൈദികന്റെ നിസ്സഹായവസ്ഥ മനസ്സിലായപ്പോൾ വൃദ്ധ വൈദികൻ ഒരു ഗാനത്തിന്റെ ഏതാനും വരികൾ പാടി.

It is only a tiny ross bud
A flower of God's design;
But I can't unfold the petals
With these clumsy hands of mine.

The secret of unfolding flowers
Is not known to such as I
God opens this flower so easily
But in my hands they die.

"If I can't unfold a rose bud
This flower of God's design
Then how can I have the wisdom
To unfold this life of mine?

So I will trust in God for leading
Each moment of my day

I will look to God for guidance
In each step along the way

The path that lies before me
Only my Lord and saviour knows
I will trust God to unfold the moments
Just as He unfolds the rose."

ആശുപത്രിയിൽ ജീവനും മരണവും തമ്മിൽ പോരാട്ടം നടത്തിയ 49 ദിവസങ്ങളിൽ തന്നെ സന്ദർശിക്കാനെത്തിയ കൊച്ചു തലമുറയോട് ഒരായിരം തവണയെങ്കിലും ഈ പദ്യശകലം മാർ മക്കാറിയോസ് പാടി കേൾപ്പിച്ചിട്ടുണ്ടാവും, മൗനഭാഷയിൽ.

"മക്കളെ ദൈവം രൂപപ്പെടുത്തിയ ഒരു പൂവിന്റെ ഇതൾ നിവർത്തുവാൻ പോലും കഴിവില്ലാത്ത മനുഷ്യന് ഈ ജീവിതത്തിന്റെ കുരുക്കു നിവർത്തുവാൻ കഴികയില്ലല്ലോ. ഓരോ ദിവസവും അല്ല, ഓരോ നിമിഷവും മാർഗ്ഗദർശനം കിട്ടുന്നതിന് നമുക്കു ദൈവത്തിന് തന്നെ കൊടുക്കാം. ഓരോ നിമിഷവും നാം വയ്ക്കുന്ന ചുവട്ടടികൾക്ക് അവൻ പ്രകാശം തരട്ടെ. എന്റെ മുന്നിലുള്ള പാത എന്റെ രക്ഷകനു മാത്രമറിയാം. റോസാദളങ്ങൾ കേടു കൂടാതെ തുറക്കുന്നതുപോലെ എന്റെ തുറക്കാതെ കിടക്കുന്ന പാത അവൻ തുറന്നു കാണിക്കട്ടെ."

വെന്റ് ഗേറ്റ് റോഡിലെ ഗേറ്റിലൂടെ മക്കാറിയോസിനെ വഹിച്ച ആംബുലൻസ് ന്യൂകാസിൽ ജനറൽ ആശുപത്രിയുടെ എമർജൻസി മുറിയുടെ മുമ്പിൽ വന്നു നിന്നു. വികാരി ഹാപ്പി അച്ചനും ഡോക്ടർ സംഘവും പള്ളിക്കാരുമടങ്ങുന്ന ഒരു സമൂഹം ആംബുലൻസിൽ നിന്ന് ഇറക്കുന്ന തിരുമേനിയെ നിറകണ്ണുകളോടെ വീക്ഷിച്ചു നിന്നു. തിരുമേനി ഹാപ്പി അച്ചനെ കണ്ടപ്പോൾ, ഒടിഞ്ഞു തകർന്ന ആ ശരീരത്തിൽ നിന്നു ഏതാനും വാക്കുകൾ പുറത്തു വന്നു. തിരുമേനി അപ്പോഴും മോഹാലസ്യത്തിലായിരുന്നില്ല. ഓർമ്മക്കുറവും ഒന്നും ഉണ്ടായിരുന്നില്ല. തപ്താത്ഭുതങ്ങളോടെ കൂടി നിന്നവർ ആ ശബ്ദം കേട്ടു:

"ഹാപ്പി അച്ചാ! എന്റെ കൈ ഒന്ന് ഉയർത്തിപ്പിടിക്കൂ. വേദന സഹിച്ചു കൂടാ. എന്റെ കൈ ഉയർത്തിപ്പിടിക്കൂ." അതു തന്നെ ആയിരുന്നു തിരുമേനിയുടെ അന്ത്യ വാക്കുകളും.

ഇസ്രായേൽ പാളയത്തിൽ മോശയുടെ കരങ്ങൾ ഉയർത്തിപ്പിടിച്ചപ്പോൾ ഇസ്രായേൽ ജയിച്ച കഥ പഴയനിയമത്തിന്റെ ഏടുകളിൽ വായിച്ചിട്ടുണ്ടല്ലോ. തിരുമേനിയുടെ കരം ഹാപ്പി അച്ചൻ ഉയർത്തിപ്പിടിക്കുവോളം ന്യൂകാസിൽ ഇടവക വിജയത്തിലേക്കു കുതിക്കുമെന്ന് പിന്നീട് ആരോ ഈ സംഭവത്തെ വ്യാഖ്യാനിച്ച് എഴുതിയിരുന്നു.

ഹാപ്പി അച്ചൻ കരങ്ങൾ ഉയർത്തിപ്പിടിച്ച് വളരെ മൃദുലമായി തലോടി. അപ്പോഴേക്കും ഡോക്ടറന്മാരുടെ ഒരു സംഘം എത്തി, തിരുമേനിയുടെ ശരീരം ഓപ്പറേഷൻ തീയേറ്ററിലേക്കു കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശം നല്കി. തിരുമേനിയുടെ കണ്ണുകൾ കൂടിനിന്നവരിലേക്കു ഒന്നു കൂടി പാഞ്ഞു ചെന്നു. ഓപ്പറേഷൻ തീയേറ്ററിന്റെ കവാടങ്ങൾ അടഞ്ഞു.

ഓപ്പറേഷൻ തീയേറ്ററിൽ നിന്നുള്ള ശുഭ സന്ദേശത്തിന് കാതോർത്തു കൊണ്ടു ജനം കാത്തു നിന്നു. ഏറെനേരം കഴിഞ്ഞ് ഒരു ഡോക്ടർ പുറത്തേക്കു വന്നു. അദ്ദേഹം പറഞ്ഞു. "നിങ്ങളുടെ ആകാംക്ഷ ഞാൻ മനസ്സിലാക്കുന്നു. ബിഷപ്പിന്റെ ആന്തരിക രക്തപ്രവാഹം തുടർന്നു കൊണ്ടേയിരുന്നു. അതിന്റെ പ്രവാഹ സ്രോതസ്സു കണ്ടുപിടിക്കുകയായിരുന്നു ഞങ്ങൾ ആദ്യം ചെയ്തത്. അതിന്റെ ഉറവിടം പ്ലീഹാ (സ്പ്ളീൻ) ആണെന്ന് കണ്ടുപിടിച്ചു. അതു ഞങ്ങൾ ഓപ്പറേറ്റു ചെയ്തു മാറ്റിയതോടുകൂടി രക്തപ്രവാഹം നിലച്ചിട്ടുണ്ട്. എങ്കിലും തിരുമേനിയുടെ നില ഗുരുതരമായി ഇപ്പോഴും തുടരുന്നു. ഇനി ഒരു നാലു മണിക്കൂർ എങ്കിലും കഴിയാതെ സ്ഥിതിയെപ്പറ്റി ഒന്നും പറയാനാവില്ല."

ഇത്രയും അറിഞ്ഞിട്ടും ജനം പിരിഞ്ഞുപോയതേയില്ല. തിരുമേനിയുടെ ഓപ്പറേഷൻ കഴിഞ്ഞു പുറത്തുള്ള ഐ.സി.യു. (ഇന്റൻസീവ് കെയർ യൂണിറ്റ്) വിലേക്കു മാറ്റുന്നതുവരെ അക്ഷമരായി അച്ചനും ഇടവകജനങ്ങളും കാത്തുനിന്നു.

ഈ ഓപ്പറേഷനു ശേഷം തിരുമേനി മയക്കത്തിൽ നിന്നു ഉണരുകയോ സംസാരിക്കുകയോ ചെയ്യാതെ 49 നീണ്ട ദിവസങ്ങൾ മരണത്തോടു മല്ലടിച്ച് ന്യൂകാസിൽ ആശുപത്രിയിൽ തന്നെ കഴിഞ്ഞു കൂടി.

ന്യൂകാസിൽ അപ്പ് ഓൺ ടൈൻ ജനറൽ ആശുപത്രി ഇംഗ്ലണ്ടിലെ മാത്രമല്ല, ലോകത്തിൽ പൊതുവെ അറിയപ്പെടുന്ന സുപ്രസിദ്ധമായ ഒരു ആശുപത്രിയാണ്. ക്രിറ്റിക്കൽ കെയർ കൊറോണറി കെയർ തുടങ്ങിയ വയ്ക്കുള്ള ലോകത്തിലെ ഒന്നാംകിട ആശുപത്രികളിൽ ഒന്ന്. എല്ലാ വിഭാഗം ചികിത്സകളും ലഭ്യമാണെങ്കിലും ക്രിറ്റിക്കൽ, കൊറോണറി വിഭാഗങ്ങൾക്കു പ്രസിദ്ധിയാർജ്ജിച്ചതാണ് ഈ വലിയ ആശുപത്രി.

ഈ ആശുപത്രിയിലെ കാർഡിയാക് ഡിപ്പാർട്ടുമെന്റിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ ഡോ. ഏബ്രഹാം സാമുവേൽ ശിശുവിഭാഗത്തിൽ ഡോ. ഫിലിപ്പ് ജോണും ജോലി ചെയ്യുന്നു. മനോഹരമായ ഒരു ചാപ്പൽ, ഡോക്ടറന്മാർക്കും രോഗികൾക്കും ഒരുപോലെ ആശ്വാസകേന്ദ്രമായി മദ്ധ്യഭാഗത്തു തന്നെ സ്ഥിതിചെയ്യുന്നു. തിരുമേനിയുടെ കാറപകടം സംഭവിച്ചത് ആശുപത്രിക്കു വളരെ സമീപത്തു വച്ചു തന്നെ ആയിരുന്നതുകൊണ്ട് തിരുമേനിയെ അവിടെ പ്രവേശിപ്പിക്കാൻ വളരെ വേഗം

സാധിച്ചു. തിരുമേനിയെ സന്ദർശിക്കാൻ എത്തിയ മറ്റു മെത്രാപ്പോലീത്തന്മാർക്കും അച്ചന്മാർക്കും വിശ്വാസികൾക്കും മക്കാറിയോസിനു വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്താൻ ഈ ചാപ്പൽ വളരെ സഹായകമായി മാറി.

ഈ ആശുപത്രിയുടെ സമീപത്തു തന്നെ കോട്ടയം ദേവലോകത്തു കാരൻ സണ്ണിയും പൊന്നമ്മയും താമസിച്ചിരുന്നതുകൊണ്ട്, മക്കാറിയോസിനെ സന്ദർശിക്കാനെത്തുന്നവർക്ക് ആതിഥ്യമരുളാനും, ഭക്ഷണം വെച്ചു വിളമ്പാനും ഈ 49 ദിവസവും ആ കുടുംബം രാപകൽ ബദ്ധപ്പെട്ടിരുന്നു.

ലാസ്സറസ് റമ്പാച്ചൻ വരുന്നു

ഹാമിൽട്ടൺ മലകളിൽ അന്നും മഞ്ഞുപെയ്തിറങ്ങി. നാടെങ്ങും വെള്ളിപൂശിക്കിടന്നു. മരങ്ങളിൽ നിന്നും വെള്ളിയരഞ്ഞാണം തൂങ്ങിക്കിടന്നു. ടൊറന്റോയിൽ നിന്നു വി. കുർബ്ബാനയും അമ്മച്ചിയുടെ 5-ാം ചരമവാർഷികത്തിന്റെ ഓർമ്മ പ്രാർത്ഥനയും കഴിഞ്ഞ് ലാസ്സറസ് റമ്പാച്ചൻ തിരികെ വരികയായിരുന്നു. ക്യൂൻ എലിസബേത്ത് ഹൈവേയിൽ നിന്നു ബുൾഡോസറുകൾ അപ്പഴപ്പോൾ മഞ്ഞുമാറ്റി. അവ കുന്നു കൂടി റോഡിന്റെ പാർശങ്ങളിൽ കിടന്നു. 403 റോഡിലും ഹാമിൽട്ടൺ റോഡിലും വലിയ തടസ്സങ്ങളില്ലാതെ വാഹനങ്ങൾ ഒഴുകിക്കൊണ്ടിരുന്നു. ചാർട്ടൺ അവന്യൂവിലുള്ള ഇരുപത്തിരണ്ടു നില കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 108-ാം മുറിയിൽ റമ്പാച്ചൻ എത്തുമ്പോൾ കുത്തനെ പെയ്യുന്ന മഴ നനഞ്ഞ് ഓടിവന്ന് തീ കായുന്ന കുട്ടിയുടെ പ്രതീതിയായിരുന്നു. പുറത്ത് മൈനസ് പതിനഞ്ചു ഡിഗ്രി ശീതാന്തരീക്ഷത്തിൽ നിന്നും ഹീറ്റിംഗ് സിസ്റ്റത്തിൽ ചൂടായിക്കിടന്ന മുറിയിലെ ഊഷ്മളതയിലേക്കു വന്ന റമ്പാച്ചൻ കിടക്കയിലേക്കു ചരിഞ്ഞപാടെ കണ്ണുകൾ താനെ അടഞ്ഞു.

പെട്ടെന്നാണ് ഫോൺ ബല്ലു കേട്ടത്. കിടന്ന കിടപ്പിൽ ഫോൺ കയ്യിലെടുത്തു. കാൽഗറി നമ്പരിൽ നിന്നാണ് വിളി. ഒരു സ്ത്രീ ശബ്ദം അങ്ങേ തലയ്ക്കൽ "റമ്പാച്ചനാണോ?" "അതെ." "റമ്പാച്ചാ, ഇതു കാൽഗറിയിലെ രാജു പോളിന്റെ ഭാര്യയാണ് വിളിക്കുന്നത്."

"പതിവില്ലാതെ ഇപ്പോൾ വിളിക്കുന്നത്?"

"റമ്പാച്ചാ! നമ്മുടെ മക്കാറിയോസ് തിരുമേനി ഇംഗ്ലണ്ടിൽ ന്യൂകാസിലിൽ ഒരു കാറപകടത്തിൽപെട്ടുവെന്നും വിവരം റമ്പാച്ചനെ അറിയിക്കണമെന്നും ന്യൂകാസിലിലുള്ള എന്റെ ജ്യേഷ്ഠത്തി ഇപ്പോൾ വിളിച്ചു പറഞ്ഞു. എന്റെ ജ്യേഷ്ഠത്തി ന്യൂകാസിലിൽ ഡോ. മോഹൻ

ജോർജ്ജിന്റെ ഭാര്യയാണ്. കൂടുതൽ വിശദവിവരങ്ങൾ ഒന്നും അറിഞ്ഞു കൂടാ."

കാതുകൾക്കു വിശ്വസിക്കാൻ പ്രയാസം. ശരീരത്തിന് മരവിപ്പ്. എന്തു ചെയ്യണമെന്നറിയാതെ ഒരു നിർവികാരതയിൽ നില്ക്കവെ വീണ്ടും അടുത്ത ഫോൺ കോൾ. ചാടി ഫോൺ എടുത്തു. "ഇതു ന്യൂകാസിലിൽ നിന്നു മിസ്സിസ്സ് മോഹൻ ജോർജ്ജാണ്. തിരുമേനിയുടെ കാറപകടം അറിഞ്ഞല്ലോ. തിരുമേനിയുടെ നില വളരെ ഗുരുതരമാണ്. റമ്പാച്ചൻ ഉടൻ ഇവിടെ എത്തണം."

തിരുമേനി ഗുരുതരാവസ്ഥയിൽ. ഉടൻ എത്തിയേ പറ്റൂ. ടിക്കറ്റ് ഉടനെ എടുക്കണം. ഈ വൈകിയ വേളയിൽ എയർടിക്കറ്റ് കിട്ടുക അത്ര എളുപ്പമല്ല.

റമ്പാച്ചൻ ട്രസ്റ്റ് മാറ്റ് മാത്യൂസിനെ ഫോണിൽ വിളിച്ചു വിവരം പറഞ്ഞു. മാറ്റ് മാത്യൂസ് ഇടവകക്കാരിൽ പലരേയും വിളിച്ചറിയിച്ചു. മാറ്റ് മാത്യൂസും ബാലനും, രാജനും എല്ലാം നിമിഷനേരത്തിനുള്ളിൽ മുറിയിലെത്തി. അവരിൽ ആരോ ഫ്ളൈറ്റ് ടിക്കറ്റ് ക്രമീകരിക്കാൻ ഓടി. ഫസ്റ്റ് ക്ലാസ്സിൽ മാത്രമേ എയർ കാനഡായിൽ സീറ്റു ലഭിച്ചുള്ളൂ. റമ്പാച്ചനെ എയർപോർട്ടിൽ എത്തിച്ചശേഷം പള്ളിക്കാർ പിരിഞ്ഞുപോയി.

നേരം വെളുത്തപ്പോഴേക്കും എയർ കാനഡാ ലണ്ടനിലെ ഹീത്രോ വിമാനത്താവളത്തിൽ ഇറങ്ങി. അവിടെ ഡോ. സെൻ റമ്പാച്ചനെ സ്വീകരിച്ചു. അവർ കാറിൽ ന്യൂകാസിലിലേക്കു തിരിച്ചു. മൂന്നു മണിക്കൂർ യാത്രയാണ് ന്യൂകാസിലിലേയ്ക്ക്.

* * * * * * * * *

ന്യൂകാസിൽ ആശുപത്രിയിൽ ഹാപ്പി അച്ചനും റജിയും ഒക്കെ തിരുമേനിയുടെ ചികിത്സാ സംബന്ധമായി ഉത്തരവാദിത്വത്തിൽ മുഴുകിക്കഴിയുകയായിരുന്നു. ആരെങ്കിലും ഉത്തരവാദിത്വമുള്ളവർ വരുന്നതുവരെ അവിടം വിട്ടുമാറാൻ അവർക്കു കഴിയുമായിരുന്നില്ല. തന്നെയുമല്ല, തിരുമേനിക്കു എന്തെങ്കിലും സംഭവിച്ചാലോ? ഈ വിധ ചിന്തകളിൽ അവർ ആകുലരായിരിക്കുമ്പോഴാണ് ലാസ്സറസ് റമ്പാച്ചൻ വരുമെന്ന് അവർ അറിഞ്ഞത്. അത് അവർക്ക് ആശ്വാസമായി. റമ്പാച്ചൻ ന്യൂകാസിൽ ഹോസ്പിറ്റലിൽ വന്നിറങ്ങുമ്പോൾ ഹാപ്പി അച്ചനും റജിയും കാത്തു നില്ക്കുന്നുണ്ടായിരുന്നു. അവരുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. കൊച്ചമ്മ ഉച്ചത്തിൽ തേങ്ങിക്കരയുന്നു.

"നിങ്ങൾ വിഷമിക്കാതെയിരിക്കൂ. ഞാനിങ്ങു വന്നല്ലോ. ഞാൻ ആദ്യം തിരുമേനിയെ കണ്ടശേഷം തിരികെ വന്നു സംസാരിക്കാം."

ലാസ്സറസ് റമ്പാച്ചൻ ഡോ. സെന്നിനോടൊപ്പം ലണ്ടനിൽ

ലാസ്സറസ് റമ്പാച്ചൻ ന്യൂകാസിൽ സമൂഹത്തോടൊപ്പം

റമ്പാച്ചനെ അവർ ഇന്റൻസീവ് കെയർ യൂണിറ്റിലേക്കു ആനയിച്ചു. എല്ലാവർക്കും ഒരുമിച്ച് ആ മുറിയിൽ പ്രവേശനം അനുവദിക്കയില്ലല്ലോ. അതുകൊണ്ട് റമ്പാച്ചൻ മാത്രം ഉള്ളിലേക്കു നടന്നു.

ഇന്റൻസികെയറിൽ ബോധരഹിതനായി കിടന്നിരുന്ന മക്കാറിയോസ് തിരുമേനിയുടെ മുഖത്തേക്കു നോക്കി റമ്പാച്ചൻ ഒന്നു വിതുമ്പി. തിരുമേനി കണ്ണടച്ചു കിടക്കുകയായിരുന്നു. ചലനമറ്റ ആ ദേഹത്തിലേക്കു റമ്പാച്ചൻ നോക്കി. മലങ്കരസഭയെ വൈതരണികളിൽ പിടിച്ചുകയറ്റിയ ധിഷണാശാലി, പാത്രിയർക്കീസ് കക്ഷികളെ ബുദ്ധിവൈഭവത്താൽ തറപറ്റിച്ചുകൊണ്ടിരുന്ന ബുദ്ധിയുടെ ഉറവിടം, ഏതു ആപത്ഘട്ടത്തിലും സഭയ്ക്കു ധീരനേതൃത്വം നല്കിയ ധൈര്യശാലി – അമേരിക്കൻ ജനതയുടെ സ്നേഹപിതാവ് – ഇതാ നിശ്ചലനായി കിടക്കുന്നു. "എന്റെ പ്രശ്നങ്ങൾ അവസാനിച്ചിരിക്കുന്നു" എന്നു മുമ്പ് മാനേജിംഗ് കമ്മിറ്റിയിൽ പറഞ്ഞ വാക്കുകൾ ഇതാ ഈ ഐ.സി.യു. വിൽ അന്വർത്ഥമാകുന്നു.

തിരുമേനിയുടെ മുന്നിൽ കണ്ണടച്ചു നിന്നു റമ്പാച്ചൻ പ്രാർത്ഥിച്ചു. "നാഥാ! അവിടുത്തെ തിരുവിഷ്ടം. അവിടുത്തെ തിരുവിഷ്ടം മാത്രം ഞങ്ങളിൽ നിറവേറ്റണമെ. ഞങ്ങളെ അമ്മയുടെ ഉദരത്തിൽ സൃഷ്ടിച്ച് വലിയ ദൗത്യവുമായി ഭൂമിയിലേക്കയച്ചു. ആ വിളിയെ ഞങ്ങൾ കേട്ടു, അനുസരിച്ചു. നിന്റെ മുന്തിരിത്തോപ്പിൽ നിനക്കു വേണ്ടി ഞങ്ങൾ ഇന്നയോളം പണിയെടുത്തു. ഇനിയുള്ള ജീവനും അങ്ങയുടെ മുന്നിലിരിക്കുന്നു. നാഥാ തിരുവിഷ്ടം പോലെ ഞങ്ങളെ ഉപയോഗിച്ചാലും. തിരുമേനിയുടെ സൗഖ്യം അങ്ങയുടെ പുസ്തകത്തിൽ എഴുതിയിട്ടുണ്ടെങ്കിൽ മാത്രം നല്കണമെ. എല്ലാം തൃക്കരങ്ങളിൽ സമർപ്പിച്ചു തരുന്നു."

നനഞ്ഞ കണ്ണുകളോടെ റമ്പാച്ചന്റെ വിരലുകൾ തിരുമേനിയുടെ നെറ്റിയിൽ കുരിശടയാളത്തിന്റെ മുദ്ര ചാർത്തി. സാവധാനം പുറത്തേക്ക് കടന്ന്, ഡ്യൂട്ടി നേഴ്സിനോട് തിരുമേനിയുടെ ആരോഗ്യനിലയെപ്പറ്റി സംസാരിച്ചു. "ശ്വാസകോശം കീറി മുറിഞ്ഞതുകൊണ്ട് ശ്വാസതടസ്സം നല്ലതായിട്ടുണ്ട്. ഉദരത്തിൽ ഓപ്പറേഷൻ നടത്തിയിരുന്നതു മൂടിയിട്ടില്ലാത്തതു നിത്യേന വെടിപ്പാക്കുന്നതിനു സഹായിക്കുന്നു. മരുന്നുകളിൽ പലതിനോടും പ്രതികരിച്ചു തുടങ്ങിയിട്ടില്ല. ലോകത്തിലെ ഏറ്റവും നല്ല ആശുപത്രി ആകയാൽ ഞങ്ങളാൽ കഴിവുള്ളതെല്ലാം ചെയ്യുന്നുണ്ട്. പക്ഷേ ഇപ്പോഴും അപകടം തരണം ചെയ്തുവെന്നു പറയാറായില്ല." നേഴ്സ് സകലവും വിശദീകരിച്ചു പറഞ്ഞു. റമ്പാച്ചൻ പുറത്തേക്കു പോന്നു.

സന്ദർലാൻഡിൽ തിരുമേനിയുടെ പരിപാടികൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു, 'സന്ദർലാൻഡ് എക്കോ', 'സന്ദർലാൻഡ്

ന്യൂസ്', 'കേരള ലിങ്ക്' എന്നീ മാധ്യമങ്ങളും ടി.വി. ഇന്റർനെറ്റുകളും തിരുമേനിയുടെ കാറപകടത്തെക്കുറിച്ച് വാർത്തകൾ പ്രസിദ്ധീകരിച്ചു.

റമ്പാച്ചൻ പുറത്തുവന്ന് കാത്തുനിന്നവരോട് തിരുമേനിയുടെ ഗുരുതരനിലയെക്കുറിച്ചും അപകടം തരണം ചെയ്തിട്ടില്ലെന്നും അറിയിച്ചശേഷം എത്രയുംവേഗം രോഗികൾക്കു വേണ്ടിയുള്ള തൈലാഭിഷേക ശുശ്രൂഷ നടത്തുന്നതിന് ഏർപ്പാടുകൾ ചെയ്യാനും ഹാപ്പി അച്ചനോടു നിർദ്ദേശിച്ചു.

അന്നു വിവരമറിഞ്ഞു വന്നുകൂടിയ പട്ടക്കാരും ജനങ്ങളും ഒരുമിച്ചു സന്ധ്യാനമസ്ക്കാരം കഴിഞ്ഞു തിരുമേനിക്കു തൈലാഭിഷേകം നടത്തി പ്രാർത്ഥിച്ചു.

തൈലാഭിഷേകത്തെ തുടർന്ന് മിൽഫീൽഡ് സെന്റ് ജോസഫ് റോമൻ ചർച്ചിൽ ഒരു അഖണ്ഡ പ്രാർത്ഥന ഉദ്ഘാടനം ചെയ്തു. ആ പ്രാർത്ഥനാ യോഗത്തിൽ സന്ദർലാൻഡ്, ലണ്ടൻ, ലിവർപൂൾ, മാൻചെസ്റ്റർ തുടങ്ങിയ എല്ലാ പള്ളിവികാരിമാരും ഇടവക പ്രതിനിധികളും സംബന്ധിച്ചിരുന്നു. കഴിവുള്ള എല്ലാ സ്ഥലങ്ങളിലുമുള്ള പള്ളിക്കാർ മുടക്കം കൂടാതെ അതതു സ്ഥലങ്ങളിൽ ഈ അഖണ്ഡ പ്രാർത്ഥന തുടരണമെന്നും, ആശുപത്രിയിൽ വരുന്നവർ ഒരുമിച്ച് ആശുപത്രി ചാപ്പലിലും തിരുമേനിക്കു വേണ്ടി തുടർച്ചയായി പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നും തീരുമാനിച്ചു.

ഇതേ തുടർന്ന് ഭദ്രാസനതല മീറ്റിംഗും കൂടി. അനന്തര നടപടികളെക്കുറിച്ചും പ്രത്യേകിച്ച് തിരുമേനിയുടെ അന്ത്യം ഇവിടെ വച്ചുണ്ടായാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും വിശദമായി ചർച്ച ചെയ്തു വേണ്ട കാര്യങ്ങൾ തീരുമാനിച്ചു. ഈ മീറ്റിംഗിൽ ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽ നിന്നുമുള്ള പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

തിരുമേനിയുടെ ജീവൻ തുലാസിൽ

ന്യൂകാസിൽ ജനറൽ ആശുപത്രിയിലെ ക്രിറ്റിക്കൽ ഇന്റൻസി കെയറിൽ മരണവുമായി മക്കാറിയോസ് തിരുമേനിയുടെ ജീവൻ മല്ലടിച്ച്, ശക്തമായ പോരാട്ടം നടത്തിക്കൊണ്ടു കിടക്കുമ്പോൾ ലാസ്സറസ് റമ്പാച്ചൻ തിരുമേനിയുടെ സഹായത്തിനായി രാവുംപകലും ആശുപത്രി മുറിയിലും ആശുപത്രിയിലെ ചാപ്പലിലുമായി കഴിഞ്ഞുകൂടി.

റമ്പാച്ചന്റെ ഓർമ്മകൾ മക്കാറിയോസ് തിരുമേനിയുടെ ജീവിതകഥകളിലേക്കു ഊർന്നിറങ്ങി.

മുമ്പൊരിക്കൽ മിച്ചിഗണിലെ ലാൻസിംഗ് എയർപോർട്ടിലേക്കുള്ള വിമാനയാത്രയിൽ വിമാനത്തിന്റെ ലാൻഡിംഗ് ഗീയർ പ്രവർത്തിക്കാതെ ഒരു എമർജൻസി ഇടിച്ചിറക്കലിനു പൈലറ്റ് തയ്യാറായിക്കൊണ്ടിരുന്ന

പ്പോൾ മരണത്തെ മുഖാമുഖമായി കണ്ട സഹയാത്രികരെ "അമ്മാനു വേൽ" (ദൈവം നമ്മോടുകൂടെ) ഉണ്ടെന്നു ആശ്വസിപ്പിച്ചു ധൈര്യം കൊടുത്ത് എല്ലാവർക്കുംവേണ്ടി പ്രാർത്ഥിച്ച് മരണത്തിനു വേണ്ടി ഒരുങ്ങുകയും ഒരുക്കുകയും ചെയ്ത മക്കാറിയോസ് തിരുമേനിയുടെ ചിത്രം റമ്പാച്ചന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞു. പക്ഷേ നിലത്തു ഇടിച്ചിറക്കുന്നതിനു ഏതാനും നിമിഷം മുമ്പ് ഗിയർ പ്രവർത്തിക്കുകയും എല്ലാവരും നിരപായം എയർപോർട്ടിൽ ഇറങ്ങുകയും ചെയ്തു.

അന്നു മരണം തിരുമുമ്പിൽ പരാജിതനായി തല കുനിച്ചു നിന്നു. ഇന്നാവട്ടെ തിരുമേനി മൃത്യുവിനു നേരെ ഒരിക്കൽക്കൂടി ശക്തമായ പോരാട്ടം നടത്തുന്നു. ആരു തോൽക്കും? ആരു ജയിക്കും?

വെന്റ് ഗേറ്റു റോഡിലുള്ള ജനറൽ ആശുപത്രിയിലെ ക്രിറ്റിക്കൽ കെയർ യൂണിറ്റിലെ ഒന്നാം നമ്പർ ബഡ്ഡിൽ മരണവുമായി മല്ലടിച്ചു കിടക്കുന്ന ആ രോഗി, സഭയെ കുഴയ്ക്കുന്ന ആനുകാലിക പ്രശ്നങ്ങളെ സമർത്ഥമായി കൈകാര്യം ചെയ്ത ആളാണ്. ഏതു ഇരമ്പുന്ന മഹാസദസ്സുകളെയും തന്റെ മാസ്മര പ്രഭാഷണ ചാതുര്യത്താൽ നിശ്ശബ്ദമാക്കിയിരുന്ന ആളാണ്. മഹാസമ്മേളനങ്ങളെ വിരുതോടെ വരുതിയിൽ നിർത്തിയിരുന്ന മഹാചാര്യനാണ് ആ ബഡ്ഡിൽ മൗനിയായി കിടക്കുന്നത്. പ്രസംഗവേദികളിൽ നിന്ന് ജനസഹസ്രങ്ങളെ സാകൂതം വീക്ഷിച്ചിരുന്ന ആ കണ്ണുകളിതാ അടഞ്ഞു കിടക്കുന്നു.

അയിരൂർ എന്ന കൊച്ചുഗ്രാമത്തിൽ നിന്ന് സ്വപ്രയത്നം കൊണ്ട് പഠിച്ചു വളർന്ന് അന്തർദേശീയ വേദികളെ കൈപ്പിടിയിൽ ഒതുക്കിയ മലങ്കരസഭയുടെ ഡോ. മക്കാറിയോസ് തലച്ചോറിന്റെ ഒരു ഭാഗത്ത് കോമാ ബാധിച്ചതിന്റെ ഫലമായി ബോധരഹിതനായി ഇതാ തളർന്നു കിടക്കുന്നു. സ്വന്ത സഹോദരൻ കാനഡായിൽ നിന്നു വന്നതും, 'അച്ചാച്ചന്റെ' കിടക്കയ്ക്കരികെ ഇരുന്ന് വാത്സല്യപൂർവ്വം തഴുകുന്നതും ഒന്നും ചേതനയറ്റു കിടക്കുന്ന ജ്യേഷ്ഠൻ അറിഞ്ഞതേയില്ല.

ലോകം മുഴുവൻ സഞ്ചരിച്ച മക്കാറിയോസ് കുമ്പളന്താനത്തെ കുഗ്രാമസ്കൂളുകളിൽ ഹരിശ്രീ കുറിച്ച്, അലിഗഡ് യൂണിവേഴ്സിറ്റി, ഇംഗ്ലണ്ടിലെ ലിങ്കൺ തിയോളജിക്കൽ കോളജ്, അമേരിക്കയിലെ വെർജീനിയാ തിയോളജിക്കൽ സെമിനാരി, നഷോട്ടാ ഹൗസ് തുടങ്ങിയ വിദ്യാപീഠങ്ങളിലൂടെ ഉന്നത പഠന സോപാനങ്ങളേറി ബിരുദങ്ങളും, ബിരുദാനന്തര ബിരുദങ്ങളും ഡോക്ടറേറ്റുകളും വാരിക്കൂട്ടി, ചരിത്രത്തിലും, സംസ്ക്കാരങ്ങളിലും മതമേഖലകളിലും, തത്വശാസ്ത്രങ്ങളിലും അഗാധ പാണ്ഡിത്യം നേടിയ ആ വിശ്വപൗരന്റെ മൗനത്തിന്റെ മുമ്പിൽ റമ്പാച്ചൻ നമ്രശിരസ്ക്കനായിരുന്നു.

വൈദിക വിദ്യാർത്ഥിയായിരുന്ന കാലം മുതൽ, സഭയുടെ അകത്തളത്തിൽ അദൃശ്യ അമരക്കാരനായിത്തീർന്ന തിരുമേനി എന്നും എല്ലാ രംഗത്തും ഒന്നാമനായിരുന്നു. വിദേശ വയലുകളിലെ സേവനത്തിനു വിളക്കപ്പെട്ട ആദ്യ മിഷനറി, ഡൽഹി ഇടവകയുടെ ആദ്യ വികാരി, ബോംബേ, അമേരിക്കാ, കാനഡാ-യൂറോപ്പ്, യു. കെ ഭദ്രാസനങ്ങളുടെ ആദ്യ മെത്രാപ്പോലീത്താ - എല്ലായിടത്തും അദ്ദേഹം ഒന്നാമനായിരുന്നു.

കാതോലിക്കാ സ്ഥാനമൊഴികെ സഭയിൽ അദ്ദേഹം വഹിക്കാത്ത സ്ഥാനങ്ങളില്ല. വൈദികസെമിനാരി പ്രൊഫസർ, സഭാസംരക്ഷണ സമിതി അദ്ധ്യക്ഷൻ, കാതോലിക്കാബാവായുടെ അസിസ്റ്റന്റ് എന്നീ സ്ഥാനങ്ങൾ മാർ മക്കാറിയോസ് നേടി എടുത്തതല്ല, തിരുമേനിയെ തേടി വന്നവയാണ്. അദ്ദേഹം ഇതാ കണ്ണടച്ചു സ്വർഗ്ഗീയ പിതാവിങ്കലേക്കു അകക്കണ്ണുകൾ അയച്ചു കിടക്കുന്നു.

മിച്ചിഗണിലെ അൽമാ കോളജിൽ രണ്ടായിരം അന്തേവാസികളായ യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ 'സാക്ഷാൽ പിതാവ്' സുന്ദരമായ സംസ്ക്കാരങ്ങളും, പ്രതാപങ്ങളും, ഉയർച്ചകളും താഴ്ചകളും എല്ലാം വിസ്മരിച്ച് സ്വർഗ്ഗരാജ്യത്തിൽ പരിശുദ്ധന്മാരുടെ ഗണത്തിൽ ചേരുവാനുള്ള വെമ്പലിൽ ചേതനയറ്റു കിടക്കുന്നു.

തന്റെ വസതിയിലെ ഷോക്കേസിൽ അടുക്കിവച്ചിരിക്കുന്ന അംഗീകാരങ്ങളും പുരസ്ക്കാരങ്ങളും ഇന്ന് അവയുടെ ഉടമയെപ്പോലെ നിശബ്ദമാണ്; സാധാരണക്കാരനായി ജീവിതം തുടങ്ങിയ ഒരു മലയാളിയുടെ അധികംപേരും കാണാത്ത വിശ്വനേട്ടങ്ങളുടെ തിരുശേഷിപ്പുകളായി. വെന്റിലേറ്ററിന്റെയും ഡയാലിസിസിന്റെയും വില കൂടിയ മരുന്നുകളുടെയും ശക്തിയിൽ മാത്രം ആശ്രയിച്ച് 'മരണം' എന്ന പ്രതിഭാസവുമായി മല്ലടിച്ചു കഴിയുന്ന തിരുമേനിയുടെ ചുണ്ടുകൾ പുറത്തു കേൾക്കാനാവാത്ത ശബ്ദത്തിൽ അപകടത്തിൽ ഏറ്റ മുറിവിലൂടെ എന്തോ മന്ത്രിക്കുന്നുവോ?

ന്യൂകാസിൽ ജനറൽ ആശുപത്രിയിലേക്കു വീശിയടിക്കുന്ന ടൈൻ നദിയിലെ കുളിർകാറ്റ് തുറന്നിട്ട ജാലകത്തിലൂടെ കടന്നുവന്നു ലാസ്സറസ് റമ്പാച്ചന്റെ തപ്തമായ ഹൃദയത്തെ തൊട്ടുരുമ്മി സാന്ത്വനപ്പെടുത്താൻ തലോടി കടന്നുപൊയ്ക്കൊണ്ടിരുന്നു. ആ സമയം മാർ മക്കാറിയോസ് പുലർത്തിയിരുന്ന വ്യക്തിബന്ധങ്ങളുടെ ഊഷ്മള സാരസ്യത്തെക്കുറിച്ചുള്ള ചിന്തയിലായിരുന്നു റമ്പാച്ചൻ.

മലങ്കരസഭയിൽ ഇക്കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായ സഭാനേതാക്കൾക്കിടയിൽ സ്വരത്തിലും മേധാശക്തിയിലും വ്യത്യസ്തനായ മക്കാറിയോസ് വേറിട്ട് ഒരു സിംഹാസനത്തിൽ അലൗകിക പരിവേഷത്തോടെ

മരുവുകയായിരുന്നു. ആ പിതാവിന്റെ വ്യതിരക്ത പ്രഭാവത്തിൽ നിന്ന് ഉതിർന്ന വർണ്ണഭംഗി മലങ്കരസഭയ്ക്ക് പീയൂഷധാരയായി അനുഭവപ്പെട്ടുകൊണ്ടിരുന്നു. ആ തിരുമേനി ഇന്നിതാ നഷ്ടപ്രഭാവനായി ഈ ലോക ബന്ധങ്ങളുടെ മൃദുല പരിസ്പന്ദനമറിയാതെ മൃതപ്രായനായി കണ്ണടച്ചു കിടക്കുന്നു.

മനസ്സ് ഗതകാല സാനുക്കളിലേക്ക് പതിയെ നടന്നു കയറി. 1958-ൽ സഭാകേസ് നടക്കുമ്പോൾ കെ. സി. തോമസച്ചനായിരുന്ന മാർ മക്കാറിയോസ് വ്യവഹാരത്തിന്റെ സമസ്ത വിവരവും പഠിച്ച് മനസ്സിലാക്കി. 1934-ൽ മലങ്കരസഭയ്ക്ക് ഒരു നല്ല ഭരണഘടന ഉണ്ടാക്കിയപ്പോൾ അതിന്റെ സമുന്നത പ്രണേതാക്കൾ ഉദ്ദേശിച്ചവിധത്തിലുള്ള യഥാർത്ഥ അർത്ഥം കെ. സി. തോമസച്ചൻ ആഴത്തിൽ കണ്ടെത്തി. അതോടൊപ്പം തന്റെ അതിസൂക്ഷ്മമായ യുക്തിബോധവും നിയമപാണ്ഡിത്യവും വാക് വിലാസവും കൂട്ടിച്ചേർത്ത് അപ്രതിരോധ്യമായ ഒരു വൻ കോട്ടയാണ് അദ്ദേഹം കാതോലിക്കാഭാഗത്തെ വക്കീലന്മാരെക്കൊണ്ട് സുപ്രീംകോടതിയിൽ കെട്ടിഉയർത്തിയത്. സുപ്രീംകോടതിയിലെ പ്രഗത്ഭരായ അഞ്ചു ജഡ്ജിമാരടങ്ങുന്ന ഭരണഘടനാ ബഞ്ച് യാതൊരഭിപ്രായ ഭിന്നതയും കൂടാതെ ആ വാദഗതി അപ്പാടെ അംഗീകരിക്കുകയും മലങ്കരയിലെ കാതോലിക്കേറ്റിനനുകൂലമായി തീർപ്പു കല്പിക്കുകയും ചെയ്ത കാര്യം എല്ലാവർക്കും അറിവുള്ളതാണ്. ആ മസ്തിഷ്ക്കത്തിന്റെ ഉടമയത്രേ ചേതനയറ്റ് മരണത്തിന്റെ പിളർന്ന വായിലേക്കു ഒഴുകി നീങ്ങുന്നത്.

പ. വട്ടശ്ശേരിൽ തിരുമേനിയും മക്കാറിയോസ് തിരുമേനിയും മലങ്കര സഭയ്ക്കു നല്കിയ സംഭാവനകൾ എന്തെന്ന് ചോദിക്കുന്നവരുണ്ട്. മറ്റു തിരുമേനിമാർ കെട്ടിപ്പൊക്കിയ സ്കൂളുകളും കോളജുകളും സ്ഥാപനങ്ങളും നാട്ടിൽ ഉയർന്നു നില്ക്കുമ്പോൾ ഈ രണ്ട് തിരുമേനിമാരും കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്നതിനു പകരം മലങ്കരസഭയുടെ സ്വാതന്ത്ര്യവും അഖണ്ഡതയും മുന്നിൽക്കണ്ട് പരദേശികൾക്ക് ഇനി കടന്നാക്രമണം നടത്താൻ കഴിയാത്തവിധം വൻ കോട്ടപോലെ സഭയെ, സ്വന്തം സ്ഥാനവും മഹിമയും സുഖസൗകര്യങ്ങളും ത്യജിച്ചു ഉയർത്തി നിർത്തി എന്നതാണ് അവരുടെ അതുല്യ സംഭാവന. ആ സുദൃഢമായ ചങ്കുറപ്പില്ലായിരുന്നെങ്കിൽ ഇന്ന് സഭ എവിടെ ചെന്നു നിൽക്കുമായിരുന്നു?

ഏഴാം കടലിനപ്പുറത്ത് ഒരു ജനസമൂഹത്തെ ഒരേ ചരടിൽ കോർത്തിണക്കി അമ്മയുടെ ഭാഷ അറിയാത്ത ഒരു യുവതലമുറയെ മലങ്കര സഭയ്ക്കു കാഴ്ചയർപ്പിച്ചതിന്റെ ക്രെഡിറ്റ് മറ്റാർക്കും അവകാശപ്പെടാനില്ല. ഇന്ന് അതിന്റെ അത്യുന്നത സിംഹാസനങ്ങളിൽ തിളങ്ങുന്ന നേതാക്കന്മാർ മക്കാറിയോസിന്റെ വിയർപ്പിലും പൈദാഹങ്ങളിലുമാണ് അവരുടെ സിംഹാസനങ്ങൾ ഉറപ്പിച്ചിരിക്കുന്നതെന്ന് ഓർക്കുമല്ലോ.

വൻ സദസ്സുകളെപ്പോലും സാഹിത്യചമൽക്കാരവും, ഉദ്ധരണികളും നുറുങ്ങു കഥകളും ഫലിതങ്ങളും കുറിക്കുകൊള്ളുന്ന പരിഹാസങ്ങളും നിറഞ്ഞ പ്രസംഗങ്ങളാൽ മാസ്മരവലയത്തിന്റെ അടിമയാക്കുന്ന അപൂർവ്വ സിദ്ധി മക്കാറിയോസ് തിരുമേനിക്കു മാത്രം. അങ്ങനെ പ്രതിഭയുടെ പ്രയത്നത്തിന്റെയും സിദ്ധികൾ ഒത്തൊരുമിച്ച ആ മഹാജീവിതം ITU വിലെ ഒന്നാം നമ്പർ കിടക്കയിൽ ബോധരഹിതമായി കിടക്കുന്നു.

അദ്ധ്യായം 38

അന്ത്യ ദിനങ്ങൾ

"ആകെയൽപ്പം നേരം മാത്രം എന്റെ യാത്ര തീരുവാൻ-
അപ്പോഴുമെൻ രഥത്തിന്റെ ചക്രം മുന്നോട്ടോടുന്നു."

മക്കാറിയോസിന്റെ കാറപകട വാർത്ത കേരളത്തിലെ പത്രങ്ങളും, ടി.വി. ചാനലുകളും, സഭാ മാധ്യമങ്ങളും പ്രസിദ്ധീകരിച്ചതോടെ ലോകത്തെമ്പാടും കാട്ടുതീ കണക്കെ അതു പരന്നു.

ഇന്ത്യൻ ഓർത്തഡോക്സ് ICON ലൂടെ ചാർളി പടനിലം ഇപ്രകാരം അറിയിച്ചു.

Car accident of H.G. Dr. Makarios

His grace has been admitted to the Newcastle, Gen: Hospital after a car accident on H.G.'s way to the Airport after the declaration of St. Thomas Orthodox congregation as a Church. Another vehicle hit on the side of Thirumeni and Thirumeni got severe internal injury and rib fracture due to the impact of the crash. H. Grace is admitted in the New Castle Gen: Hospital. I spoke to the secretary of the London Church at 5 p.m. and he told that Thirumeni is on ventilation and the BP is very low. Later I came to know that Thirumeni is in the operation theature and the doctors are trying to control the internal bleeding. Due to the internal bleeding and internal injury H. Grace has undergone a surgery.

ശിവരാത്രി

അന്നു രാത്രി റമ്പാച്ചൻ ഡോ. കുരുവിളയുടെ (മോനും ലാലിയും) വീട്ടിലായിരുന്നു താമസം. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ഇടതടവില്ലാതെ ഫോൺകോളുകൾ ഒഴുകിക്കൊണ്ടിരുന്നു. റമ്പാച്ചനു മാത്രമല്ല, ഹാപ്പി അച്ചനും കൊട്ടാരക്കര റജിക്കും, ലണ്ടനിൽ ഏബ്രഹാം തോമസ്സച്ചനും എല്ലാം ഇതേ അവസ്ഥ ആയിരുന്നു. നൂറുകണക്കിനു ഫോൺകോളുകൾക്കെല്ലാം ഉത്തരം നൽകുന്നതു ശ്രമകരമായി വന്നു. എല്ലാ വിളികളും ദുഃഖസാന്ദ്രമായിരുന്നു. ചില വിളികളിൽ നേർത്ത തേങ്ങലുകളും കരച്ചിലുകളും കേൾക്കാമായിരുന്നു. ലോകത്തെമ്പാടുമുള്ള സഭാമക്കൾ മക്കാറിയോസ് തിരുമേനിയെ എന്തുമാത്രം സ്നേഹിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ തെളിവുകളായിരുന്നു ഇടമുറിയാതെ ലണ്ടനിലും ന്യൂകാസിലിലും വന്നുകൊണ്ടിരുന്ന ഫോൺകോളുകൾ-ആർക്കും രാത്രി ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല.

മരണത്തിനു മുമ്പ് കാലം ചെയ്തു

മരണവാർത്തയിലും മക്കാറിയോസ് തിരുമേനി തന്റെ ആദർശപുരുഷനായ വട്ടശ്ശേരിൽ തിരുമേനിയോട് അനുരൂപപ്പെടാനിടയായി.

വട്ടശ്ശേരിൽ തിരുമേനി ഫെബ്രുവരി 23-നാണല്ലോ കാലം ചെയ്തത്. എന്നാൽ അതിനു രണ്ടു ദിവസം മുമ്പ് തിരുമേനി കാലം ചെയ്തുവെന്ന് ഒരു വാർത്ത ദേശമാസകലം പരന്നു. ചില പള്ളികളിലെല്ലാം മണിയടിച്ച് ദുഃഖം നാട്ടാരെ അറിയിക്കയും ചെയ്തു. ഏറെക്കഴിഞ്ഞാണ് വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തിട്ടില്ല എന്നുള്ള യഥാർത്ഥ വാർത്ത അറിഞ്ഞത്. രോഗമൂർഛയിൽ ക്ഷീണാധിക്യത്തിൽ നിശ്ചലനായി കിടന്ന തിരുമേനി മരിച്ചുവെന്ന് ആരോ തെറ്റിദ്ധരിച്ചാണ് വാർത്ത പരത്തിയത്. പക്ഷേ തിരുമേനി രണ്ടു ദിവസം കൂടി ജീവിച്ചിരുന്നു.

ജനുവരി 9 ആയപ്പോഴേക്കും അതുപോലെ മക്കാറിയോസ് തിരുമേനി കാലം ചെയ്തുവെന്ന് ഒരു വാർത്ത എങ്ങനെയോ പുറത്തുവന്നു. ഈ വാർത്ത പരന്നതിനുശേഷം തിരുമേനി പല ആഴ്ചകൾ കൂടി ജീവിച്ചിരുന്നുവെന്നതാണ് സത്യം. പക്ഷേ ഇന്ത്യയിലും മറ്റും പള്ളികളിൽ മണിയടിക്കുകയും ധൂപപ്രാർത്ഥന നടത്തുകയും ചെയ്തതായി അറിഞ്ഞു.

അന്നു രാത്രി ന്യൂയോർക്കിൽ നിന്നു ന്യൂകാസിലിലേക്കു റമ്പാച്ചന്റെ ഫോണിൽ പരിഭവം നിറഞ്ഞ പേരു വെളിപ്പെടുത്താത്ത ഒരാൾ വിളിച്ചു ചോദിച്ചു, "എന്തിനാ റമ്പാച്ചാ നിങ്ങൾ തിരുമേനി കാലം ചെയ്ത വിവരം പുറത്തറിയിക്കാൻ മടിക്കുന്നത്?" "സഹോദരാ!" സൗമ്യതയോടെ റമ്പാച്ചൻ മറുപടി പറഞ്ഞു. "നോക്ക് തിരുമേനി ഇപ്പോൾ എന്റെ മുമ്പിൽ ജീവനോടെ കിടക്കുന്നു. അദ്ദേഹം വെന്റിലേറ്ററിലാണ്. ശ്വാസതടസ്സം നിമിത്തമാണ് വെന്റിലേറ്റർ ആവശ്യമായത്. നിങ്ങൾ കിംവദന്തികൾ ദയവായി പ്രചരിപ്പിക്കരുത്."

ഈ കിംവദന്തികൾ തെറ്റിദ്ധാരണ കൊണ്ടാണെന്നുള്ളതാണ് പരമാർത്ഥം. ഈ സാഹചര്യത്തിൽ, കിംവദന്തികൾ കൂടുതൽ ഉണ്ടാകാതിരിക്കാൻ തിരുമേനിയുടെ കാര്യത്തിൽ ഒരു 'പ്രസ് ഓഫീസ്' ഉടൻ ഉണ്ടാവണമെന്ന് നിർദ്ദേശിച്ചത് ഡോ. മോഹൻ ജോർജ്ജ് ആയിരുന്നു. അദ്ദേഹം ഇന്റർനെറ്റിൽ ആവശ്യപ്പെട്ടു.

"Makarios Thirumeni, needed a Press office. It was rather unfortunate, that Thirumeni met with the accident at New Castle. I know that he is on the life support. We all have to pray for his recovery if that is God's will.

The reason for me to send this piece is mainly due to my observation of misinformation. It is unfortunate that in such circumstances that we do not

have a Press office. This issue has to be considered with an immediate effect and actioned.

Speculation is rampant and the morbid curiosity of some callers is very disturbing. It is better that the information is fed through only one source and as such avoid misinformation."

'വാളെടുത്തവനെല്ലാം വെളിച്ചപ്പാട്' എന്ന നിലയിൽ ഇന്റർനെറ്റുകളിൽ തിരുമേനിയുടെ നിലയെക്കുറിച്ചുള്ള പ്രസ്താവനകൾ ഓരോരുത്തനും അവനവന്റെ തന്മയത്വമനുസരിച്ചും പുറത്തുവിടാൻ തുടങ്ങിയതോടെയാണ് ഡോ. മോഹൻ ജോർജ്ജിന്റെ നിർദ്ദേശം വന്നത്. അതോടുകൂടി പരസ്യപ്രസ്താവനകൾക്ക് ചില നിയന്ത്രണങ്ങൾ അധികൃതർ ഏർപ്പെടുത്തി.

തിരുമേനിയുടെ ചുമതലയുള്ള നേഴ്സിംഗ് സിസ്റ്ററുമായി നേരിട്ട് സംസാരിക്കുന്നതിനും അവിടെനിന്നും ലഭിക്കുന്ന യഥാർത്ഥ നില പുറത്തു വിടുന്നതിനുമായി രണ്ടുപേരെ മാത്രം നിശ്ചയിച്ചു. ന്യൂകാസിൽ ഹോസ്പിറ്റലിലെ ഡോ. ഏബ്രഹാം സമുവേൽ ITU വിലെ യഥാർത്ഥ നില ലണ്ടൻ ഇടവകയിലുള്ള ഡോ. ജോർജ്ജുകുട്ടിയെ അപ്പഴപ്പോൾ അറിയിക്കുകയും ഡോ. ജോർജ്ജുകുട്ടി ലണ്ടൻ ഓർത്തഡോക്സ് പള്ളിയുടെ വെബ്സൈറ്റിലൂടെ തിരുമേനിയുടെ മെഡിക്കൽ ബുള്ളറ്റിൻ ഓരോ 15 മിനിട്ടിലും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. തുടർന്ന് അവ മറ്റ് അനേക വെബ്സൈറ്റുകൾ പകർത്തി ലോകത്തെമ്പാടുമുള്ള സഭാവിശ്വാസികളെ അറിയിക്കാൻ തുടങ്ങി. ആശുപത്രി ITU വിലേക്കുള്ള നൂറുകണക്ക് വിളികൾക്ക് ഇതു മൂലം ഒരു ശമനം ലഭിച്ചു. ആ സംവിധാനം നിലവിൽ വന്നതോടെ തെറ്റായ വാർത്തകൾക്കും, കിംവദന്തികൾക്കും വിരാമമായി.

അപ്രകാരം തിരുമേനിയുടെ ആദ്യത്തെ മെഡിക്കൽ ബുള്ളറ്റിൻ പുറത്തു വന്നു. അതു വായിച്ച ഉടൻ ബെന്നി വറുഗീസ് ഇങ്ങനെ എഴുതി: "Thanks to Dr. Georgekutty, for your update. You can also go to this link below. They are updating the latest information in their websites. Please pray for our Thirumeni."

ബോംബെയിൽ നിന്നു പല ക്രൈസ്തവസഭകളും, സംഘടനകളും തിരുമേനിയുടെ ആരോഗ്യത്തിനുവേണ്ടി പ്രാർത്ഥനകൾ അറിയിച്ചുകൊണ്ടുള്ള സന്ദേശങ്ങൾ ന്യൂകാസിലിലേക്കു അയച്ചു. അവയിൽ പ്രധാനപ്പെട്ട സന്ദേശങ്ങൾ, ചർച്ച് ഓഫ് സൗത്ത് ഇന്ത്യ, ജീസസ് കോൾസ്, ജീസസ് റഡീംസ്, ഗോസ്പൽ എക്കോയിംഗ്, മിഷനറി സൊസൈറ്റി മുതലായവയുടേതായിരുന്നു.

തിരുമേനിക്ക് ആരോഗ്യം ആശംസിച്ചുകൊണ്ട് എസ്. ജെ. നല്ലക്കൻ ഇപ്രകാരം എഴുതി: "I am sorry to note about the road accident to Bishop of Canada, Europe H. G. Thomas Mar Makarios. I am forwarding a request to various missionary societies. I am sure that all their prayers will be heard by the Almighty and the Bishop will come out hay and healthy."

തിരുമേനി ആരോഗ്യവാനായി ആശുപത്രിയുടെ പടിഇറങ്ങുന്നതു കാണുവാൻ ആകാംക്ഷയോടെ കാത്തിരുന്നവരുടെ ആയിരക്കണക്കിനു "getwell" (ഗറ്റ്വെൽ) കാർഡുകൾ കുന്നുകൂടി തുടങ്ങി.

പ. കാതോലിക്കാ ബാവായുടെ പൊതു കൽപ്പന

അത്യാസന്നനിലയിൽ ആശുപത്രിയിൽ കഴിയുന്ന മക്കാറിയോസിന്റെ സുഖപ്രാപ്തിക്കായി പ്രാർത്ഥിക്കുവാൻ സഭാമക്കൾ എല്ലാവരോടും ആഹ്വാനം ചെയ്തുകൊണ്ട് മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ സഭയുടെ പള്ളികൾക്കും കൽപ്പന അയച്ചു. രണ്ടു മെത്രാപ്പോലീത്തന്മാരെ ഉടൻതന്നെ ന്യൂകാസിലിലേക്കു നിയോഗിക്കുകയും ചെയ്ത കാര്യം അദ്ദേഹം ഈ കൽപ്പനയിൽ എടുത്തു പറഞ്ഞു.

കേന്ദ്ര വിദേശകാര്യമന്ത്രി ഇ. അഹമ്മദ്

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അപകടവാർത്ത അറിഞ്ഞ ഉടനെ അദ്ദേഹത്തിന്റെ ചികിത്സയുടെ വിശദാംശങ്ങൾ അന്വേഷിച്ച് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിന് ഇന്ത്യൻ വിദേശകാര്യ വകുപ്പുമന്ത്രി ഇ. അഹമ്മദ് ലണ്ടനിലെ ഡപ്യൂട്ടി ഹൈക്കമ്മീഷണർ അശോക് മുഖർജിയെ ന്യൂകാസിൽ ആശുപത്രിയിലേക്കു അയയ്ക്കുന്നതിന് നിർദ്ദേശിച്ചു. അദ്ദേഹം വലിയ പൂച്ചെണ്ടുമായി ആശുപത്രിയിൽ എത്തിയെങ്കിലും തിരുമേനി ആ പൂച്ചെണ്ടു കാണുവാനോ സ്വീകരിക്കുവാനോ കഴിയുന്ന ഒരവസ്ഥയിലായിരുന്നില്ലല്ലോ. അദ്ദേഹം ലാസ്സറസ്സ് റമ്പാച്ചൻ തുടങ്ങിയവരോട് വിശദവിവരങ്ങൾ ആരായുകയും ഇന്ത്യൻ ഹൈക്കമ്മീഷന്റെ സകല സഹായങ്ങളും ഉറപ്പാക്കുകയും ചെയ്തു. അദ്ദേഹം ആശുപത്രി അധികൃതരെ കണ്ട് ഏറ്റം മെച്ചമായ ചികിത്സകൾക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനുള്ള ഒത്താശകൾ നിർദ്ദേശിക്കയും ചെയ്തു. അദ്ദേഹം ആശുപത്രി സ്റ്റാഫുമായി ദീർഘനേര ചർച്ചകൾ നടത്തുകയും ഇന്ത്യാ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്കയും ചെയ്തു.

കാന്റർബറി ആർച്ചുബിഷപ്പ്

പത്തു ദിവസങ്ങൾക്ക് മുമ്പ് ദീർഘ ചർച്ചകൾ നടത്തിയ മക്കാറി

യോസ് തിരുമേനി ആംഗ്ലിക്കൻ ബിഷപ്പന്മാരുടെ ഒരു കോൺഫ്രൻസിൽ സംബന്ധിക്കവെയാണ് തിരുമേനിയുടെ ആകസ്മികമായ അപകടവിവരം അറിഞ്ഞത്. ഉടൻതന്നെ തിരുമേനിക്കു ആരോഗ്യങ്ങൾ നേർന്നുകൊണ്ടുള്ള കൽപ്പനയും പൂച്ചെണ്ടുമായി ബിഷപ്പ് പോൾ റിച്ചാഡ്സനെ ന്യൂകാസിലിലേക്ക് അയച്ചു.

മക്കാറിയോസ് തിരുമേനിയുടെ മിഷൻ സൊസൈറ്റിയിലുള്ള വിസ് കോൺസിൽ മാഡിസണിൽ നിന്നു ഫാദർ ജോൺ ബ്രയൺ ഇപ്രകാരം അറിയിച്ചു.

Vigil prayers for Makarios Thirumeni

Parishes of the mission society of St. Gregorios of India will be having prayer vigil services in Washington and Wisconsin for Thirumeni to night at 7 p.m. local time. Every one is encouraged to join us in prayer for his recovery.

Fr. John Brian, Holy Transfiguration Orthodox mission parish, Madison.

ഇന്ന് ലണ്ടൻ, എഡിൻബറോ, ഹൾ, ന്യൂകാസിൽ ലിവർപൂൾ, മാൻചെസ്റ്റർ മുതലായ സ്ഥലങ്ങളിൽ നിന്നുള്ള ധാരാളം ആളുകൾ ആശുപത്രിയിൽ വന്ന് തിരുമേനിയെ സന്ദർശിക്കുകയും പ്രത്യേകം പ്രാർത്ഥിക്കുന്നതായി റമ്പാച്ചനെ അറിയിച്ചു മടങ്ങുകയും ചെയ്തു. അന്നത്തെ മെഡിക്കൽ ബുള്ളറ്റിൻ ഇപ്രകാരം പറഞ്ഞു,

“There is slight improvement now. The oxygen saturation is improving. General appearance is also of some improvement.”

ഈ വാർത്ത പുറത്തുവന്നതോടെ ഐക്കൺ ഇന്റർനെറ്റ് ഫോറം ആ ശുഭവാർത്ത ലോകം മുഴുവനും എത്തിച്ചു. അതിൽ മോഡറേറ്റേഴ്സ് ഇപ്രകാരം പറഞ്ഞു. “One of the ICON moderators just spoke to our contact in London and as per him Thirumeni is stable, yet critical, H. G. will be undergoing dialysis tomorrow. H.G. Mar Kuriakose Clemis and H. G. Zacharias Mar Theophilus will be arriving London tomorrow.”

ജനുവരി 8 ചൊവ്വ

ഇന്ന് രാവിലെ തന്നെ തിരുമേനിയുടെ മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവന്നു. ആരോഗ്യനില മെച്ചമാണ്. “General condition of H.G. is improving. Dialysis is still in progress. Acidosis is still not completely corrected, but better. Thirumeni is on 60% oxygen on ventelator and sedated. His chest drain tubes are now dry and may consider removing them in a day or so. Tiny amount of urine produced today. Fluid balance is satisfactory.

Surgeons are expected to examine H.G. anytime now and this way decide about the removal of the intra-abdominal packs (These packs were used to control the internal bleeding from the splenic bed-laprotomy would be then closed by shuttering."

രാവിലെ തിരുമേനിയുടെ ആരോഗ്യനില തൃപ്തികരമായി പുരോഗമിച്ചിരുന്നെങ്കിലും സന്ധ്യയോടുകൂടി നില വഷളായി തുടങ്ങി. കൂടിയും കുറഞ്ഞും കണ്ടു തുടങ്ങിയ രോഗനിലയിൽ ഡോക്ടറന്മാർക്ക് ആശങ്കയുണ്ടായി. അപകടനില തരണം ചെയ്തുവെന്നു പറയുവാൻ അവർ വിസമ്മതിച്ചു.

ബാവാതിരുമേനിയുടെ പ്രത്യേക നിർദ്ദേശപ്രകാരം മലബാറിന്റെ മാർ തെയോഫിലോസ് ഇന്ന് ന്യൂകാസിൽ ഹോസ്പിറ്റലിൽ എത്തി ആശങ്കാനിലയിൽ കിടക്കുന്ന മക്കാറിയോസിനെ സന്ദർശിച്ച് പ്രാർത്ഥന നടത്തി. അന്നു വൈകിട്ട് ഹോസ്പിറ്റൽ ചാപ്പലിൽ തിരുമേനി നടത്തിയ സന്ധ്യാപ്രാർത്ഥനയിലും മക്കാറിയോസിനു വേണ്ടി നടത്തിയ മദ്ധ്യസ്ഥ പ്രാർത്ഥനയിലും വളരെപ്പേർ സംബന്ധിച്ചു.

ഇന്നു വൈകിട്ട് റജി തോമസ് കൊട്ടാരക്കരയുടെ വീട്ടിൽ മാർ തെയോഫിലോസ് തിരുമേനി നടത്തിയ ആലോചനാ മീറ്റിംഗിൽ റമ്പാച്ചൻ, ഫാ. ഏബ്രഹാം തോമസ്, ഫാ. ഹാപ്പി ജേക്കബ്, ഡോ. സെൻ കല്ലുംപുറം, ഡോ. ഏബ്രഹാം സമുവേൽ, ജോയി, റജി തുടങ്ങിയവർ സംബന്ധിച്ച് തിരുമേനിക്കു എന്തെങ്കിലും സംഭവിച്ചാൽ നാട്ടിലെത്തിക്കുന്നതിനെപ്പറ്റി വിശദമായ ചർച്ചകൾ നടത്തി.

ഇന്നു രാത്രി പത്തരയ്ക്കു തിരുമേനിയുടെ ആരോഗ്യനിലയിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടുള്ള മെഡിക്കൽ ബുള്ളറ്റിൻ പുറത്തുവന്നു.

"This afternoon's development is giving a little bit anxiety. Slowly airway resistance is increasing and hence a slight concern whether ARS (Adult Respiratory Syndrom) is setting in. Now H. Grace is getting 75% oxygen. B.P is now stable. Very careful monitoring is done and everything humanly possible is done by the ITU team and the rest."

തിരുമേനിയുടെ നിലയിൽ ആശങ്ക പ്രകടിപ്പിച്ചുകൊണ്ടും, മാനുഷികമായി ചെയ്യാവുന്നതെല്ലാം മെഡിക്കൽ ടീം ചെയ്യുന്നുവെന്നും പറയുന്നത് വായിച്ച അനേകർക്കും മനോവിഷമം വർദ്ധിച്ചു. തിരുമേനിക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കുന്ന സംഘങ്ങൾ ലോകത്തിന്റെ പല കേന്ദ്രങ്ങളിലും കൂടുതൽ സംഘടിത പ്രാർത്ഥനകൾ ആരംഭിച്ചു.

റമ്പാച്ചൻ വികാരി ആയിരിക്കുന്ന ടൊറന്റോ മാർ ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവക ഒരു അഖണ്ഡ പ്രാർത്ഥനായജ്ഞം

തന്നെ ആരംഭിച്ചതായി റമ്പാച്ചനെ ഫോണിൽ അറിയിച്ചു. ഫാ. ദാനിയേൽ പുല്ലേലി പ്രാർത്ഥനകൾക്കു നേതൃത്വം നൽകി.

ജനുവരി 9 ബുധൻ

ഇന്നു രാവിലെ 5 മണിക്കു പുറപ്പെടുവിച്ച മെഡിക്കൽ ബുള്ളറ്റിനിൽ തിരുമേനിയുടെ രോഗനില വഷളായിത്തന്നെ തുടരുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

"Thirumeni's condition remains critical. No improvement seen in pulmonary functions. Now oxygen requirement is 80%. B P is stable on the same amount of medication."

തിരുമേനി പഠിപ്പിച്ചും താമസിച്ചുംകൊണ്ടിരുന്ന അൽമാ കോളജിന്റെ വെബ്സൈറ്റിൽ കോളജ് അധികൃതർ തിരുമേനിയെക്കുറിച്ചു പുറപ്പെടുവിച്ച പ്രൊഫൈലിൽ ഇപ്രകാരം പറഞ്ഞു:

Makarios Thirumeni is a senior faculty member at the Alma college located at the city of Alma, at the centre of Michigan lower peninsula, 50 miles of Lansing and two and one half hours North west of Detroit, Alma.

The following is an extract from their website. "Bishop Thomas Makarios, title of visiting professor of 'Religious studies' belies his commitment to Alma college. "For two decades I have been happy to call Alma my second home and consider many of the students as members of a family. My first love in teaching is to introduce students to difference between Eastern and Western mode of religious thinking and studying", He said.

Bishop Makarios came to United States from India in 1963 as a priest to earn a doctrate in Religion. When he returned to India and was consecrated as a bishop he asked to return US, minister to Indian families he had met there.

When he is not teaching he travels through out USA and Canada as well as other countries through out the world to minister to 7000 families and 75 Churches. He is the founder and leader of the US, Canada diocese of Malankara Orthodox Church of India founded by St. Thomas, an Apostle of Christ in India in 52 AD. Till the mid 19th century only Makarios' family members (Pakalomattom) have been priests or bishops in the church.

Known as a gifted story teller and father figure, Bishop Makarios has become more than a professor to the students and community of Alma college. His flowing red robes make him a well recognized presence on campus. Illustrating through his life, how other lives, religions and cultures

have meaning, the bishop provides students new appreciation for the world outside Alma.

ഡോ. ജോൺ ഏബ്രഹാം

ഈ ലേഖനം വായിച്ച ഉടനെ ചിക്കാഗോയിൽ നിന്നും ഡോ. ജോൺ ഏബ്രഹാം അൽമാ കോളജ് അധികൃതരെ അനുമോദിച്ചുകൊണ്ട് എഴുതി, "Thank you for the profile of Alma college. It is truly a great tribute to our beloved Thirumeni."

അതെ തുടർന്ന് തിരുമേനിയുടെ ആരോഗ്യനില ഭദ്രമാകുന്നതുവരെ മദ്യമാംസാദികൾ വെടിഞ്ഞ് തിരുമേനിക്കുവേണ്ടി ഉപവസിക്കുവാൻ സഭാംഗങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ ഒരറിയിപ്പ് പ്രസിദ്ധീകരിച്ചു.

"Many of my church members have agreed to fast for Thirumeni until his condition improves. This includes no meat, or alchahol. Please join us in this fast." Dr. John Abraham.

മലങ്കരസഭയിലെ ഏതെങ്കിലും മേൽപ്പട്ടക്കാരുടെ ആരോഗ്യത്തിനു വേണ്ടി മത്സ്യമാംസാദികളും മദ്യവും വെടിഞ്ഞ് ഉപവാസം അനുഷ്ഠിക്കുവാൻ ജനങ്ങൾ തയ്യാറായ ഒരു സംഭവം സഭാചരിത്രത്തിൽ കേട്ടു കേൾവി പോലുമില്ല. മലങ്കരസഭയിലെ സ്വന്തം ജനം മക്കാറിയോസ് തിരുമേനിയെ എന്തുമാത്രം സ്നേഹിച്ചിരുന്നെന്നും നെഞ്ചിലേറ്റിയിരുന്നെന്നും ഈ ഡോക്ടർ ജോൺ ഏബ്രഹാം ആഹ്വാനം ചെയ്ത ഉപവാസം പ്രകടമാക്കുന്നു.

ഡോ. ജോൺ ഏബ്രഹാം മാത്രമല്ല, മറ്റു പല ഭാഗങ്ങളിലും നിന്ന് വന്നുചേർന്ന വാർത്തകൾ ഇതേവിധത്തിൽ തന്നെ ഉള്ളതായിരുന്നു. ന്യൂയോർക്കിൽ നിന്നും ടി. എസ്. ജോൺ ആഹ്വാനം ചെയ്തതും ഇതുപോലെ തന്നെ. "മരണത്തോടു മല്ലടിക്കുന്ന തിരുമേനിയുടെ ഇച്ഛാശക്തി വളരെ ശക്തമാണ്. അതിലുമുപരിയായി വേറൊരു സത്യമുണ്ട്. ലോകത്തിന്റെ നാനാഭാഗത്തു നിന്നും ആയിരമായിരം മക്കളുടെ കണ്ഠങ്ങളിൽ നിന്നുയരുന്ന സങ്കടയാചനകളും കണ്ണുനീരും സ്വർഗ്ഗത്തിലെ അപ്പച്ചന് കണ്ടില്ലെന്ന് വയ്ക്കാൻ പറ്റുമോ? തിരുമേനി സുഖത്തോടുകൂടി തിരിച്ചെത്തുന്ന ദിവസത്തിനായി ഞാൻ നോക്കിപ്പാർക്കുന്നു. നമുക്കും തിരുമേനിക്കും വേണ്ടി കണ്ണീരൊഴുക്കാം.

തിരുമേനിയുടെ മിഷനിലെ Geoffery M. Gyrisco ഇതേ ആശയങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് ഒരപേക്ഷ പ്രസിദ്ധീകരിച്ചു.

നമുക്ക് ഒത്തുചേരാം തിരുമേനിക്കുവേണ്ടി

കോളറാഡോയിൽ നിന്നും ഫാ. എം. എം. സഖറിയായും ഒത്തൊരുമിച്ച് ഒരു കൂട്ടപ്രാർത്ഥനയ്ക്കുള്ള ആഹ്വാനം ചെയ്തു.

"His Grace is a strong willed man and will not give up easily. He needs our prayers now, more than any other time in his life. Therefore let us unite together and pray for a full and speedy recovery."

ജനുവരി 10 വ്യാഴം

ഇന്നു രാവിലെ പ്രസിദ്ധീകരിച്ച മെഡിക്കൽ ബുള്ളറ്റിനിൽ "No changes - Remains highly critical" എന്ന അറിയിപ്പു വന്നതോടെ പഴയതുപോലെ ഫോൺവിളികളുടെ എണ്ണവും കൂടി. അതെ തുടർന്ന് "A polite request" എന്ന തലക്കെട്ടോടുകൂടി അധികൃതർക്കു ഒരു അപേക്ഷ പുറപ്പെടുവിക്കേണ്ടി വന്നു.

"Please do not call the switch board connects the caller to the ITU then the sister in charge takes the call and passes to the particular nurse who is taking care of the patient. Because of the volume of calls around the clock they are unable to carry out proper care. please be understanding." തിരുമേനിയുടെ നേഴ്സിന് വന്നുചേരുന്ന നിരവധി ഫോൺവിളികളുടെ ആധിക്യം തിരുമേനിക്കു നൽകേണ്ട ശ്രദ്ധയ്ക്കു വിഘാതമാകുന്നതിനാൽ നേരിട്ടുള്ള വിളികൾ നിർത്തിവയ്ക്കണമെന്നുള്ള ആഹ്വാനത്തോട് ജനം ഒട്ടൊക്കെ അനുസരണം കാട്ടി.

മാർ മക്കാറിയോസ് അവസാനമായി പട്ടം കൊടുത്തത് ന്യൂയോർക്കിലെ ബഹു. യേശുദാസ് കോർഎപ്പിസ്ക്കോപ്പായുടെ രണ്ടു മക്കൾക്കായിരുന്നു. ഇന്ന് യേശുദാസ് കോർഎപ്പിസ്ക്കോപ്പായും ശെമ്മാശന്മാരായ ജോൺ, ജോയ്സ് എന്നീ രണ്ടു മക്കളും ക്യൂൻസ് ഇടവകക്കാരനായ മാത്യൂവും (ബേബി) ന്യൂകാസിലിൽ എത്തി. തിരുമേനിയെ അത്യധികമായി സ്നേഹിച്ചിരുന്ന ഒരു കുടുംബമായിരുന്നു യേശുദാസ് അച്ചന്റേത്. ചേതനയറ്റ് അത്യാസന്നനിലയിൽ കിടക്കുന്ന തിരുമേനിയുടെ കിടയ്ക്കയ്ക്കരികിൽ ആ വൈദിക കുടുംബം ഇടനെഞ്ചുപൊട്ടി പ്രാർത്ഥിച്ചു. യേശുദാസ് കോർഎപ്പിസ്ക്കോപ്പാ കുടുംബത്തിന് മക്കാറിയോസ് തിരുമേനിയെ മറക്കാനാവാത്ത കടപ്പാടുണ്ടായിരുന്നതുകൊണ്ട് അച്ചനും ശെമ്മാശന്മാരും തിരുമേനിയെ സ്നേഹിക്കുകയും ആരാധനാഭാവത്തിൽ കരുതുകയും ചെയ്തിരുന്നു. അവർ ആ രാത്രി ന്യൂകാസിലിൽ തന്നെ താമസിച്ചു.

വീണ്ടും ഓപ്പറേഷൻ

തിരുമേനിക്ക് ആദ്യം നടത്തിയ ഓപ്പറേഷനുശേഷം മുറിവുകൾ ശരിയായവിധത്തിൽ വൃത്തിയാക്കാനും, പഴുപ്പുണ്ടായാൽ അതും ശുചീകരിക്കുന്നതിനുമുള്ള സൗകര്യത്തിനുവേണ്ടി ഓപ്പറേറ്റു ചെയ്ത വയറുഭാഗം ഒരു വലിയ പാഡുവച്ചു മറച്ചിരുന്നതേ ഉള്ളു. എന്നാൽ സന്ദർശകരുടെ ആധിക്യം നിമിത്തം അണുബാധാ സാധ്യത ഏറെ ആയിരുന്നതുകൊണ്ട് വേറൊരു ഓപ്പറേഷനോടുകൂടി ഉദരം പൂർണ്ണമായി മറയ്ക്കാൻ ഡോക്ടറന്മാർ തീരുമാനിച്ചു.

ഇന്ന് രണ്ടാമത്തെ ഓപ്പറേഷനുവേണ്ടി തിരുമേനിയെ തീയേറ്ററിലേക്കു മാറ്റി. ഡോക്ടറന്മാരുടെ ജോലി പകുതി ആയപ്പോഴേക്കും ഓപ്പറേഷൻ മേശയിൽ തിരുമേനിക്ക് പെട്ടെന്ന് ഹൃദയാഘാതമുണ്ടായി. അതെ തുടർന്ന് ഓപ്പറേഷൻ പൂർത്തിയാക്കാതെ നിർത്തിവച്ച് തിരുമേനിയെ ഐ.റ്റി.യുവിലേക്ക് മാറ്റി.

ദേവലോകത്ത് ഒരു അടിയന്തര യോഗം

ഇതിനോടകം കുറിയാക്കോസ് മാർ ക്ലിമ്മിസ് ന്യൂകാസിൽ ഹോസ്പിറ്റലിൽ എത്തിയിരുന്നു. രണ്ടു തിരുമേനിമാർ വന്നശേഷം ഒരാൾക്കു വിശ്രമത്തിലേക്കു മാറേണ്ടിവന്നാലും ഒരാൾ ഹോസ്പിറ്റലിൽ റമ്പാച്ചനോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു.

തിരുമേനിയുടെ ആരോഗ്യനില വഷളായി എന്ന വാർത്ത ന്യൂകാസിലിലും ലണ്ടനിലും മ്ലാനത പരത്തി. വാർത്ത ദേവലോകത്ത് അറിയിച്ചപ്പോൾ പ. ബാവാ, അസിസ്റ്റന്റു ബാവായുമായി ആലോചിച്ചശേഷം ഒരു എമർജൻസി വർക്കിംഗ് കമ്മിറ്റി വിളിച്ചുകൂട്ടാൻ തീരുമാനിച്ചു. തിരുമേനിക്ക് എന്തെങ്കിലും സംഭവിച്ചാൽ കബറടക്കം എവിടെ ആയിരിക്കണമെന്നുള്ളതിനെപ്പറ്റി ആലോചിക്കാനായിരുന്നു വർക്കിംഗ് കമ്മിറ്റി കൂടുന്നത്.

അതിനോടകം തിരുമേനിയുടെ കബറടക്കം മാതൃഇടവകയിൽ ആയിരിക്കണമെന്ന് അയിരൂർ നിവാസികൾ കർശനമായ തീരുമാനം എടുത്തതായി ദേവലോകത്ത് അറിയിച്ചു.

പ. ബാവാ ഇതിനോടകം ന്യൂകാസിലിൽ ഉള്ള തിരുമേനിമാരുമായി ബന്ധപ്പെട്ടു. തിരുമേനിക്ക് കബറടക്കത്തെക്കുറിച്ച് എന്തെങ്കിലും അഭിലാഷം ഉണ്ടായിരുന്നോ എന്നറിയാൻ ബാവാ ലാസ്സറസ്സ് റമ്പാച്ചനുമായി ഫോണിൽ സംസാരിച്ചു.

യൂറോപ്യൻ യാത്രയ്ക്കു മുമ്പ് ടൊറന്റോയിൽ വച്ച് മക്കാറിയോസ്

തിരുമേനി റമ്പാച്ചനുമായുള്ള അവസാന സംഭാഷണത്തിൽ അദ്ദേഹം തന്റെ കബറടക്കം പഴയസെമിനാരിയിൽ ആയിരുന്നാൽ കൊള്ളാമെന്ന് പറഞ്ഞിരുന്നതായി റമ്പാച്ചൻ ബാവായെ അറിയിച്ചു.

"അപ്പോൾ അയിരൂർക്കാരുടെ കടുംപിടിത്തമോ?" എന്നു ബാവാ എടുത്തു ചോദിച്ചു. "അദ്ദേഹം കാതോലിക്കാ ആയിരുന്നില്ലെങ്കിലും ദേവലോകത്തുതന്നെ കബറടങ്ങാൻ സർവ്വദാ യോഗ്യനാണെന്നും അയിരൂർക്കാർ നിർബന്ധിക്കുന്നില്ലെങ്കിൽ ദേവലോകത്തു തന്നെ അടക്കം ചെയ്യണമെന്നാണ് താൻ ആഗ്രഹിക്കുന്നതെന്നും" ദിദിമോസ് ബാവാ പറഞ്ഞു.

"അങ്ങനെ വർക്കിംഗ് കമ്മിറ്റി ഒരു തീരുമാനം എടുക്കുന്നെങ്കിൽ അയിരൂർക്കാരുടെ കടുംപിടുത്തത്തിനും അഭിലാഷത്തിനും ഞാൻ കടിഞ്ഞാണിട്ടുകൊള്ളാം" എന്ന് റമ്പാച്ചൻ ബാവായ്ക്കു ഉറപ്പു നൽകി.

വർക്കിംഗ് കമ്മിറ്റി അടിയന്തരമായി കൂടി. ആലോചനയിൽ തുമ്പമൺ ഭദ്രാസനാസ്ഥാനമായ ബേസിൽ ദയറാ, അയിരൂർ ചെറിയപള്ളി എന്നീ സ്ഥലനാമങ്ങൾ ഉയർന്നുവന്നെങ്കിലും പ. ബാവായുടെ പ്രത്യേക താൽപ്പര്യം കണക്കിലെടുത്ത് വർക്കിംഗ് കമ്മിറ്റിയുടെ ഉപദേശപ്രകാരവും ദേവലോകത്ത് പൗരസ്ത്യ കാതോലിക്കാമാരുടെ കബറിടങ്ങൾ സ്ഥിതിചെയ്യുന്ന ചാപ്പലിന്റെ തെക്കുവശത്തു നിർമ്മിക്കുന്ന പുതിയ കബറിടത്തിൽ സകലവിധ ബഹുമതികളോടും കൂടി കബറടക്കം നടത്താനും വർക്കിംഗ് കമ്മിറ്റി തീരുമാനിച്ചു.

പോലീസ് റിപ്പോർട്ടു തയ്യാറാക്കുന്നു

ആശുപത്രിയിൽ പോലീസ് ഓഫീസറന്മാർ എത്തി റമ്പാച്ചനുമായി കൂടിക്കാഴ്ച നടത്തി അവരുടെ അന്ത്യമായ റിപ്പോർട്ട് ഗവണ്മെന്റിനു സമർപ്പിക്കാൻ തയ്യാറാക്കി.

തിരുമേനിയുമായി ഏറ്റം അടുത്ത രക്തബന്ധമുള്ള ആൾ എന്ന നിലയിലാണ് റമ്പാച്ചനുമായി ആലോചിച്ചു റിപ്പോർട്ടു തയ്യാറാക്കുന്നതെന്നുള്ള മുഖവുരയോടു കൂടിയാണ് പോലീസ് സംഭാഷണം ആരംഭിച്ചത്.

"റമ്പാച്ചന് അനുജൻ എന്ന നിലയിൽ എന്തെങ്കിലും പരാതി ഉണ്ടോ?" പോലീസ് ഓഫീസർ ചോദിച്ചു.

"ഒരു പരാതിയുമില്ല" റമ്പാച്ചൻ.

"ആലോചിച്ചാണോ ഉത്തരം പറയുന്നത്?"

"അതെ, നന്നായി ആലോചിച്ചു തന്നെയാണ്."

"കാർ ഡ്രൈവു ചെയ്തിരുന്ന ആളിന്റെ പേരിൽ എന്തെങ്കിലും പ്രത്യേക പരാതി ഉണ്ടോ?"

"ഇല്ല, ഒട്ടുമില്ല."

"പരാതിയില്ല എന്നു പറഞ്ഞത് ഒന്നു വിശദീകരിക്കാമോ?"

"ഇത് ഒരു യാദൃച്ഛികമായ ഒരു അപകടമെന്ന് ഞാൻ കരുതുന്നില്ല. ഞങ്ങളുടെ ജീവിതം എല്ലാം ആദ്യം മുതൽ നിയന്ത്രിച്ചിരുന്നത് ഒരു പരാശക്തിയാണ്. അതുകൊണ്ടുതന്നെ ഞങ്ങളുടെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ളതൊന്നും യാദൃച്ഛികമായി സംഭവിച്ചതല്ല. എല്ലാം സ്വർഗ്ഗീയപിതാവിന്റെ പദ്ധതിപ്രകാരമാണ് സംഭവിച്ചിട്ടുള്ളതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സ്വർഗ്ഗത്തിലെ പിതാവിന്റെ പദ്ധതിക്ക് ഞങ്ങൾക്ക് എന്തു പരാതിയാണുള്ളത്? തിരുമേനിയുടെ ഈ അപകടവും ആ പിതാവിന്റെ പദ്ധതിയായിരുന്നു. അതിന് ഉപകരണമായി നിയോഗിച്ചത് ഡോ. ജോണിനെ ആയിരുന്നു. ദൈവത്തിന്റെ ആ തെരഞ്ഞെടുപ്പിൽ നിന്നു ഡോ. ജോണിനും ഒഴിഞ്ഞുമാറാൻ ആവില്ല. ഇത് ഞങ്ങളുടെ വിശ്വാസത്തിന്റെ തന്നെ ഭാഗമാണ്. അതുകൊണ്ട് തിരുമേനിയുടെ ഈ അപകടത്തിലും ഡോ. ജോണിന്റെ പേരിലും യാതൊരു പരാതിയുമില്ല."

ബ്രിട്ടീഷ് പോലീസ് ഓഫീസറന്മാർ ഇങ്ങനെ ഒരു മറുപടി ഇതിനു മുമ്പു കേട്ടിട്ടുണ്ടാവില്ല. അതുകൊണ്ടാവാം അതീവ ശ്രദ്ധയോടെയാണ് ഓഫീസറന്മാർ റമ്പാച്ചന്റെ വാക്കുകൾ കേട്ടിരുന്നത്. അവസാനം റിപ്പോർട്ട് എഴുതുന്നതിനു മുമ്പ് ഓഫീസറന്മാർ ഒരിക്കൽ കൂടി ചോദിച്ചു; "Are you sure?" "Yes" എന്നു റമ്പാച്ചൻ മറുപടി പറഞ്ഞു.

അതിനുശേഷം അവർ മഹസറിൽ റമ്പാച്ചന്റെ വാചകങ്ങൾ അങ്ങനെതന്നെ എഴുതിച്ചേർത്തശേഷം വായിച്ചു കേൾപ്പിച്ചു. അതിനുശേഷം റമ്പാച്ചൻ ആ റിപ്പോർട്ടിൽ ഒപ്പിട്ടു.

റമ്പാച്ചന്റെ ഈ മൊഴി ഒരു വലിയ കേസിന്റെ നൂലാമാലകളിൽ നിന്നും പ്രത്യേകിച്ച് ഡ്രൈവു ചെയ്ത ഡോക്ടറുടെ പേരിലുള്ള കേസിൽ നിന്നും വിടുതലാണ് നൽകുന്നതെന്ന് ഓഫീസറന്മാർ പറഞ്ഞു. നന്ദി പറഞ്ഞ് അവർ പിരിഞ്ഞു.

LAMBETH PALACE
The Revd Canon Anthony Ball
The Archbishop of Canterbury's
Assistant Secretary for International,
Ecumenical and Anglican Communion Affairs

January 2008

Dr. Zachariah Mar Theophilos
Metropolitan of Malabar Diocese

Mount Hermon, R. E. C. P.O.
Kozhikode-673601
Kerala, India

Your Grace,

The Archbishop of Canterbury was most concerned to hear the news of Metropolitan Mar Makarios' accident on Saturday. The Archbishop is currently away at a meeting of the English bishops and has asked that Bishop Paul Richardson deliver to you this letter conveying his concern and the assurance that Metropolitan Mar Makarios is in his prayers and those of his staff here at Lambeth Palace. Archbishop Rowan wishes to pass on his best wishes for Metropolitan Mar Makarios' speedy recovery.

May you draw hope from the words of St. Paul: "Praise be to the God and Father of our Lord Jesus Christ... who comforts us in all our troubles... For just as the sufferings of Christ flow over into our lives, so also through Christ our comfort overflows" (2 Cor. 1:3-5)

Yours in Christ

വൈകിട്ട് നാലു മണിക്കുള്ള മെഡിക്കൽ ബുള്ളറ്റിനിൽ ഇപ്രകാരം അറിയിച്ചു. "H.G. is holding metabiotically very well today. Hemofitration continually on and is in neutral balance. Last night had lot of irregular heart beatings, but today vital sign are very stable with the same dose of drugs. Thank God! blood gases are all nearly normal."

ഇന്നലെ വളരെ ഗുരുതരമായിരുന്ന അവസ്ഥയിൽ നിന്നു തിരുമേനി ഇന്ന് വളരെ വിഭിന്നമായ ഒരു നിലയിൽ എത്തിയതായി കാണുന്നു. ഡോക്ടറന്മാർ റമ്പാച്ചനോടു പറഞ്ഞു, "സാധാരണയായി ഈ നിലയിൽ എത്തിയ ഒരു രോഗിക്ക് ജീവിച്ചിരിക്കാൻ കഴിയുകയില്ല. എന്നാൽ ബിഷപ്പിനെപ്പോലെ ശക്തമായ ഇച്ഛാശക്തി ഉള്ള ഒരു രോഗിയെ ഞങ്ങൾ അധികം കണ്ടിട്ടില്ല. ഞങ്ങളുടെ കണക്കുകൂട്ടലുകൾക്കപ്പുറമായി തിരുമേനി മരണത്തെ തോൽപ്പിച്ചു കടക്കുന്നതായി ഞങ്ങൾക്കു തോന്നിയിട്ടുണ്ട്." തിരുമേനി മരണവുമായി ശരിക്കും ദ്വന്ദയുദ്ധത്തിലായിരുന്നു.

ജോ വറുഗീസിന്റെ വേറിട്ട ഒരന്വേഷണം

അമേരിക്കയിൽ ചിക്കാഗോ ഓക്പാർക്ക് സെന്റ് ഗ്രീഗോറിയോസ് പള്ളിയിലെ ജോ വറുഗീസ് മറ്റാരുടെയും ശ്രദ്ധയിൽപെടാത്ത ഒരു കാര്യമാണ് തന്റെ കത്തിലൂടെ ആരാഞ്ഞത്. അത് ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ബഹിർസ്ഫുരണമായിത്തീർന്നു. എല്ലാവരും തിരുമേനിയുടെ ആരോഗ്യനിലയെപ്പറ്റി ആശങ്കയോടെ അന്വേഷി

ക്കയും ഹൃദയം പൊടിഞ്ഞ് പ്രാർത്ഥിക്കയും ചെയ്തപ്പോൾ ജോ അതോടുകൂടിത്തന്നെ എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവന്നത് അപകടസമയത്ത് തിരുമേനിയുടെ കാറോടിച്ച ഡോക്ടറെപ്പറ്റിയായിരുന്നു. അന്ന് ഡ്രൈവുചെയ്തുകൊണ്ടിരുന്നത് ഒരു ഓർത്തഡോക്സുകാരനായ ഡോക്ടർ ആണെന്നോ, അതു ന്യൂകാസിൽ ആശുപത്രിയിൽ തന്നെയുള്ള ഡോ. ജോൺ ഫിലിപ്പാണെന്നോ ആ ഡോ. ജോൺ ഫിലിപ്പ് ആരെന്ന് അറിഞ്ഞുകൊണ്ടോ ഉള്ള ഒരു അന്വേഷണവും കരുതലുമായിരുന്നില്ല ജോയുടെ കത്തിലുണ്ടായിരുന്നത്. ചുരുങ്ങിയ വാക്കുകളിൽ ആ കത്ത് അവസാനിച്ചെങ്കിലും അതിന്റെ പിമ്പിൽ ത്രസിച്ച ജോയുടെ ഹൃദയം എത്ര വിശാലമായിരുന്നു. ജോ എഴുതി, "Is there any update on the driver? Praying for his health both physical and mental. Many are worried that he may be suffering from the incident too."

ജോയ്ക്ക് നന്ദി! തിരുമേനിയെ സ്നേഹിക്കുന്ന ഒരു ആഗോള സമൂഹം തിരുമേനിയെപ്പറ്റിയുള്ള സ്നേഹത്തിൽ മുങ്ങിയപ്പോൾ അതേ അപകടത്തിൽപെട്ട ഡോ. ജോണിന്റെ ശാരീരിക-മാനസിക അവസ്ഥയെപ്പറ്റി ചിന്തിക്കയും മറ്റുള്ളവരെ അതിലേക്ക് തിരിച്ചുവിടുകയും ചെയ്ത ജോയ്ക്ക് നന്ദി പറയാതിരിപ്പാൻ വയ്യ.

വാസ്തവത്തിൽ അബോധാവസ്ഥയിൽ അത്യാസന്ന നിലയിൽ കിടന്ന മക്കാറിയോസ് തിരുമേനിയേക്കാൾ ഡോ. ജോണിന്റെ അവസ്ഥയായിരുന്നു സഹതാപം അർഹിച്ചിരുന്നത്. കാറപകടത്തെ തുടർന്ന് ന്യൂകാസിലിലെത്തിയ ലാസ്സറസ് റമ്പാച്ചൻ ഒരു ദിവസം കഴിഞ്ഞ് ഡോ. ജോണിനെ ആശുപത്രിയിലേക്ക് വിളിപ്പിച്ചെങ്കിലും ഡോക്ടർ ജോൺ വരാൻ കൂട്ടാക്കിയില്ല. അദ്ദേഹം ജോലി ചെയ്തിരുന്ന ആശുപത്രിയിൽ തന്നെയായിരുന്നു തിരുമേനിയെ പ്രവേശിപ്പിച്ചിരുന്നത്. മാനസിക ആഘാതത്തിൽ തകർന്ന ജോൺ അവധിയിൽ പ്രവേശിച്ചിരുന്നു. വളരെയേറെ പ്രോത്സാഹനവും സമ്മർദ്ദവും ചെലുത്തിയശേഷമാണ് ഡോ. ജോൺ റമ്പാച്ചന്റെ മുമ്പിലെത്തിയത്.

റമ്പാച്ചൻ വളരെ കരുണയോടും സ്നേഹത്തോടും കൂടി ഡോ. ജോണിന്റെ മനസ്സിനേറ്റ നൊമ്പരം മനസ്സിലാക്കി തലോടി ആശ്വസിപ്പിച്ചപ്പോൾ ജോൺ പറഞ്ഞ വാക്കുകൾ ഇന്നും റമ്പാച്ചൻ ഓർമ്മിക്കുന്നു. "റമ്പാച്ചാ നിങ്ങളൊക്കെ എന്നെ ആശ്വസിപ്പിക്കാൻ ശ്രമിക്കയാണെന്ന് എനിക്കറിയാം. പക്ഷേ ഞാനല്ലേ തിരുമേനിയുടെ ഈ അവസ്ഥയ്ക്കു കാരണക്കാരൻ? എന്റെ തിരുമേനിക്കു പകരം ദൈവം എന്തുകൊണ്ട് എന്നെ ശിക്ഷിച്ചില്ല? നിങ്ങളെല്ലാം എന്നെ ആശ്വസിപ്പിക്കുമ്പോഴും നീറുന്ന ആ ചിന്ത എന്നെ ജീവിതം മുഴുവൻ അലട്ടുകയില്ലേ? എന്റെ

തിരുമേനിയെ വിട്ടിട്ട് ദൈവം എന്നെ എടുക്കാഞ്ഞതെന്തേ?" ഡോ. ജോൺ പല പ്രാവശ്യം അതു ആവർത്തിച്ചുകൊണ്ടിരുന്നു.

റമ്പാച്ചൻ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു, "യുദ്ധക്കളത്തിൽ അടരാടി വാർദ്ധക്യത്തിലെത്തിയ തിരുമേനിക്ക് വിശ്രമം നൽകണമെന്നുള്ളത് ദൈവത്തിന്റെ പ്ലാനായിരുന്നു. അതുപോലെതന്നെ സാമൂഹ്യസേവനത്തിൽ ചെറിയ പൂമൊട്ടായി വിടരാൻ തുടങ്ങുന്ന ഡോക്ടറെ ഇനി വൻ കാര്യങ്ങൾക്കായി ഏറെനാൾ ജീവിച്ചിരിക്കുവാൻ അനുവദിക്കുന്നതും ദൈവത്തിന്റെ പദ്ധതിയിൽപെട്ടതാണ്. നമുക്ക് അതിനു വിലങ്ങുതടി ആവാൻ പറ്റുമോ?"

മാർ ക്ലിമ്മിസ് തിരുമേനി ആശുപത്രിയിൽ എത്തിയശേഷം ഡോ. ജോണിനോടും അദ്ദേഹത്തിന്റെ ദുബായിലുള്ള പിതാവിനോടും സംസാരിച്ചശേഷം പലരുടെയും സ്നേഹപൂർവ്വമായ നിർബന്ധത്തിനു വഴങ്ങി ഡോക്ടർ ജോൺ ക്രമേണ ക്രമേണ സമൂഹത്തിലേക്ക് വരാൻ തുടങ്ങി.

ആ ഡോക്ടർ ജോണിനുവേണ്ടിയാണ് പ്രാർത്ഥിക്കുവാൻ ജോ വറുഗീസ് ആവശ്യപ്പെട്ടത്.

പിന്നീട് ഡോക്ടർ ന്യൂകാസിൽ ആശുപത്രിയോടുതന്നെ വിട പറഞ്ഞ് വേറൊരു പട്ടണത്തിലേക്കു പോയതായി പറഞ്ഞു കേട്ടു.

അദ്ധ്യായം 39

തിരുമേനിയുടെ ആരോഗ്യ ബുള്ളറ്റിനുകൾ

"സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കിയിട്ടുള്ളത് വ്യത്യസ്തമായി ചിന്തിക്കുന്നവരാണ്. വ്യത്യസ്തമായി ചിന്തിക്കുന്ന ഒരു വ്യക്തിക്ക് സമൂഹത്തെ ആകെ മാറ്റാൻ കഴിയും. ക്രിസ്തു തന്നെയല്ലേ അതിനു ഏറ്റവും വലിയ ഉദാഹരണം? മതനിയമങ്ങളുടെ വള്ളിപുള്ളി വ്യത്യാസമില്ലാതെ അനുഷ്ഠാനം വഴി നീതീകരിക്കപ്പെട്ടവരെന്ന് സ്വയം വിശ്വസിച്ച മതനേതാക്കളുടെയും പുരോഹിതന്മാരുടെയും വഴി, തെറ്റായിരുന്നുവെന്ന് യേശു ക്രിസ്തു തിരിച്ചറിയുകയും അവരെ നേർവഴിക്ക് കൊണ്ടുവരാൻ ശ്രമിക്കയും ചെയ്തു.

മരണമാണ് അതിനു ലഭിച്ച പ്രതിഫലമെങ്കിലും അദ്ദേഹത്തിന്റെ ചിന്ത ലോകത്തെ മാറ്റിമറിച്ചു. ഏബ്രഹാം ലിങ്കൺ, മഹാത്മാഗാന്ധി, ശ്രീനാരായണഗുരു, നെൽസൺ മണ്ടേല, മദർ തെരേസ, കാറൽ മാർക്സ് തുടങ്ങിയവരെല്ലാം വേറിട്ട രീതിയിൽ ചിന്തിച്ച് സമൂഹത്തെ മാറ്റിമറിച്ചവരാണ്."

നിശ്ശബ്ദനായി മരണത്തോടു സംവദിച്ചു കിടന്ന മക്കാറിയോസ് തിരുമേനിയുടെ നിശ്ചലമായ ശരീരത്തിന്റെ മുമ്പിൽ ഏറെനേരം പ്രാർത്ഥിച്ച ശേഷം ഇറങ്ങിവന്ന ആ സന്ദർശകൻ ലാസ്സറസ് റമ്പാച്ചനോടു പറയാൻ തുടങ്ങി. റമ്പാച്ചൻ ഒന്നും പ്രതികരിക്കാതെ മൗനമായി കേട്ടുകൊണ്ടു നിന്നു.

അദ്ദേഹം തുടർന്നു: "വേറിട്ടു ചിന്തിക്കുന്ന മക്കാറിയോസിനെപ്പോലെ ചിന്തിക്കുന്ന ഒരാളെങ്കിലും ഇനി തോമ്മാശ്ലീഹായുടെ ഈ സഭയിൽ ഉണ്ടായാൽ, മതനേതൃത്വം കാണിക്കുന്നത് തെറ്റാണെന്ന് വിളിച്ചുപറയാൻ ധൈര്യപ്പെടുമായിരുന്നു. ക്രൂശുമരണമാണ് അവർ അവന് കൽപ്പിക്കുന്നതെങ്കിലും, മോചനമില്ലാത്ത ഈ ദുരവസ്ഥയിൽ നിന്ന് സഭയെ രക്ഷിക്കാനുള്ള ചിന്തയുടെ തീനാളം ഈ കിടക്കുന്ന ദേഹത്തിൽ നിന്ന് ഏറ്റുവാങ്ങാൻ കഴിയുമായിരുന്നു. അത്തരമൊരാൾ ഇനി എഴുന്നേറ്റുവരാൻ കഴിയുന്നതുവരെ നമ്മുടെ സഭ കലഹിക്കുകയും ഏറ്റുമുട്ടുകയും ചെയ്തുകൊണ്ടു തന്നെ കഴിയും."

ചിന്തിപ്പിക്കുന്ന വാക്കുകൾ പറഞ്ഞശേഷം അദ്ദേഹം ആശുപത്രിയിൽ നിന്നും വേഗം കടന്നുപോയി. അദ്ദേഹത്തിന്റെ വാക്കുകളുടെ ആഴക്കട

ലിൽ മുങ്ങിനിന്ന റമ്പാച്ചൻ അദ്ദേഹം ആരെന്നോ എവിടെ നിന്നെന്നോ ചോദിക്കുന്നതിനു മുമ്പ് ആ സന്ദർശകൻ ആശുപത്രി ഗേറ്റ് കടന്നു കഴിഞ്ഞു.

ആരാകിലെന്ത്? ആ ഗംഭീരമായ മുഖം, ഇടിനാദം പോലെയുള്ള ശബ്ദം, അദ്ദേഹം പറഞ്ഞ കാര്യങ്ങളിൽ അടങ്ങിയിരുന്ന ചിന്ത – ഒരു സ്വപ്നാടനം പോലെ എല്ലാം വേഗം കടന്നുപോയി. ആഗതനും അപ്രത്യക്ഷനായെങ്കിലും അദ്ദേഹം എറിഞ്ഞ ചിന്തകളിൽ റമ്പാച്ചൻ ഏറെ നേരം മുഴുകിയിരുന്നു.

ന്യൂകാസിലിലെ അച്ചനും ജനങ്ങളും എല്ലാം ഒരുപോലെ ഓടിയും ക്ഷീണിച്ചും തളർന്നും കഴിഞ്ഞിരുന്നു. അതുകൊണ്ട് രാത്രിയിൽ ആരും തന്നെ വന്നില്ല. തന്നിമിത്തം ഈ സന്ദർശകനെപ്പറ്റി ആരോടും സംസാരിക്കാനും റമ്പാച്ചനു കഴിഞ്ഞില്ല. പിറ്റേന്നു രാവിലെ എത്തിയ ന്യൂകാസിൽകാരോട് ഈ ആളിനെപ്പറ്റി അന്വേഷിച്ചിട്ടും കണ്ട രൂപത്തിന്റെ മുഖചിത്രം നൽകിയിട്ടും ആർക്കും ആ അജ്ഞാതനെപ്പറ്റി യാതൊരു വിവരവും നൽകാൻ കഴിഞ്ഞില്ല.

തിരുമേനിക്കുവേണ്ടി അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്ന വൈദികർക്കും ജനങ്ങൾക്കും എല്ലാം ഹൃദയംഗമായ നന്ദി പ്രകടിപ്പിച്ചുകൊണ്ട് ലണ്ടനിൽ നിന്നു ഡോ. സെൻ കല്ലുംപുറം ഇപ്രകാരം എഴുതി:

“Our beloved Makarios Thirumeni continues to be in a critical state. Let us all pray for H. Grace recovery.

A word of appreciation and thanks; I had been to New Castle twice and had a chance to be with everyone there. Our Achens in UK, Lazarus Rambachen and H.G. Mar Theophilus are all staying in Newcastle, and they lead the prayers and provide leadership to all what is needed at this point in time.

There are many doctors who belong to our church in this locality and they are doing their best. Our Achens have been answering hundreds of phone calls from all over the world without any rest. Our Dr. Georgekutty uncle has been updating Thirumenis’ condition in St. Gregorios church, London’s website every, few hours. Please kindly avoid ‘curiocity calls’ and just confirm calls to our Achens.

I would like to take this opportunity to appreciate and thanks our people in and around Newcastle and Sunderland who have doing their best to provide accomodation and hospitality to our people who are coming there to be with Thirumeni.”

ഡോ. സെൻ എഴുതിയത് വളരെ പരമാർത്ഥമാണ്. രാപകലെന്യേ ന്യൂകാസിലിലും സന്ദർലാൻഡിലും ഉള്ള ജനങ്ങൾ, തിരുമേനിയെ സന്ദർശിക്കാനെത്തുന്നവരെ സ്വീകരിക്കാനും, സൽക്കരിക്കാനും, താമസിപ്പിക്കുവാനും തിരികെ വിടുവാനും ഒക്കെ എടുത്ത കഷ്ടപ്പാടുകൾ പറഞ്ഞറിയിക്ക വയ്യ. എല്ലാവരും കൃതജ്ഞത അർഹിക്കുന്നവരാണ്. എങ്കിലും ഏതാനും കുടുംബങ്ങളെയും വ്യക്തികളേയും എടുത്തു പറഞ്ഞില്ലെങ്കിൽ അതു കൃതഘ്നതയായിത്തീരും.

സണ്ണിയും കുടുംബവും: ന്യൂകാസിൽ ആശുപത്രിയോട് ഏറ്റം അടുത്തു താമസിച്ചിരുന്നതുകൊണ്ട് ദേവലോകത്തുകാരൻ സണ്ണിയും ഭാര്യ പൊന്നമ്മയും തങ്ങളുടെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുകയുണ്ടായി. സന്ദർശകരായി എത്തിച്ചേരുന്ന തിരുമേനിമാർക്കും അച്ചന്മാർക്കും അത്മായക്കാർക്കും എല്ലാം സണ്ണിയുടെ കുടുംബത്തിന്റെ ആതിഥ്യം സ്വീകരിക്കാതെ പോവുക എളുപ്പമല്ല. പൊന്നമ്മയ്ക്കു അടുക്കളയിൽ നിന്നിറങ്ങാൻ ഈ കാലഘട്ടത്തിൽ സമയം കിട്ടിയിട്ടില്ല. രാത്രിയിലും പകലിലും ഏതുസമയത്തും വരുന്നവർക്ക് അവരവരുടെ അഭിരുചിക്കനുസരിച്ചു തരാതരം ഭക്ഷണം എപ്പോഴും സണ്ണിയുടെ വീട്ടിൽ റഡി. സണ്ണി വീട്ടിലോട്ടും ആശുപത്രിയിലോട്ടും ഷട്ടിൽ അടിച്ചുകൊണ്ടിരുന്നു. ആശുപത്രിയിൽ തിരുമേനിയെ കാണാൻ വരുന്ന ഒറ്റ ആൾ പോലും സണ്ണിയുടെ ആതിഥ്യത്തിന് പുറത്തല്ലെന്ന് ആ കുടുംബം തെളിയിച്ചുകൊണ്ടിരുന്നു. സണ്ണിയും മക്കളും നിലത്തു കിടന്നുകൊണ്ടുപോലും അതിഥികൾക്ക് കിടക്ക ഒരുക്കുന്ന ത്യാഗമനസ്ഥിതി ഈ ലേഖകൻ അനുഭവിച്ചറിഞ്ഞതാണ്. തിരുമേനി ആശുപത്രിയിൽ എത്തിയ ജനുവരി അഞ്ചു മുതൽ തിരുമേനി ആശുപത്രി വിടുന്ന ഫെബ്രുവരി 23 വരെ എത്രയെത്ര തവണയാണ് സണ്ണി ആശുപത്രിയിലെത്തി റമ്പാച്ചന്റെ ദുഃഖത്തിൽ പങ്കുചേർന്നിട്ടുള്ളത്.

റജി-ഷീജാ കുടുംബം. ന്യൂകാസിൽ ആശുപത്രിക്ക് അടുത്തു തന്നെ താമസിച്ചിരുന്ന കൊട്ടാരക്കര റജി ആണ് തിരുമേനിയുടെ അപകടത്തിന് ഏക ദൃക്സാക്ഷി ആയത്. തിരുമേനിയുടെ ന്യൂകാസിൽ പരിപാടികൾ പള്ളിസെക്രട്ടറി എന്ന നിലയിൽ ക്രമീകരിച്ചതും തിരുമേനിയുടെ ന്യൂകാസിൽ സന്ദർശന സ്ഥലങ്ങളിലെല്ലാം സഹയാത്രികനായും പ്രവർത്തിച്ച റജി കൊട്ടാരക്കര അപകടത്തിനുശേഷം ആശുപത്രിയിലെ നിത്യസന്ദർശകനായിരുന്നു. അതിഥികൾക്കു ഭക്ഷണവും താമസവും ഒരുക്കുന്നതിൽ റജിയും കുടുംബവും സദാ പ്രവർത്തിച്ചുകൊണ്ടിരുന്നു.

ഹാപ്പി അച്ചനും കുടുംബവും. വികാരി എന്ന നിലയിൽ തിരുമേനിയുടെ സന്ദർശനങ്ങളുടെ ഉത്തരവാദിത്വം മുഴുവൻ ഏറ്റെടുത്തത് ഹാപ്പി

ജേക്കബ് അച്ചനായിരുന്നു. അപകടത്തിനു ശേഷവും ആ വലിയ ഉത്ത രവാദിത്വം അച്ചനും കൊച്ചമ്മയും വിശ്രമമില്ലാതെ നിറവേറ്റിക്കൊണ്ടി രുന്നു. ലാസ്സറസ് റമ്പാച്ചൻ ആശുപത്രിയിൽ എത്തിയപ്പോൾ തിരുമേ നിയുടെ അന്ത്യസന്ദർശനത്തെക്കുറിച്ച് വിങ്ങിപ്പൊട്ടിക്കൊണ്ട് കൊച്ചമ്മ വിവരിച്ചതു റമ്പാച്ചൻ ഓർക്കുന്നു. അവസാനം തിരുമേനി അവരോട് യാത്ര പറഞ്ഞ് എയർപോർട്ടിലേക്കു പോകുന്ന വേളയിൽ "ഇനി എന്നാണ് തിരുമേനിയെ കാണുക" എന്നു ചോദിച്ച കൊച്ചമ്മയോട് "അങ്ങേ കരയിൽ വച്ചു കാണാം മോളേ" എന്നു പറഞ്ഞു വിടപറഞ്ഞ രംഗം കൊച്ചമ്മ പൊട്ടിക്കരഞ്ഞു വിവരിച്ചു.

ഡോ. ഏബ്രഹാം സമുവേലും ഷീലയും അനുജൻ ജോൺ സമുവേലും. തിരുമേനിയുടെ അന്ത്യകുർബ്ബാനയിൽ ശുശ്രൂഷകനായും ന്യൂകാസിൽ ആശുപത്രിയിലെ നിത്യ ശുശ്രൂഷകനായും പ്രവർത്തിച്ച ഡോ. ഏബ്രഹാം സമുവേലും അനുജൻ ജോൺ സമുവേലും അതിഥി കളെ സ്വീകരിക്കുന്നതിലും വീടുകളിൽ താമസിപ്പിക്കുന്നതിലും വളരെ സഹായങ്ങൾ ചെയ്ത സഹോദരങ്ങളാണ്. റമ്പാച്ചൻ ഏറെ ദിവസങ്ങൾ അവരുടെ അതിഥിയായിരുന്നു.

ഡോ. മോഹൻ ജോർജ്ജ്, ഡോ. എം. എ. വറുഗീസ്, എല്ലാവർക്കും എല്ലായിടത്തും ഒരുപോലെ നേതൃത്വം നൽകിയ ലണ്ടൻ പള്ളി വികാരി ഫാ. ഏബ്രഹാം തോമസ്, എത്യോപ്യൻ ശെമ്മാശൻ ഗബ്രേഎഗ് സാബർ ഭാര്യ സിൻഡി, ജോയി ചാക്കോച്ചൻ, റമ്പാച്ചനു താമസം നൽകിയ ക്നാനായ സഭാംഗങ്ങളായ രാമമംഗലം സാം, ലൂക്കോസ് (ജോണി) തുട ങ്ങിയ അനേകരുടെ സേവനങ്ങളും വിസ്മരിക്കാനാവില്ല.

തിരുമേനിയുടെ വീട്ടിൽ

ഈ കാറപകടം തിരുമേനിയുടെ വീട്ടിലുണ്ടാക്കിയ ആഘാതം ചെറു തായിരുന്നില്ല. ഇളയ സഹോദരൻ കെ. സി. മാത്യു കോർഎപ്പിസ്ക്കോ പ്പായിലും സഹോദരിമാരായ സിസ്റ്റർ മറിയാം, കെ. സി. അന്നമ്മ സ്റ്റീഫൻ എന്നിവരിലും ആഴത്തിലുള്ള വേദനയാണ് ജനിപ്പിച്ചത്. സഹോദരങ്ങൾ ക്കെല്ലാം ആത്മീയ പ്രചോദനം നൽകിയ അവരുടെ "അച്ചാച്ചനാ"യി രുന്നു തിരുമേനി. ദുഃഖഭാരം താങ്ങാൻ ആവാതെ വന്ന കെ. സി. മാത്യു അച്ചനെ ഉടനടി ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നു. ആശുപ ത്രിയിൽ ആയിട്ടും തിരുമേനിക്ക് എന്തെങ്കിലും സംഭവിക്കുമോ എന്നുള്ള ഭയത്താൽ "ഞാൻ അങ്ങോട്ടു വരട്ടെ, ഞാൻ വരട്ടെ" എന്നു കൂടെക്കൂടെ ഫോണിലൂടെ റമ്പാച്ചനോട് ചോദിച്ചുകൊണ്ടിരുന്നു. ഒരു ദീർഘയാ ത്രയ്ക്ക് അന്ന് അച്ചന്റെ ആരോഗ്യം ഒട്ടും പറ്റിയതായിരുന്നില്ല. തിരുമേ നിയുടെ അവസ്ഥ നേരിൽ കാണുമ്പോൾ അതു താങ്ങിനിർത്താനുള്ള

മനക്കരുത്തും ആ സമയം അച്ചനു കിട്ടിയെന്ന് വരികയില്ല. ദീർഘയാത്ര ചെയ്ത് ന്യൂകാസിലിൽ എത്തി രോഗാതുരനായി അച്ചൻ കൂടി കിടപ്പിലായിപ്പോയാൽ ആ ഭാരം കൂടി താങ്ങാൻ റമ്പാച്ചനോ ന്യൂകാസിൽ ഇടവകക്കാർക്കോ കഴിയുകയില്ലാത്തതുകൊണ്ട് അച്ചന്റെ വരവിനെ റമ്പാച്ചൻ നിരുത്സാഹപ്പെടുത്തി. പകരം അച്ചന്റെ ന്യൂയോർക്കിലുള്ള മകൻ മനോജ് ന്യൂകാസിലിൽ എത്തി ഏതാനും ദിവസങ്ങൾ താമസിച്ച് തിരുമേനിയുടെ ശുശ്രൂഷയിൽ പങ്കുചേരുകയും റമ്പാച്ചന് വിശ്രമത്തിനു കുറെ സമയം അനുവദിക്കയും ചെയ്തു.

അതെ തുടർന്ന് അൽമാ കോളജ് പ്രതിനിധികളും എത്തി തിരുമേനിയുടെ പരിചരണ ശുശ്രൂഷകളിൽ പങ്കെടുത്ത് ഏതാനും ദിവസങ്ങൾ ന്യൂകാസിലിൽ താമസിച്ചു.

കാന്റർബറി ആർച്ചുബിഷപ്പിന്റെ ഓഫീസിൽ നിന്നും ഇന്ത്യൻ എംബസിയിൽ നിന്നും കൂടെക്കൂടെ തിരുമേനിയുടെ നില അന്വേഷിച്ചുകൊണ്ട് ഫോൺകോളുകൾ വന്നുകൊണ്ടിരുന്നു.

ഇംഗ്ലണ്ടിലും ബ്രിട്ടണിലുമുള്ള ഓറിയന്റൽ-ബൈസാന്റിയൻ ഓർത്ത ഡോക്സ് മെത്രാപ്പോലീത്തന്മാർ മക്കാറിയോസിന്റെ അപകട വിവരം അറിയിച്ചുകൊണ്ട് അവരവരുടെ പള്ളികൾക്ക് കൽപ്പനകൾ അയച്ചു. അവരുടെ പള്ളികളിൽ ഈ വിവരം പ്രസ്താവിച്ച് തിരുമേനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. ന്യൂകാസിലിലും നോർത്ത് ഈസ്റ്റിലുമുള്ള പള്ളികളിൽ ഒരാഴ്ചകാലത്തേക്ക് കത്തിച്ച മെഴുകുതിരികൾ പിടിച്ചുകൊണ്ട് അഖണ്ഡ പ്രാർത്ഥനായജ്ഞം നടത്തുകയും ചെയ്തു.

ഇന്ന് അയർലണ്ടിലെ ബെൽഫാസ്റ്റിൽ നിന്ന് കിഴക്കമ്പലം കോൺവെന്റിലെ സിസ്റ്റർ ദീനാ ആശുപത്രിയിൽ എത്തി. മക്കാറിയോസ് തിരുമേനിയുടെ ബൽഫാസ്റ്റ് സന്ദർശനവേളയിൽ വേണ്ട എല്ലാ സഹായസഹകരണങ്ങളും നൽകി ക്രമീകരണങ്ങൾ ചെയ്യുന്നതിന് മുമ്പിൽ പ്രവർത്തിച്ച ആളായിരുന്നു ദീനാ സിസ്റ്റർ. ന്യൂകാസിലിൽ രണ്ടു ദിവസം താമസിച്ച ശേഷമാണ് അവർ മടങ്ങിപ്പോയത്.

ഇന്ന് ബത്തേരി ഭദ്രാസനത്തിന്റെ കുറിയാക്കോസ് മാർ ക്ലിമ്മിസും ആശുപത്രിയിൽ എത്തിച്ചേർന്നു. മാർ ക്ലിമ്മിസ്, മാർ തേയോഫിലോസ് എന്നിവരും ലാസ്സറസ് റമ്പാച്ചൻ മറ്റു പട്ടക്കാർ എന്നിവരുമായി ചർച്ച ചെയ്തശേഷം നാളെ മക്കാറിയോസ് തിരുമേനിക്കു വേണ്ടി പ്രത്യേക കുർബ്ബാന ചൊല്ലി അദ്ദേഹത്തിനു ആശുപത്രിയിൽ വി. കുർബ്ബാന കൊണ്ടുപോയി കൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. ആ ആരാധനയിൽ കഴിവുള്ളിടത്തോളം ജനങ്ങൾ വൈകിട്ട് 6 മണിക്ക് 67 Brighton Grove, N.E. NE 45 N J യിലുള്ള കോപ്ടിക് പള്ളിയിൽ വന്നു

സംബന്ധിക്കണമെന്നും ആ സമയത്ത് അവിടെ എത്തിച്ചേരാൻ കഴിയാത്തവർ അതേസമയത്ത് അവരവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ തന്നെ പ്രാർത്ഥനയിൽ പങ്കുചേരണമെന്നും ജനങ്ങൾക്ക് ഇമെയിൽ അയച്ചു.

Since you will see timely updates in our website I am not taking any effort in briefing you the current situation but would like to earnestly pray for Thirumeni for his speedy recovery whole heartedly. I pour my heart to you for all the support you are rendering in this trying time. I leave Thirumeni to the love and care of our Lord.

ജനുവരി 12 വെള്ളി

ഇന്ന് വൈകിട്ട് 6 മണിക്ക് ബ്രിട്ടൺഗ്രോവ് റോഡിലുള്ള കോപ്ടിക് ദേവാലയത്തിൽ മലബാറിന്റെ മാർ തെയോഫിലോസിന്റെ പ്രധാന കാർമ്മികത്വത്തിൽ മക്കാറിയോസിനു വേണ്ടി വി. കുർബ്ബാന നടത്തി. മാർ ക്ലിമ്മിസ്, ലാസ്സറസ് റമ്പാച്ചൻ, യേശുദാസ് പാപ്പൻ കോർഎപ്പിസ്ക്കോപ്പാ, ജോൺ, ജോയ്സ് ശെമ്മാശന്മാർ മുതലായവർ സഹകാർമ്മികരായിരുന്നു.

മക്കാറിയോസ് തിരുമേനിക്ക് വി. കുർബ്ബാന നൽകുവാൻ വേണ്ടി റമ്പാച്ചനോടൊപ്പം ഫാ. ഹാപ്പി ജേക്കബ്, ഫാ. ഏബ്രഹാം തോമസ് എന്നീ പട്ടക്കാരും ഡോ. ഏബ്രഹാം സമുവേലും ആശുപത്രിയിലേക്ക് പോയി. മക്കാറിയോസ് വി. കുർബ്ബാനയ്ക്കു ഒരുങ്ങി "ഹൂസോയോ" പ്രാപിച്ചപ്പോഴും വി. കുർബ്ബാന അനുഭവിച്ചപ്പോഴും ഉൾബോധം ഉള്ളവനെപ്പോലെ കാണപ്പെട്ടു. ക്ഷീണിതനെപ്പോലെ കണ്ണടച്ചു കിടന്നിരുന്ന തിരുമേനി വിശുദ്ധ കുർബ്ബാന വായിലേക്ക് വച്ചപ്പോൾ വായ് അൽപ്പം കൂടി തുറക്കുകയും നാവ് അൽപ്പം നീട്ടിപ്പിടിക്കുകയും ചെയ്തു. വീഞ്ഞ് നാവിൽ നുണഞ്ഞ് ഇറക്കി. "അമർത്യതയുടെ ആ ദിവ്യഔഷധം" തിരുമേനിയുടെ രോഗശമനത്തിന് കാരണമായി മാറുകയും ചെയ്തു.

ആ സമയം അഭിവന്ദ്യ തിരുമേനിമാർ കോപ്ടിക് പള്ളിയിൽ വന്ന ജനസമൂഹത്തോടു ചേർന്ന് ഒരു ചെറിയ മീറ്റിംഗ് നടത്തി അവരെ പ. ബാവാ തിരുമേനി നിയോഗിച്ച് ന്യൂകാസിലിലേക്ക് അയച്ചതിനെക്കുറിച്ചും ഈ വിഷമഘട്ടത്തിൽ ജനങ്ങൾ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. ആശുപത്രിയിൽ വി. കുർബ്ബാന കൊടുത്തപ്പോൾ മക്കാറിയോസ് തിരുമേനിക്കുണ്ടായ ഉൾബോധത്തെക്കുറിച്ചും തിരുമേനിയുടെ ആരോഗ്യനിലയെക്കുറിച്ചും റമ്പാച്ചൻ അറിയിക്കയുണ്ടായി. തുടർന്നു നടന്ന മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ജനമെല്ലാം പങ്കെടുത്തു.

ഇന്ന് ഷിക്കാഗോയിൽ നിന്നെത്തിയ ദാനിയേൽ ജോർജ്ജച്ചൻ, യേശു

ദാസ് കോർഎപ്പിസ്ക്കോപ്പാ, ശെമ്മാശന്മാർ, സിസ്റ്റർ ദീനാ എന്നിവരുടെ സാന്നിദ്ധ്യം ന്യൂകാസിൽ ഇടവകയ്ക്കു നൽകിയ ആശ്വാസവും പ്രചോദനവും വളരെയായിരുന്നു.

ജനുവരി 12 ശനി

തിരുമേനിയുടെ ആരോഗ്യനിലയിൽ ഇന്നും വലിയ മാറ്റമൊന്നുമില്ലാതെ കടന്നുപോയി എന്നു പറഞ്ഞു മെഡിക്കൽ ബുള്ളറ്റിൻ പുറത്തു വന്നു. "Evereything remains the same, no change over night, continuing the same dose of support drugs, oxygen etc."

ഇന്നു മാർ തെയോഫിലോസ് ലണ്ടനിലേക്കും മനോജ് ന്യൂയോർക്കിലേക്കും മടങ്ങിപ്പോയപ്പോൾ പുതിയ ഗ്രൂപ്പുകൾ, തിരുമേനിയെ സന്ദർശിക്കാൻ എത്തി.

തിരുമേനിയുടെ കസിൻ കുറ്റിക്കണ്ടത്തിൽ തിരുത്തിപ്പള്ളിൽ ചാക്കോയും (കുഞ്ഞൂഞ്ഞുകുട്ടി) മകൾ ശാന്തിയും ന്യൂകാസിലിൽ എത്തുകയും മൂന്നു ദിവസം തിരുമേനിയുടെ ശുശ്രൂഷകളിൽ മുഴുകുകയും ചെയ്തു. ശാന്തി തിരുമേനിയുടെ രോഗക്കിടക്കയ്ക്കരികിലിരുന്ന് തിരുമേനിയുമായി സംസാരിക്കുമായിരുന്നു. സ്നേഹമുള്ളവർ രോഗിയുടെ അരികിലിരുന്നു സംസാരിക്കുന്നത് രോഗിക്കു ആശ്വാസം പകരുന്നതാണെന്നും, സുബോധത്തിലല്ലെങ്കിൽപോലും അബോധമനസ്സ് അത് ഉൾക്കൊള്ളുമെന്നും ഡോക്ടറന്മാർ ശാന്തിയോടു പറഞ്ഞിരുന്നു.

ഇന്ന് അയർലണ്ടിലെ ബൽഫസ്റ്റിൽ നിന്നും പൂവത്തൂർ ജയിംസും ഏതാനും യുവാക്കളും ആശുപത്രിയിൽ എത്തി. മക്കാറിയോസിന്റെ ബൽഫാസ്റ്റു സന്ദർശനം അവരുടെ മനസ്സിൽ നിന്നും മായാറായിരുന്നില്ല. തിരുമേനിയുടെ ചേതനയറ്റ ശരീരത്തിനു മുമ്പിൽ ജയിംസ് വിതുമ്പി വിതുമ്പി കരഞ്ഞു. രണ്ടാഴ്ച മുമ്പ് തിരുമേനിയുമായി ബൽഫസ്റ്റിലെ പല സ്ഥലങ്ങളിൽ പരിപാടികൾക്കു പോയതും തന്റെ വീട്ടിൽ അതിഥിയായി വന്നതും തന്റെ മകൻ സഭാസേവനത്തിന് താൽപര്യമുള്ളവനാണെന്നറിഞ്ഞ് അവന് ടൊറന്റോയിൽ വച്ചു നടത്തുന്ന അടുത്ത ഫാമിലിമീറ്റിൽ വച്ച് മറ്റു ചിലരോടൊപ്പം പട്ടം കൊടുക്കാമെന്ന് പറഞ്ഞതും ഒക്കെ പെറുക്കി പെറുക്കി പറഞ്ഞാണ് ജയിസൺ തേങ്ങിക്കരഞ്ഞത്.

ജനുവരി 13 ഞായർ

ആശുപത്രിയിൽ തിരുമേനിയെ കാണുന്നതിന് ഇംഗ്ലണ്ടിൽ നിന്നും അയർലണ്ടിൽ നിന്നും മാത്രമല്ല അമേരിക്കയിൽ നിന്നുമുള്ള ജനങ്ങളുടെ ബാഹുല്യം വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ ഡോ. മോഹൻ ജോർജ്ജ് ഐക്കോണിലൂടെ ഒരു അപേക്ഷ വീണ്ടും വച്ചു.

"Dr. Georgekuttys statement in ICON is the most comprehensive, complete, and truthful account of what is happening in New Castle. Please look at the update at the Brokley Church's website and pray for the recovery of Thirumeni in your own churches. It is more hindrance of people making visits to New Castle. Visits also can distract the focus of attention ie Thirumeni's recovery. We have enough manpower and leadership available on site as it is. Please pray to give us strength to carry on with the good work. That is all we at New Castle require from all of you."

അമേരിക്കയിൽ ന്യൂജേഴ്സി പള്ളിയിലെ ഈ വർഷത്തെ പെരുന്നാളിന് പ്രധാന കാർമ്മികനായി എത്താമെന്ന് മക്കാറിയോസ് സമ്മതിച്ചിരുന്നു. പക്ഷേ ആകസ്മികമായി ഉണ്ടായ അപകടം ആ പള്ളിയെ ആകെപ്പാടെ തളർത്തിക്കളഞ്ഞു. അത് അനുസ്മരിച്ചുകൊണ്ട് ബർഗ്ഗൻ ഫീൽഡ് സെന്റ് സ്റ്റീഫൻസ് പള്ളിയിലെ (ന്യൂജേഴ്സി) എബി തര്യൻ ഇപ്രകാരമെഴുതി:

"We members of St. Stephen's Orthodox Church, Burgenfield, New Jersey, USA had special prayers for our dear and respected Makarios Thirumeni today during our Perunal celebrations. Thirumeni used to conduct our Perunal celebrations for several years. We all missed him today. H. G. Mar Barnabas conducted H. Qurbana today and spoke about the need for continuous prayers for Makarios Thirumeni, the hospital staff and the bishops, priests and church member coordinating the day to day activities."

Getwell cards കുമിഞ്ഞു കൂടുന്നു

തിരുമേനിയുടെ അതിവേഗ സുഖപ്രാപ്തിക്കായി അയച്ച ആശംസാകാർഡുകൾ മേശമേൽ കുന്നുകൂടി. തിരുമേനിക്ക് അവയൊന്നും കാണാൻ കഴിഞ്ഞില്ല. ആ ആശംസകളിൽ അധികവും താൻ പ്രിയപ്പെട്ടിരുന്ന യുവജനങ്ങളുടെയും കുട്ടികളുടേതുമായിരുന്നു. കുമിഞ്ഞുകൂടിയ ആശംസകൾ കുട്ടികളിൽനിന്നും വന്നിട്ടുണ്ടെന്ന് തിരുമേനിയെ അറിയിച്ചപ്പോൾ വായ് അൽപ്പം പൊളിച്ച് ശ്വസിച്ചുകൊണ്ടിരുന്ന തിരുമേനി വായ് അടച്ചുപിടിച്ച് ആ വാർത്ത ശ്രദ്ധിക്കുന്നതുപോലെ കിടന്നു. അതിനു ശേഷം ദീർഘശ്വാസത്തോടുകൂടി ഏങ്ങലടിച്ചു കരഞ്ഞു. തിരുമേനിക്കു ഉൾബോധം തിരിച്ചുകിട്ടിയതിന്റെ പ്രത്യക്ഷലക്ഷണമായിരുന്നു ആ കരച്ചിൽ.

തുടർന്ന് തിരുമേനിയുടെ ഇന്നത്തെ നിലയിൽ കാര്യമായ പുരോഗതി കണ്ടു തുടങ്ങി. മുഖത്തുണ്ടായിരുന്ന നീരു വളരെ കുറഞ്ഞു. കഴിഞ്ഞ ദിവസങ്ങളേക്കാൾ കൂടുതലായി മരുന്നുകളുടെ സ്വീകാര്യതയും തൽഫലമായി ഉണ്ടായ ശാരീരിക സൗഖ്യവും പ്രകടമായി തുടങ്ങി. ഈ വിവരം

റമ്പാച്ചൻ അയിരൂരിലെ വീട്ടിലേക്കു വിളിച്ചു പറഞ്ഞപ്പോൾ മാത്യൂസ് കോർഎപ്പിസ്ക്കോപ്പാ ആഹ്ലാദഭരിതനായി. സഹോദരിമാരെയും വിവരം അറിയിച്ചു. അവർ ഒത്തൊരുമിച്ച് വീട്ടിലെ ചാപ്പലിൽ ഒത്തുകൂടി സ്തോത്ര പ്രാർത്ഥന നടത്തുകയും തിരുമേനിയെ ദൈവതിരുവിഷ്ടത്തിന് സമർപ്പിക്കയും ചെയ്തു.

ഇന്ന് മാർ ക്ലിമ്മിസ് മെത്രാപ്പോലീത്താ ന്യൂകാസിലിൽ വിശുദ്ധ കുർബ്ബാന അർപ്പിച്ചു.

മാർ നിക്കളാവോസ് ന്യൂകാസിലിൽ

ഇന്ന് അമേരിക്കൻ ഭദ്രാസനത്തിന്റെ സഹായമെത്രാപ്പോലീത്താ മാർ നിക്കളാവോസ് ഹോസ്പിറ്റലിൽ എത്തി മക്കാറിയോസ് തിരുമേനിയെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ചികിത്സാ വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. മാർ ക്ലിമ്മിസുമായി ചർച്ചകൾ നടത്തി. ബർണബാസ് തിരുമേനിക്കും വന്നു കാണണമെന്നാഗ്രഹമുണ്ടായിരുന്നെന്നും അനാരോഗ്യം നിമിത്തം നിരുത്സാഹപ്പെടുത്തിയെന്നും നിക്കളാവോസ് പറഞ്ഞു.

ജനുവരി 15 ചൊവ്വാ

ഇന്നും തിരുമേനിയുടെ നിലയിൽ വലിയ വ്യത്യാസമൊന്നും ഉണ്ടായില്ല. “steady but critical” എന്ന സന്ദേശം മാത്രമാണ് ITU വിൽ നിന്നും ലഭിച്ചത്. ലാസ്സറസ് റമ്പാച്ചൻ മടക്കയാത്രയുടെ ടിക്കറ്റു നീട്ടി എടുത്ത് യാത്ര ഫെബ്രുവരിയിലേക്കു മാറ്റിവച്ചു.

ഇന്ന് ഫാദർ ഫിലിപ്പോസ് ഫിലിപ്പ് നാട്ടിൽ നിന്നുള്ള മടക്കയാത്രയിൽ ഇംഗ്ലണ്ടിൽ ഇറങ്ങി ന്യൂകാസിലിലേക്ക് വന്ന് തിരുമേനിയെ സന്ദർശിച്ചു.

ജനുവരി 16 ബുധൻ

ഇന്ന് മൂന്നുനോമ്പിന്റെ മൂന്നാം ദിവസമായിരുന്നതിനാൽ ഉച്ചനമസ്കാരത്തോടു ചേർന്ന് സന്ദർലാൻഡ് ആംഗ്ലിക്കൻ പള്ളിയിൽ ലാസ്സറസ് റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ഫാ. ഏബ്രഹാം തോമസ്, ഫാ. ഹാപ്പി ജേക്കബ് എന്നിവർ സഹകാർമ്മികരായി. കുർബ്ബാനയെ തുടർന്ന് മക്കാറിയോസ് തിരുമേനിക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

വി. കുർബ്ബാനയ്ക്കുശേഷം ഡോ. മോഹൻ ജോർജ്ജിന്റെ ഭവനത്തിൽ പള്ളിക്കമ്മിറ്റി കൂടി, മക്കാറിയോസ് തിരുമേനിയുടെ നില ആശങ്കാകുലമായി നീണ്ടുപോകുന്നത് വിലയിരുത്തി മേൽകാര്യങ്ങളെക്കുറിച്ച് ആലോചിച്ചു.

ജനുവരി 17 വ്യാഴം

സന്ദർശകരായി വന്ന രണ്ടു മെത്രാപ്പോലീത്തന്മാരും അച്ചന്മാരും എല്ലാം തിരിച്ചുപോയി. സന്ദർശകബാഹുല്യം കുറഞ്ഞതിനാൽ റമ്പാച്ചൻ തിരുമേനിയുടെ രോഗക്കിടക്കയ്ക്കരികിൽ നിന്നു മാറാതെ നിന്നിരുന്നു.

തിരുമേനിക്കു നൽകിക്കൊണ്ടിരുന്ന മരുന്നിന്റെ അളവ് പരീക്ഷണാർത്ഥം കുറച്ചു നോക്കി. എന്നിട്ടും തിരുമേനി മയക്കത്തിൽ നിന്ന് ഉണരുന്ന മട്ടു കണ്ടില്ല. പരീക്ഷണാർത്ഥം ഇന്ന് വെന്റിലേറ്ററും ഏതാനും സമയത്തേക്കു നിർത്തിനോക്കി. ആ സമയം തിരുമേനി വായ് തുറന്ന് ശക്തിയോടെ ശ്വാസം എടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെ ഇന്ന് പരീക്ഷണാർത്ഥം ഡയാലസിസും നിർത്തി നോക്കി. യന്ത്രങ്ങളുടെ പ്രവർത്തന സഹായമില്ലാതെ എന്തുമാത്രം സ്വയം പ്രവർത്തിക്കാൻ കഴിയുമെന്നുള്ള പരീക്ഷണമാണ് ഇന്ന് ഡോക്ടർമാർ ചെയ്തു നോക്കിയത്. കൈയുടെ മുകളിലുള്ള നീര് ഒട്ടും കുറഞ്ഞുമില്ല.

ഇന്ന് ഹീത്രോ എയർപോർട്ടിൽ ജോലിചെയ്തിരുന്ന ബറ്റിയും മാൻചെസ്റ്ററിൽ നിന്നും വന്ന ഏതാനും പേരും മാത്രമേ സന്ദർശകരായി ഉണ്ടായിരുന്നുള്ളു.

ജനുവരി 18 വെള്ളി

ഇന്നലത്തെപ്പോലെ തന്നെ തിരുമേനിയുടെ അവയവങ്ങളുടെ പ്രവർത്തനക്ഷമത അളക്കാൻ യന്ത്രങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവച്ചു നോക്കി. പൊതുവിൽ ഇന്നലത്തെക്കാൾ മെച്ചപ്പെട്ട രീതി പുറമെ കാണിച്ചെങ്കിലും ഏറെനേരം യന്ത്രങ്ങൾ നിർത്തിവെയ്ക്കാൻ കഴിഞ്ഞില്ല.

ഞായറാഴ്ച ലണ്ടനിൽ കുർബ്ബാന ചൊല്ലുവാൻ ഏബ്രഹാം തോമസച്ചൻ റമ്പാച്ചനെ ക്ഷണിച്ചെങ്കിലും തിരുമേനിമാരും അച്ചന്മാരും ആരും ആശുപത്രിയിൽ ഇല്ലാത്ത നിലയിൽ മൂന്ന് മണിക്കൂർ സമയം യാത്ര ചെയ്യേണ്ട ദൂരമുള്ള ലണ്ടനിലേക്കു പോകുന്നതിന് റമ്പാച്ചൻ തയ്യാറായില്ല. ക്ഷണം വിനയപൂർവ്വം നിരസിച്ചു.

ജനുവരി 19 ശനി

ഇന്ന് ഹൾ (Hull) എന്ന സ്ഥലത്തു നിന്നു അയിരൂർക്കാരൻ രാജൻ ഫിലിപ്പും കുടുംബവും എത്തി തിരുമേനിയെ സന്ദർശിച്ചു.

ഇന്ന് ലിവർപൂളിൽ നിന്നു തുമ്പമൺകാരൻ ഡോ. അബുവും കോട്ടയം താഴത്തങ്ങാടി കൊച്ചേട്ട് ഡോ. നെബുവും തിരുമേനിയെ സന്ദർശിച്ചു. അവരുടെ നിർബന്ധപ്രകാരം റമ്പാച്ചൻ അവരോടൊപ്പം ഡർഹാം കത്തീ

ഡ്രലിൽ പോയി. ഡർഹാം കത്തീഡ്രൽ ഒരു കുന്നിൻനെറുകയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ വിശുദ്ധനായ Cutlabeat ന്റെ മദ്ധ്യസ്ഥത യിൽ മക്കാറിയോസ് തിരുമേനിക്കു വേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നട ത്താനാണ് അവർ റമ്പാച്ചനെ കത്തീഡ്രലിലേക്ക് കൊണ്ടുപോയത്.

റമ്പാച്ചൻ കത്തീഡ്രലിൽ പോയ അവസരത്തിൽ ന്യൂകാസിലിലെ പാത്രിയർക്കീസ് വിഭാഗം പള്ളിവികാരി ബഹു. എൽദോ കവുങ്ങുംപള്ളി അച്ചനും ഇടവകക്കാരും ആശുപത്രിയിൽ എത്തി തിരുമേനിയെ സന്ദർശി ക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഈ ഫാദർ എൽദോസ്, അവരുടെ യൂറോപ്പിലെ മെത്രാപ്പോലീത്താ യുമായി അഭിപ്രായ വ്യത്യാസത്തിലാവുകയും ആ സഭ വിട്ടു പോകു കയും ചെയ്തതായി പിന്നീട് വാർത്തകൾ കണ്ടു.

ഈ സമയം റമ്പാച്ചൻ താമസിച്ചിരുന്ന ജോൺ സാമുവേലിന്റെ കുടുംബം നാട്ടിൽനിന്നും തിരിച്ചെത്തിയതിനാൽ റമ്പാച്ചനു അവിടെ നിന്നു താമസം മാറ്റേണ്ടി വന്നു. ആ അവസരം മാർത്തോമ്മാ സഭ യിൽപെട്ട ഒരു സഹോദരി റിനി 2 വാറൻഫോർഡിലുള്ള തന്റെ വീട് റമ്പാച്ചന് നൽകാമെന്ന് അറിയിച്ചു. എങ്കിലും ആശുപത്രിയോടു അടുത്തു താമസിച്ചിരുന്ന ക്നാനായക്കാരായ സാം, ലൂക്കോസ് എന്നീ സഹോദര ന്മാർ അവരുടെ ഒരു മുറി റമ്പാച്ചനുവേണ്ടി ഒഴിഞ്ഞുകൊടുത്തു. എപ്പോ ഴെങ്കിലും ഉറങ്ങാൻ അവസരം കിട്ടുമ്പോൾ റമ്പാച്ചൻ ആ മുറിയിൽ പോവുകയും ഭക്ഷണം ഹോട്ടലുകളിൽ നിന്നു കഴിക്കുകയും ചെയ്തു. അങ്ങനെ വിശ്രമരഹിതമായ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടി.

ഇന്ന് ബോംബെയിൽ നിന്നും കൊച്ചുമോൻ, ഈപ്പൻ വാളക്കുഴി എന്നി വർ ഫോണിൽ റമ്പാച്ചനുമായി ബന്ധപ്പെട്ട് തിരുമേനിയുടെ രോഗവി വരം അന്വേഷിച്ചു. ഇന്നുതന്നെ ഹാമിൽട്ടണിൽ നിന്നു കുഞ്ഞുമോൾ കുറ്റിക്കണ്ടം, കുഞ്ഞുമോൻ കുരുടാമണ്ണിൽ, ഡോ. നിഷി എന്നിവർ ഫോണിൽ ബന്ധപ്പെട്ടു തിരുമേനിയുടെ രോഗവിവരം അന്വേഷിച്ചു. റമ്പാ ച്ചൻ വികാരിയായിരിക്കുന്ന ടൊറന്റോ ഇന്ത്യൻ ഓർത്തഡോക്സ് ഇട വക ആരംഭിച്ച അഖണ്ഡ പ്രാർത്ഥന വീടുതോറും മുടക്കം കൂടാതെ നടത്തിക്കൊണ്ടിരിക്കുന്നു എന്നും അവർ അറിയിച്ചു. ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ അനേകരും കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു വന്നു.

ജനുവരി 20 ഞായർ

ഇന്നത്തെ മെഡിക്കൽ ബുള്ളറ്റിൻ പ്രതീക്ഷ തരുന്നതായിരുന്നു. “Thirumeni is slow and steady, though in any measurable way when same as yesterday. There is gradual improvement and our prayers are being

awarded." നമ്മുടെ കണ്ണീർ പ്രാർത്ഥനകളുടെ ഫലം കുറേശ്ശെയായി കണ്ടുതുടങ്ങി. ആരോഗ്യനില മെച്ചപ്പെട്ടു വരുന്നു എന്ന സന്ദേശം ലോകമെമ്പാടുമുള്ള വിശ്വാസികളെ ആനന്ദതുന്ദിലരാക്കി.

സ്വപുത്രന്റെ വിവാഹം പ്രമാണിച്ച് നാട്ടിൽ പോയിരുന്ന ലീഡ്സിലെ ഡോ. എം. എസ്. അലക്സാണ്ടറും കുടുംബവും ഇന്ന് തിരിച്ചെത്തി ഡോ. മോഹൻ ജോർജ്ജിനോടൊപ്പം ആശുപത്രിയിലെത്തി. ഡോ. അലക്സാണ്ടറുടെ മകൻ വിവാഹം കഴിഞ്ഞ് കല്യാണപ്പന്തലിലേക്കു പ്രവേശിക്കുമ്പോഴാണ് തിരുമേനിയുടെ കാറപകടവിവരം അറിഞ്ഞത്. മുമ്പൊരിക്കൽ ആ മകൻ ഹാമിൽട്ടണിൽ വച്ചുണ്ടായ ഒരു കാറപകടത്തിൽപെട്ട് അത്യാസന്ന നിലയിൽ കിടന്നപ്പോൾ മക്കാറിയോസ് തിരുമേനി ഹാമിൽട്ടണിൽ എത്തി പ്രാർത്ഥിച്ചതും, തിരുമേനിയുടെ പ്രാർത്ഥനാഫലമായി അത്ഭുതകരമായി സുഖപ്പെടുകയും ചെയ്തത് ആ കുടുംബത്തിന്റെ ഓർമ്മകളിൽ എന്നും തങ്ങിനിൽക്കുന്നുണ്ട്. ആ മകന്റെ വിവാഹത്തിനാണ് ആ കുടുംബം നാട്ടിൽ പോയിരുന്നത്.

ഇവരെ കൂടാതെ ലിവർപൂളിൽ നിന്നും 4 വിശ്വാസികൾ ഇന്ന് തിരുമേനിയെ സന്ദർശിച്ചു പ്രാർത്ഥിച്ചു.

ഇന്ന് റമ്പാച്ചൻ വളരെ ക്ഷീണിതനായി കാണപ്പെട്ടു. തിരുമേനിമാരും അച്ചന്മാരും എല്ലാം പോയിക്കഴിഞ്ഞപ്പോൾ ഉത്തരവാദിത്വം മുഴുവൻ റമ്പാച്ചന്റെ ചുമലിലേക്കു വന്നു. പാതിരാത്രി വരെ തിരുമേനിയുടെ അടുക്കൽ നിന്നു റമ്പാച്ചൻ മാറിയിരുന്നില്ല. പലപ്പോഴും ഭക്ഷണം കഴിക്കാൻ ഹോട്ടൽ വരെ പോലും റമ്പാച്ചന് പോകാൻ കഴിയാതെ വന്നു. ഊണും ഉറക്കവും കുറഞ്ഞതോടെ അലച്ചിലും അല്ലലും മൂലം റമ്പാച്ചന് സുഖമില്ലാത്ത അവസ്ഥയിലായി. നിത്യേന ആശുപത്രി സന്ദർശിച്ചിരുന്ന സണ്ണിയും പൊന്നമ്മയും റമ്പാച്ചനെ നിർബന്ധിച്ച് അവരുടെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി കുറെനേരം ഉറങ്ങി വിശ്രമിക്കാൻ അവസരം നൽകി. നല്ലപോലെ ഒരു ഉറക്കം കഴിഞ്ഞിട്ട് റമ്പാച്ചനെ സണ്ണി തിരികെ ഹോസ്പിറ്റലിൽ എത്തിച്ചു.

ജനുവരി 21 തിങ്കൾ

ഡോക്ടറന്മാരുടെ നിഗമനങ്ങൾക്കപ്പുറമായി ഇന്നു തിരുമേനിയിൽ കണ്ട മെച്ചമായ നില അവർക്ക് പ്രത്യാശ നൽകി. ഇന്ന് വെന്റിലേറ്റർ ഇല്ലാതെ തന്നെ പ്രതീക്ഷിച്ചതിൽ കൂടുതൽ സമയം തിരുമേനി സ്വയം ശ്വസിച്ചു. എങ്കിലും ആമാശയത്തിലും മറ്റുമുണ്ടായ മുറിവുകളിൽ വലിയ വ്യത്യാസമൊന്നും വന്നില്ല. ഇന്നു രാവിലത്തെ മെഡിക്കൽ ബുള്ളറ്റിൻ പറയുന്നു:

“H. G. was doing a little trial without ventilator today in the day time and was very satisfactory. It may take a few more days to completely come, off the ventilator. Though sedation given is also new very much less compared to the initial days, still not awake enough to interact. The renal functions has not shown any recovery, but we have to wait patiently for that also. Please continue to pray for a smooth full recovery.”

ഇന്ന് പകൽ തിരുമേനിയുടെ ശ്വാസകോശങ്ങൾ സ്വയം പ്രവർത്തിച്ചു തുടങ്ങുകയും ഡോക്ടറന്മാർ മരുന്നുകൾ കുറേശ്ശെ കുറച്ച് മയക്കത്തിൽ നിന്ന് ഉണരുന്നതിനുള്ള പരീക്ഷണങ്ങൾ തുടരുകയും ചെയ്തു. ഇന്നു വൈകിട്ടു പുറപ്പെടുവിച്ച മെഡിക്കൽ ബുള്ളറ്റിനിലും ആശാവഹമായ പുരോഗതി രേഖപ്പെടുത്തി കാണുന്നു.

“Thirumeni is almost same as yesterday. Needing a small dose of TONOTROPS (Cardio vascular support). Otherwise everything continues as before and is remaining stable.”

ഇന്ന് നെതർലാൻഡിൽ നിന്നു വന്ന ഫാദർ എം. ഡി. വറുഗീസ് കോന്നിയൂർ, ഫാ. ഏബ്രഹാം തോമസ്, ഫാ. ഹാപ്പി ജേക്കബ് ഇവരോടൊപ്പം തിരുമേനിയെ ആശുപത്രിയിൽ സന്ദർശിച്ചു.

അദ്ധ്യായം 40

കൂടുതൽ പവിത്രീകരണം

ഒരിക്കൽ ബുദ്ധൻ ശിഷ്യന്മാരോടു ചോദിച്ചു: "മനുഷ്യന്റെ ആയുസ്സ് എത്ര?" 80 വർഷം – തെറ്റ്, 70 വർഷം – തെറ്റ്, 60 വർഷം – തെറ്റ്.

"എന്നാലെത്രയാണ് മനുഷ്യായുസ്സ്?" ശിഷ്യന്മാർ തിരിച്ചു ചോദിച്ചു.

മൂക്കിനു നേരേ വിരൽ ചൂണ്ടിക്കൊണ്ട് ബുദ്ധൻ പറഞ്ഞു.

"ശ്വസനത്തിലാണ് ജീവിതമെല്ലാം കിടക്കുന്നത്."

"ശ്വസനാഭ്യാസങ്ങൾ ശീലമാക്കിയാൽ പൊരിവെയിലത്ത് തണുത്ത വെള്ളം കുടിക്കുന്നതുപോലെയുള്ള സുഖം അനുഭവപ്പെടും. ഇപ്പോൾ ജീവിക്കുക. കഴിഞ്ഞതിലും വരാനുള്ളതിലും മനസ്സിനെ കെട്ടിയിടരുത്, ഇപ്പോൾ ജീവിക്കുക." ബുദ്ധൻ ഉപദേശം അവസാനിപ്പിച്ചു.

കൊച്ചുപറമ്പിൽ ഗീവറുഗീസ് റമ്പാൻ ഒരു ലേഖനത്തിൽ എഴുതിയത് ഓർമ്മയിൽ വരുന്നു. "നമ്മുടെ ജീവിതം ജനിമൃതികൾക്കിടയിലെ കാലയളവാണ്. ശ്വാസം എടുത്ത് കരഞ്ഞുകൊണ്ട് ഭൂമിയിലേക്കു വരുന്ന ജീവൻ ശ്വാസം പുറത്തേക്ക് വിട്ട് കരയിച്ചുകൊണ്ട് കടന്നുപോകുന്നു. ഇതിനിടയിലെ ദൂരമാണ് നമ്മുടെ ജീവിതകാലം. നാം ആ കാലഘട്ടം എങ്ങനെ വിനിയോഗിക്കുന്നു, എങ്ങനെ ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് എല്ലാം. ഹൃദയപരമാർത്ഥതയോടും ഒരുക്കത്തോടും കൂടി നമ്മൾ മുന്നേറുകയാണെങ്കിൽ വിജയവേദിയിലെത്താൻ നമുക്ക് ക്ലേശിക്കേണ്ടി വരില്ല."

കൂടാതെ ഈ സുന്ദരമായ ജീവിതത്തെ കൂടുതൽ ശ്രേഷ്ഠമാക്കുവാൻ വേണ്ടിയാണ് മരണമെന്ന പരിവർത്തനത്തെ സമന്വയിപ്പിച്ചിരിക്കുന്നത്. മരണത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചുമുള്ള അറിവ് നമ്മുടെ ജീവിതത്തിന്റെ നിലവാരം മെച്ചപ്പെടുത്തും. നമ്മൾ യാചകരോ അടിമകളോ അല്ല, മറിച്ച്, കിരീടാവകാശികളായ രാജകുമാരന്മാരും രാജകുമാരികളുമാണ്. പാറിപ്പറന്ന് ചിറകു കൊഴിയുമ്പോൾ നമുക്കായി ആശ്വാസത്തിന്റെ ഒരു കൂട് ഉണ്ടാവണം. അഭയമായി, ആശ്വാസമായി സ്നേഹത്തിന്റെ ഒരിടം നമുക്കായി സഭ ഒരുക്കിയിട്ടുണ്ട്.

മക്കാറിയോസ് തിരുമേനിയുടെ രോഗക്കിടക്ക ഈ ജനിമൃതികൾക്കപ്പുറം മലനിരകളെക്കാൾ അതിപുരാതനവും പുതുപൂക്കളേക്കാൾ നൂതനവുമായി സഭാമക്കളുടെ സ്നേഹം കൊണ്ട് നിറഞ്ഞിരുന്നു.

അപ്പഴപ്പോൾ നാട്ടിൽ സഭാസംബന്ധമായി സംഭവിക്കുന്ന കാര്യങ്ങളുടെ രത്നച്ചുരുക്കം റമ്പാച്ചൻ തിരുമേനിയുടെ കാതിൽ എത്തിച്ചുകൊണ്ടിരുന്നു. ജനുവരി 26-നു തൃക്കുന്നത്തു സെമിനാരിപ്പള്ളിയിൽ സംഘർഷം കൂടാതെ പെരുനാൾ കൊണ്ടാടുവാൻ എറണാകുളം കളക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഒത്തുതീർപ്പു സംഭാഷണങ്ങൾ പരാജയപ്പെട്ടതും, കുന്നംകുളം പഴയപള്ളിയിൽ പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ മസ്നപ്സാ തുടങ്ങിയ പരിശിഷ്ടങ്ങൾ കണ്ടെടുത്തത് ആഘോഷപൂർവ്വം വീണ്ടും പഴയപള്ളിയിൽ തന്നെ പുനപ്രതിഷ്ഠ നടത്തിയതും തിരുമേനിയോടു പറഞ്ഞു.

ജനുവരി 23 ബുധൻ. ഇന്ന് അതികാലത്തെ മെഡിക്കൽ ബുള്ളറ്റിനിൽ ഇപ്രകാരം കണ്ടു: "Thirumeni is much better without sedation and ventilator. The scanning done today to brain etc. It was all perfect. Gradually improving."

ഇന്ന് അമേരിക്കയിലെ ഫിലാഡൽഫിയായിൽ നിന്നു ഫാ. ജോൺ സൺ കോർഎപ്പിസ്ക്കോപ്പാ, രാജു വറുഗീസ് എന്നിവർ ആശുപത്രിയിൽ എത്തി. അവരെ സണ്ണി വന്ന് വീട്ടിലേക്കു ക്ഷണിച്ച് ഡിന്നർ കൊടുത്തശേഷം 'മാരിയട്ട്' ഹോട്ടലിൽ കൊണ്ടുപോയി വിട്ടു.

ഇന്ന് ടൊറന്റോയിൽ നിന്നും കോശിക്കുഞ്ഞിനെ കൂടാതെ കേരളത്തിൽ നിന്നും മറ്റും ധാരാളം പേർ ഫോണിൽ രോഗവിവരം അന്വേഷിച്ചു. ഫോൺവിളികൾ താരതമ്യേന കുറഞ്ഞിട്ടുണ്ടായിരുന്നെങ്കിലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും വരുന്ന വിളികൾ മക്കാറിയോസ് തിരുമേനി നാനാഭാഗങ്ങളിലുമുള്ള ജനങ്ങളെ എന്തുമാത്രം സ്വാധീനിച്ചിരുന്നെന്നും ജനങ്ങളുടെ സ്നേഹം എത്രയധികം തിരുമേനി നേടിയിരുന്നെന്നും വ്യക്തമാക്കുന്നവയായിരുന്നു.

ജനുവരി 24 വ്യാഴം. തിരുമേനിയുടെ ആരോഗ്യനിലയിൽ കണ്ട നല്ല വ്യതിയാനങ്ങൾ ഡോക്ടറന്മാരിൽ വളരെ പ്രതീക്ഷ വളർത്തി. തിരുമേനി കണ്ണടച്ചു തന്നെ കിടന്നിരുന്നെങ്കിലും തലച്ചോറിന് തകരാറില്ലെന്ന് സ്റ്റാഫ് പറഞ്ഞു. തിരുമേനിയുടെ ഒരു കിഡ്നി പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു. ശ്വാസകോശസ്ഥിതി പൂർണ്ണമായി സുഖപ്പെട്ടിട്ടില്ലെങ്കിലും ഇടയ്ക്കിടെ വെന്റിലേറ്റർ നിർത്തി പരിശോധനകൾ തുടർന്നു. Sedation പൂർണ്ണമായി നിർത്തിയിട്ടും ഗ്രഹണശക്തി വന്നതായി തോന്നിയില്ല. വെന്റിലേറ്ററിൽ നിന്നു മാറ്റി സ്വയം ശ്വാസം എടുക്കുന്ന ഘട്ടമെത്തിയാൽ ITU വിൽ നിന്നു മാറ്റാൻ കഴിഞ്ഞേക്കുമെന്ന് ഡോക്ടറും, ഇങ്ങനെ പുരോഗതി കാണിച്ചാൽ രണ്ടുമൂന്നു ദിവസത്തിനുള്ളിൽ ഓർമ്മ വന്നേക്കുമെന്ന് നേഴ്സും പറഞ്ഞു.

ഓപ്പറേഷനുശേഷം പാതി തുറന്നുകിടന്ന വയർ സർജൻ വന്നു കഴിഞ്ഞാൽ വീണ്ടും ഒരു സർജറിയോടെ തുന്നിച്ചേർക്കുമെന്നും പറഞ്ഞു. പൊതുവിൽ നല്ല ലക്ഷണങ്ങളാണ് കാണിക്കുന്നത്. ഈ വിവരം ഇന്നത്തെ മലയാള മനോരമയിൽ വാർത്ത ആയി വന്നിരുന്നു.

ജോൺസൺ കോർഎപ്പിസ്ക്കോപ്പായും രാജു വറുഗീസും 4 മണിയോടുകൂടി ആശുപത്രിയിൽ എത്തിയിട്ട് 8 മണിക്കു തിരികെപ്പോയി. Kentൽ നിന്നും ബിജിമോൾ ഹോസ്പിറ്റലിലേക്കു വരാൻ ആഗ്രഹിക്കുന്ന കാര്യം ഫോണിൽ അറിയിച്ചു.

തിരുമേനിയുടെ ആരോഗ്യത്തെ സംബന്ധിച്ചിടത്തോളം ജനുവരി മുഴുവൻ നിർണ്ണായകമായ പുരോഗതി കാണിച്ച് ചികിത്സിച്ചുകൊണ്ടിരുന്നവർക്കും ശുശ്രൂഷിച്ചുകൊണ്ടിരുന്നവർക്കും ഒരു പോലെ സന്തോഷവും പ്രത്യാശയും നൽകി.

ഫെബ്രുവരി 1, വെള്ളി. ഇംഗ്ലണ്ടിന്റെ അന്തരീക്ഷം കറുത്തിരുണ്ടു. രാവിലെ പെയ്തു തുടങ്ങിയ മഞ്ഞ് ന്യൂകാസിലിന്റെ ഭൂപ്രദേശം മുഴുവൻ വെള്ളപ്പുതപ്പുകൊണ്ടു മൂടി. ഓക്കുമരങ്ങളും പൈൻമരങ്ങളും മഞ്ഞുമാല തൂക്കി വിഭൂഷിതയായി നിന്നു.

ഇന്ന് റോമിൽ നിന്നെത്തിയ റജി അച്ചൻ ഹാപ്പി അച്ചനെയും കൂട്ടി ആശുപത്രിയിൽ എത്തി തിരുമേനിക്കു വേണ്ടി പ്രാർത്ഥിച്ചു.

ഫെബ്രുവരി 2, ശനി. ഇന്നത്തെ മെഡിക്കൽ ബുള്ളറ്റിൻ പുറപ്പെടുവിച്ചു. "No much change today. Continues on the same management. There is gradual allround. The scans and Xrays taken last week all showed no cause for any concern. We have to pray and wait for full recovery." ഇന്നു ഉച്ചകഴിഞ്ഞ് സണ്ണിയും പൊന്നമ്മയും റമ്പാച്ചനോടൊപ്പം ITU നുള്ളിൽ ഏറെ നേരമിരുന്ന് പ്രാർത്ഥിച്ചു.

ഫെബ്രുവരി 3, ഞായർ. ഇന്ന് കൊത്തിനേ ഞായറാഴ്ചയാണ്. കാനാവിൽ വച്ച് വെള്ളത്തെ രുചികരമായ വീഞ്ഞാക്കിത്തീർത്ത ദൈവത്തിന് തിരുമേനിയേയും റമ്പാച്ചനേയും ഒക്കെ സമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ നടത്തി. രൂപാന്തരപ്പെടുത്തുന്നവനായ സ്രഷ്ടാവിന്, രോഗത്തെ ശാസിച്ച് വ്യക്തിയെ രൂപാന്തരപ്പെടുത്താൻ കഴിയുമല്ലോ.

ഫെബ്രുവരി 4, തിങ്കൾ. 2008-ലെ വലിയനോമ്പ് ഇന്നാരംഭിക്കുകയാണ്. ഈ നോമ്പ് അതിന്റെ വിശുദ്ധിയോടും തീവ്രതയോടും കൂടി മക്കാറിയോസിനുവേണ്ടി ആചരിച്ചുകൊണ്ട് ശരീരത്തേയും ആത്മാവി

നേയും കൂടുതൽ ശുദ്ധീകരിക്കുന്നതിനുള്ള നാളുകളാക്കി തീർക്കുന്നതിന് ഒരു ചെറിയ ഗ്രൂപ്പ് റമ്പാച്ചനോടൊപ്പം ഇന്ന് ദൈവതിരുമുമ്പാകെ പുതുക്കി പ്രതിജ്ഞ എടുത്തു.

തിരുമേനിയുടെ അവസ്ഥ പഴയതുപോലെ തുടർന്നു. മയക്കത്തിൽ നിന്നും ഉണരുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ചെയ്തിട്ടും തിരുമേനി ബോധാവസ്ഥയിൽ തിരിച്ചെത്താത്തതിന്റെ കാരണങ്ങൾ ചികയുകയായിരുന്നു ഡോക്ടറന്മാർ. തിരുമേനി പകുതിതുറന്ന കണ്ണുകളുമായി കിടന്നെങ്കിലും കാഴ്ച ഒട്ടുമുണ്ടായിരുന്നില്ല. ഇന്ന് കൂടുതൽ ക്ഷീണിതനായി കാണപ്പെട്ടു.

ഫെബ്രുവരി 5, ചൊവ്വാ. കാറപകടം ഉണ്ടായിട്ട് ഇന്ന് ഒരു മാസം കഴിഞ്ഞു. ലോകത്തിലെ ഈ വൻകിട ആശുപത്രിയിലെ വിദഗ്ദ്ധമായ ചികിത്സയിൽ ആയിട്ടും ഒരു മാസം കഴിഞ്ഞിരിക്കുന്നു. രോഗസൗഖ്യവും ദൈവത്തിന്റെ ദാനമാണ്. ശാരീരികസൗഖ്യം തിരുമേനിക്കു ലഭിച്ചില്ലെങ്കിലും മനസ്സിന്റെ ശുദ്ധീകരണത്തിനും ആത്മാവിന്റെ പവിത്രീകരണത്തിനും ഈ രോഗാവസ്ഥ തിരുമേനിയെ സഹായിച്ചു. ആത്മീയ വിശുദ്ധി ആ മുഖത്തു ശോഭയായി പുറമെ കാണപ്പെട്ടു തുടങ്ങി. രോഗക്കിടക്ക ഒരു നല്ല ശുദ്ധീകരണസ്ഥലമാണെന്ന് മൗനമായി തിരുമേനി സന്ദർശകരോടു പറഞ്ഞുകൊണ്ടിരുന്നു.

ഇന്നത്തെ പത്രക്കുറിപ്പിൽ ഇങ്ങനെ പറഞ്ഞു.

“The speed of the recovery is slow in a case like this especially when the patient is over 80. Our God is listening our prayers. His Grace continues to keep the life. We should continue our prayers for his full recovery. Fr. Happy (Newcastle) and Fr. Abraham Thomas (London) are available always. Ramban Lazarus, Thirumeni’s brother is always in the New Castle Hospital representing the family. H. G. is not likely to be well enough to talk. He should be relieved and Bava should appoint another bishop until His Grace is able to manage the activities of the diocese.”

ഫെബ്രുവരി 6, ബുധൻ. “His Grace is seriously ill today, and his pulse went down up to 35 in the morning.” തിരുമേനിയുടെ സ്ഥിതി ഇന്നും വളരെ വഷളായതോടുകൂടി റമ്പാച്ചൻ കിടക്കയ്ക്കരികിൽ തന്നെ നിന്നു. തിരുമേനിയുടെ ദഹനേന്ദ്രിയ സിസ്റ്റം പ്രവർത്തിക്കുന്നേ ഇല്ല എന്ന് സ്റ്റാഫിൽ നിന്ന് അറിഞ്ഞു. തിരുമേനി കണ്ണുതുറന്ന് കിടന്നിരുന്നെങ്കിലും ഒന്നും കണ്ടിരുന്നതായി തോന്നുന്നില്ല. തിരുമേനിയുടെ നില വഷളായ വിവരം റമ്പാച്ചൻ കോട്ടയത്തു സഭാകേന്ദ്രത്തിലും വീട്ടിലും ടൊറന്റോയിലും ഒക്കെ വിളിച്ചറിയിച്ചു.

ഫെബ്രുവരി 7, വ്യാഴം. ഡോക്ടറന്മാരുടെ സംയുക്തയോഗം

ഇന്ന് അതികാലത്തുതന്നെ റമ്പാച്ചൻ ITU ൽ കടന്ന് തിരുമേനിയുടെ നിലയെപ്പറ്റി ഡോക്ടറന്മാരുമായി സംസാരിച്ചു. ഡോക്ടറും ITU സ്റ്റാഫും വലിയ പ്രതീക്ഷയില്ലാത്തവിധമാണ് പ്രതികരിച്ചത്.

തിരുമേനി നല്ല മരണത്തിന് ഒരുങ്ങുകയാണെന്നു മനസ്സിലാക്കി റമ്പാച്ചൻ കിടക്കയ്ക്കരികിൽ ചെന്നു മുഖത്തേക്കു സൂക്ഷിച്ചു നോക്കി. തിരുമേനി കണ്ണു തുറന്നു കിടന്നിരുന്നെങ്കിലും റമ്പാച്ചനെ കണ്ട ലക്ഷണമൊന്നും തോന്നിയില്ല. റമ്പാച്ചൻ കുറേനേരം അവിടെയിരുന്നു പ്രാർത്ഥിച്ച ശേഷം പുറത്തേക്കു വന്നു.

ഇന്നു ഡോക്ടറന്മാരുടെ സംഘം ഒരുമിച്ച് തിരുമേനിയെ ചികിത്സിക്കുന്ന ടീമിന്റെ പ്രധാന ഡോക്ടറായ ഡോ. ബാർബറായുടെ ഓഫീസിൽ കൂടുന്നുവെന്നും ചുമതലക്കാരായ ആളുകൾ കൂടെ ആ മീറ്റിംഗിൽ സംബന്ധിക്കണമെന്നും അവർ അറിയിച്ചു.

അതനുസരിച്ച് റമ്പാച്ചൻ, ഫാ. ഹാപ്പി, ഫാ. ഏബ്രഹാം തോമസ്, ഡോ. ഏബ്രഹാം സമുവേൽ, റജി കൊട്ടാരക്കര എന്നിവർ ഡോ. ബാർബറായുടെ ഓഫീസിൽ ചെന്നു. ഡോക്ടറന്മാരുടെ ടീമും എത്തിയിരുന്നു. ആ ടീമിനുവേണ്ടി ഡോ. ബാർബറായാണ് സംസാരിച്ചത്. ഡോ. ബാർബറായുടെ പ്രസ്താവനയുടെ രത്നച്ചുരുക്കം ഇതായിരുന്നു.

"ഇതുപോലെയുള്ള അപകടങ്ങൾക്കു ലോകത്തിലുള്ളതിൽ ഏറ്റം നല്ല ഒരു ഹോസ്പിറ്റലിലാണ് ബിഷപ്പിനെ പ്രവേശിപ്പിച്ചത്. അതുപോലെ ലോകത്തിൽ ലഭ്യമാകാവുന്ന ഏറ്റം നല്ല ചികിത്സയും മരുന്നുകളുമാണ് ഞങ്ങൾ തിരുമേനിക്കു നൽകിയത്. അദ്ദേഹത്തിന്റെ ജീവൻ വളരെ വിലപ്പെട്ടതാണെന്ന് അദ്ദേഹത്തെ സന്ദർശിച്ചവരുടെ ബാഹുല്യംകൊണ്ട് ഞങ്ങൾക്കു മനസ്സിലായി. അതുകൊണ്ട് ഞങ്ങൾ ഇതപര്യന്തം ചെയ്ത ചികിത്സകളെപ്പറ്റി നിങ്ങളും അറിഞ്ഞിരിക്കണം."

അതിനുശേഷം ഇതുവരെ ചെയ്ത കാര്യങ്ങളെല്ലാം ഡോക്ടർ ബാർബറാ വിശദീകരിച്ചു. ഇപ്പോഴത്തെ അവസ്ഥ അവലോകനം ചെയ്ത ശേഷം പറഞ്ഞു, "ഞങ്ങൾ നടത്തിയതും നടത്തുന്നതുമായ ചികിത്സകളും മരുന്നുകളും തിരുമേനിയിൽ വേണ്ടവിധത്തിൽ പ്രതിഫലിക്കുന്നില്ലെന്നും അദ്ദേഹം ജീവിച്ചിരിക്കാനുള്ള സാധ്യത 5 ശതമാനം മാത്രമാണെന്നും, അതുകൊണ്ട് ദൈവത്തിന്റെ തിരുവിഷ്ടത്തിനു നാം കാത്തിരിക്കണം" എന്നും പറഞ്ഞ് ഡോക്ടർ ഉപചോദ്യങ്ങൾക്ക് അവസരം തന്നു. എല്ലാവരുടെയും ഹൃദയം ദുഃഖംകൊണ്ട് നിറഞ്ഞിരുന്നതുകൊണ്ട് ആരും മൗനം ലംഘിച്ചില്ല.

റമ്പാച്ചൻ മാത്രം ഒരു ചോദ്യം ഉന്നയിച്ചു. "ഡോക്ടറന്മാർ നിസ്സഹായാവസ്ഥയാണല്ലോ ഇവിടെ പ്രകടിപ്പിച്ചിരിക്കുന്നത്. ആ നിലയ്ക്കു നിങ്ങളുടെ ആശയ്ക്കു ഉപരിയായി ഒരാശ ഞങ്ങൾക്കും ഇല്ല. എന്നാൽ നിങ്ങളുടെ നിഗമനത്തിൽ എത്രദിവസം അഥവാ എത്രസമയം കൂടി തിരുമേനി ജീവിച്ചിരിക്കാൻ സാധ്യതയുണ്ട്?"

ഡോക്ടർ പറഞ്ഞു, "ഞങ്ങൾ ചികിത്സിച്ചിട്ടുള്ള രോഗികളിൽ ഏറ്റം "വിൽപൗവ്വർ" (Will power) ഉള്ള ഒരാളാണ് ബിഷപ്പ്. അദ്ദേഹം മരണവുമായി ഒരു ഏറ്റുമുട്ടൽ നടത്തുകയാണ്. തിരുമേനിയുടെ മാനസിക ശക്തിക്കു മുന്നിൽ ഞങ്ങളുടെ നിഗമനങ്ങളും മരണവും തോറ്റുനിൽക്കുകയാണ്. ഏറിയാൽ മൂന്നുദിവസംകൂടി ജീവിച്ചിരുന്നേക്കാം. ഇന്നു വ്യാഴം, വെള്ളി, ശനി കഴിഞ്ഞ് അടുത്ത ഞായറാഴ്ച (ഫെബ്രു. 10) തിരുമേനിയുടെ അന്ത്യം സംഭവിക്കാം."

പിന്നെ ആരും ഒന്നും ചോദിച്ചില്ല. എല്ലാവരും വിങ്ങുന്ന ഹൃദയവുമായി ഡോക്ടർ സംഘത്തിനു നന്ദി അർപ്പിച്ചു മുറി വിട്ടു.

ഫെബ്രുവരി 8 വെള്ളി. ഇന്ന് രാവിലെ തിരുമേനിയെ കാണുമ്പോൾ തല അസ്വസ്ഥതയോടുകൂടി അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചുകൊണ്ടിരുന്നു. തല ഒഴികെയുള്ള എല്ലാ ഭാഗങ്ങളും ചലനമറ്റതായി കഴിഞ്ഞു എന്ന് നേഴ്സും പറഞ്ഞു.

അപകടസമയത്ത് കാർ ഡ്രൈവു ചെയ്തിരുന്ന ഡോ. ജോൺ ഇന്നു തിരുമേനിയെ വന്നു കണ്ടു. സുനിൽ, ജോൺ പിറവം, സണ്ണി തുടങ്ങിയവരും തിരുമേനിയെ സന്ദർശിച്ചു. തിരുമേനിയുടെ കുപ്പായം, മസ്നപ്സാ എന്നിവയുമായി ഫാ. ഹാപ്പി വരുമെന്നറിയിച്ചിരുന്നു. ഇന്നും ഡോക്ടറന്മാരുടെ ടീം ഒരുമിച്ചിരുന്ന് തിരുമേനിയുടെ അവസ്ഥയിൽ എന്തെങ്കിലും കൂടുതൽ ചെയ്യാനാവുമോ എന്ന് ചർച്ചകൾ ചെയ്തു. ഇന്ന് എടുത്ത MRI യിൽ പ്രത്യേകമായി ഒന്നുംതന്നെ കണ്ടില്ല. ഇന്ന് തിരുമേനിയുടെ കസിൻ കൊപ്പാറെ കുഞ്ഞുമോടെ ഇംഗ്ലണ്ടിലുള്ള മകനും മകളും വന്നു ഏറെനേരം ഹോസ്പിറ്റലിൽ തിരുമേനിയോടൊപ്പം ഇരിക്കയും തിരുമേനിയുടെ നിലയിൽ ദുഃഖിതരായി മടങ്ങുകയും ചെയ്തു. റമ്പാച്ചൻ എന്നത്തേക്കാൾ കൂടുതൽ സമയം തിരുമേനിയുടെ കിടക്കയ്ക്കു സമീപം ഇരിക്കുകയും തലയിൽ കൈവച്ച് ഏറെനേരം പ്രാർത്ഥിക്കയും ചെയ്തു. തിരുമേനിയുടെ ആശങ്കാജനകമായ നിലയിൽ റമ്പാച്ചൻ അതീവ ദുഃഖിതനായി. കണ്ണുകൾ തുറന്നുകിടക്കുന്ന തിരുമേനി നോക്കുന്നതുപോലെ തോന്നിയെങ്കിലും കാഴ്ച ഉണ്ടായിരുന്നില്ല.

ഫെബ്രുവരി 9, ശനി. അതിരാവിലെ റമ്പാച്ചൻ ITU ൽ കടന്ന് തിരുമേനിയുടെ കിടക്കയ്ക്കരികിൽ പ്രാർത്ഥനാപൂർവ്വം ഇരുന്നു. തിരുമേനി ജീവനുവേണ്ടിയുള്ള കഠിനപോരാട്ടത്തിലാണെന്ന് കാഴ്ചയിൽ തോന്നിയിരുന്നു. പാതി തുറന്ന കണ്ണുകൾ നിറഞ്ഞ് കൂടെക്കൂടെ താഴേക്ക് കണ്ണുനീർ ഒഴുകുന്നതു കാണാമായിരുന്നു. ഇന്ന് ആലുവായിൽ നിന്നു മണ്ണാറപ്രായിൽ കോർഎപ്പിസ്ക്കോപ്പാ വിളിച്ച് തന്റെ ദുഃഖം അറിയിച്ചു. തിരുമേനിയുടെ ഒരു കസിൻ ഫിലാഡൽഫിയായിലുള്ള വരിക്കാനിക്കുഴിയിൽ കുറ്റിക്കണ്ടത്തിൽ പൊന്നച്ചൻ ഇന്നു വന്നു തിരുമേനിയെ ഒരു നോക്ക് കണ്ടശേഷം പൊട്ടിക്കരഞ്ഞുകൊണ്ട് പുറത്തേക്ക് ഓടി. പൊന്നച്ചന്റെ കരച്ചിൽ ശമിപ്പിക്കാൻ റമ്പാച്ചൻ വളരെ പണിപ്പെട്ടു.

ഫെബ്രുവരി 10, ഞായർ. വലിയനോമ്പിൽ കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ദിനമാണ്. 3 ദിവസം മുമ്പ് തിരുമേനിയുടെ അന്ത്യം ഇന്ന് സംഭവിക്കുമെന്നായിരുന്നു ഡോക്ടറന്മാർ പറഞ്ഞിരുന്നത്. അതുകൊണ്ട് റമ്പാച്ചൻ ആശുപത്രിയിൽ നിന്നു ഒട്ടും മാറിനിന്നില്ല. സന്ദർശകരെ കൂട്ടി ഹോസ്പിറ്റൽ ചാപ്പലിൽ കൂടെക്കൂടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തിരുമേനി വളരെ ക്ഷീണിതനായി കാണപ്പെട്ടു. നല്ല ക്ഷീണത്തിൽ ഉറങ്ങുന്നതുപോലെ. വിളിച്ചു നോക്കിയിട്ടും അറിയാതെ കണ്ണുകളടച്ച് വായ് കുറെക്കൂടി അടച്ചു കിടന്നു. സന്ധ്യവരെ ആയിട്ടും തിരുമേനി മരണത്തെ തോൽപ്പിച്ച് ഒരു ദിവസം കൂടി കടന്നുകഴിഞ്ഞു. സന്ദർശകരെല്ലാം തിരുമേനി മരണത്തെ അതിജീവിക്കുന്നതു കണ്ട് അത്ഭുതപ്പെട്ടു.

ഫെബ്രുവരി 11, തിങ്കൾ. ഇന്നു രാവിലെ സണ്ണിയുമൊത്ത് റമ്പാച്ചൻ ITU ൽ എത്തിയപ്പോൾ തിരുമേനിയുടെ വയറ്റിൽ ഇൻഫെക്ഷൻ ഉള്ളതായി നേഴ്സിൽ നിന്ന് അറിഞ്ഞു. സർജൻ സമ്മതിക്കുമെങ്കിൽ ഒരു ഓപ്പറേഷൻ കൂടി നടത്താൻ സാധ്യതയുണ്ടെന്നും അവർ പറഞ്ഞു. ഇന്ന് ട്യൂബു വഴി നൽകിയ ഭക്ഷണം അൽപ്പം സ്വീകരിച്ചതായി പറഞ്ഞു. തിരുമേനിയുടെ രക്തസമ്മർദ്ദം ഇന്ന് ക്രമീകൃതമല്ലാതിരുന്നതിനാൽ ഓപ്പറേഷനു ശക്തി ഉണ്ടാവില്ല എന്ന നിഗമനത്തിൽ ഫ്ളൂയിഡ്സ് എല്ലാം ട്യൂബു വഴി വലിച്ചെടുക്കുകയാണ് ചെയ്തത്.

ഫെബ്രുവരി 12, ചൊവ്വാ. ഇന്നലത്തെ അവസ്ഥ ഇന്നും തുടരുകയായിരുന്നു. ഇന്നു ലണ്ടനിൽ നിന്നു തിരുമേനിയുടെ കസിൻ കുറ്റിക്കണ്ടത്തിൽ താന്നിക്കൽ ബേബി വിളിച്ച് ആരോഗ്യനില അന്വേഷിച്ചു. തിരുമേനിക്ക് ഒരു ഓപ്പറേഷൻ കൂടി നടത്തുവാനുള്ള കെൽപ്പില്ലാത്തതിനാൽ ഉള്ളിലെ പഴുപ്പുകൾ ട്യൂബു വഴി വലിച്ചെടുക്കുവാൻ ഡോക്ടർ നിർദ്ദേശിച്ചു. സന്ധ്യയോടുകൂടി നാട്ടിൽനിന്നു കെ. സി. മാത്യു അച്ചൻ, കളമ്പാല ജോർജ്ജ്കുട്ടി, മത്തായിക്കുട്ടി തുടങ്ങിയവർ വിളിച്ചപ്പോൾ നാളെ

തിരുമേനിക്കു വേണ്ടി ഒരു തൈലാഭിഷേക ശുശ്രൂഷ കൂടി നടത്താൻ തീരുമാനിച്ച വിവരം റമ്പാച്ചൻ അവരെ അറിയിച്ചു.

ഫെബ്രുവരി 13, ബുധൻ. ഇന്നത്തെ തൈലാഭിഷേക കാര്യം പുറത്തു ജനങ്ങളെ അറിയിച്ചിരുന്നില്ല. റമ്പാച്ചനോടൊപ്പം ഫാ. ഹാപ്പി, ഫാ. ഏബ്രഹാം തോമസ്, ഡോ. ഏബ്രഹാം സമുവേൽ എന്നിവർ ITU നുള്ളിൽ പോയി തിരുമേനിക്കുവേണ്ടി രണ്ടാമത്തെ സൗഖ്യദായക ശുശ്രൂഷയും തൈലലേപനവും നടത്തി പ്രാർത്ഥിച്ചു. ശുശ്രൂഷാസമയം തിരുമേനി നന്നായി പ്രതികരിച്ചതായി തോന്നി. പിന്നീടു കണ്ണടച്ചു കിടന്നു.

ഫെബ്രുവരി 14, വ്യാഴം. ഇന്ന് വീണ്ടും ഡയാലസിസ് ആരംഭിച്ചു. തിരുമേനിക്കുവേണ്ടി പുതിയ ആന്റിബയോട്ടിക് മരുന്നുകൾ ഇന്നാരംഭിച്ചു. ഉപയോഗിച്ചിരുന്ന ട്യൂബുകളെല്ലാം മാറ്റി പുതിയ ട്യൂബുകൾ ഘടിപ്പിച്ചു. ഇന്നത്തെ മെഡിക്കൽ ബുള്ളറ്റിൻ പുറപ്പെടുവിച്ചതിൽ ഇപ്രകാരം കണ്ടു. "There is no significant changes. Further C.T. Scan showed a few pockets of small collections in chest and abdomen which is being treated by precutanious as piration. All lines and tubes are changed as precutemary measure against infection."

ഇന്ന് ടൊറന്റോയിൽ നിന്നു ബന്നോയും നാട്ടിൽ നിന്ന് മീട്ടുവും മറ്റും വിളിച്ചിരുന്നു.

ഫെബ്രുവരി 15, വ്യാഴം. തിരുമേനിക്കു പുതിയ ആന്റിബയോട്ടിക് മരുന്നുകൾ നൽകിയിട്ടും ആരോഗ്യത്തിൽ കാര്യമായ മാറ്റം ഒന്നും തന്നെ കണ്ടില്ല. തിരുമേനിയുടെ വഷളായിക്കൊണ്ടിരുന്ന ആരോഗ്യനില അറിഞ്ഞതിനെ തുടർന്ന് വളരെ ക്ഷീണിതനായിത്തീർന്ന കെ. സി. മാത്യൂസച്ചനെ റാന്നി മേനാന്തോട്ടം ആശുപത്രിയിൽ പ്രവേശിപ്പിച്ച വിവരം റമ്പാച്ചനെ അറിയിച്ചു. ഇന്ന് നാട്ടിൽ നിന്നു ധാരാളം ഫോൺകോളുകൾ ലഭിച്ചു. അമ്മുക്കുട്ടി, മനോജ്, മീട്ടു തുടങ്ങിയവർ കൂടെക്കൂടെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു.

ഫെബ്രുവരി 16, വെള്ളി. ഇന്ന് അമേരിക്കയിൽ നിന്നു തിരുമേനിയുടെ സെക്രട്ടറി ഫാ. സിറിൽ ഡോവിസ്, അബിൻ-മിലി കുടുംബം, സുനിൽ, ലീഡ്സിൽ നിന്നു ഡോ. എം. എസ്. അലക്സാണ്ടർ എന്നിവർ തിരുമേനിയെ സന്ദർശിച്ചു.

ഫെബ്രുവരി 17, ഞായർ. ഇന്ന് വലിയനോമ്പിൽ പക്ഷവാത രോഗിയെ സൗഖ്യമാക്കിയതിന്റെ ഓർമ്മ നടത്തുന്ന ഞായറാഴ്ച ആയിരുന്നു. തിരുമേനിയുടെ അന്ത്യം സംഭവിക്കുമെന്ന് ഡോക്ടറന്മാർ പ്രവചിച്ചിരുന്ന ഞായറാഴ്ച കഴിഞ്ഞിട്ട് ഇന്ന് ഒരാഴ്ച കൂടി പിന്നിട്ടു. തിരു

മേനി ഏതോ ഒരു പ്രത്യേക ദിനത്തിനുവേണ്ടി കാത്തുകിടക്കുന്നതു പോലെ തോന്നി. ഇന്ന് വൈകിട്ട് കോപ്പടിക് പള്ളിയിൽ റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലുകയും ഏബ്രഹാം തോമസച്ചൻ പ്രസംഗിക്കയും ചെയ്തു. റമ്പാച്ചൻ, ഏബ്രഹാം തോമസച്ചൻ, ഡോ. ഏബ്രഹാം സാമുവേൽ എന്നിവർ ആശുപത്രിയിലേക്കു വി. കുർബ്ബാനയുമായി പോയി. തിരുമേനിക്ക് വി. കുർബ്ബാന നൽകി. പാപമോചന പ്രാർത്ഥന ചൊല്ലി റമ്പാച്ചൻ തിരുമേനിയുടെ നെറ്റിയിൽ കുരിശുവരച്ചപ്പോൾ തിരുമേനി ബോധവാനെപ്പോലെ അതു സ്വീകരിച്ചു. വി. കുർബ്ബാനാനുഭവത്തിനായി വായ് പൊളിക്കയും അനുഭവിച്ചശേഷം വായ് സ്വയം അടയ്ക്കുകയും ചെയ്തു. ഇന്നത്തെ പ്രതികരണങ്ങൾ ശ്രദ്ധിക്കുന്ന ഒരാൾക്ക് തിരുമേനിയുടെ അബോധമനസ്സ് വളരെ സുബോധത്തോടെ വി. കൂദാശയിൽ പ്രതികരിക്കുന്നതായി മനസ്സിലാക്കുവാൻ കഴിയും.

ഫെബ്രുവരി 18, തിങ്കൾ. ഇന്ന് ലണ്ടനിൽ നിന്നു മാർത്തോമ്മാ പള്ളിയിലെ അച്ചനും പള്ളിക്കാരിൽ നാലു പേരും വന്നു തിരുമേനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഡോ. എം. എസ്. അലക്സാണ്ടർ ഇപ്രകാരം എഴുതി, "His Grace continues to be looked after in the ITU unit of the hospital. God is listening and answering to our prayers. Our Lord gave life to dead, sight to blinds, and the list goes on. The time miracles has not gone away. H.G's recovery to health has started expect him to continue this journey back to health, but can't say, how far this recovery will go. He is getting good attention in the hospital. What we need is more prayer."

ഫെബ്രുവരി 19, ചൊവ്വാ. ഫാ. കെ. സി. മാത്യു കോർഎപ്പിസ്കോപ്പായെയാണ് തിരുമേനിയുടെ രോഗനില ഏറ്റം അധികം അലട്ടിയത്. അച്ചന്റെ പനി കഠിനപ്പെട്ടതിനാൽ അച്ചനെ റാന്നി ആശുപത്രിയിൽ നിന്നു കോട്ടയം ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. ഇളയ സഹോദരനായ അച്ചന് തിരുമേനിയുടെ രോഗനിലയിലുണ്ടായ കടുത്ത ആശങ്കയാണ് അച്ചനെ രോഗാതുരനാക്കിയത്. ന്യൂകാസിലിലേക്കു വരാൻ അച്ചൻ പല വട്ടം ആഗ്രഹം പ്രകടിപ്പിച്ചിരുന്നിട്ടും റമ്പാച്ചൻ അത് നിരുത്സാഹപ്പെടുത്തിയിരുന്നു. സ്വയം ക്ഷീണിതനായ അച്ചൻ കൂടി ന്യൂകാസിലിൽ വന്ന് കിടപ്പിലായിപ്പോയാൽ അത് വളരെയധികം വിഷമങ്ങൾ സൃഷ്ടിക്കുമെന്നുള്ളതുകൊണ്ടാണ് റമ്പാച്ചൻ അച്ചനെ നിരുത്സാഹിപ്പിച്ചത്. "ഞാനും ഒരു സഹോദരനല്ലേ" എന്ന് ഒരിക്കൽ അച്ചൻ ഇടനെഞ്ചു പൊട്ടി ചോദിച്ചു. ഇപ്പോൾ വികാരങ്ങൾക്കല്ല സ്ഥാനമെന്നും അച്ചനു വളരെ നിർബന്ധമാണെങ്കിൽ ന്യൂയോർക്കു വരെ വന്ന് മക്കളുടെ കൂടെ താമസിക്കാമെന്നും റമ്പാച്ചൻ പറഞ്ഞു.

ഈ അവസ്ഥയിൽ തിരുമേനിയെ ഒന്നു കാണാൻപോലും കഴിയാ

ത്തതിലുള്ള വ്യഥയാണ് അച്ചനെ ആശുപത്രിയിൽ എത്തിച്ചത്. അച്ചൻ കഴിവതും മനസ്സിലൊതുക്കി കഴിയാൻ ശ്രമിച്ചെങ്കിലും അച്ചന്റെ പനി ക്രമേണ കൂടി കോട്ടയം ആശുപത്രിയിൽ എത്തിക്കയാണ് ചെയ്തത്.

ഇന്ന് നേഴ്സുമാർ റമ്പാച്ചനോട് ഒരു കാര്യം ആവശ്യപ്പെട്ടു. തിരുമേനിയുടെ തൊണ്ടയെ മൂടിക്കിടന്ന മീശ ഒന്നു വെട്ടിക്കൊടുക്കണം. അവർക്ക് ആ വിശുദ്ധ മനുഷ്യന്റെ മീശ വെട്ടുന്നതിനു പേടിയാണു പോലും. റമ്പാച്ചൻ സസന്തോഷം സഹോദരന്റെ മീശ വെട്ടിക്കൊടുത്തു. ആ മീശ റമ്പാച്ചൻ ഒരു നിധിയായി സൂക്ഷിച്ചു. വീട്ടിൽ ബാവാമാരുടേയും മെത്രാച്ചന്മാരുടേയും മറ്റും വിശുദ്ധ പരിശിഷ്ടങ്ങൾ ഒരു പ്രത്യേക മ്യൂസിയത്തിൽ സൂക്ഷിക്കുക പതിവായിരുന്നു. അതുകൊണ്ട് തിരുമേനിയുടെ വെട്ടിയെടുത്ത മീശയ്ക്കും ആ മ്യൂസിയത്തിൽ ഇടം കിട്ടി. തിരുമേനിയുടെ നെടുകെ കീറിയ ചുവപ്പു ളോഹായും രക്തക്കറകൾ പിടിച്ച മസ്നപ്സായും ഈ മീശയും ഒക്കെ ഇന്ന് ആ അയിരൂർ കുടുംബത്തിന്റെ അമൂല്യ സ്വത്തുക്കളിൽ ചിലതാണ്.

ഫെബ്രുവരി 20, ബുധൻ. ഇന്ന് റമ്പാച്ചൻ വീട്ടിൽ വിളിച്ചു കെ. സി. മാത്യു അച്ചന്റെ രോഗവിവരം ആരാഞ്ഞു. തിരുമേനിയുടെ ഒരു വല്യപ്പന്റെ മകൾ ചിന്നമ്മയെ കെട്ടിച്ച് കുറ്റിക്കണ്ടത്തിൽ തന്നെ ദത്തു കയറ്റിയിരുന്നു. ആ ചിന്നമ്മയുടെ മകൾ പൊന്നമ്മ ഇപ്പോൾ ടൊറന്റോയിൽ താമസമുണ്ട്. തിരുമേനി തങ്കച്ചൻ സാറായി കുമ്പളന്താനം സ്കൂളിൽ പഠിപ്പിക്കുന്ന കാലത്ത് ആ 'തങ്കച്ചൻ അച്ചാച്ച'ന്റെ കൈയിൽ പിടിച്ചായിരുന്നു സ്കൂളിൽ പൊയ്ക്കൊണ്ടിരുന്നത്. ആ പൊന്നമ്മ ഇപ്പോൾ മകൻ കൊച്ചുമോന്റെ കൂടെ (ജോബ്സൺ ഈശോ) ടൊറന്റോയിൽ താമസമാണ്. പൊന്നമ്മ തിരുമേനിയെ കാണാൻ ന്യൂകാസിലിലേക്കു വരുന്നുവെന്ന് ഇന്നു ഫോണിൽ വിളിച്ചു പറഞ്ഞു. റമ്പാച്ചന്റെ ഏതാനും പുസ്തകങ്ങൾ കൂടി കൊടുത്തയയ്ക്കണമെന്ന് റമ്പാച്ചൻ ഹാമിൽട്ടണിലുള്ള പെങ്ങൾ കുഞ്ഞുമോളെ വിളിച്ച് ഏർപ്പാടു ചെയ്തു. അപ്പോഴാണ് ടൊറന്റോ സെന്റ് ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകയിലെ കയർ മാസ്റ്റർ മനോജ് ഇംഗ്ലണ്ടിലേക്കു വരുമ്പോൾ റമ്പാച്ചന്റെ പുസ്തകങ്ങൾ കൊണ്ടുപോകാമെന്ന് സമ്മതിച്ചതായി അറിഞ്ഞത്.

ഇന്ന് തിരുമേനിയിൽ വലിയ വ്യത്യാസങ്ങൾ ഒന്നും ഉണ്ടായില്ലെങ്കിലും റമ്പാച്ചൻ കിടക്കയ്ക്കു സമീപമിരുന്നു സംസാരിക്കുന്ന കാര്യങ്ങളെല്ലാം ശ്രദ്ധാപൂർവ്വം കേൾക്കാൻ ശ്രമിക്കുന്നതായി തോന്നി. തിരുമേനി സംസാരിക്കാനും ശ്രമിക്കുന്നതുപോലെ ചുണ്ടുകൾ ചലിപ്പിച്ചിരുന്നു. പക്ഷേ ശബ്ദമൊന്നും പുറത്തു വന്നിരുന്നില്ല. തിരുമേനി ഉള്ളുകൊണ്ട് സംസാരിക്കുന്നുവെന്ന് വ്യക്തമാണ്.

ഫെബ്രുവരി 21, വ്യാഴം. റമ്പാച്ചൻ വിട്ടുമാറാതെ തിരുമേനിയുടെ കിടക്കയ്ക്കരികിൽ തന്നെ ഇരുന്നു. ആ മുഖത്ത് മാറാത്ത ദുഃഖഛവി കാണാമായിരുന്നു. അന്ന് തിരുമേനിയുടെ പ്രത്യേക നേഴ്സ് 'ക്രിസ്റ്റീനാ എഡ്മൺടൺ' റമ്പാച്ചനെ വിളിച്ചിറക്കി "ഇവിടെ തന്നെ മനസ്സു വിഷമിച്ചിരിക്കേണ്ട, എന്നോടൊപ്പം വരൂ" എന്നു പറഞ്ഞ് ആശുപത്രിയുടെ വിശാലമായ ചുറ്റുറോഡുകളിലും തോട്ടത്തിലും കൂടെ കുറെനേരം നടന്നു. മനസ്സിന്റെ വേദനകളകറ്റാൻ ക്രിസ്റ്റീനാ മനശാസ്ത്രപരമായി സംസാരിച്ച് ഏറെനേരം നടന്നു.

ഫെബ്രുവരി 22, വെള്ളി. ഡോക്ടറന്മാർ തിരുമേനിയുടെ അന്ത്യം കുറിച്ച ഫെബ്രുവരി 15-നെ പിൻതള്ളി തിരുമേനി എട്ടു ദിവസങ്ങൾ കൂടി ജീവിച്ചു. റമ്പാച്ചൻ ഇന്നു പകൽ എങ്ങും മാറാതെ ആശുപത്രിയിൽ തന്നെ ചെലവഴിച്ചു. സന്ധ്യയോടുകൂടി സന്ദർശകരെല്ലാം ഒട്ടൊന്നൊതുങ്ങി. റമ്പാച്ചൻ തനിച്ചായി. തിരുമേനിയുടെ വേർപാടിനെപ്പറ്റി അസുഖകരമായ ചിന്തകൾ എപ്പോഴും റമ്പാച്ചന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു.

അപ്പോഴാണ് ഒരു ജൂണിയർ ഡോക്ടർ മുറിയിലേക്കു കടന്നുവന്നത്. അദ്ദേഹം റമ്പാച്ചനെ മാടി വിളിച്ച് അടുത്ത മുറിയിലേക്കു ആനയിച്ചു.

ആ ഡോക്ടർ ശാന്തസ്വരത്തിൽ പറഞ്ഞു, "റമ്പാച്ചാ! എനിക്ക് ഒരു ദുഃഖവാർത്ത അറിയിക്കാനുണ്ട്." റമ്പാച്ചൻ ഞെട്ടി; എന്ത് തിരുമേനി വിട്ടുപോയോ? "ഇല്ല" ഡോക്ടർ തുടർന്നു; "ഇനി അദ്ദേഹത്തിന് ജീവിച്ചിരിക്കാൻ കഴിയുകയില്ല. ഇന്നു രാത്രിയോ അല്ലെങ്കിൽ നാളെ രാവിലെയോ അദ്ദേഹം മരിക്കും." ഡോക്ടർ ആ വാർത്ത പറഞ്ഞ് ഒന്നു നിർത്തി. റമ്പാച്ചൻ ഞെട്ടിത്തെറിച്ചു, "ഡോക്ടർ! നിങ്ങൾക്ക് ആ ജീവൻ രക്ഷിക്കാനാവില്ലേ?" ഒരു സഹോദരസ്നേഹത്തിന്റെ പ്രത്യാശയും ആശയും ആ ചിലമ്പിച്ച ശബ്ദത്തിൽ ഉണ്ടായിരുന്നു.

"ഇല്ല," ഡോക്ടർ വീണ്ടും വിശദീകരിക്കാൻ ശ്രമിച്ചു. "ഇനി മെഡിക്കൽ സയൻസിന് ആ ജീവൻ രക്ഷിക്കാൻ സാധിച്ചാലും, തലച്ചോറു പ്രവർത്തിക്കാത്ത, ഓർമ്മ നിലനിൽക്കാത്ത ഒരു അഞ്ചു ശതമാനം മാത്രമുള്ള മക്കാറിയോസ് തിരുമേനിയെ ആയിരിക്കും നിങ്ങൾക്കു ലഭിക്കുക. ആ മക്കാറിയോസ് തിരുമേനിയുടെ ഒരു നിർജീവജഡം ഒരു വീൽചെയറിൽ നിങ്ങൾക്ക് കിട്ടിയിട്ട് എന്തു ചെയ്യാനാവും? അതിൽഭേദം ഇന്നു രാത്രി ശാന്തനായി അദ്ദേഹം മരിക്കുന്നതു കണ്ട് ദൈവഹിതത്തിനു വിധേയപ്പെടുന്നതല്ലേ നല്ലത്?"

കേവലം ഒരു സാധാരണക്കാരനായ മെഡിക്കൽ ഡോക്ടറുടെ മുന്നിൽ ദൈവശാസ്ത്രത്തിന്റെ ഭണ്ഡാരങ്ങളിൽ ജീവിച്ചിരുന്ന ആ

ഓർത്തഡോക്സ് റമ്പാച്ചൻ മിണ്ടടങ്ങിപ്പോയി. 'അതേ, ഡോക്ടർ ദൈവ ഹിതം മാത്രം, നടന്നാൽ മതി." ഡോക്ടർ തുടർന്നു പറഞ്ഞു, "ഈ വിവരം നിങ്ങൾ ആളുകളെ ഒക്കെ അറിയിച്ചുകൊള്ളു. തിരുമേനിയെ ഞങ്ങൾ ഒരു പ്രത്യേക ITU മുറിയിലേക്കു മാറ്റിക്കഴിഞ്ഞു. റമ്പാച്ചന് ആ മുറിയിലേക്കു പോയി പ്രാർത്ഥിച്ചുകൊണ്ടിരിക്കാം." ഡോക്ടർ ഡോർ തുറന്നു പുറത്തേക്കു പോയി. റമ്പാച്ചൻ ഹാപ്പി അച്ചനെ വിളിച്ച് മറ്റ് അച്ചന്മാരെയെല്ലാം വിളിച്ച് അതികാലത്തെ ആശുപത്രിയിൽ എത്തുന്നതിനും ജനങ്ങളെയും രാത്രിതന്നെ അറിയിക്കുന്നതിനും ശട്ടംകെട്ടിയ ശേഷം തിരുമേനിയെ കിടത്തിയിരുന്ന പ്രത്യേക മുറിയിലേക്കു പോയി. വാർത്ത ഫോൺ മുഖാന്തരം പരന്നു കഴിഞ്ഞു. ജോലി കഴിഞ്ഞു ക്ഷീണിതരായി എത്തിയ അച്ചന്മാരോ ജനങ്ങളോ തിടുക്കംവച്ച് ഓടി വരേണ്ടതില്ലെന്നും പിറ്റേന്നു അതികാലത്തുതന്നെ വന്നുചേർന്നാൽ മതിയെന്നും എല്ലാവരേയും അറിയിച്ചു.

ഈ സമയം തിരുമേനി ശാന്തനായി മരണത്തെ സ്വീകരിക്കുവാൻ ഒരുങ്ങുകയായിരുന്നു. നീതിമാന്റെ മരണം ഉറക്കംപോലെ ആണല്ലോ. ആ മുഖത്ത് അതീവ ചൈതന്യമുള്ള ഒരു ശാന്തത കളിയാടിയിരുന്നു. മരണത്തെ ഭയപ്പെടാത്ത ശാന്ത ഭാവം! റമ്പാച്ചൻ ആ മുഖത്തേക്ക് നോക്കി ഏകനായി ഇരുന്നു.

അന്ത്യരാത്രി

തിരുമേനിയുടെ ജീവിതത്തിന്റെ അന്ത്യരാത്രി ഇതാണെന്നുള്ള യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടുവാൻ റമ്പാച്ചൻ ശ്രമിച്ചുകൊണ്ടിരുന്നു. തങ്ങളുടെ വീട്ടിലെ സഹോദരങ്ങളെയെല്ലാം ആത്മീയ ജീവിതത്തിലേക്കു കൈപിടിച്ചുയർത്തിയ ആ സ്വാധീനശക്തിയാണ് ഇന്ന് അസ്തമിക്കാൻ തുടങ്ങുന്നത്.

റമ്പാച്ചൻ തിരുമേനിയുടെ കാതിനോടു ചുണ്ടുകൾ അടുപ്പിച്ചിട്ട് പറഞ്ഞു, "അച്ചാച്ചാ ദൈവം അച്ചാച്ചനെ വിളിച്ചു കഴിഞ്ഞു. ഉടയവൻ വിളിച്ചാൽ പോകാതിരിപ്പാൻ ആർക്കു കഴിയും? തിരുമേനിയുടെ അന്ത്യയാത്രയ്ക്കു ദൈവം തിരഞ്ഞെടുത്തു തന്ന ദിവസം വട്ടശ്ശേരിൽ തിരുമേനിയുടെ ചരമദിനം തന്നെയാണ്. നോക്ക്, അച്ചാച്ചൻ അങ്ങേകരയിലേക്കു നോക്കിക്കോ. പ. പരുമല തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, കുറിച്ചിയിലെ വല്യ ബാവാ, നമ്മുടെ അപ്പച്ചൻ, അമ്മച്ചി എല്ലാവരും തിരുമേനിയെ സ്വീകരിക്കാൻ അതാ കാത്തുനിൽക്കുന്നു. സമാധാനത്താലെ പോയാലും."

ഒരു ഏങ്ങലടി. ഒരു നീണ്ട തേങ്ങൽ – കണ്ണുകളിൽ നിന്നു ചുടു

കണ്ണീർ താഴേക്ക് ഒഴുകുന്നു. റമ്പാച്ചൻ കൈലേസെടുത്ത് തിരുമേനിയുടെ കവിൾ തടങ്ങളിലൂടെ താഴേക്കൊഴുകിയ മിഴിനീർ തുടച്ചു.

അച്ചാച്ചാ! ഇങ്ങനെ കരയാനല്ലല്ലോ നമ്മുടെ അമ്മച്ചി നമ്മെ പഠിപ്പിച്ചത്? പ്രത്യാശയോടും സമാധാനത്തോടുംകൂടെ മരണത്തെ തോൽപ്പിച്ച് ഉടയവന്റെ സന്നിധിയിലേക്കു പോയാലും. Go in peace.

റമ്പാച്ചൻ ആ കവിളുകളിൽ അന്ത്യചുംബനം നൽകിയിട്ടു പറഞ്ഞു. "ഞാൻ പ്രാർത്ഥിക്കാം, കേട്ടുകൊണ്ട് കിടന്നാട്ടെ." തിരുമേനിയുടെ തേങ്ങൽ നിന്നു. ശാന്തനായി അന്ത്യപ്രാർത്ഥനകൾ കേട്ടു കിടന്നു. തുടർന്ന് നേരംവെളുക്കുവോളം റമ്പാച്ചൻ സങ്കീർത്തനങ്ങളും പ്രാർത്ഥനകളും ചൊല്ലിക്കൊണ്ടേ ഇരുന്നു.

അദ്ധ്യായം 41

ആ കിളി പറന്നുപോയി

"നാളെ മരിക്കുമെന്നുള്ള വിശ്വാസത്തിൽ ഇന്നു ജീവിക്കുക." പറഞ്ഞത് ഭാരതത്തിന്റെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയാണ്. മക്കാറിയോസിന്റെ ജീവിതം ഈ "നാളെയുടെ മരണ"ത്തെ മുന്നിൽ കണ്ടുകൊണ്ടു തന്നെ ആയിരുന്നു.

എലിനോയ് റൂസ്വെൽറ്റു പറഞ്ഞു, "മരണം വരെ ഒരാളെയും ഭാഗ്യവാനെന്നോ ഭാഗ്യവതിയെന്നോ വിളിക്കരുത്." ഇതു സത്യമായ ഒരു പ്രസ്താവനയാണ്. മഹാഭാഗ്യവാനെന്ന് നാം കരുതുന്ന ആൾ ദുഃഖത്തിന്റെ നീർച്ചുഴലിയിൽ പെട്ട് ഉഴലുകയാവാം. ഒരാൾ മറ്റൊരാളേക്കാൾ ഭാഗ്യശാലി എന്നൊക്കെ പറയാമെങ്കിലും പൂർണ്ണഭാഗ്യം ആർക്കുമില്ലെന്നതാണ് വാസ്തവം.

ഈ ഭൂമിയിൽ ജനിച്ച ഏതു മനുഷ്യനെക്കുറിച്ചും നൂറു ശതമാനം ഉറപ്പോടെ പറയുവാൻ കഴിയുന്ന ഒരു കാര്യമേ ഉള്ളൂ. അവൻ മരിക്കും എന്നതാണത്. മരണം ഇത്ര സുനിശ്ചിതമായ യാഥാർത്ഥ്യമാണെങ്കിലും ഈ വസ്തുത അംഗീകരിക്കുവാനോ മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാനോ കരുതുവാനോ മിക്കപ്പോഴും നാം തയ്യാറല്ല. അപ്രതീക്ഷിതമായി അടുത്ത ബന്ധുക്കളുടെയോ മറ്റോ മരണം സംഭവിക്കുമ്പോൾ അതിനു മുമ്പിൽ നാം നടുങ്ങിത്തെറിച്ചു നിൽക്കുമെങ്കിലും വളരെ വേഗം നാം ആ കാര്യം മറന്നുപോകും. എന്നാൽ വി. വേദപുസ്തകത്തിലെ പഴയനിയമ പ്രവാചകൻ പറയുന്നത്, "നമ്മുടെ നാളുകളെ എണ്ണിയാൽ മാത്രമേ നമുക്ക് വിവേകമുള്ള ഹൃദയമുണ്ടാകയുള്ളു" എന്നാണ്. "ഞങ്ങൾ ജ്ഞാനമുള്ളൊരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കണമെ" എന്നാണു സങ്കീർത്തനം 90:12-ലെ പ്രവാചകന്റെ പ്രാർത്ഥന.

എത്രകാലം ജീവിച്ചു എന്നതിനേക്കാൾ എങ്ങനെ ജീവിച്ചു എന്നതു തന്നെയാണു ശ്രേഷ്ഠമായത്. ദീർഘനാൾ പോടു പിടിച്ചു സ്ഥലം നഷ്ടപ്പെടുത്തി ജീവിക്കുന്ന പടുവൃക്ഷമായ ഓക്കു വൃക്ഷത്തേക്കാൾ വിടർന്നു വികസിച്ച് കണ്ണുകൾക്ക് കൗതുകം കൊടുത്തു അല്പായുസ്സായി ഒറ്റ ദിവസം കൊണ്ട് നശിച്ചുപോകുന്ന ലില്ലി പുഷ്പം ആകാനാണ് ആംഗലേയ കവി ഇഷ്ടപ്പെടുന്നത്.

മഹാകവി കുമാരനാശാന്റെ സുപ്രസിദ്ധമായ "വീണപൂവിൽ" പറയുന്ന ആശയവും ഇതു തന്നെയാണ്.

"സാധിച്ചു വേഗമഥവാനിജന്മകൃത്യം
സാധിഷ്ഠർ പോട്ടി ഹസദാ നിശിപാന്ഥപാദം-
ബാധിച്ചു രൂക്ഷശില വാഴ്വതിൽ നിന്നു മേഘ
ജ്യോതിസ്സു തൻ ക്ഷണിക ജീവിതമല്ലികാമ്യം."

ദീർഘകാലം രാത്രിസഞ്ചാരികൾക്ക് തടസ്സം സൃഷ്ടിച്ചുകൊണ്ട് സ്ഥിതി ചെയ്യുന്ന പാറയേക്കാൾ ഒന്നു മിന്നി വഴിയിൽ അല്പ പ്രകാശം പരത്തി മാഞ്ഞുപോകുന്ന മിന്നൽക്കൊടിയുടെ ക്ഷണിക ജീവിതമാകാനാണ് മഹാകവി ആഗ്രഹിച്ചത്. പല്ലനയാറ്റിൽ പത്തുവെളുപ്പിനെ മുങ്ങിപ്പോയ ബോട്ടിൽ ആ മഹാകവിയുടെ ജീവിതം സമയത്തിനു മുമ്പെ മിന്നൽക്കൊടി പോലെ മറഞ്ഞുപോയത് മലയാളത്തിനു മറക്കാൻ കഴികയില്ല.

ഹ്രസ്വായുസ്സ് ഒരു ശാപമോ ശിക്ഷയോ അല്ല, എന്നാൽ ദീർഘായുസ്സ് ഒരു അനുഗ്രഹമായിട്ടാണ് ലോകം കരുതുന്നുന്നത്.

തൊണ്ണൂറ്റിഒന്നാം സങ്കീർത്തനത്തിൽ യഹോവ അനുഗ്രഹിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നത് ഇങ്ങനെയാണ്. "ഞാൻ ദീർഘായുസ്സുകൊണ്ട് അവനു തൃപ്തി വരുത്തും. എന്റെ രക്ഷ അവനു ഞാൻ കാണിച്ചുകൊടുക്കുകയും ചെയ്യും."

എങ്ങനെ മരിച്ചുവെന്നതിനു പ്രാധാന്യമുണ്ടെന്നു പറയുമ്പോൾ മരിച്ച രീതിയല്ല, അവിടെ ഉദ്ദേശിക്കുന്നത്. രോഗം മൂലമോ അപകടത്തിലോ ആണോ മരിച്ചത് എന്നതൊന്നും വലിയ പ്രശ്നമല്ല. ഏതു പ്രായത്തിൽ മരിച്ചു എന്നുള്ളതും ഗൗരവമായി കാണേണ്ടതില്ല. ഏതു പ്രായത്തിലോ ഏതു വിധത്തിലോ മരിച്ചാലും ജീവിതത്തിനും മരണത്തിനും ഇടയിൽ ദൈവം ലോകത്തിലേക്കയച്ചതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കയും അനുതാപപൂർവ്വം ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് ഈ ലോകം വിടുവാനും ഒരുവനു കഴിയണം. അതുകൊണ്ടാണ് 'പെട്ടെന്നുള്ള മരണത്തിൽ നിന്നും രക്ഷിക്കണമെ' എന്നും 'ക്രിസ്ത്യാനിക്കുചിതമായ നല്ല ഒരന്ത്യം എനിക്കു നൽകണമെ' എന്നും നാം പ്രാർത്ഥിക്കുന്നത്. 102-ാം സങ്കീർത്തനം 24-ൽ "എന്റെ ആയുസ്സിന്റെ മദ്ധ്യേ എന്നെ എടുത്തുകളയരുതേ" എന്നു പ്രാർത്ഥിക്കുന്നതും ഇതേ ആശയത്തിലാണ്. മരണം എപ്പോഴും ദുഃഖം നൽകുന്നത് ജീവിച്ചിരിക്കുന്നവർക്കാണ്. യുവാക്കൾ മരണത്തെ ഒരു വിദൂര യാഥാർത്ഥ്യമായി കാണുമ്പോൾ അനുതാപ സാദ്ധ്യത അവരിൽ കുറയും. എന്നാൽ വാർദ്ധക്യം മരണത്തിന്റെ യാഥാർത്ഥ്യം മണത്തറിയുന്നതുകൊണ്ട് ഒരുക്കത്തിനും അനുതാപത്തിനും വഴി തെളിയും.

90-ാം സങ്കീർത്തനത്തിന്റെ 12-ാം വാക്യവും 39-ാം സങ്കീർത്തനത്തിന്റെ

4-ാം വാക്യവും ചേർത്തു വായിക്കുമ്പോൾ മരണത്തെക്കുറിച്ചുള്ള ആഴമേറിയ ഒരു അവബോധം നമുക്കു ലഭിക്കുന്നു. ''ഞങ്ങൾക്കു ജ്ഞാനമുള്ളോരു ഹൃദയം പ്രാപിപ്പാൻ തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണണമെ'' എന്നും ''എന്റെ അവസാനത്തേയും എന്റെ ആയുസ്സു എത്ര എന്നതിനേയും എന്നെ അറിയിക്കണമെ. ഞാൻ എത്ര ക്ഷണികൻ എന്ന് അറിയുമാറാകട്ടെ'' എന്നും ഉള്ള യാചനകൾ നന്നായി ജീവിക്കാനുള്ള ആഹ്വാനമാണ്.

മരണാനന്തരമുള്ള നിത്യതയുടെ വെളിച്ചത്തിൽ ജീവിതത്തെ നോക്കിക്കാണുകയും ഈ ജീവിത നാളുകളെ ബുദ്ധിപൂർവ്വം ഉപയോഗിക്കുകയുമാണ് പരിജ്ഞാനമുള്ള ഒരു ഹൃദയം ചെയ്യുന്നത്.

ലാസ്സറസ് റമ്പാച്ചന് ആ രാത്രി ഒരു കാളരാത്രി ആയിരുന്നു. ന്യൂകാസിലിന്റെ അന്തരീക്ഷത്തിൽ ഒരു ശ്മശാനമൂകത തളംകെട്ടി നിന്നു. എങ്ങോ ഒരു വീട്ടിലെ വളർത്തു നായ് നീണ്ട നിലവിളി പോലെ ഓരിയിട്ടു. എങ്ങോ ഒരു പൂവൻകോഴി വെളുപ്പാൻകാലമാണെന്ന് വിളിച്ചോതി. മഞ്ഞു വീണു കിടന്ന ഭൂമിയെ തട്ടി അതിശീതക്കാറ്റ് അരിച്ചരിച്ച് കയറിവരാൻ ശ്രമിച്ചു.

റമ്പാച്ചൻ രാത്രി മുഴുവൻ തിരുമേനിയുടെ ചെവിയിൽ പ്രാർത്ഥനാമന്ത്രങ്ങളും സങ്കീർത്തനധ്വനികളും കേൾപ്പിച്ചുകൊണ്ടിരുന്നു.

ഈ സമയത്ത് തിരുമേനി മൗനഭാഷയിൽ റമ്പാച്ചന്റെ മനസ്സിനോടു മന്ത്രിച്ചു, ''റമ്പാച്ചാ മരണം എനിക്കൊരു പ്രശ്നമല്ല, അതിനെ ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. മരണം മൂലം ഞാൻ മറ്റൊരു മുറിയിലേക്കു മാറ്റപ്പെടുന്നതു മാത്രമേ ഉള്ളൂ. മറ്റൊന്നും എനിക്കു സംഭവിക്കുന്നില്ല. എല്ലാം എങ്ങനെ ആയിരുന്നോ അതുപോലെ തുടരും. ഞാൻ ഞാനും റമ്പാച്ചൻ റമ്പാച്ചനായിട്ടും തന്നെ തുടരും.

നാം സ്നേഹവാത്സല്യങ്ങളോടു കൂടി എങ്ങനെ കഴിഞ്ഞുവോ അതിനു വ്യതിയാനമില്ലാതെ തുടരും. നാം പരസ്പരം എങ്ങനെ ആയിരുന്നുവോ അതുപോലെ എന്റെ മരണശേഷവും തുടരും. എന്നെ പഴയ പേരിൽ തന്നെ വിളിച്ചോളൂ. എന്നും ചെയ്തിരുന്നതുപോലെ എന്നെപ്പറ്റി മേലിലും സംസാരിച്ചുകൊള്ളൂ. റമ്പാച്ചന്റെ ഭാഷയിലോ ശബ്ദത്തിലോ ദുഃഖഛവി കലരാതെ, ഭക്തിപരിവേഷമില്ലാതെ എന്നെപ്പറ്റി സംസാരിക്കാം. ഞാൻ തമാശ പറയുമ്പോഴൊക്കെ എങ്ങനെ നിങ്ങളെല്ലാം ചിരിച്ചുവോ അതുപോലെ തമാശകൾ പറഞ്ഞു നിങ്ങൾ രസിച്ചുകൊള്ളൂ. എന്റെ ജനത്തെ ഞാൻ സ്നേഹിച്ചിരുന്നുവെന്നും വീണ്ടും അവർക്കുവേണ്ടി എന്റെ പ്രാർത്ഥന തുടരുമെന്നും അവരെ അറിയിക്കണം. എന്നെപ്പറ്റി നിങ്ങളും ഓർക്കണം, പ്രാർത്ഥിക്കണം. എന്റെ പേരു നിങ്ങൾ

വീട്ടംഗത്വത്തെപ്പോലെ ഓർത്തു പ്രാർത്ഥിച്ച രീതി തന്നെ എന്റെ മരണ ശേഷവും തുടരുക. ആയാസമെന്യേ മുമ്പെന്നപോലെ എന്നോടു മേലിലും സംസാരിക്കാം. ജീവിതം എല്ലാ അർത്ഥത്തിലും പഴയതു പോലെ തുടരും. അതിനുമദ്ധ്യേ വിടവുകളില്ലാതെ, കഴിഞ്ഞതിന്റെ തുടർച്ചയായി തുടർന്നുകൊണ്ടേയിരിക്കും.

പിന്നെ എന്താണീ മരണം? വിസ്മരിക്കാവുന്ന ഒരു അപകടം. മരണം കൊണ്ടു ഞാൻ ദൃഷ്ടിയിൽ നിന്നു മറയുന്നുവെന്നു വച്ചു നിങ്ങളുടെ സ്മരണയിൽ നിന്നു മറയണമോ? മരണശേഷം ഞാനും അങ്ങേക്കര യിൽ റമ്പാച്ചനുവേണ്ടി കാത്തിരിക്കും. ഒരു നേരിയ ഇടവേളയ്ക്കുശേഷം നാം വീണ്ടും ഒരുപോലെ ഒരുമിച്ചു ചേരും. പിന്നെയും എല്ലാം പഴയതു പോലെ. ഇന്നത്തെ വേർപാടിന്റെ വേദനയെല്ലാം അന്നു മാറിയിരിക്കും."

നേരം പരുപരാ വെളുക്കുന്നതേ ഉള്ളു. റമ്പാച്ചൻ ഞെട്ടി ഉണർന്നു. ഉറങ്ങുകയായിരുന്നോ? റമ്പാച്ചന്റെ മനസ്സ് ഈ ലോകത്തിൽ അല്ലായി രുന്നോ? എല്ലാം ഒരു ദുസ്വപ്നം പോലെ. ആ ദുസ്വപ്നത്തിൽ നിന്നു റമ്പാച്ചൻ ന്യൂകാസിൽ ആശുപത്രിയിലേ ICU വിലേക്ക് മടങ്ങി എത്തി.

കതകിൽ ആരോ മുട്ടുന്നു. ഹാപ്പി അച്ചനും കുടുംബവും ആയിരുന്നു. പുറകെ എബ്രഹാം തോമസച്ചൻ, വറുഗീസ് മാത്യു അച്ചനും കുടും ബവും മുറിയിലേക്കു കടന്നു. ഡോ. അലക്സാണ്ടറും കുടുംബവും എത്തിയത് പരുമലക്കബറിങ്കൽ നിന്നെടുത്തുകൊണ്ടു വന്ന എണ്ണയു മായിട്ടായിരുന്നു. പിന്നാലെ സണ്ണിയും കുടുംബവും ഡോ. പോളും, ബിജുവും സൂസനും, രേണുവും എല്ലാം മുറിയിലെത്തി. കേട്ടറിഞ്ഞ് പിന്നാലെ പിന്നാലെ മറ്റനേകംപേരും തിരുമേനിയുടെ അന്ത്യരംഗത്തിനു സാക്ഷിയാവാൻ ആശുപത്രിയിൽ എത്തി. അവർ ഓരോരുത്തരും സങ്കീർ ത്തനങ്ങൾ മാറി മാറി ചൊല്ലിക്കൊണ്ടിരുന്നു.

ഫെബ്രുവരി 23, 2008

ഇന്ന് പ. വട്ടശ്ശേരിൽ തിരുമേനിയുടെ പാവന ചരമദിനമാണ്. കോട്ട യത്തു പഴയസെമിനാരിയിൽ വി. കുർബ്ബാനയും അനുസ്മരണ മീറ്റിംഗു കളും നടന്നുകൊണ്ടിരിക്കുമ്പോൾ ന്യൂകാസിലിലെ ICU വിൽ എല്ലാ ഒരു ക്കങ്ങളോടും കൂടി മക്കാറിയോസ് തിരുമേനി മരണത്തിനു വേണ്ടി കാത്തു കിടന്നു. ഇനി നിമിഷങ്ങൾ മാത്രമേ തിരുമേനി ഈ ലോകത്തിലുള്ളു എന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നതുപോലെ ആ മുഖം ശോഭാ വ്യതമായി. അയച്ചവന്റെ ദൗത്യം പൂർത്തീകരിച്ചശേഷം സ്വഭവനത്തി ലേക്കു മടങ്ങുന്നവന്റെ സംതൃപ്തി ആ മുഖത്തു കാണാമായിരുന്നു. അച്ചന്മാർ മരണസമയത്തെ പ്രാർത്ഥനകൾ ചൊല്ലാൻ ആരംഭിച്ചു. തിരു മേനി ആ പ്രാർത്ഥനകൾ കേൾക്കുന്ന രീതിയിൽ ശ്രദ്ധാപൂർവ്വം കിടക്കു

ന്നതായി കാണപ്പെട്ടു. ദുഃഖങ്ങളും, ശാരീരിക വേദനകളും; പരിഭവങ്ങളും; പരിദേവനങ്ങളും; ആകുലതയും ആലസ്യങ്ങളും എവിടെ? എല്ലാം ഒരു നിമിഷത്തേക്കു വിട്ടുമാറി നിന്നതു പോലെ. സ്വർഗ്ഗത്തിലെ പിതാവിന്റെ ഭവനത്തിലേക്കു തന്നെ കൂട്ടിക്കൊണ്ടുപോകുവാൻ വന്ന സ്വർഗ്ഗീയ മാലാഖമാരോട്, "ഇതാ ഞാൻ റെഡി, താല്ക്കാലിക ഭവനമേ സമാധാനം" എന്നു പറയുമ്പോലെ അദ്ദേഹം ശാന്തനായി കിടന്നു.

സമയം രാവിലെ 10.45

മരണം ആദാമിൽ തുടങ്ങി അതിന്റെ ഗതി മശിഹാ തമ്പുരാൻ വരെയെ നീണ്ടുള്ളു. യേശുക്രിസ്തു മരണത്തിന്റെ അധികാരത്തെ ഇല്ലാതാക്കി. പാപത്തിന്റെ വിഷപ്പല്ലിനെ പറിച്ചു കളഞ്ഞു. പുനരുത്ഥാനത്താൽ മരണം ഇല്ലാതെയായി. പാപം മരിക്കുന്നു. സാത്താൻ തോല്ക്കുന്നു. നീതിമാന്മാർക്കു സന്തോഷം ഉണ്ടായി. അവരോടൊപ്പം മണവാളനോടു കൂടെ മണവറയിൽ പ്രവേശിക്കുന്നതിന് മക്കാറിയോസ് തിരുമേനി തന്റെ ദീപം കത്തിച്ചു. മഹത്വത്തിന്റെ നിലയങ്കി ധരിച്ചു.

തിരുമേനി കണ്ണു തുറക്കുന്നു. കഴിഞ്ഞ ദിവസങ്ങളിലെല്ലാം അടഞ്ഞു കിടന്നിരുന്ന ആ കണ്ണുകൾ തുറന്ന് ചുറ്റും നിന്നവരിലേക്കു സ്നേഹപൂർവ്വം ദൃഷ്ടികൾ പതിപ്പിച്ചു. എന്നിട്ട് ശാന്തമായി അവ അടച്ചു, നിത്യമായി.

എന്റെ സഹോദരന്മാരെ ഞാൻ എവിടെ ആകുന്നുവെന്നും നാളെ എവിടെ ആകുമെന്നും ഓർപ്പിൻ. ഇന്നു വരെ ഞാൻ മെത്രാപ്പോലീത്താ ആയി സിംഹാസനത്തിൽ ഇരുന്നു സംസാരിച്ചു. നാളെ കബറിനുള്ളിൽ നിശ്ശബ്ദനായിരിക്കും. ദിവസംതോറും നിങ്ങളും ഇതോർത്തുകൊള്ളുവിൻ.

എന്റെ സഹോദരന്മാരെ! ധനവും സൗന്ദര്യവും അധികാരവും എല്ലാം കടന്നു പോകുന്നുവെന്നും അവയെല്ലാം അശേഷം നശിച്ചുപോകുന്നുവെന്നും നിങ്ങൾ എന്നെ നോക്കി പഠിപ്പിൻ. അധികാരം അഴിഞ്ഞുപോകാത്തവൻ ഒരുവൻ മാത്രം. അതു ഉടയതമ്പുരാൻ മാത്രം.

എന്റെ സഹോദരന്മാരെ! മരണം കലർന്നിരിക്കുന്നതും അതിനെ കുടിക്കുന്നവരെ മത്തുപിടിപ്പിക്കുന്നതുമായ ഈ കാസാ എത്രയോ അധികം കയ്പു നിറഞ്ഞതാകുന്നു. മരണത്തിന്റെ സ്ഥാനാപതി അടുത്തുവന്ന് എന്നെ അവനോടു കൂടെ വേഗത്തിൽ കൂട്ടിക്കൊണ്ടുപോകുന്നതിന് ധൃതി കൂട്ടി. എന്റെ ജനങ്ങളെ കാണുന്നതിന് എന്നെ അനുവദിക്കണമേ എന്നു ഞാൻ അവനോടു അപേക്ഷിച്ചു. അവൻ എന്റെ അപേക്ഷയെ കേൾക്കുകയോ അപേക്ഷ സ്വീകരിക്കുകയോ ചെയ്തില്ല.

തിരുമേനി കണ്ണു തുറന്ന് ചുറ്റും നിന്നവരെ ദാഹത്തോടെ നോക്കി. എന്നിട്ട് ആ കണ്ണുകൾ അടച്ചു നിത്യമായി. ഒരു പൂവ് വാടി വീഴുംപോലെ ഒരു വശത്തേക്ക് തല അല്പം ചരിഞ്ഞു. ആ ആത്മപതംഗം ഉടയവന്റെ പക്കലേക്കു ചിറകടിച്ചു പറന്നുപോയി. വാനവസേനകളുടെ ഹാലേലുയ്യാ ഗീതത്തിന്റെ നേർത്ത അലകൾ ആ മുറിയിൽ നിന്നു ഉയർന്നുകേട്ടു. റമ്പാച്ചൻ, വാങ്ങിപ്പോയ ആചാര്യന്മാർക്കു വേണ്ടിയുള്ള "ചാർത്തും നീതിയെ നിന്നാചാര്യന്മാരും" എന്ന സങ്കീർത്തനം ചൊല്ലിയപ്പോൾ തിരുമേനി കാലം ചെയ്തുവെന്നു മുറിയിൽ കൂടി നിന്നവർ തിരിച്ചറിഞ്ഞു. ഒരു കൂട്ടക്കരച്ചിലും പിന്നീടു തേങ്ങലുകളും വിങ്ങിപ്പൊട്ടിക്കരച്ചിലുകളുമായി മുറി നിറഞ്ഞു നിന്നു. റമ്പാച്ചനും വറുഗീസ് മാത്യൂ അച്ചന്റെ കൊച്ചമ്മയും ചേർന്ന് തിരുമേനിയുടെ വായ് അല്പനേരം അടച്ചുപിടിച്ചു നിന്നു. ആ വായ് പിന്നീട് കെട്ടാതെ തന്നെ അടഞ്ഞ നിലയിൽ മരവിച്ചു നിന്നു.

തിരുമേനി അവരോട് സംസാരിച്ചു, "എന്റെ വാത്സല്യമുള്ളവരേ! നിങ്ങൾ എന്തിനു അകലെ നിൽക്കുന്നു? എന്റെ അടുക്കൽ വന്ന് എനിക്കു സമാധാനം തന്ന് എനിക്കു വേണ്ടി പ്രാർത്ഥിക്കയും നെടുവീർപ്പോടുകൂടി എന്നെക്കുറിച്ചു വിലപിക്കയും ചെയ്‌വിൻ. എന്തുകൊണ്ടെന്നാൽ ഇതാ ഇന്ന് മരണം പാതാളത്തിന്റെ വാതുക്കൽ വച്ച് എന്നെ അടിച്ചു വീഴ്ത്തിയിരിക്കുന്നു. മരണദൂതർ എന്റെ പിന്നാലെ വന്നപ്പോൾ ഞാൻ എല്ലാ ഭാഗത്തേക്കും സൂക്ഷിച്ചു നോക്കി. സഹായിക്കുന്നവനെ ഞാൻ കണ്ടില്ല. സൃഷ്ടികളുടെ രക്ഷകനായ മിശിഹാ രാജാവ് എന്നെ കൂട്ടിക്കൊണ്ടു വരുവാൻ ദൂതനെ അയച്ചിരിക്കയാൽ ഞാനിതാ പോകുന്നു.

ലോകവും അതിലെ നിവാസികളുമേ! സമാധാനത്തോടെ വസിപ്പിൻ. എന്തുകൊണ്ടെന്നാൽ താല്ക്കാലിക ജീവിതത്തെ ആഗ്രഹിക്കുന്നവന് ലോകം യാതൊരു പ്രയോജനവും നൽകുന്നില്ല. ഇതാ നിങ്ങളിൽ നിന്ന് എന്നെ കൂട്ടിക്കൊണ്ടു പോകുന്നു. ഞാൻ പോയി സകല രഹസ്യങ്ങളുടെയും ന്യായാധിപന്റെ മുമ്പിൽ കണക്കു കൊടുക്കട്ടെ."

തിരുമേനിയെ വെള്ളക്കുപ്പായവും മസ്നപ്സായും ധരിപ്പിച്ചു. അപ്പോഴേക്കും ന്യൂകാസിൽ നിവാസികൾ കൂട്ടം കൂട്ടമായി ഹോസ്പിറ്റലിലേക്കു വന്നുകൊണ്ടിരുന്നു. ഞെട്ടറ്റുവീണ ആ മനോജ്ഞ കുസുമത്തെ ഒരു നോക്കു കാണുവാൻ ജനങ്ങൾ തിരക്കു കൂട്ടി. അപ്പോഴേക്കും ആശുപത്രി അധികൃതർ ആ ഭൗതിക ശരീരം ആശുപത്രി മോർച്ചറിയിലേക്കു മാറ്റി.

പരിശുദ്ധനായ പരുമല തിരുമേനി മരണത്തെക്കണ്ടത് ഒരു ദൈവിക ശിക്ഷയായിട്ടാണ്. "Death is a divine way of punishing."

വിശുദ്ധനായ ഐറേനിയസ് മരണത്തെക്കുറിച്ച് എഴുതി, "Though death, the temperory separation of body and soul, there is a clean sing of passions - a death to sin - a preparation for eternal death."

ഭാരത ഭക്തകവി തുളസിദാസ് പാടി, "നീ ജനിച്ചപ്പോൾ നീ കരഞ്ഞു, അന്നു മറ്റുള്ളവർ ചിരിച്ചു. ഇതാ ഇന്നു നീ മരിക്കുമ്പോൾ നീ ചിരിക്കുന്നു. ഞങ്ങൾ കരഞ്ഞോട്ടെ."

ഡോ. ഇസ്സഡ്. എം. മുഴൂർ എഴുതിയ ഒരു സംഭവകഥ ഈയിടെ വായിക്കാനിടയായി. "വർഷങ്ങൾക്കു മുമ്പുള്ള ഒരു സംഭവമാണ്. 1976-ൽ ആണെന്നാണ് ഓർമ്മ. ബാംഗ്ലൂരിൽ ഞാൻ താമസിച്ചു കൊണ്ടിരുന്നപ്പോൾ കേരളത്തിൽ നിന്ന് എന്റെ നാട്ടുകാരായ കുറെ ആളുകൾ വിനോദയാത്രയ്ക്കായി ബാംഗ്ലൂരിൽ എത്തി. ആതിഥേയൻ എന്ന നിലയ്ക്ക് അവരുടെ ടീമിനെ ഞാൻ പല സ്ഥലത്തും കാണിക്കാൻ കൊണ്ടുപോയി. കാന്തിർവാ സ്റ്റേഡിയം കണ്ടു കഴിഞ്ഞ് കുറെ സമയം ആളുകൾ വിശ്രമിക്കയായിരുന്നു. പെട്ടെന്നു അടുത്ത സ്ഥലത്തേക്കു പോകാൻ എല്ലാവരും വണ്ടിയിൽ കയറി. പക്ഷേ ഒരാളില്ല. 'അയാൾ എവിടെ പോയി.' എല്ലാവരും അന്വേഷണമായി. മിക്കവരും പുറത്തിറങ്ങി. അയാളെ കണ്ടുപിടിക്കാൻ ശ്രമിച്ചു. അവസാനം കുറച്ച് അകലെ അയാൾ നിൽക്കുന്നതു കണ്ടു. ആ മനുഷ്യൻ നിന്നിരുന്നത് ഒരു ശ്മശാനത്തിലായിരുന്നു. 'താങ്കൾ എന്താണവിടെ ഒറ്റയ്ക്കു നില്ക്കുന്നത്?' ഞങ്ങൾ അയാളോടു ചോദിച്ചു.

വാസ്തവത്തിൽ താൻ ടൂറിലാണെന്നു പോലും അയാൾ മറന്നിരുന്നു. വേറൊരു ലോകത്തിലാണയാൾ. അവിടെ ഒരു ശവകുടീരത്തിൽ കുറിച്ചിട്ടിരുന്ന ഒരു ഇംഗ്ലീഷ് പദ്യശകലം അയാൾ കുറിച്ചെടുക്കുകയായിരുന്നു. ശവക്കല്ലറയുടെ മുമ്പിൽ ആലേഖനം ചെയ്തിരുന്ന വാക്യം ഇങ്ങനെ ആയിരുന്നു.

"Remember, man as you pass by
As you are now, so once was I
As I am now, so you shall be
Remember me and follow me."

"മനുഷ്യാ നീ കടന്നുപോകുന്ന വേളയിൽ ഓർമ്മിക്കുക. നീ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ ആയിരുന്നു ഞാനും. എനിക്കിപ്പോഴുള്ള അവസ്ഥ താമസിയാതെ നിനക്കും വന്നുചേരും. ഇതു മനസ്സിൽ കരുതി എന്റെ പിന്നാലെ നടന്നുവരിക."

നാം ആയിരം വട്ടം കേട്ടിട്ടുള്ള കാര്യങ്ങൾ തന്നെ. ഒരു പുതുമയും അവകാശപ്പെടാനില്ല. ഇങ്ങനെ ഉള്ളതോ ഇതിനേക്കാൾ മികച്ചതോ ആയ എഫിറ്റാഫുകൾ ഏതു ശ്മശാനത്തിൽ ചെന്നാലും കാണാൻ കഴിയും. പക്ഷേ എന്റെ സുഹൃത്തിനെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക നിമിഷത്തിൽ ഒരു വെളിപാടുപോലെ ആയിരുന്നു അത്. അതുകൊണ്ടാണ് സർവ്വതും മറന്ന് അവിടെ ഇരുന്ന് ആ വാക്യം ഡയറിയിൽ കുറിക്കുവാൻ ഒരുമ്പെട്ടത്.

മരണം എല്ലാ മനുഷ്യരേയും തുല്യരാക്കുന്നു. പണ്ഡിതനായ ഡയോജനസ് ഒരു ശ്മശാനത്തിൽ അസ്ഥിക്കൂമ്പാരത്തിന്റെ സമീപം എന്തോ ആലോചിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. അപ്പോഴാണ് മഹാനായ അലക്സാണ്ടർ ചക്രവർത്തി കുതിരപ്പുറത്ത് ആ വഴി കടന്നുവന്നത്. ആ പണ്ഡിതനെ കണ്ട് ചക്രവർത്തി കുതിരയെ നിർത്തി ചോദിച്ചു. "താങ്കൾ എന്താണ് ഈ സെമിത്തേരിയിൽ അന്വേഷിക്കുന്നത്?" "അങ്ങയുടെ പിതാവിന്റെ അസ്ഥിയും അദ്ദേഹത്തിന്റെ അടിമകളുടെ അസ്ഥികളും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ എന്ന് ഞാൻ പരിശോധിക്കുകയായിരുന്നു." ഇതായിരുന്നു ദാർശനികന്റെ ഉത്തരം.

രാജാവും പ്രഭുവും, പണ്ഡിതനും പാമരനും മെത്രാപ്പോലീത്തായും വിശ്വാസിയും സംശയലേശമെന്യേ തുല്യരാകുന്നതു മരണത്തിലാണ്. ഈ ലോകത്തിൽ മനുഷ്യരെ അലട്ടുന്ന എല്ലാ മോഹങ്ങളും അവസാനിക്കുന്ന ആദ്ധ്യാത്മ വിദ്യാലയമാണു മരണം.

അലക്സാന്ത്രിയായിലെ മഹാനും വിശുദ്ധനുമായ അത്താനാസ്യോസ് ഒരിക്കൽ മരണത്തെക്കുറിച്ചു പറഞ്ഞു. "Resurrection of the body is a monument of victory over death" (മരണത്തെ ജയിച്ചതിന്റെ സ്മാരകമാണ് ശരീരത്തിന്റെ ഉയിർപ്പ്).

ജോൺ ക്രിസോസ്റ്റം എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസിന്റെ അഭിപ്രായവും വേറൊന്നായിരുന്നില്ല. "Death is a swallowed up in victory by Christ, He not only disarmed death and vanquish it, but destroyed it."

നമ്മുടെ കർത്താവ് അരുളിച്ചെയ്തതു, "സത്യമായിട്ട് ഞാൻ നിങ്ങളോടു പറയുന്നു. മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കുകയും ചെയ്യുന്ന നാഴിക വരുന്നു; അതിപ്പോൾ തന്നെയും ആകുന്നു" എന്നാണ്.

ഉയിർപ്പിന്റെ പ്രത്യാശയോടു കൂടെ ഈ ലോകം വിട്ട മക്കാറിയോസ് തിരുമേനിക്ക് മരണാനന്തരം എവിടേക്കാണു പോകുന്നതെന്ന അറിവ് നന്നായിട്ട് ഉണ്ടായിരുന്നു. യേശുക്രിസ്തുവിനു താൻ എവിടെ നിന്നു വന്നുവെന്നും, താൻ പോകുന്നതു തന്റെ പിതാവിന്റെ അടുത്തേക്കാണെന്നും നല്ല ഉറപ്പുണ്ടായിരുന്നു. സന്തോഷത്തോടെ മരണത്തെ വരിച്ച മക്കാറിയോസ് തിരുമേനി ആരായിരുന്നുവെന്നും എവിടേക്കാണു ഇന്നു യാത്ര പുറപ്പെട്ടിരിക്കുന്നതെന്നും നന്നായി അറിയാവുന്ന ആളായിരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ ചിന്തിച്ചതുപോലെ മക്കാറിയോസ് തന്റെ മരണത്തെ "തുറമുഖം വിട്ടുപോകുന്ന ഒരു കപ്പൽ" പോലെയാണു കണ്ടത്. അദ്ദേഹത്തിന്റെ ആ യാത്രയ്ക്കു വ്യക്തമായ ദിശാബോധം ഉണ്ടാ

യിരുന്നു. കപ്പൽ ചെന്നു ചേരുന്ന ലക്ഷ്യത്തെക്കുറിച്ചു നല്ല ഉറപ്പും അദ്ദേഹത്തിനുണ്ടായിരുന്നു.

ശ്ലീഹാ തന്റെ അടുത്തു വരുന്ന മരണത്തെ നോക്കിപ്പറഞ്ഞു, "എന്റെ ഭൂമിയിലെ ഈ കൂടാരം പൊളിഞ്ഞു പോകുന്ന ദിനം സമാഗതമാകുന്നു." ഭൂമിയിലെ ശരീരം പൊളിഞ്ഞുപോകുന്ന കൂടാരമാണെങ്കിൽ സ്വർഗ്ഗത്തിൽ തനിക്കു സ്ഥിരമായ ഒരു വാസസ്ഥലം ഉണ്ടെന്നുള്ള ഉറപ്പായിരുന്നു ശ്ലീഹായുടെ കൈമുതൽ.

മരണത്തിലൂടെ കടന്ന് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു വെളിപാടു പുസ്തകത്തിൽ ആളുകളുടെ പേടിസ്വപ്നമായ മരണത്തെ പുനർ നിർവചിക്കുന്നത് ഇങ്ങനെയാണ്. "ഭയപ്പെടേണ്ടാ, ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്."

തിരുമേനിക്കു വേണ്ടി ന്യൂകാസിൽ ആംഗ്ലിക്കൻ ദേവാലയത്തിൽ ഏബ്രഹാം തോമസ് അച്ചൻ പ്രത്യേക കുർബാന അർപ്പിച്ചതിൽ റമ്പാച്ചനും, ഹാപ്പി അച്ചനും ജനങ്ങളും സംബന്ധിച്ചു. തിരുമേനിയുടെ ഭൗതികശരീരം ലണ്ടനിലേക്കു കൊണ്ടുപോകുന്നതിനു മുമ്പ് മോർച്ചറിയിൽ നിന്നും എടുത്ത് ന്യൂകാസിലിൽ ജനങ്ങൾക്കു കാണുന്നതിന് സൗകര്യം ഒരുക്കാമെന്ന് ജനങ്ങൾക്ക് വാക്കു കൊടുത്തു.

ഇതിനോടകം തിരുമേനി കാലം ചെയ്ത വിവരം ദേവലോകത്തും അയിരൂരെ വീട്ടിലും എല്ലാം വിളിച്ചറിയിച്ചിരുന്നു. കബറടക്കത്തെക്കുറിച്ചു സുന്നഹദോസ് ഉടൻതന്നെ സമ്മേളിച്ച് വിവരങ്ങൾ അറിയിക്കാമെന്ന് ബാവാ തിരുമേനി അറിയിച്ചു.

ഫെബ്രു. 24-ാം തീയതി ക്നാനായക്കാരിയുടെ ഞായറാഴ്ച കുർബ്ബാനയ്ക്കു ശേഷം 12.15-ന് മൃതദേഹം മോർച്ചറിയിൽ നിന്ന് എടുത്തു. റമ്പാച്ചൻ, ഫാ. യേശുദാസ് കോർഎപ്പിസ്ക്കോപ്പാ എന്നിവരുടെ നേതൃത്വത്തിൽ പ്രാർത്ഥനകൾ നടത്തിക്കൊണ്ടിരിക്കവെ പത്തു പേർ വീതമടങ്ങുന്ന ബാച്ചുകളിലായി ന്യൂകാസിൽ, സുന്ദർലാൻഡു നിവാസികൾ ക്യൂവിൽ പ്രത്യേക മുറിയിൽ പ്രവേശിച്ച് തിരുമേനിയുടെ കൈ മുത്തി പിരിയുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തു.

അതിനുശേഷം പ്രധാന ശുശ്രൂഷകൾ ലണ്ടൻ പള്ളിയിൽ നടത്തുന്നതിനുള്ള തീരുമാനം അനുസരിച്ച് തിരുമേനിയുടെ മൃതദേഹം അണ്ടർടേക്കേഴ്സ് ഏറ്റെടുത്തു. സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് സിംഹാസനത്തിൽ ഇരുത്തി.

അന്നു വൈകിട്ട് സുന്ദർലാൻഡു നിവാസികൾ മോൺസിയുടെ വസതിയിൽ നടത്തിയ അനുസ്മരണാ പ്രാർത്ഥനയിൽ റമ്പാച്ചൻ സംബന്ധിച്ചു. അന്നു തന്നെ ഡർഹാം കത്തീഡ്രലിൽ പോയി പ്രാർത്ഥിച്ച ശേഷം പിറവം ജോയിയുടെ ഭവനം സന്ദർശിച്ച ശേഷമാണ് പ്രാർത്ഥനായോഗത്തിൽ റമ്പാച്ചൻ എത്തിയത്. പ്രാർത്ഥനയ്ക്കു ശേഷം സുന്ദർലാൻഡിൽ ബാബുവിന്റെ വീട്ടിൽ റമ്പാച്ചൻ താമസിച്ചു.

നിനച്ചിരിയാത്ത സമയത്ത് ന്യൂകാസിലിലെ മണ്ണിൽ പൊലിഞ്ഞു വീണ ആ മനോജ്ഞ പുഷ്പത്തെ ഓർത്ത് അവർ കണ്ണീർ വാർത്തു. ഒരാൾ വില്യം ഷേക്സ്പിയറിന്റെ വാക്കുകൾ കടമെടുത്തു കൊണ്ടു പറഞ്ഞു, "The nature willl stand up and say, 'Here is the MAN." നൂറു ശതമാനം മനുഷ്യത്വം നിറഞ്ഞു നിന്ന യഥാർത്ഥ മനുഷ്യൻ ഇതാ. ന്യൂകാസിലിലെ പ്രകൃതി എഴുന്നേറ്റു നിന്നു പറയുന്നു; ഇതാ ഇവിടെ ഒരു യഥാർത്ഥ മനുഷ്യൻ.

വിശുദ്ധിയുടെ ഹെർമ്മോനിലും, ഔന്നിത്യത്തിന്റെ കർമ്മേലിലും ദൈവസാന്നിദ്ധ്യത്തിന്റെ താബോറിലും ജീവിച്ചിരുന്നതുകൊണ്ടാണ് രോഗക്കിടക്കയിലും മരണത്തിന്റെ താഴ്വരയിലും പരിഭവങ്ങളില്ലാതെ സംതൃപ്തിയോടെയാണ് അദ്ദേഹം മരണത്തെ വരിച്ചത്.

"എപ്പോഴോ എവിടെയോ നിനക്കു തിരുമനസ്സാകുന്നപ്രകാരം മാത്രം നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ പാദാന്തികത്തിൽ എന്നെയും ചേർത്തു കൊള്ളണമെ" എന്നു വി. കുർബ്ബാന ചൊല്ലുമ്പോൾ എത്രയോ തവണ തിരുമേനി പ്രാർത്ഥിച്ചിട്ടുണ്ടാവും.

അസ്തമന സൂര്യൻ ചോദിച്ചു, "ഞാൻ പോകുന്നു, ആരുണ്ട് ഈ സ്ഥാനം ഏറ്റെടുക്കാൻ?"

മിന്നാമിനുങ്ങു പറഞ്ഞു, "ഭവാൻ പോയാലും, ഞാൻ ആ സ്ഥാനം ഏറ്റുകൊള്ളാം." മക്കാറിയോസ് തിരുമേനിയുടെ ചോദ്യത്തിനു എത്ര പേർക്കു മിന്നാമിനുങ്ങിന്റെ മറുപടി പറയാനാവും?

ജോസഫ് ബെയ്ലി എന്ന സുപ്രസിദ്ധ എഴുത്തുകാരൻ പറയുന്നത്, "മരണം" എന്നു പറയുന്നത് മറ്റൊരു ലോകത്തിലേക്കുള്ള 'ജനനം' കൂടി ആണെന്നാണ്. അദ്ദേഹം ഉദാഹരണമായി പറയുന്നു. "ജനന സമയത്തെക്കുറിച്ചു നവജാതശിശുവിന് ഓർമ്മയുണ്ടെങ്കിൽ അതു പറയുമായിരുന്നത് ഭയങ്കര പേടി, സന്തോഷത്തിനു വഴി മാറിയതിനെക്കുറിച്ചായിരിക്കും. അമ്മയുടെ വയറ്റിൽ സുഖമായി കഴിയുന്ന ശിശു പ്രസവ സമയത്തു അജ്ഞാതമായ ഒരു ലോകത്തേക്ക് പൊടുന്നനെ തള്ളി വിടപ്പെടുകയാണ്. ഇരുളടഞ്ഞ ഒരു തുരങ്കത്തിലൂടെ ഇടവിട്ട് ആവർത്തി

ക്കുന്ന ഒരു വേദനയുടെ ചുഴിയിൽപ്പെട്ട് അതു മെല്ലെ മുന്നോട്ടു നീങ്ങുന്നു. ഒടുവിൽ കണ്ണിൽ തുളച്ചു കയറുന്ന അസഹ്യമായ പ്രകാശത്തിലേക്കു ഒരു നിലവിളിയോടെ, അത് വാർന്നു വീഴുകയാണ്. അത്ഭുതം! ഒരു ജനനമാണു നടന്നിരിക്കുന്നത്. നവജാതശിശുവും അമ്മയും വേദനയുടെ പിന്നിട്ട നിമിഷങ്ങളെ ഓർക്കുന്നില്ല. വേദന ആഹ്ലാദത്തിനു വഴി മാറിയിരിക്കുന്നു.

ജനനത്തെപ്പോലെ മരണത്തിലും ഇതു തന്നെയാണു സംഭവിക്കുന്നതെന്നു ബെയ്‌ലി വിശദീകരിക്കുന്നു. മരിക്കുമ്പോൾ ഇരുളടഞ്ഞ ഒരു തുരങ്കത്തിലൂടെ വേദനയുടെ അകമ്പടിയോടെ അജ്ഞാതമായ ഒരു സ്ഥലത്തേക്ക് നാം പോവുകയാണ്. അതിന്റെ അന്ത്യത്തിൽ വിശ്വാസി ആഹ്ലാദത്തിന്റെ പ്രകാശ ലോകത്തേക്കു പിറന്നു വീഴുകയാണ്. ഇവിടെ മരിക്കുന്നു, അവിടെ ജനിക്കുന്നു. സത്യത്തിൽ മരണം ഒരു ജനനം തന്നെയല്ലേ? മരണത്തെക്കുറിച്ച് സംസാരിച്ചപ്പോൾ യേശുക്രിസ്തു ഉപയോഗിച്ച ഉപമ കുഞ്ഞിനെ നൊന്തു പ്രസവിക്കുന്ന അമ്മ കുഞ്ഞിന്റെ മുഖം കാണുമ്പോൾ ആനന്ദഭരിതയാകുന്നു എന്നതാണെന്നു ശ്രദ്ധിക്കുക. ഒരു ക്രിസ്തുവിശ്വാസിയുടെ മരണം പുതുലോകത്തേക്കുള്ള ആഹ്ലാദപൂർവ്വമായ പ്രവേശനമാണെന്നതിലേക്കല്ലേ ഇതു വിരൽ ചൂണ്ടുന്നത്?

വി. സഭയുടെ പുനരുത്ഥാന വിശ്വാസം ഭാവിയെക്കുറിച്ച് ഉറപ്പും പ്രത്യാശയും നൽകുന്നതാണ്. മരണത്തെ ഭയം കൂടാതെ അഭിമുഖീകരിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്നു.

ക്രീമിയൻ യുദ്ധത്തിൽ വെടിയേറ്റ ഒരു പടയാളി ഇഴഞ്ഞിഴഞ്ഞ് ടെന്റു വരെ എത്തി. പിന്നീട് അയാളെ കാണുന്നത് മുഖം കമഴ്ന്നു കിടക്കുന്നതാണ്. സമീപത്തു ഒരു തുറന്ന ബൈബിൾ. രക്തം പുരണ്ട ഒരു പേജിലാണ് അയാളുടെ കരങ്ങൾ. അതിന്റെ താളുകൾ രക്തം ഒഴുകുന്ന വിരലുകൾ കൊണ്ട് മറച്ചിരുന്നതായി മനസ്സിലാകും. ഒരു കരമിരുന്നത് രക്തം പുരണ്ട ഒരു പേജിലാണ്.

ആ കരം ഉയർത്തിയപ്പോൾ അതിനു താഴെയുള്ള വരികൾ വായിക്കാമായിരുന്നു. "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും."

ഈ സംഭവത്തെപ്പറ്റി ഡി. എൽ. മൂഡി എഴുതി: "മരണത്തിൽപ്പോലും ആശ്വാസവും പ്രത്യാശയും നൽകുവാൻ കഴിയുന്ന അത്തരത്തിലുള്ള ഒരു മതമാണ് എനിക്കാവശ്യം."

മരണത്തിന്റെ ഭയവിഹ്വലതയെ അതിജീവിക്കാൻ സഹായിക്കുന്നത് പുനരുത്ഥാന വിശ്വാസമാണ്. സർ വാൾട്ടർ റാലി ഇംഗ്ലണ്ടിലെ രാജാ

വായ ജയിംസ് ഒന്നാമന്റെ അപ്രതീക്ഷ പാത്രീഭൂതനായി ശിരഛേദന ത്തിനു വിധിക്കപ്പെട്ടു. അദ്ദേഹം മരിക്കുന്നതിന്റെ തലേ രാത്രിയിൽ തന്റെ ബൈബിൾ നിവർത്തി ഇങ്ങനെ എഴുതി; ഈ മണ്ണിൽ നിന്ന്, ഈ കുഴി മാടത്തിൽ നിന്ന്, ഈ ഭൂമിയിൽ നിന്ന് എന്റെ ദൈവം എന്നെ ഉയിർത്തെ ഴുന്നേല്പിക്കും." ധൈര്യചിത്തനായി മരണത്തെ അഭിമുഖീകരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത് ഈ വലിയ പ്രത്യാശ ആയിരുന്നു.

മക്കാറിയോസ് തിരുമേനിയുടെ ജീവിതത്തിന് അർത്ഥവും പ്രസ ക്തിയും ഉത്ഘാടനം ചെയ്ത വ്യാഖ്യാതാവായിരുന്നു ഈ മരണം. ജീവി തത്തിന്റെ ഒരു അവിഭാജ്യഘടകമായ മരണത്തെ തിരുമേനി വരിച്ചിരി ക്കുന്നു. ആത്മാവും ശരീരവും തമ്മിലുള്ള ഒരു താൽക്കാലിക വേർപാട് മാത്രമാണിത്. മരണത്തോടു കൂടി തിരുമേനിയുടെ ജീവിതം അവസാ നിക്കുകയോ നശിക്കുകയോ ചെയ്യുകയല്ല. ഒരു പുത്തൻ രൂപത്തിൽ ഇന്നു മുതൽ ഒരു പുതുജീവൻ ഇതാ തിരുമേനി പ്രാപിച്ചു കഴിഞ്ഞു. ഒരു പുതു ജീവിതത്തിന്റെ ജന്മദിനമാണ് ഇന്ന്. മുമ്പ് മേയ് 26-നു തിരുമേനി യുടെ ജന്മദിനം ആഘോഷിച്ചിരുന്നെങ്കിൽ അത് ഈ ലോകത്തിലേതു മാത്രമായിരുന്നു. എന്നാൽ ഇന്നു മുതൽ അദ്ദേഹത്തിന്റെ പുതിയ ജന്മ ദിനം ഫെബ്രുവരി 23 ആയിരിക്കുന്നു. പുതിയ ലോകത്തിലെ ജന്മദിന മാണ് ഇന്ന്. പൊടി പഴയതു പോലെ ഭൂമിയിലേക്കു തിരികെച്ചേരും. ആത്മാവു അതിനെ നൽകിയ ദൈവത്തിങ്കലേക്കും മടങ്ങുന്നു.

പരിമിതികളുടെയും പരാജയങ്ങളുടെയും ജീവിതത്തിൽ നിന്നു സ്വസ്ഥതയുടെയും സ്വാതന്ത്ര്യത്തിന്റെയും പുത്തൻ അവസ്ഥയിലേക്കും കടക്കുകയാണ്. വേദശാസ്ത്ര പാരംഗതനായ വി. പൗലോസ് ശ്ലീഹായെ പ്പോലെ മാർ മക്കാറിയോസിനും ഈ മരണം വിശ്രമവും ക്രിസ്തുവി നോടുള്ള പുനരൈക്യവുമാണ്.

തോമ്മസ് എ. കെമ്പിസ് തന്റെ സുപ്രസിദ്ധ പുസ്തകമായ ക്രിസ്താ നുകരണത്തിൽ പറയുന്നു. "പ്രിയപ്പെട്ടവനേ! നിനക്കു കഴിവുള്ളതെല്ലാം ഇപ്പോൾ ചെയ്തുകൊള്ളുക. നീ സന്ധ്യ വരെ ജീവിക്കയില്ലെന്ന് രാവിലെ ചിന്തിക്കുക. സന്ധ്യ ആകുമ്പോൾ പ്രഭാതം കാണുമെന്നും നിന യ്ക്കേണ്ടാ. എപ്പോൾ മരിക്കുമെന്ന് നിനക്കറിഞ്ഞു കൂടാ. നിന്റെ മരണ ശേഷം ആത്മാവ് ഭാഗ്യപൂർവ്വം ആത്മനാഥന്റെ പക്കലേക്ക് കടന്നു ചെല്ലു ന്നതിനു നിന്റെ അനുദിന പ്രാർത്ഥനകളും നെടുവീർപ്പുകളും കണ്ണു നീരോടെ അങ്ങോട്ടു തിരിച്ചുകൊള്ളുക."

ഇന്ത്യയുടെ സ്നേഹിതനായി വളരെക്കാലം ഭാരതത്തിൽ ജീവിച്ച ശേഷം മടങ്ങിപ്പോയ ഡോ. ഫിഷറുടെ യാത്രയയപ്പു യോഗത്തിൽ ഭാരത മഹാകവി രവീന്ദ്രനാഥ ടോഗോർ പറഞ്ഞ വാചകങ്ങൾ ഇതാണ്. "അങ്ങ്

ഇവിടെ നിന്നും പിരിഞ്ഞുപോകുമ്പോൾ ഞങ്ങളുടെ മണ്ണിൽ ഞങ്ങൾ കണ്ടത് അങ്ങയുടെ കാലടികളല്ല, പിന്നെയോ ദൈവത്തിന്റെ കാലടികളാണ്."

മക്കാറിയോസ് തിരുമേനി! അങ്ങ് ഞങ്ങളെ വിട്ടുപിരിയുമ്പോൾ മലങ്കരസഭയുടെ മക്കൾ കണ്ടത് അങ്ങയുടെ കാലടികളല്ല, ദൈവത്തിന്റെ കാലടികളാണ്. അങ്ങയുടെ ശബ്ദമല്ല ഞങ്ങൾ കേട്ടത്. അങ്ങയുടെ ശബ്ദത്തിൽ ദൈവത്തിന്റെ ശബ്ദമാണ് ഞങ്ങൾ കേട്ടത്.

സ്നേഹത്തിന്റെയും ശാന്തിയുടെയും വെളിച്ചം പകർന്ന ക്രിസ്തുവിനെ ലോകം കൊന്നെങ്കിലും ആ ദീപം അണഞ്ഞു പോയില്ല. മാർ മക്കാറിയോസിന്റെ ഭൗതികശരീരം നമ്മിൽ നിന്നു മറയുമ്പോഴും അദ്ദേഹം ഉയർത്തിപ്പിടിച്ച ആദർശദീപം പൊലിയുകയില്ല.

മാർ മക്കാറിയോസിന്റെ ദേഹവിയോഗം ഫ്ളാഷ് ന്യൂസിലൂടെ ഇംഗ്ലണ്ടിൽ നിന്നും കേരളത്തിൽ എത്തി.

Flash News from England

HG Mar Makarios is called to eternal rest. With profound grief and sorrow London Parish of the Indian Orthodox Church informs that our diocesan metropolitan, beloved bishop H.G Dr.Thomas Mar Makarios has entered into eternal rest.

His Grace departed to heavenly abode at 11 AM(GMT) in Newcastle General hospital most graciously after doing his bounden duty. As a priest, and especially as a hierarch, Metropolitan Makarios was distinguished for his ecclesiastical ethos, his work ethic, his adherence to the fundamentals of liturgical life, his commitment to the Orthodox Faith and the traditions of St. Thomas Heritage.

His personality and God given charisma is not easily replaceable. Indian Orthodox Church owe an immense lot to his personality and spiritual leadership. He was a great gift from God to the Church. A light is gone from the Malanakra Church. He was a shining beacon. I was an ardent admirer of him in Christ.

He was the first Bishop of the Diocese of USA, which he served with utmost love and commitment, leaving a shining legacy as a pious hierarch. Beloved by thousands of Indian Orthodox faithful, he will be remembered with everlasting gratitude as a model of benevolence, kindness and reconciliation.

Courtesy of St. Gregorios Church, UK

We express our deep sorrow on the passing away of Thirumeni. May His soul be with God.

- Moderators, ICON

LAST ONE HOUR OF H.G. MAR MAKARIOSE METROPOLITAN

I was there with Makariose Thirumeny along with his brother Remban Fr Lazarus, coordinator of Indian Orthodox Churches in U.K. Fr Abraham Thomas, Vicar of Orthodox church in Sunderland Fr Happy Jacob, vicar of our Birmingham Church Fr Varughese John and a number of our men and women for about three hours prior to Thirumeny's death. We were told in advance that every thing possible to save his life was done during the past seven weeks, and nothing more could be done. In fact Thirumeny had excellent medical care in England. His injuries due to the accident were very severe, and his age of 82 was against his recovery. Thirumeny had a private room. We were given permission to say our prayers as per our culture and customs. We gathered around his bedside. We said our prayers, read relevant readings from Holy Bible, and sang sacred hymns. At about 09.50AM the ventilator was switched off. He had his last breath at about 10.50AM. The timing of his death coincided with the death anniversary of his role model Saint Vattasseril Thirumeny. He used to attend the death anniversary celebrations of Vattasseril Thirumeny for many years and today his soul must have gone to Kottayam to be there. Thirumeny had no pain or sufferings after his admission to the hospital.

We are now making arrangements for the transfer of his holy remains to Kottayam for final burial. This may take over one week as we have to overcome various formalities. All the official announcements on this matter we be released from one single resource from our Church headquarters in Devalokam to avoid any confusion.

DR. M. S. ALEXANDER, LEEDS, ENGLAND

Condolence!

Condolence on the untimely demise of H.G. Dr. Thomas Mar Makarios Metropolitan! Dear all, The untimely demise of our beloved H.G. Makarios Thirumeni was the shocking news to all of us, which was an anticipated news but could only receive it with utmost sadness. H.G. Makarios Thirumeni's 43 plus years life in the United States could be written in golden letters in the history of the American Diocese. Thirumeni's sweat and blood are the deep, colorful grains in the fabric of the American Diocese. I had the privilege to work very closely with Thirumeni since 1970 especially at the

time of the inception of this Diocese. Those who worked with him know the pain and hardships and the orthodox barrenness of this land in the early stages of this diocese, a time when we had no recognized orthodox church in this void land, traveled to different parts of this great land, established churches, Thirumeni or the Achens had no remuneration, lived on meager means. H.G. Makarios Thirumeni kept a pair of his vestments in our humble home which was quite often his abode on his visits to New York, for so many years. H. G. Makarios Thrumeni was a strong warrior of Orthodox Christian faith ,traditions and St. Thomas heritage, a spiritual lion of our Church, a person of dedication and strong will, a fearless fighter, a great orator, a person of wits and jokes who could turn any serious stage into laughter, his great name could only be remembered with love, compassion, vigor, enthusiasm, spiritual fervour and what not... 'Aacharyesa Masiha! kooda-sakalarppichoree- Sreshtaachaaryannekuka punnyam,- Nadha! sthothram.' On behalf of the Clergy Association of the American Diocese, as its Secretary, my heart-felt condolence ! May the departed great soul of our boloved H.G. Makarios Thirumeni rest in peace!

Very Rev. Dr. Yohannan Sankarathil Cor-Episcopa (Clergy Association Secretary & Managing Committee member)

മാർ മക്കാറിയോസിന്റെ ദേഹവിയോഗം സംബന്ധിച്ച് ദിദിമോസ് ബാവാ പള്ളികൾക്കയച്ച കല്പനയുടെ പൂർണ്ണരൂപവും മലങ്കരസഭാ മാസികയിലെ മഹാപുരോഹിത സന്ദേശം എന്ന കത്തും ചുവടെ ചേർക്കുന്നു.

Kalpana from HH Catholicos about Mar Makarios

No. 63/2008

In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him)

Moran Mar Baselios Marthoma Didymus I Catholicos of the East and Malankara Metropolitan enthroned on the apostolic throne of St. Thomas

(Seal)

Apostolic Blessings to the Vicars of all our parishes, clergy of the region, trustees of the churches and all others together!

Beloved in the Lord,

We write this letter with great sorrow and heart-ache. We need not tell you that the demise of His Grace Dr. Thomas Mar Makarios, Metropolitan

of the Canada-U.K.- Europe Diocese and one of the senior bishops of our Church is painful for all of us. The commendable pastoral ministry which Fr. K. C. Thomas, who was sent to the capital city of India with the bountiful blessings of the late lamented Catholicos, His Holiness Baselios Geevarghese II, rendered outside Kerala is truly unforgettable. The leadership he provided resulting in the unprecedented development that we see in the Dioceses of Delhi and Bombay today is worthy of attention. After his tenure as the first Metropolitan of the Bombay Diocese, he assumed the role of our first prelate in charge of the American Diocese and strove hard for the harmony and spiritual sustenance of the children of our Church there. For some time, Mar Makarios also served commendably as the Assistant to the Malankara Metropolitan. It was while rendering praiseworthy leadership and in the course of his service as the first Metropolitan of the Canada-U.K.-Europe Diocese that this tragedy.

His ability to face problems with equanimity and creativity was astounding. Mar Makarios had an extraordinary capacity to act befittingly in tense and uncertain situations and influence people with his glib tongue and rare sense of humour. He took special care to maintain his personal contacts and relationships. He was also a noted scholar in church history. Let us praise our Almighty Father for gifting us with this revered father who was a multifaceted genius. The Holy Church shall always cherish his memory. May this departed father be able to offer mediation for us all before our Almighty Father from his new heavenly abode along with the holy angels and our blessed forefathers.

Beloved children, you know that His Grace Dr. Thomas Mar Makarios was looking after the administration of the Canada-U.K.-Europe Diocese as its Metropolitan. With his demise, that post has fallen vacant.

Therefore, in accordance with the provision in clause No. 95 of the Constitution of the Malankara Orthodox Syrian Church, you are all hereby informed that we have taken over the administration of the Diocese of Canada- UK-Europe in our capacity as Malankara Metropolitan.

Also we hereby instruct that prayers with incense be offered in honour of the departed Metropolitan in all our churches this the coming Sunday (2nd March 2008) during the course of the Holy Qurbana.

You must all pray for his continued stay in the heavenly Jerusalem and eternal bliss in the company of the Saints and Angels.

May the Grace and Blessing of the Almighty God abide in you forever. And may the prayers of the Mother of our God, the Holy Virgin Mary, St.

Thomas, Apostle of India, our Holy Fathers Mar Gregorios and Mar Dionysius, and all our Holy Fathers and Mothers be a stronghold for us. Amen.

Our Father who is in Heaven...

Catholicate Aramana Baselios Marthoma Didymus I (signed)

Devalokam, Kottayam-38
24th February 2008.

മലങ്കരസഭാ മാസികയിലെ പ. ബാവായുടെ കത്ത്

വാത്സല്യ മക്കളേ,

നിങ്ങളുടെ ഏവരുടെയും ക്ഷേമം ചോദിച്ചുകൊണ്ട് മൂന്ന് പ്രധാന വിഷയങ്ങൾ നാം നിങ്ങളെ അറിയിക്കുകയാണ്. ഒന്നാമത്തേത്, നാം ഇപ്പോൾ കടന്നുപോകുന്ന ജീവിതാനുഭവത്തെക്കുറിച്ചാണ്. പുത്രനാം ദൈവത്തിന്റെ കഷ്ടാനുഭവത്തിലും മരണത്തിലും ഉയിർപ്പിലും പങ്കാളികളാകുവാൻ പ. നോമ്പിന്റെയും ഉപവാസത്തിന്റെയും അനുഭവത്തിലൂടെയാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ക്രിസ്തുവിന്റെ ശരീരപ്രകാരമുള്ള മരണവും കബറടക്കവും ഉയിർപ്പുമൊക്കെ നമ്മുടെ സത്യവിശ്വാസ ജീവിതത്തിന്റെ അടിസ്ഥാന ഘടകങ്ങളാണെന്ന് നിങ്ങളേവരും ഓർക്കണം. പൗലൂസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നതുപോലെ ക്രിസ്തു ഉയിർത്തില്ലെങ്കിൽ നമ്മുടെ പ്രസംഗവും വിശ്വാസവും വ്യർത്ഥമായി മാറും (1 കൊരി. 15:14). സാത്താനെയും മരണത്തെയും തോല്പിച്ച നമ്മുടെ കർത്താവിൽ പ്രത്യാശ വച്ച് തിന്മയോട് പോരാടി ജീവിക്കുവാൻ ഈ കാലഘട്ടം നമ്മോടാവശ്യപ്പെടുന്നു.

സകല സൃഷ്ടികൾക്കും മുമ്പ് സ്ഥിതി ചെയ്യുന്ന വചനമാം ദൈവം മനുഷ്യാവതാരത്തിലൂടെ ആരംഭിച്ച രക്ഷാകാര ദൗത്യത്തിന്റെ പൂർത്തീകരണമായിരുന്നു അവിടുത്തെ ഉത്ഥാനം. നിരാശയുടെ മൂടുപടത്താൽ ആവരണം ചെയ്യപ്പെട്ട മനുഷ്യവർഗ്ഗത്തിന് പ്രത്യാശയുടെ പൊൻകിരണം വീശിയ മഹാസംഭവമായി ക്രിസ്തുവിന്റെ ഉത്ഥാനത്തെ വിശ്വാസികൾ ദർശിക്കണം. നിർദ്ധനരും നിരക്ഷരുമായ മുക്കുവരാൽ തുടക്കം കുറിക്കപ്പെട്ട ക്രൈസ്തവസഭ ഇന്നും ലോകം മുഴുവൻ പടർന്നു പന്തലിച്ചു നിൽക്കുവാൻ തക്കവണ്ണം ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ സാക്ഷികളാകുവാൻ അവൻ നമ്മെ വിളിക്കുന്നു. ലോകത്തിന്റെ പ്രത്യാശയുടെയും നിരപ്പിന്റെയും സമാധാനത്തിന്റെയും ഉറവിടമായ ഉയിർപ്പു പെരുന്നാൾ ആശംസകൾ നാം നിങ്ങൾക്കേവർക്കും നൽകുന്നു.

രണ്ടാമത്, നമുക്കേവർക്കും പ്രിയങ്കരനും പിതാവുമായ ഡോ. തോമസ്

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗത്തിൽ നമുക്കുള്ള സങ്കടവും നഷ്ടബോധവും നാം നിങ്ങളോടറിയിക്കട്ടെ. മലങ്കര സഭയുടെ ആധുനിക ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കു വഹിച്ച അഭിവന്ദ്യ പിതാവിന്റെ വിയോഗം നമുക്കൊരു നഷ്ടം തന്നെയാണ്. സത്യത്തിന്റെയും ചരിത്രത്തിന്റെയും അന്വേഷി എന്ന നിലയിൽ തിളങ്ങിയ പിതാവിന്റെ പാശ്ചാത്യലോകത്തിലെ സാന്നിദ്ധ്യവും പരിശുദ്ധ സഭയുടെ സ്വതന്ത്രമായ നിലനിൽപിനുവേണ്ടി അദ്ദേഹം നൽകിയ സംഭാവനകളും വിലമതിക്കാനാവാത്തതാണ്. കഴിഞ്ഞ എൺപതു വർഷം നീണ്ടുനിന്ന നശ്വരജീവിതത്തിനു പരിസമാപ്തി കുറിക്കുമ്പോൾ അനശ്വരതയിൽ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഒരു പിതാവു കൂടി ചേർക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം നമ്മുടെ പ്രത്യാശ വർദ്ധിപ്പിക്കുന്നു. വന്ദ്യ പിതാവിന്റെ ആത്മശാന്തിക്കു വേണ്ടി നമുക്കേവർക്കും പ്രാർത്ഥിക്കാം. പിതാവിന്റെ മദ്ധ്യസ്ഥത നമുക്കേവർക്കും കോട്ടയായിരിക്കട്ടെ.

വീണ്ടും വാത്സല്യ മക്കളേ,

ആലുവാ തൃക്കുന്നത്തു സെമിനാരി മലങ്കരസഭയുടെ അങ്കമാലി മെത്രാസന കേന്ദ്രമാണ്. എന്നാൽ വിഘടിതർ നടത്തുന്ന കയ്യേറ്റങ്ങൾക്കും കടന്നാക്രമണങ്ങൾക്കും നിയമവിരുദ്ധമായി സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന ഒത്താശകളും ഈ വിഷയത്തിൽ മാധ്യമങ്ങൾ പുറപ്പെടുവിക്കുന്ന അസത്യ പ്രസ്താവനകളും വിശ്വാസികളുടെ ഇടയിൽ ധാരാളം ചിന്താക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്. അതിനൊരു അറുതി വരുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ലക്കത്തിൽ തൃക്കുന്നത്തു സെമിനാരിയെ സംബന്ധിച്ച് പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശ്വാസികൾ ഏവരും അവ ശരിയായി വായിച്ച് മനസ്സിലാക്കുകയും സത്യത്തിനു വേണ്ടി നിലകൊള്ളുകയും ചെയ്യണമെന്ന് നാം സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. തിന്മയുടെ വ്യാപനം നമ്മുടെ സമൂഹത്തിലെ ഒരു യാഥാർത്ഥ്യമാണെങ്കിലും നമ്മുടെ കർത്താവിന്റെ ഉത്ഥാനം പോലെ ആത്യന്തികമായി നന്മയും സത്യവും ജയിക്കുമെന്ന തത്വത്തിൽ ഏവരും പ്രത്യാശ വയ്ക്കുക.

ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ!

(മലങ്കരസഭ, മാർച്ച് 2008)

അദ്ധ്യായം 42

ലോകം ദുഃഖിക്കുന്നു

ഡോ. തോമസ് മാർ മക്കാറിയോസിന്റെ ദേഹവിയോഗത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ലഭിച്ച അനുശോചന സന്ദേശങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു:

Our Venerable Bishop Mor Makarios

I came to know Makarios Thirumeni in 1974 through his book, “Marthomma Simhaasanam Oru Noothana Srustiyo?” I was then a very zealous activist in the patriarchal faction. Arguing against, I wrote and sent a letter to his Detroit address.

From 2002 had close contacts with Mor Makarios Thirumeni. One day he called and asked me to conduct services at St Gregorious Center, NY for 5 Sundays (leave vacancy) and I agreed. Then we met on numerous occasions, participated in Moonninmel, marriage, and funeral services.Indeed, it was always a pleasure to be with him. He discussed how to conduct liturgy with participating priests and even sought our opinions. He congratulated and introduced the clergies to the audience and thanked us for participating, etc. When we were in the room we could discuss any matter without fear or reservation; I suggested many changes in the church, such as enhanced role for women, married bishops, canonical privileges of Corepisopos, St. Thomas Day celebration of December 18-21, etc, thirumeni always gave a patient hearing, a promising look and laugh and fitting repartees.

What comes to mind most when I think of Mor Makarios is the picture of Chacha Nehru playing with kids. One day after a long service in St Mary's cathedral, we sat around the dinner table. About 15 kids surrounded thirumeni, some sat on his lap, one on right leg and another on the left, one pulled him from the back another from the side; they were all rushing to catch his attention and hug him. I watched the commotion gleefully for some time. Thirumeni was in very happy and smiling, received kisses and hugs from all of them. He told me, "I get many kisses." Yes, he was children's thirumeni, a favorite of all kids and I consider that quality a great but rare embellishment. I have never seen him angry. His company was worth cherishing.

In his passing away, we lost a great bishop, historian, theologian and

above all a loving father. He always captivated his audience with wits. He had a rare skill to make others laugh. I always applauded his gifted voice, flawless rhythm and relaxed demeanor in conducting the services in an immaculate style. His exalted qualities far outweigh his failures, if any. American Diocese shall never forget its founding father. Our parish had the most intimate relationship with thirumeni; he cared us so much and blessed us with his presence whenever so needed and kept our parish going despite troubles at times. In the spiritual sense, we console that we have one more advocate to plead for our frailties to our Lord. Our duty as his spiritual children is to keep his memory alive; it is biblical. "Remember those who have spoken the word of God, whose faith follow, considering the outcome of their conduct," Heb 13:7. Poetic version of this verse is; "Kurbone bazlavotho or Naam deivasuthanmaarayidtuvaan." As for him, scripture says, "Go your way till the end and you shall rest and stand for your reward at the end of the days," Dan 12:13. May his soul rest in peace.

- Rev. Fr. K. K John, Philadelphia

Condolence to HG Dr. Thomas Mar Makarios

The MGOCSM Diaspora Secretariat (MDS)-on behalf of the youth born and brought up in all the dioceses outside Kerala, would like to post its sorrow on this sad occasion. We now have one more saint in heaven around the throne of God to intercede on our behalf. This father knew what the new generation wanted and did try to implement some changes. Let us pray for such vision in future church leaders. With condolences to his children -and we are among them -who have lost an astute leader and a sagacious father.

- Rev. Fr. Philip Kuruvilla, Nagpur (Director, MDS, Nagpur, India)

Condolence to HG Dr. Thomas Mar Makarios

The sad demise of our Makarios Thirumeni was a great shock to us. He established the Sacramento Church 10 years back. He last visited our Church in the year 2006 and promised to come back soon. Thirumeni was the greatest leader of the Malankara Orthodox Church. In all critical situations of our Church he was at the front from the period of K C Thomas Achen to Bishop Makarios.

The vicar and members of the St. George Orthodox Church of India Sacramento, California express our deep sorrow on the passing away of our beloved Thirumeni. May His soul be with God.

- Fr. V. T. Thomas, (St George Orthodox Church Sacramento CA)

Condolence to HG Dr. Thomas Mar Makarios

He died Feb. 23 in a Newcastle, England, hospital, seven weeks after being injured in a traffic accident there. He was 81.

The bishop was a relentless promoter of the faith and was the first leader of the U.S. diocese of the church. He helped establish two of the three Indian Orthodox churches in Houston, St. Gregorios and St. Thomas. As U.S. bishop he made pastoral visits to the churches from his home in Buffalo, N.Y.

Makarios was ordained in 1952 and organized churches in New Delhi and other Indian cities. He studied in Europe and earned his master's degree in sacred theology from Virginia Theological Seminary and doctorate in theology from Union Theological Seminary in Richmond, Va.

Makarios taught church history at the Orthodox Theological Seminary in India before being elected bishop in 1975. Four years later, he was named to head the new U.S. diocese.

In 1994, he was appointed as the first metropolitan of the newly created diocese of Canada and Europe. He was returning from a parish visit in England and on his way to the airport when the accident occured.

For the past 25 years the bishop also taught religion at Alma College in Alma, Mich.

- Houston Chronicle

Fond Memories of H.G. Dr. Thomas Mar Makarios Metropolitan

When I remember H.G. Dr. Thomas Mar Makarios Metropolitan, the great scholar, Theologian, and Philosopher, with whom I have acquaintance from the early days of my younger brother (H.G. Geevarghese Mar Coorilose)'s studies at Orthodox Theological Seminary, Kottayam, an incident of Jan 1973 strikes my mind so soon. I had been to the Seminary to invite the Faculty members for my marriage to be held on 15th Jan 73. After meeting the most only I came to know about that Fr. Dr. K.C. Thomas there, who was in the US for quite a long time was also present. So I reached his room and informed the purpose of my visit. He blessed me and expressed his thanks for the invitation and conveyed his best wishes and felicitations in advance. In addition to all these, he said he will attend the marriage ceremony along with two monks who were on visit in Kerala, from a Monastery in USA, which claims their original priesthood from St. Gregorios of Parumala. In fact the Monks could not attend a marriage ceremony in Kerala until

then. On the day before my marriage Respected Fr and his guests were at Trivandrum and on 15th morning they started their journey in his car. When they reached Adur, the car got broken down. Hence they could not either reach in time or attend the function. This fact remains still as a matter of sorrow.

When the Holy Synod of our Church decided to re-organize the Dioceses, the parishes in UAE were amalgamated to the Bombay-USA Diocese, one of the best dioceses that existed in those days. It was a golden period for the parishes in UAE. When there were threats for the integrity of the Parishes in UAE, His Grace used to reach with and without our information. Geographical distance was not a barrier for His Grace's wise and brilliant pastoral missions. The decisions were so quick and effective. He was good enough to be like a lion to the evil minded and like a sheep to the soft and clean minded. He had fear of God and never feared anyone else. Once when Thirumeni offered a lunch reception to a group of local high officials including a Sheikh, the exemplary manner, wisdom were appreciated much by the guests.

When he explained the system of fasting that existed in our Church since long, it created tremendous impact on the listeners and still echoes in the ears of all including myself. The flow of language emerged from the bottom of the vast and deep knowledge qualified him to be the golden tongued. The attractive presentation of the truth in a very fantastic manner was a very rare and unique blessing of the Holy Father.

His Grace has visited UAE later also. When Fr. K.T. Thomas (the Present H.G. Thomas Mar Athanasius Metropolitan, Chengannur) was the vicar, we all went together to Al-Ain Congregation by road. Al-Ain is an oasis 147 kms away from Abu Dhabi. On the way I told about a chapter in H. Quran and explained that according to Islamic commentators, the same story was originally written by a Syrian Christian priest in the 4th century and it was added to their Holy book to teach that God is one and there is life after death. H.H. Moran Mar Baselios Geevarghese II, Catholicose, had translated a book on the 'History of the Martyrs' from Syriac into Malayalam in 1906 and the same story is there with the same heading "7 young men of the cave" Immediately His Grace commented "in fact I was short of topic to deliver a speech at Al Ain." His Grace was wise, efficient and blessed enough to crack jokes of high standards, ideal for each occasion.

We lost a great administrator, unique visionary, a great Church leader of very high caliber and high flying qualities, a great organizer. Thirumeni was very simple and was a decent Malayalee among Malayalees though he

spent more than 45 years in the US. He was first not only in the Church history and canons, but also in the Indian constitution. Let us pray for our most beloved and most respected Holy Father's rest in the laps of Abraham Isaac and Jacob. May His intercessions revive our Church and the entire world. In word and deed he was a first rate world citizen. Let us try to uphold his visions. May God bless us all.

- Jose Kurian Puliyeril, Abu Dhabi

The arragements to handle the mortal remains are in progress. Based on the information provided by our sources in London, the Funeral Directors will get the body of HG on Wednesday. HG Geevarghese Mar Coorilos is expected to arrive in London on Wednesday, the 27th. The public (including overseas visitors) will get the opportunity for viewing the body in London, but are urged to wait for details, which could be available by Monday evening.

- Moderators, ICON

The sad demise of our Mar Makarios Thirumeni was accepted with a heavy heart and deep sorrow. His accident in London and his ICU days there were followed with great pain as well as prayers. As he brought respect for the Malankara Orthodox Church in the Western world and in the international community, he gained respect, affection, and admiration from the followers of the Church. As the founding father of the North American Diocese of the Indian Orthodox Church, he has a left a lasting and very impressive image among the new generation. As he always encouraged us to take over the challenging tasks in our life, he himself took over the challenge of forming two diocese (the North-American Diocese and the Diocese of Canada and Europe) for the Church. He was very successful in all his endeavors. His accident, ICU days, and the sad demise came as he was doing his duty for which he was called upon by the Church and by God. Makarios Thirumeni embodies this quote by Hellen Keller, that “Character cannot be developed in case and quiet. Only through experiences of trial and suffering can the soul be strengthened, vision cleared, ambition inspired and success achieved.” Today, let’s pray for his soul, the Church, and the community as we have lost a true and passionate leader of our time.

- Zachariah Thomas (Managing Committe Member)

Condolence to HG Dr. Thomas Mar Makarios

The timing of H.G. Thomas Mar Makarios death wonderfully coincided with the death anniversary of our church illuminator, Saint Vattasseril

Thirumeny. Malankara Orthodox Church never would have existed without Saint Vattasseril Thirumeny. We can now remember and celebrate two thirumenies at the same time. No other thirumeny could influence Americans and convert them into becoming Malankara Orthodox Priests. When I talk to one of the American priests, they deeply admire his independence, intelligence, and his vision for the Mission society of St. Gregorios of India. I have partaken with him in Holy Qurbana in the altar and afterwards sat with him and spoke briefly regarding spiritual and physical matters in order to receive his wisdom and insight.

He has fought the good fight and kept the faith and there is a crown of righteousness awaiting him in heaven. Our heartfelt condolences and deepest sympathies goe to our beloved Thirumeny and may his soul rest in peace always.

- Shibu Podiyan & family, Washington, D.C.

Condolence to HG Dr. Thomas Mar Makarios

It was such a shock for so many of us. We all eagerly awaited the return of our beloved bishop H.G.Dr. Thomas Mar Makarios but almighty God has His plans in place.

On behalf of St.Gregorios Orthodox Cathedral, Hyderabad I express deep sorrow on the passing away of Thirumeni. May His soul be with God.

Let us pray together for Thirumeni.

- Rajiv Mathews, St.Gregorios Orthodox Cathedral, Hyderabad

Condolence to HG Dr. Thomas Mar Makarios

We the members of St. Stephen's Orthodox Church, Bergenfield, NJ, USA express our heartfelt condolences for our departed beloved Makarios thirumeni. Thirumeni used to be our chief celebrant during our perunal every year. We really missed him this year. He had the charismatic power to attract any audience irrespective of their age or social status through his great oratory skills. Our church lost a great teacher, preacher and communicator through his untimely departure. During the Condolence meeting today after the Holy Qurbana our Vicar Rev. Fr. Babu K. Mathew talked about his memorable experiences with thirumeni starting from 1973 when he was a student at Kottayam theological Seminary. Our Church Secretary Mr. Sunny Varghese read the official condolence message. Mr. K. G. Thomas, Mr. Jason Mathew, Mr. Roy P. Jacob, Mr. Sam David, Ms. Lincy Thomas and Timothy Mathew also spoke during the occasion. May Our Thirumeni's

Soul rests in peace. with prayers.

- Abey K. Tharian, St. Stephen's Church, Bergenfield, NJ, USA

Motion of Condolence

St. Paul's Orthodox Church, Longwood, Greater Orlando condoled over the sad demise of the first Metropolitan of the Diocese of America H.G. Dr. Thomas Mar Makarios in a meeting held immediately after the Holy Qurbana on Sunday 24th February 2008. Fr. Dr. Jacob Mathew spoke on the occasion. The Motion of Condolence was read out by Mr. Thomas George and was seconded by Mr. Joy Kuriakose. The meeting also observed a minute of silence as well in honor of the departed Metropolitan and prayed to God Almighty to grand him good remembrance and eternal joy in the abodes of the children of light.

- Rev. Fr. Mathew Jacob, Greater Orlando

HEARTFELT CONDOLENCE ON THE SAD DEMISE OF OUR MAKARIOS THIRUMENI.

MAY GOD ALMIGHTY REST HIM IN PEACE.

- K. T. Varghese, Ulavukkad, Nooranad

Makarios Thirumeni will be remembered in our lives for ever. He was the true shining light of our church (Done so many good things for our church; especially for the new generation). He was a loving Thirumeni; never got angry at anyone. He was our father, grand father, Great grand father and a friend.

Many of our children were blessed through baptisms, marriages, ordinations; it was very hard to realize that he was 81 years old. The last speech he did in our church was to the Sunday school students (November 2007), after the Holy Service, before his trip to London. He said a small story to the children "of being handsome." He said "You have to do good things in Christ, to become handsome." He was the most handsome Thirumeni.

We all thought, he will overcome. Since Saturday we felt his physical absence; this Sunday Service was very hard for us; The Holy service was attended with tears. In our church (NY, USA) we used to remember all three Thirumeni's in the First Thubden (for the living Spiritual Fathers). This Sunday we had to drop Makarios Thirumeni from the First Thubden. He is remembered in the fifth Thubden (for the departed Spiritual Fathers). It was very hard to accept the change. The Almighty God's will have to be done. We had a smiling picture of Thirumeni on our notice board. One of the

nursery Sunday school students came and asked, “Is this the picture of our Thirumeni in the heaven.” We told him “Yes it is.” Yes our shining light has entered in to Heaven. We are sure he is with the Prophets and Angels in Heaven; our prayers will be with our beloved Thirumeni.

Even though we all are sad on his demise; we are happy that, he entered into the Kingdom of God. As he says in the funeral services “it was his first birthday in the Heaven” Feb 23, 2008. He will be remembered along with Vattasseril Thirumeni.

Finally our sincere gratitude for the people of London (All the members, Achens). You were at Thirumeni’s bedside 24 hrs; giving regular updates, day and night (for the whole world). You are the real shepherds. May God bless you all.

- Benny Varghese, St. Gregorios Orthodox Church, Queens, (Elmont) New York, USA

I share Mr. Kappil’s memory of Makarios Thirumeni. He was indeed a great communicator who was able to get his message across the board irrespective of age and background. I had the opportunity to listen to him about 4 times during his visits to our church and each of his speeches were both light hearted and inspiring not only for the orthodox but also for people from other churches who heard him. He was very intelligent in his thought process and articulation of ideas. Our church and all who associated with him will miss a great personality and repository of knowledge. May his soul rest in peace with God.

With deep sorrow and sympathy for his family.

- Raji Johnson, Austin, Texas

Departure of the great personality

H.G. Mar Makarios entered in to the heavenly eternal life, it is a great loss for us but it is a physical loss only as H.G. born in the eternal life and the prayer of Thirumeni will be the asset of the Orthodox community.

Thirumeni lead the Church in many difficult situations without any rewards but H.G. will receive the award from the heaven. Praying for the peaceful eternal life for Thirumeni and May god bless us all.

- Charly V. Padanilam, Houston, TX.

It was with great pain and sadness I received the news of Makarios Thirumeni leaving us for his heavenly abode. My memories reach back to

the several meetings I had with Thirumeni when H.G. visited the churches in and around Dallas. As a regular dignitary at the FOKANA conventions, I met him at these venues. I can recount one event when H.G. came to my help. I was the chairman of Sahitya Sammelanam at the New Jersey FOKANA convention. On the second day morning, eminent writer from Kerala, N. S. Madhavan, was to address the atendees at the Sahitya Sammelanam. There was a delay in setting up the sound system. N. S. Madhavan said he will not speak till this happened. I was in a real embarassing situation as the attendees were getting restless about the delay in start of the function. H.G. who was sitting in the front row, came to my help. He started his speech without the help of a microphone and with his penchant to recite humor stories, he kept the listeners spell bound. Even after the sound system was set up and H.G. decided to leave, the audience was not letting him go. Such was H.G's God given talents to keep the listeners enthralled. In his passing away, Orthodox Church has lost a great personality and Malayalees in North America, U.K. and Europe a personal friend, a great thinker and speaker. FOKANA convention will be devoid of one more attraction and appeal, H.G. was the life of any gathering that he graced. There was no doubt H.G. was a voracious reader and kept himself informed of the happenings around us. Otherwise H.G. would not have been able to speak so well and take the audience to confidence. H.G. was one of the rare speakers who very wisely grabbed the pulse of audience. I wish H.G's soul a peaceful rest and join the millions of mourners the world over in the loss of a great soul.

- Abraham Thomas, Area Inspector, Dallas/Oklahoma Area

Makarios Thirumeni was the greatest Ambassador of our Church here in the US. In ecumenical circles and among the Kerala community in particular, he stood tall, as a spoke-person for our Church, and as a symbol of what a Bishop should be.

HG was a great communicator. His oratory was highly exceptional. Listening to him was a dream comes true. He was one of the greatest story tellers of our times. HG had high sense of humor. What's more significant was his unique ability to make jokes at the spur-of-the-moment. His jokes made the listeners think about his topic of speech.

HG valued the traditions and prayers. A few years ago, one of my friends, an Achen told me, "HG used to visit our theological seminary while I was a student. When he visits, he will lead our noon prayers and evening prayers. Even after living in America for so many years, he still can say all the prayers and sing all the songs without the help of any book." HG was a great teacher and a scholar in Church history.

One of the greatest assets of HG was his unique ability to communicate with youngsters. Those who have listened to HG will never say that sermons are boring. Children loved his presence. HG made them comfortable to open up their mind to share their hopes and concerns.

HG was a humble person. HG once spoke about one of his students who said, "I'am 19 years old, and I know what I'am doing." In his usual humorous tone Thirumeni replied, "I'am 81 years old, and still sometimes I don't know what I'am doing." HG was humble enough to say, "I'am a student of history" even though he was a scholar in history. HG treated others with utmost respect, and 'with malice toward none.' It's noteworthy that during his speeches he often said, "Friends, let me tell you..." Yes, we lost a great friend, teacher and a leader. But we can rejoice in the fact that HG is in paradise to plead for us. May his memory be eternal.

- Oommen Kappil, Philadelphia

Thirumeni's biography attributes early days of his spiritual influences and upliftment to some of the esteemed personalities of the church.

Armed with the spiritual warfare acquired genetically as well as from mentors and the intercessional support of church fathers, thirumeni steered through the hills and valleys of North America to expand the map of Indian Orthodox Church. His vibrant missionary zeal showed no sign of retirement as is evident from the works initiated for the plantings of Indian Orthodox Church across Europe.

Thirumeni discovered the huge scope of eastern spirituality in western soil. Simultaneously, thirumeni showed the courage to liberate orthodoxy from the clutches of narrow cultural constraints.

Mar Makarios is the first ambassador of Indian Orthodox Church to United States and later Europe and Canada. Half a century before, thirumeni hypothesized the growth of Indian Orthodox Church in North America and proved he was not wrong. The same foresight took him to the European continent later where he toiled till the last minute of his life. Thirumeni taught the church how to have a broader divine vision and practical outlook for the strategic resolution of conflicts.

Makarios thirumeni stands as a bridge between two cultures. His life as a bishop could be read as a long struggle to maintain harmony between orthodox philosophy and Protestantism embraced western culture. It is easy to imagine the initial years of hardship thirumeni would have had faced in U.S. The credit for the successful conquering of the tought terrains of an

alien culture (exactly the opposite to his parent culture) goes to his initial days of mentoring.

Thirumeni's personality reflected his statement - "it is rare to see multiple skills of spirituality and intelligence hybridized in one personality."

By Thirumeni's joining the array of saints, Indian Orthodox Church gets spiritually emboldened.

- Fr. Saji K. Mathew, Melbourne, Australia

Our heart felt and deepest condolence on the untimely demise of our Makarios Thirumeni. May God Almighty receive him and keep him safely under his Wings.

- Adv. Jacob Mammen, Banglore

Our deepest condolence on the death of Makarios Thirumeni. May God almighty receive him in his kingdom.

- M. K. John & Family, Mulamthanam, Pampady, Kottayam

Heartfelt condolence for our departed Spiritual Father, let us all pray for a blessed Funeral service. Our Church lost one more shepherd. This is the time for all of us to pray for our Malankara Orthodox Church wholeheartedy.

- Cherian Thundyil, Kozhenchery

H.G. Dr. Thomas Mar Makarios In Memoriam

H.G. Dr. Thomas Mar Makarios, the Metropolitan of the Canada - UK - Europe Diocese of the Malankara Orthodox Church passed away in New Castle, U.K, at 4:12 (1ST) on Saturday, February 23, 2008. Though aged 81, the Metropolitan kept good health until he met with an accident in New Castle on 6th January white returning after visiting the parish in Sunderland. (Incidentally, 6th January happens to be the Feast of Epiphany (Denaha), the day commemorating the baptism of Jesus Christ as also the death anniversary of his beloved mother. Again, notably, he succumbed to his injuries on 23rd February, the Feast Day of Saint Vattasseril Mar Dionysius, whom he hero-worshipped from his boyhood days and the 59th anniversary of his profession as a sub-deacon.) His mortal remains will be brought home to Kerala shortly and entombed at Devalokam Catholicate Aramana Chapel, Kottayam which is the headquarters of the Church.

K. C. Thomas whom his parents endearingly called Thankachen was bom on 26th May 1926. He was the eldest son of A. T. Chacko and Manamma Chacko, Kuttikandathil, Ayroor, Pathanamthitta District. After

his high school education, young Thomas served as a school teacher for a few years. His yearning passion was to join the Othara Dayara(Monastery), but he had to don the coat of a teacher to help his parents bnng up his five siblings. However, in 1947 he quit the teacher's job and joined the Ok) Seminary Kottayam. He was professed a deacon on 23rd February 1951 at the Old Seminary Chapel and was ordained priest in September 1952 at the Broadway St Thomas Cathedral, Madras. (Fr. K. C. Thomas was not the only contribution of his family to the ancient church in India. Two of his brothers are also priests - *Very. Rev.* Ramban Lazarus Cor-Episcopa and Very. Rev. K. C. Mathews Cor-Episcopa. And one of his sister's *is* a nun - Rev. Sr. Mariam of Bethany Convent. Fr. K.C. Thomas was posted to Delhi by His Grace Alexios Mar Theodosius, then Metropolitan of the outside Kerala Diocese. At that time there was only a small Orthodox parish in India's national capital city. The young priest stayed in a small room of the Delhi Y.M.C.A. and started his work. In addition to his priestly ministry, Fr. fhomas had to assist the lawyers in conducting the court cases related to the church which were being considered by the Supreme Court of India in those days. He played a great role in conducting the cases which eventually brought victory and glory to the Orthodox Church. In 1962, there was a meeting of the World Council of Churches (WCC) in Delhi. Fr. Thomas met Bishop Skafe, an Episcopal prelate from America during this meeting. It was this fortunate meeting which gave Fr. Thomas a chance to visit and eventually settle down in the United States. America gave him tremendous opportunities to study theology and Church history. He took his doctoral degree from Virginia University. At about this time, Fr. Dr. K. C. Thomas was invited to join the faculty at the Orthodox Seminary, Kottayam which he gladly accepted. Within a few years he got wide acclaim as a church historian and eloquent *speaker* at church rallies and meetings.

In 1974, the Malankara Association meeting held at Niranam elected Fr. Thomas as a bishop-nominee. Shortly along with *four* others he was consecrated Metropolitan with the name Dr. Thomas Mar Makarios. The new Metropolitan was initially put in charge of the Bombay Diocese. In course of time when dioceses were reorganized, he was shifted to the American Diocese and last of all, to the Canada-UK-europe diocese. He was a capable organizer and a gifted speaker. His Grace was endowed with a rare sense of humour. The youngsters in America and Europe who do not know their parent's mother tongue were electrified by His Grace's speeches in English studded with humorous anecdotes and biblical allusions.

Mar Makarios was a bishop with an international -cosmopolitan outlook.

His friends were innumerable, drawn from many religions and nationalities. Whenever he came down to Kerala , he made it a point to renew his ties with old friends and acquaintances. Celebrities such as Indira Gandhi and K. R, Narayanan knew him very closely. And he used all his connections in high places, not for his personal gain, but for the glory and victory of his church.

It *is* not a mere coincidence that H. G. Dr. Thomas Mar Makarios breathed his last on the feast day of Saint Vattasseril Mar Dionysius. Like his great hero, Mar Makarios also was ready to lay down his life to protect the *freedom* and rights of the church. In his demise, the Malankara Orthodox Church has lost a forerunner in the struggle to uphold the autocephaly and national identity of the most ancient apostolic church of St. Thomas in India. May the God Almighty grant him everlasting peace in his eternal abode.

- Prof Jacob Kurian Onattu

അദ്ധ്യായം 43

മധുരസ്മരണകൾ

മാർ മക്കാറിയോസിനെ വിവിധ കോണുകളിൽ നിന്നു മനസ്സിലാക്കിയ ഏതാനും വ്യക്തികളുടെ അനുസ്മരണങ്ങൾ.

മാർ മക്കാറിയോസ്: സുവർണ്ണ സൗഹൃദം

വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പ

മൂത്തവരിൽ ഇരുവരേയും ഇളയവരിൽ ഇളയവനേയും മലങ്കര സഭയ്ക്കു നഷ്ടപ്പെട്ട വർഷമാണ് കഴിഞ്ഞുപോയത്. മാർ തേവോദോസിയോസ്, മാർ മക്കാറിയോസ്, മാർ ദീവന്നാസ്യോസ് ഈ മൂവരുടേയും വേർപാടുകൾ സഭയെ സംബന്ധിച്ചിടത്തോളം നികത്താനാകാത്ത കനത്ത നഷ്ടമാണ്. മരണം മനുഷ്യജീവിതത്തിലെ സുനിശ്ചിതമായ ഒരു യാഥാർത്ഥ്യമാണ്. അതു അനിശ്ചിതമായി നീളുന്നുവെന്നതും സത്യം. എന്നാൽ തികച്ചും യാദൃച്ഛികവും, അപ്രതീക്ഷിതവുമായി സംഭവിക്കുന്ന വേർപാടുകൾ സൃഷ്ടിക്കുന്ന വേദനയുടെ ആഴം കൂട്ടുമെന്നതിൽ തെല്ലും സംശയമില്ല.

ഓർത്തഡോക്സ് സഭയിലെ "കൊച്ചുതിരുമേനിമാരുടെ" ഗണത്തിൽ വലിയവനായി വിളങ്ങിയ ഇളയവനും എളിയവനുമായിരുന്ന അഭി. ദിവന്നാസ്യോസ് തിരുമേനിയുടെ പിന്നാലെ വലിയവരിൽ വലിയവനായിരുന്ന അഭി. മക്കാറിയോസ് തിരുമേനിയേയും ദൈവം തന്റെ തിരുസന്നിധിയിലേക്ക് വിളിച്ചടുപ്പിച്ചു. സത്യത്തിൽ രണ്ടാമനില്ലാത്ത ഒന്നാമനായിരുന്ന മക്കാറിയോസ് മെത്രാപ്പോലീത്തായുടെ കർമ്മകാണ്ഡം പരപ്പാർന്നതായിരുന്നു. സഭയേയും, സമൂഹത്തേയും സംബന്ധിച്ച് തിരുമേനി നിർവ്യാജസ്നേഹത്തിന്റേയും നിസ്വാർത്ഥ സേവനത്തിന്റേയും വിളനിലമായിരുന്നു. സഭാചക്രവാളത്തിന്റെ രജതരേഖകൾ തെളിയിക്കുവാൻ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ വിലപ്പെട്ടതാണ്. മുതിർന്നവർക്കും, യുവാക്കൾക്കും, കുട്ടികൾക്കും തിരുമേനി ഒരുപോലെ പ്രിയങ്കരനായിരുന്നു. ആരേയും തന്നിലേക്ക് ആകർഷിക്കുവാൻ മതിയായ കാന്തശക്തിയുടെ ഉടമ. സൗഹാർദ്ദപരമായ പെരുമാറ്റ മര്യാദകൾ തിരുമേനിയിൽ വിളങ്ങിക്കണ്ട ഏറ്റവും വലിയ സവിശേഷതയായിരുന്നു. പ്രതികാരവും, അക്രമവുമില്ലാത്ത ശത്രുസ്നേഹം അനുരഞ്ജനത്തിലൂടെ പ്രാവർത്തികമാക്കുന്നതിൽ അദ്ദേഹം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ആദ്ധ്യാത്മിക മാർഗ്ഗത്തിലൂടെ മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രയോജനത്തിനുവേണ്ടി സാമൂഹിക വികസനം സാദ്ധ്യമാക്കുവാൻ കഴിയുമെന്ന് മെത്രാപ്പോലീത്താ വിശ്വസിച്ചിരുന്നു.

സ്വന്തം സഭയെ പെറ്റമ്മയെപ്പോലെ കരുതി അതിന്റെ കനകമതിലുകളെ ശക്തിയും വിശുദ്ധിയും ഉള്ളതാക്കുന്നതിന് അന്ത്യത്തോളം വിശ്രമമില്ലാതെ അദ്ദേഹം യത്നിച്ചു. അഗ്നിയിൽ സ്പുടപാകം ചെയ്തെടുത്ത തങ്കത്തകിടിന്റെ തിളക്കമുള്ള വ്യക്തിത്വത്തിന്റെ ഉടമയായ അദ്ദേഹം ജനഹൃദയങ്ങളിൽ ഒളിമങ്ങാതെ സജീവമായി കുടികൊള്ളും. അസാധാരണമായ വശീകരണശക്തിയിലൂടെ ഏതൊരു സദസ്സിനേയും തന്നിലേക്ക് ആകർഷിക്കുവാൻ തിരുമേനിക്ക് സാധിച്ചിരുന്നു. പ്രശ്നങ്ങളെ സമചിത്തതയോടെ അഭിമുഖീകരിക്കാനുള്ള അന്യാദൃശമായ ധീരത, അനുഗ്രഹീതമായ അദ്ധ്യാപന സാമർത്ഥ്യം എന്നീ കഴിവുകളാൽ അനുഗൃഹീതനായിരുന്നു അദ്ദേഹം.

തിരുമേനിയുടെ ശുഭാപ്തി വിശ്വാസം ഏറെ ശ്ലാഘനീയമാണ്. പല പ്രസംഗവേദികളിലും അദ്ദേഹത്തോടൊപ്പം ഞാനും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെപ്പോലെ സദസ്യരെ വശീകരിക്കുവാൻ കഴിവുള്ള ഏറെ പേരെ എനിക്കറിഞ്ഞു കൂടാ. കൊച്ചു കൊച്ചു വാക്യങ്ങൾ; ഒരു വാക്യം മറ്റൊന്നിലേയ്ക്കു നയിക്കുന്നു. മധുരമായ സ്വരം, സനാതനമായ സത്യങ്ങളും തത്വങ്ങളും ലളിതമായ ശൈലിയിൽ അവതരിപ്പിക്കപ്പെടുന്നു. പറഞ്ഞു പറഞ്ഞു നീങ്ങുമ്പോൾ മുല്ലമാലയിലെ പനിനീർപൂക്കളും, ചെരുനാരങ്ങകളും പോലെ കൊച്ചു കൊച്ചു കഥകൾ പ്രത്യക്ഷപ്പെടുന്നു. അവയിൽ ഒട്ടുമിക്കതും വി. ബൈബിളിൽ നിന്നും, ഐതിഹ്യങ്ങളിൽ നിന്നും, ഭാരത ചരിത്രത്തിൽ നിന്നും, സഭാചരിത്രത്തിൽ നിന്നും സർവ്വോപരി സ്വന്ത അനുഭവത്തിൽ നിന്നും തെരഞ്ഞെടുത്തവയായിരിക്കും. അവ കേൾവിക്കാരെ ഉണർത്തുന്നു. ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ആഞ്ഞുപതിക്കുന്നു. തിരുമേനിയുടെ നാവ് ഒരു ദിവ്യവരം തന്നെയായിരുന്നുവെന്ന് സാക്ഷിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എഴുപതുകളുടെ ആദ്യപകുതിയിൽ ആരംഭിച്ച സഭാപ്രശ്നങ്ങളെ തുടർന്ന് അങ്കമാലി ഭദ്രാസനത്തിൽ ബലഹീനനായ ഞാൻ അധ്യക്ഷനായി രൂപീകരിച്ച വിശ്വാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ വടക്കൻ പ്രദേശങ്ങളിൽ സംഘടിപ്പിക്കപ്പെട്ട അനേക വിശദീകരണ യോഗങ്ങളിൽ ക്ഷണം സ്വീകരിച്ച് കടന്നുവന്ന് പകർന്നുതന്ന പ്രചോദനം ഞങ്ങളുടെ ആത്മധൈര്യം വർദ്ധിപ്പിക്കുവാൻ ഏറെ സഹായിച്ചിട്ടുണ്ട്. സുദൃഢമായ ലക്ഷ്യബോധത്തോടെ അടിയുറച്ചു മുന്നേറുവാൻ അണികളെ സജ്ജമാക്കുന്ന ധീരനായ ഒരു നേതാവിന്റെ തേജോജ്ജ്വലമായ ചിത്രമാണ് അഭിവന്ദ്യ തിരുമേനിയെക്കുറിച്ച് ഓർക്കുമ്പോൾ മനസ്സിലുദിക്കുന്നത്. 1958-ലെ സഭാസമാധാന പുനഃസ്ഥാപനം ഉണർത്തിയ ഐക്യത്തിന്റെയും, സൗഹൃദത്തിന്റെയും അന്തസത്തക്കു കോട്ടംവരാതെ ഐക്യത്തിന്റെ ആത്മാവിൽ മുന്നേറേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു.

നീണ്ട 36 വർഷത്തെ എളിയ ശുശ്രൂഷകൾക്കു ശേഷം തൃക്കുന്നത്ത് സെമിനാരിയോട് വിടപറഞ്ഞ് ഏതാനും ദിവസങ്ങൾക്കുള്ളിൽ എന്നെ എന്റെ വീട്ടിലെത്തി തന്റെ ചുമതലയിലുള്ള കാനഡ, യൂറോപ്പ്, യു.കെ. ഭദ്രാസന ഭരണകാര്യങ്ങളിൽ അദ്ദേഹത്തിന്റെ സഹായിയായി അയോഗ്യനെങ്കിലും ബലഹീനനായ എന്നെ ക്ഷണിച്ച ആ വലിയ മനസ്സിന്റെ മുന്നിൽ ശിരസ്സ് നമിച്ചുകൊണ്ട് ആ ധന്യാത്മാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പാശ്ചാത്യലോകത്തെ പൗരസ്ത്യ പിതാവിന് വിട

ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഒരോർമ്മയായി. എട്ട് പതിറ്റാണ്ടുകൾ നീണ്ടുനിന്ന സംഭവബഹുലമായ ജീവിതത്തിന് പരിസമാപ്തി. മലങ്കരസഭയുടെ കാതോലിക്കേറ്റും ഭരണഘടനയും പരിരക്ഷിക്കുവാൻ ജാഗരൂകനായിരുന്ന വന്ദ്യപിതാവ് കാലം ചെയ്തത് സഭാസ്വാതന്ത്ര്യത്തിന്റെ കാവൽക്കാരനായിരുന്ന പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മദിനത്തിൽ. അരനൂറ്റാണ്ടിലധികം പാശ്ചാത്യലോകത്ത് മിന്നിതിളങ്ങിയ പിതാവ് മലങ്കരസഭയെ ഒരിക്കലും മറന്നിരുന്നില്ല. ചരിത്രബോധവും കാനോൻ പരിജ്ഞാനവും ദൈവശാസ്ത്ര അവബോധവും അവശ്യഘട്ടങ്ങളിൽ ഔചിത്യബോധത്തോടെ ഉപയോഗിച്ച തിരുമേനിയുടെ സ്മരണ നിസ്തുലമാണ്.

മികച്ച പ്രഭാഷകൻ എന്ന നിലയിൽ പ്രശോഭിച്ച വ്യക്തിത്വമാണ് മക്കാറിയോസ് തിരുമേനിയുടേത്. സന്ദർഭത്തിന്റെ ഗൗരവവും സാംഗത്യവും കണക്കിലെടുത്തുകൊണ്ട് പഴയ മൂല്യങ്ങളോട് പുത്തൻ ആശയങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ചേതോഹരമായ വാചാപ്രസംഗത്തിലൂടെ ശ്രോതാക്കളുടെ ഹൃദയം കവരുവാനുള്ള കഴിവ് തിരുമേനിയുടെ പ്രത്യേകതയായിരുന്നു. വചനപ്രഘോഷണത്തിന് പുതിയ മാനങ്ങൾ സംഭാവന ചെയ്യുവാൻ കഴിവില്ലാത്തവർ പലപ്പോഴും ഒഴിഞ്ഞ ഇരിപ്പിടങ്ങളോട് സംസാരിക്കുവാൻ നിർബന്ധിതരാകാറുണ്ട്. അഭിവന്ദ്യ തിരുമേനിക്ക് ശ്രോതാക്കളിൽ നിന്നും അങ്ങനെയൊരു അനുഭവം ഇതുവരെയും ഉണ്ടായിട്ടില്ല. നിരന്തരം കേട്ടവയാണെങ്കിൽ പോലും അദ്ദേഹത്തിന്റെ നാവിലൂടെ അതു ജീവനെടുത്തപ്പോൾ വീണ്ടും തിളക്കം വർദ്ധിച്ചിരുന്നു.

വൈദിക സംഘത്തിന് പൊതുവെ സിദ്ധിച്ചിട്ടില്ലാത്തതാണ് ചിരിക്കുവാനും ചിരിപ്പിക്കുവാനുമുള്ള കഴിവ്. പക്ഷേ അത്തരം സിദ്ധികളുടെ സമൃദ്ധി സ്വായത്തമാക്കിയ മാർ മക്കാറിയോസ് പിതാവ് ഭാരതത്തിലെ ചിരിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന എപ്പിസ്കോപ്പാമാരുടെ പട്ടികയിൽ തിളങ്ങി നിന്നിരുന്നു. ചിരിപ്പിക്കുവാനും ചിന്തിപ്പിച്ച് ആർദ്രചിത്തരാക്കുവാനും അഭി. പിതാവിന്റെ വചനശൈലിക്കു സാധിച്ചിരുന്നു.

ഒപ്പം വാക്കുകൾ ഉചിതമായിടത്തു ഉന്നംവച്ച് ഉറപ്പിച്ചു നിർത്തുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

ദേശകാല സീമകളെ അതിലംഘിച്ച അഗ്രഗണ്യനായിരുന്നു അഭിവന്ദ്യ തിരുമേനി. മലങ്കരസഭയുടെ ഇരുപതാം നൂറ്റാണ്ടിലെ ചരിത്രത്തിൽ ഇരുത്തം വന്ന ചിന്തയുടെയും ആഴമേറിയ ദൈവശാസ്ത്രദർശനത്തിന്റെയും കറപുരളാത്ത ചരിത്രത്തിന്റെയും ഉടമയാകുവാൻ അതുകൊണ്ടു തന്നെ തിരുമേനിക്കു സാധ്യമായി.

(മലങ്കരസഭ, മാർച്ച് 2008)

ചിരിപ്പിച്ചു ചിന്തിപ്പിക്കുന്ന മഹാപുരോഹിതൻ

ഫാ. ഡോ. ജോർജ്ജ് കോശി, അമേരിക്ക

"എന്നെക്കുറിച്ചു പലരും പലതും പറഞ്ഞിട്ടുണ്ട്. അവയിൽ ആരോപണങ്ങളുണ്ട്, അപവാദങ്ങളുമുണ്ട്, അനുമോദനങ്ങളുമുണ്ട്. എന്നാൽ ഇന്നുവരെ പ്രശംസയായിട്ടും പരാതിയായിട്ടും ഒരുത്തരും പറയാത്തതു ഒരേയൊരു കാര്യം മാത്രം. അതു ഞാൻ ഒരു പരിശുദ്ധനാണെന്നുള്ളതാണ്."

ന്യൂയോർക്ക് വെസ്റ്റ് ചെസ്റ്റർ (ന്യൂറേഷൻ) സെന്റ് ജോർജ് ഇടവകയുടെ പ്രധാന പെരുനാളിൽ വി. കുർബ്ബാന അർപ്പിച്ചതിനുശേഷം പ്രസംഗിക്കുകയായിരുന്നു അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. പ. ഗീവറുഗീസ് സഹദായുടെ പെരുന്നാളായിരുന്നതുകൊണ്ടു പ്രസംഗവിഷയം പ്രധാനമായും പരിശുദ്ധന്മാരായിരുന്നു. പ്രഭാഷണത്തിന്റെ പ്രാരംഭമായി പറഞ്ഞ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ആ സ്വയ വിമർശനത്തിൽ കേട്ടിരുന്നവർ കൂട്ടത്തോടെ ആർത്തട്ടഹസിച്ചു പൊട്ടിച്ചിരിച്ചു.

പ്രസിദ്ധ റോമൻ കത്തോലിക്കാ വേദശാസ്ത്രജ്ഞനായ ഹാൻസ് ക്യൂങ്ങിനോടു പോൾ ആറാമൻ മാർപാപ്പാ കാലംചെയ്തപ്പോൾ ഒരു പത്രപ്രതിനിധി അടുത്ത മാർപാപ്പാ എങ്ങനെയുള്ള ആളായിരിക്കണമെന്നു ആരാഞ്ഞതും അതിനു അദ്ദേഹം മനുഷ്യനായിരിക്കണം, ചിരിക്കാൻ കഴിവുള്ളവനായിരിക്കണമെന്നു കളിയും കാര്യവും കലർത്തി ഉത്തരം കൊടുത്തതും വായിച്ചറിവുണ്ട്. മാർപാപ്പായ്ക്കു മാത്രമല്ല, മഹാപുരോഹിതന്മാർക്കു പൊതുവെ വിധിച്ചിട്ടില്ലാത്ത വിശേഷണമാണെന്നു തോന്നുന്നു ചിരിക്കാനും ചിരിപ്പിക്കാനുമുള്ള കഴിവും വരവും. പക്ഷേ, ആ സിദ്ധികളുടെ സമൃദ്ധി സ്വായത്തമാക്കിയ മേൽപട്ടക്കാരനാണ് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. മാർത്തോമ്മാ സഭ

യിലെ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായു ടെയും കത്തോലിക്കാ സഭയിലെ കർദ്ദിനാൾ മാർ ആന്റണി പടിയറയു ടെയും പൊട്ടിച്ചിരിയുടെ കെട്ടുപൊട്ടിക്കുന്ന പ്രസംഗങ്ങൾ കേൾക്കുകയും പ്രഭാഷണങ്ങളിലെ ഫലിതങ്ങൾ പുസ്തകരൂപേണ പുറത്തിറങ്ങിയതു വായിക്കുകയും ചെയ്തിട്ടുള്ള ഈ ലേഖകനു തറപ്പിച്ചു പറയാനൊക്കും അവയോടൊപ്പമോ അവയേക്കാളുപരിയോ ചിരിപ്പിക്കുകയും ഒപ്പം ചിന്തി പ്പിക്കുകയും ചെയ്യുന്നതാണ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ചിറപൊട്ടി ഒഴുകുന്ന നർമ്മരസം തുള്ളിതുളുമ്പുന്ന ഫലിതങ്ങൾ. അവ ആരെങ്കിലും ശേഖരിച്ചു അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നെങ്കിൽ എന്നാ ഗ്രഹിച്ചു പോകുന്നു.

പരിശുദ്ധന്മാരെ കുറിച്ചുള്ള അദ്ദേഹത്തിന്റെ പള്ളി പ്രസംഗമാണല്ലോ തുടങ്ങി വച്ചത്. കൂട്ടച്ചിരിയോടെ ആരംഭിച്ച അതീവ ഹൃദ്യമായിരുന്ന ആ വചന ശുശ്രൂഷയ്ക്കു വിരാമമിട്ടപ്പോൾ പൊട്ടിക്കരയാത്തവർ വിരള മായിരിക്കണം. ആണും പെണ്ണും മലയാളം തിരിയാതെ പിള്ളകളും ഇംഗ്ലീഷ് അറിയാത്ത തള്ളകളും ഇരുഭാഷകളും ഇടകലർന്ന ആ പ്രസംഗ പ്രവാഹത്തിൽ ലയിച്ചിരുന്നു. അര മണിക്കൂർ നേരം നീണ്ടുനിന്ന ആ വചനസുധ പര്യവസാനിച്ചപ്പോൾ അരമാത്രനേരം മാത്രമായേ അനുഭ വപ്പെട്ടിരിക്കാൻ ഇടയുള്ളു. ഊണും ഉറക്കവും ഉപേക്ഷിച്ചു കടൽപ്പുറത്ത് കർത്താവിന്റെ 'ലാവണ്യ' വാക്കുകൾ ശ്രദ്ധിച്ചു ശ്രവിച്ചിരുന്ന പുരുഷാര ത്തെപ്പോലെ കേട്ടിരുന്ന ദൈവജനത്തിന്റെ ഉള്ളിൽ ഓജസുള്ള ആ വാക്കുകളുടെ ഒഴുക്കിനു ഒടുക്കമാകരുതെന്നുള്ള ആഗ്രഹമായിരിക്കണം. കവിത പാടിയും കഥ പറഞ്ഞും ആരാധനക്രമത്തിലെ ഭാഗങ്ങൾ ആരാ ധനയിലെപോലെ ചൊല്ലിയും ആദ്ധ്യാത്മിക മധുരോത്സവമാക്കി ഹരം പകരുന്നതിനു വേണ്ട ചേരുവകൾ നിറഞ്ഞ ആ തിരുവചന ശുശ്രൂഷ ഒരു ദിവ്യലഹരിയായി മാറി. സമർപ്പണത്തിന്റെയും സത്യവിശ്വാസത്തി ന്റെയും ബലിവേദിയിൽ ഹോമിക്കപ്പെട്ട പരിശുദ്ധ പിതാക്കന്മാരുടെ തിള ക്കമാർന്ന ജീവിതങ്ങളെ ശ്രവിച്ചിരുന്നവരിൽ വിതച്ചു വിളവെടുപ്പു നട ത്തി. ആ പൂജാപുഷ്പങ്ങളുടെ തീവ്രവേദനകളും തീരായാതനകളും സദസ്യരുടെ ദൃഷ്ടികൾക്കു മുമ്പിൽ ദൃശ്യമായി കണ്ണെടുക്കാതെ കാതു കൂർപ്പിച്ചു കേട്ടിരുന്ന പ്രസംഗം പര്യവസാനിച്ചപ്പോൾ പരിശുദ്ധരായി തീരു വാനുള്ള പ്രേരണയും പ്രചോദനവും പള്ളിയിലുണ്ടായിരുന്നവർക്കു സ്വന്തമായി. മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഒരേയൊരു പ്രസംഗത്തെക്കുറിച്ചുള്ള വിലയിരുത്തലാണത്. അദ്ദേഹത്തിന്റെ പ്രസം ഗങ്ങളെ കുറിച്ചു പൊതുവെ ഈ വിധത്തിൽ വിലമതിക്കാമെന്നു തോന്നു ന്നു. ഒന്നു കേട്ട പ്രസംഗങ്ങൾ ഒട്ടനവധി തവണ കേട്ടാലും പറഞ്ഞു പഴകിയ ഫലിതങ്ങൾ പലതവണ ശ്രവിച്ചാലും ആവർത്തനവിരസത

അനുഭവപ്പെടാറില്ല. മറിച്ചു നൂറ്റൊന്നു ആവർത്തിച്ച തൈലത്തിന്റെ മഹിമയും മേന്മയും ഗുണവും മണവും പോലെ ആകർഷകമാണ് അവ. ചിരിപ്പിക്കുവാനും ചിന്തിപ്പിച്ചു ആർദ്രചിത്തരാക്കുവാനും ആ വചനശൈലിക്കു കഴിയുന്നതോടൊപ്പം വാക്കുകൾ വേണ്ടിടത്തു ഉന്നംവച്ചു ഉറപ്പിക്കുന്നതിനു അദ്ദേഹം മറന്നെന്നൊ മാറിനിന്നെന്നൊ വരില്ല.

ആകർഷകമായ ആരാധന, അസാധാരണമായ വാഗ്വൈഭവം, വ്യക്തവും ശക്തവുമായ ശബ്ദം, ഏതു സദസ്സിലും ശോഭിക്കാൻ സാധിക്കുന്ന സവിശേഷസിദ്ധികൾ മഹാപുരോഹിതന്മാർക്കു പലർക്കും പൊതുവെ അന്യമല്ലാത്ത പ്രതാപപ്രകടനങ്ങളില്ലാത്ത പെരുമാറ്റം ആദിയായ ബഹുമുഖപ്രതിഭകളാൽ ധന്യനാണ് തിരുമേനി. എങ്കിലും അദ്ദേഹത്തിന്റെ സവിശേഷമായ താലന്തുകളും സുവിദിതമായ സിദ്ധികളും സഭയ്ക്കൊ സമൂഹത്തിനൊ വേണ്ടതുപോലെ പ്രയോജനപ്പെട്ടിരുന്നില്ല എന്നു ചിന്തിക്കുന്നവർ അനേകരുണ്ട്. ആ വക വിമർശനങ്ങൾ ഏറെയും ഉയരുന്നതു അദ്ദേഹത്തിന്റെ മഹാപുരോഹിത ശുശ്രൂഷയെ അനുബന്ധപ്പെടുത്തിയുമാണ്. അച്ചടക്കവും അനുസരണവും ആവശ്യത്തിനില്ലാത്ത ഒരു മെത്രാസനത്തിന്റെ സാരഥി ആകാനുള്ള ഭാഗ്യമൊ ദൗർഭാഗ്യമൊ അദ്ദേഹത്തിനുണ്ടായി. വാരം മുഴുവൻ നിറഞ്ഞുനിൽക്കേണ്ട വിരാമമില്ലാത്ത മഹാപുരോഹിത ശുശ്രൂഷ വാരാന്ത്യശുശ്രൂഷയിൽ ഏറെയും ഒതുങ്ങി നിൽക്കുന്നതായി. ആടുകളുടെയിടയിൽ ആടുകളോടൊത്തു കഴിയേണ്ട അജപാലശ്രേഷ്ഠൻ ആടുകളിൽനിന്നു അകന്നു ഒറ്റയ്ക്കും ഒറ്റപ്പെട്ടും കഴിയുന്നുവെന്നു ശത്രുക്കൾക്കു സന്തോഷത്തോടെ പഴിയും മിത്രങ്ങൾക്ക് സങ്കടത്തോടെ പരാതിയും പറയുവാനുള്ള അവസരം അദ്ദേഹം സൃഷ്ടിച്ചു. സ്വഭാവ ശ്രേഷ്ഠതയിലോ സഭാസ്നേഹത്തിലോ പേരോ പെരുമയോ അവകാശപ്പെടാനില്ലാത്തവരെന്നും സ്ഥാനസ്ഥാപിത താൽപര്യക്കാരെന്നും സാധാരണക്കാരായ സഭാംഗങ്ങൾ കരുതുന്ന ഒരു പിടി ആൾക്കാർ അദ്ദേഹത്തിന്റെ സഹായികളും സംരക്ഷകരും സന്ദേശവാഹകരുമായി അണിനിരന്നതു മൂലം അവരോടുള്ള അതൃപ്തിയും അസഹിഷ്ണുതയും അന്തിമമായി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ബന്ധിക്കുവാനും ബാധിക്കുവാനും ഇടയായി. തിരുമേനിയുടെ ഇടയശുശ്രൂഷ തഴച്ചുവളരുന്നതിനു തടയായി ഈ വക പല കാര്യങ്ങളും നിരത്തുന്നവരുണ്ട്. അടിസ്ഥാനമില്ലാത്ത സംഗതികൾക്ക് ഈ മഹാപുരോഹിതൻ ആക്ഷേപങ്ങളും അപവാദങ്ങളും കേൾക്കേണ്ടിവന്നിട്ടുണ്ട്. അതുപോലെതന്നെ, അദ്ദേഹത്തിനു കാര്യമായ പങ്കൊന്നുമില്ലാത്ത പല കാര്യങ്ങൾക്കും കാരണക്കാരൻ അദ്ദേഹമാണെന്നു പറഞ്ഞു പലരും പ്രശംസിക്കുന്നതും കേട്ടിട്ടുണ്ട്. ഒരു വശത്ത് പഴി, പക, പരാതി ആദിയായവയുടെ പ്രഹരങ്ങൾ. മറുവശത്തു പ്രശംസയുടെ

പ്രവാഹങ്ങൾ. അനാവശ്യ വിമർശനങ്ങളും ആവശ്യമില്ലാത്ത പ്രശംസകളും ഒരുപോലെ ലഭിച്ചിട്ടുള്ള, ലഭിക്കുന്ന, നേതൃനിരയിലുള്ള വ്യക്തികൾ അപൂർവ്വമാകാനാണ് വഴി. അവരിൽ ഒരാളായിരുന്നു തിരുമേനി.

മഹാപുരോഹിതനായപ്പോൾ അദ്ദേഹം ആഗ്രഹിച്ചതും ആവശ്യപ്പെട്ടതുമായ മെത്രാസനം അമേരിക്കയോ അന്നു അമേരിക്ക ഉൾപ്പെട്ട ബോംബെയോ ആയിരുന്നില്ല എന്നാണ് അറിവ്. മറിച്ച് ഡൽഹി ആയിരുന്നു. പക്ഷേ, ലഭിച്ചത് ബോംബെ. ആ ഭദ്രാസനം വിഭജിച്ചു അമേരിക്കാ ഭദ്രാസനം ഉടലെടുത്തപ്പോൾ അതിന്റെ ആദ്യത്തെ സാരഥിയായി. പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പ്രഥമ വിദേശ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. ആ ഭദ്രാസനത്തിൽ നിന്നു കാനഡാ വേർപെടുത്തി യൂറോപ്പും ചേർത്തു 'കാനഡാ - യൂറോപ്പ്' ഭദ്രാസനം ജന്മമെടുത്തപ്പോൾ അതിന്റെ ആദ്യത്തെ അദ്ധ്യക്ഷനായി. ഒന്നിലേറെ ഭൂഖണ്ഡങ്ങൾ ഉൾപ്പെട്ടതും ഒരു കൈവിരലുകളിൽ ആവർത്തിക്കാതെ ഏതാണ്ടു എണ്ണി ഒതുക്കാവുന്ന ഇടവകകൾ ഉൾക്കൊള്ളുന്നതുമായ മെത്രാസനം. തുടർന്ന് അമേരിക്കൻ മെത്രാസനത്തിൽ സീനിയർ മെത്രാപ്പോലീത്താ എന്നൊരു സ്ഥാനവും ലഭിച്ചു. റിട്ടയർമെന്റ് പതിവായിട്ടില്ലാത്ത സഭയിൽ മെത്രാസനാദ്ധ്യക്ഷനു സഹായ മേൽപട്ടക്കാരനുണ്ടാകുക അസാധാരണമല്ല. എന്നാൽ മെത്രാപ്പോലീത്തായുള്ള മെത്രാസനത്തിനു സീനിയർ മെത്രാപ്പോലീത്താ ഉണ്ടാകുന്നതു എങ്ങനെയെന്നു എത്തും പിടിയും കിട്ടുന്നില്ല. പിടി കിട്ടാൻ വഴികാട്ടിയാകേണ്ട പാരമ്പര്യവും ഭരണഘടനയും വഴിയൊന്നും പറഞ്ഞുതരാതെ മാറിനിൽക്കുന്നു. ഭരണഘടനപ്രകാരം ജൂണിയറായ മെത്രാപ്പോലീത്തായ്ക്കാണു ഈ സീനിയർ മെത്രാപ്പോലീത്താ സ്ഥാനം ലഭിച്ചതെന്നുള്ളതും ഒരു വിരോധാഭാസമായി നിലകൊള്ളുന്നു.

പൗരസ്ത്യസഭകളിൽ പണ്ടു പട്ടക്കാർക്കും മേൽപ്പട്ടക്കാർക്കും സ്ഥലമാറ്റം പതിവുള്ള കാര്യമായിരുന്നില്ല. കാരണമുണ്ട്. അന്നു അവർ പട്ടമേറ്റിരുന്നതു ഒരു പ്രത്യേക ഇടവകയ്ക്കായിരുന്നു. ഇന്ന് ഏതു സ്ഥാനിയും അഭിഷേകം ചെയ്യപ്പെടുന്നതു പൊതുസഭയ്ക്കു വേണ്ടിയാണ്. പട്ടംകൊട ശുശ്രൂഷയിൽ സ്ഥാനാരോഹണ പ്രഖ്യാപനം മുമ്പു നടത്തിയിരുന്നത് 'ഇന്ന പള്ളിയിലേക്കു' എന്നായിരുന്നുവെങ്കിൽ ഇന്ന് 'ഇന്ന പള്ളിയിൽവച്ചു' എന്നാണ് ചൊല്ലുന്നത്. അതുകൊണ്ടുതന്നെ പട്ടക്കാരുടെയും മേൽപ്പട്ടക്കാരുടെയും സ്ഥലംമാറ്റങ്ങൾക്കു സ്ഥാപിത താൽപര്യങ്ങളല്ലാതെ മറ്റു സാങ്കേതിക തടസ്സങ്ങളൊന്നുമില്ല. ഇടവക മെത്രാപ്പോലീത്തായുടെ വികാരിമാർ ആണല്ലോ ഇടവകപട്ടക്കാരൻ. മലങ്കര സഭയിൽ പട്ടക്കാരുടെ സ്ഥലംമാറ്റം പതിവു പരിപാടി മാത്രം. മേൽപട്ടക്കാർക്കു അപൂർവ്വം. അത്യന്താധുനികതയുടെ നാടായ അമേരിക്കയിൽ നമ്മുടെ സഭയ്ക്കു മാറ്റമധികമില്ലാത്തതു വികാരിമാർക്കാണ്.

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ വ്യക്തിജീവിതത്തിലേക്കു എത്തിനോക്കാൻ അതേക്കുറിച്ചു എത്തും പിടിയുമില്ലാത്ത ഞാൻ ശ്രമിക്കുന്നില്ല. അദ്ദേഹത്തോടു ആദരവു തോന്നാൻ ഇടയാക്കിയവയിൽ ചിലതു കുറിക്കുന്നതും അദ്ദേഹം പലപ്പോഴും വിമർശിക്കപ്പെട്ടിരുന്നതു ആ വക കാര്യങ്ങൾക്ക് ആയതുകൊണ്ടു മാത്രം. പാവനമായ ഈ പുണ്യ പിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലികൾ.

കർത്തവ്യനിരതനായ സഭാശിൽപി

ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്കോപ്പാ, ന്യൂയോർക്ക്

പതിനെട്ടു നീണ്ട വർഷങ്ങൾ അമേരിക്കൻ മലങ്കര ഓർത്തഡോക്സ് ഭദ്രാസനത്തിന്റെ ശിൽപിയായ പ്രഥമ ഭദ്രാസനാധിപൻ, മലങ്കരസഭയെ ആഗോള സഭയായി ഉയർത്തിയ ശ്രേഷ്ഠാചാര്യൻ, അമേരിക്കൻ വംശജരിലും മലങ്കര ഓർത്തഡോക്സ് പാരമ്പര്യം പടർത്തിയ വിശ്വമാനവൻ, ഭൗതികതയുടെ പാരമ്യതയിലും ആദ്ധ്യാത്മികതയുടെ ദീപശിഖ തെളിയിച്ച സമരാദ്ധ്യനായ തപോധനൻ – അഭി. ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനി – ഫെബ്രുവരി 23, 2008-ൽ ഇഹലോകവാസം വെടിഞ്ഞു. ആ വേർപാടിൽ ജന്മനാടും, സഭയാകമാനവും, അമേരിക്ക, കാനഡ – യൂറോപ്പ് ഭദ്രാസനങ്ങളും വിതുമ്പി.

അചഞ്ചലമായ ആത്മധൈര്യം, അനിഷേധ്യമായ നേതൃപാടവം, അനർഗ്ഗളമായ വാക്ധോരണി, അതുല്യമായ പ്രസംഗചാതുരി, അവിസ്മരണീയമായ സ്നേഹോഷ്മളത, അവസരത്തിനുതകുന്ന നർമ്മ കുശലത, അവഗാഢമായ പാണ്ഡിത്യം, അവിതർക്കവും അഗാധവുമായ സഭാസ്നേഹവും വിശ്വാസ ധീരതയും എല്ലാം ഒരുമിച്ചു വിരാജിച്ച ഒരു വ്യക്തി ആരെന്നു ചോദിച്ചാൽ – അഭി. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ എന്നാണ് ഉത്തരം.

അഭിവന്ദ്യ തിരുമേനിയെ 1970 മുതൽ വൈദികനായി ഞാൻ അമേരിക്കയിൽ കണ്ടപ്പോഴും 1975 മുതൽ അദ്ദേഹം അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തായായി സ്ഥാനം ഏറ്റപ്പോഴും എനിക്ക് വളരെയധികം സ്നേഹബന്ധവും അടുപ്പവും ഉണ്ടായിരുന്നുവെന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു. 1970-കളിൽ അമേരിക്കയിൽ കുടിയേറിയവർക്ക് നല്ല ജോലിയോ നല്ല വരുമാനമോ ഇല്ലാത്ത സാഹചര്യത്തിൽ, ജീവിക്കുവാനും കുഞ്ഞുങ്ങളെ വളർത്തുവാനും സ്വന്തമായി ഒരു കിടപ്പാടം കണ്ടെത്തുവാനും ഞെരുങ്ങിയിരുന്ന കാലയളവിൽ, ഓർത്തഡോക്സ് സഭാവിശ്വാസികൾക്ക് ആരാധനകൾക്ക് ഞാനുൾപ്പെടെയുള്ള ആദ്യകാല വൈദികരിൽ

ഒരാളായിരുന്ന ഫാ. കെ. സി. തോമസച്ചനും നേതൃത്വം നൽകി നടത്തിയിരുന്നു. 1971-ൽ വെർജീനിയാ തിയോളജിക്കൽ സെമിനാരിയിൽ നിന്നും തോമസച്ചൻ ഡോക്ടറേറ്റു നേടി, ബഫലോയിലേക്കു താമസം മാറ്റിയപ്പോൾ അദ്ദേഹം ആരാധന നടത്തിയിരുന്ന വാഷിങ്ടണിലെ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ ചുമതല എന്നെ ഏൽപ്പിക്കയുണ്ടായി. 1975-ൽ മെത്രാപ്പോലീത്താ ആയി അമേരിക്കയുടെ ചുമതല ഏറ്റപ്പോൾ, ഒരു മെത്രാപ്പോലീത്തായ്ക്ക് ചെലവോ കൈത്താങ്ങലോ കൊടുക്കുവാൻ സാധ്യമല്ലാതിരുന്ന ആ കാലത്ത്, മക്കാറിയോസ് തിരുമേനി അമേരിക്കൻ ഭദ്രാസനത്തെ ആശ്രയിക്കാതെ സ്വയം ജോലി ചെയ്ത് 'ബഫലോ'യിൽ ഒരു അപ്പാർട്ടുമെന്റിൽ സ്വയം വല്ലതും ഉണ്ടാക്കിക്കഴിച്ചുകൊണ്ട് താമസിച്ചും, ഡ്രൈവു ചെയ്ത് വിവിധ സ്ഥലങ്ങളിലും സഞ്ചരിച്ച് വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നിർവഹിച്ചും പോന്നു. അഭി. തിരുമേനി ന്യൂയോർക്ക് സന്ദർശിക്കുന്ന അവസരങ്ങളിൽ ഞങ്ങളുടെ എളിയ ഭവനമായിരുന്നു 'അരമന'യായി ഉപയോഗിച്ചിരുന്നത്. തിരികെപ്പോകുമ്പോൾ മീൻ വറുത്തത്, സമ്മന്തിപ്പൊടി, അച്ചാറുകൾ ഒക്കെയായി ഒരു പൊതി സമ്മാനിച്ച് തിരുമേനിയെ യാത്രയാക്കിയിരുന്നത് ഇപ്പോഴും സന്തുഷ്ടിയോടെ സ്മരിക്കുന്നു. തിരുമേനിയുടെ ഒരു സെറ്റ് വൈദിക വേഷാദികൾ അദ്ദേഹത്തിന്റെ ആവശ്യത്തിന് ഞങ്ങളുടെ ഭവനത്തിലെ ഒരു പ്രത്യേക മുറിയിൽ സൂക്ഷിച്ചിരുന്നു. ഒരിക്കൽ ദൂരെ എവിടെയോ ആരാധനയ്ക്കു പോയിട്ട് തിരികെ വരുമ്പോൾ കാപ്പ കൂടെ കൊണ്ടുവരുവാൻ സാധിച്ചില്ല. ഞാൻ കടയിൽ പോയി തുണിയെടുത്ത് ശീലമുടി ഉൾപ്പെടെയുള്ള അംശവസ്ത്രങ്ങൾ പകലും രാത്രിയുമായി ഇരുന്ന് തയിച്ചുകൊടുത്തതും ഇപ്പോൾ ഓർക്കുന്നു. 1970-കളിലും 1980-കളിലും അമേരിക്കയിൽ ജനിച്ചു വളർന്ന മലങ്കര ഓർത്തഡോക്സ് യുവതലമുറയുടെ ആത്മീയ ഗുരുവും, പ്രശ്നപരിഹാരകനും, ഉത്തമസുഹൃത്തും ആയി, സ്വന്ത മാതാപിതാക്കളോടു പോലും പങ്കിടാത്ത അവരുടെ പ്രശ്നങ്ങൾ അഭി. തിരുമേനിയോടു പങ്കിട്ട് ആ കുട്ടികൾ സാന്ത്വനം നേടിയിരുന്നു.

ഏതു പ്രതിസന്ധിയെയും ലാഘവത്തോടെ, നർമ്മബോധത്തോടെ കൈകാര്യം ചെയ്തിരുന്ന തിരുമേനി, പ്രശ്നഘട്ടങ്ങളിൽ തന്നോടുകൂടെ സമർപ്പണബുദ്ധ്യാ നിന്നു പോരാടിയവർക്ക് എന്നും കൈത്താങ്ങായി നിലകൊണ്ടു. പ്രാവിനെപ്പോലെ കളങ്കമറ്റും, ഉരഗം പോലെ ബുദ്ധിശക്തിയോടും, വേണ്ടിടത്തു കൗശലത്തോടെയും പെരുമാറാൻ കഴിഞ്ഞ ഒരു വ്യക്തിത്വത്തിന്റെ ഉടമയായി, നർമ്മത്തിൽക്കൂടി കൊള്ളേണ്ടതു കൊള്ളേണ്ടിടത്തു കൊള്ളിക്കുവാനും അദ്ദേഹം അതീവ സമർത്ഥനായിരുന്നു.

"അച്ചനെ സംബന്ധിച്ച് ഒരു സംഗതി മറക്കുവാൻ പാടില്ലാത്തതായി

എന്റെ മനസ്സിലുണ്ട്. 1975-ൽ ഈ ഭദ്രാസനം ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ ഞാൻ മുന്നോട്ടുവച്ച സമയത്ത് ആ പദ്ധതിയെ അനുകൂലിക്കുന്നവരായിട്ട് ജനങ്ങളുടെ ഇടയിലോ പട്ടക്കാരുടെ ഇടയിലോ അധികംപേർ ഉണ്ടായിരുന്നില്ല. ഇന്നെല്ലാവർക്കും സന്തോഷമാണെങ്കിലും അന്ന് അങ്ങനെ അല്ലായിരുന്നു. ആ സമയത്തൊക്കെ ഇവിടുത്തെ ഭദ്രാസനത്തിന്റെ ആവശ്യകത, ഇവിടെ കുഞ്ഞുങ്ങളുണ്ടാകും, കുഞ്ഞുങ്ങൾ വളരും, അവർക്ക് ഭദ്രാസനം പോലെയുള്ള ഒരു Entity ആവശ്യമാണ് എന്ന് എന്നോടുകൂടി നിന്നു വാദിക്കുകയും, അതിനുവേണ്ടി വളരെ കഷ്ടപ്പെടുകയും ചെയ്ത ഒരു വ്യക്തിയാണ് ബ. ശങ്കരത്തിൽ കോറെപ്പിസ്കോപ്പാ എന്നുള്ള സത്യം, അമേരിക്കൻ ഭദ്രാസനവും സഭയും ഒരു കാലത്തും മറന്നുപോകരുത്" എന്ന് ന്യൂയോർക്കിൽ വച്ച് ഈ ലേഖകന്റെ ഷഷ്ടിപൂർത്തി ആഘോഷ സമ്മേളനത്തിൽ അസന്ദിഗ്ദ്ധമായ ഭാഷയിൽ തിരുമേനി പ്രസ്താവിച്ചത് ഇപ്പോഴും ഞാൻ സ്മരിക്കുന്നു.

അഭി. തിരുമേനിയുടെ പ്രസംഗധാര നർമ്മം കലർന്ന കഥകൾ കൊണ്ടു നിറയുമ്പോൾ ആത്മീയതയും ഭൗതികതയും കൈകോർത്തു നിന്നുകൊണ്ട് വേദിയാകമാനം ചിരിയുടെ ഘോഷമുയരാത്ത സന്ദർഭങ്ങളില്ല. കേട്ടാലും കേട്ടാലും മതിയാകാത്ത, കഥകൾ നിരക്കാത്ത പ്രസംഗങ്ങളില്ല, സദസ്സുകളില്ല. ഗാംഭീര്യമാർന്ന നാദം, ഇമ്പമാർന്ന വി. കുർബ്ബാന, തീക്ഷ്ണവും ആഴത്തിൽ ചുഴിഞ്ഞിറങ്ങുന്നതുമായ നയനങ്ങൾ, സദാ പുഞ്ചിരി തഞ്ചുന്ന അധരങ്ങൾ, ജാതിമതഭേദമെന്യേ ആരിലും ആദരവു ജനിപ്പിക്കുന്ന പ്രൗഢതയാർന്ന മുഖശ്രീ, ഫൊക്കാനാ സാഹിത്യ സമ്മേളനങ്ങളിലും മതസൗഹാർദ്ദ സമ്മേളനങ്ങളിലും മുഴങ്ങിക്കേട്ട ഘനസ്വനം, വൈദികനായിരുന്നപ്പോഴും മേലദ്ധ്യക്ഷനായപ്പോഴും സദാ ളോഹ ധരിച്ചുകൊണ്ട് അമേരിക്കൻ വീഥികളിൽക്കൂടി സഞ്ചരിച്ച താപസശ്രേഷ്ഠൻ, അമേരിക്കൻ ഭദ്രാസനത്തിന്റെ അടിക്കല്ലുകൾ നിസ്വനായി പാടും ദുരിതവും സഹിച്ചു പാകിയ ശിൽപി, ഇന്ന് അമേരിക്കയിൽ പടർന്നു പന്തലിച്ചു നിൽക്കുന്ന മലങ്കര ഓർത്തഡോക്സ് ഭദ്രാസനത്തെ സ്വന്തം ചോരയും നീരും നൽകി നട്ടു നനച്ചു കൈ, മെയ്, മനഃശക്തി പകർന്ന അഭി. മക്കാറിയോസ് തിരുമേനിയുടെ നാമം അമേരിക്കൻ മലങ്കര ഓർത്തഡോക്സ് ഭദ്രാസന ചരിത്രത്താളുകളിൽ സ്വർണ്ണലിപികളിൽ രേഖപ്പെടുത്തപ്പെടട്ടെ! ആ വന്ദ്യ പിതാവിന്റെ സ്മരണയിൽ വിങ്ങുന്ന ഹൃദയത്തോടെ തപ്തബാഷ്പങ്ങൾ അർപ്പിക്കട്ടെ!

വേദനകളെ പുഞ്ചിരിയാക്കിയ മക്കാറിയോസ് മെത്രാപ്പോലീത്താ

അനി വർഗീസ് മാവേലിക്കര

വേദനകളെ പുഞ്ചിരിയാക്കി മാറ്റിയ ആത്മീയ ആചാര്യനായിരുന്നു ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. തന്ത്രം മെനഞ്ഞ വരെ ആത്മീയ ശക്തിയിലൂടെ പ്രതിരോധിക്കുവാൻ ഈ കർമ്മയോഗിക്കു കഴിഞ്ഞു. മക്കാറിയോസ് തിരുമേനിയെ അടുത്തറിയുവാനുള്ള സാഹ ചര്യം പലപ്പോഴും ഉണ്ടായിട്ടുണ്ട്. കൂടുതൽ അറിയുവാൻ ശ്രമിക്കുമ്പോ ഴേയ്ക്കും അദ്ദേഹത്തിന്റെ ഈലോകജീവിതത്തിന് പരിസമാപ്തി കുറി ച്ചിരുന്നു.

ജ്യേഷ്ഠസഹോദര തുല്യനായ എം. മുരളി എം.എൽ.എ. യോടൊപ്പം ഒരിക്കൽ തിരുമേനിയെ കാണുവാനായി കോട്ടയത്ത് ചെന്നപ്പോൾ അൽമ യൂണിവേഴ്സിറ്റിയിൽ മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണം നടത്തുവാൻ എം. മുരളിയെ അമേരിക്കയിലേക്ക് ക്ഷണിക്കുകയുണ്ടായി. ഈ സന്ദർശനത്തെ തുടർന്നാണ് തിരുമേനിയുമായി കൂടുതൽ അടു ക്കാൻ എനിക്ക് അവസരം ലഭിച്ചത്.

അമേരിക്കൻ ഭദ്രാസനത്തിന്റെ ശിൽപിയായ മാർ മക്കാറിയോസ് തിരു മേനി സഭയ്ക്കുള്ളിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട മെത്രാപ്പോലീത്തായാ യിരുന്നുവെന്ന് തുറന്നെഴുതുന്നതിൽ തെറ്റില്ലായെന്നു തോന്നുന്നു. കഴി വുറ്റ സംഘാടകൻ, മികച്ച വാഗ്മി, വിദ്യാർത്ഥികളുടെ മനം കവർന്ന അധ്യാപകൻ, സ്നേഹവാനായ ഇടയൻ എന്നീ നിലകളിലൂടെ മക്കാറി യോസ് തിരുമേനിയുടെ കഴിവുകളെ പ്രകടമാക്കുന്ന അഭിമുഖമാണ് ജോർജ് തഴക്കര നടത്തിയിരിക്കുന്നത്.

വശ്യമായ പെരുമാറ്റവും ആകർഷണീയമായ ശൈലിയും ആരുടെയും ഹൃദയം കവരുന്ന പ്രകൃതവുമായ തിരുമേനി പലരുടെയും കണ്ണിലെ കരടായിരുന്നു. അപവാദ പ്രചരണത്തിന്റെ വഴി അന്വേഷിച്ച് ചെന്നാൽ എത്തുന്നത് 'വിശുദ്ധ ഗൂഢാലോചന'യുടെ ഉള്ളറകളിലേക്കാകും എന്ന തുകൊണ്ട് അതിനു മുതിരുന്നില്ല.

ഫാ. കെ. സി. തോമസിന്റെ പ്രവർത്തനം സഭയ്ക്ക് എത്രമാത്രം പ്രയോജനപ്പെട്ടു എന്ന് പരിശോധിക്കുവാൻ കൂടിയുള്ള സന്ദർഭമാണിത്. നിർണ്ണായകമായ പല നേട്ടങ്ങളും സഭയ്ക്ക് കൈവരിക്കുവാൻ കഴിഞ്ഞി ട്ടുള്ളത് അദ്ദേഹത്തിന്റെ പ്രവർത്തനഫലമായിട്ടായിരുന്നുവെന്ന് സമ്മതി ക്കേണ്ടി വരും. സഭയ്ക്കുണ്ടായിരുന്ന ഭരണഘടനയെ സുപ്രീംകോടതി അംഗീകരിച്ച് മലങ്കരസഭയ്ക്ക് അനുകൂലമായ വിധി നേടിയെടുക്കുവാൻ

ആവശ്യമായ രേഖകൾ കണ്ടെത്തുവാനും അത് സമയബന്ധിതമായി സമർപ്പിക്കുവാനും കെ. സി. തോമസച്ചന്റെ വിശ്രമരഹിതമായ പ്രവർത്തനത്തിലൂടെ കഴിഞ്ഞു. പിൽക്കാലത്ത് മെത്രാപ്പോലീത്തായായി ഉയർത്തപ്പെടുകയും അമേരിക്കൻ ഭദ്രാസനത്തിന്റെ ശിൽപിയും അമരക്കാരനുമായി പേരെടുക്കുമ്പോഴും ചിലരുടെ അദൃശ്യകരങ്ങൾ തിരുമേനിയുടെ ചുവടുകളെ പിന്നോട്ട് വലിക്കുന്നുണ്ടായിരുന്നു. അമേരിക്കൻ ജീവിതരീതിയുടെ വർണ്ണനകളാൽ ആ ജീവിതത്തെ തരംതാഴ്ത്തുവാൻ ശ്രമിച്ചവർക്ക് ഒരു പരിധിവരെ അതിനു കഴിഞ്ഞു. തിരുമേനിയുടെ നിശ്ചയദാർഢ്യത്തെ ഉൾക്കൊള്ളുവാൻ കഴിയാത്തതിനാൽ അവഹേളനത്തിന്റെ പുകമറതീർത്ത് അവർ ആനന്ദിച്ചു. അവിശ്വസനീയമായ പലതും വിശ്വാസ്യയോഗ്യമാക്കി പ്രചരിപ്പിച്ചു. മക്കാറിയോസ് തിരുമേനിയുടെ വ്യക്തിത്വത്തെ തകർക്കുക എന്നതിലുപരി മലങ്കരസഭയുടെ വളർച്ചയ്ക്ക് തടസ്സം തീർക്കുക എന്നതായിരുന്നു അതിനു പിന്നിലെ ലക്ഷ്യം. ബഥനിയിലെ മാർ തേവോദോസിയോസ് തിരുമേനി ബാഹ്യകേരളത്തിൽ സഭയുടെ പ്രവർത്തനത്തിനുവേണ്ടി സേവനം അനുഷ്ഠിക്കാൻ ദർശനവും താൽപര്യവുമുള്ള നാലു യുവാക്കളെ കണ്ടെത്തി. അവരെ സെമിനാരിയിൽ ചേർത്തു പഠിപ്പിച്ചു. അവരിൽ ഒരാളാണ് കെ. സി. തോമസ്.

എസ്.എസ്.എൽ.സി. കഴിഞ്ഞ് അധ്യാപകപരിശീലന കോഴ്സ് പാസായതിനുശേഷമാണ് സെമിനാരിയിൽ എത്തിയത്. സെമിനാരി വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ഒരു നല്ല അധ്യാപകൻ എന്ന അംഗീകാരം നേടിയെടുത്തിരുന്നു. ഉത്തമ വൈദികനായി പേരെടുത്ത കെ. സി. തോമസ് ഡൽഹിയിൽ താമസിച്ചുകൊണ്ട് ഡൽഹിയുടെ പ്രാന്തപ്രദേശങ്ങളിലൂടെ സഞ്ചരിച്ച് വിശ്വാസികളെ കണ്ടെത്തി ആരാധനയ്ക്കായി കൂട്ടിവരുത്തി. സ്വന്തമായി പള്ളിയില്ലാത്തതിനാൽ ആംഗ്ലിക്കൻ പള്ളിയിൽ അവരുടെ ആരാധനയ്ക്കുശേഷം ശുശ്രൂഷകൾ ക്രമീകരിച്ച് ആത്മീയ തീക്ഷ്ണതയുള്ള ഒരു വിശ്വാസ സമൂഹത്തെ സൃഷ്ടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

1952-ലാണ് അദ്ദേഹം ഡൽഹി ഇടവകയുടെ പ്രഥമ വികാരിയായി നിയമിക്കപ്പെടുന്നത്. ഇടവക ചുമതലയോടൊപ്പം, സുപ്രീംകോടതിയിലെത്തിയ സഭാകേസിന്റെ ചുമതല കൂടി ഏറ്റെടുത്ത് പ്രവർത്തിക്കേണ്ടിവന്നു. അത് ഒരു ദൈവനിയോഗമായി വേണം കരുതാൻ. കെ. സി. തോമസച്ചന്റെ ദൈവഭക്തിയും ആത്മാർത്ഥസ്നേഹവും അസാമാന്യമായ ബുദ്ധിവൈഭവവും പ്രകടമായ സന്ദർഭമായിരുന്നു അത്. 1963-ൽ ഉപരിപഠനാർത്ഥം അമേരിക്കയിൽ എത്തിയ അദ്ദേഹത്തിന്റെ പ്രവർത്തനം സഭയുടെ അന്തസും വിശ്വാസവും കാത്തു പരിപാലിക്കുന്നതിലും അമേരിക്കയിലെ മറ്റു സഭകൾക്കും സമൂഹങ്ങൾക്കും രാഷ്ട്രീയ നേതാ

ക്കൾക്കും മലങ്കരസഭയെ കൂടുതൽ മനസ്സിലാക്കുവാനും തിരുമേനിയുടെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞു. മലങ്കരസഭയുടെ അംബാസഡറാണ് താൻ എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. തന്നിലൂടെയാണ് മലങ്കരസഭയെ മറ്റുള്ളവർ വിലയിരുത്തുന്നതെന്ന് അദ്ദേഹം പറയുമായിരുന്നു. അമേരിക്കൻ ഭരണരംഗത്തെ പല പ്രമുഖരുടെയും ആത്മസുഹൃത്തായ മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ സ്വാധീനം അമേരിക്കയിലും ഡൽഹിയിലും കേരളത്തിലും ഒരുപോലെ സഭയ്ക്ക് പ്രയോജനപ്പെട്ടു.

ബഹ്റിനിൽ നടന്ന ക്രിസ്ത്യൻ - മുസ്ലീം അന്തർദേശീയ മഹാസമ്മേളനത്തിൽ ബഹ്റിൻ ഷേയ്ക്കിന്റെ താൽപര്യപ്രകാരം അദ്ധ്യക്ഷനായത് തിരുമേനിയായിരുന്നു.

സഭയുടെ അന്തസ്സും മെത്രാപ്പോലീത്താ സ്ഥാനത്തിന്റെ പ്രൗഢിയും അദ്ദേഹം കാത്തുസൂക്ഷിച്ചു. ഉന്നതമായ ചിന്ത, ശ്രേഷ്ഠമായ പെരുമാറ്റം എന്നിവയിലൂടെ ആരെയും ആകർഷിക്കുന്ന വ്യക്തിത്വമായിരുന്നു മക്കാറിയോസ് തിരുമേനിയുടേത്.

പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ പിൻഗാമിയായി തീരുമെന്ന ശുഭാപ്തി വിശ്വാസവും ആഗ്രഹവും അദ്ദേഹത്തിന് ഉണ്ടായിരുന്നു. സഭാവിശ്വാസികളും മറ്റു രംഗങ്ങളിലുള്ള പ്രഗത്ഭരും അത് ആഗ്രഹിച്ചിരുന്നു. സഭാപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനായി മുഴുവൻ സമയവും കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിക്കുവാനും തിരുമേനി തയ്യാറെടുക്കുകയും ചെയ്തു. എന്നാൽ ആ സ്ഥാനത്തേക്ക് അദ്ദേഹം വരികയുണ്ടായില്ല. പലരും അദ്ദേഹത്തിനെതിരെ പ്രവർത്തിച്ചു. അവരുടെ പ്രവർത്തനത്തിന് ഫലമുണ്ടാകുകയും മക്കാറിയോസ് തിരുമേനി അമേരിക്കയിലേക്ക് പോകുകയും ചെയ്തു. അത് ഒരു പക്ഷേ, ദൈവനിയോഗമാകാം. കാരണം മേൽപട്ടസ്ഥാനത്തേക്ക് ഉയർത്തുന്നതും കാതോലിക്കായുടെ സിംഹാസനത്തിൽ ആരൂഢനാകുന്നതും ദൈവനിയോഗത്തിലൂടെയാണെന്നാണ് നമ്മൾ ഉറച്ച് വിശ്വസിക്കുന്നത്. പിൻഗാമിയായി അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായാണ് തെരഞ്ഞെടുക്കപ്പെട്ടത്. അതിനായി അദ്ദേഹം ആഗ്രഹിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എന്നത് നമ്മുടെ വിശ്വാസത്തിന് കൂടുതൽ ശക്തി നൽകുന്നു.

എൺപതു പിന്നിട്ടപ്പോഴും ഒരു യുവാവിനെപ്പോലെ ഓടിനടന്ന് സഭയുടെ സ്വാതന്ത്ര്യത്തിനും വിശ്വാസ സംരക്ഷണത്തിനുമായി പ്രവർത്തിച്ച മക്കാറിയോസ് തിരുമേനി ആത്മീയജീവിതത്തിന്റെ മഹത്വം ഉയർത്തിപ്പിടിച്ച മെത്രാപ്പോലീത്തായായിരുന്നു. തനിക്കെതിരെ കരുക്കൾ നീക്കിയവരുടെ മുന്നിൽ പതറാതെ പ്രാർത്ഥനയുടെ പിൻബലത്തിൽ മക്കാറി

യോസ് തിരുമേനി നില കൊണ്ടു. വ്യക്തിതാൽപര്യത്തിന്റെ പേരിൽ കഴിവുള്ളവരെ പിന്തള്ളുന്ന പ്രവണതയുടെ തിരിച്ചറിവിലേക്ക് സഭയ്ക്ക് ശ്രദ്ധ തിരിക്കാൻ കഴിഞ്ഞാൽ മലങ്കരസഭയെ ബാധിച്ചിരിക്കുന്ന നിഴൽയുദ്ധത്തിന് വിരാമമുണ്ടാകുമായിരുന്നു; വിശുദ്ധ വഴികളിലെ വഴിമുടക്കികളെ അവഗണിച്ച് മുന്നേറുവാനുള്ള ആർജ്ജവം സഭാനേതൃത്വത്തിന് ഉണ്ടാകുമായിരുന്നു. കാലയവനികയ്ക്കുള്ളിൽ മറയപ്പെട്ട തിരുമേനിയുടെ പ്രാർത്ഥന അതിന് സഹായകമാകും.

താൻ നട്ടുവളർത്തിയ അമേരിക്കൻ ഭദ്രാസനം വെട്ടിമുറിക്കാതിരിക്കാൻ എന്ത് ത്യാഗത്തിനും തയ്യാറായ മക്കാറിയോസ് തിരുമേനി 1992 നവംബർ 26-ന് കോട്ടയം പഴയസെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ നടത്തിയ പ്രസ്താവന ചില സ്ഥാനികൾക്കു നേരെയുള്ള ആരോപണം കൂടിയായിരുന്നു. പ്രത്യാരോപണങ്ങളിൽ തളരുന്ന സ്വഭാവക്കാരനായിരുന്നില്ല അദ്ദേഹം. തന്നെ പരിഹസിക്കുന്ന ജനത്തിന്റെ മുന്നിലും ന്യായാധിപന്റെ മുന്നിലും മൗനം വെടിയാതെ നിന്ന ക്രിസ്തുവിന്റെ നയമാണ് അദ്ദേഹത്തിന്റേത് എന്ന് തോന്നിപ്പോകുന്ന തരത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ. ഒളിയമ്പ് എയ്തവർക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കാൻ മക്കാറിയോസ് തിരുമേനി തയ്യാറായിരുന്നുവെങ്കിൽ സഭയിൽ ഇന്ന് നിലനിൽക്കുന്ന ചില ഗൂഢനീക്കങ്ങൾക്ക് അവസാനം ഉണ്ടാകുമായിരുന്നു. കൂട്ടായ ആലോചനകൾ ഇല്ലാതെ പലരുടെയും താൽപര്യങ്ങൾക്ക് സഭയെ ഉപയോഗപ്പെടുത്തുന്ന പ്രവണതയ്ക്ക് മാറ്റം വരേണ്ടത് സഭയുടെ കെട്ടുറപ്പിനും വളർച്ചയ്ക്കും ആവശ്യമാണ്. ഭാരതസഭ ദൗത്യനിർവ്വഹണത്തിൽനിന്ന് പിന്നോട്ട് പോകുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

പ്രാർത്ഥനയും ഉപവാസവും ആയുധമാക്കി പടവുകൾ കയറിയ പരിശുദ്ധ പിതാക്കന്മാരുടെ പാരമ്പര്യമാണ് മലങ്കരസഭയ്ക്കുള്ളത്. ദൈവേഷ്ടത്താൽ ഭാരതസഭയുടെ അമരക്കാരനും ആ പാത പിൻതുടരുന്നു എന്നുള്ളതാണ് സഭാവിശ്വാസികൾക്ക് അഭിമാനം. ആരോഗ്യപരമായി പ. ദിദിമോസ് ബാവാ അത്ര ശക്തനല്ലായെങ്കിലും പാമ്പാക്കുട അസോസിയേഷൻ യോഗത്തിന്റെ വിജയം അദ്ദേഹത്തിന്റേതു മാത്രമാണെന്ന് പറയാം. പരിശുദ്ധ പിതാവിന്റെ കൽപന കേൾക്കുന്ന വിശ്വാസ സമൂഹമാണ് മലങ്കരയിലുള്ളതെന്ന് പ്രഖ്യാപിക്കുന്ന അസോസിയേഷനായിരുന്നു അത്. ഏഴു പേരെയും മേൽപട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുവാൻ കഴിഞ്ഞു എന്നത് ചരിത്രസംഭവമാണ്.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ

ബാവാ രോഗശയ്യയിൽ ആയിരുന്നപ്പോൾ ഭരണകാര്യങ്ങളിൽ നിയുക്ത കാതോലിക്കായ്ക്ക് പൂർണ്ണ ചുമതല നൽകുവാനും കാതോലിക്കായായി വാഴിക്കുവാനും യഥാസമയം തീരുമാനമെടുപ്പിക്കുവാൻ മക്കാറിയോസ് തിരുമേനി നടത്തിയ പ്രവർത്തനം വിസ്മരിക്കാവുന്നതല്ല. അതിന് അന്ന് മക്കാറിയോസ് തിരുമേനി ശ്രമിച്ചില്ലായിരുന്നുവെങ്കിൽ ഇടയനില്ലാത്ത ആടുകളുടെ അവസ്ഥ സഭയ്ക്കുണ്ടാകുമായിരുന്നു. ഒപ്പം കുറെ കേസുകളും. അതും ദൈവത്തിന്റെ ശക്തമായ ഇടപെടലായിരുന്നുവെന്നത് ചരിത്രസത്യം.

താപസശ്രേഷ്ഠനായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവാ ഇന്ന് ആത്മീയതയിൽ അതിശക്തനാണ്. ദൈവാശ്രയത്തോടു കൂടിയുള്ള അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തനങ്ങളും സഭയ്ക്ക് നിർണ്ണായകമായ വഴിത്തിരിവുകൾക്ക് കാരണമായിട്ടുണ്ട്. നവംബർ 16-ന് കോട്ടയത്ത് നടന്ന മഹാസമ്മേളനത്തിന്റെ വിജയത്തിനു പിന്നിൽ അദ്ദേഹത്തിന്റെ ഉള്ളുരുകിയ പ്രാർത്ഥന ഉണ്ടായിരുന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കായുടെയും തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെയും മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫിന്റെയും പ്രയത്നത്തിൽ പങ്കാളിയാകുവാൻ എനിക്കും ജോർജ് തഴക്കരയ്ക്കും അവസരം ലഭിച്ചു എന്നത് അഭിമാനത്തോടുകൂടി ഓർക്കുന്നു.

മക്കാറിയോസ് തിരുമേനി 1958-ൽ കെ. സി. തോമസച്ചനായിരിക്കെ നടത്തിയ ഊർജ്ജസ്വലമായ പ്രവർത്തനത്തിലൂടെ വിജയത്തിന്റെ വീരഗാഥ രചിക്കുവാൻ മലങ്കരസഭയ്ക്ക് കഴിഞ്ഞുവെങ്കിലും പിന്നീടുണ്ടായ തർക്കങ്ങൾ സഭയെ ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്നു. പരമോന്നത നീതിപീഠത്തിന്റെ വിധി നടപ്പാക്കി കിട്ടുവാൻ ഭരണാധിപന്മാർക്കു മുന്നിൽ യാചിക്കേണ്ട അവസ്ഥയാണ് സഭയ്ക്ക് ഇന്നുള്ളത്. ഉന്നതമായ വ്യക്തിബന്ധങ്ങളിലൂടെയും സഹോദരങ്ങളുടെ പിന്തുണയിലൂടെയും ക്രൈസ്തവ മാർഗ്ഗത്തിലൂടെയും സഭാതർക്കത്തിന് ശാശ്വതപരിഹാരം കാണുവാൻ നമ്മുടെ പിതാക്കന്മാർക്ക് കഴിയണം. മക്കാറിയോസ് തിരുമേനി സ്ഥാപിച്ചെടുത്ത ഉന്നതമായ പല ബന്ധങ്ങളും നയങ്ങളും സഭയ്ക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയണം. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന നേതാക്കളെയും ഉദ്യോഗസ്ഥരെയും ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്തണം. അതിനു സഹായിക്കുന്ന ഒരു മാർഗ്ഗരേഖയായി ഈ അഭിമുഖത്തെ ഞാൻ കാണുന്നു. കാതോലിക്കേറ്റിന്റെ ശക്തനായ വക്താവാണ് മക്കാറിയോസ് തിരുമേനി. ആ വ്യക്തിത്വത്തെ തുറന്നുകാട്ടുവാൻ ഈ കൃതി സഹായിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

(ഭക്തിയും ബുദ്ധിയും സമന്വയിച്ച മാർ മക്കാറിയോസ് എന്ന കൃതിയിൽ നിന്നും)

ആത്മീയ സൂര്യൻ

യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

ഇംഗ്ലീഷ് സാഹിത്യത്തിലെ കുലപതി എന്നറിയപ്പെടുന്ന വില്യം ഷേക്സ്പിയർ നടത്തിയ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു. ചിലർ ജന്മം കൊണ്ടും ചിലർ കർമ്മം കൊണ്ടും മഹത്വത്തിലേക്ക് ഉയർത്തപ്പെട്ടു. എന്നാൽ തോമസ് മാർ മക്കാറിയോസ് തിരുമേനിയെപ്പറ്റി ഓർക്കുമ്പോൾ അദ്ദേഹം ജന്മംകൊണ്ടും കർമ്മംകൊണ്ടും മഹത്വത്തിന്റെ പദവിയിലേക്ക് ഉയർത്തപ്പെട്ട ആളാണെന്ന് നമുക്കറിയാം. അദ്ദേഹത്തെപ്പറ്റി ഒരു ഡോക്യുമെന്ററി ഉണ്ടാക്കുന്നതിൽ സന്തോഷിക്കുന്നു. അതിന് മുൻകൈ എടുത്തവരെ അനുമോദിക്കുന്നു, പ്രശംസിക്കുന്നു.

കെ. സി. തോമസ് അച്ചനെപ്പറ്റി വളരെയധികം കാര്യങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. അദ്ദേഹത്തെ കണ്ട ഓർമ്മ എനിക്കില്ല. ഡൽഹിയിൽ വികാരിയായി ജോലി ചെയ്യുന്ന സമയത്ത് അദ്ദേഹം സഭയുടെ ഒരു അംബാസിഡറായി അറിയപ്പെട്ടിരുന്നു. ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു.

പിന്നീട് പഴയസെമിനാരിയിൽ വന്ന് ഒരു ചരിത്രാദ്ധ്യാപകനായി സേവനം നടത്തിയപ്പോൾ വിദ്യാർത്ഥികളുടെ ഹൃദയം അദ്ദേഹം പിടിച്ചെടുത്തു. ആത്മീയ സാമൂഹ്യ രംഗങ്ങളിൽ അദ്ദേഹം സ്തുത്യർഹമായി പ്രവർത്തിക്കുകയും ചെയ്തു. പ്രത്യേകിച്ച് ഉദ്യോഗാർത്ഥം ഡൽഹിയിൽ എത്തുന്നവർക്ക് അദ്ദേഹം ഒരു ആശ്വാസദാതാവായിരുന്നു. അദ്ദേഹത്തിന്റെ തണലിൽ അഭയംതേടി വളർന്നുവന്നിട്ടുള്ള അനേകരും ബലഹീനനായ എന്റെ ജീവിതയാത്രയിൽ ലോകത്തിന്റെ പല ഭാഗങ്ങളിൽ വച്ച് കാണുകയും പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. അവരിൽനിന്നും അദ്ദേഹത്തെപ്പറ്റി കേൾക്കുവാൻ കഴിഞ്ഞിട്ടുള്ള മധുരസ്മരണകൾ തീർച്ചയായും അഭിമാനം കൊള്ളുന്നവയാണ്. പിന്നീട് വൈദിക സെമിനാരിയിൽ ചരിത്രാദ്ധ്യാപകനായി. ഒരു നല്ല അദ്ധ്യാപകനെന്നുള്ള നിലയിൽ തന്റെ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിലും വിദ്യാർത്ഥികളുമായി വ്യക്തിബന്ധം പുലർത്തുന്നതിലും അദ്ദേഹം നിലനിർത്തിയ നിലവാരം ഇവയെല്ലാം ശ്രദ്ധേയമാണ്. മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടപ്പോൾ ഞാൻ നിരണത്തുപോയി സ്ഥാനാഭിഷേക ശുശ്രൂഷയിൽ സംബന്ധിച്ചത് ഓർക്കുന്നു. പിന്നീട് ഇവർ അഞ്ചുപേർക്കും ചെങ്ങരൂർ പള്ളിയിൽ വച്ച് സ്വീകരണം കൊടുത്തപ്പോഴാണ് അദ്ദേഹത്തെ കൂടുതൽ അടുത്തുകാണുന്നത്. ഹൃദ്യമായ സംഭാഷണം, വാചാലമായ അവ

തരിപ്പിക്കൽ, ഫലിതബന്ധമായി ആശയങ്ങളുടെ ആവിഷ്കരണം എല്ലാം വളരെ ശ്രദ്ധേയമാണ്. അന്ന് അദ്ദേഹത്തിന്റെ പുറകെ പ്രസംഗിക്കുവാൻ വന്ന ഒസ്താത്തിയോസ് തിരുമേനിയെപ്പറ്റി അദ്ദേഹം പറഞ്ഞ ഒരു വാചകം യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ചു പറഞ്ഞതാണ്. എന്നേക്കാൾ വലിയവൻ എന്റെ പിന്നാലെ വരുന്നു എന്ന്. ഇത്ര വളരെ ഫലിതബന്ധകമായി സദസ്യരെ പിടിച്ചെടുക്കത്തക്കവണ്ണം സന്ദർഭോചിതമായി അവതരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് എന്നെ വളരെ ആകർഷിക്കുകയും ചെയ്തു. പിന്നീട് ഞാൻ വൈദിക സെമിനാരിയിൽ പോയി. 1990-ൽ അമേരിക്കയിൽ ചെന്നപ്പോൾ തിരുമേനിയോട് കൂടുതൽ അടുക്കുവാനും ഇടപെടുവാനുമുള്ള അവസരം ഉണ്ടാവുകയും ചെയ്തു. സഭയുടെ ചുമതലയിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കാരുണ്യ ഗൈഡൻസ് സെന്ററിന്റെ ഒരു ധനശേഖരണാർത്ഥം കൂടിയായിരുന്നു ഞാൻ അവിടെ പോയത്. പല ഇടവകകളിലും അദ്ദേഹത്തോടൊപ്പം ശുശ്രൂഷ ചെയ്യുവാനുള്ള അവസരവും തിരുമേനി ഒരുക്കിത്തന്നു. എന്റെ യാത്രയുടെ ഉദ്ദേശ്യം ഫലവത്താകത്തക്കവണ്ണം തിരുമേനി സഹായിക്കുകയും ചെയ്തു.

ഞാൻ ഒരു കൊച്ചച്ചനായിട്ട് ചെന്നകാലത്ത് പള്ളികളിൽ പെരുന്നാളുകൾക്ക് അദ്ദേഹത്തോടൊപ്പം പങ്കെടുത്ത എന്നെക്കൊണ്ട് പല സന്ദർഭങ്ങളിലും പ്രസംഗിപ്പിക്കുവാൻ വരെ അദ്ദേഹം സന്മനസ്സ് കാണിക്കുകയും വളരെയേറെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പിന്നീട് അങ്ങോട്ടുള്ള ബന്ധം വളരെ സ്നേഹവും ആത്മാർത്ഥതയുള്ളതുമായിരുന്നു. ഒരുപാടു കാര്യങ്ങളിൽ ഞാൻ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. തിരുവനന്തപുരത്ത് ചികിത്സാർത്ഥം എത്തുന്ന നിർദ്ധനരായ രോഗികൾക്കും കൂടെ വരുന്നവർക്കും പലവിധത്തിൽ സഹായമായി തീർന്നിരിക്കുന്ന കാരുണ്യ ഗൈഡൻസ് സെന്ററിനുള്ള മുഴുവൻ പണവും തിരുമേനിയുടെ ഒരു തണലിൽ അമേരിക്കൻ ഭദ്രാസനത്തിലെ വ്യക്തികളും ഇടവകകളും തന്നിട്ടുള്ളതാണ് എന്നുള്ളത് ശ്രദ്ധേയമായ ഒരു സംഗതിയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിലെ എല്ലാവരെയും നല്ലവണ്ണം അറിയാം. മാതാപിതാക്കൾ, ദൈവം അവർക്കു കൊടുത്ത മൂന്നു ആൺകുഞ്ഞുങ്ങളെയും ദൈവവേലയ്ക്ക് അവർ കൊടുത്തു എന്നുള്ളത്. തിരുമേനിയും അദ്ദേഹത്തിന്റെ രണ്ടു സഹോദരങ്ങളും എന്നു മാത്രമല്ല അദ്ദേഹത്തിന്റെ ഒരു സഹോദരിയും സഭാശുശ്രൂഷയിൽ ആത്മാർത്ഥമായി സേവനം അനുഷ്ഠിച്ചു വരുന്നു. ആ ബന്ധം ബഹു. കെ. സി. മാത്യൂസ് അച്ചനുമായും എല്ലാറ്റിലും ഉപരി പ്രിയപ്പെട്ട ലാസർ റമ്പാച്ചനുമായും ഉണ്ട്. മറ്റുള്ളവരെ ബഹുമാനിക്കുന്നതിനും ആദരിക്കുന്നതിനും മനുഷ്യബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നതിനും നിലനിർത്തുന്നതിനും തിരുമേനിക്ക് ദൈവദ

ത്തമായ ഒരു കൃപ, ഒരു നൽവരമുണ്ട്. തിരുമേനിയുടെ പ്രസംഗത്തെ ക്കുറിച്ച് ഞാൻ പറഞ്ഞല്ലോ. തിരുമേനിയുടെ അസാന്നിദ്ധ്യത്തിൽതന്നെ തിരുമേനിയുടെ പ്രസംഗം മറ്റുള്ളവർ ഉദ്ധരിക്കുകയുണ്ടായി. ഈ അടുത്ത സമയത്ത് മാർത്തോമ്മാ സഭയുടെ ഇപ്പോഴത്തെ പരമാദ്ധ്യക്ഷനായിരി ക്കുന്ന ജോസഫ് മെത്രാപ്പോലീത്തായുടെ 80-ാം ജന്മദിനം കൊണ്ടാടിയ വേളയിൽ ഞാനും അവിടെ ഉണ്ടായിരുന്നു. അന്ന് അദ്ധ്യക്ഷനായിരുന്ന ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തന്റെ പ്രസം ഗത്തിൽ മക്കാറിയോസ് തിരുമേനി പറഞ്ഞ കാര്യങ്ങൾ പരാമർശിച്ചു കൊണ്ട് അദ്ദേഹം പ്രസംഗം തുടങ്ങിയതും മുന്നോട്ടുപോയതും. സന്ദർഭ ത്തിനൊത്ത് ആശയങ്ങൾ അവതരിപ്പിക്കുവാൻ തന്റെ ശ്രോതാക്കളുടെ ശ്രദ്ധ മുഴുവൻ പിടിച്ചുപറ്റി പ്രസംഗം അവതരിപ്പിക്കുവാൻ, വളരെ ഹ്യൂമ റസ് ആയിട്ട് പ്രസംഗം അവതരിപ്പിക്കുന്നതിന് ദൈവം അദ്ദേഹത്തിന് കൃപ കൊടുത്തിട്ടുണ്ട്. അമേരിക്കയിലെ വളരുന്ന തലമുറയെ കൈയി ലെടുക്കുവാനും അവരുടെ ഹൃദയത്തിന്റെ സ്പന്ദനം മനസ്സിലാക്കി അവ രോട് സംവേദിക്കാനും തന്റെ കൂടെ ചേർത്തുനിർത്തുവാനും തിരുമേ നിക്ക് സാധിച്ചു. വളർന്നുവരുന്ന യുവതീയുവാക്കന്മാരുടെ വികാരവിചാ രങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ചിലപ്പോൾ ഒരു പിതാവിനെപ്പോലെ, ചില പ്പോൾ ഒരു ഗുരുവിനെപ്പോലെ, ചിലപ്പോൾ ഒരു ആത്മീയാചാര്യനെ പ്പോലെ അവരെ അറിയുവാനും ചേർക്കുവാനും അനേക സന്ദർഭങ്ങ ളിൽ അവരിൽ ഒരാളെപ്പോലെ അവരുടെകൂടെ നിന്നുകൊണ്ട് അവരെ ഉൾക്കൊള്ളുവാനായിട്ട് തിരുമേനിക്ക് സാധിച്ചു. ആ ഒരു ആത്മാവിൽ ഒരു തലമുറയെ സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ അദ്ദേ ഹത്തിന് കഴിഞ്ഞിട്ടുണ്ട്. കുഞ്ഞുങ്ങളെക്കുറിച്ച് തിരുമേനിക്ക് വലിയ സ്വപ്നങ്ങളായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയെക്കുറിച്ച് തിരു മേനിക്ക് വളരെയേറെ പ്രതീക്ഷകളും സ്വപ്നങ്ങളും ഉണ്ടായിരുന്നു. അദ്ദേഹം നിത്യതയിൽ വിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ ധന്യജീവിത ത്തിന്റെ മുമ്പിൽ നമ്രശിരസ്കനാകുന്നു. ഈ സംരംഭത്തിന് എല്ലാ മംഗ ളങ്ങളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

ചിരസ്മരണീയനായ മഹാത്മാവ്

ഡോ. കുര്യൻ കണിയാമ്പറമ്പിൽ കോർഎപ്പിസ്കോപ്പാ

ദൈവകരുണയാൽ ദൈവദത്തമായ സഭാസമാധാനത്തിന്റെ പൂനിലാ വിൽ മലങ്കരസഭയിൽ ഇന്ത്യയിലെ ഏക സുറിയാനി കവിയും പണ്ഡി തശ്രേഷ്ഠാചാര്യനുമായിരുന്ന, പ. അന്ത്യോഖ്യാ സിംഹാസനബന്ധം പരി പാവനമായി പുലർത്തിക്കൊണ്ടിരുന്ന, എന്നെ ഞാനാക്കിയ എന്റെ ആരാധ്യ സുറിയാനി ഗുരുഭൂതനുമായ മോറാൻ മാർ ബസ്സേലിയോസ്

ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ വാഴ്ചയുടെ ആരംഭകാലത്ത് മലങ്കര സിറിയൻ സണ്ടേസ്കൂൾ അസോസിയേഷൻ ഡയറക്ടർ ജനറലായി നീണ്ട 20 വർഷം സേവനം ചെയ്തുകൊണ്ടിരിക്കവെ യോജിച്ച സഭയിലെ ഒ.എസ്.എസ്.എ.ഇ. യുടെ ഡയറക്ടർ ജനറലായി മൂന്നു പ്രാവശ്യമായി നീണ്ട 10 വർഷം ഞാനും അഭിവന്ദ്യ സഹോദരൻ വന്ദ്യ ദാവീദ് കോർഎപ്പിസ്കോപ്പാ അവർകൾ പി.ഒ. ആയും സേവനമനുഷ്ഠിച്ചു. വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെയുള്ള സണ്ടേസ്കൂളുകളിൽ നിന്നു ധനശേഖരണം നടത്തി ഇന്നു കാണുന്ന മനോഹര ഓഫീസ് കെട്ടിടത്തിന്റെ ഒന്നാംനില പൂർത്തിയാക്കി സേവനം ചെയ്തിരുന്ന കാലഘട്ടത്തിൽ വന്ദ്യ തോമസച്ചൻ ചെയ്ത പ്രസംഗത്തിലെ ഒരു ഉദാഹരണമാണ് ഞങ്ങളെ ആത്മസ്നേഹിതരാക്കിയത്. അന്നത്തെ ആ വാത്സല്യം വീണ്ടും സഭ രണ്ടായെങ്കിലും അമേരിക്കയിൽ ഇന്നും പറക്കുന്ന മലങ്കരസഭയുടെ വെന്നിക്കൊടി നാട്ടിയ തൃക്കരങ്ങൾ എന്നെന്നും ആരാദ്ധ്യമല്ലേ?

യഹൂദനായിരുന്ന ശൗൽ അദ്ദേഹത്തിന്റെ സഭയുടെ പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ മോട്ടോ എന്റേതല്ലാത്തതിനെ ഞാൻ നശിപ്പിക്കും (വിശുദ്ധ വിളിക്കുശേഷം – എന്റേതിനുവേണ്ടി ഞാൻ മരിക്കും). ശൗലീയം വിട്ട് പൗലോസിയം ആയിരുന്നു തിരുമേനിയുടേത് – എന്റേയും.

എനിക്കെന്തു കിട്ടും എന്നല്ല, എന്റെ സഭയ്ക്ക് നവമായി എനിക്കെന്തുകൊടുക്കുവാൻ സാധിക്കും എന്ന മഹൽചിന്തയായിരുന്നല്ലോ തിരുമേനിയുടേത്. പിണങ്ങാൻ ഒരു വാക്കു മതി, ഇണങ്ങാൻ ആയിരം വേണം. ബി ഫേം ഇൻ യുവർ ഫേത്ത് ആന്റ് ബി അഫക്ഷണേറ്റ് റ്റൂ ആൾ. അതായിരുന്നു തിരുമേനിയുടെ വിശാലമനസ്കത.

ഏകോദര സഹോദരന്മാർ എല്ലാവരും തന്നെ വൈദികരായി കർത്ത്യ സേവനം ചെയ്യുന്നു. മഹത്തായ പുരോഹിത കുടുംബത്തിലെ അത്യുജ്ജ്വല പ്രഭ വിതറുന്ന ദീപസ്തംഭമായിരുന്നല്ലോ എന്റെ തിരുമേനി.

കാലം ചെയ്യുന്നതിന് അൽപകാലം മുമ്പുണ്ടായ സംഭവം ആ മഹാത്മാവിനോടുള്ള എന്റെ ആദരവ് ആയിരം മടങ്ങ് വർദ്ധിപ്പിച്ചു. ഏതാണ്ട് 10 മണി. തിരുമേനി എന്റെ ഭവനം സന്ദർശിച്ചു. കാറിൽ നിന്നിറങ്ങിയ ഉടനെ ഞാൻ ഓടിച്ചെന്ന് തൃക്കരം മുത്തി. 'എന്നെ മനസ്സിലായോ, ഞാൻ മക്കാറിയോസ് തിരുമേനിയാ' എന്നു പറഞ്ഞ് എന്നെ ആലിംഗനം ചെയ്തു ചുംബിച്ചു. ഒന്നുരണ്ടു മണിക്കൂർ ആ വാത്സല്യ സംസാരം എന്നെ ആനന്ദനിമഗ്നനാക്കി. എന്റെ തിരുമേനിയെ ഞങ്ങൾ ആദരിച്ച് സൽക്കരിച്ചു. പ്രാർത്ഥനാനുഗ്രഹങ്ങൾക്കുശേഷം ഒരു ചുംബനവും തന്ന് തിരുമേനി തിരിച്ചെഴുന്നള്ളി. സുദീർഘകാല വാത്സല്യം. ആ തിരുക്കബറിങ്കൽ കണ്ണീരാകുന്ന പനിനീർ തളിച്ച പുഷ്പമഞ്ജരി.

ബഹു. കുറ്റിക്കണ്ടത്തിലച്ചൻ പറഞ്ഞ കഥ:-

സമ്പർക്കമുള്ളവർക്കേ സാക്ഷിക്കാൻ അർഹതയുള്ളു. ഞാൻ എം.ഡി. സെമിനാരിയിൽ വിദ്യാർത്ഥി ആയിരിക്കുമ്പോൾ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ സന്ദർശനം. ഓരോ ശെമ്മാനോടും പേരും വീട്ടുപേരും ചോദിച്ചു. ഞാൻ പറഞ്ഞു ഞാൻ കുറ്റിക്കണ്ടത്തിലെ ആണെന്ന്. ഉടനെ പ. ബാവാ കുറ്റിക്കണ്ടത്തിലെ പല രുടെയും പേര് ചോദിച്ചു. ഞാൻ പറഞ്ഞു. ഞാൻ അഹങ്കരിച്ചു വീട്ടിൽ ചെന്നപ്പോൾ ഞാനീ വിവരം പറഞ്ഞു. നമുക്ക് പ. ബാവായെ കാണാൻ പോകണം. അവർ നിശ്ചയിച്ചു. ഞങ്ങൾ തിരുമുമ്പിലെത്തി. ഞാനാണ് ഓരോരുത്തരുടെയും പേരു പറഞ്ഞ് പരിചയപ്പെടുത്തിയത്. അവസാനം പ. ബാവാ എന്നോട് അപ്പോൾ 'താൻ ഏതാടോ.' ഞാനങ്ങു നാണിച്ചു പോയി. ആകയാൽ നിങ്ങൾ ആരെയാണോ സാക്ഷിക്കുന്നത് ആ മഹാത്മാവുമായി ഉറ്റസമ്പർക്കമുള്ളവരായിരിക്കണം. ഈ മഹൽ കഥയാണ് കുറ്റിക്കണ്ടത്തിൽ തോമസച്ചനുമായി എന്നെ ഉറ്റസമ്പർക്കത്തിലാക്കിയത്.

മലങ്കരസഭയുടെ അഭിമാനമായിരുന്നു മക്കാറിയോസ് തിരുമേനി: ഉമ്മൻചാണ്ടി

മലങ്കര ഓർത്തഡോക്സ് സഭയുടെ അഭിമാനമായ മക്കാറിയോസ് തിരുമേനിയുമായി, വളരെ അടുത്ത ബന്ധമാണ് എനിക്ക് ഉണ്ടായിരുന്നത്. തിരുമേനി എപ്പോഴൊക്കെ ഇന്ത്യയിൽ വന്നിട്ടുണ്ടോ അന്നെല്ലാം എന്നെ കാണുമായിരുന്നു. ഞാൻ നാലു പ്രാവശ്യം അമേരിക്കയിലേക്ക് പോയിട്ടുണ്ട്. ഈ നാലു പ്രാവശ്യവും അവിടെവച്ച് തിരുമേനിയെ കണ്ടിട്ടുണ്ട്. തിരുമേനിയിലൂടെയാണ് അമേരിക്കയിൽ നമ്മുടെ സഭ അറിയപ്പെട്ടിരുന്നത്. തിരുമേനിയുടെ അറിവും, തിരുമേനിയുടെ എല്ലാവരുമായുള്ള ബന്ധവും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഒരു വലിയ മുതൽക്കൂട്ടായിരുന്നു. സഭകളുടെ ഐക്യത്തിനുവേണ്ടി, മതസൗഹാർദ്ദത്തിനുവേണ്ടി ഏറ്റവും കൂടുതൽ പ്രവർത്തിച്ചിട്ടുള്ള ഒരു വലിയ മനസ്സിന്റെ ഉടമയാണ് തിരുമേനി. തിരുമേനിയുമായി വളരെയേറെ കാര്യങ്ങൾ ഞങ്ങൾ കൂടിക്കാണുമ്പോൾ ചർച്ച ചെയ്യാറുണ്ട്. അഭിവന്ദ്യനായ മക്കാറിയോസ് തിരുമേനിയുടെ സ്മരണയ്ക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അതിർത്തികൾ ഭേദിച്ച കർമ്മയോഗി

ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ

കാലം ചെല്ലുന്തോറും കാലം ചെയ്യുന്നവർ കാലയവനികയിൽ മറയ

പ്പെടും എന്നതാണ് പരക്കെ അംഗീകരിച്ചിട്ടുള്ള തത്വമെങ്കിലും ഭാഗ്യ സ്മരണീയനായ തോമസ് മാർ മക്കാറിയോസ് തിരുമേനി ജനസഹസ്രങ്ങളിൽ ദീപ്തമായ രൂപമാണിന്നും. വിശ്വാസത്തിലൂടെ പ്രതിസന്ധികളെയും സ്നേഹത്തിലൂടെ വേർതിരിവുകളെയും, പ്രത്യാശയിലൂടെ തടസ്സങ്ങളെയും അതിജീവിച്ച തിരുമേനി പൗരോഹിത്യ ശുശ്രൂഷക്കാലം മുതൽക്കേ എന്റെ സ്നേഹവും ആദരവും നേടിയ വ്യക്തിത്വമായിരുന്നു. തന്റെ പിതാവിന്റെ വിയോഗത്തോടെ കുടുംബത്തിൽ പ്രതിസന്ധി നേരിട്ടപ്പോൾ അദ്ധ്യാപകന്റെ കുപ്പായമണിഞ്ഞ് സംരക്ഷകന്റെ സ്ഥാനമലങ്കരിച്ചതുപോലെ 1979-ൽ സഭയിൽ ഭദ്രാസനങ്ങളെ പുനക്രമീകരണം ചെയ്തപ്പോൾ പുതുതായി രൂപംനൽകിയ അമേരിക്കൻ ഭദ്രാസനത്തിന് സാരഥ്യം നൽകുവാൻ സഭ ആവശ്യപ്പെട്ടപ്പോൾ ആ ദൗത്യം തിരുമേനി ഏറ്റെടുക്കുകയുണ്ടായി. 1994-ൽ രൂപംകൊണ്ട കാനഡ, യൂറോപ്പ് ഭദ്രാസനത്തിന്റെ ചുക്കാൻ പിടിക്കുവാനും മക്കാറിയോസ് തിരുമേനിയോട് സഭ ആവശ്യപ്പെട്ടതും പരിമിതികളെ പദ്ധതികളാക്കുവാനുള്ള തിരുമേനിയുടെ ദൈവദത്തമായ കഴിവുകൾക്കുള്ള അംഗീകാരമായിരുന്നു.

സുവിശേഷ വിനിമയത്തിൽ ഒരു പ്രതിഭാശാലിയായിരുന്നു മക്കാറിയോസ് തിരുമേനി. ആലയത്തിൽ ആരാധനാ മദ്ധ്യയോ, പ്രത്യേക സമ്മേളനങ്ങളിലോ, പൊതു മീറ്റിംഗുകളിലോ എവിടെയാണ് താൻ ക്ഷണിക്കപ്പെട്ടിരിക്കുന്നതെന്നറിഞ്ഞ് ആ സാഹചര്യത്തിനനുസരിച്ച് സന്ദേശം പകരുവാനുള്ള തിരുമേനിയുടെ ചാതുര്യം വിസ്മയനീയമായിരുന്നു. മനുഷ്യാളത്വത്തിൽ വിചാരവും വികാരവും ഉൾച്ചേർന്നിരിക്കുന്നതിന്റെ വെളിച്ചത്തിൽ പഠനത്തെയും ഭക്തിയെയും ഒരുപോലെ ആഴത്തിൽ സ്പർശിക്കുന്ന വിനിമയ ശൈലിയായിരുന്നു തിരുമേനി ഉപയോഗിച്ചിരുന്നത്. പ്രഭാഷണങ്ങളിൽ തിരുമേനി ഉപയോഗിക്കുന്ന ഫലിതച്ചേരുവയുള്ള ഉദാഹരണങ്ങൾ മറ്റൊരാളെ ആക്ഷേപിക്കുന്നതായി തോന്നാതെ അതിന്റെ മുനതന്റെ നേരെ തിരിച്ചുവയ്ക്കുന്ന മഹാമനസ്കനായിരുന്നു തിരുമേനി.

ഒരുദാഹരണം പറഞ്ഞാൽ ഒരിക്കൽ തന്റെ പ്രസംഗമദ്ധ്യേ തിരുമേനി പറഞ്ഞു. പണ്ട് മിഷണറിമാർ കേരളത്തിൽ വന്നപ്പോൾ അവരെ സഹായിപ്പാൻ ഉപദേശിമാരെ നിയോഗിച്ചു. അവർ പ്രസംഗിക്കുന്ന പ്രസംഗത്തിനനുസരിച്ച് കൂലിയും നിശ്ചയിച്ചു. അതിനാൽ കൂലിക്കു വേണ്ടി അവർ അധികം പ്രസംഗങ്ങൾ നടത്തുവാൻ ശ്രമിക്കും. ഒരുപദേശി ഒരു തിങ്കളാഴ്ച മിഷണറി സായിപ്പിനോട് പറഞ്ഞു. കഴിഞ്ഞ ശനി, ഞായർ ദിവസങ്ങളായി ഞാൻ 3 പ്രസംഗങ്ങൾ ചെയ്തു. അപ്പോൾ സായിപ്പ് പറഞ്ഞുവത്രേ ഒരു സാധാരണ മനുഷ്യൻ ആഴ്ചയിൽ ഒരു പ്രസംഗം നടത്തും. അസാധാരണ മനുഷ്യന് രണ്ടും. എന്നാൽ ഒരു വിഡ്ഢിക്ക് അതിൽ കൂടുതലും ചെയ്യാം. ഞാൻ ഇന്നുതന്നെ നാലാമത്തെ പ്രസംഗ

മാണ് ചെയ്യുന്നതെന്നും അപ്പോൾ ഞാനാരാണെന്ന് നിങ്ങൾക്കൂഹിക്കാമല്ലോ. ശ്രോതാക്കളുടെ മുമ്പിൽ തന്നെപ്പറഞ്ഞ് ചെറുതാക്കി കാണിപ്പാനുള്ള വലിപ്പം അപൂർവ്വം ചിലർക്കേ ലഭിച്ചിട്ടുള്ളു. അതിലൊരാളായിരുന്നു മക്കാറിയോസ് തിരുമേനി.

ഞാൻ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ ചുമതല വഹിച്ച ഏഴു വർഷങ്ങളിൽ അനേക വേദികളിൽ ഞങ്ങൾ ഒരുമിച്ച് പങ്കിട്ടിട്ടുണ്ട്. ഏത് വേദിയായാലും മക്കാറിയോസ് തിരുമേനിയുടെ രംഗപ്രവേശനം രാജോചിതവും തിരുമേനിയുടെ പ്രസംഗങ്ങൾ രാജവചസ്സുകളുമായിരുന്നു. അക്കാരണത്താൽത്തന്നെ സഭൈക്യപ്രവർത്തനങ്ങളിൽ തിരുമേനിയുടെ സാന്നിദ്ധ്യം ഏവരും അഭിലഷിച്ചിരുന്നു. സ്വയം വരിച്ച ക്രൈസ്തവ സന്യാസത്തിനും അതിലൂടെ താൻ നയിക്കുന്ന ദൈവ സഭയ്ക്കും അതിന്റേതായ തനിമ നൽകുന്നതോടൊപ്പം മറ്റു സഭാ വിഭാഗങ്ങളേയും ആദരിക്കുവാനുള്ള തിരുമേനിയുടെ കഴിവ് പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ അടിയുറച്ചു വിശ്വസിക്കാൻ മക്കാറിയോസ് തിരുമേനിയുടെ ആർഷസൂചനകൾ പാശ്ചാത്യമണ്ണിൽ വളരുന്ന വിശ്വാസികൾക്ക് പ്രേരണ നൽകി.

മതം, സംസ്ക്കാരം, വിശ്വാസം ഇവയെ വേർതിരിച്ചു കാണുന്നതിനും, സംസ്ക്കാരം മതത്തിന്റെ ഭാഗമാകണമെന്നില്ലെന്നും സംവാദങ്ങളിൽ വ്യക്തമായി പാശ്ചാത്യ സംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ പൗരസ്ത്യ സഭയെ തനിമയോടെ കാത്തുസൂക്ഷിച്ച കർമ്മയോഗിയായിരുന്നു തിരുമേനി. മതത്തെ മതമായും, സംസ്ക്കാരത്തെ സംസ്ക്കാരമായും കണ്ട് ഒന്ന് ഒന്നിൽ മുങ്ങിപ്പോകാതെ അമേരിക്കയിലും പിന്നീട് രൂപപ്പെട്ട കാനഡ, യൂറോപ്പ് ഭദ്രാസനങ്ങളിലും മലങ്കരയുടെ ഭദ്രദീപം അണയാതെ സൂക്ഷിപ്പാൻ ശ്രേഷ്ഠ ഇടയനായിരുന്ന തിരുമേനിക്കു സാധിച്ചു.

മക്കാറിയോസ് തിരുമേനിയുടെ സഹോദരങ്ങൾ ആദരണീയരായ ലാസറസ് റമ്പാനെയും, കെ. സി. മാത്യൂസ് കോർഎപ്പിസ്കോപ്പായെയും സിസ്റ്റർ മറിയത്തെയും എനിക്ക് പരിചയമുണ്ട്. തിരുമേനിയിൽ വിളങ്ങിക്കണ്ട വിശേഷ വാസനകൾ പലതും അവരിലും കാണുവാൻ സാധിച്ചിട്ടുണ്ട്. ഇവിടെ അനുമോദിക്കേണ്ട ഒരു ഘടകമാണ് തിരുമേനിക്ക് ജന്മമേകി വളർത്തി പ്രേഷിതവൃത്തിക്കായി സഭയ്ക്കു നൽകിയ അയിരൂർ കുറ്റിക്കണ്ടത്തിൽ കുടുംബം. തിരുമേനിയുടെ മാതാപിതാക്കൾ പരേതരായ എ. റ്റി. ചാക്കോ, മറിയാമ്മ ചാക്കോ ദമ്പതികൾ കർത്താവിനോടും തിരുസഭയോടും പുലർത്തിയ ബന്ധവും. ആ ബന്ധത്തിന്റെ വെളിച്ച

ത്തിൽ അയൽക്കാരനെയും ഇതര മതസ്ഥരെയും കൈക്കൊണ്ടവിധവും ഒരു വലിയ സ്വാധീനമായി സഭൈക്യ പ്രവർത്തനങ്ങളിൽ തിരുമേനിക്ക് ശക്തി പകർന്നിട്ടുണ്ട്. ഇന്നത്തെ ശിഥിലമായ ലോകത്തിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായ് ചേർക്ക എന്ന കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയ്ക്കായ് അതിർത്തികൾ ഭേദിച്ച് യത്നിക്കുവാൻ ഭാഗ്യസ്മരണീയനായ മക്കാറിയോസ് തിരുമേനിയെപ്പോലെ അനേകരെ ദൈവം ഉയർത്തട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മക്കാറിയോസ് മെത്രാപ്പോലീത്താ

യൂഹാനോൻ മാർ ദിമത്രെയോസ് മെത്രാപ്പോലീത്താ

അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനി ഈ സ്ഥാപനത്തിലാണ് (പഴയസെമിനാരി) വളരെയധികം നാളുകൾ പഠിപ്പിച്ചിരുന്നത്.

വിദ്യാർത്ഥികളുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ടുകൊണ്ട് സഭാചരിത്രം പഠിപ്പിക്കുന്നതിനുള്ള ശുശ്രൂഷയായിരുന്നു ഈ സ്ഥാപനത്തിൽ അദ്ദേഹം നിർവ്വഹിച്ചിരുന്നത്. വളരെ ആഴമായിട്ടുള്ള അറിവ് സമ്പാദിച്ചിട്ടാണ് അദ്ദേഹം ഇവിടെ പഠിപ്പിക്കുന്നതിനായി തുടങ്ങിയത്. ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ സേവനം ഒന്നും തന്നെയും ഒരു കാലത്തും മറക്കുവാൻ സാധിക്കുകയില്ല എന്നുള്ള ഒരു വസ്തുതയാണ് നമുക്ക് എപ്പോഴും ഓർക്കുവാനുള്ളത്. ഒരു സംഭവം ഞാൻ ഓർക്കുന്നു. 1989-ൽ അമേരിക്കയിലെ ഡിട്രോയിറ്റിലെ ഒരു പള്ളിയിലെ പെരുന്നാളിന് അവിടെ പ്രസംഗിക്കുവാൻ പോയിരുന്നു. അന്ന് ആ പ്രസംഗവും ശുശ്രൂഷയുമെല്ലാം കഴിഞ്ഞ് ഒരു വീട്ടിൽ എല്ലാവരും കൂടി. അവിടെ തിരുമേനിയോട് അഭിപ്രായവ്യത്യാസമുള്ളവരും തിരുമേനിയെ സ്നേഹിച്ചിരുന്നവരും എല്ലാം കൂടിയിരുന്നു. അഭിവന്ദ്യ തിരുമേനി ആ മുറിയിലേക്ക് വന്ന് ഓരോരുത്തരുമായി ഇടപെടുന്ന രീതിയിൽ മറ്റൊരു വ്യക്തി നോക്കി നിൽക്കുകയാണെങ്കിൽ ആർക്കും ഒരു തരത്തിലുമുള്ള പ്രയാസമോ ബുദ്ധിമുട്ടോ ഉള്ളതായി കാണുവാൻ പറ്റുകയില്ലായിരുന്നു.

ഏതൊരു സദസ്സിൽ ചെന്നാലും അദ്ദേഹത്തിന്റെ ആശയങ്ങൾ കൈമാറാനുള്ള അവാച്യമായ ഒരു കഴിവുണ്ടായിരുന്നു. അതൊക്കെ അദ്ദേഹത്തിന്റെ കമ്യൂണിക്കേഷന്റെ കഴിവാണ് എന്ന് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്.

മലങ്കരസഭയുടെ കാതോലിക്കാ ആയിരുന്നെങ്കിൽ

ഫാ. ഡോ. എം. ഒ. ജോൺ

അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന കാലംചെയ്ത ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനി കുറേക്കാലമെങ്കിലും മലങ്കരസഭയുടെ കാതോലിക്കാ ആയിരുന്നെങ്കിൽ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന അനേകായിരം മലങ്കരസഭാംഗങ്ങൾ ഉണ്ട്. സഭയെ സ്നേഹിക്കുന്ന, സഭയുടെ പുരോഗതി ആഗ്രഹിക്കുന്ന, സഭയുടെ ചില ദുരവസ്ഥകളെക്കുറിച്ച് ദുഃഖിക്കുന്ന സഭാംഗങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുയർന്നുവന്ന ഒരാഗ്രഹമായിരുന്നു അത്. അദ്ദേഹത്തിന്റെ സാമർത്ഥ്യവും കഴിവുകളും സംബന്ധിച്ച് അത്രമാത്രം മതിപ്പ് സഭാംഗങ്ങളുടെ ഇടയിൽ ഉണ്ടായിരുന്നു എന്നതിന്റെ തെളിവാണ് ഈ ആഗ്രഹം.

കഴിഞ്ഞ നൂറ്റാണ്ടിൽ മലങ്കരസഭയിൽ ജീവിച്ചിരുന്ന പിതാക്കന്മാരിൽ എന്തുകൊണ്ടും അഗ്രഗണ്യൻ തന്നെയാണ് മക്കാറിയോസ് തിരുമേനി. ജീവിതത്തിന്റെ കർമ്മപഥം ആരംഭിച്ചതു മുതൽ മികച്ച അദ്ധ്യാപകനായിരുന്ന അദ്ദേഹം മരണംവരെയും അങ്ങനെതന്നെ ആയിരുന്നു.

ചെറുപ്പംമുതൽ അതായത് ഒരു വൈദിക വിദ്യാർത്ഥി ആയ കാലം മുതൽ സഭയുടെ മുഖ്യധാരയിൽ തന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനം.

ശെമ്മാശനായും വൈദികനായും 1952 മുതൽ അദ്ദേഹം അക്കാലത്തെ പിതാക്കന്മാരുമായും അത്മായ പ്രമുഖരുമായും സഭയിലെ പ്രധാന കേന്ദ്രങ്ങളുമായുമെല്ലാം അടുത്തിടപെട്ടു. സമുദായക്കേസ് നടക്കുന്ന കാലഘട്ടമായിരുന്നു അത്. അക്കാലത്തു നടന്ന പ്രധാനപ്പെട്ട എല്ലാ സംഭവങ്ങൾക്കും അദ്ദേഹം ദൃക്സാക്ഷിയായിരുന്നു. ദേവലോകം അരമന വാങ്ങുന്നതിൽ, അതിനുവേണ്ടി പണം പിരിക്കുന്നതിൽ, ഹൈക്കോടതി വിധിയെ തുടർന്ന് കോട്ടയത്ത് എം.ഡി. സെമിനാരി അങ്കണത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് നൽകിയ സ്വീകരണ മഹാസമ്മേളനം 1958-ലെ സുപ്രീംകോടതി വിധി, അതേ തുടർന്നുള്ള സഭാസമാധാനം തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ അദ്ദേഹം നേരിട്ട് പങ്കാളിയായിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും പങ്കാളിത്തവും നേതൃത്വവും അനേക സന്ദർഭങ്ങളിലും സംഭവങ്ങളിലും സഭയ്ക്ക് മുതൽകൂട്ടായിട്ടുണ്ട്. എന്നാൽ പിൽക്കാലത്ത് അത് വേണ്ടവിധം പ്രയോജനപ്പെടുത്താൻ മലങ്കരസഭയ്ക്ക് സാധിച്ചിട്ടില്ല.

കേരളത്തിലെ മിക്കവാറും എല്ലാ സഭാമേലദ്ധ്യക്ഷന്മാരുമായും അദ്ദേഹത്തിന് നല്ല സൗഹൃദബന്ധമുണ്ടായിരുന്നു. 1975-നുശേഷം മലങ്കര

സഭ രണ്ടായി പിരിഞ്ഞെങ്കിലും പാത്രിയർക്കീസ് വിഭാഗത്തിൽ നിന്ന മെത്രാച്ചന്മാരുമായി നല്ല സൗഹൃദം കാത്തുസൂക്ഷിച്ച ആളായിരുന്നു മക്കാറിയോസ് തിരുമേനി. മൂവാറ്റുപുഴയും, മലേക്കുരിശും, കോതമംഗലവും, ചിങ്ങവനവും എല്ലാം അദ്ദേഹത്തിന്റെ സാധാരണ സന്ദർശന സ്ഥലങ്ങളായിരുന്നു. അഭിവന്ദ്യ തിരുമേനി ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായെ (പൗലോസ് മാർ പീലക്സിനോസ്) സന്ദർശിച്ചപ്പോൾ ഒരുതവണയും ചിങ്ങവനത്തു അഭിവന്ദ്യ ഏബ്രഹാം മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്തായെ സന്ദർശിച്ചപ്പോൾ രണ്ടു തവണയും അദ്ദേഹത്തോടൊപ്പം പോകാനും ആ പിതാക്കന്മാർ തമ്മിലുണ്ടായിരുന്ന ഊഷ്മള സ്നേഹബന്ധം നേരിട്ടു കാണുവാനും എനിക്കും സാധിച്ചിട്ടുണ്ട്. മനുഷ്യബന്ധങ്ങളിലുള്ള കുലീനത്വം അവസാനം വരെ കാത്തു സൂക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചു. കേരളത്തിൽ മാത്രമല്ല ലോകമെമ്പാടുമുള്ള ക്രൈസ്തവ സഭാമേലദ്ധ്യക്ഷന്മാരുമായി പരിചയപ്പെടാനും നല്ല ബന്ധം സ്ഥാപിച്ചെടുക്കാനും മക്കാറിയോസ് തിരുമേനി മിടുക്കനായിരുന്നു.

സഭാദ്ധ്യക്ഷന്മാരുമായി മാത്രമായിരുന്നില്ല മക്കാറിയോസ് തിരുമേനിയുടെ ബന്ധം. ഭാരതത്തിന്റെ മുൻ രാഷ്ട്രപതി കെ. ആർ. നാരായണൻ, മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി, മുൻ ലോകസഭാ സ്പീക്കർ എ. എസ്. അയ്യങ്കാർ തുടങ്ങി ഉമ്മൻചാണ്ടി വരെ വിവിധ നിലകളിലും രാഷ്ട്രീയപാർട്ടികളിലും നൂറുകണക്കിനു നേതാക്കന്മാരുമായി സൗഹൃദബന്ധം ഉണ്ടാക്കുവാനും അതു നിലനിർത്തുവാനും തിരുമേനിക്കു സാധിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ കഴിവുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുവാൻ മലങ്കരസഭയ്ക്ക് സാധിച്ചില്ല എന്ന ഒരു ദുഃഖം വ്യാപകമായുണ്ട് എന്നു മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ശക്തമായ വെല്ലുവിളികളും തീവ്രമായ പ്രതിസന്ധികളും ഉണ്ടായിട്ടുണ്ട്. എന്നാൽ അതൊന്നും അദ്ദേഹത്തെ തളർത്തിയില്ല. ഏൽപിച്ച ചുമതലകളും ഉത്തരവാദിത്വങ്ങളും എല്ലാം ഭംഗിയായി നിർവ്വഹിച്ചു ജീവിതാവസാനം വരെ അദ്ദേഹം കർമ്മനിരതനായിരുന്നു. ഇംഗ്ലണ്ടിൽ പുതുതായി ഒരു ഇടവക ആരംഭിക്കുന്നതിനോടനുബന്ധിച്ചുള്ള യാത്രയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. അത്യുന്നതൻ അദ്ദേഹത്തിന് ആശ്വാസവും നല്ല ഓർമ്മയും നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കാലാതിശായിയായ കർമ്മധീരൻ

ഡി. ബാബു പോൾ

തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഇഹലോക വാസത്തിന്റെ അവസാനത്തെ വ്യാഴവട്ടക്കാലം മാത്രം ആണ് അദ്ദേഹത്തെ കുറച്ചെങ്കിലും അടുത്തറിയാൻ എനിക്ക് സന്ദർഭം ഉണ്ടായത്. ആ ചുരുങ്ങിയ പരിചയത്തിന്റെ ബലത്തിൽ പറയട്ടെ, മക്കാറിയോസ് തിരുമേനി ദേവലോകത്ത് ദിദിമോസ് ദ്വിതീയനായിരുന്നു എങ്കിൽ ആ വിഭാഗത്തിന്റെ നിലപാടുകൾക്ക് ഇളക്കം വരുത്താതെ തന്നെ അന്ത്യോഖ്യാ സിംഹാസനവുമായി രമ്യതയിലും പുനരൈക്യത്തിലും സ്വജനത്തെ എത്തിക്കുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. കർത്താവിന്റെ സഭയെ നയിക്കുവാൻ ഈ ലോകത്തിന്റെ മാനദണ്ഡങ്ങൾ വച്ച് സമർത്ഥൻ എന്ന് കരുതപ്പെടണമെന്നില്ല എന്നറിയാതെയല്ല ഇത് പറയുന്നത്. മക്കാറിയോസ് തിരുമേനിയുടെ വീക്ഷണങ്ങളോടോ പ്രവർത്തനശൈലികളോടോ ഒന്നും അന്ധമായ ആരാധന എനിക്കില്ല താനും.

തൊണ്ണൂറുകളിലെന്നോ കാനഡയിലെ മോൺട്രിയൽ നഗരത്തിൽ വച്ചാണ് തിരുമേനിയും ഞാനും ആദ്യമായി സാമാന്യം ദീർഘമായി സഭാകാര്യങ്ങൾ സംസാരിച്ചത്. തിരുമേനി തന്റെ ആസ്ഥാനത്ത് നിന്ന് വണ്ടി ഓടിച്ച് വരികയായിരുന്നു. ഞങ്ങൾ രണ്ടുപേർ മാത്രം. അന്നത്തെ സംഭാഷണത്തിന്റെ വിശദാംശങ്ങൾ ഇപ്പോൾ പ്രസക്തമല്ല. ചർച്ച ചെയ്ത എല്ലാ വിഷയങ്ങളിലും ഞങ്ങൾക്ക് ഏകാഭിപ്രായം ഉണ്ടായതുമില്ല. പറഞ്ഞതൊക്കെ രഹസ്യമായിട്ടിരിക്കട്ടെ തൽക്കാലം എന്നു പറഞ്ഞാണ് തിരുമേനി കാറിലേക്കും ഞാൻ വിമാനത്തിലേക്കും പുറപ്പെട്ടതും. രണ്ടുപേരിൽ ഒരാൾ കാലയവനികയിൽ മറഞ്ഞതിനാൽ ഇനി അന്നത്തെ സംഭാഷണം എന്നത്തെയും രഹസ്യം തന്നെ ആകാതെ വയ്യ.

പിന്നീട് ഒരിക്കൽ തിരുമേനി എന്നെ തിരുമേനിയുടെ ഭദ്രാസനത്തിലെ കുടുംബസംഗമത്തിൽ മുഖ്യപ്രഭാഷകനായി ക്ഷണിച്ചു. ആ ദിവസങ്ങൾ അവിസ്മരണീയമാണ്. അപ്പോഴേയ്ക്കും എന്റെ കൊച്ചപ്പൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതലയിൽ ഉറച്ചുകഴിഞ്ഞിരുന്നു. കൊച്ചപ്പന്റെ അനുവാദവും അനുഗ്രഹവും തേടിയിട്ടാണ് മക്കാറിയോസ് തിരുമേനിയുടെ പരിപാടിക്ക് പോയത്. സത്യവിശ്വാസവും സഭാപാരമ്പര്യങ്ങളും മറക്കാതെ നിന്റെ വലിയമ്മ ലോവീസിലും അമ്മ യുനീക്കയിലും (2 തിമോ. 1:5) ഉണ്ടായിരുന്ന തീക്ഷ്ണതയോടെ നീ റോമാ ലേഖനം 12:1 പഠിപ്പിക്കുമ്പോൾ എനിക്കെന്ത് ഹേതു പരിഭവിക്കാൻ എന്നായിരുന്നു സാത്വികനായ ആ പ്രാർത്ഥനാ മനുഷ്യന്റെ സമീപനം. മക്കാറിയോസ് തിരുമേനിയും അത്യന്തം

ബഹുമാനത്തോടും അൽപംപോലും പരദൂഷണവാസന കൂടാതെയു മാണ് കൊച്ചപ്പനെക്കുറിച്ച് സംസാരിച്ചത്. സത്യത്തിൽ സഭയിലെന്നല്ല പൊതുസമൂഹത്തിലും സാമാന്യബന്ധങ്ങളെ നിർവചിക്കേണ്ട മനോഭാവം ആണ് രണ്ടു തിരുമേനിമാരിലും ഞാൻ കണ്ടത്. മനുഷ്യർ തമ്മിൽ അഭി പ്രായഭേദങ്ങൾ ഉണ്ടാകാം. എന്നാൽ വ്യക്തിതലത്തിൽ എല്ലാവരും അയൽക്കാരാണെന്നും ഓരോരുവനും അവനവന്റെ സഹോദരന്റെ കാവ ൽക്കാരനാണെന്നും തിരിച്ചറിഞ്ഞ് ജീവിക്കാൻ കഴിയുന്നതാണ് ക്രിസ്തീ യതയുടെ മാനദണ്ഡം. കൊച്ചപ്പനോടായാലും പാത്രിയർക്കീസ് വിഭാഗ ത്തിലെ മെത്രാന്മാരോടായാലും മക്കാറിയോസ് തിരുമേനിക്ക് സ്നേഹ ബന്ധം നിലനിർത്താൻ കഴിഞ്ഞിരുന്നു. മലേക്കുരിശിലും മുളന്തുരുത്തി യിലും മക്കാറിയോസ് തിരുമേനിക്ക് കയറുമ്പോൾ ധൂപക്കുറ്റിയും, ഇറ ങ്ങുമ്പോൾ മണിയടിയും കിട്ടുമായിരുന്നു. അത് ചെറിയ കാര്യം അല്ല.

തിരുമേനിക്ക് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ക്രൈസ്തവദൗത്യ ത്തെക്കുറിച്ച് വ്യക്തവും സമഗ്രവും ആയ ഒരു വീക്ഷണം ഉണ്ടായിരുന്നു. ശീമയിൽ സഖാ പ്രഥമൻ ബാവായും മലങ്കരയിൽ പൗലോസ് മാർ ഗ്രിഗോറിയോസ്, ഫിലിപ്പോസ് മാർ തെയോഫിലോസ് എന്നീ തിരുമേ നിമാരേപ്പോലുള്ളവരും ഈ വീക്ഷണം ഫലപ്രാപ്തിയിൽ എത്തിക്കാൻ സൗകര്യം കിട്ടിയവരാണ്. മക്കാറിയോസ് തിരുമേനിക്ക് തന്റെ ഭദ്രാസ നത്തിന് പുറത്ത് അങ്ങനെ ഒരു സന്ദർഭമോ സൗകര്യമോ ഉണ്ടായില്ല എന്നത് മലങ്കരസഭയുടെ ദൗർഭാഗ്യമാണ്.

1958-ൽ തിരുമേനിയാണ് സുപ്രീംകോടതിവിധി സമ്പാദിച്ചത് എന്നൊക്കെ പറയുന്നത് ശരിയല്ല. അത്രയ്ക്കേ ഉള്ളോ നമ്മുടെ സുപ്രീം കോടതി എന്നും അത്ര ദുർബലമായ ഒരു കേസ് അത്ര അനർഹമായി വിധിച്ചെടുത്തതാണോ എന്നും ആലോചിക്കാത്ത നിഷ്കളങ്കർ മാത്രം പറയുന്ന ഒരു സ്തുതിപാഠം മാത്രം ആണ് അത്. എന്നാൽ സഭയുടെ ഒരു നിർണ്ണായക നിമിഷത്തിൽ തന്റെ പ്രത്യുൽപന്നമതിത്വംകൊണ്ട് വിഷമസന്ധി ഒഴിവാക്കിയിട്ടുണ്ട്. തിരുമേനി അന്ന് പയ്യൻ ശെമ്മാശ്ശൻ. എതിർവിധിക്ക് ശേഷം ഗീവർഗീസ് ദ്വിതീയൻ ബാവാ കോട്ടയത്ത് എത്തിയ വേള. അന്ന് അവിടെ കൂടിയവർക്ക് ചൊല്ലാനുള്ള പ്രതിജ്ഞ എഴുതിയ കടലാസ് വേണ്ടപ്പെട്ടവർ പഴയസെമിനാരിയിൽ മറന്നു വച്ചു. അതിന്റെ രചനയിൽ സാക്ഷിയായിരുന്ന കെ. സി. തോമസ് ശെമ്മാശ്ശൻ ഓർമ്മയിൽ നിന്ന് ചികഞ്ഞെടുത്ത് കടലാസ്സിലാക്കിയ പ്രതിജ്ഞയാണ് അന്ന് ജനം ആവേശത്തോടെ ഏറ്റുവിളിച്ചത് (കൂടെ പറയട്ടെ, ആ സന്ദർ ഭത്തിലെ പ്രശസ്തമായ കൽപ്പന - ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട - പിൽക്കാലത്ത് മലങ്കര കത്തോലിക്കാ സഭയിൽ ചേർന്ന ഓക്സ്ഫോ ർഡ് പണ്ഡിതൻ സി. എ. ഏബ്രഹാം കോർഎപ്പിസ്കോപ്പാ തന്റെ മുപ്പ

ത്തിരണ്ടാം വയസ്സിൽ തയ്യാറാക്കിയതാണ്. വിധി വരുമ്പോൾ ബാവാ കൽക്കട്ടയിലായിരുന്നു, ഏബ്രഹാം അച്ചൻ അവിടെ വികാരിയും).

മക്കാറിയോസ് തിരുമേനിയുടെ പേര് തന്നെ പലരും വേണ്ടവണ്ണം ഗ്രഹിച്ചിട്ടില്ല. സൈപ്രസ് പ്രസിഡന്റിന്റെ പേരാണ് എന്നാണ് മിക്കവരുടേയും ചിന്ത. സത്യത്തിൽ മക്കാറിയോസ് എന്നതു കോപ്റ്റിക് മൊണാസ്റ്റിസത്തിന്റെ ആദിപിതാക്കന്മാരിൽ ഒരാളുടെ പേരാണ്. മുപ്പതാം വയസ്സിൽ ഒരു വലിയ ദയറാ സ്ഥാപിച്ച ഭക്തനും അത്ഭുതപ്രവർത്തകനും ആയിരുന്നു ആ പിതാവ്. അന്തോണിയോസിന്റെയും അത്താനാസിയോസിന്റെയും ശിഷ്യസ്ഥാനീയൻ. മറ്റൊരു മക്കാറിയോസ് യെരുശലേമിലെ പാത്രിയർക്കീസ് ആയിരുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇരുവരും അറിയോസിന്റെ വേദവിപരീതത്തിനെതിരെ ബൗദ്ധികയുദ്ധം നയിച്ചവരായിരുന്നു. ഹെലേനാ രാജ്ഞി കുരിശ് കണ്ടെടുത്തതിൽ സഹായിയായിരുന്ന മക്കാറിയോസ് ആണ് രാജകൽപന അനുസരിച്ച് യരുശലേമിലെ 'കബറിന്റെ പള്ളി' പണിയിച്ചത്. ഒരാൾ ദയറാധിപൻ. മറ്റെയാൾ ദേവാലയ നിർമ്മാതാവ്. ഇരുവരും ഭക്തരും പണ്ഡിതരും. ആ പേരാണ് കെ. സി. തോമസ് അച്ചന് യോജിച്ചതായി മഹാപണ്ഡിതനായിരുന്ന ഔഗേൻ ബാവാ കണ്ടെത്തിയത്.

തന്റെ കർമ്മമണ്ഡലത്തിൽ സവിശേഷമായ പ്രാഗത്ഭ്യം തെളിയിച്ച് അകാലത്തിൽ വാങ്ങിപ്പോയ ഒരു മഹാൻ എന്നായിരിക്കും മക്കാറിയോസ് തിരുമേനി മലങ്കരസഭാചരിത്രത്തിൽ അടയാളപ്പെടുത്തുക. സംശയം വേണ്ട കാലാതിശായിയായ കർമ്മധീരൻ. വാർപ്പുമാതൃകകളിൽ ഒതുക്കാനാവാത്ത അതുല്യ പ്രതിഭ. അതായിരുന്നുവല്ലോ മക്കാറിയോസ് തിരുമേനി.

മരിക്കാത്ത ഓർമ്മകൾ

ഡോ. അലക്സാണ്ടർ കാരയ്ക്കൽ

അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് തിരുമേനി കാലംചെയ്തിട്ട് മൂന്നു വർഷം തികയുന്നു. ആ പിതാവിനെക്കുറിച്ചുള്ള മരിക്കാത്ത ഓർമ്മകൾ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. സഭയുടെ വിവിധ മേഖലകളിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്.

മുള്ളും പറക്കാരയും പൂവും പവിഴമുത്തും വിതറിയ പാതയിലൂടെയാണ് തിരുമേനി സഞ്ചരിച്ചത്. വേദനയും സന്തോഷവും സന്താപവുമെല്ലാം അതിൽ നിറഞ്ഞുനിന്നിരുന്നു. പതറിപ്പോയ നിമിഷങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പ്രതിബന്ധങ്ങളെ തരണം ചെയ്യുവാൻ ദൈവകൃപ ഒരു മേഘസ്തംഭം പോലെ രാത്രിയിലും മക്കാറിയോസ് തിരുമേനിക്ക്

തുണയായിരുന്നു. മാറ്റത്തിന്റെ ഒഴുക്ക് ശബ്ദത്തിന്റെ വേഗത്തെയും അതിലംഘിക്കുന്ന ഇക്കാലത്ത് ഏതു സദസ്സിനെയും കൈയിലെടുക്കാനുള്ള തിരുമേനിയുടെ കഴിവ് എടുത്തുപറയേണ്ട ഒന്നാണ്.

1975-ൽ മെത്രാപ്പോലീത്താ ആകുന്നതിനു മുമ്പുതന്നെ റവ. ഡോ. കെ. സി. തോമസ് എന്ന പേരിൽ അദ്ദേഹം സുപരിചിതനായിരുന്നു. സമുദായക്കേസിന്റെ നടത്തിപ്പിൽ പാറപോലെ ഉറച്ചുനിന്നു. ഒടുവിൽ അദ്ദേഹത്തിന്റെ അനസ്യൂതമായ തീവ്രയത്നം വിജയത്തിന്റെ തുറമുഖത്തടുത്തു. 1958-ലുണ്ടായ ചരിത്രപ്രസിദ്ധമായ സുപ്രീംകോടതിവിധിയുടെ പിന്നിൽ അഹോരാത്രം പണിയെടുത്ത കെ. സി. തോമസ് അച്ചനെ സഭയ്ക്ക് ഒരുകാലത്തും മറക്കുവാൻ കഴിയില്ല.

തിരുമേനിയും ഞാനുമായുള്ള പരിചയത്തിന് നാൽപത് വർഷത്തെ പഴക്കമുണ്ട്. 1970-ൽ ഞാൻ സഭാ മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതു മുതൽ ഞങ്ങൾ തമ്മിൽ കൂടുതൽ അടുക്കുവാൻ ഇടയായി. 1972-ൽ നടന്ന മാർത്തോമ്മാശ്ലീഹായുടെ 19-ാം ചരമശതാബ്ദി ആഘോഷങ്ങളുടെ ജനറൽ കൺവീനറായി പ്രവർത്തിക്കുവാൻ സഭാ മാനേജിംഗ് കമ്മിറ്റി എന്നെ തെരഞ്ഞെടുത്തത് നന്ദിപൂർവ്വം സ്മരിക്കുന്നു. ഒരു വർഷം നീണ്ടുനിന്ന ആഘോഷങ്ങൾ കേരളത്തിനകത്തും പുറത്തും സഭാതലത്തിലും ഭദ്രാസനാടിസ്ഥാനത്തിലും ഇടവകതലത്തിലും സംഘടിപ്പിക്കുവാൻ കഴിഞ്ഞത് ഒരു ദൈവകൃപയായി ഞാൻ കരുതുന്നു. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി (നിയുക്ത കാതോലിക്കാ) ആഘോഷ കമ്മിറ്റിയുടെ പ്രസിഡന്റ് എന്ന നിലയിൽ ധീരമായ നേതൃത്വമാണ് നൽകിയത്. 19-ാം ശതാബ്ദിയോടനുബന്ധിച്ച് വിവിധ സമ്മേളനങ്ങളിൽ കേരളത്തിലുടനീളം സഞ്ചരിച്ച് സ്റ്റഡി ക്ലാസ്സുകളും, പ്രഭാഷണങ്ങളും, കോൺഫ്രൻസുകളും സംഘടിപ്പിക്കുന്നതിൽ മക്കാറിയോസ് തിരുമേനി വഹിച്ച പങ്ക് ഒരു കാലത്തും വിസ്മരിക്കുവാൻ കഴിയുകയില്ല. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തെക്കുറിച്ച് പാത്രിയർക്കീസ് ബാവായുടെ കൽപന ഉണ്ടായപ്പോൾ അതിനെ സുധീരം നേരിടുന്നതിന് കെ. സി. തോമസ് അച്ചന്റെ പ്രസംഗപാടവവും സംഘടനാവൈഭവവും സഭാചരിത്രത്തിലുള്ള അവഗാഹവും വളരെയധികം ഉപകരിച്ചു എന്ന് നിസ്സംശയം പറയുവാൻ കഴിയും. ആ കാലയളവിൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ സഭാചരിത്രം പഠിപ്പിക്കുന്നതിനും അദ്ദേഹത്തെ നിയോഗിച്ചു.

രണ്ടു വർഷം കഴിഞ്ഞ് 1975-ൽ നിരണത്തുവച്ച് അദ്ദേഹം മക്കാറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിക്കപ്പെട്ടു. ബോംബെ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ചുമതലയേറ്റ

തിരുമേനി അമേരിക്കൻ ഭദ്രാസന രൂപീകരണത്തോടുകൂടി അതിന്റെ ചുമതല ഏറ്റെടുത്തു. അമേരിക്കയിലുടനീളം മലങ്കര ഓർത്തഡോക്സ് സഭയുടെ സാന്നിദ്ധ്യം അറിയിക്കുന്നതിനും പുതിയ ഇടവകകൾ വളർന്നു വരുന്നതിനും തിരുമേനി വഹിച്ച പങ്ക് എത്രയോ വലുതാണ്.

വിയറ്റ്നാം യുദ്ധത്തിനുശേഷം 1968-ൽ റിച്ചാഡ് നിക്സൺ അമേരിക്കൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതോടുകൂടി ഇന്ത്യയിൽ നിന്നും അമേരിക്കയിലേക്കുള്ള കുടിയേറ്റത്തിന് വേഗത കൂടി. മെഡിക്കൽ സേവന രംഗങ്ങളിൽ മലങ്കര നസ്രാണികളുടെ സാന്നിദ്ധ്യം പതിന്മടങ്ങ് വർദ്ധിച്ചു. ആദ്യകാലത്ത് ന്യൂയോർക്കിലും പ്രാന്തപ്രദേശങ്ങളിലും ഒതുങ്ങിനിന്ന മലങ്കരസഭ അമേരിക്കൻ ഐക്യനാടുകളിൽ ശ്രദ്ധേയമായ ഒരു ക്രിസ്ത്യൻ സാന്നിദ്ധ്യമായി രൂപാന്തരപ്പെട്ടു. അമേരിക്കൻ പൊതുജീവിതത്തിലും വിവിധ ക്രൈസ്തവ സമൂഹത്തിലും മറ്റ് മലയാളി കൂട്ടായ്മകളിലും തിരുമേനിയുടെ ശബ്ദം ശ്രദ്ധിക്കപ്പെട്ടു. അമേരിക്കൻ കോൺഗ്രസിന്റെയും റിപ്പബ്ലിക്കൻ-ഡമോക്രാറ്റിക് പാർട്ടികളുടെയും നേതൃത്വവുമായി തിരുമേനി അടുത്ത ബന്ധം പുലർത്തിയിരുന്നു.

1982-ലാണ് ഫുൾബ്രൈറ്റ് സ്കോളർഷിപ്പോടുകൂടി പ്രിൻസ്റ്റൻ യൂണിവേഴ്സിറ്റിയിൽ ഞാൻ ഗവേഷണത്തിനു ചേർന്നത്. ആ കാലയളവിൽ ന്യൂയോർക്ക് സ്റ്റേറ്റിലുള്ള ബഫലോയിലാണ് തിരുമേനി താമസിച്ചിരുന്നത്. അവിടം സന്ദർശിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. അവിടുത്തെ ലളിതമായ ജീവിതവും സാഹചര്യങ്ങളും മനസ്സിലാക്കുവാൻ കഴിഞ്ഞു.

അമേരിക്കൻ മലയാളികളുടെ ഇടയിൽ രൂപംകൊണ്ട ഫൊക്കാനാ എന്ന സംഘടനയുടെ വാർഷിക സമ്മേളനം ഉൾപ്പെടെ പല വേദികളിലും തിരുമേനി മുഖ്യപ്രസംഗകനായി പങ്കെടുത്തിരുന്നു. തകഴി ഉൾപ്പെടെ കേരളത്തിൽ നിന്നുള്ള പ്രമുഖ സാഹിത്യകാരന്മാർ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. 1983-ൽ ഫൊക്കാനയുടെ ആദ്യകാല സമ്മേളനത്തിൽ തിരുമേനിയോടൊത്തു പങ്കെടുക്കുവാൻ എനിക്കും അവസരം ലഭിച്ചു. അന്ന് തിരുമേനി നടത്തിയ പ്രസംഗം മനോഹരമായിരുന്നു. മനുഷ്യചരിത്രം അഥവാ ലോകചരിത്രം വേർപാടിന്റെയും പുറപ്പാടിന്റെയും സമാഗമനത്തിന്റെയും ആകെത്തുകയാണ്. ബൈബിളും ഉപനിഷത്തുകളും ഉദ്ധരിച്ചു തിരുമേനി പ്രസംഗിച്ചു. സാഹിത്യം അനുഭൂതിയുടെ ആവിഷ്ക്കാരമാണെന്നും മനുഷ്യനും മനുഷ്യനും തമ്മിലുള്ള അനിവാര്യമായ സ്നേഹപ്രഭാവമാണ് സാദ്ധ്യമാകേണ്ടതെന്നും തിരുമേനി തുടർന്നു പറഞ്ഞു.

തിരുമേനിയുടെ മെത്രാൻസ്ഥാനാഭിഷേക സുവർണ്ണ രജതജൂബിലി 2000-ൽ തിരുവനന്തപുരത്തു വച്ചു നടന്നപ്പോൾ വൈദികമേലദ്ധ്യക്ഷ

ന്മാർക്കു പുറമെ മന്ത്രിമാരും സിവിൽ സർവ്വീസിലെ അതികായന്മാരും പൗരപ്രമുഖരും മറ്റും പങ്കെടുത്തിരുന്നു. അന്ന് തിരുമേനി തലസ്ഥാന നഗരിയിൽ നടത്തിയ മറുപടി പ്രസംഗം ശ്രദ്ധേയമായിരുന്നു.

ക്രിസ്തുമതം ആവശ്യപ്പെടുന്നത് രണ്ടു വലിയ കാര്യങ്ങളാണ്. സ്രഷ്ടാവായ ദൈവത്തെ പൂർണ്ണ മനസ്സോടും പൂർണ്ണ ഹൃദയത്തോടും കൂടി ആരാധിക്കുക. ക്രൈസ്തവരറിയിക്കുന്ന ദൈവം സ്നേഹമാണ്. ക്രിസ്തുമതത്തിന്റെ രണ്ടാമത്തെ തത്വം ഓരോ മനുഷ്യനും സ്വന്തം അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കണമെന്നുള്ളതാണ് യേശു പഠിപ്പിച്ചത്. സഹോദരനെ ഭോഷാ എന്നുപോലും വിളിക്കരുതെന്നാണ്.

കുറ്റിക്കണ്ടത്തിൽ കുടുംബത്തിൽ ജനിച്ച തിരുമേനിയുടെ സഹോദരങ്ങളെല്ലാം പൗരോഹിത്യ ശുശ്രൂഷയിലാണ്. വന്ദ്യനായ കെ. സി. മാത്യൂസ് കോർഎപ്പിസ്കോപ്പാ, വന്ദ്യനായ ലാസറസ് റമ്പാൻ. ഒരു സഹോദരിയും ദൈവിക ശുശ്രൂഷയിലാണ്.

അമേരിക്കയിലെ യുവജനങ്ങളെ അങ്ങേയറ്റം സ്വാധീനിക്കുകയും സഭാകാര്യങ്ങളിൽ തൽപരരാക്കുകയും ചെയ്തു എന്നുള്ളത് തിരുമേനിയുടെ വലിയ സംഭാവനയാണ്. അമേരിക്കയിൽ സഭയുടെ ഫാമിലി കോൺഫ്രൻസുകളിൽ ആദ്യാവസാനം സംബന്ധിച്ച് യുവജനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും കോൺഫ്രൻസിലെ അവസാനത്തെ ആൾ പോലും ഹാൾ വിടുന്നതുവരെ രാത്രിയിലും അവിടെയിരുന്നു എല്ലാ കാര്യങ്ങളും നിയന്ത്രിച്ചിരുന്നുവെന്നത് ഞാൻ നേരിൽ കണ്ട കാര്യമാണ്.

മക്കാറിയോസ് തിരുമേനി അമേരിക്കൻ ഭദ്രാസനത്തിനു പകരം ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹിയിലോ കേരള തലസ്ഥാനമായ തിരുവനന്തപുരത്തോ മലങ്കര ഓർത്തഡോക്സ് സഭയെ നയിച്ചിരുന്നെങ്കിൽ തിരുമേനിയുടെയും സഭയുടെയും ചരിത്രം തന്നെ വിഭിന്നമാകുമായിരുന്നേനെ. ആ കഴിവിന്റെ, ഊർജ്ജസ്വലതയുടെ, വാഗ്മിത്വത്തിന്റെ, സംഘടനാ വൈഭവത്തിന്റെ നേട്ടങ്ങൾ പൂർണ്ണമായി അനുഭവിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ഒരു ദുഃഖസത്യമാണ്. മരണത്തിലൂടെ നിത്യജീവനിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്ന മക്കാറിയോസ് തിരുമേനിയുടെ നാമം ആചന്ദ്രതാരം നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

സിദ്ധിയെ സാധ്യതയാക്കിയ മക്കാറിയോസ് പിതാവ്

റവ. ചെറിയാൻ രാമനാലിൽ കോർഎപ്പിസ്കോപ്പാ

കുമ്പളന്താനം ഗ്രാമത്തെ അന്തർദേശീയ ഭൂപടത്തിൽ ഉറപ്പിച്ച ഒരു അതുല്യ പ്രഭാവനായിരുന്നു മാർ മക്കാറിയോസ്. ഞാൻ അദ്ദേഹത്തെ

ഒരു ശെമ്മാശ്ശൻ - അദ്ധ്യാപകനായിട്ടാണ് ഓർമ്മിക്കുന്നത്. അന്ന് അദ്ദേഹം ഗ്രാജുവേറ്റ് ചെയ്തിട്ടില്ല. എന്നാൽ ഞങ്ങൾക്ക് 1949-കളിൽ ഇന്ത്യാചരിത്രം പഠിപ്പിക്കുന്ന അദ്ധ്യാപകനായി വലിയകുന്നം സ്കൂളിൽ ലഭിച്ചു. അദ്ധ്യാപകരുടെ ക്ഷാമം കാരണം ടീച്ചേഴ്സ് ട്രെയിനിംഗ് ഇല്ലാത്തവരെയും നിയോഗിച്ചിരുന്നു. പ്ലാസി യുദ്ധത്തെപ്പറ്റിയും ശിപ്പായി ലഹളയെപ്പറ്റിയുമായിരുന്നു പഠനവിഷയം. കുതിരപ്പട്ടാളത്തോടും കാലാൾപടയോടും കൂടി നമ്മളും സഞ്ചരിക്കുന്ന ഒരു വർണ്ണനരീതി പ്രിയ തങ്കച്ചൻ സാർ സ്വീകരിച്ചു. ആയുധങ്ങൾ കൂട്ടിമുട്ടി ശിപ്പായിമാർ മരിച്ചുവീഴുന്ന ഒരു യുദ്ധരംഗം വർണ്ണനയിലൂടെ ശെമ്മാശൻ വിശദീകരിച്ചത് ഇപ്പോഴും ഓർക്കുന്നു. അതിനുശേഷം ഫാ. കെ. സി. തോമസ് ആയി ഡൽഹിയിലും മാർ മക്കാറിയോസ് ആയി അമേരിക്കയിലും അനൗപചാരിക അദ്ധ്യാപകനായിരുന്നു. പ്രസംഗകല പ്രബോധന കലയായി അദ്ദേഹം മാറ്റി, കേഴ്വിക്കാരന്റെ ശ്രദ്ധ പിടിച്ചടക്കി. നർമ്മോക്തിയിലൂടെ ശ്രോതാക്കളെ ചിരിപ്പിച്ചു. അമേരിക്കൻ സദസ്സുകളിലെ അവിഭാജ്യ പ്രസംഗകനായി അദ്ദേഹം ഉയർന്നു. അപ്രതീക്ഷിതമായി അപകടത്തിൽ മരിക്കുന്ന സമയംവരെ പ്രൊഫസറായി അദ്ദേഹം തുടർന്നത് അദ്ധ്യാപനത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന അർപ്പണവും അദ്ധ്യാപകനായി അദ്ദേഹത്തെ ലഭിച്ചവർക്ക് കിട്ടിയ നന്മയുടേയും തുടർന്ന കഥയായിരുന്നു. പകലോമറ്റം താഴമൺ കുടുംബത്തിന്റെ യശസ്സ് ഒരുപാട് ഉയർത്തിയ വന്ദ്യപിതാവ് ഒരിക്കൽ അദ്ദേഹത്തെ കേട്ടിട്ടുള്ള എല്ലാവരുടെയും ഹൃദയത്തിൽ വസിക്കും.

Mar Makarios Metropolitan

Dr. M. Anirudhan

I have been associated with all the religious denominations from India serving in this country. And almost all have very broad-minded for people from other faiths. His grace Mar Makarios stands on the top of the line in this category with distinct difference.

When the Federation of the Kerala Associations of North America, known as FOKANA, was established bringing a national organization for the 500,000 Keralites of USA and Canada, Mar Makarios worked for its formation along with Hon. K R Narayan, former President of India who was then the Ambassador of India at Washington D C.

When we were finalizing the constitution of FOKANA, its membership was centered on all the secular Kerala organizations in North America. A demand was made by several Kerala religious organizations for membership.

We consulted Mr. K R Narayanan. He told us that this is a delicate matter, ask the advise of Mar Makarios Thirumeni. We approached his grace. He reminded us how the founding fathers of America made this country a place of equality for all faiths - the greatness of America in not mixing the Church and the State. The people of Kerala origin in North America should have the same idealistic world in their national organization. We finalized the constitution of FOKANA in that spirit. Later Hon. Mr. K R Narayanan remarked to me "Among so many religious priests that columns the spiritual world of Malayalees Mar Makarios stands alone."

In the late 80's the Indian state of Punjab was disturbed with violent intolerance of religious friction. We organized a religious harmony seminar in Chicago. Dr. Karan Singh, Maharaja of Kashmir, one of the greatest living scholars of the Eastern Philosophy was the guest of honor. We brought His Grace Mar Makarios to represent Kerala. Dr. Karan Singh asked us that who are the representatives of the other two religions from Kerala. I said "His Grace Mar Makarios Metropolitan". Dr Karan Singh got puzzled. Other states participated had Hindu scholars and Muslim scholars. That evening witnessed Mar Makarios Metropolitan as the star speaker. During the concluding remarks, Dr Karan Singh exclaimed, "When all the India burns with religious fanaticism, there is one exception - the State of Kerala. We always wonder why Kerala is different. We heard Mar Makarios Metropolitan. Now I understand why."

His Grace Mar Makarios was distinctly different! In epic proportions!

Mar Makarios Thirumeni was awarded THE FOKANA LIFETIME AWARD IN 2002 IN CHICAGO at Sheraton Convention Center, the greatest honor FOKANA ever awarded to anybody. Over 5000 Keralites witnessed this ceremony where it was stated to His Grace:

"By accepting this honor, you are bestowing the greatest honor to 33 millions Keralites around the world."

Indeed He did. His Grace brought Honor and Belongingness to us! Thank you very much.

(Dr. Madhavan Anirudhan is the founder President of FOKANA, an academician as a nuclear Chemist, the corporate head of research for one of the largest multi-national companies and now President and CEO of ESSEN Nutrition Corporation of Chicago and a social worker among Indians in North America. He was awarded Bharathiya Pravasi Samman Award by the President of India, Dr. J Abdul Kalam in 2006. He likes to share few of his memories of his grace Mar Makarios Metropolitan to this august audience.)

Father Thomas

Ross Mackenzie (11819 Eastkent Square Henrico,VA 23238-3410)

"Father Thomas," as I knew him first, came to Union Seminary in Virginia and gained his doctorate there in 1971. He was unlike any of our other students in this regard at least he wore a black cassock as he walked around the campus. That was sufficient of an invitation to invite students and others to have conversation with him about his native country and about the life and mission of his distant church. The seminary then had many faculty children living in houses on the campus. This unusual but warm and welcoming stranger entranced these and many others. They followed him, like a Pied Piper, attentive to the parables and stories that he told, seated awhile on the grass where they played touch football.

His way of interpreting the Gospels opened to us a fresh way of understanding many passages in the Holy Scriptures. At one of the daily sendees in chapel, one of the seminary professors took the Parable of the Lost Sheep as his text. He invited his hearers to focus their attention on the sheep. The sheep, he said, has gone astray; it is fearful; it is lost. So in our own ministry we must turn our minds to the needs of each individual who by choice or error has gone astray. The professor's message was clear. Attend to the lonely sinner. Shortly afterwards, however, by accident or design Fr. Thomas took the same passage as his text at a chapel service. He invited us now, however, to reflect, first, on the number, one hundred. There are a hundred in the flock, he told us. Ten is the number of completeness. Ten multiplied by itself therefore conveys the sense of a wholeness like no other. This is what our Father wills for us as a human family—to be whole and complete. What happens then when one of us, whether in our family or our church, goes missing, fails, or falls? The family has become incomplete, less man itself. So our task, our ministry is to go looking for the one that is missing, *so that the incomplete may become whole.* Think of the whole, the family, the church, the community, and see how we can restore its brokenness.

Father Thomas (as he then was) had come to us after a period of study at Nashota House in Wisconsin and later at Virginia Theological Seminary, from which he received a Master of Sacred Theology degree. When he came to Union Seminary, I was one of three professors in the department of church history who guided him in his doctoral work. His chosen topic was Orthodox and Anglican relations in the first half of the 19th century. He was a student with a rich gift of mind. He was focused, disciplined, and careful,

and exhibited his gifts as a scholar as later in his life if any task required his single-minded attention.

After his time at Union, he was appointed as to a chair at the Orthodox Theological Seminary in his native Kottayam. He invited me to come from late 1972 to 1973 as a visiting professor. We traveled widely together throughout Kerala. If we were in a car with a fellow priest at the time of prayer, the two would chant the office while we drove. He took me once to his native home where I was privileged to meet his father and mother, Mr. Chako and Mrs. Mariamma Kuttikandathil. His church had provided a hospital in an isolated and mountainous part of Kerala. Here I saw families in attendance when women from the district attended by the nursing sisters, delivered their babies. The operating room had a single electric light bulb over the table, on which all but the most complicated thoracic surgery would be performed. About a dozen years later I had the privilege of asking a surgeon friend. Dr. Orvin Jenkins, from the Florida to spend three months at the hospital. Dr. Jenkins told me on his return that if he had not brought some sutures from his own practice, he might not have been able to perform as many operations as he had. On his return to the States he sent the hospital much of the medical equipment that he himself had used.

Once I told Fr. Thomas that while I had attended most of the services and sacraments of his church, I had not been able to observe the burial of the dead. So he introduced me to Fr. Alexander, who had the responsibility of providing the ministry and liturgical service of his church on the occasion when one of his elderly parishioners had died. On a hot afternoon Fr. Alexander and I drove to an isolated group of small houses in the middle of a rice paddy. In the-center, resting on a carpenter's stand, was a small coffin in which lay the wrapped body of an old woman. The chant that had accompanied the service continued as her sons carried the coffin through the growing rice plants to a nearby church for her burial. It was hot I was very hot. Fr. Alexander told me when we came to the road that it was a three furlong walk to the church. I struggled to remember from school days: What on earth is a furlong? Will that be a short walk or a long trudge? It proved to be less than half a mile. When we arrived and placed the coffin in the open grave, I looked at it and wondered: I have never met this woman, much loved it is clear by her children and friends. And by any standard I am richer than Croesus king of Lydia, fabled for bis wealth. Yet she, long before any of us in this place, is now one of the blessed, and has entered into the holy city where death will be no more.

Families from India who had settled in the United States sought the help

of Fr. Thomas in the 1970s to establish themselves as a denomination. In Buffalo, New York, Bishop Lauriston L. Scaife of the Episcopal Diocese of Western New York welcomed him to use the diocesan office as the base of his work to establish the diocese of the Malankara Orthodox Church in the United States and Canada. In 1975 he was consecrated as Metropolitan Thomas Mar Makarios. In 1979 he was enthroned as Metropolitcan of the American Diocese of the Indian Orthodox Church, and in that year moved the diocesan office to Staten Island, New York, where he consecrated the first parish of the new diocese. I had spoken with Bishop Makarios—or "Thirumeni," as he was warmly known—that if he were agreeable, I would like to be ordained as a deacon in his church, so that I might move eventually to priesthood. It seemed unlikely, however, that I might find a large enough number to form a congregation in that area of western New York. My purpose in seeking ordination, however, was to see—since I had some skills in the writing of English—that I might work with him in translating parts of the liturgical texts of the church into English as presently written and spoken hi the United States. With his encouragement I was indeed ordained as a deacon in Staten Island. On the way towards priesthood, however, I was persuaded by Bishop Scaife's successor, Bishop David Bowman, to be ordained by him as an Episcopal priest in that diocese, so that I could exercise a ministry there, while serving as director of the department of religion at the Chautauqua Institution. Bishop Makarios, with his personal secretary, Ms. Renu Paul, visited us there. A generation after his student days at Union Seminary, the Pied Piper, now in his episcopal clothes, drew adults and children alike to hear his endearing stories and receive his undoubted wisdom.

In 1983, Bishop Makarios was appointed professor of religious studies at Alma College in Michigan and there influenced generations of students, members of the faculty, and staff members for a quarter of a century. He introduced a program in which students from Alma went to South India to do volunteer work and learn more about Eastern and Western modes of thought. A colleague and friend, Ronald Massanari, whom I also had known, wrote later of him that while Bishop Makarios used books in his classes, he would prefer to teach with stories and parables—"often with an Eastern twist." While at Alma, he traveled to New Orleans after the disaster of Hurricane Katrina and brought tangible support to the victims of the storm.

In addition to his duties as primate of the North American church, Bishop Makarios sought also to establish a diocese in the United Kingdom and Europe. While making a pastoral visit to parishes in England he was injured in a traffic accident in January 2008. He died of his injuries seven weeks

later. I had not spoken to Thirumeni for many years by then. Although I could not speak to him directly while he was in hospital, through the kindness of Ms. Renu Paul, I was able to convey a message of my love and concern as he faced his terrible injuries. To our sorrow, he did not prevail. Like the loving mother whom I never knew in Kerala, the much-loved father, Bishop Makarios, had entered into the holy city where death will be no more.

THIRUMENI: A Consecrated Life, A Life of Healing

Renu Paul

1. (Name withheld) runs to Pine River to commit suicide—she sees Bishop on his evening walk. Bishop hears someone say "Hi Bishop;" he returns the greeting, not seeing the person, he continues on the walk. The person upon seeing Thirumeni's silhouette and hearing his voice, remembered the class she took and the stories he shared. She immediately turned back on her path to suicide. The following day, her boyfriend said to Thirumeni, "Bishop, the girl you said hello to yesterday evening was ___. If she had not seen you nor heard your voice, she would have gone to Pine River. She was going there to kill herself."

2. In the middle of the night, a girl darts out to the street and runs across the campus to kill herself after a serious break-up she had with her boyfriend. She knocks on Bishop's door and tells him what she is about to do. He runs after her and saves her life. He finds out in a letter from her employer some years later, that same girl whose life he saved from a suicide attempt, was named the Best Employee of the Year Award.

3. Thirumeni had two girls whom he hired to do house-cleaning in his apt in Buffalo. He noticed one of the young women ,a high-school dropout, was bright and he encouraged her to study and even gave some financial help to get her started. It was through his encouragement that she went to school and eventually the same girl who had no future other than to clean other people's houses, reached a top position in a financial company in Manhattan.

4. An English woman and her husband flew on a first-class flight on Air India from London to NY. The woman's husband was diagnosed with an incurable illness so they sought treatment in NY. She told Thirumeni who was also a passenger in the first-class cabin about the situation regarding their trip and asked him to pray for her husband. Thirumeni went to her husband who was seated in the first-class cabin of the plane and laid his hands on the man's head. Every year a Xmas card from the UK arrives with

a salutations which reads something to the effect, "We met on the Air India flight—my husband is still alive."

5. confidential—a young Malayali woman was diagnosed with lupus. Her parents brought her to Alma College so Thirumeni could lay his hands upon her head. She is now free of lupus, married, working in an administrative post with the federal govt and is a mother.

6. confidential—a young Malyali woman in the church was diagnosed with a serious illness. Thirumeni prayed for her—she is healed now.

7. he had the gift **of clairovoyance and helped people get on the right course in their life—**

1. telling things before they happen. When I first came to Toronto, he introduced me to the audience as someone who will become an Orthodox scholar one day. He said the same thing in Chicago and in Detroit. At that time, I had little or no inclination for the Church. It was Thirumeni who helped set me on the present course I am on now.

2. he was struck by the sculpture he saw seated on a hill on the highway in Newcastle seven months before his accident there - it was the same type of sculpture which the artist in Michigan used to create the artwork now in Thirumeni's honor placed on the campus of Alma College.

3. As I was worried much over who would take care of my dependent parents, he told me your brother will take care of them. At that time when Thirumeni said these words to me, I could not believe them. My brother was irresponsible, in a state of rebellion like the Prodigal Son, stealing his parents' money for his drug habit. But a Paul-Saul moment in his life brought him back to the family. When Daddy met up with his accident, my brother changed his life overnight. Gone were the drugs and the friends. He took care of Daddy in the hospital until his death, did all the needed for the funeral arrangements, took care of Mummy, and got married. Thirumeni performed the wedding in Paliakarra in front of Mummy and the rest of my family. My brother then remained in Kerala to take care of Mummy until her passing one year later. My brother is well-settled and now a father. Thirumeni laid his hands upon my brother's head and prayed for him.

8. Thirumeni was in Kerala when this incident took place. I was walking alone one late Sunday afternoon. As I was walking, a green van approached me, a man driving and a balding man with a sleeveless shirt in the passenger's seat. I did not pay any mind and continued on my walk. The streets were deserted and unusually quiet since the campus was on vacation. Thirumeni

had warned me not take solitary walks. On that day, as I was approaching the bend on the road, I happened to see the same green van with the two occupants. I started to panic and run, holding my cellphone to my ear, hoping that would act as a deterrent thus give them reason not to follow me. I ran, but as I looked behind my shoulder, I saw the van stop, and the passenger side of the car door open. There was no one anywhere to be found to help me—until I saw an old man at the corner of the street working in his garden. I gasped for breath and told him I feared that the van which I pointed to was following me. As soon as the rnan with the sleeveless shirt saw me talk to the gardener, he got back into the van and disappeared. The old man calmed me and asked if he should call the police. After talking to him, I felt it would be OK and no call to the police was necessary. After I regained my posture, I walked back to my apartment without the old man's escort. As soon as I turned the doorknob, I heard the phone ring. It was Thirumeni on the phone. He said, "Did I not warn you not to walk by yourself when the campus is not in session." I asked him how he knew what had happened and then I started to cry. He said nevermind and he did not answer my question.

9. Mummy had a stroke which left her paralysed on one side. She was confined to a wheelchair. Thirumeni visited Mummy in the hospital and in the nursing home and laid his hands on her to pray. The physical therapist told me that Mummy would never walk again. The family decided, therefore, to take her to Kerala for ayurvedic treatment. Before admitting her to the ayurvedic hospital in Karthiapally, we took her to our home in Tiruvalla which was being built. This incident took place within the first week of our arrival in Kerala. My brother pushed the wheelchair inside my uncle's house. She was able to get out the wheelchair with my brother's help. She started to take steps and walk by herself! Everyone who was there was astonished, started to cry, and became overjoyed. I called Thirumeni on the phone to tell him the good news. After she was admitted to the ayurvedic facility, she was able to walk with a cane.

10. Thirumeni was en route to Michigan after his weekend travel to the East Coast after church services. He was on a .Detroit bound flight for Lansing. An Alma College, professor of communications was on the/same flight. Thirumeni was seated in the first class cabin; the professor in the back of the plane. An emergency message came on as the flight was preparing for landing a the Lansing airport. The pilot advised the passengers that the landing gear was stuck and that the plane was returning to Detroit (apparently in preparation for a emergency crash landing, the fuel was being

released from its tank in case on impact the plane should be a ball of flames). The professor was beside herself when she heard the announcement of the emergency landing. From her seat in the back, she undid her seat belt and ran to the first cabin area, and in a state of panic sought out the reassurance from Thirumeni that all would be OK. Thirumeni,in his calm demeanor, reassured her, comforting her in the potentially life-threatening situation. His nerves were made of steel and rods of iron. More importantly, the plane landed in Detroit with the landing gear miraculously functioning as it ought to have in the first place. All the passengers, including the distraught professor, disembarked the plane in relief, with no incident.

11. A Malayali girl was confined to a wheelchair—I believe her name is Melissa Watts. The family, Christian but not Orthodox, lived in Germany and had a German sounding name, the Watts family, if I am not mistaken. At the airport in Kuwait, the family met Thirumeni and sought prayers for their daughter. Thirumeni prayed for her, laying his hands on her and kept correspondence as did the family with him on subsequent occasions. 1 think Thirumeni visited their home when he was in Kerala, too. I do not have an update, but Melissa is much better than before - this case is worthy for a follow-up

12. A Malayai woman could not conceive a child. She was married to the Orthodox family and did not know about the intercessions of the saints. When she was living in Philadelphia in the late 70's, she heard for the first about Parumala Thirumeni's consecrated life and life of prayer in Thirumeni's sermon. She became a mother soon afterwards and holds the intercessions of Parumala Thirumeni and the prayers of Makarios as the reason for the birth of her first son. The Malaylai woman lives in NY. She was devoted to Thirumeni ever since and make it a point to keep in touch with him on a regular basis.

13. Two sets of Malayali couples were in the verge of divorce, one in Phila. Thirumeni, through his mediation and prayers, saved BOTH marriages.

A Speech

Mrs. Mary Abraham (Sajini) St. Gregorios Indian Orthodox Church Toronto, Canada

Respected Rambachen, Guests, Fellow Parishioners and children,

Let me thank Rambachen and the Committee for giving me this opportunity to share a few thoughts on our late Bishop Makarios Thirumeni.

We just heard about Vattasserril Thirumeni and his contribution to the Malankara Church. Makarios Thirumeni was one of Vattasserril Thirumeni's greatest followers. He too believed in the Liberty of the Orthodox Church. His greatest contribution to the Malankara Sabha is his involvement at the time of negotiations and court proceedings. He was truly acknowledged for his work in the memorial kalpana our Catholicos Baselios Marthoma Didymus 1 wrote the day after Thirumeni's death. Let me read part of that kalpana, "His ability to face problems with equanimity and certainty was astounding. Mar Makarios had an extraordinary capacity to act befittingly in tense and uncertain situations and influence people with his glib tongue and rare sense of humor".

Makarios Thirumeni did not build any churches or schools or orphanages or old age homes. At the Family Conference held in Toronto many years ago, one of the youth during the youth session asked Thirumeni a question. He said every Thirumeni he knew had some project or the other so, what was Thirumeni's project and Thirumeni answered , "YOU". That was an answer from his heart and everything he did and stood for was for the children of North America.

Thirumeni's thoughts & views were before his time and I believe the Church was not ready for him. He will be remembered for being a Trail Blazer of the Orthodox faith in North America. I do not think our Sabha realized what a powerful role he played in reaffirming our faith in another culture. He always said, in his words, "there will be no compromise on faith". He worked for his Lord and his Church in his own way and never looked for acceptance from anyone. Adversity and criticism only strengthened his character and he exuded grace and confidence.

I took the liberty of talking to a few adults and youth and asked them to share their thoughts on Thirumeni and I sincerely thank them for all their input. This speech includes their thoughts as well. Thirumeni will always live in the memory of those people who really knew him.

Many communicate, few connect and Thirumeni connected with us. He walked with us, he prayed with us^he laughed with us, he ate with us and when he was locked out of his church we walked with him. One of the greatest reasons I admire Thirumeni is that when we were all upset and disappointed with the lack of action from the center Thirumeni never ever said a negative word to us about the Malankara Sabha. His philosophy was - If you do not have anything good to say do not say anything.

As you all know I am an Orthodox by marriage and just like many of the

ladies in the audience. I was introduced to the Orthodox Qurbana and traditions. While I was at the crossroad of my life confused as to what to believe, what to take up, what to give up, Thirumeni made an entry into my life. I can truly say that my smooth transition from Marthoma to Orthodox was because of Thirumeni. He always took time before performing any sacrament to explain its significance and he made it meaningful on a personal level. He had the gift of words. He was able to say the right thing at the right time to the right people. He mesmerized people with his words and captivated their attention. Thirumeni respected all religions and was always willing to listen to different thought processes. He had the ability to draw the respect of whoever he came in contact with. He never ever enforced his views or expected us to do things the way he did it. He merely expressed his view and left it to people to make up their minds. He was not only loved by Orthodox people but by people from all walks of life on a global level.

Thirumeni's message to the youth in his words were, "Be yourself, and be proud of who you are". This was evident in himself when a small group of us attended an Orthodox Service at Alma College where he was teaching. He carried himself with such grandeur in his long flowing red robe standing among American children and colleagues totally at ease. He loved our children and knew the future of our church in North America was in their hands. Children loved him as they felt he understood them. He was always inundated with their emails and queries and he always responded to them. He treated them like a friend and they, true to then- nature of being children trusted him immensely with their innermost thoughts and fears. His message to parents was in his words, "trust your children". He explained how we grew up in India as miniature replicas of our parents but it was not possible for us raise replicas of ourselves in a totally different culture. He asked us parents to embrace change while keeping core values or else we would raise a confused group of children. He turned around and explained to children that though parents were not educated in the North American schools & colleges we had life experience behind us which were priceless and asked them to be patient with their parents. Above all he taught us parents to pray for our children'and to raise children hi the faith by having good prayer habits at home. Thirumeni in many of his speeches has attributed his spiritual growth to his motheryprayers. He actually says his mother's veil turned to be his masnabsa later on in his life. Thirumeni believed as parents our biggest gift to our children is to raise them in faith, if not all is lost.

When you lose someone you love you look for constant reminders, like a song, an action, a word etc. We are lucky because we have a constant reminder of Thirumeni in our Rambachen. Thirumeni loved us so much that

he entrusted his brother to lead us and continue from where he left off. Rambacha I am certain Thirumeni will be very proud of you and what you have done for this Parish.

Thirumenis legacy will continue in our youth and our children in the way they carry their life in the orthodox faith. His imprint lives in everyone who took the time to know him and get close to him. He strongly believed that we cannot wait for change to happen sometimes we need to initiate the change but always stay within the core faith.

My only regret is that we were not able to say a personal goodbye to him. His sudden demise left a void in our lives. However I am sure he is praying for his special parish in Toronto, Canada and he is watching us grow upholding the faith. Thirumeni we will always keep you alive in our memory and remember you in our prayers.

Let me conclude with a poem from an unknown author that I came across which befits Thirumeni's memory.

"Those who we love don't go away, they walk beside us everyday Unseen, unheard but always near, still loved still missed and very dear".

HG Dr. Thomas Mar Makarios

Prakash Thomas

Good evening respected Rambachen and everyone present here today. It is an honor and a blessing to stand here and have the privilege to speak about this very special and memorable day. Today is the day where we remember and appreciate two outstanding bishops, Vattasseril Thirumeni and our very own Makarios Thirumeni, both of whom were saints and dedicated towards the growth and freedom of our churches. Let me take the time now to further reminisce about His Grace Dr. Thomas Mar Makarios.

Makarios Thirumeni, just the name itself speaks volumes. He was recognized world-wide and respected greatly by those who had the advantage in getting to know him. The path His Grace walked was a holy and faithfully endeavouring one. He was well known for his well-rounded ingenuity and looked up to by many, regardless of religion. Thirumeni was born May 26th 1926 and began as a deacon, February 23, 1951. After completing his theological studies, he became ordained as priest in 1952. He was the first vicar of the Orthodox Church in New Delhi. Thirumeni's wisdom and knowledge had grown from the various religious institutions he has studied, and that too, world-wide. He studied in England, Germany,

Switzerland and France. But he didn't stop there. He continued on and earned a Bachelor's of Divinity degree from Nashota House in Wisconsin, a Master's of Sacred Theology from Virginia Theological Seminary and a Doctorate in Theology from Union Theological Seminaiy in Richmond. Thirumeni had been in the U.S. since 1963. Just about 12 years later, in *191 "j,* Thirumeni was consecrated as a Metropolitan and that same year, was appointed as the first metropolitan of Diocese in Bombay. 4 years later, His Grace became the first metropolitan of the Diocese of America of Indian Orthodox Church. When the American diocese had divided in 1992, Thirumeni took upon ruling the diocese of Canada, UK and Europe as its bishop.

His achievements were not just used for the purposes of ruling as bishop but were also used to teach religion to others as a professor. Since 1985, His Grace Dr. Thomas Mar Makarios taught religion at Alma College in Michigan. He was well known in bringing both the Eastern and Western views of religion as one. Many who know of him are amazed at how he brings two completely separate views and aspects, and find a common ground for both. He was awarded for his achievements and contributions towards the church and the society by the college in 1990. Our Mar Makarios Thirumeni, on top of his accomplishments was a great man, inside and out. He envisioned so much for his people and the church and spread the teachings of orthodoxy faith wherever he went. He had a rare sense of humour that was found in no one else. His eloquent speeches were embedded with humour and anecdotes, setting him apart from all other Bishops. He was known greatly for taking into account the youngsters of the churches and used his gifted speaking skills to level with them in English. Thirumeni had passed away on February 23, 2008, which was exactly the 57th year of his priesthood and also the 74th memorial day of St. Geeverghese Dionysius of Vattasseril, whom he had looked up to as young boy.

It is not a mere coincidence that H. G. Dr. Thomas Mar Makarios breathed his last breath on the feast day of Saint Vattasseril Mar Dionysius. Like his great hero, Mar Makarios also was ready to lay down his life to protect the freedom and rights of the church.

We were known as his favorite parish and the excitement of when Makarios Thirumeni was coming to visit will always be in our hearts. His mere presence brought respect and we could only feel proud to have him as our Bishop. The way in which he was able to speak to the youth was one of the many qualities that stood out the most for me. His ability to understand our views and perspectives was truly a talent and a blessing. No words

could ever describe how great of a person he was. Each and every one of us was blessed to be touched by his grace, his love and his presence. I pray that this great hero and saint's footprints will only continue to help churches all around the world grow. Let us forever remember our beloved Makarios Thirumeni.

Thirumeni Appachan

Anna (Koppara) John, Beno, Jeanette, Bina, Buba, Saira and Paul Toronto, Canada

The last time our family and our Toronto St. Gregorios congregation saw HG Thomas Mar Makarios Thirumeni was when he came for our father's (Koppara Ghevarghese John) 40th day - in early December. As dad's older 2nd cousin, Thirumeni wanted to conduct both the orma and the funeral. Even during dad's brief but terminal illness. Thirumeni visited him in the hospital and then immediately after, led the congregation in a Qurbana dedicated to our father.

At dad's funeral service Makarios Thirumeni pointed to the casket and said "this will happen to all of us. We all have to be prepared for this eventuality." As grim as this sounded, he also offered words of comfort. "Johnnykutty will be rejoined by loved ones that left this world, just as we have people waiting for us at the airport when we arrive at a new place."

At that time no one could have imagined Thirumeni at heaven's 'arrival gate[1] so soon. He will not only be missed as a close, caring and loving relative but also as a wise and visionary shepherd who was always there for his far flung flock. Our only comfort is the certainty that all of Thirumeni's departed loved ones will be there to greet him, including our father who loved Thirumeni as an older brother since childhood.

We will never forget how instrumental Thirumeni was in the founding and growth of our congregations in Canada, Europe and the U.S. Because of his ardent faith, charm, curiosity, gentle humor, gifted oratory and passion, many young people raised in foreign cultures remain with our ancient church.

A great light that illuminated the Malankara Orthodox Church has been dimmed. We pray for our dear Makarios Thirumeni and entreat him to plead on our behalf in Heaven's realm.

അദ്ധ്യായം 44

ലണ്ടനോട് വിട പറയുന്നു

ലോകപ്രശസ്തനായ സുവിശേഷകൻ ബില്ലി ഗ്രഹാമിനെക്കുറിച്ച് ഒരു സംഭവകഥ ഇങ്ങനെ കേട്ടിട്ടുണ്ട്. എ.ഡി. രണ്ടായിരാമാണ്ട് ജനുവരിയിൽ ബില്ലി ഗ്രഹാമിനെ ആദരിക്കാനായി അമേരിക്കയിലെ നോർത്ത് കരോലിനയിൽ ഒരു വിരുന്നു സംഘടിപ്പിച്ചു. പാർക്കിൻസൺ രോഗത്താൽ ബില്ലി ഗ്രഹാം ആദ്യം ഈ ക്ഷണം സ്വീകരിക്കാൻ മടിച്ചു. പക്ഷേ 'വലിയ പ്രസംഗമൊന്നും നടത്തേണ്ട. വിരുന്നിനു വരിക, ഞങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങയുടെ ബഹുമാനാർത്ഥം ഒരു ചടങ്ങു സംഘടിപ്പിക്കുക എന്നതാണ് പ്രധാനം" എന്ന ആ നാട്ടുകാരുടെ സ്നേഹപൂർവ്വമായ നിർബന്ധത്തിന് ഒടുവിൽ അദ്ദേഹം വഴങ്ങി.

തന്റെ മേൽ ചൊരിഞ്ഞ പ്രശംസാ വചനങ്ങൾക്ക് മറുപടി പറയാൻ ബില്ലി ഗ്രഹാം വിരുന്നിന്റെ അവസാനം വേദിയിലെത്തി. അദ്ദേഹം ഹ്രസ്വമായ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു. "ഇന്ന് ഇവിടെ നിൽക്കുമ്പോൾ പ്രശസ്തമായ ടൈം മാസിക ഈയിടെ 20-ാം നൂറ്റാണ്ടിലെ ഏറ്റവും മാന്യ വ്യക്തിയായി തെരഞ്ഞെടുത്ത ഭൗതികശാസ്ത്രജ്ഞൻ ആൽബർട്ട് ഐൻസ്റ്റീനെക്കുറിച്ച് ഞാൻ ഓർത്തുപോകുന്നു.

അദ്ദേഹം ഒരിക്കൽ പ്രിൻസ്റ്റണിൽ നിന്നു ട്രെയിനിൽ യാത്ര ചെയ്യുകയായിരുന്നു. പൊടുന്നനെ ആ കംപാർട്ടുമെന്റിൽ ഒരു ടിക്കറ്റ് എക്സാമിനർ എത്തി. അദ്ദേഹം ഓരോരുത്തരുടേയും ടിക്കറ്റ് പരിശോധിച്ച് ഒടുവിൽ ഐൻസ്റ്റീന്റെയും അടുത്തെത്തി. ഐൻസ്റ്റീൻ ടിക്കറ്റിനായി കീശയിൽ പരതി. പക്ഷേ ടിക്കറ്റു കണ്ടെത്തിയില്ല. തുടർന്ന് അദ്ദേഹം പേഴ്സിലും ബ്രീഫ്കേസിലും ഇരുന്ന സീറ്റിലും എല്ലാം ടിക്കറ്റു തപ്പി. എന്നാൽ ടിക്കറ്റു മാത്രം കണ്ടെത്തിയില്ല.

ടിക്കറ്റ് എക്സാമിനർ ഐൻസ്റ്റീനെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു. "ഡോ. ഐൻസ്റ്റീൻ, അങ്ങ് ആരാണെന്ന് എനിക്കറിയാം. ഈ കംപാർട്ടുമെന്റിലുള്ള എല്ലാവർക്കും അങ്ങയെ അറിയാം. അങ്ങു തീർച്ചയായും ടിക്കറ്റ് എടുത്തിട്ടുണ്ടെന്ന് ഞങ്ങൾക്കെല്ലാം ഉറപ്പുണ്ട്. അതുകൊണ്ട് ദയവു ചെയ്ത് അതെപ്പറ്റി വിഷമിക്കാതിരുന്നാലും." ഐൻസ്റ്റീൻ ആ വാക്കുകൾ അംഗീകരിച്ച് തലയാട്ടി. ടിക്കറ്റു എക്സാമിനർ മറ്റുള്ളവരുടെ ടിക്കറ്റുകൾ പരിശോധിച്ചു നടന്നു നീങ്ങി.

ഒടുവിൽ ആ കോച്ചിലെ പരിശോധന പൂർത്തിയാക്കി അടുത്ത കംമ്പാർട്ടുമെന്റിലേക്കു കടക്കുന്നതിനു തൊട്ടു മുമ്പ് യാദൃച്ഛികമായി തിരി

ഞ്ഞുനോക്കുമ്പോൾ അമ്പരപ്പിക്കുന്ന ഒരു കാഴ്ചയാണ് കണ്ടത്. ആ ലോകപ്രശസ്ത ശാസ്ത്രജ്ഞൻ അതാ മുട്ടുകുത്തി ഇഴഞ്ഞ് സീറ്റിനടി യിലേക്കു കയറി എന്തോ അന്വേഷിക്കുന്നു.

പരിഭ്രാന്തനായ ടിക്കറ്റ് എക്സാമിനർ ഐൻസ്റ്റീന്റെ അടുത്തേക്ക് ഓടി വന്നു. "ഡോ. ഐൻസ്റ്റീൻ, ദയവു ചെയ്ത് ടിക്കറ്റിനായി ഇങ്ങനെ ബുദ്ധി മുട്ടരുതേ. അങ്ങ് ആരാണെന്ന് എനിക്കറിയാം. ഒരു പ്രശ്നവുമില്ല. അങ്ങേയ്ക്കു ടിക്കറ്റേ ആവശ്യമില്ല."

ഐൻസ്റ്റീൻ ശാന്തനായി എക്സാമിനറെ നോക്കി ഇങ്ങനെ പറഞ്ഞു, "ചെറുപ്പക്കാരാ എനിക്കും അറിയാം ഞാൻ ആരാണെന്ന്. എന്നാൽ എനി ക്കറിഞ്ഞുകൂടാത്തത് ഒന്നുണ്ട്. ഞാൻ എങ്ങോട്ടാണ് പോകുന്നതെന്ന്. ടിക്കറ്റു കൂടി നോക്കിയാലെ എങ്ങോട്ടാണ് പോകുന്നതെന്നു ഓർമ്മ വരൂ. അതാണ് പ്രശ്നം."

മറവിക്കാരനായ പ്രൊഫസർ ഐൻസ്റ്റീന്റെ ഓർമ്മക്കുറവിൽ സദസ്സു മുഴുവൻ പൊട്ടിച്ചിരിയിൽ അലിഞ്ഞുചേർന്നപ്പോൾ ബില്ലി ഗ്രഹാം ഇങ്ങനെ തുടർന്നു. "ഇന്നു ഞാൻ ധരിച്ചിരിക്കുന്ന ഈ സ്യൂട്ടു കണ്ടോ? ഇതു പുതുപുത്തനാണ്. ഞാൻ പ്രായമായപ്പോൾ ഇത്തിരി പഴഞ്ചനാ യെന്നാണ് എന്റെ ഭാര്യയും മക്കളും കൊച്ചുമക്കളും ഒക്കെ എന്നോടു പറഞ്ഞത്. അതുകൊണ്ട് ഞാൻ പോയി ഒരു പുത്തൻ സ്യൂട്ടു വാങ്ങി. അത് ഈ ചടങ്ങിനും മറ്റൊരു സന്ദർഭത്തിനും വേണ്ടി ഉപയോഗിക്കാ നാണ്.

ഇതല്ലാതെ ഈ സ്യൂട്ട് ഉപയോഗിക്കുന്ന മറ്റേ ചടങ്ങ് ഏതാണെന്നാണ് നിങ്ങൾ ഊഹിക്കുന്നത്. ഞാൻ പറയാം. അത് എന്റെ ശവസംസ്ക്കാര ച്ചടങ്ങ്. അന്നും ഈ സ്യൂട്ടായിരിക്കും എന്നെ ധരിപ്പിക്കുക. പക്ഷേ ഞാൻ മരിച്ചെന്ന് ഈ നാളുകളൊന്നിൽ നിങ്ങൾ കേൾക്കുമ്പോൾ നിങ്ങൾ പെട്ടെന്ന് എന്റെ സ്യൂട്ടിനെക്കുറിച്ചല്ല ഓർക്കേണ്ടത്. മറിച്ച് നിങ്ങൾ ഈ കാര്യം ഓർക്കണം. ഞാൻ ഐൻസ്റ്റീനെപ്പോലെയല്ല, ഞാൻ ആരാ ണെന്നു മാത്രമല്ല, ഞാൻ എവിടേക്കാണ് പോകുന്നതെന്നും എനിക്കു നല്ല ഉറപ്പുണ്ട്." ബില്ലി ഗ്രഹാം പ്രസംഗം പൂർത്തിയാക്കി ഇരിപ്പിടത്തി ലേക്കു മടങ്ങുമ്പോൾ സദസ്സിൽ സൂചി വീണാൽ കേൾക്കാവുന്ന നിശ്ശ ബ്ദത.

മരണാനന്തരം എവിടേക്കാണ് പോകുന്നതെന്ന് സുനിശ്ചിത അറിവു ണ്ടായിരുന്ന മക്കാറിയോസിന്റെ ഭൗതിക ശരീരത്തിന്റെ മുമ്പിൽ സൂചി വീണാൽ കേൾക്കാവുന്നവിധം ജനസമൂഹം നിശ്ശബ്ദരായിരുന്നു.

ഫെബ്രുവരി 25, തിങ്കൾ

ലണ്ടൻ പള്ളിയിലെ ശുശ്രൂഷകൾക്ക് ശേഷം തിരുമേനിയുടെ ഭൗതിക ശരീരത്തോടൊപ്പം നാട്ടിലേക്കു പോകാൻ താല്പര്യമുള്ള വൈദികരുടെ ലിസ്റ്റിനെപ്പറ്റി ഏകദേശം ധാരണയായി. എന്നാൽ ആ സമയം കോട്ടയത്തു നിന്ന് എത്തിയതെന്ന് പറഞ്ഞുള്ള ഒരു വാർത്ത പായസത്തിൽ കല്ലുകടിയായി. മക്കാറിയോസിന്റെ മൃതദേഹം കൊച്ചിയിൽ എത്തിയ ശേഷം അടച്ച ഒരു ആംബുലൻസിൽ കോട്ടയത്ത് എത്തിച്ചാൽ മതി എന്ന് സുന്നഹദോസിൽ ഒരു മെത്രാപ്പോലീത്താ നിർദ്ദേശിച്ചുവെന്നുള്ള വാർത്ത യൂറോപ്പിലൊക്കെ പരന്നു. തിരുമേനിയെ അലങ്കരിച്ച രഥത്തിൽ കോട്ടയത്തേക്കു കൊണ്ടുപോകണമെന്നുള്ള സന്ദേശങ്ങൾ അനേകരിൽ നിന്ന് കോട്ടയത്തേക്കു ഒഴുകി.

ഫെബ്രുവരി 26 ചൊവ്വാ

തിരുമേനിയുടെ ദേഹവിയോഗം അക്ഷരാർത്ഥത്തിൽ തകർത്തുകളഞ്ഞത് സ്വന്തം വീട്ടിലുള്ളവരെ ആയിരുന്നു. മക്കാറിയോസ് കേവലം അവർക്ക് 'അച്ചാച്ചൻ' മാത്രമായിരുന്നില്ല. സഹോദരങ്ങൾ മുഴുവൻ പേരുടെയും ആത്മീയ ജീവിതത്തിന്റെ ഊർജ്ജസ്രോതസ്സ് ആയിരുന്നു. തിരുമേനി കാലം ചെയ്തു എന്നുള്ള വാർത്തയിൽ ശരീരം മുഴുവൻ തളർന്ന് കെ. സി. മാത്യു കോർഎപ്പിസ്ക്കോപ്പാ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു. സഹോദരി അമ്മുക്കുട്ടിയുടെ മുഖത്ത് നീരു വന്ന് അസ്വസ്ഥതയോടെ കഴിഞ്ഞു കൂടി. വീട്ടിൽ വരുന്ന പത്രക്കാർ, ടി. വി. ചാനലുകാർ, സഭാനേതാക്കൾ, ഇതര സഭാപിതാക്കന്മാർ, രാഷ്ട്രീയ നേതാക്കൾ, ഇവരെയെല്ലാം മാന്യമായി സ്വീകരിക്കുവാനും അന്വേഷണങ്ങൾക്കും ചോദ്യങ്ങൾക്കും എല്ലാം മറുപടി പറയാനും എല്ലാം സിസ്റ്റർ മറിയം മാത്രം വീട്ടിൽ വിശ്രമമില്ലാതെ ഓടി നടന്നു.

അതേസമയം തിരുമേനിയുടെ ഭൗതിക ശരീരം മാന്യമായി സ്വീകരിക്കുന്നതിന് മാതൃ ഇടവകയായ അയിരൂർ ചെറിയപള്ളിക്കാർ എല്ലാവരും ഒത്തൊരുമിച്ച് ഒരുക്കങ്ങൾ ആരംഭിച്ചു. പള്ളിയുടെ തെക്കുഭാഗത്ത് മതിൽ പൊളിച്ചു മാറ്റി, കാറുകൾക്ക് പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കി. മൃതദേഹം വഹിച്ച രഥത്തിനും തിരുമേനിമാരുടെ കാറുകൾക്കും സൗകര്യമായി കയറുവാനുള്ള വീതിയിൽ വടക്കുവശത്തെ ഗേറ്റ് സൗകര്യപ്പെടുത്തി. മുറ്റം മുഴുവൻ പന്തലിട്ടു. അങ്ങനെ അയിരൂർ ഒരുങ്ങിക്കൊണ്ടിരിക്കുമ്പോൾ കേരളമാസകലം തിരുമേനിയുടെ വലിയ ചിത്രങ്ങൾ അടങ്ങിയ കട്ട് ഔട്ടറുകളും ബാനറുകളും കറുത്ത കൊടികളും ഉയർന്നു.

ഫെബ്രുവരി 27 ബുധൻ

ഇന്ന് പാതിനോമ്പാണ്. തിരുമേനിയുടെ മൃതദേഹം ഇതിനോടകം കെയർടേക്കേഴ്സ് ലണ്ടൻ മോർച്ചറിയിലേക്ക് കൊണ്ടുപോയിരുന്നു. അതുകൊണ്ട് ഇനി ന്യൂകാസിലിൽ താമസിക്കേണ്ട ആവശ്യം റമ്പാച്ച നുണ്ടായിരുന്നില്ല. തന്നിമിത്തം ഇന്ന് സണ്ണിയുടെ കുടുംബത്തെക്കൂട്ടി റമ്പാച്ചൻ ഹോസ്പിറ്റലിലേക്കു പോയി കുറെ സമ്മാനങ്ങൾ വാങ്ങി ITU സ്റ്റാഫിനു നൽകി. അവരോട് തിരുമേനിക്കു വേണ്ട ശുശ്രൂഷകൾ നൽ കിയതിന് ഹൃദയപൂർവ്വമായ നന്ദി പറഞ്ഞു. എന്നാൽ തിരുമേനിയുടെ ശുശ്രൂഷയിൽ പ്രത്യേക നേഴ്സായി നിയമിക്കപ്പെട്ട ക്രിസ്റ്റീനാ എത്മൻഡ് ആ സമയം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നില്ല. ആ സിസ്റ്റർ ആയിരുന്നു യഥാ സമയം തിരുമേനിയുടെ രോഗവിവരങ്ങൾ പുറത്തേക്ക് ബുള്ളറ്റിൻ ആയി നല്കിക്കൊണ്ടിരുന്നത്. സിസ്റ്റർ ക്രിസ്റ്റീനായോടുള്ള പ്രത്യേക നന്ദി അറി യിക്കാൻ ITU വിൽ ഏർപ്പാടു ചെയ്തശേഷം റമ്പാച്ചൻ ആ ആശുപത്രി യോടു വിട പറഞ്ഞു. നാല്പത്തിഒമ്പതു ദിവസം ആ ആശുപത്രിയുടെ അകത്തളങ്ങളിൽ കഴിഞ്ഞുകൂടിയതുകൊണ്ട് ആശുപത്രിയോട് ഒരു ഹൃദയബന്ധം റമ്പാച്ചനുണ്ടായി. തന്നെയുമല്ല, ആശുപത്രി വിടുമ്പോഴും തന്റെ സഹോദരന്റെ ആത്മാവ് വിലയം പ്രാപിച്ച ആ അന്തരീക്ഷം വിട്ടു മാറാൻ ഒരു മാനസിക സംഘർഷം അനുഭവിച്ചുകൊണ്ടാണ് റമ്പാച്ചൻ എയർപോർട്ടിലേക്കു പോയത്. ഉച്ചയ്ക്ക് ഒന്നരയ്ക്ക് റമ്പാച്ചൻ ലണ്ടനിലെ ഹീത്രോ എയർപോർട്ടിൽ ഇറങ്ങുമ്പോൾ കസിൻ താന്നിക്കൽ വാഴയിൽ ബേബി, റമ്പാച്ചനെ സ്വീകരിച്ച് വീട്ടിലേക്കു കൊണ്ടുപോയി. താൻ ലണ്ട നിൽ എത്തി ബേബിയോടൊപ്പം താമസിക്കുന്ന വിവരം ഏബ്രഹാം തോമസ് അച്ചനെ വിളിച്ച് അറിയിച്ചു. പിറ്റേന്ന് പള്ളിയിലേക്ക് വരാമെന്നും പറഞ്ഞു.

28 ഫെബ്രുവരി, വ്യാഴം

ഇന്നു ബോംബേ ഭദ്രാസനത്തിന്റെ ഗീവറുഗീസ് മാർ കൂറിലോസ്, ബാവാതിരുമേനിയുടെ നിർദ്ദേശപ്രകാരം ലണ്ടനിൽ എത്തി. ലണ്ടനിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാനും മാർ മക്കാറിയോസിന്റെ ഭൗതികശരീരത്തെ കേരളത്തിലേക്ക് അനുഗമിക്കാനുമുള്ള നിയോഗവു മായിട്ടാണ് അദ്ദേഹം എത്തിയത്.

അദ്ദേഹം ന്യൂകാസിൽ ആശുപത്രിയിൽ നിന്നുള്ള മരണ സർട്ടിഫി ക്കേറ്റുകളും തിരുമേനിയുടെ സാധനങ്ങളും എല്ലാം ഏറ്റുവാങ്ങി. ഒപ്പം കാറപകടസമയത്ത് തിരുമേനിയുടെ കൈവശമുണ്ടായിരുന്ന പണം എണ്ണിത്തിട്ടപ്പെടുത്തി സാധനങ്ങളും പണവും ദേവലോകത്ത് എത്തി ക്കാനുള്ള ചുമതലയാണ് മാർ കൂറിലോസ് നിറവേറ്റിയത്. പണം എണ്ണുന്ന

സ്ഥലത്തേക്ക് ക്ഷണിച്ചെങ്കിലും റമ്പാച്ചൻ അതിൽ സംബന്ധിച്ചില്ല. മാർ മക്കാറിയോസിന്റെ സാധനങ്ങൾക്കോ പണത്തിനോ ഒക്കെ ഉള്ള അവകാശം സഭയ്ക്കാണെന്ന് വിശ്വസിക്കുന്ന ആളാണ് റമ്പാച്ചൻ. അതുകൊണ്ടാണ് അതിലൊന്നിലും ബന്ധപ്പെടാൻ റമ്പാച്ചൻ തയ്യാറാകാതിരുന്നത്. എന്നാൽ ലിസ്റ്റ് എല്ലാം തയ്യാറാക്കിയശേഷം അതിൽ റമ്പാച്ചൻ കൂടി കുറഞ്ഞപക്ഷം ഒപ്പിടണമെന്ന് മാർ കൂറിലോസ് ആവശ്യപ്പെട്ടതനുസരിച്ച് ആ സംഘത്തിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും റമ്പാച്ചനും ഒപ്പിട്ടു കൊടുത്തു. അവയെല്ലാം ഏറ്റുവാങ്ങിയതായി കാണിച്ചു മാർ കൂറിലോസും ഒപ്പിട്ടു.

പിറ്റേന്ന് ലണ്ടനിൽ നടത്തുന്ന പ്രത്യേക ശുശ്രൂഷയുടെയും അനുസ്മരണാ മീറ്റിംഗിന്റെയും അന്തിമരൂപം ചർച്ച ചെയ്തു തീരുമാനിച്ചു. മറ്റു സഭാനേതാക്കന്മാരോടൊപ്പം മലങ്കരസഭയെ പ്രതിനിധാനം ചെയ്തു മാർ കൂറിലോസും ലാസ്സറസ് റമ്പാച്ചനും പ്രസംഗിക്കണമെന്നും എല്ലാറ്റിനും M.C. ആയി ഫാ. ഏബ്രഹാം തോമസ് പ്രവർത്തിക്കണമെന്നും തീരുമാനിച്ചു.

ഇന്ന് വൈകിട്ട് കുറ്റിക്കണ്ടത്തിൽ ബേബിയുടെ വീട്ടിൽ നടത്തിയ അനുസ്മരണ പ്രാർത്ഥനായോഗത്തിൽ റമ്പാച്ചനും ബ. ജോയി ജോർജ്ജും പ്രസംഗിച്ചു.

മാർ മക്കാറിയോസിന്റെ ഭൗതികദേഹം ലണ്ടൻ പള്ളിയിൽ.

അദ്ധ്യായം 45

ലണ്ടൻ സെന്റ് ഗ്രീഗോറിയോസിലെ വിടവാങ്ങൽ

Condolence of Metropolitan Seraphim of British Orthodox Church

Metropolitan Seraphim of British Orthodox Church, a part of Coptic Patriarchate under HH Pope Shenouda has expressed his condolences on the passing away of Mar Makarios.

Memorandum from Abba Seraphim

The late Metropolitan Thomas Mar Makarios has been a long and good friend of the British Orthodox for some quarter of a century and our sorrow at his tragic death is something we share keenly with our Indian Orthodox brethren.

Father Abraham Thomas has asked me to extend an invitation to any of our British Orthodox clergy and flock who might wish to attend the funeral service, which will begin around 5.50 on friday, 29 February and last until about 7.00 p.m.

Our Indian Orthodox brethren still maintain the very ancient tradition of burying bishops seated on their throne, in which position (rather than in a coffin) they "preside" at their own funerals. This is a very impressive ceremony and should be spiritually edifying for all those who attend. I know that the Indian Orthodox community appreciate the participation of clergy not only of the Oriental Orthodox family but also from other Christian communities. The late Metropolitan was highly respected by Christians of other traditions, with whom he maintained good relations.

GRAND ROYAL FAREWELL TO H.G. MAR MAKARIOS

On 29th Feb, 2008, Holy remains of H.G. Mar Makarios Metropolitan was brought to St. Gregoriose Indian Orthodox church in a custom made coffin for the people to bid farewell to him. Only three years ago, it was Makarios Thirumeni who consecrated this church in the presence of a large number of people and representatives of various chuches. At that time Thirumeni established a very good relationship with various heads of churches, and our vicar Rev. Fr. Abraham Thomas nourished the relation-

ship very well. During the visit this time in December, 2007 Thirumeni renewed the contacts. When the news of his accident was announced these church leaders and our people were very shocked and numbed. But most of them could not see Thirumeni as he was looked after in the intensive care unit in the hospital, and visitors were restricted. They were all praying for his recovery. When the news of his departure from this world was announced, many felt that Thirumeni did not die as he was living in the hearts and minds of them. He did love them and in return they allowed him a place in their hearts. The church was full even before the body arrived. At the appointed time representatives from various churches arrived wearing their official ceremonial vestments. It was truly an international gathering of distinguished heads of Churches. There was Holy Qurbana service led by H.G. Mar Coorilose Metropolitan assisted by a number of priests. Over 250 people received Holy Communion. There was special funeral service. Plenty of copies of prayers, and hymns were available, and specially trained choir to sing. Malayalam prayers were translated in to English for the benefit of those who didnot know Malayalam. It was a solemn and very dignified service. When it was time for the body to leave the church, many people cried aloud as they could not suppress their sorrow any more. Infact Thirumeni had a grand royal farewell. Our vicar Rev. Fr. Abraham Thomas worked very hard, and our people worked with him to achieve this success.

- DR. M. S. ALEXANDER, LEEDS, ENGLAND

ലണ്ടൻ ശുശ്രൂഷയും അനുസ്മരണായോഗവും

29 ഫെബ്രുവരി, വെള്ളി. മാർ മക്കാറിയോസിന്റെ ബഹുമാനത്തിനും ലണ്ടൻ ഇടവകയുടെ അന്തസ്സിനും ചേരുന്നവിധത്തിലും ഉന്നത നിലവാരത്തിലും ഉള്ള വളരെ അടുക്കും ചിട്ടയോടും കൂടിയ ഒരു യാത്ര അയപ്പായിരുന്നു ലണ്ടൻ ഇടവക മാർ മക്കാറിയോസിനു നൽകിയത്.

മാർ കൂറിലോസിന്റെ നേതൃത്വത്തിൽ നടന്ന കബറടക്ക ശുശ്രൂഷയുടെ ആദ്യഭാഗം ലണ്ടനിൽ നടത്തുമ്പോൾ യു.കെ. യിലും, യൂറോപ്പിലും, അമേരിക്കയിലും ഉള്ള ധാരാളം പുരോഹിതന്മാരും ഒരു വമ്പിച്ച ജനാവലിയും സംബന്ധിച്ചു. ലണ്ടൻ ഇടവക വികാരി ഫാ. ഏബ്രഹാം തോമസിന്റെ മികവുറ്റ നേതൃത്വപാടവം ഈ ശുശ്രൂഷകളിൽ ഉടനീളം ദൃശ്യമായിരുന്നു.

ഇന്നു രാവിലെ 10 മണിക്ക് മാർ കൂറിലോസിന്റെ നേതൃത്വത്തിൽ വൈദികരുടെ ഒരു സംഘം മോർച്ചറിയിൽ ചെന്നു മൃതദേഹം ഔദ്യോഗികവേഷങ്ങൾ അണിയിച്ച് സ്വർണ്ണക്കുരിശും സ്വർണ്ണ സ്ലീബായും

വടിയും പിടിപ്പിച്ച് കസേരയിൽ ഇരുത്തി അച്ചന്മാരും ചേർന്ന് ഒരു ഗ്രൂപ്പു ഫോട്ടോയും എടുത്തു.

ഉച്ചകഴിഞ്ഞപ്പോഴേക്കും ലണ്ടൻ പള്ളിയും പരിസരവും വിശ്വാസി കളെക്കൊണ്ട് തിങ്ങി നിറഞ്ഞു. 4 മണിയോടു കൂടി ഭൗതികശരീരം ലണ്ടൻ പള്ളിയുടെ പടിഞ്ഞാറെ വാതിൽക്കൽ എത്തിയപ്പോഴേക്കും അലമുറയിട്ടു കരയുന്ന ആളുകളെ മാത്രമേ കാണാനുണ്ടായിരുന്നുള്ളു. സ്ത്രീകൾ മാറത്തടിച്ചു കരഞ്ഞു. യുവജനങ്ങൾ വിങ്ങി വിങ്ങിക്കരഞ്ഞു. പൈതങ്ങൾ അവരെ കുടുകുടെ ചിരിപ്പിച്ച അപ്പച്ചന്റെ വേർപാടിൽ പൊട്ടി ക്കരഞ്ഞു. ഭിത്തിമേൽ തലയിട്ട് അടിച്ച് ഉച്ചത്തിൽ വിളിച്ചു കരഞ്ഞ യുവ തലമുറയെ ലണ്ടൻ പള്ളിയിൽ മാത്രമേ കാണാൻ കഴിയുകയുള്ളു. അത്ര യധികം ശോകമൂകമായ ഒരന്തരീക്ഷം ലണ്ടൻ പള്ളിയിൽ തളം കെട്ടി നിന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പ് അദ്ദേഹം വി. ആരാധനയർപ്പിച്ച ബലിപീഠത്തിനു താഴെ പടിഞ്ഞാറോട്ടഭിമുഖമായി തിരുമേനി ഉപവിഷ്ട നായിരിക്കുന്നതു കാണുമ്പോൾ സജീവനായി സംസാരിക്കുവാൻ ഇരി ക്കുന്നെന്നേ തോന്നിക്കയുള്ളു.

നാലു മണി മുതൽ തിരുമേനിയുടെ തൃക്കരങ്ങൾ മുത്തി രണ്ടിറ്റു കണ്ണീർകണങ്ങൾ തിരുമേനിക്ക് മുമ്പിൽ കാണിക്കയായി ഇട്ടുപോകാ നുള്ള നീണ്ട ക്യൂവിന്റെ ഒഴുക്ക്. 7.30 മണിക്ക് ഇതര സഭാനേതാക്കൾക്കു വേണ്ടി നടത്തിയ ഇംഗ്ലീഷ് ശുശ്രൂഷ ആരംഭിക്കുവോളം തുടർന്നുകൊ ണ്ടിരുന്നു.

എല്ലാ സഭാപിതാക്കന്മാരും അവരവരുടെ അംശവസ്ത്രങ്ങൾ അണിഞ്ഞ് ഔദ്യോഗിക ഘോഷയാത്രയായിട്ടാണ് പള്ളിക്കുള്ളിലേക്ക് വന്നത്. കോപ്ടിക് ഓർത്തഡോക്സ് സഭയുടെ ആംജലോസ് (ഇംഗ്ലണ്ട്, അയർലണ്ട് ഓറിയന്റൽ ഓർത്തഡോക്സ് കൗൺസിൽ പ്രസിഡന്റ്), ഓറിയന്റൽ ഓർത്തഡോക്സ് സഭയുടെ ആർച്ച്ബിഷപ്പ് നാഥാൻ, എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ച്ബിഷപ്പ് അന്തോണി യോസ്, ബ്രിട്ടീഷ് ഓർത്തഡോക്സ് സഭയുടെ അബ്ബാ സെറാഫിം, കാന്റർ ബറി ആർച്ച് ബിഷപ്പിന്റെ പ്രത്യേക പ്രതിനിധിയായ ബിഷപ്പ് ക്രിസ്റ്റോ ഫർ ചെസ്സൻ തുടങ്ങിയവരുടെ ഔദ്യോഗിക വേഷഭൂഷാദികൾ ജനത്തെ വളരെ ആകർഷിച്ചു. ആംഗ്ലിക്കൻ, അർമീനിയൻ, എറിട്രിയൻ സഭാദ്ധ്യ ക്ഷന്മാരും പിന്നീടു വന്നുചേർന്നു. അനേക സഭകളിൽ നിന്നുള്ള വൈദി കരും, പ്രത്യേകിച്ച്, കേരളത്തിലെ യാക്കോബായ, മാർത്തോമ്മാ അച്ച ന്മാരും സഭയെ പ്രതിനിധാനം ചെയ്തു.

ആരാധനയ്ക്കുശേഷം നടന്ന അനുസ്മരണാ മീറ്റിംഗിൽ എല്ലാ സഭാ പ്രതിനിധികളും സഭയ്ക്കുവേണ്ടി മാർ കൂറിലോസ്, ലാസ്സറസ്

റമ്പാച്ചൻ എന്നിവരും പ്രസംഗിച്ചു. പ്രധാന സഭാപിതാക്കന്മാർ വിടവാങ്ങിയശേഷവും അനുസ്മരണാ പ്രസംഗങ്ങൾ തുടർന്നുകൊണ്ടിരുന്നു. വന്നുചേർന്ന ഓർത്തഡോക്സ് പുരോഹിതരും, ആത്മീയ സംഘടനാ ഭാരവാഹികളും ഭദ്രാസന പ്രതിനിധികളും, ഫൊക്കാനാ തുടങ്ങിയ സംഘടനാ പ്രതിനിധികളും അനുസ്മരണാ പ്രസംഗങ്ങൾ നടത്തി.

മാർ കൂറിലോസ് വി. കുർബ്ബാന അർപ്പിച്ചശേഷം കബറടക്ക ശുശ്രൂഷയുടെ ഒന്നാം ഭാഗം നിർവ്വഹിച്ചു. ശുശ്രൂഷയുടെ അന്ത്യത്തിലെ "വിടവാങ്ങൽ ശുശ്രൂഷ" ഹൃദയസ്പർശിയായിരുന്നു. "എന്റെ സഹോദരങ്ങളെ സമാധാനത്താലെ വസിക്കുക, ഞാൻ ശുശ്രൂഷ നടത്തിയ വി. ബലിപീഠമേ സമാധാനം, സകല മേൽപ്പട്ടക്കാരും പുരോഹിതന്മാരുമേ, സമാധാനം, സകല ദയറായക്കാരും സന്യാസിമാരുമേ സമാധാനം, ലോകവും അതിലെ നിവാസികളുമേ സമാധാനത്തോടെ വസിപ്പിൻ" എന്നിങ്ങനെ ഓരോ വിഭാഗത്തോടും യാത്ര പറയുമ്പോൾ "പിതാവേ സമാധാനത്താലെ പോയാലും" എന്ന് ജനം പ്രതിവാക്യമായി ചൊല്ലിക്കൊണ്ടിരുന്നു. അവസാനം "കർത്താവിന്റെ രണ്ടാമത്തെ വരവിൽ അങ്ങയെ കാണാമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അതുവരെ ഞങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും" എന്ന് ജനം പിതാവിനോടും വിടപറഞ്ഞു.

ഈ ശുശ്രൂഷ നടക്കുമ്പോൾ വിങ്ങിപ്പൊട്ടലുകളും ഏങ്ങലടിച്ചുള്ള നിലവിളികളും പള്ളിക്കുള്ളിൽ നിന്ന് ഉയർന്നുകൊണ്ടിരുന്നു.

തിരുമേനിയുടെ മൃതദേഹം പള്ളിയിൽ നിന്നു മോർച്ചറിയിലേക്കു നീങ്ങുമ്പോഴും നീണ്ട വിലാപവും വിങ്ങിക്കരച്ചിലുകളും ലണ്ടൻ പള്ളിയിൽ പ്രതിധ്വനിച്ചു.

രാത്രി 11.30 മണി. ലണ്ടനിലെ സൂര്യൻ ഇംഗ്ലീഷ് ചാനലിൽ മറഞ്ഞതോടെ ലണ്ടൻ പള്ളിയും വിവരിക്കാനാവാത്ത ഇരുട്ടിലേക്കു നീങ്ങി; ഒരു ജനസമൂഹവും.

HG Mar Makarios-First part of the funeral services held in London

On Friday,29th February, the faithful and devoted children of Malankara Orthodox Church in London gave a gracious farewell to their beloved father HG Thomas Mar Makarios.

The members of the St.Gregorios Indian Orthodox Church London under the able guidance of vicar Rev Abraham Thomas managed to arrange a dignified and respectful occasion for the first part of the funeral services.

HG Geevarghese Mar Coorilos was the chief celebrant.

Priests and laymen in hundreds from different parts of the UK, Europe, Canada and the USA visited the London church to pay their final tribute to our beloved thirumeni.

Friday morning at GMT 1100hrs with special prayers the mortal remains had been adorned with holy vestments by HG mar Coorilos

The body reached St.Gregorios church London at GMT1600 hrs.

The public viewing of the body created heart breaking moments for the beloved children of the departed church father.

The first part of the funeral service lead by HG Geevarghese Mar Coorilos started at GMT1800 hrs.

The church choir made a significant contribution to the liturgy by a meaningful and touching performance.

All the Oriental Orthodox Churches were present at the occasion represented by Bishops and clergy of the respective Churches. Bishop Angaelos of the Coptic Orthodox Church who is also the President of the Council of the Oriental Orthodox Churches in the UK and Ireland, Bishop Nathan of the Oriental Orthodox Church, Bishop Antonious of the Ethiopian Orthodox Church, Bishop Abba Seraphim of the British Orthodox Church and Bishop Christopher Chessun representative of the Archbishop of Canterbury were the esteemed dignitaries who attended the first part of the Funeral Services.

The condolence letter from the archbishop of Canterbury HG Rowan Williams was read out on the occasion by the representative of the archbishop. In the letter HG expressed his heartful sorrow to the members of the Malnkara Orthodox church, who lost one of her great warriors of the eminent tradition and faith.

By GMT 2300hrs, the first part of the funeral services concluded and the mortal remains had been taken to airport for the final journey to Devalokam where the interment to be taken place on Monday.

- Saji Varghese, London

മാർ മക്കാറിയോസിന്റെ ഭൗതികദേഹം ലണ്ടൻ പള്ളിയിൽ. ഗീവർഗീസ് മാർ കൂറിലോസ്, ലാസറസ് റമ്പാൻ തുടങ്ങിയവർ സമീപം.

ആഗോള സഭാ നേതാവിന് ആദരാഞ്ജലി അർപ്പിക്കാനെത്തിയ വിവിധ സഭാ മേലദ്ധ്യക്ഷന്മാർ ലണ്ടൻ പള്ളിയിൽ.

അദ്ധ്യായം 46

ലണ്ടനിൽ നിന്ന് കോട്ടയം വരെ നീണ്ട വിലാപയാത്ര

ലണ്ടൻ – അയിരൂർ – പഴയസെമിനാരി

ലണ്ടൻ പള്ളിയിലെ ശുശ്രൂഷകൾ കഴിഞ്ഞ് റമ്പാച്ചൻ രാത്രി 12 മണിയോടുകൂടി കെന്റിൽ ബസ്റ്റ് വെസ്റ്റേൺ ഡോണിംഗ്ടൺ മാനോർ ഹോട്ടലിൽ എത്തി. രാത്രിയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നതല്ലാതെ ഉറങ്ങാൻ കഴിയാതെ റമ്പാച്ചൻ കഴിഞ്ഞു കൂടി. അതേ ഹോട്ടലിൽ തന്നെയായിരുന്നു രണ്ടു മാസം മുമ്പ് മക്കാറിയോസും താമസിച്ചിരുന്നത്. ആ ഹോട്ടലിലും മുറികളിലും ഇടനാഴികളിലും മക്കാറിയോസ് തിരുമേനിയുടെ ഓർമ്മകളുടെ ഗന്ധം നിറഞ്ഞിരുന്നു.

മക്കാറിയോസ് തിരുമേനി യൂറോപ്പിനോട് അന്ത്യമായി വിട പറഞ്ഞ് ഇന്ത്യയിലേക്ക് മടങ്ങുന്നത് ഇന്നാണ്. ഉച്ചയ്ക്ക് ഒന്നരയ്ക്കുള്ള എമിറേറ്റ്സ് വിമാനമാണ് തിരുമേനിയുടെ ഭൗതികശരീരം ഏറ്റുവാങ്ങിയത്. തിരുമേനി കസേരയിൽ ഇരിക്കുന്ന നിലയിൽ തന്നെ വളരെ ഉയരമുള്ള ഒരു പേടകം അതിനായി പ്രത്യേകം ക്രമീകരിച്ചിരുന്നു. ഇരിക്കുന്ന കസേര പറക്കലിൽ വിമാനം ചരിഞ്ഞാലും ശരീരം നേരെ തന്നെ ഇരിക്കത്തക്കവണ്ണം ചുവടു ബലമായി ഒരു പേടകത്തിൽ ഉറപ്പിച്ചിരുന്നു. പേടകം പുഷ്പാലംകൃതമായിരുന്നതിനാൽ ആദരപൂർവ്വം സൂക്ഷിച്ചിരിക്കുന്ന ഒരു മൃതദേഹപേടകമാണെന്ന് വിമാന ജോലിക്കാർക്കുപോലും മനസ്സിലാകത്തക്കവണ്ണമായിരുന്നു വിമാനത്തിന്റെ അടിത്തട്ടിൽ പ്രത്യേകം ഒരുക്കി പേടകം സൂക്ഷിച്ചിരുന്നത്.

റമ്പാച്ചൻ എയർപോർട്ടിൽ എത്തുമ്പോഴേക്കും ഭൗതികശരീരത്തോടൊപ്പം അതേ ഫ്ളൈറ്റിൽ യാത്ര ചെയ്യുന്നതിനു തയ്യാറായി മാർ കൂറിലോസ്, വൈദികരായ ഹാപ്പി, വറുഗീസ് മാത്യു, ഏബ്രഹാം തോമസ് എന്നിവരും എയർപോർട്ടിൽ എത്തിയിരുന്നു.

എമിറേറ്റ്സ് എയർ കമ്പനി ഈ സംഘത്തിന് കിടക്കുവാനും ഉറങ്ങുവാനും മതിയാകത്തക്കവണ്ണം ഒരു ഏറിയാ മുഴുവനായി വേർതിരിച്ചു കൊടുത്തിരുന്നു. തന്നെയുമല്ല, വലിയ നോമ്പുകാലമായിരുന്നതിനാൽ സസ്യഭക്ഷണം മാത്രം അവർക്കു നൽകാനും ഏർപ്പാടും ചെയ്തിരുന്നു.

മാർച്ച് 1, ശനി: കൃത്യം ഒന്നരയ്ക്ക് മക്കാറിയോസിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ട് എമിറേറ്റ്സ് ലണ്ടൻ വിഹായസിലേക്കു

ഉയർന്നപ്പോൾ കണ്ണുനീരണിഞ്ഞ മുഖങ്ങളുമായി അനേകം ബൈ... ബൈകൾ ഉയർന്നു.

വിമാനം ഇംഗ്ലീഷ് ചാനൽ കടന്നു യൂറോപ്പിലേക്ക് പ്രവേശിച്ചപ്പോഴേക്കും കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശാരീരികക്ലേശം മൂലം മിക്കവരും ഉറക്കം പിടിച്ചിരുന്നു. ലാസ്സറസ് റമ്പാച്ചൻ മാത്രം എന്തോ തിടുക്കത്തിൽ എഴുതിക്കൊണ്ടേയിരുന്നു. തന്റെ പ്രിയപ്പെട്ട സഹോദരൻ തങ്ങളിലിരിക്കുന്നതിന്റെ അടിത്തട്ടിലെ ശീതീകരണപേടകത്തിൽ നിത്യമായി ഉറങ്ങുന്ന രംഗം മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. അവിടെ ഇരുന്നു എഴുതിത്തുടങ്ങിയവ തിരുമേനിയുടെ കബറടക്കം കഴിഞ്ഞപ്പോഴേക്കും പൂർത്തിയാക്കി "ഒരു ആഗോള ഇടയശ്രേഷ്ഠന്റെ ആകസ്മിക വിടവാങ്ങൽ" എന്ന പേരിൽ ഒരു ചെറു പുസ്തകമായി അതു പുറത്തു വന്നു.

രാത്രി 12.30-ന് ദുബായ് ഇന്റർനാഷണൽ എയർപോർട്ടിൽ ഇറങ്ങുമ്പോൾ മലേഷ്യയിലെ വ്യവസായ പ്രമുഖൻ ജോജോ (ജേക്കബ് മാത്യു) ഞങ്ങളെ സ്വീകരിച്ച് ഒരു മുറിയിലേക്ക് കൊണ്ടുപോയി. തന്റെ മൃതദേഹം നാട്ടിലേക്കു കൊണ്ടുപോകുന്നതിനുള്ള ഏർപ്പാടുകൾക്കു വേണ്ടി ഈ ജോജോയുടെ സഹകരണം അന്വേഷിക്കണമെന്ന് തിരുമേനി ഇംഗ്ലണ്ട് യാത്രയ്ക്കു മുമ്പ് റമ്പാച്ചനെ ഭരമേല്പിച്ചിരുന്ന കാര്യം നേരത്തെ എഴുതിയിരുന്നല്ലോ. അതെ ജോജോ തന്നെ ദുബായ് എയർപോർട്ടിൽ, തിരുമേനിയുടെ പേടകം കൊച്ചിൻ ഫ്ളൈറ്റിലേക്കു മാറ്റുന്നതിനും ഞങ്ങൾക്കു കൊച്ചിൻ ഫ്ളൈറ്റിലേക്കുള്ള ബോഡിംഗ് പാസ്സ് ക്രമീകരിച്ചു തരുന്നതിനുമെല്ലാം ഏർപ്പാടുകൾ ചെയ്യുകയും പിന്നീട് ഈ യാത്രയിൽ കൊച്ചിയിൽ വരെ ഞങ്ങളെ അനുഗമിക്കുകയും ചെയ്തു.

കൊച്ചിയിൽ

രാവിലെ 8.05-നു തന്നെ വിമാനം കൊച്ചിയിൽ ഇറങ്ങിയെങ്കിലും ലണ്ടനിൽ നിന്നു തിരുമേനിയെ ഇരുത്തിയ വളരെ ഘനമുള്ള കസേര മാറി ഘനം കറഞ്ഞ കസേരയിൽ ഇരുത്തി പുതിയ ശീതീകരണ ചേമ്പറിൽ ഭൗതികശരീരം ക്രമീകരിക്കുന്നതിനു ഏറെ താമസം നേരിട്ടു. റമ്പാച്ചൻ ഇറങ്ങിവന്നപ്പോഴേക്കും പത്രക്കാരും ടിവി ചാനലുകാരും റമ്പാച്ചനെ പൊതിഞ്ഞ് ചോദ്യങ്ങൾ ചോദിച്ചു തുടങ്ങി. ശീതീകരിച്ച മൊബൈൽ മോർച്ചറിയിൽ കസേരയിൽ ഇരുത്തി മൃതദേഹം പ്രത്യേകം തയ്യാറാക്കിയ രഥത്തിൽ പുറത്തേക്കു കൊണ്ടുവന്നു. കേന്ദ്രമന്ത്രി വയലാർ രവി, സംസ്ഥാന മന്ത്രിമാരായ കൊടിയേരി ബാലകൃഷ്ണൻ, മോൻസ് ജോസഫ്, എം.എൽ.എ. മാരായ ജോസഫ് എം. പുതുശ്ശേരി, എം മുരളി മുതലായവർ എയർപോർട്ടിൽ എത്തി തിരുമേനിക്കു ആദരാഞ്ജലികൾ അർപ്പിച്ചു.

വലിയൊരു ജനാവലി തിരുമേനിയെ ഒരു നോക്കു കാണുന്നതിന് എയർപോർട്ടിൽ കാത്തുനിന്നിരുന്നു. പുറത്തേക്കു വന്ന രഥം അവിടെ കൂടിനിന്ന ജനാവലിക്കു തിരുമേനിയെ ദർശിക്കുവാൻ സൗകര്യമൊരുക്കി. കുറെ നേരം നിർത്തി ഇട്ടു.

വിലാപയാത്ര

അഞ്ഞൂറിനും ആയിരത്തിനും ഇടയിൽ വരുന്ന കാറുകളുടെ ഒരു നീണ്ട നിരയാണ് കാനഡാ യൂറോപ്പ് ഭദ്രാസനാധിപനെ വിലാപയാത്രയിൽ അനുയാത്ര ചെയ്തത്. ഭൗതികശരീരം വഹിച്ച രഥത്തിൽ നിയുക്ത കാതോലിക്കാ മാർ മിലിത്തിയോസ്, സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ്, ലാസ്സറസ് റമ്പാച്ചൻ, ഫാദർ ഫിലിപ്പോസ് ഫിലിപ്പ്, ഫാ. ജയിംസ് കുറ്റിക്കണ്ടം, അയിരൂർ ചെറിയപള്ളി വികാരി പി. ടി. മാത്യൂസ് എന്നിവരും കയറിയിരുന്നു. നെടുമ്പാശ്ശേരി മുതൽ അയിരൂർ വരെ ആയിരങ്ങളുടെ അകമ്പടിയോടു കൂടി നടത്തിയ വിലാപയാത്രയ്ക്കു സഭാ ട്രസ്റ്റി മുത്തൂറ്റ് എം. ജി. ജോർജ്ജ്, സഭാസെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകുകയും അനുഗമിക്കുകയും ചെയ്തു. ജോസഫ് എം. പുതുശ്ശേരി വിലാപയാത്രയ്ക്കും സ്വീകരണങ്ങൾക്കും നേതൃത്വം നല്കി. തങ്ങളുടെ തിരുമേനിയെ ഒരു നോക്കു കാണുവാൻ റോഡിന് ഇരുവശവും ജാതിമതഭേദമെന്യേ ആളുകൾ കാത്തു നിന്നു. പ്രധാന ജംഗ്ഷനുകളിലെല്ലാം തിരുമേനിക്ക് അന്തിമോപചാരം അർപ്പിക്കാൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു. പത്രങ്ങൾ വാർത്തകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത് കാണുക:

വിടവാങ്ങുന്നത് ആചാര്യ കുടുംബത്തിന്റെ കാരണവർ

ബിജു കുര്യൻ

പത്തനംതിട്ട: അഞ്ചു മക്കളിൽ നാലു പേരെയും സഭാസേവനത്തിലേക്ക് സമർപ്പിക്കാൻ കഴിയുകയെന്നത് അപൂർവ ഭാഗ്യമാണ്. ഇത്തരത്തിലുള്ള ഭാഗ്യത്തിന് ഉടമകളാണ് കാലം ചെയ്ത ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ മാതാപിതാക്കൾ.

ക്രിസ്തുശിഷ്യനായ വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ കൈവയ്പിലൂടെ ആചാര്യ ശുശ്രൂഷയിലേക്കു പ്രവേശിച്ച പകലോമറ്റം തറവാട്ടിലെ അംഗമായിരുന്നു കാലം ചെയ്ത ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. പകലോമറ്റം കുടുംബത്തിൽപ്പെട്ട അയിരൂർ കുറ്റിക്കണ്ടത്തിൽ എ. ടി. ചാക്കോയുടെയും മറിയാമ്മയുടെയും മൂത്ത മകനായാണ് അദ്ദേഹത്തിന്റെ ജനനം.

ഒരു നൂറ്റാണ്ട് ഈ ലോകത്തിൽ ജീവിച്ചു കടന്നുപോയ മാതാപിതാ

ക്കളുടെ പ്രാർത്ഥനയും സഭാസ്നേഹവും മക്കളുടെ ജീവിതത്തെ എക്കാലവും സ്പർശിച്ചിട്ടുണ്ടെന്ന് മെത്രാപ്പോലീത്തായടക്കമുള്ളവർ അനുസ്മരിക്കാറുള്ളതാണ്.

ആ തറവാട്ടിലെ കാരണവപദവിയിലായിരുന്നു ഓർത്തഡോക്സ് സഭയുടെ ഈ മഹാപുരോഹിതൻ. കുടുംബത്തിലെ മൂത്ത മകനായിരുന്ന കെ. സി. തോമസ് സന്ന്യാസ പട്ടക്കാരനായി മാറിയതിനൊപ്പം അദ്ദേഹത്തിന്റെ സഹോദരങ്ങൾ ഒന്നൊന്നായി പൗരോഹിത്യ ശുശ്രൂഷയിലേക്കു കടന്നുവെന്നതു ശ്രദ്ധേയമാണ്. റമ്പാൻ ലാസറസ് കോർഎപ്പിസ്കോപ്പാ ഇപ്പോൾ കാനഡയിൽ സേവനം ചെയ്യുന്നു. രാജ്യത്ത് അകത്തും പുറത്തുമായി നിരവധി ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്ത ഡോ. കെ. സി. മാത്യൂസ് കോർഎപ്പിസ്കോപ്പാ ഇപ്പോൾ നാട്ടിൽ വിശ്രമജീവിതം നയിക്കുന്നു. സഹോദരിമാരിൽ ഒരാളായ സിസ്റ്റർ മറിയം ബഥനി സന്യാസിനി സമൂഹാംഗമാണ്. മറ്റൊരു സഹോദരി കെ. സി. അന്നമ്മ മാത്രമാണ് പൗരോഹിത്യ ശുശ്രൂഷയിലേക്ക് പ്രവേശിക്കാതിരുന്നത്.

റിട്ടയേഡ് അധ്യാപികയായ അന്നമ്മ കുടുംബമായി റാന്നിയിൽ താസിക്കുന്നു. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ കബറടക്കം മാർച്ച് മൂന്നിന് ദേവലോകത്ത് നടക്കും. രണ്ടിന് രാവിലെ നെടുമ്പാശ്ശേരിയിലെത്തിക്കുന്ന ഭൗതികശരീരം അദ്ദേഹത്തിന്റെ ജന്മസ്ഥലമായ അയിരൂരിലും മാതൃ ഇടവകയായ സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളിയിലും കൊണ്ടുവരും.

അവിടെനിന്നും വിലാപയാത്രയായി തിരുവല്ല, ചങ്ങനാശ്ശേരി വഴി കോട്ടയം പഴയസെമിനാരിയിലെത്തും. മൂന്നിനു രാവിലെ പഴയസെമിനാരിയിൽ നിന്നാരംഭിക്കുന്ന വിലാപയാത്ര ദേവലോകത്ത് എത്തിയാലുടൻ കബറടക്കത്തിന്റെ അവസാന ശുശ്രൂഷകൾ തുടങ്ങും. കഴിഞ്ഞ ജനുവരി ആറിന് ലണ്ടനിൽ വാഹനാപകടത്തിൽ പരിക്കേറ്റ മെത്രാപ്പോലീത്താ കഴിഞ്ഞ 23-നാണ് കാലം ചെയ്തത്.

(രാഷ്ട്രദീപിക, ഫെബ്രുവരി 29)

സ്നേഹത്തോടെ യാത്രാമൊഴി

തിരുവല്ല: മലങ്കര ഓർത്തഡോക്സ് സഭയുടെ അതിരുകളില്ലാത്ത വളർച്ചയ്ക്കു വഴിയൊരുക്കിയ ശ്രേഷ്ഠ ഇടയന് അളവുകളില്ലാത്ത സ്നേഹം നൽകി ജന്മനാട് വിട ചൊല്ലി.

സഭയുടെ കാനഡ-യുകെ-യൂറോപ്പ് ഭദ്രാസനാധിപനായിരുന്ന ഡോ. തോമസ് മാർ മക്കാറിയോസിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള

വിലാപയാത്ര കാണാൻ റോഡിന് ഇരുവശവും കാത്തുനിന്ന ജന സഞ്ചയം ആ സ്നേഹത്തിന്റെ സാക്ഷ്യമായി.

രാവിലെ ഒൻപതിനു നെടുമ്പാശേരി വിമാനത്താവളത്തിലെത്തിച്ച ഭൗതിക ശരീരം വഹിച്ചുകൊണ്ടുള്ള രഥത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ്, സഹോദരൻ റമ്പാൻ ലാസറസ് കോറെപ്പിസ്കോപ്പാ, ഫാ. ഹാപ്പി ജോർജ്, ഫാ. വർഗീസ് മാത്യു എന്നിവർ ഉണ്ടായിരുന്നു.

നെടുമ്പാശേരിയിൽ നിന്ന് അയിരൂർ വരെ സഭാ അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, ജോസഫ് എം. പുതുശേരി എം.എൽ.എ. എന്നിവർ അനുഗമിച്ചു.

ആലപ്പുഴ, ചങ്ങനാശേരി വഴി വിലാപയാത്രയായി വൈകിട്ട് നാലരയോടെ ജില്ലാ അതിർത്തിയായ ഇടിഞ്ഞില്ലത്ത് എത്തിച്ച ഭൗതികശരീരം ഓർത്തഡോക്സ് സഭ നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ്, നിരണം ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ ഏറ്റുവാങ്ങി. തുടർന്ന് ജന്മനാടായ അയിരൂർ വരെയുള്ള വിലാപയാത്രയിൽ ആയിരക്കണക്കിനു സഭാവിശ്വാസികൾ പങ്കെടുത്തു.

തങ്ങളുടെ പ്രിയ തിരുമേനിയെ ഒരു നോക്കു കാണാൻ റോഡിന് ഇരുവശവും ജാതിമതഭേദമെന്യേ ആളുകൾ കാത്തുനിന്നു. പ്രധാന ജംഗ്ഷനുകളിലെല്ലാം തിരുമേനിക്ക് അന്തിമോപചാരം അർപ്പിക്കാൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

പെരുന്തുരുത്തി, മുത്തൂർ വഴി തിരുവല്ലയിൽ വിലാപയാത്ര എത്തിയപ്പോൾ മന്ത്രി മാത്യു ടി. തോമസ്, നഗരസഭാധ്യക്ഷൻ ആർ. ജയകുമാർ എന്നിവരുടെ നേതൃത്വത്തിൽ പൗരാവലി ആദരാഞ്ജലികൾ അർപ്പിക്കാൻ കാത്തുനിന്നു.

കറ്റോട്, തോട്ടഭാഗം, പാടത്തുപാലം, ഇരവിപേരൂർ, പുറമറ്റം, വെണ്ണിക്കുളം, തെള്ളിയൂർ, തടിയൂർ, തീയാടിക്കൽ എന്നിവിടങ്ങളിൽ നൂറു കണക്കിന് ആളുകൾ മെത്രാപ്പോലീത്തായ്ക്ക് ആദരാഞ്ജലി അർപ്പിച്ചു.

ജന്മനാടായ അയിരൂരെത്തിയപ്പോൾ പ്രകൃതിയും കണ്ണീർ പൊഴിക്കുന്നുണ്ടായിരുന്നു. കനത്ത മഴയിലും തിങ്ങിനിറഞ്ഞ വിശ്വാസികളെക്കൊണ്ട് അയിരൂർ ചെറിയപള്ളിയും പരിസരവും നിറഞ്ഞു കവിഞ്ഞു. നാലു മണിക്കൂർ വൈകിയാണ് വിലാപയാത്ര പള്ളിയിലെത്തിയതെങ്കിലും ക്ഷമയോടെ കാത്തുനിന്ന സഭാവിശ്വാസികളും നാട്ടുകാരും രാത്രി ഒൻപതേകാലോടെ നാടിന്റെ ആത്മീയ പുത്രന് വിട ചൊല്ലി.

അന്തിമോപചാരം അർപ്പിക്കാൻ സഹോദരീ സഭാ ഇടയന്മാരും

തിരുവല്ല: ഓർത്തഡോക്സ് സഭയുടെ കാനഡ-യുകെ-യൂറോപ്പ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ മക്കാറിയോസിന് അന്തിമോപചാരം അർപ്പിക്കാൻ സഹോദരീ സഭകളുടെ മെത്രാപ്പോലീത്താമാരുടെ നീണ്ട നിര തന്നെ എത്തി.

തിരുവല്ലായിൽ യാക്കോബായ സഭ സുന്നഹദോസ് സെക്രട്ടറി ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ്, യാക്കോബായ സഭ നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കൂറിലോസ് എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു.

അയിരൂരിലെ മാതൃ ഇടവകയിൽ മലബാർ സ്വതന്ത്ര സുറിയാനി സഭ (തൊഴിയൂർ) വലിയ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ കൂറിലോസ്, ക്നാനായ സഭ ആർച്ച്ബിഷപ് ഡോ. കുര്യാക്കോസ് മാർ സേവേറിയോസ്, മലങ്കര കത്തോലിക്കാ സഭ തിരുവനന്തപുരം രൂപതാ സഹായമെത്രാൻ ജോസഫ് മാർ തോമസ് എന്നിവരും ശുശ്രൂഷകളിൽ സംബന്ധിച്ചു.

മാതൃഇടവക കണ്ണീരോടെ വിട ചൊല്ലി

അയിരൂർ: ഡോ. തോമസ് മാർ മക്കാറിയോസിനു മാതൃ ഇടവക കണ്ണീരോടെ വിട ചൊല്ലി.

വൈകിട്ട് ഏഴരയോടെ അയിരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളിയിലെത്തിച്ച ഭൗതികശരീരം ദർശിക്കാൻ വൈദികരും വിശ്വാസികളും അടക്കം ജനസഹസ്രങ്ങൾ കാത്തു നിൽപുണ്ടായിരുന്നു. കബറടക്കത്തിന്റെ രണ്ടാം ഘട്ട ശുശ്രൂഷ 7.45-ന് ആരംഭിച്ചു. പൗലോസ് മാർ മിലിത്തിയോസിന്റെ മുഖ്യ കാർമികത്വത്തിലായിരുന്നു ശുശ്രൂഷകൾ.

ഫിലിപ്പോസ് മാർ യൗസേബിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. സഖറിയാസ് മാർ തേയോഫിലോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവർ സഹകാർമ്മികരായിരുന്നു. കബറടക്കത്തിന്റെ മൂന്നാം ഘട്ട ശുശ്രൂഷയും നടന്നു. മൃതദേഹം ഇരുത്തിയ രഥത്തിനു ചുറ്റും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ധൂപം അർപ്പിച്ചു. ... 8.50-നു മൂന്നാംഘട്ട ശുശ്രൂഷ പൂർത്തിയായി. തുടർന്ന് കോട്ടയം പഴയസെമിനാരിയിലേക്കു വിലാപയാത്ര നീങ്ങി. (മനോരമ, മാർച്ച് 3, 2008)

അയിരൂരെ അനുശോചന മീറ്റിംഗ്

നിശ്ചയിച്ചിരുന്ന സമയത്തേക്കാൾ വിലാപയാത്ര മണിക്കൂറുകൾ

വൈകുന്നുവെന്നു കണ്ട് അയിരൂർ ചെറിയപള്ളിയിൽ നേരത്തെ എത്തിച്ചേർന്നവർ അനുശോചന മീറ്റിംഗ് ആരംഭിച്ചു. മീറ്റിംഗിൽ തുമ്പമൺ ഭദ്രാസനാധിപൻ ഫിലിപ്പോസ് മാർ യൗസേബിയോസ്, ക്നാനായ ഇടവകയുടെ കുറിയാക്കോസ് മാർ സേവേറിയോസ്, തൊഴിയൂർ സഭയുടെ സീനിയർ ജോസഫ് മാർ കൂറിലോസ്, സഖറിയാസ് മാർ തേയോഫിലോസ്, തിരുവനന്തപുരം സഹായ മെത്രാൻ ജോസഫ് മാർ തോമസ് എന്നിവരും വികാരി ജനറൽ ഫാ. ചെറിയാൻ രാമനാലിൽ, ഇടവക വികാരി ഫാ. ഫിലിപ്പോസ് തരകൻ, എം.എൽ.എ. മാരായ കെ. സി. രാജഗോപാലൻ, അഡ്വ. കെ. ശിവദാസൻ നായർ, രാജു ഏബ്രഹാം, ജോസഫ് എം. പുതുശ്ശേരി, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ കെ. കെ. റോയിസൺ, അഡ്വ. കെ. ജയവർമ്മ, അയിരൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീജ വിമൽ, സി.പി.എം. ജില്ലാ സെക്രട്ടറി അഡ്വ. കെ. അനന്തഗോപൻ എന്നിവർ സംസാരിച്ചു.

'പകലോമറ്റം തറവാടിന്റെ ഓമനപുത്രന് വിട' എന്നെഴുതിയ കമാനങ്ങളും ഫ്ളക്സ് ബോർഡുകളും തിരുമേനിയുടെ ചിത്രങ്ങളും യാത്രയിൽ ഉടനീളം ദൃശ്യമായിരുന്നു. വഴിനീളെ കാത്തുനിന്ന വിശ്വാസികളുടെ പ്രണാമങ്ങൾ ഏറ്റുവാങ്ങി വിലാപയാത്ര അയിരൂരേക്ക് നീങ്ങി.

ജോസഫ് മാർ ഗ്രീഗോറിയോസ്, ഗീവർഗീസ് മാർ കൂറിലോസ് തുടങ്ങിയവർ തിരുവല്ലായിൽ ആദരാഞ്ജലി അർപ്പിക്കുവാൻ കാത്തുനിൽക്കുന്നു.

മാതൃ ഇടവകയുടെ അന്ത്യാഞ്ജലി

കോഴഞ്ചേരി: മലങ്കര ഓർത്തഡോക്സ് സഭാ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസിന്റെ കബറടക്ക ശുശ്രൂഷയുടെ രണ്ടാം ഭാഗം അദ്ദേഹത്തിന്റെ മാതൃ ഇടവകയായ അയിരൂർ ഇടത്യാമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളിയിൽ നടന്നു.

നിയുക്ത കാതോലിക്കാബാവാ പൗലോസ് മാർ മിലിത്തിയോസിന്റെ കാർമ്മികത്വത്തിലാണ് ശുശൂഷ നടന്നത്. ഒന്നാംഭാഗം കബറടക്ക ശുശ്രൂഷ ലണ്ടനിലെ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലാണ് നടന്നത്.

കാനഡ, യൂറോപ്പ് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നു ഡോ. തോമസ് മാർ മക്കാറിയോസ്. അയിരൂരിൽ പൊതുദർശനത്തിനുശേഷം രാത്രി 11 മണിയോടെ മൃതദേഹം കോട്ടയം പഴയസെമിനാരി ചാപ്പലിലേക്ക് കൊണ്ടുപോയി. തിങ്കളാഴ്ച രാവിലെ 7.30-ന് ദേവലോകം കാതോലിക്കേറ്റ് അരമനയിലേക്ക് നഗരികാണിക്കലിനായി കൊണ്ടുപോകും.

അവസാനഘട്ട കബറടക്ക ശുശ്രൂഷയ്ക്കു ശേഷം അരമന ചാപ്പലിനോടു ചേർന്ന് കബറടക്കും. അയിരൂർ സെന്റ് മേരീസ് പള്ളിയിൽ നടന്ന അനുശോചന യോഗത്തിൽ ഫിലിപ്പോസ് മാർ യൗസേബിയോസ്, ജോസഫ് മാർ കൂറിലോസ്, സഖറിയാസ് മാർ തെയോഫിലോസ്, ഡോ. കുറിയാക്കോസ് മാർ സേവേറിയോസ്, ജോസഫ് മാർ തോമസ്, വികാരി ജനറൽ ഫാ. ചെറിയാൻ രാമനാലിൽ, ഇടവകവികാരി ഫാ. ഫിലിപ്പോസ് തരകൻ, എം.എൽ.എ. മാരായ കെ. സി രാജഗോപാലൻ, അഡ്വ. കെ. ശിവദാസൻ നായർ, രാജു എബ്രഹാം, ജോസഫ് എം. പുതുശ്ശേരി, ജില്ലാ പഞ്ചായത്തംഗങ്ങളായ കെ. കെ. റോയ്സൺ, അഡ്വ. കെ. ജയവർമ്മ, അയിരൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീജ വിമൽ, സി.പി.എം. ജില്ലാ സെക്രട്ടറി അഡ്വ. കെ. അനന്തഗോപൻ എന്നിവർ സംസാരിച്ചു.

മാതൃ ഇടവക കണ്ണീരോടെ വിടചൊല്ലി

അയിരൂർ: ഡോ തോമസ് മാർ മക്കാറിയോസിനു മാതൃ ഇടവക കണ്ണീരോടെ വിട ചൊല്ലി.

വൈകിട്ട് ഏഴരയോടെ അയിരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ചെറിയപള്ളിയിലെത്തിച്ച ഭൗതികശരീരം ദർശിക്കാൻ വൈദികരും വിശ്വാസികളും അടക്കം ജനസഹസ്രങ്ങൾ കാത്തുനിൽപുണ്ടായിരുന്നു. കബറടക്കത്തിന്റെ രണ്ടാംഘട്ട ശുശ്രൂഷ 7.45-ന് ആരംഭിച്ചു. ശ്രേഷ്ഠ നിയുക്ത ബാവാ പൗലോസ് മാർ മിലിത്തിയോസിന്റെ മുഖ്യ കാർമികത്വത്തിലായിരുന്നു ശുശ്രൂഷകൾ.

ഫിലിപ്പോസ് മാർ യൗസേബിയോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കൂറിലോസ്, ഡോ. സഖറിയാസ് മാർ തെയോഫിലോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവർ സഹകാർമികരായിരുന്നു. എട്ടരയോടെ കബറടക്കത്തിന്റെ മൂന്നാംഘട്ട ശുശ്രൂഷയും നടന്നു. മൃതദേഹം ഇരുത്തിയ രഥത്തിനു ചുറ്റും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ധൂപം അർപ്പിച്ചു.

തിരുമേനിയുടെ സഹോദരങ്ങളായ റമ്പാൻ ലാസറസ് കോറെപ്പിസ്കോപ്പായും കെ. സി. മാത്യു കോറെപ്പിസ്കോപ്പായും സിസ്റ്റർ മറിയവും അന്നമ്മയും പ്രിയ സഹോദരന്റെ ഭൗതിക ശരീരത്തിനു സമീപം നിറകണ്ണുകളോടെ പ്രാർത്ഥനാനിർഭരരായി നിന്നു.

8.50-നു മൂന്നാംഘട്ട ശുശ്രൂഷ പൂർത്തിയായി. തുടർന്ന് കോട്ടയം പഴയ സെമിനാരിയിലേക്കു വിലാപയാത്ര നീങ്ങി. രാത്രി പതിനൊന്നോടെ കോട്ടയം ജില്ലയിൽ പ്രവേശിച്ച വിലാപയാത്ര വൈകി പഴയസെമിനാരിയിലെത്തി. മലയാള മനോരമയ്ക്കു വേണ്ടി പത്തനംതിട്ട യൂണിറ്റ് കോ-ഓർഡിനേറ്റിങ്ങ് എഡിറ്റർ ക്രിസ് തോമസ് റീത്ത് സമർപ്പിച്ചു.

ഒരു നോക്കു കാണാൻ മഴയത്തും ആയിരങ്ങൾ

തിരുവല്ല: കാലം ചെയ്ത ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഭൗതികശരീരം ഒരു നോക്ക് കാണുന്നതിനും അന്ത്യാഞ്ജലി അർപ്പിക്കുന്നതിനുമായി തിരുവല്ലയിൽ നൂറുകണക്കിന് വിശ്വാസികളെത്തി.

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും റോഡു മാർഗമാണ് മക്കാറിയോസിന്റെ ഭൗതികശരീരം ജന്മനാടായ അയിരൂരിലേക്ക് കൊണ്ടു പോയത്. പെരുന്തുരുത്തിയിൽ നിരണം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ നേതൃത്വത്തിൽ ഭൗതികശരീരം ഏറ്റു വാങ്ങി. വിശ്വാസികളുടെ പ്രാർത്ഥനകളുടെ അകമ്പടിയോടെ ഭൗതിക ശരീരം തിരുവല്ല നഗരത്തിലെത്തിച്ചു. 4 മണിയോടെ കെ.എസ്.ആർ.ടി.സി. കോർണറിൽ പൊതു ദർശനത്തിനായി വിലാപയാത്ര നിന്നു.

മന്ത്രി മാത്യു ടി. തോമസ്, ജോസഫ് എം. പുതുശ്ശേരി എം.എൽ.എ. നഗരസഭാധ്യക്ഷൻ ആർ. ജയകുമാർ, യാക്കോബായ സഭാ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ കൂറിലോസ്, മാർത്തോമ്മാ സഭാ സെക്രട്ടറി ഫാ. കെ. ഇ മാമ്മൻ, എസ്.എൻ.ഡി.പി. ഡയറക്ടർ ബോർഡ് അംഗം പ്രൊഫ. സതീഷ് കൊച്ചുപറമ്പിൽ, ബി.ജെ.പി. ദേശീയ സമിതി അംഗം കെ. ആർ. പ്രതാപചന്ദ്രവർമ്മ തുടങ്ങി നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. വഴിനീളെ കാത്തു നിന്ന വിശ്വാസികളുടെ പ്രണാമങ്ങൾ ഏറ്റു വാങ്ങി വിലാപയാത്ര അയിരൂരിലേക്കു നീങ്ങി.

മല്ലപ്പള്ളി: മക്കാറിയോസ് തിരുമേനിയുടെ ഭൗതികശരീരം വഹിച്ചു കൊണ്ടുള്ള വിലാപയാത്ര വൈകിട്ട് ആറരയോടെ വെണ്ണിക്കുളത്തെത്തി. ഭൗതികശരീരം ഒരു നോക്ക് കണ്ട് ആദരാഞ്ജലിയർപ്പിക്കാൻ കോരി ച്ചൊരിയുന്ന മഴയിലും വിശ്വാസികളുടെ വൻ തിരക്കായിരുന്നു.

എസ്.ബി. പള്ളി വികാരി ഫാ. ജോൺ മാത്യു, ശാലോം മാർത്തോമ്മാ ഇടവക വികാരി ഫാ. ജോർജ്ജ് കോശി, ഫാ. ജോയി എൻ ജോർജ്ജ്, ഫാ. എബ്രഹാം ഇഞ്ചക്കലോടി, തെള്ളിയൂർ ബസേലിയോസ് ഓർത്ത ഡോക്സ് പള്ളി വികാരി ഫാ. നൈനാൻ വറുഗീസ്, ഫാ. ഗീവർഗീസ് വർക്കി, ജോസഫ് എം. പുതുശ്ശേരി എം.എൽ.എ., കുഞ്ഞുകോശി പോൾ, അഡ്വ. മനോജ് മാത്യു, അഡ്വ. റജി തോമസ്, പഞ്ചായത്ത് പ്രസിഡന്റു മാരായ ജിജി മാത്യു, ഐസക് കച്ചിറക്കൽ, യുവജനപ്രസ്ഥാനം ഓർഗ നൈസർ സന്തോഷ് വറുഗീസ്, ജെറോം തോമസ്, റോയി ഉമ്മൻ, ഷെറി തോമസ്, ജോസ് തടത്തേൽ, ജോർജ്ജ് വർഗീസ് തുണ്ടിയിൽ, പ്രൊഫ. ജേക്കബ് എം. ഏബ്രഹാം, രാജു പുളിമൂട്ടിൽ തുടങ്ങിയവർ അന്ത്യോപ ചാരമർപ്പിച്ചു. കടുക്കപ്പുതാൽ ബസേലിയോസ് പള്ളി, തടിയൂർ, തീയാ ടിക്കൽ തുടങ്ങിയ സ്ഥലങ്ങളിലും വൻ ജനാവലി കാത്തു നിന്ന് അന്ത്യാ ഞ്ജലിയർപ്പിച്ചു.

മാർ മക്കാറിയോസിന് അന്ത്യാഞ്ജലി; കബറടക്കം ഇന്ന്

പത്തനതിട്ട: മലങ്കര ഓർത്തഡോക്സ് സഭയുടെ യു.കെ.-കാനഡാ ഭദ്രാസനാധിപൻ കാലം ചെയ്ത ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ കബറടക്കം ഇന്ന് കോട്ടയം ദേവലോകത്തു നടക്കും.

കഴിഞ്ഞ 23-ന് ലണ്ടനിൽ കാലം ചെയ്ത മെത്രാപ്പോലീത്തായുടെ ഭൗതികശരീരം ഇന്നലെ രാവിലെ 9.15-ന് എമിറെറ്റ്സ് ഫ്ളൈറ്റിൽ നെടു മ്പാശേരിയിൽ എത്തിച്ചു. ഭൗതികശരീരം നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ്, മാത്യൂസ് മാർ സേവേറിയോസ്, പൗലോസ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാരും, സഭാ മാനേജിംഗ് കമ്മിറ്റിയംഗങ്ങളും വിശ്വാസികളും ചേർന്ന് ഏറ്റുവാങ്ങി.

സംസ്ഥാന സർക്കാരിനു വേണ്ടി ആഭ്യന്തര മന്ത്രി കോടിയേരി ബാല കൃഷ്ണൻ റീത്ത് സമർപ്പിച്ചു. കേന്ദ്രമന്ത്രി വയലാർ രവി, പൊതുമരാ മത്തു മന്ത്രി മോൻസ് ജോസഫ്, എം.എൽ.എ. മാരായ ജോസഫ് എം. പുതുശേരി, എം. മുരളി തുടങ്ങിയവർ അന്ത്യാഞ്ജലി അർപ്പിക്കാനെ ത്തിയിരുന്നു.

വെണ്ണിക്കുളത്ത്

മക്കാറിയോസിന്റെ ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര വെണ്ണിക്കുളത്ത് എത്തുമ്പോൾ ഭൗതികശരീരം ഒരു നോക്ക് കണ്ട് ആദരാഞ്ജലികൾ അർപ്പിക്കാൻ കോരിച്ചൊരിയുന്ന മഴയിലും വിശ്വാസികളുടെ വൻതിരക്കായിരുന്നു. വെണ്ണിക്കുളം സെന്റ് ബഹനാൻ പള്ളി, സെന്റ് ജോർജ് ചെറിയപള്ളി, തെള്ളിയൂർ ബസ്സേലിയോസ്, കുടുക്കപ്പതാൽ ബസ്സേലിയോസ് തുടങ്ങി സമീപ പള്ളികളിൽ നിന്ന് ഒട്ടധികം വൈദികരും വിശ്വാസികളും കാത്തുനിന്നിരുന്നു. എസ്.ബി. പള്ളി വികാരി ഫാ. ജോൺ മാത്യു, ശാലോം മാർത്തോമ്മാ ഇടവക വികാരി റവ. ജോർജ്ജ് കോശി, ഫാ. ജോയി എൻ. ജോർജ്ജ്, ഫാ. ഏബ്രഹാം ഇഞ്ചയ്ക്കലോടി, തെള്ളിയൂർ ഓർത്തഡോക്സ് പള്ളി വികാരി ഫാ. നൈനാൻ വറുഗീസ്, ഫാ. ഗീവറുഗീസ് വർക്കി, അഡ്വ. മനോജ് മാത്യു, അഡ്വ. റജി തോമസ്, പഞ്ചായത്ത് പ്രസിഡന്റുമാരായ ജിജി മാത്യു, ഐസക് കച്ചിറയ്ക്കൽ, യുവജനപ്രസ്ഥാനം ഓർഗനൈസർ സന്തോഷ് വറുഗീസ്, ജെറോം തോമസ്, റോയി ഉമ്മൻ, ഷെറി തോമസ്, ജോസ് തടത്തേൽ, ജോർജ്ജ് വറുഗീസ് തുണ്ടിയിൽ, പ്രൊഫ. ജേക്കബ് ഏബ്രഹാം, രാജു പുളിമൂട്ടിൽ തുടങ്ങിയവർ പുഷ്പഹാരങ്ങൾ അർപ്പിച്ചു.

തടിയൂർ

കുടുക്കപ്പതാൽ ബസ്സേലിയോസ് പള്ളി കഴിഞ്ഞ് തിരുമേനി ഹൈസ്ക്കൂൾ വിദ്യാഭ്യാസം നടത്തിയ തടിയൂർ എൻ.എസ്.എസ്. ഹൈസ്കൂളിനു മുമ്പിൽ ഹിന്ദു സഹോദരങ്ങളുടെ ഒരു നീണ്ട നിര ആദരാഞ്ജലികളർപ്പിക്കാൻ കാത്തു നിന്നിരുന്നു. അവരുടെ സ്നേഹകുസുമങ്ങൾ ഏറ്റുവാങ്ങി വിലാപയാത്ര നീങ്ങി.

തീയാടിക്കൽ

മക്കാറിയോസ് ബാല്യം മുതൽ യൗവ്വനകാലം കഴിച്ചതും കുറ്റിക്കണ്ടം കുടുംബത്തിന്റെ ആസ്ഥാനവുമാണ് തീയാടിക്കൽ. വിലാപയാത്രയുടെ വരവും കാത്ത് ആയിരങ്ങൾ തീയാടിക്കലിൽ തടിച്ചു കൂടി കാത്തു നിന്നിരുന്നു. 'അയിരൂരിന്റെ ഓമനപ്പുത്രന് കണ്ണീരോടെ വിട' എന്ന വലിയ ബോർഡുകൾ റോഡു നീളെ കാണാമായിരുന്നു. വിലാപയാത്ര തീയാടിക്കലിൽ എത്തുമ്പോൾ അവിടം ഒരു കണ്ണീർകടലായി മാറി. കുടുംബാംഗങ്ങളും, സഭാ ജനങ്ങളും സുഹൃത്തുക്കളുമെല്ലാം വിങ്ങിപ്പൊട്ടി. പേടകത്തിൽ അടക്കം ചെയ്ത ഭൗതികശരീരം മാറി നിന്ന് ഒരു നോക്കു കാണാൻ മാത്രമേ അവർക്കു കഴിഞ്ഞുള്ളു.

അയിരൂർ ചെറിയപള്ളിയിൽ

അയിരൂരിന്റെ സ്നേഹോഷ്മളമായ വിടവാങ്ങൽ ഏറ്റുവാങ്ങിക്കൊണ്ട്,

റോഡിന്റെ ഇരുപുറവും തിങ്ങിവിങ്ങി നിന്ന സ്വന്തം ജനത്തിന്റെ മദ്ധ്യത്തിലൂടെ അയിരൂർ ചെറിയപള്ളിയിൽ വിലാപയാത്ര എത്തിയപ്പോൾ ജനസഹസ്രങ്ങളെക്കൊണ്ട് പള്ളിയും പരിസരവും നിറഞ്ഞുകവിഞ്ഞിരുന്നു. പള്ളിമുറ്റത്തേക്ക് പ്രവേശിച്ച രഥത്തിന്റെ ചുറ്റിലും തടിച്ചുകൂടിയ ആൾക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസ്സേനയ്ക്ക് നന്നേ പണിപ്പെടേണ്ടി വന്നു.

സ്വന്ത സഹോദരങ്ങളായ കെ. സി. മാത്യൂ കോർഎപ്പിസ്ക്കോപ്പായും, സിസ്റ്റർ മറിയമും, അമ്മുക്കുട്ടിയും രഥത്തിനുള്ളിൽ ശീതീകരണ കസേരയിൽ ഉറങ്ങുന്ന തങ്ങളുടെ പ്രിയപ്പെട്ട 'അച്ചാച്ചനെ' കണ്ട രംഗം വിവരിക്കാൻ പ്രയാസം. കെ. സി. മാത്യു അച്ചനെ അന്ന് ആശുപത്രിയിൽ നിന്ന് കൊണ്ടുവന്നതേ ഉള്ളു. തളർന്ന ശരീരത്തോടും ഇടിഞ്ഞ മനസ്സോടും സഹോദരന്റെ മുഖത്തേക്ക് അദ്ദേഹം നോക്കി നിന്നു.

'ക്നാനായ സഭയ്ക്ക് നഷ്ടമായത് ഉത്തമ സുഹൃത്തിനെ'

അയിരൂർ: തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ വേർപാടു മൂലം ക്നാനായ സമുദായത്തിന് ഉത്തമസുഹൃത്തിനെയാണ് നഷ്ടപ്പെട്ടതെന്ന് ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. നാട്ടിലെത്തുമ്പോഴെല്ലാം സഭയുമായുള്ള ബന്ധം പുതുക്കുന്നതിന് മെത്രാപ്പോലീത്താ ചിങ്ങവനത്ത് ഓടിയെത്തുമായിരുന്നു. സ്നേഹവും കരുതലുമുള്ള ഇടയനാണ് കാലം ചെയ്ത മക്കാറിയോസെന്ന് സേവേറിയോസ് അനുശോചിച്ചു.

കബറടക്കത്തിന്റെ രണ്ടാം ശുശ്രൂഷ

ജന്മനാടായ അയിരൂരിന്റെ പ്രകൃതിയും കണ്ണീർ പൊഴിക്കുന്നുണ്ടായിരുന്നു. കനത്ത മഴയിലും തിങ്ങി നിറഞ്ഞ വിശ്വാസികളെക്കൊണ്ട് അയിരൂർ ചെറിയപള്ളിയും പരിസരവും നിറഞ്ഞു കവിഞ്ഞിരുന്നു. തങ്കച്ചൻ സാറായും കെ. സി. തോമസച്ചനായും മാർ മക്കാറിയോസ് മെത്രാപ്പോലീത്തായായും അയിരൂർ നാട്ടിൽ നിറഞ്ഞു നിന്ന തങ്ങളുടെ പ്രിയ ഇടയന് ആയിരങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടു നിൽക്കവേ നിയുക്ത കാതോലിക്കാ മാർ മിലിത്തിയോസിന്റെ നേതൃത്വത്തിൽ കബറടക്ക ശുശ്രൂഷയുടെ രണ്ടാം ഭാഗം പള്ളിയിൽ ആരംഭിച്ചു. ഫിലിപ്പോസ് മാർ യൗസേബിയോസ്, ഡോ. ഗീവറുഗീസ് കൂറിലോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. സഖറിയാസ് മാർ തേയോഫിലോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. മൂന്നാംഘട്ട ശുശ്രൂഷയും കഴിഞ്ഞു തിരുമേനിമാർ പള്ളിമുറ്റത്തെ രഥത്തിൽ എത്തി ധൂപപ്രാർത്ഥന നടത്തി.

തിരുമേനിയുടെ സഹോദരങ്ങളായ റമ്പാൻ ലാസ്സറസ് കോർഎപ്പിസ്ക്കോപ്പായും കെ. സി. മാത്യു കോർഎപ്പിസ്ക്കോപ്പായും സിസ്റ്റർ മറിയാമും, അന്നമ്മ സ്റ്റീഫനും പ്രിയ സഹോദരന്റെ ഭൗതികശരീരത്തിനു സമീപം നിറകണ്ണുകളോടെ പ്രാർത്ഥനാനിർഭരരായി നിന്നു.

വന്നു ചേർന്ന ജനസമൂഹത്തിനു മുഴുവനും തിരുമേനിയുടെ മൃത ദേഹം സന്ദർശിച്ചു ആദരാഞ്ജലികൾ അർപ്പിക്കാൻ അവസരം നല്കിയിരുന്നു.

രാത്രി 9 മണിയോടെ കോട്ടയം പഴയസെമിനാരിയിലേക്ക് വിലാപയാത്ര നീങ്ങി. രാത്രി 11 മണിയോടെ കോട്ടയം ജില്ലയിൽ പ്രവേശിച്ച വിലാപയാത്രയ്ക്കു പല പള്ളികളിലും ജനങ്ങളുടെ ആദരാഞ്ജലികൾ ഏറ്റുവാങ്ങി വളരെ വൈകിയാണ് കോട്ടയം പഴയസെമിനാരിയിൽ എത്തിച്ചേർന്നത്. മക്കാറിയോസ് മെത്രാപ്പോലീത്താ അദ്ധ്യാപകനായിരുന്ന സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾ ഭൗതികശരീരം ഏറ്റുവാങ്ങി ആദരപൂർവ്വം മദ്ബഹായുടെ താഴെ പ്രതിഷ്ഠിച്ചു.

ഭൗതികദേഹം പഴയസെമിനാരിയിൽ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് ആദരാഞ്ജലി അർപ്പിക്കുന്നു. ഫോട്ടോ: മലങ്കര ഓർത്തഡോക്സ് ടി.വി.

പഴയസെമിനാരിയിൽ തോമസ് മാർ തീമോത്തിയോസ് ധൂപാർപ്പണം നടത്തുന്നു. ഫോട്ടോ: മലങ്കര ഓർത്തഡോക്സ് ടി.വി.

പഴയസെമിനാരിയോട് വിട ചൊല്ലുന്നു. ഫോട്ടോ: മലങ്കര ഓർത്തഡോക്സ് ടി.വി.

അദ്ധ്യായം 47

രാജകീയ കബറടക്കം

പ. ഓർത്തഡോക്സ് സഭ കബറടക്കത്തിനു മാതൃകയാക്കിയിരിക്കുന്നത് രക്ഷകനായ കർത്താവിന്റെ കബറടക്കത്തെയാണ്. അരിമത്യാക്കാരൻ യൗസേഫ് ആ വിശുദ്ധ ശരീരം ഏറ്റുവാങ്ങിയ രംഗം നമ്മുടെ നമസ്കാരത്തിൽ പറയുന്നതിപ്രകാരമാണ്.

"Joseph of Arimathea took Thee' down from the tree, the life of all, cold in death, bathing Thee with sweet and costly myrrah, gently he covered Thee with linen so fine and with sorrow and tender love in his heart, he embraced that most pure body. ..."

എത്ര ഹൃദയസ്പർശകമായി ആ രംഗം ഇവിടെ വിവരിച്ചിരിക്കുന്നു. വി. മറിയാം, ഏറ്റം സ്നേഹിച്ച ശിഷ്യൻ യോഹന്നാൻ ശ്ലീഹാ, നിക്കോദീമോസ് എന്നിവർ കണ്ണുനീർകൊണ്ട് ആ ശരീരം മറച്ചു. മനോഹരമായ കേത്താനാശീല, വിലപ്പെട്ട തൈലം, പുതിയ കല്ലറ.

മരിച്ചവരെ ആദരിക്കേണ്ടത് എങ്ങനെയെന്ന് ആ സംസ്കാരശുശ്രൂഷയിൽ നിന്നു വി. സഭ പഠിച്ചു. വിശുദ്ധാത്മാവിന്റെ ഇരിപ്പിടമായ ആ മൺകൂടാരത്തെ എങ്ങനെയാണ് അടക്കേണ്ടതെന്ന് സഭ പഠിക്കുകയും ആ പതിവ് ആദിമനൂറ്റാണ്ടു മുതൽ ഇന്നയോളം സഭ നിലനിർത്തുകയും ചെയ്യുന്നു. മാമോദീസായിൽ മുദ്രകുത്തിയ അതേ സൈത്തു തൈലം നാം മൃതദേഹത്തിൽ പൂശുകയും സങ്കീർത്തനാലാപങ്ങൾ നടത്തി കുന്തിരിക്കത്തിന്റേയും സുഗന്ധക്കൂട്ടുകളോടും കൂടി മെഴുകുതിരിയുടെ വെളിച്ചത്തിൽ പുത്തൻ ഉയിർത്തെഴുന്നേൽപ്പിന്റെ പ്രത്യാശയോടെ കിഴക്കോട്ടഭിമുഖമായി കിടത്തി നാം യാത്ര ചോദിക്കുന്നു.

നാം കരയാറുണ്ട്, പക്ഷേ പ്രത്യാശയില്ലാത്തവരുടെ വിലാപമല്ലത്. നാം യാത്ര അയയ്ക്കുന്ന ഈ ജഡത്തിന് ഭാവിയിൽ എന്തു സംഭവിക്കുമെന്ന് നമുക്കു നല്ല അറിവുണ്ട്, പ്രത്യാശയുണ്ട്.

സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് ഇപ്രകാരം എഴുതി: "For just as the light when it sets in the evening, is not lost, so man also is given over to the grave as if setting, but he is preserved for the dawn of the resurrection." പശ്ചിമാഴിയിൽ അപ്രത്യക്ഷനാകുന്ന സന്ധ്യാസൂര്യനും അതിന്റെ പ്രകാശവും എന്നെന്നേയ്ക്കുമായി നശിച്ചുവെന്ന് ആരും കരുതുകയില്ലല്ലോ. കബറുകളിൽ അപ്രത്യക്ഷമാകുന്ന ഈ ശരീരങ്ങൾ ഉയിർപ്പിന്റെ പ്രഭാതത്തിനുവേണ്ടി സൂക്ഷിക്കപ്പെടുകയാണ്.

"Cemetaries are God's vineyards from which the angels will harvest the great crop into God's storehouses" (സെമിത്തേരികൾ ദൈവത്തിന്റെ മുന്തിരിത്തോപ്പുകളാണ്. ദൈവത്തിന്റെ ഭണ്ഡാരപ്പുരയിലേക്ക് മാലാഖമാർ ഇവിടെനിന്നുമാണ് ഏറ്റം വലിയ കൊയ്ത്തു നടത്തി ആത്മാക്കളെ ശേഖരിക്കുക.).

ഇന്ത്യയിലെ ഹിന്ദുക്കളെപ്പോലെ മൃതദേഹം നാം കത്തിച്ചുകളയാറില്ല. ഈജിപ്തുകാരെപ്പോലെ മൃതന്മാർക്കുവേണ്ട പദാർത്ഥങ്ങളുമായി അവരെ കുഴിച്ചുമൂടാറുമില്ല. പ്രാചീന പേർഷ്യക്കാരെപ്പോലെ നാം മൃതദേഹങ്ങൾ മമ്മികളായി സൂക്ഷിക്കുകയോ കഴുകന്മാർക്കു ഭക്ഷണമായി കൊടുക്കുകയോ ഇല്ല. പഴയ സ്തീതിയൻസ് ചെയ്തതുപോലെ സ്വയം അംഗവിഛേദനങ്ങൾ നടത്തുകയോ ആസ്ത്രേലിയൻ ആദിവാസികളെപ്പോലെ മൃതദേഹങ്ങൾ മുറിച്ചു ഭക്ഷിക്കുകയോ ചെയ്യുന്നില്ല.

പിന്നെയോ ക്രിസ്തുവിലുള്ള വിശ്വാസത്തോടെ മരണം എന്ന വിപത്തിനെ ധൈര്യത്തോടും പ്രത്യാശയോടും കൂടി നേരിട്ടു അവസാന ശത്രുവായ മരണത്തെ തോൽപ്പിച്ച് പുതിയ ആകാശവും ഭൂമിയും കാത്ത് മരണത്തെ സ്വീകരിക്കുന്നു. ദൈവം അവരുടെ കണ്ണുനീരു തുടയ്ക്കുകയും മരണവും ദുഃഖവുമില്ലാത്ത പുത്തൻ ജീവിതത്തിലേക്ക് അവരെ സ്വീകരിക്കുകയും ചെയ്യുന്നു. മക്കാറിയോസിന്റെ കബറടക്കത്തിന്റെ സ്ഥാനം ദേവലോകത്തു തന്നെ ആയിരിക്കണമെന്ന് പ. സുന്നഹദോസ് തീരുമാനിച്ചു. കബറടക്കത്തിന്റെ വിശദവിവരങ്ങൾ അന്നത്തെ സുന്നഹദോസ് തീരുമാനിക്കുകയും ചെയ്തു.

പഴയസെമിനാരിയിൽ

അയിരൂർ നിന്നും ഭൗതികശരീരം വഹിച്ച രഥം രാത്രി ഒരു മണിയോടുകൂടി സെമിനാരിയിൽ എത്തിയപ്പോൾ അദ്ധ്യാപകരും വിദ്യാർത്ഥികളും സ്വീകരിച്ച് ആദരപൂർവ്വം സെമിനാരിചാപ്പലിലെ മദ്ബഹായ്ക്കു താഴെ പടിഞ്ഞാറോട്ട് അഭിമുഖമായി ഇരുത്തിയശേഷം ധൂപപ്രാർത്ഥന നടത്തി. മലങ്കര റീത്തിലെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മാത്രമേ ഭൗമശരീരം കാണാൻ പഴയസെമിനാരിയിൽ രാത്രിയിൽ കാത്തു നിന്നിരുന്നുള്ളു. രാത്രി മുഴുവൻ ശെമ്മാശന്മാർ മാറി മാറി അഖണ്ഡ പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നു.

മാർച്ച് മൂന്ന്. മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്ര ദേവലോകത്തേക്ക് ആരംഭിക്കുന്നതിനു മുമ്പുതന്നെ ആർച്ച്ബിഷപ്പ് പൗവ്വത്തിൽ, മേജർ ആർച്ച്ബിഷപ്പ് മാർ ക്ലിമ്മിസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, തോമ്മസ് മാർ കൂറിലോസ്, ബിഷപ്പ് ഏബ്രഹാം മാർ യൂലി

യോസ് എന്നീ കത്തോലിക്കാസഭാ മെത്രാപ്പോലീത്തന്മാരും യാക്കോബായ സഭയിലെ തോമസ് മാർ തീമോത്തിയോസ്, മാർത്തോമ്മാ സഭയുടെ സഫ്രഗൻ സഖറിയാസ് മാർ തെയോഫിലോസ്, ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ, സി.എസ്.ഐ. ബിഷപ്പ് തോമസ് സാമുവേൽ, ക്നാനായ കാതലിക് ബിഷപ്പ് കുറിയാക്കോസ് മൂലക്കാട്ട്, ക്നാനായ യാക്കോബായ സഭയുടെ ആർച്ച്ബിഷപ്പ് മാർ സേവേറിയോസ്, മാർ ഗ്രീഗോറിയോസ് എന്നിവർ ഓർത്തഡോക്സ് സഭയിലെ തിരുമേനിമാരോടൊപ്പം പഴയസെമിനാരിയിൽ എത്തി.

മക്കാറിയോസിനു ആദരാഞ്ജലികൾ അർപ്പിക്കാൻ രാഷ്ട്രീയ നേതാക്കന്മാരുടെ ഒരു നീണ്ടനിര തന്നെ വന്നുചേർന്നു. ഉമ്മൻചാണ്ടി, വയലാർ രവി, മോൻസ് ജോസഫ്, മന്ത്രി കൊടിയേരി ബാലകൃഷ്ണൻ, എം. എൽ.എ. മാരായ രാജു ഫിലിപ്പ്, വി. എൻ. വാസവൻ, ജോസഫ് എം. പുതുശ്ശേരി, കെ. എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കൊടിക്കുന്നിൽ സുരേഷ്, എം. മുരളി, ടി. യു. കുരുവിള, പി. സി. തോമസ് എം.പി., കോട്ടയം കലക്ടർ ഷർമിള മേരി ജോസഫ് തുടങ്ങിയവർ നേരത്തെത്തന്നെ എത്തിച്ചേർന്നു. ഭൗതികശരീരം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിയ സമയം മുതൽ ആ വിലാപയാത്രയെ അനുഗമിച്ച് അയിരൂരിലും രാത്രി പഴയസെമിനാരി വരെയും, രാവിലെ പഴയസെമിനാരിയിൽ നിന്ന് ദേവലോകത്ത് കബറടക്കം അവസാനിക്കുന്നതുവരെയും മാർക്സിസ്റ്റ് എം.എൽ.എ. വാസവൻ അനുഗമിച്ചിരുന്നു.

സഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരും, അത്മായനേതൃനിരയും വിലാപയാത്രയ്ക്കു അകമ്പടി സേവിച്ചു. നാലു വർഷക്കാലം വൈദിക വിദ്യാർത്ഥിയായും, നാലു വർഷക്കാലം വൈദിക സെമിനാരി അദ്ധ്യാപകനായും, മെത്രാപ്പോലീത്താ ആയും നെഞ്ചിലേറ്റിയ പ്രിയപ്പെട്ട നഗരമാണ് കോട്ടയം. അവിടത്തെ വീഥികളിലെല്ലാം അദ്ദേഹത്തിന്റെ പാദങ്ങൾ സ്പർശിച്ചിട്ടുണ്ട്. കോട്ടയത്തു നടന്നിട്ടുള്ള മഹൽസമ്മേളന വേദികളിലെല്ലാം അദ്ദേഹത്തിന്റെ ശബ്ദം ധ്വനിച്ചിട്ടുണ്ട്. ആ കോട്ടയം ഇന്ന് ശോകമൂകമായ ആ വിലാപയാത്രയ്ക്കും സാക്ഷിയായി.

ചുങ്കം, സി.എം.എസ്. കോളജ്, ശാസ്ത്രിറോഡ്, കെ.കെ. റോഡ്, കഞ്ഞിക്കുഴി വഴി നടന്നും ആ അന്ത്യയാത്ര പഴയസെമിനാരിയിൽ നിന്നു ദേവലോകത്ത് എത്തിച്ചേർന്നു. മാർ മക്കാറിയോസ് ശെമ്മാശനായിരുന്ന കാലത്തു വട്ടക്കുന്നേൽ മാത്യൂസ് റമ്പാൻ, കെ. സി. മാമ്മൻ മാപ്പിള എന്നിവരോടു ചേർന്ന് ദേവലോകം സഭയ്ക്കായി വാങ്ങുന്നതിൽ ഭാഗഭാക്കാകാൻ ഭാഗ്യം ലഭിച്ച മക്കാറിയോസിനു അന്ത്യവിശ്രമം അതേ ദേവലോകം ഒരുക്കി.

കബറടക്കം

2008-03-03; Funeral of H.G. Dr. Thomas Mar Makarios Metropolitan

By God's grace and guidance His Grace Dr. Thomas Mar Makarios was laid to rest adjacent to the Devalokam Aramana Chapel on the southern side. Thousands of faithful gathered for the funeral and send off for one of the Malankara Orthodox Syrian Church's senior-most bishops. The funeral services were led by His Holiness Baselios Marthoma Didymus I Catholicos, His Beautitude Paulos Mar Milithios Metropolitan, His Grace Dr. Geevarghese Mar Osthathios Metropolitan, His Grace Mathews Mar Epiphanios Metropolitan, His Grace Thomas Mar Athanasius Metropolitan, His Grace Geevarghese Mar Ivanios Metropolitan, His Grace Philipos Mar Eusebius Metropolitan, His Grace Kuriakose Mar Clemis Metropolitan, His Grace Job Mar Philoxenos Metropolitan, His Grace Geevarghese Mar Coorilos Metropolitan, His Grace Dr. Mathews Mar Severios Metropolitan, His Grace Dr. Thomas Mar Athanasius Metropolitan, His Grace Paulos Mar Pachomios Metropolitan, His Grace Dr. Yakob Mar Irenios Metropolitan, His Grace Dr. Zachariah Mar Theophilus Metropolitan, His Grace Dr. Gabriel Mar Gregorios Metropolitan, and His Grace Dr. Yuhanon Mar Chrisostomos Metropolitan.

മക്കാറിയോസിന്റെ കബറടക്ക ശുശ്രൂഷകൾ ദർശിച്ചശേഷം കോട്ടയത്തുനിന്നു എ. സി. വർക്കി എഴുതിയ ചിന്തോദ്യോതകമായ ചില നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ലേഖനം ഓർമ്മയിൽ വരുന്നു. അദ്ദേഹം ഇങ്ങനെ എഴുതി. " മക്കാറിയോസിന്റെ കബറടക്ക ശുശ്രൂഷയിൽ പങ്കെടുത്ത മറ്റു വിവിധ ക്രൈസ്തവ മേലദ്ധ്യക്ഷന്മാരുടെ സാന്നിദ്ധ്യം തിരുമേനിയുടെ മഹാ വ്യക്തിപ്രാഭവത്തെ വിളിച്ചറിയിക്കുന്നതാണ്.

മാർച്ച് 30-ാം തീയതി പാത്രിയർക്കീസ് വിഭാഗത്തിന്റെ പ്രധാന കേന്ദ്രമായ മണർകാട് സെന്റ് മേരീസ് പള്ളിയിൽ വി. കുർബാനയോടനുബന്ധിച്ച് മക്കാറിയോസ് തിരുമേനിക്കുവേണ്ടി ധൂപപ്രാർത്ഥന നടത്തുകയും വികാരി ഹൃദയസ്പർശകമായ വാക്കുകളിൽ അനുസ്മരണ പ്രസംഗം നടത്തുകയും ചെയ്തുവെന്ന് ആർക്കെങ്കിലും വിശ്വസിക്കാമോ?

യാക്കോബായ സഭയുടെ കോട്ടയം മെത്രാപ്പോലീത്താ തോമസ് മാർ തീമോത്തിയോസ് കബറടക്കദിവസം അതികാലത്തുതന്നെ പഴയസെമിനാരിയിൽ എത്തി അവിടെ നടന്ന ശുശ്രൂഷയിൽ പങ്കെടുക്കുകയും ധൂപാർപ്പണം നടത്തുകയും ചെയ്തു.

യാക്കോബായ സഭയിലെ തന്നെ കൊച്ചി മെത്രാപ്പോലീത്താ

ജോസഫ് മാർ ഗ്രീഗോറിയോസും, നിരണം ഇടവകയുടെ ഗീവറുഗീസ് മാർ കൂറിലോസും തിരുവല്ലായിൽ വച്ച് മക്കാറിയോസിന്റെ ഭൗതികശരീരത്തിൽ പുഷ്പഹാരം അർപ്പിച്ചു. ദേവലോകത്തു നടന്ന അന്ത്യശുശ്രൂഷകളിൽ മലങ്കര റീത്തിലെ ആർച്ച് ബിഷപ്പ് മാർ ക്ലിമ്മിസ് മറ്റു രണ്ടു മെത്രാന്മാരോടൊപ്പം പങ്കുകൊണ്ടു.

ഈ മെത്രാപ്പോലീത്തന്മാരുടെയെല്ലാം ആഗമനവും സഹകരണവും കണ്ട എന്നിൽ ഇവരെല്ലാം ഒരേ തറവാട്ടിലെ അംഗങ്ങളാണെന്നുള്ള ഒരു ചിന്തയാണ് ജനിപ്പിച്ചത്. പഴയസെമിനാരിയിലോ ദേവലോകത്തോ ഒന്നും അവർ അപരിചിതരെപ്പോലെ തോന്നിയില്ല.

കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്.ഐ. ബിഷപ്പന്മാരുടെയും പുരോഹിതന്മാരുടെയും നിറസാന്നിദ്ധ്യം ദേവലോകത്തെ ഒരു സാക്ഷാൽ ദേവലോകമാക്കി തീർത്തുവെന്നു പറയാം.

ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവാ നിശ്ചയമായും അദ്ദേഹത്തിന്റെ കുർബ്ബാനയിൽ മക്കാറിയോസിനെ ഓർത്തു പ്രാർത്ഥിച്ചിട്ടുണ്ടാവും. മക്കാറിയോസിന്റെ കാറപകടവാർത്ത കേട്ടനാൾ മുതൽ അദ്ദേഹത്തെ ഓർത്ത് ശ്രേഷ്ഠബാവാ പ്രത്യേകം പ്രാർത്ഥിച്ചിരുന്നുവെന്ന് എനിക്കറിയാം. അവർ തമ്മിൽ അനൗദ്യോഗികമായും വ്യക്തിപരവുമായും ബന്ധമുണ്ടായിരുന്നു.

മാർ മക്കാറിയോസിന്റെ കബറടക്കം ഇന്ന് (മാർച്ച് 3)

സ്വന്തം ലേഖകൻ

പഴയസെമിനാരിയിൽ നിന്നു നഗരി കാണിക്കൽ രാവിലെ 7.30-ന്. മലങ്കര ഓർത്തഡോക്സ് സഭയുടെ യു.കെ. - യൂറോപ്പ് - കാനഡ ഭദ്രാസനാധിപനായിരുന്ന കാലം ചെയ്ത തോമസ് മാർ മക്കാറിയോസിനു ജന്മനാടായ അയിരൂർ ദുഃഖപൂർവം വിടചൊല്ലി. മെത്രാപ്പോലീത്തായ്ക്ക് അന്തിമോപചാരമർപ്പിക്കാൻ ആയിരങ്ങൾ അയിരൂർ സെന്റ് മേരീസ് പള്ളിയിൽ എത്തിയിരുന്നു. രാത്രി വൈകി ഇവിടെ പഴയസെമിനാരിയിൽ പൊതുദർശനത്തിനു വച്ച ഭൗതികശരീരം ഇന്നു രാവിലെ ഏഴരയ്ക്കു സഭാ ആസ്ഥാനമായ ദേവലോകം അരമന ചാപ്പലിലേക്കു കൊണ്ടു പോകും.

കബറടക്കശുശ്രൂഷയുടെ ഭാഗമായ നഗരികാണിക്കൽ കൂടിയാണ് ഈ വിലാപയാത്ര. ഒൻപതു മണിക്കു ശുശ്രൂഷയുടെ അന്ത്യഘട്ടം. പരിശുദ്ധ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിക്കും. ശ്രേഷ്ഠ നിയുക്ത ബാവായും മെത്രാപ്പോലീത്താമാരും സഹകാർമികരായിരിക്കും. അരമന ചാപ്പലിനു തെക്കുവശത്തു പ്രത്യേകം തയാറാക്കിയ കബറിടത്തിലാണു സംസ്കാരം.

സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.mosc.in ശുശ്രൂഷ തൽസമയം വെബ്കാസ്റ്റ് ചെയ്യും. ലണ്ടനിൽനിന്നു വിമാനമാർഗം ഇന്നലെ രാവിലെ നെടുമ്പാശേരിയിലെത്തിച്ച ഭൗതികശരീരം ശ്രേഷ്ഠ നിയുക്ത ബാവാ പൗലോസ് മാർ മിലിത്തിയോസ്, മാത്യൂസ് മാർ സേവേറിയോസ്, പൗലോസ് മാർ പക്കോമിയോസ്, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, സഭാ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.

മുംബൈ ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കൂറിലോസ്, ലണ്ടൻ ഇടവക വികാരി ഫാ. ഏബ്രഹാം തോമസ്, മാഞ്ചസ്റ്റർ-ലിവർപൂൾ ഇടവക വികാരി ഫാ. ഹാപ്പി ജേക്കബ്, ബ്രിസ്റ്റോൾ വികാരി ഫാ. വർഗീസ് മാത്യു എന്നിവർ ലണ്ടനിൽ നിന്നു ഭൗതികശരീരത്തെ അനുഗമിച്ചിരുന്നു. അലങ്കരിച്ച വാഹനത്തിൽ ശീതീകരിച്ച പ്രത്യേക ചേംബറിലാണു ഭൗതികശരീരം ജന്മദേശമായ അയിരൂരിലേക്കു കൊണ്ടുപോയത്. നൂറുകണക്കിനു വാഹനങ്ങൾ അകമ്പടിയായി. കേന്ദ്രമന്ത്രി വയലാർ രവി, സംസ്ഥാന മന്ത്രിമാരായ കൊടിയേരി ബാലകൃഷ്ണൻ, മോൻസ് ജോസഫ്, എം.എൽ.എ. മാരായ ജോസഫ് എം. പുതുശേരി, എം. മുരളി എന്നിവർ വിമാനത്താവളത്തിലെത്തി ആദരാഞ്ജലിയർപ്പിച്ചു.

ആലപ്പുഴ, ചങ്ങനാശേരി വഴി വിലാപയാത്ര നാലരയോടെ പത്തനംതിട്ട ജില്ലാ അതിർത്തിയായ ഇടിഞ്ഞില്ലത്ത് എത്തിയപ്പോൾ നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെ നേതൃത്വത്തിൽ ഭൗതികശരീരം ഏറ്റുവാങ്ങി. തുടർന്നു തിരുവല്ല, ഇരവിപേരൂർ, വെണ്ണിക്കുളം, തടിയൂർ, തീയാടിക്കൽ വഴിയാണ് 7.30-നു മാതൃ ഇടവകയായ അയിരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ എത്തിച്ചത്. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ പൗലോസ് മാർ മിലിത്തിയോസ്, സഭയിലെയും സഹോദരീസഭയിലെയും മെത്രാപ്പോലീത്താമാർ, വൈദികർ എന്നിവരുടെ നേതൃത്വത്തിൽ കബറടക്ക ശുശ്രൂഷയുടെ രണ്ടും മൂന്നും നാലും ഭാഗങ്ങൾ പള്ളിയിൽ നടത്തി.

മെത്രാപ്പോലീത്താമാരും രാഷ്ട്രീയ, സാമുദായിക നേതാക്കളും മാർ മക്കാറിയോസിന്റെ തറവാടായ കുറ്റിക്കണ്ടത്തിൽ കുടുംബത്തിലെ അംഗങ്ങളും ആയിരക്കണക്കിനു വിശ്വാസികളും വിലാപയാത്രയെ അനുഗമിക്കുകയും വിവിധ സ്ഥലങ്ങളിൽ അന്തിമോചാരം അർപ്പിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിനു വേണ്ടി മന്ത്രി മാത്യു ടി. തോമസ് റീത്ത് സമർപ്പിച്ചു.

ഭൗതികശരീരം ദേവലോകം അരമനയിലേക്ക്. ഫോട്ടോ: എം. ടി.വി.

ഭൗതികശരീരം ദേവലോകം അരമനയിലെത്തുന്നതും കാത്ത് സഹോദരങ്ങൾ.

അദ്ധ്യായം 48

ദൈവത്തിന്റെ മഹാപുരോഹിതാ സമാധാനത്തോടെ പോവുക

മഹാപുരോഹിതന് അജഗണങ്ങളുടെ അശ്രുപൂജ. അന്തിമോപചാരങ്ങളോടെയാണ് ഇടയശ്രേഷ്ഠനെ അക്ഷരനഗരി വിടചൊല്ലിയത്.

രാവിലെ 8.30-ന് പഴയസെമിനാരിയിൽ നിന്ന് ഭൗതികശരീരം വിലാപയാത്രയായി ദേവലോകത്ത് എത്തിച്ചു. ഇടയശ്രേഷ്ഠന്റെ ഭൗതികശരീരം കാണുന്നതിനും അന്തിമോപചാരമർപ്പിക്കുന്നതിനും വിവിധ ഭദ്രാസനങ്ങളിൽ നിന്നും, അമേരിക്ക, കാനഡാ - യു.കെ. - യൂറോപ്പ് ഭദ്രാസനങ്ങളിൽ നിന്നും ആയിരങ്ങൾ ദേവലോകവും പരിസരവും മനുഷ്യസമുദ്രമാക്കി.

മൃതദേഹം കുറെനേരം പൊതുദർശനത്തിനു വച്ചശേഷം പ. ദിദിമോസ് കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മലങ്കരസഭയിലെ എല്ലാ മെത്രാപ്പോലീത്തന്മാരുടെയും സഹകരണത്തിലുമായിരുന്നു കബറടക്ക ശുശ്രൂഷ നടത്തിയത്.

ജാതിമതഭേദമെന്യേ കാലംചെയ്ത പിതാവിന്റെ ദേഹവിയോഗത്തിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമായി സഭാപിതാക്കന്മാരും സാമുദായിക രാഷ്ട്രീയ നേതാക്കളും പുഷ്പഹാരങ്ങൾ അർപ്പിച്ചുകൊണ്ട് അനുശോചന സന്ദേശങ്ങൾ അറിയിച്ചു.

മേജർ ആർച്ചുബിഷപ്പ് മാർ ബസേലിയോസ് ക്ലിമ്മിസ് "ശ്ലീഹന്മാരുടെ പിൻഗാമിയായി മേൽപട്ടശുശ്രൂഷയിൽ നേതൃത്വം നൽകിയ സഭയുടെ അഭിമാനപുത്രനാണ് മക്കാറിയോസ് തിരുമേനി" എന്നു പറഞ്ഞു. ഇതരക്രൈസ്തവ സഭകളുമായി സ്നേഹബന്ധത്തിൽ പോകാൻ താൽപര്യം കാണിച്ചിരുന്ന മക്കാറിയോസ് തിരുമേനി സഭാ കൂട്ടായ്മയ്ക്കു ഏറ്റം വലിയ സംഭാവനകൾ നൽകിയ പിതാവിന് യാത്രാമംഗളങ്ങൾ നേർന്നുകൊണ്ട് പ്രതിഭാശാലിയും നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോയ പിതാവിനെ അനുകരിക്കണമെന്നും ഓർപ്പിച്ചു.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ: വെർജീനിയ തിയോളജിക്കൽ സെമിനാരിയിൽ മക്കാറിയോസ് തിരുമേനിയോടൊന്നിച്ച് വേദപഠനം നടത്തിയ കാലയളവു മുതൽ ആരംഭിച്ച സുഹൃദ്ബന്ധം ഇന്നുവരെ തുടരാനായി. സുദീർഘമായ ഭരണകാലത്ത് ഉത്തമസുഹൃത്തും ആദരണീയനുമായിരുന്നു തിരുമേനി. സഭയ്ക്കും സമൂഹത്തിനും ഉണ്ടായ ദുഃഖത്തിൽ മാർത്തോമ്മാ സഭ പങ്കുചേരുന്നു.

മാർത്തോമ്മാ സഫ്രഗൻ സഖറിയാസ് മാർ തെയോഫിലോസ് തന്റെ അമേരിക്കൻ ഭരണകാലം അനുസ്മരിച്ചുകൊണ്ടാണ് പ്രസംഗിച്ചത്. അമേരിക്കൻ ഭൂഖണ്ഡത്തിൽ ഒരു വലിയ എക്യുമെനിസ്റ്റ്, എഡ്യുക്കേറ്റർ എന്ന നിലയിലും യുവജനങ്ങളുടെയും കുട്ടികളുടെയും തിരുമേനി എന്ന നിലയിൽ നർമ്മബോധത്തോടെ നേതൃത്വം നൽകിയ തിരുമേനിയെ അനുസ്മരിച്ചു. മാർ പൗവ്വത്തിൽ തിരുമേനി, കോട്ടയം ഡിസ്ട്രിക്റ്റ് പോലീസ് മേധാവി തുടങ്ങിയവർ തുടർന്ന് അനുസ്മരണങ്ങൾ നടത്തി.

കേരള എക്യുമെനിക്കൽ പ്രസിഡന്റ് കഴിഞ്ഞ കേരള സന്ദർശനാവസരത്തിൽ മക്കാറിയോസ് തിരുമേനി നേതാക്കന്മാർക്കുവേണ്ടി നടത്തിയ അത്താഴവിരുന്നിനെ അനുസ്മരിച്ചുകൊണ്ടാണ് പ്രസംഗം തുടങ്ങിയത്. എന്തിന് ഈ പിതാവിനെ ഇപ്പോൾ തിരികെ വിളിച്ചുവെന്ന് ചോദിച്ചു പോകുന്നു. എക്യുമെനിക്കൽ നേതാക്കൾ മക്കാറിയോസിന്റെ മാതൃക സ്വീകരിച്ച് വല്ലപ്പോഴും ഒന്നിച്ചു കൂടി സുഹൃദ്ബന്ധം പുലർത്തണമെന്ന് ഓർപ്പിച്ചു. കെ.സി.സി. യുടെ അനുശോചനങ്ങൾ നേർന്നു.

സി.എസ്.ഐ. ബിഷപ്പ് തോമസ് സാമുവേൽ (നിലയ്ക്കൽ എക്യുമെനിക്കൽ പ്രസിഡന്റ്) മക്കാറിയോസും സി.എസ്.ഐ. യും തമ്മിലുള്ള ബന്ധം അനുസ്മരിച്ചു. അമേരിക്കയിൽ വച്ചു നടത്തിയ സി.എസ്.ഐ. യുടെ ജൂബിലി സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്ത മക്കാറിയോസ് അന്നു പ്രകടമാക്കിയ എക്യുമെനിക്കൽ കാഴ്ചപ്പാടും ബന്ധവും, അന്നു മുതൽ പുലർത്തിയ സുഹൃദ്ബന്ധവും അനുസ്മരിച്ചുകൊണ്ട് ആ ബന്ധം തുടരട്ടെ എന്നാശിച്ചു.

റോമാസഭയുടെ മൂലക്കാട്ടു തിരുമേനിയെ തുടർന്ന് ക്നാനായ യാക്കോബായ സഭയുടെ സീനിയർ ബിഷപ്പ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ മക്കാറിയോസിന്റെ അജപാലനശുശ്രൂഷ ധന്യമായിരുന്നെന്ന് അനുസ്മരിച്ചു. ഇപ്പോൾ സ്വന്തം ഭവനത്തിലെ സേവനത്തിനായി അദ്ദേഹം തിരികെ വിളിക്കപ്പെട്ടു. ഇവിടെ ചെയ്തുകൊണ്ടിരുന്ന ജോലി അദ്ദേഹം അവിടെയും തുടർന്നു നിർവഹിക്കും.

യൂണിവേഴ്സിറ്റി വൈസ്ചാൻസലർ മക്കാറിയോസ് തിരുമേനിയോടുള്ള ആദരവുകൾ പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹത്തിനു നിത്യശാന്തി നേർന്നു. ഇതുപോലെ ഒരു അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയെ ഞാൻ കണ്ടിട്ടില്ല. അമേരിക്കയിലെ ഏതു സഭയുടെയും ഏതു മതത്തിന്റെയും സമ്മേളനങ്ങളിലെല്ലാം എല്ലാവരും ആദരിക്കയും ക്ഷണിക്കുകയും ചെയ്യുന്ന ഏക വ്യക്തി മക്കാറിയോസ് തിരുമേനിയാണെന്ന് അനുസ്മരിച്ചു.

ഡോ. ഏബ്രഹാം സാമുവേൽ മക്കാറിയോസ് തിരുമേനിയുടെ അവ

സാന ബലിയിൽ ശുശ്രൂഷകനായി പങ്കെടുത്തത് അനുസ്മരിച്ചുകൊണ്ട് തിരുമേനിയുടെ അന്ത്യരംഗങ്ങൾ ന്യൂകാസിൽ ആശുപത്രിയിലെ ഡോക്ടറായ അദ്ദേഹം വിശദീകരിച്ചു.

പി. സി. തോമസ് എം.പി., സഭയുടെയും ഭാരതത്തിന്റെയും സന്ദേശം ലോകം മുഴുവൻ ധ്വനിപ്പിച്ച മക്കാറിയോസ് തിരുമേനിയെ അനുസ്മരിച്ചു. ഫാ. പീലിപ്പോസ് ഫിലിപ്പ്, ദീർഘനാളായി മക്കാറിയോസ് തിരുമേനിയുമായി പുലർത്തിയിരുന്ന വ്യക്തിബന്ധത്തെ അനുസ്മരിച്ചുകൊണ്ട് വികാരാധീനനായിട്ടാണ് പ്രസംഗിച്ചത്.

വി. എൻ. വാസവൻ എം.എൽ.എ. മക്കാറിയോസ് തിരുമേനിയുടെ ഇരമ്പുന്ന സ്മരണ വശ്യമായ പ്രഭാഷണശൈലി എന്നിവ അനുസ്മരിച്ചുകൊണ്ട് ലോകം മുഴുവൻ അനുശോചിക്കുന്നതിനോടൊപ്പം താനും അനുശോചിക്കുന്നതായി പറഞ്ഞു. ജോസഫ് എം. പുതുശേരി എം.എൽ.എ. ജനതതികളിൽ ഒരാളായി താനും ആ ലോകപൗരന്റെ മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു എന്നു പറഞ്ഞു.

മാവേലിക്കര എം.എൽ.എ. മുരളി, മക്കാറിയോസ് തിരുമേനിയുമായുള്ള വ്യക്തിബന്ധത്തെ അനുസ്മരിച്ചു. തിരുമേനി അമേരിക്കൻ സന്ദർശനത്തിന് തനിക്കു സൗകര്യം ഒരുക്കിയതും അമേരിക്കൻ സന്ദർശനവേളയിൽ തിരുമേനി സംബന്ധിച്ച സകല സമ്മേളനങ്ങളിലും സന്ദർശിച്ച സകല പള്ളികളിലും ഒരു ഹിന്ദുവായ തന്നെയും കൊണ്ടുപോയതും അനുസ്മരിച്ചു. അമേരിക്കയിൽ വെള്ളക്കാരും നാട്ടുകാരും ഒരുപോലെ ബഹുമാനിച്ചാദരിക്കുന്ന ഒരു പിതാവാണ് തിരുമേനി എന്ന് നേരിൽ കണ്ട് അനുഭവസാക്ഷ്യമാണിത്. ഒരു അപേക്ഷ മാത്രം എനിക്കു സഭാനേതൃത്വത്തിന്റെ മുമ്പിൽ വയ്ക്കാനുള്ളു. അതു മറ്റൊന്നുമല്ല, മക്കാറിയോസ് തിരുമേനിയെപ്പോലെ ഉള്ള ഒരാളിനെ മാത്രമേ സഭ അമേരിക്കയിലേക്ക് അയയ്ക്കാവൂ എന്ന അപേക്ഷയാണ്.

അൽമാ കോളജ് ഡീൻ

ഞങ്ങളുടെ ആത്മീയ ഗൈഡായിരുന്നു മക്കാറിയോസ് തിരുമേനി. അദ്ദേഹത്തിന്റെ സേവനങ്ങളെ ഞങ്ങൾ അൽമാ കുടുംബം ആദരിക്കുന്നു. അദ്ദേഹത്തെ ഞങ്ങൾക്കു തന്ന സഭയോടുള്ള നന്ദി അറിയിക്കുന്നു.

മാർ ഒസ്താത്തിയോസ് തിരുമേനി വികാരവിവശനായി പറഞ്ഞു, മക്കാറിയോസ് തിരുമേനിയെ എന്തിന് തിരികെ വിളിച്ചു – ഉത്തരമില്ല. ഞങ്ങൾ അഞ്ചു പേരായിരുന്നു. ഞാൻ മാത്രമായി അവശേഷിച്ചിരിക്കുന്നു. എന്തുകൊണ്ട് എന്നെ വിളിച്ചില്ല. കൃപയാലുള്ള രക്ഷ ഞങ്ങൾക്കുണ്ട്. നിരാശയില്ല. പ്രാർത്ഥിക്കുക.

കെ. എം. മാണി:- അനേക ലക്ഷങ്ങളുടെ ആരാധ്യപുരുഷൻ കടന്നു പോയി. എല്ലാ സഭകളേയും ആദരിച്ച ലോകപൗരന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി.

ഉമ്മൻചാണ്ടി:- മക്കാറിയോസ് തിരുമേനിയുടെ വേർപാട് ഓർത്ത ഡോക്സ് സഭയ്ക്കും ഇന്ത്യയ്ക്കു വെളിയിലുള്ള വിശ്വാസസമൂഹത്തിനും നികത്താനാവാത്ത നഷ്ടമാണ് വരുത്തിയിരിക്കുന്നത്. തിരുമേനിയുടെ നേതൃപാടവത്തിൽ തന്റെ ആത്മീയമക്കളെ ഒന്നിച്ചു മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞതിന്റെ ഫലമാണ് വിദേശരാജ്യങ്ങളിൽ സഭയ്ക്കുണ്ടായ പുരോഗതി.

നിയുക്ത ബാവാ

ഞെട്ടലോടും ദുഃഖത്തോടും കൂടിയാണ് ഞാനതു ശ്രവിച്ചത്. അതു എന്നിൽ സൃഷ്ടിച്ച വികാരവിക്ഷോഭം താങ്ങാവുന്നതിലധികം, ദൈവ നിശ്ചയം തടുക്കാൻ ആർക്കും ആവില്ലല്ലോ. പ്രാർത്ഥനാ മനുഷ്യൻ, അദ്ധ്യാപകൻ, പ്രഭാഷകൻ എല്ലാത്തിനും ഒന്നാംകിടയിൽ. നിത്യവും ചെയ്യേണ്ടവയൊക്കെ കൃത്യമായി ചെയ്തുതീർത്തു. എല്ലാ അനുഗ്രഹങ്ങളും ദൈവം നൽകട്ടെ. സഭയുടെ പുനരുദ്ധാരകൻ എന്ന നിലയിൽ അറിയപ്പെട്ടു. ആരും ആഗ്രഹിക്കാത്ത സമയത്ത് അദ്ദേഹം കടന്നുപോയി.

മാർ കൂറിലോസ് ലണ്ടൻ മുതലുള്ള യാത്ര വിവരിച്ചു അറിയിച്ചു. സഭാ ട്രസ്റ്റി ഫാ. ഡോ. ഏബ്രഹാം കോനാട്ട് സഭയുടെ പേരിൽ എല്ലാവരോടും നന്ദി പ്രകടിപ്പിച്ചു.

തുടർന്ന് കബറടക്ക ശുശ്രൂഷയുടെ അവസാനഭാഗം ആരംഭിച്ചു. ചാപ്പലിന്റെ തെക്കെ വരാന്തയിൽ പ. ഗീവറുഗീസ് രണ്ടാമൻ, ഔഗേൻ ബസേലിയോസ്, മാർത്തോമ്മാ മാത്യൂസ് ഒന്നാമൻ എന്നീ കാതോലിക്കാബാവാമാരുടെ കബറിടങ്ങൾ കടന്ന് തെക്കുവശത്ത് പ്രത്യേകമായി നിർമ്മിച്ച കബറിലാണ് അടക്കം ചെയ്യാൻ തീരുമാനിച്ചത്. കബറടക്കത്തിനു മുമ്പു തന്നെ കബർ മുറിയിൽ മക്കാറിയോസ് തിരുമേനിയുടെ സഹോദരങ്ങളായ റമ്പാൻ ലാസ്സറസ് കോർഎപ്പിസ്കോപ്പാ, റവ. ഡോ. കെ. സി. മാത്യു കോർഎപ്പിസ്കോപ്പാ, റവ. സിസ്റ്റർ മറിയാം (ബഥനി), അന്നമ്മ സ്റ്റീഫൻ (അമ്മുക്കുട്ടി), മാത്യൂസ് കോർഎപ്പിസ്കോപ്പായുടെ മകൻ മനോജ്, ഭാര്യ ഡോ. മേരി, മക്കൾ, അമ്മുക്കുട്ടിയുടെ മകൾ ജാൻസി തുടങ്ങിയവർ പ്രത്യേക ഇരിപ്പിടങ്ങളിൽ ഇരുന്നിരുന്നു. ശുശ്രൂഷയുടെ ഒടുവിൽ ദേവാലയത്തോടും വി. മദ്ബഹായോടും ആചാര്യന്മാരോടും ജനങ്ങളോടും നാടിനോടും ദയറാകളോടും എല്ലാം യാത്ര ചോദിക്കുകയും സമാധാനം ആശംസിക്കുകയും ചെയ്തു. തുടർന്ന് ഭൗതികശരീരം കബർ

മുറിയിൽ കൊണ്ടുവന്ന് മുഖം ശോശപ്പായാൽ മൂടി, വി. തൈലം ലേപനം ചെയ്തശേഷം വൈദികർ ചേർന്ന് ശരീരം കബറിലേക്കു താഴ്ത്തി. ബാവാമാരും മെത്രാന്മാരും, തുടർന്ന് തിരുമേനിയുടെ സഹോദര കോർഎപ്പിസ്കോപ്പാമാർ തുടങ്ങിയവർ ധൂപാർപ്പണം നടത്തി. തിങ്ങിനിന്ന വിശ്വാസികൾ അർപ്പിച്ച കുന്തിരുക്കം കൊണ്ട് കബർകുഴി നിറഞ്ഞു. ആ പരിമള കുന്തിരിക്കത്തിന്റെ ഉള്ളിൽ മക്കാറിയോസ് എന്ന അത്ഭുത പ്രതിഭ ലോകത്തിന്റെ കണ്ണുകളിൽ നിന്നു മറഞ്ഞു.

സമാനതകളില്ലാത്ത അപൂർവ്വ പ്രതിഭ

സൈമൺ ജേക്കബ് മാത്യു (വൈദികസെമിനാരി, കോട്ടയം)

മലങ്കരസഭയുടെ ചരിത്രത്തിൽ നിന്നു ഒരു ദേഹി കൂടി അദൃശ്യലോകത്തേക്ക് കടന്നു. 8 പതിറ്റാണ്ടുകൾ പിന്നിട്ട് ചരിത്രത്തിലൂടെ നടന്ന് ഒട്ടേറെ ചരിത്രങ്ങൾക്ക് സാക്ഷിയായി ചില ചരിത്രങ്ങൾ കോറിയിട്ട അപൂർവ്വ വ്യക്തിത്വം – 'നട്ടെല്ലു വളയ്ക്കാത്ത ചരിത്രാന്വേഷി' – ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. ഭാരത സഭാചരിത്രത്തിലെ ഏക 'മക്കാറിയോസ്.'

മലങ്കരസഭയിലെ 3 ഭദ്രാസനങ്ങളുടെ പ്രഥമ മെത്രാപ്പോലീത്താസ്ഥാനം അലങ്കരിക്കുവാൻ ഭാഗ്യം സിദ്ധിച്ച ഏക പിതാവും മാർ മക്കാറിയോസ് തന്നെ. മൂന്നും ബാഹ്യകേരളത്തിലാണെന്നതും, അതിൽ രണ്ടെണ്ണം പാശ്ചാത്യ ലോകത്തെ അന്താരാഷ്ട്ര ഭദ്രാസനങ്ങളാണെന്നും അദ്ദേഹത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. സഭയിലെ ഏറ്റവും വിസ്തൃതമായ ഭദ്രാസനത്തിന്റെ അധിപനും മറ്റാരുമായിരുന്നില്ല. ഒപ്പം മലങ്കരസഭയിലെ ആദ്യത്തെ ഔദ്യോഗിക സീനിയർ മെത്രാപ്പോലീത്തായും.

ബാഹ്യകേരളത്തിനുവേണ്ടി ആദ്യമായി വൈദികപട്ടം ഏറ്റവരിൽ ഒരാളായ ഫാ. കെ. സി. തോമസ് എന്ന മാർ മക്കാറിയോസായിരുന്നു ഭാരത തലസ്ഥാനത്തെ ആദ്യ വികാരിയും. ഡൽഹിയിലും പരിസരപ്രദേശങ്ങളിലും ചിതറിപ്പാർക്കുന്ന മലങ്കരസഭാമക്കളെ തെരഞ്ഞുപിടിച്ച് ഇടവക രൂപീകരിക്കുവാൻ ബദ്ധപ്പെട്ടു നടന്ന അദ്ദേഹം ആധുനിക ഡൽഹി ഭദ്രാസനത്തിന് അടിസ്ഥാനശില പാകി. ഇക്കാലഘട്ടത്തിൽ സുപ്രീംകോടതിയിൽ സഭാകേസ് നടക്കുമ്പോൾ തന്റെ കാനോനിക-സഭാചരിത്ര പാണ്ഡിത്യം മലങ്കരസഭയുടെ ആത്യന്തിക വിജയത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിച്ചുവെന്നത് മാർ മക്കാറിയോസിന്റെ ചരിത്രനേട്ടമാണ്.

മലങ്കരസഭ എന്നും സ്വതന്ത്രമാണെന്നും അത് മറ്റാരുടെയും ബാക്കിപത്രമല്ലെന്നും ശക്തമായി ഉദ്ഘോഷിച്ച പിതാവായിരുന്നു അദ്ദേഹം. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈകടത്തലുകൾക്ക് അതേ രീതി

യിൽ മറുപടി നൽകണമെന്ന് വിശ്വസിച്ച മാർ മക്കാറിയോസ് ഒരു ബദൽ പാത്രിയർക്കീസിലൂടെ മാത്രമേ അന്ത്യോഖ്യയുടെ നീരാളിഹസ്തങ്ങൾക്ക് കൂച്ചുവിലങ്ങിടുവാൻ കഴിയുകയുള്ളു എന്ന് കരുതിയിരുന്നു. സഭയുടെ സ്വാതന്ത്ര്യവും, സ്വയംശീർഷകത്വവും, തോമാശ്ലീഹായുടെ സിംഹാസനവും, സ്വതന്ത്ര കാതോലിക്കേറ്റും, ഭരണഘടനയും ആരുടേയും മുന്നിൽ അടിയറവു വെക്കുവാൻ കഴിയില്ലെന്ന് പ്രഖ്യാപിച്ച അദ്ദേഹത്തിന്റെ വാക്കുകൾ ജനഹൃദയങ്ങളിൽ ആവേശമുയർത്തി. മലങ്കരസഭ ആകമാന സുറിയാനി സഭയുടെ ഭാഗമല്ല, വിഭാഗമാണെന്നും, പാത്രിയർക്കീസിനു ലഭിച്ചിരിക്കുന്ന സ്ഥാനങ്ങൾ അധികാരങ്ങളല്ലെന്നും നാം കനിഞ്ഞു നൽകിയ അവകാശങ്ങളാണെന്നുമുള്ള അദ്ദേഹത്തിന്റെ വാദഗതികൾ ഇന്നും നമ്മെ പ്രകമ്പനം കൊള്ളിക്കുന്നു. 2-ാം കൂനൻകുരിശു സത്യമെന്നറിയപ്പെടുന്ന 1951-ലെ കോട്ടയം സമ്മേളനത്തിൽ മുഴങ്ങിക്കേട്ട പ്രതിജ്ഞാവാചകങ്ങളും മറ്റാരുടെയും ആയിരുന്നില്ല.

കാതോലിക്കായ്ക്കിരിക്കുവാൻ ദേവലോകത്തൊരു ആസ്ഥാനം വാങ്ങുവാൻ കാരണവൻമാർക്കൊപ്പം ഓടിനടന്ന അന്നത്തെ 'കൊച്ചു ശെമ്മാശൻ' - 'പാശ്ചാത്യ ലോകത്തെ ഇന്നത്തെ മലങ്കരസഭയുടെ വലിയ കാരണവർ' - തോമസ് മാർ മക്കാറിയോസിന് കബറൊരുങ്ങുന്നതും അതേ ദേവലോകത്താണെന്നതും യാദൃച്ഛികമാവാം. പൗരസ്ത്യ കാതോലിക്കായുടെ ആസ്ഥാനത്ത് കബറടങ്ങുന്ന കാതോലിക്കായല്ലാത്ത ആദ്യത്തെ മെത്രാപ്പോലീത്തായും മാർ മക്കാറിയോസ് തന്നെ!

ജന്മംകൊണ്ട് ഇന്ത്യാക്കാരനും, കർമ്മമണ്ഡലം കൊണ്ട് അമേരിക്കൻ പൗരനുമായ മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഇംഗ്ലണ്ടിൽ വച്ച് കാലം ചെയ്യുമ്പോൾ ലോകപൗരനെന്ന വിശേഷണം അന്വർത്ഥമാവുകയാണ്. പാശ്ചാത്യലോകത്ത് ആദ്യമായി മലങ്കരസഭയുടെ സുന്ത്രോണീസോ ലഭിച്ച പിതാവിന്റെ അന്ത്യവും പാശ്ചാത്യലോകത്ത് തന്നെയായി. പാശ്ചാത്യലോകത്തിൽ വിരാജിക്കുമ്പോഴും പൗരസ്ത്യതയുടെ കാവൽവിളക്കായി അദ്ദേഹം നിലനിന്നു. കടന്നുചെന്ന വേദികളിലെല്ലാം പ്രശോഭിച്ച മാർ മക്കാറിയോസ് അവിടെയെല്ലാം ഉന്നതബന്ധം നിലനിർത്തി. രാജ്യത്തെ പ്രഥമ പൗരൻ മുതൽ സാധാരണ വിശ്വാസികൾ വരെ അദ്ദേഹത്തിന്റെ സുഹൃദ്വലയം നീണ്ടുനിന്നു. ഡോ. കെ. ആർ. നാരായണൻ, ശ്രീമതി ഇന്ദിരാഗാന്ധി, ജസ്റ്റിസ് ഭഗവതി തുടങ്ങിയവർ അതിലൊരു അംശം മാത്രം.

അമേരിക്കയിലെ അൽമാ കോളജിലും, കോട്ടയം സെമിനാരിയിലും അദ്ധ്യാപകൻ. സെമിനാരി വാർഡൻ, വിശ്വാസ സംരക്ഷണ സമിതി പ്രസിഡന്റ് തുടങ്ങിയ നിലകളിലും ശോഭിച്ച മാർ മക്കാറിയോസ്

പൗരസ്ത്യ കാതോലിക്കായുടെ അസിസ്റ്റന്റായും പ്രശോഭിച്ചു. ഇപ്പോഴത്തെ പ. കാതോലിക്കാ ദിദിമോസ് പ്രഥമൻ ബാവായുടെ സ്ഥാനാരോഹണത്തിന് മുഖ്യകാർമ്മികത്വം വഹിക്കുവാൻ ഭാഗ്യം സിദ്ധിച്ചതും അദ്ദേഹത്തിനായിരുന്നു. പ്രസിദ്ധമായ 2002-ലെ പരുമല അസോസിയേഷനു ചുക്കാൻ പിടിച്ചുകൊണ്ട് പിന്നിൽ ഓടിനടന്നതും മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു.

യുവജനങ്ങളെ ജീവനുതുല്യം സ്നേഹിച്ച അദ്ദേഹം എൺപതുകളിലും യുവപ്രസരിപ്പോടെ അവരിലൊരാളായി കഴിഞ്ഞുകൂടി. ഭാരതത്തിൽ നിന്നും പാശ്ചാത്യലോകത്ത് കുടിയേറി പുത്തൻ സംസ്കാരത്തിന്റെ ഭാഗമായി മാറിയ യുവതലമുറയെ തന്നിലേക്ക് ആകർഷിക്കുവാനും അവരെ സഭയ്ക്ക് നഷ്ടപ്പെടാതിരിക്കുവാനും തിരുമേനി ശ്രദ്ധ പുലർത്തി. 'You are my project' എന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഇന്നും മാറ്റൊലി കൊള്ളുന്നു. 'സ്പൊക്കെയിൻ മിഷൻ' എന്ന അമേരിക്കൻ ആഭ്യന്തര മിഷൻകേന്ദ്രവും അദ്ദേഹത്തിന്റെ സംഭാവനയാണ്. അതിലൂടെ അനേകം പാശ്ചാത്യരെ മലങ്കരസഭയുടെ ഭാഗമാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ഇത്രയധികം വിമാനയാത്ര നടത്തിയ മറ്റൊരു പിതാവും ഭാരതസഭയിൽ ഉണ്ടാവുകയില്ല. അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ബഫലോ ന്യൂസ്' എന്ന പത്രം വിശേഷിപ്പിക്കുന്നത്, "മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന ബിഷപ്പ് തോമസ് മാർ മക്കാറിയോസിന്റെ ഭദ്രാസന ആസ്ഥാനം അമേരിക്കൻ എയർലൈൻസാണെന്നാണ്."

മൂന്ന് അതിഭദ്രാസനങ്ങളെ അവയുടെ ശൈശവ കാലഘട്ടത്തിൽ താങ്ങിനടത്തി ഊടും ഭാവവും പകർന്നു നൽകി, അമേരിക്കയിൽ ആഭ്യന്തര മിഷനിലൂടെ അനേകരെ മലങ്കരസഭയിലേക്കാകർഷിച്ച് ഭാരത തല സ്ഥാനത്ത് ഒരു ഭദ്രാസനത്തിന് അടിസ്ഥാനശില പാകി, മലങ്കരസഭയുടെ തനിമയും, സ്വാതന്ത്ര്യവും പരിരക്ഷിക്കുവാൻ അഹോരാത്രം പോരാടി അവസാനം താൻ ആരെ മാതൃകയാക്കിയോ ആ പ. പിതാവിന്റെ - പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മദിനത്തിൽ കാലംചെയ്ത മക്കാറിയോസ് പിതാവിന്റെ വിടവാങ്ങൽ 57 വർഷങ്ങൾക്കു മുമ്പ് പൗരോഹിത്യത്തിന്റെ ആദ്യപടി സ്വീകരിച്ച അതേ ദിനത്തിൽ തന്നെയായി. ആരുടെ മുന്നിലും നട്ടെല്ലു വളയ്ക്കാത്ത, ചിരിപ്പിച്ച് ചിന്തിപ്പിച്ച, വാക്കുകൾകൊണ്ട് മർമ്മത്ത് കൊട്ടിയ മാർ മക്കാറിയോസ് പിതാവ് ഓർമ്മയാകുമ്പോൾ ആ ദീപ്ത സ്മരണ കെടാതെ സൂക്ഷിക്കുവാൻ മലങ്കരസഭയ്ക്ക് ഇടയാകട്ടെ.

ഒന്നാം നൂറ്റാണ്ടിലെ സഭാചരിത്രകഥ വേദപുസ്തകത്തിലെ അപ്പോ

സ്തോലപ്രവൃത്തികളിലുണ്ട്. അന്നത്തെ ചരിത്രകഥയിൽ നിന്ന് അടർത്തിയെടുത്ത് തന്മയത്തമായി മെനഞ്ഞെടുത്ത ഒരു കഥ വായിച്ചിട്ടുണ്ട്. ആ കഥയിലുള്ള പ്രധാന കഥാപാത്രങ്ങളിലെ ഒരു യുവാവ് യേശു ക്രിസ്തുവിനെ പിൻപറ്റാൻ ചെന്നു. പക്ഷേ തനിക്കുള്ളതെല്ലാം വിറ്റ് ദരിദ്രന്മാർക്ക് കൊടുത്തിട്ടു വരിക എന്ന ക്രിസ്തുവിന്റെ നിർദ്ദേശം കേട്ടിട്ട് പിന്തിരിഞ്ഞു പോയി.

വേറൊരു കഥാപാത്രം കൂടി ആ കഥയിലുണ്ട്. ആ യുവാവ് ക്രിസ്തുവിന്റെ വചനങ്ങളിൽ ആകൃഷ്ടനായി ക്രിസ്തുവിനെ അനുഗമിക്കയും ക്രിസ്തുവിന്റെ കാലശേഷം അപ്പോസ്തോലന്മാരാൽ പട്ടംകെട്ടപ്പെടുകയും ചെയ്ത സഭയുടെ ആദ്യ ശെമ്മാശന്മാരിൽ ഒരുവനായ സ്തേഫാനോസും ആണ്. വർഷങ്ങൾ കഴിഞ്ഞു.

ആദ്യ കഥാപാത്രമായ, ധനം വിടാൻ മനസ്സില്ലാതെ ക്രിസ്തുവിനെ വിട്ട് ലോകകാര്യങ്ങളിൽ വ്യാപൃതനായി കൂടുതൽ ധനം വാരിക്കൂട്ടി ലക്ഷപ്രഭുവും കോടീശ്വരനും ആയിത്തീരുകയും ചെയ്തു. സ്തേഫാനോസ് ശെമ്മാശനാവട്ടെ സകലവും ഉപേക്ഷിച്ച് ക്രിസ്തുവിനുവേണ്ടി ജീവിച്ച് സാക്ഷീകരിക്കവേ യഹൂദന്മാരാൽ പിടിക്കപ്പെട്ടു. അവസാനം അവർ അവനെ കല്ലെറിഞ്ഞു കൊന്നു. ആ ശെമ്മാശൻ യൗവ്വനത്തിന്റെ തിരുമുറ്റത്തുവച്ചു തന്നെ സഹദാ മരണം പ്രാപിച്ചു.

കഥയുടെ അവസാനഭാഗം ഇങ്ങനെയാണ് – ആ കോടീശ്വരപ്രഭു വാർദ്ധക്യത്തിൽ യെറുശലേമിൽ എത്തി സ്തേഫാനോസ് ശെമ്മാശന്റെ ശവകുടീരം സന്ദർശിക്കുന്ന രംഗമാണ് കഥയുടെ അന്ത്യഭാഗം. കോടീശ്വരപ്രഭു സ്തേഫാനോസ് സഹദായെ അടക്കിയ പൂന്തോപ്പിലേക്കു പ്രവേശിച്ചു. വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും ഏതാനും ക്രൈസ്തവ ഭക്തന്മാർ സ്തേഫാനോസിന്റെ കല്ലറയിൽ കുറെ മല്ലികാപ്പൂക്കൾ അർപ്പിച്ച് കൈകൂപ്പി നിന്നു പ്രാർത്ഥിക്കുന്ന രംഗമാണ് അയാൾ കണ്ടത്. ആ രംഗം ധനാഢ്യന്റെ ചിന്തകളെ തട്ടി ഉണർത്തി, അയാൾ ആ കല്ലറയ്ക്കു മുമ്പിൽ മുട്ടുകുത്തി കല്ലറയെ കെട്ടിപ്പിടിച്ചുകൊണ്ടു കേണു, "സ്റ്റീഫൻ, നീയാണ് ഭാഗ്യവാൻ. അഴിഞ്ഞുപോകുന്ന ധനത്തിനുവേണ്ടി എന്റെ സമാധാനവും, ആരോഗ്യവും ജീവിതവും ഞാൻ തുലച്ചു. നീയോ സകലവും ഉപേക്ഷിച്ച് രക്തംകൊണ്ട് ത്യാഗബലി നടത്തി സകലത്തിന്റേയും ജീവനെ കരസ്ഥമാക്കിയ നീയാണ് ഏറ്റം വലിയ ധനാഢ്യൻ."

ധന്യമായ ഒരു ജീവിതത്തിന്റെ അന്ത്യമാണ് നാം കണ്ടത്. ദൈവത്തിനും സഭയ്ക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് സമസ്യഷ്ടങ്ങൾക്കുവേണ്ടി ജീവിച്ചു മരിച്ച ഒരാളാണ് ദേവലോകത്തെ കല്ലറയിൽ. ആ കല്ലറയിൽ അദ്ദേഹം ഉറങ്ങുകയല്ല, താൻ ഏതിനുവേണ്ടി ജീവിച്ചു മരിച്ചുവോ

ആ തത്വസംഹിതകൾ ഇന്നും ആ കല്ലറയിൽ നിന്നു പ്രതിധ്വനിച്ചുകൊണ്ടേയിരിക്കുന്നു. ആ കല്ലറ ഇന്നും സംസാരിച്ചുകൊണ്ടിരിക്കുന്നു; യുവജനങ്ങൾക്കുവേണ്ടി, വിദ്യാർത്ഥികൾക്കുവേണ്ടി അമേരിക്കൻ ഭദ്രാസനത്തിനുവേണ്ടി, മലങ്കരസഭയ്ക്കു വേണ്ടി.

കബറടക്കത്തിനുശേഷം മക്കാറിയോസ് കുടുംബം ഒരുമിച്ച് ബാവായുടെ മുറിയിലെത്തി. മനോഹരമായ ഒരു അന്ത്യയാത്രഅയപ്പും കബറടക്കവും നൽകുവാൻ നേതൃത്വം നൽകിയ ബാവായോടും എപ്പിസ്കോപ്പൽ സുന്നഹദോസിനോടും, സഭാനേതൃത്വത്തോടും കുറ്റിക്കണ്ടത്തിൽ കുടുംബത്തിനുള്ള നന്ദിയും സ്നേഹവും പ്രകടിപ്പിച്ചശേഷമാണ് അവർ യാത്ര പറഞ്ഞു പിരിഞ്ഞത്.

അതിനുശേഷം കുടുംബാംഗങ്ങൾ താഴെപ്പറയുന്ന ഒരു നന്ദിപ്രകടനകത്ത് പ്രസിദ്ധീകരണത്തിനായി നൽകുകയും ചെയ്തു.

16/04/08

From,

Kuttikandathil Family (Family of Makarios Thirumeni)
Ayroor, Thiruvalla, Kerala.

My dear Achen and the members of the Parish,

We, the members of Makarios Thirumeni's family would like to say a big thanks to that parish who supported us both physically and spiritually during Thirumeni's last days.

It will be negligence on our part if we leave unacknowledged the exemplary service rendered by our church members in London, Sunderland and Newcastle. They were taking all efforts in accommodating with all the possible provisions to our Bishop's Achens and lay people who visited Makarios Thirumeni during crucial time of his accident.

The Sunderland and neighbouring parishes did their best during his struggle at hospital and the St. Gregorios Orthodox church in London did the very best funeral send off to our beloved Thirumeni in that parish.

Again we remember Rev. Frs. Happy Jacob, Abraham Thomas and Varghese Mathew who accompanied Thirumeni's mortal remains up to his last resting place and Dr. Abraham Samuel and Mr. Reji Thomas who attended the funeral service. We cannot ignore Dr. Georgekutty's name who informed the world about Thirumeni's condition through his medical bulletin in the website of our St. Gregorios Church, London with daily updates.

We express our sincere thanks to one and all of you in our Thirumeni's name. Kindly remember us in your prayers.

Yours in Him,

V. Rev. Ramban Lazarus Corepiscopa
V. Rev. Dr. K. C.Mathew Corepiscopa
V. Rev. Sister Mariam SIC
Mrs. Annamma Stephen
Mrs. Annie Mathew
Mr. Jacob Zachariah and Family
Mr. Mohan George and Merina

ദേവലോകം അരമനയോട് വിട പറയുന്നു. ഫോട്ടോ: എം. ടി.വി.

ദേവലോകം അരമനയോട് വിട പറയുന്നു. ഫോട്ടോ: മലങ്കര ഓർത്ത ഡോക്സ് ടി.വി.

ദേവലോകം അരമനയിൽ മുപ്പതാം ദിനത്തിൽ പ. ദിദിമോസ് കാതോ ലിക്കാബാവായുടെ നേതൃത്വത്തിൽ ധൂപാർപ്പണം നടത്തുന്നു.

അദ്ധ്യായം 49

മാർ മക്കാറിയോസും അൽമാ കോളജും

അമേരിക്കയിൽ മിച്ചിഗൺ സ്റ്റേറ്റിലെ അൽമാ കോളജിനെ ആസ്ഥാന മാക്കിക്കൊണ്ടായിരുന്നു മാർ മക്കാറിയോസ് അമേരിക്കൻ ഭദ്രാസന ത്തിനെ ഊടും പാവും ഇട്ട് വളർത്തി എടുത്തത്. ഈ കോളജ് ഈ ഭദ്രാ സന വികസനത്തിനും പ്രവർത്തനങ്ങൾക്കും തിരുമേനിക്ക് കൈത്താ ങ്ങൽ നൽകി. വാരാന്ത്യങ്ങളിൽ, ഒരു കിളിയെപ്പോലെ അൽമായിലെ കൂട്ടിൽ നിന്നു പറന്നുപോകുന്ന മക്കാറിയോസ് പല സ്ഥലങ്ങളിലെ സന്ദർ ശനങ്ങൾക്കു ശേഷം തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ആ കൂട്ടിൽ തിരി ച്ചെത്തും.

അൽമാ കോളജിലെ രണ്ടായിരം വിദ്യാർത്ഥികളും അവിടെ ക്യാമ്പ സിൽ തന്നെ താമസിച്ചു പഠിക്കുന്നവരാണ്. ആ ക്യാമ്പസിന്റെ പിതാവും ഗുരുവും, ഉപദേശകനും എല്ലാം ചുവന്ന കുപ്പായവും മസ്നപ്സായും ധരിച്ച് ക്യാമ്പസിന്റെ ഏതു കോണിലും കാണുമായിരുന്ന മക്കാറിയോസ് തിരുമേനിയാണ്.

അടുത്ത പേജുകൾ അൽമാ കോളജുകാർക്കായി വിടുകയാണ്. അവ ർക്കു തിരുമേനിയെക്കുറിച്ചുള്ള സ്നേഹം നിറഞ്ഞ അനുസ്മരണകൾ വായിച്ചാലും.

ALMA COLLEGE
ONLY ONE ALMA

October 14, 2008

Very Rev. Lazarus, IOC
123 Charlton Ave. E, Apt. 108
Hamilton, Ontario L 8 N 3 W 3
Canada

Dear Father Lazarus:

I am enclosing a copy of the Alma College Yearbook. The Students included a lovely remembrance of Bishop Makarios in the book. I hope it helps convey how special he was to the Alma College Community. We miss him greatly but are so very grateful for the many years we were privileged to have him among us.

Alma College has commissioned a sculpture to be done for the campus in Bishop's memory. It is in process as I write with plans for its formal installation in the spring. We will make sure you have the information about the installation and the work as it comes to conclusion.

Sincerely,

Saundra J. Tracy
President, Alma College

Much beloved Bishop Thomas Makarios Dies at Age 81

Bishop Dr. Thomas Mar Makarios, founder and leader of the U. S. Canada Diocese of the Malankara Orthodox Church of India and a much-beloved professor of religious studies at Alma College for the past 25 years, died Saturday morning, Feb. 23, in Newcastle, England. He was 81.

The Bishop was in England for his annual pastoral visit to the parishes in the United Kingdom and Ireland when he substained serious injuries in a traffic accident on Jan. 5. He remained hospitalized until his passing.

The Bishop will be buried in India, according to traditional church rites. Services in India are schedulded for Sunday, March 2 and Monday, March 3. Alma College President Saundra Tracy and Provost Michael Seimon will attend the services in India on behalf of the College. Information about a campus memorial service will be fothcoming. Distingushed for his ecclesiastical ethos, his work ethic, his adeherence to the fundamental of liturgical life, his commitment to the Orthodox Faith and the traditions of the St. Thomas heritage, according to the St. Gregorios Indian Orthodox Church Website: "He was a great gift from God to the Church." At Alma College, Bishop Makarios was a teacher, friend and advisor to hundreds of students, faculty and staff members. His flowing red robes made him a well-recognized and distinguished presence on campus.

"Bishop Makarios was a revered member of the Alma community, said President Tracy. "While he was a distinguished world religious leader, his commitment to educating and nurturing Alma Students was profound. He will be deeply missed."

Bishop Makarios came to the United States from India in 1963 as a priest to earn a doctorate in religion. When he returned to India and was consecrated as a Bishop, he asked to return to the United States to minister to Indian families he had met there. He received his S. T. M. degree from Virginia Theological Seminary and his Th. D. from Union Theological Semirary in

Richmond, Va.

He began teaching at Alma College in 1983, launching a 25 years association as professor of religious studies, committed to introducing students to differences between Eastern and Western models of religious thinking.

While teaching was his first responsibility, he also considered his students as members of his personal family. His commitment to Alma College and its students and faculty were evident in an interview that took place in October 2006.

“My mission at Alma is not just academic alone,” he said. “By being on campus, I'm a father figure to many students to help them in their personal lives. Sharing with students about their concerns and their problems that is part of many calling.

“I see Alma as a family much more than a academic institution,” he said “It is family work. Students are my children. When they come to share a problem, or they invite me for a meal at an Indian restaurant, that is more meaningful to me than giving them a grade or a test.”

May 26, 1925 - February 23, 2008

“I used to think human intimacy was a matter of deep disclosures, physical contact, constant presence; but I no longer believe this. Now I think it can happen any time, any where, in seeing a brightly robed bishop from another part of the world taking a stroll, hands folded behind his back, nothing the beauty around him. I need hope incarnate like him, I need to glimpse his example more than once in a while. I need to fall in lockstep behind him, not because he is Christian or a bishop but because he changes the molecules of the air into something reverent, mysterious and faintly humorous, as if God himself truly is playing a joke on us, not a knee-slapper, but some kind of gentle benediction that gives us the capacity to smile.

I greet him when I see him, and he is always pleased and suprised, and I am always pleased and surprised. Wonder works this way, in sudden, inexplicable meetings. Hello, bishop, hello. Each time I see you I greet you without words, thankful that you are here, thankful that I'll always have your example in the back of my mind, that grace never disappears, that it’s subtle and clean like washed sheets on a line, that it lives in the manifold openings and unfoldings of things coming to life and curving themselves to the sun. I need you more than I can say, but now I know it is not you yourself, I need really, but something inside you that beckons me to follow. Hello, bishop. If I never see you again, I will continue to look for you anyway in anything that

is vivid and real, in darting sparrows, broken glass, the people I come in to contact with who wail and laugh and cry without opening their mouths."

- "Looking for the Boshop."

by Dr. Robert Vivian

LOOKING FOR THE BISHOP

ROBERT VIVIAN

Looking for the bishop, I thought I almost saw him in the alpenglow of a harvest moon, in a hedge bursting with buds no bigger than a child's fingerprints, in a neighbor's plastic pinwheel spinning clockwise in the wind. I thought I saw him in tiny grains of hope, in a woman brushing the hair from a sullen boy's face, in the balm of sudden healing from shredded clouds racing from the stars. The bishop is will-of-a-wisp, a puff of breeze, more hopeful in his flowing red gown than any figure I know. He walks by my window on his daily sojourns, emerging from the hidden chambers of peace and clarity to sustain me in surprising ways, a figure so out of character with this part of central Michigan as to be laughable, lovable and mysterious all at once. His hood shrouds his head like an oddly draped flower, announcing his presence before you notice the thin, small body sheathed in flowing folds. I have never seen his hair. The bishop is Eastern Indian, with a triton beard and long delicate fingers that taper off like the hands in a Byzantine painting. He is doubly, triply strange for all that, a man visiting from another world yet a part of this one, more vivid because of this. No one can quite tell me how he has come to be here, but would any reason make his presence less mysterious?

I see him walking everywhere in this small town, taking the night air upon an evening, the hems of his robe swirling in gentle eddies around his slippered feet. A part of me wants to follow him or fit inside one of his pockets like a bright polished key. I would take up residence in his flowering hood, become his watch tower, his bird's eye view, or hunker down where the clean folds of his robe billow out into forgetfulness. the ripple of a fresh, gentle wind. I want to walk the way he does, watchful and alert, more incongruent here than a rare plumaged bird whose colors remain unbesmirched by the drabness of vnnter. He is the cardinal bird that could make all the difference, burning his sacred red feathers in a slow fire that will never die out. He walks by my house sometimes, and each time my heart gets a little lighter, clearer, opening a tiny door that feels like a frail hope ascending until I realize I am supposed to notice him, take his example to

heart, follow his lead, and become pure, vivid color in a land of black and white.

What do I know about him? Nothing I don't see in his thoughtful gait, the alert owl look in his dark brown eyes. Nothing he does not already show me though he does not know it, a simple long walk, the veil of a consciousness he gives me each time I see him. I need his walk like a covert response to things that make me uneasy, to the vague malaise dripping like a bad faucet at the heart of town, the malice of revved-up pickup trucks, gun racks; the bishop shows me how to live here in subtle, surprising ways, how to walk in a small town and the kind of grace I ached for without realizing it, his long red robe and careful steps over patches of ice.

You could go a long time without an example like the bishop, twenty, thirty years, a whole life. You could ignore people or signs like him, not take them into your heart or let them peel it open layer by precious layer. You could choose to close the curtains or drapes, lock the door and turn up the TV, but if the bishop should ever walk by your window or down your neighborhood street, you could have the opportunity to sense the hushed lightness trailing behind him, the seed-blossoms of his robes riding the air to find a place to plant themselves and take up growing. You could work the bishop walking by into any belief system you have, into the words of a prayer undirected to any god, into a chant for hope and brightness, a candle flame flickering in your cupped hands. You could use the bishop however you like, to get over sadness or death, or loneliness that drops like a single stone into a dark well, to imagine your life past the threshold where you are who you have always intended to be, that upright person in the mirror without longing or shame. But you must be careful with him, handle him as you would a porcelain jar that contains all the secret and dangerous ingredients of spring, or the fragrance of a night you do not want to forget. His presence is careful and oh-so-delicate, because he comes sparingly and when you least expect it, like all good surprises.

I hear his name mentioned sometimes around the Alma campus, the bishop is leaving for Brazil, the bishop is going back to India for a spell, the bishop is flying to New York. Sometimes he sits by himself in the faculty dining area, arrayed in his exotic uniform, serene and staring out the window. I've seen him eat hard-boiled eggs as if the earth's ovals were at home in his mouth, a beneficent and cosmic gape. I don't particularly want to know the minutiae of his life, the name of his native village, his conversion to the Orthodox church long ago, the demands of his office. I smile when I see him and he smiles back, we chat about the weather, his courses. Maybe some

time we will go into things more deeply, but it doesn't seem to matter much. What's important is that he's here, that I have the chance to see him. He need not even know how important he has become. Maybe some day I will tell him how much his odd presence means to me, how it has gained its own quiet and hopeful momentum, that I was hardly aware of it myself before this, that his walking is simple grace and nothing more. Does he need to know this now or ever? Would it violate a pact no one can see or understand?

Stranger, we have met and touched briefly in a land far away from home, and the brief exchanges have sustained me. The unknown distance between us spools out into the infinite, and we fill it with hope like bright, clear water dripping from the eaves. You are not of this place; I am not of this place. Together and separately, we part the invisible waters of our destinies and notice how a bird alights on a slender branch. We are far away from home. We have forgotten what home is. You travel to every corner of the earth and the taste and memory of it all reel by in a kaleidoscope of human touches and voices, people reaching out to you, and I know this same kind of ministry happens right here, right now, adding to the same continuum where nothing is lost and everything merges into one.

Seeing you disappear down the street or around the corner does not frighten me; death itself after you have departed does not frighten me. I have nothing to run from in your presence. After you leave and pick up your mail the ache throbbing in me since I first knew consciousness subsides a little, becomes bearable, becomes my dear friend. I believe in the invisible when I see you, I believe in the unseen net that catches me everywhere I go, the same frail net held up by threadbare strings so few and precious and strong I dare not dwell on them for long. You remind me, bishop, that I could be catapulted from this very chair right now to another part of the world by catastrophe or loss, that I could lose everything in a **fire** or flood, that I someday will lose it all anyway, the ring of laughter, the memory of love in strange rooms, that the people I care about will leave me behind, that I will leave them knowingly and unknowingly, that I will only see many of them just four or.fi ve times more, that what's put in motion cannot be stopped, must be played out, that I, like you, will continue this strange wandering for the rest of my life, that I'm finally ready for this, at least on my good days, that I can never quite trust human permanence again, that that's how it is, a mystery, a slow-moving prayer. Maybe you have known this all along. Maybe it is only this you have intended to show me. But intentional or not, more and more each day I wake with a sense of wonder, telling myself and believing it that anything is possible today, good and bad, that I will notice both and try my best to love them in their open or secret surprise.

I used to think human intimacy was a matter of deep disclosures, physical contact, constant presence; but I no longer believe this. Now I think it can happen any time, any where, in seeing a brightly robed bishop from another part of the world taking a stroll, hands folded behind his back, noting the beauty around him. I need hope incarnate like him, I need to glimpse his example more than once in a while. I need to fall in lockstep behind him, not because he is Christian or a bishop but because he changes the molecules of the air into something reverent, mysterious and faintly humorous, as if God himself truly is playing a joke on us, not a knee-slapper, but some kind of gentle benediction that gives us the capacity to smile. I greet him when I see him, and he is always pleased and surprised, and I am always pleased and surprised. Wonder works this way, in sudden, inexplicable meetings. Hello, bishop, hello. Each time I see you I greet you without words, thankful that you are here, thankful that I'll always have your example in the back of my mind, that grace never disappears, that it's subtle and clean like washed sheets on a line, that it lives in the manifold openings and unfoldings of things coming to life and curving themselves to the sun. I need you more than I can say, but now I know it is not you yourself I need really, but something.inside you that beckons me to follow. Hello, bishop. If I never see you again, I will continue to look for you anyway in anything that is vivid and real, in darting sparrows, broken glass, the people I come into contact with who wail and laugh and cry without opening their mouths.

The Man with Red Robes is a Visiting Professor

by Ravi Muthucumarasamy

Many Alma students have seen a man in flowing red robes with a dark, bearded face 'under a mysterious black cape walking the campus,

The face, robes and cape belong to Bishop Thomas Makarios, who has been a visiting professor at Alma during the past two Fall Terms. He is also one of 15 bishops of the Malankara Orthodox Church and presently heads the American diocese of his faith.

The Malankara Orthodox Church traces its origins to St. Thomas, one of the apostles of Jesus Christ, who landed in India in 52 A.D. It has at present a member-ship of 1.5 million. Its beliefs are similar to other western orthodox churches, although its rituals and customs are firmly rooted in the traditions of India.

Studied in Many Countries

Dr. Makarios has studied in various religious institutes in England,

Germany, Switzerland, and France. In 1972 he obtained his doctorate at Union Theological Seminary, and then returned to India to teach.

tn 1975 Dr. Makarios was consecrated a bishop and returned to the United States to oversee his faith. In 1979 America was deemed large enough to become a diocese of the church, and Dr. Makarios was installed as its head.

Dr. Makarios

"However," Dr. Makarios says, "1 would like to see myself as more than just an administrator, more like a father to my people, catering not only to their material needs but to their spiritual ones as well."

Dr. Makarios loves teaching, and that is why he takes time off from his busy schedule to teach at Alma. "There is no other profession in which you get the opportunity to learn as much," he says. "It is also one way of getting involved in society and especially the young."

"I see the students as my own children and love them as my own children. I would like to contribute to their lives and not just to the course," he adds.

Dr. Makarios is very disturbed by the way religion is viewed by the young. He once asked a student what was the most boring subject and she replied, "Religion."

The problem lies in the way religion is taught and interpreted to the young, according to Dr. Makarios. "When you make religion only a subject of study, it is boring. It becomes exciting and meaningful when you decide to live it," he says.

Helping is His Reward

According to Dr. Makarios, he never had doubt about religion or its place in his life. "This is the way to serve God and man," he says. "I have never considered that being a bishop is a job. It is a calling."

The only way for people to live happily is by sharing, Dr. Makarios believes. "When you are given something, material or spiritual, it is not for you to enjoy alone, but to share with others.

"Make as much money as you can. Save as much money as you can. Spend and enjoy as much as you can. But give as much as you can," Dr. Makarios says.

Dr. Makarios sees a problem in the modern mind's thirst for proof for everything, even religion. "Religion is a matter of faith," he said. "If you sit

around waiting for proof, you may end up waiting all your life."

People often worry unnecessarily, according to Dr. Makarios. "Everybody is created and sent to the world for a purpose. Once you are convinced of this, then everything that happens does so to make you a better instrument to fulfill that purpose," he says.

"If you have this belief, it holds you up in times of trouble. If you have this conviction, doors seem to open ... unexpectedly," Dr. Makarios concludes.

Ravi Muthucumarasamy is an Alma student from Singapore.

COMMENTS FOR BISHOP MAKARIOS' MEMORIAL SERVICE

Ms, RENU PAUL, ALMA COLLEGE APRIL 6, 2OO8

- A person born more than 15, 000 miles from Alma College.
- A person who lived as a colonial subject in India under the British Raj.
- A person who was called to the ministry as an unmarried priest and later elevated to become an influential bishop of an ancient church within the family of churches within Christianity.
- an octogenarian
- And for an occasional outsider peeking in—a "strange" person teaching at Alma College dressed in Halloween attire 365 days of the year: wearing a black-hooded headdress symbolic of an ascetic monk and the red flowing robes of a regal figure in motion.

Bishop Thomas Makarios, friends, crossed borders—not just physical borders, but cultural borders, and so many other kinds of borders. He came to the US in 1963 to get his doctorate; he left the world giving to it and for us here at Alma College, the wisdom and knowledge of the East. But that is just scratching the surface. There are many contributions he shared with the world-at-large, so difficult to list because there are so many to list. But I think his greatest contribution for us here at Alma is the rare ability to bridge what we think is the oh-so-difficult gap of difference.

Throughout his life, he not only interacted with people of different hues and colors, but with different religious traditions or those who had none at all. But the common denominator was that he not only interacted with them, but he cared deeply for them and helped them to achieve something bigger they themselves could dare to dream. He never judged anyone. He sought

to share his gifts and talents—which His Creator showered upon him so abundantly—not only with his flock, the Indian Orthodox Church, but with every community he came across.

I would say Alma College was the one place in the world that he would call his oasis, his home away from home—the place where he could be with his students (or, "my children" as he would call them) and the larger Alma community whom he loved so dearly. He loved to teach, not only the history of Christianity or East-West Christianity, but he was graced to teach the principles of life, that is, to make one a decent and good human being.

I am ever grateful to God to have brought me to Alma College 7 years ago to act on official capacity as Bishop's secretary. But I am so grateful for the unique opportunity to have been nurtured by my spiritual guru and master at a place called Alma College—a place full of "soulful people." I am glad to have served Bishop in my small and insignificant way here at Alma.

In closing, the Orthodox tradition believes that the departed are never too far from those they love. They pray for us, and,we pray for them—a very balanced and transitive relationship. I can say this all 'certainty, my friends: this college and this community will continue to be blessed and prayed for by the Bishop in the ages to come.

ആൽമാ കോളജിൽ വിദ്യാർത്ഥികൾക്കൊപ്പം.

അദ്ധ്യായം 50

നാല്പതു ദിവസങ്ങൾക്കു ശേഷം

മക്കാറിയോസ് തിരുമേനിയുടെ നാല്പതാം ദിന അടിയന്തിരം ദേവലോകം അരമനയിൽ ആചരിച്ചു.

കോട്ടയം: മക്കാറിയോസ് തിരുമേനിയുടെ 40-ാം അടിയന്തിരം ദേവ ലോകം അരമനയിൽ ഏപ്രിൽ 2-ാം തീയതി നടക്കും എന്ന് ബാവായുടെ കല്പനയിൽ പറയുന്നു. കല്പനയുടെ പ്രസക്ത ഭാഗം.

വാത്സല്യമക്കളെ,

കാലം ചെയ്ത അഭി. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീ ത്തായുടെ 30-ാം അടിയന്തിരം 2008 മാർച്ചു മാസം 23-ാം തീയതി ഞായ റാഴ്ച ഉയിർപ്പു പെരുന്നാളിൽ ആകയാൽ അന്നേ ദിവസം നമ്മുടെ എല്ലാ ദേവാലയങ്ങളിലും അഭിവന്ദ്യ പിതാവിനു വേണ്ടി പ്രത്യേകം പ്രാർത്ഥന കൾ നടത്തണം. അഭിവന്ദ്യ പിതാവിന്റെ 40-ാം അടിയന്തിരം 2008 ഏപ്രിൽ മാസം 2-ാം തീയതി ബുധനാഴ്ച ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വെച്ച് ആചരിക്കുന്നതാണ്. ശുശ്രൂഷകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകും. 2-ാം തീയതി ബുധനാഴ്ച രാവിലെ 8 മണിക്കാരംഭി ക്കുന്ന വി. കുർബ്ബാനയിലും ധൂപപ്രാർത്ഥനയിലും തുടർന്നു നടക്കുന്ന അടിയന്തിര ചടങ്ങുകളിലും സഭാമക്കൾ ഏവരും നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം പ്രത്യേകം ഓർമ്മി പ്പിക്കുന്നു.

നാല്പതാം അടിയന്തിരം ആചരിച്ചു

ജോർജ് തഴക്കര

കോട്ടയം: ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ യുടെ നാല്പതാം ഓർമ്മദിനം മെത്രാപ്പോലീത്താ കബറടങ്ങിയിരിക്കുന്ന ദേവലോകം അരമനചാപ്പലിൽ ഇന്ന് ആചരിച്ചു.

രാവിലെ 8 മണിക്ക് ആരംഭിച്ച വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോ ലീത്താ മുഖ്യ കാർമികത്വം വഹിച്ചു. വടക്കേ ത്രോണോസിൽ ഫാ. വി. ജെ. ഉമ്മനും തെക്കേ ത്രോണോസിൽ ഫാ. ജേക്കബ് ഫിലിപ്പും വി. കുർബ്ബാന അർപ്പിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥ മൻ കാതോലിക്കാ ബാവാ സന്നിഹിതനായിരുന്നു.

പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അനുസ്മരണ പ്രഭാഷണം നടത്തി.

മലങ്കരസഭയിൽ നിറഞ്ഞു നിന്ന വ്യക്തിത്വമായിരുന്നു മക്കാറിയോസ് മെത്രാപ്പോലീത്തായുടേത്. ദൗത്യം നിർവ്വഹിച്ചു കടന്നുപോയ മെത്രാപ്പോലീത്തായാണദ്ദേഹം. സഭയുടെ പ്രധാനപ്പെട്ട സമയങ്ങളിൽ വേണ്ടതുപോലെ പ്രവർത്തിച്ചിട്ടുണ്ട്. ആദ്യ സമുദായക്കേസിൽ അദ്ദേഹം നിർവഹിച്ചിട്ടുള്ള പങ്ക് എല്ലാവർക്കും അറിവുള്ളതാണ്. ബാഹ്യകേരളത്തിലും ഇന്ത്യയ്ക്കു പുറത്തും അദ്ദേഹം സഭയ്ക്കു നൽകിയ സംഭാവനകൾ വിസ്മരിക്കുവാൻ കഴിയുകയില്ല. വിദേശമിഷന്റെ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനായി മട്ടയ്ക്കൽ തേവോദോസിയോസ് തിരുമേനി തെരഞ്ഞെടുത്ത് അയച്ചതിൽ ഒരാളാണ് കെ. സി. തോമസ് അച്ചൻ. അദ്ദേഹത്തിന്റെ ആദ്യകാല പരിശീലനകളരി ബഥനിയായിരുന്നു. ദൈവത്തിലാശ്രയിച്ചുകൊണ്ട് ദൈവം ഏല്പിച്ച ദൗത്യം വിശ്വസ്തതയോടെ ചെയ്തു എന്നതാണ് മക്കാറിയോസ് തിരുമേനിയുടെ ദൗത്യം. അത് ഭംഗിയായി അദ്ദേഹം നിർവഹിച്ചു എന്നും പക്കോമിയോസ് മെത്രാപ്പോലീത്താ അനുസ്മരിച്ചു.

കോട്ടയം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, അത്മായ ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ, ഫാ. മാത്യൂസ്, സിസ്റ്റർ മറിയം, വള്ളിക്കാട്ട് ദയറാ മാനേജർ ഫീലിപ്പോസ് റമ്പാൻ, ഇടുക്കി ഭദ്രാസന മാനേജർ ഫാ. സൈമൺ വർഗീസ്, പഴയസെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, നാഗ്പൂർ വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. റെജി മാത്യു, ഫാ. മാത്യു ബേബി, ദേവലോകം മാനേജർ ഡോ. ക്രിസ്റ്റഫോറസ് റമ്പാൻ, ഫാ. സി. സി. ചെറിയാൻ, ഫാ. ഡോ. സാബു കുര്യാക്കോസ് എന്നിവരും സംബന്ധിച്ചു.

കബറിടത്തിന്റെ നിർമ്മാണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകിയത് ഫിലഡൽഫിയ സെന്റ് മേരീസ് കത്തീഡ്രലും ക്യൂൻസ് സെന്റ് ഗ്രീഗോറിയോസ്, ചിക്കാഗോ സെന്റ് ഗ്രിഗോറിയോസ് ഇടവകകളുമാണ്. ഫോട്ടോ സ്പോൺസർ ചെയ്തിരിക്കുന്നത് കാൽഗറി സെന്റ് മേരീസ് ഇടവകയാണ്. കബറിന്റെ നിർമ്മാണത്തിന് 3 ലക്ഷം രൂപ ചെലവായതായി കാനഡാ ഭദ്രാസന സെക്രട്ടറി ഫാ. ഫിലിപ്പോസ് ഫിലിപ്പ് തേവർകാട്ടിൽ പറഞ്ഞു.

മാർ മക്കാറിയോസിന്റെ സേവനം വിലപ്പെട്ടത്: മാർ ബർണബാസ്

ഫിലാഡൽഫിയ: ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന ഡോ. തോമസ് മാർ മക്കാറിയോസിന്റെ സേവനങ്ങൾ സഭ ഏറെ വിലമതിക്കുന്നുവെന്ന് മാർ ബർണബാസ് മെത്രാപ്പോലീത്താ പറഞ്ഞു.

കാലം ചെയ്ത മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ മുപ്പതാം ചരമദിന ശുശ്രൂഷകൾക്കു ശേഷം ഫിലഡൽഫിയ സെന്റ് മേരീസ് കത്തീഡ്രലിൽ ചേർന്ന അനുസ്മരണ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മാർ ബർണബാസ് മെത്രാപ്പോലീത്താ.

മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ചെയ്തിട്ടുള്ള സേവനങ്ങൾ വിശ്വാസികളുടെ മനസ്സിൽ എന്നുമുണ്ടാകുമെന്ന് മെത്രാപ്പോലീത്താ കൂട്ടിച്ചേർത്തു. കഴിഞ്ഞ കുറെ വർഷങ്ങളായി ഒരുമിച്ചു പ്രവർത്തിക്കുവാൻ കഴിഞ്ഞതിൽ താൻ അതീവ സന്തുഷ്ടനാണെന്ന് മെത്രാപ്പോലീത്താ അനുസ്മരിച്ചു.

മാർച്ച് 22-ന് 12 മണിക്ക് നടന്ന സമ്മേളനത്തിലും ധൂപപ്രാർത്ഥനയിലും നിരവധി വൈദികരും സഹോദരീ സഭകളിലെ വൈദികരും നിരവധി സംഘടനാനേതാക്കളും വിശ്വാസികളും പങ്കെടുത്തു. ഫിലഡൽഫിയ ഓർത്തഡോക്സ് ഫെലോഷിപ്പ് ചെയർമാൻ ഫാ. കെ. കെ. ജോൺ ചടങ്ങുകൾക്കു നേതൃത്വം നൽകി.

റവ. കെ. മത്തായി കോർഎപ്പിസ്ക്കോപ്പാ, റവ. സി. ജെ. ജോൺസൺ കോർഎപ്പിസ്ക്കോപ്പാ, റവ. സി. ജെ. ഉമ്മൻ കോർഎപ്പിസ്ക്കോപ്പാ, ഫാ. എം. കെ. കുര്യാക്കോസ്, ഫാ. കെ. എം ശമുവേൽ, ഫാ. വർക്കി, ഫാ. റോയി ജോർജ്, എക്യുമെനിക്കൽ ഫെലോഷിപ്പ് ചെയർമാൻ റവ. എം. പി. ഫിലിപ്പ്സ്, റവ. സുശീൽ വർഗീസ്, ഡീക്കൺ ഡാനിയേൽ, യോഹന്നാൻ, ഡീക്കൻ ഗീവറുഗീസ് ജോൺ, രാജു എം. വർഗീസ്, പോൾ മത്തായി, ക്രിസ്റ്റഫർ ജോൺ, ഐസക് ജോൺ, ശോശാമ്മ ചെറിയാൻ എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി.

ഇടവക വികാരി റവ. സി. ജെ. ജോൺസൺ കോർഎപ്പിസ്ക്കോപ്പാ സ്വാഗതവും ഫെലോഷിപ്പ് സെക്രട്ടറി റോണി വർഗീസ് കൃതജ്ഞതയും പറഞ്ഞു.

അദ്ധ്യായം 51

ഒരു വർഷത്തിനു ശേഷം

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മയ്ക്കു വേണ്ടി അൽമാ കോളജ് അങ്കണത്തിലെ പൂന്തോട്ടത്തിന്റെ മദ്ധ്യേ സ്ഥാപിതമായ വെങ്കല സ്തൂപത്തിന്റെ അനാഛാദനം കോളജ് അധികൃതരുടെയും വിവിധ പള്ളികളിൽ നിന്നും എത്തിയ ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ നടന്നു. ന്യൂകാസിൽ സിറ്റിയിലെ മാലാഖയെപ്പോലെ 'മാർക്ക് ചാറ്റർലി' എന്ന കലാകാരൻ നിർമ്മിച്ച വെങ്കലസ്തൂപമാണ് അൽമാ പൂന്തോട്ടത്തിൽ മെത്രാപ്പോലീത്തായുടെ പാവനനാമത്തോടു കൂടെ സ്ഥാപിതമായിരിക്കുന്നത്. അതിന്റെ റിപ്പോർട്ടുകളുടെ വിശദവിവരങ്ങൾ തുടർന്നു വായിക്കുക.

മക്കാറിയോസ് സ്മാരക ശില്പം

മിഷിഗണിലെ അൽമ കോളജ് മെത്രാപ്പോലീത്തായുടെ ശില്പം മെയ് 16 ശനിയാഴ്ച കോളജ് ക്യാമ്പസിൽ അനാച്ഛാദനം ചെയ്തു.

അൽമാ കോളജിൽ മതബോധന പ്രൊഫസറായിരുന്നു മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി കോളജിലെ അധ്യാപനവൃത്തിയിൽ ഇന്ത്യൻ ഫിലോസഫിയും ഇന്ത്യൻ സാസ്ക്കാരിക പൈതൃകവും കുട്ടികൾക്ക് പകർന്നു നല്കിയത് മെത്രാപ്പോലീത്തായായിരുന്നു.

അൽമ കോളജിന്റെ ഇന്ത്യൻ പ്രോഗ്രാമിൽ കേരളത്തിലെ അയിരൂർ വില്ലേജിലെ മാത്തൻ മാപ്പിള മെമ്മോറിയൽ പബ്ലിക് സ്കൂളും ഉൾപ്പെടുന്നു. അൽമ കോളജിലെ വിദ്യാർത്ഥികളും നാട്ടിലെ ഈ സ്കൂളിലെത്തി സ്വമനസ്സാലെ പ്രവർത്തിക്കുന്നുണ്ട്.

മലങ്കര ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠ പൗരോഹിത്യത്തിൽ അറിവിന്റെ പ്രകാശം പരത്തിയ മക്കാറിയോസ് മെത്രാപ്പോലീത്താ, അമേരിക്കൻ ഭദ്രാസന സ്ഥാപകനും കാനഡയുടെ ആദ്യത്തെ മെത്രാപ്പോലീത്തായുമായിരുന്നു.

വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും അനുഗ്രഹവർഷം ചൊരിഞ്ഞ തിരുമേനിയുടെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി അനുദിനം കാണുന്ന ഈ ശില്പം നിർമ്മിച്ചിരിക്കുന്നത് മിഷിഗണിലെ കലാകാരനായ മാർക്ക് ചാറ്റർലിയാണ്.

മിഷിഗൺ: മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തായും അമേരിക്കയിലെ അൽമാ കോളജിലെ മത

പഠന വിഭാഗത്തിൽ പ്രൊഫസറുമായിരുന്ന തോമസ് മാർ മക്കാറിയോസിന്റെ വെങ്കല പ്രതിമ 2009 മെയ് 16-ന് കോളജ് അങ്കണത്തിൽ അനാഛാദനം ചെയ്തു. കോളജിൽ ഇന്ത്യൻ തത്വശാസ്ത്രം, സംസ്കാരം തുടങ്ങിയ പാഠ്യവിഷയങ്ങൾ ആരംഭിച്ച തോമസ് മാർ മക്കാറിയോസ് 25 വർഷം കോളജിൽ സേവനം അനുഷ്ഠിച്ചിരുന്നു. കഴിഞ്ഞ ഫെബ്രുവരിയിലാണ് അദ്ദേഹം കാലം ചെയ്തത്. (മനോരമ, ഏപ്രിൽ 30, 2009).

An Enduring Reminder of the Bishop's Legacy *Campus To Unveil Memorial Sculpture for Bishop Makarios*

Alma College will unveil a figurative sculpture that represents the spiritual ideals of the late Bishop Thomas Makarios during a dedication ceremony at 3 p.m. Saturday, May 16 on Mclntyre Mall.

Bishop Makarios was a much-beloved professor of religious studies at Alma College who passed away in February 2008. In his 25 years at Alma, he introduced students to Indian philosophy and culture and helped develop the Alma India Program, which has *a* relationship with the Mathen Mappilai Memorial Public School in the village of Ayroor in the state of Kerala. Many Alma students have performed volunteer work at the school over the years.

In addition, the Bishop was founder and leader of the U.S.-Canada Diocese of the Malankara Orthodox Church of India. His flowing red robes made him a well-recognized and distinguished presence on campus.

Bishop Thomas Makarios

Following his passing, a campus committee selected Williamston artist Mark Chatterley to create a campus sculpture that memorializes the Bishop's impact on the faculty and students of Alma College.

"Mark Chatterley's figures have a very timeless, universal feeling to them," says Carrie Parks-Kirby, faculty artist and committee member. "Even though he never knew or met the Bishop, he took our descriptions and came up with a sculpture that is very fitting and descriptive of our former friend and colleague."

The sculpture depicts a central figure with wings standing, arms raised and palms together in a prayerful gesture. The wings, at close inspection, are made up of figures that get progressively smaller.

"This beautiful work of art provides a fitting and enduring reminder of the Bishop's legacy at Alma College, in his beloved church, and in the world religious community," says Alma President Saundra Tracy.

"It's a beautiful image for a leader of a church and teacher who impacted so many individuals," says Parks-Kirby. "The sculpture is not a likeness of the Bishop but represents his spiritual wisdom, love and leadership of the people around him."

മിഷിഗണിലെ അൽമ കോളജിൽ മക്കാറിയോസ് സ്മാരക ശില്പം അനാച്ഛാദനം ചെയ്ത പ്പോൾ.

അദ്ധ്യായം 52

മൂന്നു വർഷം കഴിഞ്ഞ്

അത്ഭുതങ്ങളും അടയാളങ്ങളും നമുക്ക് അന്യമോ?

പ. വട്ടശ്ശേരിൽ തിരുമേനിക്കും മാർ മക്കാറിയോസ് തിരുമേനിക്കും സമാനതകൾ ഏറെ. ഒരേ കുടുംബരക്തം ഇരുവരുടെയും സിരകളിൽ ഒഴുകുന്നതാവാം ഒരു കാരണം. മാർ മക്കാറിയോസ് എന്നും 'മോഡൽ' ആയി കരുതിയിരുന്നത് പ. ദീവന്നാസ്യോസ് തിരുമേനിയെ ആയിരുന്നു. ഇരുവരും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ മുന്നണിപ്പോരാളികളും വൈദേശിക മേൽക്കോയ്മയുടെ ബദ്ധശത്രുക്കളുമായിരുന്നു.

അതേ കാരണത്താൽ തന്നെ ഈ രണ്ടുപേരും ജീവിച്ചിരുന്നപ്പോൾ അപഹാസ്യങ്ങൾക്കും ദൂഷണങ്ങൾക്കും ശത്രുഭയത്തിനും പീഡനത്തിനും ഇരയായി. പ. വട്ടശ്ശേരിൽ തിരുമേനി ശാരീരികമായി അധികം പീഡിപ്പിക്കപ്പെട്ടെങ്കിൽ മക്കാറിയോസിനെ മാനസികമായി തകർക്കാനാണ് ശ്രമിച്ചിട്ടുള്ളത്. പക്ഷേ, ഇരുവരും സിംഹക്കുഴിയിൽ നിന്നു ദാനിയേലിനെപ്പോലെ നിരപായം പുറത്തുവന്നു.

ഈലോക ജീവിതത്തിലെ ദുഃഖത്തിന്റേയും വേദനയുടേയും ആഴത്തിൽ നിന്നാണ് വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുക. ചേറ്റിലെ ചെന്താമര പോലെ കലങ്ങിമറിഞ്ഞ ചെളിക്കുഴിയിൽ നിന്നു മലങ്കരസഭയ്ക്കു ലഭിച്ച രണ്ടു കുസുമങ്ങളാണ് ഇരുവരും.

രണ്ടു പേരും "നല്ലവരും വിശുദ്ധന്മാരും" എന്ന ലേബലിൽ അറിയപ്പെടാൻ ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ ഭക്തിജീവിതവും പ്രാർത്ഥനാവേളകളും പരമരഹസ്യമായി സൂക്ഷിക്കാൻ ഇരുവരും ശ്രദ്ധിച്ചിരുന്നു. മക്കാറിയോസ് തിരുമേനി പ്രാർത്ഥനയ്ക്കു വരാതിരുന്നതിനെ (അച്ചനായി സെമിനാരിയിൽ പഠിപ്പിച്ചിരുന്ന കാലം) നിശിതമായി വിമർശിച്ചിരുന്ന അന്നത്തെ ഒരു വൃന്ദം വൈദികവിദ്യാർത്ഥികൾ അദ്ദേഹം ചാപ്പലിൽ മണി അടിക്കുംമുമ്പേ അതിവെളുപ്പിനു തന്നെ, തന്റെ മുറിയിൽ കുമ്പിട്ടു നമസ്കരിക്കുന്നത് രഹസ്യമായി കണ്ടുപിടിച്ച സംഭവം ഒന്നാം വാല്യത്തിലുണ്ടല്ലോ.

പ. വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി മാർ മക്കാറിയോസ് അനുസ്മരിച്ചത് "ഒരു ഭക്തൻ തന്റെ ഭക്തി വെളിപ്പെടുത്തുകയില്ല, ബുദ്ധി മറഞ്ഞിരിക്കുകയുമില്ല." ഈ സത്യം ഇരുവരുടേയും കാര്യത്തിൽ യാഥാർത്ഥ്യമായിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ ഭക്തി മലങ്കരസഭ തിരിച്ചറിഞ്ഞു. അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കയും ചെയ്തു. മക്കാറിയോസ് തിരുമേനിയുടെ വിശുദ്ധി തിരിച്ചറിയാൻ മലങ്കരസഭയ്ക്ക് ഇനി കാലം ഏറെ വേണ്ടിവന്നേക്കും.

എന്നാൽ അദ്ദേഹം ജീവിച്ചിരുന്നപ്പോഴും, കാലംചെയ്ത ശേഷവും അദ്ദേഹത്തിന്റെ പ്രാർത്ഥനയും സാന്നിദ്ധ്യവും കൊണ്ട് ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അനുഭവസ്ഥരുടെ അത്ഭുതസാക്ഷ്യങ്ങൾ പലരും ഞങ്ങൾക്ക് അയച്ചുതന്നുകൊണ്ടിരിക്കുന്നു. അത്ഭുതങ്ങൾ നമുക്ക് അന്യമല്ലെന്ന് അവ തെളിയിക്കുന്നു.

ഗൾഫുനാടുകളിൽ ദമാമിൽ നിന്നും ജോർജ് ദാനിയേൽ എഴുതിയ ഒരു കത്തിൽ "മക്കാറിയോസ് തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപിക്കുന്ന ഒരു നാളിനുവേണ്ടി ഞാൻ കാത്തിരിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നു. കത്ത് അവസാനിപ്പിച്ചിരിക്കുന്ന വാചകം ഇതാണ്: Every prayer sound of Thirumeni is holy and divine. I pray for miracles and wish Makarios Thirumeni be declare as a saint one day" (തിരുമേനിയുടെ പ്രാർത്ഥനാശബ്ദം മുഴുവൻ വിശുദ്ധവും ദൈവികവുമാണ്. അദ്ദേഹത്തിൽ നിന്ന് അത്ഭുതങ്ങൾ ഉണ്ടാകുവാനും മക്കാറിയോസ് തിരുമേനിയെ വിശുദ്ധനായി സഭ പ്രഖ്യാപിക്കുന്നതു കാണുവാനും ഞാൻ കാത്തിരിക്കുന്നു). കത്തു മുഴുവനായി ചേർക്കുന്നു.

Dear All,

I happened to visit Youtube Videos recently and downloaded Makarios Thirumeni conducting Holy Mass, Easter Service, Holy Thursday, Good Friday service etc. of the year 2005 and 2006 at St. Mary's Malankara Orthodox Church, Philadelphia.

May God bless the office bearers who have taken time to record and post these Videos in Youtube. Songs and vocal tunes of choir group for all these services are in the most traditional orthodox way which are heart touching and soul uplifting, especially of an young boy or girl in the choir group makes aradhana very touching to the hearts. I would like to see the picture of this amazing sound's owner. If possible, kindly post in St. Mary's Church, Phil. website or in ICON, so that others can see this amazing choir group. I would recommend those interested download these Videos from Youtube.

I am watching the Videos of Makarios Thirumeni's Easter Qurbana (2006) every day backed by the above choir group. Every prayer sound of Thirumeni is holy and divine. I pray for miracles and wish Makarios Thirumeni be declared as a Saint one day.

Where Did the Brain Tumor Go? The Story of a Miraculous Healing

Mathew Samuel, Albany, NY

I heard the following incident from HG (Bishop) Thomas Mar Makarios while the bishop was speaking to the youth in Austin, Texas Church last weekend (April 3, 2004). There may be some errors in the message, since I am writing from memory. One purpose of me writing this message is to point out that physical healing does happen in our church (Indian Orthodox Church), though we do not publicize it as much as some other Christian Brethren.

Thomas Achen (an Indian word for Rev. Father) was organizing an international conference in New Delhi, India sometime in the 1960s. Many important delegates from the WCC (World Council of Churches) were present.

One day Thomas Achen felt that one side of his face had become numb. He felt weak, and ill. His eyelids were drooping. He had double vision. He was examined by a doctor from Christian Medical College Hospital, Vellore (South India). The doctor was concerned and asked for some reportes. The medical reports confirmed that Thomas Achen had a brain tumor.

The doctor called achen and told him that he was diagnosed to have brain tumor. He showed achen the reports and showed him exactly where the tumor was. He told achen, "You can come to Vellore and undergo an operation. But I need to tell you the risks involved:

1) You may die on the operating table, 2) You may become disabled, 3) If you do not undergo the operation, you may have another 6 months at the most to live.

Now you choose what you want to do. If you choose to have the operation, contact me in Vellore and we will have it all set up."

It was a very difficult choice for Thomas Achen. He finally made up his mind to go and have the operation and take the risk. At about this time, an American couple who were delegates at the conference and who were pleased by the service of Thomas Achen at the conference, offered him a scholarship to come and study in the United States. Thomas achen said he was interested in the offer; and made plans to go to Vellore for the treatment.

Thomas Achen went to his home in Ayroor in Kerala (South India), and made his parants aware of his situation - that he had a brain tumor, and that he was planning to have an operation in Vellore, that there was a big chance that he may not come back from vellore alive. He told them, that in that

situation, they should bury him in vellore, and not bother to bring his body back to his hometown, to save the expenses.

He met the then Bava (Head Bishop of Indian Orthodox Church) and told him of his situation - that soon Bava might have to find a replacement for him in Delhi. Bava prayed for him, then told him - "Go into the chapel and tell God your situation. If He wants your service here, you will not die, and if He wants you with Him there, you will go away from us". So Thomas Achen went into the chapel and prayed.

He took the train to Velfore, and met the priest at Vellore. He told the achen there about his situation and prepared a place for his burial there in Vellore. The next day, he got up, he did not feel any of the symptoms he felt earlier, like the drooping eyelids, numbness, double vision etc. Achen remembered an old saying that when you are closer to death, every thing suddenly feels calm and normal! He was terrified and he hurried to the hospital where he had already made an appointment. The nurse came to examine him. She looked at him and asked -"Where are the drooping eyelids?" "Do you feel numb in the face?" "Do you see double?" Achen could only reply "No!" to all her queries.

The perplexed nurse ran out and came back with the doctor who examined him in Delhi. After examinations, the doctor asked"Where is your brain tumor?" "I don't know" replied Thomas Achen!

For two months, the doctors did several tests on Achen. Then one day, 18 of the doctors in Vellore, came into his room. The doctor who examined him in Delhi said, "There are some things which the Medical Profession does not understand..This is one of those things.. I saw the brain tumor in your head in Delhi..Now I dont see it!"

Later Thomas Achen contacted the American couple and took the scholarship and came to the States. He believes that it was the prayers of many people that healed him from his brain tumor.

The Thomas Achen was later ordained as a Bishop of Indian orthodox Church. He is now known as H.G. Thomas Mar Makarios, Metropolitan. He is the first Metropolitan of the American Diocese of the Indian Orthodox Church.

Quotes of Bishop Makarios:

"The church needs to change - Just like the 4th century church was not exactly a carbon copy of the 1st Century church, so also the 21st Century church cannot be an exact carbon copy of the 1st century church or the

20th century church. Change is not a threat. Change is Growth and growth is change. The church needs to continuously adapt to the new society."

"Love others, your church 'inspite of them, not 'because of somethings in them. You should not love anyone 'because of something, but rather you should love 'inspite of everything, that is true love."

സാക്ഷീകരണം

ജോൺസൺ ജേക്കബ് എഴുതുന്നു: മക്കാറിയോസ് തിരുമേനി എന്റെ സഹോദരന്റെ രോഗശാന്തിക്കുവേണ്ടി പ്രാർത്ഥിപ്പാനാണ് വീട്ടിൽ വന്നത്. അതീവ ഗുരുതരാവസ്ഥയിലായിരുന്നതുകൊണ്ട് തിരുമേനി വന്നപ്പോൾ കുറെ ആളുകളും വന്നു. തിരുമേനി രോഗിയുടെ മേൽ കൈവച്ചു പ്രാർത്ഥിച്ചശേഷം കൂടിനിന്നവരോട് ഒരു ലഘു പ്രസംഗം പറഞ്ഞു. ആ പ്രസംഗത്തിലെ ഒരു വാചകം എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു.

തിരുമേനി പറഞ്ഞു: "This is a man seeking your prayer, his testimony is the greatest money" (നിങ്ങളുടെ ഒക്കെ പ്രാർത്ഥന ആവശ്യമായ ഒരു മനുഷ്യനിതാ നിങ്ങളുട മുമ്പിൽ. നമ്മുടെ പ്രാർത്ഥനയാൽ സൗഖ്യം ലഭിക്കുന്ന ഈ മനുഷ്യന്റെ സാക്ഷീകരണമാണ് യഥാർത്ഥ സമ്പത്ത്.). നിങ്ങളുടെ പ്രാർത്ഥന തേടുന്ന ഈയാളുടെ testimony (സാക്ഷീകരണം) യാണ് ലോകത്തിലെ ഏറ്റം വലിയ മണി (ധനം). Our testimony has more power than Dollar.

തിരുമേനിയുടെ ഈ വാചകം ഹൃദയത്തിൽ തട്ടിയ സഹോദരൻ ജോൺസൺ ജേക്കബ് പറയുന്നു; "നമ്മുടെ സാക്ഷ്യമാണ് ഡോളറിനേക്കാൾ ശക്തിയുള്ളതെന്ന് ഇന്ന് ഞങ്ങൾ തിരിച്ചറിഞ്ഞിരിക്കുന്നു."

ഹാമിൽടണിൽ നിന്ന് ഒരു റോമൻ കത്തോലിക്കാ സ്ത്രീ എഴുതുന്നു.

ഞാനും എന്റെ പാലാ സ്വദേശിയായ ഭർത്താവു പാപ്പച്ചനും റോമൻ കത്തോലിക്കരാണ്. എങ്കിലും ഓർത്തഡോക്സ് സഭയിലെ തോമസ് മാർ മക്കാറിയോസിന്റെ ഉൽകൃഷ്ടമായ പെരുമാറ്റം, സ്നേഹം നിറഞ്ഞ സംഭാഷണങ്ങൾ, ഫലിതരസം തുളുമ്പുന്ന പ്രസംഗങ്ങൾ എന്നിവയിൽ ഞങ്ങൾ ആകൃഷ്ടരായിരുന്നു. അതുകൊണ്ട് അദ്ദേഹം വരുന്ന സമയം ആരാധനയിലും പ്രസംഗങ്ങളിലും ഞങ്ങൾ സംബന്ധിച്ചിരുന്നു.

ഇപ്പോൾ ഈ കത്തു ഞാൻ എഴുതുന്നത് തിരുമേനിയുടെ പ്രാർത്ഥനയാൽ ഞാൻ ഒരു രണ്ടാം ജന്മം പ്രാപിച്ചശേഷം ആ സന്തോഷം പങ്കുവയ്ക്കാനാണ്. കുഞ്ഞുമോളായ ഞാൻ അതീവ ഗുരുതരാവസ്ഥയിൽ ആയിരുന്നപ്പോൾ തിരുമേനി ആശുപത്രിയിൽ വന്നു പ്രാർത്ഥിച്ചതിന്

അബോധാവസ്ഥയിലായിരുന്ന ഞാൻ ദൃക്സാക്ഷിയല്ലെങ്കിലും അനുഭവസ്ഥയാണ്.

2007-ൽ ഹൃദ്രോഗിയായ ഞാൻ അത്യാസന്നനിലയിൽ ആശുപത്രിയിലാക്കപ്പെട്ടു. രോഗം ഒന്നിനൊന്ന് മൂർച്ഛിച്ചു വന്നു. എന്റെ ജീവന്റെ നിലനിൽപിൽ ആശങ്ക തോന്നിയ ഡോക്ടറന്മാർ ആ വിവരം പാപ്പച്ചനേയും മക്കളേയും അറിയിപ്പാൻ മടിച്ചില്ല. സ്വതേ രോഗിയായിരുന്ന എന്റെ ഭർത്താവ് ഇതോടുകൂടി മാനസികമായി തളർന്നുപോയി. ഏതു സമയവും എന്റെ മരണം സംഭവിക്കാമെന്ന് മനസ്സിലാക്കിയ കുഞ്ഞുങ്ങളും മരണം കാത്ത് ആശുപത്രിയിലും പരിസരങ്ങളിലുമായി കഴിഞ്ഞുകൂടി.

അബോധാവസ്ഥയിൽ കഴിഞ്ഞുകൂടിയ ഞാൻ നീണ്ട 24 ദിവസം ബോധരഹിതയായി കഴിഞ്ഞുവെന്ന് പിന്നീടു പറഞ്ഞു കേട്ടു. കണ്ണോ വായോ തുറക്കാതെ കിടന്ന ഞാൻ ട്യൂബിലൂടെ ലഭിച്ച മരുന്നും ഭക്ഷണവും മൂലമായിരുന്നു ജീവൻ നിലനിർത്തിയത്. താളംതെറ്റിയ ഹൃദയമിടിപ്പുകൾ മാത്രമായിരുന്നു ജീവന്റെ ലക്ഷണം. കൈകളും കാലുകളും നിശ്ചലങ്ങളായി കിടന്നു. എന്റെ കുടുംബാംഗങ്ങൾ ശവസംസ്കാരത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തത്രെ.

ഈ അവസരത്തിലാണ് മക്കാറിയോസ് തിരുമേനി ടൊറന്റോ ഓർത്ത ഡോക്സ് പള്ളിയിൽ എത്തിയത്. വി. ആരാധനയ്ക്കുശേഷം എന്റെ രോഗവിവരം കേട്ടറിഞ്ഞ് അദ്ദേഹം ലാസറസ് റമ്പാച്ചനോടൊപ്പം എന്നെ കാണാൻ ആശുപത്രിയിൽ എത്തി.

ദുഃഖാർത്തരായി ചുറ്റും നിൽക്കുന്ന എന്റെ ബന്ധുജനങ്ങളെ ആശ്വസിപ്പിച്ചശേഷം അദ്ദേഹം കരങ്ങൾ എന്റെ ശിരസിൽ വച്ച് കണ്ണുകളടച്ച് സ്വർഗ്ഗീയ പിതാവിനോട് ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു. ഇതൊന്നും ഞാൻ അറിഞ്ഞതേയില്ല.

പ്രാർത്ഥന കഴിഞ്ഞ് അദ്ദേഹം പാപ്പച്ചനെ ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു, "പാപ്പച്ചാ, രോഗസൗഖ്യം ദൈവത്തിന്റെ കൈകളിലാണ്, അവന്റെ ദാനമാണ്. ആ കൈകൾ ഇന്നും കുറുകിയിട്ടില്ല. അവൻ കരുണ ചെയ്യും. എന്ന് പ്രത്യാശിച്ചാട്ടെ."

അവൻ കരുണ ചെയ്തു. തിരുമേനി മടങ്ങിപ്പോയതിന്റെ പിറ്റെദിവസം 24 ദിവസത്തെ കോമായിൽനിന്നു ഞാൻ ഉണരുകയും കണ്ണു തുറക്കുകയും ചെയ്തു. പിറ്റേന്ന് വായ് പിളർന്ന് ഞാൻ പാനീയം കുടിച്ചു. മരുന്നുകൾ അത്ഭുതകരമായ പരിവർത്തനങ്ങൾ നിത്യേന നൽകിക്കൊണ്ടിരുന്നു. ഒരു മാസത്തിനുള്ളിൽ പരിപൂർണ്ണ സൗഖ്യമായി ഞാൻ വീട്ടിലേക്കു പോയി.

ഞാൻ ദൈവത്തോടും അദ്ദേഹത്തിന്റെ പ്രതിനിധിയായി എനിക്കു വേണ്ടി പ്രാർത്ഥിച്ച തിരുമേനിയോടും കടപ്പെട്ടിരിക്കുന്നു. എനിക്ക് രണ്ടാമത് ഒരു ജീവൻ നൽകിയ ദൈവത്തിന്റെ ഉദ്ദേശ്യം എന്നിൽ നിറവേറ്റപ്പെടണമെന്നേ എനിക്കു പ്രാർത്ഥനയുള്ളു.

THIRUMENI - A Consecrated Life, A Life of Healing

by Renu Paul

1. (Name withheld) runs to Pine River to commit suicide - she sees Bishop on his evening walk. Bishop hears someone say "Hi Bishop," returns the greeting, not seeing the person, he continues on the walk. The person upon seeing Thirumeni's silhouette and hearing his voice, remembered the class she took and the stories he shared. She immediately turned back on her path to suicide. The following day, her boyfriend said to Thirumeni, "Bishop, the girl you said hello to yesterday

evening was___. If she had not seen you nor heard your voice, she would have gone to Pine River. She was going there to kill herself."

2. In the middle of the night, a girl darts out to the street and runs across the campus to kill herself after a serious break-up she had with her boyfriend. She knocks on Bishop's door and tells him what she is about to do. He runs after her and saves her life. He finds out in a letter from her employer some years later, that same girl whose life he saved from a suicide attempt, was girl the best employee of the year award.

3. Thirumeni had two girls whom he hired to do house-cleaning in his apt in Buffalo. He noticed one of the young women ,a high-school dropout, was bright and he encouraged her to study and even gave some financial help to get her started. It was through his encouragement that she went to school and eventually the same girl who had no future other than to clean other people's houses, reached a top position in a financial company in Manhattan.

4. An English woman and her husband flew first-class on Air India from London to NY. The woman's husband was diagnosed with an incurable illness so they sought treatment in NY. She told Thirumeni who was also a passenger in the first-class cabin about the situation regarding their trip and asked him to pray for her husband. Thirumeni went to her husband who was seated in the first-class cabin of the plane and laid his hands on the man's head. Every year a Xmas card from the UK arrives with a salutations which reads something to the effect, "We met on the Air India flight—my husband is still alive."

5. confidential - a young Malayali woman was diagnosed with lupus. Her parents brought her to Alma College so Thirumeni could lay his hands upon her head. She is now free of lupus, married, working in an administrative post with the federal govt and is a mother.

6. confidential - a young Malyali woman in the church was diagnosed with a serious illness. Thirumeni prayed for her—she is healed now.

7. he had the gift of **clairovoyance and helped people get on the right course in their life -**

1. telling things before they happen. When I first came to Toronto, he introduced me to the audience as someone who will become an Orthodox scholar one day. He said the same thing in Chicago and in Detroit. A that time, I had little or no inclination for the Church. It was Thirumeni who help set me on the present course I am on now.

2. he was struck by the sculpture he saw seated on a hill on the highway in Newcastle seven months before his accident there—it was the same type of sculpture which the artist in Michigan used to create the artwork now in Thirumeni's honor placed on the campus of Alma College.

3. As I was worried much over who would take care of my dependent parents, he told me your brother will take care of them. At that time when Thirumeni said these words to me, I could not believe them. My brother was irresponsible, in a state of rebellion like the Prodigal Son, stealing his parents' money for his drug habit. But a Paul-Saul moment in his life brought him back to the family. When Daddy met up with his accident, my brother changed his life overnight. Gone were the drugs and the friends. He took care of Daddy in the hospital until his death, did all the needed for the funeral arrangements, took care of Mummy, and got married. Thirumeni performed the wedding in Paliakarra in front of Mummy and the rest of my family. My brother then remained in Kerala to take care of Mummy until her passing one year later. My brother is well-settled and now a father. Thirumeni laid his hands upon my brother's head and prayed for him.

8. Thirumeni was in Kerala when this incident took place. I was walking alone one late Sunday afternoon. As I was walking, a green van approached me, a man driving and a balding man with a sleeveless shirt in the passenger's seat. I did not pay any mind and continued in my walk. The streets were deserted and unusually quiet since the campus was on vacation. Thirumeni had warned me not take solitary walks. On that day, as I was approaching the bend on the road, I happened to see the same green van with the two occupants. I started to panic and run, holding my cellphone to my ear,

hoping that would act as a deterrent thus give them reason not to follow me. I ran, but as I looked behind my shoulder, I saw the van stop, and the passenger side of the car door open. There was no one anywhere to be found to help me—until I saw an old man at the corner of the street working in his garden. I gasped for breath and told him I feared that the cawhich I pointed to was following me. As soon as the man with the sleeveless shirt saw me talk to the gardener, he got back into the van and disappeared. The old man calmed me and asked if he should call the police. After talking to him, I felt it would be OK and no call to the police was necessary. After I regained my posture, I walked back to my apartment without the old man's escort. As soon as turned the doorknob, I heard the phone ring. It was Thirumeni on the phone. He said, "Did I not warn you not to walk by yourself when the campus is not in session." I asked him how he knew what had happened and then I started to cry. He said nevermind and he never answer my question.

9. Mummy had a stroke which left her paralysed on one side. She was confined to a wheelchair. Thirumeni visited Mummy in the hospital and in the nursing home and laid his hands on her to pray. The physical therapist told me that Mummy would never walk again. The family decided, therefore, to take her to Kerala for ayurvedic treatment. Before admitting her to the ayurvedic hospital in Karthiapally, we took her to our home in Tiruvalla which was being built. This incident took place within the first week of our arrival in Kerala. My brother pushed in the wheelchair inside my uncles' house. She was able to get out the wheelchair with my brother's help. She started to take steps and .walk by herself! Everyone who was there was astonished, started to cry, and became overjoyed. I called Thirumeni on the phone to teilTurrTthegood news. After she was admitted to the ayurvedic facility, she was able to walk with a cane.

മക്കാറിയോസ് തിരുമേനിയുടെ പ്രാർത്ഥനയും നൽകിയ മൂറോനും കുഞ്ഞിനെ രക്ഷിച്ചു

പേരു വെളിപ്പെടുത്താൻ ഇഷ്ടപ്പെടാത്ത ഒരു പിതാവ് അബുദാബിയിൽ നിന്നു വർഷങ്ങൾക്കു മുമ്പ് നടന്ന ഒരു സംഭവത്തിന്റെ ചുരുളുകൾ അഴിച്ച് എഴുതിയിരിക്കുന്നു.

എന്റെ കുഞ്ഞ് ജനിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ ശരീരമാസകലം ചൊറിഞ്ഞു തടിച്ചു. ക്രമേണ അതു വർദ്ധിച്ച് ചിരങ്ങുപോലെ തടിച്ചുപൊങ്ങി. കുഞ്ഞിനെ കൈയിൽ നിന്നു താഴ്ത്തിവച്ചാൽ കരച്ചിൽ തന്നെ. ആദ്യത്തെ കുഞ്ഞായതിനാൽ എന്റെ ഭാര്യയ്ക്ക് അതിനെ

താഴത്തു വെയ്ക്കാനും മനസ്സില്ല. ക്രമേണ തടിച്ചുപൊങ്ങിയ ശരീരം പൊട്ടിഒലിക്കാൻ തുടങ്ങി. ഡോക്ടറന്മാർ അതീവ ജാഗ്രതയോടെ ചികിത്സിച്ചിട്ടും അപൂർവ്വം എന്ന് അവർ വിശേഷിപ്പിച്ച ഈ രോഗം ദേഹമാസകലം വ്യാപിച്ച് ശരീരം പൊട്ടിഅളിഞ്ഞ രൂപത്തിലായി. നാറ്റം നിമിത്തം സ്നേഹിതരും ചാർച്ചക്കാരും സന്ദർശനം ഒഴിവാക്കിത്തുടങ്ങി.

കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞല്ലേ? വ്രണം പൊട്ടി ഒലിച്ച് ഭീകരരൂപം പ്രാപിച്ച കുഞ്ഞിനെ താഴത്തു വെയ്ക്കാതെ അമ്മ കൊണ്ടു നടന്നു. ഈ മാരകരോഗത്തിൽ നിന്ന് ദിവസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞു രക്ഷപ്പെടുമോ എന്നു ഡോക്ടറന്മാരും സംശയിച്ചു തുടങ്ങി. രോഗം കുഞ്ഞിന്റെ ജീവന് ഭീഷണിയാണെന്ന് മനസ്സിലാക്കിയ ഞങ്ങൾ മരിക്കുംമുമ്പെ കുഞ്ഞിന്റെ മാമോദീസാ നടത്തുവാൻ അഭിലഷിച്ചു. വിവരം അച്ചനെ അറിയിച്ചു. പക്ഷേ അളിഞ്ഞു നാറ്റംപിടിച്ച ആ പിഞ്ചു കുഞ്ഞിനെ തൊടാൻ പള്ളിഅധികൃതർ മടി പ്രകടിപ്പിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ.

ഈ സമയത്താണ് അന്നത്തെ ഇടവക മെത്രാപ്പോലീത്താ മാർ മക്കാറിയോസ് അബുദബിയിൽ എത്തിയത്. പലരോടും അറിയിച്ചതുപോലെ ഞങ്ങളുടെ വ്യഥ തിരുമേനിയോടും പറഞ്ഞ് ഹൃദയത്തിന് ആശ്വാസം ലഭിക്കാൻ ഞാൻ പള്ളിയിലെത്തി.

കുഞ്ഞിന്റെ രോഗവിവരമെല്ലാം വിശദമായി പറഞ്ഞശേഷം വ്രണം പൊട്ടി അളിഞ്ഞ് നാറ്റം പിടിച്ച കുഞ്ഞിനെ മാമോദീസാ മുക്കാൻ ആഗ്രഹിച്ചിട്ടും കഴിയാതെവന്ന വിവരവും തിരുമേനിയോടു പറഞ്ഞു. എല്ലാം വളരെ സഹതാപപൂർവ്വം കേട്ടശേഷം പറഞ്ഞു, "ശരി, ഞാനാണ് നാളെ വി. കുർബാന ചൊല്ലുന്നത്. നിങ്ങൾ കുഞ്ഞിനെ കൊണ്ടുവരൂ, ഞാൻ മാമോദീസാ മുക്കിത്തരാം."

"തിരുമേനി...." അത്ഭുതത്തോടെ തിരുമേനിയെ നോക്കിയ എന്നോടു കൽപിച്ചു, "ഞാനല്ലേ പറയുന്നത്? രോഗം നൽകുന്നതും, മാറ്റുന്നതും ദൈവമല്ലേ? നീ കുഞ്ഞിനെ നാളെ കൊണ്ടുവരൂ." എന്നിട്ട് മാമോദീസായ്ക്കു മടിച്ച അച്ചന്റെ നേരെ തിരിഞ്ഞ്, "അച്ചാ മാമോദീസായ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്തോളൂ."

മാമോദീസാ സമയത്ത് യാതൊരു വിഷമവും പ്രകടിപ്പിക്കാതെ അളിഞ്ഞുനാറിയ കുഞ്ഞിനെ വെള്ളത്തിലിറക്കി മുക്കുകയും അതിനുശേഷം വ്രണം നിറഞ്ഞ ശരീരമാസകലം പരിശുദ്ധ മൂറോൻ തൈലം കൈയിൽ എടുത്തു പുരട്ടുകയും ചെയ്തു. മാമോദീസാ കഴിഞ്ഞശേഷം പ. മൂറോന്റെ ഔഷധമൂല്യത്തെക്കുറിച്ചും അതിലൂടെ വ്യാപരിക്കുന്ന പ. റൂഹായുടെ അത്ഭുതത്തെക്കുറിച്ചും അദ്ദേഹം ഞങ്ങളെ പറഞ്ഞു ധരി

പ്പിച്ചു. മൂന്നു നാലു ദിവസം ശരീരത്തിൽ നിന്നു മൂറോൻ കഴുകികളയരു തെന്നും അതിനോടകം പ. റൂഹായുടെ അത്ഭുതം കാണുമെന്നും കൽ പിച്ചു.

അത്ഭുതമെന്നു പറയട്ടെ. ദൈവം എന്റെ കുഞ്ഞിൽ പ്രവർത്തിച്ചു. അതു രക്ഷപ്പെട്ടു. തിരുമേനിയുടെ പ്രാർത്ഥനയിൽ ഞങ്ങൾ വിശ്വസി ക്കുന്നു. വർഷങ്ങൾ കഴിഞ്ഞിട്ടും ആ സംഭവം ഇന്നും എന്റെ മനസ്സിൽ നിന്നു മായുന്നില്ല.

എന്റെ കാൻസറിനെ ശാസിച്ചു

ബിനു ബേബി

ചെങ്ങന്നൂർ പേരിശ്ശേരി പള്ളിക്കാരായ ഞാനും, എന്റെ ജ്യേഷ്ഠനും ഭോപ്പാലിൽ നിന്നാണ് കാനഡായിൽ കുടിയേറിപ്പാർത്തത്. ജ്യേഷ്ഠൻ റോയിയും ഭാര്യ ഗീതയും ഏക മകനായ വിമാനപൈലറ്റായ രൂബനും ഞങ്ങളുടെ അടുത്തുതന്നെ താമസിക്കുന്നു. ഞാനും ഭാര്യ ലതയും രണ്ടു മക്കളും; മൂത്ത മകൻ ജെറി മദ്ബഹായിൽ ശുശ്രൂഷകനുമായി, പള്ളി ക്കാര്യങ്ങളിൽ തൽപരരുമാണ്.

ഞാൻ എന്റെ നല്ല യൗവ്വനത്തിൽ കാനഡായിൽ എത്തിയെങ്കിലും ഞങ്ങളുടെ ദാമ്പത്യത്തിൽ ദുഃഖം വീഴ്ത്തിക്കൊണ്ടാണ് എന്നെ കാൻസർ പിടികൂടിയത്. ഡോക്ടറന്മാർ നിർദ്ദേശിച്ച മരുന്നുകൾ കഴിച്ചും ദിനചര്യ കൾ പാലിച്ചും നിത്യേന ദൈവത്തിൽ ജീവിതമർപ്പിച്ചും ദിവസങ്ങൾ കഴി ച്ചുപോന്നു.

പക്ഷേ, ഞങ്ങളുടെ സന്തോഷനാളുകൾ അധികം നീണ്ടില്ല. ദൈവ ഹിതം മറിച്ചായിരുന്നിരിക്കാം. എന്റെ രോഗം മൂർച്ഛിച്ചു. കുടുംബാംഗ ങ്ങൾക്കും, സ്നേഹിതർക്കും നിരാശ നൽകിക്കൊണ്ട് എന്റെ രോഗം പിടി വിട്ട് വേറൊരുവഴിക്ക് ഒഴുകിത്തുടങ്ങി. പറക്കമുറ്റാത്ത എന്റെ രണ്ടു മക്കൾ, കണ്ണുനീരു തോരാത്ത ലത.

ഞാൻ താമസിക്കുന്ന സ്ഥലത്തെ വിശ്വാസികൾ ഒരു പോംവഴി കണ്ടു പിടിച്ചു. എന്നും അവർ ഒത്തൊരുമിച്ചു ചേർന്ന് എനിക്കുവേണ്ടി ഒരു അഖണ്ഡ പ്രാർത്ഥനായജ്ഞം ആരംഭിച്ചു. ഞാൻ കീമോയ്ക്ക് വിധേയ നായി, തലയിലെ മുടിയെല്ലാം പോയി. ശരീരം വിളറി. ജോലി ഒഴിവനു സരിച്ച് പള്ളിക്കാർ ഒരു ഗ്രൂപ്പു എപ്പോഴും പ്രാർത്ഥനയിൽ ഉറ്റിരുന്നുകൊ ണ്ടിരുന്നു. അത് എനിക്ക് മാനസികമായ വലിയ ആശ്വാസം തന്നു. എങ്കിലും എന്റെ ശരീരാസ്വാസ്ഥ്യങ്ങളും വേദനകളും വിട്ടുമാറിയില്ല.

ഞാൻ ഒരു ഓപ്പറേഷന് വിധേയനാകേണ്ടി വന്നു. അതോടെ എന്റെ

ജോലിയും നഷ്ടപ്പെട്ടു. വീട്ടുകാര്യങ്ങളും കുഞ്ഞുങ്ങളുടെ പഠനവും എല്ലാം എന്റെ രോഗം മൂലം താറുമാറാകുന്ന ലക്ഷണങ്ങൾ ആയി. എനിക്കു ഭക്ഷണവും ഉറക്കവും കുറഞ്ഞു. ഏതു നിമിഷവും അപകടകരമായ ഒരവസ്ഥ എന്റെ കുടുംബത്തെ ചുറ്റിപ്പറ്റി നിന്നു.

ഈ ഘട്ടത്തിലാണ് മക്കാറിയോസ് തിരുമേനി എന്റെ രോഗവിവരമറിഞ്ഞ് വീട്ടിൽ എത്തിയത്, ഒട്ടും പ്രതീക്ഷിക്കാത്ത സമയത്ത്. അദ്ദേഹം ഒരു കസേര വലിച്ചു എന്റെ കിടക്കയ്ക്കു സമീപത്തേക്ക് ഇട്ട് ഇരുന്ന് എന്നോടു സന്തോഷത്തോടെ കുശലങ്ങൾ പറയാൻ തുടങ്ങി. രോഗത്തെക്കാൾ മറ്റു കാര്യങ്ങളാണ് അദ്ദേഹം കൂടുതൽ സംസാരിച്ചത്. കൂട്ടത്തിൽ രോഗം, പള്ളിക്കാർ നടത്തുന്ന പ്രാർത്ഥന എന്നിവയെക്കുറിച്ചും ചോദിച്ചറിഞ്ഞു.

രോഗത്തെ തന്റെ സാന്നിദ്ധ്യം കൊണ്ടും, വാക്കുകൾ കൊണ്ടും, സ്പർശനംകൊണ്ടും സൗഖ്യമാക്കിയ ഏറ്റം വലിയ ഭിഷഗ്വരനായ യേശു ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞ് അദ്ദേഹം എന്റെ ഹൃദയത്തിലേക്കു പ്രത്യാശയുടെ കിരണങ്ങൾ കയറ്റിയത് ഞാനിന്നും ഓർക്കുന്നു. യേശുവാണ് എല്ലാ രോഗത്തിനും മരുന്നെന്നും അവൻ ക്ഷ്ടകാലത്ത് ഏറ്റം അടുത്ത തുണയാണെന്നും പൂർണ്ണമായി വിശ്വസിക്കത്തക്കവണ്ണം തിരുമേനി വാചാലമായി സംസാരിച്ചു. എന്നിട്ട് ആ സൗഖ്യദാതാവിന്റെ ഏതാനും അത്ഭുതകഥകൾ വേദപുസ്തകത്തിൽ നിന്നും വായിച്ചു കേൾപ്പിച്ചു.

തുടർന്ന് എഴുന്നറ്റുനിന്ന് ആദ്യം വലതുകരവും പിന്നീട് രണ്ടു കരങ്ങളും എന്റെ തലയിൽ വച്ച് ദീർഘനേരം പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതു ഞാൻ കണ്ടു. അദ്ദേഹം എത്രസമയം പ്രാർത്ഥിച്ചുവെന്ന് എനിക്കറിഞ്ഞു കൂടാ. ഒരു വിദ്യുദ്പ്രവാഹം എന്നിലേക്കു കടന്നുവരുന്നതുപോലെ എനിക്കു തോന്നി. ഒരുപാട് ആശ്വാസം എന്റെ മനസ്സിനും ശരീരത്തിനും അനുഭവപ്പെട്ടു.

തിരുമേനി വീട്ടിൽ നിന്നു പോയശേഷവും ആ പ്രാർത്ഥനാശബ്ദവും അതിന്റെ ശക്തിയും എന്റെ വീട്ടിൽ തങ്ങിനിന്നതായി തോന്നി. ഞാൻ സൗഖ്യത്തിലേക്കു ക്രമേണ കാലെടുത്തു വച്ചു. ഇന്ന് ഞാൻ ദീർഘദൂരം കാർ ഡ്രൈവു ചെയ്യുകയും ജോലിയിൽ വീണ്ടും പ്രവേശിച്ച് ജോലികാര്യങ്ങൾ കൃത്യമായി ചെയ്യുകയും ദൈനംദിന കാര്യങ്ങൾ വീഴ്ചകൂടാതെ നടത്തുകയും ചെയ്യുന്നു. ഇവിടുത്തെ മലയാളി സമാജം എന്നെ പ്രസിഡന്റായി തെരഞ്ഞെടുത്തപ്പോഴും എനിക്കു മക്കാറിയോസ് തിരുമേനിയുടെ അനുഗ്രഹം ലഭിച്ചു. സകലവും നന്മയ്ക്കായി പ്രവർത്തിക്കുന്ന ദൈവത്തോടും അതിനു ഉപകരണമായി പ്രവർത്തിച്ച തിരുമേനിയോടും എനിക്കു നന്ദി ഉണ്ട്.

കാറപകടത്തിൽ മരിച്ചെന്നു കരുതിയ യുവാവിന്റെ സൗഖ്യം

ഇംഗ്ലണ്ടിൽ ലീഡ്സ് എന്ന സ്ഥലത്തു താമസിക്കുന്ന ഡോ. എം. എസ്. അലക്സാണ്ടറെ അറിയാത്തവർ മലങ്കരസഭയിൽ വിരളമായിരിക്കും. ഡോ. അലക്സാണ്ടർ വാകത്താനത്ത് മാളിയേക്കൽ എം. സി. കുറിയാക്കോസ് റമ്പാച്ചന്റെ സഹോദരപുത്രനും ഇംഗ്ലണ്ടിൽ പല ഭാഗങ്ങളിലുമുള്ള സഭയുടെ വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചുകൊണ്ടിരിക്കുന്ന ആളുമാണ്.

അദ്ദേഹത്തിന്റെ പുത്രൻ ..... കളികളിൽ കമ്പമുള്ള ആളായിരുന്നതുകൊണ്ടാണ് ഇംഗ്ലണ്ടിലെ ഒരു ക്രിക്കറ്റ് ടീമിനോടൊപ്പം കളിക്കാനായി കാനഡായിലെ ടൊറന്റോയിലെത്തിയത്.

സ്ഥലസന്ദർശനങ്ങൾക്കിടയിൽ ആ യുവാവ് കാറപകടത്തിൽപ്പെട്ടു. തദ്ദേശവാസികളിൽ ആർക്കും ഈ യുവാവിനെ പരിചയമില്ല. അത്യാസന്ന നിലയിൽ ചോരയിൽ കുളിച്ചുകിടന്ന ആ ശരീരം ഹോസ്പിറ്റലിൽ എത്തിച്ചത് പോലീസായിരുന്നു. ആശുപത്രിയിൽ വച്ചാണ് പാസ്പോർട്ടു കണ്ട ഡോക്ടർ അലക്സാണ്ടറുടെ മകനാണെന്ന് അറിവായത്. പോലീസു തന്നെയാണ് ഡോ. അലക്സാണ്ടറെ ഫോണിൽ അപകട വിവരമറിയിച്ചത്.

കാനഡായിൽ ഒരു പരിചയവുമില്ലാതിരുന്ന ഡോക്ടർ അലക്സാണ്ടർ ഉടൻതന്നെ അമേരിക്കയിൽ മക്കാറിയോസ് തിരുമേനിയെ വിവരം അറിയിച്ചു. തിരുമേനി ഉടൻതന്നെ ടൊറന്റോയിലെ സഭാമക്കളെ വിളിച്ച് അപരിചിതമായ സ്ഥലത്ത് ആരോരുമില്ലാതെ കിടക്കുന്ന യുവാവിന്റെ സഹായത്തിന് സഭാംഗങ്ങൾ എല്ലാവരും അവിടെത്തന്നെ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശം നൽകി. വിവരമറിഞ്ഞപാടെ ഓർത്തഡോക്സ് സഭാംഗങ്ങൾ സഹായഹസ്തവുമായി ഓടിയെത്തി. യുവാവ് അബോധാവസ്ഥയിൽ തന്നെ ആയിരുന്നതിനാൽ ഈ വിവരങ്ങളൊന്നും അറിഞ്ഞതേയില്ല.

സഭാംഗങ്ങൾ കൂട്ടമായി പ്രാർത്ഥന ആരംഭിക്കുകയും മാറി മാറി ആശുപത്രിയിൽ എത്തി വിവരം അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈ വിവരം ആശുപത്രിയിലെ ഡോക്ടർ ഇംഗ്ലണ്ടിൽ ഡോ. അലക്സാണ്ടറേയും അറിയിച്ച് ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

താമസിയാതെ മക്കാറിയോസ് തിരുമേനി ആശുപത്രിയിൽ എത്തുകയും യുവാവിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്തു. തുടർന്ന് ഡോ. അലക്സാണ്ടറും കാനഡായിൽ എത്തി. തിരുമേനിയും വിശ്വാസ സമൂഹവും അപകടത്തിൽ കിടക്കുന്ന തന്റെ മകന്റെ സഹായത്തിനു നിൽക്കുന്ന കാഴ്ചയാണ് കണ്ടത്.

തിരുമേനി അമേരിക്കയിലേക്കു മടങ്ങിപ്പോയെങ്കിലും കൂടെക്കൂടെ ആശുപത്രിയിൽ വന്നു കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു പോന്നത് അലക്സാണ്ടർ കുടുംബത്തിനു വലിയ ആശ്വാസവുമായി.

ഏതാനും നാളത്തെ വിദഗ്ദ്ധ ചികിത്സയെ തുടർന്ന് ഡോക്ടറുടെ മകൻ സുഖം പ്രാപിച്ചു. മക്കാറിയോസ് തിരുമേനിയുടെ പ്രാർത്ഥനാ സാന്നിദ്ധ്യമാണ് തന്റെ മകന് സൗഖ്യം നൽകിയതെന്ന് വിശ്വസിക്കുന്ന ആ കുടുംബം സന്തോഷത്തോടുകൂടെ ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയി. മകന്റെ അത്ഭുതകരമായ സൗഖ്യം മക്കാറിയോസ് തിരുമേനിയുടെ പ്രാർത്ഥന നിമിത്തമാണെന്ന് ഡോ. അലക്സാണ്ടർ പല പ്രസംഗങ്ങളിലും പിന്നീട് സാക്ഷ്യം പറഞ്ഞു.

ആ മകന്റെ വിവാഹം 2008 ജനുവരി അഞ്ചിനു കേരളത്തിൽ വച്ചു നടന്നു. വിവാഹശേഷം വധുവും വരനും പള്ളിയിൽ നിന്നു വീട്ടിൽ വന്നു കയറുമ്പോൾ ആദ്യം കേട്ടത് ന്യൂകാസിലിൽ വച്ച് മക്കാറിയോസ് തിരുമേനിക്കു കാറപകടമുണ്ടായെന്നും ന്യൂകാസിൽ ആശുപത്രിയിൽ അത്യാസന്ന നിലയിൽ കിടക്കുന്നു എന്നുള്ള വാർത്തയായിരുന്നു.

H.G. Thomas Mar Makarios - A personal reminiscence

It is customary for women to cover their heads in the presence of our clergy. After H.G. Dr. Thomas Mar Makarios prayed for,my very ill husband in hospital, I forgot to cover my head when I approached him for his blessing. Oblivious to my uncovered head, our beloved Thirumeni blessed me, even though he had told us many times about the special significance of his own head dress, the bishop's *masanapsa* which always reminded him of his mother's covered head during prayer.

He always explained the deeper meanings behind the many rituals and customs of our church, but never let them obscure the true message of our faith, which is love, as St. Paul says in his letter to the Corinthians. I can't think of a better example which illustrates the kind of man and the spiritual leader our Thirumeni was all his life. It was the depth of his love and devotion which inspired his siblings to follow Thirumeni's path, by dedicating their own lives to the service of our church.

In all the time we knew him, he never spoke ill of anyone, living the example of 'if you have nothing good to say about someone, don't say anything at all.'

I will also never forget the strength of his spiritual power which filled the hospital room as he prayed for my husband, Thirumeni's 2nd cousin

by blood, during their long and close relationship which spanned decades and continents.

We will always remember Makarios Thirumeni for the power of his prayer and his deep love for us, which transcends all that divides human beings from each other, uniting us in the love of Jesus Christ.

Anna John

Toronto May 2009

Dr. Thomas Mar Makarios with Anna John, Bina John and Mr. K.G. John